# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

2021 ജനുവരി 18, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2041/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...35

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...93

**II തിരുത്തിയ ഉത്തരം**

14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത 4962-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...468

**III ഗവർണറുടെ സന്ദേശം** ...468

**IV അടിയന്തരപ്രമേയ നോട്ടീസ്**

(അവതരണാനുമതി നിഷേധിച്ചു) ...468

**V ശ്രദ്ധ ക്ഷണിക്കൽ**

(1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

— ശ്രീ. എസ്. ശർമ്മ ...470

(2) ഒ.ബി.സി./എസ്.ഇ.ബി.സി. സംവരണം

— ശ്രീ. ടി. എ. അഹമ്മദ് കബീർ ...476

**VI സബ്മിഷൻ**

(1) പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച്

— ശ്രീ. എൻ. എ. നെല്ലിക്കുന്ന്

— ശ്രീ. കെ. കുഞ്ഞിരാമൻ ...479

(2) പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ

— ശ്രീ. റോഷി അഗസ്റ്റിൻ ...488

(3) വേലിയേറ്റംമൂലമുണ്ടാകുന്ന പ്രതിസന്ധി

— ശ്രീ. കോവൂർ കുഞ്ഞുമോൻ ...492

*പേജ്*

(4) കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തൽ

— ശ്രീ. വി. ഡി. സതീശൻ ...495

(5) ശബരിമല ഇടത്താവളം

— ശ്രീ. എൽദോ എബ്രഹാം ...497

(6) കുടിവെള്ള പദ്ധതികൾ

— ശ്രീ. എം. സ്വരാജ് ...498

(7) പാവറട്ടി സെന്ററിലെ റോഡ് നവീകരണം

— ശ്രീ. മുരളി പെരുനെല്ലി ...502

(8) വക്കം - കായിക്കരക്കടവ് പാലം

— ശ്രീ. ബി. സത്യൻ ...503

(9) കോട്ടയ്ക്കൽ-പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ്

— പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...504

(10) മലപ്പുറം മേഖലാ കേന്ദ്രം

— ശ്രീ. ടി. വി. ഇബ്രാഹിം ...505

(11) കാട്ടുപന്നിശല്യം

— ശ്രീ. രാജു എബ്രഹാം ...508

**VII ക്രമപ്രശ്നം**

സി & എ. ജി. റിപ്പോർട്ടിലെ ഉള്ളടക്കം പരസ്യപ്പെടുത്തൽ

— ശ്രീ. വി. ഡി. സതീശൻ ...510

**റൂളിംഗ്** ...516

**VIII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസുകൾ ...516

*പേജ്*

**IX റിപ്പോർട്ട് സമർപ്പണം**

1. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നൂറ്റിപ്പത്ത് മുതൽ നൂറ്റിമുപ്പത് വരെയുള്ള റിപ്പോർട്ടുകൾ …516

2. സ്ത്രീകളുടെയും ട്രാൻസ്‌ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴ് മുതൽ പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ …517

3. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് …517

**X ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച …517

**XI നിയമനിർമ്മാണകാര്യം**

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും …598

**XII അറിയിപ്പ്**

മഹാകവി കുമാരനാശാന്റെ സ്മരണാർത്ഥമുള്ള ചടങ്ങ് …642

**അനുബന്ധംI,II & III** ...644, 647, 652

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

*2021 ജനുവരി 18 തിങ്കൾ*

വാല്യം 183] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2021 ജനുവരി മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ് -19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ.......ചോദ്യം നമ്പർ *91

### റോഡുകളുടെ നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

1 (*91) ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രളയത്തിൽ തകർന്ന റോഡുകൾ റീ-ബിൽഡ് കേരള പദ്ധതിയിലൂടെ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നത്;

(സി) പൊതുമരാമത്ത് വകുപ്പിനെ അഴിമതിമുക്തമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) റോഡ് നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമാണ് റോഡുകൾ നിർമ്മാണശേഷം വളരെ വേഗം തകരുവാൻ കാരണമെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (എ) കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ കീഴിൽ പുരോഗമിച്ചു വരികയാണ്. IRC (Indian Road Congress), MoRTH (Ministry of Road Transport and Highways) പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് ഈടുനില്ക്കുന്ന റോഡുകൾ നിർമ്മിച്ചുവരുന്നത്. കൂടുതൽ കാലം ഈടുനില്ക്കുന്ന ബി.എം. & ബി.സി. റോഡുകൾ ഗ്രാമങ്ങളിൽ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് എന്നിവ ഈടിനും ദീർഘകാല ആയുസ്സിനും വേണ്ടി റോഡുകളിൽ അതിന്റെ ബിറ്റുമിനിൽ ഉപയോഗിച്ചുവരികയാണ്. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽ നിന്നുള്ള ഉയർന്ന പ്രതിരോധശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്. 2016-17 മുതൽ 512 കി.മീ. ദൂരം പ്ലാസ്റ്റിക് മാലിന്യം (ഏകദേശം 744 ടൺ) ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് നിരത്തു വിഭാഗത്തിന് കീഴിൽ നാളിതുവരെ 50 കി.മീ. ദൂരം റോഡ് പരീക്ഷണാർത്ഥം കയർ ഭൂവസ്ത്രം ഉപയോഗിച്ചും 2672 കി.മീ. ദൂരം നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യ (ഫുൾ ഡെപ്ത് റീക്ലമേഷൻ ടെക്നോളജി (Milling)) നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-ചന്ദനപ്പള്ളി-കൂടൽ റോഡിൽ 6 കി.മീറ്ററോളം ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് പ്രതലത്തിന് മുകളിലായി വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിലൂടെ ദീർഘകാലം ഈടുനിൽക്കുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് സാധിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട

അനുയോജ്യമായ റോഡുകളിൽ ഈ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതാണ്. സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ KRFB മുഖേന 8 കി.മി. റോഡുകൾ പൈലറ്റ് പ്രോജക്ടായി വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. 30 വർഷം റോഡ് കേടുപാടുകൂടാതെ നിൽക്കുമെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇതുകൂടാതെ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ കോൺക്രീറ്റിംഗ്, കോൺക്രീറ്റ് ടൈലുകൾ എന്നിവയും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയനിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതുകൊണ്ട് ഗ്രാമങ്ങളിലുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളും പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് നടത്തുന്ന ഗ്രാമ-നഗര റോഡുകളും ഇതനുസരിച്ച് ചെയ്തുവരികയാണ്. റബ്ബറൈസ്ഡ് ബിറ്റുമിൻ വ്യാപകമായി ഉപയോഗിച്ചാണ് ദേശീയപാതകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. പുതിയ പാലങ്ങൾ നിർമ്മിക്കുമ്പോൾ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിന്റെ ഹൈ ഫ്ലെഡ് ലെവൽ കൂടി കണക്കിലെടുത്താണ് ഡിസൈൻ ചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കാൻ കെ.എസ്.ടി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് നയിക്കുന്ന കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി അതിവർഷത്തിലും തകരാത്ത തരത്തിൽ കാലാവസ്ഥ അതിജീവനക്ഷമതയുള്ള നിർമ്മാണ ശൈലികളെക്കുറിച്ച് പഠനം നടത്തി റോഡുകൾ നിർമ്മിക്കുമ്പോൾ ഇവ ആവശ്യം വരുന്ന സ്ഥലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചാണ് പദ്ധതികളുടെ രൂപ രേഖ തയ്യാറാക്കിയിട്ടുള്ളത്.

(ബി) ഉണ്ട്. റീ-ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രളയത്തിൽ തകർന്ന എയർപോർട്ട്-ശംഖുംമുഖം റോഡിന്റെ പുനർനിർമ്മാണത്തിനായി 27-5-2020-ലെ G.O.(Rt)No.227/2020/P&EA പ്രകാരം 539 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. രണ്ട് ഘട്ടങ്ങളിലായിട്ടാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നത്. ആദ്യ ഘട്ടമായി കടൽ തീരത്തോടുചേർന്ന് ഡയഫ്രം വാൾ നിർമ്മാണവും രണ്ടാംഘട്ടമായി പ്രളയത്തിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണവുമാണ് ഈ

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആദ്യഘട്ടമായി ഡയഫ്രം വാൾ നിർമ്മാണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. സാങ്കേതികവിദ്യയിൽ മികച്ച കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് ഇതിന്റെ ടെണ്ടർ ലഭിച്ചിട്ടുള്ളത്. എന്നാൽ കടലാക്രമണംമൂലം റോഡിന് കൂടുതൽ നാശനഷ്ടങ്ങൾ വീണ്ടും സംഭവിച്ചിട്ടുള്ളതിനാൽ 805 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 12-1-2021-ലെ G.O.(Rt) No.22/2021/P&EA പ്രകാരം നൽകിയിട്ടുണ്ട്. ഡയഫ്രം വാൾ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം തെരഞ്ഞെടുത്തിരിക്കുന്ന 30 റോഡുകളിലെ 29 റോഡുകൾക്കായി 5119.54 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം കെ.എസ്.ടി.പി. മുഖാന്തരം നടപ്പാക്കുന്ന ജില്ല തിരിച്ചുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുമരാമത്ത് വകുപ്പിലെ വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ എല്ലാ വകുപ്പുകളിലും സവിശേഷമായ പദ്ധതികളും പരിപാടികളും നടപ്പാക്കി അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ തലങ്ങളിൽ ഇത് ചെയ്യുകയും കർശനമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിൽ മേൽനോട്ടം ശക്തിപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ സാമഗ്രികളിൽ കളങ്കമില്ലാതെ കൃത്യമായി അതുപയോഗിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആ കാര്യത്തിൽ മുന്നേറ്റമുണ്ടായിട്ടുണ്ട്. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഉദ്യോഗസ്ഥർക്ക് ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ജില്ലാതലത്തിലുള്ള ക്യൂ.സി. ലാബുകൾ മുഖാന്തരമാണ് നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് ഫസ്റ്റ് ടയർ ഗുണനിലവാര പരിശോധന റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. അതുപോലെ പലതരത്തിലുള്ള പരിശോധനകൾ ക്യൂ.സി. നടത്തിയശേഷമാണ് ബില്ലുകൾ ശിപാർശ ചെയ്യുന്നത്. അതോടൊപ്പം വകുപ്പുതല സെക്കൻഡ് ടയർ ഗുണനിലവാര പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ ജില്ലാതല ക്യൂ.സി. അസിസ്റ്റന്റ്

* അനുബന്ധം I- ആയി ചേർക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതാത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. പ്രവർത്തനരഹിതമായിക്കിടന്ന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും നേതൃത്വത്തിൽ ആ വകുപ്പിനെ 2016-ൽ തന്നെ പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തി നല്ല നിലയിൽ പ്രവർത്തനം നടത്തിവരികയാണ്. സാധാരണഗതിയിൽ പോലീസ് വിജിലൻസിന് വിടാത്ത ബഹുഭൂരിപക്ഷം കേസുകളും ഇവർ പരിശോധിച്ച് റിപ്പോർട്ട് തരികയും പല വിധത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നത എഞ്ചിനീയർമാരുൾപ്പെടെ 662 പേർക്കെതിരെ വിവിധതരം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുത്തൽ എന്നമാത്രമാണ് ഉദ്ദേശിക്കുന്നത്. അതുകാരണം 6 പേരെ ഒഴിച്ച് ബാക്കിയെല്ലാവരെയും പുനഃസ്ഥാപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് പോകുന്നതിനുമുമ്പ് 6 പേരുടെ നടപടികളും പുനഃപരിശോധിച്ച് അവരെ തിരുത്തി തൽസ്ഥാനങ്ങളിൽ പുനഃസ്ഥാപിക്കാനാണുദ്ദേശിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച പരാതികളിന്മേൽ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുമരാമത്ത് വകുപ്പിന് പുറമേ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ്, ധനകാര്യ പരിശോധന വിഭാഗം എന്നിവരും പൊതുമരാമത്ത് വകുപ്പുൾപ്പെടെയുള്ള സർക്കാർ നിർമ്മാണ പ്രവൃത്തികളിലെ അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വീഴ്ചകൾ കണ്ടെത്തിയാൽ ശക്തമായ നടപടി വകുപ്പിൽ സ്വീകരിക്കുന്നുണ്ട്. 2 ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടെ 148 പേരെ സസ്പെന്റ് ചെയ്യുകയും 514 പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് വകുപ്പിലെ അഴിമതിയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നാണ് പൊതുവിൽ കണക്കാക്കുന്നത്.

(ഡി) അത്തരമൊരു കണ്ടെത്തൽ ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് നടത്തിയതായി അറിവില്ല. അഴിമതിയെപ്പറ്റി വിജിലൻസ് റിപ്പോർട്ടുണ്ടോ എന്നതായിരുന്നു ചോദ്യം. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാലക്കാട് DySP നൽകിയ റിപ്പോർട്ടായിരുന്നു. ഈ സഭയിൽത്തന്നെ രണ്ടുവർഷം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതേക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അങ്ങനെയൊരു റിപ്പോർട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിട്ടിയതല്ലാതെ പിന്നീട് അത്തരം റിപ്പോർട്ടുകളൊന്നും വന്നില്ല. ഓരോ കേസിലും വിജിലൻസ് പോലീസോ, PWD വിജിലൻസോ റിപ്പോർട്ട് നൽകി നടപടിയെടുത്തുപോകുന്ന രീതിയാണുള്ളത്. നിർമ്മാണശേഷം ഏതെങ്കിലും പ്രവൃത്തിയിൽ എന്തെങ്കിലും കേടുപാടുകൾ

സംഭവിച്ചാൽ ഡിഫക്ട് ലയബിലിറ്റി പീരിഡിനുള്ളിലാണ് സംഭവിക്കുന്നതെങ്കിൽ പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ചെലവിൽത്തന്നെ പരിഹരിച്ചുനൽകാൻ നടപടികൾ സ്വീകരിക്കാറുണ്ട്. പലതരത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുപുറമേ Engineers Congress പോലുള്ള വലിയ സംരംഭങ്ങൾ നടത്തി എല്ലാവരേയും ബോധവത്കരിച്ച് മാറ്റം വരുത്തുകയാണുണ്ടായിട്ടുള്ളത്. 21-ാം നൂറ്റാണ്ട് ആയതുകൊണ്ട് 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം വച്ചിരിക്കുകയാണ്. അതനുസരിച്ച് ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതെല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ശക്തമായ നടപടികളും ശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങളും വഴി പി.ഡബ്ല്യൂ.ഡി.യുടെ പ്രവർത്തനത്തെ വലിയൊരു പരിധിയോളം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. വീഴ്ചവരുത്തിയതായി ബോദ്ധ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ എന്നിവയുൾപ്പെടുന്ന വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നമ്മുടെ നാട്ടിൽ ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിച്ചാൽ മാത്രമേ കാലവർഷത്തിലും മറ്റ് പ്രതികൂല സാഹചര്യത്തിലും അവ നിലനിൽക്കുകയുള്ളൂ. ബി.എം&ബി.സി. രീതിയിൽ റോഡ് നിർമ്മിച്ചാൽ വളരെക്കാലം അത് നിലനിൽക്കാനും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് മുന്നോട്ടുപോകാനും സാധിക്കും. പക്ഷേ ബി.എം.&ബി.സി. റോഡുകൾ നിർമ്മിക്കാൻ നല്ലൊരു തുക വേണ്ടിവരുന്ന സാഹചര്യമാണുള്ളത്. എല്ലാ റോഡുകളും ഈ രീതിയിൽ നിർമ്മിക്കാൻ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് ബി.എം & ബി.സി.യുടെ അത്ര റേറ്റിലല്ലാതെ കുറഞ്ഞ റേറ്റിൽ ഗുണനിലവാരമുള്ള റോഡുകൾ ആധുനിക സംവിധാനത്തിലൂടെ നിർമ്മിക്കാൻ സാധിക്കുമോ? ഇന്ന് പല റോഡുകൾക്കും ഗവൺമെന്റ് ഫണ്ട് അനുവദിക്കുന്നുണ്ട്. പക്ഷേ ഫണ്ട് അനുവദിച്ചാലും ടെണ്ടർ എടുക്കാൻ കോൺട്രാക്ടർമാരില്ലാത്ത അവസ്ഥയുണ്ട്. അവർ പലകാരണങ്ങൾ പറയുന്നു. ബിറ്റുമിനിന്റെ വിലകൂടുന്നു. അതുപോലെ കോൺക്രീറ്റ്, കമ്പി തുടങ്ങിയ പല മെറ്റീരിയലുകളുടെയും വിലകൂടുന്നതും GST ഉൾപ്പെടെ വരുന്നതും ബില്ല് കിട്ടാത്ത സാഹചര്യവുമൊക്കെയുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. അൻവർ സാദത്ത്, ചോദ്യം ചോദിക്കൂ.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ ചോദ്യത്തിലേയ്ക്കു വരുന്നു. ടെണ്ടർ എടുക്കാത്ത ഒരു സാഹചര്യമുള്ളപ്പോൾ ഫണ്ട് അനുവദിക്കുന്നത് വെറുതെയായി പോകുകയാണ്. ടെണ്ടർ യഥാസമയം എടുത്താൽ മാത്രമേ ഫണ്ട്

അനുവദിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുകയുള്ളൂ. അതുകൊണ്ട് അവർ പറയുന്നത് റേറ്റ് റീ-ഷെഡ്യൂൾ ചെയ്യണമെന്നാണ്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ? ടെണ്ടർ മുടങ്ങിപ്പോകാതെ റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സാഹചര്യമുണ്ടാക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇന്ത്യൻ റോഡ് കോൺഗ്രസ്സും സർഫസ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയും അംഗീകരിച്ചിട്ടുള്ള രാജ്യത്തെ ഏറ്റവും മികച്ച രീതിയിൽ ടാർ ചെയ്യുന്ന നിർമ്മാണവിദ്യയ്ക്ക് ഒരു കിലോമീറ്ററിന് ആറ് മീറ്റർ വീതിയിൽ ചെയ്യുന്നതിന് ചെലവ് വരുന്നത് ഒരു കോടി രൂപയാണ്. അത് അധികമാണെന്ന് പറയാൻ കഴിയുകയില്ല. ദേശീയപാത പൂർണ്ണമായും ഗ്രാമങ്ങളിലെ പി.ഡബ്ല്യൂ.ഡി. റോഡുൾപ്പെടെ പരമാവധി റോഡുകൾ അങ്ങനെയാണ് ചെയ്യുന്നത്. റേറ്റ് കുറഞ്ഞ നിർമ്മാണ രീതികളാണ് മുൻകാലങ്ങളിലുണ്ടായിരുന്നത്. അതിനാലാണ് മൂന്നുമുതൽ അഞ്ച് മാസങ്ങൾക്കിടയിൽ മഴ വരുമ്പോൾ റോഡുകൾ ഗതാഗതയോഗ്യമല്ലാതായി തീരുന്നത്. അത് പുനഃപരിശോധിക്കുകയല്ല യഥാർത്ഥത്തിൽ വേണ്ടത്. ഇവിടെ അനാവശ്യമായ ചെലവുകളില്ല. ബാംഗ്ലൂർ നഗരത്തിൽ 900 കിലോമീറ്ററിൽ 9,000 കോടി രൂപ ചെലവിൽ വൈറ്റ് ടോപ്പിംഗ് ചെയ്തിട്ടുള്ളത് ഞാൻ നേരിട്ട് കണ്ടതാണ്. അവിടെ കിലോമീറ്ററിന് പത്ത് കോടി രൂപയാണ് ചെലവ് വരുന്നത്. പക്ഷേ റോഡിന്റെ വീതി 24 മീറ്ററാണ്. നമുക്ക് അത് അതാവശ്യമില്ല. 6 മുതൽ 12 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകൾ ഇവിടെയില്ല. റൈറ്റ് ഓഫ് വേ എന്നുപറയുന്നത് അതാണ്. പക്ഷേ വാഹനമോടുന്നത് അഞ്ച്-ആറ് മീറ്റർ വീതി മാത്രമേയുണ്ടാകുകയുള്ളൂ. അതിന് ചെലവ് വേണ്ടിവരുന്നത് മൂന്ന് കോടി മുതൽ നാല് കോടി രൂപവരെയാണ്. മുപ്പത് വർഷം കേടുപാടില്ലാതെ റോഡ് നിലനിൽക്കുമെന്നാണ് മനസ്സിലാക്കുന്നത്. പത്ത് വർഷം നിന്നാൽ തന്നെ സാമ്പത്തികമായി ലാഭകരമാണ്. പുതിയ പുതിയ സാങ്കേതികവിദ്യകൾ വരുമ്പോൾ ചെലവ് കൂടും. ഇത് പക്ഷേ അമിതമായ ചെലവെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് പഴയ സാങ്കേതികവിദ്യകൾ മാത്രമുപയോഗിച്ചാൽ ഏറ്റവും കൂടുതൽ ഗതാഗതം നടക്കുന്നതും ഗതാഗതം വർദ്ധിച്ചുവരുന്നതുമായ കാലഘട്ടത്തിൽ അത് പ്രയോജനപ്രദമാകില്ലെന്നാണ് കാണുന്നത്. നിലവിൽ 5 ശതമാനത്തിൽ താഴെ മാത്രം ടെണ്ടറുകളാണ് യഥാസമയം എടുക്കാൻ കോൺട്രാക്ടർമാരില്ലാത്ത അവസ്ഥയുള്ളത്. ചില സ്ഥലങ്ങളിൽ മാത്രമാണ് അങ്ങനെയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എറണാകുളത്ത് 104 കരാറുകൾ ടെണ്ടറില്ലാതെ ശ്രീ. സുബിൻ രാജ് എന്നൊരാൾക്ക് നൽകി. അതൊന്നും എളുപ്പവിദ്യയല്ല. ടെണ്ടർ വിളിച്ചുമാത്രമേ വർക്ക് നൽകാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സൂപ്രണ്ടിംഗ്

എഞ്ചിനീയറായ ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്. അതൊരു പഴയ കേസ്സാണ്. അന്നത്തെ സ്ഥിതിയിൽ അങ്ങനെ ചെയ്തുപോയതാണ്. അവർക്കെതിരെ കഠിനമായ നടപടിയൊന്നും സ്വീകരിക്കുന്നില്ല. ഇപ്പോൾ വിട്ടുവീഴ്ച ചെയ്താൽ അങ്ങനെയൊക്കെയുള്ള ക്രമക്കേടുകളുണ്ടാകും. കരാറുകാർ കൂടിയ റേറ്റിൽ ടെണ്ടർ ലഭിക്കാനായി സമ്മർദ്ദം ചെലുത്തും. അതിന്റെയടിസ്ഥാനത്തിൽ നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ സോഫ്റ്റ്‌വെയറുകൾ വഴി ഇംപാർഷ്യലായിട്ടാണ് ടെണ്ടർ നടപടിക്രമങ്ങളെല്ലാം ചെയ്യുന്നത്. അതുകൊണ്ട് കരാറുകാർ എടുക്കുന്നില്ലെങ്കിൽ റീ-ടെണ്ടർ ചെയ്യും. മൂന്നിൽ കൂടുതൽ തവണ റീ-ടെണ്ടർ ചെയ്തശേഷവും ഒരാൾ മാത്രമേയുള്ളൂവെങ്കിൽ ആ വ്യക്തിക്ക് തന്നെ നൽകാമെന്ന് പി.ഡബ്ല്യൂ.ഡി. മാന്വലിൽ പറയുന്നുണ്ട്. ടെണ്ടറെടുക്കാൻ ആളില്ലാതെ വരുന്ന സ്ഥിതി 5 ശതമാനത്തിൽ താഴെപ്പോലും ഇപ്പോഴില്ല. എന്നാൽ അപൂർവ്വമായി ചില സ്ഥലങ്ങളിൽ ഉണ്ടാകാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അതെന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ഗ്രാമീണ റോഡുകൾക്ക് പി.ഡബ്ല്യൂ.ഡി. ഫണ്ട് അനുവദിക്കുന്ന വൺ ടൈം സെറ്റിൽമെന്റ് രീതി നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതിയെല്ലാം നമുക്ക് അറിയാം. പല പഞ്ചായത്തുകളും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. അതുകൊണ്ട് എല്ലാ റോഡുകളും ടാർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ട്. ഈ കാലയളവിൽ അത്തരത്തിൽ ഫണ്ട് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. ജി. സുധാകരൻ: സർ, അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. അതിനപ്പുറം ഇവിടെ വച്ച് പ്രഖ്യാപനം നടത്താൻ സാധിക്കില്ല. പി.ഡബ്ല്യൂ.ഡി. റോഡുകൾ ബഡ്ജറ്റ് ഫണ്ടോ സ്പെഷ്യൽ ഫണ്ടോ ഉപയോഗിച്ചുള്ള പദ്ധതികളിലുൾപ്പെടുത്തി ചെയ്യാം. ബഡ്ജറ്റിൽ പഞ്ചായത്തുകളിലും നഗരങ്ങളിലും റിംഗ് റോഡ് അനുവദിച്ചിട്ടുണ്ട്. അത് പി.ഡബ്ല്യൂ.ഡി.യാണ് ചെയ്യുന്നത്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തി പി.ഡബ്ല്യൂ.ഡി.യെ ഏൽപ്പിക്കാറുണ്ട്. സാധാരണഗതിയിൽ ഗ്രാമത്തിലോ നഗരത്തിലോ ഉള്ള പി.ഡബ്ല്യൂ.ഡി.യുടേതല്ലാത്ത റോഡുകൾ ഡിപ്പാർട്ടുമെന്റ് സ്വന്തമായി ചെയ്യുന്നില്ല. ഇനി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള വർക്കുകൾ മാത്രമേ നടക്കുകയുള്ളൂ. പുതിയൊരു പ്രഖ്യാപനം നടത്തുന്നത് ഭരണഘടനാപരമായി ശരിയല്ല.

ശ്രീ. പി. ടി. തോമസിനുവേണ്ടി ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രി റോഡുകൾ മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. തുലാവർഷവും ഇടവപ്പാതിയുംമൂലം റോഡുകൾ പൊട്ടിപ്പൊളിയുന്ന അവസ്ഥയാണ് നമ്മുടെ നാട്ടിലുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം വളരെയേറെ സ്വാഗതാർഹമാണ്. പക്ഷേ ഇതിനാവശ്യമായ പ്രൊവിഷൻ എസ്റ്റിമേറ്റിൽ ഇല്ലെങ്കിൽ പലരും ജോലി ഏറ്റെടുക്കാൻ തയ്യാറാകില്ല എന്നതാണ് ബുദ്ധിമുട്ട്. അതുകൊണ്ട് അങ്ങ് സൂചിപ്പിച്ച നൂതന സാങ്കേതികവിദ്യകൾക്കാവശ്യമായ പ്രൊവിഷൻ കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനും ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനുമുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, കേരളത്തിൽ ഇപ്പോൾ ജനുവരിയിലും മഴ പെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റോഡ് നിർമ്മാണം നടത്താൻ സാധിക്കുന്നില്ല. റോഡുകൾ നിർമ്മിക്കാൻ കാലതാമസം നേരിടുന്നുവെങ്കിൽ അതിൽ പ്രധാനപ്പെട്ട ഘടകം കാലാവസ്ഥയാണ്. എങ്കിലും അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ ധാരാളം റോഡുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. മഴ പെയ്താലും റോഡ് തകരുന്നത് തടയുന്ന സ്വാഭാവിക റബ്ബർ, കയർ ജിയോ ടെക്സ്റ്റയിൽ, പ്ലാസ്റ്റിക് എന്നിവയാണ് ഇപ്പോൾ റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നത്. പ്ലാസ്റ്റിക് ധാരാളമായി ഉപയോഗിക്കുന്നുണ്ട്. സ്വാഭാവിക റബ്ബറുമുണ്ട്. പക്ഷേ കയർ ജിയോ ടെക്സ്റ്റയിൽ എന്തുകൊണ്ടോ വേണ്ടത്ര ഉപയോഗിക്കപ്പെടുന്നില്ല. അതുപയോഗിച്ച് നിർമ്മിക്കുന്ന ഒരു റോഡും നാലഞ്ച് വർഷത്തിനുള്ളിൽ തകരുന്നില്ലെന്നാണ് കാണുന്നത്. അതിപ്പോൾ 50 കിലോമീറ്റർ മാത്രമേ ആയിട്ടുള്ളൂ. ജിയോ ടെക്സ്റ്റയിലിന്റെ ഉപയോഗം വ്യാപകമാക്കാം.

ശ്രീ. അനിൽ അക്കരക്കുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, റോഡിനോടൊപ്പംതന്നെ പാലത്തിന്റെ കാര്യങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര മേൽപ്പാലങ്ങൾ നിർമ്മിച്ചുവെന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര മേൽപ്പാലങ്ങൾ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയെന്നുള്ളതും വ്യക്തമാക്കണം. അതോടൊപ്പം തന്നെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുക അനുവദിക്കുകയും ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിക്കുകയും ചെയ്ത മഞ്ചേരിക്കുഴി പാലം, കുന്നത്തുനാട്ടും തൃക്കാക്കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം എന്നിവയുടെ നിർമ്മാണം കഴിഞ്ഞ നാല് വർഷമായി നടന്നുവരികയാണെങ്കിലും എങ്ങും എത്തുന്നില്ല. നിർമ്മാണോദ്ഘാടനം നടത്തിയ അങ്ങയെക്കൊണ്ട് തന്നെ ഈ

പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യിപ്പിക്കാമെന്ന് അന്ന് ചടങ്ങിന്റെ അദ്ധ്യക്ഷനായ ഞാൻ പ്രഖ്യാപിച്ചതാണ്. പക്ഷേ നിർമ്മാണ പ്രവർത്തനം ഇതുവരെ എങ്ങും എത്തുന്നില്ല. മഞ്ചേരിക്കുഴി പാലത്തിന്റെ നിർമ്മാണം ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഉദ്ഘാടനം ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; നിർമ്മാണ പ്രവർത്തനം വൈകിപ്പിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥർ അതിന്റെ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, പാലം നിർമ്മിക്കുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും തമ്മിൽ യാതൊരു മത്സരവുമില്ല. കഴിഞ്ഞ ഗവൺമെന്റ് മുൻകാലങ്ങളിൽ നിർമ്മിച്ചതിനേക്കാൾ കൂടുതൽ പാലങ്ങൾ നിർമ്മിച്ചതുകൊണ്ടാണ് പാലാരിവട്ടം പാലം പോലൊരു പാലമുണ്ടായത്. ഇവിടെ മത്സരമില്ല, കാലം മാറിയതനുസരിച്ച് ഗതാഗതം ശക്തിപ്പെട്ടു. ഇനി കൂടുതൽ പാലങ്ങൾ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്ത് അൻപത് വർഷങ്ങളായി നിർമ്മിച്ച പാലങ്ങളെക്കാൾ കൂടുതലാണ് ഈ നാലരവർഷംകൊണ്ട് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റുമായിട്ടൊന്നും താരതമ്യം വേണ്ട. ഓരോ ആഴ്ചയിലും ഓരോ പാലങ്ങൾ നിർമ്മിച്ചിരുന്നുവെന്ന് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി പ്രസ്താവന ഇറക്കിയതായി കണ്ടു. അദ്ദേഹം പറഞ്ഞതാണോയെന്ന് അറിയില്ല. നമ്മൾ പറയാത്തത് പലതും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. ഓരോ ആഴ്ചയിലും പാലങ്ങൾ നിർമ്മിക്കാൻ സാധിക്കുമോ! അദ്ദേഹം അങ്ങനെ പറയാൻ ഇടയില്ല. പത്രത്തിൽ വന്ന കാര്യമാണ് ഞാൻ പറഞ്ഞത്. പിണറായി ഗവൺമെന്റ് വന്നതിനുശേഷം നിർമ്മിച്ചിട്ടുള്ള പാലങ്ങളെക്കുറിച്ച് നിങ്ങൾക്കറി യാം. കുട്ടനാട് മണ്ഡലത്തിൽ 28 പാലങ്ങൾ നിർമ്മിച്ചു. ഏറ്റവും കൂടുതൽ അവിടെയാണ്. ചെങ്ങന്നൂരിൽ 16 പാലങ്ങളും എറണാകുളം ജില്ലയിൽ 63 പാലങ്ങളും നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ 10 പാലങ്ങളുണ്ട്. എല്ലായിടത്തും പാലം നിർമ്മാണം നടക്കുകയാണ്. മുൻകാലങ്ങളിൽ അങ്ങനെ നിർമ്മിച്ചിട്ടില്ല. പാലങ്ങളൊന്നും വേഗത്തിൽ നിർമ്മിക്കാൻ സാധിക്കില്ല. അക്കാര്യത്തിലേയ്ക്ക് കൂടുതൽ ശ്രദ്ധിച്ചുവെന്ന് മാത്രമല്ല, റോഡ്സ് & ബ്രിഡ്ജസ് എന്ന പരമ്പരാഗത വകുപ്പിൽ ബ്രിഡ്ജസ് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ച് ചീഫ് എഞ്ചിനീയറെ നിയമിച്ചു. അവർ ഭംഗിയായി പാലങ്ങൾ നിർമ്മിക്കുകയാണ്. ഡിസൈനിന്റെ കാര്യമാണ് പ്രശ്നം. ഡിസൈൻ ചെയ്യാൻ ഒരു വർഷമെടുക്കും. കൊച്ചിയിലും കോഴിക്കോടും പുതിയ ഡിസൈനിംഗ് വിഭാഗങ്ങൾ തുടങ്ങി. ഏതാണ്ട് 700-ഓളം

ഡിസൈൻ നടത്തിക്കഴിഞ്ഞു. ഡിസൈൻ നടത്തിയാൽ മാത്രമേ പാലം നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. വളരെ വ്യാപകമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഗവൺമെന്റുകൾ തമ്മിൽ പാലം നിർമ്മിക്കുന്ന കാര്യത്തിലുള്ള എണ്ണത്തിന്റെ താരതമ്യമല്ല, കാലഘട്ടത്തിനനുസരിച്ച് പി.ഡബ്ല്യൂ.ഡി.യെ മുന്നോട്ടുകൊണ്ടു പോകാൻ മന്ത്രിയായ ഞാനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ മന്ത്രിസഭയോ മാത്രം വിചാരിച്ചാൽപ്പോരാ, നിങ്ങളെല്ലാവരും ഒരുമിച്ച് നിന്നാൽ മാത്രമേ സാധിക്കുകയുള്ളൂ. ഓരോ മണ്ഡലത്തിൽ നിന്നുമാണ് ശിപാർശകൾ വരുന്നത്. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡിന്റെ കാര്യം പരിശോധിക്കാം. ഏതെങ്കിലും ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, മലപ്പുറം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് നാട്ടുകാണി-പരപ്പനങ്ങാടി റോഡ്. ഏഴ് മണ്ഡലങ്ങളിൽക്കൂടി കടന്നുപോകുന്ന റോഡാണത്. ഈ റോഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഞാൻ തന്നെ ഈ സഭയിൽ ഒരു സബ്മിഷനും ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽ കണ്ട് നിവേദനവും നൽകുകയുണ്ടായി. ഇപ്പോൾ 450 കോടി രൂപ അഡ്മിനിസ്റ്റേറ്റീവ് സാംഗ്ഷൻ നൽകി വർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ പകുതിയിലധികം വർക്കുകൾ കട്ട് ചെയ്തു. മഞ്ചേരിയിലെ പ്രധാനപ്പെട്ട റോഡുകളൊക്കെ ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. രണ്ട് പ്രളയം വന്നതോടെ റോഡുകൾ തകർന്നുപോയിട്ടുണ്ട്. മഞ്ചേരി ടൗണിലടക്കം തീരെ നടക്കാൻ പോലും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. റോഡുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അങ്ങ് സഭയിൽ പറഞ്ഞത്. വളരെ ഗുരുതരമായ അവസ്ഥയാണ് അവിടെയുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. പ്രധാനപ്പെട്ട സ്ഥലങ്ങളായ നിലമ്പൂർ, മഞ്ചേരി തുടങ്ങി മലപ്പുറം ജില്ലയുടെ പല ഭാഗങ്ങളിലും അവിടവിടെയായി വർക്ക് ചെയ്തു പോയിരിക്കുകയാണ്. ഡ്രെയിനേജ് മാത്രമെടുത്ത് ഉപരിതലം എടുക്കാതെ പോയിരിക്കുന്ന സ്ഥിതിയുമുണ്ട്. അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ട് പോരായ്മകൾ പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. ഏഴ് അസംബ്ലി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 450 കോടി രൂപയുടെ ബൃഹത്തായ ഒരു പദ്ധതിയാണിത്. ഏറ്റവും നന്നായി നിർമ്മാണം നടത്തുന്ന, ഒരു തരത്തിലും ടെക്നിക്കൽ ഫ്ലോപ്പില്ലാത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

നടത്തിയിട്ടുപോലും അതുദ്ദേശിച്ചതുപോലെ ശരിയായില്ല. ബഡ്ജറ്റ് കട്ട് ചെയ്ത് 450 കോടി രൂപയുടെ കരാർ 250 കോടി രൂപയാക്കി. ഏതോ ഉദ്യോഗസ്ഥർ പോയി പരിശോധിച്ചാണ് ഇതുചെയ്തിരിക്കുന്നത്. അക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഇവരുമായി സംസാരിച്ച് അവിടെയുള്ള എം.എൽ.എ.മാരെയും ഊരാളുങ്കലിനെയും ബന്ധപ്പെട്ട എല്ലാവരെയും വിളിച്ച് ചർച്ച നടത്തി പരിഹാരം കാണേണ്ടതുതന്നെയാണ്. അതിൽ യാതൊരു സംശയവുമില്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, ഏറ്റവും വലിയ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പ്രധാനപ്പെട്ട റോഡായ തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ ഒരു പ്രദേശമാണ് കേച്ചേരി ജംഗ്ഷൻ. അതിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള 5 കി.മീ. പ്രദേശം വളരെ ഇടുങ്ങിയതാണ്. ഏറ്റവും ഉയർന്ന ട്രാഫിക് ഇന്റൻസിറ്റി നിലനിൽക്കുന്ന പ്രധാനപ്പെട്ട ഈ റോഡിലെ ഗതാഗതക്കുരുക്ക് അടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഗതാഗതക്കുരുക്ക് പരിഹരിക്കുകയെന്നത് പി.ഡബ്ല്യു.ഡി.യുടെ കീഴിൽ വരുന്നതല്ല. ഗതാഗത വകുപ്പും പോലീസും കൂടിയാണ് അതുചെയ്യുന്നത്. ഏതായാലും സഭയിൽ ഉന്നയിച്ച സ്ഥിതിക്ക് ഇക്കാര്യം ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഗതാഗത വകുപ്പ് അവിടെയുള്ള പോലീസുദ്യോഗസ്ഥരുമായി ചേർന്ന് ട്രാഫിക് നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. വി. ടി. ബൽറാം: സർ, ഗുണനിലവാരമുള്ള റോഡുകളെക്കുറിച്ചുള്ള അംഗങ്ങളുടെ ചോദ്യങ്ങൾക്കാണ് അങ്ങ് മറുപടി നൽകിക്കൊണ്ടിരിക്കുന്നത്. നമ്മളെല്ലാം കേരളം മുഴുവൻ യാത്ര ചെയ്യുന്ന ആളുകളാണ്. ഗുണനിലവാരമുള്ള റോഡുകൾ എല്ലായിടത്തുമുണ്ട്. പക്ഷെ ആ റോഡുകളുടെ വിസ്തൃതിയും സാന്നിദ്ധ്യവും കേരളത്തിൽ എല്ലായിടത്തും ഒരുപോലെയല്ല. ചില സ്ഥലങ്ങളിൽ പ്രത്യേകിച്ചും തെക്കൻ ജില്ലകളിൽ ഗുണനിലവാരമുള്ള റോഡുകൾ ഒരുപാടുണ്ട്. ഞാൻ അതിനെ കുറ്റം പറയുന്നില്ല. മലബാറിലെ പല ജില്ലകളും പ്രത്യേകിച്ച് പാലക്കാട് അടക്കമുള്ള ജില്ലകളിൽ ഇത്തരത്തിലുള്ള ഗുണനിലവാരമുള്ള റോഡുകൾ കുറവാണ്. അത് ബി.എം.&ബി.സി. റോഡുകളാകട്ടെ, അല്ലെങ്കിൽ പുതിയ മറ്റ് സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകളാകട്ടെ, അവയുടെ ദൈർഘ്യവും സാന്നിദ്ധ്യവും താരതമ്യേന വളരെ കുറവാണ്. പൊതുഖജനാവിൽനിന്നും പണം ചെലവഴിക്കുമ്പോൾ അതിന് യുക്തിസഹമായിട്ടുള്ള ക്രൈറ്റീരിയ ഉണ്ടാകണ മെന്നുള്ളത് ജനാധിപത്യത്തിന്റെ ഒരു പ്രാഥമിക തത്വമാണ്. പൊതുമരാമത്ത് വകുപ്പ് ഈ നിലയിലുള്ള എന്തെങ്കിലുമൊരു പഠനം നടത്തിയിട്ടുണ്ടോ? ബി.എം.&ബി.സി. റോഡുകളാകട്ടെ,

അല്ലെങ്കിൽ മറ്റ് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകളാകട്ടെ, കേരളത്തിലെ റോഡുകൾ തുല്യമായി വിതരണം ചെയ്തിട്ടുള്ളവയാണോയെന്ന കാര്യത്തിൽ ഒരു പഠനം നടത്തിയിട്ടുണ്ടോ? ജില്ലാടിസ്ഥാനത്തിൽ പോപ്പുലേഷനും ഭൂവിസ്തൃതിയും കണക്കിലെടുത്തുകൊണ്ട് ഇതിനെന്തെങ്കിലും ക്രൈറ്റീരിയയുണ്ടാക്കിയിട്ടുണ്ടോ? ചില ജില്ലകളിൽ അത്തരത്തിലുള്ള റോഡുകളുടെ കുറവ് അനുഭവപ്പെടുമ്പോൾ അവയ്ക്ക് പ്രത്യേകമായ ഫണ്ട് അനുവദിക്കാനുള്ള, മൂന്നോ നാലോ വർഷം കൊണ്ടെങ്കിലും ആ കുറവ് പരിഹരിക്കാനുള്ള, അതിനെ ഒരു നിലവാരത്തിലെത്തിക്കാൻ വേണ്ടിയുള്ള പ്രത്യേകമായിട്ടുള്ള ഇടപെടലുണ്ടാകുമോ? ഞാൻ ചോദിക്കാൻ കാരണം കഴിഞ്ഞ കുറേ വർഷങ്ങളായി തൃത്താലയടക്കമുള്ള പാലക്കാട് ജില്ലയിലെ പല സ്ഥലങ്ങൾക്കും അനുവദിക്കുന്ന ഫണ്ട് വളരെ കുറവാണെന്ന പരാതിയുണ്ട്. അതിന്റെകൂടി അടിസ്ഥാനത്തിൽ ഇത്തരത്തിൽ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് പ്രത്യേകമായി ഊന്നൽ നൽകാനുള്ള നടപടിയുണ്ടാകുമോ; ആ നിലയ്ക്കുള്ള എന്തെങ്കിലും ആധികാരികമായിട്ടുള്ള പഠനം പി.ഡബ്ല്യൂ.ഡി. നടത്തിയിട്ടുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങയുടെ നിരീക്ഷണം ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. കക്ഷി രാഷ്ട്രീയത്തിനതീതമായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തുന്നുവെന്ന കാര്യം സഭയിൽത്തന്നെ എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. അങ്ങനെയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. പാലക്കാട് ജില്ലയിൽനിന്നും അങ്ങനെയുള്ള ഒരു ആരോപണവും ആരും ഉന്നയിച്ചിട്ടില്ല. റോഡ് നിർമ്മാണത്തിൽ ശ്രദ്ധ ചെലുത്തുന്നത് എഞ്ചിനീയർമാരാണ്. ഏതെങ്കിലും ചില സ്ഥലങ്ങളിൽ ചിലപ്പോൾ വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ റോഡുകൾ നിർമ്മിച്ചതിന്റെ ക്വാളിറ്റി കുറഞ്ഞെന്നിരിക്കും. ഇപ്പോൾ കേരളത്തിലെ ഏറ്റവും മികച്ച റോഡാണ് കോഴിക്കോട് നഗരത്തിലുള്ളത്. ഏറ്റവും നല്ല റോഡ് ആദ്യമുണ്ടായത് കോഴിക്കോട് നഗരത്തിലാണ്. അതിമനോഹരമായ മേൽപ്പാലങ്ങളുണ്ട്. കണ്ണൂർ സിറ്റി ഇപ്പോൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓരോ ജില്ലയുടെ കാര്യമായി എടുത്തുപറയുന്നില്ല. അങ്ങനെ യാതൊരു വിവേചനത്തിന്റെയും പ്രശ്നം ഉദിക്കുന്നില്ല. അലോട്ട് ചെയ്ത ഫണ്ടിന്റെ ലിസ്റ്റെടുത്ത് നോക്കിയാൽ ഒരു പ്രശ്നവുമില്ല എന്ന കാര്യം അങ്ങേയ്ക്ക് മനസ്സിലാകും. പക്ഷെ എവിടെയെങ്കിലും പോരായ്മ നിലനിൽക്കുന്നുണ്ടെങ്കിൽ അത് സ്പെസിഫൈ ചെയ്താൽ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് കൂടുതലായി നൽകാൻ സാധിക്കും. അതിന് യാതൊരു വിഷമവുമില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, മലബാറിന് ഏറ്റവും കൂടുതൽ പരിഗണന നൽകിയ ഒരു കാലഘട്ടമാണ് ഇത്. പ്രത്യേകിച്ചും നിരവധി ഡിസൈൻ റോഡുകൾ, ഓവർബ്രിഡ്ജുകൾ, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങിയ

നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി. അതിന് ഞാൻ ഈ സർക്കാരിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ രണ്ട് മേൽപ്പാലങ്ങളാണുള്ളത്. ഇതിൽ പഴയങ്ങാടി-താവം മേൽപ്പാലത്തിന്റെ എക്സ്പാൻഷൻ ജോയിന്റ് സ്ഥിരമായി പൊട്ടുകയാണ്. റെയിൽവേയുടെ പോർഷന്റെ ഭാഗമായ എക്സ്പാൻഷൻ ജോയിന്റാണ് പൊട്ടുന്നത്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കെ.എസ്.ടി.പി.-യുടെ പ്രോജക്ട് ഡയറക്ടറുടെയും സി.ഇ.യുടെയും ശ്രദ്ധയിൽ പലതവണ പെടുത്തിയിട്ടുള്ളതാണ്. അതിന് ശാശ്വതമായ പരിഹാരമുണ്ടാകുന്നില്ല. അപകട സാധ്യത വളരെ കൂടുതലാണ്; പ്രത്യേകിച്ച് ബൈക്കുകളൊക്കെ പോകുമ്പോൾ ഈ പൊട്ടിയ ഭാഗത്തിൽപ്പെട്ട് അപകടങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്. ഇക്കാര്യത്തിന് പരിഹാരമുണ്ടാകണം. ഇത് പൂർണ്ണമായും മാറ്റിസ്ഥാപിക്കാൻ, റെയിൽവേയ്ക്കാണെങ്കിൽ റെയിൽവേയ്ക്ക് കർശന നിർദ്ദേശം നൽകണം അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പ് അതിന് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പി.ഡബ്ല്യൂ.ഡി.-യുടെ നോംസല്ല, വേൾഡ് ബാങ്കിന്റെ നോംസ് അനുസരിച്ചാണ് കെ.എസ്.ടി.പി. അത് നിർമ്മിച്ചിരിക്കുന്നത്. അവിടെ അങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ബഹു. എം.എൽ.എ., ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കെ.എസ്.ടി.പി.-യുടെ ചീഫ് എഞ്ചിനീയറുടെയും പ്രോജക്ട് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ആ പ്രശ്നം ഇപ്പോഴും മാറിയിട്ടില്ലെന്നാണ് പറയുന്നത്. സാങ്കേതികമായ ഒരു പ്രശ്നമുണ്ട്. റെയിൽവേയുടെ പേര് പറഞ്ഞുകൊണ്ട് അവർ വല്ല ഇടപെടലുകൾ നടത്തുകയോ പ്രവർത്തനം തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാം. അക്കാര്യം പരിശോധിച്ച് ശാശ്വതമായ പരിഹാരം കാണാവുന്നതാണ്. ആവശ്യമെങ്കിൽ അത് മാറ്റിസ്ഥാപിക്കാനുള്ള സാങ്കേതിക നടപടികൾ സ്വീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കും.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, തിരുവനന്തപുരത്തിന്റെ മലയോരമേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ നിരവധി നിർമ്മാണോദ്ഘാടനത്തിന് ബഹുമാനപ്പെട്ട മന്ത്രി വന്നിട്ടുണ്ട്. പക്ഷെ പ്രധാനപ്പെട്ട പ്രശ്നം, എന്റെ നിയോജകമണ്ഡലത്തിലെ ഏഴോ എട്ടോ വർക്കുകൾ പെൻഡിംഗാണ് എന്നതാണ്. നെടുമങ്ങാട്, കാട്ടാക്കട, വാമനപുരം, അരുവിക്കര നിയോജകമണ്ഡലങ്ങളിലെല്ലാം വർക്കുകളുണ്ടെങ്കിലും ഇതൊക്കെ ചെയ്യുന്നത് രണ്ടോമൂന്നോ കോൺട്രാക്ടർമാരാണ്. എന്റെ മണ്ഡലത്തിലെ ഒരു വർക്കിന്റെ കോൺട്രാക്ടറെ വാൺ ചെയ്യുമ്പോൾ അവർ വന്ന് വർക്ക് ചെയ്യും. തൊട്ടടുത്ത മണ്ഡലത്തിലെ ശ്രീ. സി. ദിവാകരൻ,

എം.എൽ.എ. വിളിക്കുമ്പോൾ അവർ അങ്ങോട്ടുപോകും. തിരുവനന്തപുരത്തിന്റെ മലയോര മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വർക്ക് ചെയ്യാനുള്ള കോൺട്രാക്ടർമാരില്ല എന്നുള്ളതാണ്. അവരോട് ചോദിക്കുമ്പോൾ പറയുന്നത്, ബില്ല് മാറാനുള്ള പ്രശ്നങ്ങളുള്ളതുകൊണ്ടാണെന്നാണ്. പത്തോ പതിനഞ്ചോ വർക്കുകൾ എന്റെ നിയോജകമണ്ഡലത്തിലും സമീപ മണ്ഡലങ്ങളിലുമൊക്കെയുണ്ട്. മലയോര മേഖലയിലെ കോൺട്രാക്ടർമാർ വർക്ക് എടുക്കാത്തതിന്റെ പ്രശ്നം എത്രയും പെട്ടെന്ന് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് ഉന്നയിച്ച കാര്യം യഥാർത്ഥത്തിൽ ആരുടെയെങ്കിലും പോരായ്മ കൊണ്ടാണെങ്കിൽ നമുക്കത് ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയും. തിരുവനന്തപുരം ജില്ലയിൽ കോൺട്രാക്ടർമാർ കുറവാണ് എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. നമുക്കൊന്നും ചെയ്യാൻ കഴിയില്ല. സോഫ്റ്റ്‌വെയർ വഴിയാണ് അത് വരുന്നത്. വേറെ എന്തെങ്കിലും തരത്തിൽ കൂടുതൽ കോൺട്രാക്ടർമാർ അവിടെ അപ്ലൈ ചെയ്യണമെന്ന് നമുക്ക് പ്രേരണ ചെലുത്താനേ കഴിയുകയുള്ളൂ, ഇടപെടാൻ കഴിയില്ല. കോൺട്രാക്ടർമാർ വളരെ കുറവാണ് എന്ന കാര്യം വസ്തുതയാണ്. വടക്കൻ ജില്ലകളിലേയ്ക്ക് പോകുമ്പോൾ കോമ്പറ്റീഷൻ കൂടുതലാണ്. എന്തായാലും അരുവിക്കരയിൽ ധാരാളം പി.ഡബ്ല്യൂ.ഡി. നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്, നടന്നുവരികയാണ്. അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, മലയോര ഹൈവേയുടെ ഭാഗമായ മൂന്ന് റീച്ചുകൾ എന്റെ മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. അതിൽ രണ്ട് റീച്ചുകൾ പൂർണ്ണമായും എന്റെ മണ്ഡലത്തിലും ഒരു റീച്ച് ശ്രീ. കെ. എസ്. ശബരീനാഥന്റെയും എന്റെയും മണ്ഡലത്തിൽക്കൂടിയാണ് കടന്നുപോകുന്നത്. പാറശ്ശാല മുതൽ കുടപ്പനമൂട് വരെയുള്ള ആദ്യ റീച്ചിന്റെ കോൺട്രാക്ടർ കോവിഡ് രോഗം ബാധിച്ച് മരണപ്പെട്ടുപ്പോയി. അതിന്റെ റീ-ടെണ്ടർ നടപടികൾ പൂർത്തിയാക്കാതെ ഈ കാലയളവിൽ ഉദ്ഘാടനം ചെയ്യാൻ കഴിയില്ല. ടെണ്ടർ നടപടി വേഗത്തിലാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, സാങ്കേതിക കാര്യങ്ങളെല്ലാം കൃത്യമായി പൂർത്തിയാക്കിക്കൊണ്ട് ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുന്നതാണ്.

മി. സ്പീക്കർ: *92-ാം നമ്പർ ചോദ്യവുമായി *118-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. രണ്ടുചോദ്യങ്ങൾക്കും കൂടി ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി നൽകാം.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിലയിരുത്തൽ

2 (*92) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം മുൻഗണന നല്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ടെന്നറിയിക്കുമോ;

(സി) പൊതുവിദ്യാലയങ്ങളുടെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളും അവയുടെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ഡി) ആധുനിക ലോകത്തിലെ മാറ്റങ്ങൾക്കനുസൃതമായി പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പ്രൈമറിതലം മുതൽ പുത്തൻ സാങ്കേതിക വിദ്യകൾ പരിചയിക്കുന്നതിനുള്ള അവസരവും സാങ്കേതിക ഉപകരണങ്ങളിലുള്ള പ്രായോഗിക പരിചയം നൽകുന്നതിനാവശ്യമായ സൗകര്യങ്ങളും നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. വിലയിരുത്തലിലൂടെ കണ്ടെത്തിയ ഏറ്റവും പ്രധാനമായ കാര്യം പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണപരമായ ഇടപെടലുകളിലൂടെ ഇക്കഴിഞ്ഞ 5 വർഷങ്ങളിലായി പൊതുവിദ്യാഭ്യാസ രംഗത്ത് പുതുതായി 6.79 ലക്ഷം കുട്ടികൾ എത്തിച്ചേർന്നിട്ടുണ്ടെന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി, ഹൈടെക് ലാബ് പദ്ധതി, സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഓരോ മണ്ഡലത്തിലെയും തെരഞ്ഞെടുത്ത ഓരോ സർക്കാർ സ്കൂളിലും 5 കോടി രൂപ വീതം ചെലവഴിച്ചുള്ള പദ്ധതി തുടങ്ങിയവയുടെ അവലോകനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള വിവിധ തലങ്ങളിൽ നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ചുള്ള ആന്തരിക വിലയിരുത്തൽ നടന്നിട്ടുണ്ട്. മിഷൻ യോഗങ്ങളിലും കർമ്മസേനാ യോഗങ്ങളിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്.

ഈ വിലയിരുത്തലുകളിൽ കണ്ടെത്തിയ വസ്തുതകൾ താഴെപ്പറയുന്നവയാണ്: ഭൗതിക സൗകര്യ വികസനത്തിൽ മുമ്പൊന്നുമില്ലാത്ത മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. അക്കാദമിക കാര്യങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതത് മേഖലകളിൽ കൂടുതൽ മികവിലേയ്ക്കെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി. കേന്ദ്ര മാനവ വികസന മന്ത്രാലയം തയ്യാറാക്കിയ വിവിധ വർഷങ്ങളിലെ പ്രകടന ഗ്രേഡിംഗ് സൂചിക (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ്) സൂചിപ്പിക്കുന്നത് പ്രകാരം 2018-19 വർഷത്തിലെ പ്രവർത്തനം മുൻകാലങ്ങളെക്കാൾ മെച്ചപ്പെട്ടു. 2019-20-ൽ വീണ്ടും മുന്നേറി. ഈ രണ്ട് വർഷങ്ങളിലും ദേശീയ തലത്തിൽ ഒന്നാമതാകാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ പ്രാപ്യത സാർവ്വത്രികമാക്കിയ രാജ്യത്തിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലേയ്ക്കുള്ള ഹൈടെക് സ്കൂൾ പദ്ധതിയും ഒന്ന് മുതൽ ഏഴുവരെ ക്ലാസുകളിലേയ്ക്കുള്ള ഹൈടെക് ലാബ് പദ്ധതിയും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) മുഖാന്തരം പൂർത്തിയാക്കി. കൂടാതെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് 65 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി. 9 സ്കൂളുകളുടെ നിർമ്മാണം 90%-ത്തിലധികം പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞംവഴി കഴിഞ്ഞിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന 141 വിദ്യാലയങ്ങളിൽ 5 കോടി രൂപ വീതവും അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും 3 കോടി രൂപ, 1 കോടി രൂപ വീതവും അനുവദിച്ച് കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. കിഫ്ബി ധനസഹായത്തോടെ 973 സർക്കാർ വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 110 സ്കൂളുകളുടെ കെട്ടിടങ്ങൾ ഇതിനകം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. 321 കെട്ടിടങ്ങൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 542 വിദ്യാലയങ്ങൾ ടെണ്ടർ ചെയ്യുന്നതിനുമുമ്പ് നടക്കേണ്ട പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ഗുണമേന്മാ വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന കാഴ്ചപ്പാടിനനുസൃതമായി ഏറ്റവും മികച്ച അക്കാദമിക അന്തരീക്ഷവും അക്കാദമിക പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിയത്. കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതനുസരിച്ച് പ്രവർത്തന പദ്ധതി രൂപകല്പന ചെയ്തു. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പൊതുഗുണത വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും സമഗ്ര വികാസം ലക്ഷ്യംവച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് എസ്.സി.ഇ.ആർ.ടി.യുടെ സഹായത്തോടെ സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ് മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും 'സമഗ്ര' വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ലഭ്യമാക്കാൻ കഴിയുന്ന എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സ്കൂളുകളിൽ 'ഹൈടെക് സ്കൂൾ പദ്ധതി' എന്ന പേരിൽ ക്ലാസ് മുറികളിൽത്തന്നെ ലാപ്ടോപ്, മൾട്ടിമീഡിയ പ്രൊജക്ടർ, ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം തുടങ്ങിയ ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒന്ന് മുതൽ ഏഴുവരെ ക്ലാസുകളുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന 'ഹൈടെക് ലാബ് പദ്ധതി'യും നടപ്പിലാക്കി. ഉപകരണങ്ങളും സൗകര്യങ്ങളും സ്കൂളുകളിൽ വിന്യസിക്കുന്നതിനോടൊപ്പം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനായാസം അവ ഉപയോഗിക്കുന്നതിനും പഠന പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും പ്രത്യേക പരിശീലനങ്ങളും കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനാവശ്യമായ പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

3 (*118) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും ഓരോ വർഷവും അധികമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷക്കാലത്തേതുമായി താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; അതിന്റെ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ;

(ബി) മികച്ച വിദ്യാഭ്യാസത്തിനായി അൺ എയ്ഡഡ് സ്കൂളുകളെ ആശ്രയിക്കേണ്ടിയിരുന്ന സ്ഥിതി ഇല്ലാതാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബി മുഖേനയും അല്ലാതെയും ചെലവഴിച്ച തുകയെത്ര എന്നതിന്റെ കണക്ക് ലഭ്യമാണോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി അംഗീകരിച്ചിട്ടില്ല. എന്നിരുന്നാലും 174871 കുട്ടികൾ ഈ അദ്ധ്യയനവർഷത്തിലും പുതുതായി ചേർന്നതായി നിലവിലെ സ്ഥിരീകരിക്കാത്ത കണക്കുകൾ വ്യക്തമാക്കുന്നു. ഈ കണക്കുകൾ കൂടി ചേർന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള കാലയളവിൽ 2 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 6.79 ലക്ഷം കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു. വിശദീകരണ കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ;

---

* അനുബന്ധം - II ആയി ചേർക്കുന്നു.

2. കൈറ്റിന്റെ നേതൃത്വത്തിൽ 8 മുതൽ 12 വരെ ക്ലാസ്സ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കി 1 മുതൽ 7 വരെ ക്ലാസ്സുകളെ ലക്ഷ്യമിട്ട് എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബ് ക്രമീകരിച്ചു;

3. അക്കാദമിക രംഗത്തും മികവിനായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടക്കുന്നു. അതിന്റെ ഭാഗമായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

(1) എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർ പ്ലാനും അതിന്റെ ആക്ഷൻ പ്ലാനും;

(2) ഭാഷാ വികസനത്തിനായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി;

(3) പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ പദ്ധതി.';

(4) ശാസ്ത്രപഠനവും ഗണിത പഠനവും മികവാർന്നതാക്കാൻ ശാസ്ത്ര പാർക്കുകൾ, ശാസ്ത്ര ഗണിത ക്ലബ്ബുകൾ, ഗണിത വിജയം, ഉല്ലാസ ഗണിതം തുടങ്ങിയവ;

(5) കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിന് 'ടാലന്റ് ലാബ്' പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള ഉൾച്ചേരൽ വിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ;

(6) ജൈവവൈവിധ്യ ഉദ്യാനം, ഓട്ടിസം പാർക്ക്;

(7) ചിട്ടപ്പെടുത്തി നടപ്പിലാക്കിയ അധ്യാപക പരിശീലനം;

(8) ഓരോ കുട്ടിയുടെയും കഴിവുകൾ അനന്യമാണെന്ന തിരിച്ചറിവോടെ അക്കാദമിക ഇടപെടലുകൾ നടത്താൻ പ്രാപ്തമാകുംവിധമുള്ള അധ്യാപക പരിശീലനങ്ങൾ;

(9) അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി കേരളത്തിന്റെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ;

(10) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ;

(11) ടാലന്റ് ലാബ്;

(12) സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ് മുറികളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ ലക്ഷ്യമിട്ട് ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിൽ ലഭ്യമാക്കി;

(13) ഫസ്റ്റ് ബെൽ - ലോകം മുഴുവൻ പകച്ചുനിൽക്കുമ്പോഴും കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മുടേതായ വഴികൾ കണ്ടെത്താനും കുട്ടികളെ ഈ കോവിഡ് കാലത്തും കർമ്മനിരതരാക്കാനും പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അനന്യമായ അനുഭവ മാതൃകയാണിത്. ജൂൺ 1-ന് തന്നെ വിക്ടേഴ്സ് ചാനൽവഴി കുട്ടികളെ കർമ്മനിരതരാക്കാൻ സഹായകമാകുംവിധം ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞു. ക്ലാസ്സുകൾ വീക്ഷിക്കാൻ സൗകര്യമില്ലാത്ത കുട്ടികൾക്ക് അതിന് സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരളീയ സമൂഹം കാട്ടിയ ഉത്സാഹം ലോകത്തിനുതന്നെ നവ്യാനുഭവമാണ്. നിരന്തര വിലയിരുത്തലിനായി 'സഹിതം' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. 74 ടൈറ്റിൽ പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി;

(14) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠന പിന്തുണ ഉറപ്പാക്കാൻ ആവിഷ്കരിച്ച സവിശേഷ ഓൺലൈൻ പഠന പരിപാടിയാണ് വൈറ്റ് ബോർഡ്. 1 മുതൽ 7 വരെ ക്ലാസ്സുകളിലെ ഏതാണ്ട് ഒരു ലക്ഷത്തിൽപ്പരം കുട്ടികൾക്കാണ് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചത്. സമഗ്ര ശിക്ഷയ്ക്കാണ് വൈറ്റ് ബോർഡിന്റെ ചുമതല. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരാണ് അനുരൂപീകൃത പാഠങ്ങൾ തയ്യാറാക്കി അവതരിപ്പിച്ചത്. പഠനം ആസ്വാദ്യകരമാക്കുന്നതിനും സ്വയംപഠനത്തിനുമായി പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഉൾച്ചേർത്തു. സമഗ്ര ചോദ്യജാലകം (question pool) വികസിപ്പിച്ചു. ഓരോ കുട്ടിയുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനായി മെന്ററിംഗ് സംവിധാനം വികസിപ്പിച്ചു.

(സി) ഈ സർക്കാരിന്റെ കാലത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബി മുഖേന 724 സ്കൂളുകൾക്കായി 1642.05 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 515 സ്കൂളുകൾക്ക് 58314.38 ലക്ഷം രൂപ സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് സർക്കാർ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾക്കുവേണ്ടി <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലോകത്തുതന്നെ ശ്രദ്ധിക്കപ്പെടുന്ന ഏറ്റവും വലിയൊരു പദ്ധതിയായി മാറിയിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്

വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞതായിരുന്നു. നാലുലക്ഷത്തി എഴുപത്തി അയ്യായിരത്തോളം കുട്ടികളാണ് കൊഴിഞ്ഞുപോയത്. ഈ നാലരവർഷംകൊണ്ട് ആറുലക്ഷത്തി എഴുപത്തി ഒമ്പതിനായിരം കുട്ടികളാണ് പുതിയതായി സ്കൂളുകളിലേയ്ക്ക് കടന്നുവന്നത്. സമ്പൂർണ്ണ ഡിജിറ്റൽവത്കരിച്ച ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ജൈവവൈവിധ്യ പാർക്കടക്കമുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസം തകർന്നടിഞ്ഞതിൽ നിന്ന് വളരെ പെട്ടെന്ന് ഈ നാലരവർഷംകൊണ്ട് ഇത്തരത്തിലൊരു മാറ്റമുണ്ടാക്കാൻ അങ്ങ് ചെയ്ത മാജിക്ക് എന്താണ്; ഏറ്റവും പ്രധാനമായി അങ്ങ് ഫോക്കസ് ചെയ്തത് എന്താണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ബദൽ വിദ്യാഭ്യാസ നയം തന്നെയാണ് ഇതിന് കാരണം. എം.എൽ.എ. സൂചിപ്പിച്ചത് വളരെ സുപ്രധാനമായ കാര്യമാണ്. ലോകത്ത് എല്ലാ രാജ്യങ്ങളിലും വിദ്യാഭ്യാസം ആധുനികവത്കരിക്കപ്പെട്ട് കൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികവത്കരണം നടക്കുന്നു. കേരളത്തിലും അതുതന്നെയാണ് നടക്കുന്നത്. പക്ഷേ കേരളത്തിൽ നേരത്തെ സൂചിപ്പിച്ച മാറ്റങ്ങളുണ്ടായിട്ടുണ്ട്. അത് എന്തുകൊണ്ടാണെന്നുള്ളത് വളരെ പ്രസക്തമാണ്. ലോകത്ത് ആധുനികവത്കരണം നടക്കുന്നതെല്ലാം കമ്പോളവുമായി ബന്ധിപ്പിച്ചുകൊണ്ടാണ്. ഇതാണ് വിദ്യാഭ്യാസരംഗത്ത് ആധുനികവത്കരണത്തിന്റെ മർമ്മം എന്നുപറയുന്നത്. അതുകൊണ്ട് സ്വാഭാവികമായും അവിടെയുള്ള പാവപ്പെട്ട വിദ്യാർത്ഥികൾ പാർശ്വവത്കരിക്കപ്പെടും. കേരളത്തിന്റെ പ്രത്യേകത അതേ രീതിയിലുള്ള ആധുനികവത്കരണം കമ്പോളവുമായി ബന്ധിപ്പിച്ചുകൊണ്ടല്ല, മറിച്ച് ജനകീയതയുമായി ബന്ധിപ്പിച്ചുകൊണ്ടാണ് നടക്കുന്നത്. ആധുനികവത്കരണവും ജനകീയതയുമാണ് perfect blend എന്ന രീതിയിൽ കേരളത്തിൽ നടപ്പിലാക്കിവരുന്നത്. അതുകൊണ്ടുതന്നെ ആധുനികത സാധാരണക്കാർക്ക് കൂടി ഉപയോഗിക്കാൻ കഴിയുന്നു. ഏത് ആധുനിക സാങ്കേതികവിദ്യയും പാവപ്പെട്ട കുട്ടികൾക്കും പ്രാപ്യമാകുന്നു എന്നുള്ളതുകൊണ്ട് മറ്റ് ഭൗതിക വികസനരംഗത്തും അദ്ധ്യാപക പരിവർത്തന രംഗത്തും pedegogical approach രംഗത്തുമുണ്ടാക്കിയ ആധുനികമായ മാറ്റങ്ങളിലൂടെയാണ് കേരളത്തിൽ എല്ലാ ജനങ്ങളും പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവന്നത്. അത് കൂടുതൽ ശ്രദ്ധയാകർഷിക്കു ന്നതിന്റെ അർത്ഥം ബദലായ, ആധുനികതയുമായി ബന്ധിപ്പിക്കുന്ന ജനകീയത ലോകത്തിന് മാതൃകയായി മാറുന്നു എന്നുള്ളത് തന്നെയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഈ ജനകീയ ബദൽ ജനങ്ങൾ അംഗീകരിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ആ പഴയ കാലത്തിലേയ്ക്ക് തിരിച്ച് പോകാതിരിക്കാൻ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളടക്കം കേരള ജനതയാകെ ഈ സർക്കാരിനെ അംഗീകരിക്കുകയാണ്. പഴയകാലത്തേയ്ക്ക് ഒരിക്കലും തിരിച്ചുപോകരുതെന്ന് ആഗ്രഹിക്കുകയാണ്. വലിയ രീതിയിലുള്ള മാറ്റം വിദ്യാഭ്യാസ മേഖലയിലും ഭൗതിക സാഹചര്യങ്ങളിലുമുണ്ടാക്കി. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് അത്തരത്തിലുള്ള കാര്യങ്ങൾ ഉയർന്നിട്ടുണ്ട്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം individualistic-ആയി അവരുടെ പ്രത്യേകമായ കഴിവുകൾ പരിപോഷിപ്പിച്ചുകൊണ്ട് അതിന് വേദിയൊരുക്കാനും ഓരോ വിദ്യാർത്ഥികൾക്കും വ്യത്യസ്തമായ കഴിവുകളും സാഹചര്യങ്ങളും ഭാവിയിൽ ഉണ്ടാക്കാൻ കഴിയുന്ന രീതിയിൽ പ്രത്യേകമായി ഫോക്കസ് ചെയ്യാനുമുള്ള എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ടോ; വളരെ മികച്ച രീതിയിൽ വിദ്യാഭ്യാസം നിലനിൽക്കുന്ന ഫിൻലാൻഡ്, സ്കാന്റിനേവിയൻ അടക്കമുള്ള രാജ്യങ്ങളോട് മത്സരിക്കുന്ന രീതിയിൽ നമ്മൾ മാറിയിട്ടുണ്ട്. ഭാവിയിൽ അത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മാറ്റിയെടുക്കാൻ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പരിപാടികൾ എന്താണെന്നുള്ളത് ചുരുക്കിപ്പറയാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഫിൻലാൻഡിന്റെ മോഡലാണെന്ന് ഞാൻ പറയില്ല. അതിൽനിന്നും വ്യത്യസ്തമായ, യുണീക്കായ, അനന്യമായ മാതൃകയാണ് നമ്മളെല്ലാവരും ചേർന്ന് വികസിപ്പിച്ചെടുത്തു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഇപ്പോഴത്തെ പ്രതീക്ഷ, നാളെ കേരളത്തിന്റെ പ്രവാസം എന്നുപറയുന്നത് വൈജ്ഞാനിക മണ്ഡലത്തിലേയ്ക്കാകും. ഇപ്പോൾ കൊറോണ സാഹചര്യത്തിൽ പ്രവാസികൾ കേരളത്തിലേയ്ക്ക് തിരിച്ചുവരുന്നുവെന്നുള്ളത് നമ്മുടെ ദുഃഖവും വേദനയുമായി നിൽക്കുമ്പോൾ കേരളത്തിന്റെ പ്രതീക്ഷ, നാളെ വൈജ്ഞാനിക മണ്ഡലത്തിന്റെ വളർച്ച കാണാൻ പോവുകയാണ് എന്നതാണ്. വൈജ്ഞാനിക മണ്ഡലത്തിന്റെ അഭൂതപൂർവ്വമായ വികസനത്തിന്, ടെക്നോളജിയുടെ ഓരോ നിമിഷവുമുള്ള വികസനം നടന്നുകൊണ്ടിരിക്കുമ്പോൾ ആ വൈജ്ഞാനിക മണ്ഡലത്തിലേയ്ക്ക് കേരളത്തിന്റെ പുതിയ തലമുറയെ എത്തിക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ആധുനികവത്കരണം ജനകീയതയുമായി ചേർന്ന് നടക്കുമ്പോൾ കേരളത്തിലെ ഏത് പാവപ്പെട്ട കുട്ടിയും ആ വൈജ്ഞാനിക മണ്ഡലത്തിലേയ്ക്ക് എത്തുവാനുള്ള സാധ്യത വർദ്ധിച്ചുവരികയാണ്. അതിനോടൊപ്പം കേരളത്തിന്റെ ആവാസ വ്യവസ്ഥയിൽ വൈജ്ഞാനിക സാധ്യതകളെയും ഉപയോഗിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭൗതിക, അക്കാദമിക്, അദ്ധ്യാപക പരിശീലന പരിവർത്തനവും പെഡഗോജിക്കലായിട്ടുള്ള

മാറ്റവും നാം വരുത്തിയതാണ്. ഇക്കഴിഞ്ഞ നാല് വർഷക്കാലം പരീക്ഷണവും അതുപോലെ തന്നെ ജനകീയത ചേർത്തിട്ടുള്ള ഇടപെടലുമായി ഈ രംഗത്ത് കൂടുതൽ ആഴങ്ങളിലേയ്ക്ക്, പ്രത്യേകിച്ച് പെഡഗോജിക്കൽ അപ്രോച്ചിലേയ്ക്ക് പോയി. എന്ത് പഠിക്കുന്നു എന്നുള്ളതല്ല, അത് എങ്ങനെ പഠിക്കുന്നുവെന്നത് അനുസരിച്ചാണ് ഒരു കുട്ടിയുടെ വൈജ്ഞാനിക വളർച്ചയുണ്ടാകുന്നത്, ജ്ഞാനത്തിന് വളർച്ച യുണ്ടാകുന്നത്. അതുകൊണ്ട് ഇവിടെ വ്യക്തിപരമായ മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ പോലും ലക്ഷ്യമിട്ടിരുന്നു. പക്ഷെ ഈ വർഷം കൊറോണ സാഹചര്യത്തിൽ അത് പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും മാസ്റ്റർ പ്ലാൻ സ്കൂളുകൾക്കുണ്ട്. അത് വ്യക്തിപരമായ മാസ്റ്റർ പ്ലാനായി മാറി ഓരോ കുട്ടിയുടെയും സർഗ്ഗശേഷിയെ പരമാവധി വികസിപ്പിച്ച്, വാനോളം വളർത്തി ആ കുട്ടിയെ നാളത്തെ വൈജ്ഞാനിക മണ്ഡലത്തിൽ എത്തിക്കാനുള്ള വലിയ ശ്രമം കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിന്റെ തുടർച്ചയുണ്ടെങ്കിൽ കഴിയുമെന്നാണ് എന്റെ വിശ്വാസം.

ചീഫ് വിപ്പ് (<u>ശ്രീ. കെ. രാജൻ</u>): സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചരിത്രവിജയമായി എന്നുള്ളത് എല്ലാവരും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. അത് കേവലം നാല് മിഷനുകളിലൊന്ന് എന്നതിനപ്പുറത്ത് കേരളം ഏറ്റവും ശ്രദ്ധയോടെ ഏറ്റെടുത്ത സാക്ഷരതാ പ്രസ്ഥാനംപോലെ ബഹുജന പ്രസ്ഥാനമാക്കി മാറ്റാൻ അങ്ങയുടെ നേതൃത്വത്തിൽ സർക്കാരിന് കഴിഞ്ഞുവെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യങ്ങളിലൊന്ന്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ഭൗതിക സാഹചര്യങ്ങളുടെയും അക്കാദമിക നിലവാരത്തിന്റെയും മെച്ചപ്പെടൽ മാത്രമല്ല കേരളത്തിന്റെ വിദ്യാഭ്യാസം അക്ഷരാർത്ഥത്തിൽ ഇക്കാലയളവിൽ ശിശുകേന്ദ്രീകൃതമായി മാറിയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആദ്യം സഭയിൽ അങ്ങ് പ്രഖ്യാപിച്ചതുപോലെ അനാദായകരം എന്ന വാക്കിനെ കേരളം പടികടത്തിവിട്ടു. വിദ്യാഭ്യാസ മേഖലയുടെ ഈ നേട്ടത്തെ സംബന്ധിച്ച് അത് അഭിമാനകരമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ 6.79 ലക്ഷം കുട്ടികൾ പുതിയതായി പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് വന്നത് സന്തോഷകരമായ കാര്യമാണ്. പലപ്പോഴും നമ്മൾ ചർച്ച ചെയ്യപ്പെടാതിരുന്ന പ്രധാനപ്പെട്ട കാര്യം, നേരത്തെ കേരളത്തിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനകാലത്ത് ഞങ്ങളൊക്കെ ഉന്നയിച്ചിരുന്ന പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽനിന്നും എന്നന്നേയ്ക്കുമായി പഠനം നിർത്തി കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ കണക്കിനെ സംബന്ധിച്ചായിരുന്നു. കൊഴിഞ്ഞുപോക്ക് എന്ന് ഉദ്ദേശിക്കുന്നത് പൊതുവിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മറ്റെങ്ങോട്ടെങ്കിലും പോകുന്നതല്ല, എന്നന്നേയ്ക്കുമായി വിദ്യാഭ്യാസ

സ്ഥാപനത്തിൽനിന്നും പോകുന്ന പ്രവണതയാണ്. 2015-16-ലെ കണക്ക് പരിശോധിച്ചാൽ എണ്ണായിരത്തിലേറെ കുട്ടികളാണ് കൊഴിഞ്ഞുപോയിട്ടുള്ളത്. വിദ്യാഭ്യാസത്തിൽനിന്നും പിരിഞ്ഞുപോകുന്ന, drop out എന്നുപറയുന്ന സ്ഥിതിക്ക് ഏത് തരത്തിലുള്ള മാറ്റമാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്; അത് ഇപ്പോൾ എങ്ങനെയാണ് കാണാൻ കഴിയുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ സുപ്രധാനമായ ചോദ്യമാണ് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ചോദിച്ചത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. പുതിയതായി 6.79 ലക്ഷം കുട്ടികൾ അധികമായി വന്നു. നിരന്തരമായി ഗ്രാഫ് മുകളിലേയ്ക്കാണ്. Rate of admission വർദ്ധിച്ചുവരികയാണ്. അതേസമയത്ത് drop out റേറ്റ് എങ്ങനെയാണെന്നുള്ളത് പരിശോധിച്ചാൽ മാത്രമേ വിദ്യാഭ്യാസ രംഗത്തിന്റെ വളർച്ച സമഗ്രമാണോയെന്ന് തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ drop out വളരെ പെട്ടെന്ന്, അതായത് സ്കൂളുകളിലേയ്ക്ക് വരുന്ന കുട്ടികളുടെ വർദ്ധനവിന്റെ നിരക്കിനേക്കാൾ കൂടുതൽ drop out നിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തവണത്തെ സാമ്പത്തിക സർവ്വേയിൽ Kerala has achieved the distinction of having the lowest drop out rate of school students among the Indian States. In the year 2019-20 drop out ratio among school students in Kerala was 0.11. അത് 2016-17 കാലത്ത് 0.22 ആണ്. അതായത് 50 percent deduction ആണ് ഉണ്ടായിട്ടുള്ളത്. As per MHRD report on Education Statistics at a Glance 2018, All India average drop out rate of primary students is 4.13 percent and in secondary level it is 17.06 percent. സെക്കന്ററി രംഗത്ത് നമ്മുടെ drop out നിരക്ക് 0.15 ശതമാനമാണ്. 17.06 എന്നുള്ള ദേശീയ ശരാശരിയേക്കാൾ കുറവാണ് 0.15 ശതമാനം. യു.പി. മേഖലയിൽ drop out നിരക്ക് 0.06 ആണ്. ഓരോ ജില്ലകളിലെയും drop out പരിശോധിക്കുമ്പോൾ ആലപ്പുഴ ജില്ലയിൽ drop out നിരക്ക് 0.02 ശതമാനം മാത്രമാണ്. സാമ്പത്തിക സർവ്വേയിലെ ഗ്രാഫിൽ 0.11 താഴ്ന്ന റേറ്റിലേയ്ക്ക് നേരെ താഴോട്ട് വരികയാണ്. കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും drop out-ന്റെ എണ്ണം താഴുകയും ചെയ്യുന്ന inverted V graph കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുണ്ട് എന്നുള്ളതാണ് അതിലെ പ്രസക്തമായ വിഷയം.

ശ്രീമതി ഗീതാ ഗോപി: സർ, ജനങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും അതീവ ശ്രദ്ധപതിപ്പിച്ചാണ് വികസനത്തിനോടൊപ്പം ഈ സർക്കാർ 5 വർഷം പൂർത്തീകരിക്കുന്നത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പദ്ധതി പ്രൊഫ. സി. രവീന്ദ്രനാഥ് എന്ന വകുപ്പുമന്ത്രിക്കുമാത്രം അവകാശപ്പെട്ടതാണ്.

യഥാസമയം യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം, കൃത്യതയോടുകൂടിയുള്ള സ്കൂളുകളിലെ മാറ്റങ്ങൾ, ഡിജിറ്റലൈസേഷൻ, കമ്പ്യൂട്ടർവൽക്കരണം, ലാബ് സംവിധാനങ്ങൾ, അക്കാദമിക്കലായിട്ടുള്ള നിലവാരങ്ങൾ എന്നിവയിൽ വളരെ കൃത്യതയോടെ ഇടപെട്ട മന്ത്രിയാണ് പ്രൊഫ. സി. രവീന്ദ്രനാഥ്. ഇ.എം.എസ്.-ന്റെ ഭരണകാലത്തെ മുണ്ടശ്ശേരി മാസ്റ്ററിന്റെ പാത പിന്തുടർന്ന് അദ്ദേഹം മാതൃകയാകുകയാണ്. തീരദേശത്തെ ഏക ഫിഷറീസ് സ്കൂളിന് കോടിക്കണക്കിന് രൂപയുടെ ഫണ്ട് നൽകി നിർമ്മാണം പൂർത്തീകരിച്ച് കോവിഡ്-19-ന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ച്, ഹയർസെക്കന്ററിക്കും എസ്.എസ്.എൽ.സി.ക്കുമായി തുറന്നുകൊടുക്കുമ്പോൾ ജനപക്ഷ ഗവൺമെന്റിലെ ഒരു വകുപ്പുമന്ത്രിയുടെ ഇടപെടലുകളാണ് യാഥാർത്ഥ്യ മാകുന്നത്. അവിടത്തെ സ്കൂളിന്റെ വികസനങ്ങൾ എങ്ങനെയുണ്ടെന്ന് മാസത്തിൽ രണ്ട് തവണയെങ്കിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ഫോണിലൂടെ ചോദിക്കുന്നുണ്ട്.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വന്നില്ല.

ശ്രീമതി ഗീതാ ഗോപി: സർ, ഞങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ കാര്യങ്ങൾ പറയണ്ടേ? പ്രതിപക്ഷത്തിനും ഇത് അനുഭവമുള്ളതാണ്, അവർക്ക് മാതൃകയാണ്. എത്ര എയ്ഡഡ് സ്കൂളുകൾക്ക് ഇനി ചലഞ്ചിംഗ് ഫണ്ട് കൊടുക്കാനുണ്ട്? അങ്ങ് മുൻകയ്യെടുത്ത് അതത് മണ്ഡലത്തിലെ അഞ്ച് സ്കൂളുകൾക്ക് ചലഞ്ചിംഗ് ഫണ്ട് കൊടുത്തത് നല്ല തീരുമാനമാണ്. ഇനി ചലഞ്ചിംഗ് ഫണ്ട് നൽകാനുള്ള സ്കൂളുകളുണ്ടോയെന്ന് വിശദീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചലഞ്ചിംഗ് ഫണ്ട് ഒരു തുടർ പ്രവർത്തനമാണ്. സർക്കാർ സ്കൂളുകളെ അപേക്ഷിച്ച് നോക്കുമ്പോൾ എയ്ഡഡ് സ്കൂളുകളുടെ പരിതാപകരമായ അവസ്ഥ കുറവാണെങ്കിലും അതുകൂടി പരിഹരിക്കണ മെന്ന രീതിയിലാണ് ചരിത്രത്തിലാദ്യമായി സംസ്ഥാന സർക്കാർ ചലഞ്ചിംഗ് ഫണ്ട് എന്ന ആശയം മുന്നോട്ടുവച്ചത്. ഇത് പ്രയോജനപ്പെടുത്തിയ സ്കൂളുകൾക്ക് പണം കൊടുക്കാനുള്ള തീരുമാനം ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. പണി തീർത്ത് ബിൽ സബ്മിറ്റ് ചെയ്യുന്ന എല്ലാ സ്കൂളുകൾക്കും തുക നൽകുന്നതാണ്. ആ പദ്ധതി തുടരുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, വിദ്യാഭ്യാസമെന്നത് കേവലം പാഠപുസ്തകങ്ങൾ പഠിച്ച് പരീക്ഷ എഴുതുക മാത്രമല്ല, കുട്ടികളുടെ സർഗ്ഗശേഷിയും കലാകായിക ശേഷികളും പരിപോഷിപ്പിക്കപ്പെടുമ്പോഴാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത്. പാൻഡമിക് കാലത്ത് ലോകത്തിന് മാതൃകയായി ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നുണ്ടെങ്കിലും ഇത്തരത്തിലുള്ള കാര്യങ്ങളിൽ കുട്ടികളെ വ്യാപൃതരാക്കുന്നതിനുള്ള പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഇതുവരെ

നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സാധ്യതകൾ പരിശോധിക്കുമോ? ഇപ്പോൾ പാൻഡമിക് കാലഘട്ടമാണെന്ന് നമുക്കറിയാം. ഇനിയും ഇത്തരത്തിലുള്ള കാലഘട്ടങ്ങൾ കൂടുതലായി കടന്നുവരുന്ന സാഹചര്യത്തിൽ ഇതിനെക്കുറിച്ച് കുട്ടികളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് കരിക്കുലത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കൊറോണ വൈറസ് വ്യാപനത്തെ വാക്സിനേഷൻ അടക്കമുള്ള രീതിയിൽ നമ്മൾ മറികടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എങ്കിൽപ്പോലും ആ കാലഘട്ടത്തിൽ അക്കാഡമിക് വർഷത്തിന് ഒരു കുറവും വരാതെ ജൂൺ 1-ാം തീയതി തന്നെ ഡിജിറ്റൽ സംവിധാനത്തിലൂടെ ക്ലാസ്സുകൾ ആരംഭിച്ചതാണ്. ജനുവരി 1-ാം തീയതി മുതൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ നേരിട്ടുള്ള പഠനവും പ്രായോഗിക പരിശീലനവും നടന്നുവരികയാണ്. ഈ അക്കാദമിക് വർഷത്തിന്റെ മുന്നോട്ടുള്ളപോക്ക് തീർച്ചയായും ഡിജിറ്റൽ ക്ലാസ്സുകൾക്ക് ബദലായി നിത്യവും കുട്ടികൾ ക്ലാസ്സിൽ വന്ന് സംശയം ചോദിച്ചുകൊണ്ടുള്ള രീതിയായിരിക്കും. അതിനുവേണ്ടി ഫോക്കസ് ഏരിയ എന്നു പറഞ്ഞ് ഓരോ പാഠത്തിലെയും പ്രധാനപ്പെട്ട ഭാഗങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ പത്താം ക്ലാസ്സിലെ മുഴുവൻ പാഠങ്ങളും ഡിജിറ്റൽ ക്ലാസ്സുകളായി നൽകിക്കഴിഞ്ഞു. ഇനി ഫോക്കസ് ഏരിയയുടെ ക്ലാസ്സുകൾ തുടങ്ങാൻ പോകുകയാണ്. റിവിഷൻ ആരംഭിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽപ്പോലും കേരളത്തിലെ ഒരു കുട്ടിയുടെയും അക്കാദമിക് സജീവത കുറയാതെ സൂക്ഷിക്കാനുള്ള ഇടപെടലുകളാണ് വിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, തീവ്രഹിന്ദുത്വ നിലപാടിലധിഷ്ഠിതമായ വിദ്യാഭ്യാസ രംഗത്തെ വർഗ്ഗീയവൽക്കരണത്തിന്റെ ആപത്കരമായ സൂചനകൾ കേന്ദ്ര സർക്കാരിൽനിന്ന് കേട്ടുതുടങ്ങിയിരിക്കുന്നു. അതിന്റെ ചർച്ചകളും യോഗങ്ങളുമെല്ലാം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. മതേതര ശാസ്ത്രീയ ജനാധിപത്യത്തിന്റെ ഉള്ളടക്കം ഉറപ്പുവരുത്തിക്കൊണ്ട് കേരളം നടത്തുന്ന പൊതുവിദ്യാഭ്യാസ ഇടപെടലുകളുടെ പ്രസക്തി ഇവിടെയാണ് അക്കാദമിക് സമൂഹം തിരിച്ചറിയുന്നത്. കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം, അദ്ധ്യാപക ശാക്തീകരണം, കോവിഡ് കാലത്ത് ക്യാമ്പസിലെത്തുന്ന വിദ്യാർത്ഥികളുടെ ആരോഗ്യ-കായിക-വിദ്യാഭ്യാസം ഉറപ്പുവരുത്തൽ എന്നിവ സംബന്ധിച്ച പുതിയ എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയൊരു സമീപനമാണ് കേരളം എടുത്തത്. ആ സമീപനത്തെ യുണിസെഫ്പോലും അംഗീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ ഈ ഇടപെടൽ ലോകത്ത് പല മേഖലകളിലും ഇന്ന് ചർച്ചാവിഷയമാണ്. സാഹചര്യത്തിനനുസരിച്ച് കേരളത്തിലെ ജനകീയ വിദ്യാഭ്യാസത്തെ എങ്ങനെ മാറ്റാമെന്നുള്ള വീക്ഷണത്തിന്റെ ഭാഗമാണത്. അതാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചോദിച്ചത്. അഖിലേന്ത്യാ തലത്തിൽ വിദ്യാഭ്യാസ രംഗത്ത് പല ഭീഷണികളും ഉയർത്തിക്കൊണ്ട് ദേശീയ വിദ്യാഭ്യാസ നയം വരുമ്പോൾ അതനുസരിച്ച് കേരളത്തിന്റെ ബദൽ വിദ്യാഭ്യാസം എങ്ങനെ വേണമെന്നുള്ള ചർച്ച നാം തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതുവരെ വിജയിച്ച ജനകീയ വിദ്യാഭ്യാസത്തിന്റെ തുടർച്ചയായിത്തന്നെ മതനിരപേക്ഷ ജനാധിപത്യ ആശയം ഉല്പാദിപ്പിക്കത്തക്ക രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് ഇതിനെതിരെ വരുന്ന ഏത് തരത്തിലുള്ള എതിർപ്പുകളെയും എതിരിടുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. ജനകീയതയാണ് അതിലെ ഏറ്റവും പ്രധാനപ്പെട്ട ശക്തി. മതനിരപേക്ഷ സംസ്കാരമാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാതൽ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ മിഷനാണ് ഇവിടെ നടപ്പിലാക്കിയിരുന്നത്. അന്ന് ഏതാണ്ട് 1400-ഓളം എയ്ഡഡ് സ്കൂളുകൾ (സിംഗിൾ മാനേജ്മെന്റ്) അടച്ചുപൂട്ടാനുള്ള അപേക്ഷകൾ വാങ്ങി ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിന്റെ ലിറ്റ്മസ് ടെസ്റ്റുകൾ കോഴിക്കോടാണ് നടപ്പാക്കിയിരുന്നത്. മലാപ്പറമ്പ് എ.യു.പി. സ്കൂൾ അടച്ചുപൂട്ടാൻ അവർ ഉത്തരവിട്ടു. ആ ഉത്തരവിന്റെ പിൻബലത്തിൽ മാനേജർ ബുൾഡോസർ വച്ച് അത് തകർത്തു. നാട്ടുകാരിൽനിന്ന് പണം പിരിച്ച് വലിയ ജനകീയ പ്രക്ഷോഭമാണ് അതിനെതിരെ ഉയർന്നുവന്നത്. അവിടെയൊരു താല്ക്കാലിക കെട്ടിടമുണ്ടാക്കി സ്കൂൾ നിലനിർത്തി. നിയമപോരാട്ടം നടന്നപ്പോൾ മാനേജ്മെന്റിന് അനുകൂലമായ നിലപാട് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചു. ഈ ഗവൺമെന്റ് വന്നപ്പോൾ ആ സ്കൂളിന്റെ കാര്യത്തിലുള്ള നിവേദനമായിരുന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആദ്യമായി സ്വീകരിച്ചത്. ഈ ഗവൺമെന്റ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് തുടക്കം കുറിച്ചുകൊണ്ട് നടപടികൾ കൈക്കൊണ്ടതും ആ സ്കൂളിന്റെ കാര്യത്തിലാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവനം ചെയ്യുന്നതുപോലെ സൗകര്യവും സൗന്ദര്യവും സാങ്കേതികവിദ്യയുമെല്ലാം തികഞ്ഞ ഒരു വിദ്യാലയമായി അതിന്റെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് 8 കോടി രൂപയോളം ഈ സർക്കാരിന്റെ ഖജനാവിൽനിന്ന് എം.എൽ.എ. ഫണ്ട് ഉൾപ്പെടെ ചെലവായി.

മലാപ്പറമ്പ് സ്കൂളിനോടൊപ്പം കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടാൻ ഉത്തരവിട്ട കുറെ സ്കൂളുകളുണ്ടായിരുന്നു. അതിൽ ഈ സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്കൂളുകളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, "സ്കൂളുകളെ പൂട്ടുക എന്നുള്ളതല്ല, സ്കൂളുകളെ ജനകീയമാക്കി വികസിപ്പിക്കുക" എന്ന ആശയം സംഭാവന ചെയ്തുകൊണ്ടായിരുന്നു ഈ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടക്കം. ആ ആശയത്തിന്റെ തുടർച്ചയാണ് ഇന്ന് നാം എത്തിനിൽക്കുന്ന പൊതു വിദ്യാഭ്യാസത്തിന്റെ അവസ്ഥ. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച മലാപ്പറമ്പ് സ്കൂളാണ് അതിന്റെ ഏറ്റവും നല്ല പ്രതിഫലനം. ഞാൻ പല തവണ ആ സ്കൂളിൽ പോയിട്ടുണ്ട്. ഇപ്പോൾ അവിടെ പൂർത്തിയായിക്കൊണ്ടിരിക്കുന്ന കെട്ടിടം, അതുപോലെ മറ്റ് മൂന്ന് സ്കൂളുകളിലും വന്നിരിക്കുന്ന മാറ്റങ്ങൾ, എല്ലാ വർഷവും ഈ നാല് സ്കൂളുകളിലും കുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, അവിടെ ജനകീയത കൂടുതൽ വർദ്ധിക്കുന്നു എന്നുള്ളതാണ് പ്രധാനമായി കാണേണ്ടത്. ഒരിക്കലും വിൽപ്പന എന്നൊരു സാഹചര്യത്തിലേയ്ക്ക് തിരിച്ചുപോകാൻ കഴിയില്ലെന്ന ജനകീയത അവിടെ വളർന്നിരിക്കുന്നു. കേവലമായ കെട്ടിടങ്ങൾ എന്നതിനപ്പുറം ദാർശനികമായ തലത്തിൽ ആ നാല് സ്കൂളുകളും ജനങ്ങളുടേതായി മാറിയിരിക്കുന്നുവെന്ന മാറ്റമാണ് അടിസ്ഥാന പരമായിട്ടുള്ളത്. അതാണ് നമ്മുടെ വിജയമെന്നും ഞാൻ കരുതുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, സമീപകാല ലോകചരിത്രത്തിൽ ഏറ്റവുമധികം വെല്ലുവിളികൾ നിറഞ്ഞ കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ ഒരുപക്ഷേ ഏറ്റവുമധികം ആശങ്കകളും ആകുലതകളും പ്രശ്നങ്ങളുമുണ്ടാകുമായിരുന്ന കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആശങ്കയ്ക്കോ ആകുലതയ്ക്കോ പ്രശ്നങ്ങൾക്കോ ഇടവരുത്താതെ വളരെ ശാസ്ത്രീയമായും ചിട്ടയായും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും വകുപ്പിനും പ്രത്യേകമായ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. പരീക്ഷകളുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ അദ്ധ്യയന വർഷത്തിന്റെ അവസാന ഭാഗമാണ്. ഇത്തവണ പരീക്ഷാ രീതിയിലും ഘടനയിലും മാറ്റമുണ്ടാകുമോ? പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഉള്ളടക്കത്തിലും പരീക്ഷാരീതികളിലും മാറ്റമുണ്ട്. ഏത് തലത്തിൽ, ഏതൊക്കെ രീതികളിലേയ്ക്ക് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അത് ആവിഷ്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇന്നത്തെ സാഹചര്യത്തിൽ വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. ജൂൺ 1-ാം തീയതി അക്കാദമിക വർഷം ആരംഭിച്ചത് ഡിജിറ്റൽ ക്ലാസ്സുകളോടെയാണ്. അന്നുതന്നെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയടക്കമുള്ള എല്ലാവരും പറഞ്ഞത് ഇത് ബദൽ ക്ലാസ്സുകളല്ല, കുട്ടികൾക്ക് സംശയം ചോദിക്കാവുന്ന ഒരു സാഹചര്യം കൊറോണ മഹാമാരിയുടെ ഘട്ടത്തിൽ ഉണ്ടാകുമ്പോൾ തിരിച്ച് സ്കൂളുകളിലേയ്ക്ക് വരും അങ്ങനെ ക്ലാസ്സുകൾ തുടങ്ങും എന്നാണ്. പക്ഷെ, നമുക്ക് പെട്ടെന്ന് അതിനുള്ള സാഹചര്യമുണ്ടായില്ല. ജനുവരി 1-ാം തീയതി ആയപ്പോഴേയ്ക്കും 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഷിഫ്റ്റായി സ്കൂളുകളിൽ വരാനുള്ള സാഹചര്യമുണ്ടാകുകയും അവർക്ക് നേരിട്ട് പഠിക്കാൻ സാധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ മാർച്ച് 31-ന് അക്കാദമിക് വർഷം പൂർത്തിയാക്കണം. ഈ മഹാമാരി കാലത്തും ജൂൺ 1-ന് അക്കാദമിക് വർഷം ആരംഭിച്ചു. മാർച്ച് 31-ന് അക്കാദമിക് വർഷം പൂർത്തീകരിക്കും. അതിനിടയിൽ പഠനം പൂർത്തിയാക്കി പരീക്ഷ നടക്കണം. ഇപ്പോൾ രണ്ട് സമീപനങ്ങളാണ് എടുത്തിട്ടുള്ളത്. ഒന്ന്, പരീക്ഷ എന്നുപറയുന്നത് സാമ്പ്രദായികമായിട്ടുള്ള വിദ്യാഭ്യാസത്തിൽ കുട്ടികളെ പരീക്ഷിക്കുക എന്നൊരു ലക്ഷ്യത്തിലല്ല മറിച്ച് കുട്ടിയെ അറിയുക എന്നുള്ളതാണ്. കുട്ടിക്ക് എന്ത് അറിയില്ല എന്നതിനപ്പുറം കുട്ടിക്ക് എന്ത് അറിയാം എന്നുള്ള ഒരു സമീപനമെടുത്ത് പുതിയ പരീക്ഷാരീതി ഇപ്പോൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ പരീക്ഷാ രീതിയിൽ കൂടുതൽ ചോദ്യങ്ങളുണ്ടായിരിക്കും. അതൊക്കെ പത്രത്തിൽ പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുള്ളതാണ്. കുട്ടികൾക്ക് അഭിരുചിയുള്ളതും താല്പര്യമുള്ളതുമായ ചോദ്യ ങ്ങൾക്ക് അവർക്ക് ഉത്തരം എഴുതാം. അങ്ങനെ എഴുതുമ്പോൾ മാക്സിമം എത്ര ചോദ്യത്തിനു വേണമെങ്കിലും അവർക്ക് ഉത്തരം എഴുതാം. ആ ചോദ്യപേപ്പറിൽ പറഞ്ഞിട്ടുള്ള പരമാവധി സ്കോർ മാത്രമേ ലഭിക്കുകയുള്ളൂ. പത്താം ക്ലാസ്സിന്റെ ഡിജിറ്റൽ ക്ലാസ്സ് കഴിഞ്ഞു. ഉടൻ തന്നെ പ്ലസ് ടു-വിന്റേതും കഴിയും. ഇപ്പോൾ ഫോക്കസ് ഏരിയ എന്നുപറഞ്ഞ് ഐ.ടി. ഉൾപ്പെടെയുള്ള എല്ലാ ചാപ്റ്ററിന്റേയും പ്രധാനപ്പെട്ട ഏരിയ പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ആ ഫോക്കസ് ഏരിയയെ ആസ്പദമാക്കി യായിരിക്കും പ്രധാനമായും പരീക്ഷയ്ക്ക് ചോദ്യങ്ങൾ വരുന്നത്. കുറച്ച് ദിവസ ത്തിനുള്ളിൽ ഈ ഫോക്കസ് ഏരിയയ്ക്കും ഡിജിറ്റൽ ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സ് പ്രസിദ്ധീകരിക്കാൻ പോകുകയാണ്. അതായത്, ക്ലാസ്സിലെ മൊത്തം പാഠങ്ങളുടെ ഡിജിറ്റൽ ക്ലാസ്സുകളും ഫോക്കസ് ഏരിയയുടെ ഡിജിറ്റൽ ക്ലാസ്സുകളുമുണ്ടായിരിക്കും. ക്ലാസ്സുകളിൽ ഫോക്കസ് ഏരിയയെക്കുറിച്ചാണ് അദ്ധ്യാപകർ റിവൈസ് ചെയ്യുന്നത്. മോഡൽ പരീക്ഷയും ഉണ്ടായിരിക്കും. അതുകൊണ്ട് ഈ വർഷം ഇങ്ങനെയൊരു സാഹചര്യമുണ്ടെങ്കിൽ പ്പോലും രണ്ടോ മൂന്നോ തവണ ഓൺലൈനായി റിവൈസ് ചെയ്യാനും ക്ലാസ്സിൽ കൂടുതൽ ഫോക്കസ് ഏരിയ ആസ്പദമാക്കി പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുകയും പുതിയ പരീക്ഷാ സമ്പ്രദായം വരികയും ചെയ്യും എന്നുള്ളതുകൊണ്ട് പരീക്ഷയെക്കുറിച്ച് ആർക്കും ഭയം വേണ്ടാത്ത അവസ്ഥയാണുള്ളത്. കൂടുതൽ ശിശുസൗഹൃദമായിട്ടുള്ള പരീക്ഷയായി മാറും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിപ്പിക്കുന്നതിന് അങ്ങ് അമൂല്യമായിട്ടുള്ള പങ്കാണ് വഹിച്ചിട്ടുള്ളത്. കിഫ്ബി മുഖാന്തരം നിർമ്മിച്ച് കൈമാറിയിട്ടുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് അങ്ങ് ഇവിടെ അവതരിപ്പിക്കുകയും ചെയ്തിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ചുകൊണ്ട് നിരവധി സ്കൂളുകളുടെ നിർമ്മാണവും മറ്റും നടക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് ഒരു ഏകോപനം ഉറപ്പുവരുത്താൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ; അതുപോലെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുള്ള കെട്ടിട സമുച്ചയങ്ങളിൽ ലാബും മറ്റ് സംവിധാനങ്ങളുമൊക്കെ ഒരുക്കേണ്ടതായിട്ടുണ്ട്. അതിന് ഏതെങ്കിലും തരത്തിലുള്ള ക്രമീകരണം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാക്കാൻ കഴിയുമോയെന്ന് വിശദീകരിക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. ഞാൻ നേരത്തെ ഇതിനെക്കുറിച്ച് സൂചിപ്പിച്ചു. അക്കാദമിക് മേഖലയിൽ ഇന്റഗ്രേറ്റഡായിട്ടുള്ള അപ്രോച്ചാണ് നടക്കുന്നത്. ഇപ്പോൾ കിഫ്ബിയിൽ നിന്നും ഫണ്ടുണ്ട്. പ്ലാൻ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട് ഇതെല്ലാം ചേർത്തുകൊണ്ടാണ് പല കെട്ടിടങ്ങളും പണിതിട്ടുള്ളത്. ഇപ്പോൾ 'കില'-യെ തദ്ദേശഭരണ സ്ഥാപനത്തിന്റെ എസ്.പി.വി. ആയി മാറ്റിക്കഴിഞ്ഞു. 400-ഓളം സ്കൂളുകൾ ടെണ്ടർ ചെയ്യുന്ന ഒരു സ്റ്റേജിലേയ്ക്ക് എത്തിയിരിക്കുകയാണ്. തീർച്ചയായും തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള സ്കൂളുകൾ നിർമ്മിക്കുകയെന്ന പ്രവർത്തനം 'കില'-യുടെ നേതൃത്വത്തിലും പി.ഡബ്ല്യൂ.ഡി.യുടെയും മറ്റ് നിർമ്മാണ മേഖലകളുടെയും നേതൃത്വത്തിലായിരിക്കും നടക്കുക. അതെല്ലാം ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഒരു ഗ്രാമത്തിന് ഏറ്റവും അനുയോജ്യമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സൃഷ്ടിക്കാൻ തന്നെയാണ് ശ്രമിക്കുന്നത്.

<u>മി. സ്പീക്കർ:</u> ഈ ചോദ്യത്തിൽ ഏതാണ്ട് വ്യക്തത വന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അടുത്തത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. അതിലേയ്ക്ക് കടന്നാലോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങൾ ചോദിച്ചെങ്കിലും ഒരു ചോദ്യം പോലും പ്രതിപക്ഷത്തിന് നൽകിയില്ല. (....മൈക്ക് ഓഫ്......)

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അടുത്ത ചോദ്യം പ്രതിപക്ഷത്തിന്റേതാണ്. അടുത്ത ചോദ്യം പ്രധാനപ്പെട്ടതും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ളതുമായതുകൊണ്ട് എടുത്തതാണ്; വേണ്ടെങ്കിൽ വേണ്ട. ശ്രീ. എൻ. ഷംസുദ്ദീൻ, ചോദ്യം ചോദിച്ചോളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് സീറോ അക്കാദമിക് ഇയറിനെക്കുറിച്ച് ഇവിടെ വളരെ വലിയൊരു ചർച്ച ഉയർന്നുവന്നതാണ്. എന്നാൽ നമ്മൾ അത് വേണ്ടെന്നുവച്ച് ഈ അക്കാദമിക് ഇയറിൽ പഠിപ്പിക്കാൻ തീരുമാനിച്ചു. ഒരു ദിവസം ഒരു കുട്ടിക്ക് മുക്കാൽമണിക്കൂർ സമയത്തെ ഓൺലൈൻ ക്ലാസ്സ് മാത്രമാണ് കിട്ടുന്നത്. മാർച്ച് മാസത്തിൽ പരീക്ഷയും നടത്താൻ പോകുകയാണ്. ഈ ക്ലാസ്സ് കിട്ടുന്നതിൽതന്നെ വലിയൊരു അസമത്വമുണ്ട്. നെറ്റ് കണക്ടിവിറ്റി കിട്ടാത്തതുകൊണ്ട് പല മേഖലകളിലും കുട്ടികൾക്ക് ക്ലാസ്സ് കിട്ടുന്നില്ല. നമ്മൾ മാർച്ച് മാസത്തിൽ തന്നെ പരീക്ഷയിലേയ്ക്ക് പോകുകയുമാണ്. സിലബസ് വെട്ടിച്ചുരുക്കുമോ; അതുപോലെ ഈ പരീക്ഷകൾ മാർച്ച് മാസത്തിൽ നടത്തുന്നത് കുറച്ചുകൂടി ദീർഘിപ്പിച്ച് കുട്ടികൾക്ക് ഈ വർഷത്തെ ക്ലാസ്സുകൾ കിട്ടാനുള്ള അവസരമൊരുക്കുമോ; ഏത് നിലയ്ക്കുള്ള ക്രമീകരണമാണ് ഈ വർഷത്തെ അക്കാദമിക് ഇയറിൽ വരുത്താൻ ഉദ്ദേശിക്കുന്നത്; ജൂൺ മുതൽ മാർച്ച് വരെ എന്നുള്ളതിൽ ചെറിയ മാറ്റങ്ങൾ വരുത്തുന്നതുകൊണ്ട് പ്രയാസമൊന്നുമില്ലല്ലോ; അതിനെക്കുറിച്ച് എന്തെങ്കിലും സർക്കാർ ചിന്തിക്കുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ ആ ചോദ്യത്തിന് ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. ജൂൺ 1 മുതൽ മാർച്ച് 31 വരെയുള്ള അക്കാദമിക് വർഷം അതുപോലെതന്നെ നിലനിർത്താനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിനുള്ളിൽ ഒരു കുട്ടിക്കും അക്കാദമിക് പ്രശ്നങ്ങളുണ്ടാകില്ലെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് നേരത്തെ കുറച്ചുകൂടി വിശദീകരിച്ചത്. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം സിലബസ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. സിലബസ് വെട്ടിച്ചുരുക്കിയാൽ പല മേഖലകളെയും കുറിച്ച് ആ കുട്ടി മനസ്സിലാക്കില്ല, അറിയില്ല. അതിനർത്ഥം ആ കുട്ടിക്ക് ഉന്നത വിദ്യാഭ്യാസത്തിലോ തുടർന്നുള്ള ക്ലാസ്സിലോ എന്താണ് ഈ വിഷയമെന്നുപോലും അറിയാൻ സാധിക്കില്ല എന്നതാണ്. സിലബസ് വെട്ടിച്ചുരുക്കുക എന്നത് ഒരു കുട്ടിയോട് ചെയ്യുന്ന അനീതിയാണ്. ആ കുട്ടിക്ക് ആ സിലബസിനെ അടിസ്ഥാനമാക്കിയാണ് അടുത്ത വർഷത്തെ, അല്ലെങ്കിൽ തുടർന്നുള്ള സിലബസുകൾ വരുന്നത്. ഞാൻ ഒരിക്കൽ എന്റെ ഫേസ് ബുക്കിൽ ലിക്വിഡ് ക്രിസ്റ്റലിനെപ്പറ്റി പോസ്റ്റ് ചെയ്തു. ആ സംഭവം

എന്താണെന്ന് അറിഞ്ഞില്ലെങ്കിൽ ഒരിക്കലും അതിന്റെ സ്ട്രക്ചർ എന്താണെന്ന് ആ കുട്ടിക്ക് അറിയാൻ സാധിക്കില്ല. അതുകൊണ്ട് സിലബസ് വെട്ടിച്ചുരുക്കുകയല്ല മറിച്ച് ലഭിക്കുന്ന സമയത്തിനുള്ളിൽ ആ സിലബസിലെ പ്രധാനപ്പെട്ട ആശയങ്ങൾ/ ശാസ്ത്ര ആശയങ്ങൾ കുട്ടിക്ക് എത്തിച്ചുകൊടുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്. അതോടുകൂടി കുട്ടികൾക്ക് ആ കൊല്ലം പഠിക്കേണ്ട മുഴുവൻ വിഷയങ്ങളും പഠിക്കാൻ സാധിക്കും. അതുകഴിഞ്ഞ് നമ്മൾ നേരത്തെ സൂചിപ്പിച്ചതുപോലെ പരീക്ഷയിൽ ചില മാറ്റങ്ങൾ വരുത്തുന്നു. പരീക്ഷയ്ക്കുവേണ്ടി മാത്രമല്ല, ഉന്നത വിദ്യാഭ്യാസത്തിന് ഒരുങ്ങുക കൂടിയാണ് ചെയ്യുന്നത് എന്നതുകൊണ്ട് ഈ സമയത്തിനുള്ളിൽ നമുക്കത് സാധിക്കും. ഇപ്പോൾ പത്താം ക്ലാസ്സിന്റെ ഡിജിറ്റൽ ക്ലാസ്സ് കഴിഞ്ഞുവെന്ന് നാം ഇന്നലെ പത്രത്തിൽ കണ്ടതാണ്. രണ്ടാഴ്ചയ്ക്കുള്ളിൽ പ്ലസ്-ടുവിന്റെ ക്ലാസ്സും കഴിയും. ഇനി അതിന്റെ ഫോക്കസ് പോയിന്റിന്റെ റിവിഷനാണ് വരുന്നത്. എല്ലാ സ്കൂളുകളുടെയും ഫീഡ് ബാക്ക് ഞാൻ എടുക്കുന്നുണ്ട്. വളരെ ക്ലോസ്സായിട്ടുള്ള മോണിറ്ററിംഗുള്ളതുകൊണ്ട് എല്ലാ അദ്ധ്യാപകരും കുട്ടികളും കോൺഫിഡന്റാണ്. പണ്ട് പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പരീക്ഷ നടത്തുന്നതുപോലെ കൊറോണ കാലത്ത് പരീക്ഷ നടത്തുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകുമെന്നുള്ള സംശയമുണ്ടായിരുന്നു. അതൊക്കെ എത്ര ഭംഗിയായി നടത്തിയിരിക്കുന്നു. അതുപോലെ ഈ അക്കാദമിക് ഇയറും അങ്ങനെതന്നെ നടത്തും.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്ത് രണ്ടുതരം പൗരന്മാരെയാണ് സൃഷ്ടിക്കുന്നത്. അത് വലിയ ആരോപണമാണ്. നാലേമുക്കാൽ വർഷമായി അങ്ങ് നടത്തുന്ന വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. പക്ഷെ, ഈ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന നടപടിയിൽനിന്നും മാറാൻ നമുക്ക് കഴിയില്ല. ഇപ്പോൾ എയ്ഡഡ് സ്കൂളുകളും ഗവൺമെന്റ് സ്കൂളുകളും ഒരേ രീതിയിലാക്കാനുള്ള ശ്രമം വിജയിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എത്രയോ എണ്ണമുണ്ട്. ആ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും മറ്റ് എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. അതുകൊണ്ട് എയ്ഡഡ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലും എല്ലാ ക്ലാസ്സുകളിലും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ തുടങ്ങാനുള്ള നടപടി സ്വീകരിച്ചാൽ ആ മേഖലയിലും വിജയം കണ്ടെത്താൻ കഴിയും. അങ്ങനെ എന്തെങ്കിലും ചിന്ത അങ്ങയുടെ മനസ്സിലുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും അഡ്രസ്സ് ചെയ്യുന്നുണ്ട്. ഫോക്കസ് ചെയ്യുന്നത് എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും കുട്ടികളെയാണ്. ആ മേഖലയിൽ സ്വീകരിക്കുന്ന പെഡഗോജിക്കൽ

അപ്രോച്ച് ഇന്ന് കേരളത്തിലെ മറ്റ് സ്കൂളുകളും പകർത്തിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാർത്ഥി സമൂഹത്തെ നമ്മൾ പെഡഗോജിക്കലായി അപ്രോച്ച് ചെയ്യുമ്പോൾ/ അഡ്രസ്സ് ചെയ്യുമ്പോൾ, സ്വാഭാവികമായും അതൊരു സംസ്ഥാനത്തിന്റെ മൊത്തം വിദ്യാഭ്യാസ രംഗത്തുള്ളവരുടെ ഫോക്കസായി മാറും. അപ്പോൾ രണ്ടായി മാറിനിൽക്കാൻ കഴിയില്ല. മാത്രമല്ല, കേരളത്തിൽ മാതൃഭാഷയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. മറ്റൊരു ഭാഷയ്ക്കും ഊന്നൽ ഇല്ലായെന്ന് അതിനർത്ഥമില്ല. എല്ലാ ഭാഷകളും നല്ലതാണ്. പക്ഷെ, ഹൃദയത്തോട് ഹൃദയത്തിന് സംസാരിക്കണമെങ്കിൽ മാതൃഭാഷ തന്നെവേണം. ഹൃദയത്തിന് സമൂഹത്തിന്റെ ഹൃദയത്തോട് സംസാരിക്കണമെങ്കിലും മാതൃഭാഷ വേണം. സാമൂഹ്യബന്ധങ്ങളും മനുഷ്യബന്ധങ്ങളും ഉണ്ടാക്കണമെങ്കിൽ മാതൃഭാഷ വേണം. ഫോക്കസ് മാതൃഭാഷയ്ക്കാണ്. അതേസമയം ഇംഗ്ലീഷും വേണ്ടതാണ്. ഇംഗ്ലീഷ് പ്രോത്സാഹിപ്പിക്കാൻ എസ്.എസ്.കെ.-യുടെ നിരവധി പദ്ധതികളുണ്ട്. തീർച്ചയായും ഇംഗ്ലീഷ് പ്രോത്സാഹിപ്പിക്കാനും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ശ്രമിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ സംവരണാടിസ്ഥാനത്തിലുള്ള ഒരു ചോദ്യം ചോദിക്കുന്നതിനുവേണ്ടിയാണ് നേരത്തെ സമയം ആവശ്യപ്പെട്ടത്. ഇവിടെ ചോദ്യം ചോദിക്കുമ്പോൾ അപ്പുറത്തൊക്കെ ചോദ്യം കൊടുത്തശേഷം അവസാനമാണ് എനിക്ക് സമയം അനുവദിച്ചത്; ഇത് ശരിയല്ല.

മി. സ്പീക്കർ: ചോദ്യം ക്ലബ്ബ് ചെയ്താൽ പിന്നെ എന്തു ചെയ്യും; ക്ലബ്ബ് ചെയ്താൽ അത് പതിവുള്ളതല്ലേ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എസ്.എസ്.എൽ.സി. പരീക്ഷയിൽ നിരവധി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾ വിജയിച്ചവരുന്നുണ്ട്. എന്നാൽ അവർക്ക് പ്ലസ് വൺ-ന് അഡ്മിഷൻ ലഭിക്കുന്നത് വളരെ കുറവാണ്. വയനാട് ജില്ലയെ സംബന്ധിച്ചുതന്നെ 1600-ഓളം കുട്ടികൾ പാസ്സായാൽ 300 കുട്ടികൾക്കാണ് പ്ലസ് വൺ-ന് അഡ്മിഷൻ കിട്ടുന്നത്. ബാക്കി 1300 കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. കഴിഞ്ഞ അഡ്മിഷൻ സമയത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഞാൻ ഇക്കാര്യം സംസാരിച്ചിരുന്നു. എനിക്ക് ചോദിക്കാനുള്ളത്, സംവരണ അഡ്മിഷൻ വർദ്ധിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുമോ എന്നാണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ തരത്തിലുള്ള സംവരണം ആവശ്യമുള്ള എല്ലാ കുട്ടികൾക്കും അഡ്മിഷൻ കൊടുത്തിട്ടുണ്ട്. ട്രൈബൽ മേഖലയിലും എസ്.സി. മേഖലയിലുമുള്ള മുഴുവൻ കുട്ടികൾക്കും പൂർണ്ണമായും വയനാട്ടിൽ അഡ്മിഷൻ കൊടുത്തിട്ടുണ്ട്. ഒരു കുട്ടിക്കുപോലും അഡ്മിഷൻ കിട്ടാതിരുന്നിട്ടില്ല. അങ്ങനെ ഏതെങ്കിലും കുട്ടികളുണ്ടെങ്കിൽ അവർക്ക് അഡ്മിഷൻ കൊടുക്കാം.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം

4(*93) ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും വേലിയേറ്റ രേഖയിൽ നിന്നും അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. തീരദേശ മേഖലയിലെ കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരും തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതുമായ എല്ലാ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് ഭരണാനുമതി നൽകി, പദ്ധതി നടപ്പാക്കി വരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായി 18685 കുടുംബങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടമെന്ന നിലയിൽ 8487 കുടുംബങ്ങളെയും രണ്ടുംമൂന്നും ഘട്ടങ്ങളിൽ 5099 കുടുംബങ്ങളെ വീതവും പുനരധിവസിപ്പിക്കും. ഇവർക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പുനരധിവാസത്തിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിൽ ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയ നിർമ്മാണ പദ്ധതിയും വിഭാവനം ചെയ്യുന്നു. തീരദേശത്ത് നിന്നും മാറിത്താമസിക്കുന്നതിന് തയ്യാറായ 9904 കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി DLAC അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. 13-1-2021 വരെ 1562 പേർക്ക് ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 962 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ഭവന നിർമ്മാണം ആരംഭിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. തീര ദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന വരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്ന തിനായി ഫിഷറീസ് വകുപ്പ് മുഖാന്തരം 4 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1. 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി
2. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന BIF & HDF പദ്ധതിയിൽ 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം
3. കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം
4. തീരദേശത്തെ 50 മീറ്ററിനുള്ളിലുള്ള മുഴുവൻപേരെയും പുനരധിവസി പ്പിക്കുന്ന 2450 കോടി രൂപയുടെ "പുനർഗേഹം" പദ്ധതി.

(ബി) ഈ പദ്ധതിപ്രകാരം മാറ്റിത്താമസിപ്പിക്കുന്ന ഒരു കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; ഇതിനകം എത്ര കുടുംബങ്ങളെ ഈ പദ്ധതി പ്രകാരം പുനരധിവസിപ്പിച്ചുവെന്ന കണക്ക് ലഭ്യമാണോ; വിശദമാക്കുമോ ?

പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖാന്തരം 4 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1. 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു.
2. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 7507 കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനായി 2017-18 വർഷം BIF & HDF പദ്ധതിയിലുൾപ്പെടുത്തി 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം.

3. കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം. കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചുനൽകി. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെയും പുനരധിവസിപ്പിക്കുവാൻ വിവിധ ജില്ലകളിലെ 8 കേന്ദ്രങ്ങളിലായി 1132 പേരെ പുനരധിവസിപ്പിക്കാൻ കഴിയുന്നവിധത്തിൽ കെട്ടിടസമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

4. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനഃരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതി.

5. ഓഖിയിൽ ഭവനം നഷ്ടപ്പെട്ടതും സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി സുരക്ഷിത മേഖലയിൽ താമസിക്കുന്നതിന് തയ്യാറായതുമായ 22 കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഓഖിയിൽ മരിച്ചവരും കാണാതായ വരുമായവരുടെ കുടുംബങ്ങളിൽ ഭൂമിയും വീടും ഇല്ലാത്ത 32 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കി.

6. കൂടാതെ തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിനുപുറത്ത് സ്വന്തമായി ഭൂമിയുള്ളവരുമായ 166 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് 2017-18-ൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസത്തിനായി വിവിധ പദ്ധതികളിലൂടെ ആകെ 2476 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുകയും 1132 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുമ്പോൾ ലഭ്യമാകുന്ന കടൽത്തീരഭൂമിയിൽ അനുയോജ്യമായ സസ്യാവരണം സൃഷ്ടിക്കുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഇപ്രകാരം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമ്പോൾ ലഭ്യമാകുന്ന ഭൂമിയിൽ തീരദേശത്തിന് അനുയോജ്യമായതും കടലാക്രമണത്തെ ചെറുക്കുന്നതിന് കഴിയുന്നതുമായ സസ്യാവരണം പ്രാദേശികമായ ലഭ്യതാസാധ്യതകൾക്കൂടി ഉറപ്പു

വരുത്തി പ്രദേശ വാസികളുടെ സഹകരണത്താൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സോഷ്യൽ ഫോറസ്ട്രി അടക്കമുള്ള സാധ്യതകൾ പരിശോധിക്കുന്നതുമാണ്. Green Climate Fund-ൽ ഉൾപ്പെടുത്തി ബയോഷീൽഡ് ഉൾപ്പെടെയുള്ള ഘടകങ്ങളടക്കം 12,000 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചെങ്കിലും നബാർഡിൽനിന്നും അംഗീകാരം ലഭ്യമായില്ല. എങ്കിലും പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ 50 മീറ്റർ ദൂരപരിധിയിലുള്ള ഭൂമിയും വീടും ഫിഷറീസ് വകുപ്പ് ഏറ്റെടുക്കുകയും അവിടെയുള്ള നിർമ്മിതികളെല്ലാം പൊളിച്ചുനീക്കി സ്ഥലം ഒഴിച്ചിടാനും നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യ വിപണന മേഖലയിലെ സർക്കാർ ഇടപെടലുകൾ

5(*94) ശ്രീ. ആന്റണി ജോൺ:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ :

(എ) പച്ച മത്സ്യത്തിന്റെ മാർക്കറ്റ് വിലയുടെ നാലിലൊന്നുപോലും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാത്ത സ്ഥിതി മാറ്റി ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനും മത്സ്യബന്ധന തൊഴിലിലേർപ്പെടുന്നവർക്ക് ന്യായവില ഉറപ്പാക്കാനും സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ ?

കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുമാറുള്ള ഒരു ഓർഡിനൻസ് 23-9-2020-ന് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യലേലത്തിൽ ഇടപെട്ട് ഒരുപരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തിന്റെ ആദ്യവില്പന നടത്തുന്നതിൽ ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുന്നതിന് ഓരോ മത്സ്യത്തിന്റെയും അടിസ്ഥാനവില നിശ്ചയിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് അധികാരം നൽകിയിട്ടുണ്ട്. മത്സ്യലേലത്തിലെ കമ്മീഷൻ പരിമിതപ്പെടുത്താനും അനുമതിപത്രമുള്ളവർക്കു മാത്രം ലേലക്കാരായി പ്രവർത്തിക്കാനും നിയമനിർമ്മാണത്തിലൂടെ കഴിയുന്നു. ഗുണമേന്മയുള്ള മത്സ്യം ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം 46 ഫിഷ് മാർട്ടുകൾ ആരംഭിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) മത്സ്യ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കേടാകാത്ത പച്ചമീൻ ലഭ്യമാക്കുന്നതിന് ഫിഷ് മാർട്ടുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

മത്സ്യസഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുവാൻ നിലവിൽ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. സർവ്വീസ് സഹകരണ സംഘം/ബാങ്കുകളുമായി ചേർന്ന് മത്സ്യവിപണന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) മൂല്യവർദ്ധിതോല്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനുള്ള പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ ?

മൂല്യവർദ്ധിതോൽപ്പന്നങ്ങളിലൂടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി സാഫ് ഡ്രൈ ഫിഷ് യൂണിറ്റുകൾ രൂപീകരിച്ചു. മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT- മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതിയും ആരംഭിക്കുന്നു. 9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 46 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകളാണ് രൂപീകരിക്കുന്നത്. തീരമൈത്രി ബ്രാന്റിൽ ഒരു സീഫുഡ് റസ്റ്റോറന്റ് ശൃംഖലതന്നെ സൃഷ്ടിച്ച് മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിപ്പിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും "ഡ്രിഷ് കേരള" എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് മൂല്യവർദ്ധിത ഉണക്കമത്സ്യം, മറ്റ് വിവിധ മത്സ്യോൽപ്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവ വിപണിയിൽ എത്തിച്ചുവരുന്നു. ഇതിനുപുറമേ മത്സ്യത്തൊഴിലാളികൾക്ക് മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സഹായകരമാകുന്ന വിവിധ ട്രെയിനിംഗ് പരിപാടികളും നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ഓഖി പാക്കേജിലുൾപ്പെടുത്തി 4 കോടി രൂപയുടെ ഒരു മൂല്യവർദ്ധിത മത്സ്യസംസ്കരണ പ്ലാന്റ് വിഴിഞ്ഞത്ത് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. മത്സ്യഫെഡ് മുഖാന്തരം മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ് എന്നിവ 'മത്സ്യഫെഡ് ഈറ്റ്സ്', മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചിട്ടുണ്ട്.

(ഡി) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനും വികസനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതിനോടകംതന്നെ സംസ്ഥാനത്തൊട്ടാകെ മുപ്പത്തിയെട്ടോളം ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഒരെണ്ണം പൂർത്തീകരണഘട്ടത്തിലും മറ്റൊരെണ്ണം ആരംഭഘട്ടത്തിലുമാണ്. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ 65 മത്സ്യമാർക്കറ്റുകളുടെ നവീകരണം നടപ്പിലാക്കുന്നതിന് 193.47 കോടി രൂപയുടെ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടകം തന്നെ 117.61 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റുകൾ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുകയും 13.97 കോടി രൂപയുടെ 6 മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ കിഫ്ബിയുടെ പരിഗണനയിലാണ്. മത്സ്യഫെഡ് മുഖാന്തരം മാർക്കറ്റുകളുടെ ആധുനീകരണത്തിനായി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ മാർക്കറ്റുകൾ തെരഞ്ഞെടുത്ത് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്

6(*95) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിക്കുന്നതിനായി ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ദ്ധരെയും ഉൾപ്പെടുത്തി നടത്തുന്ന സോഷ്യൽ ഓഡിറ്റിംഗിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ?

പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെയും ഭാഗമായി 5-1-2018-ലെ ജി.ഒ. (എം.എസ്) നമ്പർ 1/2018/പൊ.മ.വ. പ്രകാരം സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് നിർമ്മാണപ്രവർത്തനങ്ങൾ അഴിമതി രഹിതമാക്കാൻ സഹായിക്കുന്നതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം

ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ സമിതികളിൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനും ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ തുടങ്ങിയവർ അംഗങ്ങളുമാണ്. മേൽ സമിതികൾ പുന:ക്രമീകരിക്കേണ്ടതുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സഹായകരമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നിഷ്കർഷിച്ചിട്ടുള്ള തിനാൽ പ്രവൃത്തികളുടെ മേൽനോട്ടത്തിലും ഗുണമേന്മയിലും ജാഗരൂകരാകുവാൻ ഉദ്യോഗസ്ഥർക്ക് സഹായകരമാകുന്നതാണെങ്കിലും ഫലപ്രദമായി ഈ സമിതികൾ ചേർന്നിട്ടില്ല.

(സി) പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയത് ഏതൊക്കെ വിധത്തിൽ ഗുണകരമായെന്നും ആയത് എത്രത്തോളം ഫലപ്രദമാണെന്നും വ്യക്തമാക്കുമോ?

പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ തിരുത്തലുകൾ വരുത്തി ഭരണാനുമതി/സാങ്കേതികാനുമതി എന്നിവ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് PRICE സോഫ്റ്റ്‌വെയർ വളരെയധികം സഹായകമായിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ, മെഷർമെന്റ് ബുക്ക്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബില്ല് തയ്യാറാക്കൽ എന്നിവയും PRICE സോഫ്റ്റ്‌വെയർ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും വേഗത്തിൽ നടപ്പിലാക്കാനും ഇതുവഴി കഴിയുന്നുണ്ട്. നിലവിൽ പ്രൈസ് സോഫ്റ്റ്‌വെയറിന്റെ പുതിയ പതിപ്പായ PRICE 3.0 നടപ്പിലാക്കിവരുന്നു. ഇതുവഴി പ്രവൃത്തികൾ സുതാര്യമായും സമയബന്ധിതമായും കൃത്യതയോടുകൂടിയും നടപ്പിലാക്കുവാൻ സാധിക്കുന്നു.

(ഡി) വകുപ്പിൽ ഏർപ്പെടുത്തിയ ഇ-ടെണ്ടർ സംവിധാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ; എന്തൊക്കെ മാറ്റങ്ങളും നേട്ടങ്ങളുമാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയതുവഴി ഉണ്ടായിട്ടുള്ളതെന്നറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർണ്ണമായും കേരള സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് സിസ്റ്റമായ e-tender.kerala.gov.in വഴിയാണ് നിലവിൽ നടപ്പാക്കിവരുന്നത്. പ്രസ്തുത വെബ്സൈറ്റ് പൊതുജനങ്ങൾക്കും കരാറുകാർക്കും ഏത് സമയവും പ്രാപ്യമാണ്. E-tender നടപ്പാക്കുന്നതിലൂടെ കൂടുതൽ പ്രചാരം ടെണ്ടറുകളിൽ ലഭിക്കുകയും ടെണ്ടറുകളിൽ ആരോഗ്യകരമായ മത്സരസ്വഭാവം,

സുതാര്യത, കൂടാതെ ടെണ്ടറുകൾ ഫലപ്രദമായും സമയബന്ധിതമായി നടപ്പാക്കു ന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ട്. മാത്രമല്ല ഇ-ടെണ്ടർ സംവിധാനം നിലവിൽ വന്നതുമൂലം ടെണ്ടർ സംവിധാനത്തിലെ പരാതികൾ പൂർണ്ണമായും ഒഴിവാക്കുവാനും സാധിച്ചിട്ടുണ്ട്.

(ഇ) പൊതുമരാമത്ത് വകുപ്പിൽ ഏർപ്പെടുത്തിയ ഈ സംവിധാനങ്ങൾ അഴിമതി കുറയ്ക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ടെന്നറിയിക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള സോഷ്യൽ ഓഡിറ്റിംഗും ഇ-ടെണ്ടർ സംവിധാനവും പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രവൃത്തികളുടെ മേൽ നോട്ടത്തിലും ഗുണനിലവാരത്തിലും ജാഗരൂകരാകുന്നതിന് സഹായകരമായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതുവഴി പ്രവൃത്തികളുടെ നിരക്കുകളിൽ ഒരു ഏകീകൃത സ്വഭാവം നടപ്പാക്കുന്നതിന് സാധിക്കുകയും ആയതുമൂലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അപാകതകൾ പരിഹരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**ദേശീയപാത ആറുവരിയാക്കൽ പദ്ധതി**

7(*96) <u>ശ്രീ. ജെയിംസ് മാത്യു</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) അസാധ്യമായി കിടന്നിരുന്ന ദേശീയപാത ആറുവരിയാക്കാനുള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ കാര്യക്ഷമമായ ഇടപെടലിലൂടെ പ്രവൃത്തി ആരംഭിക്കാനുള്ള ധാരണാപത്രം ഒപ്പുവയ്ക്കാനായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കു ന്നതിനാവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാർ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം, സംസ്ഥാനസർക്കാർ, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് 8-8-2019-ലെ സ.ഉ.

(കൈ) 36/2019/ പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അതിനെത്തുടർന്ന് 3-10-2019-ൽ കരാർ ഒപ്പുവച്ചു. (കരാറിലുൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു).*

(ബി) ഭൂമി ഏറ്റെടുക്കലിന് എത്ര തുകയാണ് സംസ്ഥാന സർക്കാർ വഹിക്കുന്നത്; ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ?

ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക ഏകദേശം കണക്കാക്കിയത് 5,500 കോടി രൂപയാണ്. ഇതിൽ ഇതുവരെ 1130.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. *

(സി) കരമന-കളിയിക്കാവിള ദേശീയപാതാ വികസനം തടസ്സങ്ങൾ നീക്കി പൂർത്തിയാക്കാനായിട്ടുണ്ടോ?

കരമന മുതൽ പ്രാവച്ചമ്പലംവരെ നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനടവരെയുള്ള നാലുവരിപ്പാതാ വികസനം പുരോഗതിയിലാണ്. കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗം നാലുവരിയായി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിളവരെയുള്ള ഭാഗത്തിന്റെ കരട് അലൈൻമെന്റിന് 4-1-2021-ലെ ഡി3/283/2020/പൊ.മ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) കുതിരാൻ തുരങ്ക നിർമ്മാണത്തിൽ വീഴ്ചവരുത്തിയ കരാർ കമ്പനിയെ മാറ്റി ദേശീയപാതയുടെ പണി പൂർത്തിയാക്കാൻ ദേശീയപാതാ അതോറിറ്റിയിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോയെന്ന് അറിയിക്കാമോ?

കുതിരാൻ തുരങ്ക നിർമ്മാണത്തിൽ വീഴ്ചവരുത്തിയ കരാർ കമ്പനിയെ മാറ്റാനും പ്രശ്നപരിഹാരത്തിനുമായി തുടർച്ചയായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ്ഡ് ഓഫീസിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശത്തെ സാമൂഹിക പശ്ചാത്തലവികസനം

8 (*97) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) അപായകരമായ നിലയിൽ തീരദേശത്ത് കഴിയുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സുരക്ഷിതമായ പുനരധിവാസത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

തീരപ്രദേശത്ത് അപായകരമായ നിലയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾ ഭൂമി കണ്ടെത്തി മാറിത്താമസിക്കുന്നതിന് തയ്യാറാകുന്ന കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്ന തിനായി ഫിഷറീസ് വകുപ്പ് മുഖാന്തരം 4 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1. 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി.

2. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനഃരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF & HDF പദ്ധതിയിലുൾപ്പെടുത്തി 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം.

3. കെട്ടിടസമുച്ചയം നിർമ്മിച്ച് പുനരധിവാസം. കടൽക്ഷോഭംമൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചുനൽകി. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെയും പുനരധിവസിപ്പിക്കുവാൻ ഈ സർക്കാർ വിവിധ ജില്ലകളിലെ 8 കേന്ദ്രങ്ങളിലായി 1132 പേരെ പുനരധിവസിപ്പിക്കാൻ കഴിയുന്നവിധത്തിൽ കെട്ടിട സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

4. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതി.

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിനാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1398 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയത്. ഓഖിയിൽ ഭവനം നഷ്ടപ്പെട്ടതും 72 മത്സ്യത്തൊഴിലാളികളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി സുരക്ഷിത മേഖലയിൽ താമസിക്കുന്നതിന് തയ്യാറായതുമായ 22 കുടുംബങ്ങളെയും പുനരധി വസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഓഖിയിൽ മരിച്ചവരും കാണാതായവരുമായവരുടെ കുടുംബങ്ങളിൽ ഭൂമിയും വീടും ഇല്ലാത്ത 32 കുടുംബങ്ങ ൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് അവരെ പുനരധിവസിപ്പിക്കുകയും ചെയ്തു. കൂടാതെ 2017-18-ൽ തീരദേശത്തെ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിനുപുറത്ത് സ്ഥലമുള്ളവരുമായ 166 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി വിവിധ പദ്ധതികളിലൂടെ ആകെ 2476 കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുകയും 1132 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനമൊരുക്കുന്നതിന് ലൈഫ് മിഷനിൽ പ്രത്യേക ഇളവുനൽകി വീടിന് ധനസഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവന മൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ലിസ്റ്റ് പരിശോധന നടത്തിയപ്പോൾ 4322 പേർ അർഹരാണെന്ന് കണ്ടെത്തുകയും 2711 പേരുടെ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റികൾ അംഗീകരിക്കുകയും 100 പേർ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരുമായിക്കൂടി എഗ്രിമെന്റ് വയ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട ഭവനരഹിതരായ 1448 ഗുണഭോക്താക്കളിൽ 1320 പേർ കരാറിൽ ഏർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 1130 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിലെ 528 ഗുണഭോക്താക്കൾക്ക് സംസ്ഥാനവിഹിതമായി അനുവദിക്കേണ്ട 1 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് 5.28 കോടി രൂപ 2018-19 വർഷം ലൈഫ് മിഷന് അനുവദിച്ചിട്ടുമുണ്ട്. ഭൂരഹിത ഭവനരഹിതരായ

7346 മത്സ്യത്തൊഴിലാളികളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ഈ ലിസ്റ്റ് പരിശോധന നടത്തിയപ്പോൾ 3258 പേർ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ലൈഫ് മിഷൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓഖിയിലും കടൽക്ഷോഭത്തിലും വീടും മത്സ്യബന്ധനോപാധികളും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഓഖിയിലും കടൽക്ഷോഭത്തിലും വീട് നഷ്ടപ്പെട്ട മുഴുവൻ പേർക്കും ഭൂമി കണ്ടെത്തി വീട് വയ്ക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി പുനരധിവാസത്തിന് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ഓഖിയിൽ വീട് നഷ്ടപ്പെട്ട 72 പേരിൽ 22 പേർ മാത്രമാണ് ധനസഹായം സ്വീകരിച്ച് സുരക്ഷിതമേഖലയിൽ മാറിത്താമസിക്കുവാൻ തയ്യാറായത്. ഇതിൽ 20 പേർ ഭൂമി വാങ്ങി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ബീമാ പള്ളിയിൽ അധിവസിക്കുന്നവരും ഓഖിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുമായവരിൽ 20 പേരെ ബീമാപള്ളിയിൽ നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിൽ പുനരധിവസിപ്പിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ, ഓഖിയിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബങ്ങളിൽ ഭൂമിയും വീടും ഇല്ലാത്ത 32 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ച് ഭൂമിയും വീടും നൽകുന്നതിനും നടപടി സ്വീകരിച്ചു. മുട്ടത്തറയിൽ നിർമ്മിച്ച പാർപ്പിട സമുച്ചയത്തിൽ പുനരധിവസിപ്പിച്ച 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 5 കുടുംബങ്ങൾ ഓഖിയിൽ മരിച്ചവരുടേതായിരുന്നു. കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരും നിലവിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരുമായ മുഴുവൻ മത്സ്യത്തൊഴിലാളികളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് പുനർഗേഹം പദ്ധതി വഴി സാദ്ധ്യമാകുന്നതാണ്. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും ഭാഗീകമായും നഷ്ടപ്പെട്ടിട്ടുള്ള 481 മത്സ്യത്തൊഴിലാളികൾക്ക് അവർക്കുണ്ടായ നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരമായി 7,35,67,862 രൂപ ആറ് ഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2018-ൽ കടൽക്ഷോഭത്തിൽ പൊന്നാനിയിൽ മത്സ്യബന്ധനോപാധികൾക്കുണ്ടായ നാശനഷ്ടത്തിനും 2018 മൺസൂണിനുശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മത്സ്യബന്ധനോപാധികൾക്ക് സംഭവിച്ച നാശനഷ്ടത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് രണ്ട് ഘട്ടങ്ങളായി നഷ്ടപരിഹാരം നൽകി.

(ഡി) തീരദേശത്തെ സാമൂഹിക പശ്ചാത്തല വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

തീരദേശത്തെ സാമൂഹിക പാശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശത്തെ ആശുപത്രികൾ, വിദ്യാലയങ്ങൾ, നടവഴികൾ, മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണം, കളിസ്ഥല നിർമ്മാണം എന്നിവ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്നു.

2. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഫിഷ്‌ലാന്റിംഗ് സെന്ററുകളും ഹാർബറുകളും റോഡുകളും നിർമ്മിക്കുന്നു.

3. നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന RIDF പദ്ധതികൾ പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകളും കോമൺ ഫെസിലിറ്റി സെന്ററുകളും കുടിവെള്ള പദ്ധതികളും ആശുപത്രികളും മാർക്കറ്റുകളും നിർമ്മിച്ചുവരുന്നു.

4. കിഫ്ബിയിൽ ഉൾപ്പെടുത്തി തീരദേശ വിദ്യാലയങ്ങളുടേയും മാർക്കറ്റുകളുടേയും അടിസ്ഥാന സൗകര്യവികസന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

5. സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ടുപയോഗിച്ചാണ് വിവിധ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

6. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് നിക്ഷേപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ലാറ്റുകൾ, വിദ്യാഭ്യാസ

ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, കൃത്രിമപ്പാര് സ്ഥാപിക്കൽ, ഡ്രെയിനേജ് സംവിധാനം മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

7. സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസാടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിഫ്ബി വഴി നടപ്പിലാക്കുന്നത്.

## ഭൂപതിവ് ചട്ടം ലംഘിച്ചുള്ള കെട്ടിടനിർമ്മാണം

9(*98) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ :

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും വീടിനുമായി നൽകിയ ഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്ക് അനധികൃതമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിന് സംവിധാനമുണ്ടോയെന്ന് അറിയിക്കുമോ ?

1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും വീടിനുമായി നൽകിയ ഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്ക് അനധികൃതമായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോ യെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിന് പ്രത്യേക സംവിധാനങ്ങളില്ല. എന്നാൽ വില്ലേജ്, താലൂക്ക്, ജില്ലാതല റവന്യൂ ഉദ്യോഗസ്ഥർ മേൽപ്രകാരമുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുകയും അവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പട്ടയ വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുള്ള കേസുകൾ കണ്ടെത്തി അവയ്ക്കെതിരായ നടപടികൾ പൂർത്തീകരിക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആകയാൽ വാണിജ്യാവശ്യ ങ്ങൾക്കുള്ള വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ ഇത്തരം പട്ടയ വസ്തുക്കളിൽ നിർമ്മിക്കുന്നത് നിലവിലുള്ള പട്ടയ വ്യവസ്ഥകളുടെ ലംഘനമായി കണക്കാക്കേണ്ടതാണ്. കേരള ഭൂമി പതിവ് ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയവ്യവസ്ഥകൾ ലംഘിച്ച്

വാണിജ്യ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നത് തടയുന്നതിനായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കൈവശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ടി ഭൂമി കേരള ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോയെന്ന് പരിശോധിക്കുന്നതിനും സർട്ടിഫിക്കറ്റിൽ ഇക്കാര്യം രേഖപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർമാർക്ക് 2-12-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 290/2020/റവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അപ്രകാരം പരിശോധന നടത്തിയതിൽ ഭൂപതിവ് ചട്ടം ലംഘിച്ചതായ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടോ ?

ഉണ്ട്.

(സി) ഇത്തരം സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഇത്തരം കേസുകളിൽ കേരള ഭൂമി പതിവ് ചട്ടം 8 (3) പ്രകാരം പട്ടയം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഭൂപതിവ് ചട്ടം ലംഘിച്ചതായി കണ്ടെത്തിയ കേസിൽ തഹസിൽദാർ പട്ടയം റദ്ദ് ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇപ്രകാരമുള്ള കേസുകളിൽ നിരോധന ഉത്തരവുകൾ നൽകി നിർമ്മാണപ്രവൃത്തികൾ നിർത്തിവച്ചിട്ടുണ്ട്. ചില കേസുകളിൽ പട്ടയം റദ്ദു ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂപതിവ് ചട്ടം ലംഘിച്ചതായി കണ്ടെത്തിയ കേസുകളിൽ കേരള ഭൂപതിവ് ചട്ടം 8 (3) പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

## വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണം

10 (*99) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ബി. സത്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ :

(എ) ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന വില്ലേജ് ഓഫീസുകളെ ആധുനികവൽക്കരിക്കാനും ജനസൗഹൃദമാക്കാനും ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന വില്ലേജ് ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി സംസ്ഥാനത്തെ റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകരമാണ് പ്രസ്തുത പദ്ധതി.

3. ആർ.ആർ. ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ്തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)- ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ

രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

5. ഇ-പേയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

6. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്കെത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

7. പരിശീലന പരിപാടികൾ - വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിൽ വിവിധ ട്രെയിനിംഗുകൾ നൽകുന്നുണ്ട്. ഈ സ്ഥാപനത്തിൽ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത വില്ലേജ് ജീവനക്കാർ ഉൾപ്പെടെയുള്ള റവന്യൂ ജീവനക്കാർക്ക് എല്ലാ മാസവും വ്യത്യസ്ത വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് PEOPLE FRIENDLY ADMINISTRATION എന്ന വിഷയത്തിൽ ട്രെയിനിംഗ് നൽകിവരുന്നു. വില്ലേജ് ഓഫീസറാകാൻ പോകുന്ന സ്പെഷ്യൽ വില്ലേജ് ഓഫീസർ/സീനിയർ ക്ലാർക്കുമാർക്ക് Prospective VO Refresher Training ILDM-ൽ നൽകി വരുന്നുണ്ട്. വില്ലേജ് ഓഫീസർമാർക്ക് SOFT SKILL എന്ന വിഷയത്തിൽ ട്രെയിനിംഗ് ILDM നൽകിവരുന്നുണ്ട്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റുമാർക്ക് INDUCTION TRAINING കോഴ്സ് നടത്തുന്നുണ്ട്. മേൽ കോഴ്സുകൾ കൂടാതെ വിവിധ റവന്യൂ വിഷയങ്ങളിൽ ILDM-ൽ കോഴ്സുകൾ നടത്തിവരുന്നുണ്ട്.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര വില്ലേജ് ഓഫീസുകളെ പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം നടത്തിവരുന്നുണ്ടെന്നറിയിക്കാമോ;

പ്ലാൻ ഫണ്ടുപയോഗിച്ച് സംസ്ഥാനമൊട്ടാകെ 220 വില്ലേജ് ഓഫീസുകളെയാണ് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 117 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി 255 വില്ലേജ് ഓഫീസുകളെ തെരഞ്ഞെടുത്തിട്ടുള്ളതും അതിൽ 111 എണ്ണത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും 144 എണ്ണത്തിന് ഭരണാനുമതിക്കായി വിശദമായ പദ്ധതി രൂപരേഖ ഇതിനകം റീബിൽഡ് കേരളയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ള 111 വില്ലേജ് ഓഫീസുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) വില്ലേജ് ഓഫീസുകളിലെ അഴിമതി അവസാനിപ്പിക്കുന്നതിന് നടത്തിയ ഇടപെടലുകൾ അറിയിക്കാമോ?

ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽത്തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധനാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവരടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചുവരുന്നതുമാണ്. പതിവ് പരിശോധനകൾക്ക് പുറമെ സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആകസ്മിക/ത്വരിത പരിശോധനകൾ ഉൾപ്പെടെ നടത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ പരിശോധനാ വിഭാഗങ്ങൾക്ക് അധികാരമുണ്ട്. മാത്രമല്ല, സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡ്ഡായി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചുവരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽവരുന്ന വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ പരിശോധനാ വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചുവരുന്നതും ജില്ലയ്ക്കകത്തുവരുന്ന മുഴവൻ റവന്യൂ ഓഫീസുകളിലും

പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ടീമിന് അധികാരമുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ജില്ലാ കളക്ടർതലത്തിൽ നടപടി സ്വീകരിച്ചുവരുന്നതും ഗൗരവകരമായ ക്രമക്കേടുക ളിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽനിന്ന് നടപടി സ്വീകരിക്കുന്നുമുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നതുമാണ്. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതുജനങ്ങളിൽനിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പി ക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കൂടാതെ താലൂക്കുതലത്തിൽ ഡെപ്യൂട്ടി തഹസീൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധനാ വിഭാഗം സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വരനടപടികൾ സ്വീകരിച്ചു വരുന്നതും ഗൗരവകരമായ സംഗതികളിന്മേൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. താലൂക്ക് ഓഫീസിൽ ഓരോ ഡെപ്യൂട്ടി തഹസീൽദാർമാർക്കും ചാർജ്ജ് ഓഫീസർ എന്ന നിലയിൽ നിശ്ചിത വില്ലേജുകളുടെ ചാർജ്ജ് നൽകിവരുന്നു. ടി ചാർജ്ജ് ഓഫീസർമാർ പ്രസ്തുത വില്ലേജുകളുടെ പ്രവർത്ത നങ്ങൾ നേരിട്ട് വിലയിരുത്തി പോരായ്മകൾ പരിഹരിച്ചുവരുന്നതും അഴിമതി വിവരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പെടെ മേൽവിലാസം കാണി ക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസ് ഉൾപ്പെടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. പരിശോധനാ വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ ലാൻഡ് റവന്യൂ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്ന നിയമങ്ങളിലും ചട്ടങ്ങളിലും അവഗാഹമുള്ളവരും ഇവയിൽ കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികൾക്കനുസൃതമായി പ്രവർത്തിക്കുന്നതിന് ടി ജീവനക്കാർക്ക് റവന്യൂ വകുപ്പിലെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റുവഴി പരിശീലനം നൽകിവരുന്നുമുണ്ട്. ഇത്തരത്തിൽ വളരെ കാര്യക്ഷമവും സമഗ്രവുമായ രീതിയിൽ വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിലെ അഴിമതി തടയുന്നതിനായി ലാൻഡ് റവന്യൂ വകുപ്പ് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ടെത്തുന്നതിനുപകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ട് എത്തുന്നതിനുപകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകരമാണ് പ്രസ്തുത പദ്ധതി.

2. ആർ.ആർ ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ് ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഏതു തലത്തിലുള്ള കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)- ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്കെത്തുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

## പൊതുവിദ്യാഭ്യാസ മേഖലയിലെ കോവിഡ് കരുതൽ നടപടികൾ

11 (*100) ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ബാബു:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ്, ഓൺലൈൻ ക്ലാസുകൾ അനിവാര്യമാക്കിയ സാഹചര്യത്തിൽ അത് ഡിജിറ്റൽ വിടവില്ലാതെ വിജയകരമായി നടത്താനായെങ്കിലും സ്കൂളിലെ പഠനത്തിന് പകരമാകില്ലെന്നതിനാൽ സ്കൂളുകൾ തുറക്കാൻ തീരുമാനമായിട്ടുണ്ടോ?

2021 ജനുവരി 1-ന് 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠനത്തിനും റിവിഷനും, സംശയദൂരീകരണത്തിനുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ സ്കൂളിലെത്താമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ 10, 12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തി പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. കോവിഡ് 19 ഇപ്പോഴും സംസ്ഥാനത്ത് പൂർണ്ണമായി മാറിയിട്ടില്ലാത്തതിനാൽ ഒന്നു മുതൽ ഒൻപതുവരേയും പതിനൊന്നാം ക്ലാസ്സിലേയും കുട്ടികൾക്ക് സ്കൂളിലെത്തി പഠനം ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല.

(ബി) ഫസ്റ്റ് ബെൽ പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയതിലെ കാര്യക്ഷമതയെക്കുറിച്ച് അറിയിക്കാമോ?

കോവിഡ് 19 കാലയളവിലും സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുകയെന്ന വ്യക്തമായ ഉദ്ദേശ്യത്തോടുകൂടിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി 'ഫസ്റ്റ്ബെൽ' എന്ന പേരിൽ പ്രത്യേക ക്ലാസ്സുകൾ ക്രമീകരിച്ചത്. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിൽ പതിനൊന്നൊഴികെയുള്ള ക്ലാസ്സുകൾക്ക് ജൂണിൽ ത്തന്നെ പഠനം ആരംഭിക്കുകയും പതിനൊന്നാം ക്ലാസ്സിലെ പ്രവേശനപ്രക്രിയ പൂർത്തിയാക്കിയ മുറയ്ക്ക് പതിനൊന്നാം ക്ലാസ്സിലെ കുട്ടികൾക്കുകൂടി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി ക്കൊണ്ടുള്ള ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., എസ്.ഐ.ഇ.ടി. എന്നീ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ ക്ലാസ്സുകളിലേയ്ക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേഷണം ചെയ്തു കൊണ്ടിരിക്കുകയാണ്. ഓരോ ക്ലാസ്സിന്റേയും സംപ്രേഷണത്തിന് മുമ്പും ശേഷവും അതത് ക്ലാസ്സിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിക്ക് ക്ലാസ്സ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസ്സിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ്സ് ടീച്ചർ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് മാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്ന താണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ - ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഉണ്ടാകുന്നില്ല. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിലാണ് ' ഫസ്റ്റ്ബെൽ' ക്രമീകരിച്ചിട്ടുള്ളത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസ്സുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രധാനാദ്ധ്യാപകർ പി.ടി.എ.-യുടേയും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വി.-യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസ്സുകൾ കാണാൻ പറ്റാത്ത സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടു ണ്ട്.

(സി) പകർച്ചവ്യാധിയുടെ വ്യാപനത്തോത് ഇപ്പോഴും ഗണ്യമായി തുടരുന്നതിനാൽ സ്കൂൾ തുറക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന കരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2021 ജനുവരി 1 മുതൽ 10, 12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്കൂൾതലത്തിൽ ഒരുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് മാർഗ്ഗരേഖ തയ്യാറാക്കിയത്. പൊതുനിർദ്ദേശങ്ങൾ, അക്കാദമിക നിർദ്ദേശങ്ങൾ, അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ, കുട്ടികൾക്കുള്ള നിർദ്ദേശങ്ങൾ എന്നിങ്ങനെ പ്രത്യേകം പ്രത്യേകം നിർദ്ദേശങ്ങളാണ് നൽകിയത്. കൂടാതെ ഫയർ & റസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലും സാനിറ്റൈസർ വിതരണം ചെയ്തു. കൂടാതെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ്മാറ്റ്, ഒരു ഡ്രൈമാറ്റ്, പ്ലാസ്റ്റിക് ട്രേ, ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവ ഉൾപ്പെടുന്ന ഒരു കിറ്റും സ്കൂളുകളിൽ എത്തിച്ചിരുന്നു.

(ഡി) പൊതുപരീക്ഷകളും മറ്റ് വാർഷികപരീക്ഷകളും നടത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ?

2021 മാർച്ച് 17 മുതൽ 30 വരെയുള്ള തീയതികളിലായി 10, 12 ക്ലാസ്സുകളിലെ പൊതുപരീക്ഷകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മറ്റ് ക്ലാസ്സുകളിലെ പരീക്ഷകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

(ഇ) സിലബസ് ലഘൂകരണം ആശാസ്യമാണോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിരുന്നോ എന്നറിയിക്കാമോ?

അതത് തലങ്ങളിൽ കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ നേടേണ്ടതിനാൽ സിലബസ് വെട്ടിക്കുറയ്ക്കുന്നത് ആശാസ്യകരമല്ല. മുഴുവൻ പാഠഭാഗങ്ങളും ഡിജിറ്റൽ ക്ലാസ്സുകളിലൂടെയും അദ്ധ്യാപകരുടെ ഇടപെടലിലൂടെയും പൂർണ്ണമായി കുട്ടികളിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്. സിലബസിലെ ഊന്നൽ മേഖലകൾ (Focus Point) SCERT പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഭീതിയില്ലാതെ പരീക്ഷയെ അഭിമുഖീകരിക്കാനുള്ള ചോദ്യക്രമീകരണമാണ് ഏർപ്പെടുത്താനുദ്ദേശിച്ചിട്ടുള്ളത്.

**മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ**

12 (*101) ശ്രീ. കെ. ആൻസലൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിക്കും സുരക്ഷിതത്വത്തിനുമായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച വിവിധ നൂതന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പുനരധിവാസ പാക്കേജിന്റെ വിശദാംശം നൽകുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സർവ്വേ പ്രകാരം കണ്ടെത്തിയിരുന്നു. കടലാക്രമണ ഭീഷണിയിൽ കഴിയുന്ന ഇത്തരത്തിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 1350 കോടി രൂപ ഉൾപ്പെടെ 2450 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2020 ജനുവരിയിൽ ആരംഭിച്ച പദ്ധതി 3 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. തീരദേശത്തുനിന്നും മാറിത്താമസിക്കുന്നതിന് തയ്യാറായ 9904 കുടുംബങ്ങളുടെ സന്നദ്ധത ജില്ലാ കളക്ടർ ചെയർമാനായ സമിതി (DLAC) അംഗീകരിച്ച് ഭൂമി കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1562 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുകയും 962 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും ഭവനനിർമ്മാണം വിവിധ ഘട്ടത്തിലുമാണ്.

---

* നിയമസഭയുടെ ഔദ്യോഗ്ക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ഉറപ്പാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

2016-17 വർഷത്തിൽത്തന്നെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ മത്സ്യത്തൊഴിലാളികളെയും ഭൂമി വാങ്ങി ഭവനം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ആദ്യഘട്ടമായി ഭൂരഹിതരും ഭവന രഹിതരുമായ 800 കുടുംബങ്ങൾക്ക് 2-3 സെന്റുവരെ ഭൂമി വാങ്ങുന്നതിന് ഒരു കുടുംബത്തിന് 6 ലക്ഷം രൂപ നിരക്കിൽ 48 കോടി രൂപ വകയിരുത്തി പദ്ധതിക്ക് അനുമതി നൽകി. ഇതിൽ 743 ഗുണഭോക്താക്കൾ ജില്ലാ ഓഫീസുമായി കരാറിൽ ഏർപ്പെടുകയും 731 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്യുകയും 557 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇത്തരം മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ലൈഫ് മിഷന് കൈമാറിയതിനാൽ സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായി അപേക്ഷ സമർപ്പിച്ചിരുന്ന മുഴുവൻ ഗുണഭോക്താക്കളുടെ പട്ടികയും ലൈഫ് മിഷന് കൈമാറുകയും ഇവരെ ലൈഫ് മിഷൻ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് കഴിയുന്നവിധത്തിൽ ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവ് അനുവദിക്കുകയും ചെയ്തു. പ്രസ്തുത 7346 പേരുടെ ലിസ്റ്റ് ലൈഫ് മിഷൻ ജില്ലകളിൽ പരിശോധന നടത്തുകയും അതിൽ 3258 പേർ അർഹരാണെന്ന് കണ്ടെത്തുകയും 1087 പേരുടെ ഗുണഭോക്തൃ പട്ടിക അംഗീകരിക്കുകയും ഒരാൾ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന ഭൂരഹിത-ഭവനരഹിതരായ എല്ലാ മത്സ്യത്തൊഴിലാളികളെയും പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യത്തൊഴിലാളികൾക്കായുള്ള അപകട ഇൻഷ്വറൻസ് തുക ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അപകട ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 17-12-2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം അറ്റാച്ച്മെന്റിൽ കണ്ടാലും.* നിലവിൽ 17-12-2020 മുതൽ 16-12-2021 വരെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള അപകട ഇൻഷ്വറൻസ് പദ്ധതി പുതുക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കശുവണ്ടിത്തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ

13 (*102 ) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സജി ചെറിയാൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കശുവണ്ടിത്തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ഉറപ്പാക്കുന്നതിനും കുറഞ്ഞ തൊഴിൽ ദിനം ഇരുന്നൂറാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലാളികളുടെ ഇ.എസ്.ഐ. വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഇ.എസ്.ഐ. ഉദ്യോഗസ്ഥരടങ്ങുന്ന സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. കുറഞ്ഞത് 200 തൊഴിൽദിനങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ പൂട്ടിക്കിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള 40 ഫാക്ടറികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നുപ്രവർത്തിപ്പിച്ചു. വ്യാവസായികാവശ്യത്തിനായി ഗുണ മേന്മയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്ന തിനായി സർക്കാർ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് കമ്പനിയുടെ നേതൃത്വത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്തുവരുന്നു. കാഷ്യൂബോർഡ് ഇതുവരെ 28274 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് പൊതുമേഖലാ ഫാക്ടറികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കേരളത്തിൽനിന്നും ആഭ്യന്തരമായി ഇതിനകം ആകെ 13179 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷൻ ശേഖരിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽനിന്നും സഹകരണ സംഘങ്ങൾ മുഖേനയും തോട്ടണ്ടി സംഭരിച്ചുവരുന്നു. കടക്കെണിമൂലം പൂട്ടിക്കിട ന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയും വ്യവസായികളെയും ബാങ്കുകളെയും മറ്റ് ബന്ധപ്പെട്ടവരെയും പങ്കെടുപ്പിച്ച് എട്ട് യോഗങ്ങൾ ചേർന്നു. 2019-ൽ അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിന് ഒരു പുനഃരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചു. പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പകൾ പുനഃക്രമീകരിക്കണ മെന്നും അധികവായ്പ അനുവദിക്കുകയാണെങ്കിൽ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 9 ശതമാനം നിരക്കിൽ വായ്പയുടെ പലിശ സർക്കാർ നൽകുമെന്നും പാക്കേജിൽ വ്യവസ്ഥ ചെയ്തു. പുനഃരുദ്ധാരണ പാക്കേജ് പ്രകാരം 79 യൂണിറ്റുകൾക്ക് അധികവായ്പ നൽകി. ഇതിൽ 70 യൂണിറ്റുകൾക്കായി പലിശയിനത്തിൽ 2019-20-ൽ 3.04 കോടി രൂപ സർക്കാർ അനുവദിച്ചു. തൊഴിൽ

ദിനങ്ങൾ ലഭ്യമാക്കുന്നതിനായി 2020-21-ലും പലിശ സബ്സിഡി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ തൊഴിലാളികളുടെ നിയമപരമായ എല്ലാ ആനുകൂല്യങ്ങളും നൽകി വ്യവസായം നടത്തിവരുന്ന വ്യവസായികൾക്ക് ഒരു നിശ്ചിത ശതമാനം പലിശ സബ്സിഡി നൽകുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മതിയായ ഹാജരില്ലെന്ന കാരണത്താൽ ഇ.പി.എഫ്. പെൻഷൻ നിഷേധിച്ച കേന്ദ്രസർക്കാർ നിലപാടിനെതിരെ എന്തെല്ലാം ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കാമോ?

(സി) സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിനെത്തുടർന്ന് ഇ.പി.എഫ്. പെൻഷന് 3650 ദിവസങ്ങൾ ആവശ്യമാണെന്ന വ്യവസ്ഥയ്ക്ക് കേന്ദ്രസർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പി.എഫ്. പെൻഷൻ ലഭിക്കുന്നതിന് ഒരു തൊഴിലാളിക്ക് 10 വർഷത്തെ ഇ.പി.എഫ്. കോൺട്രിബ്യൂട്ടറി യോഗ്യതാ സർവ്വീസ് ഉണ്ടായിരിക്കണം. എന്നാൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ തൊഴിലാളികൾക്ക് വർഷം മുഴുവനും ജോലി ലഭിക്കാത്തതിനാൽ 10 വർഷത്തെ ഇ.പി.എഫ്. കോൺട്രിബ്യൂട്ടറി സർവ്വീസ് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ഇക്കാരണത്താൽ തന്നെ ഇ.പി.എഫ്. പെൻഷന് 10 വർഷത്തെ സർവ്വീസുണ്ടെങ്കിലും ഇ.പി.എഫ്. പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഇ.പി.എഫ്. പെൻഷൻ കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെടുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും ടി വിഷയം കേരള സർക്കാർ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിലും ടി വിഷയം ഉന്നയിച്ചിട്ടുള്ളതുമാണ്. സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ നിലവിൽ ഇ.പി.എഫ്. അധികൃതർ ഒരു വർഷം 365 പ്രവൃത്തി ദിവസങ്ങളുടെ കോൺട്രിബ്യൂഷൻ അടിസ്ഥാനപ്പെടുത്തിയുള്ള 3650 ദിവസം എന്നതിൽനിന്ന് കശുവണ്ടി വ്യവസായത്തിലെ ദിവസവേതന തൊഴിലാളികളെ ഒഴിവാക്കിയിട്ടുള്ളതാണ്. ഇ.പി.എഫ്. ആക്ടനുസരിച്ച് കശുവണ്ടി ഫാക്ടറികളെ സീസണൽ വ്യവസായമായി ഡിഫൈൻ ചെയ്തതിന്റെയടിസ്ഥാനത്തിൽ കശുവണ്ടി വ്യവസായത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ 10 വർഷം കോൺട്രിബ്യൂഷൻ സർവ്വീസില്ലെങ്കിലും 10 വർഷം സർവ്വീസ് പൂർത്തിയാക്കിയാൽ പെൻഷന് അർഹതയുണ്ടെന്ന് ഇ.പി.എഫ്. അധികൃതർ അറിയിച്ചിട്ടുണ്ട്. എന്നാൽ കശുവണ്ടിത്തൊഴിലാളികൾക്ക് പ്രയോജനം കിട്ടണമെങ്കിൽ പെൻഷൻ വ്യവസ്ഥകളിൽ ഇനിയും മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം

14 (*103) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിനനുസൃതമായി സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുനഃസംഘടിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

ശിശു കേന്ദ്രീകൃതമായ വിദ്യാഭ്യാസമാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ അടിത്തറ. പ്രസ്തുത അടിത്തറയിൽ നിന്നുകൊണ്ട് ജനകീയത, ആധുനികത, മാനവികത എന്നിവയിൽ ഊന്നിക്കൊണ്ടുള്ള മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം വളർത്തുകയെന്നതാണ് ഈ സർക്കാർ സ്വീകരിച്ച നിലപാട്. ഈ നിലപാട് സാർത്ഥകമാക്കുന്നതിന് വേണ്ട കർമ്മപദ്ധതികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം പുനഃസംഘടിപ്പിച്ച് ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ട്, ഏറ്റവും മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടും, മുഴുവൻ പൊതുവിദ്യാലയങ്ങളും സാങ്കേതിക വികസന സൗഹൃദമാക്കി ക്കൊണ്ടും, പൊതുവിദ്യാലയങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും സർക്കാർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനും ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനും ' ഹൈടെക് സ്കൂൾ' , ' ഹൈടെക് ലാബ്' പദ്ധതികളും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്കനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ സജ്ജമാക്കി ' സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതിലൂടെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരത്തിലും ഗ്രഹണ പാടവത്തിലും ഉയർച്ചയുണ്ടായതായി വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടച്ചുപൂട്ടിയതിലൂടെ വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും പുതിയ പ്രശ്നങ്ങളുണ്ടായതായി വിലയിരുത്തുന്നുണ്ടോ?

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് 10-ന് സ്കൂളുകൾ അടച്ചിരുന്നുവെങ്കിലും പൊതുപ്പരീക്ഷകൾ കൃത്യമായി പൂർത്തീകരിക്കുകയും റിസൾട്ട് സമയബന്ധിതമായി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ ഗുരുതരമായ പ്രശ്നങ്ങളൊന്നുംതന്നെയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂട്ടംചേരുക, കൂട്ടുകാരുമായി ഉല്ലസിക്കുകയെന്നത് കുട്ടികളുടെ സ്വാഭാവിക പ്രകൃതമാണ്. കോവിഡ് 19-ന്റെ രോഗവാഹകർ മനുഷ്യരാണെന്നതിനാൽ രോഗപ്രതിരോധത്തിനായി ഒട്ടേറെ കരുതലുകൾ ആവശ്യമായിരുന്നു. പ്രസ്തുത കരുതലിന്റെ ഭാഗമായി സ്കൂളുകൾ അടച്ചിടേണ്ടിവന്നു. അത്തരം അടച്ചിടൽമൂലം കുട്ടിയുടെ സഹജശീലങ്ങളിൽ പലതരത്തിലും നിയന്ത്രണങ്ങളുണ്ടായി. ഇത്തരം നിയന്ത്രണങ്ങൾ കുട്ടികളിൽ സമ്മർദ്ദവും ആശങ്കയും പിരിമുറുക്കവും ഉണ്ടാക്കിയിട്ടുണ്ടാകാമെന്ന് യൂണിസെഫ്, യുനെസ്കോ പോലുള്ള ലോകസംഘടനകൾ തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും എന്ത് ഇടപെടലാണ് ഇതിനകം നടത്തിയതെന്ന് വ്യക്തമാക്കാമോ?

കുട്ടികളിൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളൊന്നുമുണ്ടാകാതെ ചേർത്തുനിർത്താനുള്ള ശ്രമങ്ങളാണ് സർക്കാർ ആവിഷ്കരിച്ചത്. ലോക്ഡൗൺ പ്രഖ്യാപനംമൂലം പാതിവഴിയിൽ നിർത്തിവയ്ക്കേണ്ടിവന്ന 2020 മാർച്ചിലെ 10, 11, 12 ക്ലാസ്സുകളിലെ പൊതുപ്പരീക്ഷകൾ കോവിഡ്-19 പ്രോട്ടോക്കോൾ നിലവിലുണ്ടായ അവസ്ഥയിലും മറ്റെല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ടും ജനങ്ങളുടെ നിർലോഭമായ പിന്തുണയോടെയും വിജയകരമായി നടപ്പാക്കാൻകഴിഞ്ഞു. അവധിക്കാലത്ത് വീട്ടിൽ അകപ്പെട്ടുപോയ കുട്ടികളെ കർമ്മനിരതരാക്കാൻ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ "അക്ഷര വൃക്ഷം" പരിപാടി ആവിഷ്കരിച്ച് നടപ്പാക്കി. പരിസ്ഥിതി, ശുചിത്വം, പകർച്ചവ്യാധി എന്നിങ്ങനെ കാലിക പ്രസക്തിയുള്ള വിഷയങ്ങളെ അധികരിച്ച് കുട്ടികൾക്ക് കഥകളും കവിതകളും ലേഖനങ്ങളും എഴുതാനും സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യാനുമുള്ള

അവസരമൊരുക്കി. മുഴുവൻ കുട്ടികളെയും ഉൾക്കൊണ്ടുകൊണ്ട് അവരെ കർമ്മനിരതരാക്കാനും പഠനപാതയിൽ നിലനിർത്താനും സഹായകമാകുംവിധം ഡിജിറ്റൽ ക്ലാസ്സുകൾ ജൂൺ 1-നുതന്നെ ആരംഭിക്കാൻ കഴിഞ്ഞു. കുട്ടികൾ സന്തോഷത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്ന "വർക്ക്ഷീറ്റുകൾ" പ്രൈമറി കുട്ടികൾക്കെല്ലാം സമഗ്രശിക്ഷാ കേരളം വഴി എത്തിക്കുന്നുണ്ട്. ആരും ഒറ്റയ്ക്കല്ല എല്ലാവരും കൂടെയുണ്ടെന്ന ആത്മ വിശ്വാസം കുട്ടികൾക്ക് പകരാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. സ്കൂൾ തുറക്കാത്തതിനാലും കൂട്ടുകാരുമായും അദ്ധ്യാപകരുമായും ഇടപെടാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ചില വിദ്യാർത്ഥികൾക്കുണ്ടാകാൻ സാധ്യതയുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് മുതിർന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും കൗൺസിലിംഗ് പ്രവർത്തനം നടന്നുവരുന്നു. ക്ലാസ് അദ്ധ്യാപകരും കുട്ടികളെ നേരിട്ട് കാണുന്നതിനോ അല്ലെങ്കിൽ ഫോൺ മുഖേന ആശയവിനിമയം നടത്തുന്നതിനോ സമയം കണ്ടെത്തുന്നു. കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിന് കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തുകയുണ്ടായി.

## മലയോര, തീരദേശ ഹൈവേകൾ

15 (*104) <u>ശ്രീ. രാജു എബ്രഹാം</u>:
<u>ശ്രീ. ബി. ഡി. ദേവസ്സി</u>:
<u>ശ്രീ. ജോർജ്ജ് എം. തോമസ്</u>:
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്; പ്രധാന പദ്ധതികളുടെ വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പിന്റെ 303 പദ്ധതികൾക്ക് കെ.ആർ.എഫ്.ബി. മുഖേനയും 8 പദ്ധതികൾക്ക് ദേശീയപാതാ വിഭാഗം മുഖേനയും ഒരു പദ്ധതിക്ക് കെ.ആർ.റ്റി.എൽ. മുഖേനയും 69 പദ്ധതികൾക്ക് ആർ.ബി.ഡി.സി.കെ. മുഖേനയും 3 പദ്ധതികൾക്ക് ആർ.ഐ.സി.കെ. (RICK) മുഖേനയും നടപ്പിൽ വരുത്തുന്നതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 1251 കി.മീ. ദൂരത്തിൽ 3500 കോടി രൂപയുടെ മലയോരപാതാ പദ്ധതിയും 653 കി.മീ. ദൂരത്തിൽ 6500 കോടി രൂപയുടെ തീരദേശപാതാ പദ്ധതിയുമാണ് കിഫ്ബി വഴി നടപ്പിലാക്കുന്ന ബൃഹത് പദ്ധതികൾ.

(ബി) പതിമൂന്ന് ജില്ലകളിൽക്കൂടി കടന്നുപോകുന്ന മലയോര ഹൈവേ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പദ്ധതി ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ ?

2017-18 ബഡ്ജറ്റ് പ്രകാരം മലയോര ഹൈവേയ്ക്കായി (1251 കി.മീ.) 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് ലഭിച്ചത്. ഇതിൽ 688 കി.മീ. വരുന്ന 27 പദ്ധതികളുടെ വിശദമായ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചു. 549.213 കി.മീ. വരുന്ന 21 പദ്ധതികൾക്ക് 1726.397 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം ലഭിച്ചു. മലയോര ഹൈവെ പദ്ധതിക്കായി 12 മീറ്റർ റൈറ്റ് ഓഫ് വേ ആവശ്യമാണ്. ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. പദ്ധതിക്കായി സൗജന്യമായി സ്ഥലം ലഭ്യമായ 283.14 കി.മീ. വരുന്ന 14 പദ്ധതികൾക്ക് (1067.44 കോടി) സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ചെയ്യുകയും ചെയ്തു. പ്രസ്തുത 14 പദ്ധതികൾ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചു. ഇതുവരെ രണ്ട് റീച്ചുകളിലായി 69.05 കി.മീ. റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാനായി. വനമേഖലകളിൽക്കൂടി കടന്നുപോകുന്ന റീച്ചുകളിൽ വനം വകുപ്പിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. പദ്ധതി ത്വരിതപ്പെടുത്താനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും സൈറ്റ് ഇൻസ്പെക്ഷൻ പുരോഗതി വിലയിരുത്തുന്നതിനുള്ള മീറ്റിംഗുകൾ, ബില്ലുകൾ ഉടനടി പാസ്സാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുക യുണ്ടായി.

(സി) തീരദേശ ഹൈവേ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ?

9 ജില്ലകളിലൂടെ കടന്നുപോകുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തെയും തിരുവനന്തപുരം ജില്ലയിലെ പൂവ്വാറുമായി ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേ പ്രധാന തുറമുഖങ്ങളായ വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നിവയെ ബന്ധിപ്പിക്കുന്നവിധമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ദേശീയപാതയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും പ്രധാന മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യബന്ധന മേഖലകളെയും ബന്ധിപ്പിക്കുന്നതിനും ചരക്കുകൾ എളുപ്പത്തിൽ കൈമാറുന്നതിനും ടൂറിസം മേഖലയുടെ വികസനത്തിനും ഈ പദ്ധതി സഹായ കരമാകും. നിർദ്ദിഷ്ട തീരദേശ ഹൈവേ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കടന്നുപോകുന്ന ജില്ലകളുടെ ആകെ എണ്ണവും നീളവും - 9 എണ്ണം, 653 കി.മീ.

2. ഭരണാനുമതി ലഭിച്ച ആകെ തുക - 6500 കോടി രൂപ
3. നിർദ്ദിഷ്ട വീതി - 14 മീറ്റർ /15.6 മീറ്റർ
4. കിഫ്ബിക്ക് സാമ്പത്തികാനുമതിക്കായി സമർപ്പിച്ച ദൈർഘ്യം - 61.75 കി.മി (7 എണ്ണം)
5. സാമ്പത്തികാനുമതി ലഭിച്ച ദൈർഘ്യം -24.05 കി.മീ (4 എണ്ണം)
6. സാമ്പത്തികാനുമതി ലഭിച്ച തുക - 164.83 കോടി രൂപ
7. സാങ്കേതികാനുമതി ലഭിച്ച ദൈർഘ്യവും തുകയും - 18.85 കി.മി, 80.34 കോടി
8. ടെണ്ടർ ചെയ്ത പദ്ധതികളുടെ ദൈർഘ്യവും തുകയും - 18.85 കി.മീ., 72.12 കോടി രൂപ
9. പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ദൈർഘ്യവും തുകയും - 15 കി.മി., 52.39 കോടി രൂപ.

നിലവിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് തീരദേശ ഹൈവേയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതുവരെ സമർപ്പിച്ച 61.75 കി.മീ. (7 എണ്ണം) ദൂരത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്കാണ് സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ദൂരത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്കുതന്നെ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## അതിവേഗ തീവണ്ടിപ്പാത

16 (*105) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത രംഗത്ത് മൗലികമാറ്റം സൃഷ്ടിക്കാൻ പര്യാപ്തമായ അതിവേഗ തീവണ്ടിപ്പാതയ്ക്ക് കേന്ദ്രസർക്കാരിന്റെ അന്തിമാനുമതി നേടിയെടുക്കാൻ നടത്തിയിട്ടുള്ള പ്രവർത്തനം അറിയിക്കാമോ?

പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ.(കൈ)നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കാവശ്യമായ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗവർണ്ണറും ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റ തെക്കെ അറ്റം മുതൽ വടക്കെ അറ്റം വരെയുള്ള യാത്രയ്ക്ക് കേവലം നാല് മണിക്കൂർ മതിയാകുന്ന പദ്ധതിയുടെ മതിപ്പുചെലവും എത്ര ഭൂമി വേണ്ടിവരുമെന്നും അറിയിക്കാമോ?

63,941 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിനുൾപ്പെടെ ആവശ്യമായിവരിക. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്.

## ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിലെ ക്വാറികൾ

17 (*106) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ:

(എ) ഗവേഷണ സ്ഥാപനങ്ങളും അക്കാദമിക സ്ഥാപനങ്ങളും ഉരുൾപൊട്ടലിനെപ്പറ്റി പഠിച്ചശേഷം ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തിയുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രം (NCESS) നിരവധി പഠന ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി തയ്യാറാക്കി 2010-ൽ പ്രസിദ്ധീകരിച്ച ഉരുൾപൊട്ടൽ സാധ്യതാ ഭൂപടം 7-9-2016-ൽ ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, അംഗീകാരം നൽകുകയും, സർക്കാർ 2016-ൽത്തന്നെ ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് പ്രസ്തുത

പ്ലാൻ പുതുക്കുന്നതുവരെ നിലവിലെ പ്ലാൻ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 2018-ൽ വീണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2018-ൽ ഉരുൾപൊട്ടൽ/മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (GSI) ജില്ലകളിൽ പഠനം നടത്തുകയും ദുരന്തസാധ്യത മുൻനിർത്തി മാറ്റിപ്പാർപ്പിക്കേണ്ട ആളുകളുടെ വിവരം തയ്യാറാക്കുകയും പ്രസ്തുത വിവരം ബന്ധപ്പെട്ട ജില്ലകളിലെ ദുരന്ത നിവാരണ അതോറിറ്റി(DDMA)-കളുടെ ചെയർപേഴ്സൺമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2019-ലുണ്ടായ ഉരുൾപൊട്ടൽ/മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിലെയും മണ്ണ് സംരക്ഷണ വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് രൂപീകരിച്ച ടീം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റിപ്പാർപ്പിക്കേണ്ട ആളുകളുടെ വിവരം ബന്ധപ്പെട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺമാർക്ക് നൽകി യിട്ടുള്ളതാണ്.

(ബി) സാധ്യതാ മാപ്പിൽ ക്രിട്ടിക്കൽ, ഹൈ ഹസാർഡ്സ് എന്ന് അടയാളപ്പെടുത്തിയ മേഖലകളിൽ ക്വാറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി നാഷണൽ സെന്റർ ഫോർ എർത്ത്സ് സയൻസ് സ്റ്റഡീസിന്റെ (NCESS) സഹായത്തോടുകൂടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA) തയ്യാറാക്കിയ Landslide Susceptibility Map-നോടൊപ്പമുള്ള kml ഫയലുകൾ പരിശോധിച്ച് അപേക്ഷാ സ്ഥലം ദുരന്ത സാധ്യതാപ്രദേശങ്ങളിൽ ഉൾപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തി പാരിസ്ഥിതികാനുമതി ലഭ്യമായതിനുശേഷം മാത്രമാണ് ക്വാറി പ്രവർത്തനത്തിന് അനുമതി നൽകാറുള്ളത്. കേന്ദ്ര ദുരന്തനിവാരണ നിയമം 2005-ന്റെ 23(1) വകുപ്പനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സംസ്ഥാന ദുരന്തനിവാരണ പ്ലാൻ 2016-ന്റെ (State Disaster Management Plan, 2016) ഖണ്ഡിക 3.21.1 പ്രകാരം അതിതീവ്ര ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ/പാറനിരങ്ങൽ സാധ്യതാ മേഖലയായി (Landslide Susceptibility - High Hazard Zone) നിർണ്ണയിച്ചിട്ടുള്ള പ്രദേശങ്ങളിൽ വെടിമരുന്ന് ഉപയോഗിച്ചുള്ള പാറ ഖനനം നിരോധിക്കണമെന്ന് കേന്ദ്ര ദുരന്തനിവാരണ നിയമം 2005-ന്റെ 22 (2) (b) വകുപ്പനുസരിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്.

## കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം

18 (*107) ശ്രീ. എം. നൗഷാദ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി:
ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് രൂക്ഷമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരുന്ന കശുവണ്ടി വ്യവസായമേഖലയുടെ പുനരുജ്ജീവനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കിയിരുന്നോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഫാക്ടറികൾ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി 2016 ഓണത്തിനുമുമ്പ് പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും, കെ.എസ്.സി.ഡി.സി.-യും തുറന്നുപ്രവർത്തിപ്പിച്ചു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ധനകാര്യ സ്ഥാപനങ്ങളായ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ചനടത്തി പുനരുദ്ധാരണത്തിനർഹതപ്പെട്ട വ്യവസായങ്ങളെ കണ്ടെത്തുന്നതിനായി സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ബാങ്കിന്റെയും സർക്കാരിന്റെയും പ്രതിനിധികളടങ്ങിയ ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയെത്തുടർന്ന് 6-7-2019-ലെ സ.ഉ. (സാധാ) നമ്പർ643/2020/വ്യവ. നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകളടങ്ങിയ ഒരു പുനരുദ്ധാരണ പാക്കേജിന് അംഗീകാരം നൽകി. പ്രധാന ശിപാർശകൾ:

1. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പ പുനഃക്രമീകരിക്കും

2. പലിശ 9 ശതമാനമായി ഏകീകരിക്കും.

3. നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കും.

4. പുതിയ വായ്പയുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കും.

5. പാക്കേജിൽ ഉൾപ്പെട്ട വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മൊറട്ടോറിയം നൽകും.

6. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കും.

മേൽ തീരുമാനങ്ങളിലെല്ലാം സർക്കാർ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാക്കേജ് പ്രകാരം 2019-20-ൽ വിവിധ ബാങ്കുകൾ 79 വ്യവസായങ്ങൾക്ക് അധികവായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ 70 വ്യവസായികൾക്കുള്ള 2019-20-ലെ പലിശ വിഹിതമായി 3.04 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. 2020-21-ലെ അധികവായ്പയുടെ പലിശ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. 21-12-2021-ലേതടക്കം എട്ടുതവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും കടക്കെണിയിലായ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള യോഗങ്ങൾ ചേർന്നിട്ടുണ്ട്. അവസാനം ചേർന്ന യോഗത്തിൽ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി വായ്പ മുഴുവൻ വ്യവസായികൾക്ക് ലഭ്യമാക്കുന്നതിനും പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിനും നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് പുതിയ വായ്പ അനുവദിക്കാൻ കഴിയാത്ത യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ അടിയന്തരമായി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിച്ച കൃത്യമായ ഫോർമുല രൂപീകരിച്ച് ബാങ്കിന് ശിപാർശ നൽകുന്നതിനായി ബാങ്കിന്റെ പ്രതിനിധി, വ്യവസായികളുടെ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി മൂന്നംഗ സമിതി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മൂന്നംഗ സമിതി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും നൽകി വ്യവസായം നടത്തിവരുന്ന വ്യവസായികൾക്ക് പലിശ സബ്സിഡി നൽകുന്ന കാര്യവും സർക്കാർ പ്രത്യേകം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള അടഞ്ഞുകിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്നറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ് ഫാക്ടറികൾ പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം അടഞ്ഞുകിടക്കുകയായിരുന്നു. ബഹുമാനപ്പെട്ട സർക്കാരിന്റെ ഇടപെടലിലൂടെ 2016 ഓണത്തിനുമുമ്പ് കാപ്പെക്സ് ഫാക്ടറികളും കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളും പ്രവർത്തനം ആരംഭിച്ചു. സർക്കാരിന്റെ നയത്തിന്റെ ഭാഗമായി തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും നൽകുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 കലണ്ടർ വർഷം 70 തൊഴിൽ ദിനങ്ങളും 2017 കലണ്ടർ വർഷം 153 തൊഴിൽ ദിനങ്ങളും 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും 2020 കലണ്ടർ വർഷം കോവിഡ് 19 എന്ന മഹാവ്യാധിമൂലമുണ്ടായ പ്രതിസന്ധി കാപ്പെക്സിന്റെ ദൈനംദിന

പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും (1-1-2020 മുതൽ 31-12-2020 വരെ) 160 തൊഴിൽ ദിനങ്ങളും കാപ്പെക്സ് തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലും പരമാവധി തൊഴിൽ ദിനങ്ങൾ നൽകിവരികയാണ്. കാപ്പെക്സിന്റെയും കോർപ്പറേഷന്റെയും ഫാക്ടറികളെല്ലാം തന്നെ കോവിഡ് 19 പ്രോട്ടോകോൾ പ്രകാരം പ്രവർത്തിച്ചുവരികയാണ്. കേരളത്തിലെ കശുവണ്ടിയുടെ സീസൺ സമയത്ത് നാടൻ തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനമായ ആറളം ഫാം, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള എന്നിവയിൽനിന്നും സംഭരിച്ചുവരികയാണ്. 2020 സീസണിൽ സർക്കാർ നിർദ്ദേശപ്രകാരം കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കശുമാവ് കർഷകരെ സഹായിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കാപ്പെക്സും കോർപ്പറേഷനും തോട്ടണ്ടി കിലോഗ്രാമിന് 101 രൂപ നിരക്കിൽ നൽകി ടി ജില്ലകളിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ മുഖേന സംഭരിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി ന്യായമായ വിലയ്ക്ക് വിദേശ രാജ്യങ്ങളിൽനിന്നും നേരിട്ട് സംഭരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019 മാർച്ച് മാസം മുതൽ കാഷ്യൂ ബോർഡ് കാപ്പെക്സിന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് നൽകിവരുന്നു.

(സി) കാഷ്യൂ കോർപ്പറേഷനിലും കാപ്പെക്സിലുമായി പുതുതായി ആയിരം തൊഴിലാളികളെക്കൂടി നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതികളുടെ ഭാഗമായി കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലും കോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിലും 1000 വീതം തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആധുനികവത്ക്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിനുമായി കശുവണ്ടി കോർപ്പറേഷനും കാപ്പെക്സിനും ഈ സർക്കാർ എത്ര കോടി രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആധുനികവത്ക്കരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷന് 53.50 കോടി രൂപയും കാപ്പെക്സിന് 5.19 കോടി രൂപയും അനുവദിച്ചു. ഗ്രാറ്റുവിറ്റി നൽകുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷന് 47.50 കോടി രൂപയും കാപ്പെക്സിന് 4.61 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കുടിശ്ശികയില്ലാതെ 2015 മുതൽ 2020 വരെയുള്ള ഗ്രാറ്റുവിറ്റി മുഴുവനും കൊടുത്തുതീർക്കുന്നതിന് 63 കോടി രൂപ വകയിരുത്തിക്കൊണ്ട് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്.

## മലയോര ഹൈവേ നിർമ്മാണം

19 (*108) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നിർമ്മിക്കുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ പ്രതീക്ഷിച്ച വേഗത്തിൽ മുന്നോട്ട് പോകുന്നില്ലായെന്നത് വസ്തുതയാണോ; എങ്കിൽ അതിന്റെ കാരണം എന്താണെന്നറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ 1251.04 കി.മീ. നീളത്തിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. 12 മീറ്റർ വീതിയിലാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. നിലവിലുള്ള പഞ്ചായത്ത് റോഡുകൾ, പൊതുമരാമത്ത് റോഡുകൾ, ദേശീയപാതാ റോഡുകൾ എന്നിവ ബന്ധപ്പെടുത്തിയാണ് മലയോര ഹൈവേയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. മലയോര ഹൈവേയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വില നൽകി ഭൂമി ഏറ്റെടുത്തുള്ള വികസനം മലയോര ഹൈവേ നിർമ്മാണത്തിൽ സ്വീകരിച്ചിട്ടില്ല. അതിനാൽ ഭൂമി ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ മലയോര ഹൈവേ നിർമ്മാണം വേഗത്തിൽ പുരോഗമിക്കുന്നുണ്ട്. എന്നാൽ 12 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ തരത്തിൽ ഭൂമി ലഭ്യമായിട്ടില്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത സ്ഥലങ്ങളിലെ ജനപ്രതിനിധികളുടെ സഹായത്തോടെ സൗജന്യമായി ഭൂമി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുപോലെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം. കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ മലയോര ഹൈവേയുടെ അലൈൻമെന്റ് വനഭൂമിയിലൂടെ കടന്നു പോകുന്നുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ വനഭൂമി ലഭ്യമാക്കിയാൽ മാത്രമേ പൂർണ്ണമായിട്ടും ഹൈവേ നിർമ്മാണം സാധ്യമാകുകയുള്ളൂ. ഇതിനായി വനം വകുപ്പിന് അപേക്ഷകൾ പ്രസ്തുത ജില്ലകളിൽനിന്നും സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിൽനിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സ്ഥലം ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ മലയോര ഹൈവേ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ 4 റീച്ചുകളിൽ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. ഇതിൽ ഒരു റീച്ചിലെ പ്രവൃത്തി ഏറ്റെടുത്ത

കരാറുകാരൻ മരിച്ചുപോയതിനാൽ ബാലൻസ് പ്രവൃത്തി പുന:ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ മലയോര ഹൈവേ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചു. ഇടുക്കി ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 10 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഒരു റീച്ചിന്റെ പ്രവൃത്തി 22 ശതമാനവും മറ്റൊരു റീച്ചിലെ പ്രവൃത്തി 7 ശതമാനവും പൂർത്തീകരിച്ചു. തുടർപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 10 ശതമാനവും വയനാട് ജില്ലയിൽ ആരംഭിച്ച ഒരു പ്രവൃത്തി 25 ശതമാനവും പൂർത്തീകരിച്ചു. കണ്ണൂർ ജില്ലയിൽ മലയോര ഹൈവേയിലെ ആദ്യഘട്ടം 2016-ൽ ഡി.എഫ്.ഐ.പി.-യിൽ ഉൾപ്പെടുത്തി ആരംഭിച്ചിരുന്നതാണ്. ടി പ്രവൃത്തിയുടെ റോഡ് മാർക്കിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 4 റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു. മൂന്ന് റീച്ചുകളിലെ പ്രവൃത്തികൾ നല്ല പുരോഗതിയിലാണ്. ഇതിൽ നന്ദാരപ്പടവ് ചേവാർ റീച്ചിലെ പ്രവൃത്തി 99 ശതമാനവും പൂർത്തീകരിച്ചു. കോളിച്ചാൽ ചെറുപുഴ റീച്ചിലെ പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. കൂടാതെ കോളിച്ചാൽ എടപ്പറമ്പ റീച്ചിലെ പ്രവൃത്തി 60 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. മലയോര ഹൈവേയ്ക്കാവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കി മറ്റ് റീച്ചുകളിൽക്കൂടി നടപ്പിലാക്കി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനകം കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു; വിശദാംശം നൽകാമോ?

മലയോര ഹൈവേയുടെ നിർമ്മാണം ഓരോ ജില്ലയിലും വിവിധ റീച്ചുകളിലായി തിരിച്ചാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നായി 27 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ 21 റീച്ചുകളുടെ ഡി.പി.ആറിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിരുന്നു. ഇതുസംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബി അംഗീകാരം ലഭിച്ച റീച്ചുകളിൽ ഇതിനകം എത്ര കി.മീ. റോഡിന്റെ പണി പൂർത്തിയായെന്ന് വെളിപ്പെടുത്താമോ?

തിരുവനന്തപുരം ജില്ലയിൽ അംഗീകാരം ലഭിച്ച 61.7 കി.മീ. റീച്ചിൽ 18.97 കി.മീ.-ൽ WMM വരെ പൂർത്തിയായിട്ടുണ്ട്. 9 കി.മീ. നീളത്തിൽ DBM പൂർത്തിയായി. അതോടൊപ്പം ഓടയുടെ പ്രവൃത്തി, കലുങ്ക് നിർമ്മാണം, സംരക്ഷണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിത്തി നിർമ്മാണം, റോഡ് വീതികൂട്ടൽ മുതലായവ നടന്നുവരുന്നു. കൊല്ലം ജില്ലയിൽ 46.10 കി.മീ. (99%) പ്രവൃത്തി പൂർത്തീകരിച്ചു. ഇടുക്കി നിരത്ത് വിഭാഗത്തിനുകീഴിൽ കുട്ടിക്കാനം ചപ്പാത്ത് റോഡിൽ (0/000 മുതൽ 19/000) ആദ്യത്തെ 8 കി.മീ. വീതികൂട്ടൽ, കലുങ്ക് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 8 കി.മീ. മുതൽ വീതികൂട്ടൽ നടന്നുവരുന്നു. കണ്ണൂർ ജില്ലയിൽ 49.135 കി.മീ. നീളത്തിൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. റോഡ് മാർക്കിംഗ് മാത്രമേ അവശേഷിക്കുന്നുള്ളൂ. കാസർഗോഡ് ജില്ലയിൽ നന്ദാരപ്പടവ് മുതൽ ചേവാർ വരെയുള്ള 23 കി.മീ. ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മലയോര ഹൈവേയുടെ വനം മേഖലകളിലൂടെ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

മലയോര ഹൈവേ നിർമ്മാണത്തിനായി കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ വനഭൂമി ആവശ്യമായി വരുന്നുണ്ട്. ഈ ജില്ലകളിൽനിന്നും വനഭൂമി ലഭ്യമാക്കുന്നതിനായി വനം വകുപ്പിന് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിരുന്നുവെങ്കിലും വനം വകുപ്പിൽനിന്നും അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

## പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സജ്ജീകരണം

20 (*109) ശ്രീ. കെ. രാജൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്തക്കെടുതികളിൽനിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ഈ സർക്കാരിന് സാധിക്കുമെന്നതിന്റെ മാതൃകയാണോ ബുറേവി ചുഴലിക്കൊടുങ്കാറ്റിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

അതെ. ബുറേവി ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് കൃത്യമായ മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും കൺട്രോൾ റൂമുകൾ പ്രവർത്തിച്ചിരുന്നു. കേന്ദ്ര കാലാവസ്ഥാ

വകുപ്പിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ചുഴലിക്കാറ്റ് മുന്നറിയിപ്പ് സന്ദേശങ്ങൾ ഔദ്യോഗിക വെബ്സൈറ്റുകൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും ഉദ്യോഗസ്ഥരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിച്ചു. മത്സ്യത്തൊഴിലാളി ജാഗ്രതാ നിർദ്ദേശങ്ങളും മഴ മുന്നറിയിപ്പും ഡാമുകളുടെയും നദികളുടെയും ജലനിരപ്പും മറ്റ് ജാഗ്രതാ നിർദ്ദേശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് കൃത്യമായ ഇടവേളകളിൽ നൽകിയിരുന്നു. ചുഴലിക്കാറ്റ് സാധ്യതാ മേഖലകളിൽനിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിരുന്നു.

(ബി) പ്രകൃതി ദുരന്തങ്ങൾക്കുമുന്നിൽ പകച്ചുനിൽക്കാതെ സത്വരമായി ഇടപെട്ട് സാഹചര്യങ്ങൾ അനുകൂലമാക്കി മാറ്റുന്നതിനുള്ള പ്രയത്നം വിജയകരമായത് സർക്കാരിന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വളരെ കൃത്യവും ആസൂത്രിതവുമായ മുൻകരുതൽ നടപടികളാണ് സർക്കാർ പ്രകൃതി ദുരന്തങ്ങൾ നേരിടാൻ കൈക്കൊണ്ടത്. ഓഖി, പ്രളയം, നിപ്പ, കോവിഡ്, വിവിധ ചുഴലിക്കാറ്റുകൾ, മറ്റ് ദുരന്തങ്ങൾ മുതലായവ നേരിടുന്നതിൽ സർക്കാർ കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തി. ഇത് സർക്കാരിന്റെ ആത്മവിശ്വാസം വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ദുരന്തത്തിന്റെ വഴി അറിയാനും തീവ്രത അളക്കാനും മുൻകാലങ്ങളിൽ ലഭ്യമല്ലാതിരുന്ന അറിവും സാങ്കേതിക വൈദഗ്ദ്ധ്യവും രക്ഷാപ്രവർത്തനങ്ങളിൽ മുതൽക്കൂട്ടാകുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദുരന്തത്തിന്റെ വഴി അറിയാനും തീവ്രത അളക്കാനും ഒട്ടേറെ പുതിയ സംവിധാനങ്ങൾ നിലവിലുണ്ട്. പുതിയതായി സ്ഥാപിച്ച ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ കൂടുതൽ കൃത്യതയാർന്ന കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നു. വിവിധ കാലാവസ്ഥാ പ്രവചന മോഡലുകളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഏതൊക്കെ പഞ്ചായത്തുകളെ ചുഴലിക്കാറ്റ് പോലുള്ള ദുരന്തങ്ങൾ ബാധിക്കുമെന്ന് ജി.ഐ.എസ്. സംവിധാനം ഉപയോഗിച്ച് പഠിക്കുകയും അതുപ്രകാരമുള്ള കൃത്യമായ മുന്നറിയിപ്പുകൾ പഞ്ചായത്തുകൾക്ക് നൽകുന്നതും ബുറേവി ചുഴലിക്കാറ്റിന്റെ മുന്നൊരുക്കത്തിലും സാധ്യമാക്കിയിരുന്നു.

(ഡി) വരുംകാലങ്ങളിൽ പ്രകൃതിദുരന്തങ്ങളുണ്ടായാൽ അവയെ നേരിടുന്നതിനും ദുരന്തലഘൂകരണത്തിനുമായി എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളു മാണ് ഒരുക്കിയിട്ടുള്ളതെന്നും ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ദുരന്തനിവാരണ രംഗത്ത് സമഗ്രമായ പുരോഗതിയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. സംസ്ഥാനത്തെ ദുരന്ത പ്രതിരോധ-പ്രതികരണ-ലഘൂകരണ പ്രവർത്തനങ്ങളിൽ മുൻഅനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ നിരവധിയായ നൂതന സംവിധാനങ്ങളും സജ്ജീകരണങ്ങളും നടപ്പിലാക്കി. സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതലയുള്ള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം അത്യാധുനിക സൗകര്യങ്ങളോടെ പൂർത്തിയാക്കി പൂർണ്ണസജ്ജമായി പ്രവർത്തനമാരംഭിച്ചു. ദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ ശാസ്ത്ര-സാങ്കേതിക-വിഷയ വിദഗ്ധരെ നിയമിച്ചു. ജില്ലാതലത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളും (DEOC) സജ്ജമാക്കി. V-SAT, INMARSAT, Hotline തുടങ്ങി ഏത് അടിയന്തര ഘട്ടത്തിലും തടസ്സമില്ലാതെ ആശയവിനിമയം നടത്താൻവേണ്ട സജ്ജീകരണങ്ങൾ ഒരുക്കി. സംസ്ഥാന-ജില്ലാ ദുരന്തനിവാരണ പ്ലാനുകൾ പുതുക്കുന്ന പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്ത് സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങളുടെ സാധ്യതാ ഭൂപടങ്ങൾ തയ്യാറാക്കി പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു. സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സുപ്രധാന മേഖലകളിലും വിവിധ സർക്കാർ വകുപ്പുകളിലും പ്രത്യേകമായി ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കി. പ്രളയവുമായി ബന്ധപ്പെട്ട് രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും പങ്കെടുത്ത സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് 3 ലക്ഷം അംഗങ്ങളുടെ സന്നദ്ധസേന രൂപീകരിക്കുകയും ആവശ്യമായ പരിശീലനം നൽകുകയുംചെയ്തു. സംസ്ഥാനത്ത് 100 ഓട്ടോമേറ്റഡ് കാലാവസ്ഥാമാപിനികൾ സ്ഥാപിക്കാനുള്ള പ്രവർത്തനം ആരംഭിച്ചു. ഇടിമിന്നൽ മുന്നറിയിപ്പ് കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് 4 ഇടിമിന്നൽ സെൻസറുകൾ സ്ഥാപിച്ചു. വിനാശകരമായ അൾട്രാ വയലറ്റ് രശ്മികളുടെ സാന്നിധ്യം മനസ്സിലാക്കാനും അതനുസരിച്ചുള്ള മുന്നറിയിപ്പുകൾ ജനങ്ങൾക്ക് നൽകാനുമായി എല്ലാ ജില്ലകളിലും UV സെൻസറുകൾ സ്ഥാപിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഉഷ്ണകാല ദുരന്തങ്ങളുടെ ലഘൂകരണത്തിനായി സംസ്ഥാന ഉഷ്ണകാല ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രാജ്യത്ത് ആദ്യമായി വൾനറബിലിറ്റി ലിങ്ക്ഡ് റീലൊക്കേഷൻ എന്ന ആശയം നടപ്പിലാക്കി. ദുരന്തഘട്ടങ്ങളിൽ ഇടപെടൽ സാധ്യമാക്കുന്നതിനായി താലൂക്കുതലംവരെ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം സ്ഥാപിച്ച് ഉദ്യോഗസ്ഥർക്കാവശ്യമായ പരിശീലനം നൽകി. മോക്ക്ഡ്രില്ലുകൾ സംഘടിപ്പിച്ചു. ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി ലോകബാങ്കിന്റെ കൂടി സാമ്പത്തിക സഹകരണത്തോടെ സംസ്ഥാനത്ത് ദുരിതാശ്വാസ കേന്ദ്രങ്ങളായി ഉപയോഗിക്കാൻ മൾട്ടി പർപ്പസ് ഷെൽട്ടർ കെട്ടിടങ്ങളുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കേരളത്തിലെ അണക്കെട്ടുകൾക്ക് എമർജൻസി ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. കേന്ദ്ര ജലകമ്മീഷന്റെ പ്രളയ മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി 38 സ്റ്റേഷനുകൾ സ്ഥാപിച്ചു.

## റവന്യൂ വകുപ്പിലെ ആധുനികവൽക്കരണം

21 (*110) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ആധുനികവൽക്കരണ ശ്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുന്നതിലേയ്ക്കായി സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയത് ചുവടെ ചേർക്കുന്നു:

(1) ഭൂരേഖ ഡിജിറ്റൈസേഷൻ (2) വില്ലേജ് റെക്കോർഡുകളുടെ സ്കാനിംഗ് ഡിജിറ്റൈസേഷൻ (3) യൂണിക് തണ്ടപ്പേർ (4) ഓൺലൈൻ പോക്കുവരവ് (5) ഭൂനക്ഷ (6) ലാന്റ് അക്വിസിഷൻ (7) ഓൺലൈൻ ഭൂനികുതി (8) റവന്യൂ ഇ പേയ്മെന്റ് (9) പോയിന്റ് ഓഫ് സെയിൽ മെഷീനുകളുടെ (PoS) ഇന്റഗ്രേഷൻ (10) റവന്യൂ പോർട്ടൽ (11) മോഡേൺ റെക്കോർഡ് റൂം (12) ഐ.റ്റി. ഹാർഡ് വെയർ (13) ഫെസിലിറ്റി മാനേജ്മെന്റ് (14) റവന്യൂ മിത്രം. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ സർവ്വെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആധുനിക സർവ്വെ സംവിധാനമായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സർവ്വെ ഓഫ് ഇന്ത്യ മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഇ-ഓഫീസ് സംവിധാനം വകുപ്പിൽ എത്രത്തോളം നടപ്പാക്കിയെന്നറിയിക്കാമോ?

ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വെ ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സർവ്വെ ഡയറക്ടറുടെ കാര്യാലയം, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ നാല് സെക്ഷനുകൾ, 14 ജില്ലാ കളക്ടറേറ്റ്, 13 താലൂക്ക് ഓഫീസ്, 22 RDO, 122 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിലവിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന ഓൺലൈനായി സർട്ടിഫിക്കറ്റുകൾ നൽകുന്നത് വ്യാപകമായിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ?

'ഇ-ഡിസ്ട്രിക്ട്' സേവനങ്ങൾ പൊതുജനങ്ങൾ വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്. 'ഇ-ഡിസ്ട്രിക്ട്' പദ്ധതി പ്രകാരം 53125962 സാക്ഷ്യപത്രങ്ങൾ നാളിതുവരെ നൽകിയിട്ടുണ്ട്. കൂടാതെ 5524 അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ജനങ്ങൾ വ്യാപകമായി ഈ സംവിധാനം ഉപയോഗിച്ചുവരുന്നതായാണ് കാണുന്നത്.

(ഡി) സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും അവയുടെ പ്രിന്റ് എടുക്കുന്നതിനും അനുവദിക്കുന്ന സൗകര്യം നൽകിയതിനോട് ജനങ്ങളുടെ പ്രതികരണം എപ്രകാരമാണെന്നറിയിക്കുമോ?

സർട്ടിഫിക്കറ്റുകൾക്കായി ഓൺലൈൻ അപേക്ഷിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും അവയുടെ പ്രിന്റ് എടുക്കുന്നതിനും സൗകര്യം അനുവദിച്ചു നൽകിയതിനോട് ജനങ്ങളിൽനിന്ന് വളരെ അനുകൂലമായ സമീപനമാണ് കാണുന്നത്.

(ഇ) എല്ലാ വില്ലേജുകളിലും കാർഡ് മുഖേന നികുതി സ്വീകരിക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ടോ; പണമായി നികുതി സ്വീകരിക്കുന്നത് നിർത്തലാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാർഡ് മുഖേന നികുതി അടയ്ക്കുന്ന സംവിധാനം 1005 വില്ലേജുകളിൽ നിലവിൽ വന്നിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽക്കൂടി ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പണമായി നികുതി സ്വീകരിക്കുന്ന സംവിധാനം നിർത്തലാക്കിയിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

22 (*111) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാംസ്കാരിക ഉന്നമനത്തിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുസമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതുവിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം, 2015-16 വർഷം പൊതുവിഭാഗത്തിന്റേത് 1,64,554 രൂപയും മത്സ്യത്തൊഴിലാളിയുടേത് 81,494 രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യവിഭവ സംരക്ഷണത്തിനും വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച് ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ വകുപ്പിനും അനുബന്ധ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ നേരിയ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ (2018-19-ലെ ത്വരിത പരിശോധനാ കണക്ക പ്രകാരം) പൊതുവിഭാഗത്തിന്റെ ആളോഹരി പ്രതിശീർഷ വരുമാനം 2,25,484 രൂപയും മത്സ്യത്തൊഴിലാളികളുടേത് 1,10,960 രൂപയുമാണ്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1. സമ്പാദ്യ സമാശ്വാസ പദ്ധതി 2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനഃരധിവാസ പദ്ധതികൾ. 3. വിദ്യാഭ്യാസ സഹായ പദ്ധതികൾ. 4.മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി. 5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി. 6. ഓഖി പുനരധിവാസ പദ്ധതികൾ. 7.മത്സ്യത്തൊഴിലാളി/ അനുബന്ധ ത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി. 8. കേരള മത്സ്യ ത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ. 9. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ. 10. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

മത്സ്യത്തൊഴിലാളി മേഖലയിലെ ആരോഗ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും സാംസ്കാരിക ഉന്നമനത്തിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സംസ്ഥാന സർക്കാർ, നബാർഡ് എന്നിവിടങ്ങളിലെ ഫണ്ടുപയോഗിച്ച് വിവിധ ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഏകദേശം 30.85 കോടി രൂപയ്ക്ക് തീരദേശത്തിലെ ഫിഷറീസ് ആശുപത്രി, ജില്ലാ ആശുപത്രി, സി.എച്ച്.സി, പി.എച്ച്.സി. സബ് സെന്റർ, ഡിസ്പെൻസറി എന്നിവയ്ക്ക് കെട്ടിടനിർമ്മാണം, ഫർണിച്ചറുകൾ, ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ, മറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകൽ എന്നിവ പൂർത്തീകരിച്ചുവരുന്നു.

(ബി) തീരദേശ മേഖലയിലെ വിദ്യാലയങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശത്തെ വിദ്യാലയങ്ങളിൽ വിവിധ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സൗകര്യങ്ങളും വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, കിഫ്ബി എന്നിവയിൽനിന്നും കണ്ടെത്തിയ 145 കോടി രൂപ ധനസഹായത്തോടെ തെരഞ്ഞെടുത്ത സ്കൂളുകൾക്ക് അക്കാഡമിക് ബ്ലോക്കുകൾ, കിച്ചൻ ഷെഡ്, സ്മാർട്ട് ക്ലാസ്സ് മുറികൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, ടോയ്‌ലെറ്റ് ബ്ലോക്കുകൾ എന്നിവ നിർമ്മിച്ചുനൽകുന്നു. ഇവയ്ക്കുപുറമെ സ്കൂളിലേയ്ക്കാവശ്യമായ ഫർണിച്ചറുകൾ, സ്കൂൾ ഉപകരണങ്ങൾ, സ്പോർട്സ് അഭിരുചിക്കായി കളിസ്ഥലമൊരുക്കൽ, സ്പോട്സ് കിറ്റ് വിതരണം, മത്സ്യത്തൊഴിലാളി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം എന്നിവയും നടപ്പിലാക്കിവരുന്നു. 66.34 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെ മാത്രം 57 സ്കൂളുകളാണ് വികസിപ്പിച്ചെടുക്കുന്നത്. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ സാംസ്കാരിക ഉന്നതിക്കുമായി ഭാവിയിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

നിലവിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ മൈക്രോ ടീച്ചിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ്, സ്റ്റഡി ടൂർ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ സാംസ്കാരിക ഉന്നതിക്കുമായി ഭാവിയിലും തീരദേശ വികസന കോർപ്പറേഷൻ പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണ്ടെത്തുകയും വിവിധ ധനസ്രോതസ്സുകളിൽനിന്നും ഫണ്ട് കണ്ടെത്തി അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതുമാണ്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പൂരക പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 'പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി തീരദേശത്തെ ഗ്രന്ഥശാലകൾ ഓൺലൈൻ വിദ്യാഭ്യാസത്തി നനുഗുണമായ രീതിയിൽ പുനഃസംഘടിപ്പിക്കുകയും അത്തരം കേന്ദ്രങ്ങളെ മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുകയെന്നതാണ് ലക്ഷ്യം.

## വിദ്യാർത്ഥികളുടെ മാതൃഭാഷാ നിലവാരം ഉയർത്താൻ പദ്ധതികൾ

23 (*112) ശ്രീ. കെ. ഡി. പ്രസേനൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും മാതൃഭാഷാ പ്രയോഗം ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടേയും മാതൃഭാഷാ നൈപുണി മെച്ചപ്പെടുത്താൻ വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. # മാതൃഭാഷാശേഷി വികാസത്തിന് പഠനപിന്തുണ ആവശ്യമുള്ള പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്കായി ' മലയാളത്തിളക്കം' എന്ന പദ്ധതി നടപ്പിലാക്കി. # വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്കായി ' കുഞ്ഞുവായന' എന്ന വായനാ പരിപോഷണ പദ്ധതി # ഏഴാം ക്ലാസ്സുവരെയുള്ള എല്ലാ പ്രൈമറി കുട്ടികൾക്കുമായി വായനാ പരിപോഷണ പദ്ധതിയുടെ ഭാഗമായി വായനാ കാർഡുകൾ തയ്യാറാക്കി. # മൂന്ന് മുതൽ പത്തുവരെ ക്ലാസ്സുകൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിലൂടെ മാതൃഭാഷയെ ശക്തിപ്പെടുത്തുന്ന വൈവിധ്യമാർന്ന പരിപാടികൾ. കോവിഡ് ഘട്ടത്തിൽ വിനിമയ സൗകര്യത്തിനായി മൊഡ്യൂളുകളുടെ ഡിജിറ്റൽ പതിപ്പുകൾ എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. # തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാള ഭാഷ സ്വായത്തമാക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. # 2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരംവരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

(ബി) മലയാള ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള 'മലയാളത്തിളക്കം' പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കി വരുന്നുണ്ടോ?

മലയാള ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി ആവിഷ്കരിച്ച ' മലയാളത്തിളക്കം' എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. 2016-17-ൽ തുടങ്ങിയ പദ്ധതി കാലാനുസൃതമായ പരിഷ്കാരം വരുത്തി ഈ അധ്യയന വർഷത്തിലും തുടർന്നുവരുന്നു. മലയാളത്തിളക്കം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കിയതിൽനിന്നും ലഭിച്ച അനുഭവപാഠങ്ങൾ പ്രയോജനപ്പെടുത്തി ഭാഷാ വികാസത്തിനും പരിപോഷണത്തിനുമായുള്ള പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പാക്കുന്നുണ്ട്.

(സി) ഹയർ സെക്കണ്ടറി തലത്തിൽ ഏതെല്ലാം വിഷയങ്ങളുടെ പാഠ പുസ്തകങ്ങളാണ് മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ നടപടി സ്വീകരിച്ചി ട്ടുള്ളത്?

ഹയർ സെക്കണ്ടറി വിഭാഗത്തിലെ 26 കോർ വിഷയങ്ങളുടെ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും 74 ടൈറ്റിൽ പാഠപുസ്തകങ്ങൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പരിഭാഷ ചെയ്ത പാഠപുസ്തകങ്ങൾ "സമഗ്ര" വിദ്യാഭ്യാസ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പിന്തുടരുന്ന എല്ലാ സ്കൂളുകളും മലയാള ഭാഷ പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരംവരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ,, ഐ.സി.എസ്.ഇ. സിലബസ് പിന്തുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നത് ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർ സന്ദർശനം നടത്തി പരിശോധി ക്കുന്നുമുണ്ട്.

## സ്കൂൾ തുറക്കുന്നതിന് കോവിഡ് പ്രതിരോധ മാർഗ്ഗനിർദ്ദേശങ്ങൾ

24 (*113) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയെത്തുടർന്ന് മാസങ്ങളായി അടച്ചിട്ടിരിക്കുന്ന സ്കൂളുകൾ തുറക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

17-12-2020-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ 2021 ജനവരി 1 മുതൽ 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠനത്തിനും, റിവിഷനും, സംശയദൂരീ കരണത്തിനുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ സ്കൂളിലെത്താമെന്ന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജനവരി 1 മുതൽ 10, 12 ക്ലാസ്സിലെ കുട്ടികൾ സ്കൂളിലെത്തി പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നുണ്ട്. 300 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ ഒരു ദിവസം 50 ശതമാനവും 300-ന് മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ 25 ശതമാനം കുട്ടികളും, ആദ്യ ആഴ്ച ഒരു ബഞ്ചിൽ ഒരു കുട്ടി എന്ന നിലയിലുമാണ് കുട്ടികളെ ക്രമീകരിച്ചിരിക്കുന്നത്. മറ്റ് ക്ലാസ്സുകളിലെ കുട്ടികൾ സ്കൂളുകളിലെത്തുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

(ബി) സ്കൂൾ തുറക്കുന്നതിന് കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചതെന്നറിയിക്കുമോ;

&

(സി) സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നും ശാരീരിക അകലം, മറ്റ് കോവിഡ് പ്രതിരോധ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നറിയിക്കുമോ?

ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാദ്ധ്യാപകർക്കും അദ്ധ്യാപകർക്കും കുട്ടികൾക്കുമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസിലും സാനിറ്റൈസർ വിതരണം ചെയ്തു. കൂടാതെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു വെറ്റ്മാറ്റ്, ഒരു ഡ്രൈമാറ്റ്, പ്ലാസ്റ്റിക് ട്രേ, ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയുൾപ്പെടുന്ന ഒരു കിറ്റും സ്കൂളുകളിലെത്തിച്ചുനൽകിയിട്ടുണ്ട്. കുട്ടികൾ ശാരീരിക അകലം പാലിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളടങ്ങിയ വിശദമായ മാർഗ്ഗരേഖ ആരോഗ്യവകുപ്പിന്റെ ഉപദേശാനുസരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ സ്കൂളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനും സെല്ലിലുൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രോഗലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഓരോ സ്കൂളിലും സിക്ക് റൂം സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യസഹായം ആവശ്യമുണ്ടെങ്കിൽ ആയതിനുള്ള സൗകര്യവും ആരോഗ്യവകുപ്പുമായി ചേർന്നൊരുക്കിയിട്ടുണ്ട്. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുവെന്ന് സ്കൂളുകൾ സന്ദർശിച്ച് ഉറപ്പുവരുത്തുന്നതിന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിലും ഇക്കാര്യങ്ങളിൽ നിരീക്ഷണങ്ങൾ നടന്നുവരുന്നുണ്ട്.

(ഡി) വിദ്യാർത്ഥികളുടെ പഠന പ്രയാസങ്ങളും മറ്റ് ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് കൗൺസിലിംഗ് ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കൗൺസിലിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പത്ത്, പ്ലസ്ടു തുടങ്ങിയ ക്ലാസുകളൊഴികെയുള്ള മറ്റ് ക്ലാസ്സുകൾക്ക് എന്നത്തേയ്ക്ക് സ്കൂൾ തുറന്ന് പഠനം ആരംഭിക്കുമെന്നുള്ള വിവരങ്ങൾ അറിയിക്കുമോ?

ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**മരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

25 (*114) ശ്രീ. എം. സ്വരാജ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. ടി. എ. റഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലം പൊളിച്ച് പണിയുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; മുൻ സർക്കാരിൽനിന്നും വ്യത്യസ്തമായി പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

പാലാരിവട്ടം പാലം പൊളിച്ചുപണിയുന്നത് 9 മാസംകൊണ്ട് പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെ പ്രസ്തുത പ്രവൃത്തി 2020 സെപ്റ്റംബർ 28-ന് ഡി.എം.ആർ.സി. ആരംഭിച്ചു. പൊളിക്കുന്ന ജോലികളെല്ലാം നിലവിൽ അവസാനിച്ചു. പുനർനിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഡി.എം.ആർ.സി. ഒരു മുഴുവൻ സമയ ചീഫ് എഞ്ചിനീയറെയും സൈറ്റിൽ മറ്റ് 6 എഞ്ചിനീയർമാരുടെ സഹായത്തോടെ വിന്യസിച്ചിട്ടുണ്ട്. എല്ലാ പുതിയ ഗർഡറുകളും ഒരു സെൻട്രൽ കാസ്റ്റിംഗ് യാർഡിൽ പ്രീകാസ്റ്റ് ചെയ്യുകയും പ്രീ-സ്ട്രെസ് ചെയ്യുകയും ചെയ്യുന്നു. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികൾക്ക് IRC, MoRTH മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം നൽകുകയും പൊതുമരാമത്ത് മാന്വൽ, ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ പ്രകാരം ഫീൽഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. "പുതിയകാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തു ന്നതിനായി Three-tier Quality Control system നിലവിൽ വരുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ കരാറുകാരുടെ ഉത്തരവാദിത്വത്തിൽ ഗുണമേന്മാ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്യുന്നു. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പ്രവൃത്തികൾ നടക്കുമ്പോൾ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ആവശ്യമായ തുടർനടപടികൾക്കായി സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആവശ്യമായ പ്രവൃത്തികൾക്ക് 3rd tier ക്വാളിറ്റി പരിശോധനയും നടപ്പിലാക്കിവരുന്നു. ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവൃത്തികൾക്ക് ഫൈനൽ പേമെന്റ് നടത്താറുള്ളൂ. 25-11-2019-ലെ ജി.ഒ.(പി)നമ്പർ 161/2019/ധന. പ്രകാരം നിഷ്കർഷിച്ചിട്ടുള്ള DLP കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽത്തന്നെ ക്രമീകരിച്ചുവരുന്നു.

(ബി) കേരളത്തിലെ മഴകൂടിയ കാലാവസ്ഥയെ അതിജീവിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ലൈറ്റ് വൈറ്റ് ടോപ്പിംഗ്, കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ പ്രാവർത്തിക മാക്കുന്നതിനും നൂതന യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും സാധിച്ചിരുന്നോ; വ്യക്തമാക്കുമോ?

ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിനുപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യ (ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി (milling)) നടപ്പിലാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം- ചന്ദനപ്പള്ളി-കൂടൽ റോഡ് 5.9 കി.മീ. ദൂരം ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നേരിട്ട് യന്ത്ര സാമഗ്രികൾ നിലവിൽ വാങ്ങാറില്ല. പ്രവൃത്തികൾക്കാവശ്യമായ യന്ത്ര

സാമഗ്രികൾ കരാറുകാരാണ് വാങ്ങാറുള്ളത്. നിലവിലുള്ള റോഡ് പ്രതലത്തിന് മുകളിലായി വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിലൂടെ ദീർഘകാലം ഈടുനിൽക്കുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് സാധിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട അനുയോജ്യമായ റോഡുകളിൽ ഈ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതാണ്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 8 കി.മീ. റോഡ് പൈലറ്റ് പ്രോജക്ടായി വൈറ്റ് ടോപ്പിംഗ് കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കോൺക്രീറ്റിംഗ്, കോൺക്രീറ്റ് ടൈലുകൾ എന്നിവയും ചെയ്തുവരുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെയും IRC-യുടെയും മാനദണ്ഡങ്ങൾ പ്രകാരമാണ്. ഇതിൽ ലൈറ്റ് വൈറ്റ് ടോപ്പിംഗ് ഉൾപ്പെട്ടിട്ടില്ല. ആധുനിക സാങ്കേതികവിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ്, ഉപരിതലം പുതുക്കുന്ന പ്രവൃത്തികളും ബലപ്പെടുത്തൽ പ്രവൃത്തികളും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്.

(സി) നവീന സാങ്കേതിക വിദ്യാധിഷ്ഠിത നിർമ്മാണ രീതികളോടൊപ്പം തന്നെ കയർ ഭൂവസ്ത്രം, റബ്ബർ ചേർന്ന ടാർ മിശ്രിതം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് തുടങ്ങിയവയുടെ ഉപയോഗം വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ?

26-3-2018-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 527/2018/പൊ.മ.വ. പ്രകാരം നൂതന സാങ്കേതിക വിദ്യകളായ പ്ലാസ്റ്റിക്, റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ, കയർ, ഭൂവസ്ത്രം എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 12-7-2019-ലെ സ.ഉ.(സാധാ) നമ്പർ872/2019/പൊ.മ.വ. പ്രകാരം റോഡ് നിർമ്മാണത്തിനായി ഗുണമേന്മയുള്ള കയർ ഭൂവസ്ത്രങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50 ശതമാനം നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്ലാസ്റ്റിക് ഉപയോഗിച്ചു കൊണ്ടുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിവരുന്നു. ദൃഢത, ഉറപ്പ്, വെള്ളംമൂലമുണ്ടാകുന്ന കേടുപാടുകളിൽനിന്നുള്ള ഉയർന്ന പ്രതിരോധ ശേഷി എന്നിവ പ്ലാസ്റ്റിക് റോഡുകളുടെ ഗുണങ്ങളാണ്. 2016-17 മുതൽ 512 കി.മീ. ദൂരം പ്ലാസ്റ്റിക് മാലിന്യം (ഏകദേശം 744 ടൺ) ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് നിരത്തു വിഭാഗത്തിനുകീഴിൽ നാളിതുവരെ 50

കി.മീ. ദൂരം റോഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ചും 2672 കി.മീ. ദൂരം നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു പദ്ധതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള റോഡ് നിർമ്മിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളുടെ നിർമ്മാണം Natural Rubber Modified Bitumen (NRMB) ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷം അനുമതി ലഭിച്ച CRF പദ്ധതിയിലുൾപ്പെട്ട 56 പ്രവൃത്തികളിൽ ബിറ്റുമിനസ് കോൺക്രീറ്റിൽ 1 കി.മീ. നീളത്തിൽ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## റീസർവ്വേയിലെ തെറ്റുകൾക്ക് പരിഹാരം

26 (*115) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ:

(എ) പുരയിടമായി കിടന്ന സ്ഥലങ്ങൾ റീസർവ്വേയിൽ തോട്ടമെന്ന് തെറ്റായി രേഖപ്പെടുത്തിയതുമൂലം സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ രാമപുരം, ഈരാറ്റുപേട്ട വില്ലേജുകളിലും കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത് വില്ലേജിലെയും റീസർവ്വേയ്ക്കുശേഷം ഇനം പുരയിടം എന്നത് തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിക്കാണുന്നു.

(ബി) ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവുമൂലമുണ്ടായിട്ടുള്ള ഇത്തരം തെറ്റുകളാൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റീസർവ്വെ ചെയ്ത സമയത്ത് റബ്ബർ, തെങ്ങ്, കാപ്പി മുതലായവ കൃഷി ചെയ്തിരുന്നതിനാലാണ് റീസർവ്വെയ്ക്കുശേഷം ഭൂമിയുടെ ഇനം തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തുവാനിടയായിട്ടുള്ളത്. റീസർവ്വെയിൽ വന്നിട്ടുള്ള ഈ അപാകതകൾ സെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ച് തെറ്റായി തോട്ടം എന്ന് രേഖപ്പെടുത്തിയത് തിരുത്തി പുരയിടം എന്ന് മാറ്റി നൽകുന്നതിന് 26-8-2017-ലെ സ.ഉ. (എം.എസ്.)303/2017/റവ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ മീനച്ചിൽ, കാഞ്ഞിരപ്പള്ളി ഭൂരേഖാ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതുപ്രകാരം കക്ഷികളിൽനിന്ന് ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി, മീനച്ചിൽ ഭൂരേഖാ തഹസിൽദാർമാർ റവന്യൂ റിക്കാർഡുകളിൽ ആവശ്യമായ മാറ്റം നടത്തിവരുന്നതുമാണ്.

## എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ

27 (*116) ശ്രീ. ബി. സത്യൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനംമൂലം സ്കൂളുകളിൽ സാധാരണ രീതിയിലുള്ള അദ്ധ്യയനം സാധ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ വർഷാവസാന പരീക്ഷകൾ എപ്രകാരം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2019-20 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ പരീക്ഷകൾ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് വിജയകരമായി പൂർത്തീകരിച്ചിരുന്നു. അതേ മാതൃകയിൽ ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷകൾ മാർച്ച് 17 മുതൽ നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും മാർച്ചിലെ സാഹചര്യങ്ങൾകൂടി പരിഗണിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വിദ്യാലയങ്ങളിൽ ഏതെല്ലാം ക്ലാസ്സുകളിലാണ് റെഗുലർ ക്ലാസ്സുകൾ ആരംഭിച്ചിട്ടുള്ളത് ?

ഒരു ക്ലാസ്സിലും റെഗുലർ ക്ലാസ്സ് ആരംഭിച്ചിട്ടില്ല.

(സി) ഓൺലൈൻ ക്ലാസ്സുകൾ കൂടുതൽ ഫലപ്രദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഓൺലൈൻ ക്ലാസ്സുകൾ ഫലപ്രദമാക്കുന്നതിന് എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ, കൈറ്റ്, എസ്.ഐ.ഇ.ടി. എന്നീ ഏജൻസികൾ സംയുക്തമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ഡി) എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ സ്കൂളുകളിൽവച്ച് നടത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളും മുൻകരുതലുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് 19 വ്യാപനത്തോത് രൂക്ഷമായതിനെത്തുടർന്ന് 2019-20 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ അവസാന 2 ദിവസങ്ങളിലെ പരീക്ഷകൾ മാറ്റിവയ്ക്കുകയും, പിന്നീട് കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ഈ വർഷത്തെ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി പരീക്ഷകൾ മാർച്ച് 17 മുതൽ നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. പരീക്ഷയെഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കും മാസ്ക്, പരീക്ഷാഹാളിലേയ്ക്ക് പ്രവേശിക്കുന്നവർക്ക് തെർമൽ സ്കാനർ പരിശോധന, പരീക്ഷാജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഗ്ലൗസ് എന്നിവ നൽകുന്നതാണ്.

## പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

28 (*117) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. ഇക്കാര്യം എസ്.സി.ഇ.ആർ.ടി. രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഉപാധിരഹിത പട്ടയവിതരണം

29 (*119) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. വി. വിജയദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) സദയം മറുപടി നൽകുമോ:

(എ) ഏറെ വർഷങ്ങൾ റവന്യൂ ഓഫീസുകളിൽ കയറിയിറങ്ങിയിട്ടും കിടപ്പാടത്തിന് പട്ടയം ലഭിക്കാതെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവർക്ക് പട്ടയം നൽകാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ആകെ എത്ര പേർക്ക് പട്ടയം നൽകാനായിട്ടുണ്ട്?

താലൂക്കുതലത്തിൽ അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അസൈൻമെന്റ് പട്ടയങ്ങൾ നിയമാനുസരണം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്പെഷ്യൽ തഹസീൽദാർമാർക്ക് ലാൻഡ്

ട്രിബ്യൂണലുകളുടെ അധികച്ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽനിന്ന് പട്ടയം വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികളും ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ പട്ടയമേളകൾ സംഘടിപ്പിച്ച് അർഹരായവർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാക്കാനായുണ്ടായിരുന്ന രണ്ടുലക്ഷത്തിൽപ്പരം കേസുകൾ തീർപ്പാക്കി കുടിയാന്മാർക്കും കുടികിടപ്പുകാർക്കും മറ്റും പട്ടയം നൽകുന്ന തിന് സമയബന്ധിതവും ഊർജ്ജിതവുമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയുണ്ടായി. നിയമങ്ങളിൽ ആവശ്യമായ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പുറപ്പെടുവിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിച്ച വടക്കൻ ജില്ലകളിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾ സ്ഥാപിക്കുകയുണ്ടായി. ഇതര ജോലികൾ ചെയ്തിരുന്ന സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലിന്റെ അധികച്ചുമതല നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,47,222 കേസുകൾ തീർപ്പാക്കുകയും അർഹതയുള്ള 74,086 പേർക്ക് ലാൻഡ് ട്രൈബ്യൂണലിൽനിന്ന് ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 1,63,691 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) മറ്റെങ്ങും ഭൂമിയില്ലാതെ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ കൃഷി ചെയ്യാനും താമസമാക്കാനും നിർബന്ധിതരായവർക്ക് പട്ടയം നൽകാൻ പ്രത്യേക പദ്ധതിയുണ്ടോ?

പതിവിന് വിധേയമായ റവന്യൂ പുറമ്പോക്ക് ഭൂമിയിലെ കൈവശക്കാർക്ക് ഭൂമി പതിവ് ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം നൽകിവരുന്നു. തോട്, പുഴ, റോഡ് പുറമ്പോക്കിലെ താമസക്കാർക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം/കൈവശരേഖ നൽകിവരുന്നു.

(സി) ഇടുക്കി ജില്ലയിൽ ഉൾപ്പെടെ ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ; ലാന്റ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാകാതെ കിടന്ന കേസുകൾ തീർപ്പാക്കാൻ വേണ്ട ഇടപെടൽ നടത്തിയിരുന്നോ എന്ന് അറിയിക്കാമോ?

വിവിധ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ വിവിധ ഭൂമി പതിവ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി

നിയമാനുസൃതം അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ തീർപ്പാകാതെ കിടന്ന 701 കേസുകളിൽ 339 കേസുകളിൽ ക്രയ സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന 362 കേസുകൾ തുടർനടപടിയിലിരിക്കുന്നതാണ്. ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും കേസുകൾ അതിവേഗം തീർപ്പാക്കി അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള തീവ്രമായ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി വലിയ തോതിൽ കേസുകൾ ലാൻഡ് ട്രൈബ്യൂണലിൽ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണൽ മുമ്പാകെ തീർപ്പാക്കാനായുണ്ടായിരുന്ന രണ്ടുലക്ഷത്തിൽപ്പരം കേസുകൾ തീർപ്പാക്കി കുടിയാന്മാർക്കും കുടികിടപ്പുകാർക്കും മറ്റും പട്ടയം നൽകുന്നതിന് സമയബന്ധിതവും ഊർജ്ജിതവുമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയുണ്ടായി. നിയമങ്ങളിൽ ആവശ്യമായ സ്പഷ്ടീകരണം നൽകിക്കൊണ്ട് ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പുറപ്പെടുവിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിച്ച വടക്കൻ ജില്ലകളിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾ സ്ഥാപിക്കുകയുണ്ടായി. ഇതര ജോലികൾ ചെയ്തിരുന്ന സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രൈബ്യൂണലിന്റെ അധികച്ചുമതല നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,47,222 കേസുകൾ തീർപ്പാക്കുകയും അർഹതയുള്ള 74,086 പേർക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്തു.

**അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ**

30 (*120) ശ്രീ. വി. ടി. ബൽറാം:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അമിത ഫീസ് ഈടാക്കുന്നുവെന്നതും അദ്ധ്യാപക അനദ്ധ്യാപകർക്ക് കൃത്യമായ രീതിയിൽ ശമ്പളം കൊടുക്കാതെ അവരെ ചൂഷണം ചെയ്യുന്നുവെന്നതും വസ്തുതയല്ലേയെന്ന് അറിയിക്കുമോ ?

അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ അമിത ഫീസ് ഈടാക്കുന്നുവെന്നതും അദ്ധ്യാപക അനദ്ധ്യാപകർക്ക് കൃത്യമായ രീതിയിൽ ശമ്പളം കൊടുക്കാതെ അവരെ ചൂഷണം ചെയ്യുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

&

(സി) പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾക്ക് CBSE/ ICSE അഫിലിയേഷനുള്ള NOC അനുവദിക്കുന്നതിനും സംസ്ഥാന സിലബസിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുംവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സംസ്ഥാനസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ശമ്പളം നൽകണമെന്ന് വ്യവസ്ഥയുണ്ട്. ടി മാനദണ്ഡത്തിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെയാണ് വിവിധ അൺഎയ്ഡഡ് സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിവരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കോവിഡ്-19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽനിന്നും 2020-21 അദ്ധ്യയന വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിനുവേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ ക്കനുസൃതമായുള്ള ഫീസാണോ ഈ കാലയളവിൽ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി

പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്ന അനദ്ധ്യാപകർക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം അന്വേഷണം നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വ്യവസ്ഥകൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ അടിയന്തര ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളും അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരടക്കമുള്ളവർക്ക് ബാധകമാക്കി 6-3-2020-ലെ ജി.ഒ.പി. നമ്പർ 35/2020/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരെ മിനിമം വേതനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനവും സേവന വ്യവസ്ഥകളും പുതുക്കി നിശ്ചയിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി മിനിമം വേതനം നൽകാത്ത കേസുകളിൽ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്ത് തുടർനടപടികളും സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുമരാമത്ത് വകുപ്പ് കൈവരിച്ച നേട്ടങ്ങൾ

1(1093) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭരണരംഗത്ത് ഏറെ പഴികേട്ടിരുന്ന പൊതുമരാമത്ത് വകുപ്പിനെ പുതിയ വികസന കാഴ്ചപ്പാടിന് അനുയോജ്യമാക്കിത്തീർക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

"പുതിയ കാലം പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി Three tier Quality Control System നിലവിൽ വരുത്തിയിട്ടുണ്ട്. ഫസ്റ്റ് ടയർ ക്വാളിറ്റി ടെസ്റ്റിംഗ് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് ഫീൽഡ് ലാബിൽ/ അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി പരിശോധന ബന്ധപ്പെട്ട എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനാഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ അഞ്ച് കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗും ഏർപ്പെടുത്തി യിട്ടുണ്ട്. " പുതിയ കാലം പുതിയ നിർമ്മാണം " എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി 5-1-2018-ലെ ജി.ഒ.(എം.എസ്) നമ്പർ 1/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെ പ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി ടോൾ ഫ്രീ സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് അഴിമതിരഹിതമാക്കുന്നതിനും അഴിമതിക്കാർക്കെതിരെ ശക്തവും കർശനവുമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ വികസന പദ്ധതികൾ സുതാര്യവും അഴിമതി രഹിതവുമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തികൾ ചെയ്യുമ്പോൾ കൃത്യമായ ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്നറിയുന്നതിന് ഗുണനിലവാര പരിശോധന വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇവ ജില്ലാ തലത്തിലുള്ള ക്യൂ.സി. ലാബുകൾ മുഖാന്തരമാണ് നടത്തുന്നത്. ക്യൂ.സി. മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് ഫസ്റ്റ് ടയർ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പുതല സെക്കന്റ് ടയർ ഗുണനിലവാര പരിശോധനകളും നടത്തിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾ പുനർവിന്യസിച്ച് അഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല ക്യൂ.സി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധികച്ചുമതല നൽകിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച പരാതികളിന്മേൽ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന് പുറമെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ് വിജിലൻസ് എന്നിവരും പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികളിലെ അഴിമതി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വീഴ്ച വരുത്തിയതായി ബോധ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ എന്നിവയുൾപ്പെടുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നു. കരാറുകാരുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായി ബോധ്യപ്പെട്ടാൽ പ്രസ്തുത കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പരമ്പരാഗതമായ രീതികളിൽ നിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുമുള്ള നിർമ്മാണ രീതികളിലേയ്ക്ക് മാറുന്നതിന് പൊതുമരാമത്ത് വകുപ്പിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുമുള്ള നിർമ്മാണ രീതികളിലേയ്ക്ക് മാറുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യകളായ മില്ലിംഗ്, കയർ ഭൂവസ്ത്രം, റബ്ബറൈസ്ഡ് ബിറ്റുമിൻ വൈറ്റ്ടോപ്പിംഗ്, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ്, നിലവിലെ റോഡ് റീസൈക്കിൾ ചെയ്ത് ഫുൾ ഡെപ്ത്  റിക്ലമേഷൻ (FDR) എന്നിവയും റോഡ് നിർമ്മാണത്തിൽ ഉൾപ്പെടുത്തിവരുന്നു. പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി 7-3-2013-ലെ ജി.ഒ(എം.എസ്)നമ്പർ 28/2013/പൊ.മ.വ. പ്രകാരം ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ദേശീയപാത വിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 9-11-2015-ലെ RW/NH3044/24/2015 S&R(R)-ാം നമ്പർ കത്ത് പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയിലുള്ള 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 11-1-2018-ലെ F.No.RW/NH-33044/10/2002/SR(R)-ാം നമ്പർ കത്ത് പ്രകാരം Hot in place Recycling Technology ദേശീയപാതയുടെ പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിലുള്ള പ്രവൃത്തികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി ജർമ്മൻ നൂതന സാങ്കേതിക വിദ്യയായ കോൾഡ് മില്ലിംഗ് & റീസൈക്ലിംഗ് ഉപയോഗിച്ച് റോഡ് സർഫസ് പുനരുദ്ധരിക്കാറുണ്ട്.

(ഡി) കഴിഞ്ഞ നാലര വർഷക്കാലംകൊണ്ട് പൊതുമരാമത്ത് വകുപ്പ് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ നാലര വർഷക്കാലം കൊണ്ട് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകൾ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകൾ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കി വരുന്നു. 2016 മുതൽ 5612 കി.മീ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. പൊതുമരാമത്ത് ദേശീയപാത വിഭാഗം കൈവരിച്ച നേട്ടങ്ങൾ 1. രാമനാട്ടുകര, തൊണ്ടയാട്, വൈറ്റില, കുണ്ടന്നൂർ എന്നീ ഫ്ലൈഓവറുകളും കൊല്ലം, ആലപ്പുഴ ബൈപ്പാസുകളും നിർമ്മിച്ചു. 2. ദേശീയപാത 85 ഇടുക്കി ജില്ലയിൽ ബോഡിമെട്ട് മുതൽ മൂന്നാർ വരെ പേവ്ഡ് ഷോൾഡറോടുകൂടിയ

രണ്ടുവരിപ്പാതയായുള്ള വികസനം പുരോഗതിയിലാണ്. 3. ദേശീയപാത 966 പാലക്കാട് ജില്ലയിൽ നാട്ടുകാൽ മുതൽ താണാവ് വരെ പേവ്ഡ് ഷോൾഡറോട്ടുകൂടിയ രണ്ടുവരിപ്പാതയായുള്ള വികസനം പുരോഗതിയിലാണ്. 4. ദേശീയപാത 66 കരമന കളിയിക്കാവിള (പ്രാവച്ചമ്പലം മുതൽ മൂന്നുമുക്ക് കൊടിനട വരെയുള്ള) നാലുവരിപ്പാത വികസനം പുരോഗതിയിലാണ് 5. കോഴിക്കോട് ജില്ലയിലെ കോരാപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം പുരോഗതിയിലാണ്. 6. തീരദേശ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ 15 കി.മീ. റോഡ് പുരോഗതിയിലാണ്. കൂടാതെ 8.5 കി.മീ. റോഡിനും ഒരു പാലത്തിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 7. സി.ആർ.എഫ്. പദ്ധതിയിൽ 1325 കി.മീ. സംസ്ഥാന പാതകളുടെ വികസനത്തിനായിട്ടുള്ള 1430 കോടി രൂപയുടെ 102 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചും പുരോഗമിച്ചും വരുന്നു. പാലങ്ങൾ വിഭാഗം കൈവരിച്ച നേട്ടങ്ങൾ 1. കഴിഞ്ഞ നാലര വർഷംകൊണ്ട് കേരളത്തിലാകെ 900 കോടി മുതൽ മുടക്കിൽ 106 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഈ വകുപ്പിന് കഴിഞ്ഞു. 2. 1475 കോടി രൂപ ചെലവിൽ 111 പാലങ്ങൾ ഇപ്പോൾ നിർമ്മാണത്തിലുണ്ട്. 3. 152 പാലങ്ങളുടെ നിർമ്മാണത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 4. കേരളത്തിലെ മുഴുവൻ സാങ്കേതിക വകുപ്പുകൾക്കും ഉപയോഗപ്രദമായവിധം പ്രൈസ് സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകുന്നതിൽ വകുപ്പ് വിജയിച്ചു. കെട്ടിട വിഭാഗത്തിന്റെ നേട്ടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ 255 പ്രവൃത്തികൾക്ക് 30407.86 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ നോൺ-പ്ലാൻ ഹെഡ് വഴി സംസ്ഥാനത്തെ മുഴുവൻ സർക്കാർ കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. കൂടാതെ നിരവധി ഡെപ്പോസിറ്റ് പ്രവൃത്തിയും നബാർഡ് ഫണ്ട് ഉപയോഗിച്ച് 61833.17 ലക്ഷം രൂപയുടെ 94 പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് വകുപ്പിനു മാത്രമല്ല മറ്റു വകുപ്പുകൾക്കും നിരവധി കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണം നടപ്പാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 210 കെട്ടിടങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ മേജർ പ്രോജക്ടുകളിൽ ഒന്നായ പാലക്കാട് മെഡിക്കൽ കോളേജ് ഒ.പി.ഡി. ബ്ലോക്ക് പണി പൂർത്തീകരിച്ചു. ജനുവരി മാസം ഉദ്ഘാടനം നടത്തുന്നതിനുള്ള ഘട്ടത്തിലാണ്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി സ്കൂളുകൾ ഉന്നത നിലവാരത്തിൽ പൂർത്തീകരിക്കുന്നതിനും ഭരണാനുമതി നൽകി. അവയൊക്കെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും റെസ്റ്റ്

ഹൗസിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം ആരംഭിക്കുകയും എല്ലാ റെസ്റ്റ് ഹൗസുകളും ആധുനികവത്കരിക്കുന്നതിനായും തെരഞ്ഞെടുക്കപ്പെട്ട റെസ്റ്റ് ഹൗസുകൾ മോഡൽ റെസ്റ്റ് ഹൗസ് ആയി നടപ്പാക്കുന്നതിനായും ഭരണാനുമതി നൽകി, ആയത് നടപ്പിലാക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പിൽ മേജർ പ്രോജക്ടായി ഉൾപ്പെടുത്തി എൻ.സി.സി.-യ്ക്കുവേണ്ടി ഇടുക്കി പീരുമേടിൽ 650 മീറ്റർ എയർസ്ട്രിപ്പും ഹാഗറിന്റെ നിർമ്മാണവും പൂർത്തീകരിച്ചു, ഉദ്ഘാടന ഘട്ടത്തിലാണ്. കോഴിക്കോട് ജില്ലയിൽ "നിപ്പ" പൊട്ടിപ്പുറപ്പെട്ടപ്പോൾ നിപ്പ ഐസൊലേഷൻ വാർഡ് സമയബന്ധിതമായി പൂർത്തീകരിച്ചുനൽകുകയും, ജില്ലാ കളക്ടർ പ്രശംസാപത്രം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു നൽകുകയും ചെയ്തു. ഇപ്പോൾ ലോകത്ത് ആകമാനം ബാധിച്ചിരിക്കുന്ന കോവിഡ്-19-മായി ബന്ധപ്പെട്ട് നിലവിൽ മെഡിക്കൽ കോളേജുകളിലും മറ്റു ഗവൺമെന്റ് ഹോസ്പിറ്റലുകളിലും കൊറോണ വാർഡുകളും ഐസോലേഷൻ വാർഡുകളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസി വഴി ചെയ്യുന്ന പ്രവൃത്തികളിലും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മേൽനോട്ടം ചെയ്ത് പ്രവൃത്തി നടപ്പാക്കി വരുന്നുണ്ട്. ഉദ്യോഗസ്ഥരുടെ താമസസൗകര്യങ്ങൾക്കായി ജില്ലയിൽ ഒബ്സർവേറ്ററി കോമ്പൗണ്ടിലും ഹരിഹർ നഗറിലും നേതാജി നഗറിലും എൻ.ജി.ഒ. ക്വാർട്ടേഴ്സ് പണി ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലും എൻ.ജി.ഒ. ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വർക്കിംഗ് വിമൻസിനുവേണ്ടി ഹോസ്റ്റലുകൾ കൊല്ലം, കോട്ടയം എന്നീ ജില്ലകളിലും നിർമ്മാണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട സിവിൽ സ്റ്റേഷൻ, കോഴിക്കോട് കുന്നമംഗലം മിനി സിവിൽ സ്റ്റേഷൻ പ്രവൃത്തികളുടെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാൻ സാധിച്ചു.

## ഊരാളുങ്കൽ സൊസൈറ്റിയുടെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ

2(1094) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിലെ ഏതൊക്കെ പ്രവൃത്തികളാണ് ഏല്പിച്ച് നൽകിയത്; ദേശീയപാത, കിഫ്ബി, ബിൽഡിംഗ്സ്, റോഡുകളും പാലങ്ങളും എന്നീ ഓരോ വിഭാഗത്തിലും നൽകിയ പ്രവൃത്തികൾ എസ്റ്റിമേറ്റ് തുക ഉൾപ്പെടെ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പ് കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് പുനരുദ്ധാരണം - 610.25

കോടി രൂപ, മാനന്തവാടി - പെരിയ റോഡ് പുനരുദ്ധാരണം - 89.84 കോടി രൂപ എന്നീ പ്രവൃത്തികൾ ടെണ്ടർ മുഖേന നൽകിയിട്ടുണ്ട്. നിരത്ത്, കെട്ടിടം, പാലം, കിഫ്ബി വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടി ഇല്ലാതെ ഊരാളുങ്കലിന് എത്ര പ്രവൃത്തികൾ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

നിരത്തു വിഭാഗത്തിനു കീഴിൽ ഊരാളുങ്കലിന് നൽകിയിട്ടുള്ള പ്രവൃത്തികൾ: 1. വി.വി.ഐ.പി വിസിറ്റ് 2016 (24-9-2016 & 25-9-2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 2. വി.ഐ.പി വിസിറ്റ് - കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ- 6,19,388/- 3. താമരശ്ശേരി ചുരത്തിൽ റോഡ് ഇടിഞ്ഞ് വാഹനഗതാഗതം തടസ്സപ്പെട്ടപ്പോൾ, അടിയന്തരമായി നടത്തിയ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തി -1,86,00,000. ടെണ്ടർ കൂടാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മറ്റ് പ്രവൃത്തികളൊന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ചിട്ടില്ല.

## പെരിന്തൽമണ്ണ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3(1095) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പ്രവൃത്തികളുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

&

(ബി) 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ ലോകബാങ്ക് ധനസഹായത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പെരുംപിലാവ്-നിലമ്പൂർ റോഡ് വികസനത്തിനായി 7-10-2020-ൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. ഈ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. നിരത്ത്, പാലം, കെട്ടിട വിഭാഗങ്ങൾക്കുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2020-21 വർഷത്തിൽ 20 ശതമാനം തുക വകയിരുത്തിയ പി.എച്ച്.സി. വെട്ടത്തുർ കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

2020-21 വർഷത്തിൽ 20% തുക വകയിരുത്തിയ പി.എച്ച്.സി. വെട്ടത്തുർ ബന്ധപ്പെട്ട വകുപ്പിൽ നിന്നും Land availability, Requisition എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. സമർപ്പിക്കുന്നതാണ്.

**തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

4(1096) ശ്രീ എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ആയതിന് അനുവദിച്ചിട്ടുള്ള തുകയടക്കം വ്യക്തമാക്കാമോ;

&

(ബി) പൊതുമരാമത്ത് വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഇനിയും പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പാലം വിഭാഗത്തിനുകീഴിൽ തലശ്ശേരി ധർമ്മടം നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ചേക്കുപാലം (4.38 കോടി- കിഫ്ബി) 45 മീറ്റർ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി പുരോഗമിച്ചുവരുന്നു. കുണ്ടുചിറ പാലത്തിന്റെ (10.00 കോടി -കിഫ്ബി) അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. പുളിക്കോളിക്കടവ് പാലത്തിന്റെ (10.00 കോടി-കിഫ്ബി) TGDD ലഭിച്ചിരുന്നുവെങ്കിലും പാലത്തിന്റെ അലൈൻമെന്റ് ഉൾനാടൻ ജലപാതയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടതിനാൽ ഡിസൈൻ റിവൈസ് ചെയ്യേണ്ടതുണ്ട്. എന്നാൽ നിലവിലുള്ള അലൈൻമെന്റ് ഫീസിബിൾ അല്ലാത്തതിനാൽ പുതുക്കിയ അലൈൻമെന്റിന് LS സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടന്നുവരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ സി.ആർ.എഫ്. 2016-17-കുയ്യോലി-കൊളശ്ശേരി-എരഞ്ഞോളി-തോട്ടുമ്മൽ കതിരൂർ റോഡ് (കി.മീ. 0/000 മുതൽ 10/000), OR 2018-19-Clearing jungle, painting of bridge, Median, footpath kerbs and replacing damaged concrete median blocks between km. 145/000 to 184/600 (Velapuram to Mahe) of NH 17 in Kannur District, OR 2018-19-Surface renovation of Mahe Bridge and its approach road from km. 184/400 to 184/600-NH 66 in Kannur District എന്നീ പ്രവൃത്തികൾക്ക് യഥാക്രമം 10 കോടി, 21.4 ലക്ഷം, 11.6 ലക്ഷം രൂപ വീതം അനുവദിച്ചു. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ കൊടുവള്ളി റെയിൽവേ മേൽപ്പാല നിർമ്മാണം 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ബി.ഡി.സി.കെ. സമർപ്പിച്ച വിശദമായ പദ്ധതി രേഖയ്ക്ക് കിഫ്ബിയിൽ നിന്ന് 26.42 കോടി രൂപയുടെ അംഗീകാരം ലഭിച്ചതിനുശേഷം നിലവിൽ പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. കൊടുവള്ളി റെയിൽവേ മേൽപ്പാലം ഉൾപ്പെടെ 10 റെയിൽവേ മേൽപ്പാലങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം സ്റ്റീൽ-സംയോജിത ഘടനയിൽ ഒരു പാക്കേജായി ടെണ്ടർ ചെയ്ത് SPL Infrastructure Pvt. Ltd.-മായി 4-1-2021-ൽ കരാർ ഒപ്പിടുകയും ചെയ്തു. നിർമ്മാണോദ്ഘാടനം 23-1-2021-ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. പുന്നോൾ, കോഴിക്കൽ എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ പ്രസ്തുത മേൽപ്പാലങ്ങളുടെ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും, കോഴിക്കൽ ആർ.ഒ.ബി.-യ്ക്ക് 46.57 കോടി രൂപയും പുന്നോൾ ആർ.ഒ.ബിയ്ക്ക് 38.56 കോടി രൂപയും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. GAD അംഗീകാരം ലഭിക്കുന്നതിനായി റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. GAD അംഗീകാരം ലഭിച്ചാൽ ഉടനെതന്നെ ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്കായി അർത്ഥനാപത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതാണ്. കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ തലശ്ശേരി-കളറോഡ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയാണ് നടന്നിട്ടുള്ളത്. ഈ പ്രവൃത്തിക്ക് 1,56,33,51,422 രൂപയാണ് അനുവദിച്ചിട്ടുള്ളത്. മേൽ പ്രവൃത്തിയിൽ എരഞ്ഞോളി പാലത്തിന്റെ പണി പൂർത്തിയാകാനുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കാൻ 31-1-2021 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**അറ്റകുറ്റപ്പണികൾക്ക് മറ്റ് നിർവ്വഹണ ഏജൻസി**

5(1097) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെയോ പാലങ്ങളുടെയോ കൾവർട്ടുകളുടേയോ നിർമ്മാണങ്ങളും അറ്റകുറ്റപ്പണികളും വകുപ്പിനു പുറത്തുള്ള മറ്റ് നിർവ്വഹണ ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നതിന് അനുമതി നൽകാറുണ്ടോ; ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇപ്രകാരം ചെയ്യാൻ അനുമതിയുള്ളത്; വിശദമാക്കുമോ ?

ഇല്ല

(ബി) ഇത്തരത്തിൽ പ്രവൃത്തികൾക്കായി ആസ്തി കൈമാറുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് ?

ബാധകമല്ല.

(സി) ഇത്തരത്തിൽ പ്രവൃത്തികൾ മറ്റു സർക്കാർ ഏജൻസികൾക്ക് നൽകുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് മാന്വലിലെ കാലം ശരിയെന്ന് തെളിയിച്ച ചട്ടങ്ങൾ 8000 ജീവനക്കാരുള്ള (1600 എഞ്ചിനീയർമാർ 4000 ഓവർസിയർമാർ അടക്കം) ഈ വകുപ്പിന് വെളിയിൽനിന്നും ആരെയും ആവശ്യമില്ല. ഇതില്ലാത്ത സ്ഥാപനങ്ങളാണ് വെളിയിൽനിന്നും യോഗ്യതയുള്ളവരെ തേടുന്നത്.

**ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് ചെലവഴിച്ച തുക**

6(1098) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

&

(ബി) പി.ഡബ്ല്യു.ഡി.യുടെ അധീനതയിലുള്ള ഏതെല്ലാം റോഡുകളുടെയും, പാലങ്ങളുടെയും അറ്റകുറ്റപ്പണിയ്ക്കും നിർമ്മാണത്തിനുമാണ് ഫണ്ട് അനുവദിച്ചത്; വിശദാംശം പ്രത്യേകം പ്രത്യേകം നല്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനുകീഴിൽ കോങ്ങാട്-മംഗലംകുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 2016-17 സാമ്പത്തിക

വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി വിഭാഗത്തിനുകീഴിൽ ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തിക്ക് (ch 0/000 to 11/000) 54.32 കോടി രൂപ 12-2-2020-ലെ PWD004-01/APR-5/2020/KIIFB എന്ന ഓർഡർ പ്രകാരവും ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി ചെത്തല്ലൂർ റോഡ് പ്രവൃത്തിക്ക് (0/000 മുതൽ 12/450 വരെ) 45.53 കോടി രൂപ 9-11-2018-ലെ PWD004-143-PA-01 എന്ന ഓർഡർ പ്രകാരവും കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പാലക്കാട്-പെരിന്തൽമണ്ണ റോഡ് വികസന പ്രവൃത്തിക്കായി 364.17 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. പാലങ്ങൾ വിഭാഗത്തിനു കീഴിൽ കരിമ്പുഴ പാലം പ്രവൃത്തിക്ക് 9,31,380 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കണ്ണിയംപുറം പാലം പ്രവൃത്തിയുടെ 1,49,46,742 രൂപയുടെ ഒന്നാമത്തെയും ഭാഗികവുമായ ബില്ല്, തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിനു കീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വിവിധ പ്രവൃത്തികൾക്കായി (എസ്.എൽ.റ്റി.എഫ്, പ്രീ മൺസൂൺ വർക്ക് & റോഡ് സേഫ്റ്റി വർക്ക്) 1,68,96,839 രൂപ ചെലവഴിച്ചു. നിരത്ത്, പാലം വിഭാഗങ്ങൾക്കുകീഴിൽ ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

7(1099) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി കെട്ടിടം, റോഡുകൾ, പാലങ്ങൾ, കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ, മറ്റു പ്രവൃത്തികൾ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ; &

(ബി) പൂർത്തീകരിക്കാനുള്ള ഓരോ പ്രവൃത്തികളും എന്നത്തേയ്ക്ക് തീർക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) മലപ്പുറം മണ്ഡലത്തിലെ നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കു കീഴിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിശദാംശം അനുബന്ധമായി* ചേർക്കുന്നു. മഞ്ചേരി പാലം വിഭാഗത്തിനു കീഴിലുള്ള മലപ്പുറം, പെരിന്തൽമണ്ണ, വേങ്ങര നിയോജകമണ്ഡലങ്ങളിലെ വിവിധ പാലങ്ങളുടെ അറ്റകുറ്റപ്പണികളും പെയിന്റിംഗ് ജോലികളും (നോൺപ്ലാൻ) പൂർത്തീകരിച്ചു. മലപ്പുറം നിയോജക മണ്ഡലത്തിലെ തലപ്പുകടവ്- ആശാരിപടി പാലത്തിന്റെ തകർന്ന പൈപ്പ് കൾവെർട്ടിന്റെ അടിയന്തര പുനർനിർമ്മാണം (നോൺ പ്ലാൻ) 8-1-2021-ൽ കരാർ ഉടമ്പടി വച്ചിട്ടുണ്ട്. ആറുമാസത്തിനകം പൂർത്തീകരിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ മലപ്പുറം മണ്ഡലത്തിലെ മുണ്ടുപറമ്പ-കാവുങ്ങൽ-ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണത്തിന് 2018-19 വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 6.5 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31-5-2021-ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. ആർ.ബി.ഡി.സി.കെ.-യ്ക്ക് കീഴിൽ മലപ്പുറം പോലീസ് സ്റ്റേഷൻ കിഴക്കേകോട്ട ചെത്തുപാലം ഫ്ലൈഓവർ പദ്ധതിയാണുള്ളത്. വിശദമായ പദ്ധതിരേഖ കിഫ്ബിയിൽ സമർപ്പിക്കുകയും 11-2-2020-ൽ 89.92 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതി NH ലൂടെ കടന്നുപോകുന്നതിനാൽ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ NOC ലഭിച്ചാലുടൻ അർത്ഥനാപത്രം മലപ്പുറം ജില്ലാകളക്ടർക്ക് സമർപ്പിക്കുന്നതാണ്. കിഫ്ബി വിഭാഗത്തിനു കീഴിൽ കോട്ടക്കൽ കോട്ടപ്പടി റോഡ് (തിരൂർ മലപ്പുറം റോഡ് (13/00 മുതൽ 24/191 വരെ))- ടി പദ്ധതി 11-5-2020-ൽ പൂർത്തീകരിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.റ്റി.പി. നടപ്പാക്കുന്ന കൊയിലാണ്ടി-എടവണ്ണ റോഡ് വികസന പദ്ധതിയിലെ എരഞ്ഞിമാവ് മുതൽ എടവണ്ണ വരെയുള്ള (18.18 കി.മീ ദൂരം) ഭാഗവും സൗത്ത് പുത്തളം മുതൽ നെല്ലപറമ്പ് വരെയുള്ള (13.35 കി.മീ) ഭാഗവും മലപ്പുറം മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. ഈ പ്രവൃത്തി 23-11-2020-ൽ ആരംഭിച്ചു. 18 മാസം പൂർത്തീകരണ കാലാവധിയുള്ള ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

## കേരള പുനർനിർമ്മാണ പദ്ധതി

8(1100) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിൻകീഴിൽ 2019 മുതൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 2019 മുതൽ കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പ്രവൃത്തികൾ ജില്ല തിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

**വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

9(1101) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ പൊതുമരാമത്ത് വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ; &

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ പൊതുമരാമത്ത് വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കകീഴിലുള്ളവയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു. പാലങ്ങൾ വിഭാഗത്തിനു കീഴിലെ പ്രവൃത്തികൾ (2019-20) ചുവടെ ചേർക്കുന്നു: 1. നബാർഡ് ആർ.ഐ.ഡി.എഫ്. XXIV പ്രകാരം മലപ്പുറം ജില്ലയിലെ മഞ്ചേരി വണ്ടൂർ നിയോജകമണ്ഡലങ്ങളിലെ കാക്കത്തോടിനു കുറുകെ കാക്കത്തോട് പാലം പുനർനിർമ്മാണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഫൗണ്ടേഷൻ പ്രവൃത്തി നടക്കുന്നു. 2. ചെള്ളിത്തോട് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 2.2 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. Total Station Survey പൂർത്തിയായി. ബോറിംഗ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. കിഫ്ബി (2017-18) മുഖേന നടത്തുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു: 1. മലയോരഹൈവേ പൂക്കോട്ടുപാടം കാളികാവ് - കേരള എസ്റ്റേറ്റ് കിഴക്കുതല (കറുവാരകുണ്ട്) ചിറക്കൽ Km. 47/890 to 68/900 (Phase I - working chainage 60/200 to 68/900)- 103.11 കോടി രൂപയുടെ സാമ്പത്തികാനുമതി 29-6-2018-ന് ലഭിച്ചു. 24-9-2020-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിച്ചു വരുന്നു. 2. പൂലമണ്ണ തല്ലിയാം കുണ്ട് വാണിയമ്പലം km 4/350 to 11/900 റോഡിന്റെ നവീകരണ പ്രവൃത്തി - സാമ്പത്തികാനുമതി 21.40 കോടി രൂപയ്ക്ക് 18-3-2019-ൽ ലഭിച്ചു. സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു. 3. പല്ലശ്ശേരി അമ്പലക്കാവ് കുത്തറാംപൊയിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡിന്റെ നവീകരണ പ്രവൃത്തി-തത്വത്തിലുള്ള ഭരണാനുമതി 10 കോടി രൂപയ്ക്ക് 10-7-2017-ൽ ലഭിച്ചു. ഡി.പി.ആർ കിഫ്ബിയിൽ 7-10-2020-ന് സമർപ്പിച്ചു. എന്നാൽ എ.എസ്. കിട്ടി മൂന്നു വർഷം കഴിഞ്ഞതിനാൽ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനായി കിഫ്ബിയിൽ തിരിച്ചുനൽകി. ആയത് റീവാലിഡേറ്റ് ചെയ്യുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. 4. മുണ്ടേങ്കര പുള്ളിപ്പാടം ഓടയിക്കൽ വെട്ടുകുന്ന് റോഡ് - തത്വത്തിലുള്ള ഭരണാനുമതി 16 കോടി രൂപയ്ക്ക് ലഭിച്ചു. പ്രവൃത്തിയുടെ ഡി.പി.ആർ. 25-2-2019-ൽ കിഫ്ബിയിൽ സമർപ്പിച്ചു. ആയത് പരിശോധിച്ച് കിഫ്ബി നൽകിയ സാങ്കേതിക പരിശോധനാ റിപ്പോർട്ടിന് മറുപടി നൽകുന്നതിനായുള്ള രേഖകൾ തയ്യാറാക്കി വരുന്നു.

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം

10(1102) <u>ശ്രീ. എ. പ്രദീപ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് സ്ഥലം ഏറ്റെടുത്ത്, വീതികൂട്ടി പുനരുദ്ധരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ: (1) പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് (2) കാരപ്പറമ്പ് - തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ് (3) അരയിടത്തുപാലം - കാരന്തൂർ റോഡ്.

(ബി) ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്ന് വിശദമാക്കുമോ ?

(1) പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് - ഭരണാനുമതി 10 കോടി, സാമ്പത്തികാനുമതി - 155.45 കോടി (സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 106.92 കോടി ഉൾപ്പെടെ 155.45 കോടി) (2) കാരപ്പറമ്പ് - തടമ്പാട്ടുതാഴം - കണ്ണാടിക്കൽ - പാറോപ്പടി റോഡ് - ഭരണാനുമതി 10 കോടി, സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 20 കോടി (പ്രവൃത്തി തുടങ്ങുന്നതിനുവേണ്ടിയുള്ള സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല). (3) അരയിടത്തുപാലം - കാരന്തൂർ റോഡ് ഭരണാനുമതി 30 കോടി, സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തിക അനുമതി 205 കോടി (പ്രവൃത്തി തുടങ്ങുന്നതിനുവേണ്ടിയുള്ള സാമ്പത്തിക അനുമതി ലഭിച്ചിട്ടില്ല).

(സി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻനായർ റോഡ് വീതി കൂട്ടി പുനരുദ്ധരിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കാരപ്പറമ്പ് - തടമ്പാട്ടുതാഴം-കണ്ണാടിക്കൽ-പാറോപ്പടി റോഡിന് സ്ഥലമേറ്റെടുക്കുന്നതിന്റെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ഭൂരേഖകൾ സമാഹരിക്കുന്ന ഘട്ടത്തിലാണ്. അരയിടത്തുപാലം-കാരന്തൂർ റോഡ് ഫേസ്-1 സ്ഥല മേറ്റെടുക്കുന്നതിന് ആവശ്യമായ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

## എറവ് - വാടാനപ്പള്ളി റോഡിന്റെ പ്രവൃത്തി

11(1103) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞാണി-വാടാനപ്പള്ളി റോഡിലെ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗത്തിന്റെ ബി.എം. & ബി.സി. പ്രവൃത്തിയുടെ ടെണ്ടർ തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാർ നിലവിൽ വന്ന തീയതിയും അറിയിക്കാമോ ?

കാഞ്ഞാണി-വാടാനപ്പള്ളി റോഡിലെ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള പ്രവൃത്തിയുടെ ടെണ്ടർ തുക 250 ലക്ഷം രൂപ. കരാർ നിലവിൽ വന്ന തീയതി: 27-7-2019.

(ബി) പ്രസ്തുത റോഡിലെ നിർമ്മാണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ കി.മീ. 9/000 മുതൽ 16/002 വരെയുള്ള ഭാഗങ്ങളിൽ 36mm മെറ്റൽ ഉപയോഗിച്ച് കുഴികൾ അടയ്ക്കൽ, ബി.എം. പാച്ച് ബി.സി. ഉപരിതലം പുതുക്കൽ, റോഡിന്റെ ഇരുവശങ്ങളിലും താഴ്ന ഭാഗങ്ങൾ മണ്ണിട്ട് ഉയർത്തൽ, തെർമ്മോ പ്ലാസ്റ്റിക് പെയിന്റ്, റോഡ് സ്റ്റഡ്, റോഡ് സുരക്ഷാ ബോർഡ് എന്നിവ സ്ഥാപിക്കൽ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡിലെ ബി.എം. പാച്ച് വർക്ക് പൂർത്തിയായിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ പേരുവിവരം

12(1104) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ പേരുവിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ പേരുവിവരം അനുബന്ധം I* ആയി ഉള്ളടക്കം ചെയ്യുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ റോഡുകൾക്ക് ചെലവഴിച്ച തുക എത്രയാണെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ റോഡുകൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ അനുബന്ധം II* ആയി ഉള്ളടക്കം ചെയ്യുന്നു. റോഡ് തിരിച്ചുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ റോഡുകൾക്ക് ചെലവഴിച്ച തുക എത്രയാണെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ ?

ഈ സർക്കാരിന്റെ കാലത്ത് ഈ റോഡുകൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ അനുബന്ധം III* ആയി ഉള്ളടക്കം ചെയ്യുന്നു. റോഡ് തിരിച്ചുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഭരണാനുമതി ലഭിച്ച, എന്നാൽ പ്രവൃത്തി തുടങ്ങാത്ത എത്ര റോഡുകൾ ജില്ലയിലുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ 'Improvements to Anakkallu – Pookkayam – Malakkallu road from km. 7/800 to 10/000', കാസർഗോഡ് മണ്ഡലത്തിലെ 'Providing BM&BC overlay of Cherkala – Jalsoor road between km. 1/000 to 10/000' എന്നീ രണ്ട് പ്രവൃത്തികളാണ് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാത്തതായി ഉള്ളത്.

## കാട്ടാക്കട മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

13(1105) ശ്രീ ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പേരും ദൈർഘ്യവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവീകരണത്തിനായി അനുമതി ലഭിച്ച മണ്ഡലത്തിലെ റോഡുകളുടെ പേരുവിവരവും തുകയും ലഭ്യമാക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു

(സി) മണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭിച്ച റോഡുകൾ, തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു

## മലപ്പുറത്ത് ബി.എം.&ബി.സി. ചെയ്ത് റോഡ് നവീകരണം

14(1106) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ നിലവിലുള്ള റോഡുകളിൽ ബി.എം.&ബി.സി. ചെയ്ത് നവീകരിക്കാൻ ബാക്കിയുള്ളത് എത്ര കിലോമീറ്റർ റോഡ് ആണെന്ന് അറിയിക്കാമോ ?

659.819 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുവാൻ ബാക്കിയുണ്ട്.

(ബി) ഇത്തരത്തിൽ ബി.എം.&ബി.സി. ചെയ്യാൻ ബാക്കിയുള്ള മലപ്പുറം ജില്ലയിലെ റോഡുകളും അതിന്റെ ദൂരവും നിയോജകമണ്ഡലം അടിസ്ഥാനത്തിൽ അറിയിക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഇനിയും ബി.എം.&ബി.സി. ചെയ്യാത്ത പൊതുമരാമത്ത് റോഡുകൾ അപ്രകാരം ചെയ്ത് നവീകരിക്കുന്നതിന് ഏതെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

റോഡുകൾക്ക് ഭരണാനുമതി നൽകുമ്പോൾ ബി.എം.&ബി.സി. പ്രവൃത്തികൾ ഉൾപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോട്ടയ്ക്കൽ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണം

15(1107) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം റവന്യൂ അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

കോട്ടയ്ക്കൽ-പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 11(1) പ്രസിദ്ധീകരിച്ചു. സർവ്വെ ജോലികൾ പൂർത്തീകരിച്ച് സ്കെച്ചും, അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധനയ്ക്കായി ജില്ലാ സർവ്വെ സൂപ്രണ്ടിനു സമർപ്പിച്ചിട്ടുണ്ട്. ബി.വി.ആർ. അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനും റോഡ് നിർമ്മാണത്തിനും വേണ്ടിയുള്ള തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എത്രയെന്നു വെളിപ്പെടുത്താമോ; പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ ?

സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരത്തുക 15,81,85,731.00 രൂപയാണ് റോഡ് നിർമ്മാണത്തിനായി കണക്കാക്കിയിട്ടുള്ള തുക 2175 ലക്ഷം രൂപയാണ്. പരസ്യം, കണ്ടിജൻസി ചാർജ്ജ്, സോഷ്യൽ ഇംപാക്ട് അസസ്സ്മെന്റ് തുടങ്ങിയവയ്ക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി വരുന്ന ഭരണപരമായ ചെലവുകൾ അനുവദിച്ചിട്ടുണ്ടോ; ആയത് എത്രയെന്ന് അറിയിക്കുമോ ?

ഈയിനത്തിൽ 50,000 രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(ഡി) റവന്യൂ വകുപ്പിന്റെ നടപടിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമായിട്ടുണ്ടോ; റോഡ് നിർമ്മാണത്തിനായിട്ടുള്ള ഫണ്ട് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

20-10-2020-ന് മലപ്പുറം കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ 50 ലക്ഷം രൂപ എൽ.എ.(ജനറൽ) തഹസിൽദാർ, തിരൂരിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2175 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിവരുന്ന തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 50 ലക്ഷം രൂപയിൽ 50,000 രൂപ റവന്യൂ അധികൃതർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച LOC പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ പാലങ്ങൾ

16(1108) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് പാലങ്ങൾ വിഭാഗം മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടന്നു വരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; &

(ബി) ഇവയുടെ തുക, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് കുമ്പളം തേവര പാലത്തിന്റെ നിർമ്മാണം എന്ന പ്രവൃത്തിക്കും വെജിറ്റബിൾ മാർക്കറ്റ് റോഡിലുള്ള അന്ധകാരത്തോട്ടു പാലം പുനർനിർമ്മാണം പ്രവൃത്തിക്കും, 5 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കും വിവിധ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി 3 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായുള്ള റോഡ് നവീകരണം

17(1109) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരുന്ന ഇരുപത്തി ഒൻപത് റോഡുകൾക്കായി 5119.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജർമ്മൻ ബാങ്കിന്റെയും ലോകബാങ്കിന്റെയും ധനസഹായ ത്തോടെയാണ് പ്രസ്തുത റോഡുകൾ കെ.എസ്.ടി.പി. പുനർനിർമ്മിക്കുന്നത്.

(ബി) പ്രസ്തുത റോഡുകൾ പ്രകൃതിദുരന്ത അതിജീവനക്ഷമതയുള്ള രീതിയിൽ നിർമ്മിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏത് കൺസൾട്ടന്റിന്റെ സേവനമാണ് ഉപയോഗിക്കുന്നത്; അവർ ഇത് സംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ ?

മേൽ പദ്ധതിയിലെ റോഡുകൾ പ്രകൃതി ദുരന്ത അതിജീവനക്ഷമത യോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി കെ.എസ്.ടി.പി. M/S Egis India Consulting Engineers Pvt. Ltd, M/s Louis Berger International Company, M/s Feedback Infra Pvt. Ltd., M/S L&T Infrastructure Engineering Company Ltd. എന്നീ നാല് കൺസൾട്ടന്റുകളുടെ സേവനമാണ് ഉപയോ ഗിക്കുന്നത്. ഈ കൺസൾട്ടന്റുകൾ 29 പദ്ധതികളുടെയും രൂപരേഖകൾ സമർപ്പിച്ചു കഴിഞ്ഞു.

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് ഇതിനകം റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ നിന്നും തുക കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നും ആകെ 190 കോടി രൂപ ഇതിനോടകം കെ.എസ്.ടി.പി.-ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 100 കോടി രൂപ ജർമ്മൻ ബാങ്കിന്റെയും 90 കോടി രൂപ ലോകബാങ്കിന്റെയും ധനസഹായമാണ്.

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ എത്ര കി.മീ. റോഡ് നിർമ്മാണം ആരംഭിച്ചുവെന്നും എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഒൻപത് റോഡുകളിലായി ആകെ 252 കി.മീ. ദൂരത്തിലെ റോഡ് നിർമ്മാണം നിലവിൽ ആരംഭിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിനായി ആകെ 5,22,47,952 (അഞ്ചുകോടി ഇരുപത്തിരണ്ട് ലക്ഷത്തി നാല്പത്തേഴായിരത്തി തൊള്ളായിരത്തി അൻപത്തിരണ്ട്) രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

## പുല്ലുവായ്- തൊട്ടിൽപ്പാലം റീച്ചിന്റെ സാങ്കേതിക അനുമതി

18(1110) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മലയോര ഹൈവേയുടെ പുല്ലുവായ്-തൊട്ടിൽപ്പാലം റീച്ചിന്റെ സാങ്കേതിക അനുമതിക്ക് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമൊ ?

പുല്ലുവായ്-തൊട്ടിൽപ്പാലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 13-8-2019-ന് 46-ാം ടെക്നിക്കൽ കമ്മിറ്റിയിൽ സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചു. ന്യൂനതകൾ പരിഹരിക്കുന്നതിനായി എസ്റ്റിമേറ്റ് ഓൺലൈനായി പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തുന്നതിനായി ഫീൽഡ് ഓഫീസുകളിലേയ്ക്ക് 2 തവണ തിരികെ നൽകിയിരുന്നു. ആയത് 10-12-2020-ൽ കെ.ആർ.എഫ്.ബി. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ തിരികെ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്ന തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സാങ്കേതിക അനുമതി വൈകാനുള്ള കാരണം വിശദമാക്കാമോ ?

കിഫ്ബി മാനദണ്ഡപ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനും, സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുന്നതിനും, വിശദീകരണങ്ങൾ സമർപ്പിക്കുന്നതിനും കാലതാമസം വന്നു.

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

സ്വീകരിക്കും. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചടയമംഗലം മണ്ഡലത്തിലെ ഗണപതിനട-അർക്കന്നൂർ-മണിയൻമുക്ക് റോഡിന്റെ നവീകരണം

19(1111) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്ന ചടയമംഗലം മണ്ഡലത്തിലെ ഗണപതിനട-അർക്കന്നൂർ-മണിയൻമുക്ക് റോഡിന്റെ നവീകരണ പ്രവൃത്തിക്ക് പ്രത്യേക ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

&

(ബി) ഈ പ്രവൃത്തിക്ക് പ്രത്യേക ഭരണാനുമതി ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഗണപതിനട അർക്കന്നൂർ-മണിയൻമുക്ക് റോഡ് കി.മീ 0/000 മുതൽ 4/000 വരെ BM&BC ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള പ്രൊപ്പോസൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി അംഗീകരിച്ചു നൽകിയിട്ടുണ്ട്.

### കോട്ടയം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

20(1112) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 4-12-2015-ൽ ഭരണാനുമതി ലഭിച്ച കോട്ടയം കഞ്ഞിക്കുഴി ഫ്ലൈഓവർ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടികൾ സ്വീകരിച്ചു; പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചോ; ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമോ ?

4-12-2015-ലെ ജി.ഒ. (ആർ.ടി) നമ്പർ 1804/2015/പി.ഡബ്ല്യു.ഡി. പ്രകാരം 3071 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോട്ടയം കഞ്ഞിക്കുഴി ഫ്ളൈഓവർ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കെ.ആർ.എഫ്.ബി.-യുടെ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിപ്പോകുകയും തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം കരാർ അവസാനിപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി നിലവിൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ 2020-21-ലെ അംഗീകാരം ലഭിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ഉടൻ സമർപ്പിക്കുന്നതാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാവുന്നതിന് മുമ്പ് കോട്ടയം ജില്ലയിൽ എം.സി. റോഡിൽ കോടിമത രണ്ടാം പാലം പ്രവൃത്തിയുടെ പൂർത്തീകരണം സാധ്യമാണോ; പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി മുനിസിപ്പൽ പുറമ്പോക്കിൽ കഴിയുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; സ്ഥലം വിട്ടുകിട്ടാത്തതിനാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്നും ഒഴിവാകുകയുണ്ടായോ?

കോട്ടയം ജില്ലയിൽ കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. ടി പദ്ധതിയുടെ അവസാനത്തെ സ്പാൻ നിർമ്മിക്കുന്നതിന് തടസ്സമായി പുറമ്പോക്കിൽ രണ്ട് കുടുംബങ്ങൾ താമസിച്ചിരുന്നു. അവരെ പുനരധിവസിപ്പിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം മുനിസിപ്പൽ സെക്രട്ടറി, കോട്ടയം സോഷ്യൽ ജസ്റ്റിസ് ഓഫീസർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ പ്രോജക്ട് ഡയറക്ടർ, ഡെപ്യൂട്ടി കളക്ടർ (എൽ.എ.) കോട്ടയം എന്നിവരെ ജില്ലാ വികസന സമിതി ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ഒരു കുടുംബത്തെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ കുടുംബത്തെ കൂടി മാറ്റിപ്പാർപ്പിച്ചാൽ മാത്രമേ പാലം പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ നാളിതു വരെയായും ഈ കുടുംബത്തെ മാറ്റി പാർപ്പിച്ചിട്ടില്ല. നിലവിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

21(1113) ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ വരെയുള്ള കാലത്ത് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ റോഡ് നവീകരണ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ വരെയുള്ള കാലത്ത് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ റോഡ് നവീകരണ പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് അനുബന്ധം - I* ആയി ചേർക്കുന്നു.

(ബി) ഈ കാലഘട്ടത്തിൽ ഇവിടെ പൊതുമരാമത്ത് കെട്ടിട വിഭാഗം ഭരണാനുമതി നൽകി നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; വിശദീകരിക്കുമോ ?

കെട്ടിട നിർമ്മാണ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച പട്ടിക അനുബന്ധം - II* ആയി ചേർക്കുന്നു.

(സി) ഈ കാലഘട്ടത്തിൽ മണ്ഡലത്തിൽ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ഏതൊക്കെ പദ്ധതികൾക്കായി വിനിയോഗിച്ചുവെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വിവിധ പാലങ്ങളുടെ അറ്റകുറ്റ പ്രവൃത്തികൾക്കായി 2 ലക്ഷം രൂപയും, പണിക്കർ കടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 9.50 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിലെ റോഡ് വികസനം

22(1114) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജ കമണ്ഡലത്തിൽ എത്ര കോടി രൂപയാണ് റോഡ് വികസനത്തിനായി വിനിയോഗി ച്ചതെന്ന് വിശദമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ 55.9785 കോടി രൂപ റോഡ് വികസനത്തിനായി വിനിയോ ഗിച്ചിട്ടുണ്ട്.

(ബി) ഓരോ റോഡിനും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ചെർക്കള-ജൽസൂർ സംസ്ഥാനപാത

23(1115) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെർക്കള-ജൽസൂർ സംസ്ഥാനപാതയുടെ ഉപരിതലം പുതുക്കിയിട്ട് വർഷമെത്രയായി; വിശദാംശങ്ങൾ അറിയിക്കാമോ ?

2012-13 കാലഘട്ടങ്ങളിൽ കെ.എസ്.ടി.പി.-യുടെ നേതൃത്വത്തിലാണ് കാസർഗോഡ് ജില്ലയിലെ ചെർക്കള-ജൽസൂർ സംസ്ഥാനപാതയുടെ ഉപരിതലം അവസാനമായി പുതുക്കിയിട്ടുള്ളത്.

(ബി) നല്ല ഗതാഗതത്തിരക്കുള്ള ഈ അന്തർസംസ്ഥാനപാതയുടെ ഉപരിതലം പൂർണ്ണമായി പുതുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ടി.പി. പ്രവൃത്തിയുടെ ഡി.എൽ.പി. കഴിഞ്ഞതിനുശേഷം റോഡ് പ്രതലത്തിലുണ്ടായ നാശനഷ്ടങ്ങൾ നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് കാലാകാലങ്ങളിൽ നികത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡിൽ കി.മീ 1/000 മുതൽ 10/000 വരെയുള്ള ഭാഗത്തിന് 6 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായതിനുശേഷം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കി.മീ 0/000 മുതൽ 1/000 വരെയും, കി.മീ 10/000 മുതൽ 39/138 വരെയും ഉപരിതലം പുതുക്കുന്നതിന് കെ.എസ്.ടി.പി-യുടെ 7 വർഷ റോഡ് പരിപാലന പദ്ധതിയിൽ (OPBRC) ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർനടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(സി) റീബിൽഡ് കേരള പ്രോജക്ടിൽ ഈ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഈ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല.

## മാവൂർ - കുളിമാട് റോഡ് നവീകരണം

24(1116) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ-കുളിമാട് റോഡ് വീതികൂട്ടി സൗകര്യപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

## പ്ലാപ്പള്ളി അച്ചൻകോവിൽ റോഡിന്റെ നവീകരണം

25(1117) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാപ്പള്ളി അച്ചൻകോവിൽ റോഡിന്റെ നവീകരണം സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണ്; എന്നത്തേയ്ക്ക് നിർമ്മാണ ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് അറിയിക്കുമോ?

കിഫ്ബി 2017-18 പദ്ധതിയായ അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് നവീകരണത്തിന്റെ DPR ഭരണാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ

26(1118) ശ്രീ. സജി ചെറിയാൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ എത്ര ദൂരം ബി.എം. & ബി.സി. നിലവാരത്തിൽ പുനർനിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട് ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനുകീഴിൽ 5611.81 കി.മീ, ദേശീയപാത വിഭാഗത്തിനുകീഴിൽ 1290.92 കി.മീ, കെ.എസ്.ടി.പി. വിഭാഗത്തിനു കീഴിൽ 358.65 കി.മീ. കിഫ്ബിയിലുൾപ്പെടുത്തി 275.791 കി.മീ, RICK Ltd.-ന് കീഴിൽ 83 കി.മീ. റോഡുകൾ അടക്കം ആകെ 7690.29 കി.മീ ബി.എം. & ബി.സി. നിലവാരത്തിൽ പുനർനിർമ്മിച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ പുനർനിർമ്മാണം പൂർത്തിയായിട്ടുണ്ടോ ?

ദേശീയപാത വിഭാഗത്തിനുകീഴിൽ 2018 ഓഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിച്ച മുറയ്ക്ക് നടപ്പിലാക്കിവരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ

കാലാവധി എടുക്കുന്നതാണ്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 56 പദ്ധതികൾക്ക് (റോഡ് - 54 എണ്ണം, പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചും പുരോഗമിച്ചും വരുന്നു. ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർനിർമ്മിക്കുകയുണ്ടായി. 2019 ആഗസ്റ്റ് മാസത്തിൽ ദേശീയപാതയ്ക്ക് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20.52 കോടി രൂപ ഓർഡിനറി റിപ്പയറിലും 21.4 കോടി രൂപ ഫ്ലഡ് ഡാമേജ് റിപ്പയറിലും കേന്ദ്രത്തിൽനിന്നും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റോഡുകളുടെ ഉപരിതലം പുതുക്കലിനായി വിവിധ പദ്ധതികൾക്കായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ ബഹു. മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തിയതിന്റെ ഭാഗമായി 178 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഇത് കൂടാതെ 535 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെട്ട പട്ടികയുടെ അംഗീകാരം ആന്വൽ പ്ലാൻ 2019-20 സാമ്പത്തിക വർഷം കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികൾ അംഗീകാരം ലഭിച്ച മുറയ്ക്ക് പുരോഗമിച്ചുവരികയാണ്. പ്രകൃതി ദുരന്തങ്ങൾ മൂലം നാശനഷ്ടം നേരിട്ട റോഡുകൾ ദുരന്തങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ തകർന്ന റോഡുകളെല്ലാം തന്നെ അടിയന്തരമായി ഗതാഗതയോഗ്യമാക്കുകയും റോഡുകൾ പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിരത്തു വിഭാഗത്തിനു കീഴിൽ തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം മുതൽ എയർപോർട്ട് വരെയുള്ള റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ടി.പി.യ്ക്ക് കീഴിൽ സംസ്ഥാനത്താകെ 30 റോഡുകളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണ ത്തിനുമായി നടക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 9 റോഡുകളുടെ കരാർ ഒപ്പുവച്ച് പ്രവൃത്തി ആരംഭിച്ചു. 2 റോഡുകളുടെ ടെണ്ടർ നടപടി അവസാന ഘട്ടത്തിലാണ്. 18 റോഡുകളുടെ ടെണ്ടർ നടപടികൾ ആരംഭ ഘട്ടത്തിലാണ്. ഒരു റോഡിന് ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

(സി) അതിവർഷം ഉണ്ടായാലും തകർച്ച ഉണ്ടാകാത്ത തരത്തിലാണോ റോഡുകൾ നിർമ്മിക്കുന്നത്; പദ്ധതിക്ക് ലോകബാങ്കിൽ നിന്നും ജർമ്മൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ ?

അതിവർഷത്തിലും തകരാത്ത തരത്തിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാലാവസ്ഥ അതിജീവന ക്ഷമതയുള്ളതുമായ നിർമ്മാണ ശൈലികളെക്കുറിച്ച് പഠനം നടത്തുകയും ഇവ ആവശ്യം വരുന്ന സ്ഥലങ്ങളിൽ നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് ലോകബാങ്കിന്റെയും ജർമ്മൻ ബാങ്കിന്റെയും വായ്പ ലഭ്യമായിട്ടുണ്ട്.

(ഡി) മുൻ സർക്കാരിന്റ കാലത്ത് നിർമ്മാണങ്ങളിലുണ്ടായ ഗുണനിലവാരമില്ലായ്മ ഉണ്ടാകില്ലെന്നുറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. I tier ക്വാളിറ്റി ടെസ്റ്റുകളുടെയും II tier ക്വാളിറ്റി ടെസ്റ്റുകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ് കോൺട്രാക്ടറുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നത്. പ്രവൃത്തികൾ കരാർ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മാത്രമല്ല പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗും നിലവിലുണ്ട്.

## കൊല്ലം മണ്ഡലത്തിലെ ദേശീയ പാത വികസനം

27(1119) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദ വിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജക മണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന നടപ്പിലാക്കിയതും, നിർവ്വഹണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് നിർമ്മാണം

28(1120) ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കോടതി ജംഗ്ഷനിൽ ദേശീയപാതയിൽ ആരംഭിച്ച അണ്ടർ പാസ്സേജിന്റെ നിർമ്മാണം കാര്യമായി പുരോഗമിക്കാത്തതും കാലതാമസം നേരിടുന്നതും ശ്രദ്ധയി ൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തി പൂർണ്ണമായും കേന്ദ്രസർക്കാരിന് കീഴിലുള്ള NHAI മുഖേനയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാരിന് നേരിട്ട് മേൽനോട്ടമോ നിയന്ത്രണമോ ഇല്ല. പലതവണ NHAI അധികാരികളോട് ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ.-യുടേയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയതാണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാനോ കരാർ കമ്പനിക്കെതിരെ നടപടി സ്വീകരിക്കാനോ ദേശീയപാത അതോറിറ്റി തയ്യാറായിട്ടില്ല. ഇത് പൊതുമരാമത്ത് വകുപ്പിന് നിർമ്മിക്കാൻ അധികാരമില്ല. അണ്ടർപാസ്സ് നിർമ്മിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രവൃത്തികൾ ഉടനെതന്നെ ആരംഭിക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിലെ എസ്.എൽ.റ്റി.എഫ്. പ്രവൃത്തികൾ

29(1121) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച എസ്.എൽ.റ്റി.എഫ്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ പ്രവൃത്തികൾ

30(1122) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ബജറ്റിന്റെ ഭാഗമായി അനുവദിച്ച പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു

(ബി) കഴിഞ്ഞ 4 വർഷത്തെ ബജറ്റിൽ അനുവദിച്ച റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

ആനക്കയം ഒറവംപുറം ലിങ്ക് റോഡ് (വള്ളിക്കാപ്പറ്റ-ചിറ്റത്തുപാറ- പന്തല്ലൂർ റോഡ്) ബി.എം.& ബി.സി. എന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

(സി) ഇത്തരത്തിൽ ഭരണാനുമതി നൽകിയതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കളൻ തോട്-കുളിമാട് റോഡ് നിർമ്മാണം

31(1123) ശ്രീ പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 25 കോടി അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കളൻ തോട്-കുളിമാട് റോഡ് കരാറുകാരൻ ഉപേക്ഷിച്ച് പോയതിനാൽ നിലച്ചു പോയതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) കരാറുകാരൻ ജോലി പാതിവഴിയിൽ നിർത്തിയതിനാൽ പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം ഏറെ പ്രയാസകരമാണെന്ന പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

അടിയന്തരമായുള്ള അറ്റകുറ്റപ്പണികൾക്ക് നോൺപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി പ്രവൃത്തി തുടരുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ടോ ?

പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്.

(ഡി) ഉണ്ടെങ്കിൽ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ?

പുതുക്കിയ പ്രൊപ്പോസലിനുള്ള നടപടികൾ ഫീൽഡ് ഓഫീസുകളിൽ ത്വരിതഗതിയിൽ നടന്നുവരുന്നു. അത് കേരള റോഡ് ഫണ്ട് ബോർഡിൽ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതാണ്.

(ഇ) റോഡ് പ്രവൃത്തി മുടങ്ങിപ്പോയത് കാരണം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രവൃത്തി പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ?

റോഡ് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

**റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ**

32(1124) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഏതൊക്കെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; &

(സി) ഈ പദ്ധതികളുടെ നിർമ്മാണ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നവീകരണ പദ്ധതികൾ: (1) എൻ.എച്ച്. 183-106/700 മുതൽ 136/000 വരെ - ഐഡ ജംഗ്ഷൻ മുതൽ ചെങ്കലപ്പള്ളി വരെ - 54.15 കോടി - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. (2) എൻ.എച്ച് 185-0/000 മുതൽ 15/000

വരെ അടിമാലി മുതൽ പകുതി പാലം വരെ - 42.62 കോടി - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 3) എൻ.എച്ച് 183 A - 41/700 മുതൽ 74/200 വരെ-50 കോടി- അനുമതി പ്രതീക്ഷിക്കുന്നു. നിരത്ത്, കെ.എസ്.ടി.പി. വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം**

33(1125) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്. സെന്റർ - മുക്കിലപീടിക റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് സർക്കാരിനും ധനകാര്യ വകുപ്പിനും ചീഫ് എഞ്ചിനീയർക്കും എം.എൽ.എ. നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള എല്ലാ ഫയലുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പി.എച്ച്. സെന്റർ മുക്കിലപീടിക റോഡ് റബ്ബറൈസ്ഡ് ആക്കണമെന്ന നിവേദനത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ;

(സി) ചീഫ് എഞ്ചിനീയർ (റോഡ്സ്) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിൽ എടുത്ത നടപടികൾ അറിയിക്കുമോ; &

(ഡി) പി.എച്ച്. സെന്റർ മുക്കിലപീടിക റോഡ് ബി.എം./ബി.സി. ആക്കി പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-ഡി) പി.എച്ച്. സെന്റർ-മുക്കിലപീടിക റോഡ് നവീകരണത്തിന് 5-1-2021-ലെ സ.ഉ.(സാധാ) നമ്പർ 11/2021/പൊ.മ.വ. പ്രകാരം 5.07 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിയ്ക്ക് സമർപ്പിക്കുന്ന ഘട്ടത്തിലാണ്. ബി.എം & ബി.സി. പ്രവൃത്തികൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേ റോഡിന്റെ പുരോഗതി

34(1126) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ റോഡ് വികസനത്തിനായി ഈ സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

മാനന്തവാടി മണ്ഡലത്തിലെ റോഡ് വികസനത്തിനായി ഈ സർക്കാർ വകയിരുത്തിട്ടുള്ള തുക ചുവടെ ചേർക്കുന്നു. ബഡ്ജറ്റ് - 3786.00 ലക്ഷം രൂപ. ഫ്ളഡ് - 5941.00 ലക്ഷം രൂപ. എസ്.എൽ.റ്റി.എഫ് - 2455.58 ലക്ഷം രൂപ. ആകെ - 12182.58 ലക്ഷം രൂപ. മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേയ്ക്ക് 11-2-2020-ൽ കിഫ്ബിയിൽനിന്നും 114.12 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു.

(ബി) വെള്ളപ്പൊക്കത്തിൽ തകർന്നുപോയ റോഡുകൾ നവീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ?

സാധിച്ചിട്ടുണ്ട്.

(സി) കിഫ്ബി മുഖേന അനുവദിച്ച മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേ റോഡിന്റെ പുരോഗതി വിലയിരുത്താമോ ?

മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേയ്ക്ക് 11-2-2020-ൽ കിഫ്ബിയിൽനിന്നും 114.12 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) കിഫ്ബി ഫണ്ട് പ്രകാരം അനുവദിച്ച നിട്ടറ പാലത്തിന്റെ നടപടി വിലയിരുത്താമോ ?

നെട്ടറ പാലത്തിന്റെ അപ്രോച്ച് റോഡിന് 500 മീറ്റർ നീളത്തിൽ വയൽ നികത്തേണ്ടി വരുന്നതിനാൽ തണ്ണീർത്തടം നികത്തുന്നതിനായി കൃഷി വകുപ്പിനോട് അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

(ഇ) പ്രസ്തുത മണ്ഡലത്തിലെ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതെല്ലാം; പുരോഗതി അറിയിക്കുമോ ?

മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്ന പാലങ്ങളൊന്നും തന്നെ നിലവിലില്ല.

(എഫ്) മാനന്തവാടി മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റിയുടെ നടപടി എന്തായി?

മാനന്തവാടി മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## മലപ്പുറത്തെ മലയോര ഹൈവേ നിർമ്മാണം

35(1127) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ ?

മലപ്പുറം ജില്ലയിലെ മലയോര ഹൈവേ നിർമ്മാണത്തിനായി ആകെ 79 കി.മീ. നീളത്തിന് 267.99 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭിച്ചിരിക്കുന്നത്. ഇതിൽ 33.795 കി.മീ. ദൂരത്തിന് 137.87 കോടി രൂപയ്ക്ക് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

(ബി) ഇത് മലപ്പുറം ജില്ലയിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ ?

മലപ്പുറം ജില്ലയിലെ ഏറനാട്, നിലമ്പൂർ, വണ്ടൂർ എന്നീ നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു.

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത ഹൈവേ കടന്നുപോകുന്നത് എവിടം മുതൽ എവിടം വരെയാണെന്നും എത്ര തുകയാണ് അതിന് മാത്രമായി അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

ഏറനാട് മണ്ഡലത്തിൽ മൈലാടിപ്പാലം മുതൽ നായാടംപൊയിൽ വരെയുള്ള 15 കിലോമീറ്ററാണ് മലയോര ഹൈവേ കടന്നുപോകുന്നത്. ഏറനാട് മണ്ഡലത്തിലും നിലമ്പൂർ മണ്ഡലത്തിലും ഉൾപ്പെടെ 20.50 കി.മീ. റോഡിന് സംയുക്തമായി 49.5 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണെന്നും പണി ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ എന്നേയ്ക്ക് പണി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഏറനാട് മണ്ഡലത്തിൽ വരുന്ന ഭാഗത്തിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. മലയോര ഹൈവേയ്ക്കാവശ്യമായ റൈറ്റ് ഓഫ് വേ-ക്കുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിനെയാണ് എസ്.പി.വി. ആയി നിയമിച്ചിട്ടുള്ളത്.

(ഇ) നിർമ്മാണത്തിനാവശ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനുള്ള തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദീകരിക്കുമോ?

ഏറനാട് മണ്ഡലത്തിലും നിലമ്പൂർ മണ്ഡലത്തിലും ഉൾപ്പെടെ 20.50 കി.മീ. റോഡിന് സംയുക്തമായി 49.5 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്.

## റാന്നി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

36(1128) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പേരും അവയുടെ നീളവും ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ റോഡുകളാണ് കിഫ്ബി വഴിയും അല്ലാതെയും ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിച്ചത്; അവ ഓരോന്നിലും ചെലവഴിച്ച തുക പ്രത്യേകം ലഭ്യമാക്കാമോ ?

റാന്നി നിയോജകമണ്ഡലത്തിൽ ആകെ 83 റോഡുകളാണ് ഉള്ളത്. വിശദവിവരം അനുബന്ധം- 1* ആയി ചേർത്തിരിക്കുന്നു.

(ബി) ഇനി ഏതൊക്കെ റോഡുകളാണ് ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്താനുള്ളത്; ഇവയിൽ ഏതിന്റെയെങ്കിലും നിർമ്മാണം ഉടൻ ആരംഭിക്കുമോ; ഇതിന് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; ഏത് പദ്ധതിയിലാണ് ഇവ ഉൾപ്പെട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

അനുബന്ധം- 2* ആയി ചേർത്തിരിക്കുന്നു.

(സി) അവശേഷിക്കുന്ന പി.ഡബ്ല്യു.ഡി. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

അവശേഷിക്കുന്ന പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഐ.ആർ.സി. മാനദണ്ഡമനുസരിച്ച് ബി.എം. & ബി. സി. നിലവാരത്തിൽ ഉയർത്താൻ ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുന്നതിനനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പാലാഴി പുത്തൂർമഠം റോഡ് വീതികൂട്ടാനുള്ള നടപടികൾ

37(1129) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാലാഴി പുത്തൂർമഠം റോഡ് വീതികൂട്ടാൻ സ്ഥലമേറ്റെടുക്കുന്നതിന് 2-3-2013-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 313/2013/ പി.ഡബ്ല്യു.ഡി. പ്രകാരം അനുവദിച്ച 2 കോടി രൂപ ഉപയോഗപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-ൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകൾ സമാഹരിച്ച്, അതു പ്രകാരം സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) റോഡ് വീതി കൂട്ടാൻ സ്ഥലമേറ്റെടുക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

അധികമായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ സമാഹരിച്ച് അത് പ്രകാരം സ്ഥലമേറ്റെടുക്കാനുള്ള പ്രൊപ്പോസൽ സർക്കാർ അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. സർക്കാർ അനുമതി ലഭ്യമായ ശേഷം ജില്ലാ കളക്ടർ മുഖാന്തരം സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

## വെങ്ങര റെയിൽവെ മേൽപ്പാലം നിർമ്മാണം

38(1130) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന കിഫ്ബിയിൽ ഉൾപ്പെടുത്തിയ ചന്തപ്പുര-പരിയാരം മെഡിക്കൽ കോളേജ്-ശ്രീസ്ഥ-വെള്ളിക്കീൽ-ഒഴക്രോം-കണ്ണപുരം റോഡ്, തളിപ്പറമ്പ്-പട്ടുവം-ചെറുകുന്ന് റോഡ്, കുപ്പം-ചുടല-പാണപ്പുഴ-ഏര്യം-കണാരം വയൽ റോഡ്, ഏഴിലോട്-ഏഴിമല-റെയിൽവെ സ്റ്റേഷൻ-പുതിയ പുഴക്കര റോഡ് എന്നീ റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എപ്പോഴേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ ?

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ടെണ്ടർ നടപടി പൂർത്തിയായ വെങ്ങര റെയിൽവെ മേൽപ്പാലം നിർമ്മാണം എപ്പോഴേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

വെങ്ങര റെയിൽവെ ഓവർ ബ്രിഡ്ജ് 24 മാസ കാലാവധിയോടുകൂടി ജാസ്മിൻ കൺസ്ട്രക്ഷൻസ്, കാസർഗോഡ് ഏറ്റെടുത്ത് 2-11-2020-ന് ഉടമ്പടി കരാർ ഒപ്പുവച്ചു. 1-11-2022 വരെയാണ് പ്രവൃത്തിയുടെ കാലാവധി. റെയിൽവേയുടെ മുകളിലുള്ള സ്പാൻ ഡിസൈൻ ചെയ്ത് അംഗീകാരം നൽകേണ്ടത് റെയിൽവെ അധികൃതരാണ്. ആയത് റെയിൽവേയുടെ എറണാകുളം ചീഫ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് അയച്ചിരിക്കുകയാണ്. അതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൊതുമരാമത്ത് വകുപ്പ് ചെയ്യേണ്ട ഭാഗത്തിന്റെ ഡിസൈനിന് അന്തിമ അംഗീകാരം ലഭിക്കുകയുള്ളൂ. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത

39(1131) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത മാതൃകാറോഡായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാത മാതൃകാ റോഡായി ഉയർത്തുന്നതിനായി M/s. Egis International എന്ന DPR consultant മുഖേന പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി. പ്രസ്തുത പദ്ധതി 2020 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിലായി രണ്ട് തവണ ടെണ്ടർ ചെയ്തു. രണ്ടുതവണയും പങ്കെടുത്ത bidders ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് അനുയോജ്യരല്ലാത്തതിനാൽ ടെണ്ടർ ഉപേക്ഷിക്കുകയാണുണ്ടായത്. ഈ പദ്ധതിയുടെ റീടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി, യോഗ്യരായ bidders-നെ ലഭിക്കുക യാണെങ്കിൽ 2021 മാർച്ച് മാസത്തോടുകൂടി പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ ?

കരാറുകാരനെ തെരഞ്ഞെടുത്ത് എഗ്രിമെന്റ്വച്ച ശേഷം 9 മാസങ്ങളാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ചിട്ടുള്ള കരാർ കാലാവധി.

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി യോഗ്യരായ bidders-ന്റെ അഭാവം ഈ പദ്ധതിയുടെ ആരംഭത്തിന് തടസ്സമാകുന്നു.

## ചെമ്പറക്കി-പൂക്കാട്ടുപടി-കിഴക്കമ്പലം റോഡ് നിർമ്മാണം

40(1132) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പറക്കി-പൂക്കാട്ടുപടി, പൂക്കാട്ടുപടി-കിഴക്കമ്പലം എന്നീ റോഡുകൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചത്; വ്യക്തമാക്കാമോ ?

ചെമ്പറക്കി-പൂക്കാട്ടുപടി റോഡിന് 349 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 250 ലക്ഷം രൂപ FDR 2018-19-ൽ ഉൾപ്പെടുത്തിയും 99 ലക്ഷം രൂപ MLA-ADF ഫണ്ടുമാണ് അനുവദിച്ചത്. പൂക്കാട്ടുപടി-കിഴക്കമ്പലം റോഡിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡിൽ നിന്നാണ് തുക അനുവദിച്ചത്.

(ബി) ടി റോഡ് നിർമ്മാണത്തിന് തദ്ദേശഭരണസ്ഥാപനങ്ങളോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ തുക അനുവദിച്ചിട്ടുണ്ടോ; ടി റോഡുകളുടെ നിർമ്മാണ കരാർ ഏറ്റെടുത്തത് ആരെന്ന് വ്യക്തമാക്കാമോ ?

ചെമ്പറക്കി - പൂക്കാട്ടുപടി റോഡ് 0 മുതൽ 4 വരെ കിലോമീറ്റർ പ്രവൃത്തിയിൽ അധികവീതി കിഴക്കമ്പലം പഞ്ചായത്ത് ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഇതിന്റെ ഫണ്ട് പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ലാത്തതാണ്. 0/000 മുതൽ 4/000 കിലോമീറ്റർ വിജയ് കൺസ്ട്രക്ഷൻസും 4/000 മുതൽ 5/270 വരെ ഇ. എം. നിഷാദ് എന്നിവരാണ് ഈ റോഡുകളുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത്. പൂക്കാട്ടുപടി-കിഴക്കമ്പലം റോഡിന് തുക അനുവദിച്ചിട്ടില്ല. വിജയ് കൺസ്ട്രക്ഷൻസ് ആണ് നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ളത്.

(സി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കു മെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

ചെമ്പറക്കി-പൂക്കാട്ടുപടി റോഡ് കിലോമീറ്റർ 0/000 മുതൽ 4/000 വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും 4/000 മുതൽ 5/270 വരെയുള്ള പ്രവൃത്തികൾ നടന്നുവരുന്നതും 2021 ജനുവരി 31-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതുമാണ്. പൂക്കാട്ടുപടി- കിഴക്കമ്പലം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 2-3-2021-നകം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമരാമത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിനേക്കാൾ കൂടിയ വീതിയിൽ റോഡ് ടാർ ചെയ്യുന്നത് നിയമവിരുദ്ധമാണ്. ബഹു. ഹൈക്കോടതി നിർദ്ദേശിച്ചതിനാൽ മാത്രമാണ് വീതി കൂട്ടി ചെയ്തിട്ടുള്ളത്.

## മൂവാറ്റുപുഴ മുറികല്ല് ബൈപാസ് നിർമ്മാണം

41(1133) ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മുറികല്ല് ബൈപാസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ?

മുറികല്ല് ബൈപ്പാസിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 50 കോടി രൂപയുള്ള ഭരണാനുമതി 10-8-2018-ൽ നൽകിയിരുന്നു. ടി പ്രവൃത്തി കിഫ്ബി പ്രവൃത്തികളുടെ SPV ആയ KRFB മുഖേന നടപ്പിലാക്കാൻ 14-1-2020-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 58/2020/PWD പ്രകാരം തീരുമാനിച്ചു. കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് 64.97 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ആയത് കിഫ്ബിയുടെ കീഴിൽ സൂക്ഷ്മ പരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. TAR & NCR - പൊതുമരാമത്ത് വകുപ്പിൽനിന്നും 28-10-2020-ൽ കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ് നൽകിയ ആശയങ്ങളിൽ കൂടുതൽ വിശദീകരണം കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രധാന വർക്കായ മുറിക്കല്ല് പാലം നിലവിൽ പൂർത്തിയായതാണ് (12.5 കോടി രൂപ). എന്നാൽ അപ്രോച്ച് റോഡിന്റെ അപര്യാപ്തതമൂലം ഈ പാലത്തി ന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാലത്തിന്റെ ഇരുവശത്തും അപ്രോച്ച് റോഡ് നിർമ്മാണം കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി തുടങ്ങുന്നതിനാ വശ്യമായ നടപടികൾ ആരംഭിച്ചു.

## അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

42(1134) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. പരിപാലിക്കുന്ന എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്നും ഇതിൽ എത്ര കിലോമീറ്റർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരുദ്ധരിച്ചുവെന്നും വ്യക്തമാക്കാമോ ?

അങ്കമാലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനുകീഴിൽ ഉള്ള ആകെ റോഡിന്റെ നീളം 204 കി.മീ. ആണ്. ഇതിൽ 67.52 കി.മീ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് പ്രവർത്തിയിൽ പുനഃരുദ്ധരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേരും തുകയും ഏത് നിലവാരത്തിലാണ് റോഡുകൾ നിർമ്മിച്ചതെന്നും ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ?

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(സി) അങ്കമാലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഇനി അടിയന്തരമായി പൂർത്തീകരിക്കേണ്ട പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ആയവ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

പൂർത്തീകരിക്കേണ്ട പദ്ധതികളുടെ വിശദവിവരം അനുബന്ധം - 2- ആയി ചേർത്തിരിക്കുന്നു.

## ഒറ്റപ്പാലം - ചെർപ്പുളശ്ശേരി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

43(1135) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം - ചെർപ്പുളശ്ശേരി ബി.എം. & ബി.സി. ചെയ്യുന്നതിനായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും പ്രസ്തുത ഭരണാനുമതി എന്നാണ് നല്കിയതെന്നും വ്യക്തമാക്കാമോ ?

'ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് പ്രവൃത്തിക്ക് 20-8-2016-ലെ സ.ഉ(സാധാ) നമ്പർ 1192/2016/ പൊ.മ.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് 12-2-2020-ൽ കിഫ്ബിയിൽ നിന്നും 54.32 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത റോഡിന് ഏകദേശം 2 കി.മീ. നീളത്തിൽ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും തുടർന്ന് കമ്മിറ്റിയുടെ മിനിട്സ് പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ സാങ്കേതികാനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്. സാങ്കേതികാനുമതി നൽകിയതിനുശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ റോഡ്

44(1136) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ റോഡ് നിർമ്മിക്കുന്നത് എത്ര കിലോമീറ്റർ നീളത്തിലാണ്; നിലവിൽ ഇതിന്റെ സ്ഥിതി എന്താണ്; ഇതിൽ വരുന്ന പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ ?

പയ്യന്നൂർ മണ്ഡലത്തിൽ 11 കിലോമീറ്റർ നീളത്തിലാണ് (പാലക്കോട് മുതൽ രണ്ട് തെങ്ങ് വരെ) തീരദേശ ഹൈവേ നിർമ്മിക്കുന്നത്. ഇതിൽ പാലക്കോട് മുതൽ കുന്നരു വരെ 4.65 കി.മീ. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ വരുന്ന ഓലക്കീൽ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) രണ്ടാം റീച്ചിന്റെ ഡി. പി. ആർ. തയ്യാറാക്കുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നത് ആരാണെന്നും അറിയിക്കാമോ?

രണ്ടാം റീച്ചിന്റെ അലൈൻമെന്റ് നിർണ്ണയിക്കുന്നതിനും വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനും കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തലശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

45(1137) ശ്രീ എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തകർന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് ഈ സർക്കാർ ഫണ്ട് അനുവദിച്ചതെന്ന് വെളിപ്പെടുത്താമോ ?

വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഇവയിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്നും അവ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി- നടുവിൽ റോഡിന്റെ ടെൻഡർ നടപടികൾ

46(1138) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഏറ്റെടുത്ത ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി - നടുവിൽ റോഡിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡിന്റെ എസ്റ്റിമേറ്റ് സാങ്കേതി കാനുമതിക്കായി ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതുണ്ട്. ആയത് സമർപ്പിക്കുവാൻ കേരള റോഡ് ഫണ്ട് ബോർഡിൽനിന്ന് ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന ഉടൻ ചീഫ് എഞ്ചിനീയർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതും കമ്മിറ്റിയുടെ മിനിട്സ് പ്രകാരം പ്രൈസ് സോഫ്റ്റ്വെയറിൽ സാങ്കേതികാനു മതിക്കായി സമർപ്പിക്കേണ്ടതുമാണ്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) എത്ര കോടി രൂപയുടെ എസ്റ്റിമേറ്റ് ആണെന്നും അതിന് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ?

15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 31.91 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(സി) പ്രവൃത്തി ടെണ്ടർ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

സാങ്കേതികാനുമതി എത്രയും പെട്ടെന്ന് ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ

47(1139) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടന്നുവരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

&

(ബി) ഇവയുടെ തുക, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടന്നു വരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

48(1140) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-5-2016-ന് പൊതുമരാമത്ത് വകുപ്പ് നാലരക്കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ കൊച്ചി മണ്ഡലത്തിലെ പള്ളുരുത്തി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി രാമേശ്വരം വില്ലേജ് ഓഫീസിന് സമീപത്തെ റവന്യൂ ഭൂമി ഉൾപ്പെടെയുള്ള സ്ഥലം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

&

(ഇ) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷനു വേണ്ടി ഭൂമി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കാമോ?

(എ-ഇ) പള്ളുരുത്തി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 27-5-2016-ലെ G.O.(Rt)No.924/2016/PWD നമ്പർ ഉത്തരവ് പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രാമേശ്വരം വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഉദ്ദേശി ച്ചിരിക്കുന്നത്. എന്നാൽ ടി സ്ഥലം നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം കൈമാറിക്കിട്ടുന്നതിനായി നിരവധിതവണ റവന്യൂ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ഭരണാനുമതി ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

## മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

49(1141) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മി ക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നിർമ്മാണത്തിന് കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ ?

ഇരുനിലകളിലായി നിർമ്മിക്കുന്ന മലയിൻകീഴ് സബ് രജിസ്ട്രാർ ആഫീസ് കെട്ടിടത്തിന്റെ രണ്ട് നിലകളും വാർത്തുകഴിഞ്ഞു. എന്നാൽ മേൽപ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ ഒഴിവാക്കിയതിനോടനുബന്ധിച്ച് ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി അംഗീകാരത്തിനായി കൺസ്ട്രക്ഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഷെഡ്യൂൾ കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം പുനർദർഘാസ് നടപടികൾ സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12 മാസം ആയിരുന്നു. അതിൻപ്രകാരം 15-2-2020-ൽ പൂർത്തീകരണ കാലാവധി തീരുകയും ചെയ്തു. ചില സാങ്കേതിക കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ 15-7-2020 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ 19-3-2020-നുശേഷം ടി കെട്ടിടത്തിന്റെ ഒരു പ്രവൃത്തിയും കരാറുകാരൻ നടത്തിയിട്ടില്ല. ടി പ്രവൃത്തി വളരെ മന്ദഗതിയി ലായതിനാൽ ഉടമ്പടി പ്രകാരവും കിഫ്ബി ഗൈഡ് ലൈൻ പ്രകാരവുമുള്ള പുരോഗതി ഇല്ലാത്തതുകാരണം നിരവധി തവണ കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും കത്തുകൾ നൽകിയെങ്കിലും യാതൊരുവിധ നടപടിയും ഉണ്ടാകാത്തതിനാൽ ഫൈനൽ നോട്ടീസ് കരാറുകാരന് നൽകി മേൽ പ്രവൃത്തി പുനരാരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതായും എന്നിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള യാതൊരു നടപടിയും കൈക്കൊള്ളാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്തു. ബാക്കി പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ 6 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാനാകും.

### വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസ് നവീകരണം

50(1142) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നല്കിയതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

പുതിയ കെട്ടിട നിർമ്മാണത്തിനുള്ള മുനിസിപ്പാലിറ്റിയുടെ എൻ.ഒ.സി.-ക്കായി ആവശ്യമായ രേഖകൾ സഹിതം 3-7-2018-ലെ CNo.202/15 പ്രകാരം വർക്കല മുനിസിപ്പൽ സെക്രട്ടറിക്ക് അപേക്ഷിച്ചിരുന്നു. ആഫീസ് സ്ഥിതിചെയ്യുന്ന വസ്തു ടൗൺ പ്ലാനിംഗിലുൾപ്പെട്ട വസ്തുവായതിനാൽ എൻ.ഒ.സി.-യ്ക്കായി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയച്ചിരിക്കുകയാണ് എന്ന വിവരം 4-8-2018-ലെ പി.ഡബ്ല്യു2-7897/18 കത്ത് പ്രകാരം അറിയിച്ചു. തുടർന്ന് അടിയന്തര നടപടികൾക്കായി റീജിയണൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിൽ 30-8-2018-ലെ CNo.202/15 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ 4-9-2018-ൽ സബ് രജിസ്ട്രാർ ആഫീസിലെത്തുകയും ടി വസ്തു അളക്കുകയും ചെയ്തു. ടി വസ്തു സോണൽ എക്സംപ്ഷനുവേണ്ടി ചീഫ് ടൗൺ പ്ലാനറുടെ പരിഗണനയിലാണെന്നറിയാൻ സാധിച്ചു. എന്നാൽ സോണിംഗ് റെഗുലേഷൻമൂലം കെട്ടിടനിർമ്മാണത്തിന് തടസ്സമുള്ളതിനാൽ സർക്കാർ ഇളവ് ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സോണൽ എക്സംപ്ഷനുവേണ്ടി അപേക്ഷിച്ച് നടപടി സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച് കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ് BA 576/18-19, അപ്രൂവ്ഡ് പ്ലാൻ എന്നിവ 11-9-2020-ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകി. 1-12-2020-ന് കിഫ്ബിയിൽ നിന്നും അംഗീകാരവും 7-1-2021-ൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

51(1143) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിന് ശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർക്കല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

52(1144) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചുവരുന്ന കെട്ടിടങ്ങൾ, റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(സി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ നരിക്കല്ല്-തച്ചോട്-പനയറ-ചാവ റോഡ്, ഞെക്കാട് റോഡ് നവീകരണം-8.09 കോടി, 28-ാം മൈൽ-വെട്ടിയറ-കെട്ടിട മുക്ക്-പലവക്കോട്-ഇടമൺനില-മുക്കട റോഡ് നവീകരണം-11.29 കോടി - എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. കിഫ്ബി വിഭാഗത്തിനു കീഴിൽ 1. 2016-17 മുതലപ്പൊഴി വെട്ടൂർ - വർക്കല - നടയറ - പാരിപ്പള്ളി റോഡ് ഡി.ബി.എം. & ബി.സി. പണികൾ 4754.00 ലക്ഷം - എഗ്രിമെന്റ് വച്ച് പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു. 2. 2016-17 -ശിവഗിരി- റിംഗ് റോഡിന്റെ ഡി.ബി.എം. & ബി.സി പണികൾ - 1375 ലക്ഷം- 98% പൂർത്തീകരിച്ചു. നിരത്ത്, കെട്ടിടം വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മാവേലിക്കരയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ

53(1145) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെയും പദ്ധതികളുടെയും പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഫണ്ട് അനുവദിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രവൃത്തി പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ ?

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) പുതുതായി ഫണ്ട് അനുവദിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

താഴെ കൊടുത്തിരിക്കുന്ന പദ്ധതികളുടെ എസ്റ്റിമേറ്റുകൾ അതത് ഭരണവകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണവകുപ്പുകളാണ് ഭരണാനുമതി നൽകേണ്ടത്.
1. ഫയർ സ്റ്റേഷൻ മാവേലിക്കരയ്ക്ക് പുതിയ കെട്ടിടം-അഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം സമർപ്പിച്ചിട്ടുണ്ട്.
2. എക്സൈസ് സർക്കിൾ ഓഫീസിന് പുതിയ കെട്ടിടം - 2.47 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം സമർപ്പിച്ചിട്ടുണ്ട്.
3. കോർട്ട് കോംപ്ലക്സ് മാവേലിക്കരയ്ക്ക് പുതിയ കെട്ടിടം - 13 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം സമർപ്പിച്ചിട്ടുണ്ട്.
4. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഒ.പി ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം - 18.30 കോടി രൂപയുടെ ഭരണാനുമതിക്കായി സമർപ്പിക്കുന്നതായി കെട്ടിടവിഭാഗം അറിയിച്ചിട്ടുണ്ട്.

## നെന്മേനി പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം

54(1146) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മേനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ?

പ്രീമെട്രിക്ക് ഹോസ്റ്റൽ നെൻമേനിയുടെ ആർക്കിടെക്ച്ചറൽ പ്ലാൻ അനുസരിച്ച് രണ്ടു നിരപ്പുകളിലായിട്ടാണ് (1 മീറ്റർ വ്യത്യാസത്തിൽ) വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന്റെ ഉയരം കൂടിയ നിരപ്പിന്റെ പ്ലിന്ത് ബീമിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രീമെട്രിക്ക് ഹോസ്റ്റൽ നെന്മേനിയുടെ പ്രവൃത്തി സ്ഥലം കൈമാറിയത് 15-10-2019-നാണ്. 12 മാസമാണ് പ്രവൃത്തി കാലാവധി. 14-10-2020-ന് പ്രവൃത്തി അവസാനിക്കേണ്ടതായിരുന്നു. പക്ഷെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ചെയ്യേണ്ടതായി വന്നു. കൂടാതെ കോവിഡ്-19 ന്റെ അതിവ്യാപനം കാരണം പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 14-4-2021 വരെ പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകാനുള്ള അപേക്ഷ കരാറുകാരൻ സമർപ്പിച്ചിട്ടുണ്ട്. മേൽ തീയതികളിൽത്തന്നെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാനുള്ള കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

## കരുവാറ്റക്കടവ് പാലം

55(1147) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി, ഉണ്ണികുളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കരുവാറ്റ ക്കടവ് പാലത്തിന്റെ നിർമ്മാണ നടപടികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2009-ൽ പ്രസ്തുത പാലം നിർമ്മാണത്തിനായി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമറിയിക്കാമോ ?

കരുവാറ്റക്കടവ് പാലത്തിന് 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ ആയിരുന്നു. 2013-ൽ മാത്രമാണ് പ്രസ്തുത സ്ഥലയുടമ ഫ്രീ സറണ്ടർ ആയി സ്ഥലം സർക്കാരിലേയ്ക്ക് പാലം നിർമ്മിക്കുന്നതിനായി വിട്ടു നൽകിയത്. ഈ കാലയളവിനുള്ളിൽ ഭരണാനുമതി കാലഹരണപ്പെടുകയുണ്ടായി.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

സ്ഥലം ലഭ്യമായതിനുശേഷം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കുകയും രൂപകൽപ്പന നടത്തുകയും ചെയ്തതിനുശേഷം 3.50 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## താനൂർ നിയോജകമണ്ഡലത്തിലെ പാലം പദ്ധതികൾ

56(1148) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച (കിഫ്ബി) അഞ്ചുടി പാലം, അങ്ങാടി പാലം എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ?

താനൂർ നിയോജകമണ്ഡലത്തിലെ അഞ്ചുടി പാലം നിർമ്മാണത്തിനു 22.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അർത്ഥനപത്രം സമർപ്പിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതിക അനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. അങ്ങാടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ഡിസൈൻ വിംഗിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള അലൈൻമെന്റിൽ സ്കൂളും, മതപഠനശാലയും നിരവധി കച്ചവട സ്ഥാപനങ്ങളും ഉൾപ്പെടുന്നതിനാൽ ഭൂമി വിട്ട് നൽകുന്നതിന് ഭൂവുടമകൾ തയ്യാറാകുന്നില്ല. പ്രസ്തുത പാലത്തിന് 600 മീറ്റർ മാറി നിലവിലുള്ള താനൂർ പാലം IWAI ചട്ടം അനുസരിച്ചല്ല നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ ഈ പാലം പൊളിച്ച് IWAI ചട്ടങ്ങൾ പ്രകാരം പുതുതായി നിർമ്മിക്കേണ്ടതുണ്ട്. അതുകൊണ്ട് ഈ പാലത്തിലേയ്ക്ക് അങ്ങാടി പാലത്തിന്റെ അലൈൻമെന്റ് മാറ്റി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള അനുമതിക്കായുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ ആരംഭിച്ച് എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പൊതുമരാമത്ത് വകുപ്പ് പ്രതീക്ഷിക്കുന്നത് ?

ഭൂമി ലഭ്യമായാലുടൻ തന്നെ സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്ത് രണ്ടുവർഷത്തിനകം അഞ്ചുടി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായാൽ തുടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി രണ്ട് വർഷത്തിനകം അങ്ങാടി പാലത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മേൽ സൂചിപ്പിച്ച പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം ആരംഭിച്ച് ജനങ്ങൾക്ക് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ: വിശദാംശം അറിയിക്കുമോ ?

മേൽ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാനും പൂർത്തീകരിച്ച് ജനങ്ങൾക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലടി പാലത്തിലെ ഗതാഗത കുരുക്ക്

57(1149) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ എം.സി. റോഡിലുള്ള കാലടി പാലത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി കാലടി സമാന്തര പാലം നിർമ്മാണം എന്ന ആവശ്യത്തിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ; &

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും ആയത് ആരംഭിക്കുന്നതിനായി നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ?

(എ&ബി) നിലവിലുള്ള ശ്രീശങ്കരാചാര്യ പാലത്തിന് സമാന്തരമായി 5 മീറ്റർ അകലത്തിൽ പുതിയ പാലം നിർമ്മിക്കുന്നതിനായി 27-3-2012-ലെ G.O.(Rt) No.492/PWD/2012 പ്രകാരം 42 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. അതനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിയായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കുകയും അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കുകയും ചെയ്തു. ഈ അലൈൻമെന്റ് പ്രകാരം നിലവിലുള്ള പാലത്തിന് സമാന്തരമായിത്തന്നെ പുതിയ പാലം നിർമ്മിക്കുകയും നിലവിലുള്ള റോഡിലേയ്ക്കുതന്നെ അപ്രോച്ച് റോഡ് ചെന്നുചേരുകയും ചെയ്യുന്ന വിധമാണ് പാലം വിഭാവനം ചെയ്തത്. ഇതിന്റെ ബാക്കി നടപടികളുമായി മുന്നോട്ടുപോയപ്പോൾ ഈ പാലം നിർമ്മാണം കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നും നിലവിലുള്ള ഗതാഗതക്കുരുക്ക് മാറുന്നതിനു പകരം വർദ്ധിക്കുകയേയുള്ളൂ എന്നും പറഞ്ഞുകൊണ്ട് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയും പാലം നിർമ്മാണത്തിനോടൊപ്പം ഒരു ബൈപ്പാസ് കൂടി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് സമാന്തരപാലം സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. അതിനു ശേഷം ബൈപ്പാസുകളുൾപ്പെടെ പാലം നിർമ്മിക്കുന്നതിനായി സർവ്വേ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത അലൈൻമെന്റ് പ്രകാരം പുതിയ പാലത്തിന്റെ സ്ഥാനം പെരുമ്പാവൂർ ഭാഗത്ത് നിലവിലുള്ള പാലത്തിൽ നിന്നും പടിഞ്ഞാറു വശത്തേയ്ക്കു മാറി കടവുറോഡിൽനിന്നും ആരംഭിച്ച് 450 മീറ്റർ ചെരിഞ്ഞ് 492 മീറ്റർ നീളത്തിൽ കാലടി ഭാഗത്ത് നിലവിലുള്ള പാലത്തിൽ നിന്നും 350 മീറ്റർ മാറിചെന്നുചേരുന്ന വിധമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ അലൈൻമെന്റ് പ്രകാരം 15 മീറ്റർ വീതിയുള്ള നിർദ്ദിഷ്ട ബൈപ്പാസ് റോഡ് പെരുമ്പാവൂർ ഭാഗത്ത് 200 മീറ്റർ നീളത്തിലും കാലടി ഭാഗത്ത് 1530 മീറ്റർ നീളത്തിലും

നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി ഏകദേശം 750 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായി വരും. 18-8-2016-ൽ ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ചാലക്കുടി എം.പി. ശ്രീ. ഇന്നസെന്റ്, മുൻ എം.എൽ.എ. അഡ്വ. ജോസ് തെറ്റയിൽ, കാലടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി തുളസി, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയും പുതുക്കി അംഗീകരിച്ച അലൈൻമെന്റിലുള്ള പാലത്തിന്റെ ഡിസൈൻ എത്രയും വേഗം പൂർത്തിയാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് മണ്ണ് പരിശോധന നടത്തുന്നതിന് 1-11-2016-ൽ 11.49 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി മണ്ണുപരിശോധന പൂർത്തിയാക്കി ഡിസൈന് വേണ്ടി സമർപ്പിക്കുകയും ചെയ്തു. 18-5-2017-ൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അങ്കമാലി എം.എൽ.എ ശ്രീ. റോജി ജോൺ, ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത്, പെരുമ്പാവൂർ എം.എൽ.എ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം നടത്തുകയും പുതിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, എത്രയും വേഗം ഡി.പി.ആർ. സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുമരാമത്ത് വകുപ്പ് പാലം ഡിസൈൻ വിഭാഗത്തിൽനിന്നും ലഭിച്ച ഡ്രോയിംഗ് പ്രകാരം പുതിയ ഡിസൈൻ ലഭിച്ചതിനെത്തുടർന്ന് പാലത്തിന്റെയും അനുബന്ധ അപ്രോച്ച് റോഡിന്റെയും ബൈപ്പാസ് റോഡിന്റെയും നിർമ്മാണത്തിനും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതിനുമായി 120 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 20-11-2019-ൽ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിൽവച്ച് ബഹു. ചാലക്കുടി എം.പി ശ്രീ. ബെന്നി ബെഹനാൻ, ആലുവ, അങ്കമാലി പെരുമ്പാവൂർ മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ വീണ്ടും യോഗം നടത്തി. ഈ യോഗത്തിൽ എം.സി. റോഡിനെ ആലുവ-കാലടി-മലയാറ്റൂർ റോഡ് ക്രോസ് ചെയ്യുന്നതുകൊണ്ടാണ് ഗതാഗത ക്കുരുക്കുണ്ടാകുന്നതെന്നും ആയതിനാൽ സമാന്തര പാലത്തിന്റെ അലൈൻമെന്റി ലായാലും ബൈപാസ് അലൈൻമെന്റിലായാലും ഫ്ളൈ-ഓവർ/ഓവർബ്രിഡ്ജ് നിർമ്മിച്ചാൽ മാത്രമേ കാലടി ജംഗ്ഷനിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണാൻ സാധിക്കൂ എന്ന വിവരം ബോധ്യപ്പെടുത്തുകയും തുടർന്ന് ഫ്ളൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡോ. ഇ. ശ്രീധരനുമായി ചർച്ച ചെയ്യാൻ ബഹു. എം.പി.യും എം.എൽ.എ.-മാരും മുൻകയ്യെടുക്കണമെന്ന് ബഹു. മന്ത്രി നിർദ്ദേശിക്കുകയും ചെയ്തു. 2015-ൽ പുതുക്കി അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 2018-ൽ ആരംഭിച്ചെങ്കിലും സ്ഥലവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പോലീസ് സഹായത്തോടുകൂടി അതിർത്തിക്കല്ലുകൾ സ്ഥാപിക്കാൻ

ശ്രമിച്ചെങ്കിലും ജനങ്ങളുടെ ശക്തമായ പ്രതിഷേധത്തെ തുടർന്ന് നിർത്തി വയ്ക്കേണ്ടി വന്നു. സ്ഥല ഉടമകളുമായി ചർച്ച നടത്തി സമവായത്തിലൂടെ മാത്രമേ ഈ പ്രവൃത്തി സുഗമമായി ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതിനെത്തുടർന്ന് സമാന്തര പാലത്തിന്റെയും ബൈപ്പാസ് ഉൾപ്പെടെയുള്ള പാലത്തിന്റെയും നിർമ്മാണത്തെ കുറിച്ചുള്ള താരതമ്യ പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ച് ഉചിതമായ നിർദ്ദേശം നൽകണ മെന്നഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഇപ്പോഴുള്ള പാലത്തിന്റെ നിലവിലെ അവസ്ഥ അറിയുന്നതിനായി ഐ.ഐ.റ്റി.-യിൽനിന്നുള്ള വിദഗ്ദ്ധ സംഘം പാലത്തിന്റെ പ്രാഥമിക പരിശോധന നടത്തുകയും വിശദമായ പരിഹാര നടപടികൾ നിർദ്ദേശി ക്കുന്നതിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 53 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. ആയത് ഭരണാനുമതിക്കും ഈ പ്രവൃത്തി ഐ.ഐ.റ്റി.-യെ ഏൽപ്പിക്കുന്നതിനുള്ള അനുമതിക്കുമായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. അതോടൊപ്പം പൊതുമരാമത്ത് വകുപ്പിന്റെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെക്കൊണ്ട് ഇപ്പോഴത്തെ പാലത്തിന്റെ പുനരുദ്ധാരണത്തിനാ വശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു. ഈ പാലത്തിനായി തയ്യാറാക്കിയ രണ്ട് പ്രൊപ്പോസലുകളും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള ജനങ്ങളുടെ ശക്തമായ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. റവന്യൂ അധികാരികളുടെയും ജനങ്ങളുടെയും സഹകരണത്തോടെ സ്ഥലമെടുപ്പ് പൂർത്തിയായാൽ മാത്രമേ ഈ പ്രവൃത്തിക്കായുള്ള തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## കണ്ണനിക്കടവ് പാലം പുതുക്കിപ്പണിയുന്ന പ്രവർത്തനങ്ങൾ

58(1150) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കണ്ണനിക്കടവ് പാലം പുതുക്കി പണിയുന്നതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ് -XXVI സ്കീമിൽ ഉൾപ്പെടുത്തി കണ്ണനിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് 477.09 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സാങ്കേതികാനുമതി നൽകിക്കഴിഞ്ഞാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ശേഷം പ്രവൃത്തി ആരംഭിക്കുവാൻ കഴിയും.

**വാടനാംകുറിശ്ശി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

59(1151) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടനാംകുറിശ്ശി റെയിൽവേ മേൽപ്പാലം ഏതുവർഷത്തെ സംസ്ഥാന ബജറ്റിൽ ആണ് പ്രഖ്യാപിച്ചത്; അതിനുശേഷം മേൽപ്പാലം നിർമ്മാണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പുരോഗതി ഘട്ടംഘട്ടമായി വിശദീകരിക്കാമോ ?

വാടനാംകുറിശ്ശി റെയിൽവേ മേൽപ്പാലം 2016-2017 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. കിഫ്ബി 27-7-2017-ലെ ഓർഡർ നം. APR-2/136/2017/KIIFB മുഖേന പദ്ധതി അംഗീകരിക്കുകയും 30.09 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല ആരാണ് നിർവ്വഹിക്കുന്നത്; ഈ പ്രവൃത്തിയുടെ കരാർ ആർക്കാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര തുകക്കാണ് കരാർ ലഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; ഈ പാലത്തിന്റെ ഘടനയും നീളവും വീതിയും അടക്കമുള്ള വിശദവിവരങ്ങളും ലഭ്യമാക്കാമോ?

ആർ.ബി.ഡി.സി.കെ.-യാണ് ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ച്ചുമതല നിർവ്വഹിക്കുന്നത്. M/s. SPL Infrastructure Pvt. Ltd. എന്ന കമ്പനിയാണ് 29.01 കോടി രൂപയ്ക്ക് കരാർ ഏറ്റെടുത്തിട്ടുള്ളത്. മേൽപ്പാലത്തിന്റെ ആകെ നീളം ഇരു വശങ്ങളിലുമുള്ള അപ്രോച്ച് റോഡ് ഉൾപ്പെടെ 680 മീറ്ററും പാലത്തിന്റെ മാത്രം നീളം 348 മീറ്ററും ഫുട്ട്പാത്ത് ഉൾപ്പെടെ പാലത്തിന്റെ മൊത്തം വീതി 10.15 മീറ്ററുമാണ്.

(സി) ഈ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള സ്റ്റാറ്റസ് വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്ന് പൂർത്തിയാ ക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

4-1-2021-ന് M/s. SPL കമ്പനി കരാറിൽ ഒപ്പിട്ടു. നിർമ്മാണ കാലാവധി 12 മാസമാണ്.

(ഡി) റെയിൽവേ മേൽപ്പാലത്തിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂവുടമകൾക്ക് നഷ്ടപരിഹാരം ഇതിനകം നൽകിയിട്ടുണ്ടോ?

ഈ മേൽപ്പാല നിർമ്മാണത്തിനായി 19 ഭൂവുടമകളിൽ നിന്നായി ഏറ്റെടുക്കേണ്ടത് 43.46 ആർ സ്ഥലമാണ്. അതിൽ 17 ഭൂവുടമകളിൽ നിന്നായി 42.70 ആർ ഭൂമി ഏറ്റെടുക്കുകയും അതിനുള്ള നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയുടെ കൈവശം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എറണാകുളം മണ്ഡലത്തിലെ പൊതുമരാമത്ത് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

60(1152) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് പാലം വിഭാഗത്തിൽ ബഡ്ജറ്റ് വർക്ക്, എസ്/ആർ എന്നീ ഹെഡുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എത്രയെന്നും ഏതൊക്കെയെന്നും അറിയിക്കാമോ;

&

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്ര എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്ര പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് പാലം വിഭാഗത്തിൽ ബഡ്ജറ്റ് വർക്ക്, എസ്/ആർ എന്നീ ഹെഡുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഒന്നുമില്ല.

## ആലത്തൂരിലെ പാലം പ്രവൃത്തികൾ

61(1153) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ പഞ്ചായത്തിലെ പറക്കുന്നംപാലം, എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം, കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്- പുന്നപ്പാടം കോസ് വേ എന്നിവയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ പറക്കുന്നം പാലത്തിന്റെ നിർമ്മാണത്തിനായി 10.05 കോടിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും തുടർന്ന് കിഫ്ബിയിൽ നിന്ന് ടി.എ.ആർ. (ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട്) ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ തുടർനടപടികൾ കെ.ആർ.എഫ്.ബി.-ക്ക് കീഴിലെ പുതുതായി രൂപീകരിച്ച എഞ്ചിനീയറിംഗ് വിംഗിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ചുള്ളിമട പാലത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. സബ്സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ പുഴ സംരക്ഷണ ഭിത്തിയുടെ പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. 8-1-2021-ലെ G.O(Rt) No. 24/2021/ PWD നമ്പർ ഉത്തരവ് പ്രകാരം കിഴക്കഞ്ചേരി പഞ്ചായത്തിലെ പുന്നപ്പാടം മമ്പാട് കോസ് വേ യുടെ നിർമ്മാണത്തിന് 660 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### നെന്മാറ മണ്ഡലത്തിലെ പാലങ്ങളുടെ നവീകരണം

62(1154) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പാലങ്ങൾ നവീകരിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

&

(ബി) ഏതെല്ലാം പാലങ്ങൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും, ആയതിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുണ്ടാരച്ചോല പാലം പുനർനിർമ്മാണത്തിനായി 1.50 കോടി രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തരൂർ, നെന്മാറ മണ്ഡലങ്ങളിലായി 25 ലക്ഷം രൂപ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചു. പ്രവൃത്തി പുരോഗമിച്ചു വരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് XXVI സ്കീമിൽ ഉൾപ്പെടുത്തി കണ്ണനിക്കടവ് പാലത്തിന് 477.09 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു ആയത് പൂർത്തിയായാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. ഗോവിന്ദാപുരം പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

### ഈസ്റ്റ് ഒറ്റപ്പാലം പാലം

63(1155) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം ടൗണിനോടനുബന്ധിച്ചുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

&

(ബി) ഈസ്റ്റ് ഒറ്റപ്പാലം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ എന്നാണ് ലഭ്യമായത്; അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

(എ&ബി) ഒറ്റപ്പാലം ടൗണിനോടനുബന്ധിച്ച് ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയാംപുറം എന്ന രണ്ട് പാലങ്ങൾ ചേർന്ന് ഒരു പദ്ധതി ആയിട്ടാണ് കിഫ്ബി മുഖേന നടത്തുവാൻ തീരുമാനിച്ചിരുന്നത്. ഇതിൽ കണ്ണിയാംപുറം പാലത്തിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലുമാണ്. ഇപ്രകാരം കിഫ്ബിയിൽ ഒരുമിച്ച് ഉൾപ്പെടുത്തിയിരുന്ന രണ്ട് പ്രവൃത്തിയിൽ ഒന്നിന് പ്രത്യേക ഭരണാനുമതി നൽകിയതിനാൽ ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള കുറഞ്ഞ തുകയായ 10 കോടി രൂപ ആവശ്യമില്ലാതെ വന്നു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തി ബഡ്ജറ്റ് 2020-21-ൽ ഉൾപ്പെടുത്തി അനുപ്രകാരം 418 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 21-7-2020-ൽ സർക്കാരിലേയ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ചേരാനല്ലൂർ പഞ്ചായത്തിലെ കുറുംകോട്ട പാലം

64(1156) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 10-7-2017-ലെ 942/2017 നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും എന്നാൽ നാളിതുവരെ കിഫ്ബി അംഗീകാരം നേടാൻ സാധിക്കാത്തതുമായ എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുറുംകോട്ട ദ്വീപിലേക്കുള്ള കുറുംകോട്ട പാലം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

എറണാകുളം നിയോജകമണ്ഡലത്തിലെ കുറുകോട്ട ദ്വീപും വടുതലയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പാലം നിർമ്മിക്കേണ്ടത്. ഈ പാലം നിർമ്മാണത്തിനായി 10-7-2017-ലെ G.O.(Rt)No.942/2017/PWD നമ്പർ പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകുകയും തുടർന്ന് മണ്ണ് പരിശോധന പ്രവൃത്തികൾ നടത്തുകയും ചെയ്തു. അതനുസരിച്ച് ലഭിച്ച റ്റി.ജി.ഡി. (ടെന്റേറ്റീവ് ജനറൽ അലൈൻമെന്റ് ഡിസൈൻ) പ്രകാരം പാലത്തിന് 312 മീറ്റർ നീളവും, 7.50 മീറ്റർ വീതിയിൽ 2 നിര ഗതാഗതത്തിനുതകുന്ന പാതയും ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപ്പാതയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന വേലിയേറ്റ നിരപ്പിൽ നിന്നും 7 മീറ്റർ ക്ലിയറൻസിലും 26.00 x 10.25.70 x 2 വീതം 12 സ്പാനുകളിലായിട്ടാണ് പാലം വിഭാവന ചെയ്തിട്ടുള്ളത്. ഡിസൈൻ വിഭാഗ ത്തിൽനിന്നും നിർദ്ദേശിച്ച പ്രകാരം വടുതല ഭാഗത്ത് അധികമായി നടത്തേണ്ട മണ്ണ്

പരിശോധന പ്രവൃത്തികൾ ആരംഭിച്ചപ്പോൾ വടുതല നിവാസികളുടെ എതിർപ്പിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ല. പരിസരവാസികളുടെ എതിർപ്പിനെ തുടർന്ന് സ്ഥലം ലഭിക്കാൻ സാധ്യത കുറവായതിനാൽ പാലത്തിന്റെ വീതി 7.50 മീറ്ററിൽ നിന്നും 5.50 മീറ്ററായി കുറയ്ക്കാൻ ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇപ്രകാരം ഡിസൈനിൽ മാറ്റം വരുത്തിയാൽ KIIFB മാനദണ്ഡപ്രകാരം പാലത്തിന്റെ നിർമ്മാണം സാധിക്കുകയില്ല. കൂടാതെ വെർട്ടിക്കൽ ക്ലിയറൻസ് 5 മീറ്ററായി കുറച്ചുകൊണ്ട് പാലം നിർമ്മിക്കുമ്പോൾ പാലത്തിന്റെ വടുതല ഭാഗത്ത് ഏകദേശം 100 മീറ്റർ നീളത്തിലും 18 മീറ്റർ വീതിയിലും ഇരുവശങ്ങളിലെ സർവീസ് റോഡ് ഉൾപ്പെടെ നിർമ്മിക്കുകയാണെങ്കിൽ മാത്രമേ പ്രദേശവാസികൾക്ക് അവരുടെ സ്ഥലത്തേയ്ക്കുള്ള പ്രവേശനം സാധ്യമാകുകയുള്ളൂ. അപ്പോൾ വീണ്ടും വടുതല ഭാഗത്ത് സ്ഥലം ഏറ്റെടുക്കേണ്ട സ്ഥിതി സംജാതമാകും. സ്ഥലം ഏറ്റെടുത്താൽ മാത്രമേ KIIFB-യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിലെ 27/ഡി1/2020 നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം പുതുക്കിയ അലൈൻമെന്റും ഡിസൈനും തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നിലവിൽ പ്രസ്തുത പാലം പേരാണ്ടൂർ കനാലിൽ വരുന്നതുകൊണ്ട് കുറഞ്ഞത് 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് ഇറിഗേഷൻ വകുപ്പിന്റെ നിർദ്ദേശമുണ്ട്. ഇതുകൂടി കണക്കിലെടുത്ത് പുതിയ ഡിസൈനും അലൈൻമെന്റും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഇങ്ങനെ നിർമ്മിക്കുമ്പോഴും വടുതല ഭാഗത്ത് അപ്രോച്ച് റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനും സർവ്വീസ് റോഡിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതാണ്.

(സി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്ക് ധനകാര്യ വകുപ്പിന് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഡിസൈൻ തയ്യാറാക്കി ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം) അറിയിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പ് വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

65(1157) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചവ, പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എന്നിങ്ങനെ വിശദമാക്കുമോ;

&

(സി) പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന വള്ളിക്കുന്ന് മണ്ഡലത്തിൽ പാലം വിഭാഗത്തിന് കീഴിൽ (1) പാത്തിക്കുഴി തോടിന് കുറുകെയുള്ള പാത്തിക്കുഴി പാലം-1520 ലക്ഷം രൂപ-പൂർത്തീകരിച്ചു. (2) പുല്ലിപ്പുഴയുടെ കുറുകെയുള്ള പുല്ലിക്കടവ് പാലം - 500 ലക്ഷം രൂപ-പൂർത്തീകരിച്ചു. (3) SLTF 2018-19-മാതാപുഴ പാലത്തിന്റെ തകർന്ന സംരക്ഷണ ഭിത്തിയുടെ നിർമ്മാണം (അരിയല്ലൂർ വശം)- 25 ലക്ഷം രൂപ-പൂർത്തീകരിച്ചു. (4) പ്രളയം 2019 - മാതാപുഴ പാലത്തിന്റെ തകർന്ന സംരക്ഷണ ഭിത്തിയുടെ അടിയന്തര അറ്റകുറ്റപ്പണികൾ (തേഞ്ഞിപ്പാലം വശം)- 40 ലക്ഷം രൂപ - ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. (5) കുമൻതോടിനു കുറുകെയുള്ള കുമൻതോട് പാലത്തിന്റെ പുനർ നിർമ്മാണം - 600 ലക്ഷം രൂപ - പുനർ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധന നടക്കുന്നു. തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്. (6) തയ്യിൽക്കടവ്, ഒലിപ്രംകടവ് പാലങ്ങളുടെ അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ- മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. നിരത്ത്, കെട്ടിടം, ദേശീയപാത വിഭാഗങ്ങൾക്ക് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എറണാകുളം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

66(1158) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എറണാകുളം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വർക്ക്, എം.എൽ.എ. എ.ഡി.എസ്, എം.എൽ.എ. എസ്.ഡി.എഫ്, ആർ/പി, ഒ/ആർ, എസ്/ആർ എന്നീ ഹെഡുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എത്ര; എതൊക്കെ; അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ പേരുകൾ ഉൾപ്പെടെ വിശദമാക്കുമോ; &

(സി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്ര എണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്ര പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം എറണാകുളം മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനു കീഴിൽ ബഡ്ജറ്റ് വർക്ക്, എം.എൽ.എ. എ.ഡി.എസ്, എം.എൽ.എ. എസ്.ഡി.എഫ്, ആർ/പി, ഒ/ആർ, എസ്/ആർ എന്നീ ഹെഡുകളിൽ 111 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ/പി, ഒ/ആർ, എസ്/ആർ എന്നീ ഹെഡുകളിൽ 2016-17-ൽ 24 പ്രവൃത്തികൾക്ക് 218.5 ലക്ഷവും, 2017-18-ൽ 16 പ്രവൃത്തികൾക്ക് 140.5 ലക്ഷവും, 2018-19-ൽ 18 പ്രവൃത്തികൾക്ക് 350 ലക്ഷവും, 2019-20-ൽ 18 പ്രവൃത്തികൾക്ക് 435 ലക്ഷവും 2020-21-ൽ 11 പ്രവൃത്തികൾക്ക് 625.3 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നിരത്ത്, കെട്ടിടം വിഭാഗങ്ങൾക്ക് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പാലം വിഭാഗത്തിനുകീഴിൽ (1) 2018-19 വടുതല-ചിറ്റൂർ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ - 4.60 ലക്ഷം. പ്രസ്തുത പ്രവൃത്തിക്കായി മൂന്നുതവണ ടെണ്ടർ വിളിച്ചിട്ടും ആരും എടുക്കാത്തതിനെത്തുടർന്ന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടും ആരും പ്രവൃത്തി ഏറ്റെടുത്തില്ല. (2) 2019-20 ഇടയാംകുന്നം പാലം, ചിറ്റൂർ - വടുതല പാലം, ഷണ്മുഖം റോഡിലുള്ള മേനക പാലം, ഷണ്മുഖം റോഡിന് സമാന്തരമായ മേനക പാലം എന്നീ നാല് പാലങ്ങളുടെ അറ്റകുറ്റപ്പണികൾ - 4.60 ലക്ഷം. ഈ നാലു പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. (3) 2019-20 എറണാകുളം സെക്ഷന് കീഴിലുള്ള വിവിധ മണ്ഡലങ്ങളിലെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ - 25 ലക്ഷം- ഇവയുടെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ

67(1159) ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചത്; ഓരോ പ്രവൃത്തിക്കും അനുവദിക്കപ്പെട്ട തുകയുടെ വിശദാംശം നൽകാമോ ?

ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് (Ch.0/000 to 11/000) 54.32 കോടി രൂപ, ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി ചെത്തല്ലൂർ റോഡ് (0/000 മുതൽ 12/450 വരെ) 45.53 കോടി രൂപ, അടയ്ക്കാപുത്തൂർ - കല്ലുവഴി - 16.128 കോടി രൂപ, ഒറ്റപ്പാലം ബൈപ്പാസ് (78.05 കോടി രൂപ)

(ബി) കിഫ്ബിയിലൂടെ ഫണ്ട് അനുവദിക്കപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ച എന്നതിൻെറ വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ കിഫ്ബി പ്രവൃത്തികളൊന്നും പൂർത്തീകരിച്ചിട്ടില്ല.

## സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്

68(1160) ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.റ്റി.എഫ്) പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

2016-2017 വർഷം അനുവദിച്ച തുകയുടെ ജില്ലാതലത്തിലുള്ള വിശദാംശങ്ങളും 2017 മുതൽ 2021 വരെ നിയോജകമണ്ഡലങ്ങളുടെ വിശദാംശങ്ങളും അനുബന്ധം I* ആയി ചേർക്കുന്നു. പാലങ്ങൾ വിഭാഗം രൂപീകൃതമായതിനുശേഷം അറ്റകുറ്റപ്പണികൾക്കുള്ള തുക പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഫണ്ടിൽ നിന്നാണ് അനുവദിക്കാറുള്ളത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാകുമ്പോൾ നിരത്തുവിഭാഗത്തിൽ നിന്നും എസ്. എൽ.ടി.എഫ്. ഫണ്ട് ലഭ്യമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രകാരം അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എസ്.എൽ.റ്റി.എഫ്. പ്രകാരം ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ?

നോൺ പ്ലാൻ ഹെഡിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ സ്പെഷ്യൽ റിപ്പയറുകൾ ഉപരിതല നവീകരണം, ഫ്ലഡ് ഡാമേജ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് എസ്.എൽ.ടി.എഫ്.-ലൂടെയാണ്. ജില്ലാ തലത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമായ റോഡുകൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ അനുമതി നൽകുന്നതിനായി എസ്.എൽ.ടി.എഫ്. കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അംഗീകാരം നൽകുന്നു.

(സി) വർഷത്തിൽ എത്ര പ്രാവശ്യമാണ് എസ്.എൽ.റ്റി.എഫ്. പ്രകാരം ഫണ്ട് അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ ?

വർഷത്തിൽ പ്രവൃത്തികൾ ആവശ്യമാകുന്ന മുറയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും റോഡുകളുടെ അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിനും വേണ്ടി എസ്.എൽ.ടി.എഫ്. പ്രകാരം ഫണ്ട് നൽകിവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്.എൽ.റ്റി.എഫ്. പ്രകാരം അനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം III* ആയി ചേർക്കുന്നു.

## വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ

69(1161) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വാമനപുരം മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കെ.എസ്.ടി.പി. പ്രവൃത്തികൾ എന്നിവയുടെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) ഇവയിൽ പൂർത്തിയായവയും പൂർത്തിയാക്കാനുള്ളവയും ഏതൊക്കെയെന്ന് അറിയിക്കാമോ; &

(സി) ഇനിയും പൂർത്തിയാകാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം ദേശീയപാത വിഭാഗത്തിൽ 2018-19-ലെ വാർഷിക ബഡ്ജറ്റിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിൽ പഴയചന്ത - മുതുവിള - കല്ലറ - തുമ്പൊട് - മുതുവിള - ചുള്ളാളം റോഡ് പുനരുദ്ധാരണ പദ്ധതിക്കായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗത്തിനു കീഴിൽ തേമ്പാമൂട് - മൂന്നാനക്കുഴി റോഡിൽ മീൻമൂട് പാലത്തിന്റെ പുനർനിർമ്മാണം - ടി പ്രവൃത്തി പുരോഗമിക്കുന്നു. നിർമ്മാണ കാലാവധിക്കുള്ളിൽത്തന്നെ പണി പൂർത്തീകരിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ 3 പ്രവൃത്തികൾക്കായി 11032 ലക്ഷം രൂപ കിഫ്ബി മുഖേന അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു 1. വാമനപുരം ചിറ്റാർ റോഡ് ( 0/00-7/00 and 12/500 to 21/500) -31.70 കോടി രൂപ - പ്രവൃത്തി പുരോഗമിക്കുന്നു 2. വെഞ്ഞാറമൂട് റിംഗ് റോഡ് - 32.77 കോടി രൂപ - പ്രവൃത്തി പുരോഗമിക്കുന്നു. 3. പാലോട് ബ്രൈമൂർ -45.85 കോടി രൂപ - പ്രവൃത്തി പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ 3 പ്രവൃത്തിക ൾക്കായി 127.73 കോടി രൂപ കിഫ്ബി മുഖേന അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. മലയോര ഹൈവേ - കൊല്ലായിൽ - ചല്ലിമുക്ക് - പാലോട് വിതുര -54.72 കോടി രൂപ - പ്രവൃത്തി പുരോഗമിക്കുന്നു 2. മലയോര ഹൈവേ - പെരിങ്ങമ്മല - വിതുര (കൊപ്പം) - 47.98 കോടി രൂപ - കരാർ ഉടമ്പടി ചെയ്തു. 3. വെഞ്ഞാറമൂട് ഫ്ലൈ ഓവർ -25.03 കോടി രൂപ - കരാർ ഉടമ്പടി ചെയ്തു. ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ, കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം ജർമ്മൻ ബാങ്ക് ധനസഹായത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം-പൊന്മുടി റോഡ് വികസന പ്രവൃത്തി വാമനപുരം മണ്ഡലത്തിലൂ ടെയാണ് കടന്നുപോകുന്നത്. കൂടാതെ കെ.എസ്.ടി.പി.-യുടെ ഭാഗമായി ലോകബാങ്കിന്റെ ധനസഹായത്തോടെ എം.സി. റോഡിൽ കഴക്കൂട്ടം മുതൽ അടൂർ വരെ നടപ്പാക്കുന്ന സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള ഉപരിതല നവീകരണവും റോഡ് സുരക്ഷാ പ്രവൃത്തികളും വാമനപുരം മണ്ഡലത്തിന്റെ തൈക്കാട് മുതൽ കാരേറ്റ് വരെയുള്ള റോഡും ഉൾപ്പെട്ടിട്ടുള്ളതാണ്. തിരുവനന്തപുരം പൊന്മുടി റോഡ് വികസന പദ്ധതി ഇനി പൂർത്തിയാ ക്കുവാനുള്ളതാണ്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കഴക്കൂട്ടം അടൂർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

70(1162) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ യാണെന്നും അവയ്ക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നും അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ ?

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനു കീഴിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. പ്ലാംപഴിഞ്ഞി പാലം പുനർനിർമ്മാണം -620 ലക്ഷം രൂപ - ഓട നിർമ്മാണവും അബട്ട്മെന്റിന്റെ നിർമ്മാണ പ്രവൃത്തികളും പുരോഗമിക്കുന്നു. 2. കുമ്പിച്ചൽക്കടവ് പാലം നിർമ്മാണം (കിഫ്ബി) - 1725 ലക്ഷം രൂപ - ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 3. കുടുവീട്ടിൽക്കടവ് പാലം നിർമ്മാണം (കിഫ്ബി) -1235 ലക്ഷം രൂപ - സാമ്പത്തികാനുമതി ലഭിച്ചു. ഈ പദ്ധതിയുടെ തുടർനടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് വഴി നടത്തുന്നതാണ്. 4. വേങ്കോട് - മുള്ളലിവിളപാലം പുനർനിർമ്മാണം - 310 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു - സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. ദേശീയപാത വിഭാഗത്തിനു കീഴിൽ ഉദിയൻകുളങ്ങര - ധനുവച്ചപുരം - പാങ്കോട്ടുകോണം - മലയിൽക്കട - വടകര - മാരായമുട്ടം - അരുവിപ്പുറം - അയിരൂർ റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് സി. ആർ. എഫ്. സ്കീം പ്രകാരം 11 കോടി രൂപ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാറുകാരൻ കോവിഡ് ബാധിച്ച് മരണപ്പെട്ടതിനാൽ പ്രവൃത്തി ഭാഗികമായി കരാർ അവസാനിപ്പിച്ചു. അവശേഷിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ക്ഷണിച്ച് പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രധാനമായും ബി. എം. & ബി. സി. പ്രവൃത്തികളാണ് തുടർന്ന് ചെയ്യുവാനുള്ളത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കിഫ്ബി വർക്ക് 2016-17 അമരവിള ഒറ്റശേഖരമംഗലം റോഡിലെ ബി. എം. & ബി. സി. പ്രവൃത്തി - 26.97 കോടി രൂപ അനുവദിച്ചു- പ്രവൃത്തി പുരോഗമിക്കുന്നു. കിഫ്ബി വർക്ക് 2017-18 - പുശുവണ്ണറ - അരുവിക്കര റിംഗ് റോഡിന്റെ പ്രവൃത്തി - 19.75 കോടി രൂപ - സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കിഫ്ബി വർക്ക് 2017-18 - അമരവിള - കാരക്കോണം കലുങ്ക് നടം- ആറാട്ടുകുഴി-കുതാളി-കുട്ടപ്പു ശൂരവകാണി റോഡ് - 90.93 കോടി രൂപ - സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കിഫ്ബി വർക്ക് 2017-18 - ഹിൽ ഹൈവേ- കള്ളിക്കാട് മുതൽ

പാറശ്ശാല വരെ - ഒന്നാം ഘട്ടം കുടപ്പനമൂട് മുതൽ പാറശ്ശല വരെ - 53.84 കോടി രൂപ - കരാറുകാരൻ മരണപ്പെട്ടതിനാൽ പ്രവൃത്തി തടസ്സപ്പെട്ടു. ബാലൻസ് പ്രവൃത്തി റീടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. കിഫ്ബി വർക്ക് 2017-18 - ഹിൽ ഹൈവേ- കള്ളിക്കാട് മുതൽ പാറശ്ശാല വരെ - രണ്ടാം ഘട്ടം - കള്ളിക്കാട് മുതൽ കുടപ്പനമൂട് വരെ- 54.90 കോടി രൂപ - പ്രവൃത്തി പുരോഗമിക്കുന്നു. സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി റിക്ക് ലിമിറ്റഡ് നവീകരിക്കുന്ന കരമന - വെള്ളറട റോഡ് (35.5 കി. മീ.) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി 225.3 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. കെട്ടിട, നിരത്ത് വിഭാഗങ്ങളുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മലപ്പുറം-മൈസൂർ ഗ്രീൻഫീൽഡ് പദ്ധതി

71(1163) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന നിർദ്ദിഷ്ട മലപ്പുറം-മൈസൂർ ഗ്രീൻഫീൽഡ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ നിലവിലുള്ള അലൈൻമെന്റ് വെളിപ്പെടുത്തുമോ; മാറ്റം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) മലപ്പുറം നഗരത്തിന്റെ വ്യവസായ വാണിജ്യ വളർച്ചയ്ക്കുതകുന്ന നിലവിലെ അലൈൻമെന്റിൽത്തന്നെ പാത യാഥാർത്ഥ്യമാക്കുമോ;

&

(ഡി) പുതിയ സാമ്പത്തിക ഇടനാഴിയായ നിർദിഷ്ട പാത യാഥാർത്ഥ്യമാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയക്കുമോയെന്ന് അറിയിക്കാമോ?

(എ-ഡി) ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന നിർദ്ദിഷ്ട മലപ്പുറം-മൈസൂർ ഗ്രീൻഫീൽഡ് പദ്ധതിയുടെ അലൈൻമെന്റ് തീരുമാനിക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ പുരോഗമിച്ചു വരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

72(1164) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ;

&

(സി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ നിർവ്വഹണ പുരോഗതി എന്തെന്ന് വിശദമാക്കുമോ?

(എ-സി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി വട്ടിയൂർക്കാവ് ജംഗ്ഷൻ ഡെവലപ്മെന്റിനായി 95 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജായി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായി വരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പുതിയ കാലം പുതിയ നിർമ്മാണം

73(1165) ശ്രീ.ഡി. കെ. മുരളി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. കെ. ശശി:
ശ്രീ. കെ. വി. വിജയദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയം മുൻനിർത്തി നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഏതെല്ലാം നിർമ്മാണ രീതികളാണ് പൊതുമരാമത്ത് പ്രവൃത്തികൾക്കായി അവലംബിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയം മുൻനിർത്തി കൂടുതൽ കാലം ഈട് നിൽക്കുന്ന ബി. എം. & ബി. സി. റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ താഴെപ്പറയുന്ന നിർമ്മാണ രീതികളാണ് പൊതുമരാമത്ത് വകുപ്പ് റോഡ് പ്രവൃത്തികൾക്കായി അവലംബിച്ചിട്ടുള്ളത്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി.
2. സിമന്റ് സ്റ്റെബിലൈസ്ഡ് സോയിൽ ഉപയോഗിച്ചുള്ള റീസൈക്കിൾഡ് റോഡ് നിർമ്മാണ രീതി.
3. നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചുള്ള നിർമ്മാണ രീതി.
4. പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചുള്ള നിർമ്മാണ രീതി.
5. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള നിർമ്മാണ രീതി.
6. കെ.എച്ച്.ആർ.ഐ. നിർമ്മിച്ച കന്താൾ മിക്സ് ഉപയോഗിച്ച് റോഡുകളുടെ കുഴിയടക്കൽ. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി, വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി എന്നിവ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ് നടപ്പിലാക്കൽ വഴി റോഡിന്റെ വിശദാംശങ്ങൾ ത്രിമാന മാതൃകയിൽ സോഫ്റ്റ്‌വെയറിൽ പ്രതിഫലിപ്പിക്കുവാൻ സാധിക്കുന്നതാണ്. സൂക്ഷ്മമായ വിശദാംശങ്ങൾ ഇതിലൂടെ (drone, Lidar Survery വഴി) ലഭിക്കുന്നതിനാൽ പിശകുകൾ പരമാവധി ഒഴിവാക്കുവാനും കൃത്യത വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്. സൈറ്റിനു ഏറ്റവും അനുയോജ്യമായ അലൈൻമെന്റ് രൂപകല്പന ചെയ്യുന്നതിലൂടെ സാമൂഹികാഘാതം കുറയ്ക്കുവാനും തന്മൂലം സ്ഥലമേറ്റെടുക്കൽ പ്രക്രിയ സുഗമമാക്കുവാനും ഉപകരിക്കുന്നതാണ്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി Bentley Open Roads Designer Software വാങ്ങുകയും രൂപകല്പന വിഭാഗത്തിലെ എഞ്ചിനീയർമാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 'പുതിയകാലം പുതിയ നിർമ്മാണം' എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഹരിത നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ സമയത്തിനുള്ളിൽ പരിസ്ഥിതി സൗഹൃദമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിടം നിർമ്മിക്കാനെടുക്കുന്ന കാലവിളംബം ഒഴിവാക്കാനും ചെലവ് കുറയ്ക്കാനും സാധിക്കും. ഇടുക്കി ഡിവിഷനു കീഴിലുള്ള ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട് concrete retaining wall-നു പകരം Soil Nailing Technology ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ നിലവിലുള്ള കെട്ടിടങ്ങൾ bricks-നു പകരം light weight-ഉം cost savings-ഉം ആയിട്ടുള്ള AAC blocks ഉപയോഗിച്ച് നിർമ്മാണം ചെയ്തുവരുന്നു. പഴക്കം ചെന്ന കെട്ടിടങ്ങളുടെ കോളം ബലപ്പെടുത്തുന്നതിനായി റെട്രോ ഫിറ്റിംഗും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകളിലും മറ്റ് ഗവൺമെന്റ് ഹോസ്പിറ്റലുകളിലെയും ഓപ്പറേഷൻ തീയറ്റർ അത്യാധുനിക സംവിധാനങ്ങളോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രധാനപ്പെട്ട പൊതുമരാമത്ത് വകുപ്പ്

കെട്ടിടങ്ങളിൽ സാനിറ്ററി പ്രവൃത്തികൾക്ക് നിലവിൽ മാർക്കറ്റിലുള്ള അത്യാധുനിക സാമഗ്രികൾ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ കെട്ടിടങ്ങൾ പ്രീഫാബ്രിക്കേഷൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെയ്യുന്നതിനുള്ള പ്രാരംഭ ഘട്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും അനുയോജ്യമായ പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ രീതികൾ ഉൾപ്പെടുത്തിക്കൊണ്ട് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗത്തിൽ നിന്നും ലഭിക്കുന്ന ഡ്രോയിംഗുകൾ അനുസരിച്ചാണ് പൊതുമരാമത്ത് ഡിസൈൻ വിഭാഗം കെട്ടിടങ്ങളുടെ സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നത്. ഇത്തരം ഡിസൈനുകൾ ഭൂകമ്പം മുതലായ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കത്തക്ക രീതിയിൽ ഏറ്റവും പുതിയ രീതിയിൽ പരിഷ്കരിച്ച ഐ. എസ്. 1893-2016, ഐ. എസ്. 13920-2016 എൻ. ബി. സി. -2016 കോഡുകളുടെ നിർദ്ദേശങ്ങൾ പ്രകാരം ETABS 2017, SAFE 2016 മുതലായ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചാണ് ചെയ്തു വരുന്നത്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന സ്ട്രക്ചറൽ ഡ്രോയിംഗുകളാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി നിർവ്വഹണ ഓഫീസുകളിലേയ്ക്ക് നൽകിവരുന്നത് 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന സർക്കാർ ആശയത്തെ മുൻനിർത്തി പാലങ്ങളുടെ ഡിസൈനിൽ ഇന്റഗ്രൽ ബ്രിഡ്ജ് എന്ന നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കി വരുന്നു. ഇതുമൂലം എക്സ്പാൻഷൻ ജോയിന്റുകളുടെയും ബെയറിങ്ങുകളുടെയും എണ്ണം കുറയ്ക്കുവാനും ഇതുവഴി യാത്രാസുഖം കൂട്ടാനും ഭാവിയിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾ കുറയ്ക്കുവാനും സാധിക്കുന്നു. ബോസ്റ്റിംഗ് ആർച്ച്, എക്സ്ട്രാ ഡോസ് ബ്രിഡ്ജ്, വോയിഡഡ് സ്ലാബ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പാലങ്ങൾ ഡിസൈൻ ചെയ്ത് നിർമ്മിച്ചുവരുന്നു. ആധുനിക സാങ്കേതിക വിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളിലും ബലപ്പെടുത്തൽ പ്രവൃത്തികളിലും ദേശീയപാതകളിൽ നടപ്പിലാക്കുന്നുണ്ട്. ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ ഒരു പ്രവൃത്തിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം അനുമതി ലഭിച്ച സി. ആർ. എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്യുമ്പോൾ പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തി റോഡ് നിർമ്മിക്കുന്നുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ബി.എം. & ബി.സി. നിലവാരത്തിലുള്ള എത്ര കിലോമീറ്റർ റോഡുകൾ പുനർനിർമ്മിക്കാൻ സാധിച്ചിട്ടുണ്ടെന്നു അറിയിക്കാമോ ?

പ്രസ്തുത കാലയളവിൽ 5611.81 കി മീ റോഡുകൾ ബി. എം. & ബി. സി. നിലവാരത്തിൽ പുനരുദ്ധാരണം ചെയ്തിട്ടുണ്ട്.

(സി) ഈ കാലയളവിൽ എത്ര പാലങ്ങളുടെ നിർമ്മാണമാണ് ഏറ്റെടുത്ത് പൂർത്തീകരിച്ചത് ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 106 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ഡി) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

റോഡുകളുടെ സ്ഥിതി സംബന്ധിച്ച് കാലാകാലങ്ങളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുകയും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾക്ക് ശേഷം പ്രവൃത്തികൾ നടപ്പിലാക്കുകയും സമയബന്ധിതമായി പൂർത്തിയാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മഴക്കാലത്തും മറ്റ് പ്രകൃതി ദുരന്തങ്ങൾ ഉണ്ടാവുന്ന അവസരങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉടനടി പരിശോധന നടത്തി വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റോഡ് മെയിന്റനൻസിനു മാത്രമായി ചീഫ് എഞ്ചിനീയർ തലവനായി പൊതുമരാമത്ത് വകുപ്പിൽ റോഡ് മെയിന്റനൻസ് വിംഗും രൂപീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഡി.എൽ.പി. കഴിഞ്ഞ റോഡുകളിൽ തുടർന്നുവരുന്ന പുനരുദ്ധാരണ പ്രവൃത്തി നടത്തുന്നതുവരെയുള്ള കാലയളവിൽ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനുള്ള നടപടികൾ റോഡ് മെയിന്റനൻസ് വിംഗ് മുഖാന്തരം പുരോഗമിച്ചുവരുന്നു. ദേശീയപാതകളുടെ പൂർത്തിയായ പ്രവൃത്തികൾക്ക് ഡിഫക്ട് ലയബിലിറ്റി പീരിയഡ് നിഷ്കർഷിക്കാറുണ്ട്. ഈ കാലയളവിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ കേടുപാടുകൾ തീർക്കാറുണ്ട്. ഇതിൽപ്പെടാത്ത സ്ട്രെച്ചുകളിൽ കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ ഓർഡിനറി റിപ്പയർ, ഫ്ലഡ് ഡാമേജ് റിപ്പയർ എന്നിവയിലുൾപ്പെടുത്തി പരിഹരിക്കാറുണ്ട്.

## നെടുമങ്ങാട് മണ്ഡലത്തിലെ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് പ്രവൃത്തികൾ

74(1166) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് (എസ്.എൽ.ടി.എഫ്.) മുഖേന ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ള തെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ളവ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൊല്ലം ജില്ലയിലെ റോഡുനിർമ്മാണത്തിലെ അപാകതകൾ

75(1167) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ റോഡുകളുടെ നിർമ്മാണത്തിലെ അഴിമതിയും ഗുണമേന്മ ഇല്ലാത്തതും ചട്ടങ്ങൾ പാലിക്കാതെയും ചെയ്ത പ്രവൃത്തികളിൽ ധനകാര്യ പരിശോധനാ വിഭാഗം പൊതുമരാമത്ത് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം പ്രസ്തുത റിപ്പോർട്ട് സഹിതം നൽകുമോ ?

ഉണ്ട്. റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം എന്നാണ് ശിപാർശ നൽകിയിരുന്നത്; ഇതിൽ ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ ?

റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ - 1. ശ്രീ. ഉണ്ണികൃഷ്ണൻ നായർ.ജി. (എക്സിക്യൂട്ടീവ് എഞ്ചിനീയർ) 2. ശ്രീ. സാജൻ ഡി.(എക്സിക്യൂട്ടീവ് എഞ്ചിനീയർ) 3. ശ്രീമതി ശോഭ.എൻ. ആർ. (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) 4. ശ്രീമതി പ്രജിതാചന്ദ്രൻ (എക്സിക്യൂട്ടീവ് എഞ്ചിനീയർ) 5. ശ്രീമതി സുനിത്ര എസ്. (ഓവർസിയർ ഗ്രേഡ്-3). ഇവർക്കെതിരെയുള്ള നടപടികൾ വകുപ്പുതലത്തിൽ പരിഗണനയിലാണ്.

(സി) ധനകാര്യ പരിശോധനാ വിഭാഗം നൽകിയ റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടസ്സങ്ങൾ ഒന്നുമില്ല. നടപടിക്കാവശ്യമായ തെളിവുകൾ തന്നിരുന്നില്ല. കൂടാതെ PWD മോശമാണെന്ന പത്രവാർത്തകൾ സത്യവിരുദ്ധമായി ഫൈനാൻസ് റിപ്പോർട്ടിന്റെ മറപിടിച്ചത് ചരിത്രം. അതെല്ലാം അസത്യമായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തിവൈരാഗ്യം കാണിച്ചു എന്ന് കാണിച്ച് എഞ്ചിനീയർമാരുടെ പരാതിയുണ്ട്. എല്ലാ കാര്യങ്ങളും Police Vigilance-ന് വിടാൻ ഉദ്ദേശിക്കുന്നു. ഫൈനാൻസ് വിഭാഗം കൂടുതൽ ശക്തമായ അന്വേഷണം നടത്തുന്നത് സ്വാഗതം ചെയ്ത് പൊതുമരാമത്ത് വകുപ്പുമന്ത്രി മുമ്പ് പലതവണ പ്രസ്താവനകൾ നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിൽ നടക്കുന്ന അഴിമതിവിരുദ്ധ പ്രവർത്തനങ്ങൾ ജനങ്ങൾക്കും സാമാജികർക്കും അറിവുള്ളതാണ്. അതനുസരിച്ച് തന്നെ നടപടി ഉണ്ടാകും.

## പൊതുമരാമത്ത് വകുപ്പിലെ സോഷ്യൽ ഓഡിറ്റിംഗ്

76(1168) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയതിലൂടെ അതിന്റെ പ്രവൃത്തികളിൽ ഗുണപരമായ മാറ്റം വന്നതായി വിലയിരു ത്തുന്നുണ്ടോ;

&

(ബി) സോഷ്യൽ ഓഡിറ്റിംഗിനായി ജില്ലാതലത്തിൽ രൂപീകരിച്ച സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് തൃപ്തികരമാണോ ?

നിർമ്മാണ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രവൃത്തികളുടെ മേൽനോട്ടത്തിലും ഗുണമേന്മയിലും ജാഗരൂകരാകുവാൻ ഉദ്യോഗസ്ഥർക്ക് സഹായകരമാകുന്നതാണെങ്കിലും ഫലപ്രദമായി ഈ സമിതികൾ ചേർന്നിട്ടില്ല. ജില്ലാതലത്തിൽ രൂപീകരിച്ച സമിതികളിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനും ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ തുടങ്ങിയവർ അംഗങ്ങളുമാണ്. മേൽ സമിതികൾ പുനഃക്രമീകരിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത സമിതികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ പൊതുമരാമത്ത് വിജിലൻസ് വിഭാഗമോ പോലീസ് വിജിലൻസ് വിഭാഗമോ അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ?

ഇല്ല.

(ഡി) ഏതെങ്കിലും പ്രവൃത്തി ധനകാര്യ വകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ, ധനകാര്യ അന്വേഷണ വിഭാഗം എന്നിവരുടെ അന്വേഷണത്തിന് അയച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സോഷ്യൽ ഓഡിറ്റിംഗിനായി രൂപീകരിച്ച സമിതികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒരു പ്രവൃത്തിയും ധനകാര്യ വകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർ, ധനകാര്യ അന്വേഷണ വിഭാഗം എന്നിവയുടെ അന്വേഷണത്തിന് അയച്ചിട്ടില്ല.

**കരിമ്പട്ടികയിൽ ഉൾപ്പെട്ട കരാറുകാർ**

77(1169) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, ത്രിതല പരിശോധനാ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാരൻ, നിർമ്മാണ വസ്തുക്കൾ ഏതെങ്കിലും അംഗീകൃത ലബോറട്ടറിയിലോ ഫീൽഡിൽ എസ്റ്റാബ്ളിഷ് ചെയ്തിട്ടുള്ള ലബോറട്ടറികളിലോ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയിരിക്കണം. ഇത് ആദ്യ തലത്തിലുള്ള (1st tier) സംവിധാനമെന്ന് അറിയപ്പെടുന്നു. പരിശോധന ഫലങ്ങൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ മാന്വൽ, IS മാനദണ്ഡങ്ങൾ എന്നിവയുടെ പരിധിയിൽ ഉൾപ്പെടുന്നവ ആയിരിക്കണം. പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിൻകീഴിൽ വരുന്ന ക്വാളിറ്റി കൺട്രോൾ വിഭാഗത്തിൽനിന്നും നേരിട്ട് നടത്തുന്ന പരിശോധനകളാണ് രണ്ടാം തലത്തിലുള്ള ഗുണ പരിശോധന സംവിധാനം (2nd tier quality testing) എന്ന് അറിയപ്പെടുന്നത്. ക്വാളിറ്റി കൺട്രോൾ വിഭാഗം ജീവനക്കാർ നിർമ്മാണ സൈറ്റുകളിൽ നേരിട്ട് എത്തി നിർമ്മാണ സാമ്പിളുകൾ ശേഖരിക്കുകയും ഡിപ്പാർട്ടുമെന്റ് ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനകൾ നടത്തി റിസൾട്ട് തയ്യാറാക്കുകയും ചെയ്യുന്നു. നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചതിനു ശേഷം നിർമ്മിതികളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുവേണ്ടി പ്രത്യേക ഉപകരണങ്ങളുടെ സഹായത്തോടെ എക്സ്പെർട്ട് ഏജൻസി മുഖാന്തരം പ്രത്യേക പരിശോധനകൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനെ മൂന്നാം തലത്തിലുള്ള (3rd tier quality testing) ഗുണപരിശോധന എന്ന് അറിയപ്പെടുന്നു. 1- ാം തലത്തിലുള്ള പരിശോധന ഫലവും 2- ാം തലത്തിലുള്ള പരിശോധന ഫലവും തമ്മിൽ വൈരുദ്ധ്യമുണ്ടായാൽ നിർവ്വഹണ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്നാമതൊരു അംഗീകൃത ലബോറട്ടറിയെ ഉപയോഗപ്പെടുത്തി വീണ്ടും പരിശോധന നടത്തണമെന്നും, ആ പരിശോധന ഫലം

അന്തിമമായിരിക്കുമെന്നും ക്വാളിറ്റി കൺട്രോൾ മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനെ തേർഡ് പാർട്ടി പരിശോധന എന്ന് അറിയപ്പെടുന്നു. ഇങ്ങനെ സുതാര്യവും നിഷ്പക്ഷവും കാര്യക്ഷമവുമായ പരിശോധന സംവിധാനമാണ് പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) കിഫ്ബി പദ്ധതികളിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഇൻസ്പെക്ഷൻ വിംഗ് ഉള്ളതുപോലെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രത്യേക പരിശോധനാവിഭാഗം ഉണ്ടോ; വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ വിപുലമായ പ്രത്യേക പരിശോധന വിഭാഗം നിലവിലുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ പരിശോധനകൾക്കായി ജില്ലാ ലാബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ലബോറട്ടറികൾ റീജിയണൽ ലബോറട്ടറികളാണ്. ജില്ലാ ലബോറട്ടറികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും റീജിയണൽ ലബോറട്ടറികൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ആണ് പ്രവർത്തിച്ചു പോരുന്നത്. ക്വാളിറ്റി കൺട്രോൾ ലാബുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനകൾക്കായി സാമ്പിളുകൾ ശേഖരിച്ച് ആധുനിക പരിശോധന ഉപകരണങ്ങളുടെ സഹായത്തോടെ പരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിനു പുറമേ പൊതുമരാമത്ത് വിജിലൻസ് വിഭാഗവും നിലവിലുണ്ട്.

(സി) നിർമ്മാണത്തിലെ അപാകത കാരണം കരാറുകാരുടെ രജിസ്ട്രേഷൻ റദ്ദാക്കി അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താറുണ്ടോ; ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ?

ഉണ്ട്. ഈ സർക്കാർ നിലവിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ നാല് കരാറുകാരെയും കെട്ടിട വിഭാഗത്തിൽ നാല് കരാറുകാരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പാലാരിവട്ടം പാലം നിർമ്മിച്ച ആർ.ഡി.എസ്. എന്ന കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

പാലാരിവട്ടം മേൽപ്പാല നിർമ്മാണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് M/s ആർ.ഡി.എസ്. പ്രോജക്ട്സ് കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നീക്കത്തിനെതിരെ ടി കമ്പനി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസുകളുടെ തീർപ്പിന് വിധേയമായി നടപടി സ്വീകരിക്കുവാൻ നിയമ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഉപദേശം ലഭിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കമ്പനിക്ക് ഈ സർക്കാർ നിലവിൽ ഏതൊക്കെ പ്രവൃത്തി കളുടെ കരാറാണ് നൽകിയിട്ടുള്ളത്; ഓരോ കരാറിന്റെയും അടങ്കൽ തുക എത്ര വീതമാണ്?

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി. M/s. RDS Projects കമ്പനിക്ക് നിലവിൽ നൽകിയ പ്രവൃത്തികൾ, അടങ്കൽ തുക എന്നിവ ചുവടെ ചേർക്കുന്നു. 1. ഏട്ടൂർ - പാലത്തുംകടവ് റോഡ് വികസനം (കണ്ണൂർ ജില്ല) – 128.43 കോടി രൂപ. 2. കുമ്പള – മുല്ലേരിയ റോഡ് വികസനം (കാസർഗോഡ് ജില്ല) – 158.85 കോടി രൂപ. 3. പുനലൂർ - കോന്നി റോഡ് വികസനം (കൊല്ലം ജില്ല) – 221.04 കോടി രൂപ.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

78(1170) ശ്രീമതി യു. പ്രതിഭ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം സാധ്യമാക്കുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടുതൽ കാലം ഈട് നിൽക്കുന്ന ബി.എം. & ബി. സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ ജിയോടെക്സ്റ്റയിൽസ്, പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിവരുന്നു. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യ (ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി, Milling) നടപ്പാക്കിയിട്ടുണ്ട്. ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി പരീക്ഷണാടിസ്ഥാനത്തിൽ

കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനു യോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പാലങ്ങളുടെയും ദേശീയപാതകളുടെയും രണ്ടാം ഘട്ട ഗുണനിലവാര പരിശോധനകളാണ് 11 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകളിലും മൂന്ന് റീജിയണൽ ലാബുകളിലും നടത്തിവരുന്നത്. സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ആവശ്യമുള്ള ഇൻസ്പെക്ഷൻ നടത്തുന്നതിന് വാഹന സൗകര്യം ലഭ്യമാക്കുന്നതിനും ക്വാളിറ്റി പരിശോധനകൾ നടത്തുന്നതിന് അത്യാവശ്യമുള്ള യന്ത്രോപകരണങ്ങൾ സജ്ജീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാർക്കും കരാറുകാർക്കും സാങ്കേതിക പരിശീലനം നടത്തുന്നതിലേയ്ക്കായി പ്രത്യേക സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതിനുശേഷം നിർമ്മിതികളുടെ ബലപരിശോധനകൾ നടത്തുന്നതിനായുള്ള ഏതാനും എൻ.ഡി.റ്റി. ഉപകരണങ്ങൾ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വർക്ക് സൈറ്റിൽ വച്ചുതന്നെ പരിശോധനകൾ നടത്തുവാൻ സാധിക്കുന്ന തരം ആധുനിക യന്ത്രോപകരണങ്ങൾ സജ്ജീകരിച്ചുള്ള മൊബൈൽ ലാബ് സംവിധാനം ലഭ്യമാക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സർക്കാരിന്റെ 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയത്തിന് ഊന്നൽ നൽകിക്കൊണ്ട് ഗുണനിലവാര പരിശോധനകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി കെ.എച്ച്.ആർ.ഐ. ലബോറട്ടറിയ്ക്ക് ഐ.എസ്.ഒ. 17025 എന്ന ഇന്റർനാഷണൽ പ്രകാരമുള്ള എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പൈലറ്റിംഗ് പ്രോജക്ടുകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടി പാലക്കാട് ഐ.ഐ.ടി.യുമായി ചേർന്ന് നാഷണൽ കോൺഫറൻസ് സംഘടിപ്പിക്കുകയും അതിന്റെ ജേർണൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾ കാലതാമസം കൂടാതെയും കാര്യക്ഷമമായും പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ടെണ്ടർ നടപടികൾ സുതാര്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രൈസ് സോഫ്റ്റ് വെയറുമായി ഇ-ടെണ്ടർ പോർട്ടൽ ലിങ്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കരാറുകാരുടെ രജിസ്ട്രേഷൻ 1-4-2020 മുതൽ പ്രൈസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ

ആയി ചെയ്തുവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ ബിൽ പേയ്മെന്റ് വരെയുള്ള എല്ലാം പ്രൈസ് മുഖേന കാര്യക്ഷമമായി നടന്നുവരുന്നു. ദേശീയപാത വിഭാഗത്തിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾത്തന്നെ ഒരു പൂർത്തീകരണ കാലാവധി നിശ്ചയിച്ച് ഉൾപ്പെടുത്താറുണ്ട്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ത്തന്നെ സ്ഥലം ഏറ്റെടുക്കലോ യൂട്ടിലിറ്റി ഷിഫ്റ്റിംഗോ ആവശ്യമാണെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പുരോഗമിക്കുമ്പോൾ ഉദ്യോഗസ്ഥ തലത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കരാറുകാരൻ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കാണിച്ചുകൊണ്ട് കരാറുകാരന് നോട്ടീസ് നൽകുകയും കരാറുകാരന്റെ പിഴവ് കൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടി വരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർച്ചിരിക്കുന്നവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാര്യങ്ങളില്ലാതെ നിർത്തിവച്ചാൽ റിവൈസ്ഡ് പി.ഡബ്ല്യു.ഡി. മാന്വൽ 2012 പ്രകാരം കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്യുന്നു.

(സി) പൊതുമരാമത്ത് മേഖലയിലെ അഴിമതി പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾ ക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ടോൾഫ്രീ നമ്പർ നിലവിലുണ്ട്. ഇ-മെയിൽ, ഫാക്സ്, ഫോൺ എന്നിവ മുഖേനയും പരാതികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ഫോൺ ഇൻ പ്രോഗ്രാമിലൂടെ നേരിട്ടും പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിച്ചുവരുന്നു. നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളുടെ വിവരങ്ങളും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെയും ഫോൺ നമ്പരുകളും ഇ-മെയിൽ ഐ.ഡി.യും വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാതികൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് കൈമാറുകയും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ദേശീയപാത വികസനം

79(1171) ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

ദേശീയപാത 66 നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) ദേശീയപാത വികസനത്തിനായി സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ; ഇനി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത് ?

ദേശീയപാത വികസനത്തിനായി സ്ഥലമേറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി അനുബന്ധം II* ആയി ചേർക്കുന്നു.

(സി) തലപ്പാടി-ചെങ്ങള പാത, ചെങ്ങള-നീലേശ്വരം ടൗൺ റെയിൽവേ ഗേറ്റ് പാത, തുറവൂർ-പറവൂർ പാത, പറവൂർ-കൊറ്റംകുളങ്ങര എന്നീ പാതകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ?

തലപ്പാടി-ചെങ്ങള പാത, ചെങ്ങള-നീലേശ്വരം ടൗൺ റെയിൽവേ ഗേറ്റ് പാത, തുറവൂർ-പറവൂർ പാത, പറവൂർ-കൊറ്റംകുളങ്ങര എന്നീ പാതകളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശം അനുബന്ധം III* ആയി ചേർക്കുന്നു.

(ഡി) ദേശീയ പാതയുടെ അലൈൻമെന്റിൽ ഏതെങ്കിലും ഭാഗത്ത് വ്യത്യാസം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് വരുത്തിയിട്ടുള്ളത്?

ആലപ്പുഴ ജില്ലയിലെ നാല് സ്ഥലങ്ങളിൽ ദേശീയപാത അതോറിറ്റി മുൻ അലൈൻമെന്റിന് മാറ്റം വരുത്തുകയും സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റു ഭാഗങ്ങളിൽ അലൈൻമെന്റിന് മാറ്റം വരുത്തിയിട്ടില്ല.

(ഇ) മൾട്ടിലെവൽ ലോജിസ്റ്റിക് പാർക്കിംഗിന് വേണ്ടി മുപ്പത്തിയഞ്ച് ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന സംസ്ഥാന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28-4-2018-ൽ ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി നടത്തിയ യോഗത്തിലെ തീരുമാനപ്രകാരം മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്ക് സ്ഥാപിക്കുന്നതിനായി 35 ഏക്കർ സ്ഥലം ദേശീയപാത അതോറിറ്റിക്ക് കൈമാറണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മൾട്ടിലെവൽ ലോജിസ്റ്റിക് പാർക്കിനായി കാസർഗോഡ് ജില്ലാ കളക്ടർ നിർദ്ദേശിച്ച 35 ഏക്കർ സ്ഥലം പ്രസ്തുത പ്രവൃത്തിക്ക് അനുയോജ്യമല്ലാത്തതിനാൽ പെരിയ വില്ലേജിന് സമീപം Kerala Cashew Plantation Corporation-ന്റെ കൈവശമുള്ളതും നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി കൈമാറണമെന്ന് 31-12-2018-ൽ ദേശീയപാത അതോറിറ്റി അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

**പാറശ്ശാല മണ്ഡലത്തിലെ നിർദ്ദിഷ്ട മലയോര ഹൈവേ പദ്ധതി**

80(1172) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട മലയോര ഹൈവേയുടെ രണ്ടാം റീച്ചായ കുടപ്പനമൂട് - മൈലക്കര റീച്ചിൽ ഉൾപ്പെട്ടതും എന്നാൽ സ്ഥല ലഭ്യതയില്ലാത്തതിനാൽ ഒഴിവാക്കിയതുമായ കുടപ്പനമൂട്-അമ്പൂരി-വാഴിച്ചൽ റീച്ചിന് പകരമായി മലയോര ഹൈവേ കടന്നുപോകുന്ന നെടുമങ്ങാട് - ഷൊർലക്കോട് സ്റ്റേറ്റ് ഹൈവേയിലെ തുടർച്ചയായ കുടപ്പനമൂട്-വാഴിച്ചൽ റോഡിലൂടെ പദ്ധതി പുനഃക്രമീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ രണ്ടാം ഘട്ടം കള്ളിക്കാട് നിന്നും ആരംഭിച്ച് വാഴിച്ചൽ-അമ്പൂരി വഴി കുടപ്പനമൂടിൽ അവസാനിക്കുന്നു. വാഴിച്ചൽ-അമ്പൂരി-കുടപ്പനമൂട് ഭാഗത്ത് കിഫ്ബി നിഷ്കർഷിച്ചിട്ടുള്ള 12 m Right of Way ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ പ്രസ്തുത ഭാഗം ഒഴിവാക്കി കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തിന് ഭാഗിക സാങ്കേതികാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. വാഴിച്ചൽ - അമ്പൂരി - കുടപ്പനമൂട് ഭാഗം ഒഴിവാക്കി മലയോര ഹൈവേ കടന്നുപോകുന്ന നെടുമങ്ങാട് - ഷൊർലക്കോട് റോഡിൽ വാഴിച്ചൽ നിന്നും ആരംഭിച്ച് നെടുമങ്ങാട്-ഷൊർലക്കോട് (ഏകദേശം 2.5 കി. മീറ്റർ) എത്തുന്ന തരത്തിൽ പദ്ധതി പുനഃക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇക്കാരണത്താൽ നിർദ്ദിഷ്ട മലയോര ഹൈവേയ്ക്ക് ഏകദേശം മൂന്ന് കി.മീ. ദൂരം തുടർച്ച നഷ്ടപ്പെടുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റോഡിന്റെ അലൈൻമെന്റ് പുതുക്കി നൽകി പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിന്റെ അലൈൻമെന്റ് പുതുക്കി നൽകുന്ന പക്ഷം മലയോര ഹൈവേയുടെ ഒന്നാം ഘട്ടത്തെയും രണ്ടാം ഘട്ടത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന നിലവിലെ നെടുമങ്ങാട് ഷൊർലക്കോട് സംസ്ഥാന പാതയിലെ ഭാഗം കൂടി മലയോര ഹൈവേയുടെ മാനദണ്ഡങ്ങൾ പ്രകാരം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്

(സി) നിർദ്ദിഷ്ട മലയോര ഹൈവേ പദ്ധതിയുടെ പാറശാല നിയോജക മണ്ഡലത്തിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഒന്നാം ഘട്ടത്തിന്റെ (കുടപ്പനമൂട് - പാറശ്ശാല വരെ) നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കവേ കരാറുകാരൻ കോവിഡ്മൂലം മരണപ്പെടുകയും നിലവിൽ വർക്കുകൾ നിർത്തി വച്ചിരിക്കുകയുമാണ്. തുടർപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നോമിനി തയ്യാറാകാത്തതിനാൽ ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കി പ്രവൃത്തി റീ ടെണ്ടർ ചെയ്താൽ മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രണ്ടാംഘട്ടമായ കള്ളിക്കാട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ പ്രവൃത്തികളും കള്ളിക്കാട് മുതൽ കൊല്ലായിൽ വരെയുള്ള അടുത്ത റീച്ചിന്റെയും പണികൾ വളരെ വേഗത്തിൽ പുരോഗമിച്ചുവരികയാണ്.

## കോട്ടക്കലിലെ റെസ്റ്റ് ഹൗസ് പുനരുദ്ധാരണം

81(1173) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കലിലെ ചങ്കുവെട്ടി, കുറ്റിപ്പുറം റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) നവീകരണം സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ദേശീയപാതയിലെ പ്രധാനപ്പെട്ട കോട്ടക്കൽ, ചങ്കുവെട്ടി, കുറ്റിപ്പുറം റസ്റ്റ് ഹൗസുകൾ പുനരുദ്ധരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

&

(ഡി) ഇതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(എ-ഡി) ചങ്കുവെട്ടി റസ്റ്റ് ഹൗസ് പുതിയ എ.ആർ. ഡ്രോയിംഗ് തയ്യാറാക്കി, സോയിൽ ടെസ്റ്റ് നടത്തി ഡിസൈൻ വിഭാഗം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റിപ്പുറം റസ്റ്റ് ഹൗസ്-റിപ്പയറിംഗ് പ്രവൃത്തികൾ നടത്തുന്നതിന് ടെണ്ടർ വിളിക്കുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

## മൂന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലേയ്ക്ക് താഴ്ന്ന സ്കെയിലിലുള്ളവരുടെ നിയമനം

82(1174) ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ മൂന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലേയ്ക്ക് വകുപ്പിലെ താഴ്ന്ന സ്കെയിലിലുള്ള ഉദ്യോഗസ്ഥർക്ക് നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ആയത് നടപ്പിലാക്കുന്നതിന് അവശേഷിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ 23-12-2020-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത യോഗവുമായി ബന്ധപ്പെട്ടുള്ള മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

&

(ഡി) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഓവർസിയർ തസ്തികയിലേയ്ക്ക് ഇപ്രകാരം നൽകുന്ന നിയമനം പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സാങ്കേതിക യോഗ്യതകളുള്ള താഴ്ന്ന ശമ്പള സ്കെയിലിലുള്ള ഉദ്യോഗസ്ഥർക്ക് മാത്രമാണോയെന്ന് വ്യക്തമാക്കാമോ ?

(എ-ഡി) ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഈ വിഷയം പൊ.മ.വ-ബി3/276/2019/പൊമവ. ഫയലിൽ പരിശോധിച്ചുവരുന്നു. മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയ്ക്ക് പി.എസ്.സി. നിഷ്കർഷിച്ചിരിക്കുന്ന അടിസ്ഥാന സാങ്കേതിക യോഗ്യതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്ക് മാത്രം മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്ന രീതിയിൽ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കുന്നതിനുള്ള ശിപാർശ

പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ശിപാർശയുടെ അടിസ്ഥാനത്തിൽ 20-11-1958-ലെ G.O.(Ms) 1390/1958/പൊമവ. പ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ഒരു കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കുകയും ആയതിന്മേൽ വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകളുടെ ഒരു യോഗം 23-12-2020-ന് 3.00 മണിക്ക് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും ചെയ്തു. ടി യോഗത്തിന്റെ മിനിട്ട്സ് അനുബന്ധം I* ആയി ചേർത്തിരിക്കുന്നു. സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട സർക്കുലർ അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(ഇ) പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിലെ ബി3/276/2019/ പൊ.മ.വ. എന്ന ഫയലിന്റെ (കറന്റ്, നോട്ട് ഭാഗങ്ങളുടെ) ഒരു പകർപ്പ് ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ പൊമവ. ബി3/276/2019/ പൊ.മ.വ. എന്ന ഫയലിന്റെ പകർപ്പ് അനുബന്ധം III* ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

**കരുവഞ്ചാൽ, ആലക്കോട് പാലങ്ങളുടെ നിർമ്മാണം**

83(1175) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കരുവഞ്ചാൽ പാലത്തിന്റെയും ആലക്കോട് പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

&

(ബി) ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയ ആലക്കോട് പാലത്തിന്റെ ടെണ്ടർ നടപടി പൂർത്തിയാക്കിയോയെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിൽ ഹിൽ ഹൈവേയുടെ ഭാഗമായി വരുന്ന കരുവഞ്ചാൽ പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ഹൈ പവർ കമ്മിറ്റി മുൻപാകെ പരിഗണനയ്ക്കുവന്ന 26 പ്രവൃത്തികളോടൊപ്പം ഉൾപ്പെടുത്തി സർക്കാരിന് ലഭിച്ചിരുന്നു. ഇതിന്മേലുള്ള പരിശോധനയുടെ ഭാഗമായി കിഫ്ബിയിലും, RKI-ലുമായി ഇതുവരെ എത്ര തുക അനുവദിച്ചു എന്നത് സംബന്ധിച്ച വിവരം ലഭ്യമാകാൻ Chief Engineer Bridges/Roads/NH/KSTP/Buildings/ Maintenance, MD, RBDCK/ KSCC എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ നിരത്ത് വിഭാഗത്തിലുള്ള DFIP- Hill Highway Project- Cherupuzha –

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Ulikkal – Vallithode road എന്ന പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ കരുവഞ്ചാൽ പാലം നിർമ്മാണത്തിനായി 6 കോടി രൂപ L.S പ്രൊവിഷനായി ഉൾപ്പെടുത്തി 194.3 കോടിയുടെ പ്രൊപ്പോസൽ കോഴിക്കോട് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ അനുമതിയ്ക്കായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആലക്കോട് പാലത്തിന് 9-12-2019-ലെ സ.ഉ. (ആർ.റ്റി) നമ്പർ1443/2019/പി.ഡബ്ല്യൂ.ഡി പ്രകാരം 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ഈ പ്രവൃത്തിക്ക് 30-10-2020-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആലക്കോട് പാലം പ്രവൃത്തി ടെണ്ടർ ചെയ്ത് പ്രിൻസ് കെ.വി എന്ന കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

## കന്നിപുരം, മുള്ളറവിള-ആയയിൽ പാലങ്ങളുടെ നിർമ്മാണം

84(1176) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപുരം, മുള്ളറവിള-ആയയിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

കന്നിപുരം, മുള്ളറവിള – ആയയിൽ പാലങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. രണ്ട് പ്രവൃത്തികൾക്കും കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. ഇവയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാലേ ടെണ്ടർ ചെയ്യുവാൻ കഴിയുകയുള്ളൂ.

## കുലശേഖരം പാലത്തിന്റെ നിർമ്മാണപുരോഗതി

85(1177) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസ് വിഭാഗം ഏറ്റെടുത്തിട്ടുള്ള കുലശേഖരം പാലത്തിന്റെ നിർമ്മാണത്തിലുള്ള പുരോഗതി വ്യക്തമാക്കാമോ ?

കുലശേഖരം പാലത്തിന്റെ പ്രവൃത്തി 40% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) എത്ര രൂപയാണ് ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത് ?

1250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

3-5-2021 വരെയാണ് എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധി.

## മലപ്പുറം ഫ്ലൈഓവർ പദ്ധതി

86(1178) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈഓവർ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ?

ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഫ്ലൈഓവറിന്റെ നിർമ്മാണത്തിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്ന് NOC ലഭ്യമാക്കുന്നതിന് RBDCK നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ ?

ഇല്ല

(സി) ഇതിനായി കിഫ്ബി നീക്കിവച്ച ഫണ്ടിന്റെ വിശദാംശങ്ങളും ഭരണാനുമതി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

G.O.(Rt) No.942/PWD/2017 dated 10-7-2017 പ്രകാരം സർക്കാർ മലപ്പുറം ഫ്ലൈഓവറിന് 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ആർ.ബി.ഡി.സി.കെ., ഡി.പി.ആർ. സമർപ്പിക്കുകയും കിഫ്ബി പദ്ധതിയ്ക്കായി 89.92 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

## കുതിരാനിലെ തുരങ്കപാത നിർമ്മാണം

87(1179) ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കുതിരാനിലെ തുരങ്കപാത നിർമ്മാണവും ദേശീയപാത വികസനവും വൈകുന്നത് ജനജീവിതത്തിന് തന്നെ ഭീഷണിയായ കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഈ പ്രവൃത്തി പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്. സംസ്ഥാന സർക്കാരിന് നേരിട്ട് യാതൊരു നിയന്ത്രണവുമില്ല. തൃശ്ശൂർ ജില്ലയിലെ കുതിരാൻ തുരങ്കപാത, നിർമ്മാണം ഏറ്റെടുത്ത M/s Thrissur Expressway Limited കമ്പനിക്ക് സാമ്പത്തിക ഞെരുക്കം ഉള്ളതുകൊണ്ടാണ് പ്രവൃത്തികൾക്ക് സമയബന്ധിത പുരോഗതി ഇല്ലാത്തത്. പ്രസ്തുത പ്രവൃത്തി 84% പൂർത്തിയായിട്ടുണ്ട് എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിരിക്കുന്നു.

(ബി) റോഡിലെ കുഴികൾ അടയ്ക്കാത്തതും സുരക്ഷാ സംവിധാനം ഒരുക്കാത്തതും അപകടസൂചന ബോർഡുകൾ സ്ഥാപിക്കാത്തതുംമൂലം മണ്ണുത്തി-വടക്കഞ്ചേരി ഭാഗത്ത് അപകടങ്ങൾ തുടർക്കഥയാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

കരാർ ഏറ്റെടുത്ത കമ്പനിക്ക് എഗ്രിമെന്റ് പ്രകാരമുള്ള മെയിന്റനൻസ് നടത്തുന്നതിനാൽ വീഴ്ച വന്നതുകൊണ്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മറ്റൊരു ഏജൻസിയെക്കൊണ്ട് റോഡ് സുരക്ഷ ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവൃത്തികൾ നടത്തുകയാണ്. അടുത്ത കാലവർഷത്തേയ്ക്കുള്ള മെയിന്റനൻസിനുവേണ്ടി തുക നീക്കിവച്ചിട്ടുണ്ട് എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഭാഗത്ത് ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് മൂലം മണിക്കൂറുകളോളം വാഹനങ്ങൾ നിർത്തിയിടേണ്ട സാഹചര്യം നിലവിലുണ്ടോ ?

നിലവിലുള്ള 6 വരിപ്പാത, കുതിരാനിൽ സംഗമിക്കുമ്പോൾ 2 വരിയാകുന്നതിനാൽ വാഹനങ്ങൾ സുഗമമായി കടന്നുപോകുന്നതിന് തടസ്സം നേരിടുന്നു. വാഹനങ്ങൾക്ക് കേടുപാട് വരുമ്പോഴോ അപകടം ഉണ്ടാകുമ്പോഴോ ആണ് പ്രധാനമായും ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത്. ജില്ലാ കളക്ടറും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അധികാരികളും സംയുക്തമായി ഈ ഭാഗത്ത് നടത്തിയ പരിശോധനയിൽ ഓവർ ടേക്കിംഗ് ഇല്ലാത്ത വിധം ട്രാഫിക് നിയന്ത്രിക്കുന്നതിന് പോലീസിന്റെ സേവനം ആവശ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ പോകുന്നതും ഗതാഗതക്കുരുക്കിന് കാരണമാകാറുണ്ട്. ഏതായാലും പ്രവൃത്തി പൂർണ്ണതോതിൽ പൂർത്തീകരിച്ചാൽ മാത്രമേ ഗതാഗത പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

(ഡി) കുതിരാനിലെ തുരങ്ക നിർമ്മാണത്തിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വമുണ്ടോ; എങ്കിൽ അത് പരിഹരിച്ച് എത്രയും വേഗം തുരങ്കം ഗതാഗതത്തിന് തുറന്ന് നൽകുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

അനിശ്ചിതമായി നിർമ്മാണം നീളാനുള്ള പ്രധാന കാരണം കരാർ കമ്പനി നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയാണ്. കരാർ കാലാവധി 31-12-2021 വരെയാണ്. ഈ വിഷയം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഹെഡ് ക്വാർട്ടേഴ്സിന്റെ പരിഗണനയിലാണ് എന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനിയുമായി കരാർ വച്ചിട്ടുള്ളത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ആയതിനാൽ കരാർ കമ്പനിക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ, കരാർ വ്യവസ്ഥ ലംഘിച്ചതിനെതിരായോ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ് അധികാരമുള്ളത്. സംസ്ഥാന സർക്കാർ ഈ കമ്പനിയെ ഒഴിവാക്കാനും പ്രവൃത്തി മറ്റ് ഏജൻസികളെ ഏൽപ്പിച്ച് പൂർത്തീകരിക്കുന്നതിനും പല തവണ കത്തുനൽകിയതാണ്. 2017 അവസാനത്തിൽ തൃശ്ശൂർ കളക്ടറേറ്റിൽ വച്ച് ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ ജില്ലയിലെ മറ്റ് മന്ത്രിമാരും ദേശീയപാതയിൽ വരുന്ന എം.എൽ.എ.-മാരും യോഗം ചേരുകയും വകുപ്പുമന്ത്രി സൈറ്റ് സന്ദർശിക്കുകയും ചെയ്ത് ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ ഭാഗമായി ഉപരിതലം നന്നാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തു. കരാർ വ്യവസ്ഥ ലംഘിച്ച കമ്പനിക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ ഗൗരവമായ സമീപനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ എടുക്കുന്നില്ലായെന്ന് കരുതുന്നു. സംസ്ഥാന സർക്കാർ സാദ്ധ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഇനിയും നടത്തുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

88(1180) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടന്നുവരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

&

(ബി) ഇവയുടെ തുക, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടന്നുവരുന്നതും നടപ്പിലാക്കിയതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കടുത്തുരുത്തി ബൈപ്പാസിന് സ്ഥലം വിട്ടുനൽകിയ വകയിൽ ശ്രീ. സുഗുണന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടി

89(1181) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബൈപ്പാസിന് സ്ഥലം വിട്ടുനൽകിയ വകയിൽ ശ്രീ. സുഗുണന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

&

(ബി) ഇപ്പോൾ പൊതുമരാമത്ത് ജി സെക്ഷനിൽ വളരെ നാളുകളായി തീർപ്പാകാതെ കിടക്കുന്ന നഷ്ടപരിഹാരം സംബന്ധിച്ച പ്രസ്തുത ഫയൽ തീർപ്പാക്കി കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ട വ്യക്തിക്ക് നീതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കടുത്തുരുത്തി ബൈപ്പാസ് നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകിയ ശ്രീ. എൻ. ഡി. സുഗുണൻ, ശ്രീമതി മിനി സുഗുണൻ എന്നിവർ ഫയൽ ചെയ്ത LAR 81/13 കേസിന്റെ സബ് കോടതി വിധി തുകയുടെ 50% കെട്ടിവയ്ക്കുന്നതിലേക്കായി ആവശ്യമുള്ള തുകയായ 67,60,475 രൂപ, മുമ്പ് ഭരണാനുമതി പുറപ്പെടുവിച്ചിരുന്ന തുകയായ 7,41,17,337 രൂപയോടൊപ്പം ഉൾപ്പെടുത്തി ആകെ 8,08,77,812 രൂപയുടെ പുതുക്കിയ ഭരണാനുമതി G.O.(Rt)888/2020/PWD dated 1-11-2020 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കക്ഷികൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി കോട്ടയം ജില്ലാ കളക്ടർക്ക് BAMS മുഖാന്തരം തുക കൈമാറുന്നതിലേയ്ക്കായി ബന്ധപ്പെട്ട ശീർഷകത്തിൽ നിലവിൽ ഫണ്ട് ബാലൻസ് ഇല്ലാത്ത സാഹചര്യത്തിൽ, തുക അനുവദിച്ച് ഉത്തരവായിട്ടുള്ള 5054-03-337-98-00-16-00-P-C ശീർഷകത്തിൽ 67,60,475 രൂപ (അറുപത്തിയേഴ് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി യെഴുപത്തിയഞ്ച് രൂപ മാത്രം) അധിക ധനവിനിമയ അനുമതി പ്രകാരം പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

## ദേശീയപാത-66 അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തി

90(1182) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേശീയപാത-66 അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര റീച്ചുകളായാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കുമോ;

&

(സി) ആരൊക്കെയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും അറിയിക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ ദേശീയപാത-66 അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു

### കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പ്രവൃത്തികൾ

91(1183) <u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബിയിൽ നിന്നും തുക ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

&

(ബി) കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നതിനായി ഈ മണ്ഡലത്തിൽ നിന്നും നൽകിയ പ്രവൃത്തികളുടെ പേരുവിവരം വിശദമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ചുങ്കം ഗേറ്റ് ആർ.ഒ.ബി., ടെമ്പിൾ റോഡ് ആർ.ഒ.ബി., ഈസ്റ്റ് ഹിൽ - ഗണപതിക്കാവ് റോഡ്, പുതിയങ്ങാടി - മാളിക്കടവ് - കൃഷ്ണൻ നായർ റോഡ്, കാരപ്പറമ്പ് - തടമ്പാട്ട്താഴം - പാറോപ്പടി റോഡ്, അരയിടത്ത് പാലം - കാരന്തൂർ റോഡ് എന്നീ പ്രവൃത്തികൾ കിഫ്ബിയുടെ അംഗീകാരത്തിന് നൽകുകയും, പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും തുക ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്

### പീരുമേട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

92(1184) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജകമണ്ഡലത്തിൽ കിഫ്ബി അനുമതി ലഭിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയുടെ നിർമ്മാണപുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ?

പീരുമേട് - ദേവികുളം റോഡ്, (കുട്ടിക്കാനം - ചപ്പാത്ത്) ചെയിനേജ് 0/000 to 19/000. പ്രസ്തുത പ്രവൃത്തിയുടെ ആദ്യത്തെ 8 കിലോമീറ്ററിനുള്ളിലുള്ള വീതി കൂട്ടൽ, കലുങ്ക് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 8-ാം കിലോമീറ്റർ മുതലുള്ള വീതി കൂട്ടൽ നടന്നുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൈപ്പ് ലൈൻ ഇടുന്നതിനുള്ള അനുമതി

93(1185) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനിടുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ കട്ട് ചെയ്യുന്നതിന് ജലവിഭവ വകുപ്പിന് അനുമതി നൽകുന്നതിൽ നിലവിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കുമോ ?

കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇടുന്ന പദ്ധതി ആവിഷ്കരിക്കുമ്പോഴും, ഭരണാനുമതി ലഭ്യമാക്കുന്നതിനും മുമ്പ് പൊതുമരാമത്ത് വകുപ്പിൽനിന്നും നിരാക്ഷേപ പത്രം വാങ്ങിക്കാതിരിക്കുന്നതുമൂലം റോഡുകളിൽ പ്രവൃത്തികൾ ക്രമീകരിച്ച് പുരോഗമിച്ചതിനുശേഷവും, പൂർത്തീകരിച്ചതിനു ശേഷവുമാണ് പൈപ്പ് ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ വകുപ്പിന് ലഭിക്കുന്നത്. ഇത് റോഡുകൾ യഥാസമയം ഗതാഗത യോഗ്യമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കുടിവെള്ള പൈപ്പ് ലൈനിടുന്നതിനായി റോഡ് കുഴിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അനുമതി നൽകുന്ന അവസരങ്ങളിൽ പൈപ്പിടൽ പ്രവൃത്തി നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. കൂടാതെ ഡി.എൽ.പി.യിലുള്ള റോഡുകൾ കുഴിക്കുന്നത് അത്യാവശ്യ സന്ദർഭങ്ങളിൽ ഒഴികെ ഒഴിവാക്കേണ്ടതാണ്. റോഡ് പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ള റോഡുകളിൽ കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ നടക്കുന്ന അവസരങ്ങളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ മുൻ നിശ്ചയിച്ച പ്രകാരം പൂർത്തീകരിക്കുവാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാകുന്നു. പൈപ്പിടൽ പ്രവൃത്തി നടക്കുന്ന അവസരത്തിൽ ആവശ്യമായ അപകട മുന്നറിയിപ്പ് നൽകാത്തതും താല്ക്കാലിക റെസ്റ്റോറേഷൻ യഥാസമയം നടപ്പിലാക്കാത്തതുമൂലവും അപകട സാധ്യത ഉണ്ടാകുന്നുണ്ട്. ദേശീയപാതയോരങ്ങളിൽ റോഡ് കട്ട് ചെയ്യുന്നതിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതാണ്. ഹൈവേ മന്ത്രാലയത്തിന്റെ ഉത്തരവുപ്രകാരം നിശ്ചിത Portal-ൽ ആവശ്യമുള്ള രേഖകൾ സഹിതം upload ചെയ്തശേഷം അതിന്റെ hard copy വകുപ്പുവഴി MoRTH - ന്റെ റീജിയണൽ ഓഫീസിൽ സമർപ്പിച്ച് ആവശ്യകത ബോധ്യപ്പെട്ടശേഷം അനുവാദം ലഭിക്കുന്നതാണ്.

(ബി) ഇതിനായി ബന്ധപ്പെട്ട വകുപ്പുകൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ബന്ധപ്പെട്ട വകുപ്പുകൾ അപേക്ഷ പൊതുമരാമത്ത് ഓഫീസിൽ സമർപ്പിക്കുകയും അനുമതി ലഭിക്കുന്ന പക്ഷം ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുകയും ചെയ്യണം. Right of Way Portal മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

(സി) ഇപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് അനന്തമായി നീളുന്നത് കാരണം പല കുടിവെള്ള പദ്ധതികളുടേയും പൂർത്തീകരണം വൈകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ?

റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നതിന് 30-7-2020-ലെ ജി.ഒ. (എം.എസ്) നമ്പർ 59/2020/ പി.ഡബ്ല്യൂ.ഡി. പ്രകാരം 1-8-2020 മുതൽ ഓൺലൈൻ പോർട്ടൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം എല്ലാ നടപടികൾ സ്വീകരിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) ഇതിന് പരിഹാരമാകുന്ന തരത്തിൽ ജലവിഭവ വകുപ്പുമായുള്ള നടപടികൾ വേഗത്തിൽ തീർക്കാൻ നിർദ്ദേശം നൽകാമോ?

മുൻകൂട്ടി ആസൂത്രണം ചെയ്ത് പദ്ധതികൾ രണ്ട് വകുപ്പിലെയും ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥ തലത്തിൽ ഏകോപിപ്പിച്ച് സുഗമമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**റോഡുകളുടെ വികസനത്തിനുള്ള ധനസമാഹരണം**

94(1186) ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വികസനത്തിനും സുരക്ഷയ്ക്കുമായി ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്തുന്നത് ?

പൊതുമരാമത്ത് റോഡുകളുടെ വികസനത്തിന് ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിൽ തുക അനുവദിച്ചുവരുന്നു. കൂടാതെ നോൺ പ്ലാൻ ഫണ്ട് ശീർഷകത്തിലും അറ്റകുറ്റപ്പണികൾക്കായി ഓരോ ബഡ്ജറ്റിലും തുക അനുവദിച്ചു വരുന്നു. റോഡ്സ് സുരക്ഷാ പദ്ധതി/പദ്ധതിയേതരം ഇനത്തിൽ റോഡ് സുരക്ഷയ്ക്കായുള്ള തുക ലഭിക്കുന്നുണ്ട്. റോഡ് വികസനത്തിനായുള്ള മറ്റ് പദ്ധതികളിലും റോഡ് സുരക്ഷയ്ക്കായുള്ള തുക ഉൾപ്പെടുത്താറുണ്ട്. കൂടാതെ റോഡ് സുരക്ഷാ പദ്ധതികൾക്ക്

ശിപാർശകൾ സമർപ്പിക്കുന്നതിനനുസരിച്ച് റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും തുക ലഭ്യമാക്കാറുണ്ട്. ദേശീയപാതകളുടെ വികസനത്തിനും മെയിന്റനൻസിനും കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലും നോൺ പ്ലാനിലും അനുവദിക്കുന്ന തുകകൾ കൊണ്ടാണ് നടപ്പിലാക്കുന്നത്. കൂടാതെ ദേശീയപാതകൾ അല്ലാത്ത റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്ര റോഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതനുസരിച്ച് നടപ്പിലാക്കാറുണ്ട്. ഇത് കൂടാതെ സംസ്ഥാന സർക്കാർ വർഷം തോറും ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്.

(ബി) പൊതുമരാമത്ത് റോഡുകൾക്ക് സമീപം വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്ന ബങ്കുകൾ തുടങ്ങുന്നതിന് ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

6-10-2020-ലെ ജി.ഒ (എം.എസ്) നമ്പർ 67/2020/പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം പൊതുമരാമത്ത് റോഡിന് (SH & MDR) വശത്തായി സ്ഥാപിക്കുന്ന ഫ്യൂവൽ സ്റ്റേഷന് അക്സസ്സ് പെർമിഷൻ ലഭ്യമാക്കുന്നതിന് SH-നു 3 ലക്ഷവും MDR-നു 2 ലക്ഷവും രൂപ ഒറ്റത്തവണ ലൈസൻസ് ഫീസ് ഈടാക്കാനും തുടർന്നുവരുന്ന വർഷങ്ങളിൽ ലൈസൻസ് ഫീസിൽ ഓരോ വർഷവും 5% വർദ്ധനവ് വരുത്തുവാനും, അപേക്ഷ ഫീസ് ആയി 10,000 രൂപ ഈടാക്കാനും ഹൈവേ പ്രൊട്ടക്ഷൻ അതോറിറ്റി പ്രസ്തുത അപേക്ഷയ്ക്ക് അനുമതി നൽകുന്ന മുറയ്ക്ക് പ്രൊവിഷണൽ പെർമിഷൻ ലഭ്യമാക്കുന്നതിനായി 20,000 രൂപ ഈടാക്കാനും ഉത്തരവായിട്ടുണ്ട്.

(സി) ഈ ഇനത്തിൽ എന്ത് തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

ഓരോ വർഷവും കേന്ദ്രസർക്കാർ എത്ര പമ്പുകൾ തുടങ്ങാനാണ് അനുമതി നല്കാൻ ഉദ്ദേശിക്കുന്നതെന്നത് മുൻകൂട്ടി അറിയാനാവാത്ത സാഹചര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമാക്കാൻ സാധിക്കില്ല.

## ഏറനാട് മണ്ഡലത്തിലെ പദ്ധതികൾ

95(1187) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഉത്തരവുകളുടെ പകർപ്പടക്കം വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ, വിവിധ ഘട്ടങ്ങളിലുള്ള പ്രവൃത്തികൾ എന്നിവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ ;

&

(സി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്; വെളിപ്പെടുത്തുമോ ?

(എ-സി) പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിടം, പാലങ്ങൾ വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി-എടവണ്ണ റോഡ് വികസനം നിർവ്വഹിക്കുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തി കരാർ ഒപ്പുവച്ച് 23-11-2020-ന് ആരംഭിച്ചു. കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ കിഫ്ബി മുഖാന്തരം നടത്തുന്ന പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പൂക്കോട്ടുപാടം മൂലേപാടം ബ്രിഡ്ജ് 20.5 കി മീ റോഡിന് 49.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ

96(1188) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ (ബി.എം. & ബി.സി) ഏതൊക്കെ എന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കും എന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

97(1189) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകൾ കുണ്ടും കുഴിയുമായി ഗതാഗത യോഗ്യമല്ലാത്തതിനാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത് റോഡുകൾ 93%-വും ഗതാഗതയോഗ്യമാണ്. കുണ്ടും കുഴിയും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പുനർനിർമ്മാണവും/ അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുതന്നെ ചെയ്യുന്നതിനും റോഡുകളുടെ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ലഭ്യമായ ഫണ്ടുപയോഗിച്ച് എല്ലാ റോഡുകളും അറ്റകുറ്റപ്പണികളും, പുനരുദ്ധാരണവും നടത്തി ഗതാഗതയോഗ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പാലങ്ങളുടെ പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി പ്രത്യേക വിഭാഗം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പാലങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 27-3-2018-ലെ സ. ഉ. (കൈ) നമ്പർ 8/2018/പൊമവ പ്രകാരം പാലങ്ങൾക്കായി പുതിയ വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

## റോഡുകളുടെ വീതി അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി

98(1190) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ പട്ടയ നടപടികളുടെ ഭാഗമായി താലൂക്കിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ ആവശ്യമായ വീതി അളന്ന് തിട്ടപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലം-കുട്ടമ്പുഴ, കോതമംഗലം-വടാട്ടുപാറ, കുട്ടമ്പുഴ– ഉരുളൻതണ്ണി, കുട്ടമ്പുഴ-ആനക്കയം അടക്കമുള്ള റോഡുകളുടെ ആവശ്യമായ വീതി നിർണ്ണയിച്ച് കിട്ടാത്തതുമൂലം പ്രസ്തുത സ്ഥലങ്ങളിലെ പട്ടയനടപടികൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കോതമംഗലം -കുട്ടമ്പുഴ, കോതമംഗലം - വടാട്ടുപാറ, കുട്ടമ്പുഴ - ഉരുളൻതണ്ണി, കുട്ടമ്പുഴ- ആനക്കയം അടക്കമുള്ള റോഡുകളുടെ ആവശ്യമായ വീതി നിർണ്ണയിച്ച് നൽകുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്ക് സമീപം താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനായി മേൽപ്പറഞ്ഞ റോഡുകൾക്ക് ആവശ്യമായ വീതി നിർണ്ണയിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

റോഡുകൾക്ക് ആവശ്യമായ വീതി നിർണ്ണയിക്കുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

കോതമംഗലം-സബ്ഡിവിഷന്റെ പരിധിയിൽ വരുന്ന നെടുമ്പാശ്ശേരി - കൊടൈക്കനാൽ റോഡിന്റെയും, കോതമംഗലം-പെരുമ്പൻകുത്ത് റോഡിന്റെയും ഭാഗങ്ങളാണ് ഭൂതത്താൻകെട്ട് - വടാട്ടുപാറ റോഡും, കുട്ടമ്പുഴ - പൂയംകുട്ടി റോഡും. ഏറ്റവും വികസന സാദ്ധ്യതകളുള്ള കൊടൈക്കനാൽ, മൂന്നാർ എന്നീ വിനോദസഞ്ചാര മേഖലകളുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശിച്ച് നിർമ്മിച്ച ടി റോഡുകൾ അന്തർ സംസ്ഥാന പാതകളായി വികസിപ്പിക്കേണ്ടിവരുമ്പോൾ ഇതിനായി സ്ഥലം ആവശ്യമായി വരുന്നതാണ്. ഇതിനായി ഭൂതത്താൻകെട്ട്-വടാട്ടുപാറ റോഡിന് (നെടുമ്പാശ്ശേരി - കൊടൈക്കനാൽ റോഡ്) 22 മീറ്ററും, ആനക്കയം-കുട്ടമ്പുഴ-പൂയംകുട്ടിറോഡിന് (നെടുമ്പാശ്ശേരി-കൊടൈക്കനാൽ റോഡ്) 22 മീറ്ററും ഉരുളൻതണ്ണി-കുട്ടമ്പുഴ റോഡിന് 15 മീറ്ററും വീതി ആവശ്യമായി വരുന്നുണ്ട്. ഈ വിവരം തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

### പയ്യന്നൂർ-അമ്പലത്തറ-കാനായി-മണിയറ റോഡ്

99(1191) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2020 ജനുവരി മാസത്തിൽ കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ-അമ്പലത്തറ-കാനായി-മണിയറ റോഡ് നിർമ്മാണത്തിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

&

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

പയ്യന്നൂർ-അമ്പലത്തറ-കാനായി-മണിയറ റോഡ് പ്രവൃത്തിക്ക് 58.53 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിരുന്നു. സാങ്കേതികാനുമതിക്കായി 58.53 കോടി രൂപയുടെ എസ്റ്റിമേറ്റ് 30-9-2020-ൽ 63-ാം ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയതിനുശേഷം സാങ്കേതികാനുമതി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സമർപ്പിച്ചത് പരിശോധിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിച്ച് നൽകുന്നതിനായി 4-1-2021-ന് കേരള റോഡ് ഫണ്ട് ബോർഡിൽ നിന്ന് ഫീൽഡ് ഓഫീസിലേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്ന നടപടികൾ കേരള റോഡ് ഫണ്ട് ബോർഡിൽ സ്വീകരിച്ചുവരുന്നു. ആയതിന് ശേഷം മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് പുനരുദ്ധാരണം

100(1192) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ ജില്ലയിലെ പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് പുനരുദ്ധാരണത്തിന്റെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ ?

കണ്ണൂർ ജില്ലയിലെ പുലിക്കുരുമ്പ-പുറഞ്ഞാൺ റോഡ് പുനരുദ്ധാരണം ചെയ്യുന്നതിനു വേണ്ടി 'Improvement including BM & BC to Pulikkurumba – Puranjan Road Km 0/000 to 2/550 in Kannur District' എന്ന പേരിൽ ഒരു പ്രൊപ്പോസൽ 6.30 കോടി രൂപയുടെ ഭരണാനുമതിക്കായി നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നു. അതിന്മേൽ തിരുത്തലുകൾ ആവശ്യപ്പെട്ടു കൊണ്ട് എസ്റ്റിമേറ്റ് പ്രസ്തുത ഓഫീസിൽ നിന്നും തിരിച്ചു അയച്ചിരിക്കുകയാണ്.

(ബി) ഒടുവള്ളിത്തട്ട്-കുടിയാന്മല റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

സി.ആർ.എഫ്. 2015-16-ൽ ഉൾപ്പെടുത്തി ഒടുവള്ളിത്തട്ട് - നടുവിൽ - കുടിയാൻമല റോഡിന്റെ പുനരുദ്ധാരണത്തിന് 27.246 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുന്നു.

## പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ്

101(1193) ശ്രീ. പുരുഷൻ കടലുണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡിന്റെ (പി.യു.കെ.സി. റോഡ്) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾക്കായി റവന്യൂ രേഖകൾ സമാഹരിക്കൽ, സർക്കാർ ഉത്തരവ് ലഭ്യമാകൽ എന്നിവയ്ക്കുശേഷം സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത റോഡിന്റെ രണ്ടാംഘട്ട നവീകരണത്തിൽ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

ഇല്ല.

(സി) ഈ റോഡിന്റെ നവീകരണ പ്രവൃത്തി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

സ്വീകരിക്കുന്നതാണ്.

## കരുവഞ്ചാൽ-വെള്ളാട് റോഡ് പുനരുദ്ധാരണം

102(1194) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കരുവഞ്ചാൽ-വെള്ളാട് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

&

(ബി) പ്രവൃത്തി അടിയന്തരമായി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

കരുവഞ്ചാൽ-വെള്ളാട് റോഡിന്റെ (25/000 മുതൽ 28/500 വരെ- 3.50 കി.മീ) പുനരുദ്ധാരണത്തിനായി ശ്രീ. പി. എം. മൻസൂർ എന്ന കരാറുകാരൻ 4-6-2016-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി തുടങ്ങി 2017 മേയ് മാസം

അവസാനത്തോടെ 1.800 കി.മീ (25/000 മുതൽ 26/800 വരെ) മെക്കാഡം ടാറിംഗ് പൂർത്തിയാക്കി. പിന്നീട് റോഡിനാവശ്യമായ സ്ഥലം ലഭിക്കാത്തതും സ്ഥലമുടമകൾ സ്വമേധയാ സ്ഥലം വിട്ടുനൽകുന്നതിന് വിമുഖത കാണിക്കുകയും ചെയ്തതിനാൽ ബാക്കിയുള്ള ഭാഗത്ത് യാതൊരു പ്രവൃത്തികളും നടത്താൻ സാധിച്ചില്ല. എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവൃത്തി ആരംഭിക്കുവാൻ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത കരാറുകാരൻ പ്രവൃത്തി ചെയ്യാത്തതിനാൽ റിസ്ക് & കോസ്റ്റ് വഴി പ്രവൃത്തി പൂർത്തിയാക്കാനും കരാറുകാരനെ ടെർമിനേറ്റ് ചെയ്യാനും തീരുമാനിച്ചു. ആയത് പ്രകാരം മേൽ പ്രവൃത്തിയുടെ കോൺട്രാക്റ്റ് 6-6-2019-ൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് ഇതേ പ്രവൃത്തിയിൽ ഉൾപ്പെട്ട ബാക്കിഭാഗം പുനർനിർമ്മിക്കുന്നതിനായി ടെണ്ടർ ചെയ്യുകയും 38.99% ഉയർന്ന നിരക്കിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (L1) ക്വാട്ട് ചെയ്യുകയും ചെയ്തു. അതിന് അംഗീകാരം നൽകുകയുണ്ടായില്ല. ടി ടെണ്ടറിലെ തന്നെ L2 ആയ ശ്രീ. സജി സെബാസ്റ്റ്യൻ എന്ന കരാറുകാരൻ L.M.R. നിരക്കിൽ 30-9-2020-ന് എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പൂർത്തീകരിക്കേണ്ട 1.70 കി.മീ ഭാഗത്തേക്കുള്ള (26/800 മുതൽ 28/500 വരെ) റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. അത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ വിശദമായ പരിശോധന നടത്തിവരികയാണ്.

**തിരുവനന്തപുരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

103(1195) ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(സി) ഈ മണ്ഡലത്തിൽ 2020-21 ലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനു കീഴിൽ നിലവിൽ രണ്ട് പ്രവൃത്തികളാണ് നടന്നു വരുന്നത്. 1. പൊന്നറ (പെരുനെല്ലി) പാലത്തിന്റെ പുനർനിർമ്മാണം - അടങ്കൽ തുക 14,80,00,000. ടി പ്രവൃത്തി പൂർത്തീകരിച്ച് അപ്രോച്ച് റോഡിന്റെ പണികൾ പുരോഗമിച്ചുവരുന്നു. 2018-2019 സാമ്പത്തിക വർഷത്തിൽ പൊന്നറ പഴയ പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2. വള്ളക്കടവിൽ താൽക്കാലിക ബണ്ട് റോഡ് പാലത്തിന്റെ നിർമ്മാണം-അടങ്കൽ തുക 85,00,000. ടി പ്രവൃത്തിക്കായുള്ള ഗാബിയോൺ വർക്കുകൾ ദ്രുതഗതിയിൽ നടന്നുവരുന്നു. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK)-നു കീഴിൽ സംസ്ഥാന റോഡ് വികസന പദ്ധതിയിൻ കീഴിൽ പാക്കേജ് ബി മുഖേന റിക്ക് ലിമിറ്റഡ് നവീകരണ പ്രവർത്തനം നടത്തിയ തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് - ചെറ്റച്ചൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഈ റോഡ് 13 വർഷക്കാലത്തെ പരിപാലന പിരീഡിലാണ്. പ്രസ്തുത പ്രവൃത്തി 26-10-2018-നു പൂർത്തീകരിച്ചു. കേരള റോഡ് ഫണ്ട് ബോർഡ് പി.പി.പി. മാതൃകയിൽ നടപ്പാക്കിയിട്ടുള്ള 42.069 കി. മീ. റോഡിന്റെ 15 വർഷത്തേക്കുള്ള പരിപാലനം പദ്ധതി കൺസഷണർ ആയ റ്റി.ആർ.ഡി.സി.എൽ. നടത്തിവരുന്നു. നാലു ഘട്ടങ്ങളിലായി പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ അവസാന ഘട്ടം ആയി പൂർത്തീകരിച്ച നാലാം ഘട്ടത്തിന്റെ Commercial Operation Date (COD) 30-5-2016-ൽ പൂർത്തിയായിരുന്നു. നിരത്തു, കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക്

104(1196) <u>ശ്രീ. പി. ഉണ്ണി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; അതിനായി എത്ര തുക അനുവദിച്ചു ; വിശദാംശം നൽകാമോ ;

&

(ബി) ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വ്യക്തമാക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഒറ്റപ്പാലം ടൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി 27-9-2016-ലെ സ.ഉ (സാധാ) നമ്പർ 1324/2016/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 3-5-2018-ലെ സ.ഉ (സാധാ) നമ്പർ 792/2018/പൊ.മ.വ. പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് 79.42 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച വിശദ പദ്ധതി രേഖയ്ക്ക് 78.05 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ ഒറ്റപ്പാലം വില്ലേജിൽ 3.25 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് റവന്യു വകുപ്പിൽ നിന്നും 28-6-2019-ലെ സ.ഉ(സാധാ)നമ്പർ 1676/2019/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചത്; വിശദീകരിക്കാമോ?

പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി റോഡ് പ്രവൃത്തികൾ**

105(1197) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നാദാപുരം മണ്ഡലത്തിലെ കിഫ്ബി വഴി ഭരണാനുമതി ലഭിച്ച തൊട്ടിൽപ്പാലം-കുണ്ട്തോട് റോഡ്, കുളങ്ങരത്ത് നമ്പ്യാത്താൻ കുണ്ട് -വാളൂക്ക് റോഡിന്റെ സാങ്കേതിക അനുമതിക്ക് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

&

(ബി) സാങ്കേതിക അനുമതി നൽകി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി ക്രമങ്ങൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

(എ&ബി) തൊട്ടിൽപ്പാലം-കുണ്ട്തോട് റോഡിന്റെ എസ്റ്റിമേറ്റ് 13-8-2019-ലെ 46-ാം ടെക്നിക്കൽ കമ്മിറ്റിയിൽ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുകയും ന്യൂനതകൾ പരിഹരിച്ചതിനുശേഷം എസ്റ്റിമേറ്റ് ഓൺലൈനായി പ്രൈസ് സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തുന്നതിനായി ഫീൽഡ് ഓഫീസിലേയ്ക്ക് 2 തവണ തിരികെ നൽകിയിരുന്നു. ആയത് 22-12-2020-ൽ കേരളാ റോഡ് ഫണ്ട് ബോർഡിൽ

തിരികെ ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കുളങ്ങരത്ത് നമ്പ്യാത്താൻ കുണ്ട്-വാളൂക്ക് റോഡിന്റെ എസ്റ്റിമേറ്റ് 13-8-2019-ലെ 46-ാം ടെക്നിക്കൽ കമ്മിറ്റിയിൽ സാങ്കേതിക അനുമതിയ്ക്കായി സമർപ്പിക്കുകയും ന്യൂനതകൾ പരിഹരിച്ചതിനുശേഷം എസ്റ്റിമേറ്റ് ഓൺലൈനായി പ്രൈസ് സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ടി എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തുന്നതിനായി 17-8-2020-ന് ഫീൽഡ് ഓഫീസിലേയ്ക്ക് പ്രൈസ് വഴി കൈമാറിയിട്ടുണ്ട്. ഉടനടി തിരികെ ലഭ്യമാക്കി സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള റോഡ് ഫണ്ട് ബോർഡിൽ സ്വീകരിച്ചു വരുന്നു.

**ഇരിങ്ങാലക്കുട മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

106(1198) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം നൽകുമോ;

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ഈ മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനു കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തൃശ്ശൂർ ജില്ലയിലെ എടത്തുരുത്തി-കാട്ടൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കു ന്ന കാട്ടൂർ-മാതിരമ്പിള്ളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
2. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ കാറളം പഞ്ചായത്തിൽ ആലുക്കകടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു.
3. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പടിയൂർ പഞ്ചായത്തിൽ ഷൺമുഖം കനാലിനു കുറുകെയുള്ള പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിനു നൽകി.

4. ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പൂമംഗലം-പടിയൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അവുണ്ടർചാൽ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. താൽക്കാലിക ഡിസൈൻ ലഭ്യമായിട്ടുണ്ട്.

കിഫ്ബി 2016-2017 - കനോലി കനാലിനു കുറുകെയുള്ള പറയൻകടവ് പാലത്തിന്റെ നിർമ്മാണത്തിനായി 26.6 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. അതിർത്തിക്കല്ലുകൾ സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനു കീഴിലെ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. CRF-2016-17- Improvements to Vellangallur - Chalakkudy road road connection NH 66 in Thrissur District - അടങ്കൽ തുക 15 കോടി CRF 2018-19 Improvements to Nadavarambu– Vilamood Road and Mankidi Kappela – Karingachira – Mala Road in Thrissur Dist. അടങ്കൽ തുക 12 കോടി രൂപ. പൊതുമരാമത്ത് നിരത്തുവിഭാഗത്തിനു കീഴിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിഫ്ബി പ്രവൃത്തി 2017-18 കരുവന്നൂർ- കാട്ടൂർ റോഡ് ചെയിനേജ് 0/000 മുതൽ 11/750 വരെ അഭിവൃദ്ധിപ്പെടുത്തൽ (43.68 കോടി രൂപ) എന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് അതിർത്തി നിർണ്ണയത്തിനുള്ള കല്ലുകൾ സ്ഥാപിക്കുവാൻ വേണ്ടിയുള്ള സർവ്വേ നടപടികൾ ആരംഭിച്ചു. കിഫ്ബി സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സ്കീം 2016-17 ചാത്തൻമാസ്റ്റർ റോഡ് കി. മീ. 0/000 മുതൽ 8/480 വരെ അഭിവൃദ്ധിപ്പെടുത്തൽ (34.37 കോടി രൂപ) എന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് അതിർത്തി നിർണ്ണയത്തിനുള്ള കല്ലുകൾ സ്ഥാപിക്കുവാൻ വേണ്ടിയുള്ള സർവ്വേ നടപടികൾ ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* റീബിൽഡ് കേരള പദ്ധതി മുഖേന ജർമ്മൻ ബാങ്ക് ധനസഹായത്തോടെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) നടപ്പാക്കുന്ന കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാത വികസനം (ആകെ 34.35 കി. മീ. ദൂരം) ഇരിങ്ങാലക്കുട മണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ പ്രവൃത്തിയുടെ കരാർ നടപടികൾ അന്തിമഘട്ടത്തിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുക്കം-കുമാരനല്ലൂർ-മല്ലത്തായിപാറ-തേക്കുംകുറ്റി റോഡ്

107(1199) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുകീഴിലുള്ള ദൈർഘ്യമേറിയ റോഡുകളുടെ നിർമ്മാണവും പരിപാലനവും അവയ്ക്ക് പ്രയാസമായതിനാൽ അത്തരം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പരിഗണനയിലില്ല.

(ബി) മുക്കം - കുമാരനല്ലൂർ - മല്ലത്തായിപാറ - തേക്കുംകുറ്റി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒന്നും തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ല എന്നതാണ് സർക്കാർ നയം.

## കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

108(1200) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പ്ലാൻ ഫണ്ട്, കിഫ്ബി, നബാർഡ്, ആസ്തിവികസന ഫണ്ട്, എസ്.ഡി.എഫ്. എന്നിവ ഉപയോഗിച്ച് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എത്ര റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയെന്ന് അറിയിക്കുമോ ?

18 റോഡുകളുടെ പുനഃനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് .

(ബി) ആയതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും എത്ര എണ്ണത്തിന്റെ പ്രവൃത്തികൾ നടന്നുവരുന്നുവെന്നും എത്രയെണ്ണം ആരംഭിക്കാനുണ്ടെന്നും ആയതിന്റെ തുക, ദൈർഘ്യം എന്നിവ സഹിതം പട്ടിക തിരിച്ച് നൽകുമോ; ആകെ ബി. എം.& ബി.സി. നിലവാരത്തിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ റോഡ് നിർമ്മിച്ചുവെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ടി പ്രവൃത്തികൾക്ക് ഉണ്ടായ കാലതാമസം പ്രത്യേകം പ്രത്യേകം നൽകാമോ?

(1) KIIFB Budget work 2016-17 Manakkakadavu - Kizhakkambalam - Pattimattom -Nelladu (in Ernakulam - Thekkady road) including Link road to Pattimattom- Pathammile road പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റ് ചെയ്യുന്നതിനും, കിഫ്ബി മാർഗ്ഗനിർദ്ദേശം പാലിച്ചുമാത്രമേ പ്രവൃത്തി ചെയ്യാവൂ എന്നുള്ള നിർദ്ദേശങ്ങളും മറ്റും ഈ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളതാണ്.

(2) Improvements to Kunnuvazhy-Kizhakambalam road - Providing BM & BC from ch:0/000 to 3/250 ടി പ്രവൃത്തി നടന്നു വരവേ, കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കാലതാമസം ഉണ്ടാവുകയും കാലവർഷത്തിൽ റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞതുമൂലം ആയത് പുനർനിർമ്മിക്കേണ്ടി വരികയും ചെയ്തു. കൂടാതെ കോവിഡ് 19 ലോക്ക് ഡൗണും അതിനു ശേഷം ടി പ്രവൃത്തിയുടെ പ്ലാൻഫണ്ട് ഉൾപ്പെടുന്ന സ്ഥലം തുടർച്ചയായ കണ്ടെയിൻമെന്റ് സോണിൽ ആവുകയും ചെയ്തു. പ്രവൃത്തിയുടെ കരാറുകാരൻ കോവിഡ് ബാധിതനായി ചികിത്സയിലായിരുന്നു. എന്നിരുന്നാലും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 45% പ്രവൃത്തികൾ പൂർത്തീകരിച്ചു.

(3) RIDF XXIV - Improvements to Edappally -Muvattupuzha road ch: 11/000 to 14/500 പ്രവൃത്തി നടന്നുവരവേ ഉണ്ടായ അപ്രതീക്ഷിതമായ കനത്ത മഴയും, കോവിഡ് 19 ലോക്ക് ഡൗണിനുശേഷം ഉണ്ടായ തൊഴിലാളികളുടെ ദൗർലഭ്യതയും പ്രവൃത്തി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ തീർക്കുന്നതിന് തടസ്സമായി. പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തി 2-3-2021-നകം പൂർത്തീകരിക്കുന്നതായിരിക്കും.

**ആളൂർ സെന്റർ- ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ റോഡ്**

109(1201) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ ആളൂർ സെന്റർ മുതൽ വെട്ടുകാട് വഴി ചൂണ്ടൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ വരെയുള്ള റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃർത്തിക്ക് എത്ര തുകയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ ?

300 ലക്ഷം

(സി) പ്രവൃർത്തി ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

പ്രസ്തുത പ്രവൃത്തിക്ക് 27-11-2018-ൽ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 13-1-2019-ന് സാങ്കേതികാനുമതിയും നൽകിയിരുന്നു. 4-2-2019-ന് പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ഉണ്ടായില്ല. ഇതിനിടയിൽ ജി.എസ്.ടി. ഉൾപ്പെടുത്തുന്നതിനുവേണ്ടി എസ്റ്റിമേറ്റ് പുതുക്കുകയും 23-8-2019-ൽ വീണ്ടും സാങ്കേതികാനുമതി നൽകുകയും ചെയ്തു. 20-9-2019, 15-10-2019 എന്നീ തീയതികളിൽ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണമുണ്ടായില്ല. ബിറ്റുമിന്റെ വിലയിലുണ്ടായ വ്യത്യാസം മൂലം 14-2-2020-ന് വീണ്ടും സാങ്കേതികാനുമതി പുതുക്കി നൽകുകയും ചെയ്തു. തുടർന്ന് 29-2-2020, 24-3-2020, 26-5-2020 എന്നീ തീയതികളിൽ ടെണ്ടർ നടത്തിയെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണം ഉണ്ടായില്ല. 6-1-2021-ന് വീണ്ടും പുതുക്കിയ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും 22-1-2021-ന് തുറക്കുന്ന രീതിയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളതുമാണ്.

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് തന്നെ പ്രവൃത്തി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കൊച്ചി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

110(1202) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കൊച്ചി നിയോജകമണ്ഡലത്തിലെ എത്ര റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയെന്ന് അറിയിക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിൽ 35 റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി ലഭിച്ചു.

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമെന്നും ഓരോന്നിനും എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം; 2021 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ സാധ്യതയുള്ളവ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ ?

വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഇവയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത് ഏതെല്ലാമെന്നും ഇനി ടെണ്ടർ ചെയ്യാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

**കരുവന്തല-ചക്കംകണ്ടം റോഡിന്റെ നവീകരണം**

111(1203) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കരുവന്തല-ചക്കംകണ്ടം റോഡിൽ പൊന്നാംകുളം വരെയുള്ള റോഡ് നവീകരണത്തിന് അനുവദിച്ച തുക എത്രയാണെന്നറിയിക്കുമോ ?

കരുവന്തല-ചക്കംകണ്ടം റോഡിൽ പൊന്നാംകുളം വരെയുള്ള റോഡ് നവീകരണത്തിന് 3,50,00,000 (3.5 കോടി) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച തീയതിയും കരാർ തീയതിയും എന്നാണെന്ന് അറിയിക്കാമോ ?

ടെണ്ടർ തീയതി 29-1-2019, കരാർ തീയതി 6-6-2019

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാനായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാന നിർമ്മാണം പുരോഗമിക്കുന്നു. റോഡ് ഉയർത്തുന്നതിനുള്ള മെറ്റീരിയൽ സമീപത്ത് സ്റ്റോക്ക് ചെയ്തിട്ടുമുണ്ട്.

(ഡി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ ?

കോവിഡ്-19 മൂലമുണ്ടായ തൊഴിലാളികളുടേയും, മെറ്റീരിയൽസിന്റേയും ലഭ്യതക്കുറവും കരാറുകാരന്റെ വ്യക്തിപരമായ കാരണങ്ങളാലും പലതവണ നിർദ്ദേശങ്ങൾ നൽകിയിട്ടും പ്രവൃത്തി ഡിസംബർ മാസത്തിലാണ് ആരംഭിച്ചത്.

(ഇ) വളരെയേറെ യാത്രാക്ലേശം ഉള്ള ഈ റോഡിന്റെ നിർമ്മാണം അടിയന്തരമായി തുടങ്ങാൻ വേണ്ട നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വളക്കൈ-കൊയ്യം റോഡ് പുനരുദ്ധാരണം

112(1204) ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വളക്കൈ-കൊയ്യം റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുകയുണ്ടായോ; &

(സി) പ്രസ്തുത പ്രവൃത്തി ഉടനെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

(എ-സി) കണ്ണൂർ ജില്ലയിലെ വളക്കൈ-കൊയ്യം റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായി നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## കായംകുളം മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

113(1205) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കായംകുളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് വഴി നിർമ്മാണം നടത്തിയ റോഡുകൾ ഏതൊക്കെയെന്നും അവയുടെ ദൂരം, വിനിയോഗിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൊല്ലം മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ

114(1206) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനങ്ങൾ

115(1207) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ പ്രവൃത്തികൾ, ഓട/കലുങ്ക് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തി യുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം

116(1208) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

1. പുല്ലുവ - തൊട്ടിൽ പാലം (കി.മീ. 0/000 മുതൽ 28/000 വരെ). നിലവിലെ സ്ഥിതി : സാമ്പത്തികാനുമതി ലഭിച്ചു. സാങ്കേതികാനു മതിയ്ക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.
2. തൊട്ടിൽ പാലം - തലയാട് (കി.മീ. 28/000 മുതൽ 65/000 വരെ). പ്രസ്തുത റീച്ചിൽ 3.12 ഹെക്ടർ വനഭൂമി ഉണ്ട്. ഇത് ലഭ്യമാക്കുന്നതിന് വന മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലിൽ അപേക്ഷിച്ചിട്ടുണ്ട്.
3. തലയാട് - മലപ്പുറം - കോടഞ്ചേരി (കി.മീ 65/000 മുതൽ 83/000). തലയാട് മലപ്പുറം (65/000 മുതൽ 75/940 വരെ) ഭാഗത്തിന് 48.75 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. കോടഞ്ചേരി - കക്കാടംപൊയിൽ (83/900-119/250 വരെ) 18-6-2020-ന പ്രവൃത്തി ആരംഭിച്ചു. പദ്ധതി ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ഥല ലഭ്യതയില്ലാത്തതിനാൽ മലപ്പുറം-കോടഞ്ചേരി റീച്ചിന് ഭരണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനായി ആവശ്യമുള്ള റൈറ്റ് ഓഫ് വേ സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്.

(സി) എങ്കിൽ അലൈൻമെന്റ് മാറ്റത്തിന് സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഭൂമി ലഭ്യമാക്കാമെന്ന് ബഹു. എം.എൽ.എ.-മാർ സമ്മതിച്ചിരുന്നു. ആ ഉറപ്പിലാണ് 12 മീറ്ററിൽ 1251. Km മലയോരപാത ആരംഭിച്ചത് സ്ഥലമില്ലാത്തതിനാൽ ചില റീച്ചുകൾ തുടങ്ങുവാൻ കഴിയുന്നില്ല. വനം വകുപ്പിന്റെ എതിർപ്പുകാരണം 12 റീച്ചുകൾ തുടങ്ങാനേ കഴിയുന്നില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രി തന്നെ നേരിട്ടു ശ്രമിച്ചിട്ടും കിട്ടിയില്ല. തീവ്ര വനമല്ലാത്ത ഇടങ്ങളിൽ കേരള Chief Forest Conservator-ക്കു നൽകാം. എന്നാൽ തന്നില്ല. മാത്രവുമല്ല DFO മാർ വഴി PWD ചെയ്യതതിന് നിരവധി പ്രസ്താവനകൾ ഇറക്കി കേസ്സെടുത്തു. ഒരാളും സഹായിക്കാൻ വന്നില്ല. ക്യാബിനറ്റ് തീരുമാനിച്ചിട്ടും വനം ഉദ്യോഗസ്ഥർ സർക്കാരിന്റെ ഈ സ്വപ്ന പദ്ധതിയെ തടസ്സപ്പെടുത്തുന്നു. PWD എല്ലാ സാങ്കേതിക കാര്യങ്ങളും ചെയ്തിട്ടും ഇല്ലാത്ത നുണ പറയുന്നത് നിറുത്തണം. പറഞ്ഞിട്ടും അവർ തന്നില്ലെന്ന് കാണുന്നു. ഇത് ലഭ്യമാക്കുവാൻ എം.എൽ.എ.-മാർ അതതു മണ്ഡലങ്ങളിൽ മുൻകൈ എടുക്കണം.

**ചേലക്കര-എളനാട് റോഡ് പുനരുദ്ധാരണം**

117(1209) ശ്രീ യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. (എൻ.എച്ച്.) വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര-എളനാട് റോഡ് എഗ്രിമെന്റ് വെച്ചത് എന്നാണ്; സി.ആർ.എഫ്. ഫണ്ട് മുഖേനയുള്ള പുനരുദ്ധാരണ പ്രവൃത്തി തടസ്സപ്പെട്ടുകിടക്കുന്നതിന് കാരണം എന്താണ്; വ്യക്തമാക്കാമോ ?

പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ച തീയതി 8-7-2019 ആണ്. നിലവിൽ തടസ്സങ്ങൾ ഒന്നും ഇല്ല. 24-4-2021 വരെ ഈ പദ്ധതിക്ക് പൂർത്തീകരണ കാലാവധി ഉണ്ട്.

(ബി) റോഡ് പുനരുദ്ധാരണ പ്രവൃത്തി നീണ്ടു പോകുന്നതുകൊണ്ട് ജനങ്ങൾക്ക് വലിയ തോതിലുള്ള ഗതാഗത-യാത്രാ ബുദ്ധിമുട്ടും പൊടി ശല്യവും ഉണ്ടാകുന്നതു കണക്കിലെടുത്ത് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കു ന്നതിന് നടപടി സ്വീകരിക്കുവാൻ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്. വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ GSB, WMM എന്നിവ ഉപയോഗിച്ച് റോഡ് ഉയർത്തിയ ഭാഗങ്ങളിൽ BM പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്പോൾ ഗതാഗത യാത്രാ ബുദ്ധിമുട്ടും പൊടി ശല്യവും ഇല്ല. ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡ് നിർമ്മാണം

118(1210) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ തൃശ്ശൂർ മുതൽ എറവ് വരെയുള്ള ഒന്നാം റീച്ചിന്റെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ ?

തൃശ്ശൂർ കാഞ്ഞാണി - വാടാനപ്പള്ളി റോഡിന്റെ തൃശ്ശൂർ മുതൽ എറവ് വരെയുള്ള ഒന്നാംഘട്ട റീച്ചിന്റെ എസ്റ്റിമേറ്റ് തുക 2,200 ലക്ഷം രൂപയാണ്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

2021 മാർച്ച് 31-ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തൃപ്പൂണിത്തുറ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

119(1211) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടന്നുവരുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയുടെ തുക, നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തോപ്പുംപടി-അരൂർ പഴയ ദേശീയ പാതയിലെ ചെയിനേജ്

120(1212) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് 28-3-2020-ലെ 373/2020 നമ്പർ ഉത്തരവു പ്രകാരം ഇരുപത്തിരണ്ട് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ തോപ്പുംപടി-അരൂർ പഴയ ദേശീയപാതയിലെ ചെയിനേജ് 357 മുതൽ 359 വരെയുള്ള ഭാഗം റോഡിന്റെ വീതികൂട്ടലിന്റെയും സ്ഥലമെടുപ്പിന്റെയും നിജസ്ഥിതി വിശദമാക്കാമോ ?

തോപ്പുംപടി-അരൂർ പഴയ ദേശീയപാതയിലെ കി.മീ. 357/000 മുതൽ 359/000 വരെയുള്ള നിരത്തിന്റെ വീതി കൂട്ടലിലും സ്ഥലമെടുപ്പിനുമായി ഭരണാനുമതി ലഭിച്ചതിൻപ്രകാരം, 24 മീറ്റർ വീതിയിൽ നിരത്ത് ഇടുങ്ങിയ ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള വിശദാംശങ്ങൾ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ചെയിനേജിന് പുറത്തുള്ളതും എന്നാൽ പഴയ ദേശീയപാതയിലെ ഏറ്റവും വീതികുറഞ്ഞതും കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ തിരക്കേറിയതുമായ പാവുമ്പായി മൂലയിലെ കണ്ണങ്ങാട് ടെമ്പിൾ റോഡ് മുതൽ ഇന്ദിരാഗാന്ധി റോഡ് വരെയുള്ള ഭാഗം കൂടി മേൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്ഥലമെടുപ്പ് നടപടിയിൽ ഉൾപ്പെടുത്തി വീതി കൂട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ടി ഭാഗം ഉൾപ്പെടുത്തി വീതി കൂട്ടുന്ന പ്രൊപ്പോസൽ ഫണ്ട് ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ടി ഭാഗം ഉൾപ്പെടുത്തി വീതി കൂട്ടുന്ന പ്രൊപ്പോസൽ ഫണ്ട് ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബ്ലാവന പാലം നിർമ്മാണം

121(1213) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനയിൽ പാലം പണിയുന്നത് സംബന്ധിച്ചുള്ള ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിരവധി ആദിവാസി കോളനികളും, അഗ്രിക്കൾച്ചർ സെറ്റിലേഴ്സും ഉള്ള കല്ലേലിമേട് പ്രദേശത്തേയ്ക്ക് നിലവിൽ കടത്ത് കടന്ന് മാത്രമേ പോകുവാൻ കഴിയൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രദേശവാസികൾക്ക് വലിയ തരത്തിലുള്ള ആശ്രയമായി മാറുന്ന പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ; &

(ഡി) പ്രദേശവാസികളുടെ ചിരകാല അഭിലാഷമായ ബ്ലാവന കടത്തിൽ പാലം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതി 9-11-2020 തീയതിയിൽ WP(C)No. 21999 of 2016 (y) റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ വിധി വനം വകുപ്പ് അംഗീകരിച്ച് സ്ഥലം വിട്ട് തന്നിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ യാതൊരു കാലതാമസവും ഇല്ല.

## കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണം

122(1214) ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

10-7-2017-ലെ പി.ഡബ്ല്യൂ.ഡി.(ജി) വകുപ്പിന്റെ ജി.ഒ.(ആർ.ടി) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി. ഉത്തരവുപ്രകാരമുള്ള ഭരണാനുമതിയിൽ ഉൾപ്പെട്ട ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

10-7-2017-ലെ ജി.ഒ.(ആർ.ടി) നമ്പർ 942/2017/പൊ.മ.വ. പ്രകാരം 50 കോടി രൂപയ്ക്ക് നൽകിയ തത്ത്വത്തിൽ ഭരണാനുമതി 3 വർഷം പൂർത്തിയാക്കിയതിനെ തുടർന്ന് കാലാവധി അവസാനിച്ചതിനാൽ ഭരണാനുമതി പുനർനിർണ്ണയിച്ച് ലഭ്യമാക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച വരുന്നു. (File No.PWD/D1/422/2020-PWD).

## നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം

123(1215) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചെങ്ങന്നൂർ കൈപ്പാലകടവ് പാലം നിർമ്മാണത്തിന് സ്ഥലം വിട്ടു തന്ന ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; &

(ബി) നഷ്ടപരിഹാര തുക എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിനായി SIA പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും കണ്ടിജൻസി ചാർജ്ജ് അനുവദിക്കുന്നതിനുവേണ്ടി സർക്കാരിലേയ്ക്ക് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ട പരിഹാര തുക നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

## വളാഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം

124(1216) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ ട്രഷറി വകുപ്പിൽ നിന്നും എന്തെങ്കിലും ശിപാർശകൾ ലഭിച്ചിട്ടുണ്ടോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ ട്രഷറി വകുപ്പിൽ നിന്നും ശിപാർശകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) വളാഞ്ചേരി ട്രഷറി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; &

(സി) സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) ഇല്ല.

## കാസർഗോഡ് പ്രസ്സ് ക്ലബ് കെട്ടിടം

125(1217) ശ്രീ കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പ്രസ്സ് ക്ലബ് കെട്ടിട നവീകരണത്തിന് 2020-21-ലെ ബഡ്ജറ്റിൽ എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

കാസർഗോഡ് പ്രസ്സ് ക്ലബ് കെട്ടിട നവീകരണത്തിന് 2020-21-ലെ ബഡ്ജറ്റിൽ 6,40,000 രൂപ നീക്കിവെച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഭരണാനുമതി നൽകിയിട്ടില്ല.

(സി) നാളിതുവരെയായിട്ടും ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; &

(ഡി) മേൽ പ്രവൃത്തിക്ക് എന്ന് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(സി&ഡി) എസ്റ്റിമേറ്റ് തയ്യാറാക്കുവാൻവേണ്ടി സ്ഥലം സന്ദർശിച്ച സമയത്ത് കെട്ടിടം സർക്കാർ അധീനതയിൽ അല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന കെട്ടിടങ്ങൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുക. ആയതിനാൽ സർക്കാർ അധീനതയിലല്ലാത്ത കെട്ടിടത്തിന് പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകാൻ കഴിയുകയില്ലായെന്ന് അറിയിക്കുന്നു.

## ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ

126(1218) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ആസ്ഥാനമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരങ്ങൾ നൽകാമോ ?

വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് ആസ്ഥാനമാക്കി ആരംഭിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്ര നൽകിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം 1,44,10,000 (ഒരു കോടി നാൽപത്തിനാല് ലക്ഷത്തി പതിനായിരം മാത്രം) രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ പുരോഗതിക്കനുസൃതമായി പല ഗഡുക്കളായി ഇതുവരെ 93,66,500 (തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അറുപത്തിയാറായിരത്തി അഞ്ഞൂറ് മാത്രം) രൂപ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനുള്ള ഇന്റീരിയർ/പെയിന്റിംഗ് ജോലികൾ അവസാന ഘട്ടത്തിലാണ്.

(സി) നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ?

പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ തിരുവനന്തപുരം ജില്ലാ നിർമ്മിതി കേന്ദ്രയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) പുതിയ കെട്ടിടത്തിൽ ടി സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ്മെന്റ് സെന്റർ പുതിയ കെട്ടിടത്തിൽ 2021 ഫെബ്രുവരി മാസത്തോടെ തുറന്ന് പ്രവർത്തിക്കാൻ കഴിയുന്നതാണ്.

## എറണാകുളം മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട പ്രവൃത്തികൾ

127(1219) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം എറണാകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം വർഷംതിരിച്ച് പേരു സഹിതം വിശദമാക്കുമോ ?

എറണാകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം വർഷംതിരിച്ച് പേരു സഹിതം അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെന്നും എത്രയെണ്ണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും എത്രയെണ്ണം ഇനി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികൾ, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

## അഴീക്കോട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടനിർമ്മാണം

128(1220) ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ അഴീക്കോട് നിയോജകമണ്ഡലത്തിലെ പാപ്പിനിശ്ശേരി വെസ്റ്റ് ഗവ. യു.പി. സ്കൂൾ കെട്ടിടനിർമ്മാണത്തിന് ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ 27-7-2019-ലെ ആർ.ഡി.4/3923/18 നമ്പർ ഭരണാനുമതിയിൽ കണ്ണൂർ പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 27-7-2019-ലെ ഭരണാനുമതി ഉത്തരവ് നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ; എങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥരാണ് വീഴ്ച വരുത്തിയതെന്ന് പറയാമോ; &

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; എന്നത്തേയ്ക്ക് ഈ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ;

(എ-സി) പാപ്പിനിശ്ശേരി വെസ്റ്റ് ഗവ. യു.പി. സ്കൂളിൽ നിലവിൽ നബാർഡ് ഫണ്ടിൽ എൽ.എസ്.ജി. വിഭാഗം മുഖാന്തരം കെട്ടിടം പണിതുകൊണ്ടിരിക്കുകയാണ്. അതിന്റെ തുടർച്ചയായിട്ടാണ് അനുവദിക്കപ്പെട്ട ഈ കെട്ടിടം പണിയേണ്ടത്. മേൽ എൽ.എസ്.ജി. പ്രവൃത്തി ഇപ്പോൾ പൂർത്തീകരണ ഘട്ടത്തിലാണ്. എം.എൽ.എ.-എ.ഡി.എസ്. മുഖാന്തരം പൊതുമരാമത്ത് വകുപ്പ് ചെയ്യേണ്ട പ്രവൃത്തിക്കുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ പരിശോധിച്ചുവരികയാണ്. പ്രവൃത്തി ചെയ്യാനുള്ള സൈറ്റ് ഇതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള ആസ്തിയിൽ പൊതുമരാമത്ത് വകുപ്പിനെ പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തിയതിന്റെ സാങ്കേതിക പ്രശ്നമാണ്. അല്ലാതെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഇതിൽ അനാസ്ഥയൊന്നും ഉണ്ടായിട്ടില്ല. നബാർഡ് പ്രവൃത്തി പൂർത്തിയായതിനു ശേഷം കെട്ടിടം പ്രവൃത്തി നടപ്പിലാക്കാൻ പൊതുമരാമത്തിന് കൈമാറി കിട്ടിയാലുടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ

129(1221) ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ആക്റ്റിലോ അതിനു കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പ്രത്യേക വ്യവസ്ഥകൾ ഉള്ളതായി കാണുന്നില്ല.

(ബി) ഇപ്രകാരമുള്ള കൈമാറ്റം അനുവദനീയമാണോ; സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി കൈമാറ്റം പരിശോധിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിലുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ?

സിവിൽ തർക്കങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട നീതിന്യായ കോടതികളുടെയോ റവന്യൂ അധികാരികളുടെയോ ഉത്തരവ് ഉണ്ടെങ്കിൽ ആയത് അനുസരിച്ചാണ് നടത്തുന്നത്. അപ്രകാരമുള്ള ഒരു ഉത്തരവിന്റെ അഭാവത്തിൽ സിവിൽ തർക്കം ഉണ്ട് എന്ന ഒറ്റ കാരണത്താൽ രജിസ്ട്രേഷൻ നിഷേധിക്കാൻ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് അധികാരമില്ല. വസ്തുവിന്റെ കൈമാറ്റം വിലക്കിക്കൊണ്ട് സബ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ആധാരത്തിന്റെ രജിസ്ട്രേഷൻ നിഷേധിക്കുവാൻ കഴിയൂ.

## ആധാരത്തിന്റെ ശരിപ്പകർപ്പ്

130(1222) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസ്സൽ ആധാരങ്ങൾ നഷ്ടപ്പെട്ടുപോയതിനാൽ രജിസ്ട്രാർ ആഫീസിൽ നിന്ന് ശരിപ്പകർപ്പ് എടുത്തവർക്ക് ഇതുവച്ച് സ്ഥലം വിൽക്കാനോ, ബാങ്കിൽ പണയം വയ്ക്കുന്നതിനോ കഴിയാത്തതിനാൽ ധാരാളം ആളുകൾ കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സബ് രജിസ്ട്രാർ ആഫീസിൽനിന്നും നൽകുന്ന ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് തെളിവ് മൂല്യം ഉള്ളതാണെന്നും അതിനാൽ പ്രസ്തുത പകർപ്പുകൾ സ്വീകരിക്കുന്നതിന് എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോട് രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം

131(1223) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ ആധുനികവൽക്കരണ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ?

രജിസ്ട്രേഷൻ വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ ആധുനികവൽക്കരണ നടപടികൾ ചുവടെ ചേർക്കുന്നു :

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.
2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി.
3. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില ഒടുക്കേണ്ടിവരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

13. സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏതു സബ് രജിസ്ട്രാർ ആഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. രജിസ്ട്രേഷൻ വകുപ്പിൽ വരുത്തിയ പുതിയ പരിഷ്കാരങ്ങൾമൂലം

ഇടനിലക്കാരുടെ ഇടപെടലിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം നിലവിൽ വന്നതോടുകൂടി ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ അപേക്ഷകർ ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഓഫീസിൽ ഹാജരാകാതെയും, ഇടനിലക്കാരുടെ സഹായമില്ലാതെയും തന്നെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്യുന്നതിന് സാധിക്കുന്നുണ്ട്. ആധാരം സ്വയം തയ്യാറാക്കുന്നതിനുള്ള സംവിധാനം നിലവിൽ വന്നതോടുകൂടി ഇടനിലക്കാരുടെ സഹായമില്ലാതെ സ്വയം തയ്യാറാക്കിയ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ വരുത്തിയ പരിഷ്കരണങ്ങൾ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) ഇ-സ്റ്റാമ്പിങ് സംവിധാനം നടപ്പിലാക്കിയതിലൂടെ രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഇ-സ്റ്റാമ്പിങ് സംവിധാനം നടപ്പിലാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ വ്യാജ മുദ്രപത്രങ്ങളുടെ സാധ്യത ഇല്ലാതാക്കുന്നതിനും മുദ്രപത്രങ്ങളുടെ യാഥാർത്ഥ്യത ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

(സി) വകുപ്പിന്റെ കീഴിലുള്ള കാലപ്പഴക്കം ചെന്ന ഓഫീസുകൾക്ക് പകരം കിഫ്ബി പ്രോജക്ടുകളിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 സബ് രജിസ്ട്രാർ ആഫീസുകൾക്ക് പുതിയ കെട്ടിടങ്ങളും ഒരു സബ് രജിസ്ട്രാർ ആഫീസിന്റെ അറ്റകുറ്റപ്പണിയുമാണ് നടത്തുന്നത്. അതിൽ ഒരു സബ് രജിസ്ട്രാർ ആഫീസിന്റെ അറ്റകുറ്റപ്പണി ഉൾപ്പെടെ 25 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 21 കെട്ടിടങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. ആയതിൽ മലയിൻകീഴ് സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം കരാറുകാരൻ പിൻമാറിയതിനാലും കുഴൽമന്ദം സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം കേസ് നിലനിൽക്കുന്നതിനാലും നിർത്തിവച്ചിരിക്കുകയാണ്. 6 കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമാണ്.

(ഡി) ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; അതിനായി എന്ത് ചെലവ് വന്നുവെന്ന് അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സി-ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിക്കായി നാളിതുവരെ 1768.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## സബ് രജിസ്ട്രാർ ഓഫീസുകൾക്ക് അടിസ്ഥാനസൗകര്യം

132(1224) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സബ്‌രജിസ്ട്രാർ ഓഫീസുകൾക്ക് ആവശ്യത്തിന് അടിസ്ഥാന സൗകര്യമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളത്; ഇതിനായി എത്ര തുക ചെലവ് വരും; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്, ആവശ്യപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ: (1) മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസ്:- വാട്ടർ പ്യൂരിഫയർ -1, കസേര 10, പെഡൽ ഫാൻ 2, ടേബിൾ 3, ബെഞ്ച് - 4. (ആകെ വരുന്ന ചെലവ് - 89,300 രൂപ) (2) പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ആഫീസ് :- വാട്ടർ പ്യൂരിഫയർ 1, കസേര 5, കുഴൽ കിണർ 1 (ആകെ വരുന്ന ചെലവ് - 2,43,872 രൂപ)

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ വികസനത്തിന് ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

(1) മേലാറ്റൂർ സബ് രജിസ്ട്രാർ ആഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ 55 ലക്ഷം രൂപ വകയിരുത്തുകയും 9-9-2020-ന് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

(2) ശ്രീ. മഞ്ഞളാംകുഴി അലി എം.എൽ.എ. അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽപ്പെട്ട പെരിന്തൽമണ്ണ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് 29-6-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ആഫീസിലെ, പൊതുജനങ്ങൾക്കുള്ള ശുചിമുറി 73,234 രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുള്ളതും തകർന്ന ചുറ്റുമതിൽ നിർമ്മാണത്തിന് 73,752 രൂപയുടെ കരാർ നൽകിയിട്ടുള്ളതുമാണ്.

## എടച്ചേരി രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം

133(1225) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കാമോ ?

എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കൈമാറുന്നതിനുള്ള എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28-1-2019-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് ഉത്തരവായിട്ടില്ല.

(ബി) കെട്ടിടനിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി കൈമാറ്റത്തിന് പഞ്ചായത്ത് വകുപ്പ് കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർക്ക് വീണ്ടും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ട ുണ്ടെന്ന് വിശദമാക്കുമോ ?

സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർക്ക് വീണ്ടും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കത്ത് നൽകിയിട്ടുണ്ട്.

## പള്ളുരുത്തിയിൽ പുതിയ രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

134(1226) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ മട്ടാഞ്ചേരി സബ്‌രജിസ്ട്രാർ ഓഫീസിന്റെ വിസ്തൃതമായ അധികാര പരിധിയും രജിസ്ട്രേഷന്റെ എണ്ണവും കണക്കിലെടുത്ത് പള്ളുരുത്തിയിൽ പുതിയ രജിസ്ട്രാർ ഓഫീസിന് അനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; &

(ബി) ഇതുസംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടറുടെ അഭിപ്രായം രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് സഹിതമുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ?

(എ&ബി) ജില്ലാ കളക്ടറുടെ അഭിപ്രായം രേഖപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള ചെക്ക് ലിസ്റ്റ് ലഭ്യമായിട്ടില്ല. ഈ റിപ്പോർട്ടുകൂടി പരിഗണിച്ചുമാത്രമേ പള്ളുരുത്തിയിൽ പുതിയ രജിസ്ട്രാർ ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) പള്ളുരുത്തിയിലെ പുതിയ രജിസ്ട്രാർ ഓഫീസ് സംബന്ധിച്ച് നികുതി വകുപ്പിലെ ഇ 3/247/2017/നികുതി നമ്പർ ഫയലിൽ എന്നത്തേയ്ക്ക് പ്രസ്തുത അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി ഫയലിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

**ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

135(1227) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന കെട്ടിടനിർമ്മാണ പദ്ധതിയിൽ പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ചെർപ്പുളശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണോദ്ഘാടനം 2019 ഫെബ്രുവരി 19-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. ഇതിനായി 110 ലക്ഷം രൂപ അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കിയ ഓഫീസിന്റെ പ്രവർത്തനോദ്ഘാടനം 2020 ഫെബ്രുവരി 18-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയും ഓഫീസ് പ്രവർത്തനം അടുത്ത ദിവസം മുതൽ പുതിയ കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തു.

**പാസഞ്ചർ ട്രെയിൻ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി**

136(1228) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബസ് സർവ്വീസുകൾ പുനരാരംഭിച്ച സാഹചര്യത്തിൽ പാസഞ്ചർ ട്രെയിനുകൾക്ക് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് സർവ്വീസ് പുനരാരംഭിക്കുന്നതിന് അനുമതി നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവ്വീസ് നിർത്തിവച്ചിരുന്ന ട്രെയിനുകൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി, റെയിൽവേ ജനറൽ മാനേജർ, ചെന്നൈ, ഡിവിഷണൽ റെയിൽവേ മാനേജർ, തിരുവനന്തപുരം എന്നിവരോട് റെയിൽവേയുടെ ചുമതലയുള്ള മന്ത്രി നേരിട്ടും കേരളാ സർക്കാരും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിച്ച് റിസർവേഷൻ സൗകര്യമുള്ള പാസ്സഞ്ചർ/എക്സ്പ്രസ്സ് ട്രെയിനുകൾ ആരംഭിച്ചിട്ടുണ്ട്. റിസർവേഷൻ ഇല്ലാത്ത ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാൻ കഴിയുന്ന മെമു ഉൾപ്പെടെയുള്ള ഹ്രസ്വദൂര പാസഞ്ചർ ട്രെയിനുകൾ ആരംഭിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ-റെയിൽ പ്രോജക്ട്

137(1229) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കെ-റെയിൽ പ്രോജക്ടിന് നിലവിൽ എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഇത് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ?

63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് 13362.32 കോടി രൂപ ആവശ്യമായി വരും. ഒരു ഹെക്ടറിനു ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിരിക്കുന്നു. പ്രസ്തുത തുക സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള (സ്വദേശി/വിദേശി) വായ്പയായോ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ-റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിയ്ക്കാണ്.

(സി) കേന്ദ്ര റെയിൽ മന്ത്രാലയം സ്റ്റാൻഡ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോർ ആയിട്ടാണോ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയത്; അപ്രകാരമാണോ പദ്ധതി നിലവിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ?

സ്റ്റാൻഡ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറായി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ആകെയുള്ള 529.45 കി.മി. പാതയുടെ 88.41 കി.മീ. തൂണുകളിൽക്കൂടെയും (16.61%) 11.53 കി.മീ. (2.17%) തുരങ്കത്തിലൂടെയും 24.789 കി.മീ. (4.66%) കട്ട് & കവറിലൂടെയും, 12.99 കി.മീ. (2.44%) പാലത്തിലൂടെയും ആണ് വിഭാവനം ചെയ്തിട്ടുള്ളത്. അതുകൂടാതെ പാതയുടെ വശത്ത് സർവ്വീസ് റോഡും ഓരോ 500 മീറ്റർ ഇടവേളയിൽ അടിപ്പാത/മേൽപ്പാതയും വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) റെയിൽവേ ആക്ട് സെക്ഷൻ 21 അനുസരിച്ച് റെയിൽവേ പോലെ മറ്റൊരു പൊതുഗതാഗത സംവിധാനം ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

കെ-റെയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റേയും കേരള സർക്കാരിന്റേയും അംഗീകാരം ഒരു പോലെ ആവശ്യമാണ്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും എത്ര ഹെക്ടർ നെൽവയൽ നികത്തണമെന്നും അറിയിക്കുമോ?

റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ല, എങ്കിലും വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനം വഴി നടത്തുകയുണ്ടായി. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളും പാടങ്ങളും കാവുകളും ബാധിക്കപ്പെടാത്ത രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും എത്ര ഹെക്ടർ നെൽവയൽ നികത്തണമെന്നുമുള്ള കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

**അങ്കമാലി-ശബരി റെയിൽ പദ്ധതി**

138(1230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി-ശബരി റയിൽ പദ്ധതി 23 വർഷം കഴിഞ്ഞിട്ടും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയല്ലേ ?

1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി-ശബരി റെയിൽ പദ്ധതി പൂർണ്ണമായും റെയിൽവേ നടപ്പിലാക്കുന്ന പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വിലയിൽ ഉണ്ടായ ഭീമമായ വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുതരുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ 50% ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് ഈ പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും 1997-98-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപോലെ റെയിൽവേ വഹിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. കൂടാതെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കങ്ങളും ജനങ്ങളുടെ എതിർപ്പും കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിക്കാതെയും വന്നു.

(ബി) പദ്ധതിയുടെ നിലവിലെ അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പദ്ധതിയ്ക്കായി ഇനി എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കുമോ; &

(സി) രാമപുരം-എരുമേലി ഭാഗത്ത് അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിച്ചിട്ടുണ്ടോ ?

(ബി&സി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 517 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതിയുടെ പുതുക്കിയ ചെലവ് 2815 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽ പദ്ധതിക്കായി എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിൽ നിന്നായി 416 ഹെക്ടർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇതിനായി റവന്യൂ വകുപ്പ് രണ്ട് സ്പെഷ്യൽ

തഹസിൽദാർമാർ ഉൾപ്പെട്ട രണ്ട് ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി കാലടി വരെയുള്ള 24.4 ഹെക്ടർ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. അങ്കമാലി-ശബരി സെക്ടറിലെ കാലടി റെയിൽവേ സ്റ്റേഷന്റെയും പ്ലാറ്റ്ഫോമിന്റെയും നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പെരുമ്പാവൂർ, കൂവപ്പടി, വെങ്ങൂർ വെസ്റ്റ്, അശമന്നൂർ, രായമംഗലം, ചേലാമറ്റം എന്നീ വില്ലേജുകളിലെ 40.40.08 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള SIA പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എരമല്ലൂർ, മുളവൂർ, വെല്ലൂർകുന്നം, മൂവാറ്റുപുഴ, കോതമംഗലം, മാഞ്ഞല്ലൂർ എന്നീ വില്ലേജുകളിലെ 87.23.40 ഹെക്ടർ ഭൂമിയുടെ SIA പഠനം നടത്തുന്നതിലേയ്ക്കായി ഏറ്റെടുക്കേണ്ടുന്ന ഭൂമിയുടെ അതിരുകല്ല് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കോട്ടയം ജില്ലയിൽ അങ്കമാലി-ശബരി റെയിൽ പാതയ്ക്കായി ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ലാത്തതാണ്. മീനച്ചിൽ-കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 13 വില്ലേജുകളിലൂടെ ലൈൻ കടന്നുപോകുന്നു. രാമപുരം-എരുമേലി ഭാഗത്തെ അലൈൻമെന്റുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റു വില്ലേജുകളിൽ ഫൈനൽ ലൊക്കേഷൻ സർവ്വെ നടപടികൾ റെയിൽവെ അധികൃതർ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ റെയിൽവേ ബോർഡിന്റെ നിർദ്ദേശപ്രകാരം ഈ പദ്ധതി നിലവിൽ മരവിപ്പിച്ചിരിക്കുന്നതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ശബരി പാതയുടെ നിർമ്മാണ ചെലവിന്റെ 50 ശതമാനം സംസ്ഥാനം ഏറ്റെടുക്കണമെന്നും ഭൂമി സൗജന്യമായി വിട്ടുകൊടുക്കണമെന്നും കേന്ദ്ര റെയിൽവേ മന്ത്രാലയം നിബന്ധന മുന്നോട്ട് വച്ചിട്ടുണ്ടോ; ഇതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കുമോ?

ഈ പദ്ധതി ആവിഷ്കരിച്ച വേളയിലോ പ്രഖ്യാപന സമയത്തോ പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നോ ആവശ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കണമെന്നോ ഉള്ള നിർദ്ദേശങ്ങൾ ഇല്ലായിരുന്നു. എന്നാൽ നിർമ്മാണ ചെലവ് 50:50 അനുപാതത്തിൽ സംസ്ഥാനവും കേന്ദ്രവും വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യം പരിഗണിച്ച് ആകെ പദ്ധതി ചെലവിന്റെ (2815 കോടി രൂപ) സംസ്ഥാന വിഹിതമായ 50% വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി മുഖേന വഹിക്കുന്നതാണെന്ന തീരുമാനം 7-1-2021-ലെ സ.ഉ. (കൈ) നമ്പർ 1/2021/ഗതാ. ഉത്തരവ് പ്രകാരം കൈക്കൊണ്ടിട്ടുണ്ട്.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

139(1231) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ; ഇതുവഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ?

സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന മൂന്ന് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

1. തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ പാത (സിൽവർ ലൈൻ) നിർമ്മാണം
2. തലശ്ശേരി- മൈസൂർ ബ്രോഡ്ഗേജ് പാത
3. നിലമ്പൂർ - നഞ്ചൻ ഗുഡ് ബ്രോഡ്ഗേജ് പാത

(ബി) പ്രസ്തുത ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ ?

തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ പാത (സിൽവർലൈൻ) നിർമ്മാണം പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ(കൈ) നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്,

DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി- മൈസൂർ ബ്രോഡ്ഗേജ് പാത, തലശ്ശേരി- മൈസൂർ റയിൽവേ ലൈൻ പദ്ധതിക്ക് സർവ്വേ അനുമതി കർണാടക സർക്കാരിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി കർണാടക മുഖ്യമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്. കൂടാതെ സർവ്വേ പ്രവർത്തനങ്ങൾക്കായി തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇൻഫ്രാസ്ട്രക്ച്ചർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കർണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റ് ഫിക്സേഷനും സർവ്വേ അനുമതിക്കും വേണ്ടിയുള്ള ഉന്നതതല യോഗത്തിന് കർണാടക സർക്കാരിന്റെ അനുകൂല മറുപടി പ്രതീക്ഷിക്കുന്നു. കൂടാതെ പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. നിലമ്പൂർ-നഞ്ചൻ ഗുഡ് ബ്രോഡ്ഗേജ് പാത അന്തർ സംസ്ഥാന പാതയായതിനാലും, വനത്തിലൂടെ കടന്നുപോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് സ്റ്റാന്റിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണ്. പ്രാഥമിക സർവ്വെ, വിശദമായ സർവ്വെ എന്നിവ നടത്തുന്നതിനുള്ള അനുമതിയും ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യങ്ങളിലേയ്ക്കായി കേന്ദ്ര, കർണ്ണാടക സർക്കാരുകൾക്ക് കത്തുകൾ നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഹൈസ്പീഡ് റെയിൽ പദ്ധതിക്കായുള്ള ധനസമാഹരണം, വാല്യു കാപ്ചറിംഗ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നുവരുന്നു. ഇതോടൊപ്പം വിദേശ നിർമ്മാണ കമ്പനികൾ പദ്ധതിക്കായി ഇ.പി.സി. കരാറുകൾ നൽകുമെന്ന വ്യവസ്ഥയിൽ നിക്ഷേപത്തിനായി സന്നദ്ധത അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വാല്യു ക്യാപ്ച്ചറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ തുടങ്ങുകയുള്ളൂ.

## കേന്ദ്ര വിദ്യാഭ്യാസനയം

140(1232) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിലെ ഏതൊക്കെ നിബന്ധനകൾ പിൻവലിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്?

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറത്തിറക്കിയ കരട് ദേശീയ വിദ്യാഭ്യാസ നയം അമിതമായ കേന്ദ്രീകരണത്തിനും അതുവഴി ഫെഡറൽ സംവിധാനത്തി നകത്ത് സംസ്ഥാനങ്ങളുടെ അധികാരത്തിലേയ്ക്കുള്ള കടന്നു കയറ്റത്തിലേയ്ക്കും നയിക്കുമെന്നും ആയതിനാൽ സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റം ഒഴിവാക്കണമെന്നും, സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം 6 വയസ്സ് മുതൽ 14 വയസ്സു വരെ കുട്ടികളുടെ അവകാശമാക്കി മാറ്റിയ 2009-ലെ വിദ്യാഭ്യാസാവകാശ നയത്തെ ദുർബലപ്പെടുത്തുമെന്നും, സ്കൂൾ വിദ്യാഭ്യാസരംഗത്ത് സ്വകാര്യ കച്ചവട താൽപ്പര്യങ്ങൾ പ്രബലമാക്കുമെന്നും, ബഹുസ്വരതയെ ദോഷകരമായി ബാധിക്കുന്ന അംശങ്ങൾ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലുണ്ടെന്നും, മതനിര പേക്ഷതയെക്കുറിച്ച് പരാമർശമേയില്ലായെന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കൂടാതെ പുതിയ വിദ്യാഭ്യാസനയം സാമൂഹികനീതിയെ പ്രോത്സാഹിപ്പിക്കുന്നില്ലായെന്നും ഇക്കാര്യങ്ങളെല്ലാം പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ആവശ്യങ്ങളിൽ ഏതെല്ലാം കേന്ദ്രസർക്കാർ അംഗീകരിച്ചു ?

സംസ്ഥാനത്തിന്റെ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

(സി) കേന്ദ്ര വിദ്യാഭ്യാസനയം നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അത് പ്രകാരമുള്ള എന്തൊക്കെ നടപടികളാണ് സംസ്ഥാനത്ത് ഇതിനകം സ്വീകരിച്ചി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

കേന്ദ്രസർക്കാർ 2020 ജൂലൈ 29-ന് പുതിയ ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പരിശോധന നടത്താൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## കൊല്ലം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

141(1233) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ നടപ്പിലാക്കു ന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമി ക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 5 കോടി രൂപ - കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്.അഞ്ചാലുമ്മൂട്-നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.മങ്ങാട് - നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എം.എച്ച്.എസ്.എസ് കൊല്ലം - ഡി.പി.ആർ. തയ്യാറാക്കി 1 കോടി രൂപ കിഫ്ബി ഫണ്ട് റ്റി.കെ.ഡി. എം.ജി.എച്ച്.എസ്.എസ്.ഉളിയകോവിൽ-ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് വർക്ക് അവാർഡ് ചെയ്തു.

## മങ്കട മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

142(1234) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ പേര്, ഭരണാനുമതി ഉത്തരവ്, തുക, നിലവിലെ പുരോഗതി എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; &

(ബി) പൊതുമരാമത്ത് നിരത്ത് വിഭാഗം 2020-21 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രത്യേകം നൽകാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ നേട്ടങ്ങൾ

143(1235) ശ്രീ റ്റി. വി. രാജേഷ് :
ശ്രീ. രാജു എബ്രഹാം:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയെ ഏറ്റവും പ്രധാനമായി പരിഗണിച്ചുകൊണ്ട് 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന ബൃഹത് പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ സർക്കാർ കൈക്കൊണ്ട ശക്തമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകെലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി. ആയി കില-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, ' ഹൈടെക് ലാബ്' - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി എത്ര സ്കൂളുകളെ ഹൈടെക് ആക്കി മാറ്റിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ ?

എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള 4752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കി.

(സി) പൊതുവിദ്യാലയങ്ങൾ നിലനിർത്തേണ്ടതും സംരക്ഷിക്കപ്പെടേണ്ടതുമാണെന്നുള്ള ഇച്ഛാശക്തിയോടെയുള്ള സർക്കാരിന്റെ പ്രവർത്തനം വഴി പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ എത്ര വർദ്ധനയാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 6.79 ലക്ഷം കുട്ടികൾ അധികമായി എത്തിച്ചേർന്നു.

(ഡി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവ് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എല്ലാ വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാനും നിർവ്വഹണ പ്ലാനും തയ്യാറാക്കി. അതനുസരിച്ച് ഭാഷകൾ, ഗണിത ശാസ്ത്രം, സാമൂഹിക ശാസ്ത്രം മേഖലകളിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. സാങ്കേതികവിദ്യാ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനതെളിവുകൾ സമൂഹവുമായി പങ്കിടാൻ പഠനോത്സവങ്ങൾ നടത്തി. പഠനത്തിൽ ശ്രദ്ധ ആവശ്യമുള്ളവർക്ക് പിന്തുണ നൽകാനായി ' മലയാളത്തിളക്കം' , ' ഹലോ ഇംഗ്ലീഷ് ' , ' സുരീലി ഹിന്ദി ' , ' ഉല്ലാസ ഗണിതം' തുടങ്ങി എല്ലാ വിഷയങ്ങളിലും വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പാക്കി. കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കാൻ ടാലന്റ് ലാബ് ആശയം പ്രയോഗപഥത്തിലേയ്ക്ക് കൊണ്ടുവന്നു.

### കുന്നത്തുനാട് മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം

144(1236) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടേയും മറ്റു പ്രവർത്തനങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി ഫണ്ട് ഗവൺമെന്റ് എച്ച്.എസ്.എസ് വാഴക്കുളം സൗത്ത് - നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്. കടയിരുപ്പ് - നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 1 കോടി രൂപ കിഫ്ബി ഫണ്ട് - ഗവൺമെന്റ് എച്ച്.എസ്.എസ്. പൂത്രിക്ക – ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ മറ്റ് പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*

(ബി) മണ്ഡലത്തിൽ എസ്.ഡി.എഫ്., ആസ്തി വികസന ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻഫണ്ട് എന്നിവ ഉപയോഗിച്ച് പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്കൂൾ മന്ദിരങ്ങളുടെ പേര് വിവരം നൽകാമോ ?

കുന്നത്തുനാട് മണ്ഡലത്തിൽ എസ്.ഡി.എഫ്, ആസ്തി വികസന ഫണ്ട്, കിഫ്ബി, നബാർഡ്, പ്ലാൻഫണ്ട് എന്നിവ ഉപയോഗിച്ച് പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഐ.റ്റി @ സ്കൂൾ പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഐ.റ്റി @ സ്കൂൾ ഇപ്പോൾ കൈറ്റായി മാറിയിരിക്കുന്ന സാഹചര്യത്തിൽ കൈറ്റ് നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകൾ ഉൾപ്പെടുന്ന 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന ' ഹൈടെക് സ്കൂൾ പദ്ധതി' (2018-19). പദ്ധതി കഴിഞ്ഞ അക്കാദമിക വർഷം തന്നെ ഏറെക്കുറെ പൂർത്തിയായി. വളരെ ചെറിയ എണ്ണം സജ്ജമാകാതിരുന്ന ക്ലാസ് മുറികളിലേയ്ക്ക് മൊബൈൽ രൂപത്തിൽ (ക്ലാസിൽ കൊണ്ടുപോയി ഉപയോഗിക്കാൻ) ലാപ്ടോപ്പും പ്രൊജക്ടറുകളും നൽകിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്കൂളുകൾ ഉൾപ്പെടെ ചില ക്ലാസ് മുറികളിലേയ്ക്ക് ആവശ്യമായവ നൽകാനും ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ ലാബുകൾ സ്ഥാപിക്കുന്ന ' ഹൈടെക് ലാബ് പദ്ധതി' (2019-20). സ്കൂളുകളിൽ നിലവിലുള്ള ഉപകരണങ്ങളുടെ ലഭ്യതയനുസരിച്ച് അനുവദിക്കുന്ന ഉപകരണങ്ങളിൽ ചെറിയ മാറ്റങ്ങൾ വരാം. അതുപോലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 100 കുട്ടികളിൽ കൂടുതലുള്ള പ്രൈമറി സ്കൂളുകൾക്ക് മൾട്ടിഫംഗ്ഷൻ പ്രിന്ററും, 200 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്കുള്ള 42111 ടെലിവിഷനും ആവശ്യകത പരിശോധിച്ച് പ്രത്യേകം പരിഗണിക്കുന്നതാണ്. ടി പദ്ധതികളിലുൾപ്പെടുത്തിയ കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

145(1237) <u>ശ്രീ. എം. സ്വരാജ്</u>:
<u>ശ്രീ. കെ. ബാബു</u>:
<u>ശ്രീ. കാരാട്ട് റസാഖ്</u>:
<u>ശ്രീ ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ അപര്യാപ്തയും തന്മൂലം പഠന നിലവാരത്തിലുണ്ടായ തകർച്ചയും നിമിത്തം രൂക്ഷമായ പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി അടിസ്ഥാന സൗകര്യങ്ങളിലും അദ്ധ്യയന നിലവാരത്തിലും അത്ഭുതാവഹമായ മാറ്റങ്ങൾ വരുത്തി അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകെലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി. ആയി കില-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, ' ഹൈടെക് ലാബ്' - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനം കൈവരിച്ച ഈ നേട്ടങ്ങളുടെ അംഗീകാരമായി ലോക ബാങ്ക് സഹായത്തോടെയുള്ള സ്റ്റാഴ്സ് പദ്ധതി ഇന്ത്യയിലെ 6 സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക മാസ്റ്റർ പ്ലാനുകൾ, പ്രവർത്തന പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി അദ്ധ്യാപകർക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ ?

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന് അനുഗുണമായി അദ്ധ്യാപകരെ പരിശീലിപ്പിക്കാൻ പല തലങ്ങളിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷ കേരളയുടെ ആഭിമുഖ്യത്തിൽ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ, നിർവ്വഹണ പ്ലാൻ എന്നിവ തയ്യാറാക്കുന്ന കാര്യവും പരിശീലന മോഡ്യൂളിന്റെ ഭാഗമാണ്. കൂടാതെ എസ്.എസ്.കെ.-യുടെ നേതൃത്വത്തിലും ആവശ്യകതയുടെ അടിസ്ഥാനത്തിൽ ബി.ആർ.സി. തലത്തിൽ പരിശീലനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനാവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ വിദ്യാഭ്യാസ മേഖലയിൽ ആഴത്തിൽ അറിവുള്ള ഒരു സംഘം അദ്ധ്യാപകരെ വാർത്തെടുക്കുവാൻ സഹായകമായ അദ്ധ്യാപക പരിവർത്തന പദ്ധതി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

## സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

146(1238) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികളും ഇവയ്ക്കായി ചെലവഴിക്കുന്ന തുകയുടെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

സർക്കാർ നടപ്പാക്കിവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി വഴി നടപ്പിലാക്കുന്ന ഒന്നാം ഘട്ടപദ്ധതിയിൽ 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾ, 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 220 സ്കൂളുകൾ, രണ്ടാം ഘട്ടപദ്ധതിയിൽ 3 കോടി - കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 166 സ്കൂളുകൾ, 1 കോടി - കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 446 സ്കൂളുകൾ. എയ്ഡഡ് സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചലഞ്ച് ഫണ്ട് നൽകിവരുന്നു.

(ബി) ഈ ഓരോ പദ്ധതിയിലുമുൾപ്പെടുത്തിയിട്ടുള്ള റാന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയിൽ എത്ര സ്കൂളുകളുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഏതൊക്കെ; നിർമ്മാണം സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

റാന്നി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്. വെച്ചൂച്ചിറ കോളനി - നിർമ്മാണം പൂർത്തിയായിവരുന്നു. 3 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്. എഴുമറ്റൂർ, ജി.എച്ച്.എസ്.എസ്. എടമുറി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് നിർമ്മാണം നടന്നുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

147(1239) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങൾ വിശദമാക്കാമോ ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി നവകേരളം കർമ്മപദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി ആയ ഇൻകലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം നടത്തുന്നതിന് എസ്.പി.വി. ആയി കില-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളുള്ള 45000 ക്ലാസ് മുറികളിൽ ഹൈടെക്കാക്കുന്ന പദ്ധതി, ' ഹൈടെക് ലാബ്' - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ

അക്കാദമിക മികവ് ഉയർത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതത് മേഖലകളിൽ കൂടുതൽ മികവിലേയ്ക്കെത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നത്. മികവെന്നാൽ അക്കാദമിക മികവാണ്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർപ്ലാനും നിർവ്വഹണ പ്ലാനും തയ്യാറാക്കി. അതനുസരിച്ച് ഭാഷകൾ, ഗണിതം ശാസ്ത്രം, സാമൂഹിക ശാസ്ത്രം മേഖലകളിൽ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്ത നങ്ങൾ നടത്തി. സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജന പ്പെടുത്താനുള്ള സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനത്തെ ളിവുകൾ സമൂഹവുമായി പങ്കിടാൻ പഠനോത്സവങ്ങൾ നടത്തി. പഠനത്തിൽ ശ്രദ്ധ ആവശ്യമുള്ളവർക്ക് പിന്തുണ നൽകാനായി "മലയാളത്തിളക്കം", "ഹലോ ഇംഗ്ലീഷ്", "സുരീലി ഹിന്ദി", "ഉല്ലാസ ഗണിതം" തുടങ്ങി എല്ലാ വിഷയങ്ങളിലും വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്നതലത്തിലേയ്ക്കെത്തിക്കാൻ ടാലന്റ് ലാബ് ആശയം പ്രയോഗപഥത്തിലേക്ക് കൊണ്ടുവന്നു. പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുവാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി നവകേരളം കർമ്മപദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 66 സ്കൂളുകളിൽ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ഭരണാനുമതി ലഭിച്ച 220 സ്കൂളുകളിൽ 44 സ്കൂളുകളുടെ

നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ ചുമതല എസ്.പി.വി. ആയ ഇൻകെലിനെ ഏൽപ്പിച്ചിട്ടുണ്ട്. 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് 1 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകി.

(സി) എയ്ഡഡ് വിദ്യാലയങ്ങൾക്കായി ഏർപ്പെടുത്തിയ ചലഞ്ച് ഫണ്ട് വിജയപ്രദമാണോ; ഈ പദ്ധതിയിൽ ഇതിനകം എത്ര വിദ്യാലയങ്ങൾ പങ്കാളികളായെന്ന് അറിയിക്കാമോ ?

വിജയപ്രദമാണ്. 64 സ്കൂളുകൾ പങ്കാളികളായിട്ടുണ്ട്.

(ഡി) സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനത്തിൽ ക്രമക്കേട് കണ്ടെത്തിയിരുന്നോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ?

ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പാറശാല മണ്ഡലത്തിലെ സ്കൂളുകളുടെ വികസനം

148(1240) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അഞ്ഞൂറു മുതൽ ആയിരംവരെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജി.ഒ.(ആർ.റ്റി)നമ്പർ 5503/2018/ജി.ഇ.ഡി.എൻ. പ്രകാരം പാറശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് യഥാക്രമം ഗവ. എച്ച്.എസ്. എസ്. മൈലച്ചൽ, എൻ.കെ.എം. ഗവ. എച്ച്.എസ്.എസ്. ധനുവച്ചപുരം, ഗവ. ജി.എച്ച്.എസ്. ധനുവച്ചപുരം, ഗവ. എച്ച്.എസ്.എസ്. കീഴാറൂർ, ഗവ. എച്ച്.എസ്. എസ്. ആനാവൂർ എന്നീ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിരുന്നെങ്കിലും ഗവ. ജി.എച്ച്.എസ്. ധനുവച്ചപുരം എന്ന സ്കൂൾ തുടർന്ന് ഒഴിവാക്കപ്പെട്ടു. ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണങ്ങൾ അറിയിക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-12-2018-ലെ സ.ഉ. (സാ.ധാ)നമ്പർ 5503/2018/ പൊ.വി.വ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5 സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവൺമെന്റ് ജി.എച്ച്.എസ്. ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത്.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന ധനുവച്ചപുരം ഗവ. ഗേൾസ് ഹൈസ്കൂളിനെ പ്രസ്തുത പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമ പട്ടിക തയ്യാറാക്കി കഴിഞ്ഞതിനാൽ, പ്രസ്തുത പട്ടികയിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്., ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ കഴിയുകയില്ല.

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് 17-8-2019-ലെ സ.ഉ.(സാ.ധാ) നമ്പർ 3302/2019/പൊ.വി.വ. പ്രകാരം 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.യായി കില-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കില നിർമ്മാണചുമതല നിർവ്വഹിക്കുന്ന ഗവ.എച്ച്.എസ്.എസ്. മൈലച്ചൽ, ഗവ.എച്ച്..എസ്.എസ്. കീഴാറൂർ, ഗവ.എച്ച്.എസ്.എസ്. ആനാവൂർ, എൻ.കെ.എം. ഗവ.എച്ച്.എസ്.എസ്., ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## ചാലക്കുടി മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ

149(1241) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഏതെല്ലാം വിദ്യാലയങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ചാലക്കുടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ബ്ലോക്ക് നിർമ്മാണത്തിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; &

(സി) ഇതിനായി അടിയന്തരനടപടികൾ സ്വീകരിക്കുമോ?

ചാലക്കുടി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ വിദ്യാലയങ്ങളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട് ജി.വി.എച്ച്.എസ്.എസ്.ചാലക്കുടി - നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 1 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ് ചായ്പാൻകുഴി, ജി.എച്ച്. എസ്.എസ് കൊടകര എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിലയുടെ നേതൃത്വത്തിൽ ചെയ്തു വരുന്നു.

## തയ്യൽ ടീച്ചർ തസ്തികയിലേയ്ക്കുള്ള യോഗ്യത

150(1242) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിന് കീഴിൽ യു.പി.യിലും എച്ച്.എസ്.-ലുമായി തയ്യൽ ടീച്ചർ തസ്തികയിലേയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

1. കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്. എൽ.സി. പരീക്ഷയിലോ, അതിന് തുല്യമായ പരീക്ഷയിലോ വിജയവും 2.കെ.ജി.റ്റി.ഇ. (ഹയർ) ഇവയിൽ നീഡിൽ വർക്ക് & ഡ്രസ്സ്മെക്കിംഗിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റും അല്ലെങ്കിൽ കെ.ജി.റ്റി.ഇ. (ഹയർ) എം.ജി.ടി.ഇ. (ഹയർ) ഇവയിൽ ടെയിലറിംഗിൽ ഗ്രൂപ്പ് സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ കേരളാ ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ക്രാഫ്റ്റ് ഗ്രൂപ്പ് ഡിപ്ലോമ അല്ലെങ്കിൽ ഇന്ത്യാ ഗവൺമെന്റ് നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന നാഷണൽ ട്രേഡ്സ് സർട്ടിഫിക്കറ്റ് (കട്ടിംഗും ടെയിലറിംഗും അല്ലെങ്കിൽ ഡ്രസ് മേക്കിംഗ്) അല്ലെങ്കിൽ കേരളത്തിലെ ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് ഡയറക്ടറോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ നൽകുന്ന ക്രാഫ്റ്റ്മാൻ ഷിപ്പ് (ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് ഡിപ്ലോമ) എന്നിവയാണ് തയ്യൽ ടീച്ചർ അധ്യാപകർക്ക് കെ.ഇ.ആർ. പ്രകാരം അനുശാസിക്കുന്ന യോഗ്യതകൾ. കൂടാതെ കേരള എലിജിബിലിറ്റി ടെസ്റ്റും പാസായിരിക്കണം. 12-4-2018-ലെ സ.ഉ. (കൈ) നമ്പർ 40/18/പൊവിവ പ്രകാരം താഴെ പറയുന്ന യൂണിവേഴ്സിറ്റികൾ നടത്തുന്ന, അതോടൊപ്പം ചേർത്തിരിക്കുന്ന ബിരുദ കോഴ്സുകളും തയ്യൽ അദ്ധ്യാപക തസ്തികയിലേക്കുള്ള യോഗ്യതയായി നിശ്ചയിക്കുകയുണ്ടായി:

1. എം.ജി. യൂണിവേഴ്സിറ്റി-ബാച്ചിലർ ഓഫ് ഫാഷൻ ടെക്നോളജി. (BST)

2. കണ്ണൂർ യൂണിവേഴ്സിറ്റി- ബി.എസ്.സി എഫ്.എ.ഡി.റ്റി (ഫാഷൻ & അപ്പാരൽ ഡിസൈൻ ടെക്നോളജി.

3. കോഴിക്കോട് യൂണിവേഴ്സിറ്റി-ബി.എസ്.സി കോസ്റ്റ്യൂം & ഫാഷൻ ഡിസൈനിംഗ്. 29-5-2018-ലെ സ.ഉ. (കൈ) നമ്പർ 74/18/ പൊവിവ. പ്രകാരം KILE നൽകുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് എയ്ഡഡ്-സർക്കാർ സ്കൂളുകളിലെ തയ്യൽ അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനത്തിന് യോഗ്യതയായി നിഷ്കർഷിക്കുകയുണ്ടായി. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് കേരളത്തിലെ എയ്ഡഡ്/സർക്കാർ വിദ്യാലയങ്ങളിലെ തയ്യൽ ടീച്ചർ തസ്തികയിലേയ്ക്ക് 6-8-2019-ലെ സ.ഉ (കൈ) നമ്പർ 114/2019/പൊവിവ. പ്രകാരം യോഗ്യതയായി നിശ്ചയിക്കുകയുണ്ടായി. 25-2-2020-ലെ സ.ഉ (കൈ) നമ്പർ 83/2020/പൊവിവ. പ്രകാരം ഭാരത് സേവക് സമാജ് നടത്തുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ എയ്ഡഡ് ഡിസൈനിംഗ് കോഴ്സ് സ്വീയിംഗ്/ക്രാഫ്റ്റ് ടീച്ചർ തസ്തികയിലേക്കുള്ള യോഗ്യതയായി നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കെ.ജി.ടി.ഇ.(ടി.ഇ.എൻ.) [ഇപ്പോൾ കെ.ജി.ടി.ഇ.(എഫ്.ഡി.ജി.ടി.)] യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന തയ്യൽ ടീച്ചർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുവാൻ വേണ്ട യോഗ്യതയിൽ ഇത് ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പരീക്ഷായോഗ്യതകൂടി തയ്യൽ ടീച്ചർ തസ്തികയുടെ യോഗ്യതകളിൽ ഉൾപ്പെടുത്തുവാൻ പി.എസ്.സി.ക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

പരിശോധിക്കുന്നതാണ്.

**സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം**

151(1243) ശ്രീ കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഈ സർക്കാർ 2016-ൽ അധികാരത്തിൽ വന്നപ്പോൾ സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം എത്രയായിരുന്നു; നിലവിലെ കണക്ക് എത്രയാണ് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഈ സർക്കാർ 2016-ൽ അധികാരത്തിൽ വന്നപ്പോഴുള്ള വിദ്യാർത്ഥികളുടെ എണ്ണവും, നിലവിലെ കണക്കും സർക്കാർ, എയ്ഡഡ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

## പട്ടാമ്പി മണ്ഡലത്തിലെ വിദ്യാഭ്യാസ പദ്ധതികൾ

152(1244) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച വിദ്യാഭ്യാസ പദ്ധതികൾ എന്തെല്ലാം;

&

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ, തൽസ്ഥിതി എന്നിവ വ്യക്തമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനും, നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പരീക്ഷ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ പേമെന്റ് സംവിധാനം

153(1245) ശ്രീ. കെ. എം. ഷാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാഭവൻ നടത്തുന്ന വിവിധ പരീക്ഷകൾക്ക് ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ?

ട്രഷറി വകുപ്പിന്റെ ഇ-ട്രഷറി സംവിധാനത്തിലൂടെ നിലവിൽ അനായാസമായി പരീക്ഷാഭവനിലേയ്ക്കുള്ള ഫീസുകൾ ഓൺലൈനായി അടയ്ക്കാവുന്നതാണ്.

(ബി) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ പേയ്മെന്റ് (ഇ-പെയ്മെന്റ്) സംവിധാനം ഏർപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

തടസ്സമില്ല.

(സി) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പ്രസ്തുത പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിൽ ഓൺലൈനായി അടയ്ക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മാതൃഭാഷ പഠനം**

154(1246) ശ്രീ. ബി. സത്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രീപ്രൈമറി തലം മുതൽ ഹയർസെക്കണ്ടറിതലംവരെ മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ് പിൻതുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിൽ മലയാള ഭാഷവിനിമയം ചെയ്യുന്നതിനായി 'നമ്മുടെ മലയാള്' പാഠപുസ്തകം SCERT തയ്യാറാക്കിയിട്ടുണ്ട്. 1, 2, 3, 4 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. ഘട്ടംഘട്ടമായി മറ്റു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നതാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകൾ ഒന്നാം ഭാഷയായും, ഹയർസെക്കണ്ടറി തലത്തിൽ ഉപഭാഷയായും ഓപ്ഷണൽ ആയും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. ഇതിനുള്ള പാഠപുസ്തകങ്ങളും SCERT തയ്യാറാക്കി യിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കുന്നതിനായി ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ പഠനവും ഒപ്പം കൊണ്ടുപോകുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

'റെലിഷ് ഇംഗ്ലീഷ്, 'ഹലോ ഇംഗ്ലീഷ്, 'ഇ-ക്യൂബ് ഇംഗ്ലീഷ്' എന്നീ പദ്ധതി കളിലൂടെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ആശയവിനിമയശേഷി മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിനോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള താൽപര്യം വളർത്താനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

## ഓൺലൈൻ ക്ലാസ്സുകൾ

155(1247) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി:
ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൺലൈൻ ക്ലാസ്സുകൾ എത്രമാത്രം ഫലപ്രദമായി നടത്താൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ഉണ്ട്. കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനൽ, വിക്ടേഴ്സിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്, സോഷ്യൽ മീഡിയ പേജുകൾ തുടങ്ങി സാധ്യമായ മാർഗങ്ങളിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേയ്ക്ക് കൃത്യമായ രീതിയിൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനങ്ങൾ, അക്ഷരവൃക്ഷം, ഫസ്റ്റ്ബെൽ, ഓൺലൈൻ അധ്യാപക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ കുറിപ്പ് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Remote Learning Initiatives across India എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് HRD Section-ന്റെ Best Practices-ൽ കോവിഡ് കാലത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. UNICEF : കോവിഡ് കാലയളവിൽ സ്കൂൾ എഡ്യൂക്കേഷൻ മേഖലയിൽ കൈറ്റ് നടപ്പിലാക്കുന്ന ' ഫസ്റ്റ്ബെൽ' പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് UNICEF-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 2020 ആഗസ്റ്റ് 18-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്തെ സ്കൂൾ വിദ്യാഭ്യാസത്തെപ്പറ്റി കേരള വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)-യും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോള ജിക്കൽ റിസോഴ്സ് സെന്ററും ചേർന്ന് സമഗ്രമായ ഒരു ഗവേഷണ പഠനം നടത്തി. സ്കൂളുകൾ അടഞ്ഞു കിടക്കുകയും പ്രാഥമികമായും ഓൺലൈൻവഴി തന്നെ അധ്യയന വർഷത്തിന്റെ നല്ലൊരു പങ്കും കടന്നുപോവുകയും ചെയ്ത സാഹചര്യത്തിൽ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെയും കുടുംബങ്ങളുടെയും വിദ്യാഭ്യാസപരവും സമൂഹികവും മാനസികാരോഗ്യ സംബന്ധിയുമായ അവസ്ഥകൾ മനസ്സിലാക്കുക എന്നതായിരുന്നു പഠനത്തിന്റെ ഉദ്ദേശ്യം. പഠനത്തിന്റെ പ്രധാന കണ്ടെത്തലുകളിൽ

ചിലത് താഴെക്കൊടുക്കുന്നു. എൽ.പി., യുപി വിദ്യാർഥികളിൽ 97.4% പേരും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ 94.2% പേരും വിദ്യാഭ്യാസ വകുപ്പിന്റെ വിക്ടേഴ്സ് ക്ലാസുകളിൽ പങ്കെടുക്കുന്നുണ്ട്. മിക്കവാറും എല്ലാ ദിവസവും വിക്ടേഴ്സ് ക്ലാസ്സുകൾ കാണുന്ന പ്രൈമറി വിദ്യാർത്ഥികൾ 85.7% ശതമാനം വരും. ഏതാണ്ട് എല്ലാ ക്ലാസ്സുകളിലും പങ്കെടുത്ത ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ 48% ആണ്. 85% വിദ്യാർത്ഥികളുടെ വീടുകളിൽ തടസ്സമില്ലാതെ പ്രവർത്തിക്കുന്ന ടെലിവിഷനുകൾ ഉണ്ട്. പഠനാവശ്യങ്ങൾക്കായി 95% പേർക്ക് സ്മാർട്ട്ഫോൺ ലഭ്യമാണ്. 97% വിദ്യാർത്ഥികൾ സ്വന്തം വീട്ടിലിരുന്ന് ക്ലാസ്സിൽ പങ്കെടുക്കുന്നു. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ബന്ധുവീടുകളെ ആശ്രയിക്കുന്നവർ രണ്ടു ശതമാനത്തോളവും പഠനകേന്ദ്രങ്ങളെ ആശ്രയിക്കുന്നവർ ഒരു ശതമാനത്തിൽ താഴെയുമാണ്. ജൂലൈ മാസത്തിൽ എസ്.സി.ഇ.ആർ.ടി. മറ്റൊരു പഠനം നടത്തിയിരുന്നു. അതിന്റെ ഫലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഉപകരണങ്ങളുടെ ലഭ്യതയും ക്ലാസ്സുകളുടെ പ്രാപ്യതയും ഉയർന്നിട്ടുണ്ട്.

(ബി) പത്ത്, പ്ലസ്ടു ക്ലാസ്സുകളിൽ സിലബസ്സിന്റെ എത്ര ശതമാനം പഠിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ ?

പത്താം ക്ലാസിലെ പാഠഭാഗങ്ങൾ ജനുവരി 17-നും പന്ത്രണ്ടാം ക്ലാസിലേത് ജനുവരി 31-നും പൂർത്തിയാക്കത്തക്ക രീതിയിലാണ് ഫസ്റ്റ്ബെൽ ക്ലാസുകളുടെ ക്രമീകരണം ഒരുക്കിയിരിക്കുന്നത്. പത്ത്, പന്ത്രണ്ട് ക്ലാസുകൾക്കൊപ്പം ഒന്നു മുതൽ ഒൻപതുവരേയും പതിനൊന്നാം ക്ലാസിലേയും പാഠഭാഗങ്ങൾ ഇപ്പോഴും സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയാണ് .

(സി) സിലബസ്സിൽ കുറവുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സിലബസ് കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല. കുട്ടികളുടെ ഉപരി പഠനസാധ്യത പരിഗണിച്ചുകൊണ്ട് സിലബസ് പൂർണമായും ഡിജിറ്റൽ മാർഗ്ഗത്തിലൂടെ വിനിമയം ചെയ്യാനാണുദ്ദേശിക്കുന്നത്.

## ഓൺലൈൻ പഠനം

156(1248) ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺലൈൻ പഠനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനൽ, വിക്ടേഴ്സിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്, സോഷ്യൽ മീഡിയ പേജുകൾ തുടങ്ങി സാധ്യമായ മാർഗങ്ങളിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലേയ്ക്ക് കൃത്യമായ രീതിയിൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രഗത്ഭരായ അദ്ധ്യാപകരെ സംസ്ഥാന തലത്തിൽ കണ്ടെത്തി ഓരോ പാഠഭാഗവും സൂക്ഷ്മമായി ആസൂത്രണം ചെയ്ത് (സ്ക്രിപ്റ്റ് തയ്യാറാക്കി), ഡിജിറ്റൽ ഉള്ളടക്കം ചേർന്ന് അവ എസ്.സി.ഇ.ആർ.ടി.-യിലെ വിദഗ്ദ്ധ ടീം എഡിറ്റിംഗ്, വെറ്റിംഗ് എന്നിവ നടത്തിയാണ് ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്. കൂടാതെ തുടർ പ്രവർത്തനം നടത്തുന്നതിനാവശ്യമായ വർക്കുഷീറ്റുകൾ എസ്.എസ്.കെ. തയ്യാറാക്കി കുട്ടികൾക്കെത്തിച്ചിട്ടുണ്ട്.

(ബി) വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളിലൂടെ കുട്ടികൾ നേടിയ അറിവുകൾ പരിശോധിക്കുന്നതിനും മൂല്യനിർണ്ണയം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകളെ തുടർന്ന് അദ്ധ്യാപകർ കുട്ടികൾക്കാവശ്യമായ പിന്തുണ നല്കി വരുന്നു. ആശയഗ്രഹണം പൂർണ്ണമായി സാധ്യമാകുന്നതിനാവശ്യമായ വിഭവങ്ങൾ അദ്ധ്യാപകർ തന്നെ സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കുട്ടികൾക്കെത്തിച്ചുകൊടുക്കുന്നുണ്ട്. ഓരോ പാഠഭാഗത്തിനും അനുബന്ധമായ വർക്കു ഷീറ്റുകളും കുട്ടികൾക്കു നൽകുന്നുണ്ട്.

(സി) ഒൻപതാം ക്ലാസ്സ് വരെയുള്ള വർഷാന്ത്യപരീക്ഷ നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ; അദ്ധ്യയന വർഷത്തിന്റെ കാലയളവ് ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഒൻപതാം ക്ലാസ്സ് വരെയുള്ള വർഷാന്ത്യപരീക്ഷ നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. അദ്ധ്യയന വർഷത്തിന്റെ കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ചും തീരുമാനം എടുത്തിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം

157(1249) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ ?

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് എസ്.സി.ഇ.ആർ.ടി. അവസ്ഥാ പഠനം നടത്തിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരത്തെ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി. പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് നടത്തിയതെന്ന് അറിയിക്കാമോ ?

ഗോത്രവർഗ്ഗ, തീരദേശ, തോട്ടം മേഖലകളിലെ കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി 2018-19 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 2019-20 വർഷം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിലെ ഗോത്ര മേഖലകളിൽ നിന്നുള്ള ഓരോ സ്കൂൾ വീതവും, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരദേശ മേഖലയിൽ നിന്നുള്ള ഓരോ സ്കൂൾ വീതവും തെരഞ്ഞെടുത്ത് കുട്ടികൾക്ക് പഠന-പഠനേതര പ്രവർത്തനങ്ങളും പിന്തുണയും നൽകി വരുന്നു.

(സി) ഇവർക്ക് ഈ വിദ്യാഭ്യാസ വർഷം നൽകുവാനുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ വിദ്യാഭ്യാസ വർഷം ഓൺലൈൻ വഴി നടന്നതാണെങ്കിൽകൂടി യഥാസമയം തന്നെ വിതരണം ചെയ്തുവരുന്നു. ഇതിന് കാലതാമസം ഉണ്ടായിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഓരോ കുട്ടിയുടെയും പഠനത്തിലുള്ള പ്രത്യേക ആവശ്യകതകൾ കണക്കിലെടുത്ത് അവർക്കായി പ്രത്യേക പിന്തുണ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; കൊറോണ ബാധയെത്തുടർന്ന് ആവിഷ്കരിച്ച ഓൺലൈൻ വിദ്യാഭ്യാസത്തിൽ ഇത്തരത്തിലുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത് ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടു മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിൽ നിലവിലുള്ള ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റെയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ ഒരുക്കുന്നതിന് നിർദേശം നൽകി. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കുമാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവു ന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന

വിധത്തിലാണ് ' ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാദ്ധ്യാപകർ പി.ടി.എ.യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വി.യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

## എസ്.സി.ഇ.ആർ.റ്റി.യിലെ കരാർ നിയമനം

158(1250) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.റ്റി.-യിൽ നിലവിൽ താൽകാലിക/കരാർ അടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഓരോ തസ്തികയിലും ജോലി ചെയ്യുന്നവർ എത്രയാണ് ?

കരാർ ജീവനക്കാർ - 32, താല്ക്കാലിക ജീവനക്കാർ - 37 തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി.ഇ.ആർ.റ്റി.-യിൽ താൽകാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയത് ?

ഇല്ല

(സി) പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനുള്ള സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

എസ്.സി.ഇ.ആർ.റ്റി.-യിലെ സർവ്വീസ് റെഗുലേഷൻസിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

159(1251) <u>ശ്രീ എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബിവഴി തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ആയതിന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിവഴി തലശ്ശേരി നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്.

5 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്.ചിറക്കര - പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി ഫണ്ട് ജി.വി.എച്ച്.എസ്.എസ്. കതിരൂർ- പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്. തലശ്ശേരി-നിർമ്മാണത്തിനുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂളിൽ സ്ഥലപരിമിതി ഉള്ളതിനാൽ നിലവിലെ സ്കൂൾ കെട്ടിടത്തോട് ചേർന്ന് നിർമ്മാണം നടത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്. തിരുവങ്ങാട് - ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. 1 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.ചുണ്ടങ്ങാപ്പൊയിൽ - ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജി.ജി.എച്ച്.എസ്.എസ്. തലശ്ശേരി-ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ജി.എച്ച്.എസ്.എസ്.വടക്കുമ്പാട്-ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ജി.വി.എച്ച്.എസ്.എസ്. കൊടുവള്ളിയെ ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി എസ്.പി.വിയായി കില-യെ ഏൽപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കൂൾ നേരത്തെ ഫിഷറീസ് വകുപ്പ് വഴിയുള്ള കിഫ്ബി പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ളതായി കിഫ്ബി കിലയെ അറിയിച്ചിട്ടുണ്ട്.

## വിഭിന്ന പരിമിതികളുള്ള കുട്ടികൾ

160(1252) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദീൻ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷികളുള്ള കുട്ടികൾ (എസ്.എൽ.ഡി.), ബൗദ്ധിക പരിമിതികളുള്ള കുട്ടികൾ (ഐ.ഡി.) എന്നിവരെ അവരുടെ പഠന പ്രവർത്തനങ്ങളിൽ സഹായിച്ച് മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാസ വകുപ്പ് നൽകുന്ന പ്രത്യേക പരിഗണനകളും പ്രവർത്തനങ്ങളും വിശദമാക്കുമോ ?

പാഠഭാഗങ്ങൾ, പഠന പ്രക്രിയ, പഠനബോധന ഉപകരണങ്ങൾ, മൂല്യ നിർണ്ണയം തുടങ്ങിയവ ഭിന്നശേഷി കുട്ടികൾക്കായി അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകിവരുന്നു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി White Board SSK എന്ന യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെ കുട്ടികളിൽ എത്തിക്കുന്നു. ബ്ലോക്ക് തലത്തിൽ കുട്ടികൾക്കായുള്ള മെഡിക്കൽ ക്യാമ്പുകൾ പൂർത്തിയാക്കി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. 168 ബി.ആർ.സി.-കളിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി തെറാപ്പി സേവനങ്ങൾ, രക്ഷിതാക്കൾക്കായുള്ള കൗൺസിലിംഗ് എന്നിവ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി അമ്മമാർക്കുവേണ്ടി തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തി വരുന്നു. വിവിധ ബി.ആർ.സി.-കളിലുള്ള ഭിന്നശേഷി കുട്ടികൾക്കായി അക്കാദമിക, സാംസ്കാരിക വിനിമയ പരിപാടിയായ 'ജാലകങ്ങൾക്കപ്പുറം' ട്വിന്നിംഗ് പ്രോഗ്രാം നടത്തിവരുന്നു. ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ്, പെൺകുട്ടികൾക്കായുള്ള സ്റ്റൈപ്പൻഡ് എന്നിവ നൽകുന്നു. കിടപ്പിലായ കുട്ടികൾക്കായുള്ള വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും സമപ്രായക്കാരെ ഉപയോഗിച്ച് 'ചങ്ങാതിക്കൂട്ടം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കുട്ടികൾ ഈ വിഭാഗത്തിൽപ്പെടുന്നവരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ?

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി 168 ബി.ആർ.സി.-കളിലായി നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ വിദഗ്ദ്ധരായ ഡോക്ടർമാർ, ടെക്നീഷ്യൻമാർ, പാരാ-മെഡിക്കൽ സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികളുടെ ഭിന്നശേഷി കണ്ടെത്തുന്നു. തുടർന്ന് സാധ്യമായ ബി.ആർ.സി.-കളിൽ മെഡിക്കൽ ബോർഡ് കൂടി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നു. മറ്റു ബി.ആർ.സി.-കളിൽ ആർ.പി. ഡബ്ല്യു.ഡി. ആക്ട്, 2016 പ്രകാരമുള്ള 21 കാറ്റഗറികളിലായി കണ്ടെത്തുന്ന കുട്ടികളെ അതത് പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് വേണ്ട സഹായം നൽകുന്നു.

(സി) ഐ.ക്യു. 70-നും 84-നും ഇടയിൽ വരുന്ന ഗ്രഹണശേഷിക്കുറവുള്ള കുട്ടികൾ/ബോർഡർലൈൻ ഇന്റലിജന്റ് എന്ന വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കു കൂടി പ്രത്യേക പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടികളെ കണ്ടെത്തി വേണ്ടത്ര പരിഗണന നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബോർഡർ ലൈൻ ഇന്റലിജൻസ് വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് അവശ്യം വേണ്ട പഠനപിന്തുണാ സംവിധാനം നൽകി വരുന്നു. നിലവിൽ ഈ വിഭാഗക്കാർക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അധിക സമയം നൽകി വരുന്നുണ്ട്.

## അദ്ധ്യാപകരിലെ ഗവേഷണതല്പരത

161(1253) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കാദമിക് തലത്തിൽ അദ്ധ്യാപകരെ ഗവേഷകരാക്കി മാറ്റുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. അക്കാദമിക് മേഖലയിൽ അദ്ധ്യാപകരെ ഗവേഷകരാക്കി മാറ്റാനായി എസ്.സി.ഇ.ആർ.ടി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ 2017-18 അക്കാദമിക വർഷത്തിൽ 7 അദ്ധ്യാപകരും, 2018-19 അക്കാദമിക വർഷത്തിൽ 12 പേരും ഗവേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) ഗവേഷണതല്പരരായ അദ്ധ്യാപകരിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.റ്റി. അവർക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ടൂളുകളുടെ പ്രിന്റിംഗ്, ദത്തശേഖരണം, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്ക് ആവശ്യമായ ചെലവ് എസ്.സി.ഇ.ആർ.ടി. അദ്ധ്യാപകർക്ക് നൽകിവരുന്നു.

(സി) അദ്ധ്യാപകരിൽ ഗവേഷണതല്പരത വളർത്തുവാൻ സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

അധ്യാപക പരിശീലനത്തിൽ ഗവേഷണ തൽപരത വളർത്തുവാനുള്ള വിവരങ്ങൾ പരിശീലന മൊഡ്യൂളിൽ ഉൾപ്പെടുത്തി പരിശീലനം നൽകി വരുന്നു.

(ഡി) കോവിഡ്-19 കുട്ടികളിൽ ഉണ്ടാക്കിയ വൈകാരിക സാമൂഹിക പ്രശ്നങ്ങളെകുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം നടത്തിയ ഏജൻസി ഏതെന്നും അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉണ്ട്. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോളജി വിഭാഗവുമായി ചേർന്ന് നടത്തിയ പഠനം അന്തിമഘട്ടത്തിലാണ്. പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കുട്ടികളിൽ കൃത്യമായ കൗൺസിലിംഗ് നടത്തിയിട്ടുമുണ്ട്.

## സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം

162(1254) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന് പ്രത്യേകം വ്യക്തമാക്കുമോ ?

2016-17 വിദ്യാഭ്യാസ വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| 2016-17 | 1125682 | 2164129 | 413009 | 3702820 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര വീതമാണെന്നും എത്ര വർദ്ധനയുണ്ടായെന്നും വെളിപ്പെടുത്തുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾ എത്ര വീതമാണെന്നും എത്ര വർദ്ധനയുണ്ടായെന്നും ചുവടെ ചേർക്കുന്നു

| വർഷം | സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം | സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ ഉണ്ടായിരുന്ന കുട്ടികൾക്ക് പുറമെ പുതുതായി ചേർന്നകുട്ടികളുടെ എണ്ണം |
|---|---|---|
| 2016-17 | 1125652 | 28860 |
| 2017-18 | 1126712 | 59852 |
| 2018-19 | 1145973 | 71360 |
| 2019-20 | 1168586 | 65215 |

(സി) നിലവിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾ ഉണ്ടെന്ന് അറിയിക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം നാളിതുവരെ വിദ്യാലയങ്ങളിൽ അദ്ധ്യയനം ആരംഭിച്ചിട്ടില്ലാത്തതിനാൽ, 6-ാം പ്രവൃത്തിദിനം അടിസ്ഥാനമായിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ സ്ഥിരീകരണം ഉണ്ടായിട്ടില്ല. എന്നാൽ 2019-20 അദ്ധ്യയന വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ ഉള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| 2019-20 | 1168586 | 2158452 | 389859 | 3716897 |

## ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം

163(1255) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ള കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

പാഠഭാഗങ്ങൾ, പഠനപ്രക്രിയ, പഠനബോധന ഉപകരണങ്ങൾ, മൂല്യ നിർണ്ണയം തുടങ്ങിയവ ഭിന്നശേഷി കുട്ടികൾക്കായി അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകിവരുന്നു. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി 'White Board SSK' എന്ന യു ട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെ കുട്ടികളിലെത്തിക്കുന്നു. ബ്ലോക്കുതലത്തിൽ കുട്ടികൾക്കായുള്ളള മെഡിക്കൽ ക്യാമ്പുകൾ പൂർത്തിയാക്കി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. 168 ബി.ആർ.സി.-കളിൽ ഓട്ടിസം സെന്ററുകൾ ആരംഭിച്ച് തെറാപ്പി സേവനങ്ങൾ, രക്ഷിതാക്കൾക്കായുള്ള കൗൺസിലിംഗ് എന്നിവ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അമ്മമാർക്കായി തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തിവരുന്നു. കൂടാതെ വിവിധ ബി.ആർ.സി.-കളിലുള്ള ഭിന്നശേഷി കുട്ടികൾക്കായി അക്കാദമിക സാംസ്കാരിക വിനിമയ പരിപാടിയായ " ജാലകങ്ങൾക്കപ്പുറം" " ട്വിന്നിംഗ് പ്രോഗ്രാം" എന്നിവ നടന്നുവരുന്നു. ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡർ അലവൻസ്, പെൺകുട്ടികൾക്കായുള്ള സ്റ്റൈപന്റ് തുടങ്ങി അലവൻസ് നൽകുന്നു. കിടപ്പിലായ കുട്ടികൾക്കായുള്ള വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും സമപ്രായ ക്കാരെ ഉപയോഗിച്ച് "ചങ്ങാതിക്കൂട്ടം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സവിശേഷ കഴിവുള്ള കുട്ടികളുടെ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനായി കാഴ്ചപ്പാട് രേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ?

തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രേഖ SCERT-യുടെ കരിക്കുലം സബ്കമ്മി റ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) എന്ന സ്ഥാപനത്തെ സംസ്ഥാനതല ഗവേഷണ സ്ഥാപനമായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇതിനായി ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വെബിനാർ 19-11-2020-ന് സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് ഒരു വിദഗ്ധ സമിതി രൂപീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

## വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

164(1256) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ കെട്ടിട നിർമ്മാണത്തിനും പഠന സാമഗ്രികൾക്കും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച തുക വിദ്യാലയങ്ങളുടെ പേര് സഹിതം വിശദമാക്കുമോ ?

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിയതെന്നും ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

(എ&ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.* കോഴിക്കോട് നോർത്ത് മണ്ഡത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) ഏതെങ്കിലും പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം

165(1257) ശ്രീ എ. എൻ. ഷംസീർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ആർ. രാജേഷ് :
ശ്രീ ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനത്തെ രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പദ്ധതിക്കായി ചെലവഴിച്ച തുകയെത്രയെന്ന് അറിയിക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ഐ.ടി. ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും അവ ഫലപ്രദമായി പ്രയോഗിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങളും നൽകിയിരുന്നു. 4752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും 11257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തെ 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവയാണ് വിതരണം ചെയ്തത്. തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് 5 കോടി രൂപവീതം 141 വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും 3 കോടി രൂപവീതം 379 സ്കൂളുകളിലും 1 കോടി രൂപ വീതം 446 സ്കൂളുകളിലും ചെലവഴിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരികയാണ്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും പ്രത്യേക പരിശീലനവും അവബോധ ക്ലാസുകളും നൽകുകയും രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിന് കഴിയുകയും ചെയ്തു. ഹൈടെക് സ്കൂൾ പദ്ധതിക്ക് 493.5 കോടി രൂപയും ഹൈടെക് ലാബ് പദ്ധതിയ്ക്ക് 292 കോടി രൂപയും കിഫ്ബി മുഖേന അനുവദിച്ചിരുന്നു. എന്നാൽ ഹൈടെക് സ്കൂൾ പദ്ധതി പൂർത്തീകരണത്തിന് 319 കോടി രൂപയും ഹൈടെക് ലാബ് പദ്ധതി പൂർത്തീകരണത്തിന് 217 കോടി രൂപയും ഉൾപ്പെടെ ഹൈടെക് പ്രവർത്തനങ്ങൾക്ക് 536 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വൈജ്ഞാനിക രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ സൃഷ്ടിക്കാനിടയുള്ള വിടവില്ലാതാക്കിക്കൊണ്ട് സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും ജനാധിപത്യവല്ക്കരണം സാധ്യമായിട്ടുണ്ടോ ?

ഉണ്ട്. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ വിടവില്ലാതെ നൂതന സാങ്കേതികവിദ്യയും വിജ്ഞാനവും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) കോവിഡ് മഹാമാരി ഓൺലൈൻ ക്ലാസ്സുകൾ നിർബന്ധിതമാക്കിയ സാഹചര്യത്തിൽ രാജ്യത്തെ മൂന്നിലൊന്നു കുട്ടികളും പുറന്തള്ളപ്പെട്ടപ്പോഴും സംസ്ഥാനത്ത് ഒരൊറ്റ വിദ്യാർത്ഥിപോലും പുറന്തള്ളപ്പെടാതെ ഫസ്റ്റ്ബെൽ പദ്ധതിയിലൂടെ അവസര സമത്വം ലഭ്യമാക്കുന്നതിന് നടത്തിയ പ്രവർത്തനം വിശദമാക്കാമോ?

കോവിഡ് 19 കാലയളവിലും സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുക എന്ന വ്യക്തമായ ഉദ്ദേശ്യത്തോടുകൂടിയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് 2020 ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലും ലഭ്യമായ ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തി ' ഫസ്റ്റ്ബെൽ' എന്ന പേരിൽ പ്രത്യേക ക്ലാസുകൾ ക്രമീകരിച്ചത്. ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ പതിനൊന്നൊഴികെയുള്ള ക്ലാസുകൾക്ക് ജൂണിൽ തന്നെ പഠനം ആരംഭിക്കുകയും പതിനൊന്നാം ക്ലാസിലെ പ്രവേശന പ്രക്രിയ പൂർത്തിയാക്കിയ മുറയ്ക്ക് പതിനൊന്നാം ക്ലാസിലെ കുട്ടികൾക്ക് കൂടി ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., എസ്.ഐ.ഇ.ടി. എന്നീ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ ക്ലാസുകളിലേയ്ക്കുള്ള പാഠഭാഗങ്ങൾ തയ്യാറാക്കി സമയബന്ധിതമായി സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയങ്ങളിലാണ് ഓരോ ക്ലാസിലേയ്ക്കുമുള്ള സംപ്രേഷണം. കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ്

കാണുന്നതിനായി അടുത്തു താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആകാം. ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടു മാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിൽ നിലവിലുള്ള ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിയ്ക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ ഒരുക്കുന്നതിന് നിർദേശം നൽകി. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കുമാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിലാണ് ' ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാദ്ധ്യാപകർ പി.ടി.എ.യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വിയും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

## ഓൺലൈൻ പാഠ്യപദ്ധതിയുടെ കാര്യക്ഷമത

166(1258) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് -19-ന്റെ കടുത്ത പ്രതിസന്ധിയെ അതിജീവിച്ച് നടപ്പാക്കിയ ഓൺലൈൻ പാഠ്യപദ്ധതി കാര്യക്ഷമമാക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമല്ലാത്തതിനാൽ കൈറ്റ് വിക്ടേഴ്സ് ചാനൽ, വിക്ടേഴ്സിന്റെ വെബ്സൈറ്റ്, മൊബൈൽ ആപ്, സോഷ്യൽ മീഡിയ പേജുകൾ തുടങ്ങി സാധ്യമായ മാർഗ്ഗങ്ങളിലൂടെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്ക് കൃത്യമായ രീതിയിൽ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖാന്തരം നടത്തിക്കൊണ്ടിരിക്കുന്ന ട്രയൽ ക്ലാസ്സുകൾക്കുശേഷമുള്ള റഗുലർ ക്ലാസ്സുകൾ 15-6-2020 മുതൽ സംപ്രേഷണം ആരംഭിച്ചു. ഓരോ സ്കൂളുകളിലും നിലവിലുള്ള ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ, പ്രോജക്ടറുകൾ എന്നിവയെല്ലാം കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ വിന്യസിക്കുവാനും ഉപയോഗിക്കുവാനും പ്രധാനാദ്ധ്യാപകർ നടപടി കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി, കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി.

(ബി) പരിമിതമായ വാർത്താവിനിമയ സൗകര്യങ്ങളുള്ള ആദിവാസി പിന്നോക്ക മേഖലകളിൽ ഓൺലൈൻ പാഠ്യപദ്ധതിയുടെ പരിമിതിയെ മറികടക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ്സ് കാണുന്നതിനായി അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ

എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രോജക്ടും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയുമാണ് ക്ലാസ്സുകൾ നടത്തി വരുന്നത്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിക്ക് ക്ലാസ്സ് കാണാനുള്ള പ്രേരണയും കണ്ട് ക്ലാസ്സിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ്സ് ടീച്ചർ നൽകിവരുന്നു. സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് മാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ്സ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വി.യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസ്സുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമഗ്രശിക്ഷയ്ക്ക് കീഴിലുള്ള ക്ലസ്റ്റർ കോർഡിനേറ്റർമാർ, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാവോളന്റിയർമാർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയും ട്രയൽ ക്ലാസ്സുകൾ ഉൾപ്പെടെയുള്ള ക്ലാസ്സുകൾ എല്ലാ കുട്ടികളും കണ്ടുഎന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും പ്രിൻസിപ്പൽമാരും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. വൈദ്യുതി, കേബിൾ കണക്ഷൻ, നെറ്റ് വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ ഇതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഊരു കേന്ദ്രങ്ങളിലും, പഠനമുറികളും ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തു.

(സി) ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഓൺലൈൻ പാഠ്യപദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ നടത്തുന്നത് സംസ്ഥാന സിലബസ് പിൻതുടരുന്ന എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ക്ലാസ്സുകൾ സജ്ജമാക്കി ലഭ്യമാക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഒരുക്കി നടപ്പിലാക്കിവരികയാണ്. ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഡയറ്റുകളുടെ നേതൃത്വത്തിൽ സമഗ്രശിക്ഷാ കേരളയുടെയും കൈറ്റിന്റെയും സഹായത്തോടെ ഓൺലൈൻ ക്ലാസ്സുകൾ തയ്യാറാക്കി നൽകിയിരുന്നു. കൂടാതെ തമിഴ്, കന്നട മീഡിയം ക്ലാസ്സുകൾ യു-ട്യൂബ് ലിങ്ക് വഴിയും പ്രാദേശിക ചാനലുകൾ വഴിയും ലഭ്യമാക്കിയിരുന്നു.

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ**

167(1259) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) പരസഹായം കൂടാതെ ചലിക്കുവാൻ പോലും കഴിയാത്ത, എന്നാൽ വിദ്യാഭ്യാസത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കുട്ടികൾക്കും കുടുംബത്തിനും ആശ്വാസം പകരുന്ന എന്തൊക്കെ സഹായങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിടപ്പിലായ കുട്ടികൾക്കായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തിവരുന്നു. കൂടാതെ ഇവർക്കായി വിദ്യാഭ്യാസത്തിനും സാമൂഹ്യവൽക്കരണത്തിനും സമപ്രായക്കാരെ ഉപയോഗിച്ച് "ചങ്ങാതിക്കൂട്ടം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ്- 19 പശ്ചാത്തലത്തിൽ ഭിന്നശേഷി കുട്ടികൾക്കായി പാഠഭാഗങ്ങളുടെ വീഡിയോകൾ പ്രത്യേകം തയ്യാറാക്കി 'White Board SSK ' എന്ന യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു. ഇവ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രാദേശിക ഓൺലൈൻ കൂട്ടായ്മയിലൂടെ കുട്ടികളിലെത്തിക്കുന്നു. കൂടാതെ 168 ബി.ആർ.സി.-കളിൽ ഓട്ടിസം സെന്ററുകൾ ആരംഭിച്ച് തെറാപ്പി സേവനങ്ങൾ, രക്ഷിതാക്കൾക്കായുള്ള കൗൺസിലിംഗ് എന്നിവ നടത്തിവരുന്നു. വിദ്യാലയങ്ങളിൽ അനുരൂപീകരണത്തിന്റെ ഭാഗമായി റാംപ്, റെയിൽ സംവിധാനവും അഡാപ്റ്റഡ് ടോയ്ലറ്റ് സംവിധാനവും നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന

40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ഇ.ഡി. സെക്ഷൻ വഴി സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കേരള പരീക്ഷാഭവൻ നടത്തി വരുന്ന എല്ലാ പരീക്ഷകൾക്കും 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള കുട്ടികൾക്ക് അവരവരുടെ വൈകല്യത്തിനനുസരിച്ച് ആനുകൂല്യങ്ങൾ നൽകിവരുന്നു.

## പ്രീസ്കൂൾ വിദ്യാഭ്യാസം

168(1260) ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ?

നടപടി സ്വീകരിച്ചിട്ടില്ല.

(ബി) പ്രീ സ്കൂൾ പഠനം മെച്ചപ്പെടുത്തുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

പ്രീ സ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രീ സ്കൂൾ അധ്യാപക സഹായി 'കളിപ്പാട്ടം' എന്ന പേരിലും പ്രീ-സ്കൂൾ കുട്ടികൾക്കായി (3+, 4+ പ്രായക്കാർക്ക്) പ്രവർത്തന പുസ്തകങ്ങളും അദ്ധ്യാപക വിനിമയ സഹായികളും 'കളിത്തോണി' എന്ന പേരിൽ മൂന്ന് ഭാഗങ്ങളായി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഗം 1, 2 എന്നിവ അച്ചടിച്ച് സർക്കാർ അംഗീകൃത പ്രീ സ്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കും വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഭാഗം അച്ചടി നടപടികൾ പുരോഗമിച്ചുവരുന്നു. പ്രീസ്കൂൾ അദ്ധ്യാപകർക്ക് 'പ്രശിക്ഷാ' എന്ന പേരിൽ പ്രീസ്കൂൾ അദ്ധ്യാപക പരിവർത്തന പരിപാടിയും നൽകിവരുന്നു.

(സി) പ്രീ സ്കൂൾ ക്ലാസ്സ് മുറികളുടെ ഭൗതിക സൗകര്യം ആകർഷകമാക്കുന്നതിനും ഒരു മോഡൽ കരിക്കുലത്തിന് രൂപം നൽകുന്നതിനും സാധിച്ചിട്ടുണ്ടോ ?

പ്രീസ്കൂൾ ക്ലാസ് മുറികളുടെ ഭൗതിക സൗകര്യം ആകർഷകമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സിസ്റ്റമാറ്റൈസിംഗ് ഓഫ് പ്രീ-സ്കൂളിംഗ് എഡ്യൂക്കേഷൻ പ്രകാരം വർഷാവർഷം സ്കൂളുകളെ തെരഞ്ഞെടുത്ത് തുക പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്നുണ്ട്. കൂടാതെ സമഗ്രശിക്ഷാ കേരള വഴിയും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രീസ്കൂൾ പാഠ്യപദ്ധതി 2014-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള അങ്കണവാടികളെയും പ്രീ പ്രൈമറി സംവിധാനത്തെയും ഉൾപ്പെടുത്തി പ്രീ സ്കൂൾ ഘടകം മെച്ചപ്പെടുത്തുവാൻ എസ്.സി.ഇ.ആർ.റ്റി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

നിലവിലുള്ള അങ്കണവാടികളെയും പ്രീസ്കൂൾ സംവിധാനത്തെയും ഉൾപ്പെടുത്തിയുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂളിംഗ് സംവിധാനം സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ പൈലറ്റ് പ്രോജക്ടായി ചെയ്തുവരുന്നു. 414 പ്രീ സ്കൂളുകളുടെ ചുറ്റുമുള്ള 3 വീതം അങ്കണവാടികളെ ഉൾപ്പെടുത്തി 414 ക്ലസ്റ്ററുകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ നടത്തിപ്പിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും സ്ഥാപനങ്ങളുടെ അവസ്ഥാപഠനം നടത്തുന്നതിനുള്ള മാർഗ്ഗരേഖ, ചോദ്യാവലി, എന്നിവയും എസ്.സി.ഇ.ആർ.ടി., വനിതാ ശിശു വികസന വകുപ്പ്, സമഗ്രശിക്ഷാ കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവയുടെ സഹകരണത്തോടെ തയ്യാറാക്കിയിട്ടുണ്ട്. ക്ലസ്റ്ററിലെ പ്രീസ്കൂൾ, അങ്കണവാടി അധ്യാപകർ, ആയമാർ, ഉദ്യോഗസ്ഥ പ്രതിനിധികൾ, തദ്ദേശ സ്വയംഭരണാധികാരികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലന പാക്കേജ് 'സംപ്രീതം' എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന റിസോഴ്സ് അംഗങ്ങൾക്കുള്ള പരിശീലനം എസ്.സി.ഇ.ആർ.ടി. നൽകിയിട്ടുണ്ട്. പരിശീലനത്തിനായി പ്രീസ്കൂൾ സംസ്ഥാന കോർ ഗ്രൂപ്പ് (PSCRG) പ്രീസ്കൂൾ സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് (PSSRG) പ്രീസ്കൂൾ ജില്ലാ റിസോഴ്സ് ഗ്രൂപ്പ് (PSDRG) എന്നിവയും രൂപീകരിച്ചിട്ടുണ്ട്. തുടർ പരിശീലനവും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ശിൽപശാലകൾ വനിതാ ശിശുവികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) കോവിഡ് കാലത്ത് പ്രീ സ്കൂളുകൾ തുറക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്കായി ഓൺലൈനായി ക്ലാസ്സുകൾ സംഘടിപ്പിച്ചത് വിജയപ്രദമാണോയെന്ന് അറിയിക്കാമോ?

കോവിഡ് കാലത്ത് പ്രീസ്കൂൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രീസ്കൂൾ അദ്ധ്യാപകരെ കേന്ദ്രീകരിച്ച് അവർക്ക് ആവശ്യമായ പിന്തുണയും അംഗീകാരവും നൽകി സ്വയം സജ്ജരാക്കുന്നതിനായി ഒരു പരിശീലന പാക്കേജ് പൊതുവിദ്യാഭ്യാസ വകുപ്പ് 'പ്രശിക്ഷാ-2020' എന്ന പേരിൽ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ശാക്തീകരിക്കപ്പെട്ട അദ്ധ്യാപകർ നിരന്തരം പ്രീസ്കൂൾ കുട്ടികളുമായി സംവദിച്ച് അവർക്കുവേണ്ട പിന്തുണ വിജയപ്രദമായി നൽകിവരുന്നു.

## നെയ്യാറ്റിൻകരയിൽ പൊതുമരാമത്ത് വകുപ്പ് ഡി.പി.ആർ. നൽകിയ പ്രവൃത്തികൾ

169(1261) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21 പൊതു ബഡ്ജറ്റിൽ ഇരുപത് ശതമാനം ടോക്കൺ തുക നീക്കിവച്ച ഗവ. കെ. വി. എച്ച്. എസ്. അയിര, ഗവ. എച്ച്. എസ്. പരണിയം എന്നീ സ്കൂളുകൾക്ക് പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം നൽകിയ ഡി.പി.ആർ. പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് നൽകിയത് എന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. ലഭ്യമായിട്ടില്ല.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

170(1262) ശ്രീ. പുരുഷൻ കടലുണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; &

(സി) കിഫ്ബി പദ്ധതിയിലൂടെ നവീകരിക്കുന്ന ഈ സ്കൂളുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നു അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ-സി) 5 കോടി കിഫ്ബി ഫണ്ട് ഗവ.എച്ച്.എസ്.എസ്.നടുവണ്ണൂർ - പ്രവൃത്തി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്.അത്തോളി - 40%-ന് മുകളിൽ നിർമ്മാണം പൂർത്തിയായി. ജി.എച്ച്.എസ്.എസ്.കൊക്കല്ലൂർ - നിർമ്മാണം പുരോഗമിച്ചു വരുന്നു. ജി.ജി.എച്ച്.എസ്.എസ്.ബാലുശ്ശേരി- നിർമ്മാണം ആരംഭിച്ചു. ജി.എം.യു.പി.എസ്.പൂനൂർ - ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. ജി.എച്ച്.

എസ്.എസ്.പൂന്തൂർ - നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജി.എം.എച്ച്. എസ്.എസ്. കുളത്തൂർ- നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഒരുകോടി കിഫ്ബി ഫണ്ട് -ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ജി.യു.പി.എസ്. ഉണ്ണികുളം, ഗവ.എച്ച്.എസ്.എസ്. ശിവപുരം, ഗവ.യു.പി.എസ്. തൃക്കുട്ടിശ്ശേരി, ജി.എം.യു.പി.എസ്. വേളൂർ, ജി.എച്ച്.എസ്.എസ് കായണ്ണ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വണ്ടൂർ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

171(1263) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ സ്കൂളുകളുടെ നവീകരണം, കെട്ടിട നിർമ്മാണം, സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകര ണങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യവികസനത്തിനും, നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.* കൂടാതെ, വണ്ടൂർ മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്. *

## പൊതുവിദ്യാഭ്യാസ മേഖലയിലെ വികസനപ്രവർത്തനങ്ങൾ

172(1264) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ, ഷൊർണ്ണൂർ മണ്ഡലത്തിൽ 1.8 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ച് എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## സ്കൂൾ വിദ്യാഭ്യാസ ഘടനയിലെ മാറ്റങ്ങൾ

173(1265) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിൽ മാറ്റങ്ങൾ കൊണ്ടു വരുന്നതിനായി ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 31-5-2019 ലെ സ.ഉ. (കൈ) നമ്പർ 53/2019/പൊവിവ പ്രകാരം ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആകെ നിയന്ത്രണവും ഏകോപനവും നടപ്പിൽ വരുത്തുന്നതിന് നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ മൂന്ന ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിക്കുകയും 1-6-2019-ലെ സ.ഉ (സാധാ) നമ്പർ 3139/ 2019/പൊവിവ. ഉത്തരവുപ്രകാരം ശ്രീ. ജീവൻ ബാബു. കെ, ഐ.എ.എസ്-നെ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ആയി നിയമിക്കുകയും ചെയ്തിരിക്കുന്നു. നിലവിലുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂൾതല സംവിധാനങ്ങളും, ഉപജില്ല, ജില്ലാ വിദ്യാഭ്യാസ ഡയറക്ടറേറ്റുകൾ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകൾ, റീജണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഡയറക്ടറേറ്റ് തുടങ്ങിയ എല്ലാ ഓഫീസുകളും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനം പൂർണ്ണതയിലേയ്ക്ക് നയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാഷണൽ സ്കിൽ ക്വാളിഫൈയിംഗ് ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ മുഴുവൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും സെക്കണ്ടറി സ്കൂളുകളായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും 2020-21 അക്കാദമിക് വർഷത്തോടെ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചു. സെക്കണ്ടറി സ്കൂളുകളാക്കി മാറ്റിയിട്ടില്ല.

(സി) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഓഫീസുകളെല്ലാം ആധുനിക സാങ്കേതികവിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തി ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറണമെന്ന ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 2018 ഏപ്രിൽ 3 മുതൽ ഭാഗികമായി ഇ-ഓഫീസ് ഫയൽ സംവിധാനം നടപ്പിലാക്കി. 2021 ഫെബ്രുവരി മാസത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറുന്നതോടൊപ്പം 14 വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലും 2021 ഫെബ്രുവരി മാസത്തിൽതന്നെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഐ.ടി. മിഷനും എൻ.ഐ.സി.-യുമായും ചേർന്ന് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങൾ തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

174(1266) ശ്രീ. വി. അബ്ദുറഹിമാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് മഹാമാരിയെ തുടർന്നുള്ള ദീർഘമായ അവധിക്ക് ശേഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

&

(ബി) വളരെ കാലം അടഞ്ഞുകിടന്ന വിദ്യാലയങ്ങളും പരിസരവും പരിപൂർണമായ തോതിൽ ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

2021 ജനവരി 1 മുതൽ 10, 12 ക്ലാസ്സുകളിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗ്ഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാദ്ധ്യാപകർക്കും അദ്ധ്യാപകർക്കും കുട്ടികൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി. കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ഓരോ ക്ലാസ്സിലും സാനിറ്റൈസർ വിതരണം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന ഒരു വെറ്റ് മാറ്റ്, ഒരു ഡ്രൈ മാറ്റ്, പ്ലാസ്റ്റിക് ട്രേ, ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയടങ്ങുന്ന ഓരോ കിറ്റും സ്കൂളുകളിൽ എത്തിച്ചുനൽകിയിട്ടുണ്ട്.

(സി) വയനാട്ടിലെ ഒരു വിദ്യാലയത്തിൽ ഒരു വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് ദാരുണമായി കൊല്ലപ്പെടാൻ ഇടയായ മുൻ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും പി.ടി.എ. ഭാരവാഹികളുടെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ വിദ്യാർത്ഥികളുടെ പരിപൂർണ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും പരിസരവും വൃത്തിയായി സംരക്ഷിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 22-11-2019-ലെ -ആർ.ആർ. 1/90010/2017/ഡി.ജി.ഇ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

175(1267) <u>ശ്രീ. എസ്. ശർമ്മ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി എത്ര തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഏതെങ്കിലും തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

നിർമ്മാണ പ്രവൃത്തികളൊന്നും തടസ്സപ്പെട്ടിട്ടില്ല.

**ഓട്ടിസം പാർക്ക് നിർമ്മാണം**

176(1268) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിലാണ് സർക്കാർ ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

സർക്കാർ സ്കൂളുകളിൽ ഓട്ടിസം പാർക്കുകൾ നിർമ്മിക്കുന്നതിനായി താഴെ പറയുന്ന 8 സ്കൂളുകളെയാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

1. ഗവ. യു.പി.സ്കൂൾ പള്ളിമൺ, കുണ്ടറ, കൊല്ലം

2. ഗവ. എൽ.പി.സ്കൂൾ, അമ്പലപ്പുഴ, ആലപ്പുഴ

3. ഗവ. എച്ച്.എസ്.എസ്, പൊള്ളത്തായി, ആലപ്പുഴ

4. ഗവ. യു.പി.സ്കൂൾ, മണർക്കാട്, കോട്ടയം

5. ഗവ. എൽ.പി.സ്കൂൾ, പറവൂർ, എറണാകുളം

6. ഗവ. എൽ.പി.സ്കൂൾ, മംഗലം, പാലക്കാട്

7. ഗവ. എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം

8. ഡയറ്റ്, പാലയാട്, ധർമ്മടം, കണ്ണൂർ

പ്രസ്തുത പദ്ധതിക്കായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) തിരുവനന്തപുരം ജില്ലയിൽ ഏത് സ്കൂളിലാണ് ഓട്ടിസം പാർക്ക് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പോത്തൻകോട് യു.പി.സ്കൂളിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിനെയാണ് ഡി.പി.ആർ. തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓട്ടിസം പാർക്ക് നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

പദ്ധതി ആരംഭിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

## മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം

177(1269) <u>പ്രൊഫ. കെ. യു. അരുണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക തസ്തികയിലേയ്ക്ക് യോഗ്യതയുള്ളവരും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരാത്ത മറ്റ് വകുപ്പുകളിൽ ജോലി ചെയ്യുന്നവരുമായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന അദ്ധ്യാപകരാകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ ?

ഇല്ല.

(ബി) ഇല്ലായെങ്കിൽ ഇവരെക്കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

## അൺ-എയ്ഡഡ് സ്കൂളുകളുടെ ഫീസ് പിരിവ്

178(1270) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>:
<u>ശ്രീ. എം. ഉമ്മർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് കാലഘട്ടത്തിൽ അൺ എയ്ഡഡ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഫീസ് പിരിക്കുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ?

ഉണ്ട്.

(ബി) ഈ സ്കൂളുകളുടെ ഫീസുകൾ നിശ്ചയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് അറിയിക്കാമോ ?

ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽനിന്നും അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിന് വേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്ക് അനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സ്കൂളുകളിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച നിബന്ധന പുറപ്പെടുവിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് നിശ്ചയിക്കുന്ന മാതൃകയിൽ ഈ സ്കൂളുകളുടെയും ഫീസ് നിശ്ചയിക്കുന്നതിന് കമ്മീഷനെ നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിന് പദ്ധതി

179(1271) <u>ശ്രീ. എം. ഉമ്മർ</u>:
<u>ശ്രീ. പി. കെ .അബ്ദു റബ്ബ്</u>:
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്ന പദ്ധതിയുടെ പ്രവർത്തനപുരോഗതി അറിയിക്കാമോ ?

വിദ്യാർത്ഥികളുടെ പഠന നിലവാരം നിരീക്ഷിക്കുന്നതിനായി 'സഹിതം' എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി കൈറ്റിന്റെ സഹായത്തോടെ ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പ്രൈമറി അദ്ധ്യാപകർക്കായി അവധിക്കാലത്ത് നടന്ന ഓൺലൈൻ അദ്ധ്യാപക പരിശീലനത്തിലൂടെ ഇത് പരിചയപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2016 മുതൽ 2020 വരെ പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലുംതരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനുള്ള പഠനം എസ്.സി.ഇ.ആർ.ടി. നടത്തിയിട്ടുണ്ട്. ഗവേഷണ പഠനങ്ങൾ വിദ്യാലയങ്ങളിൽ ട്രൈ ഔട്ട് നടത്തിയിട്ടുണ്ട്.

(സി) പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറുണ്ടോ; പ്രസ്തുത റിപ്പോർട്ട് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചത് എന്നാണെന്ന് അറിയിക്കുമോ ?

പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താറില്ല.

(ഡി) കുട്ടികളുടെ പഠനനിലവാരം നിരീക്ഷിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രൈമറി ക്ലാസുകളിൽ ആരംഭിച്ച 'സഹിതം' പദ്ധതി തുടർന്ന് സെക്കണ്ടറിയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും കൃത്യമായ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് നിരന്തരം വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ഹൈടെക് നിലവാരം**

180(1272) ശ്രീ. ആർ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ ഹൈ ടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആകെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

പൊതുവിദ്യാലയങ്ങൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികളാണ് ' ഹൈടെക് സ്കൂൾ' - എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതി, ' ഹൈടെക് ലാബ് - ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി, തെരഞ്ഞെടുത്ത സ്കൂളുകളിൽ കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപവീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിൽ കരുനാഗപ്പള്ളി ഗവ.വി&എച്ച്.എസ്.എസ്.-നെ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പ്രവൃത്തികൾ പുരോഗമിക്കുന്നു. കരുനാഗപ്പള്ളി മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ഇതിനായി 4,48,46,035 രൂപ കിഫ്ബി മുഖേന ചെലവഴിച്ചു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് വിതരണം ചെയ്ത കമ്പ്യൂട്ടറുകളുടെയും അനുബന്ധ വസ്തുക്കളുടെ പട്ടികയും വിലയും അതിനു വേണ്ടി വന്ന ആകെ തുകയും ഉൾക്കൊള്ളുന്ന വിശദാംശം ലഭ്യമാക്കുമോ ?

മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(സി) ക്ലാസ് മുറികളുടെ നവീകരണത്തിനും മരാമത്ത് പണികൾക്കുമായി കൈറ്റ് വഴി ഈ മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു; എത്ര ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിൽ പരിഷ്കരിച്ചുവെന്നും വിശദമാക്കുമോ?

അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും 3 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ എ.വി.ജി.എച്ച്.എസ്.എസ്., കുലശേഖരപുരം ജി.എച്ച്.എസ്.എസ്. എന്നിവയും 5 കോടി രൂപ വീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ കരുനാഗപ്പള്ളി ജി.എച്ച്.എസ്.എസ്.-നേയും ഉൾപ്പെടുത്തി പ്രവൃത്തികൾ നടന്നുവരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 11.09 കോടി രൂപയുടെ മരാമത്ത് പണികളാണ് നിർവഹിക്കാനുള്ളത്. ഇതിൽ 6.99 കോടി രൂപയുടെ പണികൾ പൂർത്തിയാക്കി.

### വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ

181(1273) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; &

(സി) ഈ ഓരോ പ്രോജക്ടുകളുടെയും അടങ്കൽ തുക എത്രയാണെന്നും കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി എന്തെന്നും വ്യക്തമാക്കാമോ ?

(എ-സി) വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എത്ര ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റിയിട്ടുണ്ട്;

34 സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജീകരിച്ചിട്ടുണ്ട്.

(ഇ) വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഹൈടെക് ക്ലാസ് മുറികൾ സജ്ജമാക്കുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

വട്ടിയൂർക്കാവ് മണ്ഡലത്തിലെ 34 സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികൾക്കായി 2,75,22,610 രൂപ കിഫ്ബി മുഖേന ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2-ൽ ചേർത്തിട്ടുണ്ട് . *

## പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങൾ

182(1274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്.സി.ഇ.ആർ.റ്റി., സീമാറ്റ്, എസ്.ഐ.ഇ.റ്റി, കൈറ്റ് എന്നിവയുടെ ചുമതലകൾ എന്തൊക്കെയാണ് ?

എസ്.സി.ഇ.ആർ.ടി. : സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കാകെ അക്കാദമികവും ഗവേഷണ വ്യാപനവും പരിശീലനവും നൽകുക, സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നയരൂപീകരണം, വിവിധ പദ്ധതികൾ നടപ്പിൽ വരുത്തൽ എന്നിവയിൽ വിദ്യാഭ്യാസ വകുപ്പിനും ഗവൺമെന്റിനും ആവശ്യമായ ഉപദേശവും സഹായവും നൽകുക, സ്കൂൾ വിദ്യാഭ്യാസ മേഖലയുടെ നിലവാരം വികസിപ്പിക്കുന്നതിനായി, പാഠ്യപദ്ധതിയുടെ ഉള്ളടക്കം, പ്രക്രിയ, പ്രവർത്തന മേഖല, എന്നീ കാര്യങ്ങളിൽ ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക, വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഡയറ്റ് എന്നിവയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, സംസ്ഥാനത്തെ സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള സ്ഥാപനങ്ങളുടെ നിലവാര വികസനത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകുക, സർവ്വീസ് പ്രവേശനത്തിനുമുമ്പുള്ള അദ്ധ്യാപക പരിശീലനം, സർവ്വീസിൽ തുടരുന്ന അദ്ധ്യാപകർക്കുള്ള തുടർ പരിശീലനം, പരിശീലനം ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകർക്കുള്ള പരിശീലനം എന്നിവ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യുക, പ്രീപ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസം ഗുണമേന്മയുള്ള താക്കുന്നതിനുള്ള നയരൂപീകരണത്തിൽ സർക്കാരിനെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപദേശിക്കുക, അക്കാദമിക കാര്യങ്ങളിൽ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക, പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ നയത്തിലും കാഴ്ചപ്പാടിലും ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും അതിന് അനുസൃതമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിന് നേതൃത്വം വഹിക്കുകയും ചെയ്യുക, പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തുകയും നടപ്പിലാക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്യുക.

സീമാറ്റ് : കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധ വിഭാഗങ്ങൾക്കും അക്കാദമിക- ഭരണനിർവ്വഹണ കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വിദ്യാഭ്യാസ രംഗത്തെ ചലനാത്മകവും പുരോഗമ നാത്മകവുമാക്കി മികവിലേയ്ക്കുയർത്തുക, വിദ്യാഭ്യാസാസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും സൂക്ഷ്മാസൂത്രണവും ഗവേഷണവും നടത്തുക, കൈപ്പുസ്തകങ്ങൾ അടക്കമുള്ളവ പ്രസിദ്ധീകരിക്കുക, വിദ്യാഭ്യാസാസൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവരശേഖരണങ്ങൾ നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ മാനേജ്മെൻറ് നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക.

എസ്.ഐ.ഇ.റ്റി. : പഠനബോധന പ്രക്രിയയിൽ സഹായകരമായി ഡിജിറ്റൽ ഉള്ളടക്കങ്ങൾ (വീഡിയോകൾ, അനിമേഷനുകൾ, സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവ) നിർമ്മിക്കുക, ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണത്തിൽ അദ്ധ്യാപകരെ ശാക്തീകരിക്കുക, പഠനസംബന്ധമായ ഉള്ളടക്കങ്ങൾ നിർമ്മിക്കുക, ടാലന്റ് ഫണ്ട് പോലുള്ള പ്രതിഭാപോഷണ പരിപാടികൾ സംഘടിപ്പിക്കുക, ശാസ്ത്ര പ്രതിഭകളായ കുട്ടികൾക്കായി സവിശേഷമായ പ്രവർത്തനങ്ങൾ നടത്തുക, വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകുക, വിദ്യാഭ്യാസ സാങ്കേതികവിദ്യ സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുക, ഗവേഷണ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുക, അദ്ധ്യാപകർക്കായി രൂപീകരിക്കപ്പെട്ട എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാനോ ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ് തുടങ്ങിയ നവ സാങ്കേതിക വിദ്യകളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.

കൈറ്റ് : സംസ്ഥാനത്തെ സർക്കാർ, എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തിന് ഐ.ടി. ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിദ്യാഭ്യാസ വകുപ്പിന്റെ കാര്യക്ഷമത പരിപോഷണം (Capacity Building),ഡിജിറ്റൽ വിഭവ നിർമ്മാണം, കണക്ടിവിറ്റി, ഇ-ലേണിംഗ്, സപ്പോർട്ട്&മെയിന്റനൻസ്, ഇ-ഗവേണൻസ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക. സർക്കാർ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ, വിഭവങ്ങൾ, കരിക്കുലം, ബോധനശാസ്ത്രം എന്നിവയുടെ അപ്ഗ്രഡേഷൻ ചെയ്യുക, സംസ്ഥാന വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ടി. ഒരു ഉപകരണം എന്ന നിലയിൽ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, വിദ്യാഭ്യാസ മേഖലയിൽ (സർക്കാർ തലത്തിലും പ്രൈവറ്റ് മേഖലയിലും) ഗുണപരമായ മാറ്റങ്ങൾക്ക് ഐ.സി.ടി. സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് അഡ്വൈസർ/കൺസൾട്ടന്റ് ആയി പ്രവർത്തിക്കുക, കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധ വിഭാഗങ്ങൾക്കും അക്കാദമിക- ഭരണനിർവ്വഹണ കാര്യങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വിദ്യാഭ്യാസ രംഗത്തെ ചലനാത്മകവും പുരോഗമനാത്മകവുമാക്കി മികവിലേയ്ക്കുയർത്തുക, വിദ്യാഭ്യാസാസൂത്രണത്തിനും നിർവ്വഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും സൂക്ഷ്മാസൂത്രണവും ഗവേഷണവും നടത്തുക, കൈപ്പുസ്തകങ്ങൾ അടക്കമുള്ളവ പ്രസിദ്ധീകരിക്കുക, വിദ്യാഭ്യാസാ സൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവര ശേഖരണങ്ങൾ നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെൻറ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലകൾ പുനർനിർണ്ണയം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഇല്ല.

(സി) എസ്.സി.ഇ.ആർ.റ്റി.-യെ അക്കാദമിക് വിദഗ്ധരുടെ മേൽനോട്ടത്തിൽ ഒരു സ്വയംഭരണ സ്ഥാപനം ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

എസ്.സി.ഇ.ആർ.ടി. നിലവിൽ ഒരു അക്കാദമിക് സ്വയംഭരണ സ്ഥാപനമാണ്.

## സഹിതം ഡിജിറ്റൽ പോർട്ടൽ

183(1275) ശ്രീമതി വീണാ ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കായി 'സഹിതം' എന്ന ഡിജിറ്റൽ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ ‘ സഹിതം’ എന്ന പേരിൽ പ്രത്യേക ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ‘ സമ്പൂർണ’ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലുള്ള കുട്ടികളുടെ അടിസ്ഥാന വിശദാംശങ്ങൾ അദ്ധ്യാപകരുടെ ലോഗിനിൽ ലഭ്യമാക്കി, 'സഹിതം' പോർട്ടലിലുള്ള മെന്ററിംഗിലൂടെ നിശ്ചിത എണ്ണം കുട്ടികൾ ഒരു അദ്ധ്യാപകന്/ അദ്ധ്യാപികയാൽ കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിനും അന്വേഷണ പഠനത്തി നായി സഹായിക്കുന്നതിനും സോഫ്റ്റ്‌വെയറിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികളുമായുള്ള അനൗപചാരിക സംവാദം, ഗൃഹസന്ദർശനം, നിരന്തര നിരീക്ഷണം തുടങ്ങിയവയിലൂടെ കുട്ടിയെ സംബന്ധിക്കുന്ന കൂടുതൽ പശ്ചാത്തല വിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്ന തിനുമുള്ള പ്രവർത്തനങ്ങളും ഇതുവഴി നടപ്പാക്കാൻ കഴിയും.

(ബി) ഈ അക്കാദമിക വർഷം മുതൽ എല്ലാ പ്രൈമറി സ്കൂളുകളിലും ഈ പോർട്ടൽ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സെക്കണ്ടറി ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

കോവിഡ് പശ്ചാത്തലത്തിൽ ഈ അക്കാദമിക് വർഷം എല്ലാ പ്രൈമറി സ്കൂളിലും 'സഹിതം' പോർട്ടൽ ഉപയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. സെക്കണ്ടറി സ്കൂളിലേയ്ക്ക് പദ്ധതി വ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

## കിഫ്ബി ഫണ്ടുകൾ അനുവദിച്ച കൊച്ചിയിലെ സ്കൂളുകൾ

184(1276) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി മുഖാന്തരം ഫണ്ടുകൾ അനുവദിച്ച കൊച്ചി മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ;

&

(ബി) പ്രവൃത്തികൾ പൂർത്തിയാകാത്ത സ്കൂളുകളിൽ ആയതിന്റെ പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകു മോയെന്നും വ്യക്തമാക്കുമോ ?

(എ&ബി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ വീതം ജി.എച്ച്.എസ്.എസ് പുത്തൻതോട്, എഡ്വേർഡ് മെമ്മോറിയൽ ജി.എച്ച്.എസ്.എസ്. ഫോർട്ട് കൊച്ചി എന്നീ സ്കൂളുകൾക്ക് അനുവദിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി എട്ടു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾക്കുള്ള ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുന്ന പദ്ധതി, ഒന്നു മുതൽ ഏഴു വരെ ക്ലാസുകളുള്ള പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. കൊച്ചി മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക്ക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ജി.എച്ച്.എസ്.എസ്. പുത്തൻതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 42 ശതമാനവും ഇ.എം.ജി. എച്ച്.എസ്.എസ് ഫോർട്ട് കൊച്ചിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 68 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കൊച്ചി നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ എത്ര ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ്സ് മുറികളായി സജ്ജീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ സ്കൂൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

കൊച്ചി നിയോജകമണ്ഡലത്തിലെ 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയും ക്ലാസ് മുറികൾ ഹൈടെക്കാക്കി. ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ഐ.ടി ഉപകരണങ്ങളും ലഭ്യമാക്കി. ഇതിനായി 3.8 കോടി രൂപ കിഫ്ബി മുഖേന ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലം - വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ

185(1277) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം മണ്ഡലത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

കായംകുളം നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി തുക അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതുമായി ബന്ധപ്പെട്ട് കായംകുളം മണ്ഡലത്തിലെ ഓരോ സ്കൂളുകളിലും അനുവദിച്ച ഉപകരണങ്ങൾ, അവയുടെ എണ്ണം, ചെലവായ തുക എത്രയെന്ന് സ്കൂളുകൾ തിരിച്ച് ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബി മുഖേന 3.8 കോടി രൂപ വിനിയോഗിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം - 2 ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

## കൈറ്റിലെ ക്രമക്കേട്

186(1278) ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനിൽ അക്കര: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് അടിസ്ഥാന സൗകര്യവികസന പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി കൈറ്റ് പ്രവർത്തിക്കുന്നുണ്ടോ ?

ഉണ്ട്.

(ബി) ഇതിന്റെ ഭാഗമായി എത്ര കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും കൈറ്റ് വാങ്ങിയെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ ?

മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇപ്രകാരം വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് കൈറ്റിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉണ്ട്; പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമുള്ള ഹാർഡ്‌വെയറുകൾക്കാവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ നിശ്ചയിക്കുന്നതിന് സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ പൂർണ്ണമായ മേൽനോട്ടത്തിലാണ് ഹൈടെക് സ്കൂൾ -ഹൈടെക് ലാബ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ താഴെ നൽകുന്നു:

സ്കൂളുകൾക്ക് നൽകേണ്ട ഉപകരണങ്ങളുടെ എണ്ണം, അവയുടെ ആവശ്യകത സ്കൂളുകളിൽ നിന്നും ശേഖരിച്ചതിനുശേഷം കൈറ്റ് പ്രത്യേക സർവ്വേ നടത്തി പരിശോധിച്ച് ശിപാർശ ചെയ്യുകയും ആയതിന് സർക്കാർ ഭരണാനുമതിയും കിഫ്ബി സാമ്പത്തികാനുമതിയും നൽകുകയും ചെയ്തു. സർക്കാർ നിയമിച്ച സാങ്കേതിക സമിതി ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിഷ്കർഷിക്കുന്നു. സ്കൂളുകളുടെ ആവശ്യകത, കമ്പോളത്തിൽ ലഭ്യമായ ഉപകരണങ്ങൾ, അംഗീകരിച്ച നിരക്ക് തുടങ്ങിയവ വിശദമായി പരിശോധിച്ചാണ് സാങ്കേതിക സമിതി സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നത്. യഥാർത്ഥ നിർമ്മാതാക്കൾക്കോ (ഒ.ഇ.എം.) അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തിയ ഒരാൾക്കോ മാത്രമേ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ കഴിയൂ എന്ന വ്യവസ്ഥ ടെണ്ടർ ഡോക്യുമെന്റിൽ ഉൾപ്പെടുത്തി. എല്ലാ ഉപകരണങ്ങൾക്കും അഞ്ച് വർഷ കോംപ്രിഹെൻസീവ് വാറണ്ടി കമ്പനികൾ നൽകണമെന്നും ഇതിനുപുറമെ വിതരണത്തിന് ശേഷം വാറണ്ടി കാലയളവിൽ പരാതി പരിഹാരത്തിനുള്ള കോൾ സെന്റർ, വെബ് പോർട്ടൽ എന്നിവ വഴി ലഭിക്കുന്ന പരാതികൾ നിശ്ചിത സമയത്തിനുള്ളിൽ പരിഹരിച്ചില്ലെങ്കിൽ കരാറുകാർ നഷ്ടപരിഹാരം നൽകണമെന്നുമുള്ള വ്യവസ്ഥകളും ടെണ്ടറിൽ ഉൾപ്പെടുത്തി. ദേശീയ തലത്തിൽ പരസ്യം നൽകി നടത്തുന്ന ഇ-ടെണ്ടറിന്റെ ആദ്യഘട്ടം ടെക്നിക്കൽ ഇവാല്യുവേഷനാണ്. ഈ സമയത്ത് സപ്ലൈ ചെയ്യുന്ന ഉപകരണത്തിന്റെ സാമ്പിളുകളും കമ്പനികൾ ഹാജരാക്കണം. ടെക്നിക്കൽ ഇവാല്യുവേഷന്റെ ഭാഗമായി ഉപകരണങ്ങൾ ടെണ്ടറിൽ നിഷ്കർഷിക്കുന്ന ഗുണനിലവാരം പാലിക്കുന്നുണ്ടോ എന്ന വിശദമായ പരിശോധന സാങ്കേതിക സമിതിയുടെ മേൽനോട്ടത്തിൽ നടത്തുകയും ഇത് പാലിച്ച കമ്പനികളെ മാത്രം തുടർഘട്ടത്തിലേയ്ക്ക് (ഫിനാൻസ് ബിഡ്) പരിഗണിക്കുകയും ചെയ്തു. ഉല്പന്നം

തെരഞ്ഞെടുത്തതിനുശേഷം അവ വിതരണം ചെയ്യുന്നത് കൈറ്റിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ്. വിതരണം ചെയ്യുന്ന ഉല്പന്നത്തിന്റെ സാമ്പിളുകൾ വിതരണത്തിന് മുമ്പ് ജില്ലാ ഓഫീസുകളിൽ എത്തിക്കുകയും ജില്ലകളിൽ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുമുമ്പ് ഉപകരണങ്ങൾ ഗുണമേന്മാ പരിശോധന നടത്തിയിട്ടുണ്ട്. ഉപകരണങ്ങൾ കൈപ്പറ്റുമ്പോൾ സർക്കുലറിൽ നിഷ്കർഷിക്കുന്ന പോലെ സ്കൂളുകളും പ്രത്യേക പരിശോധന നടത്തും. ഇതിനുശേഷം സ്കൂളിലെത്തിയാലും എന്തെങ്കിലും പ്രശ്നങ്ങൾ കാണുന്ന പക്ഷം സ്കൂളുകൾക്ക് അത് റിപ്പോർട്ട് ചെയ്യാം.

(ഡി) കൈറ്റ് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങിയതിൽ ഗുണനിലവാരം ഉറപ്പാക്കിയില്ലായെന്നും അഴിമതി നടന്നുവെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അഴിമതി ആരോപണം ഉന്നയിച്ച പ്രതിപക്ഷനേതാവിന് എതിരെ കൈറ്റ് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ടോ; പ്രസ്തുത വക്കീൽ നോട്ടീസിലെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ?

ഉണ്ട്; വസ്തുതകളുടെ യാതൊരുവിധ പിൻബലവുമില്ലാതെ കൈറ്റിനെതിരെ കക്ഷി നവമാധ്യമങ്ങളിലൂടെയും പത്രസമ്മേളനത്തിലൂടെയും ഉന്നയിച്ച ആരോപണങ്ങൾ പിൻവലിക്കണമെന്നാണ് വക്കീൽ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

(എഫ്) ഏത് സ്ഥാപനം വഴിയാണ് വക്കീൽ നോട്ടീസ് അയച്ചത്; പ്രസ്തുത സ്ഥാപനത്തിന് ഇതിനായി നൽകിയ ഫീസ് എത്രയാണെന്ന് അറിയിക്കാമോ?

കൈറ്റിനുവേണ്ടി സ്റ്റാൻഡിംഗ് കൗൺസിൽ അഡ്വ.ദീപക് പ്രകാശ് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. വക്കീൽ ഫീസ് ഇനത്തിൽ ഇതുവരെ തുകയൊന്നും കൈറ്റ് നൽകിയിട്ടില്ല.

## തലശ്ശേരിയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

187(1279) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുകയും വ്യക്തമാക്കാമോ;

&

(ബി) ഈ സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാകാത്ത സ്കൂളുകൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ഇവ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## പൊതുവിദ്യാഭ്യാസ വകുപ്പ് കാട്ടാക്കട മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

188(1280) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടാക്കട നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചും അനുമതി ലഭ്യമായ പ്രവൃത്തികൾ സംബന്ധിച്ചും അവയുടെ തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ അടിസ്ഥാനസൗകര്യ വികസനത്തിനും നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിട്ടുണ്ട്. *

(ബി) മണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ച സ്കൂളുകളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിനായി മണ്ഡലത്തിൽ ആകെ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി) കാട്ടാക്കട മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2.9 കോടി രൂപ കിഫ്ബി മുഖേന ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം- 2 ൽ ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ ജി.ജി.എച്ച്.എസ്.എസ്.-ന്റെ വികസനം

189(1281) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ജി.ജി.എച്ച്.എസ്.എസ്.-ന് അനുവദിച്ച മൂന്ന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ?

ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ജി.ജി.എച്ച്.എസ്.എസ്-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന കാരണങ്ങൾ ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദീകരിക്കാമോ; &

(സി) പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി&സി) ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## നെന്മാറ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ വികസനം

190(1282) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് സ്കൂൾ തരംതിരിച്ച് വിശദമാക്കാമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## തിരുവമ്പാടിയിലെ സ്കൂൾ നിർമ്മാണം

191(1283) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഗവൺമെന്റ് യു.പി. സ്കൂൾ കൊടിയത്തൂർ, ഗവൺമെന്റ് യു.പി. സ്കൂൾ മണാശ്ശേരി, ഗവൺമെന്റ് യു.പി. സ്കൂൾ കൈതപ്പൊയിൽ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയുടെ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഗവൺമെന്റ് യു.പി. സ്കൂൾ കൊടിയത്തൂർ, ഗവൺമെന്റ് യു.പി. സ്കൂൾ മണാശ്ശേരി, ഗവൺമെന്റ് യു.പി. സ്കൂൾ കൈതപ്പൊയിൽ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൂന്ന് സ്കൂളുകളുടേയും ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബിയുടെ മൂന്നുകോടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ ഡി.പി.ആർ. തയ്യാറാക്കിയ ഗവ. യു.പി. സ്കൂൾ ചേന്നമംഗല്ലൂർ, ഗവ. ഹൈസ്കൂൾ പുതുപ്പാടി എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

&

(സി) ഇവയ്ക്ക് കിഫ്ബി ധനാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കിഫ്ബിയുടെ മൂന്നുകോടി പദ്ധതിയിൽ ഉൾപ്പെടുത്തി ഗവൺമെന്റ് യു.പി. സ്കൂൾ ചേന്നമംഗല്ലൂർ, ഗവൺമെന്റ് യു.പി.എസ്. പുതുപ്പാടി എന്നീ സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രണ്ട് സ്കൂളുകളുടേയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിലെ കിഫ്ബി പദ്ധതികൾ

192(1284) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

&

(ബി) ഇതിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; പണി പൂർത്തിയാക്കാത്ത പദ്ധതികളുടെ തൽസ്ഥിതി വ്യക്തമാക്കാമോ ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച വിദ്യാഭ്യാസ പദ്ധതികൾ 5 കോടി കിഫ്ബി ഫണ്ട് നടുവട്ടം ഗവ.ജനതാ എച്ച്.എസ്.എസ് - നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 3 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്.എസ്.

വാടാനംകുറിശ്ശി-പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. ജി.എച്ച്.എസ്.എസ്.ചുണ്ടംപറ്റ-ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ജി.യു.പി.എസ്. പട്ടാമ്പി-ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ജി.ഒ.എച്ച്.എസ്.എസ്.പട്ടാമ്പി - ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ജി.വി.എച്ച്.എസ്.എസ് കൊപ്പം പാലക്കാട് - നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ജി.എച്ച്.എസ്.എസ്.പട്ടാമ്പി- നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഒരു കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്. വല്ലപ്പുഴ-ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ് വിളയൂർ - ടെണ്ടർ നടപടികൾ സ്വീകരിച്ചു. ജി.യു.പി.എസ്. നരിപ്പറമ്പ - ടെണ്ടർ നടപടികൾ സ്വീകരിച്ചു.

(സി) പല പ്രവൃത്തികളും വളരെ മന്ദഗതിയിൽ ആണ് പുരോഗമിക്കുന്നത് എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവൃത്തികൾ എത്രയും പെട്ടെന്ന് തന്നെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കളെ ഉൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## കോഴിക്കോട് ആർ.ഇ.സി. ഗവ.ഹയർസെക്കണ്ടറി സ്കൂളിലെ കിഫ്ബി പ്രവൃത്തികൾ

193(1285) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി ഉയർത്തിയ കോഴിക്കോട് ജില്ലയിലെ ആർ.ഇ.സി. ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ എത്ര രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മികവിന്റെ കേന്ദ്രമായി ഉയർത്തിയ കോഴിക്കോട് ജില്ലയിലെ ആർ.ഇ.സി. ഗവ.ഹയർസെക്കണ്ടറി സ്കൂളിൽ മാസ്റ്റർ പ്ലാനിൽ പറഞ്ഞിട്ടുള്ള 4.38 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കിഫ്ബി മുഖേന അനുവദിച്ച തുകയിൽ ബാക്കിയുള്ള സംഖ്യ ഉപയോഗപ്പെടുത്തി അത്യാവശ്യമായി പൂർത്തീകരിക്കേണ്ട പണികൾ നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുള്ളതാണ്. എന്നാൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിരുന്ന Entrance Block (Office Block) എന്ന ഭാഗം സ്കൂൾ അധികൃതരുടെ നിർദ്ദേശ പ്രകാരം ഉപേക്ഷിക്കുകയും പകരം Kitchen Block ആക്കി മാറ്റുകയും ചെയ്തിരുന്നു. അധികമായി വന്ന Kitchen Block-ന്റേയും false ceiling work-ന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗത്തിൽ പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകിയിട്ടുണ്ട്.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികൾ കൂടി നടത്തുന്നതിന് രണ്ടാം ഘട്ടമായി തുക അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ എല്ലാം ഈ ഘട്ടത്തിൽ തന്നെ പൂർത്തിയാക്കുന്നതാണ്. ഇതിൽ 20.70 ലക്ഷം രൂപയുടെ വർക്ക് മാത്രമാണ് പൂർത്തീകരിക്കാനായി ബാക്കിയുള്ളത്.

### ഉദുമ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

194(1286) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ ഒരു കോടി രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

&

(ബി) ഈ പദ്ധതികളുടെ എസ്.പി.വി., ഡി.പി.ആർ. എന്നിവ സാമ്പത്തി കാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ ഒരു കോടി രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ജി.എച്ച്.എസ്.എസ്. ബേത്തൂർപ്പാറ, ജി.എച്ച്.എസ്.എസ്. കല്ലിയോട്ട്, ജി.യു.പി.എസ്. കോളിയടുക്കം, ജി.യു.പി.എസ്. മൂളിയാർ മാപ്പിള, ജി.എച്ച്.എസ്. ബാരെ, ജി.എച്ച്.എസ്. തച്ചങ്ങാട്, ജി.എച്ച്.എസ്. കൊളത്തൂർ, ജി.എഫ്.എച്ച്. എസ്.എസ്. ബേക്കൽ, ജി.എച്ച്.എസ്.എസ്. ചന്ദ്രഗിരി, ജി.എച്ച്.എസ്.അമ്പലത്തറ, ജി.വി.എച്ച്. എസ്.എസ്. ദേലംപാടി, ജി.വി.എച്ച്.എസ്.എസ്. കുനിയ, ജി.എച്ച്.എസ്.എസ്. പാക്കം, ജി.യു.പി.എസ് ചെമ്മനാട് വെസ്റ്റ്, ജി.എം.യു.പി.എസ്, പള്ളിക്കര. ജി.യു.പി.എസ്. ചെമ്മനാട് വെസ്റ്റിന്റെ മാത്രം ഫീസിബിലിറ്റി സ്റ്റഡി ലഭ്യമായിട്ടില്ല. പ്രസ്തുത സ്കൂളിന്റെ ഒഴികെ ബാക്കി എല്ലാ സ്കൂളുകളുടേയും ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ ?

ഡി.പി.ആർ. സമർപ്പിച്ച സ്കൂളുകളുടെ എസ്റ്റിമേറ്റുകൾക്ക് ടെക്നിക്കൽ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വേങ്ങര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ**

195(1287) ശ്രീ. കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രവൃത്തികളാണ് പൊതുവിദ്യഭ്യാസ വകുപ്പിന്റെ കീഴിൽ കിഫ്ബി മുഖേന നടത്തുന്നതിന് തീരുമാനിച്ചിരുന്നത്; ഇവയിൽ പൂർത്തിയായവ ഏതൊക്കെ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇവയിൽ ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ ലിസ്റ്റും നിലവിലെ പുരോഗതിയും അറിയിക്കുമോ; &

(സി) വകുപ്പിന്റെ ഈ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്താൻ സമർപ്പിച്ചത് തീരുമാനമാകാതെ തുടരുന്നുണ്ടോ; വ്യക്തമാക്കുമോ ?

(എ-സി) വേങ്ങര നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പ്രവൃത്തികളാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കിഫ്ബി മുഖേന നടത്തുന്നത്.

5 കോടി കിഫ്ബി ഫണ്ട് വേങ്ങര ഗവ.ബോയ്സ് വി.എച്ച്. എസ്.എസ്. - പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി ഫണ്ട് ഒതുക്കങ്ങൽ ജി.എച്ച്.എസ്.എസ് - നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്, ജി.എം.യു.പി.എസ്. ചേറൂർ, ജി.എച്ച്.എസ്.കുറുക എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-ആയി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. ജി.വി.എച്ച്.എസ്.എസ്. വേങ്ങര - നിർമ്മാണത്തിനുള്ള എസ്.പി.വി.യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം നടന്നുവരുന്നു. 1 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്. കൊളപ്പുറം, ജി.യു.പി.എസ് മുണ്ടോത്തുപറമ്പ്, ജി.യു.പി.എസ്. ചോലക്കുണ്ട്-എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എം.യു.പി.എസ്.കണ്ണമംഗലം സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലം ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി

196(1288) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം, കൊട്ടില, മാട്ടൂൽ, കല്ല്യാശ്ശേരി, ചെറുകുന്ന് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അടുത്ത കിഫ്ബി യോഗത്തിൽ ഫണ്ട് ലഭ്യമാക്കി ഈ സർക്കാരിന്റെ കാലത്തുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കുഞ്ഞിമംഗലം, ജി.എച്ച്.എസ്.എസ്. കൊട്ടില, സി.എച്ച്.എം.കെ.എസ്.ജി.എച്ച്.എസ്.എസ്. മാട്ടൂൽ, കെ.പി.ആർ.ഗോപാലൻ സ്മാരക ജിഎച്ച്.എസ്.എസ് കല്ല്യാശ്ശേരി, ചെറുകുന്ന് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ നിർമ്മാണ ത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരം ലഭിച്ച കടന്നപ്പള്ളി, മാടായി ബോയ്സ്, ചെറുകുന്ന് വെൽഫെയർ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

ഒരു കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ അംഗീകാരം ലഭിച്ച ജി.എച്ച്.എസ്. എസ്.കടന്നപ്പള്ളി, ജി.ബി.വി.എച്ച്.എസ്.എസ്. മാടായി, ജി.ഡബ്ല്യൂ.എച്ച്.എസ്.എസ് ചെറുകുന്ന് എന്നീ സ്കൂളുകളുടെ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എസ്.പി.വി.യായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇരിങ്ങാലക്കുട മണ്ഡലം- വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

197(1289) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

&

(ബി) കിഫ്ബി മുഖേന വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഇരിങ്ങാലക്കുട മണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും, നവീകരണത്തിനും തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ, ഇരിങ്ങാലക്കുട മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## സ്കൂൾ കുട്ടികൾക്കായുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി

198(1290) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്കായുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കാലോചിതമായി പരിഷ്കരിക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതു സമൂഹത്തിന്റെ പിന്തുണയോടെ പദ്ധതി കൂടുതൽ മികവുറ്റതാക്കി പോഷകമൂല്യവും ഗുണമേന്മയുള്ള തുമായ ഉച്ചഭക്ഷണം സ്കൂൾ കുട്ടികൾക്ക് പ്രദാനം ചെയ്തുകൊണ്ട് മികച്ച ശാരീരിക, മാനസിക ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനുതകുന്ന നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അച്ചാർ, രസം എന്നിവ മാത്രം സ്ഥിരമായി സ്കൂൾ കുട്ടികൾക്ക് ചോറിനൊപ്പം നൽകുന്ന പ്രവണത അവസാനിപ്പിക്കുകയും പയർവർഗ്ഗങ്ങളും പച്ചക്കറികളും ഉപയോഗിച്ച് പോഷകമൂല്യമുള്ള രണ്ടോ മൂന്നോ കറികൾ ഉൾപ്പെടുന്ന ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് ഉച്ചഭക്ഷണമെനു പരിഷ്കരി ക്കുകയും ആയത് കർശനമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഇവയുടെ സാംപിളുകൾ എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള ലാബിൽ മൈക്രോ ബയോളജിക്കൽ പരിശോധന നടത്തുന്ന സംവിധാനത്തിന് തുടക്കംകുറിച്ചിട്ടുണ്ട്.

3. തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്കൂൾ പി.ടി.എ, ചാരിറ്റബിൾ സൊസൈറ്റികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെയൊക്കെ ധനസഹായത്തോടെ 2200 സ്കൂളുകളിൽ പ്രഭാതഭക്ഷണ പദ്ധതി നടപ്പിലാക്കി.

4. കൃഷി വകുപ്പിന്റേയും മറ്റ് സർക്കാർ ഏജൻസികളുടേയും സഹായത്തോടെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന 12324 സ്കൂളുകളിൽ 6525 സ്കൂളുകളിലെ അടുക്കള പച്ചക്കറിത്തോട്ടം സജ്ജീകരിച്ചു. നമ്മുടെ സംസ്ഥാനം കൈവരിച്ച ഈ നേട്ടം ദേശീയതലത്തിൽ ഒരു മാതൃകയായി കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുണ്ട്.

5. ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് സ്കൂളുകളിൽ വിറകിന് പകരം പാചക വാതകം ഉപയോഗിക്കുന്ന സമ്പ്രദായം നടപ്പിലാക്കി. പാചക വാതക കണക്ഷൻ എടുക്കുന്നതിനും ഗ്യാസ് അടുപ്പ് വാങ്ങുന്നതിനുമായി സ്കൂൾ ഒന്നിന് 5000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

6. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് നൽകുന്ന ഫണ്ട് അപര്യാപ്തമാണെന്ന് മനസ്സിലാക്കി ആയത് വർദ്ധിപ്പിക്കുകയും ഫീഡിങ് സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് വ്യത്യസ്ത സ്ലാബുകളായി ആയത് പുനഃ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട് .

7. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് സ്കൂളുകൾക്ക് അനുവദിക്കുന്ന തുകയിൽ നിന്ന് സ്കൂൾ പാചക തൊഴിലാളികൾക്ക് ഓണറേറിയം നൽകുന്ന സമ്പ്രദായം അവസാനിപ്പിക്കുകയും ഓണറേറിയം പ്രത്യേകമായി നൽകുന്ന സംവിധാനം നടപ്പിലാക്കുകയും ചെയ്തു.

8. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികളുടെ പ്രതിദിന ഓണറേറിയം നാല് തവണ വർദ്ധിപ്പിച്ചു. 350 രൂപയായിരുന്ന പ്രതിദിന മിനിമം ഓണറേറിയം 2016 സെപ്റ്റംബറിൽ 400 രൂപയായും കൂടിയ പ്രതിദിന ഓണറേറിയം 400-ൽനിന്ന് 475 രൂപയായും വർദ്ധിപ്പിച്ചു. തുടർന്ന് 2017-18, 2019-20, 2020-21 വർഷങ്ങളിൽ പ്രഖ്യാപിച്ച വർദ്ധനകളിലൂടെ പ്രതിദിന മിനിമം ഓണറേറിയം 550 രൂപയായും കൂടിയ പ്രതിദിന ഓണറേറിയം 625 രൂപയായും ഉയർത്തി. ഇന്ന്, ഒരു തൊഴിലാളിക്ക് പ്രതിമാസം 11,000 രൂപ മുതൽ 12,500 രൂപ വരെ ഓണറേറിയമായി ലഭിക്കുന്നു.

9. സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകൾ മുഖാന്തരം ഓണറേറിയം ലഭിക്കുന്നതിന് ഡി.ബി.ടി. സംവിധാനം നടപ്പിലാക്കി. ഈ തീരുമാനംമൂലം എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ തൊഴിലാളികൾക്ക് കൃത്യമായി ഓണറേറിയം ലഭിക്കുന്ന ഒരു സാഹചര്യം സംജാതമായിട്ടുണ്ട്.

10. സ്കൂളുകൾ പ്രവർത്തിക്കാത്ത വേനലവധിക്കാലത്ത് പാചക തൊഴിലാളികൾക്കുണ്ടാകുന്ന വരുമാന നഷ്ടം കണക്കിലെടുത്ത് ഏപ്രിൽ, മേയ് മാസങ്ങളിൽ ഓരോ തൊഴിലാളിക്കും പ്രതിമാസം 2000 രൂപ വീതം സമാശ്വാസമായി അനുവദിക്കുവാൻ തീരുമാനിക്കുകയും 2017 മുതൽ ഇത് നടപ്പിലാക്കുകയും ചെയ്തു.

11. സംസ്ഥാനത്തെ 12 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹായത്തോടെ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് എല്ലാ വർഷവും കൃത്യമായി പരിശീലനം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി.

12. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സുഗമവും കാര്യക്ഷമവുമാക്കുന്നതിന് സ്കൂൾതല ഉച്ചഭക്ഷണ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയും വിദ്യാർത്ഥികളുടെ പ്രതിനിധി, പാചകതൊഴിലാളി എന്നിവരെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എയ്ഡഡ് സ്കൂളുകളിലെ ഉച്ചഭക്ഷണ കമ്മറ്റികളിൽ മാനേജർ/മാനേജരുടെ പ്രതിനിധിയെ ഉൾപ്പെടുത്തി.

13. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, പരാതികൾ എന്നിവ നേരിട്ടോ, തപാൽ മാർഗ്ഗമോ, ഫോൺ/ഇ-മെയിൽ മുഖാന്തരമോ സമർപ്പിക്കുന്നതിന് 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിൽ പരാതി പരിഹാര സെൽ രൂപീകരിച്ചു.

14. ജില്ലാ, ഉപജില്ലാ തലങ്ങളിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂൾ പ്രഥമാദ്ധ്യാപകർ, പദ്ധതി നടത്തിപ്പിൽ പ്രഥമാദ്ധ്യാപകരെ സഹായിക്കുന്ന സഹ അദ്ധ്യാപകർ, പി.ടി.എ. പ്രസിഡന്റുമാർ, എസ്.എം.സി. ചെയർമാന്മാർ, മദർ പി.ടി.എ. പ്രസിഡന്റുമാർ എന്നിവർക്ക് വർഷം തോറും പരിശീലനം നൽകുന്ന പദ്ധതിക്ക് 2017-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

15. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി സാമൂഹ്യ ഓഡിറ്റിന് വിധേയമാക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആലപ്പുഴ, വയനാട് ജില്ലകളിൽ പദ്ധതിയുടെ സാമൂഹ്യ ഓഡിറ്റ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

16. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ എണ്ണം 18-ൽ നിന്ന് 10 ആയി കുറയ്ക്കുകയും അതിൽ പലതും പൂർണമായും ഡിജിറ്റൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

17. ഉച്ചഭക്ഷണ പദ്ധതിയുടെ ധനവിനിയോഗ പത്രങ്ങളും മറ്റും സമയബന്ധിതമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചുകൊണ്ട് ടി പദ്ധതിക്കുള്ള കേന്ദ്ര വിഹിതം പൂർണമായും വാങ്ങിയെടുക്കുവാനും അത് കൃത്യമായി വിനിയോഗിക്കുവാനും സാധിച്ചിട്ടുണ്ട്.

<u>കോവിഡ് കാലത്തെ പ്രത്യേക നടപടികൾ</u>

1. ഈ കോവിഡ് കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്തതിനാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ എല്ലാ കുട്ടികൾക്കും ഭക്ഷ്യ 'ഭദ്രതാ അലവൻസായി' ഭക്ഷ്യധാന്യവും ചെറുപയർ, കടല, പരിപ്പ്, ഭക്ഷ്യഎണ്ണ തുടങ്ങിയ അവശ്യ ഭക്ഷ്യവസ്തുക്കളുമുൾപ്പെടുത്തിയ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

2. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ 26,26,763 കുട്ടികൾക്കും ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 27,27,202 കുട്ടികൾക്കും ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്തതുമൂലം സാമ്പത്തിക പ്രതിസന്ധിയിലായ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് കോവിഡ് കാല സമാശ്വാസമായി പ്രതിമാസം 1600 രൂപ വീതം അനുവദിച്ചു. കൂടാതെ 2017-18, 2019-20 വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വേതന വർദ്ധനവിന്റെ ജൂൺ 2017 മുതൽ ജൂലൈ 2019 വരെയുള്ള കാലയളവിലെ കുടിശ്ശിക ഒറ്റ ഗഡുവായി നൽകുവാൻ തീരുമാനിക്കുകയും ഇതിനായി 33.176 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്കൂളിലെ പ്രഥമാദ്ധ്യാപകരെ ഇതിന്റെ ചുമതലയിൽനിന്നും ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ?

ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ പ്രഥമാദ്ധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള ഉത്തരവാദിത്തങ്ങൾ/ചുമതലകൾ എന്നിവയിൽനിന്ന് അവരെ ഒഴിവാക്കിയിട്ടില്ല. എന്നാൽ, പ്രഥമാദ്ധ്യാപകരെ അവരിൽ നിക്ഷിപ്തമായ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സംബന്ധമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിന് രണ്ട് സഹാദ്ധ്യാപകർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ സ്കൂൾ പി.ടി.എ., എസ്.എം.സി., മദർ പി.ടി.എ. എന്നിവയ്ക്കും

സുവ്യക്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നൽകിയിട്ടുണ്ട്. പി.ടി.എ. പ്രസിഡന്റ് ചെയർമാനും സ്കൂൾ പ്രഥമാദ്ധ്യാപകൻ കൺവീനറുമായ 12 അംഗ (എയ്ഡഡ് സ്കൂളുകളിൽ 13 അംഗങ്ങൾ) ഉച്ചഭക്ഷണ കമ്മറ്റിക്കാണ് പദ്ധതി നടത്തിപ്പിന്റെ നേരിട്ടുള്ള മേൽനോട്ടം നൽകിയിട്ടുള്ളത്. പ്രതിദിന മെനു നിശ്ചയിക്കുക, പാചകതൊഴിലാളികളെ നിയമിക്കുക, പ്രതിമാസ വരവ് ചെലവ് കണക്കുകൾ അവലോകനം ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ പദ്ധതി നടത്തിപ്പിനാവശ്യമായ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവ സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റിയുടെ ചുമതലകളാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകളിൽ വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളടക്കമുള്ള സാധന സാമഗ്രികൾ (ഭക്ഷ്യധാന്യം ഒഴികെ) ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിനും സാധന സാമഗ്രികൾ നേരിട്ട് സ്കൂളുകളിൽ എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്ക് നൽകികൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനുമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) കോവിഡിന്റെ സാഹചര്യത്തിൽ കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തുവാൻ ആരോഗ്യകായിക വിദ്യാഭ്യാസത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

കോവിഡിന്റെ സാഹചര്യത്തിൽ നിലവിലുള്ള ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ നൽകിവരുന്നു. നിലവിലുള്ള പാഠ്യപദ്ധതിയിലെ പ്രവർത്തനങ്ങൾ വീട്ടിലിരിക്കുന്ന കുട്ടികൾക്ക് യഥാവിധം ചെയ്യുവാൻ കഴിയുന്ന രീതിയിലുള്ള അനുരൂപീകരണം നടത്തിയ ക്ലാസ്സുകളാണ് പ്രത്യേകം തയ്യാറാക്കിയിട്ടുള്ളത്. കോവിഡ് തുടങ്ങിയ ആദ്യസമയത്ത് 'സമഗ്ര' പോർട്ടലിലൂടെ കുട്ടികൾക്ക് വീട്ടിലിരുന്ന് അഭ്യസിക്കുവാൻ കഴിയുന്ന വ്യക്തിഗത കായിക പരിശീലന വീഡിയോകളും തയ്യാറാക്കി നൽകിയിരുന്നു.

(ഡി) കോവിഡ് ബാധിതരായ കുട്ടികൾക്ക് അതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും മാനസിക പ്രശ്നങ്ങളും കണ്ടെത്തി അത് പരിഹരിക്കുന്നതിന് സ്കൂൾ തലത്തിൽ എന്തെങ്കിലും സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

കുട്ടികൾ രോഗലക്ഷണം പ്രകടിപ്പിക്കുകയാണെങ്കിൽ അത്തരം കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരണം നൽകുന്നതിനുമായി എല്ലാ സ്കൂളുകളിലും Sick Room സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് എല്ലാ സ്കൂളുകളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ

199(1291) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൽപ്പറ്റ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിലും കിഫ്ബിയിലും ഉൾപ്പെടുത്തി ഏതെല്ലാം വിദ്യാലയങ്ങൾക്ക് എത്ര രൂപ അനുവദിച്ചു; വിശദമാക്കാമോ; &

(ബി) ഇത്തരത്തിൽ അനുവദിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

(എ&ബി) കൽപ്പറ്റ മണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഏരിയ ഇന്റൻസീവ് പ്രോഗ്രാം

200(1292) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഏരിയ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് സംസ്ഥാനത്തിന് കേന്ദ്രം എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിലെ കണക്കുകൾ വിശദമാക്കാമോ :

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 1994-95 | 105.48 |
| 1997 (16-06-1997) | 105.48 |
| 1997 (21-08-1997) | 12.50 |
| ആകെ | 223.46 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1997-നുശേഷം പ്രസ്തുത പദ്ധതി പ്രകാരം യാതൊരു വിധ ഫണ്ടുകളും അനുവദിച്ചിട്ടില്ല.

(ബി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചതെന്ന് അറിയിക്കാമോ ?

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാണ് ടി തുക വിനിയോഗിച്ചത്.

(സി) ഓരോ സാമ്പത്തിക വർഷവും ഗ്രാന്റായി ലഭിച്ച തുക പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

1994-95 വർഷത്തിൽ ചെലവഴിക്കാതിരുന്ന 3.6 ലക്ഷം രൂപയിൽ 1.8 ലക്ഷം രൂപ കണ്ണൂർ പൂക്കം ഇത്തിഹാലത്തുൽ മുസ്ലീമിൻ സംഘത്തിന് അനുവദിച്ചിരുന്നു. എന്നാൽ ടി സ്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാൽ തുക കൈമാറിയിരുന്നില്ല. കോഴിക്കോട് എം.എസ്.എസ്.എൽ.പി.എസ്, ചേരുറ്റി സ്കൂളിനും അനുവദിച്ച 1,80,000/- രൂപയും നൽകിയിട്ടില്ല. 1997 വർഷത്തിൽ ചെലവഴിക്കാത്ത 8.28 ലക്ഷം രൂപ എം.എസ്.എസ്. എൽ.പി.എസ്, ചേരുറ്റി, കണ്ണൂർ പൂക്കം ഇത്തിഹാലത്തുൽ മുസ്ലീമിൻ സംഘം, എം.എസ്.എസ്.യു.പി. സ്കൂൾ, അരിക്കോട്, വഴക്കാട്, മലപ്പുറം ഇർഷാദ് യു.പി.സ്കൂൾ, തടപ്പറമ്പ, മലപ്പുറം, എച്ച്.എസ്. കമ്മിറ്റി, മംഗലം, പടിയം, മലപ്പുറം എന്നീ സ്കൂളുകൾക്ക് അനുവദിച്ചതാണ്. എന്നാൽ ടി തുക പ്രസ്തുത സ്കൂളുകൾക്ക് നൽകിയിട്ടില്ല. 1997-ൽ പദ്ധതിക്കായി കേന്ദ്രം അനുവദിച്ച 12.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയില്ല.

## സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി

201(1293) <u>ശ്രീ. സി. ദിവാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സ്ഥാപിതമായിട്ടില്ല. എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഭാഷാപഠനം

202(1294) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറിതലം മുതൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭാഷാപഠനം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ?

സംസ്ഥാനത്ത് ഒന്നുമുതൽ പത്തുവരെ ക്ലാസുകളിൽ ഐ.ടി. അധിഷ്ഠിത പഠനത്തോടൊപ്പം ഐ.സി.ടി.-ക്ക് പ്രത്യേക പാഠപുസ്തകവും പഠനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിന്തുടരുന്ന ഭാഷാ വിഷയങ്ങളുൾപ്പെടെ പഠിക്കുന്നതിന് സാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. പ്രൈമറിതലം മുതൽ ഇംഗ്ലീഷ് പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് 'ഇ-ക്യൂബ് ഇംഗ്ലീഷ് ' എന്ന പേരിൽ പ്രത്യേക പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പഠനം കൂടുതൽ രസകരവും ആസ്വാദ്യകരവും ആക്കുന്നതിനോടൊപ്പം കുട്ടികളെ സ്വയം പഠനത്തിന് പ്രാപ്തരാക്കുന്നതിനുമായി പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് നൽകിയിട്ടുണ്ട്. വാക്കുകളുടെ ഉച്ചാരണം കേട്ട് പഠിക്കാനും കഥകളും കവിതകളും അദ്ധ്യാപകരുടേയും കുട്ടികളുടെയും ശബ്ദമാധുരിയിൽ കേൾക്കാനുള്ള അവസരവും ക്യൂ.ആർ. കോഡിലൂടെ നൽകുന്നുണ്ട്.

(ബി) കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഇത് സംബന്ധിച്ച് രൂപപ്പെടുത്തിയിട്ടുള്ള പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

'ഇ-ക്യൂബ് ഇംഗ്ലീഷ്' എന്ന പേരിൽ പ്രത്യേക പദ്ധതി കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി സ്കൂൾ തലത്തിൽ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാനത്തെ 14 ഡയറ്റുകളിലും ലാംഗ്വേജ് ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. ഓൺലൈനായും ഓഫ്‌ലൈനായും ഇംഗ്ലീഷ് പഠനത്തിന് സഹായകമായ സോഫ്റ്റ്‌വെയർ സംവിധാനങ്ങളും കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സജ്ജമാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 2020 മാർച്ച് മുതൽ സംസ്ഥാനത്തും കോവിഡ്-19 ലോക്ഡൗൺ പ്രഖ്യാപിച്ചതിനാൽ പ്രാഥമിക പരിശീലനം നൽകാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. എന്നാൽ 2021 ജനുവരിയിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

203(1295) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദ വിവരം സ്കൂൾ ലിസ്റ്റും തുകയും ഉൾപ്പെടെ വിശദമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) പ്രസ്തുത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഭൗതിക സാഹചര്യം ഉറപ്പാക്കുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതുതായി ഫണ്ട് അനുവദിക്കേണ്ട സ്കൂളുകൾ ഏതൊക്കെയെന്നും അവയ്ക്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

നിർമ്മാണ പ്രവൃത്തിക്ക് തുക ആവശ്യമായ പ്രൊപ്പോസലുകളൊന്നും നിലവിൽ ലഭ്യമല്ല.

## കിഫ്ബി ഫണ്ട് മുഖേന സ്കൂൾ നവീകരണം

204(1296) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അനുവദിച്ച മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ നാല് സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്; പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൂന്ന് കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.വി, ആയി വാപ്കോസിനെ ചുമതലപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ സി.പി.എൻ. എസ്.ജി.എച്ച്.എസ്.എസ്. മാതമംഗലം സ്കൂളിന്റെ നിർമ്മാണം നടന്നുവരുന്നു. നിർമ്മാണത്തിനുള്ള എസ്.പി.വി. ആയി ഇൻകെലിനെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. വയക്കര, ജി.എച്ച്.എസ്.എസ്. വെള്ളൂർ, ഷേണായി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പയ്യന്നൂർ, ജി.എച്ച്.എസ്.എസ്. മാത്തിൽ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിദ്യാശ്രീ പദ്ധതി

205(1297) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് 18000 രൂപയ്ക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്ന വിദ്യാശ്രീ പദ്ധതി പ്രഖ്യാപിച്ച് 6 മാസം കഴിഞ്ഞിട്ടും ആയത് നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ലാപ് ടോപ്പിനുള്ള ടെണ്ടർ നടപടികളുമായി ഐ.ടി. വകുപ്പ് മുന്നോട്ട് പോകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതെന്നും ഇതിനായി എത്ര പേർ കെ.എസ്.എഫ്.ഇ.-യിൽ രജിസ്റ്റർ ചെയ്തുവെന്നും അറിയിക്കുമോ ?

ഈ പദ്ധതി പ്രകാരം 500000 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. നിലവിൽ 12-1-2021 വരെ ഏകദേശം 68,000 കുടുംബശ്രീ അംഗങ്ങൾ കെ.എസ്.എഫ്.ഇ.-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) വിതരണം ചെയ്യുന്ന ലാപ്ടോപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ടോ; വിദ്യാർത്ഥികൾക്ക് ഒന്നിലേറെ കമ്പനികളിൽനിന്നും ഇഷ്ടമുള്ള കമ്പനിയുടെ പ്രോഡക്ട് തെരഞ്ഞെടുക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാ ക്കുമോ ?

ലാപ്ടോപ്പുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ KITE (Kerala Infrastructure and Technology for Education) തയ്യാറാക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് IT വകുപ്പായിരിക്കും തീരുമാനിക്കുന്നത്. IT വകുപ്പ് തയ്യാറാക്കുന്ന അംഗീകൃത പാനലിൽനിന്നും 18,000 രൂപയോ അതിന് താഴെയോ വിലയുള്ള ലാപ്ടോപ്പുകൾ അംഗങ്ങൾക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. എന്ത് തുകയാണ് വായ്പയായി ലഭ്യമാക്കുന്നത്?

ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. 14,250 രൂപയാണ് വായ്പയായി ലഭ്യമാക്കുന്നത്.

**വള്ളിക്കുന്ന് മണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ നവീകരണം**

206(1298) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രവർത്തനം തുടങ്ങിയതും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിൽ സർക്കാർ സ്കൂളുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പൊതുവിദ്യാലയങ്ങളിൽ നൂതന പദ്ധതികൾ**

207(1299) ശ്രീ. എ. പ്രദീപ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാഠ്യപദ്ധതി പരിഷ്കരണം, അദ്ധ്യാപക ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി എന്തെല്ലാം പഠനങ്ങളും ഗവേഷണങ്ങളുമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട 1 മുതൽ 12 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും വിശകലനം, പഠനസാമഗ്രികൾ മെച്ചപ്പെടുത്തൽ എന്നിവ നടത്തി. അധ്യാപക ശാക്തീകരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള പഠനങ്ങളും ഗവേഷണങ്ങളും ചുവടെ നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഐ.ടി. ഗണിത ലാബുകളുടെ പ്രവർത്തന മികവുകൾ സംബന്ധിച്ച വിലയിരുത്തൽ പഠനം.

2. സ്കൂൾ അദ്ധ്യാപകർക്കായി സ്കൂൾ കേന്ദ്രീകൃത അദ്ധ്യാപക ശാക്തീകരണ പദ്ധതി - 'ഉയരെ'.

3. പ്രീ സ്കൂൾ അദ്ധ്യാപക പരിവർത്തന പരിപാടിയുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതി - 'പ്രശിക്ഷ'.

4. എസ്.സി.ഇ.ആർ.ടി.-യുടെ അക്കാദമികവും സാമ്പത്തികവുമായ പിന്തുണയോടെ വ്യക്തിഗത അദ്ധ്യാപക ഗവേഷണ പദ്ധതികൾ നടന്നുവരുന്നു.

5. 14 ഡയറ്റുകളും എസ്.സി.ഇ.ആർ.ടി.-യുമായി ചേർന്ന് സംയുക്ത പഠനങ്ങൾ.

(ബി) വിദ്യാർത്ഥികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ആരംഭിച്ച 'ടാലന്റ് ലാബ്' പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

'ടാലന്റ് ലാബ്' എന്ന ആശയത്തിന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു പ്രായോഗിക മാതൃക വികസിപ്പിക്കുക എന്ന പ്രവർത്തനം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(സി) പൊതുവിദ്യാലയങ്ങളിൽ ഈ സർക്കാർ നടപ്പിലാക്കിയ 'പഠനോത്സവം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

കുട്ടികളുടെ പഠന മികവുകളെ പൊതുസമൂഹവുമായി പങ്കുവയ്ക്കുക, വിദ്യാലയങ്ങളുടെ അക്കാദമിക മികവ് സമൂഹത്തെ ബോധ്യപ്പെടുത്തുക, ഓരോ കുട്ടിക്കും ഏറ്റവും മികച്ച മേഖലയിലുള്ള തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭ്യമാക്കുക, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂൾ എന്ന പരിമിതി മുറിച്ചുകടക്കാൻ സ്കൂളുകളെ പ്രാപ്തരാക്കുക, പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളിൽ ആത്മ വിശ്വാസം വളർത്തുക, വിദ്യാലയങ്ങളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഉണ്ടായ അക്കാദമികവും ഭൗതികവുമായ ഗുണാത്മക മാറ്റം സമൂഹത്തിൽ എത്തിക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യംവച്ച് സ്കൂളിലെ/ക്ലാസിലെ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്ന തരത്തിൽ ജനകീയ പഠനോത്സവം സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷമായി സംഘടിപ്പിക്കുന്നു. 9-ാം ക്ലാസ് വരെയുള്ള കുട്ടികളാണ് പഠനോത്സവത്തിൽ പങ്കെടുത്തത്.

(ഡി) കുട്ടികളിലെ ശാസ്ത്രബോധം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയ 'ശാസ്ത്രപഥം' പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിലെ ശാസ്ത്ര വിഷയങ്ങളിൽ താല്പര്യമുള്ള കുട്ടികൾക്കായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ക്യാമ്പുകളിൽ മികവ് പുലർത്തിയ കുട്ടികൾക്ക് ഐസർ തിരുവനന്തപുരത്തുവച്ച് അഞ്ച് ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു.

**മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന വികസനം**

208(1300) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് അടിസ്ഥാന വികസനത്തിനായി ഫണ്ട് അനുവദിച്ചത്; എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്;

&

(സി) എത്ര സ്കൂളുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിക്കാനുള്ളത് ?

(എ-സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിൽ, പരീക്ഷകൾ നടത്താനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ മുൻകരുതലുകളും ക്രമീകരണങ്ങളും ഏർപ്പെടുത്തുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) മാനന്തവാടി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണച്ചുമതല നൽകിയ ഏജൻസികൾ ഏതെല്ലാമാണ്; നിർമ്മാണ പുരോഗതി അറിയിക്കാമോ?

സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ഉദുമ മണ്ഡലം- ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പുരോഗതി

209(1301) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ മൂന്ന് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. ഉദുമ, ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ഏറ്റെടുത്ത എസ്.പി.വി., ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഈ പ്രവൃത്തികൾ എന്ന് തുടങ്ങാനാകുമെന്ന് അറിയിക്കുമോ?

(എ-സി) ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ മൂന്ന് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. ഉദുമ, ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നത് പുനഃപരിശോധിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽ നിന്ന് അറിയിച്ചിരുന്നതനുസരിച്ച് പ്രസ്തുത ഡി.പി.ആർ. അടിയന്തരമായി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് 'ഇൻകെലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കിഫ്ബി ഡി.പി.ആർ.-ന് അംഗീകാരം നൽകുന്ന മുറയ്ക്ക് തുടർനടപടികൾ ആരംഭിക്കുന്നതാണ്.

### സയൻസ് ലാബുകൾ നവീകരിക്കുന്ന പദ്ധതി

210(1302) ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ സയൻസ് ലാബുകൾ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് നവീകരിക്കുവാൻ ഫണ്ട് അനുവദിച്ചിരുന്നോ ?

അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിന് പകരം കൊയിലാണ്ടി ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിനെ ഉൾപ്പെടുത്തണമെന്ന അപേക്ഷയിന്മേൽ ഹയർ സെക്കണ്ടറി വിഭാഗം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

7-8-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 3026/2018/പൊ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച 68 സ്കൂളുകളിൽ കൊയിലാണ്ടി ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. 2020-21 വാർഷിക പദ്ധതിയിൽ പ്രസ്തുത സ്കൂളിനെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പയ്യോളി ഗവ. വി.എച്ച്.എസ്.എസ്.-ലെ ലാബ് നവീകരണത്തിന്റെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

പ്രസ്തുത സ്കൂളിലെ ലാബ് നവീകരണ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

## സ്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ

211(1303) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചലഞ്ച് ഫണ്ട് വിനിയോഗിച്ച് ഇടുക്കി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഏതെല്ലാം സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി; വ്യക്തമാക്കുമോ?

ഇടുക്കി നിയോജകമണ്ഡലത്തിൽ രണ്ട് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ, മുരിക്കാശ്ശേരി, ഇടുക്കി.
2. എസ്.എൻ.ഡി.പി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ,

   അടിമാലി, ഇടുക്കി

നിർമ്മാണ പ്രവർത്തനങ്ങളുടെ ഘട്ടംഘട്ടമായിട്ടുള്ള പുരോഗതി വിലയിരുത്തി തുക അനുവദിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അൺ എയ്ഡഡ് മേഖലയിലെ സ്റ്റേറ്റ് സിലബസ് സ്കൂളുകൾ

212(1304) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് മേഖലയിൽ സ്റ്റേറ്റ് സിലബസ് പഠിപ്പിക്കുന്ന സ്കൂളുകളുടെ അംഗീകാരത്തിനായി സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. 85 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ എത്ര സ്കൂളുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിവരം ലഭ്യമാക്കുമോ ?

ഒരു സ്കൂളിന്റെ അംഗീകാരത്തിന് സർക്കാർ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2 സ്കൂളുകളിന്മേൽ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നടപടി സ്വീകരിക്കുവാൻ 25-6-2020-ലെ എഫ്1/35/19/പൊ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എല്ലാ യോഗ്യതകളുമുള്ള അൺ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസ് സ്കൂളുകൾക്ക് അംഗീകാരം നൽകാത്തതിന്റെ കാരണം എന്താണ് എന്ന് വിശദീകരിക്കുമോ;

&

(ഡി) അപേക്ഷ സമർപ്പിച്ച യോഗ്യതയുള്ള എല്ലാ സ്കൂളുകൾക്കും അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ലഭ്യമായ മറ്റ് അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

## സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്

213(1305) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ്-19-മായി ബന്ധപ്പെട്ട് സ്കൂളുകൾ 9 മാസം പൂർണ്ണമായും പൂട്ടിയ സാഹചര്യത്തിൽ സ്കൂൾ സിലബസ് പുനഃക്രമീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

1 മുതൽ 12 വരെ ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഡിജിറ്റൽ ക്ലാസിലൂടെ വിനിമയം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ 10, 12 ക്ലാസുകളിലെ പൊതുപരീക്ഷയ്ക്കായി പ്രത്യേക ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ബി) ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി നടത്തിയ ഓൺലൈൻ ക്ലാസുകളിലൂടെ സിലബസ് പൂർണ്ണമായും പഠിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്താം ക്ലാസിലെ പാഠഭാഗങ്ങൾ ജനവരി 17-നം പന്ത്രണ്ടാം ക്ലാസിലേത് ജനവരി 31-നം പൂർത്തിയാക്കത്തക്ക രീതിയിലാണ് ഫസ്റ്റ്ബെൽ ക്ലാസുകളുടെ ക്രമീകരണം ഒരുക്കിയിരിക്കുന്നത്. പത്ത്, പന്ത്രണ്ട് ക്ലാസുകൾക്കൊപ്പം ഒന്നുമുതൽ ഒൻപതുവരേയും പതിനൊന്നാം ക്ലാസിലേയും പാഠഭാഗങ്ങൾ ഇപ്പോഴും സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(സി) വേണ്ടത്ര ചർച്ചയും പഠനവും നടത്താതെ ഏർപ്പെടുത്തിയ ഓൺലൈൻ ക്ലാസ് സമ്പ്രദായം പല കുട്ടികൾക്കും പ്രത്യേകിച്ച് പട്ടികജാതി, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രതിബന്ധവും മാനസികമായ പിരിമുറുക്കവും ഉണ്ടാക്കി എന്നത് വസ്തുതയാണോ; എങ്കിൽ ഇത് തരണം ചെയ്യുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായത് ?

കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കുന്നുണ്ട്. വീട്ടിൽ, ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടേയോ ടി.വി./ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും (ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമായതുൾപ്പെടെ) ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയുമാണ് ക്ലാസുകൾ നടത്തിവരുന്നത്. ക്ലാസുകൾ കാണുന്നതിന് ബദൽ സംവിധാനം ഒരുക്കുമ്പോൾ ഒരു ക്ലാസിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടുമാത്രം എല്ലാ ക്ലാസുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ സ്കൂളുകളിൽ നിലവിലുള്ള ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിന്റേയും സംപ്രേഷണത്തിന് മുൻപും ശേഷവും അതത് ക്ലാസിലെ കുട്ടികളുമായി ആശയവിനിമയം നടത്തുന്നതിനും കുട്ടിക്ക് ക്ലാസ് കാണാനുള്ള പ്രേരണയും കണ്ട ക്ലാസിലെ സംശയ നിവാരണത്തിനുള്ള അവസരവും ക്ലാസ് ടീച്ചർ നൽകിവരുന്നു. സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ എപ്പോഴും സൗജന്യമായി ഉപയോഗിക്കുന്നതിന് വെബ്ബിൽ

firstbell.kite.kerala.gov.in എന്ന പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് മാത്രമല്ല അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമെല്ലാം ഇത് ഏത് സമയം വേണമെങ്കിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ വൈദ്യുതി തടസ്സം, കേബിൾ-ഇന്റർനെറ്റ് ലഭ്യമല്ലാതിരിക്കൽ തുടങ്ങിയ കാരണങ്ങളാൽ കുട്ടികൾക്ക് ക്ലാസ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കാനാകും. 2020 ജൂൺ 1 മുതൽ എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് 'ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാദ്ധ്യാപകർ പി.ടി.എ.-യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സിലബസ് പിന്തുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വി.-യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ ദേവിക എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനിയുടെ രക്തസാക്ഷിത്വം വേണ്ടത്ര മുന്നൊരുക്കങ്ങൾ നടത്താതെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചതുമൂലമല്ലേ; എങ്കിൽ ഇത്തരം ആത്മഹത്യകൾ ഉണ്ടാകാതിരിക്കുവാൻ വകുപ്പ് നടത്തിയ ഇടപെടലും പ്രവർത്തനവും വിശദമാക്കുമോ?

ആണെന്ന് കരുതുന്നില്ല. 2020 ജൂൺ 1-ന് ട്രയൽ അടിസ്ഥാനത്തിൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ വീഡിയോ പാഠങ്ങളുടെ സംപ്രേഷണം ആരംഭിച്ചു. കൂടാതെ പാഠഭാഗങ്ങളുടെ ഓൺലൈൻ ലിങ്കുകൾ യുട്യൂബ്, ഫെയ്സ്ബുക്ക് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ മുഖേന കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്തു. ട്രയൽ സംപ്രേഷണം ചെയ്തതിലൂടെ ജില്ലകളിലെ വിവിധ മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങളുടെ കൃത്യമായ പരിശോധനയിൽ കണക്കുകൾ ലഭ്യമാവുകയും അസൗകര്യങ്ങൾ ഉള്ള കുട്ടികൾക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അവസരം ലഭിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ തുടങ്ങി നിരവധി കേന്ദ്രങ്ങളിൽ നിന്ന് ടെലിവിഷൻ, ലാപ്ടോപ്പ്, മൊബൈൽ ഫോൺ, നെറ്റ് വർക്ക് കണക്ഷനുകൾ, ടാബ്ലറ്റുകൾ എന്നിവ പ്രാദേശിക തലത്തിൽ പ്രധാനമായി പൊതുപഠന കേന്ദ്രങ്ങൾക്കും ചിലയിടങ്ങളിൽ കുട്ടികളുടെ വീടുകളിലും ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. ഓൺലൈൻ പഠന സൗകര്യങ്ങൾ വീടുകളിൽ

ലഭ്യമല്ലാതിരുന്ന കുട്ടികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ, വായനശാലകൾ, അക്ഷയ കേന്ദ്രം, കമ്മ്യൂണിറ്റി സെന്ററുകൾ, എം.ജി.എൽ.സി.-കൾ, അങ്കണവാടികൾ, ബി.ആർ.സി.-കൾ, കുടുംബശ്രീ സംവിധാനം ഒരുക്കിയ പഠന കേന്ദ്രങ്ങൾ തുടങ്ങിയ അയൽപക്ക പഠന കേന്ദ്രങ്ങളിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ നൽകുവാൻ കഴിഞ്ഞു. കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖാന്തരം നടത്തികൊണ്ടിരിക്കുന്ന ട്രയൽ ക്ലാസ്സുകൾക്ക് ശേഷമുള്ള റഗുലർ ക്ലാസ്സുകൾ 15-6-2020 മുതൽ സംപ്രേഷണം ആരംഭിച്ചു. ഓരോ സ്കൂളിലും നിലവിലുള്ള ലാപ്ടോപ്പുകൾ, ടെലിവിഷനുകൾ, പ്രൊജക്ടറുകൾ എന്നിവയെല്ലാം കുട്ടികൾക്ക് സൗകര്യപ്രദമായ രീതിയിൽ വിന്യസിക്കുവാനും ഉപയോഗിക്കുവാനും പ്രധാനാദ്ധ്യാപകർ നടപടി കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി കേബിൾ കണക്ഷൻ, നെറ്റ്‌വർക്ക് എന്നിവ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് വീഡിയോ പാഠങ്ങൾ ഡൗൺലോഡ് ചെയ്ത് ലാപ്ടോപ്പുകൾ ഉപയോഗിച്ച് കാണുവാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി. സമഗ്രശിക്ഷാ കേരളയുടെ സഹായത്തിനുപുറമെ ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി./എസ്.ടി. പ്രമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ ക്രമീകരിച്ചത്.

## പാഠപുസ്തക വിതരണം

214(1306) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യയന വർഷാരംഭത്തിൽ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കുന്നതിന് മാതൃകാപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

2020-21 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇതിനകം വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തേയ്ക്ക് ആവശ്യമായ ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി(കെ.ബി.പി.എസ്.)-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ്.-ന് നിർദ്ദേശം നൽകി അച്ചടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്. ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ സർക്കാർ അനുമതിയോടെ സംസ്ഥാന സർക്കാരിന് കീഴിലുള്ള സെന്റർ ഫോർ

അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ് (സി-ആപ്റ്റ് കേരള) ആണ് അച്ചടിച്ച് സ്കൂൾ തലത്തിൽ വിതരണം ചെയ്തുവരുന്നത്. കൈറ്റ് മുഖാന്തരം സ്കൂളുകളിൽനിന്നും ഓൺലൈൻ ഇന്റന്റ് നേരത്തെതന്നെ ശേഖരിച്ച് സി-ആപ്റ്റ് അധികൃതർക്ക് കൈമാറി ആയതിന്റെ അടിസ്ഥാനത്തിൽ അച്ചടി പൂർത്തിയാക്കി അതത് സ്കൂളുകളിൽ നേരിട്ട് വിതരണം ചെയ്തുവരുന്ന രീതിയാണ് 2007-08 മുതൽ നിലവിലുള്ളത്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുസ്തകങ്ങൾ അദ്ധ്യയന വർഷാരംഭത്തിന് മുമ്പുതന്നെ സ്കൂളുകളിൽ വിതരണത്തിന് എത്തിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടി പൂർത്തീകരിച്ച് കൃത്യമായി വിതരണം ചെയ്യുന്നതിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ?

കഴിഞ്ഞ 3 വർഷങ്ങളിലായി പാഠപുസ്തകങ്ങളുടെ പേപ്പർ പർച്ചേസ്, അച്ചടി, വിതരണം എന്നിവയുടെ ചെലവിലേയ്ക്കായി ശരാശരി 112,000,0000 (നൂറ്റി പന്ത്രണ്ട് കോടി) രൂപയോളം ചെലവ് വരുന്നുണ്ട്.

| ഇനം | തുക (രൂപ) |
|---|---|
| പേപ്പർ പർച്ചേസ് | 83 കോടി |
| അച്ചടി | 24 കോടി |
| വിതരണം | 5 കോടി |
| ആകെ | 112 കോടി |

ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംസ്ഥാന സർക്കാരിന് കീഴിലുള്ള സി-ആപ്റ്റ് ആണ് 2007-08 മുതൽ സർക്കാർ അനുമതിയോടെ നിർവ്വഹിച്ചുവരുന്നത്. ഇതിലേയ്ക്കായി സർക്കാരിൽനിന്നും തുകയൊന്നുംതന്നെ അനുവദിക്കുന്നില്ല. പാഠപുസ്തകങ്ങൾ വിലയീടാക്കിയാണ് വിദ്യാർത്ഥികൾക്ക് നൽകുന്നത്. പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നൽകി തുക ശേഖരിച്ച് പ്രിൻസിപ്പൽമാർ സി-ആപ്റ്റിലേയ്ക്ക് ഒടുക്കുന്ന രീതിയാണ് നിലവിലുള്ളത്.

## മഞ്ചേരി നിയോജകമണ്ഡലത്തിലെ എലമ്പ്രയിൽ എൽ.പി. സ്കൂൾ

215(1307) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എലമ്പ്ര പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 8849/2017-നമ്പർ പൊതു താൽപ്പര്യ ഹർജിയിൽ എലമ്പ്രയിൽ ഒരു ഗവണ്മെന്റ് എൽ.പി. സ്കൂൾ ആരംഭിക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു.

(ബി) പ്രസ്തുത 'എലമ്പ്ര' എന്ന പ്രദേശത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉണ്ട്. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്.

(സി) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൽ.പി. സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

പുതിയതായി സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WA No. 1140/2018-മേൽ 10-7-2019-ലെ ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ ബഹു. സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ SLP © നമ്പർ27966-27970/19 ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പക്കലുള്ള നിലവിലുള്ള ഫയലിന്റെ വിശദാംശങ്ങൾ നൽകുമോ?

സർക്കാരിന്റെ F3/130/2020-GEDN- നമ്പർ ഫയലിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## 2021-ൽ വിരമിക്കുന്ന എൽ.പി.എസ്.എ. അദ്ധ്യാപകർ

216(1308) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2021-ൽ എൽ.പി. എസ്.എ. തസ്തികയിൽനിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെ കണക്ക് ലഭ്യമാണോ; ഉണ്ടെങ്കിൽ സ്കൂൾ, വിരമിക്കുന്ന തീയതി എന്നിവ ലഭ്യമാക്കാമോ ?

44 അദ്ധ്യാപകർ വിരമിക്കുന്നു. ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇത്തരത്തിൽ അദ്ധ്യാപകർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഒഴിവുകൾ നിയമാനുസൃതം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ഉദ്യോഗാർത്ഥികൾ നല്കിയിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വ്യക്തമാക്കാമോ?

ഒഴിവുകൾ നിയമാനുസൃതം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ചെറുതുരുത്തി ഗവ. എൽ.പി. സ്കൂളിന് കെട്ടിടം

ശ്രീ. യു. ആർ. പ്രദീപ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് (1309)217 : പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ചെറുതുരുത്തി ഗവ. എൽ.പി. സ്കൂളിന് കിഫ്ബി മുഖേന ഒരു കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

&

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

ചെറുതുരുത്തി ഗവ. എൽ.പി. സ്കൂളിന്റെ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. അടിയന്തരമായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എസ്.പി.വി.-യായ കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭാഷാ പരിപോഷണ പദ്ധതികൾ

218(1310) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറിതലം മുതൽ ഭാഷാ പരിപോഷണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ?

അറബിക്, ഉറുദു, സംസ്കൃതം എന്നീ വിഷയങ്ങളുടെ പ്രൈമറി തലത്തിലെ പരിപോഷണത്തിനായി യഥാക്രമം അഹ്ലാർ അറബിക്, പ്യാരി ഉറുദു, സംസ്കൃത മാധുരി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അവയ്ക്കായി അനുബന്ധ വായനാ സാമഗ്രികൾ തയ്യാറാക്കുകയും ചെയ്തു. എസ്.എസ്.കെ.-യുടെ ആഭിമുഖ്യത്തിൽ 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'സുരീലി ഹിന്ദി' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിനായി എസ്.സി.ഇ.ആർ.ടി.-യും എസ്.എസ്.കെ.-യും വായനാ കാർഡുകൾ വികസിപ്പിച്ചിട്ടുണ്ട്. ഹൈസ്കൂൾ തലത്തിൽ ഗവേഷണാടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കിയ പദ്ധതിയാണ് 'റെലിഷ് ഇംഗ്ലീഷ്'. ഹയർ സെക്കണ്ടറി തലത്തിൽ 26 വിഷയങ്ങളിലായി പുസ്തകങ്ങൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 24 സ്കൂൾ വിഷയങ്ങളിൽ മലയാള സാങ്കേതിക പദാവലിയും തയ്യാറാക്കിയിട്ടുണ്ട്.

(ബി) മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ് എന്നീ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ ?

വിദ്യാർത്ഥികളുടെ മാതൃഭാഷയിലുള്ള കഴിവ് പരിപോഷിപ്പിക്കുന്നതിന് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ 3 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ നടപ്പിലാക്കിയ പദ്ധതിയാണ് 'മലയാളത്തിളക്കം'. പ്രത്യേകം തയ്യാറാക്കിയ വീഡിയോകളുടെകൂടി സഹായത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. എല്ലാ സ്കൂളുകളിലും മലയാളത്തിളക്കം കൈപ്പുസ്തകം പ്രിന്റ് ചെയ്ത് നൽകിയിട്ടുണ്ട്. മൊഡ്യൂളിന്റെ സോഫ്റ്റ് കോപ്പിയും എല്ലാ സ്കൂളുകളിലും നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ അദ്ധ്യാപകർക്ക് മലയാളത്തിളക്കം പരിപാടിയുടെ പരിശീലനങ്ങളും നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്. ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലാണ് ഈ പരിപാടി നടപ്പിലാക്കിയത്. അദ്ധ്യാപകർക്ക് ഹലോ ഇംഗ്ലീഷ് പരിശീലനം സംഘടിപ്പിച്ചിരുന്നു. ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ജേർണലുകളും ഇംഗ്ലീഷ് വായനാ കാർഡുകളും തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്.

(സി) മലയാള ഭാഷാനിയമം എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

2018-ലെ മലയാള പഠന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ സ്കൂളുകളിലും പരിശോധനകൾ നടന്നുവരുന്നു.

**എയ്ഡഡ്, സർക്കാർ യു.പി. സ്കൂളുകൾ**

219(1311) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ്, സർക്കാർ യു.പി. സ്കൂളുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

സംസ്ഥാനത്ത് 2019-20 അധ്യയന വർഷം നിലവിലുള്ള സർക്കാർ, സർക്കാർ എയ്ഡഡ് യു.പി. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | സർക്കാർ | സർക്കാർ എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 101 | 97 |
| കൊല്ലം | 66 | 132 |
| പത്തനംതിട്ട | 43 | 86 |
| ആലപ്പുഴ | 69 | 79 |
| കോട്ടയം | 63 | 131 |
| ഇടുക്കി | 25 | 61 |
| എറണാകുളം | 88 | 102 |
| തൃശ്ശൂർ | 57 | 163 |
| പാലക്കാട് | 44 | 162 |
| മലപ്പുറം | 95 | 231 |
| കോഴിക്കോട് | 70 | 239 |
| വയനാട് | 21 | 41 |
| കണ്ണൂർ | 68 | 279 |
| കാസർഗോഡ് | 60 | 70 |
| ആകെ | 870 | 1873 |

(ബി) ഈ സ്കൂളുകൾക്ക് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

&

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര എയ്ഡഡ്-സർക്കാർ യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അത്തരം സ്കൂളുകളുടെ പേര് വിവരം ജില്ല തിരിച്ച് നൽകാമോ ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്ത സർക്കാർ യു.പി. സ്കൂളുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; അത്തരം സ്കൂളുകളുടെ പേര് വിവരം ജില്ല തിരിച്ച് നൽകാമോ ?

ഈ സർക്കാരിന്റെ കാലയളവിൽ ഒരു സർക്കാർ യു.പി. സ്കൂളും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ഇ) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ അപ്ഗ്രേഡ് ചെയ്യാൻ എത്ര സർക്കാർ-എയ്ഡഡ് യു.പി. സ്കൂളുകളുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; സ്കൂളുകളുടെ പേര് വിവരം നൽകാമോ?

വിവരം ശേഖരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ യു.പി.എസ്.റ്റി. നിയമനം

220(1312) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്ന് യു.പി.എസ്.റ്റി. തസ്തികയിൽ പി.ഡി. അദ്ധ്യാപകർ ഉൾപ്പെടെ 2021 അധ്യയന വർഷം എത്ര അദ്ധ്യാപകർ വിരമിക്കും; സ്കൂൾ, പേര്, വിരമിക്കുന്ന തീയതി എന്നിവ വേർതിരിച്ച് വിശദമാക്കാമോ ?

23 പേർ, പട്ടിക അനുബന്ധം 1-ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

പ്രതീക്ഷിത ഒഴിവുകളിൽ നിയമാനുസൃതം അർഹതപ്പെട്ടവ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കേഡർ നിലയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകളിൽ അന്തർജില്ല സ്ഥലംമാറ്റം ഉൾപ്പെടെയുള്ളവയുൾപ്പടെ എത്ര ഒഴിവുകൾ മാറ്റിവയ്ക്കപ്പെട്ടെന്നും ബാക്കിയുള്ള ഒഴിവുകൾ എന്നത്തേയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കാമോ ?

2021-22 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായശേഷം കേഡർ നില കണക്കിലെടുത്ത്, ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) 2019-ൽ സർക്കാർ സ്കൂളുകളിൽ ഉണ്ടായ അധിക തസ്തികയിൽ തടസ്സവാദം ഉന്നയിച്ച സ്കൂളുകളിലെ തസ്തികനിർണ്ണയ റിവ്യൂ പൂർത്തിയായോ; എങ്കിൽ ഉണ്ടായ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തോ; ഇല്ലെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എറണാകുളം ഡി.ഡി.ഇ.-ക്ക് നിർദ്ദേശം നല്കുമോ ?

തസ്തിക നിർണ്ണയ റിവ്യൂ പൂർത്തിയായിട്ടില്ല. തടസ്സവാദം നീങ്ങിയ 8 ഒഴിവുകൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 2020 വർഷത്തിൽ പ്രസ്തുത തസ്തികയിൽ രാജി, മരണം, സ്ഥാനക്കയറ്റം എന്നിവമൂലം എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; സ്കൂൾ, പേര് എന്നിവ തിരിച്ച് വിശദമാക്കാമോ; &

(എഫ്) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നിർദ്ദേശം ഉപഡയറക്ടർക്ക് നല്കാമോ ?

(ഇ&എഫ്) 2020-ൽ മരണംമൂലം 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. പട്ടിക അനുബന്ധം 2 ആയി ചേർക്കുന്നു.* ടി ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ജി) 2020 മാർച്ച് മുതൽ ജൂൺ വരെ യു.പി.എസ്.റ്റി. തസ്തികയിൽ വിരമിച്ച അദ്ധ്യാപകരിൽ പി.ഡി. അദ്ധ്യാപകരുടെ എണ്ണം എത്ര; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2020 മാർച്ച് മുതൽ ജൂൺ വരെ യു.പി.എസ്.റ്റി. തസ്തികയിൽ 14 അദ്ധ്യാപകർ വിരമിച്ചിട്ടുണ്ട്. ഇതിൽ 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വി.എച്ച്.എസ്.ഇ.-യിൽ കാലോചിതമായ പരിഷ്കാരങ്ങൾ

221(1313) ശ്രീ. വി. ടി. ബൽറാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ.-യിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്ന് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ നൽകിയിരുന്നോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ, മികവിനായുള്ള വിദ്യാഭ്യാസം ഒന്നാം ഭാഗത്തിൽ, 'വി.എച്ച്.എസ്.ഇ.-യിൽ കാലോചിതമായ പരിഷ്കാരം' എന്ന് പ്രത്യേകം ശിപാർശ സമർപ്പിച്ചിട്ടില്ല. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നീ ഡയറക്ടറേറ്റുകളെ ഏകോപിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ദേശീയാടിസ്ഥാനത്തിൽ എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും 2020-21 അക്കാദമിക് വർഷത്തോടെ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത വൊക്കേഷണൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ ?

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് പുതിയ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി പ്രകാരം ഹയർ സെക്കണ്ടറി ബോർഡാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ഇത് വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ദേശീയതലത്തിലും അന്തർദേശീയ തലത്തിലും സുഗമമാക്കുന്നു.

(ഡി) സമഗ്ര ശിക്ഷ കേരളയുടെ നേതൃത്വത്തിൽ നൈപുണി വിദ്യാഭ്യാസ പദ്ധതിയിൽ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്; അത് വി.എച്ച്. എസ്.ഇ. വിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെ പ്ലേസ്മെന്റിന് എത്രമാത്രം സഹായകമായി; വ്യക്തമാക്കുമോ ?

വൊക്കേഷണൽ ലാബുകളുടെ നവീകരണം, അദ്ധ്യാപക പരിശീലനം, വിദ്യാർത്ഥികൾക്കുള്ള ഓൺ ദി ജോബ് പരിശീലനം, വിദഗ്ധരുടെ ക്ലാസ്സുകൾ, അസ്സെസ്സ്മെന്റ് എന്നിവയ്ക്ക് സമഗ്ര ശിക്ഷയുടെ കൂടെ സഹായം ലഭിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധിക്കുന്നു. ഇത് പ്ലേസ്മെന്റിന് വിദ്യാർത്ഥികളെ സജ്ജരാക്കുന്നു.

(ഇ) കോവിഡ് പ്രതിസന്ധിയിൽ വി.എച്ച്.എസ്.ഇ. ക്ലാസ്സുകൾ ആരംഭിക്കുന്നതിന് 2021 ജനുവരി വരെ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം ഇനിയുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ എപ്രകാരം ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

Vhseevidyalayam യുട്യൂബ് ചാനലിലൂടെയും വിക്ടേഴ്സ് ചാനലിലൂടെയും 2020 ജൂൺ മാസം മുതൽ ഓൺലൈൻ ക്ലാസ്സുകൾ നൽകിയിരുന്നു. ഈ സാഹചര്യത്തിൽ ജനുവരി 31-നുള്ളിൽ ക്ലാസ്സുകൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

## എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷ

222(1314) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷ എപ്രകാരം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

2021 മാർച്ച് 17-ന് ആരംഭിച്ച് മാർച്ച് 30-ന് അവസാനിക്കുന്ന രീതിയിലാണ് എസ്.എസ്.എൽ.സി. പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം കോവിഡ്-19 പശ്ചാത്തലത്തിൽ മാറ്റിവയ്ക്കപ്പെട്ട 3 പരീക്ഷകൾ പിന്നീട് നടത്തിയപ്പോൾ പരീക്ഷ എഴുതുന്ന എല്ലാവർക്കും മാസ്ക്, പരീക്ഷാഹാളിലേയ്ക്ക് പ്രവേശിക്കുന്നതിന് മുൻപായി തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധന, പരീക്ഷാ ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ധരിക്കുവാൻ ഗ്ലൗസ് എന്നിവ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കി കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തിയിരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ ഈ വർഷവും ഇതേ രീതിയിൽ കോവിഡ് പ്രോട്ടോക്കോൾ പ്രകാരവും കർശന ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം കുട്ടികൾക്ക് ക്ലാസ്സ് റൂം പഠനത്തിനുള്ള അവസരം തുലോം കുറവായിരുന്നു എന്നതും ഓൺലൈനിലൂടെ നടത്തിയ ക്ലാസ്സുകളിൽ സിലബസ്സ് പൂർത്തിയാക്കുന്നതിന് സാധിക്കാത്തതും പ്രത്യേകം പരിഗണിക്കുമോ ?

ഓൺലൈനിലൂടെ നടത്തിയ ക്ലാസ്സുകൾ ഉൾപ്പെടുന്ന സിലബസ് അനുസരിച്ച് ഊന്നൽ മേഖല നിശ്ചയിച്ചിട്ടുണ്ട്. ആയത് പരിഗണിക്കുന്നതാണ്.

(സി) പൊതുപരീക്ഷ വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകാത്ത രീതിയിൽ നടത്തുന്നതിനും പരീക്ഷ നടത്തിപ്പിലൂടെ കോവിഡ് വ്യാപനം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ഏർപ്പെടുത്തുന്നതാണ്.

## ഉറുദു ഭാഷാദ്ധ്യാപകർ

223(1315) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ സംസ്ഥാനത്താകെ ഉറുദു ഭാഷാദ്ധ്യാപകരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.ടി. (ഉറുദു) തസ്തിക നിലവിലില്ല.

മലപ്പുറം ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-47, പാർട്ട് ടൈം എച്ച്.എസ്.ടി (ഉറുദു) തസ്തികകൾ-13, എച്ച്.എസ്.ടി. (ഉറുദു) ഒഴിവുകൾ-13, പാർട്ട് ടൈം എച്ച്.എസ്.ടി. (ഉറുദു) ഒഴിവുകൾ-5 - പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത എച്ച്.എസ്.ടി. (ഉറുദു) ഒഴിവുകൾ-9 പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത പാർട്ട് ടൈം എച്ച്.എസ്.ടി. (ഉറുദു) ഒഴിവുകൾ-5,

തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-3, ഒഴിവുകൾ-ഇല്ല.

കണ്ണൂർ എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-8, ഒഴിവുകൾ-2, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്-2.

കോഴിക്കോട് എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-10, ഒഴിവുകൾ-3 പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്-3.

വയനാട് എച്ച്.എസ്.ടി. (ഉറുദു) ഫുൾ ടൈം ഒഴിവുകൾ-3 ജൂനിയർ ഉറുദു (ഫുൾ ടൈം) ഒഴിവുകൾ-2. ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെതിട്ടു ണ്ടെങ്കിലും NAC ലഭിച്ചിട്ടുള്ളതാണ്.

പാലക്കാട് എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-5 ഒഴിവുകൾ-2 പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്-ഇല്ല.

കാസർഗോഡ് എച്ച്.എസ്.ടി. (ഉറുദു) തസ്തികകൾ-4 ഒഴിവുകൾ-1 പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്-ഇല്ല.

പാലക്കാട്, കാസർഗോഡ് ജില്ലകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ സംസ്ഥാനതലത്തിലാണ് നിയമനം നൽകുന്നത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഉറുദു നിലവിലെ തസ്തിക- 34 ഒഴിവുകൾ-5 (നേരിട്ടുള്ള നിയമനത്തിനായി 2 ഒഴിവുകളും തസ്തികമാറ്റ നിയമനത്തിനായി 3 ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. (ഉറുദു) നിലവിലെ തസ്തിക- 04 ഒഴിവുകൾ- ഇല്ല.

(ബി) 7-3-2019-ലെ സർക്കാർ ഉത്തരവ് (കൈ).നമ്പർ 30/19 /പൊ.വി.വ. പ്രകാരം നിർത്തലാക്കിയ ഡി.എൽ.എഡ്. കോഴ്സിന് പകരം ഏർപ്പെടുത്തിയ സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

7-3-2019-ലെ സ.ഉ (കൈ) നമ്പർ 30/19/പൊ.വി.വ. പ്രകാരം പരീക്ഷാഭവൻ നടത്തിവരുന്ന ഒരു വർഷ ഡി.എൽ.എഡ് (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) കോഴ്സുകൾ 2

(സി) ഡി.എൽ.എഡ്. കോഴ്സിന്റെ പാഠ്യപദ്ധതി എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പരിഷ്കരിച്ച് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി.എൽ.എഡ്. കോഴ്സിന്റെ പാഠ്യപദ്ധതി 2018-ൽ പരിഷ്കരിച്ച് ഡി.എൽ.എഡ്. (ഹിന്ദി, അറബിക്, ഉറുദു, സംസ്കൃതം) എന്നീ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരിച്ച് 2019-ൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## സ്കൂളുകളിലെ നവീകരണം

224(1316) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറികളും ലൈബ്രറികളും നവീകരിക്കുന്നതിന്റെ ഭാഗമായി GO(Rt)No.2939/2018/GEDN dtd 1-8-2018 ഉത്തരവുപ്രകാരം ഉൾപ്പെട്ടിട്ടുള്ള 68 സ്കൂളുകളിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായെന്ന് അറിയിക്കാമോ;

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറികളും ലൈബ്രറികളും നവീകരിക്കുന്നതിനായി 68 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, 2018-ലെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പദ്ധതി വിഹിതത്തിൽ 12 കോടി രൂപ കുറവ് ചെയ്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് 42 സ്കൂളുകളിലായി പരിമിതപ്പെടുത്തുകയുണ്ടായി. ഇതിൽ ഒരു സ്കൂളിലെ പ്രവൃത്തി പൂർത്തിയാക്കുകയും ശേഷിക്കുന്ന 41 സ്കൂളുകളിലെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലുമാണ്.

(ബി) അതിൽ ക്രമ നം. 20 ആയി ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള വാമനപുരം നിയോജകമണ്ഡലത്തിലെ മിതൃമ്മല ഗവ. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദവിവരങ്ങൾ നൽകാമോ ?

പ്രളയക്കെടുതി കാരണം പദ്ധതി വിഹിതം കുറവ് വരുത്തിയശേഷമുള്ള 42 സ്കൂളുകളിൽ പ്രസ്തുത സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഉത്തരവുപ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളിൽ ഏതെങ്കിലും സ്കൂളുകളെ പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ;

&

(ഡി) എങ്കിൽ കാരണം എന്താണ്; വിശദമാക്കാമോ?

(സി&ഡി) പദ്ധതി നടപ്പിലാക്കുവാൻ അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളെ ഒഴിവാക്കിയിട്ടുണ്ട്.

## സ്കൂളുകളിൽ കോവിഡ് വ്യാപനം

225(1317) **ശ്രീ. വി. ഡി. സതീശൻ**: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡ് പ്രതിസന്ധിമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങളിൽ ജനുവരി 1 മുതൽ എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ;

ഉണ്ട്.

(ബി) കോവിഡ് പ്രതിസന്ധി രൂക്ഷമായി തുടരുന്ന സാഹചര്യത്തിലും, ജനിതക മാറ്റം കൈവരിച്ച കോവിഡ് വൈറസിന്റെ വ്യാപനം ഇന്ത്യയിലും ഉണ്ടായ സാഹചര്യത്തിലും, സ്കൂളുകൾ തുറന്നപ്പോൾ രോഗവ്യാപനം ഉണ്ടാകാതിരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ?

രോഗവ്യാപനം ഉണ്ടാകാതിരിക്കുവാൻ കേന്ദ്ര സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശാനുസരണമുള്ള കാര്യങ്ങൾ പാലിക്കുന്നതിനായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി. കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ഓരോ ക്ലാസ്സിലും സാനിറ്റൈസർ വിതരണം ചെയ്തു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേന ഒരു വെറ്റ് മാറ്റ്, ഒരു ഡ്രൈ മാറ്റ്, പ്ലാസ്റ്റിക് ട്രേ, ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയടങ്ങുന്ന കിറ്റും സ്കൂളുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. ഓരോ സ്കൂളിലും കോവിഡ് സെൽ രൂപീകരിക്കുന്നതിനും സെല്ലിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളെക്കുറിച്ചും അവരുടെ ചുമതലകളെക്കുറിച്ചും നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. രോഗലക്ഷണമുള്ള കുട്ടികളെ നിരീക്ഷിക്കുന്നതിനും പരിചരിക്കുന്നതിനുമായി ഓരോ സ്കൂളിലും സിക്ക് റൂം സജ്ജീകരിച്ചിട്ടുണ്ട്. വൈദ്യ സഹായം ആവശ്യമെങ്കിൽ അതിനുള്ള സൗകര്യവും ആരോഗ്യ വകുപ്പുമായി ചേർന്ന് ഒരുക്കിയിട്ടുണ്ട്.

(സി) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ സംബന്ധിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക പട്ടിക പുറത്തിറക്കിയിട്ടുണ്ടോ; ഫോക്കസ് ഏരിയ തീരുമാനിച്ചത് എപ്രകാരമാണെന്ന് അറിയിക്കുമോ; &

(ഡി) ഈ പട്ടികയിലെ പാഠഭാഗങ്ങൾ മാത്രം പഠിച്ച കുട്ടികൾക്ക് പരീക്ഷയിൽ മുഴുവൻ മാർക്കും വാങ്ങാവുന്ന തരത്തിൽ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ?

എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷകളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ നിശ്ചയിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ വിഷയങ്ങളിലെയും പ്രധാന ആശയങ്ങൾ, ഉപരിപഠന സാധ്യത എന്നിവ കണക്കിലെടുത്താണ് പ്രസ്തുത പാഠഭാഗങ്ങൾ തീരുമാനിച്ചിട്ടുള്ളത്. കൂടുതൽ ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾ മാത്രം പഠിച്ചാൽ മതിയെന്ന നിർദ്ദേശം നൽകാനാവില്ല. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതുവാൻ കഴിയുംവിധം ശ്രദ്ധ നൽകേണ്ട പാഠഭാഗങ്ങൾക്ക് വെയിറ്റേജ് നൽകുന്നതാണ്.

**ഒരു സ്കൂളിൽ ഒരു നീന്തൽക്കുളം പദ്ധതി**

226(1318) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റോഡപകടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ മരിക്കുന്നത് വെള്ളത്തിൽ മുങ്ങിയാണെന്ന് കണക്കുകൾ വ്യക്തമാക്കിയ സാഹചര്യത്തിൽ ആരോഗ്യ-കായിക പദ്ധതിയുടെ ഭാഗമായി നീന്തൽകൂടി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സർക്കാർ പ്രഖ്യാപനം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് വിശദമാക്കുമോ;

&

(ബി) കൂടാതെ ഓരോ നിയോജകമണ്ഡലത്തിലും ഒരു സ്കൂളിൽ ഒരു നീന്തൽകുളം ആരംഭിക്കുമെന്ന് സർക്കാർ തീരുമാനമുണ്ടോ; എങ്കിൽ ഇവ രണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ ?

ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി 5 മുതൽ 10 വരെ ക്ലാസുകളിലെ ടീച്ചർ ടെക്സ്റ്റ്, ആക്ടിവിറ്റി ബുക്ക് എന്നിവയിൽ നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ നീന്തൽ വിദഗ്ധരുടെ നേതൃത്വത്തിലാണ് എസ്.സി.ഇ.ആർ.ടി. പ്രസ്തുത പാഠ്യപദ്ധതി തയ്യാറാക്കിയത്. പ്രായോഗികതല പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കേരളത്തിൽ സമഗ്ര ജലസുരക്ഷ പദ്ധതി ഇല്ലാത്തതാണ് മുങ്ങിമരണം പോലുള്ള ദുരന്തങ്ങൾക്ക് കാരണമെന്ന ഐക്യരാഷ്ട്രസഭ ദുരന്ത നിവാരണ സമിതിയുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

വിദ്യാഭ്യാസ വകുപ്പ് സമഗ്ര ജലസുരക്ഷ പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

### പരീക്ഷാഭവൻ ഇ-ഓഫീസ് ആക്കുന്നതിനുള്ള നടപടികൾ

227(1319) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പരീക്ഷാഭവനിലെ ഫയൽ നീക്കം പൂർണ്ണമായി ഓൺലൈൻ അധിഷ്ഠിതമാണോ; പൊതുജനങ്ങൾക്ക് അവരുടെ വിവിധ അപേക്ഷകളിന്മേലുള്ള ഫയൽനീക്കം ഓൺലൈനായി പരിശോധിക്കുന്നതിന് സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലല്ല. ഫയൽ നീക്കം ഓൺലൈനായി പരിശോധിക്കുന്നതിന് നിലവിൽ സാധിക്കുകയില്ല.

(ബി) പ്രസ്തുത ഓഫീസിൽ ഫയൽസ്ഥിതി ഓൺലൈനായി പരിശോധിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തേണ്ടതിന്റെ അടിയന്തര ആവശ്യകത കണക്കിലെടുത്ത് ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

## ലഹരി വിരുദ്ധബോധവത്കരണം

228(1320) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലഹരി ഉപയോഗം സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ബോധവത്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നതിന് ഉദ്ദേശിച്ച് നിരവധി പ്രവർത്തനങ്ങളും പരാമർശങ്ങളും വിവരങ്ങളും പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് ഒരു പ്രത്യേക പാഠഭാഗം എന്ന നിലയിലല്ല, മറിച്ച് വിവിധ വിഷയങ്ങളിൽ ഉചിതമായ പഠനസന്ദർഭങ്ങളോട് ചേർത്ത് വിനിമയം ചെയ്യുന്ന രീതിയാണ് പാഠ്യപദ്ധതി പിന്തുടരുന്നത്. ക്ലാസ് റൂമിലെ വിവിധ ബന്ധിത പ്രവർത്തനങ്ങൾ കൂടാതെ ദിനാചരണങ്ങൾ, മത്സരങ്ങൾ എന്നിവയോടനുബന്ധിച്ചും പല തലങ്ങളിലുള്ള ബോധവത്കരണ പരിപാടികൾ നടന്നുവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലെ മുൻകൈ, പങ്കാളിത്തം എന്നിവ നിരന്തര മൂല്യനിർണ്ണയത്തിൽ പരിഗണിക്കുന്നതുമാണ്.

(ബി) സ്കൂളുകളിൽ നടത്തിവരുന്ന ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കി ലഹരിവിരുദ്ധ മുന്നേറ്റത്തിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ്(NISD)-മായി ചേർന്ന് വിപുലമായ പരിപാടി ആരംഭിച്ചിട്ടുണ്ട്. പൊതുസമൂഹത്തെക്കൂടി ഈ യജ്ഞത്തിൽ പങ്കാളികളാക്കുന്ന തരത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള ഈ പരിപാടിക്കായി പ്രത്യേക പ്രവർത്തന പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. വയനാട് ജില്ല കേന്ദ്രീകരിച്ച് ആദ്യഘട്ട പരിശീലന പരിപാടി ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനത്തെത്തുടർന്ന് പരിശീലന പരിപാടി നിർത്തി വയ്ക്കേണ്ടി വന്നു. സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് ഈ പരിപാടി പൂർത്തീകരിക്കാനും ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് ജില്ലകളിലേക്കും പരിപാടി വ്യാപിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ 1396 ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ ക്ലബിന്റെ ഭാഗമായി വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ലഹരി പദാർത്ഥങ്ങളുടെ ദോഷവശങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുന്നുണ്ട്. കൂടാതെ കൗമാരക്കാരുടെ ശാക്തീകരണത്തിനായി എച്ച്.എസ്.എസ്.-ൽ പ്രവർത്തിക്കുന്ന സൗഹൃദ ക്ലബിന്റെ മുഴുവൻ കോ-ഓർഡിനേറ്റർമാർക്കും 2018-19-ൽ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യവശങ്ങളെ ക്കുറിച്ചും അതിന്റെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഒരു വിദഗ്ദ്ധ പരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് നൽകി

യിരുന്നു. തെരഞ്ഞെടുക്കപ്പെട്ട സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസി (NIMHANS)-ൽനിന്നും വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. 2020 ഡിസംബറിൽ സംസ്ഥാനത്തെ മുഴുവൻ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും വെർച്വൽ പ്ലാറ്റ്ഫോമിലൂടെ നൽകിയ 'കൗമാരക്കാരുടെ മാനസികാരോഗ്യം' എന്ന വിഷയ ത്തിലുള്ള പരിശീലനത്തിലും കൗമാരക്കാരിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം നൽകിയിട്ടുണ്ട്. സൗഹൃദ ക്ലബുള്ള 1650 ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്നും തെരഞ്ഞെടുത്ത 2 വീതം കുട്ടികൾക്ക് സ്റ്റുഡന്റ്സ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥ ങ്ങളുടെ ദൂഷ്യവശങ്ങളെ പ്പറ്റിയും അതുയർത്തുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ചും പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി

229(1321) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ :

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തി, ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ ജി.എച്ച്.എസ്.എസ്-ലേയ്ക്ക് അനുവദിച്ച മൂന്ന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കാൻ തടസ്സമായി നിൽക്കുന്ന കാരണങ്ങൾ ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദീകരിക്കാമോ;

&

(സി) പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ?

(ബി&സി) ആലത്തൂർ മണ്ഡലത്തിലെ എരിമയൂർ ജി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. പുനഃപരിശോധിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽനിന്ന് അറിയിച്ചതനുസരിച്ച്, ഡി.പി.ആർ. അടിയന്തരമായി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് 'ഇൻകെലിന്' നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ-ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കുഴൽമന്ദം ജി.എച്ച്.എസ്.-ന്റെ കെട്ടിട നിർമ്മാണം

230(1322) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം ജി.എച്ച്.എസ്.-ന് പുതിയ കെട്ടിടനിർമ്മാണത്തിന് മൂന്ന് കോടി അനുവദിച്ചതിന്റെ നടപടിക്രമം എന്തായെന്ന് വിശദീകരിക്കാമോ; &

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തിലാണ് കുഴൽമന്ദം ജി.എച്ച്.എസ്.-ന് 300 ലക്ഷം രൂപ അനുവദിച്ചത്. നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചെന്നിത്തല നവോദയ സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഉടമകൾക്ക് സാമ്പത്തിക സഹായം

231(1323) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-ൽ ചെന്നിത്തല നവോദയ സ്കൂളിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഉടമകൾക്ക് സാമ്പത്തിക സഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ചെന്നിത്തല നവോദയ വിദ്യാലയത്തിനായി മാവേലിക്കര താലൂക്കിലെ തൃപ്പെരുന്തുറ വില്ലേജിൽ റീ സർവ്വേ 132/15, 133/14, 130/20 എന്നിവയിൽപ്പെട്ട 07.55 ആർസ് വസ്തു ഏറ്റെടുക്കുന്നതിനായുള്ള സമ്മതപത്രം ഉടമകൾ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഈ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ചെന്നിത്തല നാലാം വാർഡിൽ കൊച്ചുകുറ്റിയിൽ കിഴക്കതിൽ വീട്ടിൽ ശ്രീ. സദാനന്ദൻ, ശ്രീമതി രാജമ്മ എന്നിവർ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ തീരുമാനങ്ങൾ വിശദമാക്കാമോ; &

(സി) ഇവർക്ക് എന്ന് തുക ലഭ്യമാക്കുമെന്ന് അറിയിക്കാമോ?

പരിശോധിച്ച് മറുപടി നൽകുന്നതാണ്.

## ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തികൾ

232(1324) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസനഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ ആയ ഊരക്കാട് യു.പി.എസ്., വടയമ്പാടി എൽ.പി.എസ്., വിലങ്ങ് യു.പി.എസ്., നോർത്ത് വാഴക്കുളം യു.പി.എസ്., മലയിടംതുരുത്ത് എൽ.പി.എസ്. എന്നിവയുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; എപ്പോൾ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഊരക്കാട് യു.പി.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം വന്നത് പൊളിച്ചുമാറ്റേണ്ട കെട്ടിടം തദ്ദേശഭരണ തെരഞ്ഞെടുപ്പിന്റെ ബൂത്തായി പ്രവർത്തിക്കുന്നതിനാൽ ഇലക്ഷൻ കമ്മീഷനിൽനിന്ന് ബൂത്ത് മാറ്റി സ്ഥാപിക്കുവാനുള്ള അനുമതി ലഭിക്കാതിരുന്നതിനാലും തദ്ദേശഭരണ തെരഞ്ഞെടുപ്പ് ആയതിനാൽ പഞ്ചായത്തിൽനിന്നും ലഭിക്കേണ്ട അൺ-ഫിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലുമായിരുന്നു. വടയമ്പാടി എൽ.പി.എസ്.-ലെ അൺ-ഫിറ്റായ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള ലേല നടപടികൾ 4-11-2020-ൽ പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചില്ല. പുതിയ പഞ്ചായത്ത് ഭരണസമിതിയുടെ ആദ്യ കമ്മിറ്റിയിൽ തന്നെ ലേല നടപടികൾ അംഗീകരിച്ച് തരണമെന്ന് ഹെഡ്മിസ്ട്രസ് പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ അംഗീകരിച്ചുകിട്ടിയാൽ ഉടൻ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കെട്ടിടനിർമ്മാണം ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.യു.പി.എസ്. വിലങ്ങിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടാൻ കാരണം കോവിഡ്-19 ലോക്ക്ഡൗണിന്റെ ഭാഗമായി കെട്ടിട നിർമ്മാണ തൊഴിലാളികൾ മടങ്ങിപ്പോയതിനാലാണ്. ലോക്ക്ഡൗണിനുശേഷം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. ജി.എൽ.പി.എസ്. മലയിടംതുരുത്തിന്റെ പ്രവൃത്തി മേയ് 2021-ന് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വടക്കേ വാഴക്കുളം ഗവൺമെന്റ് യു.പി.എസ്.-ൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് 2013-14 വർഷം നടത്തിയ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

(ബി) എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ച് നോർത്ത് എഴിപ്രം യു.പി.എസ്.-ന് സ്കൂൾ ബസ് വാങ്ങുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; തടസം നീക്കി ബസ് എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

നോർത്ത് എഴിപ്രം യു.പി.എസ്.-ന് 31 സീറ്റുള്ള ബസ്സ് വാങ്ങുന്നതിന് ശ്രീ. വി. പി. സജീന്ദ്രൻ, എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും 16,52,300 (പതിനാറ് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ബസ്സ് വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് റേറ്റ് പ്രകാരം Gem പോർട്ടൽ വഴി bid ചെയ്യുകയും ചെയ്തു. Bid-ൽ പങ്കെടുത്ത കമ്പനികൾ ക്വാട്ട് ചെയ്ത തുകയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് SML ISUZU Ltd.-ന് ഓർഡർ നൽകാൻ നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇതേ കമ്പനി ഡയറക്ട് പർച്ചേസിൽ ഇതേ വാഹനത്തിന് 40,000/- രൂപയോളം കുറച്ചാണ് വിലയിട്ടിരിക്കുന്നത്. ഈ വിവരം Gem Nodal Office-ൽ അറിയിക്കുകയും തുടർന്നുള്ള നിർദ്ദേശപ്രകാരം കൂടിയ തുകയുടെ bid ക്യാൻസൽ ചെയ്ത് ഡയറക്ട് പർച്ചേസിന് 7-1-2021-ന് വാഹനത്തിന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വാഹനം നൽകുന്നതിന് പരമാവധി Gem പോർട്ടലിൽ സമയം കാണിച്ചിരിക്കുന്നത് 7-5-2021 വരെ (120) ദിവസമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്.

## അങ്കമാലി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ നവീകരണം

233(1325) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിലെ കുറുമശ്ശേരി ഗവ. യു.പി. സ്കൂളിലെ നവീകരണത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും 21 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയേതര വിഹിതത്തിൽനിന്നും സ്കൂളുകളുടെ നവീകരണത്തിന് തുക അനുവദിക്കാറില്ല.

(ബി) ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചു എന്നും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുവാനുണ്ടോ എന്നും വിശദമാക്കാമോ ?

നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) അംഗീകാരം നൽകിയതിൽ പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്നും ആയതിന്റെ കാരണവും വ്യക്തമാക്കാമോ ?

പ്രവൃത്തി ആരംഭിക്കാത്ത സ്കൂൾ ഇല്ല.

(ഡി) ഓരോ സ്കൂളിലേയും പ്രവൃത്തികളുടെ നിർമ്മാണ ചുമതല ആർക്കാണെന്നും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാഞ്ഞാൾ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം**

234(1326) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികവിന്റെ കേന്ദ്രമായി ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത് കിഫ്ബി മൂന്ന് കോടി രൂപ അനുവദിച്ച പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഇനിയും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; &

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര പരിഗണന നൽകുമോയെന്ന് വിശദമാക്കുമോ?

(എ-സി) ഉണ്ട്. മൂന്ന് കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട പാഞ്ഞാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ഡി.പി.ആർ. പുനഃപരിശോധിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽനിന്ന് അറിയിച്ചതനുസരിച്ച്, പ്രസ്തുത ഡി.പി.ആർ. അടിയന്തരമായി തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് 'ഇൻകെലിന്' നിർദ്ദേശം നൽകിയിട്ടുണ്ട്.

## നേര്യമംഗലം ജി.വി.എച്ച്.എസ്.എസ്.-ന്റെ പശ്ചാത്തല വികസനം

235(1327) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നേര്യമംഗലം ജി.വി.എച്ച്.എസ്.എസ്.-ൽ പശ്ചാത്തല വികസനത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള പ്രവൃത്തി നാളിതുവരെയായും ആരംഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി 1 കോടി രൂപ അനുവദിച്ചിട്ടും നാളുകളായി ഇതുമായി ബന്ധപ്പെട്ട് ഒരു പ്രവൃത്തിയും ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആയി തീരുമാനിച്ചിട്ടുള്ളത് ആരെയാണെന്ന് വ്യക്തമാക്കാമോ;

&

(ഡി) സ്കൂളിന്റെ പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട കിഫ്ബി പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(എ-ഡി) നേര്യമംഗലം ജി.വി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കില പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന അവസരത്തിൽ പ്രസ്തുത സ്കൂളിൽ പി.ഡബ്ല്യൂ.ഡി. മുഖാന്തരമുള്ള ഒരു നിർമ്മാണ പ്രവർത്തനം നിലവിൽ നടന്നുവരുന്നതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## വർക്കല മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുളള വികസന പ്രവർത്തനങ്ങൾ

236(1328) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വർക്കല മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്ത നങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

വർക്കല നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടി പ്രവർത്തനങ്ങളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ആയതിലേയ്ക്ക് എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ (എം.എൽ.എ. ഫണ്ട്) ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) വർക്കല മണ്ഡലത്തിലെ സ്കൂളുകളിൽ ഹൈടെക് സംവിധാനം (സ്മാർട്ട് ക്ലാസ് മുറികൾ) സ്ഥാപിക്കുന്നതിന് ചെലവായ തുക ഉൾപ്പെടെ ചെയ്തിട്ടുള്ള പ്രവർത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വർക്കല മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ 3.6 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-3-ൽ ചേർത്തിട്ടുണ്ട്.*

## കുന്നത്തുനാട് മണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിടം നിർമ്മാണം

237(1329) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയിടംതുരുത്ത് എൽ.പി.എസ്., വിലങ്ങ് എൽ.പി.എസ്., ഊരക്കാട് യു.പി.എസ്. എന്നീ സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ആയത് ഏത് ഫണ്ടിൽനിന്നാണെന്ന് വ്യക്തമാക്കാമോ ?

(ബി) ടി സ്കൂൾ കെട്ടിട നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനത്തിന്റെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെയോ ഫണ്ട് ഉപയോഗിക്കുന്നുണ്ടോ;

&

(സി) ടി സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വെളിപ്പെടുത്താമോ?

വിവരം ശേഖരിച്ചുവരുന്നു.

## അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ

238(1330) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളും അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപ കരടക്കമുള്ളവർക്ക് ബാധകമാക്കി 6-3-2020-ലെ ജി.ഒ.പി. നമ്പർ 35/2020/ തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എച്ച്. എസ്.എസ്.ടി. തസ്തികയിലെ ഒഴിവുകൾ

239(1331) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019 മാർച്ച് 31-ന്ശേഷം വിരമിക്കൽമൂലമുണ്ടായ എച്ച്.എസ്. എസ്.ടി. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ ?

എച്ച്.എസ്.എസ്.ടി. തസ്തികയിലെ റിട്ടയർമെന്റ് ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം (By Transfer) മുഖേനയാണ് നിയമനം നടത്തുന്നത്. യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ ടി ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈ ട്രാൻസ്ഫർ/നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ മേഖലയിൽ 2014-ന് ശേഷം അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

31-8-2014-ലെ സ.ഉ(എം.എസ്) നമ്പർ 143/2014/പൊ.വി.വ. പ്രകാരം 2014-2015 അദ്ധ്യയന വർഷം കുറഞ്ഞത് 40 കുട്ടികളും 2015 അദ്ധ്യയന വർഷം കുറഞ്ഞത് 50 കുട്ടികളും ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ടി വ്യവസ്ഥ പാലിക്കാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നും തുടർച്ചയായ മൂന്ന് വർഷം 50 കുട്ടികൾ ഉണ്ടെങ്കിൽ ടി സ്കൂളുകളെ ഉൾപ്പെടുത്തി തസ്തിക നിർണ്ണയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഒഴിവാക്കപ്പെട്ട സ്കൂളുകളെ പരിഗണിച്ചപ്പോൾ ഒരു സ്കൂളുകളിലും മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ളതായി കണ്ടില്ല. ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ 10-8-2018-ലെ ഉപസി3/149/2018 ഉപഭവ. പരിപത്ര പ്രകാരം 2019 കലണ്ടർ വർഷത്തേയും ഉപസി 3/101/2019 ഉപഭവ. 20/09/2019 പരിപത്ര പ്രകാരം 2020 കലണ്ടർ വർഷത്തേയും എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചും റിപ്പോർട്ട് ചെയ്ത തീയതി അനുസരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

10-8-2018-ലെ ഉപസി3/149/2018/ഉപഭവ. നമ്പർ പരിപത്രപ്രകാരം എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലെ 230 ഒഴിവുകൾ(എച്ച്.എസ്.എസ്.ടി. വിരമിക്കൽമൂലം ഉണ്ടാകുന്നത്) പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഒഴിവുകൾ നിലവിൽ വന്ന തീയതി രേഖപ്പെടുത്താൻ കഴിയാത്തതിനാൽ മേൽ ഒഴിവുകൾ പി.എസ്.സി. തിരികെ നൽകിയിരുന്നു. തുടർന്ന് എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിൽനിന്ന് എച്ച്.എസ്.എസ്.ടി. നിയമനം നടത്തിയശേഷം മേൽ ഒഴിവുകൾ നിലവിൽ വന്ന തീയതി സഹിതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 20-9-2019-ലെ ഉപസി3/101/2015/ഉപഭവ പരിപത്ര പ്രകാരം പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് കൊറോണ സാഹചര്യം കാരണം റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ 2020-ലെ വിരമിക്കൽമൂലമുണ്ടായ പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന മുറയ്ക്ക് ആയത് നികത്തുന്നതിനും ജൂനിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുകൾ സംസ്ഥാനതല അടിസ്ഥാനത്തിൽ കണക്കാക്ക പ്പെടുന്നതിനാൽ ജില്ല തിരിച്ചുള്ള ഒഴിവ് വിവരം ലഭ്യമല്ല.

## അംഗീകൃത മാനേജ്മെന്റ് സ്കൂൾ നിയമനങ്ങൾ

240(1332) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകൃത മാനേജ്മെന്റ് സ്കൂൾ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വരെയുള്ള നിയമനങ്ങൾക്ക് ആണെന്നത് അറിയിക്കാമോ ?

മാനേജ്മെന്റ് സ്കൂളുകളിൽ കെ.ഇ.ആർ. വ്യവസ്ഥകൾ പ്രകാരം നടത്തിയ നാളിതുവരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്.

(ബി) 2019 മാർച്ച് മാസത്തിൽ ചെങ്ങന്നൂർ നായർ സമാജം റ്റി.റ്റി.ഐ. സ്കൂളിലെ പാർട്ട്ടൈം സ്വീപ്പറായി നിയമിക്കപ്പെട്ട രശ്മി കെ. പിള്ളയുടെ നിയമനാംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

&

(സി) നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നത് പരിഗണിക്കുമോ?

(ബി&സി) മാന്നാർ നായർ സമാജം റ്റി.റ്റി.ഐ.-യിലെ പി.റ്റി.സി.എം. ശ്രീ. സുരേഷ് കുമാറിന് എഫ്.ടി.എം. തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ് 1-3-2019 മുതൽ ശ്രീമതി രശ്മി കെ. പിള്ളയെ മാനേജർ നിയമിച്ചത്. എന്നാൽ 2006 മുതലുള്ള അധിക ഡിവിഷൻ തസ്തികകളിൽ 12-1-2010-ലെ സ.ഉ. (പി).നമ്പർ 10/10/പൊ.വി.വ.-ലെ ബോണ്ട് വ്യവസ്ഥ പ്രകാരം നടത്തിയ നിയമനങ്ങൾക്ക് തത്തുല്യം എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന നിബന്ധന മാനേജർ പാലിക്കാതെയാണ് ശ്രീമതി രശ്മി കെ. പിള്ളയെ നിയമിച്ചത് എന്ന് കണ്ട് ടി നിയമനം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചിരുന്നു. അതിനെതിരെ സമർപ്പിച്ച അപ്പീൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## പ്രൈമറി അദ്ധ്യാപക തസ്തിക

241(1333) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി അദ്ധ്യാപക തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനായി 30-12-2020 വരെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

6905 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രൈമറി അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതകൾ, സമാനമായി പരിഗണിക്കപ്പെടാവുന്ന തത്തുല്യ യോഗ്യതകൾ എന്നിവ പി.എസ്.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ ഉൾപ്പെടാത്ത യോഗ്യതകളുള്ളവരും പ്രസ്തുത തസ്തികയിലേയ്ക്കുള്ള പരീക്ഷ എഴുതിയിട്ടുള്ളതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**എയ്ഡഡ് അദ്ധ്യാപക-അനദ്ധ്യാപകരുടെ നിയമനാംഗീകാരം**

242(1334) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 അദ്ധ്യയന വർഷം മുതൽ കേരള വിദ്യാഭ്യാസ ചട്ട പ്രകാരം നിയമിക്കപ്പെട്ട എയ്ഡഡ് അദ്ധ്യാപക-അനദ്ധ്യാപകരുടെ നിയമനാംഗീകാരവും ശമ്പളവും നൽകുന്നത് സംബന്ധിച്ച് 2019 നവംബർ മാസത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

കെ.ഇ.ആർ. വ്യവസ്ഥകളും/സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപക/അനദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകിവരുന്നുണ്ട്.

(ബി) 2016 മുതൽ നിയമിക്കപ്പെട്ട മുഴുവൻ അദ്ധ്യാപകരുടെയും നിയമനാംഗീകാരം എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

കെ.ഇ.ആർ. വ്യവസ്ഥകളും/സർക്കാർ ഉത്തരവുകളും പാലിച്ചുകൊണ്ട് മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിച്ച് നൽകുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## യു.പി.എസ്.എ. തസ്തികകളിലെ നിയമനം

243(1335) ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എത്ര യു.പി.എസ്.എ. തസ്തികകളാണ് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി നീക്കിവച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ?

മൂന്ന് ഒഴിവുകൾ.

(ബി) ഈ വർഷം അന്തർജില്ലാ സ്ഥലം മാറ്റം നടത്താൻ കഴിയുന്നില്ലെങ്കിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

നടപടി സ്വീകരിച്ചുവരുന്നു.

(സി) 2020-21 അദ്ധ്യയന വർഷത്തിലെ റിട്ടയർമെന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

30-6-2020 വരെയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റാഫ് ഫിക്സേഷനും ഹെഡ്മാസ്റ്റർ നിയമനവും നടത്തിയശേഷം ഒഴിവുവരുന്ന തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## എറണാകുളം സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തിക

244(1336) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം സർക്കാർ സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റിവെച്ചിരിക്കുന്നത്; വിശദമാക്കാമോ ?

35 ഒഴിവുകൾ ഉണ്ട്. ബൈ-ട്രാൻസ്ഫർ മുഖേനയുള്ള നിയമനം - 67, എൻ.ജെ.ഡി -1, പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം - 48, എൻ.ജെ.ഡി -1, പി.എച്ച്. വിഭാഗത്തിൽ പി.എസ്.സി.-യിൽ നിലനിൽക്കുന്ന ഒഴിവുകൾ -6, അന്തർജില്ലാ സ്ഥലംമാറ്റം (സഹതാപാർഹം)-2, ലീവ് വിത്തൗട്ട് അലവൻസ് -3, ഡെപ്യൂട്ടേഷൻ വേക്കൻസി -2, അന്തർജില്ലാ സ്ഥലംമാറ്റം (2020-21)-4, സ്റ്റാഫ് ഫിക്സേഷൻ റിവ്യൂവിൽ തടസ്സവാദം നിലനിൽക്കുന്നത് -1 ഒഴിവ്.

(ബി) കഴിഞ്ഞ വർഷം തടസ്സവാദം ഉന്നയിച്ചിട്ടുള്ള ഈ തസ്തികയിലെ ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ഉള്ള നിർദ്ദേശം നൽകുമോ ?

തടസ്സവാദം ഉന്നയിക്കപ്പെട്ട 4 ഒഴിവുകളിൽ 3 ഒഴിവുകൾ തടസ്സവാദം നീക്കം ചെയ്യപ്പെട്ടതിനെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു.

(സി) തസ്തിക നിർണ്ണയം റിവ്യൂ പൂർത്തിയാക്കാനുള്ള നിയമതടസ്സം എന്തെല്ലാമെന്ന് വിശദമാക്കാമോ?

സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ അളവുകൾക്ക് നിയമാനുസൃതമായി ഇളവ് അനുവദിക്കുന്നതിന് സ്കൂൾ സന്ദർശനം നടത്തുന്നതിന് കാലതാമസം നേരിട്ടിരുന്നു.

## കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്

245(1337) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

&

(ബി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കിഫ്ബി വഴി അഞ്ച് കോടി രൂപ ചെലവിൽ പുതിയ കെട്ടിടം പൂർത്തീകരിച്ചതിനാൽ ഈ വർഷം തന്നെ പ്ലസ് ടു കോഴ്സ് ആരംഭിക്കുമോ?

കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പ്രസ്തുത സ്കൂളിൽ നിലവിലുണ്ടായിരുന്നില്ല. എന്നാൽ കിഫ്ബി വഴി ലഭ്യമായ തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## സ്കൂൾ കെട്ടിടം പണികളുടെ നിലവിലെ സ്ഥിതി

246(1338) ശ്രീ. കെ. ബാബു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെയും വട്ടേക്കാട് സർക്കാർ യു.പി. സ്കൂളിന്റെയും കെട്ടിടം പണികൾ ഏത് ഘട്ടം വരെയായിയെന്ന് സർക്കാർ വിശദമാക്കുമോ;

&

(ബി) ഈ രണ്ട് സ്കൂളുകളുടെയും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

നെന്മാറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. വട്ടേക്കാട് ഗവ. യു.പി.സ്കൂളിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്കൂൾ വിദ്യാഭ്യാസത്തിലെ ഭാഷാപഠനം

247(1339) ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ?

2017-ലെ മലയാള ഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരംവരെ മലയാളം പഠിപ്പിക്കുന്നു വെന്ന് ഉറപ്പുവരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പിന്തുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിൽ മലയാള ഭാഷവിനിമയം ചെയ്യുന്നതിനായി 'നമ്മുടെ മലയാളം' പാഠപുസ്തകം SCERT തയ്യാറാക്കിയിട്ടുണ്ട്. 1, 2 ,3, 4 ക്ലാസ്സുകളി ലേയ്ക്കുള്ള പാഠപുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. ഘട്ടംഘട്ടമായി മറ്റ് ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നതാണ്. സംസ്ഥാനത്തെ പൊതുവിദ്യാല യങ്ങളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകൾ ഒന്നാം ഭാഷയായും ഹയർസെക്കണ്ടറി തലത്തിൽ ഉപഭാഷയായും ഓപ്ഷണൽ ആയും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. ഇതിനുള്ള പാഠപുസ്തകങ്ങളും SCERT തയ്യാറാക്കിയിട്ടുണ്ട്.

(ബി) സമ്പർക്ക ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തിയതിലൂടെ പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ?

കഴിഞ്ഞിട്ടുണ്ട്. 'റെലിഷ് ഇംഗ്ലീഷ്', 'ഹലോ ഇംഗ്ലീഷ്', 'ഇ-ക്യൂബ് ഇംഗ്ലീഷ്' എന്നീ പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ആശയവിനിമയ ശേഷി മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിനോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള താൽപര്യം വളർത്താനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

(സി) സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പരിപാടിയാണ് 'റെലീഷ് ഇംഗ്ലീഷ്'. ഗവേഷണാടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷാശേഷികൾ വികസിപ്പിക്കാനായി ആവഷ്കരിച്ച പദ്ധതിയാണിത്.

(ഡി) പൊതുവിദ്യാലയങ്ങളിൽ മേല്പറഞ്ഞ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങളിലൂടെ കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ?

ഉണ്ട്. മേൽ സൂചിപ്പിച്ച പ്രവർത്തന പരിപാടികളിലൂടെ പൊതുവിൽ കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷാപഠന രംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

## സാക്ഷരതാ മിഷന്റെ സാങ്കേതിക തസ്തികകളിലെ ശമ്പളം

248(1340) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാക്ഷരതാ മിഷന്റെ സാങ്കേതിക തസ്തികയിലുള്ളവർക്ക് ശമ്പളം നൽകാൻ സംസ്ഥാന ഖജനാവിൽനിന്ന് ചെലവിട്ടത് 8.45 കോടിയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ?

സാക്ഷരതാ മിഷനിൽ നിലവിൽ സാങ്കേതിക തസ്തികകൾ ഒന്നുമില്ല.

(ബി) 2016 സെപ്റ്റംബർ മുതൽ 2020 ജൂൺ വരെയുള്ള കാലഘട്ടത്തിൽ സാക്ഷരത മിഷനിൽ 14 ജില്ലാ കോ-ഓർഡിനേറ്റർമാരും 36 ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാരും ജോലി ചെയ്ത തസ്തികകൾ ധനകാര്യവകുപ്പോ ശമ്പള കമ്മീഷനോ അംഗീകരിച്ചിട്ടുള്ളതല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റൻറ് കോ-ഓർഡിനേറ്റർ എന്നീ തസ്തികകൾ സാക്ഷരതാ മിഷനിൽ ഇല്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, അസി. പ്രോജക്ട് കോ-ഓർഡിനേറ്റർ എന്നീ തസ്തികകളാണ് സാക്ഷരതാ മിഷനിൽ ഉള്ളത്. 2016-ൽ ധനകാര്യവകുപ്പ് നടത്തിയ പരിശോധനയെത്തുടർന്ന് അധികമെന്ന് കണ്ടെത്തിയ എല്ലാ കരാർ നിയമനങ്ങളും റദ്ദ് ചെയ്തിട്ടുണ്ട്. നിലവിൽ

14 ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാരും 17 അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാരുമാണ് ജോലി ചെയ്തുവരുന്നത്. ആയതിനാൽ തന്നെ സാക്ഷരതാമിഷനിൽ 2020 ജൂൺ വരെ 36 അസിസ്റ്റന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ ജോലി ചെയ്തുവരുന്നില്ല.

(സി) 2015 വരെ ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് 14,000 രൂപയും ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർക്ക് 11,500 രൂപയും വേതനമായി നൽകിയിരുന്നത് 2016 സെപ്റ്റംബർ മുതൽ മുൻകാല പ്രാബല്യത്തോടെ യഥാക്രമം 39500, 32300 എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ആയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

&

(ഡി) അദ്ധ്യാപക യോഗ്യത നിർബന്ധമല്ലാത്ത, അദ്ധ്യാപക ജോലി ചെയ്യാത്ത ഇത്തരം കരാർ ജീവനക്കാർക്ക് വൻ ശമ്പള വർദ്ധന നൽകിയതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ?

സർക്കാർ വകുപ്പുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റ് മുഖേന പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളിലുമുള്ള ദിവസവേതന/കരാർ/ താത്കാലിക ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ചതിന്റെ ഭാഗമായാണ് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 14000 രൂപയും അസി. പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് 11900 രൂപയും വേതനം എന്നത് സ.ഉ.(സാധാ)നം. 2904/2016/പൊ.വി.വ. പ്രകാരം യഥാക്രമം 39500, 32300 എന്നിങ്ങനെ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്.

(ഇ) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം സർക്കാരോ വിദ്യാഭ്യാസ വകുപ്പോ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഇല്ല.

## വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

249(1341) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നതിന് മുഖ്യമന്ത്രി സന്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര കത്തുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്കായി പഠിക്കാനുള്ള പാഠങ്ങൾക്കപ്പുറം നമ്മുടെ പ്രകൃതിയെ, കാലത്തെ, ലോകത്തെ ഒക്കെ അറിഞ്ഞ് വളരേണ്ടതിന്റെയും ജീവിതത്തെ പഠിക്കുവാൻ സഹായിക്കുന്ന ചിന്തകളും പങ്കുവയ്ക്കുന്നതിനായി 'ജീവിതപാഠം', 'പാഠത്തിനപ്പുറം' എന്നീ ലഘുലേഖകൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ലഘുലേഖകൾ പ്രിന്റ് ചെയ്ത് നൽകിയത് പൊതുവിദ്യാഭ്യാസ വകുപ്പല്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പല വിദേശ രാജ്യങ്ങൾ ഉൾപ്പെടെ കടലാസ് രഹിതമാകുന്ന സാഹചര്യത്തിൽ ഈ സന്ദേശം പ്രചരിപ്പി ക്കുന്നതിന് ഭീമമായ അളവിൽ കടലാസ് ഉപയോഗിക്കേണ്ടിവന്നത് ഈ ആശയത്തിന് തന്നെ വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത അതിന്റേതായ പ്രാധാന്യത്തോടെ കുട്ടികളിൽ എത്തിക്കുന്നതിനുവേണ്ടിയാണ് 'ജീവിതപാഠം', 'പാഠത്തിനപ്പുറം' എന്നീ ലഘുലേഖകൾ വിതരണം ചെയ്തത്.

## എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ

250(1342) ശ്രീ. റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പ്ലസ് ടു പഠന സൗകര്യം ഒരുക്കുന്നതിനായി 2014-15 വർഷം പുതുതായി എയ്ഡഡ് മേഖലയിൽ അനുവദിച്ച സ്കൂളുകളിൽ ഒരു ബാച്ചിൽ 50 കുട്ടികൾ എന്ന നിബന്ധന പാലിക്കാനാകാത്തതുമൂലം അദ്ധ്യാപക തസ്തികകൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) തുടർന്നുള്ള 5 വർഷമായി നിബന്ധനകൾ പാലിച്ചു തുടരുന്നതുമായ ഇത്തരം ബാച്ചുകളിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ;

&

(സി) ഇത്തരം ബാച്ചുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

2014 - 2015 അക്കാദമിക് വർഷം ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവ ദിച്ച് പ്രവർത്തനം ആരംഭിച്ച സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ തസ്തിക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്കൂളുകളിൽ ദിവസ വേതനാടി സ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചാണ് അദ്ധ്യാപനം നടത്തിവരുന്നത്. പ്രസ്തുത സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികൾ തികഞ്ഞിട്ടുള്ള സ്കൂളുകളിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വിദ്യാഭ്യാസ മേഖലയിൽ പുതിയ കെട്ടിടങ്ങൾ

251(1343) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയിൽ പുതിയ കെട്ടിടങ്ങൾ (പശ്ചാത്തല സൗകര്യങ്ങൾ) നിർമ്മിക്കാൻ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ ?

പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂൾ കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന 2309 കോടി രൂപയുടെയും, സംസ്ഥാന ബജറ്റിലെ പദ്ധതിയിനത്തിൽനിന്നും 1006.95 കോടി രൂപയുടെയും ഭരണാനുമതി നൽകുകയും 127 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 42 ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലാബ് നവീകരണത്തിനായി 21,13,61,682 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പൂർത്തിയായിവരുന്നു. കൂടാതെ, നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി 7 ഹയർ സെക്കണ്ടറി സ്കൂളുകൾക്കായി 4581.24 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) എത്ര പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ ?

2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ 285 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 137 ഹയർ സെക്കണ്ടറി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഇനിയും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത എത്ര വിദ്യാലയങ്ങൾ ഉണ്ടെന്നും ഇവയ്ക്കായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കുറിച്യാർമല സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രളയത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടം തകർന്നുപോയതിനാൽ സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

## ദേവികുളം നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണം

252(1344) ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെടുത്തിയും കിഫ്ബി മുഖേനയും ദേവികുളം നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിൽ എന്തൊക്കെ പ്രവൃത്തികൾ നടപ്പിലായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

5 കോടി കിഫ്ബി ഫണ്ട് കുഞ്ചിത്തണ്ണി ഗവ. എച്ച്.എസ്.എസ്. - പ്രവൃത്തി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി ഫണ്ട് ജി.എച്ച്.എസ്. അടിമാലി - പ്രവൃത്തി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 1 കോടി കിഫ്ബി ഫണ്ട് വി.എച്ച്.എസ്.എസ്. ദേവിയാർ കോളനി, ജി.എച്ച്.എസ്.എസ്. മൂന്നാർ, ജി.എച്ച്.എസ്.എസ്. മറയൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട മുഴുവൻ സർക്കാർ ഉത്തരവുകളുടേയും ഒരു പകർപ്പ് ലഭ്യമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ സ്കൂളുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

253(1345) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2020-21 അദ്ധ്യയന വർഷത്തിൽ കോവിഡുമൂലം നാളിതുവരെയായി സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിക്കാത്തതിനാൽ ഉച്ചഭക്ഷണ പദ്ധതിയിൽ സർക്കാരിന് എത്ര രൂപയാണ് മിച്ചം വന്നതെന്ന് അറിയിക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 അദ്ധ്യയന വർഷത്തിൽ കോവിഡുമൂലം നാളിതുവരെയായി സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിച്ചിട്ടില്ലെങ്കിലും 2020 മാർച്ച് മാസം മുതൽ 2013-ലെ ഭക്ഷ്യഭദ്രതാ ആക്ട് പ്രകാരമുള്ള ഭക്ഷ്യഭദ്രതാ അലവൻസ് 27 ലക്ഷത്തോളം വരുന്ന സ്കൂൾ കുട്ടികൾക്ക് നൽകിവരുന്നു. 2020 മാർച്ച് മാസം മുതൽ ആഗസ്റ്റ് വരെ ഭക്ഷ്യ ഭദ്രതാ അലവൻസ് ഭക്ഷ്യ കിറ്റ് രൂപത്തിൽ കുട്ടികൾക്ക് നൽകിയ ഇനത്തിൽ 1,81,49,25,189 (നൂറ്റി എൺപത്തിയൊന്ന് കോടി നാല്പത്തൊമ്പത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഒരുനൂറ്റി എൺപത്തി ഒൻപത് രൂപ ചെലവായിട്ടുണ്ട്. 2020 സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള ഭക്ഷ്യ ഭദ്രത അലവൻസ് നൽകുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഇതിനായി 99 കോടിയോളം രൂപയാണ് പ്രതീക്ഷിത ചെലവ്. ഇതിനുപുറമേ പാചകത്തൊഴിലാളികൾക്ക് 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ 2000 രൂപ സമാശ്വാസമായി നൽകിയിട്ടുണ്ട്. 2020 ജൂൺ മുതൽ 1600 രൂപ വീതം കോവിഡ് കാലയളവിലേയ്ക്ക് സമാശ്വാസമായി നൽകിവരുന്നു. ഇതിനായി ഇതുവരെ 20,92,43,200 രൂപ (ഇരുപത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി ഇരുനൂറ് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇതിനുപുറമേ 2017 ജൂൺ മുതൽ പാചകത്തൊഴിലാളികൾക്ക് കടിശ്ശികയിനത്തിൽ നൽകാനുള്ള തുകയും പാചകത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകി ഇതിനായി 33,17,60,600 രൂപ (മൂപ്പത്തിമൂന്ന് കോടി പതിനേഴ് ലക്ഷത്തി അറുപതിനായിരത്തി അറുനൂറ് രൂപ മാത്രം) ചെലവായിട്ടുണ്ട്. സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളിൽ 3 ശതമാനത്തിലേറെ വർദ്ധനവാണ് ഈ അദ്ധ്യയന വർഷം വന്നിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ, നിലവിലെ ബഡ്ജറ്റ് ശീർഷകങ്ങളിൽ എത്ര രൂപ മിച്ചം വരുമെന്ന് വർഷാവസാനം മാത്രമേ ലഭ്യമാവുകയുള്ളൂ.

(ബി) ഇങ്ങനെ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകേണ്ടതിനുള്ള പണം മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് നീക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ ഏതെല്ലാം ആവശ്യങ്ങൾക്കെന്ന് വിശദമാക്കാമോ ?

സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകേണ്ടതിനുള്ള പണം മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് നീക്കിയിട്ടില്ല.

(സി) 2020-21 അദ്ധ്യയന വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽനിന്നും ഫണ്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി 26709.83 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇൻസ്റ്റാൾമെന്റ് | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | അഡ്ഹോക് - 1 | 1832.81 |
| 2 | അഡ്ഹോക് - 2 | 3665.62 |
| 3 | ആദ്യ ഇൻസ്റ്റാൾമെന്റിന്റെ ബാക്കി തുക | 5069.83 |
| 4 | ഭക്ഷ്യ ഭദ്രത അലവൻസ് നൽകുന്നതിനുള്ള തുക | 4169.35 |
| 5 | രണ്ടാമത്തേതും അവസാനത്തേതുമായ ഇൻസ്റ്റാൾമെന്റ് | 11972.22 |
| | ആകെ | 26709.83 രൂപ |

**കൊണ്ടോട്ടിലെ പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞം**

254(1346) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി, ഒരു കോടി രൂപ വീതം പ്രഖ്യാപിച്ച പദ്ധതികളിൽ ഇനിയും ടെണ്ടർ നടപടി ആയിട്ടില്ലാത്ത ധാരാളം സ്കൂളുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണം വ്യക്തമാക്കാമോ;

പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി 386 വിദ്യാലയ ങ്ങൾക്ക് കിഫ്ബിയുടെ 3 കോടി, 446 വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ 1 കോടി രൂപ ധനസഹായത്തോടേയും കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 208 കെട്ടിടങ്ങൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 44 കെട്ടിടങ്ങൾ പണി പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മറ്റ് വിദ്യാലയങ്ങൾ നിർമ്മാണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങളിലൂടെ കടന്നു പോകുകയാണ്.

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ മൂന്ന് കോടി രൂപ വീതം പ്രഖ്യാപിച്ച ജി.വി.എച്ച്.എസ്.എസ്. ഓമാനൂർ, ജി.എം.യു.പി.എസ്. കൊണ്ടോട്ടി, ജി.യു.പി.എസ്. ചിറയിൽ എന്നീ സ്കൂളുകളിൽ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയു മെന്ന് അറിയിക്കാമോ ?

നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയും.

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി രൂപ വീതം പ്രഖ്യാപിച്ച ജി.എച്ച്.എസ്.എസ്. തടത്തിൽപ്പറമ്പ്, ജി.എച്ച്.എസ്.എസ്. മുതുവല്ലൂർ, ജി.എച്ച്. എസ്.എസ്. ചുള്ളിക്കോട്, ജി.എം.യു.പി.എസ്. വാഹക്കാട്, ജി.യു.പി.എസ്. ചീക്കോട് എന്നീ സ്കൂളുകളുടെ പ്രവൃത്തി എന്ന് തുടങ്ങുവാൻ കഴിയുമെന്ന് അറിയിക്കാമോ?

ജി.എച്ച്.എസ്.എസ്. തടത്തിൽപ്പറമ്പ്, ജി.എച്ച്. എസ്.എസ്. മുതുവല്ലൂർ, ജി.എച്ച്.എസ്.എസ്. ചുള്ളിക്കോട്, ജി.എം.യു.പി.എസ്. വാഹക്കാട് എന്നീ സ്കൂളുകളുടെ എസ്റ്റിമേറ്റ് തിരുത്തലുകൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ജി.യു.പി.എസ്. ചീക്കോട് സ്കൂളിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. എസ്റ്റിമേറ്റ് തിരുത്തലുകൾ വരുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് ടെക്നിക്കൽ അംഗീകാരം നൽകി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്.

## നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

255(1347) <u>ശ്രീ. ഇ. കെ വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം സർക്കാർ യു.പി, വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി എന്നീ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) നാദാപുരം സർക്കാർ യു.പി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വെള്ളിയോട് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## തൃശ്ശൂർ ജില്ലയിലെ എച്ച്.എസ്.ടി. ഗണിതം, സോഷ്യൽ സയൻസ് തസ്തികകളിലെ ഒഴിവുകൾ

256(1348) <u>ശ്രീ. അനിൽ അക്കര</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എച്ച്.എസ്.ടി. ഗണിതം മലയാളം മീഡിയം, എച്ച്.എസ്.ടി. സോഷ്യൽ സയൻസ് മലയാളം മീഡിയം തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ ?

എച്ച്.എസ്.ടി. (ഗണിതം) - 2

എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) - 4

(ബി) പ്രസ്തുത ഒഴിവുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

എച്ച്.എസ്.ടി. ഗണിതം - 2 (എച്ച്.എം. പ്രമോഷൻ ഒഴിവ് -1, പുതിയ പി.എസ്.സി. നിയമനം ലഭിച്ചതിനാൽ നിലവിൽ വന്ന ഒഴിവ് -1)

എച്ച്.എസ്.ടി. സോഷ്യൽ സയൻസ് -4 (4 എച്ച്.എം. പ്രമോഷൻ)

(സി) പ്രസ്തുത ഒഴിവുകളും 2021-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വിശദീകരിക്കുമോ?

നാളിതുവരെ നിലവിൽ വന്ന ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിന് അർഹമായ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകളിലേയ്ക്ക് പ്രമോഷൻ, അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ കൂടി പരിഗണിക്കേണ്ടതുണ്ട്. വിരമിക്കൽ, പ്രമോഷൻ മറ്റുള്ളവ മുഖാന്തരം നിലവിൽ വന്ന ഒഴിവുകളുടെ നിശ്ചിത ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വെയ്ക്കേണ്ടതിനാൽ നിലനിൽക്കുന്ന ഒഴിവുകൾ ടി തസ്തികയിലേയ്ക്ക് കൂടി നീക്കി വച്ചിട്ടുണ്ട്. 2021-വർഷത്തെ വിരമിക്കൽ ഒഴിവുകൾ കണക്കാക്കി നേരിട്ടുള്ള നിയമനത്തിനർഹമായ ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന സാക്ഷരതാ മിഷൻ

257(1349) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിത പ്രയാസം കൊണ്ട് ഇടയ്ക്ക് വച്ച് പഠനം നിലച്ചുപോയവരെ വിദ്യാഭ്യാസത്തിലേയ്ക്ക് തിരികെ കൊണ്ടുവരുവാൻ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ടോ;

&

(ബി) തുടർ വിദ്യാഭ്യാസ മേഖലയിൽ 12-ാം തലത്തിലും, 10-ാം തലത്തിലും തുല്യതാ പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ?

(എ&ബി) ഉണ്ട്.

(സി) തുല്യതാ പരിപാടിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെയും ഭിന്നലിംഗക്കാരെയും കൂടുതലായി ആകർഷിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. സാക്ഷരതാ മിഷൻ നടത്തിവരുന്ന തുല്യതാ പരിപാടിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി 'സമന്വയ' എന്ന പേരിൽ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**അതിഥി തൊഴിലാളികൾക്കായുള്ള സാക്ഷരതാ മിഷൻ പദ്ധതി**

258(1350) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിഥി തൊഴിലാളികൾക്കായി സാക്ഷരതാ മിഷൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെത്തുന്ന ഇതരസംസ്ഥാനത്തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി സാക്ഷരതാ മിഷൻ അതോറിറ്റി 'ചങ്ങാതി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ മാതൃകാ പദ്ധതി എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലാണ് നടപ്പിലാക്കിയത്. 2017 ജനുവരി 26 മുതൽ 29 വരെ നടത്തിയ സർവേയിലൂടെ കണ്ടെത്തിയവരിൽനിന്നും 469 ഇതരസംസ്ഥാനത്തൊഴിലാളികളെ സാക്ഷരരാക്കാൻ സാക്ഷരതാ മിഷന് കഴിഞ്ഞിട്ടുണ്ട്. ഇവർക്കായി സാക്ഷരതാ മിഷൻ 'ഹമാരി മലയാളം' എന്ന പേരിൽ പ്രത്യേക സാക്ഷരതാ പാഠപുസ്തകം തയാറാക്കിയാണ് പഠിപ്പിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷനോടൊപ്പം ചേർന്ന് പ്രവർത്തിച്ച പെരുമ്പാവൂരിലെ എം.ഇ.എസ്. കോളേജിന്റെ സഹായത്തോടെ ഡിജിറ്റൽ പാഠപുസ്തകവും തയ്യാറാക്കി നൽകാൻ കഴിഞ്ഞിട്ടുണ്ട്. മാതൃകാ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം രണ്ട് ഘട്ടങ്ങളിലായി മറ്റ് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചു.

(ബി) നിലവിൽ ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ?

എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വീതമാണ് 'ചങ്ങാതി' പദ്ധതിയുടെ രണ്ട് ഘട്ടങ്ങൾ നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ മൂന്നാംഘട്ടം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിൽനിന്നും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് തുടർപ്രവർത്തങ്ങൾ നടക്കുന്നതിനി

ടയിലാണ് കോവിഡ്-19 മഹാമാരി ഉണ്ടായത്. ഈ സാഹചര്യത്തിൽ, അതിഥിത്തൊഴിലാളികളിൽ ഒട്ടുമിക്കപേരും അവരുടെ സ്വന്തം നാട്ടിലേയ്ക്ക് തിരിച്ച പോയതിനാൽ പദ്ധതിയുടെ തുടർപ്രവർത്തങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് കഴിഞ്ഞിരുന്നില്ല. കോവിഡ് പ്രോട്ടോകോളിൽ കൂടുതൽ ഇളവുകൾ വരുത്തുന്ന മുറയ്ക്ക് മൂന്നാംഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടത്തി ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം എത്ര അതിഥി തൊഴിലാളികൾ സാക്ഷരരായി എന്ന് വ്യക്തമാക്കുമോ?

5451 പേർ.

**സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

259(1351) ശ്രീ . വി. ടി. ബൽറാം:
ശ്രീമതി ഷാനിമോൾ ഉസ്മാൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശ ബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാ മിഷൻ വഹിച്ച പങ്ക് വിശദമാക്കുമോ ?

സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശബോധവും പൗരബോധവും വളർത്തുന്നതിൽ സാക്ഷരതാ മിഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭരണഘടനാ സാക്ഷരതാ പരിപാടി, 'ഇന്ത്യ എന്ന റിപ്പബ്ലിക്' 'ജനകീയ വിദ്യാഭ്യാസ പരിപാടി,' 'നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റങ്ങൾ' തുടങ്ങിയ കാമ്പയിനുകളിലൂടെ ജനാധിപത്യബോധം ജനങ്ങളിൽ എത്തിക്കുന്നതിൽ വലിയ പങ്ക് വഹിച്ചു. സാക്ഷരതാ മിഷന്റെ എല്ലാ കാമ്പയിൻ പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് നടപ്പാക്കിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നു.

(ബി) സാക്ഷരത രംഗത്തും തുടർവിദ്യാഭ്യാസ മേഖലയിലും കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ?

സാക്ഷരതാ പരിപാടികൾ, തുല്യതാ പരിപാടികൾ (നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി), സർട്ടിഫിക്കറ്റ് കോഴ്സുകൾ, സാമൂഹ്യസാക്ഷരതാ പരിപാടികൾ എന്നിവയാണ് സാക്ഷരതാ മിഷൻ നടപ്പാക്കിവരുന്ന പ്രധാന പരിപാടികൾ. കൂടാതെ കഴിഞ്ഞ നാല് വർഷങ്ങളായി നൂതന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതികളുടെ പേര് ചുവടെ ചേർക്കുന്നു. അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പദ്ധതി, സമഗ്ര - ആദിവാസി മേഖലയിൽ സാക്ഷരതാ തുടർവിദ്യാഭ്യാസപദ്ധതി, നവചേതന (പട്ടികജാതി കോളനികളിൽ), 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതി, സമന്വയ - ട്രാൻസ്ജൻഡർ പഠിതാക്കൾക്കായി തുടർവിദ്യാഭ്യാസ പദ്ധതി, ചങ്ങാതി - ഇതരസംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതി, അക്ഷരസാഗരം - തീരദേശ സാക്ഷരതാ പദ്ധതി, അക്ഷരശ്രീ (തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് നടത്തിയ മാതൃകാ പദ്ധതി) സമ - കുടുംബശ്രീ പ്രവർത്തകർക്കായുള്ള പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പരിപാടി, ആദിശ്രീ - ആറളം ഫാമിലെ നിരക്ഷരത നിർമ്മാർജ്ജന പദ്ധതി, ദിശ-കശുവണ്ടി തൊഴിലാളികൾക്കായി പ്രത്യേക സാക്ഷതാ തുല്യതാപദ്ധതി, പരിസ്ഥിതി സാക്ഷരതാ പരിപാടി, ജലസാക്ഷരതാ പരിപാടി, ഭരണഘടനാ സാക്ഷരതാ പരിപാടി, ലിംഗസമത്വബോധനം -നവോത്ഥാനത്തിലെ സ്ത്രീമുന്നേറ്റം കാമ്പയിൻ, തുടർവിദ്യാഭ്യാസ കലോത്സവം, പ്രളയാനന്തരകേരളം എന്ത് ചിന്തിക്കുന്നു - പഠനം, കോവിഡ് പ്രതിരോധ ബോധവൽകരണ പരിപാടികൾ, പുരാരേഖ വകുപ്പുമായി ചേർന്ന് പുരാരേഖ സർവേ (പൂർത്തിയായി), അക്ഷരലക്ഷം പദ്ധതി (പൂർത്തിയായി).

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ, അതിഥി തൊഴിലാളികൾ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കായി പ്രത്യേക സാക്ഷരത പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷരത നിർമ്മാർജ്ജനത്തിനായി നവചേതന പദ്ധതി, 2000 കോളനികളിൽ പ്രത്യേക സാക്ഷരതാ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാ പരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അട്ടപ്പാടി സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, വയനാട് സമ്പൂർണ ആദിവാസി സാക്ഷരതാ പരിപാടി, സമഗ്ര, ആദിശ്രീ എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിദ്യാകേന്ദ്രങ്ങൾ വഴി നടക്കുന്ന സാക്ഷരതാ തുല്യതാ പരിപാടികളിലും ഈ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു. അതിഥി തൊഴിലാളികൾക്കായി 'ചങ്ങാതി' സാക്ഷരതാ പദ്ധതി നടപ്പാക്കിവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി 'സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി നടപ്പാക്കിവരുന്നു.

(ഡി) പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള സമൂഹത്തെ ലക്ഷ്യം വച്ചുകൊണ്ട് ചേരി നിവാസികൾക്കായി ആരംഭിച്ച സാക്ഷരത പദ്ധതി വിജയപ്രദമാണോ; കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം മേഖലകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പ്രതിസന്ധി ഉണ്ടായ സാഹചര്യത്തിൽ അത് തുടർവിദ്യാഭ്യാസ പഠനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ചേരിനിവാസികൾക്കുവേണ്ടി പ്രത്യേക സാക്ഷരതാ പദ്ധതികൾ സാക്ഷരതാ മിഷൻ ആരംഭിച്ചിട്ടില്ല. എന്നാൽ സാക്ഷരതാ മിഷന്റെ വിവിധ പദ്ധതികളിൽ ഈ മേഖലയിൽ ഉള്ളവർകൂടി പങ്കെടുക്കുന്നുണ്ട്. സാക്ഷരതാ മിഷന്റെ എല്ലാ പ്രവർത്തനങ്ങളും കാമ്പയിൻ സ്വഭാവമുള്ള ജനകീയ സംരംഭങ്ങളാണ്. അതുകൊണ്ടുതന്നെ കോവിഡ് മഹാമാരിമൂലം സമ്പർക്ക പഠനക്ലാസുകൾ നിർത്തിവയ്ക്കേണ്ട സാഹചര്യവുമുണ്ടായി.

## വണ്ടൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

260(1352) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ റവന്യൂ വകുപ്പിൽനിന്ന് വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വാസ ഫണ്ട്, വില്ലേജ് ഓഫീസ് നവീകരണം ഉൾപ്പെടെ അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നിവയുടെ വിശദാംശം വർഷാടിസ്ഥാനത്തിൽ നൽകാമോ;

&

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിൽ 1-6-2016 മുതൽ 31-12-2020 വരെ റവന്യൂ വകുപ്പിൽനിന്ന് വില്ലേജ് ഓഫീസ് നവീകരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് അനുവദിച്ച പ്രവൃത്തിയുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവയുടെ വർഷാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വാസ ഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## താലൂക്ക്-വില്ലേജ് പുനഃസംഘടന

261(1353) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശൂർ താലൂക്കിൽ 74 വില്ലേജുകളുള്ളപ്പോൾ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ 7 വില്ലേജുകൾ മാത്രമേയുള്ളൂ എന്നതിനാൽ ഇത്തരം അന്തരം പരിഹരിക്കുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

&

(സി) താലൂക്കുകൾ പുനഃസംഘടിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ ?

(എ-സി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്.

(ഡി) വില്ലേജുകൾ തമ്മിലും വലിയ അന്തരം ഉള്ളതിനാൽ വില്ലേജുകൾ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നു വന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കു ന്നതാണ്.

## വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

262(1354) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിലാണ് വനം-റവന്യൂ ഭൂമികളുടെ അതിർത്തി ജണ്ട കെട്ടി വേർതിരിക്കുവാനുള്ളതെന്ന് അറിയിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ ?

(ബി) പ്രസ്തുത സ്ഥലങ്ങളിൽ വനം-റവന്യൂ ഭൂമികൾ വേർതിരിക്കാത്തതുമൂലം നിലവിൽ കരം ഒടുക്കിയിരുന്നവരുടെ പോലും വസ്തുക്കരം വാങ്ങുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(സി) എങ്കിൽ വനം-റവന്യൂ ഭൂമികളുടെ അതിർത്തി സംയുക്ത പരിശോധനയിലൂടെ അടിയന്തരമായി പൂർത്തീകരിച്ച് ടി പ്രശ്നം പരിഹരിക്കുന്ന കാര്യം പരിഗണിക്കുമോ ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർഭൂമിയുടെ ഉടമസ്ഥാവകാശം

263(1355) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. സി . ജോസഫ്:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുസ്വത്തായ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണോ; ഇത് സംബന്ധിച്ച് മന്ത്രിസഭ പാസാക്കിയ ഏതെങ്കിലും ഉത്തരവ് നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ ?

(എ&ബി) കേരളത്തിലെ പൊതുസ്വത്തായ വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് മന്ത്രിസഭ പാസാക്കിയ ഉത്തരവ് നിലവിലില്ല. എങ്കിലും സർക്കുലറുകളും സർക്കാർ ഉത്തരവും നിലവിലുണ്ട്. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ എന്നിവ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്.

(സി) എങ്കിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വേസൈഡ് അമിനിറ്റീസ് ഉണ്ടാക്കുന്നതിനായി പാട്ടത്തിന് നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ഇറക്കിയ ഉത്തരവ് ഈ നിയമങ്ങളുടെ ലംഘന മല്ലേയെന്ന് വെളിപ്പെടുത്താമോ;

&

(ഡി) ഈ ഉത്തരവിനെ ആധാരമാക്കി റവന്യൂ മന്ത്രിതന്നെ പി.ഡബ്ല്യൂ.ഡി. ഫയലിൽ റിമാർക്സ് രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കാമോ?

(സി&ഡി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ സ്വകാര്യ വ്യക്തികൾക്ക് വേസൈഡ് അമിനിറ്റീസ് ഉണ്ടാക്കുന്നതിനായി പാട്ടത്തിന് നൽകുന്നതിന് പി.ഡബ്ല്യൂ.ഡി. ഉത്തരവ് ഇറക്കിയിട്ടില്ല.

## ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ

264(1356) ശ്രീ. പുരുഷൻ കടലുണ്ടി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാവുന്നതോടെ ഏതൊക്കെ സർക്കാർ ഓഫീസുകളാണ് ഈ കെട്ടിടത്തിൽ പ്രവർത്തിക്കുകയെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ബാലുശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ബാലുശ്ശേരി വില്ലേജ് ഓഫീസ്, സബ് ട്രഷറി ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, അഗ്രികൾച്ചർ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, ഐ.സി.ഡി.എസ്. ഓഫീസ് എന്നീ ഓഫീസുകൾ ഉൾക്കൊള്ളുന്ന മൂന്ന് നില കെട്ടിടത്തിനുള്ള പ്ലാൻ ആണ് പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതനുസരിച്ചുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്.

## വഴിയോര സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ഭൂമി നൽകിയ നടപടി

265(1357) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2020 ജൂലൈ 23-ന് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള പതിനഞ്ച് സ്ഥലങ്ങൾ വഴിയോര സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്നതിന് ടെണ്ടർ വിളിക്കാൻ പി.ഡബ്ല്യൂ.ഡി. അധികാരികളെ ചുമതലപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നത് ശ്രദ്ധയിൽ പ്പെട്ടിരുന്നോ ?

ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പ്രസ്തുത ഉത്തരവ് ഇറക്കുന്നതിനുമുൻപ് റവന്യൂ വകുപ്പിന്റെ അനുമതി നേടിയിട്ടുണ്ടോ; &

(സി) പ്രസ്തുത ഉത്തരവിനെതിരെ റവന്യൂ മന്ത്രി എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം അറിയിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

(ബി&സി) ഭൂമി ഏത് വകുപ്പിന്റെ കൈവശത്തിലായിരുന്നാലും ഭൂമി സംബന്ധിച്ച് ഏതൊരുത്തരവും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം റവന്യൂ വകുപ്പിനാണെന്നും അങ്ങനെ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് മാത്രമെ നിയമസാധുത ഉണ്ടായിരിക്കുകയുള്ളൂ എന്നും ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ടെന്ന വസ്തുത പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

## സാമ്പത്തിക സംവരണം

266(1358) ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ അടുത്തായി നടപ്പിലാക്കിയ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിനായി ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് 12-2-2020-ലെ സ.ഉ.(എം.എസ്.) നമ്പർ 02/2020/ ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് 3-3-2020-ലെ സ.ഉ. (എം.എസ്.) നമ്പർ 5/2020/ഉ.ഭ.പ.വ. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്കായി 14-3-2019-ലെ G.O(MS) No. 52/19/GAD നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ മുമ്പേ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം സംവരണം ലഭിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകന്റെ കുടുംബത്തിന് 5 ഏക്കറിൽ കൂടുതൽ കൃഷി ഭൂമി ഉണ്ടാവാൻ പാടില്ല.

2. 1000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള വീട് ആയിരിക്കണം.

3. നോട്ടിഫൈഡ് മുൻസിപ്പാലിറ്റിയിൽ 100 സ്ക്വയർ യാർഡിൽ താഴെയും നോട്ടിഫൈഡ് അല്ലാത്ത മുൻസിപ്പാലിറ്റിയിൽ 200 സ്ക്വയർ യാർഡിൽ താഴെയും വസ്തു മാത്രമേ ഉണ്ടാവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടുള്ള ഉത്തരവുകളിൽ ചുവടെ പറയും പ്രകാരമുള്ള മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു.

1. അപേക്ഷകർ പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ സംവരണ വിഭാഗത്തിൽപ്പെടാത്തവരായിരിക്കണം.

2. അപേക്ഷകൻ/അപേക്ഷക, മാതാപിതാക്കൾ, 18 വയസ്സിൽ താഴെ പ്രായമുള്ള സഹോദരൻ/സഹോദരി, അപേക്ഷകൻ/അപേക്ഷകയുടെ പങ്കാളി, 18 വയസ്സിൽ താഴെയുള്ള കുട്ടികൾ, എന്നിവർ സാമ്പത്തിക സംവരണത്തിന് അർഹരായവരുടെ 'കുടുംബം' എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു. കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നു.

3. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം നാല് ലക്ഷം രൂപയോ, അതിൽ താഴെയോ ആയിരിക്കണം.

കുടുംബ വാർഷിക വരുമാനം കണക്കാക്കുമ്പോൾ ചുവടെ ചേർക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ വരുമാനവും പരിഗണിക്കേണ്ടതാണ്.

i. മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ പരിധി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഹൗസ് പ്ലോട്ടുകളിൽ നിന്നുള്ള കാർഷിക വരുമാനം.

ii. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

iii. കുടുംബ പെൻഷൻ

iv. തൊഴിലില്ലായ്മ വേതനം

v. ഉത്സവബത്ത

vi. വിരമിക്കൽ ആനുകൂല്യങ്ങൾ

vii. യാത്രാബത്ത

4. അപേക്ഷകന്റെ കുടുംബ ഭൂസ്വത്ത് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളാണെങ്കിൽ 2.5 ഏക്കറിലും മുനിസിപ്പൽ പ്രദേശങ്ങളിലാണെങ്കിൽ 75 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണെങ്കിൽ 50 സെന്റിലും അധികരിക്കാൻ പാടില്ല.

5. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും, മുനിസിപ്പൽ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 2.5 ഏക്കറിൽ അധികരിക്കാൻ പാടില്ല.

6. മുൻസിപ്പൽ പ്രദേശങ്ങളിലും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുമായി അപേക്ഷകന്റെ കുടുംബത്തിന് ഭൂസ്വത്ത് ഉണ്ടെങ്കിൽ അതിന്റെ ആകെ ഭൂവിസ്തൃതി 75 സെന്റിൽ അധികരിക്കാൻ പാടില്ല.

7. ഭൂവിസ്തൃതി കണക്കാക്കുന്നതിന് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭൂമി കണക്കിലെടുക്കുന്നതാണ്.

8. ഭൂമി (Land) എന്നതിൽ എല്ലാത്തരം ഭൂമിയും ഉൾപ്പെടും.

9. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ആകെ ഹൗസ് പ്ലോട്ടിന്റെ വിസ്തൃതി മുനിസിപ്പൽ പ്രദേശങ്ങളിൽ 20 സെന്റിലും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 15 സെന്റിലും അധികരിക്കാൻ പാടില്ല.

(ബി) ഏത് അധികാരിയിൽനിന്നും ലഭ്യമാക്കിയ സർട്ടിഫിക്കറ്റാണ് ഈ ആനുകൂല്യം ലഭിക്കാനായി ഹാജരാക്കേണ്ടത്; വിശദമാക്കാമോ ?

മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് 10% സംവരണം ലഭ്യമാക്കുന്നതിന്, സംസ്ഥാനാവശ്യത്തിന് വില്ലേജ് ഓഫീസറിൽനിന്നും കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്ക് തഹസീൽദാരിൽനിന്നുമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത്.

(സി) ഈ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അപേക്ഷകന്റെയും മാതാപിതാക്കളുടെയും സ്കൂൾ സർട്ടിഫിക്കറ്റ്, കരം അടച്ച രസീത്, റേഷൻ കാർഡ്, മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ അവരുടെ ശമ്പള സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ എന്നിവ കൂടാതെ നിശ്ചിത ഫോറത്തിൽ ഒരു സത്യവാങ്മൂലവും അപേക്ഷകർ സമർപ്പിക്കേണ്ടതാണ്.

## വില്ലേജ് ഓഫീസുകളിലെ വിവിധ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് നടപടി

267(1359) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ അടയ്ക്കുന്നതിന് ലാന്റ് റവന്യു കമ്മീഷണർ ഉത്തരവ് നൽകിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ ഒടുക്കുവരുത്തുവാൻ ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ ഉത്തരവ് പല ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വെള്ളം, വൈദ്യുതി, ടെലിഫോൺ എന്നിവയുടെ കൺസ്യൂമർ നമ്പരുകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഏകീകൃത സംവിധാനത്തിലൂടെ ബില്ലുകൾ ഒടുക്കുവരുത്തുന്നതിന് ചില ജില്ലകളിൽ വീഴ്ച വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസുകൾക്ക് യഥാസമയം ഫണ്ട് നൽകാത്തതുകാരണം ഇപ്പോഴും ഉദ്യോഗസ്ഥർ സ്വന്തം കയ്യിൽനിന്നും ഇത്തരം ആവശ്യങ്ങൾക്ക് തുക ചെലവഴിക്കേണ്ടിവരുന്നത് അഴിമതിക്ക് ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വില്ലേജ് ഓഫീസുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ ഏകീകൃത സംവിധാനത്തിലൂടെ ഒടുക്കുവരുത്തുവാൻ ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ ഉത്തരവ് കർശനമായി പാലിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## റവന്യൂ വകുപ്പ് മുഖാന്തരമുള്ള വികസന പ്രവർത്തനങ്ങൾ

268(1360) ശ്രീ. പി. കെ. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

&

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നെടുമങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ

269(1361) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖാന്തരം ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളും അവയ്ക്കായി അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടുന്ന വിശദാംശങ്ങളും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.*

## ഇരിങ്ങാലക്കുട മണ്ഡലത്തിലെ പദ്ധതികൾ

270(1362) പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എൻ.സി.എഫ്.ആർ. ഡബ്ല്യൂ. സ്കീമിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ പ്രവൃത്തികൾ

271(1363) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാടിലെ വിവിധ മണ്ഡലങ്ങളിൽ എൻ.സി.എഫ്.ആർ. ഡബ്ല്യൂ. സ്കീമിൽ ഉൾപ്പെട്ടതും ഈ സർക്കാർ വന്നതിനുശേഷം നിർദ്ദേശം നൽകിയിട്ടുള്ളതുമായ റോഡുകളുടെയും എടുപ്പുകളുടെയും പുനരുദ്ധാരണ പ്രവൃത്തികളുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ലഭിച്ചിട്ടുള്ള തീയതി, പ്രവൃത്തികളുടെ സ്വഭാവം, ഇതിൽ പാലക്കാട് ജില്ലാ കളക്ടർ ഓഫീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ, പ്രവൃത്തികളുടെ സ്റ്റാറ്റസ് എന്നിവ തീയതി സഹിതം വ്യക്തമാക്കാമോ?

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

## കൊയിലാണ്ടി മണ്ഡലത്തിലെ 'ഫ്ലഡ് പദ്ധതി'

272(1364) ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി മണ്ഡല പരിധിയിലെ പയ്യോളി, കൊയിലാണ്ടി നഗരസഭകൾ, ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി എന്നീ ഗ്രാമ പഞ്ചായത്തുകളിലേക്കായി 'ഫ്ലഡ് പദ്ധതി' വഴി ആകെ അനുവദിച്ച റോഡ് പ്രവൃത്തികൾ എത്ര :

43 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് നവീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ, റോഡിന്റെ പേര്, നിലവിലുള്ള അവസ്ഥ എന്നിങ്ങനെ പട്ടികപ്പെടുത്തി അറിയിക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

## പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്ക് ധനസഹായം

273(1365) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ മരണങ്ങൾ, കൃഷിനാശം, വീട് നഷ്ടപ്പെട്ടവർ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ :

(ബി) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം അനുവദിച്ചെന്നും എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും വിശദീകരിക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് പ്രകൃതി ദുരന്തത്തിൽ ആകെ എത്ര പേർക്ക് വീട് പൂർണ്ണമായും നഷ്ടപ്പെട്ടുവെന്ന് അറിയിക്കാമോ; വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പട്ടാമ്പിയിലെ എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികൾ

274(1366) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; ഇവയിൽ പ്രവൃത്തി പൂർത്തിയാക്കിയ പദ്ധതികൾ, അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയതി, ഇതിൽ പാലക്കാട് ജില്ല കളക്ടർ ഓഫീസിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ഓരോന്നും തീയതി സഹിതം അറിയിക്കാമോ;

&

(ബി) എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ടതും ഭരണാനുമതി ലഭിച്ചിട്ടും ഇനിയും പൂർത്തിയാക്കുവാൻ സാധിക്കാത്തതുമായ ഓരോ പ്രവൃത്തിയുടേയും വിശദാംശങ്ങൾ ഭരണാനുമതി ലഭിച്ച തീയതി, അത് ജില്ലാ കളക്ടർ ഓഫീസിൽ ലഭിച്ച തീയതി, അതിൽ കളക്ടർ ഓഫീസിലെ ബന്ധപ്പെട്ട സെക്ഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ വിശദമായി വ്യക്തമാക്കാമോ ?

(എ&ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(സി) ഇത്തരം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചതിനുശേഷം പൂർത്തിയാക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും ഭരണാനുമതി നൽകി വരുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ച തീയതി മുതൽ ആറ് മാസത്തിനകം പ്രവൃത്തി നിർവ്വഹണത്തിനുള്ള എഗ്രിമെന്റ് വച്ചിരിക്കണം. അപ്രകാരം എഗ്രിമെന്റ് വയ്ക്കാത്ത പ്രവൃത്തികൾ റദ്ദാകുന്നതാണ്. ഭരണാനുമതി തീയതി മുതൽ ഒന്നര വർഷമാണ് പ്രവൃത്തികളുടെ ഭരണാനുമതി കാലയളവ്.

(ഡി) പ്രവൃത്തികൾ നിശ്ചയിച്ചിട്ടുള്ള സമയത്തിനകം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല എങ്കിൽ അടുത്ത നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ ?

സമയബന്ധിതമായി ആരംഭിച്ച ശേഷം മുൻകൂട്ടി കാണാൻ സാധിക്കാത്ത കാരണങ്ങളാൽ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്ന കേസുകളിൽ ഓരോ കേസിന്റെയും സാഹചര്യം പരിശോധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്.

(ഇ) പട്ടാമ്പി മണ്ഡലത്തിൽ ഇത്തരത്തിൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയിൽ ജില്ലാ കളക്ടർ ഓഫീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ തീയതി സഹിതം വ്യക്തമാക്കാമോ;

&

(എഫ്) ഇത്തരത്തിൽ പ്രവൃത്തികൾ നടപ്പിലാക്കാൻ വൈകിയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ?

(ഇ&എഫ്) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിക്കാറില്ല എന്നതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

(ജി) എൻ.സി.എഫ്.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ബന്ധപ്പെട്ട സെക്ഷന് എന്തെല്ലാം ഉത്തരവാദിത്വങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ; പദ്ധതി നിർദ്ദേശിച്ചിട്ടുള്ള നിയമസഭാസാമാജികർ ആവശ്യപ്പെടുകയാണെങ്കിൽ പദ്ധതിയുടെ നിലവിലുള്ള വിശദാംശങ്ങൾ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബാദ്ധ്യതയുണ്ടോ; വ്യക്തമാക്കാമോ?

സർക്കാരിൽ നിന്നും ലഭിക്കുന്ന ഭരണാനുമതി ഉത്തരവ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്/നിർവ്വഹണ ഉദ്യോഗസ്ഥന് സമയബന്ധിതമായി അയച്ച് നൽകേണ്ടതും തദ്ദേശസ്ഥാപനം നിർവ്വഹണ അനുമതിക്കായി ലഭ്യമാക്കുന്ന രേഖകൾ പരിശോധിച്ച് പ്രവൃത്തിക്ക് നിർവ്വഹണ അനുമതി നൽകേണ്ടതും അതത് ജില്ലാ കളക്ടർമാരാണ്. അതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടത് കളക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷന്റെ ഉത്തരവാദിത്തമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന സീനിയോറിറ്റി അനുസരിച്ച് പ്രവൃത്തിയുടെ ബിൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കുന്നതും ജില്ലാ കളക്ടറേറ്റിൽ ആണ്; നിയമസഭാ സാമാജികർ ആവശ്യപ്പെടുകയാണെങ്കിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്.

## കയ്യേറ്റഭൂമി തിരികെ പിടിക്കാൻ നടപടി

275(1367) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും കണ്ണൻദേവൻ കമ്പനിയും കയ്യേറിയ ഏക്കറുകളോളം ഭൂമി ഒഴിപ്പിക്കാൻ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്; ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ അനധികൃത കൈവശമുള്ള ഭൂമി ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. ഉടമസ്ഥത സ്ഥാപിക്കുന്നതിന് സർക്കാരിനോട് സിവിൽ കോടതിയെ സമീപിക്കുവാൻ ഉത്തരവായിട്ടുള്ളതിനാൽ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയും കണ്ണൻ ദേവൻ കമ്പനിയുമുൾപ്പെടെ അനധികൃതമായി കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) ഇതുസംബന്ധമായി ഐ.ജി. ശ്രീജിത്ത് നടത്തിയ അന്വേഷണത്തിൽ 75,000 ഏക്കറിലധികം സർക്കാർ ഭൂമി ഹാരിസൺ കമ്പനിയുടെ മാത്രം കൈവശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ?

സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ചി ഭരണാധികാരികൾ വിദേശ കമ്പനികൾക്കും പൗരൻമാർക്കും, തദ്ദേശീയർക്കും കർശന വ്യവസ്ഥകളോടെ പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയിലും, സ്വകാര്യ പാട്ട ഭൂമിയിലും യാതൊരു വിധ ഉടമസ്ഥതയും സ്ഥാപിക്കാതെ 1984-ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 1985, 2004, 2005 വർഷങ്ങളിൽ ആയിരക്കണക്കിനേക്കർ ഭൂമി വൻകിടക്കാർക്ക് വിൽപ്പന നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിതയായ ഡോ. നിവേദിത പി. ഹരൻ, ഐ.എ.എസ്-ന്റെ നേതൃത്വത്തിലുള്ള ഹൈലെവൽ കമ്മിറ്റി, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി ഹാരിസൺസ് കമ്പനി 76,769.80 ഏക്കർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതായി റിപ്പോർട്ട് ചെയ്തിരുന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ 1947-ന് മുൻപ് വിദേശകമ്പനികൾ കൈവശം വച്ചിരുന്ന ആയിരക്കണക്കിനേക്കർ ഭൂമി ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയും സമാനമായ മറ്റുള്ളവരും അനധികൃതമായി കൈവശം വയ്ക്കുന്നതായി ഐ.ജി. എസ്. ശ്രീജിത്ത് IPS റിപ്പോർട്ട് ചെയ്തിരുന്നു.

(സി) എങ്കിൽ ഈ ഭൂമി തിരിച്ചുപിടിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്നും എന്തൊക്കെ നടപടികൾ ഇനി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ 25.04.2013-ലെ ജി.ഒ. (എം.എസ്സ്)161/2013/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ടി കമ്പനികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11-4-2018-ലെ WP(c)33122/2014&Ors കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള ജുറിസ്ഡിക്ഷൻ ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17-9-2018-ൽ വിശദമായ വാദം കേൾക്കാതെതന്നെ തള്ളുകയാണുണ്ടായത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന്

അവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ടും കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്ക് വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായം ചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും 6-6-2019-ലെ സ.ഉ.(കൈ) 172/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം കോട്ടയം ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് അനധികൃതമായി കൈവശം വച്ചിരുന്നതും 2005-ൽ ഗോസ്പൽ ഫോർ ഏഷ്യയ്ക്ക് (അയനാ ചാരിറ്റബിൾ ട്രസ്റ്റ്) വിൽപ്പന നടത്തിയിട്ടുള്ളതുമായ 2263 ഏക്കർ ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പാലാ സബ് കോടതിയിൽ OS72/2019-ഉം കൊല്ലം ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് വിൽപ്പന നടത്തിയിട്ടുള്ളതും നിലവിൽ റിയ റിസോർട്ട്സ് & പ്രോപ്പർട്ടീസിന്റെ കൈവശമുള്ളതുമായ 206 ഏക്കർ തോട്ടം ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി പുനലൂർ സബ് കോടതി മുമ്പാകെ OS 10/2020-ഉം, പത്തനംതിട്ട ജില്ലയിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 9293 ഏക്കർ ഭൂമിക്കെതിരെ പത്തനംതിട്ട സബ് കോടതിയിൽ OS47/2020-ഉം, ഇടുക്കി-കോട്ടയം ജില്ലകളിലായി ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയുടെ കൈവശമുള്ള 7373.67 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി കട്ടപ്പന സബ്‌കോടതി മുമ്പാകെ OS 56/2020-ഉം ടൈറ്റിൽ കേസുകൾ നിലവിൽ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കയ്യേറ്റ ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

276(1368) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി കൈവശംവെച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

സംസ്ഥാനത്ത് 8 ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്ന തിനായി ഈ നിയമത്തിലെ സെക്ഷൻ 15-ൽ അനുശാസിക്കുന്ന കളക്ടറുടെ അധികാരങ്ങൾ നൽകി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ 25-4-2013-ലെ ജി.ഒ.

(എം.എസ്സ്)161/2013/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. ടി കമ്പനികൾ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശംവച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് KLC ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയുണ്ടായി. 11-4-2018-ൽWP(c)33122/2014&Ors കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിർണ്ണയിക്കുന്നതിനുള്ള ജൂറിസ്ഡിക്ഷൻ ഇല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദ് ചെയ്യുകയുണ്ടായി. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതിയെ സമീപിക്കാമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ 17-9-2018-ൽ വിശദമായ വാദം കേൾക്കാതെ തന്നെ തള്ളുക യാണുണ്ടായത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽ നിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവൻ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കാൻ പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന്ന സിവിൽ കോടതികളിൽ സർക്കാരിന് വേണ്ടി കേസുകൾ ഫയൽ ചെയ്യുന്നതിനും അതിന് അവശ്യമായ എല്ലാ നടപടികളും സ്വീകരി ക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും കേരള ലാൻഡ് ടാക്സ് ആക്ട് പ്രകാരം "ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസിലെ വിധിക്ക് വിധേയം" എന്ന വ്യവസ്ഥയോടെ ഭൂമിയുടെ കരം സ്വീകരിക്കുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനായി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകികൊണ്ടും 6-6-2019-ലെ സ.ഉ.(കൈ) 172/2019/ റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഹാരിസൺ മലയാളം ലിമിറ്റഡോ അവരിൽനിന്നോ അവരുടെ മുൻഗാമികളിൽനിന്നോ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതോ സമാനമായ നിലയിൽ മറ്റ് വിദേശ കമ്പനികളോ വ്യക്തികളോ

കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം നിലവിലെ കൈവശക്കാർക്ക് കേരള സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാരം കൈമാറിയിട്ടില്ലാത്തതോ ആയ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 ടൈറ്റിൽ കേസുകൾ നിലവിൽ സർക്കാർ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര യോഗങ്ങൾ നടത്തിയെന്നും യോഗങ്ങളിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

തർക്കഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 6-6-2019-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) 172/2019/റവ. നമ്പർ ഉത്തരവിൻപ്രകാരം സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് 14-9-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫറൻസിംഗ് മുഖാന്തരം ജില്ലാ കളക്ടർമാരുടെ ഒരു യോഗം ചേരുകയുണ്ടായി. ഓരോ ജില്ലയിലും ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ച് ടൈറ്റിൽ കേസ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാനും, ഓരോ ജില്ലയിലും കേസ് ഫയൽ ചെയ്യുന്നതിലെ പുരോഗതി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഓരോ മാസവും വിലയിരുത്തി സർക്കാരിൽ നിശ്ചിത ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ 500 ഏക്കറിന് മുകളിൽ വിസ്തീർണ്ണമുള്ള തോട്ടങ്ങളുടെ പേരുവിവരങ്ങൾ അടങ്ങിയ ലിസ്റ്റും സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് കൈമാറുകയുണ്ടായി.

## ഭൂമിയുടെ തരം മാറ്റം സംബന്ധിച്ച്

277(1369) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമിയുടെ തരം മാറ്റുന്നതിനായി 2020 ഡിസംബർ വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

സംസ്ഥാനത്ത് ഭൂമിയുടെ തരം മാറ്റുന്നതിനായി 2020 ഡിസംബർ വരെ ലഭ്യമായ ജില്ല തിരിച്ചുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്ന് ജില്ല തിരിച്ച് വിശദീകരിക്കുമോ ?

തീർപ്പാക്കിയ അപേക്ഷകളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.*

(സി) ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി വീതം തരം മാറ്റം വരുത്തിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

തരംമാറ്റം വരുത്തിയ ഭൂമിയുടെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.*

(ഡി) ഭൂമിയുടെ തരം മാറ്റം വഴി 2020 ഡിസംബർ 31 വരെ എത്ര തുക സർക്കാരിന് ലഭിച്ചുവെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

തരംമാറ്റം വഴി 2020 ഡിസംബർ വരെ ലഭ്യമായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വയനാട് ജില്ലയിലെ കൈവശരേഖ വിതരണം

278(1370) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി മണ്ഡലത്തിൽ കൈവശരേഖകൾ കൊടുക്കാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് രേഖ കൊടുക്കൽ വേഗത്തിലാക്കുമോയെന്ന് അറിയിക്കാമോ ?

മാനന്തവാടി മണ്ഡലത്തിൽ കൈവശരേഖകൾ നൽകാൻ ബാക്കിയുള്ള കുടുംബങ്ങൾക്ക് കൈവശരേഖ നൽകുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

(ബി) വയനാട് ജില്ലയിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര കുടുംബങ്ങൾക്ക് കൈവശരേഖ കൊടുത്തു; വിശദീകരിക്കാമോ?

വയനാട് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 607 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കൂടാതെ 80 പേർക്ക് വനാവകാശ നിയമപ്രകാരവും കൈവശരേഖ അനുവദിച്ചിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിലെ പട്ടയം വിതരണം

279(1371) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച്. വില്ലേജിലും മൂന്നാർ ടൗണിലും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച്. വില്ലേജിലും മൂന്നാർ ടൗണിലും ഉൾപ്പെടുന്ന പ്രദേശങ്ങളിലും പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ എത്രത്തോളം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ ആകെ 2445 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ പട്ടയവിതരണം

280(1372) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിലെ അർഹരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

168 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

| വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| പുതുവൈപ്പ് | 99 |
| എളങ്കുന്നപ്പുഴ | 32 |
| ഞാറക്കൽ | 7 |
| എടവനക്കാട് | 24 |
| നായരമ്പലം | 1 |
| പള്ളിപ്പുറം | 4 |
| കുഴിപ്പിള്ളി | 1 |
| ആകെ | 168 |

## ബണ്ട് കോളനിയിലെ വീടുകൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി

281(1373) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ കോർപ്പറേഷനിലെ അൻപത്തിരണ്ടാം ഡിവിഷനിലെ കണയന്നൂർ താലൂക്കിൽ പൂണിത്തുറ വില്ലേജിൽപ്പെട്ട ബണ്ട് കോളനിയിലെ ഇരുപതോളം വീടുകൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) ഇവർക്ക് ഉടൻതന്നെ പട്ടയം നൽകുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ തഹസിൽദാരുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## ചെങ്ങന്നൂരിലെ പട്ടയ വിതരണം

282(1374) ശ്രീ. സജി ചെറിയാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടും പല കുടുംബങ്ങൾക്കും പട്ടയം ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ?

തോട്, കായൽ, കനാൽ, റോഡ് പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് നിലവിലെ നിയമങ്ങൾ പ്രകാരം പട്ടയം നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ എത്ര അപേക്ഷകർക്കാണ് പട്ടയം നൽകുവാനുള്ളതെന്ന് അറിയിക്കാമോ ?

50 അപേക്ഷകർക്ക്.

(സി) പട്ടയം എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്നത് വ്യക്തമാക്കാമോ?

ടി അപേക്ഷകളിൽ സമയബന്ധിതമായി പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുമ്പെട്ടിയിലെ കൈവശകർഷകർക്ക് പട്ടയവിതരണം**

283(1375) ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പെട്ടിയിലെ കൈവശകർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി; എത്രപേർക്കാണ് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നത്; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദീകരിക്കാമോ ?

പെരുമ്പെട്ടി വില്ലേജിലെ പൊന്തൻപുഴയിലെ 512 കുടുംബങ്ങളുടെ കൈവശഭൂമിയുടെ പട്ടയ നടപടികൾ കൈക്കൊണ്ടുവരികയാണ്. വൃക്ഷവില ഈടാക്കുന്നതുമായി ബന്ധപ്പെട്ട് രാജകീയ വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ചില വൃക്ഷങ്ങൾ പരിശോധനയിൽ വിട്ടുപോയിട്ടുള്ളതായി വനം വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൃക്ഷങ്ങളുടെ കണക്കെടുപ്പ് വീണ്ടും നടത്തുന്നതിന് ടീമിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 1-1-1977-ന് മുമ്പ് വന ഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കു ന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇവിടുത്തെ കൈവശകർഷകർക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സവാദം വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് പ്രശ്നം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉണ്ട്. വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 1-1-1977-ന് മുമ്പ് വന ഭൂമി കൈയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പെരുമ്പട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ 31-5-1958-ലെ നോട്ടിഫിക്കേഷൻ നമ്പർ F(A)2-1089/57/AD-ന്റെ പരിധിക്ക് പുറത്താണോ പരിധിയ്ക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം

നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പറിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വന ഭൂമിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസ്സിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഇടക്കാല മറുപടി നൽകിയിട്ടുണ്ട്. വനംവകുപ്പിന്റെ വർക്കിംഗ് പ്ലാൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 716.70 ഹെക്ടർ (1771 ഏക്കർ) മാത്രമാണ്. സെക്ഷൻ 4 നോട്ടിഫിക്കേഷൻ F(A)2 - 1089/57/AD dated 31-5-1958 gazette dated 10.06.1958 പ്രകാരവും വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കർ ആണ്. എന്നാൽ വനംവകുപ്പ് നിലവിൽ കൈവശം വച്ചിരിക്കുന്നത് 2141.07 ഏക്കർ ആണ്. ആയതിനാൽ ഇപ്രകാരമുള്ള അധിക വിസ്തീർണം പെരുമ്പെട്ടിയിലെ കൈവശ കർഷകരുടെ ഭൂമിയാണെന്ന് അനുമാനി ക്കാ വുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങൾകൂടി സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടു പോയതിനാലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായതിനാലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രശ്നങ്ങൾ പരിഹരിച്ച് ഇവിടത്തെ കൈവശകർഷകർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയും എന്ന് പറയാമോ?

വനഭൂമിയാണ് എന്ന തെറ്റിദ്ധാരണയിൽ 1-1-1977-ന് മുമ്പ് വന ഭൂമി കയ്യേറി കൈവശം വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിലെ കൈവശങ്ങളും ഉൾപ്പെട്ടിട്ടുള്ളതാണ്. അപ്രകാരം സംയുക്ത പരിശോ ധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പെരുമ്പട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനം വകുപ്പിന്റെ 31-5-1958-ലെ നോട്ടിഫിക്കേഷൻ നമ്പർ F(A)2-1089/57/AD-ന്റെ പരിധിക്ക് പുറത്താണോ പരിധിക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പറിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന്

തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വന ഭൂമിക്കു പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഇടക്കാല മറുപടി നൽകിയിട്ടുണ്ട് വനം വകുപ്പിന്റെ വർക്കിംഗ് പ്ലാൻ പ്രകാരം വലിയകാവ് റിസർവിന്റെ വിസ്തൃതി 716.70 ഹെക്ടർ (1771 ഏക്കർ) മാത്രമാണ്. സെക്ഷൻ 4 നോട്ടിഫിക്കേഷൻ F(A)2 - 1089/ 57/AD dated 31-5-1958 gazette dated 10.06.1958 പ്രകാരവും വലിയകാവ് റിസർവിന്റെ വിസ്തൃതി 1771 ഏക്കർ ആണ്. എന്നാൽ വനംവകുപ്പ് നിലവിൽ കൈവശം വെച്ചിരിക്കുന്നത് 2141.07 ഏക്കർ ആണ്. ആയതിനാൽ ഇപ്രകാരമുള്ള അധിക വിസ്തീർണം പെരുമ്പട്ടിയിലെ കൈവശ കർഷകരുടെ ഭൂമിയാണെന്ന് അനുമാനിക്കാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററിലെ ഭൂമിയുടെ തരം കാണിക്കുന്ന കോളം 5-ൽ പുറമ്പോക്ക് എന്നും ഭൂഉടമയുടെ പേര് കാണിക്കുന്ന കോളം 9-ൽ സർക്കാർ എന്നും റിമാർക്സ് കോളം 10-ൽ ചിലതിൽ കൈവശക്കാരുടെ പേരുവിവരങ്ങളും മറ്റ് ചിലതിൽ റിസർവ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പട്ടി വില്ലേജിലെ കൈവശങ്ങൾകൂടി സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടു പോയതിനാലും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായതിനാലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## തീരദേശവാസികൾക്ക് പട്ടയം നൽകുവാൻ നടപടി

284(1376) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) ചെറുവത്തൂർ, പടന്ന, തൃക്കരിപ്പൂർ എന്നീ തീരദേശപ്രദേശങ്ങളിൽ വർഷങ്ങളായി ജീവിക്കുന്നവർക്ക് അവർ താമസിക്കുന്ന ഭൂമിക്ക് പട്ടയം കിട്ടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) 50 വർഷത്തിലധികമായി ഇത്തരത്തിൽ താമസിക്കുന്ന ജനങ്ങൾക്ക് പട്ടയം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തീരദേശ പരിപാലന നിയമത്തിനനുസൃതമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## താഴക്കോട് വില്ലേജിൽ പട്ടയവിതരണം

285(1377) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ താഴക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയ വിതരണ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

കോഴിക്കോട് ജില്ലയിലെ താഴക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികളുടെ ഭൂമിക്ക് പകരം 25.84 ഏക്കർ ഭൂമി വനം വകുപ്പിന് നൽകി ടി ഭൂമി കൈവശക്കാർക്ക് പതിച്ചുനൽകാനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരികയും ആയതിലേയ്ക്ക് അനുമതിക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് ഓൺലൈൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടയം എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച ഓൺലൈൻ പ്രൊപ്പോസലിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കും.

## വട്ടിയൂർക്കാവ് മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ

286(1378) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വട്ടിയൂർക്കാവ് നിയോജകമണ്ഡല പരിധിയിൽ ഓരോ വില്ലേജിലും പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവ എത്ര യെണ്ണമാണെന്ന് വ്യക്തമാക്കാമോ ?

വട്ടിയൂർക്കാവ് നിയോജകമണ്ഡല പരിധിയിൽ ഓരോ വില്ലേജിലും പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവയുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വില്ലേജ് | തീർപ്പാക്കാനുള്ള അപേക്ഷകൾ |
|---|---|---|
| (1) | (2) | (3) |
| 1 | വഞ്ചിയൂർ | 10 |
| 2 | വട്ടിയൂർക്കാവ് | 8 |
| 3 | കുടപ്പനക്കുന്ന് | 11 |

| (1) | (2) | (3) |
|---|---|---|
| 4 | പേരൂർക്കട | 35 |
| 5 | തിരുമല | 3 |
| 6 | ശാസ്തമംഗലം | 22 |
| 7 | പട്ടം | 25 |
| 8 | കവടിയാർ | 27 |
| | ആകെ | 141 |

(ബി) ഈ അപേക്ഷകളിൽ അർഹരായവർക്ക് സമയബന്ധിതമായി പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ലഭ്യമായ അപേക്ഷകളിൽ അർഹരായവർക്ക് സമയബന്ധിതമായി പട്ടയം അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ആകെ അപേക്ഷകളിൽ 112 കേസുകൾ റോഡ്, തോട്, കുളം മുതലായ പുറമ്പോക്കുകളിൽ വരുന്നവയാണ്. ആയത് 1995-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിവിന് വിധേയമല്ല.

**കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി**

287(1379) <u>ശ്രീ. രാജു എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലെ കൈവശ ഭൂമിക്കാണ് പട്ടയം നൽകാനുള്ളത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾ വീതമാണ് ഉള്ളത്; ഈ പ്രദേശങ്ങളിൽ ഓരോന്നിലും പട്ടയം നൽകാനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്ന് വിശദീകരിക്കാമോ ?

അനുബന്ധം- I ആയി ചേർത്തിട്ടുണ്ട്.*

(ബി) പട്ടയം നൽകുന്നതിന് ഇവിടങ്ങളിൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഇവ പൂർത്തീകരിച്ച് കർഷകർക്ക് എന്നത്തേയ്ക്ക് കൈവശഭൂമിക്ക് പട്ടയം നൽകാനാകും എന്ന് പറയാമോ;

&

(സി) ഏതെങ്കിലും പ്രദേശത്ത് പട്ടയ നടപടികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടയവിതരണം

288(1380) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വൈത്തിരി താലൂക്കിൽ എത്ര ആളുകൾക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈത്തിരി താലൂക്കിൽ 170 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) വൈത്തിരി താലൂക്കിൽ ഇനി എത്ര പേർക്ക് പട്ടയം അനുവദിക്കാനുണ്ട്; വിശദമാക്കാമോ?

38 അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കൊല്ലം താലൂക്കിലെ പട്ടയ വിതരണം

289(1381) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ്, കൊല്ലം ഈസ്റ്റ്, തൃക്കരുവ, പനയം, തൃക്കടവൂർ, മങ്ങാട് വില്ലേജുകളിലായി നൽകിയിട്ടുള്ള പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; വിശദാംശം നൽകുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ - 16, കൊല്ലം വെസ്റ്റ് - 7, പനയം -7 എന്നിങ്ങനെ പട്ടയം വിതരണം ചെയ്തിട്ടുള്ളതും തൃക്കരുവ, തൃക്കടവൂർ, മങ്ങാട് വില്ലേജുകളിൽ പട്ടയം നൽകിയിട്ടില്ലാത്തതുമാണ്.

## പണ്ടാരച്ചിറയിലെ കുടുംബങ്ങൾക്ക് പട്ടയം

290(1382) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൊച്ചി നഗരസഭയിലെ 57-ാം ഡിവിഷനിൽപ്പെട്ട പണ്ടാരച്ചിറ മേഖലയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) ഇവിടെ എത്രപേർക്ക് പട്ടയം ലഭിക്കാനുണ്ടെന്നും ഇവർക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

(എ&ബി) ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ തലത്തിൽ സ്വീകരിച്ചുവരുന്നു. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

## പട്ടയ നടപടികളുടെ പുരോഗതി

291(1383) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന പട്ടയ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2021 ഫെബ്രുവരി മാസം നടക്കുന്ന പട്ടയമേളയിൽ വിതരണം ചെയ്യുന്നതിനായി പീരുമേട് നിയോജകമണ്ഡലത്തിൽ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 പ്രകാരം പട്ടയങ്ങൾ തയ്യാറാക്കിവരുന്നു. പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗങ്ങളും സമയാസമയങ്ങളിൽ വീഡിയോ കോൺഫറൻസുകളും നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പത്തനംതിട്ട ഗ്രോ മോർ ഫുഡ് പദ്ധതി

292(1384) <u>ശ്രീ. രാജു എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :**

(എ) പത്തനംതിട്ട ജില്ലയിൽ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം അനുവദിച്ച എത്ര ഏക്കർ ഭൂമിക്കാണ് ഇനിയും പട്ടയം വിതരണം ചെയ്യാനുള്ളതെന്ന് കർഷകരുടെ എണ്ണം, വില്ലേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 1-1-1977-ന് മുമ്പുള്ള ഇത്തരം കൃഷി ഭൂമികളിൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത സർവ്വേ നടത്തി അതിരുകല്ലുകൾ സ്ഥാപിച്ചവ എത്ര ഭൂമിയാണ്; ഇവർക്ക് പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(സി) ഇത് പരിഹരിച്ച് പട്ടയം നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; എന്നത്തേയ്ക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പത്തനംതിട്ട ജില്ലയിലെ ഗ്രോ മോർ ഫുഡ് പദ്ധതി പ്രകാരം വനംവകുപ്പിൽ നിന്നും കൈമാറികിട്ടിയ ഭൂമിയ്ക്ക് ഭൂരിഭാഗവും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ധാന്യവിളകൾക്കും കപ്പ കൃഷിക്കുമായി 3 വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടുകൊടുത്ത പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോൽപ്പാദന മേഖലയായി അറിയപ്പെടുന്നത്. പ്രസ്തുത കൈവശക്കാർ കൃഷിക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കയ്യേറിയിരുന്നു. പട്ടയം നൽകുവാൻ അവശേഷിക്കുന്ന നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 1-1-1977-ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ജോയിന്റ് വേരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. വനംവകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത്, റവന്യൂ ഭൂമിയേത്, വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയ്തതേത്, ചെയ്യാത്തതേത്, ഗ്രോ മോർ ഫുഡ് മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ അവശ്യംവേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാൽ ഗ്രോ മോർ ഫുഡ് പ്രദേശത്തെ അവശേഷിക്കുന്ന കൈവശങ്ങൾക്ക് പട്ടയം നൽകുവാൻ സാധിച്ചിട്ടില്ലാത്തതാണ്. ടി ഭൂമിയുടെ കോ ഓർഡിനേറ്റ്സ് എടുത്ത് ജിയോ റഫറൻസ് മാപ്പ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

### കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയം, കൈവശരേഖ വിതരണം

293(1385) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന് പട്ടിക തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 76 പട്ടയങ്ങളും 9 കൈവശരേഖയും വിതരണം ചെയ്തിട്ടുണ്ട്. പട്ടിക അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടയവിതരണം**

294(1386) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,63,691 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണവും ഭൂവിസ്തൃതിയും ജില്ല തിരിച്ച് വിശദമാക്കുമോ;

&

(സി) എത്ര കൈവശ കൃഷിക്കാർക്കും എത്ര ഭൂരഹിതർക്കുമാണ് പട്ടയം നൽകിയതെന്ന് വിശദമാക്കാമോ ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പട്ടയം നൽകിയ ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചു എന്ന് വിശദമാക്കാമോ?

പട്ടയം നൽകിയ ഇനത്തിൽ 7,29,29,704 രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**പട്ടിക വർഗ്ഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം**

295(1387) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന് നിലവിൽ ഉത്തരവായിട്ടുണ്ടോ ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം ഏതൊക്കെ ജില്ലയിൽ പട്ടയ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പ്രസ്തുത ഉത്തരവ് ബാധകമായിട്ടുള്ള പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ പട്ടയ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പട്ടയവിതരണം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ജില്ലതിരിച്ചുള്ള വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവിധ പദ്ധതികൾ പ്രകാരം ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടേയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റേയും അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിക്കുള്ള പട്ടയവും 2001-ലെ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയവും 2006-ലെ വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖയും (RoR) നൽകിവരുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയും നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ പ്രകാരം നാളിതുവരെ അനുവദിച്ചിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൈവശഭൂമിക്ക് പട്ടയം നൽകുന്നതുസംബന്ധിച്ച്

296(1388) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പെരിഞ്ചാംകുട്ടി കാഞ്ചിയാർ മേഖലയിലെ പദ്ധതി പ്രദേശത്തോട് ചേർന്ന പത്തുചെയിൻ മേഖലയിലെ മൂന്ന് ചെയിൻ വിട്ട് ശേഷിക്കുന്ന കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ?

ഇരട്ടയാർ പദ്ധതി പ്രദേശത്ത്, കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുള്ള ഭൂമി ഒഴികെയുള്ള റവന്യൂ ഭൂമിയിൽ താമസിക്കുന്ന കൈവശക്കാർക്ക് ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനും, കാലങ്ങളായി ഇടുക്കി ജലവൈദ്യുത പദ്ധതി പ്രദേശത്ത് താമസിച്ച് കൃഷി ചെയ്തുവരുന്ന കുടുംബങ്ങൾക്ക് വൈദ്യുതി ബോർഡിന്റെ ജല വൈദ്യുത പദ്ധതി പ്രദേശത്ത് നിന്നും മൂന്ന് ചെയിൻ വിട്ടുള്ള പ്രദേശത്ത് പട്ടയംനൽകുന്നതിനും, വൈദ്യുതി ബോർഡ് എതിർപ്പ് അറിയിക്കുന്ന കേസുകളിൽ മാത്രം അവരുടെ റിപ്പോർട്ട് കൂടി വാങ്ങി, അതുകൂടി പരിശോധിച്ച് സമവായത്തിൽ എത്തിയതിനുശേഷം ബന്ധപ്പെട്ട ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് അനുമതി നൽകി 24-10-2017-ലെ സ.ഉ.(കൈ)352/2017/റവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പത്ത് ചെയിൻ മേഖലയിലെ മൂന്ന് ചെയിൻ വിട്ട് ശേഷിക്കുന്ന പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടയ വിതരണം

297(1389) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം അനുവദിച്ച് നൽകി ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 1,63,691 പേർക്ക് പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) കൊച്ചി നിയോജകമണ്ഡലത്തിൽ നിന്നും 2016 ജൂൺ മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിൽ പട്ടയം അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ; &

(സി) ഇപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം അനുവദിച്ചുനൽകി എന്നതിന്റെ കണക്ക് വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

(ബി&സി) 2016 ജൂൺ മുതൽ 2020 ഡിസംബർ വരെ കൊച്ചി നിയോജക മണ്ഡലത്തിൽ നിന്ന് 126 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ഫോർട്ട് കൊച്ചി | - | 113 |
| രാമേശ്വരം | - | 5 |
| കുമ്പളങ്ങി | - | 2 |
| ചെല്ലാനം | - | 1 |
| മട്ടാഞ്ചേരി | - | 5 |

(ഡി) ലഭിച്ച അപേക്ഷകളിൽ ഇനി 2021 മാർച്ച് 31-നകം എത്രപേർക്ക് കൂടി പട്ടയം അനുവദിച്ച് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫോർട്ട് കൊച്ചി വില്ലേജ് തുരുത്തി GCDA കോളനി നിവാസികളായ 51 പേർക്ക് പട്ടയം നൽകുവാൻ കഴിയും.

(ഇ) കൊച്ചി നിയോജകമണ്ഡലത്തിലെ ഫോർട്ട് കൊച്ചി വില്ലേജിലെ തുരുത്തി കോളനിയിലെ അർഹരായവർക്ക് കൈവശഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവരുന്നുവെന്നും എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഫോർട്ട് കൊച്ചി വില്ലേജ് തുരുത്തി കോളനി നിവാസികളായ 51 പേരുടെ അപേക്ഷയിൽ 7 (1) നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. നോട്ടീസ് പരസ്യപ്പെടുത്തിയതിൽ ആക്ഷേപങ്ങൾ ഒന്നും ലഭ്യമായിട്ടില്ല. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാൻ കഴിയുന്നതാണ്.

## പട്ടയം ലഭ്യമാക്കുന്ന നടപടി

298(1390) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മൂക്കന്നൂർ വില്ലേജിൽപ്പെട്ടതും, 48 വർഷങ്ങൾക്ക് മുൻപ് ശ്രീമതി ത്രേസ്യ നിധിയേരിയുടെ എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികളുടെ കൂലിതർക്കവുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടിപ്രകാരം പണത്തിന് പകരമായി നൽകിയിരുന്നതും, ശ്രീമതി ത്രേസ്യാ നിധിയേരിയിൽനിന്നും മിച്ചഭൂമിയായി ഏറ്റെടുത്തതുമായ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുവേണ്ടി കറുകുറ്റി വില്ലേജ്, പാലിശേരി കരയിൽ കാളി മകൾ കാർത്ത്യായനി മുതൽ 31 പേർ സമർപ്പിച്ച അപേക്ഷയിൽ പട്ടയം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കാമോ;

&

(ബി) ഇതുസംബന്ധിച്ച എറണാകുളം കളക്ടറേറ്റിലെ L4-45123/2003 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ?

(എ&ബി) ശ്രീമതി ത്രേസ്യാ നിധിയേരിയിൽനിന്നും ഏറ്റെടുത്ത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി ശ്രീമതി കാർത്ത്യായനി മുതൽ 31 പേർ സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചു നൽകിയിട്ടുള്ളതും, ആയതിന്മേൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത കക്ഷികളിൽ പലരും ടി ഭൂമി കൈമാറിയിട്ടുള്ളതാണെന്ന് കണ്ടെത്തുകയും പതിവ് നടപടിക്ക് അപേക്ഷിക്കുവാൻ ആസ്പദമായിട്ടുള്ള വസ്തു ഭൂപരിഷ്കരണ നിയമത്തെ പരാജയപ്പെടുത്തുവാൻ മനഃപൂർവം സൃഷ്ടിക്കപ്പെട്ടതാണോയെന്ന് പരിശോധിക്കുവാൻ എറണാകുളം ജില്ലാ കളക്ടറേറ്റിലെ എൽ4-45123/2003 ഫയലിൽ ആലുവ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യം നിലനിൽക്കുന്നതിനാലാണ് പതിവ് നടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്.

(സി) പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിലെ 74617/N2/2004 നമ്പർ ഫയലിലും ലാൻഡ് ബോർഡിലെ LB(E) 10-2200/87(2) നമ്പർ ഫയലിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

പ്രസ്തുത ഭൂമി സംബന്ധിച്ച് റവന്യൂ ഡിപ്പാർട്ട്മെന്റിലെ 74617/N2/2004 നമ്പർ ഫയലിൽ ശിപാർശ സഹിതം റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ലാൻഡ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ലാൻഡ് ബോർഡിലെ LB(E)10-2200/87(2) നമ്പർ ഫയലിൽനിന്നും അന്വേഷണ റിപ്പോർട്ടിനായി എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വർഷങ്ങളായി പ്രസ്തുത ഭൂമി കൈവശംവച്ച് അനുഭവിച്ച് വരുന്ന അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടിയാളുകൾക്ക് എന്നത്തേയ്ക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂപരിഷ്കരണ നിയമത്തെ മന:പൂർവം പരാജയപ്പെടുത്തുവാൻ വേണ്ടിയാണോ പ്രഖ്യാതാവ് ഭൂമി കൈമാറ്റം നടത്തിയിട്ടുള്ളത് എന്നത് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ അർഹതയ്ക്ക് വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രളയ ദുരിതാശ്വാസ സഹായം

299(1391) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയ ദുരിതാശ്വാസ സഹായം കിട്ടാനായി ഇനിയും എത്രപേർ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; സഹായ വിതരണത്തിന് ഇത്രയും കാലതാമസമുണ്ടാകാനുള്ള കാരണമെന്ത്; വിശദാംശങ്ങൾ നൽകുമോ ?

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 4,17,975 കുടുംബങ്ങൾക്ക് സഹായം നൽകി. 6937 പേർക്ക് ദുരിതാശ്വാസ ധനസഹായം അനുവദിക്കാനുണ്ട്. ഭൂമി സംബന്ധമായ പ്രശ്നം യഥാസമയം രേഖകൾ ഹാജരാക്കാത്തത്, കോടതി കേസുകൾ, അവകാശ തർക്കം, അക്കൗണ്ടുകളിലെ അവ്യക്തത തുടങ്ങിയ കാരണങ്ങളാലാണ് ധനസഹായ വിതരണത്തിന് കാലതാമസം നേരിടുന്നത്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയർ മുഖേന ലഭ്യമായതിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ചില ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലെ പിശകുകൾ കാരണം അവർക്ക് തുക ക്രെഡിറ്റ് ആകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചുവരുന്നു.

(ബി) ഇനിയും എത്ര തുക ഇതിനായി വിനിയോഗിക്കേണ്ടി വരും; എന്നത്തേയ്ക്ക് ഇത് പൂർണ്ണമായും കൊടുത്തു തീർക്കാനാകും എന്നറിയിക്കാമോ ?

2018-ലെയും 2019-ലെയും പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾക്കായി 2939.75 കോടി രൂപ ദുരിതാശ്വാസ സഹായമായി നൽകി (24.12.2020 വരെ). 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായ ഗഡുക്കൾ നൽകുവാൻ ഇനി 108.75 കോടി രൂപ കൂടി ആവശ്യമാണ്. 2019-ലെ പ്രളയ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായതിൽ

അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുള്ളതും ചിലരുടെ അക്കൗണ്ടിലെ പിശകുകൾ കാരണം തുക അവരുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആയിട്ടില്ലാത്തതാണ്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) 13 ലക്ഷം രൂപയുടെ പ്രളയ ദുരിതാശ്വാസ സഹായധന തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ ഇപ്പോൾ ഏത്ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ ?

പ്രളയ ദുരിതാശ്വാസ ധനസഹായ വിതരണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ 382/20, 83/20 എന്നീ ക്രിമിനൽ കേസുകൾ നിലവിലുള്ളതാണ്. അതിൽ 382/20 നമ്പർ കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 83/20 നമ്പർ കേസിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ കേസിൽ ഇതിനകം എത്ര പേർ അറസ്റ്റിലായിട്ടുണ്ട്; ഇവരുടെ പേരു വിവരവും ഇവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധികളാണെങ്കിൽ അക്കാര്യവും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## പയ്യന്നൂരിൽ ദുരന്തനിവാരണ സേന യൂണിറ്റ്

300(1392) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്തനിവാരണ സേനയ്ക്കായി കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ യൂണിറ്റ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ എൻ1/343/2017/റവ, കെ1/162/2017/റവ. നമ്പർ ഫയലുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; &

(ബി) പ്രസ്തുത ആവശ്യത്തിനായി അനുയോജ്യമെന്ന് കണ്ടെത്തിയ കോറോം വില്ലേജിലെ ഭൂമി സർക്കാർ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനായി പൊതുആവശ്യത്തിനായി നീക്കിവെച്ച് ഉത്തരവിറക്കാൻ സർക്കാരിലേയ്ക്ക് ഫയൽ അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ലാൻഡ് ബോർഡിന് നിർദ്ദേശം നൽകുമോ?

(എ&ബി) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (എസ്.ഡി.ആർ.എഫ്.) യൂണിറ്റ് തുടങ്ങുന്നതിന് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് കോറോം അംശം കാനായി ദേശം റീ സർവ്വേ 32/1, 33/1 എന്നിവയിൽപ്പെട്ട 12.585 ഏക്കർ മിച്ചഭൂമി കണ്ടെത്തി. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലാൻഡ് ബോർഡ് സെക്രട്ടറി മുഖേന കണ്ണൂർ ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ട്. (എൻ1/343/2017/റവ.). ടി യൂണിറ്റ് തുടങ്ങുന്നതിന് ദുരന്തനിവാരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല. ഭരണാനുമതി നൽകുന്ന മുറയ്ക്ക് (കെ1/162/2017/റവ.) സ്ഥലം നൽകുന്ന കാര്യം തീരുമാനമെടുക്കും.

## മലപ്പുറത്തെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

301(1393) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ (എഫ്.ആർ.ഡബ്ല്യു.) ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ആകെ എത്ര രൂപ, എത്ര റോഡുകൾക്ക് അനുവദിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ച് അറിയിക്കാമോ; &

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് ഫണ്ടനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ;

(എ&ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല

(സി) എഫ്.ആർ.ഡബ്ല്യു. പ്രവൃത്തികളുടെ എക്സിക്യൂട്ടീവ് അനുമതിക്ക് വേണ്ടി മലപ്പുറം ജില്ലാകളക്ടർക്ക് സമർപ്പിക്കപ്പെടുന്ന എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വാമനപുരം മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

302(1394) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിൽ നശിച്ചുപോയ റോഡുകളുടെ പുനരുദ്ധാരണ ത്തിനായി ദുരന്തനിവാരണ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; &

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ?

(എ&ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം നിയോജകമണ്ഡലാടിസ്ഥാ നത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

## ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം

303(1395) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കേന്ദ്ര ആഭ്യന്തര വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 2020-ൽ പ്രസിദ്ധീകരിച്ച "Disaster Risks and Resilience in India-An analytical study" എന്ന പഠനപ്രകാരം, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ കേരളം 41.9 മാർക്കോടുകൂടി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ രാജ്യത്ത് 4-ാം സ്ഥാനം കൈവരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വലിയൊരു ഭാഗം പ്രദേശം ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശമായതിനാൽ അവിടുത്തെ ഭൂവിനിയോഗം സംബന്ധിച്ച് പഠനം നടത്തണമെന്ന് ദുരന്തനിവാരണ അതോറിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഭൂവിനിയോഗം സംബന്ധിച്ച പഠനം നടത്തണം എന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ ആർ.കെ.ഐ. ഡെവലപ്മെന്റ് പ്ലാനിൽ Table 5: Disaster Risk Management Actions and Results Framework- ഐറ്റം 4.2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

304(1396) ശ്രീ. സി. ദിവാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ നദികളുടെ റിവർ ബാങ്ക് ഡെവലപ്പ്മെന്റ് പ്ലാനിന്റെ ഭാഗമായി രണ്ടാംഘട്ട റിവർ ബാങ്ക് മാപ്പിംഗ് & സാൻഡ് ഓഡിറ്റിംഗ് നടത്തുന്നതിന് ഐ.എൽ.ഡി.എം. ഡയറക്ടർക്ക് 5,00,000 രൂപ അനുവദിച്ചു.

2. തിരുവനന്തപുരം ഐ.എൽ.ഡി.എം. കേന്ദ്രമായി നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന റിവർ മാനേജ്മെന്റ് സെന്ററിന് 1,23,956 രൂപ അനുവദിച്ചു.

3. തിരുവനന്തപുരം നഗരസഭയിലെ കരമന, തമലം ചുള്ളമുക്കിന് സമീപം തോപ്പ് തോടിന്റെ വലതുകരയുടെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ചതിന് വൻകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 13,57,325 രൂപ അനുവദിച്ചു.

4. കേരള സർവ്വകലാശാലയിലെ കോളേജുകളിലെ എൻ.എസ്.എസ്. ശാഖകളെ ഉപയോഗിച്ചുകൊണ്ട് വാമനപുരം നദിയുടെ സംരക്ഷണ ബോധവത്കരണ പ്രവർത്തനം നടത്തുന്നതിന് ഐ.എൽ.ഡി.എം. ഡയറക്ടർക്ക് 4,06,400 രൂപ അനുവദിച്ചു.

5. നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ പഞ്ചായത്തിലെ ആട്ടറമൂല മണലി തോടിന്റെ സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ച പ്രവൃത്തി 4,07,100 രൂപ അനുവദിച്ചു.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങൾ

305(1397) <u>ശ്രീ. കെ.യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി ആരംഭിച്ചിരുന്ന തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഈ പാലങ്ങളുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പണി ആരംഭിച്ചിരുന്ന തൃപ്പാറ, മാത്തൂർ, ചിറ്റൂർ കടവ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാകുന്നു. പ്രസ്തുത പാലങ്ങളുടെ നിർമ്മാണങ്ങളുടെ തുടർ നടപടിക്കായി പ്രാരംഭ പ്രവർത്തനം എന്നുള്ള നിലയിൽ പാലങ്ങളുടെ ഡക്ക് സ്ലാബ് ഡിസൈൻ മാറ്റുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ സാങ്കേതിക പഠനം നടത്തി വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോളേജ് ഓഫ് എൻജിനീയറിംഗ് തിരുവനന്തപുരത്തെയും മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെയും ചുമതലപ്പെടുത്തിക്കൊണ്ടും 22-10-2020-ലെ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതിയുടെ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിൻപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് ടി വിവരം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് അധികാരികളെ അറിയിച്ചിട്ടുണ്ട്. ടി പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സഹായ സഹകരണവും കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് പത്തനംതിട്ട ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊണ്ടാഴി-കുത്താമ്പുള്ളി പാലം അപ്രോച്ച് റോഡ്**

306(1398) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി-കുത്താമ്പുള്ളി പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണ്; &

(ബി) തൃശ്ശൂർ ലാൻഡ് അക്വിസിഷൻ തഹസിൽദാർ എന്തൊക്കെ നടപടികളാണ് ഇതിനകം പൂർത്തീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ?

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി - കുത്താമ്പുള്ളി പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി 27-7-2019-ലെ സ.ഉ. (സാധാ) 2058/2019/റവ, 4-12-2019-ലെ സ.ഉ. (സാധാ) 3624/2019/റവ എന്നീ ഉത്തരവുകൾ പ്രകാരം ഉത്തരവായിട്ടുള്ളതും 16-10-2020-ലെ DCTSR/3502/2018-E4 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങളുടേയും നിർമ്മിതികളുടേയും വിലനിർണ്ണയം നടത്തുന്നതിന്റേയും ഭൂമിയുടെ സർവ്വേ സബ് ഡിവിഷൻ ചെയ്യുന്നതിന്റേയും നടപടികൾ അന്തിമഘട്ടത്തിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

വിലനിർണ്ണയം പൂർത്തിയാക്കിയാൽ, ഏറ്റെടുക്കലിന് ആവശ്യമായ തുക നിർണ്ണയിക്കുന്നതും പ്രസ്തുത തുക ലാൻഡ് അക്വിസിഷൻ തഹസിൽദാരുടെ വർക്ക് ഡെപ്പോസിറ്റിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് RFCTLARR Act പ്രകാരമുള്ള 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുന്നതുമാണ്. പ്രഖ്യാപനത്തിനുശേഷം അവാർഡ് എൻക്വയറി നടത്തി അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

## ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം

307(1399) ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഗ്രീൻഫീൽഡ് എയർപോർട്ടിന് അനുയോജ്യമെന്ന് കണ്ട ചെറുവള്ളി എസ്റ്റേറ്റിന്റെ നിലവിലെ ഉടമസ്ഥാവകാശം ആർക്കാണ്; അറിയിക്കുമോ ?

അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22-ൽ റീസർവ്വെ 281,282,283,289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്നതും ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കൈവശം വച്ചിരുന്നതുമായ 2264.09 ഏക്കർ ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡിനെ പ്രതിനിധീകരിച്ച് ശ്രീ. വി. വേണുഗോപാൽ എന്ന കക്ഷിയിൽനിന്നും എരുമേലി സബ് രജിസ്ട്രാർ ഓഫീസിലെ 2-8-2005-ലെ 2329/2005 നമ്പർ കരാർ പ്രകാരം ഗോസപ്പൽ ഫോർ ഏഷ്യ (ചാരിറ്റബിൾ ട്രസ്റ്റ്) അനധികൃതമായി വാങ്ങുകയുണ്ടായി. ഹാരിസൺ മലയാളം ലിമിറ്റഡിനോ അവരുടെ മുൻഗാമികൾക്കോ ഉടമസ്ഥാവകാശമില്ലാത്തതും സർക്കാരിൽ നിക്ഷിപ്തമാക്കേണ്ടതുമായ പ്രസ്തുത ഭൂമിയും സമാനമായ മറ്റ് തോട്ടഭൂമിയും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പ്രസ്തുത ഭൂമി തിരികെ സർക്കാരിലേക്ക് എടുത്തിട്ടുള്ളതാണ്. ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും ബഹു. ഹൈക്കോടതിയുടെ 11-4-2018-ലെ WP(C)33122/14 നമ്പർ വിധിന്യായ പ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ

അധികാരമില്ലെന്നും ഭൂമിയിന്മേൽ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ്സ് ഫയൽ ചെയ്യാവുന്നതാണെന്നും വിധിയ്ക്കുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ SLP(C)24028, 35/18 ഫയൽ ചെയ്തെങ്കിലും ബഹു. സുപ്രീംകോടതി 17-9-2018-ലെ ഉത്തരവ് പ്രകാരം SLP തള്ളുകയുണ്ടായി. പ്രസ്തുത വിധികളുടെ കൂടി അടിസ്ഥാനത്തിൽ G.O(MS) No.172/19/REV തീയതി 6-6-2019 പ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡും സമാന കമ്പനികളും കൈവശം വച്ചിരിക്കുന്നതും അവർ കൈമാറ്റം ചെയ്തതുമായ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. അതനുസരിച്ച് ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയിലെ സർക്കാരിന്റെ ഉടമസ്ഥത തെളിയിക്കുന്നതിന് പാലാ സബ് കോടതിയിൽ O.S No.72/2019 I.A No.7/2020 എന്നിവ പ്രകാരം സിവിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്.

(ബി) നഷ്ടപരിഹാരം കോടതിയിൽ കെട്ടിവച്ച് എയർപോർട്ടിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഇപ്രകാരം ഏറ്റെടുക്കുന്നതെന്നും അതിന്റെ നഷ്ടപരിഹാരമായി എന്ത് തുക കെട്ടിവയ്ക്കുവാനുമാണ് തീരുമാനിച്ചത് ?

ശബരിമല ഗ്രീൻഫീൽഡ് എയർ പോർട്ടിനുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 18-6-2020-ലെ GO (MS) No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിനാണ് തിരുമാനിച്ചിരിക്കുന്നത്.

(സി) ഈ ഭൂമി പാട്ടവ്യവസ്ഥ ലംഘിച്ചുകൊണ്ട് ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിന് വിൽപ്പന നടത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ?

ഉണ്ട്.

(ഡി) എങ്കിൽ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് പകരം നഷ്ടപരിഹാരം കെട്ടിവച്ച് ഏറ്റെടുക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ ?

തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രം. പ്രതിവർഷം 3 കോടിയിലധികം തീർത്ഥാടകർ ശബരിമല ക്ഷേത്രം സന്ദർശിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല ഉത്തരേന്ത്യയിൽ നിന്നും തീർത്ഥാടകരും ഭക്തജനങ്ങളും കൂടാതെ ധാരാളം പ്രവാസി ഇന്ത്യക്കാരും തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്നുണ്ട്. ശബരിമലയിൽ വരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനും സീസൺ സമയത്തെ ഗതാഗതകുരുക്കുകൾ ഒഴിവാക്കുന്നതിനും മദ്ധ്യകേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യമായത് കോട്ടയം ജില്ലയിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22-ൽ റീസർവ്വേ 281, 282, 283, 289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയാണെന്ന് കണ്ടെത്തുകയുണ്ടായി. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലാണ് (O.S No.72/2019, I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18-6-2020-ലെ GO (MS) No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ഇ) നഷ്ടപരിഹാരം കെട്ടിവച്ച് ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഗോസ്പൽ ഫോർ ഏഷ്യ കോടതിയെ സമീപിച്ചിട്ടുണ്ടോ; കോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ശബരിമല ഗ്രീൻഫീൽഡ് എയർ പോർട്ടിനുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനെതിരെ അയന ചാരിറ്റബിൾ സൊസൈറ്റി ബഹു. ഹൈക്കോടതിയിൽ WP(C) 13332/2020 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്നും ഏറ്റെടുക്കുന്ന അവസരത്തിൽ ചമയങ്ങളുടെ വില മാത്രമേ നൽകുവെന്നും സർക്കാർ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

## ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ- നഷ്ടപരിഹാരത്തുക

308(1400) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത നാല് വരിയാക്കുന്നതിന്റെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം, കടന്നപ്പള്ളി, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി വില്ലേജുകളിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകേണ്ടത്; എത്ര പേർക്ക് നൽകണം; ഓരോ വില്ലേജിലും എത്ര സ്ഥലമാണ് ഏറ്റെടുക്കുന്നത്; എത്ര തുക നഷ്ടപരിഹാരം നൽകുന്നതിന് ലഭിച്ചിട്ടുണ്ട്; എത്ര തുക ലഭിക്കാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

പാപ്പിനിശ്ശേരി വില്ലേജിൽപ്പെട്ട തുരുത്തിയിൽ 6.5885 ഹെക്ടർ സ്ഥലത്തിന്റെ NH ആക്ട് 1956 പ്രകാരമുള്ള 3 ഡി വിജ്ഞാപനം പ്രാദേശിക നിവാസികളുടെ എതിർപ്പിനെ തുടർന്ന് പുറപ്പെടുവിക്കാനായിട്ടില്ല. പോലീസ് സംരക്ഷണത്തോടുകൂടി സർവ്വേ നടപടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശബരിമല വിമാനത്താവളം

309(1401) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി ചെറുവള്ളി എസ്റ്റേറ്റ് ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

&

(ബി) സർക്കാർ ഭൂമിയായ ചെറുവള്ളി എസ്റ്റേറ്റ് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രം പ്രതിവർഷം 3 കോടിയിലധികം തീർത്ഥാടകർ സന്ദർശിക്കുന്നുണ്ട്. തെക്കേ ഇന്ത്യയിൽ നിന്നുമാത്രമല്ല ഉത്തരേന്ത്യയിൽനിന്നും തീർത്ഥാടകരും ഭക്തജനങ്ങളും കൂടാതെ ധാരാളം പ്രവാസി ഇന്ത്യക്കാരും തീർത്ഥാടന സമയത്ത് ശബരിമല സന്ദർശിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകരുടെ സൗകര്യത്തിനും സീസൺ സമയത്തെ ഗതാഗതകുരുക്കുകൾ ഒഴിവാക്കുന്നതിനും മദ്ധ്യ കേരളത്തിന്റെ സമഗ്ര വികസനത്തിനും ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യമായത് കോട്ടയം ജില്ലയിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ബ്ലോക്ക് 21, 22- ൽ റീസർവ്വേ 281, 282, 283, 289 എന്നീ നമ്പരുകളിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമിയാണെന്ന് സർക്കാർ കണ്ടെത്തുകയുണ്ടായി. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണനയിലാണ് (O.S No.72/2019, I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18-6-2020-ലെ GO(MS) No.158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(സി) ഭൂമി കൈവശം വച്ചിരിക്കുന്ന കമ്പനിയും സർക്കാരും തമ്മിലുള്ള തർക്കം കോടതിയിൽ നിലനിൽക്കുന്നതിനാൽ സർക്കാരിന്റെ സ്വന്തം ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം നൽകുമോ?

ഇല്ല. എന്നാൽ ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനുവേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽപ്പെട്ട ചെറുവള്ളി എസ്റ്റേറ്റിലെ 2263.18 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനെതിരെ അയന ചാരിറ്റബിൾ സൊസൈറ്റി ബഹു. ഹൈക്കോടതിയിൽ WP(C)13332/ 2020 നമ്പരായി ഫയൽ ചെയ്ത കേസിൽ അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ഭൂമിയുടെ അനധികൃത കൈമാറ്റം

310(1402) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. സി. മമ്മൂട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ ഇല്ലാതെ മറ്റ് വകുപ്പുകൾക്ക് സർക്കാർ ഭൂമി കൈമാറ്റം ചെയ്യാനുള്ള അധികാരം നൽകിയിട്ടുണ്ടോ ?

ഇല്ല.

(ബി) പാതയോര വിശ്രമകേന്ദ്ര പദ്ധതിക്കായി ഏതെങ്കിലും വകുപ്പ് സർക്കാർ ഭൂമി കൈമാറ്റം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ ?

കണ്ടെത്തിയിട്ടില്ല.

(സി) സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകാനുള്ള നീക്കം തടയുവാൻ റവന്യൂ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

നിലവിലെ ഭൂ പതിവ് ചട്ട പ്രകാരം സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനോ പതിച്ചോ നൽകാൻ വ്യവസ്ഥയുണ്ട്.

## കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ വസ്തുവകകളിന്മേലുള്ള അവകാശം

311(1403) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ ?

സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും, പുറമ്പോക്ക് ഭൂമിയും, ഉടമസ്ഥരില്ലാത്ത ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനായി, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് കമ്മീഷണറുടെ (എൽ.എ.) നേതൃത്വത്തിൽ ലാൻഡ് മാനേജ്മെന്റ് സെൽ എന്ന പേരിൽ ഒരു സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തു വകകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ?

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകകളുടെ വിവരശേഖരണം നടത്തി വരുന്നു.

(സി) വിറ്റഴിക്കാനോ അന്യാധീനത്തിലാക്കാനോ തീർച്ചപ്പെടുത്തിയ സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിന് നിയമപരമായ അവകാശമുണ്ടോ; &

(ഡി) എങ്കിൽ ആ അവകാശം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(സി&ഡി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുവകകളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമ വഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതുതാത്പര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29-7-2019-ലെ സ.ഉ (എം.എസ്) 243/2019/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്.

**വൈത്തിരി താലൂക്കിൽ അനുവദിച്ച പ്രളയദുരിതാശ്വാസം**

312(1404) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വൈത്തിരി താലൂക്കിൽ പ്രളയ ദുരിതാശ്വാസമായി എത്രയാളുകൾക്ക് പതിനായിരം രൂപ വീതം അനുവദിച്ചു; പ്രസ്തുത ദുരിതാശ്വാസം ഇനി ആർക്കെങ്കിലും ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണ് ?

2018-ലെ പ്രളയത്തിൽ ദുരന്തബാധിതരായ വൈത്തിരി താലൂക്കിലെ 3822 പേർക്കും 2019-ലെ പ്രളയത്തിൽ ദുരന്തബാധിതരായ 8801 പേർക്കും 10000 രൂപ വീതം അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലെ പിശകുകൾ കാരണം പൂർണ്ണമായും ദുരിതാശ്വാസ സഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. സാങ്കേതിക പിശകുകൾ പരിശോധിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) പ്രസ്തുത പ്രളയത്തിൽ വൈത്തിരി താലൂക്കിലെ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും വീടിന് നാശനഷ്ടം സംഭവിച്ചവർക്കും എത്ര രൂപ വീതം അനുവദിച്ചു; ഇത്തരത്തിലുള്ള നഷ്ടപരിഹാരം ഇനി ആർക്കെങ്കിലും ലഭിക്കാൻ ബാക്കിയുണ്ടോ ?

2018, 2019-കളിലെ പ്രളയത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപ വീതവും ഭാഗികമായി വീടിന് നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോത് അനുസരിച്ചും (0-15%- 10,000, 16-19%- 60,000, 30-59%- 1,25,000, 60-74%-2,50,000) ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളിലെ പിശക് കാരണം ട്രഷറിയിൽനിന്ന് മടങ്ങിയ കേസുകളിൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) വൈത്തിരി താലൂക്കിൽ പ്രളയത്തിൽ വീടോ സ്ഥലമോ നഷ്ടപ്പെട്ട ആളുകൾ എത്രയാണ്; ഇവർക്ക് എത്ര രൂപ ഇതിനായി അനുവദിച്ചു; ഈ വിഭാഗത്തിൽ ഇനി ആർക്കെങ്കിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം നേരിട്ടതിനുള്ള കാരണം വിശദമാക്കാമോ?

2018 പ്രളയത്തിൽ വീടും, വീടും സ്ഥലവും കൂടിയോ നഷ്ടപ്പെട്ട 468 പേർക്ക് 16,79,07,820 രൂപയും, 2019 പ്രളയത്തിൽ വീടും, വീടും സ്ഥലവും കൂടിയോ നഷ്ടപ്പെട്ട 2802 പേർക്ക് 17,57,80,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഭൂമി ഇതുവരെയും കണ്ടെത്താത്ത ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാനുണ്ട്.

## പ്രളയ ധനസഹായം

313(1405) <u>ശ്രീ. എ. പ്രദീപ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ കഴിഞ്ഞ കാലവർഷത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച എത്ര പേരിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ; &

(സി) ധനസഹായം ലഭിക്കാത്തവരുടെ പേരുവിവരങ്ങളും ഇതുവരെ ധനസഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## മഹാപ്രളയത്തിലും കാലവർഷക്കെടുതിയിലും നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

314(1406) ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018, 2019 വർഷങ്ങളിലെ മഹാപ്രളയത്തിലും കാലവർഷ ക്കെടുതിയിലും വലിയ നാശം സംഭവിച്ച മുഴുവൻ പേർക്കും നഷ്ടപരിഹാരത്തുക അനുവദിച്ചുവോ എന്നറിയിക്കാമോ?

ബഹുഭൂരിപക്ഷം പേർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ വീട് വയ്ക്കുവാനുള്ള സ്ഥലം കണ്ടെത്താത്തതിനാലും അക്കൗണ്ടുകളിലെ പോരായ്മയും മറ്റ് വിവരങ്ങളിലെ അപാകതയും രേഖകൾ യഥാസമയം ഹാജരാക്കാത്തതുകാരണവും 2018, 2019 വർഷങ്ങളിലെ പ്രളയത്തിലും കാലവർഷ കെടുതിയിലും നാശനഷ്ടം സംഭവിച്ച ചില കേസ്സുകളിൽ നഷ്ടപരിഹാര തുക അനുവദിച്ച് നൽകാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

(ബി) ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത് ?

ദുരിതാശ്വാസ ധനസഹായ ഇനത്തിൽ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2562.26 കോടി രൂപയും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 372.31 കോടി രൂപയും ചേർത്ത് ആകെ 2934.57 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ വില്ലേജുകളിൽ പ്രളയദുരിതം നേരിട്ട അർഹരായ മുഴുവൻ പേർക്കും സഹായധനം വിതരണം ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ; &

(ഡി) എത്ര കുടുംബങ്ങൾക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

(സി&ഡി) മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

## കാസർഗോഡ് ജില്ലയിലെ പ്രളയ സാമ്പത്തിക സഹായം.

315(1407) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടാം പ്രളയത്തെ തുടർന്ന് കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഉൾപ്പെടെയുള്ള തീരദേശ മേഖലയിൽ വീടുകളിൽ വെള്ളം കയറിയതിന്റെ ഭാഗമായി ഇനിയും സാമ്പത്തിക സഹായം ലഭ്യമാകാനുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നും ഇവർക്ക് എപ്പോൾ സഹായം അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

2019-ലെ പ്രളയ ദുരിതാശ്വാസം കേന്ദ്രീകൃതമായി Direct Benificiary Transfer (DBT) മുഖാന്തരമാണ് വിതരണം ചെയ്തത്. ആയതിനാൽ തീരദേശ മേഖല തിരിച്ചുള്ള പ്രത്യേക കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

## മൂവാറ്റുപുഴയിലെ നിർമ്മാണ പ്രവൃത്തികൾ

316(1408) ശ്രീ. എൽദോ എബ്രഹാം: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ മണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നതെന്നും അനുമതി നൽകിയതിൽ ഇനിയും ആരംഭിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ മണ്ഡലത്തിലെ പോത്താനിക്കാട് വില്ലേജിന്, സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി 2018-19 പ്ലാൻ സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നതും ആയതിൻ പ്രകാരം നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നതുമാണ്. കൂടാതെ ടി മണ്ഡലത്തിലെ തന്നെ മാറാടി വില്ലേജിന് സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളതും ഭരണാനുമതിക്കായുള്ള വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയത് അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം

317(1409) ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും പുതിയ കെട്ടിടം പണിയുന്നതിനുമായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും പുതിയ കെട്ടിടം പണിയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്ദമംഗലം സബ്താലൂക്ക് താലൂക്കായി ഉയർത്താൻ നടപടി

318(1410) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഏക സബ്താലൂക്ക് ആസ്ഥാനത്ത് എത്ര ഉദ്യോഗസ്ഥരാണ് നിലവിലിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ?

കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഏക സബ്താലൂക്ക് ആസ്ഥാനത്ത് ഡെപ്യൂട്ടി തഹസിൽദാർ-1, സീനിയർ ക്ലാർക്ക്-1, ക്ലാർക്ക്-1, അറ്റൻഡർ-1, ഓഫീസ് അറ്റൻഡന്റ്-1, ഫുൾടൈം സ്വീപ്പർ-1 എന്നിങ്ങനെ 6 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ജീവനക്കാരിൽ ഡെപ്യൂട്ടി തഹസിൽദാർ, അറ്റൻഡർ എന്നീ തസ്തികകളിലുള്ള ജീവനക്കാർ കോഴിക്കോട് സബ്കളക്ടർ ഓഫീസിലും, ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരൻ കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.) എൻ.എച്ച് ഓഫീസിലും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിലവിൽ ജോലി ചെയ്തുവരുന്നു. കുന്ദമംഗലത്ത് പ്രവർത്തിച്ചുവരുന്ന സബ്താലൂക്ക് ആസ്ഥാനത്ത് നിലവിൽ 3 ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നത്.

(ബി) ഇവിടം കേന്ദ്രീകരിച്ച് ഈ ഓഫീസിന് കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കുമോ ;

(സി) ജോലിഭാരം മൂലം പ്രയാസപ്പെടുന്ന കോഴിക്കോട് താലൂക്ക് വിഭജിച്ച് കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തെ ഒരു താലൂക്കായി ഉയർത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

&

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(ബി-ഡി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള അധികാരം ഉൾപ്പെടെ, ആവശ്യത്തിനുള്ള സ്റ്റാഫിനെ നല്കി കുന്ദംകുളം സബ്താലൂക്ക് ഓഫീസിനെ താലൂക്ക് ഓഫീസായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവെങ്കിലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന പ്രസ്തുത ശിപാർശ പരിഗണിക്കാനാവില്ലെന്ന് കണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ശിപാർശ പുനഃസമർപ്പിക്കുവാനും അതുവരേയ്ക്കും തൽസ്ഥിതി തന്നെ തുടരുവാനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

319(1411) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

സംസ്ഥാനത്തെ ആകെയുള്ള 1665 വില്ലേജുകളിൽ 1655 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ളതാണ്. ബാക്കി വില്ലേജുകളിലെ ഭൂനികുതി വിവരങ്ങൾ ഡാറ്റാ എൻട്രി നടന്നുവരുന്നു.

(ബി) കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച വില്ലേജുകളിൽ ഇനിയും സർവ്വേ നമ്പർ ഡേറ്റാ എൻട്രി നടത്തുവാനും സബ് ഡിവിഷൻ നമ്പർ ചേർക്കുവാനുമുള്ളത് പരിഹരിച്ചിട്ടുണ്ടോ ?

ഡാറ്റാ എൻട്രി നടത്തുന്ന പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു. കൂടാതെ ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള പിഴവുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇതിനായി രണ്ട് ഉദ്യോഗസ്ഥരെ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

(സി) സബ് ഡിവിഷൻ നമ്പർ ചേർക്കാത്തതുകാരണം കരം ഓൺലൈനായി അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ ?

ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ നിർദ്ദേശിച്ചിരുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരുടെ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ വന്നിട്ടുള്ള ഡാറ്റാകൾ പരിശോധിച്ച് അവ പരിഹരിച്ചു വരുന്നു. ഇതിനായി പ്രത്യേക സംവിധാനം തന്നെ ഒരുക്കിയിട്ടുള്ളതാണ്.

(ഡി) കമ്പ്യൂട്ടർവൽകരണം നടന്നിട്ടും രേഖകൾ എൻട്രി ചെയ്തിട്ടില്ല എന്ന പേരിൽ വില്ലേജ് ഓഫീസുകളിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ഒഴിവാക്കുമോ ?

ഡാറ്റാ എൻട്രി പൂർത്തിയാകാത്ത വില്ലേജുകളിൽ ഡാറ്റാ അപ്പോൾതന്നെ എൻട്രി നടത്തി കരം അടവ് ഓൺലൈനാക്കുന്നതിനുള്ള ബാക്ക് ലോഗ് സംവിധാനം സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുണ്ട്.

(ഇ) 2020-2021 സാമ്പത്തിക വർഷം വില്ലേജ് കരം ഓൺലൈനായി എത്ര പേർ അടച്ചുവെന്നും എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നും അറിയിക്കാമോ?

(ഇ) 13-1-2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ 2020-21 സാമ്പത്തിക വർഷം വിവിധ ഇനങ്ങളിലായി 3,78,004 പേരിൽ നിന്നായി 166,04,44,211 (നൂറ്റി അറുപത്തി ആറ് കോടി നാല് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി ഇരുന്നൂറ്റി പതിനൊന്ന് രൂപ) വില്ലേജുകളിലെ ഇ-പേയ്മെന്റ് സംവിധാനം മുഖാന്തരവും 41,08,871 പേരിൽ നിന്നായി 46,68,07,455 (നാൽപത്തി ആറ് കോടി അറുപത്തിയെട്ട് ലക്ഷത്തി ഏഴായിരത്തി നാന്നൂറ്റി അമ്പത്തിയഞ്ച് രൂപ) ഓൺലൈനായി മാത്രം പിരിഞ്ഞുകിട്ടിയതും ചേർത്ത് ആകെ 44,86,875 പേരിൽ നിന്നായി 212,72,51,666 (ഇരുന്നൂറ്റി പന്ത്രണ്ട് കോടി എഴുപത്തി രണ്ട് ലക്ഷത്തി അൻപത്തി ഒന്നായിരത്തി അറുന്നൂറ്റി അറുപത്തി ആറ് രൂപ) ആകെ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

## കടുത്തുരുത്തി മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും നവീകരണവും

320(1412) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് പുതിയ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനും തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

കടുത്തുരുത്തി മണ്ഡലത്തിൽപ്പെട്ട വെളിയന്നൂർ, ഇലയ്ക്കാട് എന്നീ വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജാഫീസ് നിർമ്മിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന തെരഞ്ഞെടുത്തിട്ടുള്ളതാണ്. ഞീഴൂർ വില്ലേജാഫീസിന് അധികമുറി നിർമ്മാണത്തിനും, മുളക്കുളം, ഞീഴൂർ എന്നീ വില്ലേജാഫീസുകൾക്ക് അറ്റകുറ്റപ്പണി ചെയ്യുന്നതിനും പ്ലാൻ സ്കീം മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് ഡി.പി.ആർ-ഉം എസ്റ്റിമേറ്റും തയ്യാറായിട്ടുള്ളത്; ഇനി ഏതിനെല്ലാം ഡി.പി.ആർ. ലഭിക്കാനുണ്ട്; ഇവയ്ക്കെല്ലാം അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇവയുടെ പണി എന്നത്തേക്ക് തീർക്കുവാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ?

വെളിയന്നൂർ, ഇലയ്ക്കാട് എന്നീ വില്ലേജുകളിൽ സ്മാർട്ട് വില്ലേജാഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ-ഉം എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള ടി നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആറുകൾ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ അപ്ഗ്രഡേഷൻ

321(1413) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എഫ്.എ. തസ്തികയിൽ അൻപത് ശതമാനം അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് അസിസ്റ്റന്റിന്റെ അധിക തസ്തിക കൂടി അനുവദിക്കണമെന്ന ശമ്പള കമ്മീഷനുകളുടെ ശിപാർശ പരിഗണിച്ച് വി.എഫ്.എ. തസ്തികയിൽ അൻപത് ശതമാനം വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേക്ക് അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഈ സർക്കാർ പരിഗണിക്കുമോ?

പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

## പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

322(1414) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; &

(ബി) ഈ പദ്ധതികളിൽ പൂർത്തീകരിച്ചിട്ടുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കാമോ; പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## മാവേലിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് പദ്ധതികൾ

323(1415) ശ്രീ. ആർ. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) താലൂക്ക്, വില്ലേജ് ആഫീസുകൾക്ക് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെയും താലൂക്ക്, വില്ലേജ് ഓഫീസുകൾക്ക് അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത പദ്ധതികളിൽ ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള നിർമ്മാണ പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചതും ക്രമ നമ്പർ 10, 11 പ്രവർത്തികൾ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ക്രമ നമ്പർ 12, 13 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് യഥാക്രമം പൊതുമരാമത്ത് വകുപ്പ്, സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്നിവയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽ സൂചിപ്പിച്ച പദ്ധതികൾ കൂടാതെ വെട്ടിയൂർ, പാലമേൽ വില്ലേജ് ഓഫീസുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന പുനർനിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതും, ആയതിന്റെ ഭരണാനുമതി ലഭിക്കുന്നതിനായി DPR സമർപ്പിച്ചിട്ടുള്ളതുമാണ്.

**കാസർഗോഡ് ജില്ലയിലെ സർക്കാർ പുറമ്പോക്ക് ഭൂമി**

324(1416) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉപയോഗിക്കാത്ത എത്ര സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ഇതുവരെ ഒരാവശ്യത്തിനും ഉപയോഗിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഈ പുറമ്പോക്ക് ഭൂമി ഉപയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ഈ പുറമ്പോക്ക് ഭൂമി ഉപയോഗിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിളപ്പിൽശാല പോളിടെക്നിക്കിനുള്ള ഭൂമി കൈമാറ്റം

325(1417) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽശാല പോളിടെക്നിക്കിനായുള്ള ഭൂമി കൈമാറ്റം (യു4/26/2020/റവ.) സംബന്ധിച്ച നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ; ഭൂമി കൈമാറുന്നതിന് എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; വിശദമാക്കാമോ; ഭൂമി കൈമാറ്റം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽശാല പോളിടെക്നിക്കിനായുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച വിഷയം (യു4/26/2020/റവ.) നമ്പർ ഫയൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ഫയൽ 2-11-2020-ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരുന്നു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ലഭിച്ചതിനുശേഷം ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

## കെ.ഡി.എച്ച്.പി. വില്ലേജിലെ നിർമ്മാണ പ്രവൃത്തികളുടെ എൻ.ഒ.സി.

326(1418) ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ കെ.ഡി.എച്ച്.പി. വില്ലേജിലുള്ള സർവ്വേ നമ്പർ 61/6, 61/6(പാർട്ട്), 61/6-1 എന്നിവയിലായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി നൽകിയിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ പ്രസ്തുത എൻ.ഒ.സി. ഏത് ഓഫീസിൽനിന്നും എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

(എ&ബി) WP(C) 15172/2014 നമ്പർ കേസിൽ 12-8-2014 തീയതിയിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടത്തിന് പകരം പുതിയ കെട്ടിട നിർമ്മാണത്തിന് ശ്രീ. അജിത്കുമാർ, ശ്രീ. സജിത്കുമാർ S/o കാർത്തികേയൻ, കുറ്റിക്കാട്കര, മാന്നാർ എന്നിവർക്ക് സി4-22020/2013 നമ്പരായി 24-1-2015 തീയതിയിൽ ഇടുക്കി ജില്ലാ കളക്ടർ എൻ.ഒ.സി നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത സർവ്വേ നമ്പറുകളിലുള്ള നിർമ്മാണ പ്രവൃത്തികൾക്ക് റവന്യൂ വകുപ്പിൽനിന്നും എൻ.ഒ.സി. നൽകിയിട്ടില്ലാത്തപക്ഷം അവ നിർത്തിവയ്ക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലാകളക്ടറുടെ വിശദമായ റിപ്പോർട്ട് വാങ്ങി പരിശോധിച്ചശേഷം ടി വിഷയത്തിൽ നടപടി സ്വീകരിക്കും.

## മാവേലിക്കര മണ്ഡലത്തിലെ സ്ഥലം കൈമാറ്റ അനുമതി

327(1419) <u>ശ്രീ. ആർ. രാജേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പമ്പ ഇറിഗേഷൻ പദ്ധതിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് കൈമാറുന്നതിന് ഇറിഗേഷൻ (ഐ.ആർ. 179/19) വകുപ്പിൽനിന്നും 23-9-2019-ൽ ലഭിച്ച നിരാക്ഷേപപത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ജലവിഭവ വകുപ്പിന്റെ നിരാക്ഷേപ പത്രം ഉൾപ്പെടെ I.R.179/19 നമ്പർ ഫയൽ റവന്യൂ വകുപ്പിൽ ലഭ്യമായത് 1-6-2020-ലാണ്.

(ബി) പ്രസ്തുത സ്ഥലം കൈമാറ്റത്തിന് റവന്യൂ വകുപ്പ് (റവ. എ 4-1305895) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 83, റീസർവ്വേ 8/2-ൽ ഉള്ള പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് സെന്ററിന്റെ വികസനത്തിനായി 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി കൈമാറി നൽകുന്നതിനുള്ള പ്രൊപ്പോസൽ അനുബന്ധ രേഖകൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയോടുകൂടി ലഭ്യമാക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അതിർത്തി വ്യത്യാസം

328(1420) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജും ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജും തമ്മിലുള്ള അതിർത്തി വ്യത്യാസം വരുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉണ്ട്.

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതിനാലും മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ വില്ലേജിൽ ഉൾപ്പെടുത്താമെന്നും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട ചില സ്ഥലങ്ങൾ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നതും പൊതു ജനങ്ങൾക്കും സുഗമമായ ഭരണപ്രവർത്തനങ്ങൾക്കും സൗകര്യപ്രദമാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടർ ഹാജരാക്കിയിരുന്ന റിപ്പോർട്ടിൽ മൂവാറ്റുപുഴ താലൂക്കിനും എറണാകുളം ജില്ലയ്ക്കുമുണ്ടായിരുന്ന വിസ്തീർണ്ണ വ്യത്യാസങ്ങൾ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ആയവ കൂടി ചേർത്ത് റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തെ വില്ലേജ്, താലൂക്ക് വിഭജനം

329(1421) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ല എന്ന പരിഗണനയിൽ മലപ്പുറം ജില്ലയിൽ കൂടുതൽ താലൂക്കുകളും വില്ലേജുകളും അനുവദിക്കുമോ;

&

(സി) ജില്ലാ ആസ്ഥാനമായ മലപ്പുറം കേന്ദ്രമായി പുതിയ താലൂക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ-സി) സംസ്ഥാനത്തെ ചില താലൂക്കുകളിൽ കൂടുതൽ വില്ലേജുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. മുൻ കാലങ്ങളിൽ ഉണ്ടായിരുന്ന ഗതാഗത സൗകര്യം ഉൾപ്പെടെയുള്ള പല കാര്യങ്ങളും കണക്കിലെടുത്താണ് താലൂക്കുകൾ രൂപീകൃതമായിരുന്നത്. ചില വില്ലേജുകളെ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന താലൂക്കുകളിൽനിന്നും മാറ്റി അടുത്തുള്ള മറ്റ്

താലൂക്കുകളിൽ ഉൾപ്പെടുത്തുന്നത് ജനങ്ങൾക്ക് സൗകര്യപ്രദവും ഭരണപരമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരവുമാണ്. ചില താലൂക്കുകളെ വിഭജിക്കേണ്ടതുണ്ട്. താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ഒരു പഠനം നടത്തിയാൽ മാത്രമേ ഇക്കാര്യങ്ങളെല്ലാം വ്യക്തമാവുകയുള്ളൂ. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഭൂവിനിയോഗ നയരൂപീകരണം

330(1422) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭൂവിനിയോഗം സംബന്ധിച്ച് നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിലേക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(ബി) നയരൂപീകരണത്തിന്റെ ഭാഗമായി ഈ രംഗത്തെ വിദഗ്ദ്ധരും പൊതുജനങ്ങളുമായി ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 2019 ഏപ്രിൽ 30-ന ചേർന്ന RKI (Rebuild Kerala Initiative)-യുടെ മൂന്നാമത് കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തിന്റെ ഭൂവിനിയോഗ നയരൂപീകരണം അന്തിമമാകുന്നത് പരിശോധിക്കുന്നതിനായി ശ്രീ. ടി. കെ. എ. നായർ അദ്ധ്യക്ഷനായ ഒരു ഉപസമിതി രൂപീകരിക്കുന്നതിനും ടി ഉപസമിതിയിലേയ്ക്ക്

ഭൂവിനിയോഗ കമ്മീഷണറേയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പ്രതിനിധിയേയുംകൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. കെ. എ. നായരുമായി ഭൂവിനിയോഗ ബോർഡ് ചർച്ചകൾ നടത്തിയിരുന്നു. വകുപ്പ് മുൻപ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച കരട് ഭൂവിനിയോഗ നയത്തിന്റെ പകർപ്പും 2018-ലെ പ്രളയത്തിന്റെ സാഹചര്യത്തിൽ ഭൂവിനിയോഗ നയത്തിൽ ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച വിശദമായ ഒരു കുറിപ്പും ശ്രീ. ടി. കെ. എ. നായർക്ക് ഭൂവിനിയോഗ ബോർഡ് സമർപ്പിച്ചു. കൂടാതെ 2018-ലെ പ്രളയാനന്തരം ഭാരതപ്പുഴയുടെ നദീതടത്തിൽ ഭൂവിനിയോഗ ബോർഡും ഹരിതകേരളം മിഷനും ചേർന്ന് നടത്തിയ ഫീൽഡ് പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിക്ക് മുൻപാകെ അവതരിപ്പിക്കുകയും റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ പട്ടയ വിതരണം**

331(1423) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഭൂമിക്ക് പട്ടയമില്ലാതിരുന്ന എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ 186 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടയം ലഭിക്കുന്നതിനായി വർക്കല മണ്ഡലത്തിലുള്ള എത്ര പേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

പട്ടയം ലഭിക്കുന്നതിനായി വർക്കല മണ്ഡലത്തിൽ 303 പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ഓരോ വില്ലേജിലും എത്ര പേരുടെ അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ ഭൂമി പതിവ് സംബന്ധിച്ച് 117 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ആയത് വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| വില്ലേജ് | തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം |
|---|---|
| വർക്കല | 16 |
| നാവായിക്കുളം | 7 |
| ഇടവ | 2 |
| പള്ളിക്കൽ | 35 |
| വെട്ടൂർ | 1 |
| മടവൂർ | 35 |
| ചെമ്മരുതി | 6 |
| കുടവൂർ | 2 |
| അയിരൂർ | 13 |
| ആകെ | 117 |

**അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം**

332(1424) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി പട്ടയരഹിതരായ എത്ര ആളുകൾ ഉണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത മണ്ഡലത്തിലെ എത്രപേർക്ക് പട്ടയം നൽകി എന്നുള്ള വിവരം വില്ലേജ് അടിസ്ഥാനത്തിൽ അറിയിക്കാമോ; ബാക്കിയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ചുവടെ പറയുംപ്രകാരം പട്ടയം നൽകിയിട്ടുണ്ട്. വെള്ളറട – 23 പേർക്കും പരശ്ശുവയ്ക്കൽ -38 പേർക്കും കൊല്ലയിൽ - 1 ആൾക്കും, കുന്നത്തുകാൽ - 1 ആൾക്കും നൽകിയിട്ടുണ്ട്. അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയ വിതരണം നടത്തിയിട്ടില്ല. ടി പ്രദേശത്ത് സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതാണ്. ആയതിൽ ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നെയ്യാർ റിസർവോയറിന് സമീപമുള്ള അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ; അഞ്ചു ചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇവർക്ക് എന്നേയ്ക്ക് സ്ഥിരപട്ടയം നൽകാൻ കഴിയും എന്നും അറിയിക്കാമോ?

അർഹരായവരെ കണ്ടെത്തി എൽ.എ. റിക്കാർഡുകൾ തയ്യാറാക്കുന്നതിന് വില്ലേജാഫീസുകളിൽ നടപടി സ്വീകരിച്ചുവരുന്നു. ഇറിഗേഷൻ, ഫോറസ്റ്റ് വകുപ്പുകളുടെ അധീനതയിലുള്ള സ്ഥലമാകയാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ തസ്തികകൾ

333(1425) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സർവ്വേയും ഭൂരേഖയും വകുപ്പിൽ ഹെഡ് സർവ്വേയർ, ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, സെക്കന്റ് ഗ്രേഡ് സർവ്വേയർ എന്നീ പോസ്റ്റുകളിൽ എത്ര തസ്തികകളാണ് ഉണ്ടായിരുന്നത്; വിശദാംശം നൽകാമോ ?

ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് സർവ്വേയും ഭൂരേഖയും വകുപ്പിൽ ഹെഡ് സർവ്വേയറുടെ 279 തസ്തികയും, ഫസ്റ്റ് ഗ്രേഡ് സർവ്വേയറുടെ 839 തസ്തികയും, സെക്കന്റ് ഗ്രേഡ് സർവ്വേയറുടെ 839 തസ്തികയുമാണ് ഉണ്ടായിരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തസ്തികകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത തസ്തികകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) നിലവിൽ സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ ഹെഡ് സർവ്വേയർ, ഫസ്റ്റ് ഗ്രേഡ് സർവ്വേയർ, സെക്കന്റ് ഗ്രേഡ് സർവ്വേയർ തസ്തികകൾ എത്ര വീതമാണുള്ളത്; ഇത് സംബന്ധിച്ച വിവരം നൽകാമോ; ഇതിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ വിവരങ്ങൾ നൽകാമോ?

നിലവിൽ സംസ്ഥാനത്ത് സർവ്വേയും ഭൂരേഖയും വകുപ്പിൽ ഹെഡ് സർവ്വേയറുടെ 279 തസ്തികയും, ഫസ്റ്റ് ഗ്രേഡ് സർവ്വേയറുടെ 839 തസ്തികയും, സെക്കന്റ് ഗ്രേഡ് സർവ്വേയറുടെ 839 തസ്തികയുമാണുള്ളത്. ടി തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തിരുവമ്പാടി പാമ്പിഴഞ്ഞപാറയിലെ പട്ടയ വിതരണം

334(1426) ശ്രീ. ജോർജ് എം. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ തിരുവമ്പാടി പാമ്പിഴഞ്ഞപാറയിലെ താമസക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇവർക്ക് പട്ടയ വിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വേ വകുപ്പിലെ ഒഴിവുകൾ

335(1427) ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ-ഭൂരേഖ വകുപ്പിൽ ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് സർവ്വേയർമാരുടെ എത്ര വീതം ഒഴിവുകൾ നിലവിലുണ്ട് ?

സർവ്വേ-ഭൂരേഖ വകുപ്പിൽ ഒന്നാം തരം സർവ്വേയർമാരുടെ 18 ഒഴിവുകളും രണ്ടാം ഗ്രേഡ് സർവ്വേയറുടെ 1 ഒഴിവുമുൾപ്പെടെ ആകെ 19 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) ഈ വകുപ്പിൽ സർവ്വേ സൂപ്രണ്ട്, ഹെഡ് സർവ്വേയർ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ട് ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ സൂപ്രണ്ടിന്റെ ഒരൊഴിവും ഹെഡ് സർവ്വേയറുടെ 7 ഒഴിവുമാണ് നിലവിലുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത വകുപ്പിൽ 1-12-2020 മുതൽ 30-4-2021 വരെ എത്ര ജീവനക്കാർ വിരമിക്കുന്നുണ്ടെന്ന വിവരം തസ്തിക തിരിച്ച് നൽകാമോ ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ 1-12-2020 മുതൽ 30-4-2021 വരെ 29 ജീവനക്കാർ വിരമിക്കുന്നുണ്ട്. ഇതിൽ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, ബൈൻഡർ ഗ്രേഡ് II എന്നീ തസ്തികകളിലെ ഓരോ ഒഴിവുവീതവും, സർവ്വേ സൂപ്രണ്ട് തസ്തികയിലെ 4 ഒഴിവുകളും, ഹെഡ് സർവ്വേയർ തസ്തികയിലെ 8 ഒഴിവുകളും, ഒന്നാം തരം ഡ്രാഫ്റ്റ്സ്മാന്റെ 3 ഒഴിവുകളും, ഒന്നാം തരം സർവ്വേയറുടെ 11 ഒഴിവുകളും ഉൾപ്പെടുന്നു.

(ഡി) സർവ്വേ-ഭൂരേഖ വകുപ്പിൽ 1-12-2020 മുതൽ 30-4-2021 വരെ എത്ര രണ്ടാം ഗ്രേഡ് തസ്തികകളിലെ സർവ്വേയർമാർക്ക് പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുണ്ട്; അറിയിക്കുമോ?

ഫസ്റ്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ 1-12-2020 മുതൽ 30-4-2021 വരെ വിരമിക്കുന്ന 11 ജീവനക്കാരിൽ 6 പേർ വിരമിക്കുന്നത് ഏപ്രിൽ 30-ാം തീയതി ആയതിനാൽ 1-5-2021-നാണ് ടി ഒഴിവ് നിലവിൽ വരുന്നത്. ആയതിനാൽ ടി കാലയളവിൽ വിരമിക്കൽമൂലമുണ്ടാകാവുന്ന 5 ഒഴിവും ഫസ്റ്റ് ഗ്രേഡ് സർവ്വേയർ തസ്തികയിൽ നിലവിലുള്ള 18 ഒഴിവും ചേർത്ത് 23 പേർക്കാണ് സെക്കന്റ് ഗ്രേഡ് തസ്തികയിൽ പ്രൊമോഷൻ ലഭിക്കാൻ സാധ്യതയുള്ളത്.

## കാട്ടാക്കട മണ്ഡലത്തിലെ പട്ടയവിതരണം

336(1428) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ ആറ് വില്ലേജുകളിലായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേർക്ക് പട്ടയം നൽകിയെന്നത് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ; ഇനിയും പട്ടയത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ എത്രയാണ്; അവ നൽകുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തുമ്മൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ, പള്ളിച്ചൽ, മലയിൻകീഴ് എന്നീ വില്ലേജുകളിലായി 123 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇനിയും പട്ടയത്തിനായി ലഭിച്ചിട്ടുള്ളത് 166 അപേക്ഷകളാണ്. ഇതിൽ അർഹരായവരെ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം

337(1429) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. സി. മമ്മൂട്ടി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിക്ക സംസ്ഥാനങ്ങളും ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം പൂർണ്ണമാക്കിയെങ്കിലും കേരളത്തിൽ ഇത് പകുതിപോലും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ?

സർവ്വേയും ഭൂരേഖയും വകുപ്പിൻകീഴിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി സംസ്ഥാനത്തെ പാലക്കാട് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററും, തിരുവനന്തപുരം ജില്ലയിൽ ഒരു സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും പ്രവർത്തിക്കുന്നു. സർവ്വേയും ഭൂരേഖയും വകുപ്പിൽ ലഭ്യമായ എല്ലാ സർവ്വേ റെക്കോർഡുകളും സ്കാൻ ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിലേയ്ക്കായി ഇ-രേഖ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും 16-6-2016 മുതൽ www.erekha.gov.in എന്ന വെബ് പോർട്ടലിൽ സ്കാൻ ചെയ്ത വിവരങ്ങൾ നൽകിവരുന്നതുമാണ്. നിലവിൽ റീസർവ്വെ പൂർത്തിയാക്കിയ 908 വില്ലേജുകളിൽ 838 വില്ലേജുകളുടെ റീസർവ്വേ എഫ്.എം.ബി.-കളുടെയും 792 വില്ലേജുകളുടെ ബ്ലോക്ക് മാപ്പുകളുടെയും, 200 വില്ലേജുകളുടെ ലാൻഡ് രജിസ്റ്ററുകളുടെയും സ്കാനിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

നിലവിലുള്ള മുഴുവൻ പേപ്പർ മാപ്പുകളും സ്കാൻ ചെയ്ത് ഡിജിറ്റൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂരേഖകൾ ഡിജിറ്റൽ സംവിധാനത്തിൽ നാളതീകരിച്ച് പരിപാലിക്കുന്നതിനുള്ള സോഫ്റ്റ്വെയർ എൻ.ഐ.സി. മുഖേന കസ്റ്റമൈസേഷൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഭൂരേഖകൾ ഡിജിറ്റൽവൽക്കരിക്കുന്നത് കാർഷിക വായ്പകൾ വേഗം ലഭിക്കാൻ സഹായിക്കുമെന്നതിനാൽ ആയത് എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സർവ്വേയും ഭൂരേഖയും വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വേ റെക്കോർഡുകളും ഡിജിറ്റൈസേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഡിജിറ്റൈസേഷൻ ജോലികൾക്കാവശ്യമായ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പാലക്കാട് ജില്ലയിലും കൂടി ജില്ലാ ഡിജിറ്റൈസേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വെള്ളായണി കായൽ പ്രദേശത്തെ കൃഷിയോഗ്യമല്ലാത്ത ഭൂമി ഏറ്റെടുക്കൽ

338(1430) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ പ്രദേശത്ത് കർഷകർക്ക് കൃഷി ചെയ്യാൻ കഴിയാത്ത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട 2-12-2020-ലെ റവന്യൂ ബി3/568/2018/ ഉത്തരവുപ്രകാരം ഏതൊക്കെ നടപടികൾ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ ?

വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ടുപോയ കല്ലിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 27, 28 വെങ്ങാനൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 30 എന്നിവയിൽപ്പെട്ട പട്ടയഭൂമിയുടെ ഉടമസ്ഥരായ കർഷകരുടെ നഷ്ടപരിഹാരം നൽകുന്നതിനായി ഓരോ ഭൂവുടമയുടെയും കൈവശമുള്ള ഭൂമിയുടെ സ്ഥലവില നിശ്ചിത പ്രൊഫോർമയിൽ അടിയന്തരമായി ലഭ്യമാക്കുവാൻ 2-12-2020-ലെ ബി3/568/2018/റവന്യൂ നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 8-1-2021-ലെ ബി12-19196/2006 നമ്പർ കത്ത് പ്രകാരം പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുവാൻ ജില്ലാ കളക്ടർ ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ജലവിഭവ വകുപ്പിന് കൈമാറുന്നതും, ആയതിന്മേൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥല വില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC മുമ്പാകെ അവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഭൂമി ഏറ്റെടുക്കലിന് എത്ര കോടിരൂപയാണ് വകയിരുത്തിയത് എന്ന് വിശദമാക്കാമോ ?

ഭൂമി ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടില്ല.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി ഏതു വർഷത്തിൽ ആണ് റവന്യൂ വകുപ്പ് ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ ?

ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച് ഈ വകുപ്പിൽനിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) വെള്ളായണി കായൽ പ്രദേശത്തെ കർഷകരുടെ നിവേദനം പരിഗണിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ എടുത്ത തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ?

16-5-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. വെള്ളായണി കായൽ പ്രദേശത്ത് വെള്ളം മൂടിക്കിടക്കുന്ന കർഷകരുടെ പട്ടയ ഭൂമി ഏറ്റെടുക്കാൻ യോഗത്തിൽ തീരുമാനിച്ചു.
2. ഇതിനായി ജില്ലാകളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.
3. പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ന്യായമായ വില നൽകി സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.
4. വ്യക്തമായ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ഡി.എൽ.എഫ്.സി. കൂടി ന്യായമായ സ്ഥലവില നിശ്ചയിക്കേണ്ടതും ഡി.എൽ.എഫ്.സി. റേറ്റ് റവന്യൂ വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. മുമ്പാകെ അവതരിപ്പിച്ച് സ്ഥല വില നിർണ്ണയിക്കേണ്ടതുമാണ്.
5. സ്ഥലവില നിർണ്ണയിച്ചതിനുശേഷം ഭരണ വകുപ്പായ ജലവിഭവ വകുപ്പ് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് അക്വിസിഷന് വേണ്ടിവരുന്ന തുക ലഭ്യമാക്കേണ്ടതാണ്.

## കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

339(1431) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സ്റ്റേറ്റ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ നിലവിൽ പ്രവർത്തിക്കുന്നില്ല. ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ 31-12-2016-ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 21-3-2019-ലെ സ.ഉ.(കൈ) 3/2019/ ഭവനം ഉത്തരവുപ്രകാരം ടി സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ഉത്തരവായിരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും വ്യക്തിഗത ഭവനനിർമ്മാണത്തിന് വായ്പകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ പരമാവധി എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽനിന്നും വായ്പകളൊന്നും അനുവദിച്ചിരുന്നില്ല.

## കൽപ്പറ്റ മണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും

340(1432) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ ഭവനനിർമ്മാണ വകുപ്പ് മുഖേന എത്ര രൂപയുടെ എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചു; വിശദമാക്കാമോ;

&

(ബി) ഈ വകുപ്പിന് കീഴിൽ കൽപ്പറ്റ മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളും പ്രവൃത്തികളും നടപ്പിലാക്കി; വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ ഭവനവായ്പാ കുടിശ്ശികക്കാരായ 2 ഗുണഭോക്താക്കൾ 3,47,862 രൂപയുടെ ഇളവ് പ്രയോജനപ്പെടുത്തി വായ്പ തീർപ്പാക്കി. 19-7-2018-ലെ സ.ഉ.(കൈ) നമ്പർ6/2018/ഭവനം ഉത്തരവ് പ്രകാരം കൽപ്പറ്റ മണ്ഡലത്തിൽ ഭവന വായ്പാ കുടിശ്ശികക്കാരായ 22 ഗുണഭോക്താക്കൾ 76,14,719 രൂപയുടെ ഇളവ് പ്രയോജനപ്പെടുത്തി വായ്പ തീർപ്പാക്കി. ഗൃഹശ്രീ ഭവന പദ്ധതിപ്രകാരം 3 ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ സ്പോൺസർമാരുടെ വിഹിതവും 3 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും 3 ഗുണഭോക്താക്കൾക്കായി 2 ലക്ഷം രൂപ സബ്സിഡി നിരക്കിൽ ആകെ 12 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

## ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ

341(1433) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ സ്വീകരിച്ചുവരുന്ന ഊർജ്ജിത നടപടികളുടെ ഫലമായി ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം സാക്ഷാത്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പാരസ്പര്യം പദ്ധതി, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൾ, കൺസൾട്ടൻസി വർക്കുകൾ, കിഫ്ബിയുടെ ധനസഹായം ഉപയോഗിച്ചുകൊണ്ട് വിവിധ റവന്യൂ ടവറുകളുടെയും ആശുപത്രികളുടെയും നിർമ്മാണവും നടത്തിവരുന്നു. ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പട്ടം, പി.റ്റി. ചാക്കോ നഗർ എന്നിവിടങ്ങളിൽ കൊമേഴ്സ്യൽ കോംപ്ലക്സ് പണിത് ബോർഡിന്റെ വരുമാനം കൂട്ടാനുള്ള പദ്ധതികൾക്ക്, അമ്പല നഗർ പാരസ്പര്യം ഫ്ലാറ്റ്സ് (തിരുവനന്തപുരം), നെട്ടയം പാരസ്പര്യം ഭവന പദ്ധതി (തിരുവനന്തപുരം), പ്രവാസി തൊഴിലാളികൾക്ക് അഫോർഡബിൾ ഫ്ലാറ്റ്സ്, പാരസ്പര്യം പദ്ധതി (കോഴിക്കോട്) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചെലവ് കുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ചെലവുകുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി സ്റ്റേജ് II-ൽ പാരസ്പര്യം മാതൃകയിൽ 72 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ദുർബല വിഭാഗക്കാർക്കായി കണ്ണൂർ ജില്ലയിലെ പട്ടുവത്തും, കോഴിക്കോട് ജില്ലയിലെ മുക്കത്തും ചെലവ് കുറഞ്ഞ രീതിയിൽ 36 ഫ്ലാറ്റുകൾ വീതം ഉൾക്കൊള്ളാവുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയും പരിഗണനയിലാണ്.

(സി) ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും അവബോധം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ ?

ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും അവബോധം നൽകുന്ന നടപടികൾ ഇപ്പോൾ ഇല്ല.

(ഡി) ചെലവുകുറഞ്ഞതും ഗുണമേന്മയേറിയതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ചെലവുകുറഞ്ഞതും ഗുണമേന്മയേറിയതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

**സംസ്ഥാന വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക**

342(1434) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ; ആയതിൽ 2020 മാർച്ച് 31-ന് മുമ്പ് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ?

2019-20 സാമ്പത്തിക വർഷം മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി സംസ്ഥാന വാർഷിക പദ്ധതിയിൽ ഫിഷറീസ് വകുപ്പിനായി 308.4 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി 62.95 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. അതിൽ മത്സ്യബന്ധന വകുപ്പിൽ 223.6 കോടി രൂപയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 35.38 കോടി രൂപയും 2020 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) മത്സ്യമേഖലയ്ക്ക് കേന്ദ്ര സഹായ പദ്ധതികളിൽ പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

31.65 കോടി രൂപയാണ് മത്സ്യമേഖലയ്ക്ക് കേന്ദ്ര സഹായ പദ്ധതികളിൽ കേന്ദ്രവിഹിതമായി 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിരുന്നത്. ടി തുക ലഭ്യമായത് സാമ്പത്തിക വർഷത്തിന്റെ അവസാന സമയത്താണ്. എങ്കിലും പ്രസ്തുത കേന്ദ്ര വിഹിതത്തിൽനിന്ന് 15.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ പദ്ധതി

343(1435) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായി നിരവധി നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി ഭേദഗതി വരുത്തുകയും 2018-ൽ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകും എന്ന് കണ്ട് കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ കേരള സമുദ്ര മത്സ്യബന്ധന നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുംവേണ്ടി

കെ.എം.എഫ്.ആർ. ആക്ട് (ഭേദഗതി) 2017 പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിങ്ങനെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി പ്രതിവർഷമുള്ള സമുദ്ര മത്സ്യോത്പാദനത്തിൽ പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും, 2018-ൽ കെ.എം.എഫ്.ആർ. റൂൾ പ്രാബല്യത്തിൽ വരികയും, ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുകയും, ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18-ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

## ഫിഷറീസ് വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

344(1436) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് ഡിപ്പാർട്ടുമെന്റുവഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും വിനിയോഗിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നശേഷം ഫിഷറീസ് വകുപ്പ് കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മത്സ്യോൽപ്പാദന പദ്ധതികൾ**

345(1437) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യാവശ്യകതയും ലഭ്യതയും തമ്മിലുള്ള അനുപാതം എത്രയെന്ന് വിശദമാക്കാമോ ?

സംസ്ഥാനത്തെ മത്സ്യ ആവശ്യകത 7.5 ലക്ഷം മെട്രിക് ടൺ ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏകദേശ ശരാശരി ഉല്പാദനം 6.05 ലക്ഷം മെട്രിക് ടണ്ണാണ്. അതിൽ തന്നെ 1.48 ലക്ഷം മെട്രിക് ടണ്ണോളം കയറ്റിയയയ്ക്കപ്പെടുന്നുണ്ട്. ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വ്യത്യാസം 2.93 ലക്ഷം മെട്രിക് ടണ്ണാണ്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ?

അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്ക് മത്സ്യമെത്തിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ജില്ലകൾതോറും മത്സ്യബന്ധന വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 262.37 കോടി രൂപ അടങ്കലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് 61.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കി വരുന്നു. (അനുബന്ധം കാണുക*) കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2078 കോടി രൂപ അടങ്കലുള്ള ത്രിവൽസര പദ്ധതി ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിലുൾപ്പെടുത്തി 6972 യൂണിറ്റ് വീട്ട് വളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷിയും 2665 യൂണിറ്റ് ബയോഫ്ലോക്ക് മത്സ്യകൃഷിയും 483

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യൂണിറ്റ് കുളത്തിലെ കരിമീൻ കൃഷിയും 282 യൂണിറ്റ് കൂടുകളിൽ മത്സ്യകൃഷിയും നടപ്പാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കിവരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. 8158 എണ്ണം പൊതുകുളങ്ങളിൽ ആകെ 1367.86 ഹെക്ടർ ജലാശയ പ്രദേശത്ത് മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യകൃഷി നടപ്പാക്കി വരുന്നു. കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെൻറ് പ്രോജക്ട് പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ ജല സംഭരണികളിൽനിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. കടലിലെ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂട് കൃഷി എന്നീ പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം 100 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച "കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതി" പ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിൽ കൃത്രിമപ്പാര് സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം 2019-20 വർഷം പൂന്തുറ, വലിയതുറ, ബീമാപ്പള്ളി എന്നീ മത്സ്യ ഗ്രാമങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് 2 കോടി രൂപ വകയിരുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പു വർഷം പൂവാർ, പുതിയതുറ മത്സ്യഗ്രാമങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി കൃത്രിമപ്പാര് പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളായ കൊല്ലങ്കോട്, പരുത്തിയൂർ, പൂവ്വാർ, പുതിയതുറ, കൊച്ചുതുറ, വലിയതുറ, പള്ളം, അടിമലത്തുറ എന്നിവിടങ്ങളിൽ തീരക്കടലിൽ 200 കൃത്രിമപ്പാര് മോഡ്യൂളുകൾ വീതം സ്ഥാപിക്കുന്നതിനായി 375.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു. നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ 4 ജില്ലകളിലായി 'കടലിൽ കൂടുകൃഷി' പദ്ധതി നടപ്പിലാക്കുന്നതിന് 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കിവരികയാണ്.

## മത്സ്യബന്ധന മേഖലയിൽ നടപ്പിൽ വരുത്തിയ മാറ്റങ്ങൾ

346(1438) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം മത്സ്യബന്ധന മേഖലയിൽ നടപ്പിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുമോ ?

മത്സ്യബന്ധനമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും സുസ്ഥിരമായ നിലനിൽപ്പിന് ഉതകുന്ന തരത്തിലുള്ള പല മാറ്റങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ടവ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി നിരവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെയും 300 യാനങ്ങളെയും തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി, ISRO-യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 15000 'നാവിക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് 1000 സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സബ്സിഡിയോടെ നൽകിവരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് പ്രഥമ ശുശ്രൂഷ നൽകി വളരെ വേഗം കരയിലെത്തിച്ച് വിദഗ്ദ്ധ ചികിത്സയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിചരണവും ഉറപ്പാക്കുന്നതിന് സഹായകമായ 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുവാൻ കൊച്ചിൻ ഷിപ്പ് യാർഡുമായി ധാരണയാകുകയും ആദ്യത്തെ മറൈൻ ആംബുലൻസ് കമ്മീഷൻ ചെയ്യുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17100 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തരഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തെ 'കടൽ സുരക്ഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയകളും 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന്റെ പൂർണ്ണ വില്പനാവകാശം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉണ്ട്. കടലിൽനിന്നും പിടിച്ചെടുത്ത മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 23-9-2020-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനൊപ്പം കടലിൽ മത്സ്യലഭ്യതയുള്ള ഇടങ്ങൾ ചൂണ്ടിക്കാണിച്ച് നൽകുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ISRO-യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്നതും 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്നതുമായ നാവിക് ഉപകരണത്തിലൂടെ INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പ് നൽകുന്നതിനൊപ്പം മത്സ്യലഭ്യതയുള്ള ഇടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്.

(ഇ) മത്സ്യബന്ധനയാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ള തെന്നറിയിക്കുമോ?

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരികയുമാണ്. ഇതിനകം 17100 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തരഘട്ടങ്ങളിൽ തീരകടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. ഇതുകൂടാതെ മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വെസ്സൽ ട്രാക്കിംഗ് ഡിവൈസ്/ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം എന്നിവ വഴിയും ഉപഗ്രഹാധിഷ്ഠിത വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) വഴിയും മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണം സാധ്യമാകുന്നു.

## കൊല്ലത്ത് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

347(1439) **ശ്രീ. എം. മുകേഷ്**: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന തിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമി ക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 22.17 കോടി രൂപയുടെ 17 പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 4.10 കോടി രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ചു. 13.40 കോടി രൂപയുടെ രണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. 95 ലക്ഷം രൂപയുടെ ഒരു പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തീരദേശ സംരക്ഷണവും വികസനവും

348(1440) ശ്രീ. വി.ജോയി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന രംഗത്ത് താരതമ്യേന പിന്നാക്കാവസ്ഥയിലുള്ള തീരദേശത്തിന്റെ പൊതുവികസനത്തിനായി ഈ സർക്കാർ പ്രത്യേകം പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; പാക്കേജിൽ ഏതെല്ലാം പദ്ധതികളാണുള്ളത്; വിശദമാക്കാമോ ?

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ മേഖലയ്ക്ക് പൊതുവിലും മത്സ്യമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയും സമഗ്ര വികസനം ഉറപ്പാക്കുന്നതിന് ആവശ്യമായ ദീർഘകാല വികസന പദ്ധതികൾ ആവിഷ്കരിക്കുകയാണ് പ്രസ്തുത പാക്കേജിന്റെ ലക്ഷ്യം. തീരദേശ മേഖലയിലെ വികസന വിടവുകൾ തിരിച്ചറിഞ്ഞ്, മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസം, ജീവനോപാധികൾ വികസിപ്പിക്കൽ, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ, തീരദേശത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം മുതലായ വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പാക്കേജ് ആവിഷ്കരിക്കുവാനാണ് തീരുമാനിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു വിദഗ്ദ്ധ സമിതിയാണ് സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വ്യത്യസ്ത മേഖലകളിൽ വിശദ പഠനം ആവശ്യമാണെന്ന് വിലയിരുത്തുകയും അത്തരം പഠനങ്ങൾക്കായി Tata Institute of Social Sciences (TISS), Institute of Rural Management Anand, (IRMA) എന്നീ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തു. മത്സ്യമേഖലയിലെ പശ്ചാത്തല വികസനം, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ എന്നീ വിഷയങ്ങളിൽ TISS നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംബന്ധിച്ച പഠനത്തിന് ചുമതലപ്പെടുത്തിയ IRMA-യുടെ പഠനം കോവിഡ് 19-ന്റെ പ്രതിസന്ധിമൂലം പൂർത്തിയായിട്ടില്ല. സ്പെഷ്യൽ

പാക്കേജിന്റെ ഭാഗമായി തീരദേശ മേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസവും ഉറപ്പാക്കുന്നതിന് 4660 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. തീരദേശത്തെ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന 18689 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി, തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ മുതലായവയുടെ വികസനത്തിന് നടപ്പാക്കിയ 146 കോടി രൂപയുടെ പദ്ധതികൾ, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന 109 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ, കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 220 കോടി രൂപയുടെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, കിഫ്ബിയിൽനിന്നും 257 കോടി രൂപ അനുവദിച്ച് 56 തീരദേശ സ്കൂളുകളും 65 മത്സ്യമാർക്കറ്റുകളും വികസിപ്പിക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് നടപ്പാക്കുന്ന 705 കോടി രൂപയുടെ പദ്ധതികൾ, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് നടപ്പാക്കുന്ന 773 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്ന ആകെ 4660 കോടി രൂപയുടെ പദ്ധതികളാണ് തീരദേശത്ത് നടപ്പാക്കിവരുന്നത്. ഇതിനുപുറമേ, ഓഖി ഇരകളുടെ പുനരധിവാസത്തിന് മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷയ്ക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 128 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നടപ്പാക്കി വരുന്നത്. മത്സ്യ മേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 5 വർഷ കാലയ ളവിൽ 1419 കോടി രൂപയുടെ പദ്ധതികളും ഇതിനുപുറമേ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി കഴിഞ്ഞു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരപ്രദേശത്തെ പശ്ചാത്തല സൗകര്യ വികസനത്തിനും ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ ?

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ട് ഉപയോഗിച്ചാണ് വിവിധ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ

വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷറീസ് ഫാമുകൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, കൃത്രിമപ്പാര് സ്ഥാപിക്കൽ, ഡ്രെയിനേജ് സംവിധാനം മുതലായ പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീരപ്രദേശത്തെ പശ്ചാത്തല സൗകര്യവികസനത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായ് (34.79 കോടി), കൊയിലാണ്ടി (63.99 കോടി), മഞ്ചേശ്വരം (48.8 കോടി), ചേറ്റുവ (30.24 കോടി), മുതലപ്പൊഴി (31.02 കോടി) എന്നീ 5 മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷൻ ചെയ്തു.

- KIIFB സഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി), ചെത്തി (97.44 കോടി) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികൾ അനുവദിച്ചു.

- ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 127.14 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയാപ്പ, ബേപ്പൂർ, ചോമ്പാൽ മത്സ്യബന്ധന തുറമുഖങ്ങളിൽ ബർത്തിംഗ് ജെട്ടി നിർമ്മാണത്തിന് 16.08 കോടി രൂപയ്ക്ക് അനുമതി നൽകി. ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി നീണ്ടകര, തോട്ടപ്പള്ളി, കാസർഗോഡ്, കായംകുളം, മുനമ്പം, മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.7 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 1765 റോഡുകൾക്കായി 774.74 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. ആയതിൽ 789 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു. സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധനതുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസാടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുന്നത്. മേൽ പദ്ധതികളുടെ

സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തീരസംരക്ഷണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* തീരദേശ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 69 സ്കൂളുകൾക്ക് 141.27 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇതിൽ 67 സ്കൂളുകൾക്ക് 66.34 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. പദ്ധതികൾ പുരോഗമിച്ചുവരുന്നു. മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 117.61 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റുകളുടെ DPR ഇതിനോടകം അംഗീകാരത്തിനായി KIIFB-യിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 6 മത്സ്യമാർക്കറ്റുകൾക്ക് KIIFB അംഗീകാരം നൽകിയിട്ടുണ്ട്.

(സി) തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളും വേലിയേറ്റ പരിധിയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളും വിശദമാക്കാമോ?

സംസ്ഥാനത്തെ തീരദേശ മേഖലയിൽ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിനായി 4 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1. 2016-17 വർഷത്തിൽ കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു. ഇതിൽ 129 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 119 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 750 പേരെ പുനരധിവസിപ്പിക്കുന്നതിനായി 2017-18 വർഷം BIF&HDF പദ്ധതിയിൽ ഉൾപ്പെടുത്തി 75 കോടി രൂപ വകയിരുത്തിയുള്ള പുനരധിവാസം പദ്ധതി പ്രകാരം 504 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 344 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

3. കെട്ടിട സമുച്ചയം നിർമ്മിച്ച് പുനരധിവാസം. കടൽക്ഷോഭം മൂലം വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികൾക്ക് മുട്ടത്തറയിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകി. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെയും പുനരധിവസിപ്പിക്കുവാൻ വിവിധ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിലെ 8 കേന്ദ്രങ്ങളിലായി 1132 പേരെ പുനരധിവസിപ്പിക്കാൻ കഴിയുന്നവിധത്തിൽ കെട്ടിട സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം തിരുവനന്തപുരം വലിയതുറ, കാരോട്, ബീമാപ്പള്ളി, കൊല്ലം-QSS കോളനി, ആലപ്പുഴ-മണ്ണുംപുറം, പൊന്നാനി, കണ്ണൂർ-ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിൽ ഫ്ളാറ്റ് നിർമ്മാണം പുരോഗമിക്കുന്നു.

4. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം കടലാക്രമണ ഭീഷണി നേരിടുന്ന 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 9909 കുടുംബങ്ങളുടെ പട്ടിക അംഗീകരിക്കുകയും ഇതിൽ നിന്ന് 962 പേർ ഭൂമി വാങ്ങുകയും 504 പേർ ഭവന നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിലും 204 പേർ രണ്ടാം ഘട്ടത്തിലും 64 പേർ ഇതിനോടകം ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. ഓഖിയിൽ ഭവനം നഷ്ടപ്പെട്ടതും സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി സുരക്ഷിത മേഖലയിൽ താമസിക്കുന്നതിന് തയ്യാറായതുമായ 22 കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2017-18-ലെ തീരദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരും 50 മീറ്ററിന് പുറത്ത് സ്വന്തമായി ഭൂമിയുള്ളവരുമായ 166 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യസമ്പത്തിന്റെ സുസ്ഥിരത**

349(1441) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുവാൻ പര്യാപ്തമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഏതെങ്കിലും നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ?

ഉണ്ട്. മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാനും പര്യാപ്തമായ തരത്തിൽ 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്തുകയും ആയത് 2017 സെപ്തംബർ 18-ന് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. കാലോചിതമായി സമഗ്രമായ ഭേദഗതികൾ വരുത്തിയ KMFR Act (KMFR (Amendment) Act 2017) മത്സ്യമേഖലയിൽ കർശനമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി ആവശ്യമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കെ.എം.എഫ്.ആർ. റൂൾ 2018 ആവിഷ്കരിക്കുകയും ആയത് 2018 സെപ്തംബർ 1-ന് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്.

(ബി) പങ്കാളിത്ത വിഭവപരിപാലനത്തിനും, നിയന്ത്രണത്തിനുമായി ത്രിതല ഫിഷറീസ് മാനേജ്മെന്റുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. ഭേദഗതി വരുത്തിയ കെ.എം.എഫ്.ആർ. ആക്ടിലെ 13 എ വകുപ്പ് പ്രകാരം പങ്കാളിത്ത വിഭവപരിപാലനത്തിനും നിയന്ത്രണത്തിനും വേണ്ടി സംസ്ഥാനം, ജില്ല, മത്സ്യ ഗ്രാമം എന്നീ തലങ്ങളിലായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ഇവരുടെ പ്രവർത്തനഫലമായി സമുദ്ര മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും, 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ പ്രാബല്യത്തിൽ വരികയും, ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുകയും, ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18-ലെ സമുദ്ര മത്സ്യോല്പദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നതിന് അനുവദിക്കുന്ന എൽ.ഒ.പി. സമ്പ്രദായം കേന്ദ്രസർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

LoP നിർത്തലാക്കിയ പശ്ചാത്തലത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

## കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

350(1442) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രവികസനത്തിനായി രൂപീകരിച്ച കേരള സംസ്ഥാന തീരവികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് തൃപ്തികരമാണോ;

&

(ബി) ഈ കോർപ്പറേഷൻ ഏതൊക്കെ മേഖലയിലാണ് അതിന്റെ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതെന്ന് അറിയിക്കാമോ ?

(എ&ബി) ഉണ്ട്. കേരള സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ടുകൊണ്ട് 1956-ലെ കമ്പനി നിയമം അനുസരിച്ച് 2009-ലാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപംകൊണ്ടത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്രസർക്കാർ, എൻ.എഫ്.ഡി.ബി, നബാർഡ്, വാണിജ്യ ബാങ്കുകൾ തുടങ്ങി മറ്റ് ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയുള്ള സാമ്പത്തിക സ്രോതസ്സുകളിൽനിന്നും ഫണ്ട് സ്വരൂപിച്ച് നിരവധി പദ്ധതികൾ ഇന്ന് കോർപ്പറേഷൻ കേരളമൊട്ടാക്കെ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ 222 കടലോര ഗ്രാമങ്ങളും 113 കായലോര ഗ്രാമങ്ങളും മാതൃകാ മത്സ്യഗ്രാമങ്ങളായി വികസിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. തീരദേശ മേഖലയിലെ മത്സ്യബന്ധന അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന ഭൗതിക സൗകര്യ വികസന പദ്ധതികൾ, ഭവന നിർമ്മാണ പദ്ധതികൾ, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം, ഫിഷറീസ് ഫാമുകളുടെയും ഹാച്ചറികളുടെയും പുനരുദ്ധാരണം, കൃത്രിമ പാര് സ്ഥാപിക്കൽ എന്നിവയാണ് തീരദേശ കോർപ്പറേഷൻ പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ. ഇതിനുപുറമെ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. തീരസംരക്ഷണ പദ്ധതികൾ, മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണം, വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം

എന്നിവയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ. ഇവയ്ക്ക് പുറമെ തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിതരണവും നടപ്പിലാക്കി വരുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന എല്ലാ പദ്ധതികളും കാലികമായി വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമതയും ഏകോപനവും ഉറപ്പാക്കുകയും ചെയ്യാറുണ്ട്. പദ്ധതി നിർവ്വഹണം തൃപ്തികരമാണെന്നും വിലയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കോർപ്പറേഷൻ 2019-20 ൽ എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ ഏറ്റെടുത്തു; അതിൽ എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തിയായെന്ന് വെളിപ്പെടുത്താമോ ?

2019-20-ൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പ്രസ്തുത കോർപ്പറേഷന് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണ് ധനസഹായം ലഭിക്കുന്നത്; ഓരോ സ്ഥാപനത്തിൽ നിന്നും 2019-20-ൽ എന്ത് തുക ലഭിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

തീരദേശ വികസന കോർപ്പറേഷന് ഒരു സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല.

## ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾവഴി ഭരണാനുമതി ലഭിച്ച റോഡുകൾ

351(1443) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിലെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾ വഴി ഭരണാനുമതി ലഭിച്ച റോഡുകളും അവയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

&

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും 2021 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ സാധിക്കുന്നവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിൽ 25 റോഡുകൾക്ക് 1332.2 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിലവിലെ അവസ്ഥയും വിശദാംശങ്ങളും അനുബന്ധം (1) ആയി ചേർക്കുന്നു*. മേൽ പറഞ്ഞ 25 പ്രവൃത്തികളിൽ 12 എണ്ണം പൂർത്തിയാക്കിയവയാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.* 2021 മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ സാധിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു*.

## സമഗ്ര തീരദേശ പാക്കേജ്

352(1444) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്രവികസനത്തിനായി രണ്ടായിരം കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ ?

പ്രഖ്യാപിച്ചിരുന്നു.

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; പ്രസ്തുത ഏജൻസി ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(സി) ഈ പാക്കേജ് പ്രകാരമുള്ള ഏതൊക്കെ പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ചും വിശദാംശം നൽകുമോ ?

(ബി&സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ മേഖലയ്ക്ക് പൊതുവിലും മത്സ്യമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയും സമഗ്ര വികസനം ഉറപ്പാക്കുന്നതിന് ആവശ്യമായ ദീർഘകാല വികസന പദ്ധതികൾ ആവിഷ്കരിക്കുകയാണ് പ്രസ്തുത പാക്കേജിന്റെ ലക്ഷ്യം. തീരദേശ മേഖലയിലെ വികസന വിടവുകൾ തിരിച്ചറിഞ്ഞ്, മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസം, ജീവനോപാധികൾ വികസിപ്പിക്കൽ, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ, തീരദേശ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനം മുതലായ വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പാക്കേജ് ആവിഷ്കരിക്കുവാനാണ് തീരുമാനിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു വിദഗ്ദ്ധ സമിതിയാണ് സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വ്യത്യസ്ത മേഖലകളിൽ വിശദ പഠനം ആവശ്യമാണെന്ന് വിലയിരുത്തുകയും അത്തരം പഠനങ്ങൾക്കായി Tata Institute of Social Sciences (TISS), Institute of Rural Management Anand, (IRMA) എന്നീ ഏജൻസികളെ ചുമതലപ്പെടുത്തുകയും ചെയ്തു. മത്സ്യമേഖലയിലെ പശ്ചാത്തല വികസനം, മാനവ വികസനം, സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ എന്നീ വിഷയങ്ങളിൽ TISS നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംബന്ധിച്ച പഠനത്തിന് ചുമതലപ്പെടുത്തിയ IRMA-യുടെ പഠനം കോവിഡ് 19-ന്റെ പ്രതിസന്ധിമൂലം പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രത്യേക സ്പെഷ്യൽ പാക്കേജിന്റെ ഭാഗമായി തീരദേശ മേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ പുനരധിവാസവും ഉറപ്പാക്കുന്നതിന് 4660 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. തീരദേശത്തെ നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന 18689 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപ അടങ്കലുള്ള പുനർഗേഹം പദ്ധതി, തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ മുതലായവയുടെ വികസനത്തിന് നടപ്പാക്കിയ 146 കോടി രൂപയുടെ പദ്ധതികൾ, കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന 109 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ, കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 220 കോടി രൂപയുടെ പരപ്പനങ്ങാടി, ചെത്തി മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, കിഫ്ബിയിൽനിന്നും 257 കോടി രൂപ അനുവദിച്ച് 56 തീരദേശ സ്കൂളുകളും 65 മത്സ്യമാർക്കറ്റുകളും വികസിപ്പിക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിന് നടപ്പാക്കുന്ന 705 കോടി രൂപയുടെ പദ്ധതികൾ, തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് നടപ്പാക്കുന്ന 773 കോടി രൂപയുടെ പദ്ധതികളും ഉൾപ്പെടുന്ന ആകെ 4660 കോടി രൂപയുടെ പദ്ധതികൾ ആണ് തീരദേശത്ത് നടപ്പാക്കിവരുന്നത്. ഇതിനു പുറമേ, ഓഖി ഇരകളുടെ പുനരധിവാസത്തിനും മത്സ്യത്തൊഴിലാളികളുടെ കടൽ സുരക്ഷയ്ക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 128 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നടപ്പാക്കി വരുന്നത്. മത്സ്യമേഖലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 5 വർഷ കാലയളവിൽ 1419 കോടി രൂപയുടെ പദ്ധതികളും ഇതിന് പുറമേ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കി കഴിഞ്ഞു.

## മത്സ്യ സംസ്കരണം

353(1445) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ, വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാൻറിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ മൂല്യവർദ്ധിത ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നു. പ്രസ്തുത പ്ലാന്റിൽ സോളാർ ഡ്രയർ ഉപയോഗിച്ചാണ് മത്സ്യം ഉണക്കിയെടുക്കുന്നത്. തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്ത് വിഴിഞ്ഞത്ത് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. പ്ലാന്റിലെ വനിതാ ജീവനക്കാർ നിർമ്മിക്കുന്ന വിവിധ തരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ പുറമേ നിന്നുള്ള വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ ഗ്രൂപ്പ് നിർമ്മിക്കുന്ന ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ, മസാല എന്നിവയും ഫിഷ്മാർട്ട് വഴി വിപണനം ചെയ്തു വരുന്നു. മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി സാഫ് ഡ്രൈ ഫിഷ് യൂണിറ്റുകൾ രൂപീകരിച്ചു. മൂല്യവർദ്ധിത ഉൽപ്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT -മായി ചേർന്ന് 20 Hygienic Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതിയും ആരംഭിക്കുന്നു. 9 തീരദേശ ജില്ലകളിലായി 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 46 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകളാണ് രൂപീകരിക്കുന്നത്. തീരമൈത്രി ബ്രാന്റിൽ ഒരു സീഫുഡ് റസ്റ്റോറന്റ് ശൃംഖല തന്നെ സൃഷ്ടിക്കുന്നതിനും ഇതുവഴി മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നു.

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലത്ത് പ്രവർത്തിക്കുന്ന പ്രോസസ്സിംഗ് പ്ലാന്റിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് മത്സ്യത്തൊഴിലാളി വനിതകളാണ്. ഇതിനുപുറമെ മത്സ്യത്തൊഴിലാളി വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണത്തിനും വിപണനത്തിനും സഹായകമാകുന്ന വിധത്തിലുള്ള വിവിധ ട്രെയിനിംഗുകളും കോർപ്പറേഷൻ നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ആരംഭിക്കുന്ന ഫിഷ് പ്രോസസ്സിംഗ് സെന്റർ പൂർണ്ണമായും മത്സ്യത്തൊഴിലാളി വനിതകളെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ മത്സ്യഫെഡ് മുഖാന്തരം ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ 25 വനിതകളും പുറമേ നിന്നുള്ള സ്വയം സഹായ ഗ്രൂപ്പിലെ വനിതകളും മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് സാഫ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതിയാണ് 3-R Package for Ensuring Sustainable Livelihoods of Fisherwomen In Kerala (Rebuilding, Revival, Reforms). 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 Joint Liability Group (JLG)-കൾ രൂപീകരിച്ചു. ടി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി പലിശരഹിത വായ്പയായി Working Capital Revolving Fund അനുവദിക്കുന്നു. 2020-21 JLG പദ്ധതി പ്രകാരം 1750 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് 5 പേരടങ്ങുന്ന 350 JLG-കൾക്ക് കൂടി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി യൂണിറ്റുകൾക്ക് കേരള ബാങ്ക് മുഖേന KCC ലോൺ ലഭ്യമാക്കുന്നു. ഇതുവഴി മത്സ്യമേഖലയിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ ചെയ്യുന്നതിനാവശ്യമായ മൂലധനം ലഭ്യമാക്കുന്നു.

(സി) അന്തി പച്ച എന്ന പേരിൽ മായം ചേർക്കാത്ത മത്സ്യം വിതരണം ചെയ്യുന്നതിന് നിലവിൽ എവിടെയൊക്കെയാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്?

മത്സ്യഫെഡ് മുഖാന്തരം ഫിഷറ്റേറിയൻ മൊബൈൽ യൂണിറ്റ് തിരുവനന്തപുരം ജില്ലയിൽ - 2 (എ) സെക്രട്ടറിയേറ്റ്, ശാസ്തമംഗലം (ബി) പബ്ലിക് ഓഫീസ്, കവടിയാർ, പട്ടം, വൈദ്യുതി ഭവൻ, പി.എസ്.സി ഓഫീസ് പരിസരത്തും

കൊല്ലം ജില്ലയിൽ - 3 (എ) കുണ്ടറ, പള്ളിമുക്ക് (ബി) കണ്ണനല്ലൂർ, (സി) കൊട്ടാരക്കര എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു.

## മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ

354(1446) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള സമ്പാദ്യസമാശ്വാസ പദ്ധതിയ്ക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന സമ്പാദ്യ-ആശ്വാസ പദ്ധതിയുടെ ധനസഹായ തുക 2700 രൂപയിൽനിന്നും ഈ സർക്കാരിന്റെ കാലത്ത് 4500 രൂപയായി വർദ്ധിപ്പിച്ചു. പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 3310 ലക്ഷം രൂപ, 5595.10 ലക്ഷം രൂപ, 4516 ലക്ഷം രൂപ, 5618.6 ലക്ഷം രൂപ, 5347.8 ലക്ഷം രൂപ എന്നിങ്ങനെ ആകെ 24387.5 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് ഈ സർക്കാർ അനുവദിച്ചതെന്നും അവർക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനായി ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യബന്ധന ഉപകരണങ്ങളുടെ ജി.എസ്.ടി.-യും വിതരണവും

355(1447) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വിവിധ മത്സ്യബന്ധന ഉപകരണങ്ങളുടെ ജി.എസ്.ടി. ഒഴിവാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

ജി.എസ്.ടി. ഒഴിവാക്കുന്നതിന് കൗൺസിലിൽ തീരുമാനം ഉണ്ടായിട്ടില്ല.

(ബി) 2019, 2020 വർഷങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട് എന്ന വിവരം ജില്ലതിരിച്ച് വിശദമാക്കുമോ?

2019, 2020 വർഷങ്ങളിൽ മത്സ്യഫെഡ് വഴി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്ത മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.* 2018-19 സാമ്പത്തിക വർഷത്തെ കടൽസുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 75% ഗ്രാന്റോടെ 566 ജി.പി.എസ്സുകളും 1132 ലൈഫ്ബോയ്കളും മത്സ്യത്തൊഴിലാളികൾക്ക് 2019 വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2018-19-ലെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 200 FRP വള്ളങ്ങൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. അതോടൊപ്പം ഓഖി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട് 120 FRP യാനങ്ങൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

## കല്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

356(1448) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്പറ്റ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവൃത്തികളും വിശദമാക്കാമോ;

&

(ബി) ഇതിനായി എത്ര രൂപ അനുവദിച്ചു; ഓരോ പദ്ധതിയുടെയും പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്പറ്റ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിനുകീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

357(1449) ശ്രീ. എം. ഉമ്മർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കാനുമുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ ?

കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കൂടുതൽ ബലവത്തായ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. പരിഷ്കരിച്ച KMFR ആക്ട് പ്രകാരം സംസ്ഥാനം, ജില്ല, വില്ലേജ് തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതും ലക്ഷ്യമാക്കി 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽനിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്നു. 2018-19-ൽ 15 മീറ്റർ വരെ നീളമുള്ള 647 യാനങ്ങളെയും 2019-20-ൽ 857 യാനങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിംഗ് നിരോധിച്ചിട്ടുണ്ട്. കടൽരക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വിവരങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈമാറുന്നതിനും മാസ്റ്റർ കൺട്രോൾ റൂമും മൂന്ന് റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കുന്നതിനുള്ള 68 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഹാർബറുകളിൽ നിരീക്ഷണത്തിനായി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പുതിയാപ്പ, ബേപ്പൂർ, നീണ്ടകര, മുനമ്പം ഹാർബറുകളിൽ പണി പൂർത്തിയായി. ശക്തിക്കുളങ്ങര, പൊന്നാനി, വിഴിഞ്ഞം ഹാർബറുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചു. കടലിൽ മത്സ്യബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 60 കോടി രൂപ അനുവദിച്ചു. കടൽത്തീരത്ത് നിന്ന് 1500 കിലോമീറ്റർ വരെ വാർത്താ വിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം മത്സ്യ ത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് 15.93 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാ ളികൾക്ക് വാർത്താവിനിമയം സാധ്യമാക്കുന്നതിന് ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ നൽകുന്ന പദ്ധതിയ്ക്കായി 9.42 കോടി രൂപ അനുവദിച്ചു പദ്ധതി നടപ്പാക്കി വരുന്നു. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപന ത്തിനായി ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 120 FRP ബോട്ടുകൾ 1.94 കോടി രൂപ കേന്ദ്ര സഹായവും 7.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും (ഓഖി ഫണ്ട്) വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഓഖി പോലുള്ള അടിയന്തര സാഹചര്യങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡ് മുഖേന നിർമ്മിച്ചതിൽ ആദ്യത്തേതായ 'പ്രതീക്ഷ 2020' ആഗസ്റ്റ് 27-ന് കമ്മീഷൻ ചെയ്തു. 29-1-2021-ൽ മറ്റ് രണ്ട് മറൈൻ ആംബുലൻസുകളും കമ്മീഷൻ ചെയ്യുന്നതാണ്. 2018-19 വർഷത്തെ കടൽ സുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി 75% ഗ്രാന്റോടെ 566 ജി.പി.എസ്സുകളും 1132 ലൈഫ് ബോയ്കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. നടപ്പു സാമ്പത്തിക വർഷം 600 ജിപിഎസ് 389 വി.എച്ച്.എഫ്. റേഡിയോ, 43 DAT എന്നിവ വിതരണം ചെയ്യുന്നതിനായി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കടൽ രക്ഷാസേന രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സേനയിൽ ചേരുന്നവർക്ക് നാവികസേനയുടെ പരിശീലനം ലഭ്യമാക്കി യിട്ടുണ്ടോ; വിശദമാക്കാമോ ?

കടൽസുരക്ഷാ സേന രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽനിന്നും പവർ ബോട്ട് ഹാൻഡ്‌ലിംഗ്, കടൽസുരക്ഷ, ജീവൻരക്ഷാ ഉപാധികൾ എന്നിവയിലാണ് ട്രെയിനിംഗ്

നൽകിയിട്ടുള്ളത്. 900 പേർക്കാണ് ആദ്യഘട്ടം ട്രെയിനിംഗ് നൽകാൻ പദ്ധതി തയ്യാറാക്കിയത്. 585 പേർക്ക് 15 ബാച്ചുകളിലായി പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19 മഹാമാരിമൂലം നിർത്തിവച്ച പരിശീലനം ഫെബ്രുവരി പകുതിയോടെ പുനരാരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് വകുപ്പിൽനിന്നും ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മേൽപ്രസ്താവിച്ച പദ്ധതികൾക്കായി നാളിതുവരെ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. കടൽ സുരക്ഷാ ഉപകരണങ്ങൾ - 124.53 ലക്ഷം രൂപ

2. കടൽ സുരക്ഷാ സ്ക്വാഡ് - 491.5 ലക്ഷം രൂപ

3. മറൈൻ ആംബുലൻസ് - 1008 ലക്ഷം രൂപ

4. FRP ബോട്ട് (2018-19) - 75 ലക്ഷം രൂപ

5. FRP ബോട്ട് (ഓഖിപുനരധിവാസ പദ്ധതി) - 364.57 ലക്ഷം രൂപ

## മത്സ്യത്തൊഴിലാളികളുടെ ഉന്നമനം

358(1450) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗം സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ നേരിടുന്നുണ്ടോ ?

ഉണ്ട്.

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് മുൻ സർക്കാർ 'അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും' എന്ന പദ്ധതിക്ക് രൂപം നൽകിയിരുന്നോ ?

നൽകിയിരുന്നു.

(സി) പ്രസ്തുത പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ?

തീരദേശ വികസന കോർപ്പറേഷൻ മുഖേന മുൻ സർക്കാരിന്റെ കാലയളവിൽ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി.

489 ലക്ഷം രൂപയുടെ 3 ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, 74 ലക്ഷം രൂപയുടെ 2 സാനിറ്റേഷൻ പ്രവർത്തനങ്ങൾ, 133 ലക്ഷം രൂപയുടെ ഒരു ലൈവ്‌ലിഹുഡ് സപ്പോർട്ട് സെന്റർ, 1045 ലക്ഷം രൂപയുടെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, 95 ലക്ഷം രൂപയുടെ 4 അംഗൻവാടി നിർമ്മാണം, 29.50 ലക്ഷം രൂപയുടെ കോമൺ യൂട്ടിലിറ്റി സെന്റർ. കൂടാതെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം, സാനിറ്റേഷൻ, ഭവന അറ്റകുറ്റപ്പണി, മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായുള്ള തീരമൈത്രി പദ്ധതി എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സമുദ്രതീരത്തുനിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ?

ഉൾപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്ന് അറിയിക്കാമോ?

മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

359(1451) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് കടൽ സുരക്ഷ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ?

ഇല്ല. എന്നാൽ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഓഖി പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ?

അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി) മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ സാറ്റലൈറ്റ് ഫോൺ, നാവിക് എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ മറൈൻ ആംബുലൻസുകളുടെ സേവനം എവിടെയൊക്കെയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഓഖി പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തി കടലിൽ അകപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ 18.24 കോടി രൂപ ചെലവിട്ട് 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡ് മുഖേന നിർമ്മിക്കുന്നതിന് ധാരണയാകുകയും ആയതിൽ ആദ്യത്തെ ആംബുലൻസായ പ്രതീക്ഷ കമ്മീഷൻ ചെയ്യുകയുമുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നത്.

## മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതി

360(1452) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മാനദണ്ഡങ്ങളിൽ ഇളവനുസരിച്ചുകൊണ്ടുള്ള 6-9-2019-ലെ 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് ഭൂമിയുള്ള ഭവനരഹിതരായവരെക്കൂടി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ടോ ?

ഉണ്ട്. ഫിഷറീസ് വകുപ്പ് ജില്ലാ ഓഫീസിൽനിന്നും ലഭിച്ച 1346 പേരുടെ ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കി തുടങ്ങിയോ ?

119 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ; &

(ഡി) പ്രസ്തുത ധനസഹായം ലഭ്യമാക്കി വീട് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

(സി&ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(ഇ) പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

## പുനർഗേഹം പദ്ധതി

361(1453) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി കൊണ്ടുവന്ന 'പുനർ ഗേഹം' പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകിയെന്ന് പറയാമോ; ആയതിന് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ ?

പുനർഗേഹം പദ്ധതി പ്രകാരം ആകെ 962 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിൽ 64 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 2016-17 വർഷം മുതൽ വകുപ്പ് മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾക്കായി തുക പുനർഗേഹം പദ്ധതിയിൽ വകയിരുത്തി യിട്ടുള്ളതിനാൽ ടി പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന്റെ വിവിധ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഘട്ടങ്ങൾക്കായി തുക പുനർഗേഹം പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളതും 120 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അപ്രകാരം പുനർഗേഹം പദ്ധതിയ്ക്കായി അനുവദിച്ച തുകയിൽനിന്നും ഭൂമി രജിസ്ട്രേഷനും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിനുമായി ആകെ 67.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളായി കൊച്ചി നിയോജകമണ്ഡലത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന 167 പേരെ നാളിതുവരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 3 പേർ കണ്ടെത്തിയ സ്ഥലങ്ങളുടെയും ഒരാൾ കണ്ടെത്തിയ വീട് ഉൾപ്പെടെയുള്ള സ്ഥലത്തിന്റെയും രജിസ്ട്രേഷൻ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള താണ്. സ്ഥലം രജിസ്റ്റർ ചെയ്ത രണ്ട് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ 2021 മാർച്ച് 31-നകം ഇത്തരത്തിൽ എത്ര വീടുകൾ കൂടി നിർമ്മിച്ച് നൽകാനാകുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊച്ചി നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതിയുടെ ഗുണഭോക്താക്കളായി നാളിതുവരെ 167 പേരെ തെരഞ്ഞെടുത്തിരുന്നു. ഇതിൽ 69 പേർ മാത്രമാണ് നിലവിൽ പദ്ധതിയിൽ താൽപര്യമറിയിച്ചിട്ടുള്ളത്. ഇതിൽ തന്നെ ഭൂരിഭാഗം പേരും ഫ്ളാറ്റിലേയ്ക്ക് മാറുന്നതിനാണ് താൽപര്യം അറിയിച്ചിട്ടുള്ളത്. ഇത്തരത്തിൽ താൽപര്യം അറിയിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് പണിയുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാർ വക സ്ഥലവും സ്വകാര്യ ഭൂമിയും ഇതിനായി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. എറണാകുളം ജില്ലയിൽ സ്ഥലത്തിന് മാർക്കറ്റ് വില വളരെ കൂടുതലായതിനാൽ ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തുന്നതിന് പ്രായോഗിക തലത്തിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ് സമുച്ചയം

362(1454) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് വച്ചുനൽകുന്ന പദ്ധതിയിൻകീഴിൽ ഇതിനകം എത്ര ഫ്ലാറ്റ് സമുച്ചയങ്ങൾ പൂർത്തിയാക്കി ?

തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 192 ഫ്ളാറ്റുകളും വലിയതുറയിൽ 8 ഫ്ളാറ്റുകളും നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എവിടെയൊക്കെയാണ് നിർമ്മാണം നടക്കുന്നത്; വിശദാംശം നൽകുമോ ?

അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത് ?

പ്രസ്തുത പദ്ധതിയ്ക്കായി 98.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ എന്ത് തുക കേന്ദ്രം ഇതിനകം അനുവദിച്ചു?

പ്രസ്തുത പദ്ധതി കേന്ദ്ര സഹായ പദ്ധതി അല്ല. പൂർണ്ണമായും സംസ്ഥാന ആവിഷ്കൃത പദ്ധതിയാണ്.

## മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം

363(1455) ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീട് വയ്ക്കുന്നതിനായി മത്സ്യതൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ?

മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## കൂടൽ മത്സ്യമാർക്കറ്റിൽ കിഫ്ബി പദ്ധതി

364(1456) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടൽ മത്സ്യമാർക്കറ്റിന് കിഫ്ബി പദ്ധതി വഴി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

&

(ബി) എങ്കിൽ എത്ര തുകയാണ് അനുവദിക്കുന്നത്; എന്നത്തേയ്ക്ക് അനുവദിക്കുമെന്ന് അറിയിക്കാമോ?

പത്തനംതിട്ട ജില്ലയിലെ കൂടൽ മത്സ്യമാർക്കറ്റിന് അംഗീകാരം ലഭ്യമാകുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന 156.865 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അപ്രൈസൽ കഴിഞ്ഞ് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അടങ്കൽ തുക അറിയുവാൻ കഴിയുകയുള്ളൂ.

## സമഗ്ര ജലപരിഷ്കരണനിയമം

365(1457) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്ന സമഗ്ര ജലപരിഷ്കരണനിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ?

മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണ നിയമം എന്ന പേരിൽ പുതിയ നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കടലിൽനിന്നും പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ ആദ്യവില്പന അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ഉറപ്പാക്കു ന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ?

ഉണ്ട്. കടലിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റുകാര്യങ്ങൾ ക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുന്നതിനും ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വിൽപനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതിനായി കൊണ്ടുവന്ന ഓർഡിനൻസിലെ നിബന്ധനകൾ മത്സ്യമേഖലയ്ക്ക് ദോഷകരമാണെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഓർഡിനൻസിലെ നിബന്ധനകൾ മത്സ്യമേഖലയ്ക്ക് ദോഷകരമാണെന്ന ആശങ്കയ്ക്ക് യാതൊരുവിധ അടിസ്ഥാനവുമില്ല. എങ്കിലും മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ഈ ഓർഡിനൻസിനെക്കുറിച്ച് തെറ്റിദ്ധാരണകൾ, ആശങ്കകൾ നിക്ഷിപ്തതാല്പര്യക്കാർ പ്രചരിപ്പിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ആശങ്ക ദൂരീകരിക്കുന്നതിന് ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൃത്യമായി വിലയിരുത്തിയാൽ കഴിയും. കടലിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്ന തരത്തിലാണ് 2020-ൽ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളിയെ മോചിപ്പിക്കുന്നതിന് മത്സ്യലേല കമ്മീഷൻ പരിമിതപ്പെടുത്തുന്നതിനും ലേലക്കാർ നിയമവിധേയമായും അനുമതി പത്രത്തിലെ വ്യവസ്ഥകൾക്കനുസൃതമായും മാത്രം പ്രവർത്തിക്കുന്നതിന് അവസര

മൊരുക്കുകയുമാണ് ഈ നിയമനിർമ്മാണത്തിലൂടെ സാധ്യമാകുന്നത്. മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുന്നത് തൊഴിലാളി പങ്കാളിത്തത്തോടെ യാണെന്നത് മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിന് സഹായിക്കും. മത്സ്യത്തൊഴിലാളികൾക്ക് ദോഷകരമായ യാതൊരുവിധ വ്യവസ്ഥകളും ഈ നിയമത്തിലില്ലായെന്നതാണ് യാഥാർത്ഥ്യം.

## പയ്യന്നൂർ മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തി

366(1458) ശ്രീ. സി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദമാക്കാമോ;

&

(ബി) ഈ സാമ്പത്തികവർഷം തന്നെ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പയ്യന്നൂർ മാർക്കറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

367(1459) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ?

കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെ സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എത്ര മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയതെന്നും അതിനായി കിഫ്ബി എന്ത് തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ?

കിഫ്ബി ധനസഹായത്തോടെ മത്സ്യമാർക്കറ്റുകൾക്ക് 193.47 കോടി രൂപയ്ക്ക് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിരുന്നു. അതിൻപ്രകാരം 117.61 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി

സമർപ്പിക്കുകയും ഇതിൽ 13.97 കോടി രൂപയുടെ 6 മത്സ്യമാർക്കറ്റുകൾക്ക് കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) ഈ പദ്ധതി പ്രകാരമുള്ള എത്ര മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തിയായി; അതിനായി എന്ത് തുക ചെലവഴിച്ചു?

കിഫ്ബി അംഗീകാരം നൽകിയ 6 മത്സ്യമാർക്കറ്റുകളും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ ആരംഭഘട്ടത്തിലാണ്. തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## ചാലക്കുടി നഗരസഭയിലെ ആധുനിക മത്സ്യമാർക്കറ്റ്

368(1460) ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

(എ&ബി) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി 268.96 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കിഫ്ബി appraisal നടന്നു വരികയാണ്. Appraisal പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം ലഭ്യമാകുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വള്ളിക്കുന്ന് ഇടിമുഴിക്കൽ മത്സ്യമാർക്കറ്റ് നവീകരണം

369(1461) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തീരദേശ മണ്ഡലമായ വള്ളിക്കുന്നിലെ ചേലമ്പ്ര പഞ്ചായത്തിലെ ഇടിമുഴിക്കൽ മത്സ്യമാർക്കറ്റ് നവീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും വേണ്ടി എം.എൽ.എ. പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ ?

ചേലമ്പ്ര ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇടിമുഴിക്കൽ മത്സ്യ മാർക്കറ്റ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് നൽകണമെന്ന് 4-1-2020-ൽ ബഹു.എം.എൽ.എ. കത്ത് നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രൊപ്പോസൽ എന്നാണ് ലഭ്യമായതെന്ന് അറിയിക്കുമോ?

4-1-2020-നാണ് ബഹു.എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുള്ളത്.

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

സർക്കാർ അംഗീകരിച്ച കിഫ്ബി പദ്ധതികളുടെ ലിസ്റ്റിൽ ചേലമ്പ്ര ഗ്രാമപഞ്ചായത്തിലെ ഇടിമുഴിക്കൽ മത്സ്യമാർക്കറ്റ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**മത്സ്യലേലം**

370(1462) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന തുറമുഖങ്ങളിലെ മത്സ്യലേലവും അനുബന്ധ നടപടിക്രമങ്ങളും മറ്റും വകുപ്പ്, സംഘങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലാക്കുന്ന നടപടിയും കുറ്റമറ്റരീതിയിൽ കാര്യക്ഷമമായി ഇടനിലക്കാരില്ലാതെ മത്സ്യം വിതരണം ചെയ്യാനുള്ള നടപടിയും നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

കടലിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കി ഇടനില ക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കു ന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ഓർഡിനൻസ് 23-9-2020-ന് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചു വരികയാണ്. പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനും ജില്ലാ ഫിഷറീസ് ഡയറക്ടർ സെക്രട്ടറിയും ആയി അംഗീകൃത ട്രേഡ് യൂണിയ നുകളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റുവകുപ്പുകൾ, മത്സ്യഫെഡ് എന്നിവയുടെ ജില്ലാ ആഫീസർ മുതലായവരെല്ലാം ഉൾപ്പെടുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്തുവരുന്നു.

## ഉൾനാടൻ മത്സ്യോത്പാദനം

371(1463) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ ആകെ മത്സ്യോല്പാദനത്തിന്റെ 68 ശതമാനവും ഉൾനാടൻ മേഖലയിൽനിന്നും ലഭിക്കുമ്പോൾ കേരളത്തിന്റെ സംഭാവന 28 ശതമാനം മാത്രമാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; &

(ബി) 1999-2000 മുതൽ 2015-16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യ ഉല്പാദനത്തിൽ മെച്ചപ്പെട്ട സ്ഥാനം അലങ്കരിച്ചിരുന്ന സംസ്ഥാനം പിന്നീട് പിറകോട്ട് പോയതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ ?

(എ&ബി) ഉണ്ട്. 1997 മുതൽ 2001 വരെയുള്ള കാലഘട്ടത്തിലാണ് സംസ്ഥാനം ഉൾനാടൻ മത്സ്യകൃഷിയിലൂടെ മികച്ച നേട്ടം കൈവരിച്ചിട്ടുള്ളത്. ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/ തടയണകളുടെ/ബണ്ടുകളുടെ നിർമ്മാണം, കണ്ടൽക്കാടുകളുടെ തിരോധാനം, വർദ്ധിച്ച തോതിലുള്ള മണൽവാരൽ, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യ രോഗങ്ങൾ, വിദേശമത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവ ഉൾനാടൻ മത്സ്യോൽപ്പാദനം കുറയാനുണ്ടായ കാരണങ്ങളായി ചൂണ്ടിക്കാണിക്കാ വുന്നതാണ്. 2016 മുതൽ ഉൾനാടൻ മത്സ്യകൃഷിയിൽ നൂതന കൃഷി രീതികൾ വ്യാപിപ്പിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാണ് ഊന്നൽ നൽകി വരുന്നത്. ഉൾനാടൻ മത്സ്യഉല്പാദനം 2016-ൽ 1.88 ലക്ഷം ടണ്ണായിരുന്നത് 2020-ൽ എത്തുമ്പോൾ 2.05 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(സി) ഈ പിന്നോക്കാവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ഉപയോഗിക്കുന്നതിലുണ്ടായ വീഴ്ചയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

&

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് ഇടപെടലാണ് ഉണ്ടായി ട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവ ശേഷി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തിയാൽ നിലവിലെ 2 ലക്ഷം മെട്രിക് ടൺ ഉൾനാടൻ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനത്തിലുണ്ടായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ

വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 61.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. ആർ.കെ.ഐ, കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പ്രോജക്ടുകൾ പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. മലമ്പുഴ, പോത്തുണ്ടി, പഴശ്ശി, ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി എന്നീ 6 ജലസംഭരണികളിലായി 26.286 കോടി രൂപ ചെലവിൽ വ്യാപകമായി കൂട് മത്സ്യകൃഷി നടപ്പാക്കുന്നുണ്ട്. ഇത് കൂടാതെ ജലസംഭരണികളിൽനിന്ന് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

## കള്ളിക്കാട് മത്സ്യവിത്തുൽപാദന കേന്ദ്രം

372(1464) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കള്ളിക്കാട് മത്സ്യവിത്തുൽപാദന കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ ?

ഈ സർക്കാർ കാലയളവിൽ കള്ളിക്കാട് നെയ്യാർ മത്സ്യവിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ ഈ സർക്കാർ കാലയളവിൽ ടി മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നാളിതുവരെയുള്ള ദൈനംദിന മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾക്കായി 175.48 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ?

2014-15 സാമ്പത്തികവർഷം 344 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നെയ്യാർ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹാച്ചറി കെട്ടിടത്തിന്റെയും, അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി മത്സ്യവിത്തുൽപാദന കേന്ദ്രത്തിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റിയറിംഗ് കുളങ്ങൾ, നഴ്സറി കുളങ്ങൾ, എയ്റേഷൻ സിസ്റ്റം, ബ്ലോവറുകൾ, ഇന്റേണൽ റോഡ്, കൾവേർട്ട് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. ഗിഫ്റ്റ് ഹാച്ചറി വിത്തുല്പാദനത്തിനാ വശ്യമായ ജാർ ഹാച്ചിങ്ങ് യൂണിറ്റ്, എഫ്.ആർ.പി. ടാങ്കുകൾ, യു.വി. ഫിൽട്രേഷൻ സിസ്റ്റം, റീ സർക്കുലേഷൻ സിസ്റ്റം, റാപിഡ് സാന്റ് ഫിൽറ്റർ, സ്ലോ സാന്റ് ഫിൽറ്റർ, ബ്ലോവറുകൾ, Effluent Treatment plant, നഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളങ്ങൾ, പരിസ്ഥിതി സംരക്ഷണത്തിനായി ബയോസെക്യൂരിറ്റി സംവിധാനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Brood stock rearing ponds, Out door nursery unit-ന്റെ പ്ലംബിംഗ്, എയ്റേഷൻ വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്. നിലവിൽ ഇൻഡോർ ഹാച്ചറിയിൽ ട്രയൽ റൺ നടത്തിവരുന്നു. അലങ്കാര മത്സ്യയൂണിറ്റ് നവീകരണവുമായി ബന്ധപ്പെട്ട് 6,7 ഹബ്ബുകളുടെ ടാങ്കുകൾ, മേൽക്കൂര എന്നിവയുടെ നവീകരണം, BIRD fencing എന്നിവ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികളും എട്ടാമത്തെ ഹബ്ബിന്റെ നവീകരണവും നടന്നുവരുന്നു. 1-5 വരെയുള്ള ഹബ്ബുകളിൽ നിലവിൽ അലങ്കാരമത്സ്യഉൽപാദനവും വിതരണവും നടന്നുവരുന്നു. നെയ്യാർഡാം ശുദ്ധജല മത്സ്യകർഷക പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 2019-20, 2020-21 വർഷത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ കർഷക പരിശീലനം ഇതിനോടകം തന്നെ നെയ്യാർഡാം ശുദ്ധജല മത്സ്യകർഷക പരിശീലന കേന്ദ്രത്തിൽ വച്ചുസംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിലെ staff training/workshop എന്നിവയും ഓൺലൈൻ പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു. Establishment of Live feed unit integrated with fin fish hatchery എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. ടി മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ നാളിതു വരെയുള്ള മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾക്കായി 175.48 ലക്ഷം രൂപ വകയിരുത്തിയിരുന്നതനുസരിച്ച് നാളിതുവരെ 108.65 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കേന്ദ്രത്തിൽ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

നിലവിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## ഉൾനാടൻ മത്സ്യമേഖല

373(1465) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഉൾനാടൻ മത്സ്യമേഖല നൽകുന്ന ഉത്തേജനം എന്താണെന്ന് വ്യക്തമാക്കുമോ ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിച്ച് ഉൾനാടൻ മത്സ്യമേഖലയെ കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഒരു ഉത്തേജനമായി വർത്തിക്കുന്നതിനായി ചുവടെ കാണും പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

നടപ്പ് സാമ്പത്തിക വർഷം ജലകൃഷി വികസനത്തിനായി 61.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി നൂതന പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ എന്നിവ നടപ്പിലാക്കി വരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പുസാമ്പത്തിക വർഷം 300 ലക്ഷം രൂപ പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ചിട്ടുണ്ട്. ആർ.കെ.ഐ., കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെൻറ് പ്രോജക്ട് പ്രകാരം കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി മലമ്പുഴ, പോത്തുണ്ടി, പെരുവണ്ണാമൂഴി, ബാണാസുരസാഗർ, കാരാപ്പുഴ, പഴശ്ശി എന്നീ ആറ് ജലസംഭരണികളിൽ 26.286 കോടി രൂപ ചെലവിൽ വ്യാപകമായി കൂട് മത്സ്യകൃഷി പദ്ധതി നടപ്പാക്കിവരുന്നു. ഇത് കൂടാതെ ജലസംഭരണികളിൽ നിന്ന് മത്സ്യഉല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു.

(ബി) നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി കണ്ടെത്തിയിട്ടുണ്ടോ;

&

(സി) എങ്കിൽ നല്ലയിനം മത്സ്യവിത്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ്ഫാമുകൾ എന്നിവ ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

(ബി&സി) ഉണ്ട്. നല്ലയിനം മത്സ്യവിത്തുകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ മത്സ്യവിത്തുഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 26 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ദൈനംദിന നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ 4 വർഷ കാലയളവിൽ 22 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തികവർഷത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും, നഴ്സറികളുടെയും ഹാച്ചറികളുടെയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും, പുതിയ ഹാച്ചറികൾ സ്ഥാപിക്കാനും 900 ലക്ഷം രൂപയും, നിലവിലെ സർക്കാർ ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനുമായി 700 ലക്ഷം രൂപയടക്കം 1600 ലക്ഷം രൂപ വകയിരുത്തിയതനുസരിച്ച് മത്സ്യവിത്തുല്പാദന പ്രവത്തനങ്ങൾ നടന്നുവരുന്നു. 2002-നുശേഷം പ്രവർത്തനക്ഷമമല്ലാതിരുന്ന മത്സ്യവിത്തുഫാമുകൾ പുനരുദ്ധരിക്കുവാനും 2016 മുതൽ പുതിയ മത്സ്യവിത്ത് ഫാമുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. തത്ഫലമായി മത്സ്യവിത്തുല്പാദനം 5.47 കോടി എണ്ണത്തിലേയ്ക്ക് വർദ്ധിപ്പിക്കാനായി. മത്സ്യവിത്തുകളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ കൊല്ലം കേന്ദ്രമാക്കി സംസ്ഥാന മത്സ്യവിത്തുകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിലും, ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഹാച്ചറിയും, കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ ഗിഫ്റ്റ് മത്സ്യവിത്തുല്പാദനകേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) അക്വാകൾച്ചറിന് 2020-21 സാമ്പത്തിക വർഷം കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തികവർഷം ജലകൃഷി വികസനത്തിനായി 61.15 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി വിവിധ ഘടക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലും ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**മത്സ്യഭവനുകൾ അനുവദിക്കുന്നത് സംബന്ധിച്ച്**

374(1466) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാരുൾപ്പെടെ ഏറ്റവും അധികം മത്സ്യതൊഴിലാളികളും, കർഷകരും മത്സ്യബന്ധനം നടത്തിവരുന്ന ജലാശയ ങ്ങളുള്ള പീരുമേട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് മണ്ഡലത്തിൽനിന്നും എൺപത് കിലോമീറ്ററിലധികം ദൂരെയുള്ള പൈനാവിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ പുതുതായി ജില്ലയിൽ അനുവദിച്ചിട്ടുള്ള മത്സ്യഭവനുകളിലൊന്ന് പീരുമേട് നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി വകുപ്പിന്റെ പരിഗണനയിലുണ്ടോ;

&

(ബി) വളരെ പിന്നോക്കമേഖലയിലുള്ള മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കും ഫിഷറീസ് വകുപ്പിന്റെ സേവനം യഥാസമയം കാര്യക്ഷമമായി ലഭിക്കുന്നതിന് പീരുമേട് നിയോജകമണ്ഡലത്തിൽ മത്സ്യഭവൻ ആരംഭിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ; ആയതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇടുക്കി ജില്ലയിൽ നെടുംകണ്ടം, ഇടുക്കി (ഉൾനാടൻ) എന്നീ സ്ഥലങ്ങളിലാണ് പുതുതായി മത്സ്യഭവനുകൾ ആരംഭിച്ചത്. ഇടുക്കി ജില്ലയിൽ പുതിയ മത്സ്യഭവനുകൾ പുതുതായി ആരംഭിക്കുന്ന പക്ഷം പീരുമേട് മത്സ്യഭവൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശീയ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ നടപടി

375(1467) ശ്രീ. വി. എസ്. ശിവകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയമായ പല മത്സ്യങ്ങളും വംശഭീഷണി നേരിടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ അവയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(എ&ബി) ഉണ്ട്. തദ്ദേശീയമായ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി കേരളത്തിൽ വേമ്പനാട്, അഷ്ടമുടിക്കായലുകളിൽ മത്സ്യ സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശീയ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നാടൻ മത്സ്യങ്ങളുടെ വർദ്ധനവിനായി തനത് മത്സ്യങ്ങളായ ചെമ്മീൻ, കരിമീൻ, പൂമീൻ, കണമ്പ്, മഹസീർ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി മത്സ്യക്കുഞ്ഞുങ്ങളുടെ റാഞ്ചിംഗ് നടപ്പിലാക്കി വരികയാണ്. റിസർവോയർ ഫിഷറീസ് പ്രോജക്ടിന്റെ ഭാഗമായി പീച്ചി, വാഴാനി റിസർവോയറുകളിൽ endemic carp, endemic cat fish, കരിമീൻ തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളെ നിക്ഷേപിച്ചുവരുന്നു. ഇതിനു പുറമേ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഹാച്ചറികളിൽ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉണ്ട്. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി കായൽ മത്സ്യ സംരക്ഷണ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇത് മത്സ്യക്കുഞ്ഞുങ്ങളുടെ പ്രജനനത്തിനും വളർച്ചക്കും ഏറ്റവും ഉചിതമായ മാർഗ്ഗമാണ്.

(ഡി) ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എത്രമാത്രം സാധ്യമായെന്ന് വ്യക്തമാക്കാമോ?

മേൽ പദ്ധതികൾ തദ്ദേശ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും അതിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2016-ലെ 1.88 ലക്ഷം ടണ്ണിൽനിന്നും 2020-ൽ 2.05 ലക്ഷം ടൺ ആയി ഉയർന്നിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ മത്സ്യബന്ധന മേഖലയുടെ നവീകരണം

376(1468) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടലോര മേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ കോൾഡ് സ്റ്റോറേജ്, ഐസ് പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 190 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് മത്സ്യഫെഡ് മുഖേന ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കടലോര മേഖലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കുന്നതിനാവശ്യമായ ഐസ് പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചത് പരിശോധിക്കുകയും, പുതിയങ്ങാടിയിൽ പഴയ മോഡൽ ഐസ് പ്ലാന്റ് നിർമ്മിക്കുന്നത് സാമ്പത്തികമായി ലാഭകരമല്ലാത്തതിനാലും ഐസിന്റെ ഡിമാന്റ് നിലവിലുള്ള ഐസ് പ്ലാന്റുകൾ വഴി നികത്തുവാൻ കഴിയുമെന്നതിനാലും നിലവിൽ പുതിയങ്ങാടിയിൽ ഐസ് പ്ലാന്റ് അനിവാര്യമല്ലെന്ന് തീരുമാനിച്ചു.

## തീരദേശ വികസന കോർപ്പറേഷൻ നടപ്പാക്കിയ പ്രവൃത്തികൾ

377(1469) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ബഹു. കോഴിക്കോട് നോർത്ത് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 250 ലക്ഷം രൂപയുടെ "കൺസർവേഷൻ റിട്രോഫിറ്റിംഗ് ആന്റ് റെനോവേഷൻ ഓഫ് ലൈറ്റ് ഹൗസ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് പാർക്ക്, റെയിൻ ഷെൽറ്റർ ആന്റ് സ്റ്റേജ് ഇൻ കാലിക്കറ്റ് ബീച്ച് " എന്ന പദ്ധതിക്ക് അനുമതി നൽകിയിരുന്നു. പദ്ധതി ഇതിനോടകം പൂർത്തീകരിച്ചു. നാളിതുവരെ 194.60 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു.

## ഭൂതത്താൻകെട്ട് കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറി

378(1470) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് കുരികുളം മൾട്ടി സ്പീഷ്യസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; &

(ബി) ഈ ഹാച്ചറിയുടെ ഒന്നാം ഘട്ടപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഒന്നാം ഘട്ടത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതിന് വേണ്ടി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ?

(എ&ബി) ഭൂതത്താൻകെട്ട് കുരികുളം ഹാച്ചറിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപന നടത്തിവരുന്നു. ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഹാച്ചറി ബിൽഡിംഗ്, ഫീഡ് മിൽ പ്ലാന്റ്, 8 നഴ്സറി പോണ്ടുകൾ, ഒരു റിയറിംഗ് പോണ്ട്, ഒരു ബ്രൂഡ് സ്റ്റോക്ക് പോണ്ട് എന്നീ പ്രവൃത്തികൾ നടപ്പിലാക്കുകയും ആയതിന് 308.35051 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. നാളിതുവരെ ആകെ 20 ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങളെ പരിപാലിച്ച് വിൽപന നടത്തിയിട്ടുണ്ട്. കൂടാതെ 12 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ റിയറിംഗിനായി നിലവിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

(സി) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ;

(ഡി) രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ള തെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തി പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്നും വ്യക്തമാക്കാമോ;

&

(ഇ) ഹാച്ചറിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് സാധ്യമാകും എന്ന് വിശദമാക്കാമോ?

(സി-ഇ) ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 1120 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാംഘട്ട പ്രോജക്ടിന് സാങ്കേതിക അനുമതി ലഭ്യമായതിനുശേഷം 18 മാസം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹാച്ചറി പൂർണ്ണതോതിൽ മത്സ്യോല്പാദനത്തിന് സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മത്സ്യോൽപാദനവും വിപണനവും നടത്തി വരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

379(1471) <u>ശ്രീ. ആർ. രാജേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദമാക്കാമോ; &

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കും മാർക്കറ്റുകൾക്കും ഏതൊക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെന്നും ടി പദ്ധതികളുടെ പൂർത്തീകരണത്തിനുസ്വീകരിച്ച നടപടികളും വിശദമാക്കുമോ ?

(എ&ബി)) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 18 റോഡുകൾക്ക് 10.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 6 പ്രവൃത്തികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന 5 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. മത്സ്യഫെഡ് മുഖാന്തരം മാവേലിക്കര മണ്ഡലത്തിൽ ഒരു മത്സ്യഫെഡ് ഫിഷ് മാർട്ട് 09.02.2019-ന് ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം

നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട 1125 വിദ്യാർത്ഥികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ 55.333 ലക്ഷം രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യവും നൽകിയിരുന്നു. കൂടാതെ മത്സ്യകൃഷി മേഖലയിൽ 495.1 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി സാധ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

**ഫിഷറീസ് വകുപ്പിന് കീഴിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

380(1472) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന് കീഴിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പുഴയോര പഞ്ചായത്തുകളിൽ നാശോന്മുഖമായ റോഡുകൾ നവീകരിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ലഭിച്ചിരുന്നോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) നിലവിൽ കടലിൽനിന്നും എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ ഉള്ള റോഡുകളാണ് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുന്നത്; ഇതുസംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

15-2-2019-ലെ സർക്കാർ ഉത്തരവ് നം.(സാധാ)127/2019/മതുവ. തീയതി (അനുബന്ധം II ആയി ചേർക്കുന്നു*) പ്രകാരം കടൽത്തീരത്ത് ഹൈ വാട്ടർ ലൈനിൽനിന്നും 8 കി.മീ. പരിധിക്കുള്ളിൽ വരുന്ന റോഡുകളെയാണ് കോസ്റ്റൽ റോഡിൽ ഉൾപ്പെടുത്തുന്നത്. കൂടാതെ ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ തുടങ്ങി മത്സ്യ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിലെ റോഡുകളും പരിഗണിക്കാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തീരദേശം ഉൾപ്പെടുന്ന മണ്ഡലങ്ങളിലെ കടലില്ലാത്ത പഞ്ചായത്തുകളിൽ തീരദേശത്തുനിന്ന് നിശ്ചിത അകലത്തിലുള്ള റോഡുകൾ നവീകരിക്കുന്നതിന് ഇത്തരത്തിൽ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രൊപ്പോസൽ എന്നാണ് ലഭ്യമായത്; വിശദവിവരം ലഭ്യമാക്കാമോ?

ഇത്തരത്തിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

## തീരദേശ റോഡുകളുടെ പുനരുദ്ധാരണം

381(1473) ശ്രീ. എ. പ്രദീപ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ഏതെല്ലാം തീരദേശ റോഡുകളാണ് പുനരുദ്ധരിച്ചതെന്നും ഓരോ റോഡിനും പുനരുദ്ധാരണത്തിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ തീരദേശറോഡുകളുടെ പുനരുദ്ധാരണം (4405-00-103-94) എന്ന ശീർഷകത്തിലുൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിലാക്കിയ തീരദേശ റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ആകെ 1084.90 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

## തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി

382(1474) ശ്രീ. കെ ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-16) തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികളാണ് അനുവദിച്ചത്; എണ്ണം വ്യക്തമാക്കാമോ; ഇവയ്ക്കായി ആകെ എത്ര രൂപയാണ് അനുവദിച്ചത് ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1695 റോഡുകൾക്കായി 500.32 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇന്ന് വരെ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ആകെ അനുവദിച്ച പ്രവൃത്തികളുടെ എണ്ണം, തുക എന്നിവ വ്യക്തമാക്കാമോ ?

ഈ സർക്കാരിന്റെ കാലത്ത് റോഡ് പുനരുദ്ധാരണത്തിനായി 1765 റോഡുകൾക്ക് 774.74 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം 2011-16 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ ആകെ അനുവദിച്ച പ്രവൃത്തികളും തുകയും എത്രയെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം 2011-16 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ 95 റോഡുകൾക്ക് 33.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ റോഡുകളുടെ വികസനം**

383(1475) <u>ശ്രീ. എസ്. ശർമ്മ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ റോഡുകളുടെ വികസനത്തിനായി ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിലെ 41 തീരദേശ റോഡുകളുടെ വികസനത്തിനായി 1834.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ ഇതുവരെ 530.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ വർഷവും വിവിധ പ്രവൃത്തികൾക്കായി ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ നടപ്പാക്കാനാകാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഭരണാനുമതി നൽകിയ 2 റോഡ് പ്രവൃത്തികൾ പഞ്ചായത്ത് മുഖേന ക്രമീകരിക്കപ്പെട്ടതിനാൽ പ്രവൃത്തി നടപ്പിലാക്കാനായിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊയിലാണ്ടി മണ്ഡലത്തിൽ തീരദേശറോഡ് പുനരുദ്ധാരണ പദ്ധതി

384(1476) ശ്രീ. കെ ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തീരദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

&

(ബി) ഇന്നുവരെ അനുവദിച്ച പ്രവൃത്തികളുടെ വിവരം സാമ്പത്തിക വർഷം തിരിച്ച് പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക, തൽസ്ഥിതി എന്നീ ക്രമത്തിൽ പട്ടികപ്പെടുത്തി അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 1564.25 ലക്ഷം രൂപയുടെ 35 പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു*.

## വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ

385(1477) ശ്രീ. എസ്. ശർമ്മ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഭരണാനുമതി നൽകിയ ഏതെങ്കിലും പ്രവൃത്തികൾ നടപ്പാക്കാനാകാതെ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഭരണാനുമതി നൽകിയ പ്രവർത്തികളൊന്നുംതന്നെ നടപ്പാക്കാനാകാതെ വന്നിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ

386(1478) ശ്രീ. റ്റി. വി. രാജേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണ പ്രവൃത്തിയ്ക്ക് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) പുതിയങ്ങാടി പാലക്കോട് അഴിമുഖത്ത് പുലിമുട്ടുകൾ നിർമ്മിച്ചുകൊണ്ട് പുഴയിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും മത്സ്യബന്ധനയാനങ്ങൾക്ക് അപകടരഹിതമായി അഴിമുഖത്തുകൂടി ലാന്റിംഗ് സെന്ററിലേയ്ക്ക് കയറി യിറങ്ങുന്നതിനുമായി 28.60 കോടി രൂപയുടെ പദ്ധതി റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; &

(സി) പ്രസ്തുത ഫണ്ട് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&ഡി) പുതിയങ്ങാടി പാലക്കോട് അഴിമുഖത്ത് എസ്ച്വറി റിവർ ട്രയിനിംഗ് പ്രവൃത്തികൾ റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 28.60 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

387(1479) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിനായുള്ള പുലിമുട്ട് നിർമ്മാണം വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്ന ആശങ്ക പരിശോധിക്കാൻ എന്തെങ്കിലും പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഫിഷറീസ് വകുപ്പ് മുഖേന പഠനം ഒന്നും നടത്തിയിട്ടില്ല.

## തലശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം

388(1480) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

&

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ചതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ തീരദേശ റോഡുകൾ ഏതൊക്കെ യാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ 26 പ്രവൃത്തികൾക്കായി 12.36 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി നിയോജകമണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച തീരദേശ റോഡുകളുടെ വിശദാംശങ്ങളും ഭരണാനുമതി നൽകിയതും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ തീരദേശ റോഡുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

389(1481) ശ്രീ. എം. സ്വരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാം ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ ഈ വകുപ്പ് മുഖേന നടപ്പിലാക്കിയ 26 പ്രവൃത്തികളുടെ വിവരങ്ങളും, അവയുടെ ഭരണാനുമതി തുകയും, ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇവയുടെ തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ആകെ റോഡുകൾ -26

ആകെ തുക- 1235.65 ലക്ഷം

പൂർത്തീകരിച്ചവ- 13

ഒഴിവാക്കിയവ -2

പുരോഗമിച്ചുകൊണ്ടിരിക്കുന്നവ-11

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

390(1482) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ ഹാർബർ എഞ്ചിനീയറിങ് വകുപ്പ് ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി തീരദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളും കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യവികസന പ്രവർത്തന ങ്ങളുമാണ് ഈ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. 2016 ഏപ്രിൽ 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 52 തീരദേശ റോഡുപ്രവൃത്തികൾക്ക് 22.096 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 22 റോഡുപ്രവൃത്തികൾ പൂർത്തീകരിച്ചു. 29 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ഒരു പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലഘട്ടത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

കായംകുളം ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 36.24 കോടി രൂപയുടെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. ഇതിൽ നബാർഡ് XXVI-ൽ ഉൾപ്പെടുത്തി 7.8 കോടി രൂപ ചെലവിൽ നിലവിലുള്ള 104 മീറ്റർ നീളമുള്ള വാർഫിന്റെ നീളം 207 മീറ്റർ ആയി വർദ്ധിപ്പിക്കും. 8 കോടി രൂപ ചെലവിൽ പുലിമുട്ട് നിർമ്മാണം, 12 കോടി രൂപ കിഫ്ബി വഴി ഗ്രോയിൻ നിർമ്മാണം, 8.44 കോടി രൂപയുടെ ബ്രേക്ക് വാട്ടർ ശക്തീകരണം, എന്നിവയാണ് പദ്ധതികൾ. അവ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ 17.35 കോടി രൂപയുടെ 51 നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും അതിൽ 8.94 കോടി രൂപയുടെ 24 വർക്കുകൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ഇതിനുപരിയായി കായംകുളം ഹാർബറിൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് 34 പദ്ധതികളിലായി 12.38 കോടി രൂപയുടെ ഭരണാനുമതി നൽകി. അതിൽ 10.97 കോടി രൂപയുടെ 28 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു*.

(സി) കിഫ്ബിയുടെ ധനസഹായത്തോടെ ഇവിടെ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കായംകുളം ഫിഷിംഗ് ഹാർബറിൽ ഗ്രോയിൻ നിർമ്മാണത്തിനായി 2.42 കോടി രൂപയുടെ ഭരണാനുമതി നൽകി യിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

## ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തികൾ

391(1483) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ, കാരോട് പഞ്ചായത്തുകളിലെ വിവിധ തീരദേശ മേഖലകളിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് 2015 മുതൽ 2020 വരെ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പൂർത്തീകരിച്ച പ്രവൃത്തികളും ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കുളത്തൂർ കാരോട് പഞ്ചായത്തുകളിലെ വിവിധ തീരദേശ മേഖലകളിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന് 2015 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ 15 തീരദേശ റോഡു പ്രവൃത്തികൾക്ക് 373.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 13 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒരു റോഡ് പ്രവൃത്തി വേറെ ഏജൻസി മുഖേന നടപ്പിലാക്കി. ഒരു പ്രവൃത്തി പ്രാദേശിക എതിർപ്പുമൂലം ക്ലോഷർ എഗ്രിമെന്റ് വയ്ക്കേണ്ടതായി വന്നു. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) 2020-21 വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ആണ് തുക അനുവദിച്ചത് എന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കാമോ?

തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി 2020-21 വർഷത്തിൽ താഴെപ്പറയുന്ന 3 പ്രവൃത്തികൾക്ക് 57.39 ലക്ഷം രൂപയുടെ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കുഴിഞ്ഞംവിള നടപ്പാത | 14.15 |
| 2 | കാരോട് പഞ്ചായത്തിലെ ക്കുവരവിള-കല്ലംപൊറ്റ- വലിയവിള നടപ്പാത | 24.87 |
| 3 | പൊഴിയൂർ ക്ഷേത്രം റോഡ്- കുളങ്ങരക്കുഴി മുതൽ വാളക്കുളം ജംഗ്ഷൻ വരെയുള്ള റോഡിന്റെ പുനരുദ്ധാരണം | 18.37 |

**ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഗുണനിലവാരം**

392(1484) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് ഗുണനിലവാരം കുറവായിരുന്നുവെന്നതും അതിന് നിശ്ചിത ഔട്ട് ടേൺ ഇല്ലായിരുന്നു എന്നതും വസ്തുതയാണോ; എവിടെ നിന്നുമാണ് പ്രസ്തുത തോട്ടണ്ടി ഇറക്കുമതി ചെയ്തത്; വിശദാംശം നൽകാമോ ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യം പ്രസക്തമല്ല. 2019-ൽ കാഷ്യൂ ബോർഡ് വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും 17414.792 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട്ടേണിലോ കൗണ്ടിലോ ഗണ്യമായ വ്യതിയാനങ്ങൾ ഉണ്ടായിരുന്നില്ല. ഉണ്ടായ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വ്യവസ്ഥ അനുസരിച്ചാണ് തോട്ടണ്ടിയുടെ അന്തിമ വില നിശ്ചയിക്കുന്നത്. ഇറക്കുമതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.*

(ബി) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലാൻഡഡ് ക്വാണ്ടിറ്റിയുടെയും ലാൻഡഡ് ക്വാളിറ്റിയുടെയും അടിസ്ഥാനത്തിലാണോ അതിന് വില നിശ്ചയിക്കുന്നത് ?

ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ ലാൻഡഡ് ക്വാണ്ടിറ്റിയുടേയും, ക്വാളിറ്റിയുടേയും അടിസ്ഥാനത്തിലാണ് അവസാന വില നിശ്ചയിക്കുന്നത്.

(സി) ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ ഔട്ട് ടേൺ കുറവായതിന്റെ അടിസ്ഥാനത്തിൽ അതിന്റെ അന്തിമവിലയിൽ കുറവ് വരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് കുറവ് ചെയ്തത്; വിശദാംശം നൽകുമോ?

കുറവ് വരുത്തിയിരുന്നു. ഔട്ട് ടേണിൽ ഉണ്ടായ കുറവിന്റെയടിസ്ഥാനത്തിൽ അന്തിമവിലയിൽ വരുത്തിയ കുറവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## കശുവണ്ടി മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

393(1485) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുവാൻ ഇടപെടൽ നടത്തുമെന്നും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഫാക്ടറികൾ അടഞ്ഞു കിടക്കുകയായിരുന്നു. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി 2016 ഓണത്തിന് മുൻപ് പൊതുമേഖലയിലെ 40 ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിച്ചു. തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും നൽകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. കാപ്പക്സിൽ 214 തൊഴിൽ ദിനങ്ങൾ വരെ നൽകിയിട്ടുണ്ട്. കോർപ്പറേഷനിലും പരമാവധി തൊഴിൽ ദിനങ്ങൾ തുടർച്ചയായി നൽകിവരികയാണ്. കോവിഡ് മഹാമാരിക്കിടയിലും പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പൊതുമേഖലയിലെ ഫാക്ടറികൾ പ്രവർത്തിച്ചുവരികയാണ്. കടക്കെണിമൂലം അടഞ്ഞുകിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും സർക്കാർ നടത്തിയ ശ്രമത്തിന്റെ ഫലമായി ഭൂരിപക്ഷം ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതിനുവേണ്ടി ബഹു.മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ ഇതിനകം 8 യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. അതിന്റെ ഭാഗമായി 2019-ൽ ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ 79 വ്യവസായങ്ങൾക്ക് അധിക വായ്പ നൽകുകയും അതിൽ 70 വ്യവസായങ്ങൾക്ക് പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ 2019-20-ൽ പലിശ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 2020-21-ലും സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ തൊഴിലാളികൾക്ക് അവരുടെ നിയമപരമായ ആനുകൂല്യങ്ങൾ നൽകി വ്യവസായം നടത്തുന്ന വ്യവസായികൾക്ക് അവരുടെ വായ്പയിന്മേലുള്ള ഒരു നിശ്ചിത ശതമാനം പലിശ സബ്സിഡി അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരികയാണ്. വ്യവസായത്തിനാവശ്യമായ ഗുണമേന്മയുള്ള തോട്ടണ്ടി ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്നതിനായി 2017-ൽ സർക്കാർ കേരളാ കാഷ്യൂബോർഡ് രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ ഇതിനകം 28274 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യപ്പെടുന്നപക്ഷം സ്വകാര്യ ഫാക്ടറികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് ഇപ്പോൾ സജ്ജമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കേരളാ കാഷ്യൂബോർഡ് മുഖാന്തരം ഇറക്കുമതി ചെയ്ത തോട്ടണ്ടിയ്ക്ക് പുറമേ കേരളത്തിൽനിന്നും 13179 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിച്ചിട്ടുണ്ട്.

(ബി) കടക്കെണിമൂലം പ്രവർത്തനരഹിതമായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തി റിപ്പോർട്ട് നൽകുവാൻ നിയുക്തമായ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

&

(സി) സ്വകാര്യ ഫാക്ടറികൾക്ക് ബാങ്കുകൾ പ്രവർത്തന മൂലധനമായി നൽകുന്ന വായ്പയുടെ പലിശ അടവ് ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് അറിയിക്കാമോ?

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബഹു. മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ സ്ഥാപനങ്ങൾ, എസ്.എൽ.ബി.സി, വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് 8 യോഗങ്ങൾ നടത്തിയിരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്ന കാര്യം പരിഗണിക്കുന്നതിനും ശിപാർശ നൽകുന്നതിനുമായി ബന്ധപ്പെട്ട് ബാങ്ക്, എസ്.എൽ.ബി.സി, സർക്കാർ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി രണ്ടുഘട്ടങ്ങളിലായി വ്യവസായികളെ കേൾക്കുകയും ശിപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ സർക്കാർ പരിശോധിച്ച് 6-7-2019 ലെ സ.ഉ (സാധാ)നം. 643/2020/Ind പ്രകാരം സ്വകാര്യ വ്യവസായങ്ങളുടെ പുനരുദ്ധാരണ പാക്കേജിന് അംഗീകാരം നൽകി. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പ പുനഃക്രമീകരിക്കുക, പലിശ 9%-മായി ഏകീകരിക്കുക, നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കുക, പുതിയ വായ്പയുടെ പലിശ ഒരു വർഷം സർക്കാർ ഏറ്റെടുക്കുക പാക്കേജിലുൾപ്പെട്ട വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിക്കുക, വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂ ബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുക തുടങ്ങിയ പ്രധാന ശിപാർശകളിലെല്ലാം സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ 2019-20-ൽ 79 വ്യവസായങ്ങൾക്ക് അധിക വായ്പ അനുവദിച്ചിട്ടുമുണ്ട്. ഇതിൽ 70 വ്യവസായങ്ങൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള 2019-20-ലെ സബ്സിഡി തുകയായി 3.04 കോടി രൂപ സർക്കാർ അനുവദിച്ചുകഴിഞ്ഞു. 2020-21-ലെ സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. 21-12-2020-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും കൂടിയ എസ്.എൽ.ബി.സി, ബാങ്കുകൾ, വ്യവസായികൾ എന്നിവരുടെ യോഗത്തിൽ പുനരുദ്ധാരണത്തി നർഹതയില്ലാത്ത വ്യവസായങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്ന കാര്യത്തിൽ ബാങ്കിന് ശിപാർശ നൽകാൻ ബാങ്കിന്റെ പ്രതിനിധി, സർക്കാർ പ്രതിനിധി, വ്യവസായ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി അടിയന്തരമായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

394(1486) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കും ചെറുകിട സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കും തടസ്സമില്ലാതെ ന്യായവിലയിൽ തോട്ടണ്ടി ലഭ്യമാക്കുവാൻ രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോ; വിശദാംശം നൽകുമോ ?

തൃപ്തികരമാണ്. സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള സംസ്ഥാന സർക്കാർ നടപടികളുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 2017 ഒക്ടോബർ 9 മുതൽ പ്രവർത്തനം ആരംഭിച്ചു. കേരള കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കുന്നതിന് കേരള കാഷ്യൂ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ ഇടപെടൽമൂലം തോട്ടണ്ടിയുടെ ലഭ്യത വർദ്ധിപ്പിക്കുവാനും ന്യായവില ഉറപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇതിലൂടെ സാധ്യമായിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികളുടെ ബാങ്ക് വായ്പകൾ പുനഃക്രമീകരിച്ച് അവയ്ക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ ബാങ്കുകളുമായി തുടർച്ചയായി ചർച്ച നടത്തുകയും ഒരു പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തതിനെത്തുടർന്ന് 79 സ്വകാര്യ വ്യവസായങ്ങൾക്ക് ബാങ്കുകൾ അധിക വായ്പ ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം പ്രവർത്തനം പുനരാരംഭിക്കുന്ന സ്വകാര്യ ഫാക്ടറികൾക്ക് തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് ഇപ്പോൾ സജ്ജമാണ്.

(ബി) കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും ആവശ്യമായ തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്യുന്നത് എവിടെ നിന്നൊക്കെയാണ്; അത് സുതാര്യവും അഴിമതിരഹിതവും ആണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്തൊക്കെയാണ് ?

കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് ആഫ്രിക്കൻ രാജ്യങ്ങളായ ഗിനി-ബിസ്സാവു, മൊസാംബിക്ക്, ഘാന എന്നിവിടങ്ങളിൽനിന്നും തുടർച്ചയായി കശുവണ്ടി ഇറക്കുമതി ചെയ്തുവരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽനിന്ന് അതാത് വിളവെടുപ്പ് സീസണുകളിൽ തികച്ചും സുതാര്യമായ ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന നടപടിക്രമങ്ങളാണ് കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നത്. കേരള സർക്കാരിന്റെ ഇ-പ്രോക്യൂർമെന്റ് പോർട്ടൽ വഴിയാണ് കാഷ്യൂ ബോർഡ് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നത്. ടെണ്ടറുകളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി അതത് രാജ്യത്തെ 2 പ്രമുഖ പത്രങ്ങളിലും കൂടാതെ ഇന്ത്യയിലെ പത്രങ്ങളിലും ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു.

വിതരണക്കാർ ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ വഴി നൽകുന്ന രേഖകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി കാഷ്യൂ ബോർഡ് നിഷ്കർഷിച്ചിട്ടുള്ളതും സർക്കാർ അനുവാദം നൽകിയിട്ടുള്ളതുമായ ടെണ്ടർ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം, ഏറ്റവും കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി വാഗ്ദാനം ചെയ്യുന്ന വിതരണക്കാരനെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ തെരഞ്ഞെടുക്കുകയാണ് ചെയ്തുവരുന്നത്. ഇത്തരത്തിൽ തികച്ചും സുതാര്യവും അഴിമതിരഹിതവുമായ നടപടി ക്രമങ്ങളാണ് തോട്ടണ്ടി ഇറക്കുമതിക്കായി കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നത്.

(സി) കാഷ്യൂ ബോർഡ് വഴി ഇറക്കുമതി ചെയ്ത തോട്ടണ്ടി ഉപയോഗിച്ച് കോർപ്പറേഷനും കാപെക്സും തൊഴിലാളികൾക്ക് ഒരു വർഷം എത്ര ദിവസം തുടർച്ചയായി ജോലി നൽകുവാൻ സാധിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

ഒരു വർഷം ചുരുങ്ങിയത് 200 പ്രവൃത്തി ദിവസം നൽകുവാനാണ് കാപ്പെക്സും കോർപ്പറേഷനും പദ്ധതിയിട്ടിട്ടുള്ളതും പ്രവർത്തിക്കുന്നതും. കാഷ്യൂ ബോർഡ് കാപ്പെക്സിന് തോട്ടണ്ടി നൽകിത്തുടങ്ങിയ 2019 വർഷത്തിൽ, കാപ്പെക്സ് 214 പ്രവൃത്തി ദിവസം തൊഴിലാളികൾക്ക് നൽകുകയുണ്ടായി. 2020 വർഷം കോവിഡ് മഹാമാരി മൂലമുള്ള തടസ്സങ്ങൾ ഉണ്ടായിരുന്നിട്ടും (1-1-2020 മുതൽ 31-12-2020 വരെ) 160 തൊഴിൽ ദിനങ്ങൾ നൽകുവാൻ കാപ്പെക്സിന് സാധിച്ചു. കശുവണ്ടി വികസന കോർപ്പറേഷനും പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി വരുന്നു.

(ഡി) കശുവണ്ടി പരിപ്പിന്റെ വിപണിയിൽ ഇടപെടുന്നതിന് കാഷ്യൂ ബോർഡിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തരത്തിലുള്ള ഇടപെടലു കളാണ് ബോർഡ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കാഷ്യൂ ബോർഡ് കശുവണ്ടി പരിപ്പിന്റെ വിപണിയിൽ ഇപ്പോൾ ഇടപെട്ടിട്ടില്ല. എന്നാൽ ഭാവിയിൽ പരിപ്പ് വിപണിയിൽ ഇടപെടുന്ന കാര്യം പരിഗണനയിലാണ്.

## തോട്ടണ്ടി ഉത്പാദനം

395(1487) <u>ശ്രീ. അനിൽ അക്കര</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നം തോട്ടണ്ടിയുടെ ക്ഷാമം ആണെന്നിരിക്കെ, തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികളിലൂടെ കശുമാവ് കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിൽ തരിശായി കിടക്കുന്ന കൃഷിയിടങ്ങളിൽ ഗുണമേൻമയുള്ള കശുമാവിൻ തൈകൾ നട്ട് കൃഷി നടത്തുന്നതിനുള്ള

നടപടികളെടുക്കുന്നതിന് കേരളാ സ്റ്റേറ്റ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. തോട്ടണ്ടിയുടെ ദൗർലഭ്യതയ്ക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന വിവിധ പദ്ധതികളായ കശുമാവ് പുതുകൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ്, ഹൈഡെൻസിറ്റി പ്ലാന്റിംഗ്, മാതൃക കശുമാവിൻതോട്ടം എന്നിവ നടപ്പിലാക്കിവരുന്നു. കശുമാവ് പുതുകൃഷി ഈ പദ്ധതി പ്രകാരം കശുമാവ് ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകുന്നു. 200 തൈകൾ 7mx7m അകലത്തിൽ ഒരു ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നു. അതിന് തൈയുടെ വില ഉൾപ്പടെ 60:20:20 എന്ന ക്രമത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി നൽകുന്നു. കശുമാവ് തോട്ടം നിർമ്മാണം 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു. മുറ്റത്തൊരു കശുമാവ് കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകിവരുന്നു. ഹൈഡെൻസിറ്റി പ്ലാന്റിംഗ് സംസ്ഥാനത്ത് കെ.എസ്.എ.സി.സി. നിലവിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. സംസ്ഥാനത്തെ സ്ഥലത്തിന്റെ ദൗർലഭ്യത പരിഗണിച്ചും സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു. മാതൃക കശുമാവിൻതോട്ടം സർക്കാർ/അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ, കശുമാവിന്റെ വിവിധ തൈകൾ ഉൾപ്പെടുത്തി മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് കെ.എസ്.എ.സി.സി. ലക്ഷ്യമിടുന്നു. പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) വിവിധ വകുപ്പുകളുടെ സഹകരണത്തോടെ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഹെക്ടർ പ്രദേശത്ത് കശുമാവ് കൃഷി ചെയ്തുവെന്ന് അറിയിക്കാമോ ?

തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികളിലൂടെ കശുമാവ് കൃഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിലുള്ള തരിശ് സ്ഥലങ്ങളിലും കൃഷി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തോട്ടങ്ങളിലും ശാസ്ത്രീയമായ രീതിയിൽ കശുമാവ് കൃഷി ചെയ്തുവരുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ കീഴിലും ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥലത്തും

കശുമാവ് കൃഷിചെയ്യുന്നുണ്ട്. അതിനു പുറമേ ആഭ്യന്തര വകുപ്പിന്റെ അനുമതിയോടെ ജയിൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരി തുറന്ന ജയിൽ കോമ്പൗണ്ടിലെ 25 ഏക്കർ സ്ഥലത്ത് കാഷ്യൂ മോഡൽ ഗാർഡൻ കൃഷി ചെയ്ത് പരിപാലിച്ചുവരുന്നു. കശുമാവ് കൃഷി വിവിധ മേഖലകളിൽ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി, കേരള സ്റ്റേറ്റ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി രണ്ട് ഹെക്ടറോ അതിൽ കൂടുതലോ സ്ഥലമുള്ള കർഷകരടക്കമുള്ള എല്ലാ വിഭാഗങ്ങൾക്കും "കശുമാവിൻ തോട്ട നിർമ്മാണം" എന്ന പദ്ധതിയിലൂടെ കശുമാവിൻ തൈകളും സാങ്കേതികജ്ഞാനവും നൽകി വരുന്നുണ്ട്. അപ്രകാരം 547 ഹെക്ടർ സ്ഥലത്ത് ഇതിനകം കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2019-20, 2020-21 എന്നീ വർഷങ്ങളിൽ ടി സ്കീം നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ 2021-22 വർഷത്തിൽ ടി സ്കീം നടപ്പാക്കുന്നതിനുള്ള പദ്ധതി ആലോചിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി നടത്തുമെന്ന പ്രഖ്യാപനത്തിൽനിന്നും പുറകോട്ട് പോകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യുന്ന കാര്യം പരിശോധിച്ചിരുന്നെങ്കിലും സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ അംഗീകരിക്കാത്ത സാഹചര്യത്തിൽ ആ ശ്രമം ഉപേക്ഷിക്കുകയായിരുന്നു.

(ഡി) 2013-14-ൽ സംസ്ഥാനത്ത് 80.12 മെട്രിക് ടൺ തോട്ടണ്ടി ഉല്പാദിപ്പിച്ചപ്പോൾ, 2018-19 കാലയളവിൽ അത് 82.89 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ മാത്രമേ സാധിച്ചുള്ളൂ എന്നത് വസ്തുതയാണോ; ഇത് ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ പരാജയത്തെയാണോ സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കശുമാവ് കൃഷിസ്ഥല വിസ്തൃതി വർദ്ധിച്ചാലും ശാസ്ത്രീയ കൃഷിരീതി അവലംബിച്ചാലും കാലാവസ്ഥ അനുകൂലമല്ലെങ്കിൽ അത് തോട്ടണ്ടി ഉൽപാദനത്തെ കാര്യമായി ബാധിക്കുന്നതാണ്. അക്കാരണത്താൽ തന്നെ ഉൽപ്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിയുടെ അളവ് ഓരോ വർഷവും കൂടുകയോ കുറയുകയോ ചെയ്യാം. ഡി.സി.സി.ഡി.-യുടെ സർവ്വേ പ്രകാരം ഉൽപ്പാദനം 2013-14-ൽ 80120 മെട്രിക് ടൺ ആയിരുന്നത് 2017-18-ൽ 88180 മെട്രിക് ടൺ ആയി വർദ്ധിച്ചപ്പോൾ 2018-19-ൽ അത് 82889 മെട്രിക് ടൺ ആയി കുറയുകയാണ് ചെയ്തത്. കൂടാതെ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിയുടെ നല്ലൊരു ശതമാനം ഉത്തര കേരളം വഴി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കയാണ്. തുടർവർഷങ്ങളിൽ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാനും ബ്ലോക്ക് തലത്തിൽ കേരളമൊട്ടാകെ ന്യായവില ഉറപ്പാക്കുന്ന കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. അത് പ്രാബല്യത്തിൽ വരികയാണെങ്കിൽ കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാർത്ഥ കണക്ക് ലഭ്യമാകുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II തിരുത്തിയ ഉത്തരം

14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത 4962-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4962-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4962-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ 8-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

" I thank the fourteenth Kerala Legislative Assembly for the Motion of Thanks adopted on 14th January, 2021 by its Twenty second Session on my address to the Assembly on 8th January, 2021."

## IV അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ ചില പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലെ ക്രമക്കേടുകളെ സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണിത്. അക്കാര്യത്തിൽ സഭയിൽ ചർച്ച നടക്കുന്നതിൽ യുക്തിയില്ല. മാത്രമല്ല, ഇതിനൊരു അടിയന്തര സ്വഭാവമുള്ളതായി കാണുന്നില്ല. അതുകൊണ്ട് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ വിഷമമാണ്. അംഗത്തിന് ഈ വിഷയം ആദ്യത്തെ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. ........... (ബഹളം)............

---

* അനുബന്ധം III-ആയി ചേർത്തിരിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, വളരെ ഗൗരവമായ വിഷയമാണിത്. ഇതിന്റെ പ്രാധാന്യം കാണാതെ പോകരുത്. .........(ബഹളം)............

<u>മി. സ്പീക്കർ</u>: അടിയന്തര പ്രാധാന്യമുള്ള വിഷയമായി ഇതിനെ പരിഗണിക്കാൻ സാധിക്കില്ല. കഴിഞ്ഞ മാസം 14-ാം തീയതി നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. .........(ബഹളം)............

<u>ശ്രീ. കെ. സി. ജോസഫ്</u>: അതുകൊണ്ടെന്താണ്? അതുസംബന്ധിച്ച് ഡോ. കെ. എം. ശ്രീകുമാറിന്റെ വെളിപ്പെടുത്തലാണ് പരാമർശ വിഷയം .......... (ബഹളം)............

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല. അടിയന്തര പ്രമേയാവതാരകന് ഈ വിഷയം സബ്മിഷനായി സഭയിൽ ഉന്നയിക്കാം. അടിയന്തരപ്രമേയമായി എടുക്കാനുള്ള വിഷയം ഇതിലില്ല. കഴിഞ്ഞമാസം 14-ാം തീയതി നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയം, സഭ ചേർന്ന് ഒരാഴ്ച കഴിഞ്ഞതിനുശേഷം അടിന്തരപ്രമേയമായി ഉന്നയിക്കുന്നത് ശരിയല്ല. ......... (ബഹളം)............

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സംഭവം നടന്ന് ഒരു മാസം കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ. പോലും എടുത്തിട്ടില്ല. വിഷയ ദാരിദ്ര്യത്തിന്റെ നടുവിലകപ്പെട്ട് നട്ടംതിരിയുന്ന പ്രതിപക്ഷം ഇതിൽനിന്നും പിന്മാറണം. ഇതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകിയിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. .........(ബഹളം)............

<u>മി. സ്പീക്കർ</u>: ശ്രദ്ധ ക്ഷണിക്കൽ.........(ബഹളം)............ പ്ലീസ്......... ഈ വിഷയം സബ്മിഷനായി ഉന്നയിക്കാൻ അംഗത്തിന് അനുവാദം നൽകുന്നതാണ്. ആ അവകാശം അദ്ദേഹത്തിന് വിനിയോഗിക്കാം. .........(ബഹളം)......... ശ്രീ. എസ്. ശർമ്മ........ പ്ലീസ്...... ശ്രദ്ധ ക്ഷണിക്കൽ ......(ബഹളം)......

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിൽ അടുത്തകാലത്തുണ്ടായിട്ടുള്ള സംഗതിയെക്കുറിച്ച് മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂവെന്ന് പറയുന്നുണ്ട്. ഇത് തെറ്റായ നിലപാടാണ്.

മി. സ്പീക്കർ: ഈ വിഷയം അടിന്തരപ്രമേയമായി എടുക്കാൻ നിർവ്വാഹമില്ല, സബ്മിഷനായി ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാം........ (ബഹളം)........ പ്ലീസ്.......ദയവായി സീറ്റിലിരിക്കൂ. ഏത് വിഷയവും അടിയന്തരപ്രമേയമായി കൊണ്ടുവരാൻ സാധിക്കില്ല......(ബഹളം)....ആദ്യത്തെ സബ്മിഷനായി ഈ വിഷയം ഉന്നയിക്കാം.....പ്ലീസ്........

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണം

ശ്രീ. എസ്. ശർമ്മ: സർ, കേന്ദ്രസർക്കാരിന്റെ കഴിഞ്ഞവർഷത്തെ എക്കണോമിക് സർവ്വേയിൽ രാജ്യത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ തോതിൽ സ്വകാര്യവത്കരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. അതിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് ബി.പി.സി.എൽ. ആണ്. ഏറ്റവും തീവ്രഘട്ടത്തിൽ പൊതു മേഖലാ വിമാനകമ്പനിയും വെള്ളവും വൈദ്യുതിയും വിറ്റതായി കേന്ദ്രസർക്കാർ ആവേശപൂർവ്വം പറയുകയാണ്. രാജ്യം തള്ളി ക്കളഞ്ഞ വികല നയത്തെ ആശ്ലേഷിക്കാൻ നമ്മുടെ രാജ്യം തെരഞ്ഞെടുത്ത സമയം മഹാമാരിയിൽ രാജ്യത്തെ ജനങ്ങൾ ജീവൻ നിലനിർത്താൻ പരക്കം പായുന്ന കാലമായിരുന്നു. 2018-19-ൽ 7132 കോടി രൂപ ലാഭമുണ്ടാക്കിയതും 1.60 ലക്ഷം കോടി രൂപ ഓഹരി മൂലധനമുള്ളതുമായ കമ്പനി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് 74000 കോടി രൂപയ്ക്കാണ്. അതായത് മാർക്കറ്റ് വിലയുടെ 46.25 ശതമാനം മാത്രം. രാജ്യത്തിന്റെ പൊതുമേഖലാ സമ്പത്ത് കേന്ദ്രസർക്കാരിന്റെ ശിങ്കിടിമാർക്ക് കൊടുക്കുകയാണ്. രാജ്യത്തെ ആകെ ഇന്ധനാവശ്യകതയുടെ നാലിലൊന്ന് നിറവേറ്റുന്ന ബി.പി.സി.എൽ.-ന് രാജ്യത്തൊട്ടാകെയായി 12500 തൊഴിലാളികളും 20000-ത്തോളം വരുന്ന കരാർ ജീവനക്കാരും 14715 പെട്രോൾ പമ്പുകളും നിലവിലുണ്ട്. ....(ബഹളം)....

മി. സ്പീക്കർ: ശ്രീ. ശർമ്മ, ഒരു മിനിട്ട്...

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ ജനുവരി 9-നാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഇലക്ഷനുമായി ബന്ധപ്പെട്ട വാർത്തകൾ പത്രത്തിൽ വരുന്നത്. ആദ്യമായിട്ടാണ് ഈ വിഷയം സഭയിൽ ഉന്നയിക്കുന്നത്. ഉത്തര മലബാറിലെ പോളിംഗ് ബൂത്തിലെ അക്രമങ്ങൾ, സ്ഥാനാർത്ഥികളെ വരെ അക്രമിക്കുന്നു. വീടുകൾക്കുനേരെ ബോംബെറിയുന്നു.

മി. സ്പീക്കർ: അത് സബ്മിഷനായി ഉന്നയിക്കാം.

ശ്രീ. കെ. സി. ജോസഫ്: ഇത് തെറ്റാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ... (തുടർച്ച)**

ശ്രീ. എസ്. ശർമ്മ: സർ, തന്ത്രപരമായ രാജ്യതാല്പര്യം മുൻനിർത്തി 1966-ൽ സ്ഥാപിച്ച കൊച്ചിൻ റിഫൈനറിയുടെ ഉല്പാദനശേഷി 1.55 ലക്ഷം കോടി ടണ്ണായി വിപുലീകരിച്ചത് കഴിഞ്ഞ വർഷമാണ്. കൊച്ചിൻ റിഫൈനറിയുടെ 5246 കോടി രൂപയുടെ PDPP (Propylene Derivatives Petrochemical Project) പദ്ധതിയും 11130 കോടി രൂപയുടെ പോൾയോൾ (Polyol) പദ്ധതികളും ഈ പദ്ധതികളിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന 25,000 കോടിയിലധികം രൂപയുടെ പെട്രോകെമിക്കൽ ഹബ്ബും ബി.പി.സി.എൽ.-ന്റെ സ്വകാര്യവത്കരണത്തോടെ പ്രാവർത്തികമാകാതെ പോകുമെന്ന ആശങ്ക ഉൽക്കണ്ഠാകുലമായി ഉയർന്നുവന്നിരിക്കുകയാണ്. പാചകവാതകം മുതൽ റോഡ് നിർമ്മാണത്തിനുള്ള ബിറ്റുമിൻ വരെയുള്ള സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്ന ഈ സ്ഥാപനം സ്വകാര്യവത്കരിച്ചാൽ അതിന്റെ പ്രത്യാഘാതം കനത്തതാകും. ഇതിനുപുറമെ, എച്ച്.എം.ടി., എച്ച്.ഒ.സി., എച്ച്.ഐ.എൽ., കപ്പൽശാല, ഫാക്ട്, ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് തുടങ്ങിയ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവത്കരണത്തിന്റെ പാതയിലാണ്. ഈ സ്ഥിതി രാജ്യത്തെ കഷണം കഷണമായി മുറിച്ചുകൊടുക്കുന്നതിന് തുല്യമാണ്. ഇപ്പോഴത്തെ നിലയിൽ കാര്യങ്ങൾ മുന്നോട്ടുപോയാൽ നാലുമാസംകൊണ്ട് ബി.പി.സി.എൽ. സ്വകാര്യവത്കരിക്കപ്പെടും. ഈ പശ്ചാത്തലത്തിൽ ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിക്ക് കേരള സർക്കാർ ഏറ്റെടുത്തുനൽകിയ ഭൂമിയെ സംബന്ധിച്ച് പരിശോധിക്കപ്പെടേണ്ടതുണ്ട്. 1964 ജൂലൈ 2-നും 1967 മാർച്ച് 27-നുമായി രണ്ട് പട്ടയങ്ങളിലൂടെ 215.71 ഏക്കർ ഭൂമിയും 404.60 ഏക്കർ ഭൂമിയും കൊച്ചിൻ റിഫൈനറിക്ക് കേരള സർക്കാർ ഏറ്റെടുത്ത് നൽകിയിരുന്നു. ഈ പട്ടയത്തിന് പ്രത്യേകമായൊരു വ്യവസ്ഥ വച്ചിട്ടില്ല. ഈ ഭൂമിയിൻമേൽ കൊച്ചിൻ

റിഫൈനറിക്ക് അധികാരമുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ 1985 മുതൽ 2013 വരെ കൊച്ചിൻ റിഫൈനറിക്കായി കേരള സർക്കാർ ഏറ്റെടുത്ത ഭൂമിക്ക് 2012-ലും 2015-ലുമായി പട്ടയം നൽകിയപ്പോൾ കേരള സർക്കാരിന്റെ അനുമതിയില്ലാതെ ഈ ഭൂമി വിൽക്കാനോ പണയപ്പെടുത്താനോ സമ്മാനമായി നൽകാനോ അങ്ങനെ ഒരുതരത്തിലും കൈമാറ്റം ചെയ്യാനോ പാടില്ലെന്ന് Section 44 (a) of Land Acquisition Act, 1984 -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1984-ലെ ലാൻഡ് അക്വിസിഷൻ ആക്ടിൽ ഭേദഗതി വരുത്തിയപ്പോൾ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതും സ്വകാര്യ കമ്പനികൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനും വ്യത്യസ്തമായ നടപടിക്രമങ്ങൾ ഉണ്ടാക്കിയിരുന്നു. നിയമത്തിന്റെ പൊതു ആവശ്യത്തിലുള്ള മാനദണ്ഡം അനുസരിച്ചാണ് ബി.പി.സി.എൽ-നുവേണ്ടി കേരള സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ഇങ്ങനെ പൊതു ആവശ്യത്തിനുവേണ്ടി കേരള സർക്കാർ നോട്ടിഫൈ ചെയ്ത് ഏറ്റെടുത്ത ഭൂമിയടക്കമുള്ള പ്രദേശങ്ങൾ സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നത്, എന്തിനുവേണ്ടിയാണോ ഭൂമി ഏറ്റെടുത്തത് ആ ലക്ഷ്യത്തിനെതിരാണ്. അതുകൊണ്ട് കേരള സർക്കാരിന്റെ അനുമതിയോ സമ്മതമോ ഇല്ലാതെ കൊച്ചിൻ റിഫൈനറി സ്വകാര്യ കമ്പനികൾക്ക് ഭൂമി കൈമാറുന്നത് നിയമവിരുദ്ധമായ നടപടിയാണ്. കേരളത്തിലെ ഏറ്റവും വലിയ കേന്ദ്രനിക്ഷേപമാണ് കൊച്ചിൻ റിഫൈനറി. കഴിഞ്ഞ പത്തുവർഷക്കാല യളവിനുള്ളിൽ കൊച്ചിൻ റിഫൈനറിയിൽ 30,000 കോടി രൂപയുടെ നിക്ഷേപം വന്നിട്ടുണ്ട്. ഈ നിക്ഷേപത്തെ സഹായിക്കാൻ നികുതി ഇളവു ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ ചെയ്തുകൊടുത്ത നടപടി അങ്ങേയറ്റം അഭിനന്ദനമർഹിക്കുന്നതായിരുന്നു. ഫാക്ടിന്റെ 176 ഏക്കർ സ്ഥലത്ത് 13,300 കോടി രൂപ ചെലവിൽ വിഭാവന ചെയ്ത പോൾയോൾ പദ്ധതി സ്വകാര്യവത്കരണ തീരുമാനം വന്നതിനെത്തുടർന്ന് ബി.പി.സി.എൽ. നിർത്തിവച്ചിരിക്കുകയാണ്. ഈ പദ്ധതിയിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആരംഭിക്കാനുദ്ദേശിച്ച പെട്രോകെമിക്കൽ പാർക്കിന്റെ സ്ഥിതിയും അപകടത്തിലായിരിക്കുകയാണ്. കേരള സർക്കാർ വിട്ടുനൽകിയ ഏറ്റുമാനൂരിലെ 8 ഏക്കർ ഭൂമിയിൽ നിർമ്മിക്കുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണവും സമാന സാഹചര്യത്തിൽ നിർത്തി വച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നിയമനടപടികളോടൊപ്പം കൊച്ചിൻ റിഫൈനറിയെ ഐ.ഒ.സി.യിൽ ലയിപ്പിക്കാൻ സാധ്യതകളുണ്ടോയെന്ന് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് പരിശോധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ കഴിയണം. സ്വകാര്യവത്കരണത്തിന്റെ ഭാഗമായി സ്ഥിരം തൊഴിലാളികളെയും സ്ഥിരം സ്വഭാവമുള്ള കരാർ തൊഴിലാളികളെയും വലിയ തോതിൽ

പിരിച്ചുവിടാനാണ് കേന്ദ്ര സർക്കാരിന്റെ നീക്കം. ഇതിനെതിരെയുള്ള തൊഴിലാളി സമരങ്ങളെ ദുർബലമാക്കാനും ഒരു ദിവസം പണി മുടക്കിയാൽ നാല് ദിവസത്തെ ശമ്പളം പിടിച്ചുവച്ച് തൊഴിലാളികളെ ദ്രോഹിക്കാനുമുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഐ.ഒ.സി., ഒ.എൻ.ജി.സി., എച്ച്.പി.സി.എൽ. തുടങ്ങിയ എല്ലാ ഓയിൽ കമ്പനികളിലും ബി.പി.സി.എൽ. ഓഫീസേഴ്സിനും ശമ്പളം പരിഷ്കരിച്ചിട്ടും തൊഴിലാളികൾക്ക് സമാനമായ ശമ്പള പരിഷ്കരണം അനുവദിച്ചിട്ടില്ല. 2028 ജൂലൈ 31 വരെയുള്ള പത്ത് വർഷക്കാലത്തേയ്ക്കായി ഒപ്പിടുന്ന കരാർ 2022 ജൂണിനുശേഷം എന്ത് മാറ്റം വരുത്താനും മാനേജ്മെന്റിന് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടെന്നുള്ള വ്യവസ്ഥ യൂണിയനുകൾ ഒപ്പിട്ടു നൽകണമെന്നുള്ളതാണ് മാനേജ്മെന്റിന്റെ ആവശ്യം. സ്വകാര്യവത്കരണത്തെ ത്തുടർന്ന് എന്തും ചെയ്യാനുള്ള അവകാശം മാനേജ്മെന്റിന് നൽകണമെന്നുള്ള ആവശ്യം അംഗീകരിക്കാത്തതുകൊണ്ട് ശമ്പള പരിഷ്കരണവും തടഞ്ഞുവച്ചിരിക്കുകയാണ്. നാളെ കമ്പനി വിൽക്കാൻ പോകുന്നുവെന്നതിന്റെ പേരിൽ ഇന്നേ ശമ്പള പരിഷ്കരണം തടഞ്ഞുവയ്ക്കുന്ന ഏറ്റവും ക്രൂരവും നിന്ദ്യവുമായ നടപടിയാണ് സ്വീകരിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ തുടങ്ങിയ മേഖലകൾ കമ്പോളത്തിൽ അടിയറവച്ചതിന്റെ അപായം മനസ്സിലാക്കിയും യു.കെ. ഉൾപ്പെടെയുള്ള വികസിത മുതലാളിത്ത രാജ്യങ്ങൾ പൊതു തിരിച്ചറിവിന്റെ പാതയിലേയ്ക്ക് വരികയും ചെയ്യുന്ന ഈ സാഹചര്യത്തിൽ രാഷ്ട്രവികസനത്തിന്റെ അടിത്തറയായ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന ഈ നടപടിയിൽനിന്നും കേന്ദ്ര സർക്കാരിനെ പിന്തിരിപ്പിക്കാൻ കഴിയണം. ഇന്ത്യയ്ക്ക് ബദലായി പ്രവർത്തിക്കുകയും നയപരമായി നേതൃത്വം കൊടുക്കുന്നതിൽ പങ്ക് വഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിലെ പിണറായി വിജയൻ സർക്കാർ ഈ ദൗത്യം വിജയകരമായി പൂർത്തീകരിക്കാൻ, സ്വകാര്യവത്കരണ പ്രക്രിയയിൽനിന്നും കേന്ദ്ര ഗവൺമെന്റിനെ പിന്തിരിപ്പിക്കാനും ബി.പി.സി.എൽ.-ന്റെ പ്രശ്നത്തിൽ നേതൃത്വം കൊടുക്കുന്നതിനും ഇതിനകം നടത്തിയിട്ടുള്ള ശ്രമങ്ങൾ അഭിനന്ദനമർഹിക്കുന്നതാണ്. കൂടുതൽ കരുത്തുറ്റ ശ്രമങ്ങൾ നൽകുമെന്നുള്ള പ്രത്യാശയും പ്രകടിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റെയിൽവേ, ഊർജ്ജം, പ്രതിരോധം, തുടങ്ങി സുപ്രധാന മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കാനുള്ള നടപടികൾ കേന്ദ്രസർക്കാർ തുടർന്നുവരികയാണ്. തെറ്റായ ഇത്തരം നയങ്ങൾക്കെതിരെ രാജ്യമെമ്പാടുമുയരുന്ന പ്രതിഷേധം കേന്ദ്രം കണ്ടില്ലെന്ന് നടിക്കുന്നു. സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് തീറെഴുതുന്ന നടപടികളിലുള്ള സംസ്ഥാനത്തിന്റെ ഉൽക്കണ്ഠ

പലതവണ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയുൾപ്പെടുന്ന ബി.പി.സി.എൽ. കമ്പനിയും വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ കഴിഞ്ഞ അര നൂറ്റാണ്ട് കാലമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. കൊച്ചിൻ റിഫൈനറി സ്വകാര്യവത്കരിക്കപ്പെട്ടാൽ സംസ്ഥാനം കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ദോഷകരമായി ബാധിക്കും. സ്വകാര്യവത്കരണ നീക്കത്തിൽനിന്നും പിന്മാറണമെന്ന് ആവശ്യപ്പെട്ട് രണ്ട് തവണ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തയച്ചിരുന്നു. ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്നും ഓഹരി വിറ്റഴിക്കുന്ന നടപടികളിൽനിന്നും പിന്മാറണമെന്നും ആവശ്യപ്പെട്ട് 2019 നവംബർ 19-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇത്തരം തെറ്റായ നയങ്ങൾ തുടരുമ്പോഴും അടച്ചുപൂട്ടുന്ന സ്ഥാപനങ്ങൾ ഏറ്റെടുത്ത് പൊതുമേഖലയിൽത്തന്നെ നിലനിർത്താനുള്ള ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾ തന്നെ സംസ്ഥാന സർക്കാർ ശക്തമായ വിയോജിപ്പ് അറിയിച്ചുവെങ്കിലും സ്വകാര്യവത്കരണ നടപടികളുമായി മുന്നോട്ടുപോകുകയാണുണ്ടായത്. സംസ്ഥാനം സ്വമേധയാ കമ്പനിയുടെ ആസ്തി ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടും ലിക്വിഡേഷൻ നടപടികളാണ് സ്വീകരിച്ചത്. തുടർന്ന് നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഉത്തരവുപ്രകാരം കമ്പനിയെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രോസസ്സിന് വിധേയമാക്കി റെസല്യൂഷൻ പ്രൊഫഷണൽ മുമ്പാകെ സംസ്ഥാനം റെസല്യൂഷൻ പ്ലാൻ സമർപ്പിക്കുകയും ആയത് കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സിന്റെ ശിപാർശ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ അംഗീകരിക്കുന്നതോടുകൂടി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ഏറ്റെടുക്കൽ നടപടി സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള കരട് ധാരണാപത്രം കേന്ദ്ര അംഗീകാരത്തിനായി നൽകിയിട്ടും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. വ്യവസായ ആവശ്യത്തിന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സൗജന്യമായി നൽകിയ 123 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്ര സർക്കാർ

ആവശ്യത്തിനെതിരായ സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭമായ കാസർഗോഡുള്ള BHEL Electrical Machines Ltd.-ന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ BHEL-ന്റെ 51 ശതമാനം ഓഹരികൾ വാങ്ങാൻ സംസ്ഥാനം തീരുമാനിക്കുകയുണ്ടായി. ഇതിനായുള്ള കരട് കരാറിന് കേന്ദ്രത്തിന്റെ അന്തിമ അംഗീകാരം ഇനിയും ലഭിച്ചിട്ടില്ല. കമ്പനിയുടെ ഭൂരിഭാഗം ഓഹരികളും കൈവശമുള്ള BHEL-നാണ് കമ്പനിയുടെ ഭരണപരമായ ചുമതല എന്നിരുന്നാലും ഈ സ്ഥാപനത്തിന്റെ പ്രവർത്തനമാന്ദ്യം മറികടക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി സംസ്ഥാനം 6,80,00,000 രൂപ പ്രവർത്തന മൂലധനമായി ഈ സംയുക്ത സംരംഭത്തിന് നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള പാലക്കാട് Bharat Earth Movers Limited സ്വകാര്യവത്കരിക്കാനും കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള താൽപ്പര്യപത്രം പ്രസിദ്ധീകരിക്കാനുള്ള നീക്കം ത്വരിതഗതിയിൽ നടക്കുകയാണ്. സൈനിക വാഹനങ്ങൾ, മെട്രോ കോച്ചുകൾ തുടങ്ങിയവയുടെ നിർമ്മാണം നടത്തുന്ന ഈ കമ്പനിയെ രാജ്യസുരക്ഷ കണക്കിലെടുത്ത് പൊതുമേഖലയിൽ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ച് 5-1-2021-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് വീണ്ടും കത്തയച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ തുടരുന്ന സ്വകാര്യവത്കരണ നയത്തിന്റെ കാര്യത്തിൽ എല്ലാ ഘട്ടത്തിലും സംസ്ഥാന സർക്കാർ കഴിയാവുന്ന രീതിയിലൊക്കെ ഇടപ്പെട്ടിട്ടുണ്ട്. ഇനിയും ഇടപെടുകയും ചെയ്യും.

ശ്രീ. എസ്. ശർമ്മ: സർ, കൊച്ചിൻ റിഫൈനറിയുടെ കാര്യത്തിൽ ഏകദേശം നാല് മാസത്തിനുള്ളിൽ സ്വകാര്യവത്കരണം പൂർത്തീകരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അവരുടെ പ്രൊസീഡ്യുവർ നോക്കുമ്പോൾ അങ്ങനെയാണ് കാണുന്നത്. 2012-ലും 2015-ലും ഇവർക്ക് സർക്കാർ പട്ടയം നൽകിയിട്ടുണ്ട്. ആ ഭൂമിക്ക് പട്ടയം കൊടുക്കുമ്പോൾ, പൊതുതാൽപ്പര്യത്തിന് വേണ്ടിയാണ് നൽകുന്നതെന്നും സ്വകാര്യ വ്യക്തികൾക്കോ സമ്മാനമായോ മറ്റ് തരത്തിലോ കൈമാറ്റം ചെയ്യാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിലാണ് പട്ടയം നൽകിയത്. ഇത് പൊതുതാൽപ്പര്യത്തിന് എതിരായുള്ള പ്രശ്നമാണെന്ന നിലയിൽ കണക്കാക്കി നമ്മുടെ പട്ടയത്തിന്റെകൂടി അവകാശം കണക്കിലെടുത്തുകൊണ്ട് നിയമ പരിശോധനയ്ക്ക് വിധേയമാക്കി അതിന്റെ നിയമസാധുതയെക്കുറിച്ച് ആരായുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിയമോപദേശം നേടുന്നതിന് ശ്രമിക്കാം. പക്ഷേ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന് 123 ഏക്കർ സ്ഥലം സംസ്ഥാന

സർക്കാർ ഏറ്റെടുത്ത് കൊടുത്തതാണ്. ഇപ്പോൾ ഇങ്ങോട്ട് തിരിച്ച് ഏൽപ്പിക്കുന്നതിന് ആ ഭൂമിയുടെ വില വേണമെന്നാണ് കേന്ദ്ര സർക്കാർ എടുക്കുന്ന സമീപനം. ഇങ്ങനെയുള്ള വിതണ്ഡവാദങ്ങളൊക്കെ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് വരുന്നുണ്ട്. ഏതായാലും അക്കാര്യം നിയമപരമായി പരിശോധിക്കാം.

(2) ഒ.ബി.സി./എസ്.ഇ.ബി.സി. സംവരണം

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണ് സംവരണം. നവോത്ഥാന സംരംഭങ്ങളുടെ ആധാരശിലയായി വർത്തിച്ച ഘടകങ്ങൾ സാമൂഹിക നീതിക്കുവേണ്ടിയും എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവസരം ലഭിക്കുന്ന കാര്യത്തിലും ഉറപ്പ് വരുത്തുന്നതായിരുന്നു. മലയാളി മെമ്മോറിയൽ മുതൽ അതങ്ങനെയാണ്. അതിന്റെ ഫലമായി നമുക്ക് ലഭ്യമായതാണ് സംവരണം. കഴിഞ്ഞ മൂന്നുനാല് മാസമായി ഈ രംഗത്ത് ജാഗ്രതയില്ലാതെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംവരണ സമുദായങ്ങൾക്ക് ഒരുപാട് ആശങ്കകളുണ്ട്. സംവരണ സമുദായ മുന്നണി കൊച്ചിയിൽ വിപുലമായ യോഗം ചേർന്ന് ഈ ആശങ്ക അധികൃതരെ അറിയിച്ചു. എസ്.എൻ.ഡി.പി. യോഗത്തിന്റെ ജനറൽ കൗൺസിൽ കഴിഞ്ഞ നവംബറിൽ കണിച്ചുകുളങ്ങരയിൽ യോഗം ചേർന്ന് ഈ വിഷയത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു. വിദ്യാഭ്യാസ പ്രവേശന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ അട്ടിമറിയാണ് നടക്കുന്നത്. ഡോ. ഹൃദയ, ഡോ. സജിത് രാജ് എന്നീ രണ്ട് യുവ ഡോക്ടർമാർ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് ഈ സംവരണ അട്ടിമറിക്കെതിരെ കോടതി ഇടപെടണമെന്ന് ആവശ്യപ്പെട്ടു. ഈ വിഷയവുമായി ബന്ധപ്പെട്ട് എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രമായ 'യോഗനാദം' നവംബർ, ഡിസംബർ, ജനുവരി ലക്കങ്ങളിൽ നിരന്തരമായി എഴുതിക്കൊണ്ടിരിക്കുകയാണ്. കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്രീനാരായണ സേവാസംഘം പഴയ 'സഹോദരൻ' പത്രത്തിന്റെ പ്രസിദ്ധീകരണം പുനരാരംഭിച്ചു. പ്രൊഫ. എം. കെ. സാനു മാഷാണ് അതിന്റെ മുഖ്യ പത്രാധിപർ. ആദ്യ ലക്കത്തിൽത്തന്നെ സംവരണ വിഷയത്തിൽ സർക്കാർ അലംഭാവം കാണിക്കുന്നതിനെതിരെ ഒരു കടുകുമണിയോളമല്ല സംവരണ സമുദായങ്ങൾക്ക് നഷ്ടം, മറിച്ച് ഒരു ആനത്തലയോളമാണ് എന്ന് 'സഹോദരൻ' പത്രത്തിൽ ലേഖനം വരികയാണ്. അത്രമാത്രം ഗൗരവതരമായൊരു വിഷയമാണിത്. ഒ.ബി.സി. വിദ്യാർത്ഥികൾക്ക് അവരുടെ അവസരങ്ങൾ ഇന്ന് ഗണ്യമായി നഷ്ടപ്പെടുന്നു. എസ്.എൻ.ഡി.പി. യോഗം അംഗീകരിച്ച പ്രമേയത്തിൽ പറഞ്ഞത് പിന്നോക്ക സമുദായ വിദ്യാഭ്യാസ

സംവരണം ഇരട്ടിയാക്കണമെന്നാണ്. അതിന്റെ സ്പിരിറ്റ് ഈ സർക്കാർ ഉൾക്കൊള്ളണം. എസ്.എൻ.ഡി.പി. ആവശ്യപ്പെട്ട രീതിയിൽ പിന്നോക്ക സമുദായങ്ങൾക്ക് ഇന്ന് വിദ്യാഭ്യാസ രംഗത്ത് സംവരണം അപര്യാപ്തമാണ്. ജനസംഖ്യാനുപാതികമായി സംവരണം ലഭിക്കുന്നില്ല. അതുകൊണ്ട് നിലവിലുള്ള വിദ്യാഭ്യാസ സംവരണം ഇരട്ടിയാക്കണമെന്നാണ് എസ്.എൻ.ഡി.പി. ആവശ്യപ്പെട്ടിരിക്കുന്നത്. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, കലാകൗമുദി, ചന്ദ്രിക, മാധ്യമം, സുപ്രഭാതം എന്നിവയടക്കം കേരളത്തിലെ കഴിഞ്ഞ നാല് മാസത്തെ എല്ലാ പത്രങ്ങളും പരിശോധിച്ചാൽ ഈ ആശങ്ക വ്യക്തമാണ്. യോഗക്ഷേമ സഭ, എൻ.എസ്.എസ്., എസ്.എൻ.ഡി.പി., വിശ്വകർമ്മ മഹാസഭ, എഴുത്തച്ഛൻ സംഘം, പുലയർ മഹാസഭ എന്നിവയെല്ലാം നമ്മുടെ സമുദായത്തിന്റെ ഭാഗമാണ്, നമ്മുടെ നാടിന്റെ ഭാഗമാണ്. ഇവിടെ എസ്.എൻ.ഡി.പി. അടക്കമുള്ള സാമുദായിക സംഘടനകൾ അവരുടെ പ്രഖ്യാപിതമായ ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുകയാണ്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് അവരുടെ അവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ, ഇപ്പോൾ വന്ന കുറവുകൾ പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സംസ്ഥാനത്തെ സർവ്വകലാശാലകളിലും സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശനത്തിനും അതത് സ്ഥാപനങ്ങളുടെ സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകളുടെയും അതത് സമയങ്ങളിലെ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് വിദ്യാർത്ഥി പ്രവേശനത്തിന് സംവരണ മാനദണ്ഡങ്ങൾ പാലിച്ചുവരുന്നത്. നിലവിൽ സംസ്ഥാനത്തെ ഒ.ബി.സി., എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് 2006-ലെ ഉത്തരവ് പ്രകാരം ഗവൺമെന്റ് കോളേജുകളിലെ ആർട്സ് ആൻഡ് സയൻസ് ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ പ്രവേശനത്തിന് പിന്നോക്ക സമുദായങ്ങൾക്ക് 20 ശതമാനം സീറ്റാണ് സംവരണം ചെയ്തിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് നിലവിലുണ്ടായിരുന്ന 20 ശതമാനം സംവരണം അതേപടി തുടരുകയും ചെയ്യുന്നു. ഇപ്പോൾ മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 10 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരമാണ് പ്രവേശനം നടത്തിവരുന്നത്. പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് ബഹുമാനപ്പെട്ട കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുപ്രകാരം 25 ശതമാനം സംവരണമാണ് അനുവദിച്ചുവന്നിരുന്നത്. ഈഴവ-9%, മുസ്ലീം-8%, എൽ.സി. (ആംഗ്ലോ ഇന്ത്യൻ ഒഴികെ)-2%, ഒ.ബി.സി. (ക്രിസ്ത്യൻ)-1%, ഒ.ബി.എച്ച് -5% എന്നിങ്ങനെയാണ് സംവരണം. 6-10-2008-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബി സമുദായത്തിന് 1% സംവരണം അനുവദിച്ച് എസ്.ഇ.ബി.സി. സംവരണം 26 ശതമാനമാക്കുകയും പിന്നീട് 23-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.ഇ.ബി.സി. സംവരണം 30 ശതമാനമായി ഉയർത്തുകയുമുണ്ടായി. നിലവിൽ പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് എസ്.ഇ.ബി.സി. വിഭാഗത്തിന് 30 ശതമാനമാണ് സംവരണം ലഭിക്കുന്നത്. എന്നാൽ മെഡിക്കൽ പി.ജി. കോഴ്സിന് 24-12-2009-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഉത്തരവ് പ്രകാരം 9 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

എഞ്ചിനീയറിംഗ് ബിരുദാനന്തര ബിരുദത്തിന് എസ്.ഇ.ബി.സി.ക്ക് നിലവിൽ 5 ശതമാനം സംവരണമാണുള്ളത്. മെഡിക്കൽ പി.ജി. കോഴ്സിന് എസ്.ഇ.ബി.സി. സംവരണം ഉയർത്തുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിശോധനയിലാണ്. ഇക്കാര്യത്തിൽ കമ്മീഷന്റെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ കടുത്ത വിവേചനമോ അനീതിയോ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേട്ടുകേൾവിയുടെയും ഊഹാപോഹങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചിരിക്കുന്നതെന്നാണ് ചുരുക്കം.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, എക്സിക്യൂട്ടീവിന്റെ പ്രാഥമിക ബാദ്ധ്യതയെക്കുറിച്ച് ഞാൻ പറഞ്ഞിട്ട് എത്ര അലംഭാവപൂർണ്ണമായ മറുപടിയാണ് മന്ത്രി തന്നിരിക്കുന്നത്. ജനങ്ങളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കേണ്ട ബാദ്ധ്യത എക്സിക്യൂട്ടീവിനാണ്. മൗലികാവകാശം ലംഘിക്കപ്പെട്ടുവെന്ന് ബന്ധപ്പെട്ട സാമുദായിക സംഘടനകൾ പറഞ്ഞിട്ടും ഞാൻ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ പറയുന്ന എന്ന മന്ത്രിയുടെ മറുപടി നിരുത്തരവാദപരമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. എനിക്കതിന്റെ ആവശ്യമില്ല. എക്സിക്യൂട്ടീവ് എടുക്കുന്ന തീരുമാനം മൗലികാവകാശങ്ങളെയും ഭരണഘടനയെയും ലംഘിക്കുന്നുണ്ടെങ്കിൽ അത് പരിശോധിക്കുന്ന ജോലി മാത്രമേ കോടതിക്കുള്ളൂ. ഇത് എക്സിക്യൂട്ടീവിന്റെ ബാദ്ധ്യതയാണ്. നിങ്ങളെ തെരഞ്ഞെടുത്തത് ജനങ്ങളാണ്. ജനങ്ങളുടെ അവകാശങ്ങൾ നിഷേധിക്കാൻ ഒരു ഭരണകൂടത്തിനും സാധ്യമല്ല. അതുകൊണ്ട് ആ ഉത്തരം തിരുത്തണം. എനിക്ക് പറയാനുള്ളത്, ഇക്കാര്യത്തിൽ ഉടനെ തീരുമാനം എടുക്കണമെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. നാല്

മാസത്തെ സമയമുണ്ട്, അത് അപ്പർ ലിമിറ്റാണ്. ഈ സർക്കാർ എത്ര ദിവസംകൊണ്ട് ഈ വിഷയത്തിൽ തീരുമാനമെടുക്കുമെന്നാണ് എനിക്ക് അറിയേണ്ടത്?

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽത്തന്നെ അക്കാര്യം വ്യക്തമാക്കിയതാണ്. മെഡിക്കൽ പി.ജി. കോഴ്സിന് എസ്.ഇ.ബി.സി. സംവരണം ഉയർത്തുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പരിശോധനയിലാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് പിന്നോക്ക വിഭാഗ കമ്മീഷൻ സർക്കാരിന് നൽകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കും.

## VI സബ്മിഷൻ

### (1) പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അടിയന്തരപ്രമേയത്തിൽ പറയേണ്ട കാര്യം എങ്ങനെയാണ് സബ്മിഷനിൽ പറയേണ്ടതെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചത് എന്തുകൊണ്ടാണെന്നും മനസ്സിലാകുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടന്ന സമയത്ത് ഈ സഭയിലെ ഒരംഗം പോളിംഗ് സ്റ്റേഷനിൽ കയറി പ്രിസൈഡിംഗ് ഓഫീസറുടെ കാലുവെട്ടുമെന്ന് പറഞ്ഞു. ആ വിഷയമാണ് ഞാൻ ഈ സഭയിൽ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട സ്പീക്കർ അതിന് അനുമതി നിഷേധിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം കഴുത്തുവെട്ടുമെന്ന് പറയാതിരുന്നത് എന്റെ കുറ്റമല്ലല്ലോ. അങ്ങനെ പറഞ്ഞിരുന്നെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ അടിയന്തരപ്രമേയത്തിന് അനുമതി തരുമായിരുന്നുവെന്ന് തോന്നുന്നു. എം.എൽ.എ.മാർ എന്ന നിലയിൽ നമ്മളെല്ലാം ഇപ്പോഴിരിക്കുന്നത് ശീതീകരിച്ച ഹാളിലാണ്. ഇത്തരത്തിലൊരു സംവിധാനവും സൗകര്യവും നമുക്കുണ്ടായത് ഈ രാജ്യത്ത് ജനാധിപത്യം നിലനിൽക്കുന്നതുകൊണ്ടാണ്. ഈ ജനാധിപത്യ സംവിധാനം നമ്മുടെ രാജ്യത്ത് എങ്ങനെയാണുണ്ടായതെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനുപിന്നിൽ മഹാന്മാരും ഋഷിതുല്യരുമായ ഒരുപാട് പൂർവ്വികരുടെ വിയർപ്പും നോവുമൊക്കെയുണ്ടെന്ന് നമുക്കെല്ലാമറിയാം. അവർ അങ്ങനെ നോവനുഭവിച്ച് കഠിനാധ്വാനം ചെയ്തതിന്റെ ഫലമായാണ് നമുക്കിന്ന് എം.എൽ.എ.മാരും രാഷ്ട്രീയനേതാക്കന്മാരുമൊക്കെയായി മാറാൻ സാധിച്ചത്. ജനാധിപത്യം നിലനിർത്തുന്നത് രാഷ്ട്രീയനേതാക്കന്മാർ മാത്രമല്ല. ഇതിൽ സാധാരണക്കാരായ ജനങ്ങൾക്കും വളരെയധികം പങ്കുണ്ട്.

തെരഞ്ഞെടുപ്പുകാലത്ത് അവർ എല്ലാവരും, ഒരുനേരത്തെ കഞ്ഞികുടിക്കാൻ വകയില്ലാത്ത ആളുകൾപോലും പോളിംഗ് സ്റ്റേഷനിൽ പോയി വോട്ടുചെയ്യുന്നത് ഈ രാജ്യത്ത് ജനാധിപത്യം നിലനിൽക്കണമെന്ന് ആഗ്രഹമുള്ളതു കൊണ്ടാണ്. .........(ബഹളം)..... മി. ഷംസീർ, ഞാൻ സംസാരിക്കുമ്പോൾ എപ്പോഴും ഇങ്ങനെ പറയാൻ നിങ്ങൾക്ക് കൊമ്പൊന്നുമില്ലല്ലോ? നിങ്ങൾ അവിടെനിന്നും കൂവണ്ട....(ബഹളം).....

<u>മി. സ്പീക്കർ:</u> ശ്രീ. എ. എൻ. ഷംസീർ, അവിടെയിരിക്കൂ. ശ്രീ. എം. രാജഗോപാലൻ, അവിടെയിരിക്കൂ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് ക്ഷുഭിതനാകേണ്ട, അങ്ങേയ്ക്ക് ഈ സഭയിൽ ഉന്നയിക്കാനുള്ള കാര്യങ്ങൾ ഉന്നയിക്കാം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, മറ്റുള്ളവർ സംസാരിക്കുമ്പോൾ കൂവാൻ അയാൾക്കെന്താ കൊമ്പുണ്ടോ? നമ്മുടെ രാജ്യത്ത് ജനാധിപത്യം നിലനിൽക്കുന്നത് നേതാക്കന്മാരും രാഷ്ട്രീയപാർട്ടികളും ഉള്ളതുകൊണ്ടുമാത്രമല്ല, അത് നില നിൽക്കുന്നത് സാധാരണക്കാരായ ആളുകൾ ഉള്ളതുകൊണ്ടുകൂടിയാണെന്ന കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. തെരഞ്ഞെടുപ്പുകാലത്ത് എത്രയോ കഷ്ടപ്പെട്ട്, അന്നത്തെ ജോലിയൊക്കെ ഉപേക്ഷിച്ച് വോട്ടുചെയ്യാനെത്തുന്നത്, ജനാധിപത്യം നിലനിൽക്കണമെന്ന അവരുടെ അദമ്യമായ ആഗ്രഹംകൊണ്ടാണ്. അതുപോലെതന്നെ തെരഞ്ഞെടുപ്പുകാലത്ത് കഷ്ടപ്പെടുന്ന ഒരു വിഭാഗമാണ് തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ. യാത്രാസൗകര്യം പോലുമില്ലാത്ത കുഗ്രാമങ്ങളിൽ സ്ഥിതിചെയ്യുന്ന പോളിംഗ് സ്റ്റേഷനുകളിൽ രാവിലെ പുറപ്പെട്ടാൽ വൈകുന്നേരമേ എത്തിച്ചേരുകയുള്ളൂ. അവിടെ രാത്രിയും പകലും നിൽക്കേണ്ട ഉദ്യോഗസ്ഥർക്ക് വെള്ളമോ ഭക്ഷണമോ കിട്ടുകയില്ല. അങ്ങനെ അവർ ത്യാഗം ചെയ്യുന്നത് ഈ രാജ്യത്ത് ജനാധിപത്യം നിലനിൽക്കണമെന്നുള്ളതുകൊണ്ടാണ്. അത്തരത്തിൽ ജോലിചെയ്ത ഒരു പോളിംഗ് ഓഫീസറുടെ കാൽവെട്ടുമെന്നാണ് ഈ സഭയിലെ ഒരു എം.എൽ.എ. പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് പ്രസ്തുത വിഷയം അടിയന്തരപ്രമേയമായി ഉന്നയിക്കാൻ തീരുമാനിച്ചത്. (പത്രകട്ടിംഗ് വായിച്ചു). " കള്ളവോട്ട് തടയാൻ ശ്രമിച്ച പ്രിസൈഡിംഗ് ഓഫീസറുടെ കാൽ വെട്ടുമെന്ന് ഉദുമ എം.എൽ.എ.യും സി.പി.ഐ.(എം) നേതാവുമായ കെ. കുഞ്ഞിരാമൻ ഭീഷണിപ്പെടുത്തിയതായി പരാതി. കഴിഞ്ഞ മാസം 14-ന് നടന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ചെർക്കപ്പാറ ജി.എൽ.പി. സ്കൂൾ കിഴക്ക് ബൂത്തിനുള്ളിലാണ് സംഭവം. ഇവിടത്തെ പ്രിസൈഡിംഗ് ഓഫീസറായിരുന്ന കാർഷിക സർവ്വകലാശാല പീലിക്കോട് കേന്ദ്രം പ്രൊഫസർ കെ. എം. ശ്രീകുമാറാണ് തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി

നൽകിയത്.'' ഞാനും ബഹുമാന്യനായ അങ്ങുമൊക്കെ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായ ആളുകളാണ്. തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ സ്ഥാനാർത്ഥിയെന്ന നിലയിൽ നമ്മുടെ മണ്ഡലത്തിലെ എല്ലാ പോളിംഗ് സ്റ്റേഷനിലും നമ്മൾ കയറിയിറങ്ങും. എന്നാൽ നമ്മൾ മത്സരിക്കാത്ത സമയമാണെങ്കിൽ എം.എൽ.എ.യോ, എം.പി.യോ, അതല്ല മന്ത്രിയാണെങ്കിൽ പ്പോലും നമുക്ക് പോളിംഗ് സ്റ്റേഷനിൽ ചെല്ലാൻ എന്തധികാരമാണുള്ളത്? ... (ബഹളം)... അദ്ദേഹത്തിന് വോട്ടില്ലാത്ത ഒരു പോളിംഗ് സ്റ്റേഷനിലാണ്... (ബഹളം)....

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ, നിങ്ങൾ ഇരിക്കൂ. അദ്ദേഹം അതൊന്ന് പറഞ്ഞുതീർക്കട്ടെ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. റെപ്രസന്റേഷൻ ഓഫ് പീപ്പിൾസ് ആക്ടിൽ പറയുന്ന ഒരു കാര്യം "കർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ പ്രിസൈഡിംഗ് ഓഫീസർക്ക് ബാദ്ധ്യതയുള്ളത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങളോട് മാത്രമാണ്. ഔദ്യോഗിക മേധാവിയിൽ നിന്നോ, മന്ത്രിമാർ ഉൾപ്പെടെയുള്ള രാഷ്ട്രീയ നേതാക്കളിൽ നിന്നോ ആജ്ഞകൾ സ്വീകരിക്കുകയോ, അവരോട് ആനുകൂല്യം കാട്ടുകയോ ചെയ്യാൻ പാടില്ല. പോളിംഗ് സ്റ്റേഷനിലേയ്ക്ക് പ്രവേശിക്കാനുള്ള അപേക്ഷപോലും തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ സാധുതയുള്ള അധികാരപത്രം അവരുടെ കൈവശമുണ്ടെങ്കിൽ മാത്രമേ അനുവദിക്കേണ്ടതുള്ളൂ.'' ബഹുമാന്യനായ എം.എൽ.എ.യെ ഞാൻ കുഞ്ഞിരാമേട്ടൻ എന്നാണ് വിളിക്കാറ്. അത്രമാത്രം വ്യക്തിബന്ധം എനിക്ക് അദ്ദേഹത്തോടുണ്ട്. ആ കുഞ്ഞിരാമേട്ടൻ, അദ്ദേഹത്തിന് വോട്ടില്ലാത്ത ഒരു പോളിംഗ് സ്റ്റേഷനിൽ പോയി പ്രിസൈഡിംഗ് ഓഫീസറെ ഭീഷണിപ്പെടുത്തി കാലുവെട്ടുമെന്ന് പറഞ്ഞതാണ് പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവായിരിക്കാം, അദ്ദേഹം സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായിരുന്ന ആളുമാണ്. എന്നാൽ ഇപ്പോൾ എന്റെയും ഈ സഭയിലിരിക്കുന്ന 140 എം.എൽ.എ.മാരുടെയും നേതാവാണ്, കേരളത്തിലെ മുഴുവനാളുകളുടെയും നേതാവാണ്. പ്രസ്തുത എം.എൽ.എ. പ്രിസൈഡിംഗ് ഓഫീസറുടെ കാൽവെട്ടുമെന്ന് പറഞ്ഞിരിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് യോജിക്കാൻ പറ്റുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. നമ്മുടെ ജനാധിപത്യ സംവിധാനത്തെ കശാപ്പുചെയ്യുന്ന ഒരേർപ്പാടാണിത്. പ്രിസൈഡിംഗ് ഓഫീസറുടെയും മറ്റുള്ള ജീവനക്കാരുടെയും കാര്യമെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു; എത്രമാത്രം ബുദ്ധിമുട്ടിയാണ് ഒരു തെരഞ്ഞെടുപ്പ് നടത്തുന്നത്; നമ്മുടെ

രാജ്യത്തുള്ളതുപോലെ ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയും സംവിധാനവും ലോകത്തുതന്നെ എവിടെയെങ്കിലുമുണ്ടോ? അതെല്ലാം നമുക്ക് സാധ്യമാകുന്നത് ഇത്തരം ജീവനക്കാരും പ്രിസൈഡിംഗ് ഓഫീസർമാരും ഉള്ളതുകൊണ്ടാണ്. അതുകാണ്ട് അവരുടെ വീര്യം കെടുത്തുന്ന നിലപാട് ജനപ്രതിനിധികൾ സ്വീകരിക്കുന്നത് ശരിയാണോയെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്. ഈ എം.എൽ.എ.യുടെ ചെയ്തിയെ അങ്ങ് അപലപിക്കാൻ തയ്യാറാകണമെന്നാണ് ഈ സഭയിലെ എല്ലാവരുടെയും, കേരളത്തിലെ എല്ലാവരുടെയും നേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, 2020 ഡിസംബർ മാസം 14-ാം തീയതി തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിനിടയിലുണ്ടായ പ്രശ്നം ഉന്നയിച്ചുകൊണ്ട് ഇവിടെ സബ്മിഷൻ ഉന്നയിച്ചത് പ്രതിപക്ഷാംഗങ്ങൾ ആശയ ദാരിദ്ര്യത്തിന്റെ കൊടുമുടിയിലെത്തി എന്നതാണ് സൂചിപ്പിക്കുന്നത്. ബഹുമാന്യനായ കാസർഗോഡ് എം.എൽ.എ.യെ ഞാനും നേരിട്ടറിയുന്ന ആളാണ്. ഞാൻ ഇന്നുവരെ വ്യക്തിപരമായി ഒരാളെയും ആക്ഷേപിച്ചുവെന്ന് ആരും പറയുമെന്ന് തോന്നുന്നില്ല. ഈ സഭയുടെ ഇരുഭാഗങ്ങളിൽ ഇരിക്കുന്നവരായാലും എന്റെ നാട്ടിലുള്ളവരായാലും ഞാൻ വ്യക്തിപരമായി ഒരാളെ ഏതെങ്കിലും ഭാഷ ഉപയോഗിച്ച് ആക്ഷേപിച്ചുവെന്ന് ഒരാളും പറയുമെന്ന് തോന്നുന്നില്ല. ആ ദിവസം ഞാൻ വോട്ട് ചെയ്യാൻ പോയപ്പോഴാണ് ഈ സംഭവമുണ്ടായത്. പോളിംഗ് സ്റ്റേഷന്റെ വരാന്തയിൽവച്ച് ഈ പ്രിസൈഡിംഗ് ഓഫീസറും വോട്ടർമാരും തമ്മിൽ വലിയ കശപിശ കൂടുന്നതുകണ്ട് എന്താണെന്ന് അന്വേഷിക്കാൻ പോയപ്പോഴാണ് സംഗതി ഇതാണെന്ന് മനസ്സിലായത്. ഈ പ്രിസൈഡിംഗ് ഓഫീസറെ എനിക്കറിയില്ല, മാസ്ക് ധരിച്ചിട്ടുള്ളതുകൊണ്ട് പ്രത്യേകിച്ചും ആളെ മനസ്സിലാകുമായിരുന്നില്ല. വരാന്തയുടെ പുറത്താണ് ഞാനുണ്ടായിരുന്നത്. അവർ വരാന്തയുടെ അകത്തായിരുന്നു. വരാന്തയിൽവച്ച് സംസാരിച്ച കൂട്ടത്തിൽ, 'നിങ്ങൾ നിങ്ങളുടെ സീറ്റിൽ പോയി ഇരിക്കൂ സാറേ' എന്ന് ഞാൻ പറഞ്ഞു. 'സാറേ' എന്നാണ് ഞാൻ വിളിച്ചത്. ഞാൻ എം.എൽ.എ. ആയതുകൊണ്ട് ഉദ്യോഗസ്ഥനെ 'നിങ്ങൾ' 'ഇവർ' എന്നൊന്നും വിളിച്ചില്ല. 'നിങ്ങൾ അവിടെ ഇരിക്കൂ സാറേ' എന്നാണ് ഞാൻ പറഞ്ഞത്. കാര്യം എനിക്കറിയില്ലായിരുന്നു. അപ്പോൾ അയാൾ എന്നോട് വളരെ മോശമായ രീതിയിൽ പെരുമാറി. അപ്പോൾത്തന്നെ ഞാൻ ജില്ലാ കളക്ടറെ വിളിച്ച് ഇക്കാര്യങ്ങൾ പറയുകയും വോട്ടെടുപ്പ് തടസ്സപ്പെട്ടിരിക്കുകയാണ്, കളക്ടർ ഒന്നിടപെടണമെന്ന് പറഞ്ഞിട്ട് പോകുകയും ചെയ്തു. അത്രമാത്രമേ സംഭവിച്ചിട്ടുള്ളൂ. ഞാൻ ഒരാളെയും

ആക്ഷേപിക്കാൻ നിന്നിട്ടില്ല. കള്ളവോട്ടിന്റെ കാര്യത്തെക്കുറിച്ച് മെമ്പർ ഇവിടെ വാചാലമായി പ്രസംഗിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ എനിക്കെതിരെ ഉദുമയിൽ മത്സരിച്ചത് കോൺഗ്രസ്സിന്റെ പ്രമുഖനേതാവായ ശ്രീ. കെ. സുധാകരനാണ്. അദ്ദേഹത്തെക്കുറിച്ച് നാട്ടിലെല്ലായിടത്തും ....(ബഹളം).... ആ സുധാകരൻ എനിക്കെതിരെ മത്സരിക്കുന്ന ........(ബഹളം)........ ആദ്യമായി കാസർഗോഡ് നിന്ന്.........(ബഹളം)....

മി. സ്പീക്കർ: ഇരിക്കു....... ഇരിക്കു.......

ശ്രീ. കെ. കുഞ്ഞിരാമൻ: ഒരു മിനിട്ട് സർ. ശ്രീ. കെ. സുധാകരൻ ആദ്യമായി ഉദുമയിൽ വന്നിറങ്ങിയ ദിവസം അതിനെപ്പറ്റി ഇതേ പത്രം എഴുതിയ റിപ്പോർട്ട് എന്താണെന്നോ, 'പുലി ഇറങ്ങി ഉദുമയിൽ' എന്നാണ്. ആ പുലി പിറ്റേദിവസം രാവിലെ യു.ഡി.എഫ്.ന്റെ നേതാക്കന്മാരുടെയും പ്രവർത്തകരുടെയും യോഗത്തിൽ പങ്കെടുത്ത് പറഞ്ഞത്, 'ഈ പട്ടികയിൽപ്പെട്ട മുഴുവൻ ആളുകളും വോട്ട് ചെയ്തിരിക്കണം' എന്നാണ്. മരിച്ചുപോയവരായാലും ഗൾഫിലുള്ളവരായാലും തരക്കേടില്ല, അവരുടെ മുഴുവൻ വോട്ടും ചെയ്തിരിക്കണമെന്ന് പരസ്യമായി ആഹ്വാനം ചെയ്തു. അതുകൊണ്ട് കള്ളവോട്ടിന്റെ പ്രശ്നമില്ല.

മി. സ്പീക്കർ: അങ്ങയുടെ വ്യക്തിപരമായ ക്ലാരിഫിക്കേഷൻ തന്നാൽ മതി.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഒരു മിനിട്ട് കൂടി വേണം. അങ്ങനെ ആഹ്വാനം ചെയ്ത കാര്യം ആ യോഗത്തിൽ പങ്കെടുത്ത ഒരാൾ പുറത്തുവിടുകയും ചെയ്തു. അതിന്റെ പേരിൽ പോലീസ് കേസെടുത്തു. ആ കേസ് ഹോസ്ദുർഗ്ഗ് കോടതിയിൽ ഇപ്പോഴും നിലനിൽക്കുകയാണ്. എം.പി.യായതുകൊണ്ട് ആ കേസിൽനിന്ന് ഒഴിവാക്കിക്കൊടുക്കണം അല്ലെങ്കിൽ ഹാജരാകുന്നതിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹം ഇപ്പോൾ കേസ് കൊടുത്തിരിക്കുകയാണ്. എനിക്കെതിരെ മത്സരിച്ച കോൺഗ്രസ്സിലെ നേതാവും മുസ്ലീം ലീഗിലെ നേതാവും കൂടി അങ്ങനെ കള്ളവോട്ടിനുവേണ്ടി ആഹ്വാനം ചെയ്ത കാര്യം നാട്ടിൽ എല്ലാവർക്കുമറിയാം. ഇപ്പോൾ എനിക്കെതിരെ പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് എന്റെ നാട്ടിലുള്ള ആരും വിശ്വസിക്കില്ല. ഈ സഭയിലുള്ളവരാരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. ഞാൻ ആ ഉദ്യോഗസ്ഥനെ അപമാനിക്കാനോ ആക്ഷേപം പറയാനോ പോയിട്ടില്ല. അങ്ങനെയുള്ള സംഭവമേ ഉണ്ടായിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.യോട് ഞാൻ പറയണമെന്ന് കരുതിയ കാര്യമാണ് ബഹുമാന്യനായ ഉദുമ എം.എൽ.എ. തന്നെ ഇവിടെ പറഞ്ഞത്. അതുകൊണ്ട് ഇനി ആ ഭാഗം

പറയേണ്ടതില്ലെന്നാണ് തോന്നുന്നത്. ഒരാളെ ഭീഷണിപ്പെടുത്തുക എന്നു പറയുമ്പോൾ ഭീഷണിപ്പെടുത്താൻ പറ്റുന്ന ഒരു പ്രകൃതം വേണ്ടേ? ആ പ്രകൃതം ഉദുമ എം.എൽ.എ.യ്ക്ക് ഉണ്ടെന്ന് ഇതുവരെ ആരും പറഞ്ഞുകേട്ടിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. ഇവിടെ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ഇപ്പുറത്തുനിന്ന് ഏതോ എം.എൽ.എ. എന്തോ ചോദിച്ചപ്പോൾ വളരെ രോഷത്തോടെ തിരിച്ചുഭീഷണിപ്പെടുത്തുന്നത് കാണുകയും ചെയ്തു. ഭീഷണിക്ക് അങ്ങനെയുള്ള സ്വരം വേണ്ടേ? ആ സ്വരക്കാരനല്ല 'കുഞ്ഞിരാമേട്ടൻ' എന്ന് എല്ലാവരും വിളിക്കുന്ന ഉദുമ എം.എൽ.എ.യുള്ളതെന്ന് എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. അതുകൊണ്ട് ഇത് പ്രതിപക്ഷത്തിന്റെ വിഷയ ദാരിദ്ര്യത്തിന്റെ ഭാഗമായി വന്ന ഒരു പ്രശ്നമാണെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ വിഷയം സംബന്ധിച്ച അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചത് ചട്ടപ്രകാരം തന്നെയാണ്. അടുത്തകാലത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ചായിരിക്കണം അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടത്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയത്തുണ്ടായ ഒരു പ്രശ്നത്തെക്കുറിച്ചാണ് എന്നതുകൊണ്ടുതന്നെ അനുമതി നിഷേധിച്ചത് ശരിയായ നടപടിയാണ്. ബഹുമാന്യനായ കാസർഗോഡ് എം.എൽ.എ. സംസാരിക്കുമ്പോൾ പോളിംഗ് ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. പോളിംഗ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിൽ നമ്മളെല്ലാവരും, ഏത് പക്ഷത്തിരിക്കുന്നവരായാലും ഈ നാടിന്റെ സംസ്കാരത്തിന് അനുസരിച്ചാണ് എല്ലാ പ്രദേശത്തും പെരുമാറാറുള്ളത്. തലേദിവസം വന്നാൽ പിറ്റേദിവസം പോകുന്നതുവരെ അവർക്കുവേണ്ട എല്ലാ സൗകര്യങ്ങളും, എല്ലാ പ്രദേശത്തും അതത് ബൂത്തിന്റെ ചുറ്റുമുള്ള ആളുകളാണ് ചെയ്തുകൊടുക്കുന്നത്. ഭക്ഷണവും കുടിക്കാനുള്ള വെള്ളവും കിട്ടുകയില്ല എന്നൊക്കെ പറഞ്ഞത് കേരളത്തിൽ നടക്കുന്ന കാര്യമല്ല. എന്തിനാണ് അങ്ങനെയൊരു കാര്യം പറഞ്ഞതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ പറയുന്ന കാര്യങ്ങളെല്ലാം സഭാരേഖയിൽ വരുന്നതാണ്. അദ്ദേഹം പറയുന്നത് കേട്ടാൽ കേരളത്തിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടോ എന്ന് തോന്നും. കാസർഗോഡ് അങ്ങനെയൊരു അവസ്ഥയുണ്ടാകുകയില്ല. നിങ്ങളെല്ലാവരും ഉദ്യോഗസ്ഥർക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കുന്നവരല്ലേ?

ശ്രീ. കെ. സി. ജോസഫ്: സർ, പരാതി പറഞ്ഞ ഡോ.കെ. എം. ശ്രീകുമാർ എസ്.എഫ്.ഐ.യുടെ പ്രവർത്തകനും ഇപ്പോൾ സി.പി.ഐ.(എം.) അനുകൂല അദ്ധ്യാപക സംഘടനയുടെ പ്രസിഡന്റുമാണ്. അദ്ദേഹം കോൺഗ്രസ്സുകാരനുമല്ല, ലീഗുകാരനുമല്ല.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഓരോ സ്ഥാപനത്തിലുമുള്ള സംഘടനകളിൽ, അത് അദ്ധ്യാപക സംഘടനയിലായാലും മറ്റേത് സംഘടനയിലായാലും വിവിധ തരം ആളുകളുണ്ടാകും, അതെല്ലാ രാഷ്ട്രീയക്കാർക്കും പ്രവേശനമുള്ളതാണ്. അങ്ങനെയുണ്ടാകുന്നതിൽ മറ്റെന്തെങ്കിലും ലേബൽ ചാർത്തിക്കൊടുക്കേണ്ടതില്ല. ആ ഭാഗത്തുനിന്ന് ജയിച്ചുവരുന്നവരെല്ലാം ഇത്തരത്തിലുള്ള കള്ളവോട്ട് വഴിയാണെന്നും അദ്ദേഹം പറയുകയുണ്ടായി. അതിന്റെ വസ്തുത എന്താണെന്നുള്ളത് നമുക്ക് രണ്ട് കൂട്ടർക്കും അറിയാമല്ലോ; ശരിയായ വോട്ടിലാണല്ലോ എല്ലാവരും ജയിക്കുന്നത്. അദ്ദേഹം ഇത്തരമൊരു പ്രശ്നം ഉന്നയിക്കുന്നതിന് ഇടയാക്കിയതെന്താണ്? എന്തോ ഒരു ഉദ്ദേശ്യം അത്തരം ആരോപണങ്ങൾക്ക് പിന്നിലുണ്ട് എന്നത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കാസർഗോഡ് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ ആലക്കോട് വാർഡിൽ നടന്നുവെന്നുപറയുന്ന സംഭവമാണ് ഇന്ന് സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന പരിശീലനത്തിലും മാർഗ്ഗനിർദ്ദേശങ്ങളിലും പ്രിസൈഡിംഗ് ഓഫീസർ, ഒന്നാം പോളിംഗ് ഓഫീസർ, രണ്ടാം പോളിംഗ് ഓഫീസർ എന്നിവർക്ക് കൃത്യമായ ചുമതലകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഈ ജോലി വിഭജനം എല്ലാവരും കൃത്യമായി പാലിക്കുകയെന്നത് ഏറ്റവും പ്രധാനമാണ്. അങ്ങനെയായാൽ മാത്രമേ വോട്ടെടുപ്പ് സുഗമമായി നടക്കുകയുള്ളൂ. വോട്ട് ചെയ്യാനെത്തുന്നവരെ തിരിച്ചറിയൽ കാർഡ് പരിശോധിച്ച് ഐഡന്റിഫൈ ചെയ്യുന്ന ചുമതല ഒന്നാം പോളിംഗ് ഓഫീസർക്കാണ്. ഇത് പ്രിസൈഡിംഗ് ഓഫീസറുടെ ചുമതലയിൽപ്പെടുന്നില്ല. പോളിംഗ് സാമഗ്രികൾ ഏറ്റുവാങ്ങുന്നതുൾപ്പെടെയുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് പ്രിസൈഡിംഗ് ഓഫീസർക്കുള്ളത്. പ്രിസൈഡിംഗ് ഓഫീസർ ബൂത്തിലേയ്ക്കുള്ള ക്യൂവിൽ നിന്ന ആളുകളുടെ തിരിച്ചറിയൽ രേഖകൾ പരിശോധിച്ചുവെന്നാണ് പരാതി ഉയർന്നത്. പോളിംഗ് സ്റ്റേഷനിൽ വിവിധ ബൂത്തുകളുണ്ടാകുമല്ലോ; അപ്പോഴാണ് ആ പോളിംഗ് സ്റ്റേഷനിൽ വോട്ടുചെയ്യാനെത്തിയ എം.എൽ.എ. അടക്കമുള്ളവർ ഈ പ്രശ്നം കാണുന്നത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അദ്ദേഹം ഇടപെടുകയും ജില്ലാ കളക്ടറെ പരാതി അറിയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ജില്ലാ കളക്ടർ പ്രിസൈഡിംഗ് ഓഫീസറുമായി ബന്ധപ്പെട്ടു. ഓഫീസർമാർക്ക് പരിശീലനം കൊടുക്കുകയും ചുമതലകളേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ ചുമതലകളാണ് നിങ്ങൾ നിർവ്വഹിക്കേണ്ടതെന്നും അത് കൃത്യമായി നിർവ്വഹിക്കണമെന്നും ജില്ലാ കളക്ടർ അദ്ദേഹത്തോട് പറയുന്ന സ്ഥിതിയുണ്ടായി. അതിനുശേഷം തെരഞ്ഞെടുപ്പ് സമാധാനപരമായി നടക്കുകയും ഫലപ്രഖ്യാപനം വരികയും ചെയ്തു. തെരഞ്ഞെടുപ്പ്

ഫലപ്രഖ്യാപനത്തിനുശേഷം പ്രിസൈഡിംഗ് ഓഫീസർ ഇത് ഫെയ്സ്ബുക്കിലൂടെ പരസ്യപ്പെടുത്തി, ഇക്കാര്യം ചർച്ചാവിഷയമായി. അദ്ദേഹത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്ന് നേരത്തെ ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ, എനിക്ക് ഇപ്പോൾ പറയാൻ കഴിയില്ല. പ്രിസൈഡിംഗ് ഓഫീസർ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കത്ത് നൽകിയിട്ടുണ്ട്. അതിന്മേൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടറോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. കളക്ടർ പ്രിസൈഡിംഗ് ഓഫീസറുടെ ഭാഗം കേൾക്കാനായി അദ്ദേഹത്തിന് അറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സംഭവത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടറോട് റിപ്പോർട്ട് തേടുന്ന കാര്യം പരിഗണിച്ചുവരികയുമാണ്. അതുകൊണ്ടുതന്നെ കൂടുതൽ കാര്യങ്ങൾ ഇപ്പോൾ പറയാൻ കഴിയില്ല. ഇവിടെ ബഹുമാന്യനായ കാസർഗോഡ് എം.എൽ.എ. പറഞ്ഞ മറ്റൊരു കാര്യം സംബന്ധിച്ച് പറയാനുള്ളത് എം.എൽ.എ. ഭീഷണിപ്പെടുത്തിയെന്ന ആരോപണത്തെക്കുറിച്ച് ഒരു പരാതിയും പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ല എന്നതാണ്. എന്നാൽ ആലക്കോട് പഞ്ചായത്തിലെ 12-ാം വാർഡിലെ ചെർക്കപ്പാറ ജി.എൽ.പി. സ്കൂളിലെ ഒന്നാം നമ്പർ ബൂത്തിലെ പ്രിസൈഡിംഗ് ഓഫീസറായ ശ്രീകുമാറിനെ ഉദുമ എം.എൽ.എ., ശ്രീ. കെ. കുഞ്ഞിരാമൻ ഭീഷണിപ്പെടുത്തിയതായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തുന്നതിന് കാസർഗോഡ് ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷണം നടന്നുവരികയാണ്. അത് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ആ ഭാഗത്തുനടന്ന മറ്റ് അക്രമ സംഭവങ്ങൾ സംബന്ധിച്ച് ചില കാര്യങ്ങൾ അദ്ദേഹം ഇവിടെ ഉന്നയിച്ചില്ലെങ്കിലും നേരത്തെ നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്. അതുസംബന്ധിച്ചും ഇപ്പോൾ പറയുന്നതായിരിക്കും ഔചിത്യമെന്നാണ് കരുതുന്നത്. 14-12-2020-ന് പുല്ലൂർ പെരിയ പഞ്ചായത്തിലെ 7, 8 വാർഡുകളിലെ പോളിംഗ് ബൂത്തായ അമ്പലത്തറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പരിസരത്തുവച്ച് 8-ാം വാർഡിലെ സ്ഥാനാർത്ഥിയായിരുന്ന ശ്രീ. കൃഷ്ണകുമാർ സി.യെ മർദ്ദിച്ചു എന്നൊരു പ്രശ്നം പറഞ്ഞിട്ടുണ്ട്. അതിൽ ക്രൈം നമ്പർ 207/20 u/s 143, 147, 148, 323, 324 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികളായ രതീഷ്, മജീദ് എന്നിവരെ അറസ്റ്റുചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു ഓട്ടോറിക്ഷ രാത്രി കത്തിച്ചതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ആ സംഭവത്തിൽ ചന്തേര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുവത്തൂരിൽ ഒരു ബൂത്ത് ഏജന്റിനെ മർദ്ദിച്ചുവെന്ന് പറഞ്ഞു. അങ്ങനെയൊരു പരാതി പോലീസിന്

ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ വോട്ടെണ്ണൽ ദിവസം ഹോസ്ദുർഗ് താലൂക്കിലെ കല്ലൂരാവി എന്ന സ്ഥലത്ത് ശ്രീമതി ജസീല എന്ന സ്ത്രീയുടെ വീട് ആക്രമിച്ച സംഭവം വലിയ തോതിൽ ദൃശ്യമാധ്യമങ്ങളിലും നവമാധ്യമങ്ങളിലുമൊക്കെ പ്രചരിച്ചിരുന്നു. ഇത് ബഹുമാന്യനായ കാസർഗോഡ് എം.എൽ.എ.യും കണ്ടിട്ടുണ്ടാകും. ആ കേസിൽ ആറ് ഐ.യു.എം.എൽ. (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്) പ്രവർത്തകർക്കെതിരെ Cr.No. 1402/2020 ആയി ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്. ശ്രീമതി ജസീലയുടെ ഭർത്താവിന്റെ സഹോദരൻ ഇടത് സ്വതന്ത്ര സ്ഥാനാർത്ഥിക്കുവേണ്ടി പ്രവർത്തിച്ചതിലുള്ള വിരോധം കാരണമാണ് ഈ വീട്ടിലേയ്ക്ക് തള്ളിക്കയറി ആക്രമണം നടത്തിയത്. അതുപോലെതന്നെ, ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഔഫ് അബ്ദുറഹിമാനെ ഐ.യു.എം.എൽ. പ്രവർത്തകർ കൊലപ്പെടുത്തിയ സംഭവമുണ്ടായതും മറന്നുപോകാൻ പാടില്ല. 23-12-2020-നായിരുന്നു അത്. ഈ കേസിലെ ഒന്നാംപ്രതി ഇർഷാദ് നിലവിൽ അഞ്ച് കേസുകളിൽ പ്രതിയായ വ്യക്തിയാണ്. ഇത്തരത്തിൽ തെരഞ്ഞെടുപ്പിൽ കൃത്രിമം കാണിക്കാനും അക്രമം നടത്താനുമുള്ള ഇടപെടലുകൾ ഏത് തരത്തിലുണ്ടായി എന്നത് ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ മറന്നുപോകാൻ പാടില്ലായിരുന്നു. 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ കാസർഗോഡ് ജില്ലയിലാകെ 113 കേസുകളാണ് രജിസ്റ്റർ ചെയ്തത്. അതിൽ എൽ.ഡി.എഫ്. പ്രവർത്തകർ പരാതിക്കാരായി 38 കേസുകളും യു.ഡി.എഫ്. പ്രവർത്തകർ പരാതിക്കാരായി 37 കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ തെരഞ്ഞെടുപ്പിലുണ്ടായ ജനവിധിയിൽ സ്വാഭാവികമായും നിങ്ങൾക്ക് ഒരു അങ്കലാപ്പുണ്ടാകും, കുറച്ച് ജാള്യതയും അനുഭവപ്പെടുന്നുണ്ടാകും. അത്തരം കാര്യങ്ങൾ മറച്ചുവയ്ക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി മാത്രമേ ഇതൊക്കെ കാണാൻ സാധിക്കുകയുള്ളൂ. തെറ്റായ നടപടി ഏതെങ്കിലും ഭാഗത്തുനിന്നുണ്ടായാൽ അതിനെതിരെ കർക്കശമായ നടപടി തന്നെയുണ്ടാകുമെന്ന കാര്യം ഉറപ്പിച്ച് പറയാം. അതിൽ ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ.യ്ക്ക് യാതൊരു ആശങ്കയും വേണ്ടതില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വളരെ ഏകപക്ഷീയമാണ്. ഉത്തര മലബാറിൽ, പ്രത്യേകിച്ച് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിരവധി യു.ഡി.എഫ്. സ്ഥാനാർത്ഥികൾ അക്രമത്തിനിരയാകുകയും അവരുടെ വീടാക്രമിക്കപ്പെടുകയും വാഹനങ്ങളും വസ്തുവകകളും നശിപ്പിക്കപ്പെടുകയും ചെയ്തു. ഈ കേസുകളെല്ലാം ഉണ്ടായിട്ടും അങ്ങ് പറയുന്നത് 37 കേസുകളേ യു.ഡി.എഫ്.ന്റേതായിട്ടുള്ളൂ

എന്നാണ്. 38 കേസുകൾ എൽ.ഡി.എഫ്. നൽകിയതാണെന്നാണ് പറയുന്നത്. ഇത് വളരെ ഏകപക്ഷീയമാണ്. യു.ഡി.എഫ്. പ്രവർത്തകരെ വേട്ടയാടുന്നു വെന്നതാണ് അവിടെ സംഭവിക്കുന്നത്. നിരവധിയാളുകൾ ആശുപത്രിയിൽ ചികിത്സയിലാണ്. ഇത്തരം സംഭവങ്ങളിൽ പോലീസ് ഏകപക്ഷീയമായി പെരുമാറുകയാണ്. ഞങ്ങളുടെ സമരം ശ്രദ്ധിക്കുന്നില്ല. ഇത് കാണാതെ പോകരുത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കാര്യമാണ് അംഗം പറഞ്ഞത്. എന്നാൽ ഇപ്പോൾ കാസർഗോഡ് ജില്ലയിലെ കാര്യം മാത്രമാണ് പരിശോധിച്ചത്. അവിടത്തെ കണക്കാണ് ഞാൻ പറഞ്ഞത്. ജില്ലയിൽ ആകെ 113 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിലാണ് എൽ.ഡി.എഫ്. പ്രവർത്തകർ പരാതിക്കാരായി 38 കേസുകളും യു.ഡി.എഫ്. പ്രവർത്തകർ പരാതിക്കാരായി 37 കേസുകളുമുണ്ടായത്. ഇതാണ് യഥാർത്ഥ സംഭവങ്ങൾ. നിങ്ങൾ പലതും കേട്ടിട്ടുണ്ടാകും. പക്ഷേ അതൊന്നും കേസായി വന്നിട്ടില്ല. ധാരാളമാളുകൾ ഇപ്പോഴും ആശുപത്രിയിൽ കിടക്കുന്നുവെന്ന് പറയുന്നതെല്ലാം ഇല്ലാത്ത കാര്യമാണെന്ന് നിങ്ങൾക്കുതന്നെ അറിയാം. ആ ഘട്ടത്തിലുള്ള ചില പ്രചരണങ്ങളുടെ ഭാഗമായി വന്നുവെന്ന് മാത്രമേയുള്ളൂ. പക്ഷേ ഒരു കാര്യം ഞാൻ ഉറപ്പിച്ച് പറയാം. ഏതെങ്കിലും തെറ്റായ കാര്യം നടന്നുവെങ്കിൽ അതിൽ യു.ഡി.എഫ്.-ഓ എൽ.ഡി.എഫ്.-ഓ ബി.ജെ.പി.-യോ എൻ.ഡി.എ.-യോ എന്നൊന്നുമുള്ള കാര്യം നോക്കില്ല. ആര് തെറ്റ് ചെയ്താലും അവർക്കെതിരെ കർക്കശ നടപടിയുണ്ടാകുകയും ചെയ്യും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) <u>പ്രത്യേക ഭൂപതിവ് ചട്ടങ്ങൾ</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇടുക്കി ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കൈവശ ഭൂമിയിൽ പട്ടയം ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ ഇന്ന് പ്രതീക്ഷയിലാണ്. ഇടുക്കി ജില്ലയുടെ ചരിത്രവും കുടിയേറ്റവും കുടിയേറ്റ കർഷകരുടെ ജീവിത പശ്ചാത്തലവും നമുക്കറിയാം. ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ ഏറെ ശ്രദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ജില്ലയിൽ എത്തിച്ചേർന്ന് രണ്ടോ മൂന്നോ റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പട്ടയനടപടികൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടു പോകുന്നതിന് ശ്രമിച്ചുവരുന്ന കാര്യവും ഏറെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഈ സഭയിൽ ഓർക്കുന്നത്. പദ്ധതി പ്രദേശത്ത് പട്ടയം കൊടുക്കുന്ന കാര്യത്തിൽ പ്രത്യേകിച്ച് ശ്രീ. എം. എം. മണി, ഇടുക്കിയിൽനിന്നുള്ള ഒരു മന്ത്രിയെന്നുള്ള

നിലയിൽ കെ.എസ്.ഇ.ബി.യുടെ എല്ലാവിധ സഹായവും ചെയ്തുവരുന്നു എന്നുള്ളതും അർഹരായവർക്ക് പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു എന്നുള്ളതിൽ ഏറെ സന്തോഷമുണ്ട്. കഞ്ഞിക്കുഴി, വാഴത്തോപ്പ് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പട്ടയം ലഭിക്കാൻ സാധ്യതയില്ലായിരുന്നുവെന്ന് വിചാരിച്ച സ്ഥലങ്ങളിലും പ്രത്യേക ഉത്തരവിറക്കി പട്ടയം കൊടുത്തുവരുന്നുവെന്നുള്ളത് അഭിമാനത്തോടു കൂടിയാണ് ഞാൻ ഓർക്കുന്നത്. ഇടുക്കി ജില്ലയിലെ കൈവശമുള്ള ഭൂമിയിൽ കൃഷി ചെയ്തുവരുന്ന കർഷകർക്ക് അവരുടെ വ്യാവസായികാവശ്യങ്ങൾക്ക് (Commercial purpose) വേണ്ടിയുള്ള കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ളവ ചെയ്യുന്നതിന്, അഞ്ചും എട്ടും പത്തും പതിനഞ്ചും അമ്പതും വർഷങ്ങളായി കൈവശമുള്ള ഭൂമിയിൽ നിർമ്മാണ നിരോധനവുമായി ബന്ധപ്പെട്ട് ഇറക്കിയ ഒരു ഉത്തരവ് വലിയ തടസ്സങ്ങൾ സൃഷ്ടിക്കുകയുണ്ടായി. അതിനെതിരെ നിരവധി സമരങ്ങൾ നടന്നു. ഒരു ഘട്ടത്തിൽ കട്ടപ്പനയിൽ ഞാൻ തന്നെ നിരാഹാരമിരുന്ന കാര്യം ഓർക്കുകയാണ്. 17-12-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും ഉൾപ്പെട്ട സർവ്വകക്ഷി യോഗം ചേർന്നപ്പോൾ ആ ജില്ലയിൽനിന്ന് പങ്കെടുത്ത എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രതിനിധികളും ഒരേ അഭിപ്രായമാണ് ഉന്നയിച്ചത്. ഗവൺമെന്റ് അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുകയും ചെയ്തു. എന്നാൽ തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചില മാറ്റങ്ങൾ വരണമെന്ന് ആഗ്രഹിച്ചുകൊണ്ടാണോ എന്നെനിക്ക് അറിയില്ല, ബഹുമാനപ്പെട്ട ഹൈക്കോടതിയെ ചിലർ സമീപിക്കുകയും കോടതി ഇടപെടലുകളുണ്ടാകുകയും ചെയ്തത് മുന്നോട്ടുള്ള നീക്കത്തിന് തടസ്സമായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഈ ചട്ടങ്ങളിൽ ഭേദഗതി വരേണ്ടത് അനിവാര്യമാണ്. മൂന്നാർ പ്രദേശത്തെ സംരക്ഷിക്കുന്നതിന് പ്രത്യേക നിയമമുണ്ടാക്കണം. അതിനുവേണ്ടി എട്ട് വില്ലേജുകൾ കണ്ടെത്തി. ആനവിലാസം പോലുള്ള വില്ലേജുകൾ ഇതിന്റെ പരിധിയിൽനിന്ന് ഒഴിവാക്കപ്പെടേണ്ടതാണ്. മൂന്നാറിന്റെ ഉയർച്ചയാണ് നമുക്കാവശ്യം. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ മൂന്നാറിന് വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായി മൂന്നാർ മാറുകയാണ്. മൂന്നാറിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. ബഹുനില മന്ദിരങ്ങളല്ല, പ്രകൃതിക്കനുയോജ്യമായ നിർമ്മാണപ്രവർത്തനങ്ങൾ മൂന്നാറിൽ വരികയും ടൂറിസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ഭൂപതിവ് ചട്ടങ്ങളിൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരവും

നൽകിയിട്ടുള്ള പട്ടയ ഭൂമിയിലെ നിർമ്മാണ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടവും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടവും കാലാനുസൃതമായി നിയമ ഭേദഗതി ചെയ്യുക എന്നുള്ളതുമാത്രമാണ് അനിവാര്യം. ഇടുക്കിയിലെ ജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയണം. ജനജീവിതം ഇന്ന് നല്ല നിലയിൽ മുന്നോട്ടുപോകുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും റോഡുകളുടെ നിലവാരമുയർത്തുകയും അതോടൊപ്പംതന്നെ മെഡിക്കൽ കോളേജുൾപ്പെടെ എല്ലാ മേഖലയിലും സമഗ്രമായ മാറ്റമുണ്ടാകുകയും ചെയ്യുമ്പോൾ അവിടത്തെ ജീവിത സാഹചര്യത്തിനനുസരിച്ച് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടപ്രകാരവും കൊടുത്തിട്ടുള്ള പട്ടയങ്ങളിന്മേൽ അവർക്ക് എല്ലാവിധ അവകാശങ്ങളും കൊടുക്കാൻ സാധിക്കത്തക്ക വിധത്തിൽ ആവശ്യമായ ഭേദഗതി കൊണ്ടുവരണമെന്നും മൂന്നാറിന്റെ സംരക്ഷണത്തിന് പ്രത്യേക നിയമനിർമ്മാണം നടത്തണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

11.00 AM]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ സന്ദർഭങ്ങളിലായി വിളിച്ചുചേർത്ത യോഗങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തിട്ടുള്ളതാണ്. സർക്കാർ സ്വീകരിച്ച തുടർനടപടിയെയും അതുമായി ബന്ധപ്പെട്ട കേസിൽ കോടതി ഇടപെടലുണ്ടായതുമുൾപ്പെടെയുള്ള കാര്യങ്ങളുമെല്ലാം അദ്ദേഹം ഇവിടെ പരാമർശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടിരിക്കുന്ന വിഷയത്തിൽ നിലവിൽ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് വളരെ സംക്ഷിപ്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും ഗൃഹനിർമ്മാണത്തിനും ഗുണപരമായ ഉപയോഗത്തിനും മാത്രമാണ്. എന്നാൽ 1993-ലെ ഭൂപതിവ് ചട്ടപ്രകാരം ചെറിയ ഷോപ്പുകൾകൂടി പതിവ് ഭൂമിയിൽ അനുവദനീയമാണ്. പതിവ് വ്യവസ്ഥകളുടെ ലംഘനത്തോടുകൂടിയുള്ള നിർമ്മിതികളും വാണിജ്യ നിർമ്മിതികളും അനുവദനീയമല്ല. എന്നാൽ പതിവ് വ്യവസ്ഥകളുടെ ലംഘനത്തോടുകൂടിയ വാണിജ്യ വ്യാപാര കെട്ടിടങ്ങൾ സംസ്ഥാനത്തൊട്ടുക്കും പതിവ് ഭൂമിയിൽ നിലവിലുള്ളത് ഒരു യാഥാർത്ഥ്യവുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-1-2010-ലെ റിട്ട് പെറ്റീഷൻ കേസിലെ ഇടക്കാല വിധിന്യായത്തിൽ ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിൽ അനധികൃത ഖനനങ്ങളും വ്യാപകമായ ഭൂമി കയ്യേറ്റവും വ്യാജ പട്ടയങ്ങളും പരിസ്ഥിതിയെ ദുർബലപ്പെടുത്തുന്ന രീതിയിലുള്ള

നിർമ്മാണങ്ങളുമുള്ളതായി നിരീക്ഷിക്കുകയും മൂന്നാർ മേഖലയിലെ നിർമ്മാണങ്ങൾക്ക് റവന്യൂ വകുപ്പിന്റെ നിരാക്ഷേപപത്രം നിർബന്ധമാക്കുകയുമുണ്ടായി. പ്രസ്തുത ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ മൂന്നാർ ട്രിബ്യൂണലിന്റെ പരിധിയിലുണ്ടായിരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തുവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ എട്ട് വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാർ പ്രദേശത്തെ ഭൂപതിവ് ചട്ടങ്ങളുടെ ലംഘനത്തോടുകൂടിയുള്ള ചെറിയ നിർമ്മിതികൾ വ്യവസ്ഥകളോടെ സാധൂകരിച്ച് നൽകുന്നതിന് തത്വത്തിൽ തീരുമാനം കൈക്കൊണ്ട് 22-8-2019-ലും 10-10-2019-ലും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17983/19 നമ്പർ കേസിലെ വിധിന്യായപ്രകാരം ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പൊസഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന ഭൂമി കേരള ലാൻഡ് അസൈൻമെന്റ് ആക്ട്, 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചുനൽകിയതാണോ എന്ന് വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും അപ്രകാരം പതിച്ച് നൽകിയതാണെങ്കിൽ അക്കാര്യംകൂടി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്നും വിധിക്കുകയുണ്ടായി. അതിനെതിരെ സർക്കാർ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അപ്പീൽ ഫയൽ ചെയ്തെങ്കിലും അതെല്ലാം തള്ളുകയാണുണ്ടായത്. തുടർന്ന് മേൽനിർദ്ദേശം ഉൾപ്പെടുത്തി 2-12-2020-ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പതിവ് ഭൂമിയിലെ പതിവ് വ്യവസ്ഥകളുടെ ലംഘനത്തോടുകൂടിയുള്ളതും എന്നാൽ ഉപജീവനാർത്ഥമുള്ളതുമായി മാറിയ ചെറിയ നിർമ്മിതികൾ സാധൂകരിച്ച് നൽകുന്നതിനായി ബന്ധപ്പെട്ട ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി നടന്നുവരികയുമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ,....(മൈക്ക് ഓഫ്).....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്... സബ്മിഷന് ഉപചോദ്യം അനുവദിക്കുന്നതല്ല.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ,.....(മൈക്ക് ഓഫ്).....ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ഇടുക്കി ജില്ലയിലെ ഒരു പ്രധാനപ്പെട്ട വിഷയമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എന്റെ അപേക്ഷ.

## (3) വേലിയേറ്റംമൂലമുണ്ടാകുന്ന പ്രതിസന്ധി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇന്ത്യയിലെതന്നെ ഏറ്റവും പരിസ്ഥിതിലോലപ്രദേശമായ മൺട്രോതുരുത്തിൽ ഏകദേശം 35 വർഷങ്ങൾക്ക ശേഷമാണ് അതിരൂക്ഷമായ വേലിയേറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. രണ്ട് മാസക്കാലമായി ഇരുന്നൂറിലധികം വീടുകളിൽ വെള്ളംകയറി താമസിക്കാൻ പറ്റാത്ത സാഹചര്യം അവിടെ നിലനിൽക്കുകയാണ്. മൺട്രോതുരുത്തിലെ ഒട്ടുമിക്ക വീടുകളിലെയും ജനങ്ങൾക്ക് മാത്രമല്ല, ആട്, കോഴി ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്കും ജീവിക്കാൻ പറ്റാത്ത അതിരൂക്ഷമായ പ്രതിസന്ധിയാണ് ഇപ്പോൾ നിലനിൽക്കുന്നത്. അവിടത്തെ ജനങ്ങൾക്ക് പ്രാഥമികാവശ്യംപോലും നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കോസ്റ്റൽ റെഗുലേഷൻ സോൺ ഏറ്റവും കൂടുതൽ ബാധിക്കുന്ന പ്രദേശമാണ് മൺട്രോതുരുത്ത്. CRZ-IB ആണ് ഇപ്പോൾ അവിടെ നിലനിൽക്കുന്നത്. ഓരോ ദിവസം കഴിയുമ്പോഴും അവിടത്തെ വീടുകളെല്ലാം ക്രമേണ ഭൂമിക്കടിയിലേയ്ക്ക് താഴ്ന്നുപോയി ക്കൊണ്ടിരിക്കുകയാണ്. ഇതിനോടകംതന്നെ പല ഘട്ടങ്ങളിലായി ധാരാളം കുടുംബങ്ങൾ വിവിധ മേഖലകളിലേയ്ക്ക് മാറി താമസിച്ചിരിക്കുകയാണ്. രണ്ടുമാസക്കാലമായി തുടർച്ചയായി വെള്ളം കയറിയതിന്റെ ഫലമായി വീടിന്റെ ഭിത്തിമട്ടം വരെ വെള്ളം കെട്ടിനിൽക്കുകയാണെന്നാണ് ഇന്ന് ഞാൻ അവിടെ വിളിച്ചപ്പോഴും അറിയാൻ സാധിച്ചത്. കുട്ടികൾ വെള്ളത്തിൽ നിൽക്കുകയാണ്. അവിടെ പുനരധിവാസം ആവശ്യമാണ്. മൺട്രോതുരുത്തിലെ ഉയർന്ന പ്രദേശമായ പെരുങ്ങാലം ഒന്നാം വാർഡിൽ ഏതാണ്ട് ഒരേക്കർ റവന്യൂ ഭൂമിയും അതിന്റെ ചുറ്റുവട്ടത്തായി നാല് ഏക്കർ ഭൂമിയുമുണ്ട്. അക്വിസിഷൻ നടപടികളിലൂടെ ആ ഭൂമി ഏറ്റെടുത്ത് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ചുകൊടുത്താൽ 250-ഓളം വീട്ടുകാർ ഈ വെള്ളക്കെട്ടിൽനിന്നും രക്ഷപ്പെടും. അതുമാത്രമല്ല, അവിടത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന നെൽക്കൃഷിയും വ്യാപകമായി നശിച്ചിരിക്കുകയാണ്. മത്സ്യകൃഷിയുണ്ടായിരുന്നതും വെള്ളം കയറി ഒലിച്ചു പോകുകയാണ്. കരിമീൻ വളർത്തൽ, കൊഞ്ച് വളർത്തൽ എന്നീ ഉപജീവനമാർഗ്ഗങ്ങളെല്ലാം ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. അതൊരു സ്വപ്നഭൂമിയായി മാറുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരിട്ടറിയാവുന്ന പഞ്ചായത്താണ് മൺട്രോതുരുത്ത്. അവിടെയുണ്ടായിരുന്ന ചെറുതും വലുതുമായ റോഡുകളെല്ലാം നശിച്ചിരിക്കുകയാണ്. നിലവിൽ ആ റോഡിൽക്കൂടി തോണിയിലൂടെയാണ് ആളുകൾ യാത്രചെയ്യുന്നത്. ജില്ലാ കളക്ടറേറ്റിലെ ഉദ്യോഗസ്ഥരും തഹസീൽദാരും റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെടെ ഞങ്ങളെല്ലാവരും അവിടെ പോയിരുന്നു. ഞാൻ രണ്ടുമൂന്ന് ദിവസം

നിരന്തരമായി അവിടെ സന്ദർശിച്ചിരുന്നു. നമ്മൾ വിചാരിക്കുന്നതുപോലെയല്ല, ജീവിക്കാൻ കഴിയാത്ത പരിതാപകരമായ സാഹചര്യമാണ് അവിടെയുള്ളത്. കഴിഞ്ഞ പ്രളയത്തിൽ ഉണ്ടായതിനേക്കാൾ അതിരൂക്ഷമായ സാഹചര്യത്തിലാണ് മൺട്രോതുരുത്തിലെ ജനങ്ങൾ ജീവിക്കുന്നത്. കയർ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ മൊത്തം പൂട്ടിക്കിടക്കുകയാണ്. കയർ പിരിക്കുന്ന സ്ഥലം മുഴുവൻ വെള്ളം കെട്ടിനിൽക്കുന്നതിനാൽ അവർക്ക് ജോലി ചെയ്യാൻ സാധിക്കുന്നില്ല. അങ്ങനെയുള്ള ധാരാളം ബുദ്ധിമുട്ടുകളുണ്ട്. കാർഷിക മേഖല, മത്സ്യമേഖല എന്നിവയെല്ലാം ഇല്ലാതായി, നെൽകൃഷി ഇല്ലാതായി. അവിടത്തെ ആളുകൾക്ക് കാലിൽ ചൊറിച്ചിലുണ്ടാകുന്നു, ശരീരം ചൊറിഞ്ഞുപൊട്ടിയൊഴുകുന്നു, അങ്ങനെയുള്ള മാരകമായ രോഗങ്ങൾക്ക് അടിമപ്പെടുകയാണ്. അതുകൊണ്ട് പുനരധിവാസം അടിയന്തരമായി നടപ്പിലാക്കണം. മൺട്രോതുരുത്തിലെ ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകാൻ നടപടിയുണ്ടാകണം. അവരെ മാറ്റിത്താമസിപ്പിക്കുന്നതിനുവേണ്ടി അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. പരിസ്ഥിതിലോല പ്രദേശമെന്ന നിലയിൽ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ ഒരു കമ്മിറ്റി നിലവിലുണ്ടായിരുന്നു. CESS (Centre for Earth Science Studies)-ഉം മറ്റ് വിവിധ ഏജൻസികളും വന്ന് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകളൊന്നും ഇതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ടൂറിസം, റവന്യൂ, ഫിഷറീസ് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ യോജിച്ച പ്രവർത്തനത്തിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളൂ. രണ്ട് വർഷത്തിനുമുമ്പും മൺട്രോതുരുത്തിന്റെ ദയനീയാവസ്ഥ ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും വളരെ താൽപ്പര്യമെടുത്ത് അതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിൽ, കേരളത്തിലെ മൺട്രോതുരുത്തിൽ മാത്രമാണ് ഇത്രയും രൂക്ഷമായ വേലിയേറ്റമുണ്ടാകുന്ന ദയനീയ സ്ഥിതി നിലനിൽക്കുന്നത്. കുട്ടനാട്ടിൽപ്പോലും ഇത്രയും പ്രശ്നം ഇപ്പോഴില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര സഹായവും അടിയന്തരമായ ഇടപെടലുകളും ഉണ്ടാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സഭയോടും ബഹുമാനപ്പെട്ട മന്ത്രിയോടും സൂചിപ്പിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ഉന്നയിച്ച മൺട്രോതുരുത്തിലെ വളരെ പ്രയാസകരമായ ജീവിതസാഹചര്യം പൂർണ്ണമായ അർത്ഥത്തിൽ ശരിയാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. 2004 ഡിസംബറിലെ സുനാമിക്കുശേഷം മൺട്രോതുരുത്തിൽ വർഷാവർഷം ആവർത്തിച്ചുവരുന്ന വേലിയേറ്റം ഒക്ടോബർ

മാസം ആരംഭിച്ച് ഏകദേശം മേയ് മാസം വരെ നീണ്ടുനിൽക്കുകയാണ് ചെയ്യുന്നത്. മുൻവർഷങ്ങളേക്കാൾ രൂക്ഷമായ വേലിയേറ്റമാണ് ഈ വർഷം അനുഭവപ്പെടുന്നത്. കഴിഞ്ഞ വർഷങ്ങളിൽ വെള്ളം കയറാതിരുന്ന സ്ഥലങ്ങളിൽപ്പോലും ഇത്തവണ ഉയർന്ന വേലിയേറ്റം കാരണം വെള്ളം കയറിയിട്ടുണ്ട്. പ്രദേശത്തെ ഏകദേശം 700-ലേറെ കുടുംബങ്ങൾ വേലിയേറ്റ ഭീഷണിയിലാണ്. വേലിയേറ്റ സമയത്ത് വീടുകളിൽ വെള്ളം കയറുന്നതുമൂലം സാംക്രമിക രോഗങ്ങളടക്കമുള്ളവയ്ക്ക് സാധ്യതയും കാണുന്നുണ്ട്. തുടർന്നുള്ള മാസങ്ങളിൽ സ്ഥിതി രൂക്ഷമാകാൻ സാധ്യതയുണ്ട്. അടിയന്തര സാഹചര്യം സംജാതമായാൽ ഏതുസമയത്തും ജനങ്ങളെ മാറ്റിപ്പാർപ്പിച്ച് താമസം, ഭക്ഷണസൗകര്യം എന്നിവ ഏർപ്പാടാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കൊല്ലം തഹസീൽദാർക്കും മൺട്രോതുരുത്ത് വില്ലേജ് ഓഫീസർക്കും നൽകിയിട്ടുണ്ട്. വേലിയേറ്റ സമയത്ത് വെള്ളം കയറുന്നത് പരിഹരിക്കാനായി അവിടത്തെ പ്രധാന തോടുകളായ ഇടിയക്കടവ് തോട്, കാരൂത്രക്കടവ് തോട്, മലയൻതോട്, മലയിൽ തോട്, ചിറയിൽ തോട്, പുളിമൂട്ടിൽ തോട് മുതലായ തോടുകൾ ആഴംകൂട്ടി തീരസംരക്ഷണം നടത്തേണ്ടതുണ്ടെന്ന് ചെറുകിട ജലസേചന വിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രദേശത്തെ 74-ഓളം വരുന്ന ചെറിയ നീർചാലുകൾ ആഴംകൂട്ടി കയർ ഭൂവസ്ത്രം വിരിച്ച് അരിക് ബലപ്പെടുത്തേണ്ടതുണ്ടെന്നും ജലസേചന വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. മൺട്രോതുരുത്ത് പഞ്ചായത്തിലെ വിവിധ തോടുകളുടെ തീരസംരക്ഷണം എന്ന പേരിൽ ചെറുകിട ജലസേചന വിഭാഗം 300 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരത്തിന് അയച്ചിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് വിശദമായ പ്രോജക്ട് വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അതിന്മേൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്. വേലിയേറ്റവും ഭൂമിശാസ്ത്രപരമായ സവിശേഷതകൾമൂലവും മത്സ്യ-ചെമ്മീൻ കൃഷിക്ക് സാരമായ നാശനഷ്ടം സംഭവിക്കുന്നുണ്ട്. അതുകാരണം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജുകൾ മൺട്രോതുരുത്തിനായി പ്രഖ്യാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിൽ 12-1-2021-ൽ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്തിരുന്നു. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ദീർഘകാല-ഹ്രസ്വകാല പദ്ധതികളുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കി ബന്ധപ്പെട്ട ജില്ലാ മേധാവികൾക്ക് നടപടികൾക്കായി കൈമാറിയിട്ടുണ്ട്. മൺട്രോതുരുത്തിലെ ദുരന്ത ലഘൂകരണ മുന്നൊരുക്കത്തിന്റെ ഭാഗമായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പങ്കാളിത്തത്തോടുകൂടി സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ നിവാരണ പദ്ധതി 2015-16-ൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി മൺട്രോതുരുത്ത് വില്ലേജിനായി ദുരന്തനിവാരണ ആസൂത്രണ രേഖയുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ പ്രദേശത്തെ ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് അതുമായി ബന്ധപ്പെട്ട കാര്യങ്ങളുൾപ്പെടെ ആലോചിക്കാവുന്നതും തീരുമാനിച്ച് നടപ്പാക്കാവുന്നതുമാണ്.

## (4) കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. വി. ഡി. സതീശൻ: സർ, കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമുദായമാണ് കുടുംബി സമുദായം. അവർക്ക് സർക്കാർ സർവ്വീസിലോ മറ്റ് സർവ്വീസുകളിലോ ഒന്നും ആവശ്യമായ പ്രാതിനിധ്യമില്ല. വിദ്യാഭ്യാസ രംഗത്തും കുടുംബി സമുദായത്തിലെ കുട്ടികൾക്ക് സംവരണം കിട്ടാത്തതുകൊണ്ട് അടുത്ത തലമുറയ്ക്കും ഭാവിയിലെ പ്രതീക്ഷകൾ അറ്റുപോയിരിക്കുകയാണ്. പലപ്പോഴും പല സ്ഥലത്തും ഈ സമുദായാംഗങ്ങൾ ജീവിക്കുന്നത് വളരെ പരിതാപകരമായ സാമൂഹികാവസ്ഥയിലും സാമ്പത്തികാ വസ്ഥയിലുമാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനായി വല്ലാതെ പ്രയാസപ്പെടുന്ന ഒരു സമൂഹമാണിത്. കഠിനാദ്ധ്വാനം നടത്തുന്നവരാണെങ്കിൽപ്പോലും അതിന്റെ ഫലം അവർക്ക് ലഭിക്കുന്നില്ല. ജോലിയിലോ വിദ്യാഭ്യാസത്തിലോ ആവശ്യമായ സംവരണമോ പിന്തുണയോ ഇല്ലാതെ പ്രയാസപ്പെടുന്ന ഒരു സമൂഹമാണ്. കുടുംബി സമുദായത്തെ പട്ടികജാതിയിൽപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇതിനുമുമ്പ് സർക്കാർ ശിപാർശകൾ അയച്ചിട്ടുണ്ടെങ്കിലും അത് അംഗീകരിക്കപ്പെട്ടിട്ടില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് നൽകിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സിൽനിന്നും സംസ്ഥാന ഗവൺമെന്റിന്റെ ശിപാർശ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കത്ത് സംസ്ഥാന ഗവൺമെന്റിന്റെ എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. അതുസംബന്ധിച്ച് റിപ്പോർട്ടും ശിപാർശയും നൽകാൻ കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇത് പരാമർശിച്ചു കൊടുക്കാനുള്ള കോംപീറ്റന്റ് ഏജൻസിയാണ് കിർത്താഡ്സ്. പട്ടികജാതി/

പട്ടികവർഗ്ഗ ലിസ്റ്റിലേയ്ക്ക് ആളുകളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശിപാർശ നൽകണമെന്ന് നിരവധി പ്രാവശ്യം കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും സംസ്ഥാന ഗവൺമെന്റ് ഇതുവരെ നൽകിയിട്ടില്ല. അതുകൊണ്ട് പാർശ്വവത്കരിക്കപ്പെട്ട ജനസമൂഹമായ കുടുംബി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് അടിയന്തരമായി ശിപാർശ നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കുടുംബി സമുദായത്തിൽപ്പെട്ട കുറച്ച് ആളുകൾ എന്റെ പ്രദേശമായ കടകംപള്ളിയിലുമുണ്ട്. രാജഭരണ കാലത്ത് ഒരുവാതിൽകോട്ട എന്ന പ്രദേശത്ത് രാജാവ് കൂട്ടിക്കൊണ്ടുവന്ന് താമസിപ്പിച്ച ഒത്തിരിപേർ ഈ സമുദായത്തിൽപ്പെട്ടവരായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ അവരുടെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. 1978-ലാണ് ആദ്യം കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻവേണ്ടി ഒരു ശിപാർശ സംസ്ഥാന ഗവൺമെന്റ് നൽകിയത്. പക്ഷെ അന്ന് അത് അംഗീകരിക്കപ്പെട്ടില്ല. 1982-ൽ വീണ്ടും നൽകിയ ശിപാർശയിന്മേൽ കേന്ദ്ര സർക്കാർ അധിക വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ കോംപീറ്റന്റ് ഏജൻസിയായ കിർത്താഡ്സ് അന്ന് പ്രതികൂലമായ റിപ്പോർട്ടാണ് കൊടുത്തത്. പിന്നീട് 10-12-2014-ൽ വീണ്ടും കേന്ദ്ര സർക്കാരിന് ശിപാർശ നൽകി. 2014-ൽ കൊടുത്ത ശിപാർശയ്ക്ക് 2017 ആയപ്പോൾ കൂടുതൽ വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെടുകയായിരുന്നു. വളരെ വിശദമായ പ്രൊഫോർമ റിപ്പോർട്ടാണ് ആവശ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കിർത്താഡ്സിനോട് അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കത്ത് കൊടുത്തെങ്കിലും അത് ഇനിയും ലഭിച്ചിട്ടില്ല. രണ്ട് മാസത്തിനകം റിപ്പോർട്ട് ലഭ്യമാകുമെന്നാണ് കരുതുന്നത്. കിർത്താഡ്സിന്റെ പഠനം നടന്നുവരുന്നുവെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ നിശ്ചയമായും ഈ ശിപാർശ കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയയ്ക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാണ്.

## (5) ശബരിമല ഇടത്താവളം

ശ്രീ. എൽദോ എബ്രഹാം: സർ, പതിനായിരക്കണക്കിന് ശബരിമല തീർത്ഥാടകർ കടന്നുപോകുന്ന നാടാണ് മൂവാറ്റുപുഴ. മൂവാറ്റുപുഴ വെള്ളൂർക്കുന്നം ശ്രീമഹാദേവ ക്ഷേത്രം, ശ്രീകുമാര ഭജന ദേവസ്വം ക്ഷേത്രം, പുഴക്കരക്കാവ് ദേവീ ക്ഷേത്രം തുടങ്ങിയ സുപ്രധാനമായ മൂന്ന് ക്ഷേത്രങ്ങളാണ് പതിറ്റാണ്ടുകളായി മൂവാറ്റുപുഴവഴി കടന്നുപോകുന്ന വിശ്വാസികൾക്ക് ആവശ്യമായ ഭക്ഷണവും താമസസൗകര്യവും പ്രാഥമിക ആവശ്യങ്ങൾക്കുള്ള ക്രമീകരണങ്ങളുമെല്ലാം ഒരുക്കിക്കൊണ്ടിരിക്കുന്നത്. മലേഷ്യ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ നിന്നുള്ള തീർത്ഥാടകർക്ക് മൂവാറ്റുപുഴ പുഴക്കരക്കാവ് ക്ഷേത്രത്തിലുൾപ്പെടെ ക്യാമ്പ് ചെയ്യുന്നതിനുള്ള സൗകര്യവും അതോടൊപ്പംതന്നെ വന്നുചേരുന്ന ആയിരക്കണക്കിന് വിശ്വാസികൾക്ക് അവശ്യംവേണ്ട എല്ലാ ക്രമീകരണവും മൂവാറ്റുപുഴയിൽ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. മനോഹരമായ മൂവാറ്റുപുഴ പുഴയും ഈ ക്ഷേത്രങ്ങളോട് ചേർന്നാണ് കടന്നുപോകുന്നത്. പാർക്കിംഗ് സൗകര്യവും ഈ ക്ഷേത്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. തീർത്ഥാടകരുടെ എല്ലാ ആവശ്യങ്ങളും കണക്കിലെടുത്ത് ശബരിമല തീർത്ഥാടകർ കടന്നുപോകുന്ന ഒരു പ്രധാനപ്പെട്ട കേന്ദ്രമെന്ന നിലയിൽ മൂവാറ്റുപുഴയിൽ ശബരിമല ഇടത്താവളം അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ വിഷയത്തിൽ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററിനെക്കുറിച്ചുൾപ്പെടെ നമുക്ക് ആലോചിക്കേണ്ടതാണ്. ഇക്കാര്യം പരിഗണിക്കണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശബരിമല ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ സ്ഥലസൗകര്യമുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ആധുനിക രീതിയിൽ വിശ്രമ സങ്കേതങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ ധനസഹായത്തോടെ ആദ്യഘട്ടമെന്ന നിലയിൽ നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശുകപുരം, മണിയങ്കോട്, ചിറങ്ങര എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് 145 കോടി രൂപ ചെലവിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം നിർവ്വഹിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും അതിനാവശ്യമായ അനുമതിയും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുന്നത് സ്വകാര്യ ക്ഷേത്രങ്ങളുടെ കാര്യമാണ്. സ്വകാര്യ

ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ വെള്ളൂർക്കുന്നം ശ്രീമഹാദേവ ക്ഷേത്രത്തിന് 10 കിലോമീറ്റർ അകലെയായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കീഴില്ലം മഹാദേവ ക്ഷേത്രത്തിൽ ശബരിമല തീർത്ഥാടകർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല ഇടത്താവളം ഒരുക്കുന്നുണ്ട്. എന്നാൽ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയായ 'തത്വമസി' എന്നൊരു പ്രോജക്ട് സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കുകയാണ്. ആ പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് മൂവാറ്റുപുഴയിലെ സ്വകാര്യ ക്ഷേത്രങ്ങളായ ശ്രീകുമാരഭജന ദേവസ്വം ക്ഷേത്രം, വെള്ളൂർകുന്നം ശ്രീമഹാദേവ ക്ഷേത്രം, പുഴക്കരക്കാവ് ദേവീ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവിടെ ശബരിമല തീർത്ഥാടകരുൾപ്പെടെയുള്ള ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്.

## (6) കുടിവെള്ള പദ്ധതികൾ

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്. കൊച്ചി കോർപ്പറേഷന്റെ ഭാഗമായ പള്ളുരുത്തി-ഇടക്കൊച്ചി ഭാഗങ്ങളിലും ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുമാണ് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഉയർന്ന തോതിലുള്ള ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണിതെല്ലാം. ആലുവ ജല ശുദ്ധീകരണശാലയിലെ ജലം ഇളംകുളം പമ്പ് ഹൗസിലെത്തിച്ച് അവിടെനിന്നും പമ്പ് ചെയ്താണ് ഇടക്കൊച്ചി-പള്ളുരുത്തി പ്രദേശങ്ങളിൽ കുടിവെള്ള മെത്തിക്കുന്നത്. ഈ പ്രദേശത്ത് പ്രതിദിനം 19 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ നിലവിൽ ഇതിന്റെ 60 ശതമാനംപോലും ലഭ്യമാകുന്നില്ല. ഒരുദിവസം മൂന്ന് പമ്പുകൾ പൂർണ്ണമായും പ്രവർത്തിച്ചാൽ മാത്രമേ ആവശ്യമായ ജലം ലഭ്യമാകുകയുള്ളൂ. എന്നാൽ നിലവിൽ ഒരു ദിവസം മൂന്ന് പമ്പുകൾ 20 മണിക്കൂറും അടുത്ത ദിവസം രണ്ട് പമ്പുകൾ 17 മണിക്കൂറും ഇടവിട്ടാണ് പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. ഇങ്ങനെ പ്രവർത്തിച്ചാൽ ആവശ്യമായ ജലം ലഭിക്കില്ല. കൂടാതെ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സവും പമ്പുകൾ കേടാകുന്നതുമെല്ലാം കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുകയാണ്. ഇവിടത്തെ കുടിവെള്ള

ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ നിർമ്മാണത്തിനായി ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസിന്റെയും എന്റെയും എം.എൽ.എ. ഫണ്ടുകൾ ഉപയോഗിക്കുന്നതാണ്. എന്നാൽ ആ പദ്ധതികൾ ഇഴഞ്ഞുനീങ്ങുകയാണ്. അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നുള്ളതാണ് സബ്മിഷന്റെ ഒരു ഭാഗം.

അതുപോലെ രൂക്ഷമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്ന ഉദയംപേരൂർ പഞ്ചായത്തിലെ പൂത്തോട്ട, മാളേകാട്, സൗത്ത് പറവൂർ, നടക്കാവ് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നത് കക്കാട് ജല ശുദ്ധീകരണശാലയിൽ നിന്നുമാണ്. നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ വാട്ടർ സപ്ലൈ സ്കീം-ടു-ആമ്പല്ലൂർ-എടക്കാട്ടുവയൽ- ഉദയംപേരൂർ എന്ന പദ്ധതി പ്രകാരമാണ് ഇവിടെനിന്നും ജലം ലഭ്യമാകുന്നത്. ഈ പദ്ധതി പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലേയ്ക്ക് പ്രതിദിനം 25 ലക്ഷം ലിറ്റർ കുടിവെള്ളമാണ് നൽകേണ്ടത്. എന്നാൽ ഒരിക്കലും ഇത് ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല, കഴിഞ്ഞ 2020 ഡിസംബർ 1 മുതൽ 31 വരെയുള്ള ദിവസങ്ങളിലെ ജലലഭ്യത പരിശോധിച്ചാൽ രണ്ട് ദിവസം മാത്രമാണ് 20 ലക്ഷം ലിറ്റർ ജലം ലഭിച്ചിട്ടുള്ളതെന്ന് മനസ്സിലാകും. ഡിസംബർ മാസത്തിൽ പത്ത് ദിവസം ഒരു തുള്ളി ജലംപോലും ഈ പ്രദേശങ്ങളിൽ ലഭിച്ചിട്ടില്ല. അവിടെനിന്നും വിതരണം ചെയ്തിട്ടുള്ള ജലത്തിന്റെ ഓരോ ദിവസത്തിന്റെയും അളവ് സംബന്ധിച്ച ലിസ്റ്റ് എന്റെ കയ്യിലുണ്ട്. അതോടൊപ്പംതന്നെ നാല് ദിവസം ഒരു ലക്ഷം ലിറ്റർ വെള്ളം മാത്രമാണ് ലഭിച്ചിട്ടുള്ളത്. മാസത്തിൽ രണ്ട് ദിവസം മാത്രമാണ് ലഭ്യമാകേണ്ട വെള്ളം ലഭിക്കുന്നത്. അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ് നേരിടുന്നത്. ആഴ്ചകളോളം കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ആമ്പല്ലൂരും എടക്കാട്ടുവയലുമെല്ലാം കൃത്യമായി വെള്ളം വിതരണം ചെയ്യുമ്പോഴും ഉദയംപേരൂരിൽമാത്രം കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കാത്തത് ചില ഉദ്യോഗസ്ഥരുടെ ബോധപൂർവ്വമായ ഇടപെടൽമൂലമാണെന്ന സംശയം എനിക്കുണ്ട്. കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ദിവസംപോലും ആ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യാൻ തയ്യാറായില്ല. ഞാൻ അക്കാര്യം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് സംസാരിച്ചപ്പോഴും ഗൗരവത്തിലെടുക്കാൻ അവർ തയ്യാറാകുന്നില്ല. അവരുടെ മറുപടി നിരാശാജനകമാണ്. അവസാനം അവിടെ വന്ന് സത്യാഗ്രഹം ഇരിക്കുമെന്ന് പറഞ്ഞതിനുശേഷമാണ് തെരഞ്ഞെടുപ്പ് ദിവസം വെള്ളം വിതരണം ചെയ്യാൻ തയ്യാറായത്. അതും അന്നത്തെ ദിവസം ഒരു ലക്ഷം ലിറ്റർ ജലം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇത് വളരെ ഗൗരവതരമായ വിഷയമാണ്. നിരന്തരമായി

അഭ്യർത്ഥിച്ചതിന്റെ ഭാഗമായി ഉദയംപേരൂർ കുടിവെള്ള പദ്ധതി ആവിഷ്കരിച്ചെങ്കിലും അതിന് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുകയാണ്. അതിനാൽ ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ദയവായി ഈ കാര്യങ്ങൾ ഗൗരവത്തോടെയും പ്രാധാന്യത്തോടെയും പരിഹരിക്കണമെന്നും എന്റെ നിയമസഭാമണ്ഡലത്തിൽപ്പെട്ട ഇടക്കൊച്ചി-പള്ളുരുത്തി പ്രദേശങ്ങളിലും ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. രണ്ട് പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിച്ചത്. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ്, പള്ളുരുത്തി, ഇടക്കൊച്ചി പ്രദേശങ്ങളിൽ പ്രധാനമായും ആലുവ ജല ശുദ്ധീകരണശാലയിൽ നിന്നുള്ള ജലമാണ് വിതരണം ചെയ്യുന്നത്. പ്രതിദിനം 19 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ നിലവിൽ ഈ പ്രദേശങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുന്ന ജലത്തിന്റെ അളവ് 12.275 ദശലക്ഷം ലിറ്ററാണ്. 6.725 ലക്ഷം ലിറ്റർ വെള്ളത്തിന്റെ കുറവുണ്ട്. ഇടക്കൊച്ചിയിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി അരൂർ, പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി വാട്ടർ അതോറിറ്റി ടാങ്ക്സെറ്റ് വരെയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 'അമൃത്' പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി 2021 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഇടക്കൊച്ചിയിലെ കുടിവെള്ള വിതരണം മെച്ചപ്പെടുന്നതാണ്. കൊച്ചി കോർപ്പറേഷനിലേയും സമീപ പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആലുവയിൽ സ്ഥാപിക്കാൻ വിഭാവന ചെയ്തതും കിഫ്ബിയിലുൾപ്പെടുത്തി 267.3 കോടി രൂപയുടെ ഭരണാനുമതിക്കായി സമർപ്പിക്കാനുമിരിക്കുന്ന 143 ദശലക്ഷം ലിറ്റർ സ്ഥാപിതശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി പള്ളുരുത്തി പമ്പ് ഹൗസിൽ കൂടുതൽ ജലമെത്തിച്ച് ടി പ്രദേശങ്ങളിലെ ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കാൻ സാധിക്കും. ഉദയംപേരൂർ പഞ്ചായത്തിൽ ചൂണ്ടി ജലവിതരണശാലയിൽ നിന്നുമാണ് പ്രധാനമായും ജലം വിതരണം ചെയ്യുന്നത്. കൂടാതെ കക്കാട് ജല ശുദ്ധീകരണശാലയിൽ നിന്നും പ്രതിദിനം 15 ലക്ഷം ലിറ്റർ ജലം പഞ്ചായത്തിൽ വിതരണം ചെയ്യുന്നു. പഞ്ചായത്തിന്റെ ജല ആവശ്യകത

പ്രതിദിനം ആറ് ദശലക്ഷം ലിറ്ററാണ്. ആമ്പല്ലൂർ, എടക്കാട്ടുവയൽ, ഉദയംപേരൂർ എന്നിവിടങ്ങളിലേയ്ക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽനിന്ന് ഒന്നിടവിട്ട ദിവസങ്ങളിൽ ലഭിക്കുന്ന 2.5 ദശലക്ഷം ശുദ്ധജലം ഉദയംപേരൂർ പഞ്ചായത്തിലെ പൂത്തോട്ട, പറവൂർ, മാളേകാട് എന്നീ പ്രദേശങ്ങളെ രണ്ട് സോണുകളായി തിരിച്ച് ഓരോ സോണിലും നാല് ദിവസത്തിലൊരിക്കലാണ് പമ്പിംഗ് നടത്താൻ സാധിക്കുന്നത്. കക്കാട് നിന്നും ഉദയംപേരൂർ പഞ്ചായത്തിലേയ്ക്ക് ജലം എത്തിക്കുന്നതിന് നിലവിലുള്ള രണ്ട് ജല ശുദ്ധീകരണശാലകളിൽ (9 എം.എൽ.ഡി., 16 എം.എൽ.ഡി.) നിന്ന് പാഴൂർ ജലസംഭരണിയിലേയ്ക്ക് സ്ഥാപിച്ചിരിക്കുന്ന കാലഹരണപ്പെട്ട പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ 9 എം.എൽ.ഡി.യിൽ നിന്നുള്ള ഒരു പൈപ്പ് മുഖേന മാത്രമാണ് പാഴൂർ ജലസംഭരണിയിൽ ജലം എത്തിക്കാൻ സാധിക്കുന്നത്. എന്നാൽ പ്രസ്തുത പൈപ്പ് മാറ്റിസ്ഥാപിക്കേണ്ട സ്ഥാനത്ത് ചേർത്തല ജിക്കാ കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതി വഹിക്കുന്ന പ്രത്യേക ഭൂഗർഭ കേബിൾ കടന്നുപോകുന്നതുമൂലം പ്രവൃത്തി തടസ്സപ്പെടുകയുണ്ടായി. തുടർന്ന് കെ.എസ്.ഇ.ബി.എൽ.-മായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 11-1-2021 മുതൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. 28-2-2021-ൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ജലജീവൻ മിഷൻ 2020-2021'-ൽ ഉൾപ്പെടുത്തി ഉദയംപേരൂർ പഞ്ചായത്തിൽ 1000 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 239 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പണികൾ ആരംഭിച്ചിട്ടുള്ളതും 78 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്. ഉദയംപേരൂർ പഞ്ചായത്തിൽ 10 ദശലക്ഷം ലിറ്റർ ശുദ്ധജലം ലഭ്യമാക്കുന്നതിന് ചൂണ്ടി ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി കരിങ്ങാച്ചിറ പമ്പ് ഹൗസിൽനിന്ന് 100 എച്ച്.പി. പമ്പ്സെറ്റുകൂടി സ്ഥാപിക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങളും ആവശ്യമായ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായി 76 കോടി രൂപയുടെ പദ്ധതി നിർദ്ദേശം തയ്യാറാക്കിവരുന്നു. ടി പദ്ധതി നിർദ്ദേശം ജലജീവൻ മിഷൻ രണ്ടാംഘട്ടത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം പ്രാവർത്തികമാക്കാൻ സാധിക്കുന്നതും പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതുമാണ്. എനിക്ക് ബഹുമാനപ്പെട്ട എം.എൽ.എ.യോട് പറയാനുള്ളത് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാമെന്നാണ്.

## (7) പാവറട്ടി സെന്ററിലെ റോഡ് നവീകരണം

ശ്രീ. മുരളി പെരുനെല്ലി: സർ, ചാവക്കാട് നിന്നും പല വഴികളിലൂടെ തൃശ്ശൂർ ജില്ലയിലേയ്ക്കും കാഞ്ഞാണിവഴി തൃശ്ശൂർ ജില്ലയിലേയ്ക്കും തൃപ്രയാർക്കും ഓരോ മിനിട്ടിലും നിരവധി വാഹനങ്ങൾ കടന്നുപോകുന്ന ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ് പാവറട്ടി സെന്റർ. മഴ പെയ്താൽ വെള്ളക്കെട്ട് ഈ സെന്ററിന്റെ ശാപമായി നിലനിൽക്കുകയാണ്. വെള്ളക്കെട്ട് ഒഴിവാക്കാനും അതിനാവശ്യമായ വിധത്തിലുള്ള കാന നിർമ്മിക്കുന്നതിനും റോഡിന്റെ നവീകരണത്തിനുമായി 2019-2020-ലെ ബഡ്ജറ്റിൽ രണ്ടരക്കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നത് സന്തോഷകരമായ കാര്യമാണ്. എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനവും ഇതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഒന്നുരണ്ടുപ്രാവശ്യം ബന്ധപ്പെട്ടവരുടെ യോഗങ്ങൾ വിളിച്ചുചേർക്കുന്ന സ്ഥിതിവിശേഷവും ഉണ്ടായി. എന്നാൽ കാര്യമായ പുരോഗതി ഇതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുണ്ടായിട്ടില്ല. റോഡ് നവീകരണ പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അങ്ങയോട് ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പാവറട്ടി സെന്ററിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള കാന നിർമ്മാണവും സിഗ്നലിംഗ് സംവിധാനവുമുൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾക്കായി 2019 ഡിസംബർ മാസത്തിൽ രണ്ട് കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2020 മാർച്ച് 12-ന് ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. മുരളി പെരുനെല്ലിയുടെ അദ്ധ്യക്ഷതയിൽ പാവറട്ടി പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ യോഗം ചേരുകയുണ്ടായി. അവിടെ നടന്ന ചർച്ചയിൽ പുറമ്പോക്ക് ഭൂമിയുണ്ടെങ്കിൽ അത് കണ്ടെത്തുന്നതിനായി തൃപ്രയാർ-കാഞ്ഞാണി റോഡിൽ പുളിഞ്ചേരിപ്പടി മുതൽ കാശ്മീർ റോഡ് വരെയും പാവറട്ടി കൾച്ചറൽ ആഡിറ്റോറിയം മുതൽ കോൺവെന്റ് സ്കൂൾവരെയും സർവ്വേ നടത്തി നിർണ്ണയിക്കാനും തീരുമാനിച്ചു. സ്കെച്ച് ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി എസ്റ്റിമേറ്റ് സമർപ്പിക്കാനും തീരുമാനിച്ചു. സർവ്വേ നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനും സ്ഥലം ഏറ്റെടുത്ത് പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുമായി 1,28,000 രൂപയുടെ എസ്റ്റിമേറ്റും പാർട്ട് സാങ്കേതികാനുമതിക്കായി സമർപ്പിച്ച് അനുമതി ലഭിച്ച് ടെണ്ടർ നടത്തിയെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. ഇപ്പോൾ റീ-ടെണ്ടർ നടപടികൾ നടന്നുവരുന്നു. സർവ്വേ ജോലികൾക്കായി സർവ്വേയർമാരെ നിയോഗിച്ചിരുന്നു. ആ സമയത്ത് കോവിഡുമൂലം പ്രസ്തുത സ്ഥലം കണ്ടെയ്ൻമെന്റ്

സോൺ ആയതിനാൽ സർവ്വേ നടപടികൾ അപ്പോൾ ആരംഭിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ പുതിയ ടീമിനെ നിയമിച്ചിട്ടുണ്ട്. സാങ്കേതികാനുമതിയുടെ പ്രവൃത്തി കരാർ ഉറപ്പിക്കുന്ന മുറയ്ക്ക് പുറമ്പോക്ക് സർവ്വേ നടപടികളും അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കും. പ്രധാന പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണ്.

(8) വക്കം-കായിക്കരക്കടവ് പാലം

ശ്രീ. ബി. സത്യൻ: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ വി. ശശിയുടെ നിയോജകമണ്ഡലമായ ചിറയിൻകീഴ് നിയോജകമണ്ഡലത്തെയുംകൂടി ബന്ധിപ്പിക്കുന്ന ഒരു പാലമാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽപ്പെടുന്ന, വക്കവും ചിറയിൻകീഴ് മണ്ഡലത്തിൽപ്പെടുന്ന അഞ്ചുതെങ്ങ് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന അതിപ്രധാനമായ വക്കം-കായിക്കരക്കടവ് പാലം. 1873 ഏപ്രിൽ 12-നാണ് മഹാകവി കുമാരനാശാൻ കായിക്കര ഗ്രാമത്തിൽ ജനിച്ചത്. ഇന്ന് കുമാരനാശാൻ അനുസ്മരണവുമായി ബന്ധപ്പെട്ട ഒരു പരിപാടി ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ സംഘടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നിരവധി പ്രാവശ്യം വക്കത്ത് വന്നിട്ടുള്ളതാണ്. അതൊരു ചരിത്രഭൂമിയാണ്. സ്വാതന്ത്ര്യ സമര പോരാട്ട ചരിത്രത്തിലെ ജ്വലിക്കുന്ന നക്ഷത്രമായ വക്കം അബ്ദുൾ ഖാദറിന്റെയും സാംസ്കാരിക-സാമൂഹിക രംഗങ്ങളിലെ പ്രധാനപ്പെട്ട സാന്നിദ്ധ്യമായ വക്കം മൗലവിയുടെയും നാടാണത്. ഈ രണ്ട് ചരിത്ര ഭാഗങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് വക്കം-കായിക്കരക്കടവ് പാലം. അങ്ങ് മുൻകയ്യെടുത്ത് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മാണം ആരംഭിക്കാനുള്ള അനുമതിയാണ് നൽകിയത്. ഇത് സംബന്ധിച്ചൊരു ഏകോപനമില്ല എന്നതാണ് പ്രശ്നം. റവന്യൂ വകുപ്പ് സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നിരവധി തടസ്സങ്ങളുണ്ടായി. ആ തടസ്സങ്ങൾ നീക്കി പാലം നിർമ്മാണം വേഗത്തിലാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. ബി. സത്യൻ ഉന്നയിച്ച ടി.എസ്. കനാലിന് കുറുകെ വക്കം-കായിക്കര ഭാഗങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കായിക്കരക്കടവ് പാലത്തിന് 25 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തുകയും തത്വത്തിൽ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. മണ്ണുപരിശോധന നടത്തുകയും

രൂപരേഖ തയ്യാറാക്കുകയും ചെയ്ത് അന്തിമമായി 28.32 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള 5 കോടി 50 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി 2020 ഫെബ്രുവരി 11-നുതന്നെ നൽകുകയുണ്ടായി. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടികൾ ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പിന് കത്ത് നൽകുകയും പ്രാരംഭ നടപടികൾ നോട്ടിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കുള്ള അലൈൻമെന്റിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നു. പ്രോജക്ടിന്റെ തുടർ നടപടി KRFB (Kerala Road Fund Board)-യിൽ പുതുതായി രൂപം നൽകിയ കിഫ്ബി എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. കിഫ്ബിയിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(9) <u>കോട്ടയ്ക്കൽ-പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കോട്ടയ്ക്കൽ മണ്ഡലത്തിലെ സുപ്രധാനമായ കോട്ടയ്ക്കൽ-പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസിന്റെ ആദ്യത്തെ രണ്ടുഘട്ട നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അങ്ങ് നേരത്തെ ചോദ്യോത്തരവേളയിൽ പറഞ്ഞ നാട്ടുകാണി-പരപ്പനങ്ങാടി റോഡിൽനിന്ന് തൃശ്ശൂർ-കോഴിക്കോട് ബൈപ്പാസിലേയ്ക്ക് വളരെ എളുപ്പമെത്തുന്ന ഒരു ബൈപ്പാസു കൂടിയാണിത്. ഇതിന്റെ മൂന്നാംഘട്ട പ്രവൃത്തി ഇതുവരെ തുടങ്ങാനോ സ്ഥലമേറ്റെടുപ്പ് കഴിഞ്ഞ് തുക കൈമാറാനോ കഴിഞ്ഞിട്ടില്ല. സ്ഥലം ഏകദേശം അളന്ന് തിട്ടപ്പെടുത്തി അതിന്റെ സംഖ്യ എത്രയാണെന്ന് കണക്കാക്കി എൽ.എ. ഡിപ്പാർട്ടുമെന്റ് പി.ഡബ്ല്യൂ.ഡി.യിലേയ്ക്ക് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജായി 50 ലക്ഷം രൂപയാണ് ചോദിച്ചത്. 50,000 രൂപയാണ് കൊടുത്തിട്ടുള്ളത്. ബാക്കി 49.50 ലക്ഷം രൂപകൂടി കൊടുത്താൽ അതിന്റെ പ്രവർത്തനം പൂർത്തീകരിക്കും. അതോടൊപ്പംതന്നെ ആദ്യഘട്ടത്തിൽ ആവശ്യപ്പെട്ട 10 ലക്ഷം രൂപയ്ക്ക് ധനകാര്യ വകുപ്പിൽനിന്ന് ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല. എത്രയും വേഗം ഫണ്ട് അനുവദിച്ച് അങ്ങയുടെ കാലഘട്ടത്തിൽത്തന്നെ പ്രവർത്തനോദ്ഘാടനം നടത്താനാവശ്യമായ നടപടിയുണ്ടായാൽ വളരെ നന്നായിരുന്നു. ജനങ്ങൾ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറായി നിൽക്കുന്ന ഒരു പ്രദേശം കൂടിയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് കണ്ടിൻജൻസി ഫണ്ട് അനുവദിച്ച് നിർമ്മാണ പ്രവർത്തനം തുടങ്ങാനാവശ്യമായ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കോട്ടയ്ക്കൽ-പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡ് മൂന്നാംഘട്ട നിർമ്മാണത്തിന്റെ സ്ഥലമെടുപ്പിനുള്ള നഷ്ടപരിഹാര തുകയായ 15,81,85,735 രൂപ അനുവദിക്കുന്നതിനായുള്ള അപേക്ഷ സർക്കാരിൽ ഇതുവരെ ലഭ്യമായിട്ടില്ല. കണ്ടിൻജൻസി ചാർജ്ജായി 49.50 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. ടി തുകയിൽ ആദ്യഘട്ടമായി 10 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരമുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. മലപ്പുറം കളക്ടറേറ്റിൽ നടന്ന യോഗത്തിൽവച്ച് നഷ്ടപരിഹാരത്തുകയുടെ അഞ്ച് ശതമാനം അല്ലെങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് ആ തുക സ്പെഷ്യൽ തഹസീൽദാരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിരുന്നു. നഷ്ടപരിഹാരത്തുകയായി ലാൻഡ് അക്വിസിഷൻ ഓഫീസർ കണക്കാക്കിയിട്ടുള്ള തുകയുടെ 5 ശതമാനം 50 ലക്ഷം രൂപയിൽ കൂടുതലായതിനാൽ തഹസീൽദാർക്ക് നൽകേണ്ടത് 50 ലക്ഷം രൂപയായി നിജപ്പെടുത്തേണ്ടിവന്നു. മേൽപ്രവൃത്തിയുടെ കണ്ടിൻജൻസി ചാർജ്ജിനത്തിൽ മുമ്പ് നൽകിയിട്ടുള്ള 50,000 രൂപയും ആദ്യഘട്ടത്തിൽ അനുവദിച്ച 10 ലക്ഷം രൂപയും കഴിച്ച് ബാക്കി 39.50 ലക്ഷം രൂപ അനുവദിക്കുന്നതിനായി പ്രസ്തുത തുകകൂടി മുൻഭരണാനുമതിയോടൊപ്പം ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ഇപ്രകാരം കണ്ടിൻജൻസി ചാർജ്ജ് അനുവദിക്കുന്ന കാര്യത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

### (10) മലപ്പുറം മേഖലാ കേന്ദ്രം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, SCOLE (State Council for Open and Lifelong Education) കേരളയുടെ മലപ്പുറം ഉപകേന്ദ്രം ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തെക്കുറിച്ചാണ് ആദ്യമായി പറയാനുള്ളത്. സമൂഹം ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ ശാക്തീകരണ പ്രശ്നം ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസം ശക്തിപ്പെടണമെങ്കിൽ അദ്ധ്യാപക സമൂഹംകൂടി സംതൃപ്തരായിരിക്കണം. കേരളത്തിലെ നാലായിരത്തോളം വരുന്ന അദ്ധ്യാപകർ നിയമനാംഗീകാരം ലഭിക്കാതെ മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് പ്രൈമറി-ഹൈസ്കൂൾ തലങ്ങളിലെ റേഷ്യോ യഥാക്രമം 1:30, 1:45 ആണെന്നിരിക്കേ അതിനനാനുപാതികമായി പോസ്റ്റ് ക്രിയേഷനും നടക്കേണ്ടതുണ്ട്. അത് നടക്കാതെ, അദ്ധ്യാപകർ സ്കൂളിൽപോയി പഠിപ്പിക്കാതെ, അവർക്ക് ശമ്പളം കിട്ടാതെ മുന്നോട്ടുപോകുന്നൊരു സാഹചര്യം ഇവിടെയുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. രാവിലെ

ചോദ്യോത്തരവേളയിൽ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രമിച്ചിട്ടും സാധിക്കാത്തതുകൊണ്ടാണ് ഇപ്പോൾ പറയുന്നത്. നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുപോലും ഇപ്പോൾ നിയമനാംഗീകാരം ലഭിക്കാത്തൊരു സ്ഥിതിയുണ്ട്. സ്കോൾ കേരള എന്നുപറയുന്നത് റെഗുലർ സ്റ്റഡിക്ക് സൗകര്യമില്ലാത്ത കുട്ടികൾക്ക് പ്ലസ് വൺ-ന് പ്രൈവറ്റായി പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള സംവിധാനമാണ്. SCOLE Kerala-യിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളിൽ മൂന്നിലൊന്ന് ഭാഗവും മലപ്പുറം ജില്ലയിൽ നിന്നുള്ളവരാണ്. 2020-ലെ കണക്കെടുത്താൽ ആകെ രജിസ്റ്റർ ചെയ്ത 48618 കുട്ടികളിൽ 18700 കുട്ടികളും മലപ്പുറത്തുകാരാണ്. പാലക്കാട് - 6400 കുട്ടികൾ, കണ്ണൂർ - 2180 കുട്ടികൾ, കോഴിക്കോട് - 6277 കുട്ടികൾ, വയനാട് -984 കുട്ടികൾ, കാസർഗോഡ് -1730 കുട്ടികൾ എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവിടെ സൂചിപ്പിച്ച 48618 കുട്ടികളിൽ മുപ്പത്തിയാറായിരത്തിൽപ്പരം കുട്ടികളും മലബാർ പ്രദേശത്തുനിന്നുമുള്ളവരാണ്. 2013-ൽ യു.ഡി.എഫ്. ഗവൺമെന്റ് മലപ്പുറത്ത് ഏർപ്പെടുത്തിയ SCOLE Kerala-യുടെ റീജിയണൽ ഉപകേന്ദ്രമാണ് അവർക്കുവേണ്ടി മലപ്പുറത്തുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിഞ്ഞ് എൽ.ഡി.എഫ്. അധികാരത്തിലേറിയ ഉടൻതന്നെ മലപ്പുറം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഈ ഉപകേന്ദ്രം പൂട്ടിയെന്ന് പറയാൻ പറ്റില്ലെങ്കിലും അവിടെയുണ്ടായിരുന്ന ഫയലുകളെല്ലാം തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുവന്നു. മാത്രമല്ല അവിടെയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ടടക്കമുള്ള പെർമനന്റ് സ്റ്റാഫിനെയെല്ലാം പിൻവലിച്ചുകഴിഞ്ഞു. താത്ക്കാലിക ജീവനക്കാരെ വച്ചുകൊണ്ട് മാത്രമാണ് ഇപ്പോൾ പ്രസ്തുത ഉപകേന്ദ്രം പ്രവർത്തിക്കുന്നത്. ഒരു കാര്യവും അവിടെ നടക്കുന്നില്ല. മഹാഭൂരിപക്ഷം വരുന്ന മലബാറിലെ കുട്ടികൾക്ക് ഈ ഓഫീസുമായി ബന്ധപ്പെടണമെങ്കിൽ തിരുവനന്തപുരത്തേയ്ക്ക് വണ്ടി കയറേണ്ട സാഹചര്യമാണുള്ളത്. ഏകദേശം 70 ശതമാനം കുട്ടികളും മലബാറിൽ നിന്നുള്ളവരായിരിക്കെ ഈ ഉപകേന്ദ്രം പൂട്ടിയത് തീരെ ശരിയായില്ല. മലപ്പുറത്ത് സ്ഥിതി ചെയ്യുന്ന മലബാർ മേഖലാ കേന്ദ്രം വീണ്ടും ശാക്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അവിടെ നാല് താത്ക്കാലിക ജീവനക്കാർ മാത്രമാണുള്ളത്. ഒരു പ്രത്യേക രാഷ്ട്രീയ ചായ്‌വുള്ള താത്ക്കാലിക ജീവനക്കാരെ മാത്രം SCOLE Kerala-യിൽ സ്ഥിരപ്പെടുത്താൻ പോകുകയാണ്. ഒരു വിഭാഗത്തെ മാറ്റി നിർത്തുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ കാലത്ത് SCOLE Kerala-യിൽ ഇത്തരം കാര്യങ്ങളുണ്ടാകുന്നുവെന്നതിൽ ഞങ്ങളുടെ പരിഭവവും സങ്കടവും ഇവിടെ അറിയിക്കുകയാണ്. മലപ്പുറം ഉപകേന്ദ്രം ശാക്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ സബ്മിഷനായി ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, SCOLE Kerala-യുടെ സംസ്ഥാന കേന്ദ്രത്തിലും മലബാർ മേഖലാ കേന്ദ്രത്തിലും കേന്ദ്രീകരിച്ചിരുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിവിധ സേവനങ്ങൾ അതാത് ജില്ലാ കേന്ദ്രങ്ങളിലേയ്ക്ക് വികേന്ദ്രീകരിച്ച് നൽകുന്നതിനുള്ള തീരുമാനം മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. SCOLE Kerala രൂപീകൃതമാകുന്നതിനുമുമ്പ് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എന്ന നിലയിൽ പ്രവർത്തിച്ചിരുന്ന കാലയളവിൽ 14 ജില്ലകളിലും ഓപ്പൺ സ്കൂളിന് ജില്ലാ കേന്ദ്രങ്ങളുണ്ടായിരുന്നു. എന്നാൽ പരിമിതമായ ചില സേവനങ്ങൾ മാത്രമാണ് അന്ന് ജില്ലാ കേന്ദ്രങ്ങൾ മുഖേന നൽകിയിരുന്നത്. മറ്റ് സേവനങ്ങളെല്ലാം സംസ്ഥാന കേന്ദ്രം മുഖേനയാണ് നൽകിയിരുന്നത്. അതിനാൽ മലബാർ മേഖലയിൽ ഉൾപ്പെട്ട കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് എന്നീ 6 ജില്ലകളിലെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥമാണ് 2014-ൽ മലബാർ മേഖലാ കേന്ദ്രം ആരംഭിച്ചത്. SCOLE Kerala രൂപീകൃതമായശേഷം 2016-17 അദ്ധ്യയനവർഷം മുതൽ SCOLE Kerala നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനെത്തുടർന്ന് സംസ്ഥാന കേന്ദ്രം വഴിയും മലബാർ മേഖലാ കേന്ദ്രം വഴിയും വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന വിവിധ സേവനങ്ങൾ അതത് ജില്ലാ കേന്ദ്രങ്ങൾ വഴി ഓൺലൈനായും മറ്റും നൽകുന്നതിന് ക്രമീകരണം ഏർപ്പെടുത്തുകയുണ്ടായി. മേഖലാ കേന്ദ്രം വഴി ലഭ്യമായിരുന്ന എല്ലാ സേവനങ്ങളും ജില്ലാ കേന്ദ്രങ്ങൾ വഴിതന്നെ നൽകുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് മലബാർ കേന്ദ്രത്തിന്റെ സേവനം ഇപ്പോൾ ഉപയോഗിക്കേണ്ടിവരുന്നത്. അതിനാൽ കൂടുതൽ സൗകര്യം അവർക്ക് ലഭിച്ചിരിക്കുകയാണ്. വിദ്യാർത്ഥി സൗഹൃദ സമീപനം മാത്രമാണ് SCOLE Kerala സ്വീകരിച്ചിട്ടുള്ളത്. SCOLE Kerala-യുടെ മുൻ രൂപമായ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിയമിതരായി ദീർഘകാലമായി താത്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് SCOLE Kerala നിലവിൽ പ്രവർത്തിക്കുന്നത്. SCOLE Kerala-ക്കുവേണ്ടി സർക്കാർ തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓപ്പൺ സ്കൂളിൽ നിയമന പ്രക്രിയവഴി യോഗ്യതകൾ അടിസ്ഥാനമാക്കി നിയമിതരായി ഇപ്പോൾ SCOLE Kerala-യുടെ സേവനത്തിലുള്ള ജീവനക്കാരിൽ കുറഞ്ഞത് 10 വർഷം സർവ്വീസുള്ളവരുടെ സേവനം, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള ഹർജികളുടെ അന്തിമതീർപ്പിന് വിധേയമായി നിയമപ്രകാരം ക്രമപ്പെടുത്തുന്നതിനുവേണ്ടി ഒരു കരട് സ്കീമിന് 23-9-2020-ന് ചേർന്ന ജനറൽ കൗൺസിൽ യോഗം രൂപം നൽകിയിട്ടുണ്ട്. SCOLE Kerala-യിലെ എല്ലാ

താത്കാലിക ജീവനക്കാരുടെയും നിയമനരീതി, യോഗ്യതകൾ, സേവനകാലം തുടങ്ങിയ നിയമന വിശദാംശങ്ങൾ വിശദമായി പരിശോധിച്ചും ഇക്കാര്യത്തിൽ എല്ലാ ജീവനക്കാർക്കും പറയുവാനുള്ളത് പറയുവാനും രേഖാമൂലം അവ നൽകുവാനും അവസരം നൽകി, ഇക്കാര്യങ്ങൾകൂടി വിശദമായി പരിശോധിച്ചശേഷമാണ് തൽസമയം നിലവിലുള്ള നിയമപ്രകാരം റെഗുലേഷനുകൾക്ക് വിധേയമായി യോഗ്യരായവരെ കണ്ടെത്തി കരട് സ്കീമിന് രൂപം നൽകിയത്. സ്കീമും കരട് സർവ്വീസ് ചട്ടങ്ങളും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. അദ്ദേഹം സൂചിപ്പിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## (11) കാട്ടുപന്നി ശല്യം

ശ്രീ. രാജു എബ്രഹാം: സർ, വന്യമൃഗങ്ങളുടെ കടന്നാക്രമണം കേരളത്തിന്റെ പ്രശ്നമായി മാറുകയാണ്. മുമ്പ് മലയോര മേഖലകളിൽ മാത്രമായിരുന്നു വന്യമൃഗങ്ങളുടെ, വിശേഷിച്ച് കാട്ടുപന്നികളുടെ ആക്രമണം ഉണ്ടായിരുന്നത്. കാട്ടുപന്നികൾ പെറ്റുപെരുകുകയാണ്. ഇത് നിയന്ത്രിക്കാനായി കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ വേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായി. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അനേകം കാട്ടുപന്നികളെ വനം വകുപ്പിന്റെ നേതൃത്വത്തിൽ വെടിവച്ചുകൊല്ലാൻ ഇതുമൂലം സാധിച്ചു. ഒരു കാട്ടുപന്നിയെ കിട്ടണമെങ്കിൽ ദിവസങ്ങളോളം കാത്തിരിക്കണമെന്നതാണ് പ്രശ്നം. അത് അപ്രായോഗികമായ കാര്യമാണ്. ക്ഷുദ്രജീവി ഇനത്തിൽ കാട്ടുപന്നികളെ ഉൾപ്പെടുത്താനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിന് കത്തയച്ചെങ്കിലും ഇതുവരെ അനുകൂലമായ മറുപടി ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. ഇവയെ വെടിവച്ച് പിടിക്കുന്നതോടൊപ്പം മറ്റ് നിരവധി മാർഗ്ഗങ്ങൾ കാട്ടുപന്നികളെ കുരുക്കാനായി പ്രായോഗികമായി നടപ്പാക്കാൻ സാധിക്കും. ഇവയെ കുഴി കുഴിച്ച് കെണിയൊരുക്കി പിടിക്കുകയെന്നതാണ് അതിലൊരു മാർഗ്ഗം. അത്തരത്തിലുള്ള നിരവധി മാർഗ്ഗങ്ങൾ ഉപയോഗിച്ച് കാട്ടുപന്നികളെ പിടിക്കാൻ കഴിയും. കേരളത്തിലെ ഏകദേശം എഴുപതിലധികം അസംബ്ലി നിയോജകമണ്ഡലങ്ങൾ ഇത് കവർ ചെയ്തുകഴിഞ്ഞുവെന്നാണ് വനം വകുപ്പിലെ ഒരുദ്യോഗസ്ഥൻ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് എന്നോട് പറഞ്ഞത്. 'സുഭിക്ഷ' പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിച്ച കാർഷിക വിളകളുടെ പകുതിയിലധികം കാട്ടുപന്നികൾ തിന്നുകഴിഞ്ഞു. ഇതുവഴി നമ്മുടെ നാടിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം വളരെ വലുതാണ്. അതിനാൽ ഇത്തരം മൃഗങ്ങളെ വെടിവച്ച് കൊല്ലാനുള്ള നടപടി ത്വരിത

പ്പെടുത്തണം. അതോടൊപ്പം മറ്റ് മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ പിടിക്കാനുള്ള അടിയന്തര നടപടികൾക്കുള്ള തീരുമാനം അങ്ങ് ഈ സഭയിൽ പ്രഖ്യാപിക്കണ മെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കാട്ടുപന്നികളുടെ ശല്യത്തിൽനിന്നും കർഷകരെ രക്ഷിക്കണമെന്ന സർക്കാർ തീരുമാനമനുസരിച്ച് കാട്ടുപന്നികളെ ഉപാധികളോടുകൂടി വെടിവച്ച് കൊല്ലാൻ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ചുകൊണ്ട് 18-5-2020-ൽ G.O.(Rt)No.111/2020 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 6 മാസമായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 17-11-2020-ന് അവസാനിച്ച സാഹചര്യത്തിൽ അനുമതി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകൾ ലഭിച്ചതിനുശേഷം നാളിതുവരെ 91 പന്നികളെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെടിവച്ച് കൊന്നിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവിലുള്ള വ്യവസ്ഥകൾ ഇവയാണ്:

മനുഷ്യനോ സ്വത്തിനോ കൃഷിക്കോ നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ മാത്രമേ കൊല്ലാൻ പാടുള്ളൂ. ഇത്തരത്തിൽ കാട്ടുപന്നികളെ കൊല്ലുന്നതിന് ലൈസൻസുള്ള തോക്കുകൾ ഉപയോഗിക്കണം. ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ വൈൽഡ് ലൈഫ് വാർഡനോ ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അല്ലെങ്കിൽ വൈൽഡ് ലൈഫ് വാർഡനോ പന്നിശല്യമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പ്രദേശത്ത് ഈ ഉത്തരവ് ബാധകമാക്കാവുന്നതാണ്. ഇപ്രകാരം കാട്ടുപന്നി ശല്യമുള്ള പ്രദേശത്തെ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കോ വൈൽഡ് ലൈഫ് വാർഡനോ രേഖാമൂലം നൽകേണ്ടതാണ്. നാട്ടിലേയ്ക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കാൻ 11-1-2021-ലെ പുതുക്കിയ ഉത്തരവിലെ വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്: നേരത്തെ യുണ്ടായിരുന്ന വ്യവസ്ഥകളിൽ ഇളവ് വരുത്തിയിട്ടുണ്ട്. അതനുസരിച്ച് മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശനഷ്ടം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാ വുന്നതാണ്. എന്നാൽ താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ഇത്തരം കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. ഈ ഉത്തരവ് ദുർവിനിയോഗം ചെയ്യാൻ പാടില്ലെന്നുള്ളതുകൊണ്ടാണ് അത്തരത്തിൽ തീരുമാനിച്ചത്.

വിഷപ്രയോഗം പാടില്ല; സ്ഫോടകവസ്തു ഉപയോഗിച്ച് കാട്ടുപന്നികളെ കൊല്ലാനും പാടില്ല; വൈദ്യുതാഘാതമേൽപ്പിക്കലും പാടില്ല; മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാം. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ ഈ ഉത്തരവുപ്രകാരം കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ശല്യക്കാരായ പന്നികളെ നശിപ്പിക്കു ന്നതിനായി ഏത് മുഖേനയും ലഭിക്കുന്ന ശിപാർശകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ശല്യക്കാരായ കാട്ടുപന്നികളെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഓരോ ഡിവിഷനിലും ഓരോ ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ടതാണെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൃഷിയിടങ്ങളിലിറങ്ങുന്ന കൂടുതൽ പന്നികളെ വകവരുത്താൻ കഴിയും. അതുകൂടാതെ, ശല്യക്കാരായി പ്രഖ്യാപിക്കുന്ന തിനുവേണ്ടിയുള്ള അപേക്ഷ നിയമാനുസരണം കൊടുത്തെങ്കിലും കേന്ദ്രസർക്കാർ അത് അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് നേരത്തെയുണ്ടായിരുന്ന ഉത്തരവ് കുറച്ചുകൂടി ലഘൂകരിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് അനുകൂലമായ സമീപനം സ്വീകരിച്ചുകൊണ്ടുള്ള ഉത്തരവ് രണ്ടാമത് പുറപ്പെടുവിച്ചത്. കുരുക്ക് ഉപയോഗിച്ചും പന്നികളെ പിടിക്കാൻ കഴിയുമെങ്കിലും അതിനൊരു വ്യവസ്ഥ മാത്രമാണുള്ളത്. അതായത്, വനത്തിൽനിന്ന് രണ്ടു കിലോമീറ്റർ അപ്പുറത്ത്, വനത്തിനോടുചേർന്ന പ്രദേശം മാത്രമല്ല നാട്ടിൻപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലുമെല്ലാം പന്നി വരുന്നു വെന്നാണ് ശ്രീ. രാജു എബ്രഹാം, എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. അവിടെയെല്ലാം കുരുക്ക് ഉപയോഗിച്ച് പന്നികളെ പിടിക്കുന്നതിന് കുഴപ്പമില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ വനത്തോട് ചേർന്നുള്ള രണ്ടുകിലോമീറ്റർ സ്ഥലത്ത് മറ്റ് മൃഗങ്ങളും കുരുക്കിൽ വീഴാൻ സാധ്യതയുള്ളതിനാൽ കുരുക്ക് ഉപയോഗിക്കാൻ പാടില്ല. ആ രീതിയിലുള്ള സമീപനം ഇന്ന് നിലവിലുള്ള ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റെയും വൈൽഡ് ലൈഫ് കൺസർവേഷൻ ആക്ടിന്റെയുമൊക്കെ ലംഘനമാകുന്നതുകൊണ്ട് അത്തരമൊരു ഉത്തരവ് നമുക്ക് പുറപ്പെടുവിക്കാൻ കഴിയില്ല. കർഷകരും ജനപ്രതിനിധികളുമെല്ലാം ഇത് ഫലപ്രദമായി ഉപയോഗിച്ചാൽ ഇതുവച്ച് പന്നികളുടെ എണ്ണം നിയന്ത്രിക്കാൻ കഴിയും.

## VII ക്രമപ്രശ്നം

### സി. & എ. ജി. റിപ്പോർട്ടിലെ ഉള്ളടക്കം പരസ്യപ്പെടുത്തൽ

ശ്രീ. വി. ഡി. സതീശൻ: സർ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ തയ്യാറാക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ ഇന്നത്തെ ലിസ്റ്റ് പ്രകാരം സഭയുടെ മേശപ്പുറത്തുവയ്ക്കുകയാണ്. ഇത് ഭരണഘടനയുടെ 151(2) പ്രകാരമാണുള്ളതെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. "The reports of the Comptroller and Auditor General of India relating to the accounts of a State shall be submitted to the Governor of the State, who

shall cause them to be laid before the Legislature of the State" എന്നാണ് 151 (2)-ൽ പറയുന്നത്. ഇത് ഭരണഘടനയിൽ കൃത്യമായി പറയുന്ന കാര്യങ്ങളാണ്. ഇത് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണ്. ഭരണഘടന പ്രകാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത് ഗവർണ്ണർക്കുവേണ്ടിയാണ്. അത് സഭയിൽ മാത്രമാണ് പുറത്തുവരേണ്ടത്. ഇതുസംബന്ധിച്ച് പ്രധാനമായും രണ്ട് വിഷയങ്ങളാണ് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. സി. & എ.ജി. റിപ്പോർട്ട് സഭയിൽ വയ്ക്കേണ്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ പത്രസമ്മേളനം നടത്തി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ റിപ്പോർട്ടിലെ ഉള്ളടക്കത്തെക്കുറിച്ച് പരസ്യമാക്കുകയും അദ്ദേഹം അത് ചോർത്തിയെടുത്ത് പുറത്ത് നൽകുകയും ചെയ്തു. കഴിഞ്ഞ ദിവസം അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റിൽ സി. & എ. ജി. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുകയും ചെയ്തു. അതിനുശേഷം ആർട്ടിക്കിൾ 151(2) പ്രകാരം സഭയുടെ ടേബിളിൽ ഇതുവയ്ക്കണമെന്നുള്ള ഭരണഘടനാ പ്രൊവിഷന് എന്ത് പ്രസക്തിയാണുള്ളത്? സഭയുടെ അവകാശങ്ങളെ നിഷേധിക്കുന്നതിന് തുല്യവും സത്യപ്രതിജ്ഞയുടെ ലംഘനവുമാണ് അദ്ദേഹം ചെയ്തത്. Oath of secrecy അദ്ദേഹം എടുത്തിട്ടുണ്ട്. ഇതൊരു secret document ആയതിനാൽ ഇത് തയ്യാറാക്കുന്നത് മുതൽ അവസാനം സഭയുടെ ടേബിളിൽ വയ്ക്കുന്നതുവരെ രഹസ്യ ഡോക്യുമെന്റാണ്. ആ രഹസ്യ ഡോക്യുമെന്റ് അദ്ദേഹം ലീക്ക് ചെയ്ത് പുറത്ത് പത്രസമ്മേളനം നടത്തിപ്പറയുന്ന അസാധാരണമായ, വിചിത്രമായ കാര്യങ്ങളാണ് ഇവിടെയുണ്ടായിട്ടുള്ളത്. സഭയുടെ ടേബിളിൽ ഇത് വയ്ക്കുന്നതിന്റെ പ്രസക്തി സഭയുടെ ഒരു പ്രിവിലേജാണ്. അതിനെക്കുറിച്ച് ഞാൻ വിശദമായി സംസാരിക്കുന്നില്ല. കാരണം ഞാൻ അങ്ങേയ്ക്ക് ഒരു നോട്ടീസ് നൽകുകയും അത് പ്രിവിലേജസ് & എഥിക്സ് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. കമ്മിറ്റിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. എന്നെ ഇന്ന് അത്ഭുതപ്പെടുത്തിയ ഒരു കാര്യം, മേശപ്പുറത്ത് ഈ റിപ്പോർട്ട് വയ്ക്കുന്നതോടൊപ്പം പറഞ്ഞിരിക്കുന്നത് എന്താണ്? കേരള സർക്കാരിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് സഹിതമെന്നുള്ള കാര്യമാണ് പറഞ്ഞിരിക്കുന്നത്. സി.&എ.ജി. റിപ്പോർട്ട് വയ്ക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിന് എന്ത് പ്രസക്തിയാണുള്ളത്? ഇതുവയ്ക്കാൻ അങ്ങയോട് നിർദ്ദേശിച്ചിട്ടുള്ളത് ഗവർണ്ണറാണ്. സഭയുടെ ടേബിളിൽ ഗവർണ്ണർക്കുവേണ്ടി വയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവർണ്ണർ ഇത് സഭയുടെ ടേബിളിൽ വയ്ക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ സി. & എ.ജി. റിപ്പോർട്ടിനോടൊപ്പം ഫിനാൻസ് മിനിസ്റ്ററുടെ സ്റ്റേറ്റ്മെന്റുകൂടി വയ്ക്കണമെന്ന് ഗവർണ്ണർ ആവശ്യപ്പെട്ടിട്ടുണ്ടോ? ഇങ്ങനെയൊരു പ്രീസിഡന്റ് സഭയുടെ മുമ്പാകെ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? സി. & എ. ജി. റിപ്പോർട്ട് വയ്ക്കുന്നതിന്റെ കൂടെ ഫിനാൻസ്

മിനിസ്റ്ററുടെ സ്റ്റേറ്റ്മെന്റിന്റെ പ്രസക്തി എന്താണ്? അതിന് ഭരണഘടനാ പ്രൊവിഷനുണ്ടോ? Rules of Procedure-ൽ എവിടെയെങ്കിലും പറയുന്നുണ്ടോ? ഇല്ലാത്തൊരു പ്രീസിഡന്റ് എങ്ങനെയാണ് പുതുതായി ഉണ്ടാകുന്നത്? സി.&എ. ജി. റിപ്പോർട്ട് ഗവർണ്ണർക്ക് ഈ സഭയിൽ വന്നുവയ്ക്കാൻ സാധിക്കാത്തതുകൊണ്ട്, ഗവർണ്ണർക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി വയ്ക്കുന്ന ഡോക്യുമെന്റാണ് ഇത്. അതോടൊപ്പം ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് കൊടുക്കാൻ രാജ്ഭവനിൽ നിന്ന് നിർദ്ദേശമുണ്ടോ? ഭരണഘടനയിൽ പറയുന്നുണ്ടോ? Rules of Procedure-ൽ പറയുന്നുണ്ടോ? ഇതൊക്കെ ഭരണഘടനാ വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ്. സി. & എ. ജി. റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഇത് പത്താമത്തെ പ്രാവശ്യമാണ് അദ്ദേഹം റിപ്പോർട്ട് വയ്ക്കുന്നത്. അദ്ദേഹം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാൻ പദവി അലങ്കരിച്ചിട്ടുള്ള ആളാണ്. സി. &എ.ജി. റിപ്പോർട്ട് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ അനുസരിച്ച് റിപ്പോർട്ട് ടേബിളിൽ വച്ചതിനുശേഷം ഇത് പി.എ.സി. (Public Accounts Committee)-ക്ക് പോകേണ്ടതാണ്. അവിടെ സി. &എ.ജി. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ചും അതിലെ നിരീക്ഷണങ്ങളെക്കുറിച്ചും അവർ പറയുന്ന ആക്ഷേപങ്ങളെക്കുറിച്ചും മറുപടി കൊടുക്കാൻ ഗവൺമെന്റിന് നിരവധി അവസരങ്ങളുണ്ട്. ഗവൺമെന്റ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ളവർക്ക് പി.എ.സി.യുടെ മുമ്പാകെവന്ന് രേഖാമൂലവും അല്ലാതെയും സി.&എ.ജി. ഉള്ളടക്കത്തെക്കുറിച്ച് പറയാം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് അറിയാമല്ലോ? സി. & എ.ജി.യുടെ റിപ്പോർട്ട് എന്നത് അവസാനവാക്കല്ല. സി. & എ.ജി.യുടെ റിപ്പോർട്ടിലെ എല്ലാ കാര്യങ്ങളും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി സ്വീകരിക്കുകയല്ല ചെയ്യുന്നത്. പി.എ.സി. ചിലപ്പോഴെല്ലാം 50 ശതമാനത്തെക്കാൾ കൂടുതൽ സി. & എ. ജി.യുടെ ഒബ്സർവേഷൻസ് ഡ്രോപ് ചെയ്യാറുണ്ട്. അങ്ങനെയൊരു അവസരം ഗവൺമെന്റിന്റെ മുമ്പാകെയുള്ളപ്പോൾ സി. & എ. ജി. റിപ്പോർട്ടിന്റെ പവിത്രതയും അത് നിയമസഭയുടെ ടേബിളിൽ വയ്ക്കുകയെന്നുള്ള നിയമസഭയുടെ അവകാശത്തെയും ഹനിച്ചുകൊണ്ടുള്ള തീരുമാനമെടുത്തതും ഈ രണ്ട് കാര്യങ്ങളും ലീക്ക് ചെയ്തതും റിപ്പോർട്ട് വയ്ക്കുമ്പോൾ ഇതോടൊപ്പം ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതും ഓർഡറിലാണോ എന്നാണ് ഞാൻ റൂൾ 303 പ്രകാരം ഉന്നയിക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, നേരത്തെതന്നെ സി. & എ.ജി. റിപ്പോർട്ടുമായി ബന്ധപ്പെട്ട്, സഭയുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. അത് സഭയുടെ പ്രിവിലേജസ് & എഥിക്സ് കമ്മിറ്റിക്ക് കൈമാറുകയും അവരുടെ പരിഗണനയിലിരിക്കുകയുമാണ്. അതുമായി ബന്ധപ്പെട്ട് സഭാ സമിതിയുടെ റിപ്പോർട്ട് തൊട്ടടുത്ത ദിവസം സഭയിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ അതിനെ സംബന്ധിച്ച് മുൻകൂട്ടിയൊരു കാര്യം പറയുന്നത് ശരിയല്ല.

രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഒബ്സർവേഷൻസോടുകൂടിയാണ് ഇന്ന് സി. & എ. ജി.യുടെ റിപ്പോർട്ട് വയ്ക്കുന്നത് എന്നാണ്. അത് ഗവർണ്ണർ രേഖാമൂലം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ്. അതിൽ മുൻവിധികളും പ്രീസിഡന്റും ഇല്ലെന്നത് ശരിയാണെങ്കിലും അനുമതിയോടുകൂടിയാണ് സഭയിൽ വയ്ക്കുന്നതെന്ന് അറിയിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾ പറഞ്ഞതുപോലെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ഒരു പ്രശ്നം സഭ പിന്നീട് ചർച്ച ചെയ്യുന്നതാണ്. റിപ്പോർട്ടിന്റെ മെറിറ്റിലേയ്ക്ക് ഞാൻ ഈ ഘട്ടത്തിൽ കടക്കുന്നില്ല. ഈ റിപ്പോർട്ട് ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ഫോർവേഡ് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയിലേയ്ക്ക്, റിപ്പോർട്ട് തയ്യാറാക്കിയതിൽ ഗൗരവമായിട്ടുള്ള നടപടിക്രമത്തിലുണ്ടായ വീഴ്ച വിശദമാക്കിക്കൊണ്ടുള്ള കുറിപ്പ് സഹിതമാണ് നൽകിയത്. സി. & എ.ജി. എങ്ങനെയാണ് ഫിനാൻഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് എന്നതിന് മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. ആ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സർക്കാരിനോട് വിശദീകരണം ചോദിക്കാത്ത ഒരു കാര്യവും ഉൾപ്പെടുത്താൻ പാടില്ല. വിശദീകരണം ചോദിക്കുന്നതിനും മറുപടി പരിഗണിക്കുന്നതിനുമൊക്കെ നടപടിക്രമങ്ങളുണ്ട്. എന്നാൽ, ഡ്രാഫ്റ്റ് റിപ്പോർട്ടിൽ ഇല്ലാത്ത പ്രത്യേകമായ ഖണ്ഡികകൾ എഴുതിച്ചേർത്തിരിക്കുകയാണ്. നടപടിക്രമങ്ങൾ തെറ്റിച്ചുള്ള റിപ്പോർട്ടാണ് നിയമസഭയിൽ വയ്ക്കുന്നത്. അത് നിയമസഭ അറിയേണ്ടത് ആവശ്യം തന്നെയാണ്. ഗവർണ്ണർക്കും ഇതുസംബന്ധിച്ച് കുറിപ്പ് കൊടുത്തിരുന്നു. ഇപ്പോൾ കുറിപ്പ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ എന്റെ എക്സ്പ്ലനേഷനടക്കം നിയമസഭയിൽ വയ്ക്കുന്നതിന് അനുവാദമുണ്ട്. അതുകൊണ്ടാണ് സർക്കുലേറ്റ് ചെയ്ത് വിവരം നൽകുന്നത്. റിപ്പോർട്ടിലെ ഈ ഭാഗങ്ങൾ സർക്കാരിന്റെ അഭിപ്രായങ്ങൾ, നടപടിക്രമപ്രകാരം പാലിച്ച് തയ്യാറാക്കിയിട്ടുള്ളതല്ലെന്നുള്ള ഒബ്സർവേഷനും വയ്ക്കുകയാണ്. പി.എ.സി.യിൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്താം. പക്ഷേ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ വളരെ ഗാഢമായി സ്വാധീനിക്കുന്ന ഒരു കാര്യമായതുകൊണ്ട് ഇത് സഭയെ അറിയിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ഗവർണ്ണർക്ക് കൊടുത്ത കുറിപ്പ് തന്നെ ഇവിടെ സർക്കുലേറ്റ് ചെയ്തത്.

12.00 Noon]

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പറഞ്ഞ ഒരു പ്രൊസീഡ്യുവർ എല്ലാ ഓഡിറ്റ് റിപ്പോർട്ടുകളിലുമുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾ കൃത്യമായ മറുപടി നൽകിക്കഴിഞ്ഞാൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനിടയിൽ തന്നെ ചില ആക്ഷേപങ്ങൾ അവർ ഡ്രോപ് ചെയ്യും. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും കൃത്യമായ മറുപടി ലഭിക്കാത്ത കാര്യങ്ങളാണ് അക്കൗണ്ടന്റ് ജനറലിന്റെ നിരീക്ഷണത്തോടുകൂടി സി. & എ.ജി. റിപ്പോർട്ടിലൂടെ അവതരിപ്പിക്കുന്നത്. ഇതൊരു പ്രീസിഡന്റായി സ്വീകരിച്ചാൽ വരാനിരിക്കുന്ന എല്ലാ വർഷങ്ങളിലും ഏഴോ എട്ടോ അല്ലെങ്കിൽ പത്ത് ഡിപ്പാർട്ട്മെന്റുകളെക്കുറിച്ച് എല്ലാ സി. & എ.ജി. റിപ്പോർട്ടിലും പരാമർശമുണ്ടാകും. ഗവൺമെന്റിനെ appreciate ചെയ്യുന്ന കാര്യങ്ങളല്ല സി.& എ.ജി.യുടെ ഓഡിറ്റ് സ്ക്രൂട്ടിനിയിലൂടെ വരുന്നത്. ഇതൊരു പ്രീസിഡന്റായി സ്വീകരിച്ചാൽ ഭാവിയിൽ എല്ലാ മന്ത്രിമാർക്കും അവരവരുടെ വകുപ്പുകൾക്കെതിരായ പരാമർശങ്ങൾ സി. & എ.ജി. റിപ്പോർട്ടിലുണ്ടെങ്കിൽ ഇതോടൊപ്പം അവർക്കൊരു സ്റ്റേറ്റ്മെന്റ് വയ്ക്കണം എന്നവർ പറഞ്ഞാൽ അതുകൂടി അംഗീകരിക്കേണ്ടിവരും. സ്വന്തം ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് പറയുന്ന കമന്റ്സും ഒബ്സർവേഷനും ഒരുകാലത്തും ഒരു മന്ത്രിയും അംഗീകരിക്കില്ല, ഒരു ഡിപ്പാർട്ടുമെന്റും അംഗീകരിക്കില്ല. ഇതൊരു ശീലമായാൽ, പ്രീസിഡന്റായാൽ അടുത്ത വർഷം സി. & എ.ജി. റിപ്പോർട്ട് വയ്ക്കുമ്പോൾ ആ റിപ്പോർട്ടിൽ ഏതെല്ലാം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകൾക്കെതിരായിട്ടാണോ പരാമർശമുള്ളത് അവരെല്ലാവരും ചേർന്ന്, പത്ത് മന്ത്രിമാരുടെ കൂടി സ്റ്റേറ്റ്മെന്റ് സ്വീകരിക്കേണ്ട ഗതികേടിലേയ്ക്ക് നിയമസഭ എത്തും. ഇത് ഭരണഘടനാ പ്രൊവിഷനാണ്. ആ ഭരണഘടനാ പ്രൊവിഷനിൽ വെള്ളം ചേർക്കാനുള്ള അധികാരം നമുക്കില്ല. അതുകൊണ്ടാണ് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ അതിനെ സംബന്ധിച്ച് ഒന്നും പറയാത്തത്. ഭരണഘടനയുടെ കൃത്യമായ പ്രൊവിഷനാണത്. ഗവർണ്ണർക്കു വേണ്ടി സി. & എ.ജി. റിപ്പോർട്ട് ടേബിളിൽ വയ്ക്കുക എന്നത് വ്യക്തതയുള്ള പ്രൊവിഷനാണ്. അതിൽ വെള്ളം ചേർക്കാൻ നിയമസഭയ്ക്ക് അധികാരമില്ലെന്നാണ് എനിക്ക് വിനീതമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇതൊരു പ്രീസിഡന്റാകാൻ പാടില്ലെന്നാണ് പറഞ്ഞത്. സി.&എ.ജി. റിപ്പോർട്ട് തയ്യാറാക്കുന്ന ഈ രീതി പ്രീസിഡന്റാക്കാൻ പാടില്ല. സർക്കാരിനെ വിമർശിക്കുന്നതിനെയല്ല എതിർക്കുന്നത്. ഈ വിമർശനം സർക്കാരിന് മുന്നിൽ ഉന്നയിച്ചിട്ടില്ല. കരട് റിപ്പോർട്ടിലില്ല; കരട് റിപ്പോർട്ടിലില്ലാത്തത്, ചർച്ച പോലും ചെയ്യാത്തത് എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സ് പോലും തരാതെ, ഇത് സഭയിൽ വയ്ക്കാനുള്ള റിപ്പോർട്ട് എന്നുപറഞ്ഞ് തന്നുകഴിഞ്ഞാൽ അതിൽപ്പരം സഭയോടുള്ള അനാദരവ് വേറെയുണ്ടോ? ഈ പ്രീസിഡന്റ് ഇനി ഉണ്ടാവരുത്. ഇങ്ങനെയല്ല സംസ്ഥാന സർക്കാരിനോട് പെരുമാറേണ്ടത്. കേന്ദ്രം ഭരിക്കുന്ന ആർക്കെങ്കിലും എന്തെങ്കിലും ചെയ്യണമെന്ന്

തോന്നിക്കഴിഞ്ഞാൽ സർക്കാരിനോട് ചർച്ച ചെയ്യാതെ റിപ്പോർട്ടിൽ ചേർത്തുവയ്ക്കുകയാണോ ചെയ്യേണ്ടത്. അതുകൊണ്ട് നിയമസഭ ഇതറിയണം. രണ്ടും പ്രീസിഡന്റാകാൻ പാടില്ല; അസാധാരണമായൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. സാധാരണ റിപ്പോർട്ട് വന്നാൽ ആ റിപ്പോർട്ടാണ് ഗവർണ്ണർക്ക് കൊടുക്കുന്നത്. എന്നാൽ ഇത്തവണ റിപ്പോർട്ട് തയ്യാറാക്കിയതിൽ വന്നിട്ടുള്ള വീഴ്ച വിശദമാക്കിക്കൊണ്ടുള്ള കുറിപ്പ് സഹിതമാണ് ഗവർണ്ണർക്ക് നൽകിയത്. ഇതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. അത് ഞങ്ങൾ വേറെ ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ സി.&എ.ജി.യുടെ നടപടിക്രമം തെറ്റാണ്. സർക്കാരിനെ വിമർശിക്കുന്നു എന്നുള്ളതല്ല. ഒരിക്കൽപ്പോലും ഈ വിമർശനം സർക്കാരുമായി ചർച്ച ചെയ്തിട്ടില്ല. അത് ഡ്രാഫ്റ്റ് റിപ്പോർട്ടിലില്ല, എക്സിറ്റ് മീറ്റിംഗിന്റെ മിനിട്ട്സിൽ വന്നിട്ടില്ല. അത് ശരിയല്ല. അക്കാര്യം സഭ അറിയണം.

മി. സ്പീക്കർ: ഇതിനെക്കുറിച്ച് ഒരു ചർച്ച ഇനി വേണോ?

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണിത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. നിയമസഭ അറിയണം. നിയമസഭ സി. &എ.ജി. റിപ്പോർട്ട് അതുപോലെ അക്സപ്റ്റ് ചെയ്യുകയാണോ? അല്ലല്ലോ; സഭയുടെ മിനിയേച്ചറാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എന്നുപറയുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ സ്ക്രൂട്ടിനിക്കാണ് സി. & എ.ജി. റിപ്പോർട്ട് വിധേയമാകുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഗവൺമെന്റിനെ റെപ്രസന്റ് ചെയ്യാം. സാധാരണ പ്രൊസീഡ്യുവർ ലംഘിച്ചിട്ടാണ് സി.& എ.ജി. ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് ഗവൺമെന്റ് സെക്രട്ടറിമാർക്ക് അല്ലെങ്കിൽ ചീഫ് സെക്രട്ടറിക്ക് പി.എ.സി.യിൽ ഹാജരായി പറയാം. ഡ്രാഫ്റ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്ത കാര്യങ്ങൾ അഡീഷണലായി ഫൈനൽ റിപ്പോർട്ടിൽ കൂട്ടിച്ചേർത്തിരിക്കുകയാണ്, എക്സിറ്റ് മീറ്റിംഗിൽ പറയാത്ത കാര്യങ്ങൾ രണ്ടാമതായി കൂട്ടിച്ചേർത്തു, അതുകൊണ്ട് ഇത് സ്വീകരിക്കാൻ കഴിയില്ലെന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ പറയാം. പല ഡിപ്പാർട്ട്മെന്റുകളും വന്ന് ഇത് ഞങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളല്ല എന്ന് പി.എ.സി.യിൽ പറയാറുണ്ട്. ഞങ്ങൾ കൃത്യമായി മറുപടി കൊടുത്ത കാര്യങ്ങളും സി. & എ.ജി. റിപ്പോർട്ടിൽ വന്നിരിക്കുന്നു എന്നുപറഞ്ഞാൽ സാധാരണ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അത് ഡ്രോപ്പ് ചെയ്യുകയാണ് ചെയ്യുന്നത്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി എന്നുപറയുന്നത് ഈ നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇൻസ്ട്രുമെന്റ് കൂടിയാണ്. ആ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയാണ് യഥാർത്ഥത്തിൽ ഇക്കാര്യത്തിൽ സ്ക്രൂട്ടിനി നടത്തേണ്ടത്. അതിനുമുമ്പ് അതിന്റെ ഉള്ളടക്കത്തെ ലീക്ക് ചെയ്ത് പുറത്തുകൊടുക്കുകയും ഇതിനോടൊപ്പം ഒരു മന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിലല്ല, ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തെ സംബന്ധിച്ച വിമർശനത്തെ, ഓഡിറ്റ് ഒബ്സർവേഷൻ വന്നതിനെ ഒബ്ജക്ട് ചെയ്തുകൊണ്ട് ഒരു സ്റ്റേറ്റ്മെന്റ് വയ്ക്കുകയാണ്. അടുത്ത പ്രാവശ്യം കൃഷി വകുപ്പിനെതിരായാണ് ഈ പറയുന്ന തരത്തിലുള്ള എന്തെങ്കിലും ഒബ്സർവേഷനുള്ളതെങ്കിൽ കൃഷി വകുപ്പുമന്ത്രി ആവശ്യപ്പെട്ടാൽ കൊടുക്കാതിരിക്കാൻ സഭയ്ക്ക് കഴിയില്ല. കാരണം ഇതൊരു പ്രീസിഡന്റായി മാറാൻ പോവുകയാണ്. ഞാൻ അതാണ് ചൂണ്ടിക്കാണിച്ചത്. അത് തിരുത്തണം.

## റൂളിംഗ്

മി. സ്പീക്കർ: ഒരു ഓഡിറ്റ് ഒബ്ജക്ഷന്റെ ഭാഗമായിട്ടുള്ള സർക്കാരിന്റെ നിലപാട് സഭയെ അറിയിക്കുക എന്നുള്ള നിലയിൽ അതിനെ കാണേണ്ടതില്ല എന്നാണെനിക്ക് തോന്നുന്നത്. യഥാർത്ഥത്തിൽ സി.&എ.ജി.യുടെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ നിരീക്ഷണംകൂടി സമർപ്പിക്കാവുന്നതാണെന്ന് ഭരണഘടനയുടെ 152(1) പ്രകാരം സമർപ്പിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ഗവർണ്ണറുടെ സമ്മതത്തോടുകൂടിയാണ് അത് സമർപ്പിക്കുന്നത്. തീർച്ചയായിട്ടും അത് സഭയിൽ മുമ്പില്ലാത്ത ഒരനുഭവമാണ്. അസാധാരണമായ സാഹചര്യത്തിലാണത് സംഭവിച്ചിട്ടുള്ളത്. ആ അസാധാരണമായ സാഹചര്യം എന്താണെന്ന് തുടർന്ന് പി.എ.സി.ക്ക് കൂടി പരിശോധിക്കാം. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

## VIII മേശപ്പുറത്തുവച്ച കടലാസുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്ത് വയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ സമ്പദ്വ്യവസ്ഥയെ സംബന്ധിച്ച് (ധനകാര്യ വകുപ്പ് മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് സഹിതം) |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2019-20 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് (വാല്യം 1&2) |

## IX റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ നൂറ്റിപ്പത്ത് മുതൽ നൂറ്റിമുപ്പത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നൂറ്റിപ്പത്ത് മുതൽ നൂറ്റിമുപ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്ന ശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനേഴ് മുതൽ പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പതിനേഴ് മുതൽ പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീമതി ഇ. എസ്. ബിജിമോൾക്കുവേണ്ടി (ശ്രീ. ജെയിംസ് മാത്യു): സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## X ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. വി. ശശി): സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2021-2022-ലെ സംസ്ഥാന ബഡ്ജറ്റിനെ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുന്നു. നിയമസഭയിൽ ഈ ബഡ്ജറ്റ് ചർച്ചയ്ക്ക് തുടക്കംകുറിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. ഈ സർക്കാർ അധികാരത്തിലേറി ഒന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കിക്കൊണ്ട് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ വാക്കുകൾ ഇതാണ്. "പണത്തിന് കുറവുണ്ട്, കേരളം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നു. എന്നാൽ ഈ പ്രതിസന്ധി മറയാക്കി ദുർബല ജനവിഭാഗങ്ങൾക്ക്, അടിസ്ഥാന ജനതയ്ക്ക് നൽകുന്ന പദ്ധതികളും സഹായങ്ങളും ഒരു കാരണവശാലും നിഷേധിക്കുകയില്ല. അവ നൽകുകതന്നെ ചെയ്യും". ഈ സർക്കാർ ആ വാക്ക്, ആ പ്രഖ്യാപനം, അക്ഷരംപ്രതി പാലിച്ചുവെന്നുള്ളതാണ്

പിന്നീട് നമുക്കുണ്ടായ അനുഭവം. ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ 12-ാ മത്തെ ബഡ്ജറ്റ് വായിച്ചുതീർന്ന ഉടനെ പ്രതിപക്ഷ പ്രതികരണം വന്നു, "ഇത് തെരഞ്ഞെടുപ്പ് ബഡ്ജറ്റാണ്" എന്ന്. ഈ ബഡ്ജറ്റ് ജനക്ഷേമകരമാണെന്ന് പരസ്യമായി സമ്മതിക്കുകയല്ലേ പ്രതിപക്ഷം ഇതിലൂടെ നടത്തിയതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ശരിയാണ്, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് കഴിഞ്ഞ നാല് ബഡ്ജറ്റുകളും ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. തെരഞ്ഞെടുപ്പ് മുന്നിൽ കാണുമ്പോൾ ജനങ്ങളെയാണ് ധനകാര്യ വകുപ്പുമന്ത്രി മുന്നിൽ കാണുന്നത്. അധികാരത്തിൽ വരുമ്പോൾ തന്നെ വീണ്ടും തെരഞ്ഞെടുപ്പിനെ മുന്നിൽ കാണേണ്ടിവരുമെന്ന ബോദ്ധ്യമാണ് ഇക്കാലത്ത് ജനക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ ഈ സർക്കാരിനെ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തത്. അതിന് പണക്കുറവും സാമ്പത്തിക പ്രതിസന്ധിയും തടസ്സമായില്ല. ജനങ്ങളെ മുന്നിൽ കണ്ടതുകൊണ്ടാണ് അടിക്കടിയുണ്ടായ പ്രകൃതി ദുരന്തങ്ങളെ നേരിടാനും ലോകത്തെ നടുക്കിയ മഹാമാരിയെ പ്രതിരോധിക്കാനും കഴിഞ്ഞത്. സർവ്വോപരി, നിത്യേന ജനവിരുദ്ധമായിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധമായ ഭരണനടപടികളെ ചെറുത്തു നിൽക്കാനായത്. അതേ ജനങ്ങളെ മുന്നിൽക്കണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കഴിഞ്ഞ നാലര വർഷക്കാലമായി മുന്നോട്ടുപോകുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റും അവതരിപ്പിച്ചിട്ടുള്ളത്. അതിനെ പരോക്ഷമായിട്ടെങ്കിലും പ്രശംസിക്കാൻ തയ്യാറായ പ്രതിപക്ഷത്തെ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ രാജ്യം വലിയ വെല്ലുവിളി നേരിടുന്ന അവസരമാണിത്. ജനാധിപത്യത്തിന് പകരമായി ഏകാധിപത്യം, ഭരണഘടനയ്ക്ക് പകരം മനുസ്മൃതി, മതേതരത്വത്തിന് പകരം ഫാസിസം, ഫെഡറലിസത്തിന് പകരം അധികാര കേന്ദ്രീകരണം, പൗരത്വ ഭേദഗതി നിയമം, ദേശീയ പൗരത്വ രജിസ്റ്റർ തുടങ്ങിയ അപകടകരമായ നീക്കങ്ങൾ, പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഭരണഘടനാ സ്ഥാപനങ്ങൾ, പൗരാവകാശങ്ങളെ നിഷേധിക്കുന്ന നിയമച്ചങ്ങലകൾ, തൊഴിലാളികളും കർഷകരുമുൾപ്പെടെ മുഴുവൻ ജനങ്ങളുടെയും നട്ടെല്ലൊടിക്കുന്ന സാമ്പത്തിക നയങ്ങൾ, സംസ്ഥാനത്തിന്റെ അധികാരങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന കാർഷിക-വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ, പൊതുമേഖല വിറ്റുതുലയ്ക്കുന്ന നയങ്ങൾ, അടിമ വ്യവസ്ഥയ്ക്ക് തുല്യമായ ട്രേഡ്യൂണിയൻ നിയമങ്ങൾ, പരിസ്ഥിതിയെ തകർക്കുന്ന ഭേദഗതികൾ ഇങ്ങനെയുള്ള നിരവധി വെല്ലുവിളികളുയരുന്ന ദേശീയ പശ്ചാത്തലമാണ് നമുക്ക് മുന്നിലുള്ളത്. ഇതിനുപുറമെ കേരള

രൂപീകരണത്തിനുശേഷം ഇത്രയും കെടുതികൾ നേരിടേണ്ടി വന്ന ഒരു ഭരണകാലം വേറെയുണ്ടായിട്ടില്ല. അടിക്കടി രണ്ട് പ്രകൃതി ദുരന്തങ്ങൾ, പിന്നാലെ ഒരു മഹാമാരി, അതിനുപുറമേ കേന്ദ്ര സർക്കാരിൽനിന്നും നിരന്തരം നേരിടേണ്ടിവന്ന ഭരണപരമായ ആഘാതങ്ങൾ തുടങ്ങിയവയെ എല്ലാം നേരിടാൻ ബദൽ ഭരണ സാമ്പത്തിക സംവിധാനത്തിലൂടെ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ലോക വ്യാപകമായി അതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. അടിസ്ഥാന ജനവിഭാഗങ്ങൾ എങ്ങനെ ചിന്തിക്കുന്നു എന്നറിയാൻ പഞ്ചായത്ത് തെരഞ്ഞെടുപ്പും തുണയായി. താഴെത്തട്ടിലെവരെ ജനഹിതം അതിൽ പ്രതിഫലിച്ചു. ഈ സർക്കാരിന്റെ ഭരണത്തിൽ അടിസ്ഥാന ജനവിഭാഗങ്ങൾ അർപ്പിച്ച വിശ്വാസം ആവേശഭരിതമായിരുന്നു. ഏറെ തെറ്റിദ്ധരിപ്പിക്കുന്ന വ്യാജ പ്രചരണങ്ങൾ കൊണ്ട് വികസന രംഗത്ത് സർക്കാർ കൈവരിച്ച നേട്ടങ്ങൾ പൂർണ്ണമായും ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും ജാതി-മത-വർഗ്ഗീയ പ്രീണനങ്ങളെ അതിജീവിച്ച് കേരളം നടത്തിയ വിധിയെഴുത്ത് ജനങ്ങളുടെ സാക്ഷ്യപത്രമായി നമുക്ക് മുന്നിലുണ്ട്. ഈ സഭ സമ്മേളിച്ചത് കേന്ദ്ര കാർഷിക ഭേദഗതി ബില്ലുകൾക്കെതിരെ ഒരു പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയതിനുശേഷമാണ്. കേരളത്തിന്റെ ഏകസ്വരത്തിലുള്ള അഭ്യർത്ഥന മാത്രമല്ല, മുന്നറിയിപ്പ് കൂടിയാണ് ഈ പ്രമേയം. മുടന്തൻ ന്യായങ്ങൾ നിരത്തി പ്രധാനമന്ത്രിവരെ തിരസ്കരിക്കാൻ ശ്രമിക്കുന്ന ഈ പ്രമേയം കേരളത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ച് പരമ പ്രധാനമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമാണ് കേരളം. നിത്യോപയോഗ സാധനങ്ങളെല്ലാം വില കൊടുത്ത് വാങ്ങേണ്ടിവരുന്ന സംസ്ഥാനം. കാർഷിക ഭേദഗതി നിയമം നടപ്പിലായാൽ കേരളം കോർപ്പറേറ്റുകളുടെ കടുത്ത ചൂഷണത്തിന് ഇരയാവാൻ അധികകാലം വേണ്ടി വരില്ല. കാർഷിക മേഖല ആഭ്യന്തര കമ്പോളം വിട്ട് ആഗോള കമ്പോളം ലക്ഷ്യമാക്കി കുതിക്കുമ്പോൾ, കർഷകന് ന്യായവിലയും ജനങ്ങൾക്ക് ന്യായവിലയ്ക്ക് ഭക്ഷ്യവസ്തുക്കളും ഒരുപോലെ അപ്രാപ്യമാകും. ആഗോള വിപണിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നമ്മുടെ കാർഷിക വിളകളിൽ മാറ്റം സംഭവിക്കും. കേവലം ധനമൂലധനത്തിലധിഷ്ഠിതമായ പുത്തൻ കാർഷിക നയത്തിന്റെ മുന്നൊരുക്കമാണ് കേന്ദ്ര നിയമ ഭേദഗതികൾ. ഇന്ന് പ്രക്ഷോഭ രംഗത്തുള്ള കർഷകർ ഉന്നയിക്കുന്ന വാദങ്ങൾക്ക് അപ്പുറം ആഘാതശേഷിയുള്ള നയങ്ങളാണ് വരാൻ പോകുന്നത്. ഇന്ധന വിലനിലവാരം പോലെ ആഗോള അടിസ്ഥാനത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയും അനുദിനം മാറിമറിയുന്ന കാലം വിദൂരമല്ല. കോവിഡ് എന്ന മഹാമാരിയിൽ ഈ രാജ്യം അടച്ചുപൂട്ടപ്പെട്ടിരുന്ന കാലത്താണ് ഈ ദേശവിരുദ്ധ കരിനിയമം

അടിച്ചേൽപ്പിക്കപ്പെട്ടതെന്ന കാര്യം നമ്മൾ മറക്കരുത്. ലോകത്തെയാകമാനം ഭീതിയിലാക്കിയ രോഗബാധയിൽ ജനങ്ങൾ തടവിലാക്കപ്പെട്ടപ്പോൾ, റീട്ടെയിൽ, ഓൺലൈൻ വ്യാപാരംവഴി കോർപ്പറേറ്റുകൾ വമ്പിച്ച നേട്ടമാണ് കൈവരിച്ചത്. റീട്ടെയിൽ രംഗത്ത് അമ്പത് ശതമാനത്തിലധികം വ്യാപാരം ഇവർ കയ്യടക്കി. ഇനിയും മുന്നേറാനുള്ള കുതിപ്പിലാണവർ. നമ്മുടെ പ്രാദേശിക മാർക്കറ്റുകളിൽ പോലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച ഈ പ്രതിഭാസം കാർഷിക നിയമ ഭേദഗതിയിലൂടെ ഉത്പാദന മേഖലയിലും പിടിമുറുക്കും. കേവലം ഒരു കാർഷിക പ്രശ്നം എന്നതിലപ്പുറം ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന സാമൂഹ്യവിപത്തായി ഇതിനെ തിരിച്ചറിയേണ്ടതായിട്ടുണ്ട്, പ്രതിരോധി ക്കേണ്ടതായിട്ടുമുണ്ട്. കേരളം ഇപ്പോഴും ലോക്ഡൗണിന്റെ പിടിയിൽനിന്നും മുക്തമായിട്ടില്ല. ആ പ്രതിസന്ധിയെ കേരളം നേരിടുന്നത് നമ്മുടെ പൊതുവിതരണ സംവിധാനത്തിന്റെ ഇടപെടലിലൂടെയാണ്. എല്ലാ ഭവനങ്ങളിലും സൗജന്യ റേഷനും ഭക്ഷ്യകിറ്റും നൽകിയും സമൂഹ അടുക്കള സ്ഥാപിച്ചും എല്ലാവരുടെയും പട്ടിണി മാറ്റാൻ നമുക്ക് കഴിഞ്ഞു. മാവേലി സ്റ്റോറിൽ അവശ്യവസ്തുക്കൾക്ക് അഞ്ച് വർഷവും വിലകൂട്ടാതെ സ്വകാര്യ വിപണിയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ കേരളത്തിന് കഴിഞ്ഞു. കേന്ദ്ര കാർഷിക ഭേദഗതി നിയമം നടപ്പായാൽ ഇത് സാധ്യമാകുമോ? വിദേശ-സ്വദേശ കുത്തകകളുടെ കൈപ്പിടിയിലായ കാർഷിക വിപണിയിലേയ്ക്ക് കടന്നുചെല്ലാൻ കേരളത്തിനാകുമോ? മറിച്ച് മഹാമാരികൾ പോലും മറയാക്കി ജനങ്ങളെ കൊള്ളയടിക്കാൻ ഇത് കോർപ്പറേറ്റുകൾക്ക് വഴിതെളിക്കും. നമ്മുടെ പൊതുവിതരണ സംവിധാനത്തെ തകർത്ത് കേരളത്തെ കൊടുംകെടുതികളുടെ ഇരുട്ടിലേയ്ക്ക് തള്ളിവിടുന്ന കരിനിയമമാണ് ഈ കാർഷിക നിയമഭേദഗതിയെന്ന് നാം തിരിച്ചറിയണം. ബഡ്ജറ്റ് പ്രസംഗത്തിലെ 14 മുതൽ 19 വരെയുള്ള പേജുകളിൽ കഴിഞ്ഞ രണ്ട് സർക്കാരുകളുടെ വികസന നേട്ടത്തിന്റെ താരതമ്യ വിവരണം നൽകിയിട്ടുണ്ട്. അത് ഈ സർക്കാരിന്റെ ഭരണ വിജയത്തിന്റെ രജതരേഖയാണ്. ക്ഷേമപെൻഷൻ വിതരണത്തിൽ യു.ഡി.എഫ്. ഭരണകാലത്തെ അപേക്ഷിച്ച് ഏതാണ്ട് മൂന്നര ഇരട്ടിയും പൊതുവിതരണത്തിന് ഇരട്ടി തുകയും സി.എം.ഡി.ആർ.എഫ്. സഹായവിതരണത്തിൽ മൂന്നിരട്ടിയി ലധികവും റോഡ് നിർമ്മാണത്തിൽ ഒന്നര ഇരട്ടിയും നെൽവയൽ വിസ്തൃതിയിൽ 33 ശതമാനവും സ്റ്റാർട്ട് അപ്പുകളുടെ എണ്ണത്തിൽ 13 ഇരട്ടിയും പട്ടയ വിതരണത്തിൽ 42 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തുകയുണ്ടായി. പാലുല്പാദനം ഇരട്ടിയാക്കി സ്വയം പര്യാപ്തിയോടടുത്ത നേട്ടവും കൈവരിക്കാൻ കഴിഞ്ഞു. ഇതോടൊപ്പം തന്നെ ഗെയ്ൽ വാതക പൈപ്പ്ലൈൻ, വൈദ്യുതി ഗ്രിഡ്, കേരള ബാങ്ക്, കൊച്ചി മെട്രോ

എന്നീ വൻകിട പദ്ധതികൾ പൂർത്തിയാക്കിയതും 850 ഏക്കർ റവന്യൂ ഭൂമി തിരിച്ചുപിടിച്ചതും 320 ഹെക്ടർ പുതുതായി വനഭൂമിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചതും നേട്ടങ്ങളുടെ പട്ടികയിൽ എടുത്തുപറയേണ്ടവയാണ്. അഭ്യസ്ത വിദ്യർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തെ അറിവിന്റെ സമൂഹമാക്കി മാറ്റാൻ, വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് നയിക്കാൻ, ദീർഘവീക്ഷണവും മൂലധന നിക്ഷേപവും ഉറപ്പുവരുത്തുന്ന സവിശേഷമായ ഒട്ടേറെ കർമ്മ പദ്ധതികൾ പ്രഖ്യാപിച്ച ബഡ്ജറ്റ് ചരിത്രത്തിലെ മായാമുദ്രയായി. ഈ തീരുമാനം നമ്മുടെ സംസ്ഥാനത്തിന് ഏറ്റവും അനുയോജ്യമായതും രാജ്യത്തിനുതന്നെ മാതൃകാപരവുമാണ്. വീട്ടിലിരുന്ന് ജോലി, വീട്ടിനടുത്ത് ജോലി എന്നിവയുടെ വലിയ സാദ്ധ്യതയാണ് കോവിഡ് കാലത്ത് തുറന്നുകിട്ടിയത്. ഈ തൊഴിൽ സാദ്ധ്യതകൾ വിപുലീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബഡ്ജറ്റിലുണ്ട്. ബ്ലോക്ക്-മുനിസിപ്പൽ തലങ്ങളിൽ അയ്യായിരം ചതുരശ്ര അടിയിൽ കെട്ടിട സൗകര്യം ഉറപ്പാക്കി വർക്ക് സ്റ്റേഷനുകൾ തുടങ്ങുന്നത് ഈ തൊഴിൽ സാധ്യതയെ ലക്ഷ്യമിട്ടാണ്. മറ്റൊരു പരിപാടിയാണ് ഡിജിറ്റൽ പ്ലാറ്റ് ഫോം. പരിശീലനം കിട്ടിയവരുടെയും പ്രൊഫഷണലുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയാണ് ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുന്നത്. ഇതുവഴി കമ്പനികൾ ജോലി കൊടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നു. ഉപകരണങ്ങൾ വാങ്ങാൻ കേരള ബാങ്ക്, കെ.എഫ്.സി., കെ.എസ്.എഫ്.ഇ. വഴി വായ്പ ലഭ്യമാക്കുകയും ചെയ്യും. ഈ പ്ലാറ്റ്ഫോമിലൂടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകാനാകുമെന്നാണ് കരുതുന്നത്. K-DISC (കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) പുനഃസംഘടപ്പിച്ച് പ്രവർത്തനം വിപുലീകരിക്കാൻ വിജ്ഞാന സമ്പദ്ഘടന ഫണ്ടായി ഇരുന്നൂറ് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. എല്ലാവീട്ടിലും ഇന്റർനെറ്റ് എത്തിക്കുന്ന കെ-ഫോൺ പദ്ധതി ഈ നിരയിൽ മറ്റൊരു സുപ്രധാന കാൽവെയ്പ്പാണ്. എല്ലാ വീട്ടിലും ലാപ്ടോപ്പ് ഉറപ്പാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള മോഡൽ വികസന ചരിത്രത്തിൽ 1970-നുള്ള പങ്ക് സുപ്രധാനമാണ്. അക്കാലത്ത് സി. അച്യുതമേനോൻ സർക്കാരിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ വികസന പഠന കേന്ദ്രം (CDS), ശ്രീചിത്ര മെഡിക്കൽ സെന്റർ തുടങ്ങി അരഡസനിലധികം ഉന്നത വിദ്യാഭ്യാസ മികവിന്റെ കേന്ദ്രങ്ങൾ ഇന്നും പ്രസിദ്ധമാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ഓർമ്മപ്പെടുത്തുന്നു. അതേ മാതൃകയിൽ അത്യന്താധുനിക വിഷയങ്ങളെ ആസ്പദമാക്കി സർവ്വകലാശാലകൾക്കുള്ളിൽ മുപ്പതോളം മികവിന്റെ കേന്ദ്രങ്ങൾ ബഡ്ജറ്റിൽ ഉറപ്പാക്കുന്നു. 2021-2022

സാമ്പത്തിക വർഷത്തിൽ എട്ടുലക്ഷം തൊഴിലവസരം സൃഷ്ടിക്കുമെന്നതാണ് ബഡ്ജറ്റിലെ മറ്റൊരു പ്രധാനപ്പെട്ട പ്രഖ്യാപനം. മൂന്ന് ലക്ഷം അഭ്യസ്തവിദ്യർക്കും അഞ്ച് ലക്ഷം മറ്റുള്ളവർക്കുമാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ആരോഗ്യ വകുപ്പിൽ 4000 തസ്തികകൾ സൃഷ്ടിക്കുന്നത് ഇതിനുപുറമെയാണ്. 2500 പുതിയ സ്റ്റാർട്ട് അപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികമായി 1000 കോടി, ആശാ വർക്കർമാർക്കും അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വേതന വർദ്ധനവ്, തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ, പരമ്പരാഗത വ്യവസായങ്ങൾക്ക് മുൻഗണന, പട്ടിക വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ പദ്ധതി വിഹിതവും പുതിയ പദ്ധതികളും എന്നിവയെല്ലാം എടുത്തുപറയേണ്ട പ്രഖ്യാപനങ്ങളാണ്. റബ്ബറിന്റെ താങ്ങുവില 170 രൂപയായും നെല്ലിന്റെ സംഭരണ വില 28 രൂപയായും നാളികേരത്തിന്റെ സംഭരണ വില 32 രൂപയായും വർദ്ധിപ്പിച്ച നടപടി കൃഷിക്കാർക്ക് ആശ്വാസവും സന്തോഷവും പകരുന്ന തീരുമാനങ്ങളാണ്. അരലക്ഷം കോടി മുതൽമുടക്ക് വരുന്ന മൂന്ന് വ്യവസായ ഇടനാഴികളിൽനിന്നും തുടങ്ങി സ്റ്റാർട്ടപ്പുകൾ, ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകൾ, തൊഴിലുറപ്പ് പദ്ധതിയുടെ ശാക്തീകരണം, പ്രവാസികൾക്കുള്ള പദ്ധതികൾ, വിനോദസഞ്ചാര മാർക്കറ്റിംഗ് പദ്ധതികൾ, കാർഷികേതര മേഖലകളിലെ സംരംഭങ്ങൾ എന്നിങ്ങനെ നിരവധി പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതോടൊപ്പം കേവല ദാരിദ്ര്യം തുടച്ചു നീക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികളുമുണ്ട്. വയോജനങ്ങൾക്ക് ഒരു ശതമാനം ഇളവോടെ മരുന്നുകൾ വീട്ടിലെത്തിച്ച് നൽകൽ, കാരുണ്യ ഇൻഷ്വറൻസ് ലഭിക്കാത്തവർക്കായി ബെനവലന്റ് ഫണ്ട് ആനുകൂല്യം എന്നിങ്ങനെ തകർന്നുപോകുമായിരുന്ന ജീവിതങ്ങളെ കൈപിടിച്ചുയർത്താൻ പ്രചോദനകരമാകുന്ന നിരവധി പദ്ധതികൾകൊണ്ട് സമ്പന്നമാണ് ഈ ബഡ്ജറ്റ്. കേരളത്തിലെ ഒരു മനുഷ്യനും ദുരിതം അനുഭവിക്കാതിരിക്കുന്നതിനുള്ള കരുതലിന്റെ കുമ്പാരമായി അവതരിപ്പിച്ചിരിക്കുന്ന സംസ്ഥാന ബഡ്ജറ്റിൽ ഒരു വിഭാഗവും ഒഴിവാക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ലെന്ന വലിയ പ്രത്യേകതയുമുണ്ട്. ഈ കോവിഡ് കാലത്ത് പ്രത്യാശയുടെ പ്രകാശ രശ്മികൾ വാരി വിതറുന്ന ബഡ്ജറ്റാണിത്. അതുകൊണ്ടുതന്നെ ഈ ബഡ്ജറ്റ് ഈ സർക്കാരിന്റെ അവസാനത്തെ ബഡ്ജറ്റല്ല, അഞ്ചാമത്തെ മാത്രം ബഡ്ജറ്റാണ്. ഇനിയൊരു അഞ്ച് ബഡ്ജറ്റ് കൂടി ഈ സർക്കാർ അവതരിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് ഫലം അത് സാക്ഷ്യപ്പെടുത്തുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, നമ്മുടെ ഭരണഘടനയിൽ ബഡ്ജറ്റ് എന്ന വാക്കല്ല ഉപയോഗിക്കുന്നത്, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നാണ്. കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്കുകളും വരാൻ പോകുന്ന വർഷത്തെ വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച എസ്റ്റിമേറ്റുമാണ് ബഡ്ജറ്റിൽ അവതരിപ്പിക്കേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധാരാളം ഭാഗങ്ങൾ വായിക്കാതെ വിട്ടുകളഞ്ഞു. അങ്ങനെ വിട്ടില്ലായിരുന്നുവെങ്കിൽ നാല് മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രസംഗം അദ്ദേഹം ഇവിടെ നടത്തുമായിരുന്നു. ബഡ്ജറ്റ് മുഴുവൻ വായിക്കുമായിരുന്നെങ്കിൽ നാല് മണിക്കൂറോളം നീണ്ടുനിൽക്കുന്ന പ്രസംഗത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിലെവിടെയെങ്കിലും സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ധനസ്ഥിതിയെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം അദ്ദേഹം വരച്ചുവച്ചിട്ടുണ്ടോ? യഥാർത്ഥ ധനസ്ഥിതിയെക്കുറിച്ചുള്ള കൃത്യമായ വിവരം കൊടുക്കുക എന്നുള്ളത് അദ്ദേഹത്തിന്റെ ഭരണഘടനാപരമായ ചുമതലയായിരുന്നു. അദ്ദേഹം അത് മറച്ചുവച്ചു. അതിനുപകരം പല പൊടിക്കൈകളും ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ധാരാളം നമ്പരുകളുമാണ് അദ്ദേഹം ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ ഇറക്കിയിരിക്കുന്നത്. ഉദാഹരണത്തിന്, സ്ത്രീകൾ വീടുകളിൽ എത്രമാത്രം കഷ്ടപ്പെടുന്നു. അവർ ചെയ്യുന്ന ജോലി ആരും കണക്കാക്കുന്നില്ല. വീട്ടമ്മമാർ അടുക്കളയിൽ ചെയ്യുന്ന ജോലിക്ക് സപ്പോർട്ടായി ഒരു കുട്ടിയുടെ നല്ല കവിതയും ചേർത്തിട്ടുണ്ട്. ഈ ഗവൺമെന്റ് ഇതാ വീട്ടമ്മമാരുടെ ജോലി കുറയ്ക്കാൻ പോകുന്നു, അടുക്കളകൾ യന്ത്രവൽക്കരിക്കാൻ പോകുന്നു, ഇനി എല്ലാ ഹോം അപ്ലൈയൻസും ഗവൺമെന്റ് അവർക്ക് കൊടുക്കാൻ പോകുന്നുവെന്ന് അദ്ദേഹം പറയുകയാണ്. അപ്പോൾ ഞങ്ങളെല്ലാവരും ഞെട്ടി. അതിന് സ്മാർട്ട് കിച്ചൺ എന്നൊരു നല്ല പേര്. അടുത്ത വരി എന്താണ്? കെ.എസ്.എഫ്.ഇ. ഒരു കിച്ചൺ ചിട്ടി തുടങ്ങാൻ പോകുന്നു. ആ കിച്ചൺ ചിട്ടി തുടങ്ങുന്ന കാര്യമാണ് അദ്ദേഹം ഇത്രമാത്രം വാചകമടിച്ച് അവസാനിപ്പിച്ചത്. കെ.എസ്.എഫ്.ഇ. കിച്ചൺ ചിട്ടി തുടങ്ങുന്നതെന്തിനാണ്? എന്നിട്ട് പലിശയുടെ മൂന്ന് ശതമാനത്തിലൊന്ന് സർക്കാരും ഒരു ശതമാനം ഉപഭോക്താവും ഒരു ശതമാനം പഞ്ചായത്തും കൊടുക്കും. കേരളത്തിൽ ഹോം അപ്ലൈയൻസ് നടത്തുന്ന എല്ലാ സ്ഥാപനങ്ങളും ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ ആളുകൾക്ക് സാധനങ്ങൾ കൊടുക്കുന്നുണ്ട്. പണ്ട് ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ സാധനങ്ങൾ കൊടുക്കുമ്പോൾ പലിശയുണ്ടായിരുന്നു. ഇപ്പോൾ പലിശയില്ല. സീറോ ഇന്ററസ്റ്റിൽ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ ഹോം അപ്ലൈയൻസസ് കമ്പനികൾ കൊടുക്കുന്ന സാധനത്തിനാണ് അങ്ങ് മനോഹരമായി വീട്ടമ്മമാരുടെ ദുരിതത്തെക്കുറിച്ചെല്ലാം വർണ്ണിച്ച് കെ.എസ്.എഫ്.ഇ. ചിട്ടി തുടങ്ങുന്ന കാര്യം പറഞ്ഞത്. അതുപോലെ ഈ

ബഡ്ജറ്റിൽ സ്വപ്ന പദ്ധതിയെന്ന് അങ്ങ് വിശേഷിപ്പിച്ചത് എന്തെല്ലാം വാക്കുകളാലാണ്, ഡിജിറ്റൽ പ്ലാറ്റ് ഫോം, ഡിജിറ്റൽ ഇക്കോണമി, നോളജ് ഇക്കോണമി, കെ-ഡിസ്ക്, സ്കിൽ ട്രെയിനിംഗ്, റീ സ്കിൽ തുടങ്ങിയവ. എന്നിട്ട് കേരളം ഇതാദ്യമായി കേൾക്കുന്ന ഭാവത്തിൽ അദ്ദേഹം അവതരിപ്പിക്കുകയാണ്. ഇത് കേട്ടാൽ ഒരുമാതിരിപ്പെട്ട ആളുകളെല്ലാം ഞെട്ടിപ്പോകുന്ന ഒരു പദ്ധതി. എന്നിട്ട് പറയുകയാണ് അടുത്ത വർഷം 3 ലക്ഷം പേർക്ക് ജോലി, ഈ അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് ജോലി, കഴിഞ്ഞ 5 വർഷം മുമ്പ് ഒരു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 25 ലക്ഷം പേർക്ക് ജോലി വാഗ്ദാനം ചെയ്ത് അഞ്ചാമത്തെ വർഷം പൂർത്തിയാക്കുന്ന സർക്കാരാണിത്. 25 ലക്ഷം പേരിൽ എത്ര പേർക്കാണ് ജോലി കിട്ടിയതെന്ന് നമുക്കറിയാം. അടുത്ത 5 വർഷത്തേയ്ക്ക് 20 ലക്ഷം പേർക്ക് ജോലി കൊടുക്കുമെന്ന് പറയാനുള്ള തൊലിക്കട്ടി അപാരം തന്നെ. ഇതെങ്ങനെ പറയാൻ കഴിയുന്നു; എവിടെ നിന്നാണ് ഈ 3 ലക്ഷം പേർക്കും 20 ലക്ഷം പേർക്കും ജോലിയുണ്ടാകുന്നത്? എന്ത് ഡാറ്റാ ബേസിലാണ് ഇങ്ങനെ പറയുന്നത്; ഡിജിറ്റൽ ഇക്കോണമി എന്ന് പറയുന്നതെന്താണ്? യഥാർത്ഥത്തിൽ ഗവൺമെന്റ് ഒരു പോർട്ടൽ തുടങ്ങാൻ പോകുന്നു. വെബ്സൈറ്റും പോർട്ടലും ആർക്കും തുടങ്ങാം. ആ പോർട്ടലിൽ കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യാം. ലോകത്തെല്ലായിടത്തുമുള്ള കമ്പനികളെ കൊണ്ടുവന്ന് ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ആളുകൾക്ക് ജോലി കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. കാപട്യം നിറഞ്ഞ പദ്ധതിയാണ് അങ്ങ് പ്രഖ്യാപിച്ചത്. അങ്ങയുടെ ധനസ്ഥിതിയെക്കുറിച്ച് അറിയാവുന്നതുകൊണ്ട് എനിക്ക് മനസ്സിലാകും. കയ്യിൽ പൈസയില്ലാത്ത ഒരാൾ തെരഞ്ഞെടുപ്പിനുമുമ്പ് ഇതുപോലൊരു ബഡ്ജറ്റ് പ്രഖ്യാപിക്കുമ്പോൾ ഇത്തരം പൊടിക്കൈകളല്ലാതെ സാമ്പത്തികമായി സംസ്ഥാന സർക്കാരിന് ബാദ്ധ്യതയുള്ള ഏത് പദ്ധതിയും പ്രഖ്യാപിക്കാൻ അങ്ങയുടെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതാണ് കേരളത്തിലെ സാമ്പത്തിക സ്ഥിതി. 2011 മുതൽ 2016 വരെയുള്ള ഗവൺമെന്റുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ഫിസിക്കൽ അച്ചീവ്മെന്റ് കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിലുണ്ടായിരുന്ന ഒരു പരിപാടിയാണ്. ഇത്ര കിലോമീറ്റർ റോഡ് ഞങ്ങൾ കൂടുതൽ പണിതു, ഇത്ര കുടിവെള്ള ടാപ്പുകൾ ഞങ്ങൾ കൊടുത്തു. 1960-ലെ ആർ. ശങ്കറിന്റെ ഗവൺമെന്റ് കൊടുത്തതും ഇപ്പോഴത്തെ ഗവൺമെന്റ് കൊടുത്തതും തമ്മിൽ താരതമ്യപ്പെടുത്തുകയാണ് ശരിക്കും അങ്ങ് ചെയ്യേണ്ടിയിരുന്നത്. അതങ്ങ് ചെയ്താലും അത്ഭുതമില്ല. ഇതൊക്കെ സാമാന്യയുക്തിക്ക് നിരക്കുന്നതാണോ; 2011-ലെ സംസ്ഥാനത്തിന്റെ ഇക്കോണമി എന്താണ്; സമ്പദ്വ്യവസ്ഥയുടെ സൈസ് എത്രയാണ്; 2011-ൽ

സംസ്ഥാനത്തിന്റെ നികുതി വരുമാനം എന്താണ്; 2021-ൽ ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അങ്ങയുടെ ഗവൺമെന്റിന്റെ ഇക്കോണമിയുടെ സൈസ് എത്രയാണ്; അങ്ങയുടെ നികുതി വരുമാനം എത്രയാണ്; താരതമ്യപ്പെടുത്താൻ കഴിയുമോ? അങ്ങനെയാണെങ്കിൽ ഞങ്ങളൊരു കാര്യം ചെയ്യാം. 2006 മുതൽ 2011 വരെ അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സർക്കാരിന്റെ ഫിസിക്കൽ അച്ചീവ്മെന്റും 2011 മുതൽ 2016 വരെയുള്ള ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തെ ഫിസിക്കൽ അച്ചീവ്മെന്റും താരതമ്യപ്പെടുത്തി ഞങ്ങളൊരു പേപ്പർ പ്രസിദ്ധീകരിക്കാം. അങ്ങനെ താരതമ്യപ്പെടുത്തുന്നത് ശരിയാണോ; എന്ത് യുക്തിയാണ് അതിലുള്ളത്? ഓരോ കാലഘട്ടത്തിലെയും നമ്മുടെ ഇക്കോണമിയുടെ സൈസും നികുതി വരുമാനവും പ്രോജക്ടിന്റെ സൈസും ഫിസിക്കൽ അച്ചീവ്മെന്റും വർദ്ധിച്ചുവരുമെന്നുള്ള ഒരു മനുഷ്യന്റെ സാമാന്യ ബോധത്തെയാണ് അങ്ങ് വെല്ലുവിളിച്ചിരിക്കുന്നതെന്ന് വിനയപൂർവ്വം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ അങ്ങ് മറച്ചുവച്ചിരിക്കുന്ന ധനസ്ഥിതി എന്താണ്? ഏറ്റവും കൂടുതൽ സമയം വായിച്ച ഒരു ബഡ്ജറ്റ് എന്നതിനേക്കാൾ ചരിത്രത്തിൽ രേഖപ്പെടുത്താൻ പോകുന്നത് കേരള ചരിത്രത്തിലെ ഏറ്റവും വലിയ കമ്മിയുള്ള ബഡ്ജറ്റ് എന്നാണ്. 25000 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ് അങ്ങിവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം കോവിഡിന്റെയും പ്രളയത്തിന്റെയും തലയിലാണ് കെട്ടിവച്ചിരിക്കുന്നത്. കോവിഡ് പ്രതിരോധത്തിൽ ഈ സർക്കാരിന്റെ നേട്ടങ്ങളെക്കുറിച്ച് വാഷിംഗ്ടൺ പോസ്റ്റിലും ന്യൂയോർക്ക് ടൈംസിലും വന്ന കാര്യങ്ങളെ സംബന്ധിച്ചാണ് അങ്ങ് ഈ ബഡ്ജറ്റിന്റെ തുടക്കത്തിൽ തന്നെ പറഞ്ഞിരിക്കുന്നത്. ഏത് കാലഘട്ടത്തിലാണ് ഈ സർക്കാരിനെ സംബന്ധിച്ച് അന്താരാഷ്ട്ര മാധ്യമങ്ങളിൽ വാർത്ത വന്നത്? മറ്റ് സംസ്ഥാനങ്ങളിലെല്ലാം 5000 പേരും 10000 പേരും നിത്യേന രോഗികളാകുകയും നിരവധി ആളുകൾ മരണമടയുകയും ചെയ്തുകൊണ്ടിരുന്ന സമയത്ത് കേരളത്തിൽ 50-ഉം 100-ഉം ആളുകൾക്ക് മാത്രം രോഗബാധയുണ്ടാകുകയും മരണനിരക്ക് കുറഞ്ഞിരിക്കുകയും ചെയ്തിരുന്ന സമയത്താണ് ഈ വാർത്ത വന്നത്. ഇപ്പോഴത്തെ സ്ഥിതി അതാണോ; അങ്ങ് 2021 ജനുവരി 15-ാം തീയതി ഈ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് കേരളത്തിലെ കോവിഡിന്റെ കണക്ക് എത്രയാണ്? കേരളത്തിൽ കോവിഡ് ബാധിതരുടെ എണ്ണം എട്ടര ലക്ഷത്തിനുമുകളിലാണ്, ഏറ്റവും കൂടുതൽ കോവിഡ് ബാധയുള്ള രണ്ടാമത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. കോവിഡ് ബാധമൂലം ഈ ജനുവരി 15 വരെ 3,463 പേർ മരണപ്പെട്ടുവെന്നാണ് സർക്കാരിന്റെ ഔദ്യോഗിക ഭാഷ്യം. ഈ കണക്ക് ബഹുമാനപ്പെട്ട സ്പീക്കർക്കും ധനകാര്യ വകുപ്പുമന്ത്രിക്കും അറിയാവുന്നതല്ലേ; ഇത്

ഐ.സി.എം.ആർ. പറയുന്ന കണക്കാണോ; കേന്ദ്ര ആരോഗ്യവകുപ്പിന്റെ കണക്കാണോ? കൂടുതൽ പേർ മരിച്ചുവെന്ന് പറഞ്ഞ് ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നതല്ല; കോവിഡ് പ്രതിരോധത്തിൽ ഈ സർക്കാർ ആകാശത്തിനുമേൽ നിൽക്കുന്നുവെന്ന് അങ്ങ് പറയുമ്പോൾ, കഴിഞ്ഞ മൂന്നുനാല് മാസമായി നമുക്ക് നിയന്ത്രിക്കാൻപോലും കഴിയാത്ത തരത്തിൽ കോവിഡ് രോഗബാധയുണ്ടാകുകയാണ്. മറ്റൊരു സംസ്ഥാനത്തും ഇത്രയും ദിവസം തുടർച്ചയായി ഇത്രയധികം കോവിഡ് ബാധയുണ്ടായിട്ടില്ല. അങ്ങ് യാഥാർത്ഥ്യങ്ങളെ വിസ്മരിക്കുകയാണ്.

'റീ-ബിൽഡ് കേരള'യെക്കുറിച്ച് അങ്ങ് എന്താണ് മൗനം പാലിക്കുന്നത്? ലോക ബാങ്കിൽ നിന്ന് ഒന്നാം ഗഡുവായി 1825 കോടി രൂപയും ജർമ്മൻ വായ്പയായ 1000 കോടി രൂപയും കിട്ടി. ആകെ 2800 കോടി രൂപ കയ്യിലുണ്ട്. ലോക ബാങ്കിൽ നിന്ന് രണ്ടാംഘട്ടം 1800 കോടി രൂപ കൂടി കിട്ടും. എന്നാലിപ്പോൾ റീ-ബിൽഡ് കേരള എവിടെയെത്തി നിൽക്കുന്നു? അങ്ങ് ബഡ്ജറ്റിൽ പറയില്ലെന്ന് എനിക്കറിയാം. കാരണം, ധനകാര്യ വകുപ്പിന് ഒരു ഉത്തരവാദിത്വവുമില്ലാത്ത പദ്ധതിയാണ് റീ-ബിൽഡ് കേരള. ഇത് എങ്ങനെയാണ് നടക്കുന്നതെന്ന് ആർക്കുമറിയാൻ കഴിയാത്ത സ്ഥിതിയാണ്. പ്രളയ ദുരിതബാധിതരായ ആളുകളെ സഹായിക്കാൻവേണ്ടിയുള്ള ഒരു പദ്ധതിയും ഇന്ന് റീ-ബിൽഡ് കേരളയിൽ നടക്കുന്നില്ല. റീ-ബിൽഡ് കേരള തകർന്ന് തരിപ്പണമായി. പ്രളയം കഴിഞ്ഞതിനുശേഷമുള്ള ഈ ഗവൺമെന്റിന്റെ പ്രഖ്യാപനം എന്തായിരുന്നു? പുതിയ കേരളം, നവകേരളം എന്നെല്ലാമുള്ള വലിയ പ്രഖ്യാപനങ്ങൾ നടത്തി. റീ-ബിൽഡ് കേരളയ്ക്ക് ഇന്ന് ഇത്രയും പണം കിട്ടിയിട്ടും, വിദേശവായ്പ കിട്ടിയിട്ടും എങ്ങുമെത്താത്ത അവസ്ഥയിലാണ്. അതിനെക്കുറിച്ച് അങ്ങ് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പരാമർശം പോലുമില്ലെന്നുള്ളത് സങ്കടകരമാണ്.

അങ്ങയുടെ മാസ്റ്റർപീസ് എന്നുപറയുന്നത് കിഫ്ബിയാണ്. അങ്ങ് ഞങ്ങളെയെല്ലാം ഇപ്പോൾ കിഫ്ബിയുടെ ശത്രുക്കളാക്കി മാറ്റിയിരിക്കുകയാണ്. ഞങ്ങൾ കൂടി അംഗീകരിച്ചുകൊണ്ടാണ് കിഫ്ബി നിലവിൽവന്നത്. ഞങ്ങൾ ആ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെയല്ല എതിർത്തത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നുണ്ട്. എന്നാൽ അതിന്റെ ചില നടപടികളെയും സമീപനങ്ങളെയും കടമെടുക്കുന്നതിനെയും അതിന്റെ കണക്ക് സംബന്ധിച്ച മെത്തഡോളജിയെയും ഞങ്ങൾ ചോദ്യം ചെയ്തിട്ടുണ്ട്. കിഫ്ബി വന്നിട്ട് ഇപ്പോൾ നാലാമത്തെ വർഷത്തിലേയ്ക്ക് കടക്കുകയല്ലേ, ഇതുവരെയുള്ള എക്സ്പെൻഡിച്ചർ 6,000 കോടി രൂപയാണ്. 65,000 കോടി രൂപയിൽ ബാക്കി വരുന്ന 59,000 കോടി രൂപയുടെ ബിൽ എപ്പോൾ കൊടുക്കും? 2021-2026 വരെയുള്ള സർക്കാരിന്റെ തലയിലേയ്ക്ക് ഈ 59,000 കോടി രൂപയുടെ കിഫ്ബി ബില്ലുകൾ പോകുകയാണ്. അതാണ് ഞാൻ എപ്പോഴും പറയുന്ന ഐസക്കണോമിക്സ്.

സർക്കാർ ജീവനക്കാരുടെ ശമ്പളം 2500 കോടി രൂപ പിടിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, 'നിങ്ങൾക്കത് തിരിച്ചുതരും'. ഇപ്പോൾ പറയുന്നത്, പി.എഫ്.ൽ ലയിപ്പിക്കും, അടുത്ത മേയ് 21-ാം തീയതി മുതൽ പിൻവലിക്കാം എന്നാണ്. അടുത്ത മെയ് 21-ാം തീയതി പുതിയ സർക്കാർ വരുമെന്ന് അദ്ദേഹത്തിന് നന്നായറിയാം. ശമ്പള കമ്മീഷൻ റിപ്പോർട്ട് ഇപ്പോൾ റെഡിയാകുമെന്നും ഏപ്രിൽ മാസത്തിൽ ശമ്പള പരിഷ്കരണ ഉത്തരവ് വരുമെന്നുമൊക്കെ പറഞ്ഞു. ഇത് കേട്ടപ്പോൾ എല്ലാ ഉദ്യോഗസ്ഥരും സന്തോഷിച്ചു. മാർച്ച് മാസം ആദ്യത്തെ ആഴ്ച പെരുമാറ്റച്ചട്ടം നിലവിൽ വരികയാണ്. പെരുമാറ്റച്ചട്ടം നിലവിൽ വന്നാൽ ഏപ്രിലിൽ ഉത്തരവിറക്കാൻ കഴിയില്ലെന്നത് ഏറ്റവും ഭംഗിയായി അറിയാവുന്നയാൾ ധനകാര്യ വകുപ്പുമന്ത്രിയാണ്. അദ്ദേഹം എത്ര ഭംഗിയായിട്ടാണ് ഈ കാര്യങ്ങളെല്ലാം ചെയ്തിരിക്കുന്നത്. 6,000 കോടി രൂപ കിഫ്ബിയിൽ ചെലവാക്കിയപ്പോൾ നമ്മുടെ പദ്ധതിയുടെ കാര്യം കൂടി നിങ്ങൾ അറിയണ്ടേ? 2018-19-ൽ 30,000 കോടി രൂപയായിരുന്നു പ്ലാൻ സൈസ്. 2019-20 ആയപ്പോൾ, നടപ്പാക്കുന്നതിനു മുമ്പുതന്നെ അത് 27,000 കോടി രൂപയാക്കി കുറച്ചു. യഥാർത്ഥത്തിൽ 30,000 കോടി രൂപയിൽ നിന്ന് പത്തുശതമാനം വർദ്ധിപ്പിച്ച് 33,000 കോടി രൂപയാകേണ്ടതായിരുന്ന പദ്ധതി 2019-20-ൽ 27,000 കോടി രൂപയാക്കി. ഞാൻ പരിശോധിച്ചപ്പോൾ ഈ വർഷവും 27,000 കോടി രൂപ തന്നെയാണ് വരുന്നത്. ആദ്യത്തെ കണക്കനുസരിച്ച് 37,000 കോടി രൂപയുടെ പ്ലാൻ സൈസുണ്ടാകണമായിരുന്നു. അതിനുപകരം 27,000 കോടി രൂപയാക്കി കുറച്ചു. യഥാർത്ഥത്തിൽ പതിനായിരം കോടി രൂപ പ്ലാനിൽ കട്ട് ചെയ്തിരിക്കുകയാണ്. എന്നിട്ടാണ് 6,000 കോടി രൂപയുടെ കിഫ്ബി പദ്ധതി നടപ്പിലാക്കിയെന്ന് പറയുന്നത്. പ്ലാനിന്റെ ചെലവിലാണോ കിഫ്ബി പദ്ധതി നടപ്പിലാക്കുന്നത്? പ്ലാനിന്റെ പുറത്ത് പറന്നുനടക്കുന്ന ഒരു സാധനമാണോ കിഫ്ബിയെന്ന് പറയുന്നത്; പ്ലാൻ സഫർ ചെയ്തിട്ടാണോ കിഫ്ബി പ്രോജക്ട് ചെയ്യുന്നത്? പ്ലാൻ വേണ്ട, പ്രോജക്ട് മതി എന്ന് തീരുമാനിക്കുന്നത് മോദി മോഡലാണ്. അവരാണ് പ്ലാനിംഗ് കമ്മീഷനെ പിരിച്ചുവിട്ട് പ്രോജക്ടുകളുമായി വന്നത്. കിഫ്ബിക്ക് ഞങ്ങൾ എതിരല്ല. ഞാൻ അങ്ങയോട് പറയുന്നത്, അതൊരു തീവ്ര വലതുപക്ഷ നിലപാടാണെന്നാണ്. പ്ലാൻ സൈസ് കട്ട് ചെയ്ത് പ്രോജക്ടിലേയ്ക്ക് പോകുന്നത് ഇടതുപക്ഷക്കാരനായ, കമ്മ്യൂണിസ്റ്റുകാരനായ ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് യോജിച്ചതാണോ? അതൊരു right extreme stand ആണ്. അങ്ങയെപ്പോലുള്ള ഒരാൾ ആ സ്റ്റാൻഡ് എടുക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. അങ്ങ് റബ്ബറിന്റെ താങ്ങുവില 150 രൂപയിൽ നിന്ന് 170 രൂപയാക്കി വർദ്ധിപ്പിച്ചു. എന്നിട്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 150 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് റബ്ബറിന് 80 രൂപ വിലയുണ്ടായിരുന്ന സമയത്താണ് 70 രൂപ കൂട്ടി 150 രൂപ താങ്ങുവില പ്രഖ്യാപിച്ചത്. ഇപ്പോൾ 151 രൂപയാണ് റബ്ബറിന്റെ വില. 19 രൂപയാണ് കൂട്ടിയിരിക്കുന്നത്. എങ്ങനെയാണ് ഇത് സംഭരിക്കാൻ പോകുന്നത്? അങ്ങ് ഒരുപാട് കാര്യങ്ങൾ ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. അങ്കണവാടി ഹെൽപ്പർമാരുടെ പ്രതിമാസ അലവൻസ് 10 വർഷത്തിൽ താഴ എക്സ്പീരിയൻസുള്ളവർക്ക് 500 രൂപ വീതവും അതിന് മുകളിലുള്ളവർക്ക് 1000 രൂപ വീതവും വർദ്ധിപ്പിച്ച് കൊടുക്കുമെന്ന് പറഞ്ഞത് നല്ല കാര്യം. കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റിലും 500 രൂപ വർദ്ധിപ്പിച്ച് കൊടുക്കുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു. അത് ഇതുവരെ വർദ്ധിപ്പിച്ച് കൊടുത്തിട്ടില്ല. മൂന്നുനാല് വർഷമായി എല്ലാ ബഡ്ജറ്റിലുമുള്ളതാണ് ഇടുക്കി പാക്കേജ്, കാസർഗോഡ് പാക്കേജ്, വയനാട് പാക്കേജ്, തീരദേശ പാക്കേജ് എന്നിവ. ഒരു ഡി.പി.ആർ. പോലുമാകാത്ത പദ്ധതികൾ ഇപ്രാവശ്യവും പ്രഖ്യാപിച്ചിരിക്കുകയാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ കേരളത്തിൽ വന്നപ്പോൾ അതിശക്തിയായി എതിർത്ത രാഷ്ട്രീയ പ്രസ്ഥാനമാണ് എൽ.ഡി.എഫ്., പ്രത്യേകിച്ച് സി.പി.ഐ.(എം). നിങ്ങൾ അധികാരത്തിൽ വന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ അവസാനിപ്പിക്കുമെന്ന് പറഞ്ഞു. നിങ്ങൾ ഭരണത്തിൽ വന്നു. 5 വർഷം കഴിഞ്ഞ് നിങ്ങൾ അധികാരത്തിന്റെ പടികൾ ഇറങ്ങുകയാണ്. ഇതുവരെ കോൺട്രിബ്യൂട്ടറി പെൻഷന്റെ ഫയൽ നിങ്ങൾ തൊട്ടിട്ടുപോലുമില്ല. അതുമാത്രമല്ല, കോൺട്രിബ്യൂട്ടറി പെൻഷൻ വാങ്ങുന്ന ആളുകൾക്ക് മിനിമം പെൻഷൻ ഉറപ്പാക്കുമെന്ന ഒരു വാക്കുപോലും അങ്ങ് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. ഡി.എ.യുടെ കാര്യമെല്ലാം കഷ്ടത്തിലാണ്.

എനിക്ക് സൂചിപ്പിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പോയിന്റ്, വരുമാനം കുറഞ്ഞുവരുന്നു, ചെലവ് കൂടിവരുന്നു എന്നതാണ്. നമ്മുടെ നികുതി ഭരണസംവിധാനം പൂർണ്ണമായി പരാജയപ്പെട്ടു. ജി.എസ്.ടി. വന്നിട്ട് നാലാമത്തെ വർഷമായപ്പോഴാണ് ബഡ്ജറ്റിൽ ജി.എസ്.ടി. റീ-സ്ട്രക്ചർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തിരിക്കുന്നത്. വാറ്റ്-ൽ നിന്ന് ജി.എസ്.ടി.യിലേയ്ക്ക് മാറിയപ്പോൾ നികുതി ഭരണം പുനഃസംഘടിപ്പിക്കേണ്ട ചുമതല അദ്ദേഹം ഏറ്റെടുത്തിട്ടില്ല. അക്കാര്യത്തിൽ അദ്ദേഹത്തിന് അശ്രദ്ധയും കെടുകാര്യ സ്ഥതയുമുണ്ടായി. "ശ്രീ. വി. ഡി. സതീശൻ, നിങ്ങൾ നോക്കിക്കോളൂ, നിങ്ങൾ

ഭരിച്ചതുപോലെയല്ല, ഞങ്ങളുടെ ഭരണത്തിൽ 30 ശതമാനത്തിന്റെ നികുതി വർദ്ധനവ് ഞങ്ങൾ ഉണ്ടാക്കും" എന്ന് അദ്ദേഹം ഈ സഭയിൽ വച്ച് എന്നോട് പറഞ്ഞതാണ്. ഇതൊന്നും ചെയ്യാൻ അങ്ങേയ്ക്ക് കഴിഞ്ഞില്ല. ഇപ്പോൾ നികുതി വർദ്ധനവ് 8 ശതമാനമാണ്, 10 ശതമാനത്തിന് താഴെയാണ്. നികുതി പിരിവിൽ അങ്ങ് പൂർണ്ണമായി പരാജയപ്പെട്ടു. കുടിശ്ശിക പിരിക്കുന്നതിൽ തകർന്നു തരിപ്പണമായി. അങ്ങയുടെ ആംനസ്റ്റി സ്കീമൊക്കെ പൊളിഞ്ഞുപോയ പദ്ധതികളാണ്. അതൊക്കെ വീണ്ടും അങ്ങ് ഈ ബഡ്ജറ്റിൽ ആവർത്തിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മോശമാണ്. ഈ സർക്കാരിന്റെ ദുർച്ചെലവുകളെ നിയന്ത്രിക്കുന്നതിൽ ധനകാര്യ വകുപ്പും വകുപ്പുമന്ത്രിയും ദയനീയമായി പരാജയപ്പെട്ടു. അങ്ങയുടെ കയ്യിലേയ്ക്ക് പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഫയലുകൾ വരുന്നില്ല. ഈ സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രോജക്ടുകളുടെ ഫിനാൻഷ്യൽ സ്ക്രൂട്ടിണി നടക്കുന്നില്ല. അതുകൊണ്ട് വരവ് വർദ്ധിപ്പിക്കാൻ കഴിയാത്ത, ചെലവ് നിയന്ത്രിക്കാൻ കഴിയാത്ത ഈ ബഡ്ജറ്റ് ഗവൺമെന്റിന്റെ യഥാർത്ഥ ധനസ്ഥിതിയെ മറച്ചുവച്ചുകൊണ്ടുള്ള, തെരഞ്ഞെടുപ്പിന് മുമ്പുള്ള ഒരു അമിട്ട് പൊട്ടിക്കലാണെന്ന് മാത്രം വിനയപുരസ്സരം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, കേരളത്തെ സംബന്ധിച്ച അസാധാരണമായ ഒരു മിഷൻ ഡോക്യുമെന്റാണ് ഈ ബഡ്ജറ്റ്. സാധാരണക്കാരെ ചേർത്തുപിടിച്ചും കേരളത്തിന്റെ വികസനമുന്നേറ്റത്തിൽ അവരുടെ സ്ഥാനമുറപ്പിച്ചും സ്ത്രീകളെ സമൂഹത്തിന്റെ മുന്നിലേയ്ക്ക് കൊണ്ടുവരുമെന്ന് പ്രതിജ്ഞയെടുത്തും ആധുനിക സാങ്കേതികവിദ്യ ഇനിമേലിൽ കുറച്ചുപേരുടെമാത്രം കുത്തകയായിരിക്കുകയില്ലെന്ന് പ്രഖ്യാപിച്ചും ഡിജിറ്റൽ ഡിവൈഡിന് അന്ത്യംകുറിക്കുന്ന നടപടികളെടുത്തുമാണ് ഈ ബഡ്ജറ്റിന് ഡോ. ടി. എം. തോമസ് ഐസക് രൂപംകൊടുത്തിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ മുമ്പുള്ള ബഡ്ജറ്റുകളുടെ തുടർച്ചയാണിത്. ഈ ബഡ്ജറ്റിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന തത്വമാണ് മുൻകാല ബഡ്ജറ്റുകളിലുണ്ടായിരുന്നത്. അത് ഇടതുപക്ഷമുന്നണിയുടെ സാമ്പത്തിക രാഷ്ട്രീയനയങ്ങളുടെ പ്രതിഫലനമാണ്. ഇന്ത്യയിലെ എല്ലാ ഇതര ഗവൺമെന്റുകളിൽനിന്നും വ്യത്യസ്തമായി ഉദാരവത്കരണത്തിന് സംസ്ഥാന ബദൽ കാഴ്ചവയ്ക്കുന്ന ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. കിഫ്ബി ഉപയോഗിച്ച് ഈ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾ കണ്ടിട്ട് വിമർശകർ ഇപ്പോൾ വായടച്ചിട്ടുണ്ട്. മറ്റ് സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്രത്തിന്റെ മുന്നിൽ ഓച്ഛാനിച്ചുനിന്ന് അവരുടെ ഔദാര്യത്തിന് കാത്തുനിൽക്കുമ്പോഴാണ് കേരളം

പൊതുകമ്പോളത്തിൽനിന്ന് കടമെടുക്കാനും വികസനക്കുതിപ്പിനുവേണ്ടി അത് വിനിയോഗിക്കാനും തയ്യാറായി മുന്നോട്ടുവന്നത്. വികസനത്തിനുവേണ്ടി കടമെടുക്കുകയെന്നത് ഒരു പുതിയ കാര്യമല്ല. ലോകത്തിലെ എല്ലാ വികസിത രാജ്യങ്ങളും ഏതെങ്കിലും ഘട്ടത്തിൽ എപ്പോഴെങ്കിലും അവരുടെ വികസനാവശ്യത്തിനു വേണ്ടി കടമെടുത്തിട്ടുണ്ട്. അവരാരും കടക്കെണിയിൽ വീണിട്ടില്ലെങ്കിൽ കേരളവും കടക്കെണിയിൽ വീഴാൻ പോകുന്നില്ലെന്ന് ഓർക്കണം. അടഞ്ഞുകിടന്ന ഒരു വാതിൽ തുറന്ന് അത് കാണിച്ചുതന്ന വഴിയിലൂടെ ധൈര്യപൂർവ്വം മുന്നോട്ടു പോകുമ്പോൾ അതിനെ അഭിനന്ദിക്കാൻ തയ്യാറാകുന്നതിനുപകരം തങ്ങളുടെ മണ്ഡലങ്ങളിലെല്ലാം കിഫ്ബി പദ്ധതികൾക്കുവേണ്ടി മുറവിളി കൂട്ടുകയും കിഫ്ബി വഴി പലതും നടപ്പാക്കിയതിനെപ്പറ്റി സ്വയം അഭിമാനം കൊള്ളുകയും ചെയ്യുന്ന പ്രതിപക്ഷം, മാറിനിന്ന് അതിനെ കുറ്റം പറയരുത്. കിഫ്ബിമൂലം കേരളത്തിന്റെ പൊതുസമൂഹത്തിൽ വന്നിട്ടുള്ള മാറ്റവും കേരളത്തിന്റെ വികസനത്തിൽ വന്നിട്ടുള്ള കുതിപ്പും ഇന്ന് എല്ലാ വിഭാഗം ജനങ്ങളും മനസ്സിലാക്കിയിട്ടുള്ളതാണ്. അത് മനസ്സിലാക്കാനെങ്കിലും പ്രതിപക്ഷം തയ്യാറാകണം. ഈ ബഡ്ജറ്റ് കിഫ്ബിയിൽനിന്നും ബഹുദൂരം മുന്നോട്ടുപോയി. അടിസ്ഥാന മേഖലകളെയും ജനവിഭാഗങ്ങളെയും ഉയർത്തിക്കൊണ്ടുവരാനുള്ള ഒട്ടനവധി പദ്ധതികൾ ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. സാമൂഹ്യക്ഷേമ പെൻഷൻ 1600 രൂപയാക്കി, ലൈഫ് മിഷൻ പദ്ധതി പ്രകാരം ഒന്നര ലക്ഷം വീട് നിർമ്മിച്ചുകൊടുക്കും, അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിൽ, 2021-22-ൽ അഭ്യസ്തവിദ്യരായ മൂന്ന് ലക്ഷം പേർക്കും മറ്റുള്ള അഞ്ച് ലക്ഷം പേർക്കും തൊഴിൽ, റബ്ബറിന്റെ താങ്ങുവില 170 രൂപയാക്കി, നെല്ലിന്റെ സംഭരണവില 28 രൂപയാക്കി, നാളികേരത്തിന് 32 രൂപ താങ്ങുവില, ആശാവർക്കർമാരുടെ ശമ്പളം വർദ്ധിപ്പിച്ചു, തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ടവരുടെ ക്ഷേമപെൻഷൻ ഉറപ്പാക്കി തുടങ്ങി നിരവധി പദ്ധതികൾ ഈ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ ഏറ്റവും പുതുമയേറിയ ഭാഗം, പുതിയ കാലത്തിന്റെ സവിശേഷതയായ ഡിജിറ്റൽ സാങ്കേതികവിദ്യ സാധാരണക്കാരിലേയ്ക്ക് എത്തിക്കാനുള്ള തീരുമാനമാണ്. കെ-ഫോണിനെ ഇടതുപക്ഷ ബദലായി ഉപയോഗിക്കുകയാണ്. ഇന്റർനെറ്റ് എല്ലാവർക്കും ഉപയോഗിക്കാൻ അവസരം ഒരുക്കുകവഴി ഡിജിറ്റൽ ഡിവൈഡ് കേരളത്തിൽ ഇല്ലാതാക്കുകയാണ് ഈ ബഡ്ജറ്റ് ചെയ്യുന്നത്. ഇന്ത്യയിലെ ഏതെങ്കിലുമൊരു ഗവൺമെന്റ് ഡിജിറ്റൽ ഡിവൈഡ് മാറ്റിയെടുക്കാൻ എന്തെങ്കിലും ചെയ്തിട്ടുണ്ടോ; ചെയ്യുന്നുണ്ടോ; അതിനെക്കുറിച്ച് ചിന്തിക്കുന്നുണ്ടോ? എല്ലാ വീടുകളിലും സൗജന്യ ഇന്റർനെറ്റും ലാപ്ടോപ്പും, സ്കൂളുകൾ മുതൽ ഡിജിറ്റൽ സാങ്കേതികവിദ്യ പഠിക്കാനുള്ള സൗകര്യം എന്നിങ്ങനെ ഈ നാട്ടിലെ എല്ലാ

സാധാരണക്കാർക്കും സാങ്കേതികവിദ്യ പ്രാപ്യമാക്കുന്നതിനുള്ള പ്രഖ്യാപനംവഴി ഭൂപരിഷ്കരണത്തിനുശേഷമുള്ള അടുത്ത വിപ്ലവത്തിനാണ് കേരള ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്നത്. സ്ത്രീകൾക്ക് നൽകുന്ന കരുതലാണ് ഈ ബഡ്ജറ്റിലെ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ഭാഗം. ലോകമാകെ ശ്രദ്ധിച്ച കേരള വികസനത്തിന്റെ വിജയവും പരാജയവുമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് സ്ത്രീകളുടെ അവസ്ഥയാണ്. സാക്ഷരത, വിദ്യാഭ്യാസം, കുട്ടികളുടെ എണ്ണം കുറച്ചത് ഇതെല്ലാം വലിയ വിജയമായി ലോകത്തിന്റെ മുന്നിലുണ്ട്, ഇതൊക്കെ നമ്മുടെ നേട്ടങ്ങളാണ്. അതേസമയം, സ്ത്രീകൾക്കുനേരെയുള്ള അതിക്രമം വിവേചനമായും കുറഞ്ഞുവരുന്ന സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പരാജയമായും വിലയിരുത്തപ്പെട്ടു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം കുറയ്ക്കാൻ നമുക്ക് സാധിച്ചിട്ടില്ല. കുറച്ചുനാളുകളായി കുറഞ്ഞുവന്ന സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും നമ്മുടെ പരാജയമായി കാണപ്പെട്ടു. അതിന് അടുത്തിടെ മാറ്റമുണ്ടായിട്ടുണ്ട്. ഇന്നും വെല്ലുവിളിയായി തുടരുന്ന അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പരിശ്രമമാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. കുടുംബശ്രീ വഴി ഈ നാട്ടിലെ സാധാരണക്കാരായ വീട്ടമ്മമാരുടെ ശാക്തീകരണം നടത്തുന്നതുപോലെ തൊഴിലുറപ്പുപദ്ധതിയും സാധാരണക്കാരായ സ്ത്രീകൾക്കുവേണ്ടിയുള്ളതാണ്. തൊഴിലിടങ്ങളിൽനിന്നും മാറ്റിനിർത്തപ്പെടുന്ന, മാറി നിൽക്കപ്പെടുന്ന, തൊഴിലെടുക്കാൻ പ്രാപ്തരായ, അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിലിടത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുവരാനുള്ള പരിശ്രമമാണ് ഈ ബഡ്ജറ്റിലുള്ളത്. കേരള സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇത് വലിയ ചുവടുവയ്പാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിനുമുമ്പ് ഇന്ത്യയിലെ മറ്റേതൊരു ഗവൺമെന്റും ചെയ്തിട്ടില്ലാത്ത കാര്യമാണ് ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത്. ഫിസ്കൽ ഡെഫിസിറ്റിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഫിസ്കൽ ഡെഫിസിറ്റ് ഇപ്പോൾ വലിയ കാര്യമാക്കേണ്ടന്നാണ് പലയാളുകളും പറയുന്നത്. പറയുന്നതിൽ ഒരാൾ ആരാണ്? വളരെ കൺസർവേറ്റീവായ ഫിസ്കൽ മെഷേഴ്സ് എടുക്കണമെന്ന് പറയുന്ന റിസർവ് ബാങ്കിന്റെ ഗവർണ്ണറായിരുന്ന ഡോ. സി. രംഗരാജനാണ്. അദ്ദേഹം കഴിഞ്ഞ ദിവസം എഴുതിയ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ഞാൻ വായിക്കാം, " It may be recalled that in the aftermath of 2008 crisis, fiscal deficit was raised in two successive years viz. 2008-09 and 2009-10 to 6.1% and 6.6% of GDP respectively. The 2020-21 covid crisis is a more serious crisis. Even if there is a slippage in fiscal deficit in two consecutive years, this may be considered acceptable in favour of restoring growth." എന്ന് അദ്ദേഹം പറഞ്ഞിരിക്കുകയാണ്.

അതായത്, ഈ കാലഘട്ടത്തിൽ ഫിസ്കൽ പ്രൂഡൻസ് ശ്രദ്ധിക്കേണ്ടതില്ല. കോവിഡിനെ മറികടക്കാനും കോവിഡുണ്ടാക്കിയ പ്രതിസന്ധിയിൽനിന്ന് മുന്നോട്ടുപോകാനും അത് കൂടിയേ കഴിയുകയുള്ളൂ. സർക്കാർ ജനങ്ങളിലേയ്ക്ക് പണം എത്തിക്കണം. അതാണ് ഏറ്റവും പ്രധാനമെന്നാണ് ഇപ്പോൾ പറയുന്നത്. അതുതന്നെയാണ് റിസർവ് ബാങ്ക് ഗവർണ്ണറായ ശ്രീ. ശക്തികാന്ത് ദാസ്, Palkhivala Memorial Lecture-ൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത്. " All the scale of fiscal spending was expected to breach the quantitative targets of fiscal prudence across most economies in the short run. It was crucial in the context of the pandemic, from the perspective of the welfare aspect of public expenditure." ഈ കോവിഡ് കാലത്ത് പബ്ലിക് സ്പെന്റിംഗ് വർദ്ധിപ്പിക്കണം. ഗവൺമെന്റ് ഫിസ്കൽ പ്രൂഡൻസെന്ന് പറഞ്ഞ് യാഥാസ്ഥിതിക മനോഭാവത്തോടെ ഇരിക്കരുതെന്ന് തന്നെയാണ് അവരെല്ലാം പറയുന്നത്. അതുതന്നെയാണ് ഈ ബഡ്ജറ്റിലുമുള്ളത്. നമ്മുടേത് കമ്മി ബഡ്ജറ്റായി. അതുകൂടി, ഇതുകൂടി എന്നുപറഞ്ഞിട്ട് കാര്യമില്ല.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്]

കോവിഡ്-19 എന്ന മഹാമാരിയുണ്ടാക്കിയ സാമ്പത്തിക മാന്ദ്യത്തെ മറികടക്കാൻ ഒരു സംസ്ഥാന ഗവൺമെന്റിന് അതിന്റെ പരിമിതികളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. അതാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഈ ബഡ്ജറ്റ് അസാധാരണമായ ഒരു സാമ്പത്തിക രേഖയാണ്. ഇന്ത്യയിൽ മറ്റൊരു ഗവൺമെന്റിനും സങ്കൽപ്പിക്കാൻപോലും പറ്റാത്ത കാര്യമാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നത്. കേരള സമൂഹത്തിലെ എല്ലാവരേയും കണക്കിലെടുക്കുകയും കരുതുകയും ചെയ്യുന്ന ഒരു ബഡ്ജറ്റ്, ഒരു ഇടതുപക്ഷ ഗവൺമെന്റിനുമാത്രം അവതരിപ്പിക്കാൻ കഴിയുന്ന ബഡ്ജറ്റ്, അതാണ് സഖാവ് തോമസ് ഐസക് കേരളത്തിന്റെ മുമ്പിൽ വച്ചിരിക്കുന്നത്. ഇത്തരത്തിൽ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റും മുന്നണിയും മുന്നോട്ടുപോയതുകൊണ്ടാണ് ഈ ഗവൺമെന്റിനേയും മുന്നണിയേയും ജനങ്ങൾ ഹൃദയത്തോട് ചേർത്തുപിടിച്ചത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയം കേവലം യാദൃശ്ചികമായ ഒരു കാര്യമായി ആരും കരുതേണ്ടതില്ല. കേരളത്തിൽ ഒരു രാഷ്ട്രീയവുമില്ലാതെ ഏതെങ്കിലും തെരഞ്ഞെടുപ്പിൽ ആരെങ്കിലും വോട്ട് ചെയ്തിട്ടുണ്ടോ? പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ രാഷ്ട്രീയമില്ല, അത് കണ്ടിട്ട് ആരുമൊന്നും വിലയിരുത്തേണ്ടെന്ന് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്.

പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വളരെ വ്യക്തമായി രാഷ്ട്രീയാടിസ്ഥാനത്തിൽ ത്തന്നെ ജനങ്ങൾ വോട്ട് ചെയ്തു. അത് യാദൃശ്ചികമായ കാര്യമല്ല. ആ കാര്യം യു.ഡി.എഫ്. മനസ്സിലാക്കിയാൽ അവർക്ക് കൊള്ളാം. ഇന്ന് യു.ഡി.എഫ്. ഒരു തകർന്ന മുന്നണിയാണ്. 39 വർഷമായി യു.ഡി.എഫ്.-നൊപ്പം നിന്ന കേരള കോൺഗ്രസ്സാണ് യു.ഡി.എഫ്.-നെ വിട്ട് ഇടതുപക്ഷ മുന്നണിയിലേയ്ക്ക് വന്നത്. 1960-കളുടെ മധ്യത്തിൽ കേരള കോൺഗ്രസ് രൂപീകൃതമായതിനുശേഷം കേരള രാഷ്ട്രീയം വീക്ഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. കേരള കോൺഗ്രസ്സിന്റെ രൂപീകരണംമൂലം മധ്യതിരുവിതാംകൂറിൽ കിട്ടിയ പ്രഹരത്തിൽ നിന്ന് ഒരിക്കലും കോൺഗ്രസ് കര കയറിയിട്ടില്ല, കരകയറാനും പോകുന്നില്ല. ആ കേരള കോൺഗ്രസ് യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫ്.-ലേയ്ക്ക് വരാനുണ്ടായ രാഷ്ട്രീയ സാഹചര്യമെന്താണെന്നല്ലേ യു.ഡി.എഫ്.-ഉം കോൺഗ്രസ് നേതൃത്വവും വിലയിരുത്തേണ്ടത്? ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ ജനക്ഷേമ പദ്ധതികൾ വിലയിരുത്തിയിട്ടാണ് കേരള കോൺഗ്രസ് എൽ.ഡി.എഫ്.ലേയ്ക്ക് വന്നത്. യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഒരു തകർന്ന മുന്നണിയാണ്, തകർന്ന നയ സമീപനങ്ങളെ പിന്തുടരുന്നവരാണ്. നേതൃത്വമില്ലാതെ, കപ്പിത്താൻ ഇല്ലാതെ ലക്കുകെട്ട് സഞ്ചരിക്കുന്ന ഒരു കപ്പലാണ് യു.ഡി.എഫ്. എന്ന് മനസ്സിലാക്കി യിട്ടാണ് കേരള കോൺഗ്രസ് ആ കപ്പലിൽനിന്നും പുറത്തുകടന്ന് ഇടതുപക്ഷ മുന്നണിയിലേയ്ക്ക് വന്നത്. ഇത് കേരള രാഷ്ട്രീയത്തെ മാറ്റിമറിച്ച ഒരു കാര്യമാണ്. ഈ പ്രഹരത്തിൽനിന്നും യു.ഡി.എഫ്.-നും കോൺഗ്രസ്സിനും കരകയറാൻ സാധിക്കില്ല. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെ ഡൽഹിയിൽ നിന്നും കേരള ത്തിൽ കൊണ്ടുവന്ന് കളത്തിലിറക്കിയതുകൊണ്ടും കാര്യമില്ല. കാരണം കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും ജനപിന്തുണ അത്രമേൽ കുറഞ്ഞു വെന്നതാണ് വസ്തുത. അതാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഫലം നമ്മുടെ മുന്നിൽ കാണിച്ചുതരുന്നത്. കോൺഗ്രസ്സുകാർ അത് മനസ്സിലാക്കി തിരുത്താൻ തയ്യാറായാൽ കോൺഗ്രസ്സിനുകൊള്ളാം. അഖിലേന്ത്യാ തലത്തിൽ എല്ലാ വർഗ്ഗീയ ശക്തികളേയും നിസ്സഹായരായി നോക്കിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടി, കേരള ത്തിൽ എല്ലാ വർഗ്ഗീയ ശക്തികളുടെയും മുന്നിൽ ഒരു ചെറുപുഞ്ചിരി കാണിച്ചും കണ്ണടച്ചും നിൽക്കുന്നു. അതാണ് കോൺഗ്രസ്. ആ കോൺഗ്രസ്സിന് കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ ഈ നാട്ടിലെ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനോ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനോ ഉള്ള ഏതെങ്കിലുവമൊരു പദ്ധതി നടപ്പാക്കുന്നതിനോ അതിനെപ്പറ്റി ചിന്തിക്കാനോ കഴിയില്ലെന്നുള്ളതാണ് വാസ്തവം. അത് ഈ വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിലും പ്രതിഫലിക്കാൻ പോകുകയാണ്. ഈ ബഡ്ജറ്റിനെ കേരളത്തിലെ ജനങ്ങൾ നെഞ്ചോട് ചേർത്തുപിടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ബഡ്ജറ്റ് അവതരിപ്പിച്ച സഖാവ് തോമസ്

ഐെസക്കിനെയും അതിന് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയൻ ഗവൺമെന്റിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ ചെറിയ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോൺ ഫെർണാണ്ടസ്]

മി. ചെയർമാൻ: വളരെ മാതൃകാപരമായി കൃത്യസമയത്തുതന്നെ അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഇത് തെരഞ്ഞെടുപ്പ് വർഷമായതുകൊണ്ട് വളരെ പ്രതീക്ഷയോടെയാണ് വന്നത്. സി.പി.ഐ.(എം.)-ന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയുടെ ഒരു നിയമസഭാ പതിപ്പ് പ്രതീക്ഷിച്ചാണ് വന്നത്. 'തൃശ്ശൂർ പൂരം കാണാൻ പോയി, വടക്കുംതറ വേല കണ്ട് മടങ്ങി' എന്ന് പറയാവുന്ന രീതിയിലുള്ള ഒരു ബഡ്ജറ്റാണ് യഥാർത്ഥത്തിൽ ഇവിടെ അവതരിപ്പിച്ചത്. നമ്മുടെ സാമ്പത്തിക വളർച്ച കൃത്യമായി നമുക്കറിയാം. ജി.ഡി.പി. 6.49%-ൽ നിന്ന് 3.45% ആയി കുറഞ്ഞു. അത് ദേശീയ ശരാശരിയേക്കാൾ താഴെയാണ്. 4.21% ആണ് ദേശീയ ശരാശരി. ഈ സർക്കാർ അവരുടെ വലതുകാൽ വച്ച് സെക്രട്ടേറിയറ്റിലേയ്ക്ക് പ്രവേശിച്ച അന്നുമുതൽ നമ്മുടെ സംസ്ഥാനത്ത് സ്വാസ്ഥ്യമെന്താണെന്ന് അറിഞ്ഞിട്ടില്ല. വിഭവ ലഭ്യതയിലുള്ള പരിമിതി ഈ സർക്കാരിനെ എത്രമാത്രം ആകുലപ്പെടുത്തുന്നുവെന്ന് പ്രഖ്യാപിക്കുന്ന ഒരു രേഖയാണിത്. അതുകൊണ്ടുതന്നെ ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. ഭദ്രപ്രതിഷ്ഠമായ ഒരു നവകേരള നിർമ്മാണം യു.ഡി.എഫ്.-ന് മാത്രമേ സാധ്യമാകൂ എന്നുള്ളതുകൊണ്ട് ഈ ജോലികൾ ഏറ്റെടുക്കാൻ കഴിയുന്ന ഒരു ജനാഭിപ്രായം ഐക്യജനാധിപത്യമുന്നണി പ്രതീക്ഷിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നമ്മുടെ മുഖ്യമന്ത്രിയുടെ ശരീര ഭാഷയിൽവന്ന മാറ്റം, വിഷയങ്ങൾ അവതരിപ്പിക്കുന്നതിലുള്ള മാറ്റം, ഇതെല്ലാം കണ്ടിട്ട് യഥാർത്ഥത്തിൽ ജനാധിപത്യ സംവിധാനത്തെ കണിശമായി പിന്തുടരാൻ ആഗ്രഹിക്കുന്ന ഒരാളെന്ന നിലയ്ക്ക് വലിയ വേദന തോന്നി. തെരഞ്ഞെടുപ്പുഫലം പുറത്തുവന്നയുടനെ അദ്ദേഹം കൊല്ലത്തുനിന്നും കേരള പര്യടനം ആരംഭിച്ചു. അവിടെവച്ച് കേരളത്തിലെ ഒരു മന്ത്രി പറഞ്ഞു, ഭരണത്തുടർച്ച സംഭവിക്കുമെന്ന്. ഭരണം അനുഭവിക്കുന്ന ആളുകൾ ഇറങ്ങിപ്പോകാൻ ആഗ്രഹിക്കുന്നില്ല. അതിനെ ഒരു 'ട്രമ്പത്തരം' എന്നേ പറയാൻ കഴിയൂ. ട്രമ്പത്തരം വമ്പത്തരമൊന്നുമല്ല. കേവലം മണ്ടത്തരമാണെന്ന് പറയാനും കഴിയില്ല. അതിനിടയിൽ മലയാളത്തിൽ ഒരു വാക്കുണ്ട്. അത് ഞാനായിട്ട് പറയുന്നില്ല. സ്നേഹമുള്ളവരെ, ജനാഭിപ്രായം ആരുടെയെങ്കിലും കുത്തകയാണെന്ന് നമ്മൾ പറഞ്ഞാൽ അത് ജനങ്ങളെ പരിഹസിക്കലാണ്. അശ്വത്ഥാമാവിന്റെ കഥ

നമുക്കറിയാം. ദ്രോണരുടെ മകൻ ജനിച്ചപ്പോൾത്തന്നെ ഒരു കുതിരയുടെ ആവേശം കാണിച്ചു. അശ്വത്ഥാമാവ് എന്ന പേര് അങ്ങനെയാണ് വന്നുചേർന്നത്. അശ്വത്ഥാമാവ് ദ്രോണരുടെ സ്കൂളിലും പരശുരാമന്റെ സ്കൂളിലും പഠിച്ചു. യുധിഷ്ഠിരൻ നടത്തിയ രാജസൂയത്തിൽ പങ്കെടുത്ത ആളാണ് അശ്വത്ഥാമാവ്. അഭിമന്യുവിന്റെ ധർമ്മപത്നി ഉത്തരയുടെ ഗർഭസ്ഥ ശിശു പരീക്ഷിത്തിനെ ഉന്നംവയ്ക്കാൻ തക്കവണ്ണം പ്രഹരശേഷിയുള്ള ബ്രഹ്മശിരാസ്ത്രത്തിന്റെ ഉടമസ്ഥനാണ് അശ്വത്ഥാമാവ്. ആ അശ്വത്ഥാമാവ് കൃഷ്ണനെ കാണാൻ വന്നു. ഋജുബുദ്ധിയും ഋതവാദിയുമായ കൃഷ്ണൻ, കുരുക്ഷേത്ര ഭൂമിയിൽപ്പോലും ധ്യാനശീലനായ കൃഷ്ണൻ, ശീലനിധിയായ കൃഷ്ണൻ, കല്യാണപൂർണ്ണനും മുകിലവർണ്ണനുമായ കൃഷ്ണൻ, ആ കൃഷ്ണന്റെ അടുക്കൽ അശ്വത്ഥാമാവ് വന്നുപറഞ്ഞു. 'ഭഗവാൻ, എന്റെ ബ്രഹ്മശിരാസ്ത്രം യുദ്ധമുന്നണിയിൽ ആരെയും ഉന്നംവയ്ക്കാൻ ശേഷിയുള്ള ഒന്നാണ്. 'Every leader of Hamas is marked for death' എന്ന് ഇസ്രായേൽ നേതൃത്വം പലസ്തീനികളെക്കുറിച്ച് പറഞ്ഞതുപോലെ ഉന്നംവയ്ക്കാൻ ശേഷിയുള്ള, പ്രഹരശേഷിയുള്ള ആയുധമാണ് ബ്രഹ്മശിരാസ്ത്രം. ഭഗവാൻ, ആ ബ്രഹ്മശിരാസ്ത്രം ഞാൻ താങ്കൾക്ക് തരാം. പകരം സുദർശന ചക്രം എനിക്ക് തരുമോ?' കുചേലനെ തോളിലേറ്റിയ നമ്മുടെ കണ്ണൻ അശ്വത്ഥാമാവിനോട് പറഞ്ഞു, കുഞ്ഞേ 'ഈ ആയുധം നീ എടുത്തോളൂ'. അശ്വത്ഥാമാവ് സുദർശനചക്രം ഉയർത്താൻ ശ്രമിച്ചു, അത് പൊങ്ങിയോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ജനാഭിപ്രായത്തിന്റെ സുദർശനചക്രം നിങ്ങൾക്ക് തീറെഴുതി കിട്ടിയെന്ന് പറയുന്നത് അശ്ലീലവും അനാശാസ്യവുമാണ്, മലയാളി അത് അംഗീകരിക്കില്ല. മലയാളികൾക്ക് ഒരു രൂപമുണ്ട്. 1957 മുതൽ ഇതുവരെ പരിശോധിച്ചാൽ ആദ്യ മന്ത്രിസഭയുടെ രൂപമാണോ പിന്നീട് വന്ന മന്ത്രിസഭകൾക്ക്? നിങ്ങളിലെ മുതിർന്ന ആളുകൾക്ക് അതറിയാം. ആദ്യമന്ത്രിസഭയിൽ, എന്റെ നേതാവ് ബാഫഖി തങ്ങൾ വി. ആർ. കൃഷ്ണയ്യർക്ക് അനുകൂലമായിരുന്നു. കൃഷ്ണയ്യർ സ്വതന്ത്രനായി തലശ്ശേരിയിലും, മുതിർന്ന കോൺഗ്രസ് നേതാവായിരുന്ന ഡോ. എ. ആർ. മേനോൻ നിങ്ങളുമായി തെറ്റി തൃശ്ശൂരിലും സ്വതന്ത്രനായി മത്സരിച്ചു. ഡോ. എ. ആർ. മേനോന് ലീഗിന്റെ പിന്തുണയുമുണ്ടായിരുന്നു. അവരുടെ പിന്തുണയോടുകൂടിയാണ് ആദ്യ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അന്നുമുതൽ ഇന്നുവരെ മലയാളിയുടെ മനസ്സ് സ്വതന്ത്ര മാണ്. മലയാളി ഈ കേരളത്തിന്റെ വിശാലമായ താല്പര്യങ്ങൾക്കനുകൂലമായി നിലപാടെടുക്കുന്ന ഒരു ജനതയാണ്. ആ ജനതയെ നിങ്ങൾ പരിഹസിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പല അഭിപ്രായങ്ങളും കേട്ടിട്ട് വല്ലാതെ വിഷമം തോന്നുന്നതുകൊണ്ട് ഞാൻ പറയുകയാണ്. ലീഗ് കേരളത്തിന്റെ പൊതുമണ്ഡലത്തിൽ പതിറ്റാണ്ടുകളായി കഠിനാദ്ധ്വാനം ചെയ്ത് വരുന്നവരാണ്. ഈ

സഭയുടെ അദ്ധ്യക്ഷനായിരുന്ന കെ. എം. സീതി സാഹിബ്, അദ്ദേഹം നമ്മുടെ പൊതുമണ്ഡലത്തെ ക്ഷീണിപ്പിച്ച ആളാണോ? മുഖ്യമന്ത്രി, താങ്കൾ ഞങ്ങളെ പരിഹസിക്കരുതായിരുന്നു. ഈ സഭയുടെ നേതാവായിരുന്ന സി. എച്ച്. മുഹമ്മദ് കോയ സാഹിബ്, നമ്മുടെ പൊതു മണ്ഡലത്തിന് നിസ്സാരമായ സേവനമാണോ ചെയ്തിട്ടുള്ളത്? കൊയിലാണ്ടിയിലെ ബാഫഖി തങ്ങളെപ്പറ്റി നാണംവേട്ടന് അറിയാമല്ലോ, ബാഫഖി തങ്ങൾ മരിച്ചപ്പോൾ, കേരള കൗമുദി പത്രത്തിൽ 'പരിശുദ്ധമായ ജീവിതത്തിന് വിശുദ്ധമായ അന്ത്യം' എന്ന വലിയ തലക്കെട്ടിൽ എട്ട് കോളം വാർത്തയുണ്ടായിരുന്നു. കേരള കൗമുദി പത്രത്തിലാണ് അങ്ങനെ വാർത്ത വന്നത്. ആ ബാഫഖി തങ്ങളുടെ പാർട്ടിയെയാണ് നിങ്ങൾ ആക്ഷേപിക്കുന്നത്. മലയാളിയുടെ ഹൃദയത്തിന്റെ ചെപ്പിലാണ് ഒ.എൻ.വി. കുറുപ്പിന്റെ സ്ഥാനം. മലയാളികളുടെ കരളിന്റെ കഷണമായ ഒ.എൻ.വി. കുറുപ്പ്, മുഹമ്മദലി ശിഹാബ് തങ്ങളെക്കുറിച്ച് പറഞ്ഞത് ദൃശ്യ വിസ്മയമെന്നാണ്. അങ്ങനെയുള്ള മുഹമ്മദലി ശിഹാബ് തങ്ങളുടെ പാർട്ടിയെയാണ് ഈ സഭയിൽ നിങ്ങൾ ആക്ഷേപിക്കാൻ ശ്രമിക്കുന്നത്. അതിൽ വളരെ വേദനയുണ്ട്. ഇതിനുപകരം ചോദിക്കാൻ ഞങ്ങൾ മാത്രമല്ല, മലയാളി സമൂഹം മൊത്തത്തിലുണ്ടാകും.

മൂന്ന് വിഷയങ്ങളിൽ ഈ സർക്കാർ വിചാരണ ചെയ്യപ്പെടും. ഒന്ന്, പുനർവിചാരണയാണ്. ശബരിമല വിഷയത്തിൽ നിങ്ങൾക്ക് മാപ്പില്ല. അന്ന് നിങ്ങൾ തിടുക്കത്തിൽ കാട്ടിക്കൂട്ടിയ പേക്കൂത്തുകൾക്ക് കേരളം മാപ്പ് നൽകുകയില്ല. മറ്റ് രണ്ട് കാര്യങ്ങളിൽ ഒന്ന്, സംവരണ അട്ടിമറിയാണ്. സർവ്വഥായോഗ്യനായ ഡോ. പൽപ്പു ബിരുദധാരിയായി കടന്നുവന്നപ്പോൾ അവസരം നിഷേധിച്ച ഒരു സാമൂഹ്യ ഘടനയ്ക്കെതിരെ കേരളം നടത്തിയ ഒരു പോരാട്ടമുണ്ട്. അത് അനായാസം തകർത്തുകളയാമെന്ന് നിങ്ങൾ വ്യാമോഹിക്കരുത്. അത് മലയാളിക്ക് സ്വീകാര്യമല്ല. സംവരണ അട്ടിമറിക്കെതിരെ കേരളം പ്രതികരിക്കും.

1.00 P. M.]

മൂന്നാമത്തേത് മലയാളികളുടെ സമചിത്തതയാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും ആരെങ്കിലും സംസാരിക്കുമ്പോൾ നമ്മുടെ സമൂഹത്തിന്റെ സഹവർത്തിത്വത്തിന് എതിരായി നോട്ടത്താലോ വാക്കാലോ എന്തെങ്കിലും വന്നാൽ നമ്മൾ തേങ്ങിക്കരഞ്ഞുപോകും. കാരണം, മലയാളി പതിറ്റാണ്ട് കാലമായി വളർത്തിയെടുത്ത ഒന്നാണ് സഹവർത്തിത്വം. മന്നത്ത് പത്മനാഭനാണ് നമ്മുടെ മാതൃക. സഹോദര സമുദായങ്ങൾക്കെതിരെ സ്തോഭജനകമായതൊന്നും അരുതെന്ന് പറഞ്ഞ മന്നത്തപ്പനെന്ന മന്നത്തുപത്മനാഭനും മുഹമ്മദ് നബിയെ മുത്തുനബി എന്നുവിളിച്ച നാരായണ ഗുരുവിന്റെയും നാടാണിത്. നമ്മുടെ

മുദ്രാവാക്യം സമചിത്തതയും സഹവർത്തിത്വവുമായിരുന്നു. പത്ത് വോട്ടിനും താൽക്കാലികമായ നേട്ടങ്ങൾക്കും വേണ്ടി കഴിഞ്ഞ കുറേ മാസങ്ങളായി ഭാവി തലമുറയോട് നിങ്ങൾ ചെയ്യുന്ന പാതകം മലയാളി മറക്കുകയോ പൊറുക്കുകയോ ചെയ്യില്ല. അതിന് മാപ്പ് നൽകില്ല. വരും നാളുകളിൽ നമുക്ക് അത് കാണാം. ഒരു സംശയവും നിങ്ങൾക്ക് വേണ്ട. കേരളത്തിന്റെ പൊതുജീവിതത്തിൽ ഏറ്റവുമധികം പ്രയാസം അനുഭവിച്ചൊരു കാലഘട്ടം എന്ന നിലയ്ക്കാണ് ഞാൻ ഇക്കാര്യം പറഞ്ഞത്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തെല്ലാം പദങ്ങളാണ് ഉപയോഗിച്ചത്; ഞങ്ങൾ ഒരു പുതിയ ജനുസ്സാണുപോലും. ഞങ്ങൾക്കറിയാം ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി.യെ താങ്കൾ എന്താണ് വിളിച്ചതെന്ന്. പത്രക്കാരോട് എന്താണ് പറഞ്ഞതെന്ന് ഞങ്ങൾ ഓർക്കുന്നുണ്ട്. സഞ്ജയൻ പണ്ട് പറഞ്ഞു, 'മുസ്സോളിനിയുടെ കണ്ണ് ചുവന്നാൽ അവിസീനായുടെ മണ്ണ് ചുവക്കും, ഈ കണ്ണശ്ശാരുടെ കണ്ണ് ചുവന്നാൽ കണ്ണാശുപത്രിയിൽ എത്തിച്ചീടും'. വേണ്ട, മലയാളിയോടത് വേണ്ട. മലയാളി ആത്മാഭിമാനമുള്ളവനാണ്, മലയാളി ഉൽക്കർഷേച്ഛുവാണ്. ശ്രേയസ്സും പ്രേയസ്സും ഒരുമിച്ച് വേണമെന്ന് ആഗ്രഹിക്കുന്ന ഒരു മഹിത ജനതയാണ് മലയാളി സമൂഹം. ആ മലയാളി സമൂഹത്തിന് മുമ്പിൽ ഞങ്ങൾ അഭ്യർത്ഥിക്കുന്നു, ഭദ്രപ്രതിഷ്ഠമായ ഒരു പുതിയ കേരളമുണ്ടാക്കാൻ ഐക്യജനാധിപത്യ മുന്നണിക്ക് കേരളത്തിലെ ജനത സന്തോഷപുരസ്സരം അനുവാദം നൽകുമെന്ന പ്രത്യാശയോടുകൂടി ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, നമ്മുടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. ഇത്തവണത്തെ ബഡ്ജറ്റിന് കഴിഞ്ഞ കാലങ്ങളിലെ ബഡ്ജറ്റിനേക്കാൾ ഒട്ടേറെ സവിശേഷതകളുണ്ട്. ആ സവിശേഷതകൾ പലരും ഇവിടെ പറഞ്ഞുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ബഡ്ജറ്റ് തുടങ്ങുന്നത് 7-ാം ക്ലാസ്സുകാരി കെ. സ്നേഹയുടെ കവിതയോടെയും അവസാനിക്കുന്നത് കെ. പി. അമലിന്റെ കവിതയോടും കൂടിയാണ്. അതിമനോഹരമായ, വലിയൊരു കാവ്യഹൃദയം അങ്ങേയ്ക്കുണ്ടെന്ന് നിയമസഭ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ ബഡ്ജറ്റിലൂടെ അദ്ദേഹം യാത്ര ചെയ്യുന്നത് കേരളത്തിന്റെ പുതിയ തലമുറയിലേയ്ക്കാണ്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ന്യൂജെൻ ബഡ്ജറ്റെന്ന് വിളിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് പുതിയ തലമുറയെയും രാഷ്ട്രത്തിന്റെ ഭാവിയെയും കാണുകയാണ്. കേരളത്തിന്റെ ഭാവിയോടാണ് ഈ ബഡ്ജറ്റ് സംവാദം നടത്തുന്നത്. ഭാവി കേരളം എങ്ങനെയായിരിക്കണം;

വിസ്മയകരമായ പുതിയ ശാസ്ത്ര സാങ്കേതിക മാറ്റങ്ങളുടെ നടുവിൽ ഈ കൊച്ചു കേരളത്തിന് പറന്നുയരാൻ കഴിയുന്ന തരത്തിലുള്ള പുതിയ അടിസ്ഥാന വികസന സൗകര്യങ്ങളിലേയ്ക്കാണ് ബഡ്ജറ്റ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ടാണ് ഈ ബഡ്ജറ്റിന് ഒട്ടേറെ പുതുമകളുണ്ടെന്ന് ഞാൻ പറയുന്നത്.

സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് സാമ്പത്തിക വിദഗ്ദ്ധൻമാരിൽ ഒരാളായ ശ്രീ. വി. ഡി. സതീശൻ ശക്തമായി ഇവിടെ പറയുകയുണ്ടായി. ശ്രീ. വി. ഡി. സതീശൻ, അങ്ങ് സാമ്പത്തികമായ ഒരുപാട് കുഴപ്പങ്ങൾ കൂടെക്കൂടെ കണ്ടുപിടിച്ച് ഇവിടെ പറയും. അതൊക്കെ നല്ല കാര്യമാണ്. പക്ഷേ കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം, ആഹാരം, വീട്, സുഖമായി ജീവിക്കാൻ തൊഴിൽ എന്നിവയെല്ലാം വേണം. ഞങ്ങളുടെ സാമ്പത്തിക ശാസ്ത്രം, മാർക്സിന്റെ സാമ്പത്തിക ശാസ്ത്രമാണ്; പാവപ്പെട്ടവന്റെ ശാസ്ത്രമാണ്. നമ്മൾ നാട്ടിൽ പോകുമ്പോൾ അവിടെ തൊഴിലുണ്ടോ, റേഷൻ കടയിൽ അരിയുണ്ടോ എന്നുപറയാതെ കമ്മി ബഡ്ജറ്റാണ്, റവന്യൂ ഡെഫിസിറ്റാണ് എന്നുപറഞ്ഞാൽ നാട്ടുകാർക്കത് മനസ്സിലാകില്ല. അവർക്ക് അവരുടെ അടുപ്പിൽ തീ പുകയണം. കുട്ടികൾക്ക് തൊഴിൽ ലഭിക്കണം. അവരുടെ കുട്ടികൾ പോകുന്ന സ്കൂളുകൾ നന്നായിരിക്കണം. യാത്ര ചെയ്യുന്ന റോഡുകൾ നന്നായിരിക്കണം. ഇതാണ് ഒരു സാധാരണക്കാരന്റെ സാമ്പത്തിക സമീപനം. ഈ ബഡ്ജറ്റിൽ സാങ്കേതികമായ ഒരുപാട് കുഴപ്പങ്ങളുണ്ടാകാം. അതെല്ലാം കണ്ടുപിടിക്കാം, പരിഹാരവും കാണാം. പക്ഷേ പാവപ്പെട്ടവരുടെ കാര്യത്തിൽ ഈ ബഡ്ജറ്റിൽ എവിടെയാണ് അവർ കുഴപ്പം കണ്ടുപിടിക്കുന്നത്; ഏതെങ്കിലും കാര്യത്തിൽ എതിർപ്പുണ്ടെങ്കിൽ അവർ പറയട്ടെ. നമുക്കത് പരിശോധിക്കാം, മാറ്റാം. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 8,000 രൂപയാക്കി വർദ്ധിപ്പിച്ചു; ഇത് മാറ്റണോ? സി.ഡി.എസ്. അംഗങ്ങൾക്ക് പ്രതിമാസം 500 രൂപ റ്റി.എ. നൽകാൻ തീരുമാനിച്ചു; അത് കൊടുക്കണ്ടേതല്ലേ? പാചകത്തൊഴിലാളികളുടെ പ്രതിദിന അലവൻസിൽ 50 രൂപയുടെ വർദ്ധനവ് വരുത്തിയിരിക്കുന്നു; അങ്കണവാടി ടീച്ചർമാർക്കുള്ള പെൻഷൻ പ്രതിമാസം 2,000 രൂപയായും ഹെൽപ്പർമാരുടേത് 1,500 രൂപയായും ഉയർത്തി; അത് മോശമാണോ? വയനാട് മെഡിക്കൽ കോളേജിന് 300 കോടി രൂപ മാറ്റിവച്ചു; വയനാട് മെഡിക്കൽ കോളേജ് വേണ്ടേ? കശുവണ്ടി മേഖലയിൽ പുതുതായി 2,000 പേർക്കുകൂടി തൊഴിൽ നൽകുന്നു; കാഷ്യൂ ബോർഡിന് 40 കോടി രൂപ കൊടുത്തു; ഗ്രാറ്റുവിറ്റി കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കും; സ്കൂൾ യൂണിഫോം കൂടുതൽ കൊടുക്കും; ഭക്ഷ്യകിറ്റ് വിതരണം തുടരും; നീല, വെള്ള കാർഡുകാരായ 50 ലക്ഷം കുടുംബങ്ങൾക്ക് അധികമായി പത്ത് കിലോ അരി വീതം 15 രൂപയ്ക്ക് നൽകും; ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ എന്താണ്, ഏതാണ്

മാറ്റേണ്ടത്? ശ്രീ. വി. ഡി. സതീശൻ പറയൂ, ഇതിൽ ഏതാണ് ജനദ്രോഹപരമായ കാര്യം? ഇത് ജനങ്ങൾക്ക് വേണ്ടിയുള്ളതാണ്. ഇതിനാവശ്യമായ സമ്പത്ത് എവിടെയാണ് എന്നതാണ് നിങ്ങളുടെ ആവർത്തിച്ചുള്ള ചോദ്യം. സമ്പത്ത് ഇവിടെയുണ്ട്. നികുതി പിരിക്കുന്നതിൽ കർക്കശമായി മുന്നോട്ടുപോയാൽ അതിൽത്തന്നെ ലാഭമുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ പ്രസംഗിക്കുമ്പോൾ ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിനോട് സ്വീകരിക്കുന്ന സമീപനം സംബന്ധിച്ച് ഒരക്ഷരം പറയുന്നില്ല. കോവിഡിനെക്കുറിച്ച് ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതുകേട്ട് എനിക്ക് വളരെ വേദനയുണ്ടായി. അങ്ങയെപ്പോലെയുള്ള ഒരാൾ അങ്ങനെ പറയരുത്. ലോകത്തെമ്പാടുമുള്ള കോവിഡ് രോഗികളുടെ എണ്ണം എത്രയെന്ന് കണക്കാക്കുന്നതല്ല, മറിച്ച് ആ രോഗത്തെ എങ്ങനെ പ്രതിരോധിക്കുന്നുവെന്നാണ് നോക്കേണ്ടത്. ഈ വിഷയം ഞാൻ കൂടുതൽ സംസാരിക്കുന്നില്ല, താങ്കൾ പോയി ശ്രീ. വി. എം. സുധീരനോട് ചോദിച്ചാൽ അദ്ദേഹം പറഞ്ഞുതരും. അദ്ദേഹത്തെപ്പോലെ തന്നെ ഞാനും ശ്രീ. പി. കെ. ബഷീറുമൊക്കെ കോവിഡ് ബാധിച്ച് മെഡിക്കൽ കോളേജിൽ കിടന്നവരാണ്. ശ്രീ. വി. ഡി. സതീശന് അക്കാര്യം മനസ്സിലാകാത്തത് രോഗം വരാത്തതുകൊണ്ടാണ്, വന്നിരുന്നെങ്കിൽ മനസ്സിലാകുമായിരുന്നു. വളരെയേറെ ജാഗ്രതയോടെയും സൗജന്യമായും എല്ലാ ഗവൺമെന്റ് ആശുപത്രികളിലും കോവിഡ് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നുള്ളത് നിഷേധിക്കരുത്. വിദേശരാജ്യങ്ങൾ നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിയെക്കുറിച്ച് നല്ല വാക്ക് പറഞ്ഞതിൽ ഇത്രയും അസ്വസ്ഥത കാണിക്കേണ്ടതുണ്ടോ? എന്തൊക്കെയാണ് നിങ്ങളുടെ നേതാവ് പറഞ്ഞത്! അങ്ങനെയൊക്കെ പറയാമോ? നമ്മുടെ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രിയായ വനിതയല്ലേ, അവർ രാത്രിയും പകലുമെന്നില്ലാതെ കഷ്ടപ്പെട്ടില്ലേ? പോലീസുകാർ, ആരോഗ്യ പ്രവർത്തകർ തുടങ്ങി എല്ലാ വകുപ്പുകളിലെയും ആളുകൾ അഹോരാത്രം കഷ്ടപ്പെട്ടില്ലേ? പതിനായിരക്കണക്കിന് രോഗികളുണ്ടായിരുന്നു. ഈ രോഗത്തിനെ എനിക്ക് ഭയമുണ്ടായിരുന്നെങ്കിലും നമ്മൾ അതിനെ അതിജീവിച്ചു. ആ കാര്യത്തിലെങ്കിലും പ്രതിപക്ഷം ഒരു നല്ല വാക്ക് പറയാതിരുന്നത് നിർഭാഗ്യകരമാണ്. കോവിഡ് മഹാമാരി വന്നപ്പോഴുള്ള ഗവൺമെന്റ് നിലപാട് എന്തായിരുന്നു? നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടരുത്, നിങ്ങളുടെ വീട്ടിൽ ആഹാരമുണ്ടാകും, കുട്ടികളെ ഞങ്ങൾ സംരക്ഷിക്കും പതിനായിരക്കണക്കിന് വോളന്റിയർമാർ നിങ്ങളുടെ വീട്ടുമുറ്റത്ത് എത്തും എന്നാണ് ഗവൺമെന്റ് പറഞ്ഞത്. ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച്, പച്ചക്കറി സംഭരിച്ച്, ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി

കിച്ചണുണ്ടാക്കി രാവിലെ മുതൽ ആഹാരം പാകം ചെയ്ത് പൊതിക്കെട്ടുകളാക്കി, കോവിഡ് ബാധിച്ചയാളുകളുള്ള വീടുകളിൽ കയറിയിറങ്ങി. അവിടെ മൂന്നുനേരം ആഹാരം കൊടുത്തു. ആളുകൾ അറച്ചുകൊണ്ട് മാറിനിന്നിടത്ത് കേരളത്തിലെ നൂറുകണക്കിന് യുവജനങ്ങൾ, അവർ ആരാണെന്ന് ഞാൻ ഇവിടെ പറയുന്നില്ല, കേരളത്തിന്റെ പുതിയ തലമുറ ത്യാഗം ചെയ്തു. ഇതെല്ലാം നമ്മുടെ കൺമുമ്പിൽ കണ്ടതല്ലേ? അപ്പോൾ നിങ്ങൾ എവിടെയായിരുന്നു; എവിടെ ഉണ്ടായിരുന്നു? ഈ പ്രവർത്തനങ്ങളിൽ നാട്ടിലെവിടെയും നിങ്ങളെ കണ്ടില്ലല്ലോ. ഇതിലെ കുറ്റം പറയാനും കുഴപ്പങ്ങൾ കണ്ടുപിടിക്കാനും മാത്രമാണ് നിങ്ങളെ കണ്ടത്. ശ്രീ. അൻവർ സാദത്ത് ഒരു പ്രത്യേക ആളാണ്, എനിക്ക് അദ്ദേഹത്തെ ഇഷ്ടവുമാണ്, അദ്ദേഹം നല്ല കാര്യങ്ങളൊക്കെ ചെയ്യാറുമുണ്ട്. എല്ലാവരും അങ്ങനെയാണെന്ന് വിചാരിക്കരുത്. കോവിഡ് ദുരന്തകാലത്ത് യു.ഡി.എഫ്.കാർ നോക്കിക്കൊണ്ടിരുന്നത് ഈ സർക്കാരിനെ വെള്ളത്തിലാക്കാൻ പറ്റുമോയെന്നാണ്. അങ്ങനെയാണ് എന്റെ അനുഭവം. ശ്രീ. കെ. സി. ജോസഫിന് വേറെ അനുഭവമുണ്ടായിരിക്കാം. ഞാൻ പറഞ്ഞത് എന്റെ അനുഭവമാണ്. തിരുവനന്തപുരം ജില്ലയിൽ പലയിടത്തും പോയപ്പോൾ എനിക്ക് മനസ്സിലായത് അവരെല്ലാം നോക്കുകുത്തികളാണെന്നാണ്. നിങ്ങളെല്ലാവരും പറയുന്നത് ഞാൻ കേട്ടുകൊണ്ട് നിന്നതല്ലേ, ഞാൻ പറഞ്ഞത് പറവൂർ പഞ്ചായത്തിനെപ്പറ്റിയല്ല. യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകൾ ഒന്നും ചെയ്തില്ല. അതേക്കുറിച്ച് ഒന്നും പറയണ്ട. ജനങ്ങൾക്കെല്ലാം അറിയാമല്ലോ. നിങ്ങൾ ചെയ്തതിന്റെ ഫലമായാണ് തെരഞ്ഞെടുപ്പ് ഫലം ഇങ്ങനെ വന്നത്. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നോക്കണ്ട. ആ സമയത്ത് നിങ്ങൾ ചെയ്തത് എന്തൊക്കെയാണ്; ശ്രീ. കെ. സി. ജോസഫ്, നിങ്ങൾ കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ ഉയർത്തിയത് നല്ല കാര്യങ്ങളാണോ? സ്വർണ്ണക്കടത്തായിരുന്നു നിങ്ങൾ ഉയർത്തിക്കാണിച്ചത്, ഇപ്പോൾ സ്വർണ്ണം കടത്തുന്നത് ആരാണെന്ന് പത്രങ്ങളിൽ കണ്ടില്ലേ. അവരുടെ ഡിപ്പാർട്ടുമെന്റ് തന്നെയാണ് സ്വർണ്ണം കടത്തുന്നത്. കസ്റ്റംസുകാർ സ്വർണ്ണം കടത്തുന്നു. സ്വർണ്ണക്കടത്തും ഇടതുപക്ഷ ഗവൺമെന്റുമായി ഒരു ബന്ധവുമില്ല. നിങ്ങൾക്ക് മാത്രമല്ല ശ്രീ. നരേന്ദ്ര മോദിക്കുപോലും അങ്ങനെയുണ്ടെന്ന് തെളിയിക്കാൻ കഴിയുന്നില്ല. ഉദ്യോഗസ്ഥന്മാർക്ക് ബന്ധമുണ്ടായിരിക്കാം. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട കാര്യം നിങ്ങൾ പറയുമ്പോൾ ഞാൻ എന്റെ കയ്യിലുള്ള ഒരു രേഖ കാണിക്കട്ടെ, നിങ്ങളുടെ കയ്യിലും കിട്ടിയതാണ്. (സോളാർ കമ്മീഷൻ റിപ്പോർട്ട് ഉയർത്തിക്കാണിക്കുന്നു.) ഞങ്ങൾക്ക് സാമാന്യ മര്യാദയു ള്ളതുകൊണ്ട് ഇതിനകത്തുള്ളത് വായിക്കുന്നില്ല. ഈ റിപ്പോർട്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ബേബിയാണ്. ഇത് ജസ്റ്റിസ് ജി. ശിവരാജൻ സമർപ്പിച്ച സോളാർ കമ്മീഷൻ

റിപ്പോർട്ടാണ്. ഈ റിപ്പോർട്ട് നിങ്ങൾക്ക് വായിക്കാമോ, ഞാൻ ഏതായാലും വായിക്കുന്നില്ല. വായിക്കാൻ കൊള്ളില്ല. നിങ്ങൾ മോഷണം നടത്തിയശേഷം നിങ്ങളെ പിടിക്കാത്തത് എന്താണെന്നാണോ ചോദിക്കുന്നത്; ശ്രീ. വി. ടി. ബൽറാം, അങ്ങനെ ചോദിക്കുന്നതാണോ ന്യായം? ഇത് ആരുടെ റിപ്പോർട്ടാണ്, ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ നിയമിച്ച ജസ്റ്റിസ്. ജി. ശിവരാജൻ സമർപ്പിച്ച റിപ്പോർട്ടാണ്. മന്ത്രിമാർ, എം.എൽ.എ.മാർ, എം.പി., ഇന്ന് കേന്ദ്രത്തിലിരിക്കുന്നവർ, ഇവരൊക്കെ എന്തൊക്കെ ചെയ്തുവെന്ന് ഇതിൽ പറയുന്നുണ്ട്. നിങ്ങൾ കോടതിയിൽ കേസ് കൊടുത്ത് ഇതിലെ പരാമർശങ്ങൾ നീക്കം ചെയ്യാൻ പറയാത്തത് എന്തുകൊണ്ടാണ്? ഇത് നിയമസഭയിൽ വച്ച പബ്ലിക് ഡോക്യുമെന്റാണ്. ഇത് ഞാൻ വായിക്കില്ല. അതുകൊണ്ട് സ്വർണ്ണക്കടത്തും മറ്റു പഴങ്കഥകളും പറഞ്ഞിട്ട് കാര്യമില്ല. ഒരു കേസുമില്ല. എല്ലാം നിങ്ങളുണ്ടാക്കിയ പുകമറയാണ്.

നിങ്ങൾ ഇവിടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. നിങ്ങളുടെ രാഷ്ട്രീയ സമീപനം എന്താണ്; എന്റെ സുഹൃത്ത് ശ്രീ. ടി. എ. അഹമ്മദ് കബീർ വളരെ വികാരഭരിതനായി എന്തൊക്കെയോ പ്രസംഗിച്ചു. ഞങ്ങൾ മുസ്ലീം ലീഗിനെപ്പറ്റി വല്ലതും പറഞ്ഞോ; മുസ്ലീം ലീഗിന് ഇത്രയും ധാർമ്മിക രോഷം എന്തിനാണ്? മുസ്ലീം ലീഗിനെപ്പറ്റി ഞങ്ങളല്ല പറഞ്ഞത്, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് മുസ്ലീം ലീഗിനെപ്പറ്റി പറഞ്ഞത്. നിങ്ങൾ ചത്ത കുതിരയാണെന്ന്, ട്രോജൻ ഹോഴ്സ് എന്ന് നിങ്ങളെ വിളിച്ചപ്പോൾ ശ്രീ. ടി. എ. അഹമ്മദ് കബീർ എവിടെ പ്പോയിരുന്നു? ലീഗുകാരും കോൺഗ്രസ്സുകാരും വായിക്കണം. (പുസ്തകം ഉയർത്തിക്കാട്ടി വായിക്കുന്നു) ഇത് നാഷണൽ ബുക്ക് ട്രസ്റ്റ് പ്രസിദ്ധീകരിച്ച ജവഹർലാൽ നെഹ്റു എഴുതിയ ബുക്കിലുള്ളതാണ്, Years of Struggle എന്നാണ് പുസ്തകത്തിന്റെ പേര്. Muslim league, Hindu Mahasabha and the struggle for the freedom എന്നാണ് തലക്കെട്ട്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ നോക്കാം, ശ്രീ. വി. ഡി. സതീശൻ വായിക്കുന്നതാണല്ലോ. എന്റെ കയ്യിൽ ബുക്കുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. സി. ദിവാകരൻ: സർ, അതിൽ ഇങ്ങനെ പറയുന്നു, I allude to the Pakistan demand of the Muslim League and the recent speech of Dr. Shyama Prasad Mukherjee, President of the All India Hindu Mahasabha and ask what sacrifices for the freedom of the country have been made by both these communal organisations put together? Their record of work has been nil, except for the mere criticism of the Congress and exploiting the

masses in the name of religion. These organisations never participated in the actual fight, which would have demonstrated their real worth. I would like to know what campaigns were launched by the Hindu Mahasabha and the Muslim League?...

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ തുടർന്നുള്ളതും വായിക്കാം, I ask only one question from the leaders of communal organisations that, what part have they taken during the last twenty five years, particularly during the last three years, in the struggle for the freedom of India? I tell you, they have taken no part specially in the last struggle when the entire nation had stoop up against the British raj.... എനിക്ക് സമയമില്ല, ഞാൻ നിങ്ങളെ ഡിസ്റ്റർബ് ചെയ്യുന്നില്ല. നിങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ അംഗീകരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അത് പറയൂ.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കൂ. ഇതിൽ ഡിബേറ്റ് വേണ്ട. അവസാനിപ്പിക്കണം. അടുത്തതായി പ്രസംഗിക്കാനുള്ളയാളെ വിളിക്കാൻ പോകുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, കോൺഗ്രസ്സുകാരും നിങ്ങളും ഇന്ന് എത്തി നിൽക്കുന്നത് എവിടെയാണ്? ഇത് ചരിത്രമല്ലേ. ശ്രീ. ടി. എ. അഹമ്മദ് കബീർ എന്തിനാണ് എന്നോട് ചൂടാകുന്നത്? നിങ്ങൾ വായിക്കൂ. ഈ കേരളത്തിൽ ഇല്ലാത്ത കുഴപ്പങ്ങൾ ഉണ്ടാക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഗാന്ധിജിയെ വെടിവച്ചുകൊന്ന ഗോഡ്സേയ്ക്ക് മന്ദിരം പണിയുന്ന രാജ്യമായി ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാരും ക്രിസ്ത്യാനികളും മുസ്ലീങ്ങളും രാജ്യത്തെ ശത്രുക്കളാണെന്ന് പറഞ്ഞ അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരകം പണിയുകയാണ്. നിങ്ങൾക്ക് മിണ്ടാട്ടമുണ്ടോ; നിങ്ങൾ എവിടെയായിരുന്നു?

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. സി. ദിവാകരൻ: നിങ്ങൾ ഈ രാജ്യത്ത് എവിടെയാണ്; നിങ്ങളുടെ രാഷ്ട്രീയ ബന്ധമെന്താണ്; എന്തുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയായത്?

മി. ചെയർമാൻ: താങ്കൾക്ക് അവസാനിപ്പിക്കാം.

ശ്രീ. സി. ദിവാകരൻ: നിങ്ങൾ പോപ്പുലർ ഫ്രണ്ടുമായും എസ്.ഡി.പി.ഐ.യുമായും എന്തിനാണ് ബന്ധമുണ്ടാക്കുന്നത്? എന്റെ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ എസ്.ഡി.പി.ഐ. കോൺഗ്രസ്സുമായി ചേർന്ന് ഭരിക്കുകയാണല്ലോ. നിങ്ങൾക്കുപോയി കാണാം. .....(മൈക്ക് ഓഫ്).....

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. സി. ദിവാകരൻ: ഇങ്ങനെ രാജ്യത്തിന്റെയും കോൺഗ്രസ്സിന്റെയും അടിസ്ഥാന തത്വങ്ങൾ മറന്ന് ജവഹർലാൽ നെഹ്റുവിനെ തള്ളിപ്പറയുന്നവരായി നിങ്ങൾ മാറി. ചരിത്രത്തിലേയ്ക്ക് നിങ്ങൾ തിരിച്ചുപോകണം. ഈ രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കണം. നരേന്ദ്ര മോദിക്കെതിരായിട്ടുള്ള വമ്പിച്ച പോരാട്ടത്തിന് കർഷകരോടൊപ്പം ചേരാൻ ഈ രാജ്യത്തെ ജനങ്ങൾ ചേരുമ്പോൾ നിങ്ങൾ അതിന് തയ്യാറാകണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞത് 'ഗ്രീൻ ഫീൽഡ് റെയിൽപ്പാത യാഥാർത്ഥ്യമാകാൻ പോകുകയാണ്; അത് കേരളത്തിലെ ഏറ്റവും വലിയ മുടക്കുമുതൽ വരുന്ന നിർമ്മാണ പ്രവർത്തനമായിരിക്കും; ആകാശ സർവ്വേ പൂർത്തിയായി. അടുത്തതായി അലൈൻമെന്റ് നിശ്ചയിക്കും; 2020-ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും; ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ മൂന്നുവർഷംകൊണ്ട് പൂർത്തീകരിക്കാനാകും; ഈ പദ്ധതിയിൽ മുതൽ മുടക്ക് നടത്താൻ പല രാജ്യാന്തര ഏജൻസികളും തയ്യാറായിട്ടുണ്ട് എന്നാണ്. ഇതിന്റെയെല്ലാം കാര്യം എന്തായി? ഇത്തവണ അദ്ദേഹം പറഞ്ഞിരിക്കുന്നത് 60,000 കോടി രൂപയുടെ സിൽവർ ലൈൻ സെമി ഹൈസ്പീഡ് റെയിൽ പദ്ധതി കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭം നടപ്പാക്കുമെന്നാണ്. 2021-ൽ പരിസ്ഥിതി പഠനവും ആവശ്യമായ അനുമതികളും വാങ്ങി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളാരംഭിക്കും. കഴിഞ്ഞ വർഷവും ഭൂമി ഏറ്റെടുക്കൽ നടപടി കളാരംഭിക്കുമെന്ന് പറഞ്ഞിരുന്നു. സെമി ഹൈസ്പീഡ് എന്നത് ലോകത്തിൽ ഒരിടത്തും കേട്ടിട്ടില്ലാത്ത ഒരു പ്രയോഗമാണ്. ഹൈസ്പീഡ് റെയിൽ കോറിഡോറുണ്ട്. 2008-ൽ മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോർ എന്ന ആശയം ഉന്നയിച്ചുകൊണ്ട് ഞാൻ അവിടം മുതൽ യാത്ര ചെയ്തു. മുംബൈ-കന്യാകുമാരി ഹൈസ്പീഡ് പാതയുടെ യാത്രാസമയം എത്രയാണെന്ന് അറിയാമോ; 6 മണിക്കൂർകൊണ്ട് 350 കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ കഴിയും. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രോഗ്രാമാണത്. മുംബൈ-കന്യാകുമാരി അതിവേഗ റെയിൽപ്പാത ആരംഭിക്കുമെന്ന് ശ്രീ. നരേന്ദ്ര മോദി കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് കൊല്ലത്തുവന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനുപകരം മുംബൈ-അഹമ്മദാബാദ് ഹൈസ്പീഡ് റെയിൽ കോറിഡോർ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അത് പൂർണ്ണമായും ജപ്പാൻ ഗവൺമെന്റുമായി സഹകരിച്ചാണ് ചെയ്തിരിക്കുന്നത്.

അതിനുള്ള സാമ്പത്തിക സഹായവും ടെക്നിക്കൽ അഡ്വൈസും നൽകിയിരിക്കുന്നതും ജപ്പാൻ ഗവൺമെന്റാണ്. കേന്ദ്ര സർക്കാർ ഇങ്ങനെയൊരു സ്കീം ആരംഭിച്ചുകഴിഞ്ഞപ്പോൾ അതിനുവേണ്ടി ശ്രമിക്കുന്നതിന് പകരം ഇത്തവണത്തെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് ഗ്രീൻ ഫീൽഡ് റെയിൽപ്പാത യാഥാർത്ഥ്യമാകാൻ പോകുകയാണെന്നാണ്. കഴിഞ്ഞ വർഷം പറഞ്ഞതുതന്നെ ഇത്തവണയും ആവർത്തിച്ച് പറഞ്ഞിരിക്കുകയാണ്. ഒന്നും യാഥാർത്ഥ്യമായിട്ടില്ല. നടക്കാത്ത ചില പദ്ധതികളെപ്പറ്റി ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് ഗവൺമെന്റ് ഓഫ് ഇന്ത്യ ഏറ്റെടുക്കേണ്ട പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റ് മുതൽ മുടക്കേണ്ട ഒരു കാര്യവുമില്ല. നിലവിൽ ഇന്ത്യയിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽപ്പാത പരിപൂർണ്ണമായും ജപ്പാനുമായി എഗ്രിമെന്റ്വച്ചാണ് ചെയ്തിരിക്കുന്നത്. നമുക്ക് അവകാശപ്പെട്ട മുംബൈ-കന്യാകുമാരി ഹൈസ്പീഡ് റെയിൽ കോറിഡോറിനു വേണ്ടി ശബ്ദമുയർത്തുന്നതിന് പകരം സാമ്പത്തികമായി ബുദ്ധിമുട്ടുള്ള നമ്മുടെ സംസ്ഥാനം ഇത്തരം പരിപാടിയുമായി മുന്നോട്ടുപോകുന്നത് മണ്ടത്തരമാണ്. ഇതുവരെ ഒന്നും നടന്നിട്ടില്ല, നടക്കാനും പോകുന്നില്ല. മുംബൈയിൽനിന്ന് ആറ് മണിക്കൂർകൊണ്ട് കന്യാകുമാരിയിൽ എത്തുന്ന ഒരു റെയിൽപാതയ്ക്ക് സാധ്യതയുണ്ട്. കേന്ദ്ര ബഡ്ജറ്റിൽപോലും അത് സൂചിപ്പിച്ചിരുന്നതാണ്. സ്റ്റേറ്റ് ഗവൺമെന്റ് പണം മുടക്കേണ്ട കാര്യമില്ല. കേന്ദ്ര ഗവൺമെന്റ് ചെയ്യണമെന്ന് ആവശ്യപ്പെടേണ്ട കാര്യമാണ്. അവർ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട കാര്യമാണ്. ഞാൻ അത്രയേ പറയുന്നുള്ളൂ. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തോട്ടപ്പള്ളി സ്പിൽവേയ്ക്ക് 280 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. അത് ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരുന്നു. പമ്പ-അച്ചൻകോവിൽ നദിയിലെ വെള്ളം തോട്ടപ്പള്ളി സ്പിൽവേയിൽക്കൂടി പോയാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല. അതിന് 300 മീറ്റർ വീതിയുണ്ട്. പക്ഷേ ഇപ്പോൾ അതിന്റെ വീതിയെല്ലാം കുറഞ്ഞുപോയി. വീയ്യപുരത്ത് നിന്നുള്ള 11 കിലോമീറ്റർ ദൂരം വീതി കൂട്ടിയാൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകില്ല. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് 280 കോടി രൂപ പ്രഖ്യാപിച്ചതിനെ ഞാൻ സ്വാഗതം ചെയ്തിരുന്നു. ഒരു വർഷമായിട്ടും ഒന്നും ചെയ്തിട്ടില്ല. ഞാൻ അവിടെ പോയി ഒരു ദിവസത്തെ സമരം നടത്തി. വെള്ളം ഒഴുകിപ്പോകേണ്ട സ്ഥലത്തുള്ള മരങ്ങൾപോലും വെട്ടിയിട്ടില്ല. ബഡ്ജറ്റിൽ 280 കോടി രൂപ പ്രഖ്യാപിച്ചതല്ലാതെ യാതൊന്നും ചെയ്തിട്ടില്ല. ഇത്തരം പ്രഖ്യാപനങ്ങളുടെ പെരുമഴയാണ് ബഡ്ജറ്റിലുള്ളത്. 'പാക്കേജി'നോട് അദ്ദേഹത്തിന് വലിയ സ്നേഹമാണ്. ഇടുക്കി പാക്കേജിന് 5,000 കോടി രൂപയെന്ന് അങ്ങ് ഇവിടെ എഴുന്നേറ്റുനിന്ന് പറഞ്ഞു. ഒരു രൂപയെങ്കിലും

മുടക്കിയോ? ഇത് പഴയ കഥയാണ്. നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്. പാലായിൽ ഒരു കാരണവർ പെണ്ണിന്റെ കല്യാണ സമയത്ത് ചെറുക്കന്റെ പിതാവ് ചെന്നപ്പോൾ പറഞ്ഞത്, 'പത്തുലക്ഷം രൂപയും നൂറ് പവനും, ഈ പറഞ്ഞതല്ലാതെ ഒരു പൈസയും തരികയില്ല' എന്നാണ്. പിന്നീട് ചോദിച്ചപ്പോൾ പറഞ്ഞു, 'അന്നേ പറഞ്ഞതല്ലേ പറഞ്ഞതല്ലാതെ ഒരു പൈസയും തരികയില്ലെന്ന്.' അതുപോലെയാണ് ഇടുക്കി പാക്കേജിന് 5,000 കോടി രൂപ എന്നുപറഞ്ഞത്. ഈ പറഞ്ഞതല്ലാതെ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. മിക്കവാറും എല്ലാ പാക്കേജിന്റെയും സ്ഥിതി അതുതന്നെയാണ്. കഴിഞ്ഞ വർഷത്തേയും ഈ വർഷത്തേയും ബഡ്ജറ്റിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. മിക്കവാറും എല്ലാ കാര്യങ്ങളും ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് തോട്ടപ്പള്ളി സ്പിൽവേ എങ്കിലും യാഥാർത്ഥ്യമാക്കണം. കാരണം കുട്ടനാട്ടിൽ വെള്ളപ്പൊക്കം തടയാൻ ഏറ്റവും അത്യാവശ്യമാണത്. വീയ്യപുരം മുതൽ 11 കിലോമീറ്റർ ദൂരം വീതി കൂട്ടണം. അത് ഇപ്പോൾ 75 മീറ്ററായി ചുരുങ്ങിയിരിക്കുകയാണ്; 300 മീറ്ററാക്കണം. ഏത് ഗവൺമെന്റ് വന്നാലും ചെയ്യേണ്ട കാര്യമാണത്. അടിസ്ഥാനപരമായ കാര്യങ്ങളിൽ അടിയന്തരമായ നടപടികൾ സ്വീകരിക്കണം.

ഈ ബഡ്ജറ്റിൽ നാളികേരത്തിന് 32 രൂപ താങ്ങുവില പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ സ്വാമിനാഥൻ കമ്മീഷന്റെ 2007-ലെ റിപ്പോർട്ടിൽ ഓരോ സംസ്ഥാനത്തുമുള്ള ഉത്പന്നങ്ങൾക്ക് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിച്ചു. അതിൽ കൊപ്ര ഉൾപ്പെടുത്തിയിട്ടുണ്ട്. എത്ര രൂപ അധികമായി ചെലവാക്കിയാലും അത് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാം. 32 രൂപയ്ക്ക് ആരെങ്കിലും സംഭരണം നടത്തുമോ? നാളികേരത്തിന് ഇപ്പോൾ 38 രൂപ വിലയുണ്ട്.

<u>മി. ചെയർമാൻ</u>: സർ, പ്ലീസ്....

<u>ശ്രീ. പി. ജെ. ജോസഫ്:</u> ഇങ്ങനെ പറയല്ലേ സർ. ഞാൻ പറഞ്ഞോട്ടെ. പലരും ആറും ഏഴും മിനിട്ട് അധികം എടുത്തിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: രണ്ടര മിനിട്ടായി.

<u>ശ്രീ. പി. ജെ. ജോസഫ്:</u> രണ്ട് മിനിട്ടുകൂടി തരണം. തേങ്ങയ്ക്ക് 40 രൂപയെങ്കിലും താങ്ങുവില പ്രഖ്യാപിച്ചാൽ മാത്രമേ സംഭരണം നടക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുകയും ചെയ്യുകയുള്ളൂ. മിനിമം സപ്പോർട്ട് പ്രൈസിന്റെ കാര്യത്തിൽ ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് ഓരോ സംസ്ഥാനത്തിനും ഓരോ ഉത്പന്നങ്ങളെ

സെലക്ടീവായി ഉൾപ്പെടുത്താം. അതിൽ കൊപ്രയെ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള വിലയേക്കാളും രണ്ട് രൂപ വർദ്ധിക്കണം. അതിനാൽ കൊപ്രയുടെ താങ്ങുവില മിനിമം 40 രൂപയെങ്കിലുമാക്കി യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനം സ്വീകരിക്കണം. ഒരു കാര്യം ഞാൻ സ്വാഗതം ചെയ്യുകയാണ്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് ഇന്റലിജൻസ്, സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി തുടങ്ങി ആറ് സ്കൂളുകളും പ്രധാനപ്പെട്ടവയാണ്. വിദ്യാഭ്യാസ മേഖലയിൽ അത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നത് വളരെ നല്ല കാര്യമാണ്. നോളഡ്ജ് സൊസൈറ്റിയാണ് വരാൻ പോകുന്നത്. ആ നിലയ്ക്ക് ഹയർ എഡ്യൂക്കേഷനുവേണ്ടിയുള്ള ഈ കരുതലുകൾ നല്ലതാണ്.

മി. ചെയർമാൻ: പ്ലീസ്..... അങ്ങ് അവസാനിപ്പിക്കണം. ഇതിനുശേഷം ഒരു ബില്ലിന്റെ അവതരണം കൂടിയുള്ളതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. വീണ്ടും ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം നടപ്പാക്കുമോ എന്ന് എനിക്കറിയില്ല. നമ്മുടെ അടിസ്ഥാനപരമായ പ്രധാനപ്പെട്ട മേഖലകളിൽ കടന്നുചെല്ലാൻ കഴിയണമായിരുന്നു. സംസ്ഥാനത്തിനാവശ്യമുള്ള മുഴുവൻ പാലും ഉൽപ്പാദിപ്പിക്കാൻ ഇടുക്കി ജില്ലയ്ക്ക് കഴിയും. അവിടെ പുൽമേടുകളിൽ പുല്ല് വളർത്താനുള്ള അനുവാദം നൽകണം. തീറ്റപ്പുല്ലിന്റെ അപര്യാപ്തതയുണ്ട്. അങ്ങനെയുള്ള മേഖലകളിലേയ്ക്ക് കടന്ന് ചെല്ലേണ്ടതായിരുന്നു.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. ഒരു ബില്ലിന്റെ അവതരണം കൂടിയുള്ളതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഇനി ദീർഘിപ്പിക്കുന്നില്ല. വിഭവ സമാഹരണത്തിൽ അങ്ങയുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റിയിരിക്കുകയാണ്. കഴിഞ്ഞ വർഷം പറഞ്ഞതിന്റെ അടുത്തെങ്ങും എത്തിയിട്ടില്ല. അടുത്ത വർഷവും വലിയ തുക വരുമെന്ന് പറഞ്ഞിരിക്കുകയാണ്. അതിനുള്ള സാധ്യത കാണുന്നില്ല. ഈ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള സത്വര നടപടികളുണ്ടാകണം. തോട്ടപ്പള്ളി സ്പിൽവേ പൂർണ്ണമായും പൂർത്തിയാക്കിയാലേ പമ്പ-അച്ചൻകോവിലാറുകളിലെ വെള്ളം തടയാൻ കഴിയുകയുള്ളൂ. ആ ഒരൊറ്റ പദ്ധതിയെങ്കിലും ഏറ്റെടുക്കാൻ തയ്യാറായാൽ കുട്ടനാടിനെ രക്ഷിക്കാൻ കഴിയും. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഭാവി കേരളത്തിന്റെ

വികസനത്തിനും അതുപോലെ മുന്നോട്ടുള്ള പോക്കിനും സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമത്തിനും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളുടെ സംരക്ഷണത്തിനും സഹായകരമായ ബഡ്ജറ്റ് എന്ന നിലയിലാണ് ഞാൻ ഇതിനെ പിന്തുണയ്ക്കുന്നത്. ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ സർക്കാർ ഇന്ത്യയിലെ ഏക ഇടതുപക്ഷ സർക്കാരാണെന്ന കാര്യം നമുക്കറിയാം. ഇന്ത്യയ്ക്കും ലോകത്തിനും നിരവധി ഉദാത്ത മാതൃകകൾ സംഭാവന ചെയ്തുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ തുടർച്ചയായാണ് ഈ ബഡ്ജറ്റിനെ നമ്മൾ കാണേണ്ടത്. "ഒരിക്കൽ സംഭവിക്കുന്നത് യാദൃശ്ചികമാകാം, രണ്ടാമത്തേത് തീർച്ചയായും അതിനപ്പുറമാണ്. രണ്ട് വർഷംമുമ്പ് പ്രളയത്തിലകപ്പെട്ട കേരളത്തെ തളരാതെ പിടിച്ചുനിർത്തിയ ആ ശബ്ദം വീണ്ടും ഇപ്പോൾ കേൾക്കുകയാണ്" എന്നാണ് 2020 മാർച്ച് മാസം ടെലഗ്രാഫ് പത്രം പറഞ്ഞത്. ഏതാണ് ആ ശബ്ദം? ശ്രീ. പിണറായി വിജയന്റെ, കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശബ്ദമാണത്. കേരളം രാജ്യത്തിന് മാതൃകയാണെന്നുള്ളത് പ്രമുഖ ചാനലുകളും പത്രങ്ങളുമൊക്കെ വിശദീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദി നിരാശപ്പെടുത്തുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിജീവനത്തിനുള്ള ഊർജ്ജം നമ്മുടെ മനസ്സുകളിൽ നിറയ്ക്കുകയാണെന്നാണ് അവർ സൂചിപ്പിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിക്കും മറ്റ് മുഖ്യമന്ത്രിമാർക്കും കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ മാതൃകയാക്കാമെന്നുള്ളതും ചില മാധ്യമ പ്രവർത്തകർ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതുമാത്രമല്ല കേരളം ലക്ഷ്യങ്ങളുള്ള സംസ്ഥാനമാണെന്നാണ് പല മാധ്യമങ്ങളും കേരളത്തെപ്പറ്റി പറയുന്നത്. "Let's copy Kerala" എന്നാണ് മുംബൈ മിറർ പറഞ്ഞത്. ഈ കൊച്ചുകേരളത്തിൽനിന്ന് ഒരുപാട് പഠിക്കാനുണ്ട് എന്നാണ് കർണ്ണാടകത്തിലെ ആരോഗ്യ വകുപ്പുമന്ത്രി ഡോ. കെ. സുധാകർ പറഞ്ഞത്. പൊതുജനാരോഗ്യം, പ്രാഥമികാരോഗ്യം എന്നിവ മികവുറ്റതാണ്. കോവിഡ് പ്രതിരോധം തന്നെ ലോകത്തിന് മാതൃകയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. തന്റെ സംസ്ഥാനത്ത് എൺപത് ശതമാനം സ്വകാര്യ ആശുപത്രികളും അടഞ്ഞുകിടക്കുകയാണ്, കേരളം ആ രംഗത്ത് വളരെ മുന്നോട്ടുപോകുന്നുവെന്ന കാര്യം അദ്ദേഹം പറയുകയുണ്ടായി. അങ്ങനെ നിരവധി പത്രങ്ങളും മാധ്യമങ്ങളും വ്യക്തികളും പ്രമുഖരും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ, ഇന്ത്യയിലെ ഏക ഇടതുപക്ഷ ഭരണത്തെയും അതിന്റെ നേട്ടങ്ങളെയും പുകഴ്ത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ കേരളത്തിൽ പ്രതിപക്ഷം തലതിരിഞ്ഞ നിലയിലാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് നമുക്കറിയാം. കഴിഞ്ഞ അഞ്ച് വർഷം ഇടതുപക്ഷ സർക്കാർ നടപ്പാക്കിയ പദ്ധതികൾവഴി കേരളം ഒരു തുടർഭരണത്തിലേയ്ക്ക് നീങ്ങാൻ പോകുന്നുവെന്ന

സൂചന കേരളത്തിലെ പ്രതിപക്ഷത്തെ അലോസരപ്പെടുത്തുന്നുണ്ട്. അതിന്റെ പ്രതികരണങ്ങൾ നിയമസഭയിലുടനീളം നമുക്ക് കാണാൻ കഴിയും. ആ വെപ്രാളമാണ് നമ്മൾ സഭയിൽ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ അവരോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് ഈ ഇടതുപക്ഷ ഭരണം മാറിയാൽ കേരളത്തിലെ ജനങ്ങൾക്ക് നിങ്ങൾ സംഭാവന ചെയ്യാൻ പോകുന്നതെന്താണ് എന്നൊരു മാതൃക കാണിച്ചുകൊടുക്കേണ്ടതാണ്. 2011 മുതൽ 2016 വരെയുള്ള അഞ്ച് വർഷക്കാലത്തെ ഭരണം നമ്മളെല്ലാം കണ്ടതല്ലേ; എന്തായിരുന്നു? ഇന്നത്തെ കേരളത്തിലെ ഇടതുപക്ഷ ഭരണത്തേക്കാൾ മെച്ചപ്പെട്ട ഭരണമായിരുന്നോ ആ കാലഘട്ടത്തിലുണ്ടായിരുന്നത്? മെച്ചമല്ലെന്നുമാത്രമല്ല, ഏറ്റവും മോശപ്പെട്ട അവസ്ഥയായിരുന്നു. നേരത്തെ ഇവിടെ ശ്രീ. സി. ദിവാകരൻ സോളാർ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കോൺഗ്രസ്സിന്റെ ഇന്ത്യയിലെ തലതിരിഞ്ഞ നയത്തിന്റെ ഫലമായാണ് പല സംസ്ഥാനങ്ങളിലും അവർ പരാജയപ്പെട്ടത് അഥവാ ബി.ജെ.പി. അധികാരത്തിൽ വന്നത്. ബി.ജെ.പി. പല സംസ്ഥാനങ്ങളിൽ ഭരിക്കുന്നുണ്ടെങ്കിലും കുറച്ച് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സും ഭരിക്കുന്നുണ്ടല്ലോ. ആ സംസ്ഥാനത്തെങ്കിലും ഈ കേരളത്തേക്കാൾ മെച്ചപ്പെട്ട ഭരണം കൊണ്ടുവന്ന് നിങ്ങൾക്ക് ഞങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? കഴിയില്ലെന്ന കാര്യം നിരവധി ഉദാഹരണങ്ങളിലൂടെ നമുക്ക് പറയാൻ കഴിയും. അന്നദാതാക്കളാണ് നമ്മുടെ കർഷകർ എന്നുള്ള കാര്യം നമുക്കറിയാം. കോൺഗ്രസ്സും ബി.ജെ.പി.-യും ഭരിക്കുന്ന സംസ്ഥാനങ്ങളിൽനിന്നുള്ള അന്നദാതാക്കളായ കർഷകർ ഡൽഹിയിൽ സമരത്തിൽ ഏർപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് പറയുന്നത്. പക്ഷേ കേരളത്തിൽ എന്താണ് നമുക്ക് കാണാൻ കഴിയുന്നത്? കേരളത്തിൽ നെൽക്കൃഷിയിലൂടെ നമുക്ക് ഭക്ഷിക്കാനാവശ്യമായ അരി ഉത്പാദിപ്പിക്കുന്നില്ല. മൂന്നോ നാലോ മാസം ഭക്ഷിക്കാനുള്ള അരിയാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. പുറത്തുനിന്നാണ് അരി വരുന്നത്. അരി ഉൽപ്പാദനത്തിൽ കേരളമല്ല, മറ്റ് പല സംസ്ഥാനങ്ങളുമാണ് മുന്നിൽനിൽക്കുന്നത്. പക്ഷേ ആ സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത വിധത്തിൽ ഒരു കിലോ നെല്ലുൽപ്പാദിപ്പിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്തു കഴിഞ്ഞാൽ 28 രൂപ ആ കർഷകന്റെ അക്കൗണ്ടിലേയ്ക്ക് വരുന്ന സംസ്ഥാനം ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളമല്ലാതെ ഇന്ത്യയിൽ ബി.ജെ.പി.യും കോൺഗ്രസ്സും ഭരിക്കുന്ന ഏത് സംസ്ഥാനത്തുണ്ടെന്ന് പറയാമോ? നെൽക്കൃഷിക്കാർ കേവലം നെല്ലുൽപ്പാദിപ്പിക്കുന്ന പ്രവർത്തനം മാത്രമല്ല അതിനപ്പുറത്ത് വളരെ മഹത്തരമായ പ്രവർത്തനമാണ് നടത്തുന്നത്. കുടിവെള്ള

സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും നെൽക്കർഷകർ വളരെയധികം പങ്ക് വഹിക്കുന്നുണ്ട്. ഒരു ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയുള്ള കർഷകന് 2,000 രൂപ റോയൽറ്റി കൊടുക്കുന്ന സംസ്ഥാനം ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന ഈ കൊച്ചു കേരളമല്ലാതെ കോൺഗ്രസ്സും ബി.ജെ.പി.യും ഭരിക്കുന്ന ഇന്ത്യയിലെ ഏത് സംസ്ഥാനത്താണുള്ളത്; നിങ്ങൾക്ക് പറയാൻ കഴിയുമോ; നിഷേധിക്കാൻ കഴിയുമോ; അത് പറയേണ്ട കാര്യമല്ലേ? ഇന്ത്യയൊട്ടുക്കും കൃഷിക്കാർ ആത്മഹത്യയിലേയ്ക്ക് പോകുകയല്ലേ? കേരളത്തിൽ കർഷക ആത്മഹത്യ കാണാൻ കഴിയുന്നുണ്ടോ? ഇല്ല. പതിനാറിനം പച്ചക്കറികൾക്ക് താങ്ങുവില നിശ്ചയിച്ചു. ഇത് ഇന്ത്യയിലെ ഏത് സംസ്ഥാനത്തുണ്ട്? കേരളത്തിൽ പച്ചക്കറി വരുന്നത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നല്ലേ; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും നിന്നല്ലേ പച്ചക്കറി വരുന്നത്? അവിടെയെങ്ങുമില്ലാത്തവിധം ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന ഈ കൊച്ചുകേരളത്തിലാണ് പതിനാറിനം പച്ചക്കറികൾക്ക് താങ്ങുവില നിശ്ചയിച്ചുകൊണ്ട് പച്ചക്കറി കർഷകനെ ഈ കോവിഡ് കാലഘട്ടത്തിൽ സംരക്ഷിക്കാനുള്ള നടപടിയെടുത്തിരിക്കുന്നത്. 'ഇന്റർനെറ്റ് പൗരന്റെ അവകാശമാക്കി മാറ്റിയത് കേരളമല്ലേ? ഇവിടെ കെ-ഫോൺ പദ്ധതി നടപ്പിലാകുകയാണ്. നിങ്ങൾ എന്തിനാണ് എതിർക്കുന്നത്? കെ-ഫോൺ പദ്ധതിയിലൂടെ ഇവിടെ പാവപ്പെട്ടവർക്ക് സൗജന്യ ഇന്റർനെറ്റ് യാഥാർത്ഥ്യ മാകുന്നതോകൂടി ആ കുത്തക കൈവശം വച്ചിരിക്കുന്ന റിലയൻസ് അടക്കമുള്ള കുത്തക മുതലാളിമാർക്ക് വേദനിക്കും. ആ വേദനയോടൊപ്പമാണ് പ്രതിപക്ഷം നിൽക്കുന്നത്. മഹാഭൂരിപക്ഷം വരുന്ന കേരളത്തിലെ സാധാരണക്കാരന്റെ കൂടെയല്ല അവർ എന്ന് നമുക്ക് കാണാൻ കഴിയും. നടപ്പാകാത്ത നാഷണൽ ഹൈവേ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഇവിടെ നടപ്പാകുകയാണ്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പ്രാവർത്തികമാകുകയാണ്. ഇത് രണ്ടും നടപ്പായാൽ തന്റേടവും നിശ്ചയദാർഢ്യവുമുള്ള മുഖ്യമന്ത്രിയാണ് നിങ്ങളെന്ന് പറയേണ്ടി വരുമെന്ന് 2016-ൽ ശ്രീ. കെ. സുരേന്ദ്രൻ ഫെയ്സ്ബുക്ക് പോസ്റ്റിട്ടല്ലോ. ശ്രീ. കെ. സുരേന്ദ്രൻ ഇപ്പോൾ പറയില്ല. നിങ്ങളെങ്കിലും പറയണ്ടേ? ഇക്കാര്യങ്ങളെല്ലാം കേരളത്തിൽ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുകയാണ്. കോവിഡ് സൗജന്യ ചികിത്സ ഇന്ത്യയിൽ ഏത് സംസ്ഥാനത്തുണ്ട്: കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തുണ്ടോ: ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തുണ്ടോ? ഇല്ല. ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ കൊച്ചുകേരളത്തിലാണ് സൗജന്യമായി കോവിഡ് ചികിത്സ ലഭ്യമാകുന്നത് എന്ന കാര്യം നിഷേധിക്കാൻ കഴിയുമോ? ഉണ്ടെങ്കിൽ നിങ്ങൾ നിഷേധിച്ച് പറയണം. ഇന്ത്യയിൽ ആദ്യത്തെ ഹൈടെക്

സംസ്ഥാനം ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളമാണ്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനത്തുണ്ടോ, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനത്തുണ്ടോ? ഇല്ല, അടുത്തൊന്നും വരാനും പോകുന്നില്ല. ഇവിടെ കൊച്ചുകുട്ടികൾപോലും ഇന്റർനെറ്റുമായി ബന്ധപ്പെടുമ്പോൾ അപ്പുറത്ത് 60% കുട്ടികൾക്ക് സ്കൂളിന്റെ പടിപോലും കാണാൻ കഴിയുന്നില്ല. വീട് പോറ്റുന്നതിനുവേണ്ടി അച്ഛനമ്മമാരോടൊപ്പം വയലേലകളിലും പണിശാലകളിലും പാടുപെട്ട് പണിയെടുക്കുന്ന കുട്ടികളെയാണ് അവിടെ നമുക്ക് കാണാൻ സാധിക്കുന്നത്. അതില്ലാത്ത ഒരു സംസ്ഥാനം ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന നമ്മുടെ കേരളമാണ്. ക്ഷേമ പെൻഷൻ 600 രൂപയിൽനിന്നും 1,600 രൂപയാക്കി ഉയർത്തി. ഉമ്മൻചാണ്ടി ഗവൺമെന്റ് ക്ഷേമ പെൻഷൻ 600 രൂപ കൊടുത്തിരുന്നുവെന്ന് പറഞ്ഞല്ലോ, 1980-ൽ ഇ. കെ. നായനാർ ഗവൺമെന്റ് കൊടുത്തിരുന്ന 45 രൂപയിൽനിന്നും 600 രൂപ വരെയെത്താൻ 40 വർഷമെടുത്തു. എന്നാൽ ആ 600 രൂപയിൽനിന്നും 1,600 രൂപയാകാൻ കേവലം 5 വർഷമാണ് സഖാവ് പിണറായി വിജയന്റെ ഭരണത്തിൻ കീഴിലുള്ള ഈ സർക്കാരിന് വേണ്ടിവന്നത്. ഇവിടെ ലൈഫ് പദ്ധതി മുഖേന എല്ലാവർക്കും വീട് നിർമ്മിച്ചുകൊടുക്കുകയല്ലേ. ആ പദ്ധതിയെ ആകമാനം തകർക്കുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിക്കുന്നത്? തൃശ്ശൂർ ജില്ലയിൽ യു.ഡി.എഫ്.-ന് ലഭിച്ച ഒരേയൊരു മണ്ഡലം 43 വോട്ടിന് ജയിച്ച വടക്കാഞ്ചേരി മണ്ഡലമാണ്. അവിടെയാണ് ലൈഫ് പദ്ധതി നിലനിൽക്കുന്നത്. ആ മണ്ഡലത്തിലെ എം.എൽ.എ.യായ ശ്രീ. അനിൽ അക്കരയ്ക്കെതിരെ കെ.പി.സി.സി. പ്രസിഡന്റിന് കൊടുത്ത ഒരു കത്ത് എന്റെ കയ്യിലുണ്ട്. 'നിരന്തരമായി വിവാദങ്ങൾക്ക് പിന്നാലെ പോകുന്ന ശ്രീ. അനിൽ അക്കര, എം.എൽ.എ.യുടെ നടപടി ഈ മണ്ഡലത്തെ പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് നയിക്കും' എന്നാണ് അതിൽ പറയുന്നത്. ഞാൻ പറയുന്നതല്ല. വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലർ, മുൻ മണ്ഡലം പ്രസിഡന്റ് ശ്രീ. എസ്.എ.എ. ആസാദ് കെ.പി.സി.സി. പ്രസിഡന്റിന് കൊടുത്ത കത്താണ്. എം.എൽ.എ. വിവാദങ്ങളുമായി പോകുകയാണ് എന്നാണ് കത്തിൽ പറയുന്നത്. അതുതന്നെയല്ലേ ലൈഫ് പദ്ധതിയുടെ കാര്യത്തിലുണ്ടായത്? പാവങ്ങൾക്ക് വീട് കൊടുക്കുന്ന പദ്ധതിയെപ്പോലും തകർക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. അതുപോലെ നിരവധി കാര്യങ്ങൾ വേറെയുണ്ട്. അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. മറ്റ് ഒട്ടനേകം നടപടികളുമെടുത്തിട്ടുണ്ട്. മുസ്ലീം ലീഗിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. നമുക്കറിയാം, കേരളത്തിലെ ഡ്രൈവിംഗ് ഫോഴ്സാണ് ലീഗ് എന്നുപറയുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിൽ വരുന്നതിൽ ചിലർക്ക് വെപ്രാളമെന്നാണ് പറയുന്നത്. ശ്രീ. മഞ്ഞളാംകുഴി അലി അത് പറയുമ്പോൾ കോൺഗ്രസ്സിനാണോ മറ്റാർക്കെങ്കിലുമാണോ എന്ന് നമുക്കറിയാൻ സാധിക്കില്ല. പ്രധാനമന്ത്രിയാകാനാണ് ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലേയ്ക്ക് വന്നത്. ആ പ്രധാനമന്ത്രിയോടൊപ്പം മന്ത്രിസഭയിലേയ്ക്കെത്താൻ സാധിക്കുമെന്ന് കരുതിയാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.എൽ.എ. സ്ഥാനം രാജിവച്ച് അങ്ങോട്ടുപോയത്. പക്ഷെ എന്താണ് സംഭവിച്ചത്? ശ്രീ. രാഹുൽ ഗാന്ധി പ്രധാനമന്ത്രിയുമായില്ല, പ്രതിപക്ഷ നേതാവുമായില്ല. ഇപ്പോൾ കേരളത്തിലേയ്ക്ക് വരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിൽ എന്താകാൻ പോകുന്നു? പ്രതിപക്ഷ ഉപനേതാവുപോലുമാകാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുമോയെന്ന് നമുക്ക് കാണേണ്ടതുണ്ട്. അദ്ദേഹം പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പറഞ്ഞ കാര്യമാണ് 'ഒരു തെരഞ്ഞെടുപ്പിൽക്കൂടി സി.പി.ഐ.(എം) ജയിച്ചാൽ ഇവിടെ യു.ഡി.എഫ്.നും മുസ്ലീം ലീഗിനും നിലനിൽപ്പില്ല' എന്ന്. സി.പി.ഐ.(എം) ജയിക്കാൻ പാടില്ല. നമ്മുടെ ശത്രു ബി.ജെ.പി. അല്ല. ആരാണ് നമ്മുടെ ശത്രു? സി.പി.ഐ.(എം) ആണ് നമ്മുടെ ശത്രു എന്നല്ലേ പറഞ്ഞത്? ഇതിൽനിന്നും കൃത്യമായി അവരുടെ നിലപാട് കാണാൻ സാധിക്കും. ആ വീഡിയോ പുറത്ത് വന്നിരിക്കുകയാണ്. അധികാരം തിരിച്ചുപിടിക്കാൻ കൈവിട്ട കളികളുമായി സംഘ്പരിവാറിന്റെ കളിപ്പാവകളായി മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം ഇവിടെ മാറിക്കഴിഞ്ഞിരിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ തുടർഭരണം അവർ നല്ലതുപോലെ ഭയക്കുന്നുണ്ട്. മുഗൾ ചക്രവർത്തിയായ ഷാജഹാന്റെ മൂന്നാമത്തെ പുത്രൻ ഔറംഗസേബ് തന്റെ രണ്ട് സഹോദരന്മാരെ കൊലപ്പെടുത്തി, മൂന്നാമനെ തടവിലിട്ടു, പിതാവിനെ ആഗ്ര കോട്ടയിലിട്ടു. എന്തിനാണത് ചെയ്തത്? സ്വന്തം ശിരസ്സിൽ രാജകിരീടം അണിയാൻ, രാജകീയ ചെങ്കോൽ കയ്യിലണിയാൻ. അതിനുവേണ്ടിയാണ് ഇങ്ങനെയൊക്കെ ചെയ്തത്. ഏകദേശം ആ പരുവത്തിലാണ് ലീഗ് പോയിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. എന്താണ് യു.ഡി.എഫ്.-ന്റെ അവസ്ഥ? ബെന്യാമിന്റെ 'അൽ അറേബ്യൻ നോവൽ ഫാക്ടറി' എന്നുപറയുന്ന നോവലിൽ ഒരു വരിയുണ്ട്. 'കപ്പലിനുള്ളിലിരിക്കുന്നവർക്ക് കപ്പൽ വഴിതെറ്റുന്നത് അറിയില്ല. പുറത്തിറങ്ങാൻ ശ്രമിക്കുമ്പോഴോ പുറത്തുനിന്നും ആരെങ്കിലും വിളിച്ചുപറയുമ്പോഴോ മാത്രമേ അറിയുകയുള്ളൂ'. ആ അവസ്ഥയിലാണ് യു.ഡി.എഫ്. പക്ഷെ ചിലർക്കത് മനസ്സിലായി. അതുകൊണ്ട് ശ്രീ. ജോസ് കെ. മാണി അടക്കമുള്ളവർ അതിൽനിന്നും പുറത്തുവന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അവരുടെ കൂടെ നിന്നിരുന്ന നിരവധി ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായി വോട്ട് ചെയ്ത് ആ കപ്പലിൽനിന്നും

പുറത്തുവരുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. അടുത്ത തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഞാൻ മറ്റൊന്നും പറയുന്നില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ശ്രീ. ഉമ്മൻ ചാണ്ടി യു.ഡി.എഫ്.-നെ നയിക്കുമോ എന്ന് 16-9-2020-ന് പത്രക്കാർ ചോദിച്ചപ്പോൾ അദ്ദേഹം ഒരു നിമിഷം മൗനിയായി. പിന്നീട് പറഞ്ഞത് അടുത്ത തെരഞ്ഞെടുപ്പിന് യു.ഡി.എഫ്.-നെ ജനങ്ങൾ നയിക്കും എന്നാണ്. ഒരു തർക്കവും വേണ്ട, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തുടർഭരണവും മുഖ്യമന്ത്രിയും ഇവിടെയുണ്ടാകും. അത് ജനങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. അത്തരത്തിൽ ജനങ്ങൾ തീരുമാനിക്കുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. തല്ലിക്കൊഴിക്കുന്ന കാറ്റിനെപ്പേടിച്ച് തെച്ചിയും മുല്ലയും പൂക്കാതിരിക്കില്ല. അത് പൂത്തുകൊണ്ടേയിരിക്കും. ജനങ്ങളിൽ സുഗന്ധം പരത്തി അവർക്ക് സുഭിക്ഷമായ ജീവിതം പ്രദാനം ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന ഈ തെച്ചിയെയും മുല്ലയെയും തല്ലിക്കൊഴിക്കാൻ യു.ഡി.എഫ്. അല്ല അതിനപ്പുറത്തുള്ള ആര് പരിശ്രമിച്ചാലും നടക്കാൻ പോകുന്നില്ല. ഇത് കേരളമാണ്. ഇത് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളല്ല. അതുകൊണ്ടുതന്നെ സഖാവ് പിണറായി വിജയൻ സർക്കാർ മൂന്നരക്കോടി മലയാളികളെ നെഞ്ചിലേറ്റി അവരുടെ ദുഃഖങ്ങളിൽ ആശ്വാസം നൽകി അവരുടെ ജീവിതം സുഭിക്ഷമാക്കി അവരുടെ മനസ്സിൽ തെച്ചിയുടെയും മുല്ലയുടെയും സുഗന്ധം പരത്തിക്കൊണ്ട് മുന്നോട്ടുപോകുമ്പോൾ കേരളത്തിന്റെ ലൈഫിനെയും കിഫ്ബിയെയും വികസന മുന്നേറ്റത്തെയും തകർക്കാൻ കൊടുങ്കാറ്റായി ഞങ്ങളിതാ വരുന്നുവെന്ന് പലവട്ടം പ്രതിപക്ഷ നേതാവ് ഇവിടെ പറയുന്നുണ്ട്. 'ആഞ്ഞടിക്കും അഴിമതിക്കെതിരെ' അങ്ങനെ പറഞ്ഞുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ആക്രമിക്കാൻ മുന്നോട്ടുവരുന്നത്. ആരാണ് ഈ അഴിമതിക്കെതിരെ ആഞ്ഞടിക്കുന്നവർ? അഴിമതിയുടെ ചെളിക്കുണ്ടിൽ കിടന്ന് പിടയുന്നവരാണവർ. എങ്ങനെ നിങ്ങൾക്ക് ആഞ്ഞടിക്കാൻ കഴിയും? പക്ഷെ ഒരു കാര്യത്തിൽ തർക്കം വേണ്ട. ശ്രീ. പിണറായി വിജയൻ പറഞ്ഞതുപോലെ ഇത് ജെനുസ് വേറെ തന്നെയാണ്. ഇതിനെ തകർക്കാൻ, എതിർക്കാൻ നിങ്ങൾക്കാർക്കും കഴിയുകയില്ല. തുടർഭരണവുമായി അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വരുന്ന ആ കാഴ്ചകണ്ട് അന്തംവിട്ട് നിൽക്കുന്ന ഒരു പ്രതിപക്ഷത്തെ മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളൂ. അത് കേരളീയ ജനത ഉറപ്പിച്ചുകഴിഞ്ഞു. തങ്ങളുടെ ജീവിതം ഭദ്രമാക്കി മുന്നോട്ടുപോകുന്ന, അതിനുവേണ്ടി ഈ പുതിയ ബഡ്ജറ്റും അവതരിപ്പിച്ചുകൊണ്ട് അവരുടെ ക്ഷേമങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് തുടരണമെന്നാണ് കേരള ജനത ആഗ്രഹിക്കുന്നത്. ആ ആഗ്രഹം

വരുന്ന മേയ് മാസം സഫലീകരിക്കാൻ പോകുകയാണ് എന്നുള്ള യാഥാർത്ഥ്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം കാണാനും കൊള്ളാം, കേൾക്കാനും കൊള്ളാം, നല്ല ഐശ്വര്യമുണ്ട്. സുന്ദരമായൊരു ബഡ്ജറ്റായിട്ടാണ് എനിക്ക് തോന്നിയത്. പക്ഷെ എനിക്ക് അദ്ദേഹത്തോട് ചോദിക്കാനൊരു സംശയമുണ്ട്. എന്തുകൊണ്ടാണ് കൃഷിക്കാരോട് ഇത്രയും പിണക്കം? ബഡ്ജറ്റ് പ്രസംഗം മുഴുവൻ 372 ഖണ്ഡികകളുണ്ട്. ഇത്രയും പേജ് വായിച്ചിട്ടും ഇതിൽ ആകെ കൃഷിക്കാരുടെ കാര്യം പറയുന്നത് 17, 18 എന്നീ രണ്ട് ഖണ്ഡികകളിൽ മാത്രമാണ്. ഡോ. ടി. എം. തോമസ് ഐസക്കിന് എന്തുപറ്റി? കൃഷിക്കാർ അങ്ങയോട് വല്ല ഉപദ്രവവും ചെയ്തോ? ഇന്ന് കേരളത്തിലെ ജനങ്ങളെ തീറ്റിപ്പോറ്റുന്ന ഈ പാവപ്പെട്ട കൃഷിക്കാരൻ അനുഭവിക്കുന്നത്ര വേദന വേറാരെങ്കിലും അനുഭവിക്കുന്നുണ്ടോ? ചെറുകിട കച്ചവടക്കാരും കർഷകരുമല്ലേ നമ്മെ തീറ്റിപ്പോറ്റുന്നത്? ഈ രണ്ട് വിഭാഗത്തോടും നീതി കാണിക്കാത്ത ബഡ്ജറ്റാണ് അങ്ങ് അവതരിപ്പിച്ചിരിക്കുന്നത്. അതാണ് എനിക്ക് ഡോ. ടി. എം. തോമസ് ഐസക്കിനോടുള്ള പരാതി. ഖണ്ഡിക 18-ൽ പറഞ്ഞിരിക്കുന്നത് നെല്ലിന്റെ സംഭരണവില 28 രൂപയാക്കിയെന്നാണ്. അത് 35 രൂപയാക്കാനുള്ള മര്യാദ കാണിക്കണ്ടേ; അങ്ങേയ്ക്ക് മനസ്സാക്ഷിയുണ്ടോ? നാളികേരത്തിന്റെ സംഭരണവില 27 രൂപയിൽനിന്നും 32 രൂപയാക്കി. നാളികേരം പുറത്തുനിന്നും വാങ്ങണമെങ്കിൽ 38 രൂപ വേണം. മര്യാദയുണ്ടെങ്കിൽ, മനസ്സാക്ഷിയുണ്ടെങ്കിൽ അങ്ങത് 40 രൂപയാക്കണം. റബ്ബറിന്റെ തറവില 170 രൂപയാക്കി ഉയർത്തിയിരിക്കുന്നു. എനിക്കത് കേട്ടപ്പോഴേ അരിശം കയറിയിരിക്കുകയാണ്. 151 രൂപ അതിനുപുറത്ത് കിട്ടാനുണ്ട്. അപ്പോൾ 170 രൂപയാക്കിയിരിക്കുന്നു. 250 രൂപയാക്കാനുള്ള മര്യാദ അങ്ങ് കാണിക്കണ്ടേ? എന്നിട്ട് അങ്ങ് പ്രസംഗിച്ചത് 'കേന്ദ്ര ഗവൺമെന്റ് 200 രൂപയാക്കണം' എന്നാണ്. എങ്കിൽപ്പിന്നെ അങ്ങേയ്ക്ക് അത് ചെയ്യാൻ പാടില്ലേ? അങ്ങേയ്ക്കും പറ്റുമല്ലോ. റബ്ബർ വെട്ടിക്കളയാൻ ഞാനാണ് പറഞ്ഞത്. ഞാൻ പറയും, കാരണം ഒരു ഏക്കർ റബ്ബറുണ്ടെങ്കിൽ അര ഏക്കർ റബ്ബർ വെട്ടിക്കളയണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കുടിവെള്ളമെങ്കിലും ഈ നാട്ടിൽ കിട്ടട്ടെ. അതുപോലെ ശമ്പളവർദ്ധനവ് എന്നുപറയുന്നത് മര്യാദയാണോ? ഒരു ഏക്കർ റബ്ബർ തോട്ടമുണ്ടെങ്കിൽ ഒരു വർഷം ലഭിക്കുന്നത് 12,000 രൂപയാണ്. കർഷകർ എങ്ങനെ ജീവിക്കും? ഞാൻ വെറുതെ പറയുന്നതല്ല. പത്ത് ഏക്കർ തോട്ടത്തെ അഞ്ച് ഏക്കർ വീതം വച്ച് രണ്ട് തോട്ടങ്ങളായി നോക്കിയിട്ട് 60,000

രൂപയാണ് കിട്ടുന്നത്. ഒരു വർഷം 12,000 രൂപ വച്ച് ഒരു ഏക്കർ റബ്ബർ തോട്ടമുള്ളവന് ജീവിക്കാൻ സാധിക്കുമോ? ഇവിടെ ശമ്പളമായി കൊടുക്കുന്നത് എത്രയാണ്? 3,21,000 കോടി രൂപ കടമായി നിൽക്കുന്ന അങ്ങല്ലേ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. പിന്നെ ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കുന്നത് ആർക്കാണ്? 3,21,000 കോടി രൂപ കടത്തിലാണ് ഈ സർക്കാർ എന്നുപറയുന്നു. സർക്കാർ എന്നുപറഞ്ഞാൽ നമ്മളാണ്. മാറിമാറിവരുന്ന സർക്കാരുകൾ കടമെടുത്തു ണ്ടാക്കിയതാണ് ഈ തുക. എന്നിട്ട് പിന്നെയും ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുകയാണ്. 519000 വരുന്ന ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കാനായി മാത്രമാണ് കേരളത്തിന്റെ വരുമാനത്തിന്റെ 44% തുക ഉപയോഗിക്കുന്നത്. പെൻഷൻകാരായ മൂന്നേകാൽ ലക്ഷം ആളുകൾക്ക് കേരളത്തിന്റെ വരുമാനത്തിന്റെ 24% ഡോ. ടി. എം. തോമസ് ഐസക് കൊടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ മൊത്തം 68 ശതമാനം ആയില്ലേ? ഇവിടത്തെ കടത്തിന്റെ പലിശ 18% കൊടുക്കുകയാണ്. നൂറ് രൂപ വരുമാനമുണ്ടെങ്കിൽ 86 രൂപയും ഇത്തരത്തിൽ ശമ്പളം പറ്റുന്ന 519000-ഉം പെൻഷൻ വാങ്ങുന്ന 325000-ഉം വരുന്ന ആളുകൾക്കായി കൊടുത്തുകൊണ്ടിരിക്കുകയാണ്. കേരള സംസ്ഥാനത്ത് മൂന്നരക്കോടി ജനങ്ങളില്ലേ ഡോ. ടി. എം. തോമസ് ഐസക്കേ, അവരോട് നീതി കാണിക്കണ്ടേ.? പിന്നെയും ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ നിർത്താം. ആർക്കാണ് ഇത് വർദ്ധിപ്പിച്ചുകൊടുക്കുന്നത്? 3 കോടി 40 ലക്ഷം പേർ പട്ടിണി കിടക്കുമ്പോൾ അവരിൽനിന്ന് വീണ്ടും പിടിച്ചുപറിച്ച് ഈ 10 ലക്ഷത്തിന് കൊടുക്കുന്നതിൽ ന്യായമെന്താണ്? ഇത് പറയുമ്പോൾ പലർക്കും സുഖിക്കില്ല. എനിക്ക് അങ്ങനെ പേടിക്കാനൊന്നും പറ്റില്ല. ഒരു കാര്യം ഞാൻ ഡോ. ടി. എം. തോമസ് ഐസക്കിനോട് പറയാം. ജോലിക്കാർക്ക് ജോലി ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ശമ്പളം കൊടുക്കണം. പാവപ്പെട്ടവൻ ഒരു നിവേദനം നൽകിയാൽ രണ്ട് കൊല്ലം കഴിഞ്ഞേ മറുപടി കിട്ടുകയുള്ളൂ.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ചതിന്റെ ഇരട്ടി സമയം കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ നിർത്താമെന്ന് പറഞ്ഞല്ലോ, പിന്നെ എന്തിനാണ് വഴക്കുണ്ടാക്കുന്നത്? ഒരു ഫയൽ ഒരു ഉദ്യോഗസ്ഥന് കിട്ടിയാൽ ഇത്ര ദിവസത്തിനകം ആ ഫയലിനെ സംബന്ധിച്ച് തീരുമാനമെടുക്കണം. ഒന്നുകിൽ 'നോ' അല്ലെങ്കിൽ 'യെസ്' എന്താണെന്ന് അറിയിക്കാനുള്ള മര്യാദ കാണിക്കണം. എന്തുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്കിന് അത്

ചെയ്യാൻ കഴിയില്ല? ആ രീതിയിലുള്ള ഒരു നീക്കത്തെപ്പറ്റി താങ്കൾ ചിന്തിക്കുമോ? ഡോ. ടി. എം. തോമസ് ഐസക് ആയതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. താങ്കൾ ഒരു നല്ല ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. അങ്ങ് വളരെ കഴിവുള്ളൊരു ധനകാര്യ വകുപ്പുമന്ത്രിയാണ്. സമ്മതിച്ചു. ആ കഴിവ് ഈ മേഖലയിലേയ്ക്ക് മാറ്റി ഉപയോഗിക്കാൻ നോക്കിയാൽ നടക്കില്ലേ? അക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് മാത്രം പറയുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ അഭിമാനപൂർവ്വം സ്വാഗതം ചെയ്യുകയാണ്. ഈ നാട് ഇതിനോടകംതന്നെ ഈ ബഡ്ജറ്റിനെ പൂർണ്ണമായും ഹൃദയത്തിൽ സ്വീകരിച്ച് കഴിഞ്ഞിരിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിച്ച ദിവസമുള്ള മലയാളത്തിലെ എല്ലാ ദൃശ്യ മാധ്യമങ്ങളും പിറ്റേദിവസത്തെ എല്ലാ പത്ര മാധ്യമങ്ങളും ഞാൻ ശ്രദ്ധിച്ചു. ഒരാൾക്കുപോലും ഈ ബഡ്ജറ്റിൽ അധികമായി ഒരു നികുതിഭാരം സാധാരണക്കാർക്കുമേൽ അടിച്ചേൽപ്പിച്ചുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മലയാളത്തിലെ പ്രമുഖ മാധ്യമങ്ങളിലെ തലക്കെട്ടുകൾതന്നെ ഈ ബഡ്ജറ്റിനെ പ്രകീർത്തിച്ചു കൊണ്ടായിരുന്നു. 'ക്ഷേമ വാക്സിൻ', 'ക്ഷേമ കിറ്റ്', 'അക്ഷയ പാത്രം', 'സ്മാർട്ട് കേരളം', 'ഇ-വഴിയിൽ കേരള' തുടങ്ങിയവയായിരുന്നു തലക്കെട്ടുകൾ. വീക്ഷണം പത്രത്തിനുപോലും ജനങ്ങളുടെമേൽ ഒരു ഭാരം ഈ ബഡ്ജറ്റിലൂടെ അടിച്ചേൽപ്പിച്ചുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സമസ്ത ജനവിഭാഗങ്ങളും സ്വീകരിച്ച ഒരു ബഡ്ജറ്റാണിത്. എല്ലാ ആളുകളുടെയും ക്ഷേമത്തിനുള്ള പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ടായിരുന്നു; യുവാക്കൾക്ക്, വയോജനങ്ങൾക്ക്, പ്രവാസികൾക്ക്, ഉദ്യോഗാർത്ഥികൾക്ക്, സ്ത്രീകൾക്ക്, ആശാ വർക്കർമാർക്ക്, അംഗൻവാടി ടീച്ചർമാർക്ക്, പാചകത്തൊഴിലാളികൾക്ക് അങ്ങനെ എല്ലാവർക്കുമുണ്ട്. അതിന്റെ വിശദാംശങ്ങൾ ഇവിടെ പലരും സൂചിപ്പിച്ചു, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ചിലരാണ് ആശങ്ക പങ്കുവച്ചിട്ടുള്ളത്. ഇതൊക്കെ നടക്കാനാണോ, നടത്താനാണോ എന്നീ ആശങ്കകളാണ് ചില യു.ഡി.എഫ്. പ്രതിനിധികൾ പങ്കുവച്ചത്. അവർ എല്ലാ കാലഘട്ടത്തിലും ഇത് പങ്കുവച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് വന്ന സമയം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മുതൽ ഈ ആശങ്കകൾ പങ്കുവച്ചിട്ടുണ്ട്. അന്ന് ലൈഫ് മിഷനെ അവർ എതിർത്തു. രണ്ടര ലക്ഷം വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ഈ ബഡ്ജറ്റിൽ ഇനിയും ഒന്നര ലക്ഷം വീടുകൾകൂടി ഈ ഗവൺമെന്റ് നിർമ്മിച്ചുകൊടുക്കുമെന്ന് പറയുന്നു. കെ.പി.സി.സി. പ്രഖ്യാപിച്ച ആയിരം വീട് മാത്രമാണ് അവരുടെ മനസ്സിലുള്ളത്.

ക്ഷേമ പെൻഷൻ 600 രൂപയായിരുന്നത് 18 മാസം കുടിശ്ശികയായി കൊടുക്കാതെയിരിക്കുകയായിരുന്നു. കുടിശ്ശിക തീർത്ത് ഇത് പാവപ്പെട്ടവന്റെ വീടുകളിൽ കൊണ്ടുപോയി കൊടുക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ നമുക്ക് ഭ്രാന്താണെന്ന് ഇവർ പറഞ്ഞു. അത് 1500 രൂപയാക്കി. 1500 രൂപയെന്ന് പറയുമ്പോൾ ശരാശരി മൂന്നും നാലും പേർ പെൻഷൻ വാങ്ങുന്ന വീടുകളുണ്ട്. ശരാശരി രണ്ട് ആളുകളുണ്ടെന്ന് പറഞ്ഞാൽ ഒരു ദിവസം 100 രൂപ കണക്കിൽ 3000 രൂപ പാവപ്പെട്ടവന്റെ വീട്ടിൽക്കൊണ്ടുപോയി കൊടുത്തിട്ടാണ് ഈ ഗവൺമെന്റ് ഇപ്പോൾ ബഡ്ജറ്റിലൂടെ പറയുന്നത് ഇനിയും ഞങ്ങൾ ഇത് വർദ്ധിപ്പിക്കുമെന്ന്. 1,600 രൂപയാക്കി ഇനിയും വർദ്ധിപ്പിക്കും. അതിൽ നിങ്ങൾക്കൊരു ആശങ്കയും വേണ്ട. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും ഇവിടെ നടപ്പിലാക്കും. അതൊക്കെ നടപ്പിലാക്കിയതുകൊണ്ടാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ഇത്ര വലിയ സ്വീകാര്യത ജനങ്ങളിൽനിന്നും കിട്ടിയത്. യു.ഡി.എഫ്., ബി.ജെ.പി., കേന്ദ്ര ഏജൻസികൾ, വലതുപക്ഷ മാധ്യമങ്ങൾ എല്ലാംകൂടി ചേർന്ന് കഴിഞ്ഞ കാലങ്ങളിൽ ഇവിടെ എന്ത് പ്രചരണമായിരുന്നു; എന്നിട്ട് അവസാനം ഫലം വന്നപ്പോൾ എന്തായി? ഇപ്പോൾ മുസ്ലീം ലീഗുകാർ പറയുന്നതെന്താണ്? കോൺഗ്രസ്സിനെ ദുർബലപ്പെടുത്തരുതെന്ന് മഞ്ചേരി അംഗം കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞു. ഞങ്ങൾക്കെങ്ങനെ കോൺഗ്രസ്സിനെ രക്ഷിക്കാൻ കഴിയും? ഞങ്ങൾക്ക് രക്ഷിക്കാൻ കഴിയില്ല അത്രമാത്രം വലിയ കുഴിയിലേയ്ക്ക് നിങ്ങൾ അകപ്പെട്ടിരിക്കുകയാണ്. അതല്ലേ പലരും ആ വള്ളത്തിൽനിന്നും ചാടി രക്ഷപ്പെടുന്നത്. ഞങ്ങൾക്ക് രക്ഷപ്പെടുത്താൻ കഴിയില്ല. ഞങ്ങളാണോ പറഞ്ഞത്; നിങ്ങളുടെ യൂത്ത് ലീഗല്ലേ കഴിഞ്ഞ ദിവസം പറഞ്ഞത്. ഈ നിയമസഭയിലെ ഒരംഗം സംഘപരിവാറിന്റെ കൂടാരത്തിലേയ്ക്ക് നാട്ടുകാരെ കൂട്ടിക്കൊണ്ടു പോകുകയാണ്. ഇദ്ദേഹം വെള്ളിമൂങ്ങ സിനിമയിലെ മണിമല മാമച്ചനാണെന്ന് പ്രമേയം പാസ്സാക്കിയത് ഞങ്ങൾ ഡി.വൈ.എഫ്.ഐ. ആണോ? അല്ല, യൂത്ത് ലീഗാണ്. ഞങ്ങളാരുമല്ല, ഈ നിയമസഭയിലെ ഒരു പ്രതിപക്ഷാംഗമാണ് പറഞ്ഞത്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ റിസൾട്ട് വന്നപ്പോൾ പ്രതിപക്ഷത്തുനിന്ന് ക്രിയാത്മകമായി എന്തുചെയ്യാൻ കഴിഞ്ഞു? ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അരോചകമായ വാർത്താസമ്മേളനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത് എന്നുപറഞ്ഞത് എന്നോടൊപ്പം സത്യപ്രതിജ്ഞ ചെയ്ത അരൂരിൽനിന്നുള്ള പ്രതിപക്ഷ ബഞ്ചിലിരിക്കുന്ന അംഗമാണ്. ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? ഇനി അരോചകമായ വാർത്താസമ്മേളനംകൊണ്ട് നിങ്ങൾ

പ്രവർത്തനം അവസാനിപ്പിച്ചോ, അരോചകമായ നിയമസഭാ പ്രസംഗങ്ങളും നിങ്ങൾ നടത്തുകയല്ലേ? കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. പി. ടി. തോമസിന്റെ വക പ്രസംഗം കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയുടെ നേരെയായിരുന്നു. തന്നേക്കാൾ മോശമായി സംസാരിക്കാൻ ഈ പ്രതിപക്ഷ നിരയിൽ ആരും തയ്യാറാകില്ലെന്നാണോ അദ്ദേഹം കരുതിയത്? സത്യത്തിൽ എനിക്കിവിടെയിരുന്ന് ആ പ്രസംഗമൊക്കെ കേട്ടപ്പോൾ ഓർമ്മ വന്നത് ശ്രീ. ഉസൈൻ ബോൾട്ടിനെയാണ്. അമ്മാതിരി ഓട്ടമായിരുന്നു. നിയമസഭാംഗമായ നമ്മൾപോലും ലജ്ജിച്ച് തലതാഴ്ത്തിയില്ലേ? കള്ളക്കടത്ത്, റിയൽ എസ്റ്റേറ്റ് മാഫിയ സംഘങ്ങൾക്കൊപ്പം ചേർന്നിരുന്നിട്ട് ആദായ നികുതി ഉദ്യോഗസ്ഥർ വന്നപ്പോൾ അവിടെനിന്നുള്ള ആ ഓട്ടം. എന്നിട്ട് ഇവിടെവന്ന് വാസവദത്തയുടെ ചാരിത്ര്യപ്രസംഗം നടത്തുകയാണ്. ശ്രീ. പിണറായി വിജയനെയാണ് വിലയിട്ടത്. ആരാണ് ശ്രീ. പിണറായി വിജയൻ? 26-ാം വയസ്സിൽ ഈ സഭയിലെത്തി. 1970, 1977, 1991, 1996 എന്നീ വർഷങ്ങളിൽ മന്ത്രിയായി, പാർട്ടി സെക്രട്ടറിയായി, മുഖ്യമന്ത്രിയായി. ശ്രീ. പി. ടി. തോമസേ, ഇതുവരെ എങ്ങും മുണ്ട് തലയിലിട്ടുകൊണ്ട് ഓടേണ്ട ഗതികേട് സഖാവ് പിണറായി വിജയനുണ്ടായിട്ടില്ല. ജയിലിൽ പോയിട്ടുണ്ട്. എന്നോടൊപ്പം സത്യപ്രതിജ്ഞ ചെയ്ത നിങ്ങളുടെ മഞ്ചേശ്വരം അംഗം പോയ കുറ്റത്തിനല്ല ശ്രീ. പിണറായി വിജയൻ ജയിലിൽ പോയിട്ടുള്ളത്. മറ്റ് പലരും പോയിട്ടുണ്ടല്ലോ. എന്റെ മാന്യതകൊണ്ട് അതൊന്നും ഞാൻ പറയുന്നില്ല. ആ കുറ്റത്തിനുമല്ല അദ്ദേഹം ജയിലിൽ പോയിട്ടുള്ളത്. അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിൽ അതിനെതിരെ പ്രക്ഷോഭം നടത്തിയതിന് എം.എൽ.എ. ആയിരുന്നപ്പോഴാണ് ജയിലിൽ പോയിട്ടുള്ളത്. പിന്നെന്താണ് നിങ്ങൾ പറഞ്ഞത്. മുകളിൽ ഇ.ഡി., താഴെ കസ്റ്റംസ്, വലത് സി.ബി.ഐ., ഇടത് എൻ.ഐ.എ. എന്നൊക്കെ പറയുന്നു. ഇതൊക്ക കണ്ടാൽ പേടിക്കുമെന്നാണോ? അങ്ങനെ പേടിക്കുന്നവരൊക്കെ നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഇല്ലേ? അതാണ് നിങ്ങളുടെ പല ദേശീയ നേതാക്കളും മുഖ്യമന്ത്രിമാരുമൊക്കെ ഈ പേടികൊണ്ട് എടുത്തുചാടി ബി.ജെ.പി.യിൽ പോയത്. ഞങ്ങൾ ഇതൊക്കെ ഒരുപാട് കണ്ടതാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയും കണ്ടതാണ്. ഒരു കാലത്ത് ആർ.എസ്.എസ്./ബി.ജെ.പി. കൊലപ്പെടുത്താൻ ഊരിയ വാളുമായി നേർക്കുവരുമ്പോൾ മുട്ടുവളയ്ക്കാതെ നട്ടെല്ല് വളയ്ക്കാതെ നിവർന്ന് നേരെപോയ ആളാണ് ശ്രീ. പിണറായി വിജയൻ. അദ്ദേഹം മാത്രമല്ല, ആ ബഞ്ചിലിരിക്കുന്ന പലരും. ശ്രീ. ഇ. പി. ജയരാജനെ കൊലപ്പെടുത്താൻ നിങ്ങൾ വാടകക്കൊലയാളിയെ വിജയവാഡയിലേയ്ക്ക് വിട്ടില്ലേ? നിങ്ങൾ സമ്മാനിച്ച വെടിയുണ്ടയും തലയിൽ പേറിക്കൊണ്ടാണ് സഖാവ് ഇ. പി. ജയരാജൻ

ജീവിക്കുന്നത്. നിങ്ങൾ വാടക കൊലയാളികളെ വിട്ടപ്പോൾ ആളുമാറിപ്പോയതു കൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ച ഡോ. ടി. എം. തോമസ് ഐസക് ഇന്ന് ജീവിച്ചിരിക്കുന്നത്. അങ്ങനെ നിരവധി പേർ. സഖാവ് ജി. സുധാകരൻ, അദ്ദേഹത്തിനോടുള്ള പക തീർക്കാൻ അദ്ദേഹത്തിന്റെ സഹോദരനെ കൊലപ്പെടുത്തിയിട്ടും പതറാതെ ഈ നാടിനെ നയിച്ച പോരാളിയാണ്. ശ്രീ. എം. എം. മണി, നിങ്ങൾ ഓപ്പറേഷൻ റിംഗ്ടോണിലൂടെ അകത്താക്കി നാടുകടത്തി ജയിലിലടച്ച് തോൽപ്പിക്കാമെന്ന് കരുതിയ വ്യക്തിയാണ് സൂര്യപ്രഭയോടെ ഈ നാടിനെ നയിക്കുന്നത്. ഇതെല്ലാം നിങ്ങൾ തിരുത്താൻ തയ്യാറാകണം.

2.00 P.M.]

എന്താണ് നിങ്ങൾ ഇപ്പോൾ ചെയ്യുന്നത്; ഇന്ന് രാവിലെ എന്താണ് ചെയ്തത്? ആരോ ഒരാൾ കാൽ വെട്ടുമെന്ന് പറഞ്ഞുപോലും. അക്രമത്തിനെതിരെ പറയാൻ എന്ത് ധാർമ്മിക അവകാശമാണ് ലീഗിനും കോൺഗ്രസ്സിനുമുള്ളത്? കാസർഗോഡ് കാഞ്ഞങ്ങാട് എന്ന സ്ഥലത്ത് ക്രിസ്തുമസ് ദിനത്തിലല്ലേ ചെറുപ്പക്കാരനായ അബ്ദുൾ റഹ്മാനെ നിങ്ങൾ കൊലപ്പെടുത്തിയത്? ഗർഭിണിയായ ഭാര്യയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനായി കാശ് കടം വാങ്ങി തിരികെ വരുമ്പോഴാണ് ആ ചെറുപ്പക്കാരനെ നിങ്ങൾ കൊന്നത്. എന്നിട്ട് നിങ്ങൾ ഇവിടെ അക്രമത്തിനെതിരെ പ്രസംഗിക്കുകയാണോ? തിരുവോണ നാളിലെ ഉത്രാടം രാത്രിയിൽ വെഞ്ഞാറമൂടെന്ന സ്ഥലത്ത് നിങ്ങൾ കൊലപ്പെടുത്തിയ ഹഖ് മുഹമ്മദിന്റെ ഭാര്യ നജ്മ കഴിഞ്ഞ വെള്ളിയാഴ്ചയാണ് കുഞ്ഞിന് ജന്മം നൽകിയത്. ഒരിക്കൽപ്പോലും തന്റെ അച്ഛനെ കാണാൻ കഴിയാത്ത ആ കുഞ്ഞിനോട് കോൺഗ്രസ്സുകാർ എന്ത് സമാധാനം പറയും? ഒന്നര വയസ്സുള്ള മറ്റൊരു കുഞ്ഞായ ഐറമോളോട് നിങ്ങൾ എന്ത് സമാധാനം പറയും? എത്രപേരെ നിങ്ങൾ കൊന്നുതള്ളി? സിയാദിനെയും സനൂപിനെയും മിഥിലാജിനെയും മണിലാലിനെയുമൊക്കെ നിങ്ങൾ കൊന്ന് തള്ളിയില്ലേ? എന്നിട്ടും നിങ്ങൾ തിരുത്താൻ തയ്യാറാകുന്നില്ല. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ നിങ്ങൾ നാടകം കളിക്കുകയാണ്. ഇപ്പോൾ ഇവിടെ എന്താണ് പ്രസംഗിച്ചത്? കോവിഡ് കാലത്ത് ഈ നാട് ഏറ്റെടുത്ത നേട്ടങ്ങൾ ഉൾക്കൊള്ളാനുള്ള മാനസികാവസ്ഥ നിങ്ങൾക്കില്ലേ? കോവിഡ് കാലത്ത് എങ്ങനെയാണ് ഗവൺമെന്റ് ഇടപെട്ടതെന്നുള്ളത് ഈ നാട് കണ്ടു. നമ്മുടെ രാജ്യത്ത് ഇതുവരെ 152311 പേർ മരണപ്പെട്ടു. കേരളത്തിൽ 3442 പേരും കേരളത്തോട് ചേർന്ന് നിൽക്കുന്ന തമിഴ്നാട്ടിൽ 12257 പേരും കർണ്ണാടകയിൽ 12162 പേരും മഹാരാഷ്ട്രയിൽ 50388 പേരുമാണ് മരണമടഞ്ഞത്. പതിനായിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിച്ച ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റേതെന്നാണ് ഡോ. മുരളി തുമ്മാരുകുടി പറഞ്ഞത്. ഇതെല്ലാം ഈ നാട് കാണുന്നുണ്ട്.

ബഡ്ജറ്റിനെ സംബന്ധിച്ച് ഇപ്പോൾ ഇവിടെ പൂഞ്ഞാർ അംഗം പറഞ്ഞത് കർഷകർക്ക് ഒന്നുമില്ല എന്നാണ്. ഒന്നുമില്ലായെന്ന് പറഞ്ഞ അദ്ദേഹം തന്നെ പറഞ്ഞു, കർഷകർക്ക് ഇന്നതെല്ലാമുണ്ട് എന്ന്. ആസിയാൻ കരാർ വഴി നിങ്ങൾ നശിപ്പിച്ച കേരളത്തിലെ റബ്ബർ കർഷകർക്ക് താങ്ങുവിലയായി 170 രൂപയും നെല്ലിന് 28 രൂപയും നാളികേരത്തിന് 32 രൂപയും കാപ്പിക്കുരുവിന് 90 രൂപയും പ്രഖ്യാപിച്ചു. എല്ലാവിഭാഗം ജനങ്ങൾക്കും പിന്തുണ നൽകുന്ന ഈ ബഡ്ജറ്റിനെ അഭിമാനപൂർവ്വം ഒരിക്കൽകൂടി സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. പി. ടി. തോമസിനെക്കുറിച്ചും ബഹുമാനപ്പെട്ട പിണറായി വിജയന്റെ മഹത്വത്തെക്കുറിച്ചും പറയുകയുണ്ടായി. ശ്രീ. പിണറായി വിജയനെക്കാൾ എത്രയോ മഹത്തായ രാഷ്ട്രീയ ജീവിതമുള്ള നല്ലൊരു വ്യക്തിയാണ് ശ്രീ. പി. ടി. തോമസ്. അദ്ദേഹത്തിന്റെ മഹത്വത്തെക്കുറിച്ച് താങ്കൾക്ക് അറിയില്ല. ശ്രീ. പി. ടി. തോമസിനെക്കുറിച്ച് ഞങ്ങൾ അഭിമാനത്തോടെ തന്നെ പറയുകയാണ്. അദ്ദേഹം അത്രയ്ക്ക് മഹത്തായ രാഷ്ട്രീയ പാരമ്പര്യമുള്ള, ഇന്നും ചുറ്റുചുറ്റുക്കോട്ടുകൂടി വിഷയങ്ങളെ നേരിടുന്ന നല്ലൊരു വ്യക്തിയാണെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇന്നും ചെറുപ്പത്തിന്റെ ആവേശത്തോടെയാണ് അദ്ദേഹം നിൽക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റ് സുന്ദരമാണ്, കാണുമ്പോൾ നല്ല സുന്ദരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണല്ലോ പത്രങ്ങൾ എഴുതിയതെന്ന് നിങ്ങൾ അവകാശപ്പെടുന്നത്. എന്നാൽ ഇവിടെയാണ് ഒരു രാഷ്ട്രീയ ഗിമിക് കാണുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ ഭരണം നേടാനുള്ള ഒരു രാഷ്ട്രീയ ഗിമിക്കായിട്ടാണ് ഈ ബഡ്ജറ്റിനെ ഞങ്ങളും പൊതുസമൂഹവും കാണുന്നത്. നേരത്തെ ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ സ്മാർട്ട് കിച്ചൻ എന്തൊരു തട്ടിപ്പാണ്. കെ.എസ്.എഫ്.ഇ.യിൽനിന്നും ലോണെടുത്ത് സ്മാർട്ട് കിച്ചൻ നല്ല രീതിയിൽ കൊണ്ടുവരുമെന്ന് പറഞ്ഞാൽ അതൊരു ഗിമിക് അല്ലേ? ഇതുപോലെ ഓരോ കാര്യങ്ങളെടുത്ത് നോക്കിയാൽ മനസ്സിലാകും. ഇതെല്ലാം ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് അധികാരത്തിൽ തിരിച്ചുവരാനുള്ള ഒരു ത്വരയാണ്. അതിനുവേണ്ടിയുള്ള പ്രഹസന നാടകമാണ് ഈ നടന്നത്. ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഞാൻ ഒരു വിലയിരുത്തൽ നടത്തുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റുകൾ അവതരിപ്പിച്ചപ്പോൾ നിങ്ങൾ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ഇരുപത്തിയഞ്ചോളം പദ്ധതികൾ കണികാണാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ആദിവാസികൾക്ക് ഒരേക്കർ

ഭൂമി കൊടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. ഏകദേശം മൂവായിരം കോടി രൂപയുടെ തീരദേശ പാക്കേജ്. അങ്ങനെ ഒത്തിരി പാക്കേജുകളും പ്രഖ്യാപിച്ചിരിക്കുകയാണ്. ഏറ്റവും ഒടുവിൽ ഗൾഫ് മലയാളികളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി ഗൾഫിൽ പബ്ലിക് സ്കൂളും പ്രൊഫഷണൽ കോളേജുകളും ആരംഭിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. അങ്ങനെയാണ് ഓരോ പ്രഖ്യാപനങ്ങളും. മുൻവർഷങ്ങളിൽ പ്രഖ്യാപിച്ച ഏകദേശം ഇരുപത്തിയഞ്ചോളം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെന്ന വസ്തുത നമുക്കറിയാം. മറ്റൊന്ന് കിഫ്ബി പദ്ധതിയാണ്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്ന് എയർപോർട്ട്-സീപോർട്ട് റോഡ്, മറ്റൊന്ന് പുറയാർ ഓവർബ്രിഡ്ജ്. അതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന് കാരണം എന്താണെന്നറിയില്ല. മന്ദഗതിയിൽ ആക്കിയതാണോയെന്നും അറിയില്ല. ഇതിനെല്ലാം ഫണ്ട് വിനിയോഗിക്കുമെന്നുള്ളതുകൊണ്ട് ഞങ്ങളുടെ മണ്ഡലങ്ങളിലൊക്കെ അവ താളംതെറ്റിപ്പോകുന്നതായിട്ടാണ് തോന്നുന്നത്. കിഫ്ബി പദ്ധതി വഴി സ്കൂളുകൾ നിർമ്മിച്ചിട്ടുണ്ട്, ഇല്ലായെന്ന് ഞാൻ പറയുന്നില്ല. കിഫ്ബിയെയും അതിന്റെ പദ്ധതികളെയും എതിർക്കുന്നതല്ല. അതിന്റെ ചില നടപടിക്രമങ്ങളെയാണ് ഞങ്ങൾ എതിർക്കുന്നത്. നേരത്തെ ശ്രീ. വി. ഡി. സതീശൻ അതുസംബന്ധിച്ച് പറയുകയുണ്ടായി. കഴിഞ്ഞ വർഷം 66 കോടി രൂപയാണ് മെയിന്റനൻസ് ഗ്രാന്റായി നീക്കിവച്ചിരുന്നത്. എന്നാൽ ഇത്തവണ അതിന് മൂന്നരക്കോടി രൂപ മാത്രമേ നീക്കിവച്ചിട്ടുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളെ നാലരവർഷമായി തകർത്തില്ലേ; ഓരോ തവണ ബില്ല് വരുമ്പോഴും ട്രഷറി പൂട്ടുന്നു. അവരെ സാമ്പത്തികമായി ഞെരുക്കി. അതൊരു വസ്തുതയല്ലേ? ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റുമാർ ഞങ്ങളെ വിളിക്കുകയാണ്. അതെല്ലാം മനസ്സിലാക്കണം. കോവിഡിന്റെ കാര്യത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. കോവിഡിന്റെ കാലഘട്ടത്തിൽ നമ്മളെല്ലാവരും അഹോരാത്രം പ്രവർത്തിച്ചു. ഇവിടെ ചില പഞ്ചായത്തുകൾ പ്രവർത്തിച്ചില്ലായെന്ന് കണ്ണിൽ ചോരയില്ലാത്ത വർത്തമാനമാണ് പറഞ്ഞത്. എല്ലാ പഞ്ചായത്ത് ജനപ്രതിനിധികളും ഒറ്റക്കെട്ടായി നിന്ന് പ്രയത്നിച്ചപ്പോഴും സാമ്പത്തിക ബാദ്ധ്യത അവരുടെ തലയിലാണ് കെട്ടിവച്ചത്. എന്നാലും നാട്ടിൽ വലിയൊരു മഹാമാരി വന്നപ്പോൾ പഞ്ചായത്തിലെ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങി. ഇന്നും അതുമായി ബന്ധപ്പെട്ട് ബാദ്ധ്യതയുള്ള ജനപ്രതിനിധികളുണ്ട്. ആ സാഹചര്യത്തിൽ ഒരു വിഭാഗത്തെ അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. കോവിഡ് രോഗം ബാധിച്ച എട്ടര ലക്ഷം രോഗികൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ഞാനും കോവിഡ് വന്നൊരു വ്യക്തിയാണ്. കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞിരുന്ന ഒരു ഘട്ടത്തിൽ ഈ

സർക്കാരിന് അവാർഡ് ലഭിച്ചില്ലായെന്ന് ഞാൻ പറയുന്നില്ല. ഗവൺമെന്റ് ചെയ്ത പ്രവൃത്തികളിൽ നല്ലതിനെ നല്ലതെന്ന് പറയും. അതിനൊരു സംശയവുമില്ല. പക്ഷേ അതിൽ അഹങ്കരിക്കേണ്ട കാര്യമില്ല, വീഴ്ചകൾ പലതുമുണ്ടായിട്ടുണ്ടെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കോവിഡിന്റെ കാര്യത്തെ സംബന്ധിച്ച് എനിക്ക് ഇതാണ് പറയാനുള്ളത്. സമയക്കുറവുകൊണ്ട് മറ്റ് വിഷയത്തിലേയ്ക്ക് കടക്കുന്നില്ല.

ഞാനും ബഹുമാനപ്പെട്ട എസ്. ശർമ്മ, എം.എൽ.എ.യും അതുപോലെ എം.പി.മാരുമൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയതിനെ ത്തുടർന്ന് ആലുവ യു.സി. കോളേജിന് ലൈബ്രറി നിർമ്മിക്കാൻ 5 കോടി രൂപ അനുവദിച്ചു. ലൈബ്രറിയുടെ നാമകരണം സംബന്ധിച്ച് രാഷ്ട്രീയപരമായി വലിയ പ്രതിഷേധം നടന്നുകൊണ്ടിരിക്കുകയാണ്. ലൈബ്രറിക്ക് പി.കെ.വി.യുടെയും പി. ഗോവിന്ദപിള്ളയുടെയും പേര് ഇടുന്നതിനെ സംബന്ധിച്ചായിരുന്നു പ്രതിഷേധം. പി.കെ.വി. മുൻമുഖ്യമന്ത്രിയായിരുന്ന ആളും അവിടത്തെ പഴയകാല വിദ്യാർത്ഥിയുമാണ്. അതിനകത്ത് യാതൊരു ആക്ഷേപവുമില്ല. പി. ഗോവിന്ദപിള്ള പ്രമുഖനായ ഒരു എഴുത്തുകാരനാണ് എന്ന കാര്യത്തിലൊന്നും തർക്കമില്ല. പി. ഗോവിന്ദപിള്ളയുടെ അദ്ധ്യാപകനായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള, ഗുരു നിത്യചൈതന്യയതി, മലയാറ്റൂർ രാമകൃഷ്ണൻ, കേന്ദ്രമന്ത്രിയായിരുന്ന സി. എം. സ്റ്റീഫൻ അതുപോലെയുള്ള നിരവധി പ്രമുഖർ അവിടെ പഠിച്ചിട്ടുണ്ട്. തിരു-കൊച്ചി സംസ്ഥാനത്തെ ആദ്യത്തെ മുഖ്യമന്ത്രിയും തിരുവിതാംകൂറിന്റെ അവസാനത്തെ പ്രധാനമന്ത്രിയുമായിരുന്ന പറവൂർ ടി. കെ. നാരായണ പിള്ള യു.സി. കോളേജ് സ്ഥിതി ചെയ്യുന്ന കരുമാലൂർ പഞ്ചായത്ത് നിവാസിയായിരുന്നു. കൂടാതെ ഡോ. പി. സി. അലക്സാണ്ടർ അങ്ങനെ ഒട്ടനവധി ആളുകളുണ്ട്. ഇവരെയൊക്കെ എന്തുകൊണ്ട് അവഗണിച്ചു? ഇത് ഗവൺമെന്റിന്റെ ഫണ്ടാണ്. അല്ലാതെ ഒരു പാർട്ടിയുടെയോ മറ്റുള്ളവയുടെയോ ഫണ്ട് അല്ല. അപ്പോൾ രാഷ്ട്രീയ ചായ്‌വോടുകൂടിയുള്ള ഈ സമീപനത്തെ അംഗീകരിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഇക്കാര്യം പുനഃപരിശോധിച്ച് മഹാന്മാരായ വ്യക്തികൾക്ക് അർഹമായ അംഗീകാരം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആലുവ യു.സി. കോളേജ് ലൈബ്രറിക്ക് 5 കോടി രൂപ അനുവദിച്ചതിൽ വളരെയധികം സന്തോഷമുണ്ട്.

അതുപോലെതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ്. കേരഫെഡ്ഡിൽ പിൻവാതിൽ നിയമനങ്ങളിലൂടെ ജോലിയിൽ കയറിയവരെ സ്ഥിരപ്പെടുത്താനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ചട്ടം മറികടന്നുകൊണ്ട് അനധികൃതമായി കേരഫെഡ്ഡിൽ തുടരുന്ന താൽക്കാലിക കരാർ ജീവനക്കാർക്ക് ജോലിയിൽ

തുടരാൻ സർക്കാർ പച്ചക്കൊടി കാണിച്ചിരിക്കുകയാണ്. ടെക്നിക്കൽ, നോൺ-ടെക്നിക്കൽ വിഭാഗങ്ങളിൽ വർഷങ്ങളായി ജോലിചെയ്യുന്ന ജീവനക്കാരുടെ അനുഭവസമ്പത്ത് കേരഫെഡ്ഡിന്റെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിത മാണെന്ന മറയിലാണ് ഈ നീക്കം നടത്തിക്കൊണ്ടിരിക്കുന്നത്. സേവന കാലാവധി ദീർഘിപ്പിച്ചുനൽകുന്നത് എത്രകാലത്തേയ്ക്കെന്ന് പരാമർശിക്കാതെ പി.എസ്.സി. മുഖാന്തരം സ്ഥിരം ജീവനക്കാർ വരുന്നതുവരെ ഇവരെ തുടരാൻ അനുവദിച്ചിരിക്കുകയാണ്. കേരഫെഡിന്റെ പി.എസ്.സി. നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ് മാസങ്ങളായി അംഗീകരിക്കാത്ത സർക്കാർ പിൻവാതിൽ നിയമനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണെന്ന ആരോപണം ഇതോടെ ശക്തമായിരിക്കുകയാണ്. താൽക്കാലിക കരാർ ജീവനക്കാരെ തുടരാൻ അനുവദിച്ചില്ലെങ്കിൽ 300 കോടി രൂപ വിറ്റുവരവുള്ള കേരഫെഡ് അടച്ചുപൂട്ടേണ്ടി വരുമെന്ന് ചൂണ്ടിക്കാണിച്ച എം.ഡി.യുടെ കത്തുകൾ പരിഗണിച്ചാണ് ഈ നടപടിയുണ്ടായിട്ടുള്ളത്. ഒക്ടോബർ 28-ന് ചേർന്ന കേരഫെഡിന്റെ എക്സിക്യൂട്ടീവ് യോഗ തീരുമാനപ്രകാരമാണ് ഡിസംബർ 1-ന് എം.ഡി. കൃഷി വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിരിക്കുന്നത്. കേരഫെഡിൽ കരാർ നിയമനം പാടില്ലെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നേടി കാലാവധി പൂർത്തിയാക്കുന്നവരെ പിരിച്ചുവിട്ട് പുതിയ നിയമനം നടത്തണമെന്നും മാസങ്ങൾക്കുമുമ്പേ കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചിരുന്നതിന് കടകവിരുദ്ധമാണ് ഇപ്പോഴത്തെ ഉത്തരവ്. ഹൈക്കോടതിതന്നെ എത്രയും പെട്ടെന്ന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്നും അതിലൂടെ പി.എസ്.സി. നിയമനം നടത്തണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലുള്ള ആ ഫയൽ അനങ്ങിയിട്ടില്ല. ഇവിടെ മാത്രമല്ല, 'കില'-യിലും 'കെൽട്രോൺ'-ലുമടക്കം അനധികൃത നിയമനങ്ങൾ നടക്കുകയാണ്. ഇതൊരു വലിയ പ്രശ്നമാണ്. ഗവൺമെന്റ് നമ്മുടെ നാട്ടിലെ പാവപ്പെട്ട യുവജനങ്ങളോട് കാണിക്കുന്ന വലിയ അനീതിയാണ് ഇതെന്ന് പറയാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. അൻവർ സാദത്ത്: സർ, എല്ലാവർക്കും കൂടുതൽ സമയം അനുവദിച്ചു. ശ്രീ. സി. ദിവാകരൻ ഇവിടെ മുസ്ലീം ലീഗിനെ ആക്ഷേപിക്കുകയുണ്ടായി. ചത്ത കുതിര എന്നൊക്കെ വിശേഷിപ്പിച്ചതായി പറയുകയുണ്ടായി. അതിനു ശേഷമാണല്ലോ 1964-ൽ ഇ.എം.എസ്.-ന്റെ രണ്ടാം മന്ത്രിസഭയിൽ സി. എച്ച്. മുഹമ്മദ് കോയയെയും എം.പി.എം. അഹമ്മദ് കുരിക്കളെയും മന്ത്രിസഭയിലെടുത്തത്. അന്ന് ഇടതുപക്ഷത്തിന്റെ കൂടെ നിന്നപ്പോൾ എന്താണ് സംഭവിച്ചത്? അന്ന് സ്വർഗ്ഗീയമായിരുന്നില്ലേ? ഇന്ന് അത് വിട്ടപ്പോൾ

വർഗ്ഗീയമായി മാറി. ഇടതുപക്ഷത്തിന്റെ ഇരട്ടത്താപ്പ് നയമാണ് ഇന്നും ഈ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്. സ്വർണ്ണക്കടത്തിൽനിന്നും സർക്കാർ മുക്തരായിട്ടില്ല. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്തതോടെ സ്വർണ്ണക്കടത്തിലെ ബന്ധം കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. 1991-ൽ ജില്ലാ കൗൺസിൽ ഇലക്ഷനിൽ വലിയ വിജയം നേടി. അന്ന് മുഖ്യമന്ത്രി ഇ. കെ. നായനാർ മന്ത്രിസഭ പിരിച്ചുവിട്ടശേഷം പുതിയ ഇലക്ഷനെ നേരിടുന്നൊരു സാഹചര്യമുണ്ടായി. അന്ന് എന്താണ് സംഭവിച്ചത്? കേരളത്തിലെ യു.ഡി.എഫ് തിരിച്ചു വരുന്നൊരു രാഷ്ട്രീയ സാഹചര്യമുണ്ടായി. ഈ തദ്ദേശഭരണ തെരഞ്ഞെടുപ്പിലെ വിജയത്തിൽ അഹങ്കരിച്ചുകൊണ്ട് നിങ്ങൾ അത് കാണുകയാണെങ്കിൽ മലർപ്പൊടിക്കാരന്റെ സ്വപ്നമായിട്ട് മാത്രമേ ഞങ്ങൾക്ക് നോക്കിക്കാണാൻ സാധിക്കുകയുള്ളൂ. ഈ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കേരളത്തിലെ ജനങ്ങൾ വിലയിരുത്തിയിരിക്കുകയാണ്. പഞ്ചായത്ത് ഇലക്ഷനിൽ രാഷ്ട്രീയം ചർച്ച ചെയ്തിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് തീർച്ചയായും തിരിച്ചുവരികയില്ല. സംസ്ഥാനത്ത് യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നല്ലൊരു സർക്കാർ വരുമെന്നാണ് ജനം പ്രതീക്ഷിക്കുന്നത്. ന്യായ് പോലുള്ള പദ്ധതികൾ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഈ ഗവൺമെന്റ് പരാജയപ്പെടുമെന്നതിൽ യാതൊരു സംശയവുമില്ല. യു.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇപ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാതൃകാപരമായ ഭരണം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഭരണകാലത്ത് സാധാരണക്കാരായ ജനങ്ങൾ അവരുടെ മക്കളെ പ്രൈവറ്റ് വിദ്യാലയങ്ങളിൽ ചേർത്ത് മാസംതോറും ഫീസ് കൊടുക്കാൻ കഷ്ടപ്പെട്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. ഇന്ന് രക്ഷിതാക്കൾ അവരുടെ മക്കളെ സർക്കാർ വിദ്യാലയങ്ങളിൽ ചേർക്കാൻ വാശി പിടിക്കുന്നു. ഉയർന്ന വിജയശതമാനം, നല്ല കെട്ടിടങ്ങൾ, കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ എല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നൽകിയിരിക്കുന്നു. ഇനിയും കൂടുതൽ മെച്ചപ്പെട്ടതും ശാസ്ത്രീയവുമായ പരീക്ഷണങ്ങൾ നടത്തണം. ഓരോ നിയോജകമണ്ഡലത്തിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്ത് രാഷ്ട്രീയം നോക്കാതെ രക്ഷിതാക്കൾ അവരുടെ മക്കളെ അവിടേയ്ക്ക് അയയ്ക്കുന്നു.

കേരളത്തിൽ അഞ്ചുവർഷം മുമ്പ് കണ്ടിട്ടില്ലാത്തവിധം സംസ്ഥാനത്തുടനീളം ഓരോ ഗ്രാമത്തിലും നഗരത്തിലും പുതിയ റോഡുകൾ വന്നിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ജോലി ലഭിക്കാതിരുന്ന ലക്ഷക്കണക്കിന് സാധാരണക്കാരായ ചെറുപ്പക്കാർ കൺസ്ട്രക്ഷൻ കമ്പനികളുടെ കീഴിൽ എഞ്ചിനീയർമാരും മറ്റുമായി ജോലി ചെയ്യുന്നു. കഴിഞ്ഞ കാലത്തൊന്നും ഉണ്ടായിട്ടില്ലാത്തവിധം അവർ കേരളത്തിലുടനീളമുള്ള റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. ശ്രീ. പിണറായി വിജയൻ സർക്കാരിന്റെയും ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റ്, എഞ്ചിനീയറിംഗ്, ഐ.ടി.ഐ.കളിലടക്കം പഠിച്ചിറങ്ങിയ വിദ്യാഭ്യാസ യോഗ്യതയുള്ള സാധാരണ ക്കാരായ തൊഴിലില്ലാതിരുന്ന ചെറുപ്പക്കാർക്ക് ജോലി നൽകിയിരിക്കുകയാണ്. കാർഷിക മേഖലയെ എങ്ങനെ മുന്നോട്ടു നയിക്കാൻ സാധിക്കുമെന്ന് ഈ സർക്കാർ തെളിയിച്ചിരിക്കുകയാണ്. കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ഒരു സെന്റ് സ്ഥലംപോലും തരിശിടാതെ കൃഷിയിറക്കാൻ സാധിച്ചു. എന്റെ നിയോജകമണ്ഡലമൊന്നും ഒരു കാർഷിക മേഖലയല്ല. എന്നാൽ സർക്കാരിന്റെ നിർബന്ധ സമീപനത്തിന്റെ ഫലമായി കോവിഡ് മഹാമാരിയുടെ കാലത്തും ഒരിഞ്ചുസ്ഥലംപോലും തരിശിടാതെ അവിടെ കൃഷിയിറക്കാൻ ജനങ്ങൾ സന്നദ്ധരായി. ഇത്തരത്തിലുള്ള വികസന പരിപാടികൾ നമ്മുടെ സംസ്ഥാനത്ത് ഓരോ മേഖലയിലും നടക്കുന്നുണ്ട്. ഈ സർക്കാർ നാളെ അധികാരത്തിൽ വരുമോ ഇല്ലയോ എന്നുള്ളത് വേറെ പ്രശ്നം. കഴിഞ്ഞ കാലങ്ങളിൽ ഒരു ഗവൺമെന്റും ചെയ്തിട്ടില്ലാത്ത വിധം സംസ്ഥാനത്തിന്റെ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ പ്രശ്നങ്ങളും നൂറ് ശതമാനവും പരിഹരിക്കാൻ സാധിക്കുമെന്ന് ആരും പറയില്ല. എങ്കിലും ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഞാൻ ഓർക്കുന്നു, ഒരിക്കൽ വടകരയിലെ സർക്കാർ വിദ്യാലയത്തിൽ പഠിച്ച ഒരു വിദ്യാർത്ഥിക്ക് വിദേശ രാജ്യത്ത് പഠിക്കാൻ അവസരം ലഭിച്ചു. ആ കുട്ടിയുടെ രക്ഷിതാക്കൾ ഞങ്ങൾ കുറച്ചുപേരെ അവരുടെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. ഞങ്ങൾ അവിടെ ചെന്ന് ആ കുട്ടിയെ യാത്രയാക്കി. രണ്ടുവർഷത്തിനുശേഷം ആ കുട്ടിയുടെ പിതാവ് എന്നെ വിളിച്ചുപറഞ്ഞു, എന്റെ മകൾക്ക് ബ്രിട്ടണിൽ പോയപ്പോൾ മാസത്തിൽ 75000 രൂപ ശമ്പളം ലഭിക്കുന്ന ജോലി ലഭിച്ചുവെന്ന്. വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി. ഞാൻ സമയക്കുറവുകൊണ്ട് ഓരോ മേഖലയെക്കുറിച്ചും പറയുന്നില്ല.

നല്ല സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നു. സ്പോർട്സ്, ഗെയിംസ് തുടങ്ങിയ മേഖലകളിൽ കേരളത്തിലെ ചെറുപ്പക്കാരെ സജ്ജമാക്കുന്ന രൂപത്തിലുള്ള സംവിധാനങ്ങൾ നടപ്പിലാക്കുകയാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും ആധുനിക സ്വിമ്മിംഗ്പൂൾ പോലുള്ള സംവിധാനങ്ങൾ തയ്യാറാക്കുന്നു. സാധാരണക്കാരുടെ മക്കൾ സർക്കാർ നിർമ്മിച്ച സ്വിമ്മിംഗ്പൂളിൽ നീന്താൻ പഠിക്കുന്നു. ഇത്തരത്തിലുള്ള കാര്യങ്ങളാണ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും നടക്കുന്നത്. ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. കുറച്ചുകാലങ്ങൾക്ക് മുമ്പുള്ള കാര്യമാണ് എനിക്ക് ഓർമ്മവരുന്നത്. ചെറുപ്പക്കാരനും രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന കാലത്ത് ഞാൻ അനുഭാവിയായി പ്രവർത്തിച്ചിരുന്ന പാർട്ടി അന്ന് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലുമായി 90 ശതമാനം വിജയിച്ച കാലമുണ്ടായിരുന്നു. അക്കാലത്തെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. ഞാൻ ചെറുപ്പക്കാരനായിരുന്നപ്പോൾ ഖദറിട്ട ആളുകളുള്ള എന്റെ പാർട്ടി കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ജയിച്ച കാലമുണ്ടായിരുന്നു. അക്കാലം കഴിഞ്ഞു. അതിനുശേഷം വിവിധ കക്ഷികൾ വന്നു. ഞാൻ പഴയ ചരിത്രം പറഞ്ഞിട്ട് കാര്യമില്ല. ഇന്നത്തെ യാഥാർത്ഥ്യങ്ങൾ പറയണം.

ഈ ഗവൺമെന്റ് ഇന്ത്യയിലെ എല്ലാവർക്കും മാതൃകയാകുന്ന രീതിയിലുള്ള ഭരണമാണ് നടത്തുന്നത്. കേരളത്തിലെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ കഴിഞ്ഞ അഞ്ചുവർഷം ചെയ്തതിനേക്കാൾ മഹത്തരമായി നാളെയും ചെയ്യാൻ സാധിക്കുന്ന രീതിയിൽ ഓരോ മേഖലകൾക്കും പ്രാമുഖ്യം നൽകിക്കൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിൽ പ്രത്യേകത കാണിക്കുന്ന അവസരത്തിൽ ബുദ്ധിമുട്ടുകളുണ്ടാകാം. പക്ഷെ അതിനെയെല്ലാം അതിജീവിച്ചു കൊണ്ട് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് അഭിമാനത്തോടുകൂടി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല. കേരളത്തിൽ അത്തരമൊരു പ്രശ്നമുണ്ടോ? ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് എല്ലാ വീടുകളിലും കുടിവെള്ളം ലഭിക്കാനാവശ്യമായ സൗകര്യമുണ്ടാക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 4 ലക്ഷം വീടുകളിലാണ് കുടിവെള്ളം നൽകിയതെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 10 ലക്ഷം വീടുകളിൽ കുടിവെള്ളം നൽകിക്കഴിഞ്ഞു. ഇനിയും 4 ലക്ഷം വീടുകൾക്കുകൂടി കുടിവെള്ളം നൽകാൻ പോകുന്നു. എല്ലാ ജനവിഭാഗത്തിന്റെയും കാര്യങ്ങൾ നല്ല നിലയിൽ കൈകാര്യം ചെയ്യുന്നു. ദരിദ്രമായ ഇന്ത്യയുടെ ഭാഗമായല്ല, മറിച്ച് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാകുന്ന തരത്തിലാണ്

ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് ഈ അഞ്ച് വർഷക്കാലം പ്രവർത്തിച്ചത്. ഈ കേരളത്തെ ഉന്നതിയിലെത്തിക്കാനുള്ള പരിപാടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിനെ പിന്തുണയ്ക്കണ്ടേ; അഭിമാനത്തോടെ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കേരളത്തെ മുന്നോട്ടുനയിക്കാൻ സാധിക്കില്ലേ? അതുകൊണ്ട് ഈ ബഡ്ജറ്റിനെ വിനയപൂർവ്വം ഞാൻ പിന്താങ്ങുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇക്കഴിഞ്ഞ വർഷങ്ങളിൽ നിരവധി ദുരിതങ്ങളാണ് കടന്നുവന്നിട്ടുള്ളത്. ആവശ്യമായ യാതൊരു മുന്നൊരുക്കവുമില്ലാതെ 2016 നവംബർ 8-ന് കേന്ദ്ര സർക്കാർ നടപ്പാക്കിയ നോട്ട് നിരോധനമാണ് ആദ്യമായി ഏറ്റവുമധികം പ്രയാസമുണ്ടാക്കിയത്. പകരം നൽകാനുള്ള നോട്ടുകൾ തയ്യാറാക്കാതെയാണ് ആയിരം, അഞ്ഞൂറ് നോട്ടുകളുടെ നിരോധനമുണ്ടായത്. സ്വന്തം ആവശ്യത്തിനായി സ്വരൂപിച്ച് നിക്ഷേപിച്ച പണം ബാങ്കിൽനിന്നും തിരിച്ചെടുക്കാൻ സാധിക്കാതെ പല പരിപാടികളും മുടങ്ങിപ്പോയിട്ടുണ്ട്. ആളുകൾക്ക് അത്യാവശ്യഘട്ടത്തിൽ ഉപയോഗിക്കാൻ സാധിക്കാത്ത തരത്തിലുള്ള നിരോധിച്ച നോട്ടുകളാണ് അവരുടെ കയ്യിലുണ്ടായിരുന്നത്. നോട്ട് നിരോധനം കഴിഞ്ഞ് നാളുകൾക്കുശേഷം ലഭിച്ചത് രണ്ടായിരം രൂപയുടെ നോട്ടുകളാണ്. ചെറിയ ആവശ്യങ്ങൾക്കായി രണ്ടായിരത്തിന്റെ നോട്ടുപയോഗിക്കാൻ സാധിക്കാതെവന്നു. എല്ലാ കടക്കാരും ചില്ലറ ലഭ്യമല്ലെന്ന് പറഞ്ഞ് ആളുകളെ തിരിച്ചയച്ചു. അത്തരത്തിൽ രണ്ടായിരത്തിന്റെ നോട്ട് കൈവശമുള്ള ആളുകൾപോലും പട്ടിണി കിടക്കേണ്ടിവന്ന അവസ്ഥയുണ്ടായിട്ടുണ്ട്. അത്തരത്തിൽ പലതരം പ്രയാസങ്ങളും അന്ന് ആളുകൾക്കുണ്ടായി. നമ്മുടെ ജീവിതത്തിന്റെ ഭാഗമായ സഹകരണ പ്രസ്ഥാനങ്ങളെ തകർക്കാൻ ആസൂത്രണംചെയ്ത് നടത്തിയ ഒരു പരിപാടികൂടിയായിരുന്നു അത്. കേരളത്തിലെ ജനങ്ങൾക്ക് ഒരു ആപത്തും വരില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവരുടെ വാക്കുകളിൽനിന്നുള്ള ധൈര്യവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുള്ള വിശ്വാസവും അവർക്ക് കരുത്തേകി. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ എല്ലാ സഹകരണ സ്ഥാപനങ്ങളും പൂർവ്വാധികം ശക്തിയോടെ നിലനിൽക്കാനുള്ള അവസരങ്ങളുണ്ടായി. കേരളത്തിൽ 2017 നവംബർ 29 മുതൽ ഡിസംബർ 6 വരെയുള്ള ദിവസങ്ങളിൽ വിലപ്പെട്ട 143 ജീവനുകൾ അപഹരിച്ച ഓഖി ദുരന്തമുണ്ടായി. ഓഖി ദുരന്തം നമുക്ക് തീരാനഷ്ടമാണുണ്ടാക്കിയത്. ആ ദുരന്തം കൈകാര്യം ചെയ്യാനായി ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്തു. ദുരന്തത്തിനിരയായ മുഴുവൻ ആളുകളെയും പുനരധിവസിപ്പിക്കുന്നതിനും അവർക്കാവശ്യമായ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും

ഗവൺമെന്റ് മഹത്തായ പ്രവർത്തനമാണ് അന്ന് നടത്തിയത്. എന്നാൽ ദുരിതം അതിനുശേഷവും നമ്മളെ വിട്ടുപോയില്ല. 2018 മേയ് മാസത്തിലാണ് ആളെ കൊല്ലുന്ന 'നിപ' കോഴിക്കോട് ജില്ലയിൽ ഭീകരാവസ്ഥ സൃഷ്ടിച്ചത്. രോഗിയെ കാണാൻ സാധിക്കില്ല. രോഗി മരിച്ചാൽ രോഗിയുടെ അടുത്ത് പോകാനോ രോഗിയുടെ മുഖം ബന്ധുക്കൾക്കുപോലും കാണാനോ സാധിക്കില്ല. രോഗികളെ ചികിത്സിച്ച ഒരു നഴ്സ് അന്ന് മരിക്കാനിടവന്നു. അത്രയും ഗുരുതരമായ അവസ്ഥയിൽ നമ്മുടെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ പ്രവർത്തകരുമെല്ലാം രാപ്പകൽ കഷ്ടപ്പെട്ട് അവരെ പരിപാലിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും നിരന്തരമായി അവിടെ പ്രവർത്തിച്ചപ്പോൾ അതിനെ കളിയാക്കാനാണ് ചിലയാളുകൾ ശ്രമിച്ചത്. ഇവിടെ ഒരു ബഹുമാനപ്പെട്ട അംഗം മുഖംമൂടിയും കയ്യുറയും ധരിച്ച് നിയമസഭയിൽ വന്ന് ആളുകൾക്കിടയിൽ ഭീകരാവസ്ഥ സൃഷ്ടിക്കാനായി ശ്രമിച്ച അനുഭവവും ഉണ്ടായിട്ടുണ്ട്. ഇത്രയും ഭീകരമായ ഒരു രോഗം അതിക്രമിച്ചിരിക്കുമ്പോൾ ഇങ്ങനെ തമാശ കാണിക്കാൻ തോന്നിയത് എന്തുകൊണ്ടാണെന്ന് അറിയില്ല. ഇത്തരം പ്രതിസന്ധികൾ ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവർ ഊണും ഉറക്കവുമില്ലാതെ കൈകാര്യം ചെയ്തു. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയെ ചിലർ 'കോവിഡ് റാണി' എന്ന് വിളിച്ച് ആക്ഷേപിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ]

ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് മുമ്പൊരിക്കലും നമ്മൾ കണ്ടിട്ടില്ലാത്ത രീതിയിൽ ഗുരുതരമായ പ്രളയദുരിതമുണ്ടായത്. ഒരിക്കലും പ്രതീക്ഷിക്കാത്തതും കേട്ടുകേൾവിപോലുമില്ലാത്ത തരത്തിലുള്ള വെള്ളപ്പൊക്ക ദുരിതമാണുണ്ടായത്. തുടക്കത്തിൽ പ്രതിപക്ഷനേതാവൊക്കെ കൂടെയുണ്ടായിരുന്നു. പക്ഷേ ഇത് ഗുരുതരമായിത്തുടങ്ങിയപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കാര്യമായ സഹായമില്ലാത്ത അവസ്ഥയുണ്ടായി. ആ സമയത്ത് ഈ ഗവൺമെന്റുതന്നെ ഇതിന്റെകൂടെ ഒലിച്ചുപോകുമെന്ന് കരുതിയാണോ എന്തോ സഹായിച്ച് കൂടെനിന്നിരുന്ന ആളുകൾ നേരെ അപ്പുറത്ത് പോകുന്ന ഒരു സ്ഥിതിയാണുണ്ടായത്. പക്ഷേ നാട്ടിലെ ജനങ്ങളെല്ലാം ഒന്നിച്ചുനിന്നു. ജനങ്ങളും മത്സ്യത്തൊഴിലാളികളടക്കമുള്ള ആളുകളും അതിനുവേണ്ടി പ്രവർത്തിച്ചപ്പോൾ പട്ടാളത്തെ വിളിച്ച് കാര്യങ്ങൾ പരിഹരിക്കാനാണ് അന്ന് പ്രതിപക്ഷം പറഞ്ഞത്. ജനങ്ങളാകെ സർക്കാരിന്റെ കൂടെനിന്ന് പ്രവർത്തിച്ചു. എല്ലാവിഭാഗം ആളുകളും എതിർപാർട്ടികളുടെ അനുയായികളടക്കം കൂടെനിന്ന് ആളുകളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നിലയാണുണ്ടായത്. സംഭാവനകൾ ഉൾപ്പെടെയുള്ള സഹായങ്ങൾ

നൽകരുതെന്ന് പറഞ്ഞ അനുഭവം വരെയുണ്ടായി. കേന്ദ്രസർക്കാരും സഹായിച്ചില്ല. പ്രതിപക്ഷം മുഖംതിരിഞ്ഞ് നിൽക്കുന്ന സ്ഥിതിയാണ് കാണാൻ സാധിച്ചത്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനം ജനങ്ങളാകെ ഏറ്റെടുത്തു. ചെറിയ കുട്ടികളടക്കം അവരുടെ കുടുക്കവരെ പൊട്ടിച്ച് സംഭാവന നൽകി ഗവൺമെന്റിനെ സഹായിക്കുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ സാധിച്ചത്. 2019 ആഗസ്റ്റിൽ വീണ്ടും പ്രളയമുണ്ടായപ്പോൾ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം നൽകരുതെന്നുള്ള ആഹ്വാനവും സഹായിക്കാതിരിക്കാനുള്ള എല്ലാ ശ്രമവും വലിയ തോതിൽ നടന്നെങ്കിലും ജനങ്ങൾ സർക്കാരിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനത്തിന്റെയും കൂടെനിന്നു. അതുകഴിഞ്ഞാണ് കോവിഡ് 19-ന്റെ വരവ്. കേന്ദ്ര ഗവൺമെന്റടക്കം സഹായിക്കുന്നില്ല. സംഭാവന നൽകരുതെന്ന് കേരളത്തിലെ യു.ഡി.എഫ്. നേതാക്കന്മാരിൽ ചിലർ പറയുന്ന സന്ദർഭമുണ്ടായി. പക്ഷേ എല്ലാവിഭാഗം ആളുകളും, കേരളത്തിലെ ഡി.വൈ.എഫ്.ഐ. അടക്കമുള്ള യുവാക്കളുടെ സംഘടനകൾ ആക്രിപെറുക്കി അതിലൂടെ കോടിക്കണക്കിന് രൂപ സ്വരൂപിച്ച് ഗവൺമെന്റിന് സംഭാവന നൽകിയ സംഭവം നമുക്ക് മറക്കാൻ കഴിയില്ല. കേരളത്തിലാകെ നടന്ന് ആക്രിപെറുക്കി സ്വരൂപിച്ച് വലിയ തോതിലുള്ള സംഭാവനയാണ് അവർ ഈ സമയത്ത് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. ഈ സന്ദർഭത്തിലാണ് ആയിരം വീടുകൾ നൽകാമെന്ന കോൺഗ്രസ്സുകാരുടെ പ്രഖ്യാപനം വന്നത്. ഒരു വീടും നൽകിയില്ലെന്ന് പിന്നീടാണ് മനസ്സിലായത്. കോവിഡ്-19 വന്നപ്പോൾ കടകളാകെ അടച്ചുപൂട്ടുന്ന സ്ഥിതിവിശേഷംവന്നു. കടകളുൾപ്പെടെയുള്ളവയെല്ലാം അടച്ചുപൂട്ടിയപ്പോൾ ആളുകൾ പട്ടിണി കിടക്കാതിരിക്കാൻവേണ്ടി ആവശ്യമായ നടപടി സ്വീകരിച്ചു. സാമൂഹ്യ അടുക്കള വഴി ആളുകൾക്ക് ഭക്ഷണം എത്തിച്ചുകൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. ജനങ്ങൾ ഭയപ്പെടാതിരിക്കാനും ഊഹാപോഹങ്ങൾ പരക്കാതിരിക്കാനും എല്ലാ വൈകുന്നേരങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി. ആ പത്രസമ്മേളനത്തിൽ എന്താണ് നടക്കുന്നതെന്നറിയാൻ കേരളത്തിൽ മാത്രമല്ല, ലോകം മുഴുവനുമുള്ള മലയാളികളും കാത്തിരുന്നു. ചിലർക്കെല്ലാം അത് പരിഹാസ്യമായിരുന്നു. ജനങ്ങളെ വിശ്വാസത്തിലെടുത്താണ് ആ കാര്യങ്ങളെല്ലാം നടന്നത്. ഒരാളും പട്ടിണി കിടക്കാൻ പാടില്ല. മനുഷ്യൻ മാത്രമല്ല, പക്ഷിമൃഗാദികൾപോലും പട്ടിണി കിടക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ജനങ്ങൾ അത് ഏറ്റെടുത്തു. യു.ഡി.എഫ്. എന്തുതന്നെ പറഞ്ഞാലും ജനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്ക് അതുപോലെ ഏറ്റെടുത്തു. ജനങ്ങളുടെ സഹകരണത്തോടെ ഒരു മനുഷ്യനും പട്ടിണി കിടക്കാതിരിക്കാനുള്ള

സ്ഥിതിഗതികൾ കേരളത്തിലുണ്ടാക്കി. ഇതരസംസ്ഥാന തൊഴിലാളികൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. ഇത്തരത്തിലുള്ള പ്രതിസന്ധികളുണ്ടായിട്ടും ജനങ്ങൾക്ക് യാതൊരു ബാദ്ധ്യതയും അടിച്ചേൽപ്പിക്കാത്ത ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ടാക്സിനത്തിൽ വലിയ ബാദ്ധ്യത വരുമെന്നും ബഡ്ജറ്റിൽ ഒരുപാട് വെട്ടിക്കുറവുകളുണ്ടാകുമെന്നൊക്കെ ജനങ്ങൾ പ്രതീക്ഷിച്ചതാണ്. പക്ഷേ ഇങ്ങനെയുള്ള പ്രതിസന്ധികളുണ്ടായി എന്നതുപോലും സ്പർശിക്കാത്ത തരത്തിലുള്ള ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിൽ നടപ്പിലാക്കാൻ കഴിയുന്നതും ഇന്ന് നാടിനാവശ്യമുള്ളതുമായ നിരവധി ക്ഷേമപദ്ധതികളാണുള്ളത്. കേരളത്തിന്റെ ഭാവി വികസനത്തിനുതകുന്നതും യുവജനതയെ വാനോളമുയർത്തുന്നതുമായ പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. നമ്മുടെ ഭാവി രൂപപ്പെടുത്തുന്നത് ക്ലാസ് മുറികളിലാണെന്ന തത്വം വച്ചുകൊണ്ടാണ് ഈ ബഡ്ജറ്റിനെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കണ്ടിട്ടുള്ളത്. കേരളത്തെ ലോകത്തിന്റെ മുമ്പിൽ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നതിനുതകുന്ന നയങ്ങളാണുള്ളത്. മിടുക്കരായ വിദ്യാർത്ഥികളെ നമ്മുടെ നാട്ടിൽ നിർത്താനും നാടിന്റെ ഭാവിക്ക് ഉപകാരപ്പെടുത്താനും കഴിയുന്ന തരത്തിൽ ഫെലോഷിപ്പ് നൽകാനുള്ള തീരുമാനം നാടാകെ സ്വാഗതം ചെയ്തു. ദുരന്ത നിവാരണത്തിൽ കേരളത്തിന്റെ നിലപാടുകൾ ലോകശ്രദ്ധ നേടി. ലോകത്തിനാവശ്യമായ ഹ്യൂമൺ റിസോഴ്സിന്റെ കേന്ദ്രമാക്കാനും അതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമാവശ്യമായ കാഴ്ചപ്പാട് ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. വിവേകശാലികളായ ആളുകൾ ഈ തീരുമാനം ജനങ്ങൾക്ക് മുമ്പിൽ പറയുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ദീർഘവീക്ഷണത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിരുന്നു. മുപ്പത്തയ്യായിരത്തിലധികം വ്യാപാരികൾക്ക് നികുതി കുടിശ്ശിക തീർക്കാനും അവരുടെ പ്രശ്നം പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. അത് ഈ ബഡ്ജറ്റിലും അതുപോലെ തുടരണം. കഴിഞ്ഞ വർഷത്തെ സ്കീമിൽനിന്നും കുറച്ച് വ്യത്യാസപ്പെടുത്തി, ഇളവുകൾ കുറയ്ക്കുന്ന തരത്തിലാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. അത് മാറ്റാനും പഴയരീതി തുടരാനും കഴിയണം. നികുതി കുടിശ്ശിക മുഴുവൻ ഒന്നിച്ച് അടയ്ക്കുന്നതിനുപകരം ഓരോ വർഷത്തേതായി അടച്ചുതീർക്കാനുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യാപാരികളെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. നാഷണൽ ഹൈവേ വികസനത്തിനുവേണ്ടി വ്യാപാരികളെ ഒഴിപ്പിക്കുമ്പോൾ അവർ വഴിയാധാര മാകുകയാണ്. അവർക്ക് പുനരധിവാസത്തിന് യാതൊരു സഹായവും നൽകുന്ന നിലപാട് ഇപ്പോളില്ല. അതുകൊണ്ട് വ്യാപാരികളെ വഴിയാധാരമാക്കാതിരിക്കാനുള്ള ഏതെങ്കിലുമൊരു പദ്ധതിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇപ്പോൾ അവസാനിപ്പിക്കാം. അതുപോലെ കരാറുകാർക്കും ചില വിഷയങ്ങളുണ്ട്. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ കല്ല്, മരം, സിമന്റ്, ഓട് എന്നിവയ്ക്ക് എഗ്രിമെന്റ് വയ്ക്കുമ്പോഴുണ്ടാകുന്ന റേറ്റിനെക്കാളും വില കൂടിക്കൊണ്ടിരിക്കുകയാണ്. പഴയ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ചെയ്യേണ്ടി വരുമ്പോൾ വലിയ തോതിലുള്ള നഷ്ടമാണുണ്ടാകുന്നത്. വില വർദ്ധനവിന് ആനുപാതികമായ തുക കോൺട്രാക്ട് വർക്കുകളേറ്റെടുത്ത് നടത്തുന്നവർക്ക് നൽകാനാവശ്യമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മരാമത്ത് വകുപ്പിൽ പ്രത്യേകിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി വിഭാഗങ്ങളിൽ പണിയെടുക്കുന്ന ആളുകൾക്ക് വർദ്ധനവിനനുസരിച്ച് തുക നൽകാനുള്ള നിലപാടുകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വ്യവസായ രംഗത്തുണ്ടായിട്ടുള്ള വളർച്ചയും ശ്രദ്ധേയമാണ്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ കാലഘട്ടത്തിൽ ഏവരാലും അഭിനന്ദിക്കപ്പെടുന്നതും അഭിനന്ദിച്ചിട്ടുമുള്ള ഒരു ബഡ്ജറ്റ് കൂടിയാണ് ഇതെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഇതിനെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, നമ്മുടെ രാജ്യത്ത് മോദി ഗവൺമെന്റിന്റെ നവലിബറൽ നയങ്ങൾ ഒരു ഭാഗത്തും അതിനിരയായ കൃഷിക്കാരും ജനങ്ങളും മറുഭാഗത്തുനിന്നുകൊണ്ടുമുള്ള ഒരു വലിയ പോരാട്ടം ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. നയപരമായി എല്ലാ രംഗങ്ങളിലും ഏറ്റുമുട്ടലാണ് കാണാൻ സാധിക്കുന്നത്. ആ സമരം ഓരോ ദിവസം കഴിയുന്തോറും വ്യാപിച്ചുകൊണ്ടിരിക്കുകയും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പത്താം തവണത്തെ കൂടിയാലോചനയ്ക്കുശേഷവും ഒരു തീരുമാനത്തിലെത്താതെ സമരം നീണ്ടുപോകുകയാണ് ചെയ്യുന്നത്. അത്തരമൊരു സന്ദർഭത്തിലാണ് കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ ബഡ്ജറ്റ് വന്നപ്പോൾ നിയമസഭയ്ക്കകത്ത് മാത്രമല്ല, രാജ്യവ്യാപകമായി അതിന്റെ പ്രതികരണങ്ങൾ വന്നിട്ടുണ്ട്. യഥാർത്ഥത്തിൽ മോദി ഗവൺമെന്റിന്റെ നവലിബറൽ നയങ്ങൾക്കെതിരെയുള്ള ബദൽ നയങ്ങളാണ് ബഡ്ജറ്റിൽ പ്രതിഫലിക്കപ്പെട്ടിട്ടുള്ളത്. അത്രമാത്രം അത് സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. കടുത്ത പ്രതിസന്ധിക്കിടയിലും കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്ക

വിധത്തിലുള്ള നിർദ്ദേശങ്ങൾ അടങ്ങിയതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ ബഡ്ജറ്റ്. കാർഷികമേഖല, തൊഴിൽ മേഖല അല്ലെങ്കിൽ തൊഴിലില്ലായ്മയിൽ വലയുന്ന യുവതീയുവാക്കൾ, വിദ്യാഭ്യാസ മേഖല എന്നിങ്ങനെ സമസ്ത മേഖലകളെയും ബഡ്ജറ്റിൽ പരാമർശിച്ചുകൊണ്ട് ഉയർത്തിക്കാണിക്കുന്നുണ്ടെന്ന് നമുക്കറിയാം. വ്യവസായ മേഖലയിലും മുന്തിയ പരിഗണന നൽകിയതിലൂടെയുള്ള നേട്ടങ്ങളെല്ലാം നമുക്ക് കാണാൻ സാധിക്കും. പ്രത്യേകിച്ച് പരമ്പരാഗത, ചെറുകിട വ്യവസായ മേഖലകൾക്ക് മുന്തിയ പരിഗണന നൽകിയിട്ടുണ്ടെന്ന് കാണാൻ സാധിക്കും. പരമ്പരാഗത വ്യവസായ മേഖലകളിൽ കയറും കൈത്തറിയും കശുവണ്ടിയും ഖാദിയും ഉൾപ്പെടെയുള്ള എല്ലാ വ്യവസായ മേഖലകളെയും നവീകരിച്ച് സംരക്ഷിക്കുകയെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ളത്. അതെല്ലാം ഏതാണ്ട് പ്രാവർത്തികമാക്കത്തക്ക വിധത്തിലുള്ള നിർദ്ദേശങ്ങൾ അവസാനഘട്ടത്തിലുള്ള ഈ ബഡ്ജറ്റിലുണ്ടെന്ന് നമുക്കെല്ലാവർക്കും കാണാൻ സാധിക്കും. മറ്റ് മേഖലകളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നമ്മുടെ നാട്ടിൻപുറത്തെല്ലാം അതിനനുകൂലമായി വലിയ തോതിലുള്ള പ്രതികരണങ്ങളാണുണ്ടായിട്ടുള്ളത്. ഒരു പരാതിയുമില്ല എന്നുള്ളതല്ല. നമ്മുടെ ദുർബല വ്യവസായങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഇത്തവണയും 52 കോടി രൂപ അതിനുവേണ്ടി വകയിരുത്തിയത് സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായ മേഖലകളിൽപ്പെട്ട ഒന്നാണ് ഖാദി ഗ്രാമവ്യവസായങ്ങൾ. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഖാദിമേഖല വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉൽപ്പാദനം കുറയുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാതെ വരികയും ചെയ്തതോടെ തൊഴിലാളികൾക്ക് കൂലി കൊടുക്കാനോ അസംസ്കൃത സാധനങ്ങൾ വാങ്ങിക്കാനോ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ബഡ്ജറ്റിൽ 16 കോടി രൂപ ഖാദി മേഖലയ്ക്കുവേണ്ടി വകയിരുത്തിയിട്ടുണ്ട്. അത് ഏറെ പരിമിതമാണെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത്രയും തുക വകയിരുത്തിയെന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. ഖാദിയുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണനകൂടി നൽകണം. ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന സമയത്ത് അങ്ങ് അക്കാര്യം ശ്രദ്ധിക്കുമെന്നാണ് ഞാൻ കരുതുന്നത്. മറ്റെല്ലാ മേഖലകളിലും നവീകരണത്തിനുള്ള പദ്ധതികൾ വന്നപ്പോൾ ഖാദി മേഖലയിൽ അതുണ്ടായിട്ടില്ല എന്നുള്ളതാണ് ഞാൻ സൂചിപ്പിക്കുന്നത്. അതിനുള്ള നിർദ്ദേശങ്ങളുണ്ട്. ആ പദ്ധതി നടപ്പിലാക്കാനാവശ്യമായ ഫണ്ട് വകയിരുത്തിയിട്ടില്ല എന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ

റിബേറ്റ് നൽകിയ വകയിൽ 30 കോടിയോളം രൂപ സ്ഥാപനങ്ങൾക്ക് കിട്ടാനുണ്ട്. ഓരോ വർഷവും ബഡ്ജറ്റിൽ കൊടുക്കുന്നതുപോലെ ഈ ബഡ്ജറ്റിലും 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് കുറച്ചെങ്കിലും കൊടുത്തുതീർത്താൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ക്ഷേമപദ്ധതികളിൽ എല്ലാ വിഭാഗം തൊഴിലാളികളെയും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ അക്കാര്യം പ്രത്യേകം എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. സഭയിൽ നടന്ന ചർച്ചയിൽ കിഫ്ബി പദ്ധതിയെ ഞങ്ങൾ എതിർക്കുന്നില്ല, അതിലെ ന്യൂനതകളെയാണ് ചൂണ്ടിക്കാണിച്ചത് എന്നാണ് പ്രതിപക്ഷത്തുള്ള അംഗങ്ങൾ പറയുന്നത്. കിഫ്ബി ഒരു തട്ടിപ്പാണെന്ന് നേരത്തെ പ്രചരിപ്പിച്ചുവെങ്കിലും എല്ലാവരുടെയും മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുണ്ട്. ന്യൂനതകളുണ്ടാകും, അത് പരിഹരിക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയുൾപ്പെടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നൽകിയ വാഗ്ദാനങ്ങളെല്ലാം ഇക്കാലത്ത് നടപ്പിലാക്കിയ അനുഭവങ്ങളാണ് ഞങ്ങൾക്കെല്ലാവർക്കുമുള്ളത്. അതിൽ ഏതെങ്കിലുമൊന്ന് മാറ്റി നിർത്തിയിട്ടില്ല. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ഇപ്പോഴത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുകതന്നെ ചെയ്യും. ഈ ഗവൺമെന്റിന് തുടർഭരണമുണ്ടാകുമെന്നതിൽ ജനങ്ങൾക്ക് യാതൊരു സംശയവുമില്ല. കിഫ്ബിയെ സംബന്ധിച്ച് പറഞ്ഞപ്പോൾ മലയോര ഹൈവേയെയും ദേശീയ പാതയെക്കുറിച്ചുമെല്ലാം പറഞ്ഞു. കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലമായ പയ്യന്നൂർ അതുപോലെ ഇരിക്കൂർ, പേരാവൂർ എന്നീ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന 110 കിലോമീറ്റർ മലയോര ഹൈവേ ചെന്നെത്തുന്നത് വയനാട്ടിലാണ്. ഒരു വർഷം മുമ്പ് പൂർത്തിയായ 110 കിലോമീറ്റർ മലയോര ഹൈവേ കഴിഞ്ഞ മാർച്ച് മാസത്തിൽ ഉദ്ഘാടനം ചെയ്യാനിരുന്നതാണ്. കോവിഡ്-19 വന്ന സാഹചര്യത്തിലാണ് ഉദ്ഘാടനം മാറ്റിവച്ചത്. മലയോര മേഖലയിലുള്ള ചെറുപുഴ മുതൽ അയ്യൻകുന്ന് വരെയുള്ള അഞ്ച് ഗ്രാമപഞ്ചായത്തുകൾ ദീർഘകാലമായി ഇടതുപക്ഷത്തിന്റെ കൂടെയായിരുന്നില്ല. പക്ഷേ ഈ തെരഞ്ഞെടുപ്പിൽ, അഞ്ച് പഞ്ചായത്തുകളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് വിജയിച്ചത്. എന്താണ് അതിന് കാരണം? ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്. ഇതിനെതിരായ പ്രചരണങ്ങൾ ഒരു ഭാഗത്ത് നടത്തുമ്പോഴും ഇതെല്ലാം നേരിട്ട് അനുഭവിക്കുകയാണ് ചെയ്യുന്നത്. ഇതുതന്നെയാണ് എല്ലായിടത്തുമുള്ള അനുഭവങ്ങൾ. ദേശീയപാത എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. അത് 11 കിലോമീറ്റർ മാത്രമേ വരുന്നുള്ളൂ. കണ്ണൂർ ജില്ലയിൽ 11 കിലോമീറ്ററിൽ ആദ്യ റീച്ചിന് കിഫ്ബി അംഗീകാരവും ഭരണാനുമതിയും ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. എല്ലാ മേഖലയിലും പ്രഖ്യാപിച്ച പദ്ധതികളെല്ലാം കിഫ്ബി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കോവിഡ്-19 എന്ന

മഹാമാരി ഇല്ലായിരുന്നെങ്കിൽ പല പദ്ധതികളും ഇതിനോടകം നമുക്ക് പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകേണ്ടതായിട്ടുണ്ട്. ഇതുവരെയും ശ്രദ്ധിക്കപ്പെടാതിരുന്ന പല മേഖലകളുമുണ്ട്. അതിൽപ്പെട്ടതാണ് പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പ് എന്നിവ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ നാട്ടിൽ ഒരുപാട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തവണ ഗാന്ധിജിയുടെ 150-ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാനതല ഉദ്ഘാടനം ചെയ്തത് പയ്യന്നൂരിലാണ്. അതിന്റെ ഭാഗമായി പുരാവസ്തു വകുപ്പ് ഏറ്റെടുത്ത പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം ഉപയോഗപ്പെടുത്തി അവിടെ ഗാന്ധിസ്മൃതി മ്യൂസിയം സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. അതിനുവേണ്ടി ഫണ്ട് മാറ്റിവയ്ക്കുകയും ആ മ്യൂസിയം സജ്ജീകരിച്ച് ഈ 16-ാം തീയതി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് നാടിന് സമർപ്പിച്ചിട്ടുമുണ്ട്. അത് ദേശീയ പ്രസ്ഥാനത്തിന്റെ ഒരു പ്രധാന കേന്ദ്രമാണ്. ഗാന്ധിജി വന്ന് ഒരു ദിവസം താമസിച്ച പ്രദേശമാണ്. അങ്ങനെയൊക്കെയുള്ള ചരിത്ര പ്രാധാന്യമുണ്ട്. ഗാന്ധിസ്മൃതി മ്യൂസിയവും കർഷക പോരാട്ടങ്ങളെല്ലാം ചിത്രീകരിക്കുന്ന പഠനാർഹമായ അതിമനോഹരമായ മ്യൂസിയവും അവിടെ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. അയിത്തത്തിനെതിരെയുള്ള പോരാട്ടത്തിന്റെ പ്രധാന കേന്ദ്രമാണ് പയ്യന്നൂർ. അതിന്റെ ഭാഗമായാണ് സ്വാമി ആനന്ദതീർത്ഥൻ 1931-ൽ പയ്യന്നൂരിൽ എത്തിപ്പെട്ടത്. പ്രസിദ്ധമായ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ തൊട്ടുമുമ്പ് അയിത്തത്തിനെതിരായിട്ടുള്ള ക്യാമ്പയിന്റെ ഭാഗമായി, മഹാനായ എ.കെ.ജി.യുടെയും മറ്റും നേതൃത്വത്തിൽ അവിടെ അയിത്തം കൽപ്പിക്കപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ജാഥ നടത്തി. ആ ജാഥയെ അവിടത്തെ പ്രമാണിമാർ കടന്നാക്രമിച്ചു. എ.കെ.ജി. ഉൾപ്പെടെ യുള്ളവർക്ക് മാരകമായി പരിക്കേറ്റു. ആശുപത്രിയിൽവച്ച് മജിസ്ട്രേറ്റ് വന്ന് എ.കെ.ജി.യുടെ മരണമൊഴിയെടുത്തു. മരിച്ചുപോകുമെന്ന് കണക്കാക്കിയതാണ്. ആ വാർത്തയറിഞ്ഞാണ് സ്വാമി ആനന്ദതീർത്ഥൻ പയ്യന്നൂരിൽ വന്നത്. അദ്ദേഹം പിന്നെ തിരിച്ചുപോയില്ല. ശ്രീനാരായണഗുരുവിന്റെ അവസാനത്തെ ശിഷ്യൻ എന്ന നിലയിലാണ് അദ്ദേഹം അറിയപ്പെടുന്നത്. അവിടെ ഒരു ആശ്രമമുണ്ട്. അദ്ദേഹം മരിക്കുന്നതുവരെ അവിടെ അയിത്തത്തിനെതിരായും സാമൂഹ്യമുന്നേറ്റത്തിന് വേണ്ടിയുള്ള പ്രവർത്തനത്തിൽ പങ്കുവഹിച്ചിട്ടുള്ള ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ സ്മാരകം അവിടെയുണ്ട്. സ്വാമി ആനന്ദതീർത്ഥന്റെ സ്മാരകം എന്ന നിലയിൽ അവിടെ ഒരു ഹാൾ/കൺവെൻഷൻ സെന്റർ വേണമെന്നുള്ള അഭിപ്രായം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഈ ബഡ്ജറ്റിൽ അതിനുവേണ്ടി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്വാമി

ആനന്ദതീർത്ഥന്റെ സ്മാരകമായി പയ്യന്നൂരിൽ ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി തുക വകയിരുത്തിയതിന് മണ്ഡലത്തിലെ ജനങ്ങൾക്കു വേണ്ടി ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുകയാണ്. ഇതുപോലുള്ള നിരവധി പദ്ധതികൾ ഞങ്ങൾ അവിടെ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ രംഗത്തുള്ള കലാകാരൻമാർ ഈ കോവിഡ് കാലത്ത് ഏറ്റവുമധികം അവശത അനുഭവിക്കപ്പെട്ടവരാണ്. കാരണം അവർക്ക് പരിപാടികളില്ല, ഉത്സവങ്ങളില്ല, ഒന്നും നടത്തുന്നതിന് സാധിക്കുന്നില്ല. അങ്ങനെയുള്ള ആയിരക്കണക്കിന് ആളുകളാണ് ഓരോ മേഖലയിലുമുള്ളത്. അവരെ സഹായിക്കാൻ തൊഴിൽ വകുപ്പിന്റെയും മറ്റും ഭാഗമായി ചില സഹായങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. പക്ഷേ അതുകൊണ്ടൊന്നും മതിയാകുന്നതല്ല. അവർ ഇതുകൊണ്ട് മാത്രം ജീവിക്കുന്നവരാണ്. അവർ ഈ സമൂഹത്തിന് സേവനമനുഷ്ഠിക്കുന്നവരാണ്. അതുകൊണ്ട് കലാകാരൻമാരെ സഹായിക്കുന്നതിനു വേണ്ടി ഈ ബഡ്ജറ്റിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതിയുൾപ്പെടുത്താൻ സാധിക്കുമോ എന്നകാര്യം പരിഗണിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രകടനപത്രികയിലെ 99 ശതമാനം കാര്യങ്ങളും നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോയെങ്കിൽ ഇപ്പോഴത്തെ ഈ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും അവർക്ക് നടപ്പിലാക്കുവാൻ സാധിക്കും. ഈ ഗവൺമെന്റിന് ഭരണത്തുടർച്ച ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രിയും അതുപോലെതന്നെ ഗവൺമെന്റും മന്ത്രിമാരുമെല്ലാം സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ജനങ്ങളെ നയിച്ചുകൊണ്ട്, ജനങ്ങളെ ചേർത്തു പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ജനങ്ങൾക്കിടയിൽ മതപരമായ, ജാതീയമായ ചേരിതിരിവുകളുണ്ടാക്കി ജനങ്ങളുടെ ശ്രദ്ധ മറ്റൊരുവഴിക്ക് തിരിച്ചുവിടുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും തള്ളിക്കളയേണ്ടതാണ്. അതിനെതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് ജനങ്ങൾ ഒന്നിച്ചുനിൽക്കാൻ തയ്യാറാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ സന്ദർഭത്തിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ എല്ലാവിധത്തിലും പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മൂന്ന് മണിക്കൂർ പതിനെട്ട് മിനിട്ട് നീണ്ടുനിന്ന സുദീർഘമായ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചത് കുഞ്ഞ് കവിതയിലൂടെയാണ്. അത് ഇങ്ങനെയാണ്;

'മെല്ലെയെൻ സ്വപ്നങ്ങൾക്ക്

ചിറകുകൾ മുളയ്ക്കട്ടെ

ഉയരട്ടെ അതിലൊരു മനോജ്ഞമാം

നവയുഗത്തിന്റെ പ്രഭാത ശംഖൊലി.'

ഇത് ഇടുക്കി കണ്ണംപടി ജി.ടി.എച്ച്.എസ്.-ലെ കെ. പി. അമൽ എന്ന മിടുക്കന്റെ വരികളാണ്. യാഥാർത്ഥ്യമായിത്തീരുന്ന സ്വപ്നങ്ങളെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസമാണ് ആ വരികളിലുള്ളത്. ഭാവിവികസനത്തിന്റെ ശരിയും സ്ഥായിയുമായ പാത സൃഷ്ടിക്കുന്നതിനുള്ള രൂപരേഖയാണ് ഈ ബഡ്ജറ്റ് എന്നുപറഞ്ഞതിനുശേഷമാണ് ധനകാര്യ വകുപ്പുമന്ത്രി ഈ വരികൾ ഉദ്ധരിക്കുന്നത്. Victor Hugo-ന്റെ ഇതിഹാസ നോവലായ 'പാവങ്ങളിൽ' ഇങ്ങനെ ഒരു വാക്യമുണ്ട്. 'There is nothing like dream to create the future. Utopia to-day, flesh and blood tomorrow' എന്നാണ്. പച്ചയ്ക്കുപറഞ്ഞാൽ ഭാവിയെ സൃഷ്ടിക്കുന്നത് സ്വപ്നമാണെന്നർത്ഥം. ഇന്നത്തെ സങ്കല്പ ലോകമാണ് നാളെ ജീവൻ വയ്ക്കുന്നത്. ഭാവിയിൽ യാഥാർത്ഥ്യമായി തീർന്നുകൊണ്ടിരിക്കുന്ന ഒരുപാട് സ്വപ്നങ്ങൾ കാണുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് നമ്മുടെ പ്രിയപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്. അല്ലെങ്കിൽ മുപ്പത് കൊല്ലത്തിനപ്പുറത്തുള്ളൊരു യൂറോപ്യൻ രാജ്യത്തെപ്പോലെ വികസിതമായ കേരളത്തെ ശിരസ്സിൽ വഹിക്കുകയും അത് സത്യമായിത്തീരാൻ വമ്പൻ പ്രവർത്തനങ്ങൾ ഇന്നേ ആസൂത്രണം ചെയ്യുകയും ചെയ്യുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയെ നമുക്ക് ലഭിച്ചത് തീർച്ചയായും വലിയ ഭാഗ്യം തന്നെയാണെന്ന് എനിക്ക് തോന്നുന്നു. ഈ കാലംകാത്തുവച്ച പുണ്യമാണ് എന്നുപറയുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. 'ഇ-വഴിയിൽ കേരള'-മെന്നും 'സ്മാർട്ട് കേരള'-മെന്നും എത്ര കൃത്യമായാണ് ചില പത്രങ്ങൾ ബഡ്ജറ്റിനെക്കുറിച്ച് തലക്കെട്ടെഴുതിയത്. സ്മാർട്ട് കേരളത്തിന്റെ നോളേജ് ഇക്കോണമിയുടെ അടിത്തറയാണ് ഈ ബഡ്ജറ്റ് കെട്ടിപ്പടുക്കുന്നത്. ലോകത്ത് സമ്പൂർണ്ണ ഡിജിറ്റലായ രണ്ട് രാജ്യങ്ങളുണ്ടെന്ന് നമുക്കറിയാം. അതിലൊന്ന് പഴയ സോവിയറ്റ് യൂണിയനിൽനിന്നും പിരിഞ്ഞുപോയ എസ്റ്റോണിയയും രണ്ടാമത്തേത് സിംഗപ്പൂരുമാണ്. എസ്റ്റോണിയയെക്കുറിച്ച് ന്യൂയോർക്ക് ടൈംസിൽ വന്ന വാർത്തയുടെ ഒരു ഭാഗം Andrew Keen തന്റെ ഒരു പുസ്തകത്തിൽ എടുത്തുചേർക്കുന്നുണ്ട്. 'Estonians embrace life in a digital world, lives first and foremost online'. അങ്ങനെ ഡിജിറ്റൽ സമൂഹമായി മാറിയതോടെ ഏറ്റവും ചലനാത്മകമാകുകയും ഭരണം സുതാര്യമാകുകയും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് നീങ്ങുകയും ചെയ്യുന്ന അവസ്ഥയാണ്

അവിടെ ഉണ്ടാകുന്നതെന്ന് ലേഖകൻ പറയുന്നുണ്ട്. കേരളം അത്തരം സ്വപ്നങ്ങൾ കാണുകയാണ്. സുരക്ഷിതമായ വരുമാനവും അന്തസ്സുള്ള ജീവിതവും നേടിയെടുക്കുന്നതിന്റെ ചവിട്ടുപടിയായി ഡിജിറ്റൽ സമൂഹവുമായുള്ള രൂപാന്തരത്തെ കാണുന്നു. ഒരു പുതിയ കേരള മോഡലിന്റെ ഉദയ മുഹൂർത്തമാണ് ഇതെന്ന് നിസ്സംശയം പറയാം. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഇന്റർനെറ്റ് എത്തിക്കാനുള്ള കെ-ഫോൺ പദ്ധതി പ്രവർത്തനക്ഷമമാകുകയാണ്. അതുപോലെതന്നെ ഇന്റർനെറ്റ് ഹൈവേ ഇനി ആരുടെയും കുത്തകയാകില്ല. നെറ്റിന്റെ ഗുണനിലവാരം ഉയരുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നീ മേഖലകളുടെ വളർച്ചയ്ക്ക് സഹായകമാകുകകൂടി ചെയ്യുകയാണ്. ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ കെ-ഫോണിന്റെ ഓഹരി മൂലധനത്തിൽ മാത്രം 166 കോടി രൂപ വകയിരുത്തിയിരിക്കുന്നു. എല്ലാ വീട്ടിലേയ്ക്കും ലാപ്ടോപ്പ് എന്ന ആശയവും വളരെ പ്രത്യേകത നിറഞ്ഞതാണ്. നമുക്കറിയാം കിഫ്ബി എന്ന അത്ഭുതവികസന സമവാക്യത്തിനുശേഷം ഈ ബഡ്ജറ്റിൽ K-DISC എന്ന പുത്തൻ സംവിധാനം കടന്നുവരികയാണ്. Kerala Development and Innovation Strategic Council എന്ന K-DISC ആണ് ഇത്തവണത്തെ മാസ്റ്റർസ്ട്രോക്ക് എന്ന് പറയാൻ സന്തോഷമുണ്ട്. ഡിജിറ്റൽ സങ്കേതങ്ങളിലൂടെ തൊഴിലവസരങ്ങൾ കണ്ടെത്താനും കേരളത്തെ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനാണ് K-DISC രൂപവൽക്കരിക്കുന്നത്. അഞ്ച് വർഷംകൊണ്ട് ഏകദേശം ഇരുപത് ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോംവഴി തൊഴിൽ കൊടുക്കുന്ന പദ്ധതിയാണ് ഇതിലൂടെ തുടക്കം കുറിക്കാൻ പോകുന്നത്. നിരവധിയായ മറ്റ് പദ്ധതികളുമുണ്ട്. കരിയർ ബ്രേക്ക് ചെയ്ത് വീട്ടിലിരിക്കുന്ന അഞ്ച് ലക്ഷത്തോളം വരുന്ന സ്ത്രീ പ്രൊഫഷണലുകൾക്ക് വലിയ സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണിത്. മുഴുവൻ സ്ത്രീ തൊഴിൽസേവകരുടെയും കണക്കെടുത്താൽ നാൽപ്പത് ലക്ഷം വരുമെന്നാണ് പറയപ്പെടുന്നത്. ഇവരെ തൊഴിൽ മേഖലയിലേയ്ക്ക് കൈപിടിച്ചുകയറ്റാനുള്ള മഹത്തായ ദൗത്യത്തിന് നാന്ദികുറിക്കാൻ ഈ ബഡ്ജറ്റിലൂടെ കഴിയുന്നുവെന്നത് വലിയ കാര്യമാണ്. ആഗോളതലത്തിൽ തൊഴിൽദാതാക്കളായ കമ്പനികളോട് നിരന്തരം ബന്ധം പുലർത്തിയും അവരുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് തൊഴിലന്വേഷകർക്ക് നൈപുണ്യ പരിശീലനം നൽകിയും അവരുടെ വിവരങ്ങൾ നൽകുന്ന പ്ലാറ്റ്ഫോം പരിപാലിച്ചും വിവിധ പ്രവർത്തനങ്ങളാണ് K-DISC ഏറ്റെടുക്കാനിരിക്കുന്നത്. ഡാറ്റ അനലെറ്റിക്, മെഷ്യൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ തുടങ്ങിയ ആധുനിക

സാങ്കേതിക മേഖലകളിൽ നൈപുണ്യപരിശീലനം എന്നിവയിലൂടെ വലിയ വികസന മുന്നേറ്റത്തിനാണ് കേരളം കാതോർക്കുന്നത്. ഇതെല്ലാം വളരെ നിസ്സാരമട്ടിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും ചിരിച്ചുതള്ളുന്നത് കാണുമ്പോൾ വിഷമമല്ലാതെ മറ്റൊന്നും തോന്നുന്നില്ല. ആളെതികയാതെ വന്നാൽ തമിഴ്നാട്ടിൽനിന്ന് ആളെയിറക്കി ഒഴിവുനികത്താൻ അദ്ദേഹം കച്ചകെട്ടിനിൽക്കുന്നത് കാണുമ്പോൾ സങ്കടം തോന്നുന്നു. പാലാരിവട്ടം പാലം പണിയാണ് വികസനത്തിന്റെ പരമകാഷ്ഠയെന്ന് വിചാരിച്ച് നടക്കുന്നവർക്ക് ഈ ബഡ്ജറ്റ് ബഡായി ബഡ്ജറ്റായി തോന്നിയതിൽ ഒരു അത്ഭുതവുമില്ല. എം.എൽ.എ. സ്ഥാനം രാജിവച്ച് ലോക്സഭാ തെരഞ്ഞെടുപ്പിൽ എം.പി. ആയി ഫാസിസത്തിനെതിരെ ഡൽഹിയിൽ യുദ്ധം ചെയ്യാൻ പോയവർക്ക് ഇപ്പോൾ രാജിവച്ച് ഇങ്ങോട്ട് തിരിച്ചുവരണം. ഒരാൾ വന്നിട്ടുമുണ്ട്. അടുത്ത അഞ്ച് വർഷംകൊണ്ട് എല്ലാ ജില്ലകളിലുമായി മുപ്പത്, നാൽപ്പത് പാലാരിവട്ടം പാലമെങ്കിലും പണിയാനുള്ള അവസരവും അതിന് കിട്ടുന്ന ചില്ലറയുമാണോ അവർക്ക് അവിടെ ഇരിക്കപ്പൊറുതിയില്ലാത്തതെന്ന് ഓർക്കുമ്പോൾ 'ഹാ! കഷ്ടം' എന്നേ പറയാനുള്ളൂ. 2016-ൽ കിഫ്ബിയെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ബാക്ക് ബോണായി അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം കൂട്ടം ചേർന്നാണ് കൂകിവിളിച്ചത്. അന്ന് പറഞ്ഞകാര്യം ഇപ്പോഴും മനസ്സിലുണ്ട്, മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണത്. അഴിമതി കേന്ദ്രമായിട്ടുള്ള കിഫ്ബി പിരിച്ചുവിടണമെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ വാക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ നന്നായി മുഴങ്ങി. പക്ഷേ ആ സമയത്തെല്ലാം ജനം അത് പുച്ഛിച്ചുതള്ളി. ഇപ്പോൾ ആ വാചകത്തിനൊക്കെ ഒരു പതം വന്നിട്ടുണ്ട്. കേന്ദ്ര ഏജൻസികൾക്ക് കത്തയച്ച് അന്വേഷണമുണ്ടാക്കി കിഫ്ബിയെ തകർക്കാൻ ശ്രമിച്ചവർക്ക് ഇപ്പോൾ പഴയ ശൗര്യം കാണുന്നില്ല.

3.00 P.M.]

ധനകാര്യ വകുപ്പുമന്ത്രി 2019 ഒക്ടോബർ മാസം 29-ാം തീയതി നിയമസഭയിൽ നക്ഷത്രചിഹ്നമിട്ട 50-ാം നമ്പർ ചോദ്യത്തിന് മറുപടിയായി പറഞ്ഞത് കിഫ്ബി, വൻകിട വികസനത്തിന് ഓരോ മണ്ഡലത്തിനും 500 കോടി രൂപ ലഭ്യമാക്കുന്ന പരിപാടിയാണ് എന്നാണ്. അതുമായി ബന്ധപ്പെട്ട് അന്ന് പ്രതിപക്ഷം പറഞ്ഞ കാര്യങ്ങൾ വീണ്ടും വിശദീകരിക്കുന്നില്ല. ഇപ്പോൾ ചാനലുകളുടെ മുമ്പിൽ എന്റെ മണ്ഡലത്തിൽ ഏകദേശം 500 കോടി രൂപയുടെ, 600 കോടി രൂപയുടെ വികസനം നടന്നുവെന്ന് ചിരിച്ചുകൊണ്ട് പറയുമ്പോൾ ഇത് കിഫ്ബിവഴി ലഭിച്ച ഫണ്ടാണ് എന്നെങ്കിലും പറയാൻ തയ്യാറാകണം. അവർ ഇതിനെതിരായി എത്രമാത്രം പ്രവർത്തിച്ചുവെന്നുകൂടി കാണാൻ തയ്യാറാകണ

മെന്നാണ് പറയാനുള്ളത്. കിഫ്ബിയുടെ ശാസ്ത്രീയ അടിത്തറ മനസ്സിലാക്കാൻ എസ്.ബി.ഐ.യുടെ ജനറൽ മാനേജർ ശ്രീ. എസ്. ആദികേശവൻ എഴുതിയ ലേഖനമൊന്ന് വായിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സാമ്പത്തിക ശാസ്ത്രജ്ഞയായ സ്റ്റെഫാനി കെൽട്ടൺ മോഡേൺ മോണിറ്ററിംഗ് തിയറിയുടെ വക്താവാണ്. അദ്ദേഹത്തിന്റെ ഡെഫിസിറ്റ് മിത്ത് എന്ന പുസ്തകത്തിൽ പണമില്ലെങ്കിൽ വായ്പയെടുത്തും വികസനം നടത്തേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് പറയുന്നു. സർക്കാരിന്റെ കടബാദ്ധ്യതയെക്കുറിച്ചും ആളോഹരി കടത്തെക്കുറിച്ചും നെഞ്ചത്തടിച്ച് നിലവിളിക്കുന്നവന്റെ അർത്ഥശൂന്യതയെക്കുറിച്ചും അതിൽ വ്യക്തമായി പറയുന്നുണ്ട്. ഡെഫിസിറ്റ് ഫിനാൻസിംഗ് എന്നത് ഇക്കണോമിക്സിന്റെ ഒരു പ്രധാന സിദ്ധാന്തമാണ്. അത് നന്നായി പഠിച്ചയാളാണ് ഡോ. ടി. എം. തോമസ് ഐസക്. അതിന്റെ സർഗ്ഗാത്മകമായ പ്രയോഗമാണ് കിഫ്ബി എന്നുപറയുന്നത്. അണ്ണാൻ കുഞ്ഞിനെ മരം കയറ്റം പഠിപ്പിക്കരുത് എന്നുമാത്രമേ എനിക്ക് ഇക്കാര്യത്തിൽ പ്രതിപക്ഷത്തോട് പറയാനുള്ളൂ. 2021-22 മുതൽ ഏകദേശം 15,000 കോടി രൂപയുടെ പ്രോജക്ടുകളാണ് കിഫ്ബിയിൽ പൂർത്തിയാകുന്നത്. അതിനോടനുബന്ധിച്ച് 40,100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞിരിക്കുന്നു. ഇനിയും ഒരുപാടെണ്ണത്തിന്റെ പ്രോസസ്സിലാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ നാം കേട്ട കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാതെയാണ് പ്രതിപക്ഷം പറയുന്നത്. അന്തിച്ചന്തയിലെ ആരവം സൃഷ്ടിക്കുന്ന പണിയാണ് യഥാർത്ഥത്തിൽ ഇപ്പോൾ ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. മഹാമാരി തീർത്ത ക്ലരിരുട്ടിൽ കരുതലിന്റെ ഒരു തിരി കൊളുത്താമെന്ന് പറയുന്ന കണ്ണൂരിലെ ഏഴാം ക്ലാസുകാരി ഇനാര അലിയുടെ കവിത ധനകാര്യ വകുപ്പുമന്ത്രി ചൊല്ലിയിരുന്നു. കോവിഡ് മഹാമാരി ആഞ്ഞടിച്ച് തകർത്തുകളഞ്ഞ കുടുംബങ്ങളെ ചേർത്തുപിടിക്കുന്നതിന് നിരവധി പദ്ധതികൾ ബഡ്ജറ്റിലുണ്ട്. ക്ഷേമപെൻഷനുകൾ 1,600 രൂപ, കിറ്റ് വിതരണം ചെയ്യുന്നത്, നീല, വെള്ള കാർഡുകൾക്ക് 15 രൂപ നിരക്കിൽ 10 കിലോഗ്രാം അരി നൽകുന്നത്, പ്രവാസികൾക്ക് പെൻഷൻ നൽകുന്നത്, റബ്ബറിനും നാളികേരത്തിനുമെല്ലാം ഉയർന്ന താങ്ങുവില തീരുമാനിക്കുന്നത്, തൊഴിലുറപ്പിന് 75 ദിവസം നൽകുന്നത് എന്നിങ്ങനെ ഒരുപാട് പദ്ധതികളുണ്ട്. കഴിഞ്ഞ നാലരവർഷം കൂരയില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകിയത്, ഇനിയും ഒന്നരലക്ഷത്തോളം പേർക്ക് നൽകുമെന്ന് പറയുന്നത് - അങ്ങനെ എത്രയെത്ര പാവപ്പെട്ടവർക്ക്, സാധാരണക്കാർക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം, ഹരിതകേരളം എന്നീ മിഷനുകളൊക്കെ ഞങ്ങൾ വന്നാൽ കളയുമെന്ന് പ്രതിപക്ഷം പറയുന്നു. ലൈഫ് പദ്ധതി

നിർത്തലാക്കുമെന്നൊക്കെ പരിഹസിച്ചു. അതിനുള്ള ആദ്യത്തെ ശിക്ഷ അവർക്ക് കിട്ടി. വടക്കാഞ്ചേരിയിലെ ഫ്ലാറ്റുമായി ബന്ധപ്പെട്ട് ക്രമക്കേട് ചെറുത് പറഞ്ഞു പറഞ്ഞ് വലുതാക്കിത്തീർക്കുന്ന അവസ്ഥയുണ്ടായി. കേരളത്തിലെ വീടില്ലാത്ത സാധാരണക്കാരനെ മഞ്ഞത്തും മഴയത്തും കിടത്താമെന്നാണ് അവർ വ്യാമോഹിക്കുന്നത്. അവരുടെ നുണഫാക്ടറികളിൽ നിരന്തരമായി വ്യാജ വാർത്തകൾ നിർമ്മിക്കുകയാണ്. മാധ്യമങ്ങൾ അത് ഏറ്റുപിടിക്കുന്ന സ്ഥിതിയുണ്ടായി. അതും വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. ഒരു നുണ പത്തുപ്രാവശ്യം ആവർത്തിച്ചാൽ അത് സത്യമാക്കാമെന്നതാണ് ഗീബൽസിയൻ സിദ്ധാന്തം. അതിന്റെ പുതുക്കിയ കുതന്ത്രമാണ് അവർ പയറ്റുന്നത്. നമുക്കിപ്പോൾ മനസ്സിലാക്കാൻ കഴിയും, ഒടുവിൽ...

വീണിതല്ലോ കിടക്കുന്നു ധരണിയിൽ

ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!

എന്ന അവസ്ഥയിലാണ് പ്രതിപക്ഷം. 2030-കളിലോ 2040-കളിലോ വികസിതമാകുന്ന കേരളത്തിന്റെ ബ്ലൂ പ്രിന്റാണ് 2021-22-ലെ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചിട്ടുള്ളത്. ഭാവി കേരളത്തിന്റെ ബീജാക്ഷരങ്ങൾ വായിച്ചെടുക്കാനറിയാത്തവർ ഇരുട്ടിലൂടെയാണ് നടക്കുന്നത്. മനുഷ്യർക്ക് ലോകത്തെ മാറ്റാൻ കഴിയുമെന്നും അവർക്ക് സ്വന്തം കാലത്തെ മനുഷ്യരായി വളരണമെങ്കിൽ ലോകത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടതുണ്ടെന്നുള്ള ചരിത്രജന്യമായ പ്രതീക്ഷയാണ് സർക്കാർ കേരള സമൂഹത്തിന് നൽകുന്നത്. മതത്തിന്റെയും ജാതിയുടെയും പേരിൽ സമൂഹത്തെ ഭിന്നിപ്പിച്ച് അധികാരം കൈക്കലാക്കാൻ നുണകളുടെ അക്ഷയപാത്രമായി വരുന്നവരെ മതത്തിനും ജാതിക്കുമപ്പുറം നിങ്ങളും ഞങ്ങളും മനുഷ്യരാണെന്ന് ഉത്തമബോദ്ധ്യമുണ്ടാക്കി, പുതിയ രീതിയിലുള്ള വികസന പ്രവർത്തനത്തിൽ മുന്നേറുകയാണ് സഖാവ് പിണറായി വിജയന്റെ സർക്കാർ. എസ്. എസ്. ജാക്സൻ എഴുതിയ അവസാന വരി ധനമന്ത്രി ഉരുവിട്ടത് ഞാൻ ഒന്നുകൂടി ഓർക്കുന്നു.

എത്ര താഴ്ചകൾ കണ്ടവർ നമ്മൾ

എത്ര ചുഴികളിൽ പിടഞ്ഞവർ നമ്മൾ

എത്ര തീയിലമർന്നവർ നമ്മൾ

ഉയർത്തെണീക്കാനായി ജനിച്ചവർ നമ്മൾ

മരിക്കിലും തോൽക്കില്ല നമ്മൾ

ശരിയാണ്. മരിക്കില്ല, തോൽക്കില്ല ഒരിക്കലും എൽ.ഡി.എഫ്. എന്നുകൂടി പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. എന്താണ് നല്ല ധനകാര്യ മാനേജ്മെന്റ്? ഏറ്റവും കൂടുതൽ കടം വാങ്ങുന്ന ധനകാര്യ വകുപ്പുമന്ത്രിയാണോ ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രി? നടപ്പിലാക്കാൻ കഴിയാത്ത പ്രഖ്യാപനങ്ങൾ നടത്തുന്ന ധനകാര്യ വകുപ്പുമന്ത്രിയാണോ ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രി; കുടിശ്ശിക പിരിച്ചെടുക്കുന്ന; റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്ന സി.& എ.ജി.-യെ പേടിക്കാത്ത ധനകാര്യ വകുപ്പുമന്ത്രിയാണോ നല്ല ധനകാര്യ വകുപ്പുമന്ത്രി? ഞാൻ ഒരു ഉദാഹരണം പറയാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ നിരവധി പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി. അതേ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ് ഈ ബഡ്ജറ്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ മാറുമെന്ന് പത്രക്കാരോട് പറഞ്ഞത്. തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിങ്ങൾ മാറണം. ഞങ്ങൾ മാറ്റും. ഞങ്ങൾ അവിടെ വരുമെന്ന് ഉറപ്പല്ലേ. അക്കാര്യത്തിൽ സംശയമെന്താണ്? ചിലപ്പോൾ നിങ്ങൾ സത്യം പറയുന്നത് എനിക്ക് നല്ല ധൈര്യമാണ്. ലൈഫ് ഭവനപദ്ധതിയിൽ നാലരക്കോടി രൂപ കമ്മീഷൻ കിട്ടിയെന്ന സത്യം വിളിച്ചുപറഞ്ഞ കേരളത്തിലെ ഒരു മന്ത്രിയുണ്ടെങ്കിൽ അത് അങ്ങേയുള്ളൂ എന്ന് എനിക്ക് നന്നായിട്ടറിയാം. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ ഏതാണ് നടപ്പിലാക്കിയത്? ടെക്നോപാർക്കിൽ നിസ്സാൻ കമ്പനിയുടെ ഇലക്ട്രിക് വാഹന നിർമ്മാണം - 2000 പേർക്ക് തൊഴിൽ, തിരുവനന്തപുരത്ത് എയർ ബസ്, തിരുവനന്തപുരത്ത് നവോത്ഥാന മ്യൂസിയം, എല്ലാ ജില്ലകളിലും നവോത്ഥാന മതിൽ, ഇതെല്ലാം കണ്ടവരുണ്ടോ? ലൈഫ് സയൻസ് പാർക്കിൽ 230 കോടി രൂപയുടെ മെഡ്സ് പാർക്ക്, കൊച്ചിയിലേയ്ക്ക് ഫ്യൂജിത്സു, ഹിറ്റാച്ചി പോലുള്ള ബഹുരാഷ്ട്ര കമ്പനികൾ വരുന്നു. ഇതെല്ലാം എവിടെ? നിങ്ങൾക്ക് കേരളത്തിൽ ഒരു നിലവാരമുണ്ട്. ആ നിലവാരം കളയരുത് എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഗ്രീൻഫീൽഡ് റെയിൽപാതയ്ക്ക് 2020-ൽ ഭൂമിയേറ്റെടുക്കാൻ നടപടി ആരംഭിക്കുമെന്നും കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. അതിന്റെ അവസ്ഥയെന്താണ്? 2021-ൽ ആലപ്പുഴയിൽ ഒരു ഡസൻ മ്യൂസിയമെങ്കിലും ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് പറഞ്ഞിരുന്നു. സ്വന്തം ജില്ലയിലെ ജനങ്ങളെയെങ്കിലും കബളിപ്പിക്കാതെ കാര്യങ്ങൾ പറയണ്ടേ? വിദേശരാജ്യത്ത് സ്ഥിരംതാമസമാക്കിയിട്ടുള്ള മലയാളി കുടുംബങ്ങളിലെ വയോജനങ്ങൾക്കുവേണ്ടി വിദേശത്ത് ലഭ്യമാകുന്ന സൗകര്യങ്ങൾ ഉറപ്പു വരുത്തിക്കൊണ്ടുള്ള കെയർഹോം അഥവാ ഗാർഡൻ ഓഫ് ലൈഫ് പദ്ധതി

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനുള്ള കമ്പനിക്ക് നോർക്കയുടെ ഓഹരിയായി ആദ്യയൂണിറ്റിന് 5 ഏക്കർ ഭൂമി ലഭ്യമാക്കുമെന്ന് പറഞ്ഞിരുന്നു. ഈ ഗാർഡൻ ഓഫ് ലൈഫ് പദ്ധതി പൂവണിഞ്ഞോ? അത് എവിടെയെത്തി? ഡച്ച് പ്ലാന്റിൻ എന്ന ബഹുരാഷ്ട്രകമ്പനി വാളയാറിൽ ഒരു ചകിരിച്ചോറ് പ്രോസസ്സിംഗ് കമ്പനി ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ കാര്യം എന്തായി? സർക്കാർ-അർദ്ധസർക്കാർ, പ്രമുഖ കോർപ്പറേറ്റുകൾ അല്ലെങ്കിൽ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് വർക്ക് ഓർഡറുള്ളവർക്ക് ആസ്തി സെക്യൂരിറ്റിയില്ലാതെ വായ്പ ലഭ്യമാക്കുമെന്നും വർക്ക് ഓർഡറിന്റെ 90 ശതമാനം അതായത് പരമാവധി 10 കോടി രൂപ വെറും 10 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുമെന്നും കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്നു. ഗവൺമെന്റ് അനുവദിച്ച വായ്പയുടെ കണക്ക് പറയാമോ? ഇതൊക്കെയാണ് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. മുണ്ടുമുറുക്കിയുടുത്ത്, ചെലവ് ചുരുക്കി ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് പണം കണ്ടെത്തി നടപ്പിലാക്കുമെന്ന് അങ്ങ് പറഞ്ഞു. എവിടെ നടപ്പിലാക്കി? ആദ്യത്തെ മന്ത്രിസഭാ സത്യപ്രതിജ്ഞാ ചടങ്ങിന് മൂന്നേമുക്കാൽ കോടി രൂപ, നൂറാം ദിവസം ആഘോഷിച്ചതിന് - രണ്ടേകാൽ കോടി രൂപ, ഒന്നാം വാർഷികാഘോഷത്തിന് - പതിനെട്ടര കോടി രൂപ, ആയിരം ദിനം ആഘോഷിച്ചതിന് - പത്തരകോടി രൂപ ഇങ്ങനെയാണ് ചെലവഴിച്ചിരിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾ, റബ്കോ എന്നിവയുടെ കടബാധ്യത തീർക്കുന്നതിനായി 238 കോടി രൂപ, മാർക്കറ്റ് ഫെഡ്ഡിന് 27 കോടി രൂപ, റബ്ബർ മാർക്കറ്റ് ഫെഡ്ഡിന് 41 കോടി രൂപ അങ്ങനെ ആകെ 306 കോടി രൂപയാണ്. ഒരു ശിപാർശപോലും നടപ്പിലാക്കാത്ത വി. എസ്. അച്യുതാനന്ദന്റെ ഭരണപരിഷ്കാര കമ്മീഷന് ഒമ്പതേകാൽ കോടി രൂപയാണ് അനുവദിച്ചത്. കേരള ചരിത്രത്തിൽ ആദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആറ് ഉപദേശികളാണുള്ളത്. ഇതിനായി എത്ര രൂപയാണ് ചെലവായത്? ആറ്റിങ്ങൽ ലോക്സഭാ മണ്ഡലത്തിൽ തോറ്റ ഡോ. എ. സമ്പത്തിന് ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയാണ് പ്രതിമാസം നൽകുന്നത്. അദ്ദേഹത്തിന്റെ സഹായികൾക്ക് പ്രതിമാസം ഒരു നിശ്ചിത തുകയും നൽകുന്നു. ഹെലികോപ്റ്ററിന്റെ പ്രതിമാസ വാടക എത്രയാണ്? ഷുഹൈബ്, കൃപേഷ്, ശരത് ലാൽ എന്നിവരുടെ കൊലയാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയല്ലേ വക്കീലന്മാർക്ക് കൊടുത്തിട്ടുള്ളത്. എവിടെയാണ് നിങ്ങൾ ചെലവ് ചുരുക്കുന്നത്? നിങ്ങൾക്ക് എവിടെയാണ് ചെലവ് ചുരുക്കാൻ കഴിയുന്നത് എന്നത് പറയണം. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളിൽ എന്താണ് നടക്കുന്നത്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു രാജ്യത്ത് കൊള്ളയും അഴിമതിയും ഇല്ലാത്ത നമ്പർ വൺ സംസ്ഥാനമായി കേരളം മാറിയെന്ന്. ഓഖി ഫണ്ട് തട്ടിപ്പ്, പ്രളയ ഫണ്ട് തട്ടിപ്പ്, പെൻഷൻ തട്ടിപ്പ്, ക്വാറി അഴിമതി, മണൽ കൊള്ള, ബാർ തട്ടിപ്പ്, ബ്ലൂവറി തട്ടിപ്പ്, ഭൂമി തട്ടിപ്പ്, കായൽ നികത്തൽ, ബന്ധുനിയമനം, സ്വാശ്രയ ഫീ കോഴ, ഹെലികോപ്റ്റർ അഴിമതി, ഡാറ്റ തട്ടിപ്പ്, മാർക്ക് ദാനം, ഭൂമികയ്യേറ്റം, ഡോളർ കടത്ത്, മയക്കുമരുന്ന് വ്യാപാരം, സ്വർണ്ണക്കടത്ത്, സഞ്ചി വാങ്ങൽ, ശർക്കര തട്ടിപ്പ്, ഓണക്കിറ്റ്, സ്പ്രിംഗ്ലർ, മസാല ബോണ്ട് തട്ടിപ്പ്, കിഫ്ബി അഴിമതി, പ്രളയ ഫണ്ട് തുടങ്ങി ഇനി ഏത് കാര്യമാണ് പറയാനുള്ളത്; എവിടെയാണ് നിങ്ങൾ നിൽക്കുന്നത്; നിങ്ങൾ മറുപടി പറയണം. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് വിഴിഞ്ഞം തുറമുഖ പദ്ധതി, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, സ്മാർട്ട് സിറ്റി പദ്ധതി, ലൈറ്റ് മെട്രോ പദ്ധതി, കഴക്കൂട്ടം ബൈപ്പാസ്, 12 മെഡിക്കൽ കോളേജുകൾ തുടങ്ങിയവയെല്ലാം കൊണ്ടുവന്നത്. എല്ലാ മണ്ഡലങ്ങളിലും സർക്കാർ കോളേജ് കൊണ്ടുവന്നത് ആരാണ്; നിങ്ങൾ കൊണ്ടുവന്നത് എന്താണ്? നിങ്ങൾക്ക് പ്രഖ്യാപിക്കാനുള്ളത് എന്താണ്; അതിന് നിങ്ങൾ മറുപടി പറയണം. പ്രാദേശിക ഇലക്ഷനിൽ തോറ്റെന്ന് വിചാരിച്ച് നിങ്ങൾ നടക്കണ്ട. എന്റെ മണ്ഡലത്തിലെ ഏഴ് പഞ്ചായത്തിൽ ആറ് പഞ്ചായത്തും ഇരുപതിനായിരത്തി അറുന്നൂറ് വോട്ടിന്റെ ലീഡും 18-ൽ 18 സീറ്റും ലഭിച്ചിട്ടുണ്ട്. അമ്പത് കൊല്ലം ഭരിച്ച ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പഞ്ചായത്തുവരെ നിങ്ങൾക്ക് നഷ്ടപ്പെട്ടു. പിന്നെയാണ് പി. കെ. ബഷീറിന്റെ പഞ്ചായത്ത് പോയതിനെക്കുറിച്ച് നിങ്ങൾ പറയുന്നത്. ആലപ്പുഴയിൽ ശ്രീ. സജി ചെറിയാൻ ജില്ലാ സെക്രട്ടറിയായി ഒരുപാട് പഞ്ചായത്തുകൾ നിങ്ങൾക്ക് ലഭിച്ചല്ലോ. ഇപ്പോൾ നിങ്ങൾക്ക് 8 പഞ്ചായത്തുകൾ നഷ്ടമായില്ലേ? 25-ഉം 30-ഉം വർഷം നിങ്ങളുടെ കൈവശമുണ്ടായിരുന്ന 8 പഞ്ചായത്തുകൾ നിങ്ങൾക്കിപ്പോൾ നഷ്ടമായില്ലേ? കണക്കൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കണ്ട. പഞ്ചായത്ത് ഇലക്ഷനിൽ കുടുംബ ബന്ധങ്ങളൊക്കെയുണ്ടാകും. എന്റെ ബന്ധുക്കളാരും പഞ്ചായത്ത് ഇലക്ഷനിൽ മത്സരിച്ചിട്ടില്ല. അത് നിങ്ങളാദ്യം മനസ്സിലാക്കണം. എനിക്ക് സി.പി.ഐ.യുടെ നേതാക്കന്മാരോട് പറയാനുള്ളത്, നിങ്ങൾക്ക് കേരള രാഷ്ട്രീയത്തിൽ അടിത്തറയും നിലപാടും ഉണ്ടാക്കിത്തന്നത് എൽ.ഡി.എഫ്.ന്റെ കൂടെ കൂടിയതിനുശേഷമല്ല, ഞങ്ങൾ വന്നതിനുശേഷമാണ്. ഇവിടെ സി. അച്യുതമേനോൻ രാജ്യസഭാ എം.പി. ആയപ്പോൾ 1969-ൽ കറിവേപ്പില പോലെ നിങ്ങളെ തട്ടിയപ്പോൾ ഞങ്ങളാണ് നിങ്ങളെ മുഖ്യമന്ത്രിയാക്കിയത്. അന്ന് മാർക്സിസ്റ്റുകാർ 'ചേലാട്ട് അച്യുതമേനോനെ ചേലിലാപ്പണി ചെയ്താല് ചേലാട്ടേക്ക് മടങ്ങില്ല' എന്ന് പറഞ്ഞില്ലേ. അന്ന് നിങ്ങളെ താങ്ങാൻ ഞങ്ങളും കോൺഗ്രസ്സും മാത്രമേ ഉണ്ടായിട്ടുള്ളൂ. നിങ്ങൾ

1970-ലും, അടിയന്തരാവസ്ഥ കാലഘട്ടത്തിലും 1977-ലും ഞങ്ങളുടെ കൂടെയല്ലേ? ഇന്ദ്രജിത്ത് ഗുപ്തയെ ആഭ്യന്തര വകുപ്പുമന്ത്രിയാക്കിയത് കോൺഗ്രസ് അല്ലേ; കമ്മ്യൂണിസ്റ്റുകാരാണോ? അവർ ആ മന്ത്രിസഭയിൽ തന്നെ ചേർന്നില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇങ്ങോട്ട് വരുന്നതിലാണ് നിങ്ങൾക്ക് പേടി. എന്തിനാണ് ഇത്രയും പേടി? ശ്രീ. എ. പ്രദീപ്കുമാറിനെ കോഴിക്കോട് നിന്ന് കേരള നിയമസഭയിലേയ്ക്ക് ആണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ശ്രീ. ചിറ്റയം ഗോപകുമാറിനെയും ശ്രീ. സി. ദിവാകരനെയും കേരള നിയമസഭയിലേയ്ക്കാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പാർലമെന്റിലേയ്ക്ക് അയച്ചോ? പിന്നെ എന്താണ് സംഭവിച്ചത്; ജനങ്ങൾ ഇവിടെത്തന്നെ നിന്നാൽ മതിയെന്നാണ് പറഞ്ഞത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിയമസഭയിൽ നിന്ന് രാജിവച്ച് പാർലമെന്റിലേയ്ക്കാണ് പോയത്. തിരിച്ച് ഇങ്ങോട്ട് വന്നാൽ ജനങ്ങൾ അംഗീകരിക്കും. നിങ്ങൾക്ക് ജനപിന്തുണയുള്ള നേതാക്കന്മാർ ഇല്ലാത്തതിൽ ഞാൻ എന്താണ് ചെയ്യേണ്ടത്. നിങ്ങൾ വെറുതെ ലീഗിനെ പറഞ്ഞിട്ട് എന്താണ് കാര്യം. നിങ്ങൾക്കാർക്കെങ്കിലും മനുഷ്യന്മാർ വോട്ട് ചെയ്യുമോ? കേരളത്തിൽ പഞ്ചായത്ത് ഇലക്ഷനിൽ 2010 ഒഴിച്ച് ഒരു കാലഘട്ടത്തിലും യു.ഡി.എഫ്.-ന് ഭൂരിപക്ഷം ലഭിച്ചിട്ടില്ല. 2011-ലാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെയും ശ്രീ. ജി. സുധാകരനെയും തോൽപ്പിച്ച പാരമ്പര്യം നിങ്ങൾക്കുണ്ട്. ശ്രീ. ജി. സുധാകരനെ കായംകുളത്ത് വച്ചതാരാണ്; കമ്മ്യൂണിസ്റ്റുകാരാണ്. മന്ത്രി ശുദ്ധനായതുകൊണ്ട് പറഞ്ഞില്ല. നിങ്ങൾ ആരെയാണ് തോൽപ്പിക്കാത്തത്? ശ്രീ. വി. എസ്. അച്ചുതാനന്ദനെ തോൽപ്പിച്ച കൂട്ടരാണ് നിങ്ങൾ. ഞങ്ങളെ സംരക്ഷിക്കാമെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങളെ ബംഗാളിൽ സംരക്ഷിക്കുന്നത് കോൺഗ്രസ്സാണ്. നിങ്ങളുടെ നിലനിൽപ്പിനുവേണ്ടിയാണ് 38 കൊല്ലം ഭരിച്ച ബംഗാളിൽ ഉളുപ്പില്ലാതെ കോൺഗ്രസ്സിന് പിന്നാലെ നടന്ന് സീറ്റ് വാങ്ങുന്നത്. ഇന്ത്യാ രാജ്യത്ത് എവിടെയാണ് നിങ്ങളുള്ളത്? ത്രിപുരയിൽ ഒറ്റ സീറ്റ് ബി.ജെ.പി.ക്ക് ഇല്ലായിരുന്നു. 25 കൊല്ലം നൃപൻ ചക്രവർത്തി ഭരിച്ചു. ഇപ്പോൾ ത്രിപുരയിൽ ബി.ജെ.പി. ഭരിക്കുന്നു. എവിടെയാണ് നിങ്ങൾ ബി.ജെ.പി.യെ തളയ്ക്കുന്നത്; നിങ്ങൾക്ക് എവിടെയാണ് അതിനുള്ള കപ്പാസിറ്റിയുള്ളത്? ബംഗാളിൽ 38 കൊല്ലം ഭരിച്ചു. അവിടത്തെ മൈനോറിറ്റികളെ മുഴുവൻ ചതിച്ചു. ന്യൂനപക്ഷ വിഭാഗങ്ങൾ താമസിക്കുന്ന മേഖലയിൽ ഒരു വികസനവും നടന്നിട്ടില്ലെന്ന് സച്ചാർ കമ്മീഷൻ പറഞ്ഞു. ജനങ്ങൾ മുഴുവൻ ശ്രീമതി മമതാ ബാനർജിയുടെ കൂടെപ്പോയി. ഇപ്പോൾ അവരെ തോൽപ്പിക്കാൻ വേണ്ടി നടക്കുകയാണ്. എത്ര കേന്ദ്ര കമ്മിറ്റിയും പോളിറ്റ് ബ്യൂറോകളും 72 മണിക്കൂറും കൂടിയിട്ടും കാര്യമില്ല. നിങ്ങളുടെ തലയിൽ കളിമണ്ണാണ്. ഒരു കുന്തവും നടക്കില്ല. നിങ്ങളും ഞങ്ങളും തമിഴ്നാട്ടിൽ ഒരുമിച്ചില്ലേ? ഞങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്തു.

എന്റെ ബാപ്പ ഉണ്ടായിരുന്ന സമയത്ത് എടവണ്ണ പഞ്ചായത്ത് നഷ്ടപ്പെട്ടിട്ടുണ്ട്. അത് അറിയുമോ നിങ്ങൾക്ക്? ശ്രീ. പിണറായി വിജയന്റെ ബൂത്തിലാണ് വടകര ലോക്സഭാ മണ്ഡലത്തിൽ ശ്രീ. കെ. മുരളീധരൻ ലീഡ് ചെയ്തത്. അക്കാര്യം പറയാത്തത് എന്താണ്? അത് പ്രത്യേക ജനുസാണല്ലോ. എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കണ്ട. എനിക്ക് ഒരു ബെല്ലും ബ്രേക്കും ഇല്ലാത്തതാണ്. നിങ്ങൾ മനസ്സിലാക്കിക്കൊള്ളൂ. ഡോ. ടി. എം. തോമസ് ഐസക്ക് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്, പ്രത്യേക ജനുസിന്റെ അനുയായി ആയതുകൊണ്ടാണ് ഇങ്ങനെ തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും വാഗ്ദാനങ്ങളുടെയും പെരുമഴ സമ്മാനിച്ചത്. 2021-ൽ ഞങ്ങൾ ശക്തമായി തിരിച്ചുവരും, നിങ്ങളുടെ കുറച്ചാളുകൾ ഇപ്പുറത്തിരിക്കും, ഞങ്ങൾ അപ്പുറത്തിരിക്കും. അതാണ് സംഭവിക്കാൻ പോകുന്നത്. ബി.ജെ.പി.യെ വളർത്താൻവേണ്ടി ഭൂരിപക്ഷ വർഗ്ഗീയതയെ താലോലിച്ച് ഇങ്ങനെ നടക്കുന്ന സി.പി.ഐ.(എം)-നോട് എനിക്ക് പറയാനുള്ളത്, നിങ്ങൾ കുറച്ചുദിവസമായി ഞങ്ങളുടെ നേരെയിങ്ങനെ കൂടുന്നത്, നിങ്ങൾ ആരെയാണ് വളർത്തുന്നത്; ആർ.എസ്.എസ്.നെയോ; എവിടെയാണ് സി.പി.ഐ. (എം.)-ന്റെ നയമൊക്കെ പോയത്? ന്യൂനപക്ഷം എന്നുപറഞ്ഞ്, കുഞ്ഞാലിക്കുട്ടി, ഹസ്സൻ, മൊയ്തിയാർ എന്നൊക്കെ പറഞ്ഞു നിങ്ങൾ നടക്കുന്നുണ്ടല്ലോ; അമീറിന്റെ പച്ച മലയാളമാണ് മൊയ്തിയാർ. നിങ്ങൾ എവിടെയാണ് പോകുന്നത്? ഗോൾവാക്കർ പറഞ്ഞ പ്രസ്താവന നിങ്ങൾ കേൾക്കണം, " Hindus, don't waste your energy fighting the British; save your energy to fight our internal enemies that are Muslims, Christians and Communists" . അതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. നിങ്ങൾക്ക് പണ്ടത്തെ ബന്ധമുണ്ടല്ലോ; ശ്രീ. എൽ. കെ. അദ്വാനി, അടൽ ബിഹാരി വാജ്പേയി, ഹർകിഷൻ സിംഗ് സുർജിത്ത്, ജ്യോതിബസു എല്ലാവരും പോയി ചോറും ചായയും കഴിച്ച് ഒന്നരകൊല്ലം ഒരുമിച്ചുനിന്ന ആ പഴയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഞങ്ങളെ പറയരുത്. നിങ്ങൾ ബി.ജെ.പി.യെ വളർത്തുകയാണ്. ഭൂരിപക്ഷ വർഗ്ഗീയതയെ വളർത്തുകയാണ് ചെയ്യുന്നത്. എവിടേയ്ക്കാണ് സി.പി.ഐ.(എം)-ന്റെ പോക്ക്? നിങ്ങൾ ജമാഅത്തെ ഇസ്ലാമിയുടെ കൂടെ നിന്ന് 1977 മുതൽ മലപ്പുറം ജില്ലയിലെ പറപ്പൂര് പഞ്ചായത്തിൽ ഞങ്ങളെ തോൽപ്പിച്ചത് നിങ്ങൾ എല്ലാവരും കൂടിയല്ലേ? ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന, ഒരു നല്ല കമ്മ്യൂണിസ്റ്റുകാരനാണ് ശ്രീ. പാലൊളി മുഹമ്മദ്കുട്ടി. അദ്ദേഹം സത്യം പറഞ്ഞല്ലോ. ആ പത്രം എടുത്ത് വായിച്ചു നോക്കൂ. നിങ്ങൾ ദേശാഭിമാനി മാത്രം വായിക്കരുത്, ബാക്കിയുള്ള പത്രം കൂടി എടുത്ത് വായിക്കണം. നിങ്ങൾ എല്ലാ പത്രങ്ങളും വായിച്ചാൽ മാത്രമേ നിങ്ങൾക്ക് വിവരം കിട്ടുകയുള്ളൂ. അല്ലെങ്കിൽ നിങ്ങൾക്കൊന്നും കിട്ടില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. കെ. ബഷീർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വ്യാപാരികളുടെ ആംനസ്റ്റി സ്കീമിനെക്കുറിച്ച് പറയാനുണ്ട്. മൂന്നുനാല് വർഷം വ്യാപാരികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുണ്ടായിരുന്നു. അതിൽ വ്യാപാരികൾ പങ്കെടുക്കാത്തത് എന്തുകൊണ്ടാണ്? ആംനെസ്റ്റി സ്കീം പ്രകാരം അഞ്ച് വർഷത്തേത് ഒറ്റത്തവണയായി അടയ്ക്കണമെന്നാണ് പറയുന്നത്. അതിൽ രണ്ട് വർഷം ex-parte assessment ആയിരിക്കും. നോട്ടീസ് ഇല്ലാതെ ബൂസ്റ്റ് ചെയ്ത് എമൗണ്ട് കെട്ടിയിട്ടുണ്ടാകും. ഉദാഹരണത്തിന് അഞ്ച് കൊല്ലത്തിന് അമ്പത് കോടി രൂപ അടയ്ക്കാനാണ് നോട്ടീസ് കൊടുത്തതെങ്കിൽ, ആദ്യ രണ്ട് കൊല്ലം ex-parte assessment ആകുമ്പോൾ 30 കോടി രൂപയുണ്ടാകും. അത് വ്യാപാരികൾ അടയ്ക്കേണ്ട തുകയല്ല. അതിന് കേസ് കൊടുത്തിട്ടുണ്ടാകും. അങ്ങനെയുള്ള കേസുകളിൽ മൂന്ന് വർഷത്തെ അസസ്സ്മെന്റ് ക്ലിയറാക്കാൻ കഴിയില്ലേ. ആംനെസ്റ്റി ഓരോ വർഷത്തിനായി വയ്ക്കാം. കേസുമായി പോകേണ്ടതില്ല. പ്രായോഗികമായി നടപ്പിലാക്കാനുള്ള നിലപാട് മാത്രമാണ് ഞാൻ പറഞ്ഞത്. കൂടുതൽ തുക അടയ്ക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കണം. അതുകൂടി അങ്ങ് പരിഗണിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. 2019-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 2019 ആഗസ്റ്റ് മുതൽ കേരള പ്രളയ സെസ് ഏർപ്പെടുത്തി. ഇതുപ്രകാരം 2019 മുതൽ നാളിതുവരെ എത്ര രൂപ പിരിഞ്ഞുകിട്ടി എന്നത് സംബന്ധിച്ച കണക്കുകളൊന്നും ജി.എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ സൈറ്റിൽ കാണുന്നില്ല. മാത്രമല്ല, പ്രളയ സെസ് എന്നുപറയുമ്പോൾ ഏത് പർപ്പസിനാണ് ഉപയോഗിക്കുന്നത്. വ്യവസ്ഥ ചെയ്തിരിക്കുന്ന പർപ്പസിനുതന്നെ ഉപയോഗിക്കണ്ടേ; അതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ടോ? പ്രസ്തുത തുക പ്രളയ ദുരിതാശ്വാസത്തിനുവേണ്ടിയാണോ ഉപയോഗിച്ചത് എന്നത് സംബന്ധിച്ച് അങ്ങയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എത്ര പരിശോധിച്ചിട്ടും ഇത് വെബ്സൈറ്റിൽ കാണുന്നില്ല. ചോദ്യം ചോദിച്ചാൽ മറുപടിയും ലഭിക്കുന്നില്ല. എനിക്ക് അപ്പുറത്തിരിക്കുന്ന ആളുകളോട് പറയാനുള്ളത് പ്രാദേശിക തെരഞ്ഞെടുപ്പിൽ നിങ്ങളുടെ വിജയം കണ്ട് ഊറ്റം കൊള്ളണ്ട എന്നുമാത്രമാണ്. സുനാമിയുടെ സമയത്ത് കടൽ ഉൾവലിഞ്ഞപ്പോൾ അതുകണ്ട് ആസ്വദിക്കാൻ ഒരുപാട് ആളുകൾ ഓടിക്കൂടി. പിന്നീട് ആ കടൽ തിരിച്ചടിച്ച് എല്ലാ പ്രതിബന്ധങ്ങളെയും തകർത്ത് തരിപ്പണമാക്കി. ആഞ്ഞടിച്ച തിരമാലയായി അതുമാറി. അതുപോലെ 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അതിശക്തമായി തിരിച്ചുവരുമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. പാലക്കാട് കുഴൽമന്ദം ജി.എച്ച്.എസ്.-ലെ ഏഴാം ക്ലാസുകാരി കെ. സ്നേഹ എന്ന കുട്ടിയുടെ ഒരു കവിത ഉദ്ധരിച്ചുകൊണ്ടാണ് അങ്ങയുടെ ബഡ്ജറ്റ് ആരംഭിച്ചത്. അതിനുശേഷം ആ സ്കൂളിന്റെ സ്ഥിതി പത്രമാധ്യമങ്ങളിലൂടെ പ്രത്യേകിച്ച് സോഷ്യൽ മീഡിയയിലൂടെ വൈറലായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. എം.എൽ.എ.മാരുടെ അസ്സറ്റ് ഡെവലപ്മെന്റ് ഫണ്ടും മറ്റും ഉപയോഗിച്ച് ഞങ്ങളുടെയെല്ലാം മണ്ഡലങ്ങളിലെ എല്ലാ സ്കൂളുകളും മോഡിഫൈ ചെയ്തു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങയുടെ മറുപടി പ്രസംഗത്തിൽ ആ സ്കൂൾ നവീകരിക്കുന്നതിനുവേണ്ടി തുക ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഡ്ജറ്റിലെ എല്ലാ പേജുകളിലും കൊച്ചുകുട്ടികളുടെ മനോഹരങ്ങളായ കവിതകളാണ്. ഇത് കാണുമ്പോൾ പ്രശസ്ത കവി എസ്. ജോസഫിന്റെ കവിതയാണ് എനിക്ക് ഓർമ്മ വരുന്നത്.

"ദുഃഖങ്ങളൊക്കെ കവിതകളാക്കുവാൻ
ദുഃഖമേ നീയെന്റെ കൂടെയുണ്ടാകണേ"

എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ദുഃഖങ്ങൾകൊണ്ടും ദുരന്തങ്ങൾകൊണ്ടും പുകമറ തീർത്ത് ആ പുകമറയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയെയാണ് ഈ ബഡ്ജറ്റിലൂടെ കാണാൻ കഴിയുന്നത്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച എല്ലാ ബഡ്ജറ്റുകളും വായിച്ചുകഴിയുമ്പോൾ നമുക്ക് കോൾമയിർകൊള്ളുന്ന അവസ്ഥയുണ്ടാകും. ഈ ബഡ്ജറ്റും അങ്ങനെതന്നെയാണ്. ഒരു ഉദാഹരണം പറയാം. പ്രായമായ ഒരാൾ 92-ാം വയസ്സിൽ അദ്ദേഹത്തിന്റെ അന്ത്യം അടുത്തുവെന്ന് തോന്നിയപ്പോൾ അദ്ദേഹവുമായി പിണങ്ങിക്കഴിഞ്ഞിരുന്ന എല്ലാ മക്കളേയും അടുത്ത് വിളിച്ചു. അഞ്ചെട്ട് മക്കളുണ്ടായിരുന്നു. അവർക്ക് ഓരോരുത്തർക്കും ഓരോ സ്ഥലം വാങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. വണ്ടൻമേട്ടിൽ നിനക്ക് 5 ഏക്കർ വാങ്ങിയിട്ടുണ്ട്, എറണാകുളം സിറ്റിയിൽ ബ്രോഡ്‌വേയിൽ ഒരു കെട്ടിടം നിനക്കായി വാങ്ങിയിട്ടുണ്ടെന്ന് ഇളയ ആളിനോട് പറഞ്ഞു. വയനാട്ടിൽ തേയിലത്തോട്ടം വാങ്ങിയിട്ടുണ്ടെന്ന് മൂന്നാമത്തെ ആളിനോട് പറഞ്ഞു. ഇതിന്റെയെല്ലാം വിൽപ്പത്രം അവരെ വായിച്ച് കേൾപ്പിക്കുകയാണ്. അത് വായിച്ച് കേട്ടപ്പോൾ മക്കൾക്കും അപ്പനോട് വലിയ ബഹുമാനം തോന്നി. കാരണം ഇതെല്ലാം വാങ്ങി ഞങ്ങൾക്കുവേണ്ടി ഇത്രയുംകാലം കാത്തുസൂക്ഷിച്ചിരുന്ന അപ്പനോട് മക്കൾക്ക് വളരെ ബഹുമാനം തോന്നി. അപ്പന്റെ ആയുസ്സിനുവേണ്ടി വീണ്ടും അവർ പ്രാർത്ഥിക്കുകയാണ് ചെയ്തത്. അപ്പന്റെ കാലശേഷം മക്കൾ ഈ വിൽപ്പത്രവുമായി

പോക്കുവരവ് ചെയ്യാനും അവരവരുടെ പേരിലാക്കാനും ചെന്നപ്പോൾ അപ്പൻ വെറുതെ വിൽപ്പത്രം തയ്യാറാക്കി വച്ചിരിക്കുന്നതല്ലാതെ രേഖകളിലൊന്നുമില്ല. 92 വയസ്സായ അപ്പൻ വിൽപ്പത്രം തയ്യാറാക്കി വച്ചതുപോലെ കാലാവധി പൂർത്തിയാക്കാൻ പോകുന്ന ഗവൺമെന്റിന്റെയും രേഖ തയ്യാറാക്കി വയ്ക്കുക മാത്രമാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചെയ്തത്. എല്ലാം പ്രഖ്യാപനങ്ങളാണ്. കഴിഞ്ഞ ബഡ്ജറ്റിലും ഞാൻ അങ്ങയോട് ഒരു കാര്യം പറഞ്ഞു. അങ്ങ് ധനകാര്യവും കയറും വകുപ്പുമന്ത്രിയാണ്. അങ്ങയുടെ വകുപ്പിൽ പാക്കേജ് പ്രഖ്യാപന വകുപ്പുമന്ത്രി എന്നുകൂടി ചേർക്കണം. ഈ ബഡ്ജറ്റുകളിലെല്ലാം പ്രഖ്യാപനങ്ങൾ മാത്രമാണുള്ളത്. അതുകൊണ്ട് കയറും ധനകാര്യവും പാക്കേജ് പ്രഖ്യാപനവും വകുപ്പുമന്ത്രി എന്നാക്കണം. ഈ ബഡ്ജറ്റുകളിൽ പറഞ്ഞിട്ടുള്ള പ്രഖ്യാപനങ്ങളേതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ? പ്രതിപക്ഷം പറയുന്നത് ആരോപണമാണോ എന്നുള്ളതിന് ഞാൻ കുറച്ചുകാര്യങ്ങൾ ചോദിക്കുകയാണ്. ആദിവാസികൾക്ക് ഒരേക്കർ ഭൂമി വീതം, അതുകൂടാതെ 3000 കോടി രൂപയുടെ തീരദേശപാക്കേജ് അങ്ങനെ രണ്ട് പാക്കേജുകൾ പ്രഖ്യാപിച്ചു. 5000 കോടി രൂപയുടെ ഇടുക്കി പാക്കേജ്, 3400 കോടി രൂപയുടെ കുട്ടനാട് പാക്കേജ് എന്നിവ രണ്ട് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചു. 2000 കോടി രൂപയുടെ വയനാട് പാക്കേജ്, 5000 ഏക്കറിൽ ഇൻഡസ്ട്രിയൽ പാർക്ക്, ഐ.ടി., ബയോടെക്നോളജി, ടൂറിസം മേഖലകളിൽ പത്ത് ലക്ഷം പേർക്ക് തൊഴിൽ, കൃഷി, നിർമ്മാണം, ചെറുകിട വ്യവസായ മേഖലയിൽ 15 ലക്ഷം പേർക്ക് തൊഴിൽ, എല്ലാവർക്കും ആരോഗ്യ ഇൻഷ്വറൻസ്, മറ്റ് സംസ്ഥാനങ്ങളിൽനിന്നും സ്ഥലം പാട്ടത്തിനെടുത്ത് കശുവണ്ടി കൃഷി ആരംഭിക്കും, മലയോര ഹൈവേയ്ക്ക് 3500 കോടി രൂപ, തീരദേശ ഹൈവേയ്ക്ക് 6580 കോടി രൂപ, തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്ക് 4219 കോടി രൂപ, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്ക് 2509 കോടി രൂപ, വ്യവസായ പാർക്കുകൾക്ക് 6700 ഏക്കർ ഭൂമി, പതിനായിരം പട്ടികവിഭാഗങ്ങൾക്ക് പുതിയതായി തൊഴിൽ, വൈദ്യുതിയുള്ള എല്ലാ വീടുകൾക്കും ഇന്റർനെറ്റ് കണക്ഷൻ, ആഴക്കടൽ മണൽ ഖനനം തുടങ്ങും, മൂന്ന് മൊബൈൽ ഫോൺ നിർമ്മാണ യൂണിറ്റുകൾ തുടങ്ങും, സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണം, ഗൾഫിൽ പബ്ലിക് സ്കൂളുകളും പ്രൊഫഷണൽ കോളേജുകളും തുടങ്ങും, അൺഎയ്ഡഡ് അദ്ധ്യാപകർക്ക് മിനിമം വേതന നിയമം, കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി, കടൽ മാലിന്യത്തിൽനിന്ന് ഡീസൽ, ഖരമാലിന്യത്തിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് തുടങ്ങി ഇനിയും ഒട്ടനവധി പദ്ധതികളുണ്ട്. അതെല്ലാംകൂടി പറയാൻ നിന്നാൽ എനിക്ക് ബാക്കി കാര്യങ്ങൾ പറയാൻ സമയം തികയുകയില്ല. ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചതുപോലെ അങ്ങ് നല്ല സാമ്പത്തിക

വിദഗ്ധനാണെന്നാണ് ഞങ്ങളെല്ലാം വിശ്വസിച്ചിരിക്കുന്നത്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഈ നാലര വർഷക്കാലത്തിനിടയിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ കണക്ക് പുറത്തുവിടാൻ കഴിയുമോ? നമ്മുടെ സംസ്ഥാനം കടത്തിൽനിന്ന് കടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. അത്യാവശ്യത്തിന് കടം വാങ്ങണം. അതിനൊന്നും ഞങ്ങൾ എതിരല്ല. കേരളം പോലൊരു സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ കടം വാങ്ങാതെ മുന്നോട്ടുപോകാൻ കഴിയില്ല. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പൊതുകടം 109730 കോടി രൂപയും കടബാദ്ധ്യത 157370 കോടി രൂപയുമായിരുന്നു. 30-11-2020-ൽ അത് യഥാക്രമം 190982 കോടി രൂപയും 251200 കോടി രൂപയുമായി. അതായത് കടബാദ്ധ്യത 157370 കോടി രൂപയിൽനിന്ന് 251000 കോടി രൂപയിലേയ്ക്കുയർന്നു. 60 വർഷം കേരളം ഭരിച്ച എല്ലാ സർക്കാരുകളുംകൂടി വരുത്തിയ അത്രയും കടമാണ് സാമ്പത്തിക വിദഗ്ധനായ ഡോ. ടി. എം. തോമസ് ഐസക് നാലര വർഷംകൊണ്ട് കേരളത്തിനുവേണ്ടി സംഭാവന ചെയ്തത്. കടം വാങ്ങലല്ലാതെ നികുതി പിരിച്ചെടുക്കാൻ ധനകാര്യ വകുപ്പുമന്ത്രി കാര്യമായൊന്നും ചെയ്യുന്നില്ല. നികുതി പിരിച്ചെടുക്കണ്ടേ? അതിനുപകരമായി കടം വാങ്ങുകയാണ്. കടം വാങ്ങാൻ ആർക്കും കഴിയും. പൊതുകടത്തിനും ബാക്കിയുള്ള കടങ്ങൾക്കുമെല്ലാം പുറമെ കിഫ്ബിയിലെ കടം 15000 കോടി രൂപ കഴിഞ്ഞിരിക്കുന്നു. ആരാണ് ഈ കടമെല്ലാം വീട്ടുന്നത്? ഇനി വരാൻ പോകുന്ന സർക്കാരിന്റെ ബാദ്ധ്യതയായിരിക്കും. സംസ്ഥാന സർക്കാരിന്റെ പൊതുകടം വീട്ടാൻ ഒരേയൊരു സ്ഥാപനമേ നിലവിലുള്ളൂ. അത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. അവർ വിചാരിച്ചാൽ ഒരുപക്ഷേ ഈ കടം വീട്ടാൻ കഴിഞ്ഞേയ്ക്കാം. വേറൊരാൾക്കും ഈ കടം വീട്ടാൻ കഴിയുമെന്ന് തോന്നുന്നില്ല. കടം വാങ്ങി ധൂർത്തടിക്കാൻ യഥാർത്ഥത്തിൽ ഒരു സാമ്പത്തിക വിദഗ്ധന്റെ ആവശ്യമില്ല. ഐസക് എന്ന് പേരുള്ളവരെ ശ്രദ്ധിച്ചാൽ അവരെല്ലാവരും വളരെ മിടുക്കന്മാരായിരിക്കും. നമ്മുടെ നാട്ടിൽ നോക്കിയാൽ എല്ലാവരും കാണാനും നല്ല ഗെറ്റപ്പാണ്. കൂടാതെ അവർക്കെല്ലാം ഒരു പ്രത്യേകത കാണും. ഒന്നുകിൽ ബുദ്ധിജീവികളോ അല്ലെങ്കിൽ പ്രൊഫസർമാരോ വായനക്കാരോ ആയിരിക്കും. നമ്മുടെ തോമസ് ഐസക് സാറിനെ കണ്ടാലും ഏകദേശം അതുപോലെയൊക്കെയാണ്. കണ്ടുകഴിഞ്ഞാൽ നല്ല മിടുക്കനാണ്, കാണാനും കൊള്ളാം, നല്ല കഷണ്ടിയാണ്. അദ്ദേഹം നല്ല ബുദ്ധിമാനും സാമ്പത്തിക വിദഗ്ധനുമാണെന്നൊക്കെ ധരിച്ച് നമ്മളും ഇങ്ങനെ പോകുകയാണ്. ചരിത്രമെടുത്ത് പരിശോധിക്കുമ്പോൾ ഐസക് എന്ന് പേരുള്ള എല്ലാ ആളുകളും നല്ല

മിടുക്കന്മാരാണ്. അതായത് ഐസക് ന്യൂട്ടന്റെ മൂന്നാമത്തെ തിയറിയിൽ " for every action there is an equal and opposite reaction" എന്നാണ് അദ്ദേഹം കണ്ടുപിടിച്ചത്. ഡോ. ടി. എം. തോമസ് ഐസക് സാർ കണ്ടുപിടിച്ചിരിക്കുന്നത് " every auction there is equal commission" എന്നാണ്. അതായത് ലേലം വിളിക്കുക, അതിൽനിന്നുള്ള കമ്മീഷനൊക്കെ വാങ്ങുക. പ്രതിപക്ഷം ലൈഫ് പദ്ധതിക്ക് അനുകൂലമായി നിൽക്കുന്നവരാണ്. കാരണം ലൈഫ് പദ്ധതിയിലൂടെ ധാരാളം ആളുകൾക്ക് വീട് നിർമ്മിച്ചുകൊടുത്തതുകൊണ്ട് ഞങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കുന്നു. അതിലെ അഴിമതിയാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. അല്ലാതെ വേറെയൊന്നുമല്ല. ലൈഫ് പദ്ധതിക്കുവേണ്ടി കടം വാങ്ങിയ തുകയിൽ, ആകെ 20 കോടി രൂപ മാത്രമേ വാങ്ങിയിട്ടുള്ളൂ, അതിൽത്തന്നെ 9.5 കോടി രൂപ സ്വപ്നയും ശിവശങ്കറും മറ്റ് ടീമുകളും അടിച്ചുമാറ്റി. ധനകാര്യ വകുപ്പുമന്ത്രി ഇതെല്ലാം മുൻകൂട്ടി കണ്ട് ഒരു കാര്യം ചെയ്തു. ജയിൽ നവീകരണത്തിനുവേണ്ടി 18 കോടി രൂപ അനുവദിച്ചു. അത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ്. സ്വപ്നയ്ക്കും ശിവശങ്കറിനും ബാക്കി പുറകെ ചെല്ലുന്ന ആളുകൾക്കും സുഖമായി താമസിക്കാൻവേണ്ടി അങ്ങ് ദീർഘവീക്ഷണത്തോടെ ചെയ്ത പ്രവൃത്തിയെ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ നാട്ടിൽ കടം വാങ്ങുന്നവർക്കും പലിശക്കാർക്കും ഒരേ മനോഭാവമാണ്. കാരണം വാങ്ങുന്നവൻ എപ്പോഴും വാങ്ങിക്കൊണ്ടിരിക്കും, കൊടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയില്ല. പലിശക്കാരനാണെങ്കിൽ പലിശയ്ക്ക് പണം കൊടുത്തുകൊണ്ടിരിക്കും, അവന് മുതൽ കിട്ടണമെന്നില്ല. പലിശ മാത്രം കിട്ടിയാൽ മതി. അതേ വികാരത്തിലാണ് ഡോ. ടി. എം. തോമസ് ഐസക് സാർ നാലരവർഷക്കാലം മുന്നോട്ടു പോയിക്കൊണ്ടിരുന്നത്. അദ്ദേഹത്തിന്റെ മനസ്സ് ഇനിയെങ്കിലും മാറുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഉദാഹരണമായി, എന്റെ നാട്ടിൽ കുറുപ്പ് എന്ന ഒരു പലിശക്കാരനുണ്ട്. അദ്ദേഹം പലിശയ്ക്ക് പണം കൊടുത്തുകൊണ്ടിരിക്കും, പലിശ വാങ്ങിക്കൊണ്ടിരിക്കും. മുതൽ തരാമെന്ന് പറഞ്ഞാൽ വേണ്ട കയ്യിൽ ഇരുന്നോട്ടെ, പലിശ തന്നാൽ മതിയെന്ന് പറയും. അദ്ദേഹത്തിന് 51, 52 വയസ്സൊക്കെയായി. കോടിക്കണക്കിന് സ്വത്തുമായി. പ്രായമൊക്കെയായ സ്ഥിതിക്ക് ഇങ്ങനെയൊക്കെ പോയാൽ മതിയോ എന്ന് ചോദിച്ച് അദ്ദേഹത്തെ കല്യാണം കഴിപ്പിക്കാൻ ബന്ധുക്കളും മറ്റെല്ലാവരുംകൂടി നിർബന്ധിച്ചു. കാരണം ഈ സ്വത്തിനെല്ലാം അവകാശികൾ വേണ്ടേ? അവകാശികളുണ്ടാകാൻവേണ്ടി അദ്ദേഹത്തെ നിർബന്ധിച്ച് കല്യാണം കഴിപ്പിച്ചു. കല്യാണമൊക്കെ കഴിപ്പിച്ച് അദ്ദേഹത്തെ ആദ്യരാത്രി മുറിയിൽക്കൊണ്ടിരുത്തി. ആദ്യരാത്രിയിൽ കല്യാണം കഴിച്ച പെൺകുട്ടി ഒരു ഗ്ലാസ് പാലുമായി മുല്ലപ്പൂവൊക്കെ ചൂടിവന്നു. മുല്ലപ്പൂവ് ചൂടി

അകത്തുവന്നപ്പോൾ നല്ല മണമൊക്കെ വന്നു. ആ സമയത്ത് പലിശക്കാരൻ കുറുപ്പ് അദ്ദേഹത്തിന്റെ പലിശ പുസ്തകമെടുത്ത് നോക്കിക്കൊണ്ടിരിക്കുകയാണ്. കല്യാണ ദിവസം പലിശ വാങ്ങാൻ കഴിയാത്തതുകൊണ്ട് ആളുകളുടെ ലിസ്റ്റെടുത്ത് നോക്കുകയാണ്. ആ പെൺകുട്ടി അങ്ങോട്ടുമിങ്ങോട്ടുമൊക്കെ മാറിയും മറിഞ്ഞുമൊക്കെ പോയിട്ടും ഒരു രക്ഷയുമില്ല. അദ്ദേഹം തിരിഞ്ഞുപോലും നോക്കുന്നില്ല. പലിശ പുസ്തകത്തിൽ മാത്രമാണ് നോക്കിയിരിക്കുന്നത്. അവസാനം പെൺകുട്ടി ജനലിന്റെ വാതിൽ പതുക്കെ തുറന്ന് പുറത്തേയ്ക്കുനോക്കി പറഞ്ഞു, എത്ര മനോഹരം, എത്ര നല്ല നിലാവാണ് പുറത്ത് എന്നുപറഞ്ഞപ്പോൾ അങ്ങനെയാണെങ്കിൽ ഞാൻ പുറത്തുപോയി മീൻ കച്ചവടക്കാരന്റെ കയ്യിൽനിന്നും പലിശ വാങ്ങിക്കൊണ്ടുവരാമെന്ന് പറഞ്ഞ് ആദ്യരാത്രിയിൽ ഇറങ്ങിപ്പോയ ആ പലിശക്കാരൻ കുറുപ്പിന്റെ അവസ്ഥയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റേത്. കേരളത്തിലെ ആളുകളെ കടക്കെണിയിലാക്കി വീണ്ടും വീണ്ടും കടം വാങ്ങാൻ പോകുന്ന സ്ഥിതിയിലേയ്ക്കാണ് ഇന്ന് കേരളം പോയിക്കൊണ്ടിരിക്കുന്നത്. കിഫ്ബിയായാലും പൊതുകടമായാലും പലിശ കുറച്ചുകൊണ്ടുവരാനുള്ള സ്ഥിതിയുണ്ടാകണമെന്നാണ് എനിക്ക് ഡോ. ടി. എം. തോമസ് ഐസക് സാറിനോട് പറയാനുള്ളത്. അല്ലെങ്കിൽ വരാൻ പോകുന്ന യു.ഡി.എഫ്. സർക്കാരിൽ ഈ ബാദ്ധ്യതകളെല്ലാം വന്നുചേരും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞങ്ങൾക്ക് വേറൊരു അഭിപ്രായവ്യത്യാസവുമില്ല. കടം വാങ്ങുന്നത് കുറയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തുതരണമെന്ന് പറഞ്ഞുകൊണ്ടും ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഈ സർക്കാർ അധികാരമേറ്റപ്പോൾ ഏതാണ്ട് എല്ലാ മേഖലയും വറ്റിവരണ്ട അവസ്ഥയിലായിരുന്നു. സമസ്തമേഖലയും ഊർവ്വരമാക്കുകയെന്ന ഉത്തരവാദിത്വമാണ് ഇവിടെ അഞ്ച് വർഷമായി ശ്രീ. പിണറായി വിജയൻ ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത ഇതൊരു ബദൽ ബഡ്ജറ്റാണ് എന്നതാണ്. കേന്ദ്ര സർക്കാരിന്റെ അവഗണനയും അടിക്കടിയുണ്ടായ പ്രതിസന്ധികളെയും അതിജീവിക്കാനുതകുന്ന ബഡ്ജറ്റാണിത്. കേരളത്തിന്റെ വിജ്ഞാനസമൂഹത്തെ ഉയിർത്തെഴുന്നേൽപ്പിക്കുന്ന ബഡ്ജറ്റാണ്. സമസ്ത മേഖലയെയും സ്പർശിച്ച ബഡ്ജറ്റാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ, സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, ആദിവാസികൾ,

മുന്നോക്കക്കാരിലെ പിന്നോക്കക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ അഡ്രസ്സ് ചെയ്ത ഒരു ബഡ്ജറ്റാണ്. ക്ഷേമപ്രവർത്തനങ്ങൾക്കായി നൂറുകണക്കിന് പദ്ധതികൾ യാഥാർത്ഥ്യമാക്കുന്ന ഒരു ബഡ്ജറ്റാണ്. കോവിഡ്-19, ഓഖി, നിപ, പ്രളയം ഇവയുടെയെല്ലാം അതിജീവനത്തിന്റെ ബഡ്ജറ്റാണ്. വലിയ പ്രതിസന്ധിയാണ് ഈ കാലയളവിൽ നമ്മൾ നേരിട്ടത്. കഴിഞ്ഞ 5 വർഷക്കാലം ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്കായിരുന്നു കേരളത്തിന്റേത്. എന്നാൽ കഴിഞ്ഞ വർഷം വളർച്ചാനിരക്ക് താഴോട്ടുപോയി. അതിന് ഒരുപാട് കാരണങ്ങളുണ്ട്. ഓഖി ചുഴലിക്കാറ്റ്, പ്രളയം, കോവിഡ്-19, ആഗോളവ്യാപാരരംഗം നിലച്ചത്, മിക്ക കാർഷിക വിളകളുടെയും ആഭ്യന്തരവില കുത്തനെ ഇടിഞ്ഞത്, കേന്ദ്ര ഗവൺമെന്റ് നയങ്ങൾ, സ്വകാര്യവൽക്കരണം, കാർഷികമേഖലയിലെ കോർപ്പറേറ്റ് നയങ്ങൾ, നോട്ടുനിരോധനം, സംസ്ഥാനത്തോട് കാണിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ചിറ്റമ്മ നയം, ദുരന്തഘട്ടങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെയും യു.ഡി.എഫ്.-ന്റെയും എതിർ നിലപാടുകൾ എന്നിവയെയെല്ലാം അതിജീവിച്ചാണ് കേരളം മുന്നോട്ടുപോയത്. നിരവധി പദ്ധതികൾ ഈ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയും അതുമായി മുന്നോട്ടുപോകുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രണ്ട് ഘട്ടങ്ങളിലെ നൂറിന പരിപാടികൾ, 60,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ, അഴിമതിരഹിത ഭരണം, നിശ്ചയദാർഢ്യമുള്ള സമീപനം, പുതിയ പാലം നിർമ്മാണം അങ്ങനെ 5 വർഷംകൊണ്ട് 5.9 ശതമാനം സാമ്പത്തിക വളർച്ച നേടിയ സംസ്ഥാനമായി കേരളം മാറി. വിലക്കയറ്റം നിയന്ത്രിച്ചു, കേരള ബാങ്ക് രൂപീകരിച്ചു, മത്സ്യ ഉല്പാദന മേഖലയിൽ വലിയ മാറ്റമുണ്ടായി, ജലസേചന വിസ്തൃതിയിൽ മാറ്റമുണ്ടായി, വനഭൂമിയുടെ അളവിൽ മാറ്റമുണ്ടായി, ഹരിതകേരള മിഷൻ വഴി ജലസംരക്ഷണവും മാലിന്യനിർമ്മാർജ്ജനവും യാഥാർത്ഥ്യമാക്കി, വിപുലമായ പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തി, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പരിഷ്കാരം നടപ്പിലാക്കി തുടങ്ങി ഒട്ടനവധി ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കി. 46081 തൊഴിലവസരങ്ങൾ കേരളത്തിലെ ചെറുകിട ഇടത്തരം മേഖലയിലൂടെ ലഭിച്ചു. കയർ, കശുവണ്ടി, ഖാദി അടക്കമുള്ള പരമ്പരാഗത വ്യവസായങ്ങൾ ഉയർത്തെഴുന്നേറ്റു. സ്റ്റാർട്ട് അപ്പുകൾ വഴി 1500 കോടി രൂപയുടെ നിക്ഷേപവും ഒരുലക്ഷം കോടി രൂപയുടെ മൂല്യസൃഷ്ടികളും 25,000 തൊഴിലവസരങ്ങളും നേടി.

2018-19-ലെ പ്രളയം അതിവേഗം അതിജീവിക്കുന്നതിന് കഴിഞ്ഞു. വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി, 45,000 ക്ലാസ് മുറികൾ ഹൈടെക്കാക്കി. എല്ലാ സ്കൂളുകളും ഹൈടെക്കാക്കി. ബഹുഭൂരിപക്ഷം സ്കൂളുകൾക്കും കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. ആരോഗ്യമേഖല ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായി. ഈ ഘട്ടത്തിൽ നിക്ഷേപസൗഹൃദ സംസ്ഥാനമായി കേരളം മാറി. സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1,600 രൂപയായി വർദ്ധിപ്പിച്ചു. കേരളം തൊഴിലാളി സൗഹൃദ സംസ്ഥാനമായി മാറി. സ്ത്രീകളുടെ തൊഴിൽ പ്രാതിനിധ്യം 16.4 ശതമാനത്തിൽനിന്ന് 20.4 ശതമാനമായി വർദ്ധിച്ചു. നൈപുണ്യവികസന രംഗത്ത് മാറ്റങ്ങളുണ്ടായി. കായികരംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയായി. എല്ലാ ജില്ലകളിലും അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നിർമ്മിച്ചുവരുന്നു. പ്രവാസി ബഡ്ജറ്റ് ഉറപ്പുവരുത്തി. പ്രവാസിക്ഷേമനിധി, ലോക കേരളസഭ, പ്രവാസി പെൻഷൻ എന്നിവ നടപ്പാക്കി. അടിസ്ഥാന വികസന മേഖല, റോഡ്, പാലങ്ങൾ, കെട്ടിടങ്ങൾ, മലയോര ഹൈവേ, തീരദേശ ഹൈവേ, നാഷണൽ ഹൈവേ, ദേശീയ ജലപാത, റെയിൽ കോറിഡോർ പദ്ധതിയടക്കം കേരളത്തെ ലോകത്തിന്റെ മുൻപന്തിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. റീ-ബിൽഡ് കേരളയിൽ 7000 കോടി രൂപയുടെ പദ്ധതികൾ, കിഫ്ബിയിലൂടെ 670 പദ്ധതികളിലായി 54,391 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിഞ്ഞു; എല്ലാവർക്കും പാർപ്പിടം നൽകാൻ കഴിഞ്ഞു. ഞാൻ ഇവിടെ യു.ഡി.എഫ്.-നെ വിമർശിക്കുന്നില്ല. അവരുടെ മണ്ഡലത്തിലടക്കം 2,57,258 വീടുകൾ പണിത് ലോകത്തിന് മാതൃകയായ സംസ്ഥാനമാണിത്. സമ്പൂർണ്ണ തരിശുരഹിത കേരളം, കാർഷിക മേഖലയുടെ ഉയിർത്തെഴുന്നേൽപ്പ് എന്നിവയും ശ്രദ്ധേയമായ നേട്ടങ്ങളാണ്. കുട്ടനാട് പാക്കേജിനെപ്പറ്റി ഇവിടെ ആക്ഷേപിച്ചു. കുട്ടനാട് വികസനത്തെപ്പറ്റി അറിയണമെങ്കിൽ അവിടെ നേരിട്ട് വന്നുകണ്ടാൽ ആ പാക്കേജ് എന്താണെന്ന് മനസ്സിലാകും. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പ്രാദേശിക ഗവൺമെന്റിനെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ആസൂത്രണം നടപ്പാക്കാൻ കഴിഞ്ഞു. ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും മാറ്റാൻ കഴിഞ്ഞു. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം ഉറപ്പുവരുത്തി. 4225 ഭൂരഹിത കുടുംബങ്ങൾക്ക് വീടും സ്ഥലവും വാങ്ങി നൽകുകയും 4556 പഠനമുറികൾ നൽകുകയും ചെയ്തു. 3799 ഏക്കർ സ്ഥലം ആദിവാസികൾക്ക് നൽകി. പട്ടികജാതി കോളനികളുടെ നവീകരണം സമ്പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചു. ഇങ്ങനെ ഈ സംസ്ഥാനത്ത് വികസനത്തിന്റെ ഒരു കൊടുങ്കാറ്റാണ് കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് നടപ്പാക്കാൻ കഴിഞ്ഞത്.

ഇവിടെ ആക്ഷേപിക്കുന്നവരോട് ഞാൻ ഒരു കാര്യം പറയാം. പുരാണ കഥാപാത്രങ്ങളിലെ ഏറ്റവും കരുത്തനായ ആൾ ഭഗീരഥനാണെന്നാണ് എന്റെ അഭിപ്രായം. സൂര്യവംശ രാജാവായിരുന്ന അദ്ദേഹത്തിന് ഭീമന്റെ അത്ര ആരോഗ്യമോ കർണ്ണന്റെയത്ര ആയോധനാ പാടവമോ നകുലന്റെ സൗന്ദര്യമോ ഇല്ലായിരുന്നു. എന്നാൽ ഏറ്റെടുത്ത കാര്യം എത്ര വലിയ പ്രതിബന്ധങ്ങളെയും അതിജീവിച്ച് പൂർത്തീകരിക്കുന്നതിനുള്ള ഇച്ഛാശക്തി ഭഗീരഥനുണ്ടായിരുന്നു. രാജഭരണം ഏറ്റെടുത്തപ്പോൾ ആകാശഗംഗയെ ഭൂമിയിലെത്തിക്കുന്ന ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചത്. തന്റെ നാടിനെ ഊഷരമാക്കാൻവേണ്ടി അസാദ്ധ്യമെന്ന് കരുതിയ ആ കൃത്യം നിർവ്വഹിക്കാൻ അദ്ദേഹത്തിന് മഹാദേവൻ മുതൽ ജഗനു മഹർഷിവരെയുള്ള നിരവധിപേരെ ഉപാസിക്കേണ്ടിവന്നു. നിരവധി എതിർപ്പുകളെ അതിജീവിക്കേണ്ടിവന്നു. ലക്ഷ്യപൂർത്തീകരണം മാത്രമായിരുന്നു അദ്ദേഹത്തിനുമുന്നിലെ ഏക അജണ്ട. അതുകൊണ്ടുതന്നെ ഗംഗ ഭൂമിയിലൂടെ ഒഴുകി. ഞാൻ ഉറപ്പായി പറയുന്നു, ഈ കേരളത്തിന്റെ ഭഗീരഥനാണ് സഖാവ് പിണറായി വിജയൻ. ഏറ്റെടുത്ത മുഴുവൻ പദ്ധതികളും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞുവെന്നുള്ള വസ്തുത അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്തെ 5 വർഷം 4.9 ശതമാനമായിരുന്നു സാമ്പത്തിക വളർച്ചാ നിരക്കെങ്കിൽ ഇപ്പോൾ 5.9 ശതമാനമാണ്. യു.ഡി.എഫ്.ന്റെ കാലത്ത് കൊടുത്ത പെൻഷൻ 9011 കോടി രൂപയെങ്കിൽ ഇപ്പോൾ കൊടുത്തത് 32034 കോടി രൂപയാണ്. പെൻഷൻ ഗുണഭോക്താക്കൾ യു.ഡി.എഫ്.ന്റെ കാലത്ത് 34 ലക്ഷമായിരുന്നത് ഇപ്പോൾ 48.6 ലക്ഷമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി യു.ഡി.എഫ്.ന്റെ കാലത്ത് 503 കോടി രൂപയാണെങ്കിൽ ഇപ്പോൾ 1703 കോടി രൂപയാണ്. പൂർത്തീകരിച്ച റോഡുകൾ യു.ഡി.എഫ്.ന്റെ കാലത്ത് 7,780 കിലോമീറ്ററാണെങ്കിൽ ഇപ്പോൾ 11580 കിലോമീറ്ററാണ്. കുടിവെള്ള കണക്ഷൻ നൽകിയത് യു.ഡി.എഫ്.ന്റെ കാലത്ത് 4.9 ലക്ഷമാണെങ്കിൽ ഇപ്പോൾ 11.02 ലക്ഷമാണ്. വൈദ്യുതി ഉല്പാദനം യു.ഡി.എഫ്.ന്റെ കാലത്ത് 88 മെഗാവാട്ട് ആണെങ്കിൽ ഇപ്പോൾ 236 മെഗാവാട്ടാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം യു.ഡി.എഫ്.ന്റെ കാലത്ത് 213 കോടി രൂപയായിരുന്നെങ്കിൽ എൽ.ഡി.എഫ്.ന്റെ കാലത്ത് അത് 102 കോടി രൂപ ലാഭമാണ്. യു.ഡി.എഫ്.ന്റെ കാലത്ത് സ്റ്റാർട്ടപ്പ് -300, ഇപ്പോൾ 3900. യു.ഡി.എഫ്.ന്റെ കാലത്ത് പൊതുവിദ്യാലയത്തിലെ വിദ്യാർത്ഥികൾ 4.99 ലക്ഷം കുറഞ്ഞു. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 6.79 ലക്ഷം വിദ്യാർത്ഥികൾ കൂടി. വീട് നിർമ്മാണത്തിനുള്ള ധനസഹായം രണ്ടര ലക്ഷം രൂപയിൽ നിന്ന് നാല് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇത്തരത്തിലുള്ള ഒരു ബഡ്ജറ്റാണ്

കേരളത്തിന്റെ വികസന രംഗത്ത് സമൂലമായ പരിവർത്തനമുണ്ടാക്കിയത്. ഈ ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായി ഉയർത്തിക്കാണിക്കുന്നത് കേരളത്തിന്റെ ദാരിദ്ര്യം പൂർണ്ണമായി തുടച്ചുനീക്കണമെന്നുള്ള ലക്ഷ്യമാണ്. 2011-ലെ ആർ.ബി.ഐ.യുടെ കണക്കനുസരിച്ച് 11.3 ശതമാനം ആളുകൾ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇത് ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ കണക്കാണ്. ഒരു ദശാബ്ദം ഇപ്പോൾ കഴിഞ്ഞു. ഏകദേശം 5 ശതമാനമായി താഴ്ന്നിട്ടുണ്ടാകാനാണ് സാധ്യത. ഏതാണ്ട് 4 ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്നുള്ളത് വസ്തുതയാണ്. ഈ ദാരിദ്ര്യത്തിൽനിന്നും അവരെ ഉയർത്താൻ കൃത്യമായ കുടുംബാധിഷ്ഠിത മൈക്രോ പ്ലാൻ ഈ ബഡ്ജറ്റിലൂടെ നിർദ്ദേശിക്കുന്നുണ്ട്. ആലപ്പുഴയിൽ പി. കെ. കാളൻ പദ്ധതി പ്രകാരം ഉള്ളാടർ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഇത്തരത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി നടപ്പാക്കാൻ കഴിയും. അത് കേരളത്തിന്റെ വികസനത്തിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു വലിയ പ്രഖ്യാപനമായിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ടുതന്നെ ഏതാണ്ട് 140 കോടി രൂപ ഇതിനുവേണ്ടിമാറ്റിവച്ച ഈ ബഡ്ജറ്റ് കേരളത്തിന്റെ വളർച്ചയ്ക്ക്, ഒരു വലിയ മാറ്റത്തിന് ഇടവരുത്തുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എല്ലാ ക്ഷേമ പെൻഷനുകളും 1,600 രൂപയാക്കി. സ്കൂൾ പാചക തൊഴിലാളികൾക്ക് പ്രതിദിനം 50 രൂപ വർദ്ധനവ് വരുത്തി. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏപ്രിൽ മാസം മുതൽ നടപ്പിലാക്കും. 50,000 കോടി രൂപയുടെ മൂന്ന് വ്യാവസായിക ഇടനാഴി, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളത്തിന്റെ വൈജ്ഞാനിക വികാസത്തിന് 5,000 കോടി രൂപയുടെ പദ്ധതി, ആരോഗ്യ മേഖലയിൽ 4,000 പുതിയ തസ്തികകൾ, മെഡിക്കൽ കോളേജുകളുടെ നവീകരണത്തിന് 3222 കോടി രൂപ, ലൈഫ് മിഷൻ പദ്ധതിയിൽ 1.5 ലക്ഷം പുതിയ വീടുകളുടെ നിർമ്മാണം, റബ്ബറിന്റെ തറവില 170 രൂപയായും നെല്ലിന്റെ സംഭരണവില 28 രൂപയായും നാളികേരത്തിന്റെ സംഭരണവില 32 രൂപയായും വർദ്ധിപ്പിച്ചതും പുതിയ 8 ജല വൈദ്യുത പദ്ധതികൾ, കോളേജുകളിൽ 1,000 പുതിയ അദ്ധ്യാപക നിയമനം, എല്ലാ വീടുകളിലും ഇന്റർനെറ്റും ലാപ് ടോപ്പും, കിഫ്ബി വഴി 15,000 കോടി രൂപയുടെ പുതിയ നിർമ്മാണ പ്രവർത്തനം, മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് 31 കോടി രൂപയുടെ അധിക സഹായം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികമായി 1,000 കോടി രൂപ, 20,000 പേർക്ക് പുതിയ ജോലി നൽകുന്ന 2,500 പുതിയ സ്റ്റാർട്ടപ്പുകൾ, ശബരി റെയിൽപ്പാതയ്ക്ക് 2,000 കോടി രൂപ, വനിതാഘടക പദ്ധതികൾക്കായി 1,347 കോടി രൂപ, കുടുംബശ്രീക്ക് 1,749 കോടി രൂപ, തൊഴിലുറപ്പ് പദ്ധതിയിൽ 3 ലക്ഷം പേർക്കുകൂടി തൊഴിൽ എന്നിവ നല്ല പ്രഖ്യാപനങ്ങളാണ്. ക്ഷേമനിധിയും

ഉത്സവബത്തയും പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ ബഡ്ജറ്റ് സാധാരണ ജനങ്ങളെ ആകർഷിക്കുന്ന ബഡ്ജറ്റായി മാറിയിരിക്കുകയാണ്. ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും പ്രതിഫലം കൂട്ടി. ഈ ബഡ്ജറ്റ് കാരിരുമ്പിന്റെ കരുത്തും പാമ്പൻ പാലത്തിന്റെ ബലവുമുള്ള സഖാവ് പിണറായി വിജയൻ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച കഴിഞ്ഞ 5 ബഡ്ജറ്റുകളും വാചകമടിയായിരുന്നില്ല. എല്ലാ വാഗ്ദാനങ്ങളും 5 വർഷംകൊണ്ട് നടപ്പാക്കിയ ബഡ്ജറ്റുകളായിരുന്നു. ഇതിനെയാണ് കേരളത്തിലെ ജനങ്ങൾ പിന്തുണയ്ക്കുന്നത്. കഴിഞ്ഞ 5 വർഷങ്ങൾക്കുമുമ്പ് യു.ഡി.എഫ്. സർക്കാരിന്റെ ബഡ്ജറ്റിൽ പാലാരിവട്ടം പാലത്തിന്റെ ബലക്കുറവും തുരുമ്പിച്ച കമ്പിയുടെ കരുത്തില്ലായ്മയുമാണ് പ്രകടിപ്പിച്ചതെങ്കിൽ ഇന്ന് കരുത്തുള്ള, നടപ്പാക്കുന്ന പ്രഖ്യാപനങ്ങളടങ്ങുന്ന ബഡ്ജറ്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ ഒരുപാട് അഭിപ്രായങ്ങൾ യു.ഡി.എഫ്. അംഗങ്ങൾ പറഞ്ഞു. ഞാൻ അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിലേയ്ക്ക് വരുമ്പോൾ ഞങ്ങൾക്കെന്തോ ആശങ്കയുണ്ടെന്ന് പറഞ്ഞു. ഞങ്ങൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ എതിർത്തിട്ടില്ല. മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റിന്റെ പ്രിയപ്പെട്ട മകനാണ് അദ്ദേഹത്തിന്റെ വരവിനെ എതിർത്തതെന്ന കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കുഞ്ഞാലിക്കുട്ടി സാഹിബ് മടങ്ങിവന്ന് യു.ഡി.എഫ്.-നെ നയിക്കാൻ ഇപ്പോൾ സഹ്യപർവ്വതമൊന്നും ഇടിഞ്ഞുവീണിട്ടില്ല. അതിന്റെ കാരണം എന്താണെന്നുള്ളത് കോൺഗ്രസ്സിന്റെ പ്രമുഖൻമാരായ നേതാക്കളോട് രഹസ്യമായി ചോദിച്ചാൽ മനസ്സിലാകും. അവരുടെ കാര്യം തീരുമാനമാക്കുന്നത് ലക്ഷ്യംവച്ചുകൊണ്ടാണ് അദ്ദേഹം വരുന്നതെന്ന് വ്യാപകമായ ചർച്ചയുണ്ട്. അത് ഞാൻ ഇപ്പോൾ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ എൽ.ഡി.എഫ്.ന്റെ വിജയത്തെ നിങ്ങൾ വിലകുറച്ച് കാണണ്ട. നിങ്ങൾ പറഞ്ഞു 2010-ലെ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.നായിരുന്നു ഭൂരിപക്ഷമെന്ന്. അത് ശരിയായിരുന്നില്ല, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഏഴ് ജില്ലാ പഞ്ചായത്തുകളിൽ യു.ഡി.എഫ്.-ഉം ഏഴ് ജില്ലാ പഞ്ചായത്തുകളിൽ എൽ.ഡി.എഫ്.-ഉം വിജയം നേടി. ആ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം ഏകദേശം തുല്യനിലയിലായിരുന്നു. 2011-ലെ തെരഞ്ഞെടുപ്പിൽ നിങ്ങൾ അധികാരത്തിൽ വന്നു. പക്ഷെ ഇപ്പോൾ അതല്ല സ്ഥിതി. കേരളത്തിലെ 14 ജില്ലാ പഞ്ചായത്തുകളിൽ 11-ലും ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഭരണം നടത്തുന്നത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഞങ്ങൾക്കുണ്ടായ അഭൂതപൂർവ്വമായ വിജയത്തെ അഹങ്കാരത്തോടെയല്ല ഞങ്ങൾ കാണുന്നത്. ഒരു സംശയവും വേണ്ട നാല് മാസത്തിനുള്ളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തോടുകൂടി

അധികാരത്തിൽ വരാൻ കഴിയുന്ന പിന്തുണയാണ് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ലഭിച്ചത്. ഇവിടെ യു.ഡി.എഫ്.ന്റെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് രാവിലെ ഇവിടെ പറഞ്ഞു, തകർന്നുകൊണ്ടിരിക്കുന്ന ഒരു വഞ്ചിയാണ് കോൺഗ്രസ്, ഉണ്ടായിരുന്നവരെല്ലാം കൂട്ടുവിട്ടുപോയി എന്ന്. നിങ്ങളുടെ ശക്തികേന്ദ്രങ്ങളെല്ലാം ദുർബലപ്പെട്ടു. നിങ്ങൾക്ക് പഴയ കരുത്തുണ്ടെന്ന് പറഞ്ഞ് അഹങ്കരിക്കരുത്. ജനങ്ങൾ നിങ്ങൾക്ക് ഓടിവന്ന് വോട്ടുചെയ്യുമെന്ന് ധരിക്കരുത്. തകർന്നുകൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ഉം വളർന്നുകൊണ്ടിരിക്കുന്ന എൽ.ഡി.എഫ്.-ഉം തമ്മിലാണ് കേരളത്തിൽ ഏറ്റുമുട്ടാൻ പോകുന്നത്. കോൺഗ്രസ്സിലേയും യു.ഡി.എഫ്.-ലേയും ആഭ്യന്തര പ്രശ്നങ്ങൾ നിങ്ങളെ തകർത്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് യോജിച്ച ഒരു അഭിപ്രായമില്ല. കാർഷിക സമരമുഖത്ത് നിങ്ങളെ കാണാനില്ല, ഈ നിലയിൽ തകരുന്ന ഒരു യു.ഡി.എഫ്.-നെയാണ് ഇന്ന് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്. അവരുടെ നേതൃത്വത്തിൽ ഒരു തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി വലിയ ഭൂരിപക്ഷത്തിൽ അധികാരത്തിൽ വരുന്ന രാഷ്ട്രീയ പശ്ചാത്തലം രൂപപ്പെട്ടുവരുന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. അവർക്ക് ഏതെങ്കിലും കാര്യത്തിൽ യോജിപ്പുണ്ടോ? യു.ഡി.എഫ്. നേതാക്കൻമാർ പല കാര്യങ്ങളിലും വ്യത്യസ്തമായ അഭിപ്രായങ്ങളാണ് രേഖപ്പെടുത്തുന്നത്. ലൈഫ് മിഷന്റെ കാര്യത്തിൽ എടുത്ത നിലപാട് എന്താണ്? ഒരു സമയത്ത് പറയുന്നു ലൈഫ് മിഷൻ പദ്ധതി പിരിച്ചുവിടുമെന്ന്. പിന്നീട് പറയുന്നു പിരിച്ചുവിടില്ലെന്ന്. ഏതെങ്കിലുമൊരു കാര്യത്തിൽ യോജിപ്പുണ്ടോ? അഴിമതിയുടെ കാര്യത്തിൽ യു.ഡി.എഫ്. പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. ഞാൻ യു.ഡി.എഫ്.കാരുടെ അഴിമതിയെപ്പറ്റിയൊന്നും പറയുന്നില്ല. പക്ഷെ ചില എം.എൽ.എ.മാർ നടത്തിയ അഴിമതികളെല്ലാം പുറത്തുവരികയും നിയമത്തിന്റെ മുമ്പിൽ എത്തുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അഞ്ചുവർഷക്കാലം ഭരണം നടത്തിയപ്പോൾ നിങ്ങളുടെ മന്ത്രിസഭയുടെ അവസാന ക്യാബിനറ്റിൽ 822 തീരുമാനങ്ങളാണ് എടുത്തത്. ആ 822 തീരുമാനങ്ങൾ മേശപ്പുറത്തുവയ്ക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ആ 822 തീരുമാനങ്ങൾ മുഴുവൻ കൊള്ളയടിക്കുന്ന തീരുമാനങ്ങളായിരുന്നു. കോട്ടയത്തെ മെത്രാൻ കായൽ നികത്തൽ, കോടിമത മൊബിലിറ്റി പദ്ധതിയടക്കമുള്ള എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ കടമക്കുടി പഞ്ചായത്തിൽ 47 ഏക്കർ നെൽപ്പാടവും കോട്ടയം ജില്ലയിലെ ചെമ്പ് വില്ലേജിൽ 150 ഏക്കർ ഭൂമി നികത്തുന്നതിനുള്ള അംഗീകാരവും 25,000 ഹെക്ടർ ഭൂമി നികത്തുന്നതിനുള്ള അനുവാദവുമാണ് 822 തീരുമാനങ്ങളിലൂടെ നൽകിയത്. യു.ഡി.എഫ്. ഭരണത്തിലിരുന്ന അഞ്ചുവർഷക്കാലം തസ്തികകൾ വെട്ടിക്കുറയ്ക്കുകയായിരുന്നു. നിങ്ങൾക്ക് എത്ര ചെറുപ്പക്കാർക്ക് ജോലി കൊടുക്കാൻ സാധിച്ചു; ഇന്ന് നിങ്ങൾ ചെറുപ്പക്കാരെ ഓർത്ത് കണ്ണുനീർ പൊഴിക്കുന്നു. ഈ സംസ്ഥാനത്ത് നിയമന നിരോധനമായിരുന്നു. ഒഴിവുകൾപോലും റിപ്പോർട്ട് ചെയ്യാത്ത

സാഹചര്യമായിരുന്നു. നിയമന ഉത്തരവ് നൽകാത്ത അവസ്ഥയായിരുന്നു. അഞ്ചുവർഷം കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരോട് അനീതി കാണിച്ച നിങ്ങളാണ് ഇന്ന് ചെറുപ്പക്കാർക്കുവേണ്ടി മുതലക്കണ്ണുനീരൊഴുക്കുന്നത്. ഞാൻ അഭിമാനത്തോടുകൂടി പറയുന്ന ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി.യിലെ എല്ലാ ഒഴിവുകളും നികത്തിയെന്ന് മാത്രമല്ല, ലക്ഷക്കണക്കിനാളുകൾക്ക് സർക്കാർ/അർദ്ധസർക്കാർ മേഖലകളിലും മറ്റ് വിവിധ മേഖലകളിലുമായി തൊഴിൽ നൽകാൻ കഴിഞ്ഞു. 2011 മുതൽ 2016 വരെയുള്ള 5 വർഷക്കാലം ഈ സംസ്ഥാനത്ത് നിങ്ങളുടെ മന്ത്രിമാർക്കെതിരെ 96 അഴിമതി കേസ്സുകളാണ് ലോകായുക്തയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നിങ്ങളുടെ നേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ വളരെ മോശമായ ആക്ഷേപമാണ് ഉന്നയിച്ചത്. ഒരിക്കലും കോൺഗ്രസ് പാർട്ടിയുടെ ഒരു നേതാവിൽനിന്നും അങ്ങനെ പ്രതീക്ഷിച്ചതല്ല. നമ്മൾ രാഷ്ട്രീയക്കാർ പരസ്പരം ബഹുമാനം പുലർത്തുന്നവരാണ്. പക്ഷെ, അന്തസ്സും അഭിമാന ബോധവുമില്ലാത്ത പ്രശ്നങ്ങളും പദങ്ങളുമാണ് ഈ കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രിക്കെതിരെ നിങ്ങളുടെ ഒരു ജനപ്രതിനിധി ഉന്നയിച്ചത്. ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുന്നത്, അങ്ങനെ ആരോപണമുന്നയിച്ച ജനപ്രതിനിധി വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ അതിന്റെ ഫലം അനുഭവിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കാരണം ശ്രീ. പിണറായി വിജയൻ ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. അതുകൊണ്ടാണ് ജനങ്ങൾ ഇടതുപക്ഷ മുന്നണിക്ക് വോട്ട് ചെയ്തത്. ഞാൻ ഒരു ആക്ഷേപമുന്നയിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഐ.എൻ.ടി.യു.സി. നേതാവായിരുന്ന എൻ. ഹരിദാസ് ആലപ്പുഴ ജില്ലക്കാരനാണ്. അദ്ദേഹം 2018 നവംബറിൽ എറണാകുളം ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ മരണപ്പെട്ടു. രണ്ട് മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി വീണ, ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ തേവരയിൽവച്ച് കായലിൽ ചാടി ആത്മഹത്യ ചെയ്തു. ഇതിന്റെ പിന്നിലുള്ള ഒരു അഴിമതിയാരോപണം ഞാൻ ഉന്നയിക്കുകയാണ്. ടാൻസാനിയയിൽനിന്നും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും സ്വർണ്ണം ഇറക്കുമതി ചെയ്യുന്ന ഒരു വ്യവസായ ഗ്രൂപ്പ് ചെന്നൈ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആ വ്യവസായ ഗ്രൂപ്പുമായി ബന്ധപ്പെട്ട് അന്നത്തെ കോൺഗ്രസ് നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടുന്നതിനുവേണ്ടി കോൺഗ്രസ്സിന്റെ നേതാക്കളുമായി ബന്ധപ്പെട്ട് കാര്യം സാധിക്കുന്നതിനായി ഈ ഗ്രൂപ്പ് ഹരിദാസിനെ സമീപിക്കുകയും അതുപ്രകാരം ഡീൽ ഉറപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപ ഈ ഗ്രൂപ്പിൽനിന്നും കോൺഗ്രസ്സിന്റെ പ്രമുഖരായ സംസ്ഥാന/ദേശീയ നേതാക്കന്മാർ വാങ്ങുകയും ചെയ്തിരുന്നു. അതിനുശേഷം ഭരണം മാറുകയും ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തു. ഇതോടെ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വരികയും അവർ പണം തിരികെ ചോദിക്കുകയും ചെയ്തു.

പണം തിരികെ കൊടുക്കാൻ കഴിയാത്തതിന്റെ വിഷമത്തിൽ ഹൃദയംപൊട്ടി ഐ.എൻ.ടി.യു.സി. സംസ്ഥാന നേതാവായിരുന്ന ഹരിദാസ് മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണം കഴിഞ്ഞ് രണ്ട് മാസങ്ങൾക്കുശേഷം പണമാവശ്യപ്പെട്ടു കൊണ്ട് നിരവധി തവണ ഈ സംഘത്തിലെ ആളുകൾ അദ്ദേഹത്തിന്റെ ഭാര്യയെ സമീപിച്ചു. അവസാനം നിവൃത്തിയില്ലാതെ വന്നപ്പോഴാണ് എറണാകുളം ജില്ലയിലെ തേവരയിൽ വച്ച് ഓടിക്കൊണ്ടിരുന്ന ട്രെയിനിൽനിന്നും അവർ കായലിൽ ചാടി ആത്മഹത്യ ചെയ്തത്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് ആ കേസ് സംസ്ഥാന ഗവൺമെന്റ് അന്വേഷിക്കണമെന്നാണ്. ആ കേസ് അന്വേഷിച്ചാൽ നൂറുകണക്കിന് കോൺഗ്രസ്സിന്റെ പ്രമുഖന്മാരായ നേതാക്കൾ കുടുങ്ങും. ഇവരാണ് അഴിമതിക്കെതിരെ വാചാലമായി സംസാരിക്കുന്നത്. ഈ നിലയിൽ സംസ്ഥാനത്ത് അഞ്ചുവർഷക്കാലം ജനക്ഷേമകരമായ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തിയ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അവതരിപ്പിച്ച ഈ ബഡ്ജറ്റിലൂടെ സംസ്ഥാനം കൂടുതൽ കരുത്താർജ്ജിക്കാൻ പോകുന്നു, ജനങ്ങളുടെ അംഗീകാരം ലഭിച്ചിരിക്കുന്നു. അഴിമതിക്കെതിരെ ശക്തമായ പോരാട്ടം നടത്തുന്ന ഈ ഗവൺമെന്റ് തീർച്ചയായും തുടർഭരണത്തിലേയ്ക്ക് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ അങ്ങേയറ്റം സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

## XI നിയമനിർമ്മാണകാര്യം

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ള എല്ലാവരോടുമായി ഒരു കാര്യം പറയുകയാണ്. തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സി.പി.എസ്.ടി. ഇന്ന് സഭാ സമ്മേളനത്തിനുശേഷം ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരു വലിയ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. വളരെ ദീർഘമായ പ്രസംഗങ്ങൾ നടത്താതെ സഹകരിക്കാൻ എല്ലാ അംഗങ്ങളും തയ്യാറാകുന്നത് നന്നായിരിക്കും.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല 2020-ലെ 45-ാം നമ്പർ ഓർഡിനൻസ് പ്രകാരം 2020 ഒക്ടോബർ 2-നാണ് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നാടിന് സമർപ്പിച്ചത്. സംസ്ഥാന നിയമംമൂലം സ്ഥാപിതമാകുന്ന എല്ലാ സർവ്വകലാശാലകളും നിലവിൽ വന്നതിനുശേഷം യു.ജി.സി.യുടെ 2 (f) സ്റ്റാറ്റസ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. സർവ്വകലാശാല ഓർഡിനൻസും സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമന ഉത്തരവും അടങ്ങിയ അപേക്ഷ ഓപ്പൺ സർവ്വകലാശാല 28-10-2020-ൽ തന്നെ യു.ജി.സി.ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ യു.ജി.സി.യിൽനിന്ന് ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. നിലവിലുള്ള ഓർഡിനൻസ് ബില്ലാക്കേണ്ടതുണ്ടെന്നുള്ളതിനാലാണ് ഈ സമ്മേളനത്തിൽ തന്നെ ബിൽ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുന്ന എല്ലാ കോഴ്സുകളും ലഭ്യമാക്കാനാണ് ഓപ്പൺ സർവ്വകലാശാല ഉദ്ദേശിക്കുന്നത്. സിലബസ്സും സ്വയംപഠന മെറ്റീരിയലുകളും തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ബിരുദ, ബിരുദാനന്തര കോഴ്സുകൾ തുടങ്ങുന്നതിനാണ് യു.ജി.സി.യുടെ കീഴിലുള്ള വിദൂര വിദ്യാഭ്യാസ ബ്യൂറോയുടെ അംഗീകാരം ലഭിക്കേണ്ടത്. എന്നാൽ സർട്ടിഫിക്കറ്റ് ഡിപ്ലോമ, പോസ്റ്റ്ഗ്രാജ്വേറ്റ് ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ പ്രദാനം ചെയ്യാൻ സർവ്വകലാശാലയ്ക്ക് ഇപ്പോൾത്തന്നെ അധികാരമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഓപ്പൺ സർവ്വകലാശാലയുടെ ആദ്യ സംരംഭമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് 'വികേന്ദ്രീകരണവും തദ്ദേശസ്വയംഭരണവും' എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. പരീക്ഷയുൾപ്പെടെ നടത്തപ്പെടുന്ന ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 16 ക്രെഡിറ്റുകൾ ലഭിക്കും. തദ്ദേശ പ്രതിനിധികളിൽ ഉപരിപഠനം ഉദ്ദേശിക്കുന്നവർക്ക് ഈ ക്രെഡിറ്റുകൾ പ്രയോജനപ്പെടുത്താൻ കഴിയുംവിധമാണ് പ്രസ്തുത കോഴ്സ് വിഭാവന ചെയ്തിരിക്കുന്നത്. ഈ സർട്ടിഫിക്കറ്റ് കോഴ്സ് മാർച്ച് മാസം ആദ്യവാരം ആരംഭിക്കാനാണ് ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല ലക്ഷ്യമിടുന്നത്.

സർവ്വകലാശാലകളെക്കുറിച്ച് പരമ്പരാഗതമായി പലതരം സങ്കൽപ്പങ്ങൾ നിലനിന്നിരുന്നു. അവയ്ക്കെല്ലാം കാതലായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. അടച്ചിട്ട ക്ലാസ് മുറികളിലും പരീക്ഷണശാലകളിലും ഒതുങ്ങിനിന്നിരുന്ന വിദ്യാഭ്യാസ പ്രക്രിയയ്ക്ക് വിപ്ലവകരമായ രൂപഭേദം സംഭവിച്ചുകഴിഞ്ഞു. ശാസ്ത്ര സാങ്കേതികവിദ്യകളുടെ പരിണിതിയും മഹാമാരിയുടെ പ്രത്യാഘാതങ്ങളും കൂടിച്ചേർന്നപ്പോൾ വിജ്ഞാന സമ്പാദന രീതികൾക്കുണ്ടായ മാറ്റത്തിന്റെ ഗംഭീരമായ പരിസരത്താണ് നാം ഇന്ന് നിൽക്കുന്നത്. ഏത് ക്ലാസ്സിൽപ്പെട്ട വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഓൺലൈൻ വിദ്യാഭ്യാസം ഇന്ന് സുപരിചിതവും സുഗമവുമാണ്. അതിനോട് ഇന്ന് ആർക്കും തൊട്ടുകൂടായ്മയില്ല. ഒന്നും ഒട്ടും അസ്പൃശ്യവുമല്ല. അനുസ്യൂതമായി പരിണമിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രീതികൾ പുതിയ പുതിയ സാധ്യതകളാണ് മനുഷ്യകുലത്തിന് മുമ്പിൽ തുറന്നുവയ്ക്കുന്നത്. അനിർവചനീയമായ ബോധരീതിശാസ്ത്രം ഇന്ന് വിജ്ഞാന സമ്പാദനത്തിന്റെയും വിജ്ഞാന ഉൽപ്പാദനത്തിന്റെയും അടിസ്ഥാന അടയാളങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. നമുക്ക് സുപരിചിതമായ സർവ്വകലാശാല സങ്കൽപ്പം പുനർനിർവ്വചനത്തിന് കാരണമായതും ഇതുകൊണ്ടുതന്നെയാണ്. ലോകം ഒരു ആഗോള ഗ്രാമമായി മാറിയതുപോലെ വിജ്ഞാന ഉൽപ്പാദനവും വിജ്ഞാന സമ്പാദനവും സാമ്പ്രദായിക അതിർത്തികളെ ഭേദിച്ച് പാരസ്പര്യ ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. ഇതിന്റെ പുറത്താണ് വർത്തമാനകാല വിദ്യാഭ്യാസ പ്രക്രിയകളും സംരംഭങ്ങളും യുക്തീകരിക്കപ്പെടുന്നത്. ഓപ്പൺ സർവ്വകലാശാലകളുടെ പ്രവൃത്തി ഈ പരിസരത്തുനിന്നാണ് ആരംഭിക്കുന്നത്. സാമ്പ്രദായിക സർവ്വകലാശാലകളുടെ വളർച്ചയ്ക്ക് പരിമിതികളുണ്ട്. ഉൾക്കൊള്ളാൻ കഴിയുന്ന പഠിതാക്കളുടെ എണ്ണത്തിന് നിയന്ത്രണവുമുണ്ട്. ഇവയ്ക്ക് പുറത്തുനിൽക്കുന്ന വിജ്ഞാനദാഹികളും ഒഴിവാക്കപ്പെട്ടവരുമായ ഒരു ജനസമൂഹം നമ്മുടെ മുന്നിൽ പകച്ചുനിൽക്കുന്നത് വർത്തമാനകാലത്തെ യാഥാർത്ഥ്യമാണ്. ഇവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താൻ നമുക്ക് ബാദ്ധ്യതയുണ്ട്. അത് നമ്മുടെ ഉത്തരവാദിത്വവുമാണ്. അതിന് സകല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതാണ് സാമൂഹ്യനീതിയുടെ നിദാനമെന്ന് സർക്കാർ കരുതുന്നു. ഇതിനുപുറമെ തുടർ വിദ്യാഭ്യാസം അനിവാര്യമായ ഒരു വലിയ ജനസഞ്ചയവും നമ്മുടെ മുന്നിലുണ്ട്. തൊഴിലുകളിൽ ഉയർന്ന പദവി ലഭിക്കാനും മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾക്ക് അർഹരാകാനും തുടർവിദ്യാഭ്യാസം അവർക്ക് അനിവാര്യമാണ്. നിലവിലുള്ള നമ്മുടെ സർവ്വകലാശാലകൾക്ക് അതിന് മതിയായ സൗകര്യങ്ങളില്ല. അവയുടെ നിയമങ്ങൾ അതിന് അനുവദിക്കുന്നുമില്ല. അതുപോലെതന്നെ വളരെ ചെറുപ്പത്തിൽ

കുടുംബഭാരം ഏറ്റെടുത്ത് പഠനം നിർത്തിപ്പോയ എത്രയോ മിടുക്കൻമാരും മിടുക്കികളും നമ്മുടെ കൂട്ടത്തിലുണ്ട്. അവർക്കും പഠിക്കാനുള്ള ജനാധിപത്യപരമായ ഇടം ഒരുക്കിക്കൊടുക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ബാധ്യതയായിട്ടാണ് സർക്കാർ കാണുന്നത്. സമൂഹത്തോട് പ്രതിബദ്ധതയുള്ള ഇടതുപക്ഷ സർക്കാർ ഈ പ്രശ്നത്തെയാണ് ഗൗരവമായി കൈകാര്യം ചെയ്യാൻ തീരുമാനിച്ചിരിക്കുന്നത്. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ആചാര്യനും കേരളീയ നവോത്ഥാനത്തിന്റെ കെടാവിളക്കുമായ ശ്രീനാരായണഗുരുവിന്റെ പേരിൽ ഓപ്പൺ സർവ്വകലാശാലയ്ക്ക് തുടക്കമിട്ടത് ഇത്തരമൊരു ലക്ഷ്യപ്രാപ്തി കൈവരിക്കാൻ വേണ്ടിയാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസം, കുറഞ്ഞ ചെലവിൽ ബൃഹത്തായ വിദ്യാർത്ഥി സഞ്ചയത്തിന് പ്രദാനം ചെയ്യാൻവേണ്ടി ഇടതുപക്ഷ സർക്കാർ രൂപകൽപ്പന ചെയ്തിട്ടുള്ള സംരംഭമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസ പ്രക്രിയയിൽ അധിഷ്ഠിതമായ അക്കാദമിക് വ്യവഹാരങ്ങളാണ് പുതിയ സർവ്വകലാശാലയിൽ നടക്കുക. മാനവികതയുടെ കർമ്മയോഗിയായ ശ്രീനാരായണഗുരുവിന്റെ ചൈതന്യം ഈ സർവ്വകലാശാലയുടെ ഭൗതിക പരിസരത്തിന് ദിശാബോധം നൽകുമെന്ന് പിണറായി വിജയൻ സർക്കാർ ഉറച്ച് വിശ്വസിക്കുന്നു. ഒരുപാട് കാലത്തെ കാത്തിരിപ്പിനുശേഷം യാഥാർത്ഥ്യമാകുന്ന ഓപ്പൺ സർവ്വകലാശാല വൈജ്ഞാനിക വൈവിധ്യത്തെ ആഘോഷിക്കുന്ന സാധാരണക്കാരായ വിജ്ഞാനദാഹികളുടെ തീർത്ഥാടന കേന്ദ്രമാകുമെന്നതിൽ സംശയം വേണ്ട. പരമ്പരാഗത കോഴ്സുകളും നൂതന വിഷയങ്ങളും ഒരുപോലെ ഇഴപിരിയാതെയുണ്ടാക്കുന്ന വെളിച്ചമാകും ഈ സർവ്വകലാശാലയുടെ മുഖമുദ്ര. വിവിധ മേഖലകളിലെ നൈപുണ്യ വികസനത്തിനുതകുന്ന വ്യത്യസ്തമായ കോഴ്സുകൾ ഓപ്പൺ സർവ്വകലാശാലയെ വേറിട്ട് നിർത്തുകതന്നെ ചെയ്യും. വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന കോഴ്സുകൾക്കും ഈ സർവ്വകലാശാല സാഹചര്യമൊരുക്കും. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെ അധഃസ്ഥിതരുടെ കൈത്തൊഴിലുകളും കൈവേലകളും അവരുടെ പാരമ്പര്യ അറിവുകളും ഓപ്പൺ സർവ്വകലാശാലയുടെ പരിശീലന പദ്ധതികളിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. അതുവഴി പഠിതാക്കൾക്ക് ലഭിക്കുന്ന അക്കാദമിക് ക്രെഡിറ്റുകൾ പിന്നീട് അവരുടെ വിദ്യാഭ്യാസ ജീവിതത്തിൽ തുടർ പഠനത്തിന് ഉൾപ്രേരണയാകണമെന്നും ഓപ്പൺ യൂണിവേഴ്സിറ്റി ആഗ്രഹിക്കുന്നു. University Grants Commission-ന്റെയും Distance Education Bureau-യുടെയും നിയമങ്ങൾക്ക് വിധേയമായി കേരളത്തിലെ പ്രഥമ ഓപ്പൺ സർവ്വകലാശാല ജനമധ്യത്തിലേയ്ക്ക് വിജ്ഞാനത്തിന്റെ വെളിച്ചവുമായി കടന്നുവരുന്ന ചരിത്ര മുഹൂർത്തത്തിനാണ്

കേരള നിയമസഭ ഇന്ന് സാക്ഷ്യം വഹിക്കുന്നത്. ശ്രീനാരായണഗുരു എന്ന മഹാത്മാവിന്റെ സ്മരണയ്ക്ക് മുന്നിൽ കൈരളി സമർപ്പിക്കുന്ന ഏറ്റവും പ്രോജ്ജ്വലമായ ഉപഹാരമാണ് ഗാന്ധിജയന്തി ദിനത്തിൽ പിറന്ന ഓപ്പൺ സർവ്വകലാശാല. അതിരുകളില്ലാത്ത സ്വപ്നങ്ങളുമായാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നാടിന് സമർപ്പിച്ചത്. സാമാജികരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കുമായി ഈ ബിൽ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്.

Shri. T. A. Ahammed Kabeer: Sir, I move that - " This House resolves to disapprove The Sree Narayanaguru Open University Ordinance, 2020 (Ordinance No. 45 of 2020)." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഗുരുവിന്റെ പേരിൽ ഒരു സ്ഥാപനം നാം സമാരംഭിക്കുമ്പോൾ വളരെ കരുതൽ വേണം. നമ്മുടെ നിനവുകളിൽ നിറഞ്ഞുനിന്ന് നിറകതിർ ചൊരിയുന്ന അനിതരസാധാരണമായ പ്രഭാവത്തിന്റെ ഉടമയാണ് മലയാളിയുടെ സ്വന്തം ഗുരു. അതുകൊണ്ട് ഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല, അത് ഓപ്പൺ യൂണിവേഴ്സിറ്റി ആണെങ്കിൽപ്പോലും വളരെ ശ്രദ്ധിച്ച്, കരുതലോടെ, നിലവാരത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാത്ത സമീപനം നാം സ്വീകരിക്കേണ്ടതുണ്ട്. ഒന്ന് ശ്രദ്ധിച്ചുനോക്കിയാൽ വലിയൊരു പൊരുത്തക്കേട് കാണാൻ സാധിക്കും. ഈ സഭ 22 പ്രാവശ്യം ചേർന്നു. ഈ ഗവൺമെന്റിന്റെ നാലരക്കൊല്ലം കഴിഞ്ഞു. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല ആരംഭിക്കാൻ 2020 സെപ്റ്റംബർ വരെ കാത്തിരുന്നു. ആ സെപ്റ്റംബറിന് ഒരു പ്രത്യേകതയില്ലേ; ഗുരുവിനെ വിൽപ്പന ചരക്കാക്കാൻ മലയാളി സമ്മതിക്കില്ല. ഗുരു നമ്മുടെ സ്വത്വബോധത്തിന്റെ പ്രത്യക്ഷമായ പ്രകടനമാണ്. നാലഞ്ച് കൊല്ലം കയ്യിൽ ഭരണം കിട്ടിയിട്ട് അതൊന്നും ചെയ്യാതെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് സെപ്റ്റംബറിൽ ഈ സഭയെ വിശ്വാസത്തിലെടുക്കാതെ ഒരു ഓർഡിനൻസിലൂടെയാണ് നിങ്ങൾ ഈ തീരുമാനമെടുത്തത്. ഈ സഭയിലെ എല്ലാ അംഗങ്ങളും ഗുരുവിന്റെ പേരിൽ ഒരു സ്ഥാപനം വരുന്നതിനെ ഇരുകയ്യും നീട്ടി സ്വീകരിക്കില്ലേ?

4.00 P.M.]

കേരളം അതിന് ഒരുപാട് വഴികൾ കാണിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ പേരിൽ നമ്മളൊരു യൂണിവേഴ്സിറ്റി ആരംഭിച്ചു, ആദിശങ്കരന്റെ പേരിൽ നമ്മളൊരു സർവ്വകലാശാല രൂപീകരിച്ചു. മലയാളത്തിന്റെ ആചാര്യൻ തുഞ്ചത്തെഴുത്തച്ഛന്റെ പേരിൽ നമ്മൾ സർവ്വകലാശാല രൂപീകരിച്ചു. ഇത് നമ്മുടെ പാരമ്പര്യമാണ്.

എന്നിട്ടും കേവലം പഞ്ചായത്ത് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് സെപ്റ്റംബർ മാസത്തിൽ ഓർഡിനൻസ് വഴി ഒരു സർവ്വകലാശാല കൊണ്ടുവരികയാണ്. എനിക്ക് ഒരു അപേക്ഷയേയുള്ളൂ., ഞാൻ സന്മനസ്സുകളെ നിരാകരിക്കുന്ന ആളല്ല. ഒരു സത്സംരംഭത്തെയും നിരാകരിക്കുന്ന ആളല്ല, പക്ഷെ ശ്രീനാരായണ ഗുരുവിനെ വിൽപ്പന ചരക്കാക്കാൻ മലയാളി സമ്മതിക്കില്ല. ഗുരുവിന്റെ ഒരു ചെറിയ കൃതിയുണ്ട്, ആ കൃതിയുടെ പേര് 'അറിവ്' എന്നാണ്. മഹാനായ ആ ഗുരുവിന്റെ പാഠ്യവിഷയങ്ങളെല്ലാം അതിസമർത്ഥമായി നമുക്ക് നൽകിയ ശിഷ്യൻ നടരാജഗുരുവാണല്ലോ. ഞാൻ ഇവിടെ സൂചിപ്പിച്ച പുസ്തകം ഒരു കൊച്ചുകൃതിയാണ്. അതിന് ഒരു ലഘുലേഖയുടെ വലിപ്പം പോലുമില്ല. ആ 'അറിവ്' എന്ന കൃതിയിൽ ഗുരു പറയുന്ന ഒരു കാര്യമുണ്ട്.

"അറിയപ്പെട്ടുമിതു വേറ-,

ല്ലറിവായിടും തിരഞ്ഞീടുന്നേരം" -

'അന്വേഷിച്ചാൽ അറിയപ്പെടുന്ന ഏത് വസ്തുവും അറിവിന്റെ ആധാരമാണെന്ന് മനസ്സിലാകും' എന്ന് ഈ കൊച്ച് കൃതിയിൽ പറഞ്ഞുവച്ച മഹദ് വ്യക്തിയാണ് ശ്രീനാരായണഗുരു. ഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല വന്നാൽ എല്ലാ മലയാളികളും അഭിമാനപുരസ്സരം തലയുയർത്തിനിന്ന് അതിന് പിന്തുണ നൽകും.

"അറിവിതിലൊന്നായതുകൊ-

ണ്ടറിവല്ലാതെങ്ങുമില്ല വേറൊന്നും" -

'എല്ലാം അറിവാണ്.' നമ്മൾ മാവിനെ മാവ് എന്നുവിളിക്കുന്നത് മാമ്പഴം തരുന്നതുകൊണ്ടാണ്, ഒരു തെങ്ങിനെ നാം തെങ്ങ് എന്നുവിളിക്കുന്നത് തേങ്ങ തരുന്നതുകൊണ്ടാണ്. ഖുർആനിൽ ഇത്തരത്തിൽ ഒരു പ്രയോഗമുണ്ട്. "ആദിമനുഷ്യനെ നാമങ്ങൾ പഠിപ്പിച്ചു." ഓരോ നാമവും അർത്ഥഗർഭമാണ്. ഓരോ നാമത്തിന്റെ പിന്നിലും ഒരു ആശയ പരിസരമുണ്ട്, ഒരു പ്രത്യയശാസ്ത്ര പരിസരം പോലുമുണ്ടാകാം. 'ഓരോ നാമവും വിശുദ്ധമാണ്'. ആദിമനുഷ്യനെ നാമങ്ങൾ പഠിപ്പിച്ചു എന്നുപറഞ്ഞതുതന്നെയാണ് ഗുരുവും ഇവിടെ പറയുന്നത്. ആ ഗുരുവിന്റെ പേരിൽ സർവ്വകലാശാല രൂപീകരിക്കുകയാണ്.

"അറിയപ്പെട്ടുമിതു വേറ-

ല്ലറിവായിടും തിരഞ്ഞീടുന്നേരം"

നിങ്ങൾ പുറപ്പെടുവിച്ച ഓർഡിനൻസിൽ 'അക്കാദമിക് കൗൺസിൽ' എന്നതിനൊപ്പം 'റിസർച്ച് കൗൺസിൽ' എന്ന പേരും കൂടിയുണ്ടായിരുന്നു. എന്നാൽ ബിൽ വന്നപ്പോൾ അതില്ല. 'തിരഞ്ഞീടുന്നേരം അറിവായിടും ഇതു വേറല്ല',

അതായത് അറിവായിട്ടും തിരഞ്ഞീടുന്നേരം; എന്നുവച്ചാൽ അന്വേഷിക്കുമ്പോൾ (റിസർച്ച് ചെയ്യുമ്പോൾ) അറിവായി മാറുമെന്നാണ്. നിങ്ങളുടെ ഓർഡിനൻസിൽ അക്കാദമിക് റിസർച്ച് കൗൺസിലാണ്, എന്നാൽ ബില്ലിൽ ആ വാക്ക് മാറി. അത് വേറൊരു വിഷയം. ഗുരു പറഞ്ഞു,

"അറിവിന് നിറവുണ്ടെന്നാ -

ലറിവല്ലാതുള്ളതെങ്ങിരുന്നീടും?..." -

'നിറഞ്ഞ അറിവാണല്ലോ, നിറകുടം തുളുമ്പുകയില്ല'. "എന്നാൽ അറിവല്ലാതുള്ളത് എങ്ങിരുന്നീടും" - 'എല്ലാം അറിവാണ്. ചെറുതും വലുതുമായ ഏതും അറിവാണ്". അങ്ങനെ പറഞ്ഞ മലയാളത്തിന്റെ പ്രിയപ്പെട്ട ഗുരു നമ്മെ പഠിപ്പിച്ച ചില കാര്യങ്ങളുണ്ട്. 'സത്യദർശി സമദർശി ആയിരിക്കണമെന്ന്' അദ്ദേഹം പറഞ്ഞു. ഏത് നിയമനിർമ്മാണവും ഗുരുവിന്റെ ഈ ചിന്തയ്ക്ക് പ്രഭാവം നൽകുന്നതായിരിക്കണം. സത്യദർശി സമദർശിയാകേണ്ടതുണ്ട്, ഇത് വില്പനച്ചരക്കാക്കരുത്. സമദർശിത്വം ആചാര്യന്മാരുടെ പ്രമാണവാക്യം മാത്രമല്ല. 'മധ്യമ മാർഗ്ഗം' എന്ന് ശ്രീബുദ്ധനും "ഉമ്മത്തൻ വ സത്ത" എന്ന് ഖുർആനും പറഞ്ഞു. രണ്ടും ഒന്നുതന്നെയാണ്. സമദർശിത്വമാണ് മാനവീകതയുടെ ഏറ്റവും ഉജ്ജ്വലമായ, പ്രോജ്ജ്വലമായ പരിസരം. ഒരാൾ സത്യദർശിയാണോ അയാൾ സമദർശി യായിരിക്കണം എന്നാണ് ഗുരു പറഞ്ഞത്. ആ ഗുരുവിന്റെ പേരിലാണ് നമ്മൾ ഈ മഹാസംരംഭം ആരംഭിക്കാൻ ശ്രമിക്കുന്നത്. ഔപനിഷിദമായ സത്യാവ ബോധത്തെ, ശാസ്ത്രാവബോധത്തിന്റെ അന്വേഷണപരതകൊണ്ട് സമ്പന്നമാക്കിയത് ഗുരുവാണ്. രണ്ടും നമുക്ക് ഒന്നിച്ചുപോകേണ്ടതുണ്ട്. 'ചെമ്പഴന്തി'യിൽനിന്നും 'മരുത്വാമല'യിലേയ്ക്കും, 'മരുത്വാമല'യിൽനിന്നും 'അരുവിപ്പുറ'ത്തേയ്ക്കും, 'അരുവിപ്പുറ'ത്തു നിന്നും 'വർക്കല'യിലേയ്ക്കും 'വർക്കല'യിൽനിന്നും 'ആലുവ'യിലേയ്ക്കും 'ആലുവ'യിൽ നിന്നും 'തലശ്ശേരി'യിലെ 'ജഗന്നാഥ ക്ഷേത്ര' പരിസരത്തേയ്ക്കും പോയ ഒരു ഗുരു. ആ ഗുരു മലയാളിയുടെ മനസ്സിനോട് പറഞ്ഞത് "ഉണരുക" എന്നാണ്. സാമൂഹിക അച്ചടക്കത്തിനുവേണ്ടി ഒരു രാഷ്ട്രത്തെയും ഒരു ജനതയെയും നേരാംവണ്ണം ആവിഷ്കരിക്കാൻ, പുനരാവിഷ്കരിക്കാനാണ് ഗുരു നമ്മോട് പറഞ്ഞത്, ആ ഗുരു കാണിച്ചുതന്ന വഴികളുണ്ട്. തത്വചിന്തയും പ്രായോഗികതയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണെന്ന് ഗുരു എപ്പോഴും പറയുമായിരുന്നു. അതുകൊണ്ടാണല്ലോ ശിവ പ്രതിഷ്ഠയ്ക്കൊരുങ്ങിയ ഗുരുവിനോട്, 'താങ്കൾ വേദവിപരീതം പ്രവർത്തിക്കുന്നു, താങ്കൾക്ക് പ്രതിഷ്ഠ ചെയ്യാൻ അനുവാദമില്ല' എന്നുപറഞ്ഞവരോട് ' നോക്കൂ, ഇത് നിങ്ങളുടെ ശിവനല്ല' എന്നുപറഞ്ഞത്, അതൊരു വലിയ ചിന്തയാണ്. അതൊരു വലിയ തുടക്കമായിരുന്നു, ഒരു ജനതയുടെ ജീവിതത്തെ അപ്പാടെ മാറ്റിമറിച്ച

ധന്യമായ ഒരു ആവിഷ്കാരമായിരുന്നു. 'ഇത് നിങ്ങളുടെ ശിവനല്ല' എന്ന ആ പറച്ചിലിലൂടെ വായ അടഞ്ഞത്, ജാതിഭേദത്തിന്റെ അപ്രതിരോധ്യം എന്നുകരുതപ്പെട്ട കോട്ടകളിലായിരുന്നു. സമദർശിത്വം എന്നുപറയുന്ന ആശയപരിസരം മലയാളിക്ക് പ്രിയപ്പെട്ട പ്രമേയമാക്കിയ മഹാനായ ഗുരു, നമ്മുടെ ആചാര്യൻ, ഈ നാടിനെ കണ്ടെത്താൻ പരിശ്രമിച്ച ഗുരുക്കന്മാരിൽ ഒരാൾ. അദ്ദേഹത്തിന്റെ പേരിൽ ഒരു സർവ്വകലാശാല വരുമ്പോൾ അത് നാടിന് അഭിമാനമാണ്.

മനുഷ്യനെ മനുഷ്യനിൽനിന്നും അകറ്റുന്ന ഒരേയൊരു വ്യവസ്ഥയേയുള്ളൂ. അതാണ് നാം പുലർത്തിപ്പോന്ന ജാതി വ്യവസ്ഥ. നാം നിലനിലനിർത്തിയ, ഒരു മനുഷ്യനെ മനുഷ്യനായി അംഗീകരിക്കാത്ത ആ ജാതിവ്യവസ്ഥയ്ക്കെതിരെ ഗുരുവിന്റെ മുഖത്ത് ലക്ഷണമുണ്ട്. ഗുരുവും ടാഗോറും മുഖാമുഖം നിൽക്കുന്ന ചിത്രം കൊച്ചുനാളിലേ കണ്ടിരുന്നെങ്കിൽ ആ ഗുരുവിനെ കണ്ടെത്താൻ നമുക്ക് ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. മഹാത്മാഗാന്ധിയുടെ മുഖാമുഖമിരിക്കുന്ന ഗുരുവിന്റെ ചിത്രമുണ്ട്. ഈ കറുത്ത അദ്ധ്യായം അവസാനിപ്പിക്കാനുള്ള, ഒരു രാഷ്ട്രത്തെ, ഒരു ജനതയായും ഒറ്റ രാഷ്ട്രമായും മാറ്റാനുള്ള, അതിനിശിതമായ ദിശാബോധത്തിന്റെ ലക്ഷണയുക്തമായ, എല്ലാ വിലക്ഷണമായ സാമ്പ്രദായികതകളെയും നിരാകരിച്ചുകൊണ്ട് ഒരു ജനതയെ മനുഷ്യനെന്ന ജാതിക്കുമാത്രം പ്രാധാന്യം നൽകുന്ന ഒന്നായിക്കാണുന്നതാണ് ആ ചിത്രം. 'മനുഷ്യനാണോ അവനൊരു ജാതിമാത്രം', 'പെണ്ണ് പെറ്റവനെല്ലാം ഒരു ജാതി' എന്നുപറഞ്ഞ ഗുരുവിന്റെ സമദർശിത്വം നമ്മുടെ സ്വപ്നങ്ങളെ താലോലിക്കുന്നു, നമ്മുടെ സങ്കൽപ്പങ്ങളെ രൂപപ്പെടുത്തുന്നു. ആ മഹാഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല ആരംഭിക്കുമ്പോൾ പ്രിയപ്പെട്ട മന്ത്രി, അങ്ങ് അതൊരു വിൽപ്പന ചരക്കാക്കരുത്. നല്ല നിലവാരമുള്ള ഒരു സർവ്വകലാശാലയായിരിക്കണം. ഞാൻ ആരേയും കുറ്റം പറയാൻ ആഗ്രഹിക്കാത്ത ആളായതുകൊണ്ട്, ഇതിനപ്പുറം പറയാൻ ആഗ്രഹിക്കുന്നില്ല. ഗുരുവിന്റെ പേരിൽ സ്ഥാപിതമാകുന്ന സർവ്വകലാശാല മലയാളിയുടെ അന്തസ്സുയർത്തുന്ന വലിയ സ്ഥാപനമായി മാറട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ നിരാകരണപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. മഹാനായ ശ്രീനാരായണഗുരുദേവന്റെ നാമധേയത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് നേരത്തെ ശ്രീ. ടി. എ. അഹമ്മദ് കബീർ പറഞ്ഞതുപോലെ സ്വാഗതാർഹമായ തീരുമാനമാണ്. ഇരുകാലികളെ വിവേകികളാക്കുന്നത്

വിദ്യാഭ്യാസമാണെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്. 73 ക്ഷേത്ര പ്രതിഷ്ഠകൾ നടത്തിയിട്ടുള്ള ഗുരുദേവൻ അരുവിപ്പുറത്തെ ക്ഷേത്രപ്രതിഷ്ഠ കഴിഞ്ഞ് അവിടെയൊരു പള്ളിക്കൂടം ആരംഭിക്കുകയായിരുന്നു ആദ്യം ചെയ്തത്. അങ്ങനെയുള്ള ഗുരുദേവന്റെ പേരിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ നമ്മൾ ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്. ഇന്ത്യയിൽ ഇന്ന് ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് ഓപ്പൺ യൂണിവേഴ്സിറ്റി സമ്പ്രദായത്തിൽ പഠിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഇഗ്നോ (IGNOU) ഉൾപ്പെടെ ഏകദേശം 14 ഓപ്പൺ യൂണിവേഴ്സിറ്റികളാണ് ഇന്നുള്ളത്. സംസ്ഥാനങ്ങൾ നടത്തുന്ന ഓപ്പൺ യൂണിവേഴ്സിറ്റികളിൽ ഏകദേശം പത്തുലക്ഷത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കേരളത്തിൽത്തന്നെ ഇഗ്നോയുടെ മൂന്ന് സെന്ററുകളും നാല് പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളുടെ വിദൂര വിദ്യാഭ്യാസ സംവിധാനങ്ങളും വളരെ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ചില കണക്കുകളെടുത്തപ്പോൾ എനിക്കുതന്നെ അതിശയം തോന്നി. കേരള, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികൾ നടത്തുന്ന വിദൂരവിദ്യാഭ്യാസ സംവിധാനത്തിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് പഠിക്കുന്നത്. അതുവഴി നല്ലൊരു വരുമാനം ഇന്ന് കേരള യൂണിവേഴ്സിറ്റിയടക്കമുള്ള സർവ്വകലാശാലകൾക്ക് ലഭിക്കുന്നുണ്ട്. ഈ ഒരു ഓപ്പൺ യൂണിവേഴ്സിറ്റികൂടി വരുമ്പോൾ, ഇപ്പോൾ കേരളത്തിലെ മൂന്ന് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിദൂരവിദ്യാഭ്യാസ സംവിധാനത്തിന്റെ ഭാവി എന്താകുമെന്നുള്ള ആശങ്ക അവിടത്തെ ജീവനക്കാർക്കും സംഘടനകൾക്കുമൊക്കെയുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റി എന്ന ആശയം വന്നിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരമാണ്. 2017-ൽ ഓപ്പൺ ആന്റ് ഡിസ്റ്റന്റ്സ് ലേണിംഗിന്റെ പുതിയ മാനദണ്ഡങ്ങൾ വന്നപ്പോഴാണ് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കേണ്ട ആവശ്യം വന്നത്. എന്തായാലും കേരള, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് പഠിക്കുന്നത്. അതോടൊപ്പം അവിടെ deeply enriched ആയതും വളരെ നല്ല അടിസ്ഥാന സൗകര്യങ്ങളുമാണുള്ളത്. ധാരാളം കോഴ്സുകളും അദ്ധ്യാപകരുമൊക്കെയുള്ള സംവിധാനങ്ങളുണ്ട്; അത് പെട്ടെന്ന് നിലച്ചുകൊണ്ട് പുതിയ സംവിധാനം വരുന്നു. അതിനുപകരം ഈ ആളുകളെ ഒന്നുകിൽ യൂണിവേഴ്സിറ്റിയിൽ മറ്റ് കോഴ്സുകൾ പഠിപ്പിക്കാനും മറ്റ് സംവിധാനങ്ങളുടെ ഭാഗമായി വരാനും അല്ലെങ്കിൽ ഈ ആളുകളെ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട് ഓപ്പൺ യൂണിവേഴ്സിറ്റി എന്ന ആശയത്തിലേയ്ക്ക് നമ്മൾ എത്തേണ്ടതുമുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ ആരംഭിച്ചു. എന്റെ

നിയോജകമണ്ഡലത്തിലും ഒരു യു.ഐ.ടി.യുണ്ട്. പക്ഷേ യു.ഐ.ടി.-കൾ ആരംഭിക്കുന്നതല്ലാതെ ഒരു തരത്തിലുമുള്ള സഹായങ്ങളും യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടാകാറില്ല. ഗ്രാമീണ മേഖലയിലെ ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് വിദ്യാഭ്യാസം പ്രാപ്യമാക്കാനാണ് യു.ഐ.ടി.കൾ അടക്കമുള്ള സംവിധാനം കൊണ്ടുവന്നത്. എന്നാൽ അതിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ സർക്കാർ ഒന്നുംചെയ്യാതെ പെട്ടെന്ന് ഓപ്പൺ യൂണിവേഴ്സിറ്റി എന്നുള്ള ആശയത്തിലേയ്ക്ക് വരുമ്പോൾ അതുസംബന്ധിച്ച് പ്ലാനിംഗ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണം.

രണ്ടാമത്തേത് നമ്മളെല്ലാവരും കേട്ടുപഠിച്ച, വായിച്ചിട്ടുള്ള ചരിത്രത്തിന്റെ ഒരു കഥയുണ്ട്. 1937-ൽ കേരള യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ, വൈസ് ചാൻസലറായി ആൽബർട്ട് ഐൻസ്റ്റീനെ അന്നത്തെ മഹാരാജാവ് കത്തുകൊടുത്ത് വിളിച്ചിട്ടുണ്ട് എന്നുള്ള കഥ നമ്മൾ കേട്ടിട്ടുണ്ട്. അത്രയും പ്രഗത്ഭരായ ആളുകളെ കേരള യൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ് ചാൻസലറായും മറ്റും തലപ്പത്തേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ച കാലഘട്ടത്തിൽനിന്ന് ഇന്ന് ഈ ഒരു പുതിയ യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ അതിന്റെ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ വരുന്ന ആളുകൾക്ക് ഭരണപരമായ, പ്രൊഫഷണൽ യോഗ്യതയുണ്ടെന്നുള്ള കാര്യം നമ്മൾ പഠിക്കണം. നിയമസഭയിൽത്തന്നെ രജിസ്ട്രാറുടെ നിയമനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളും ചോദ്യങ്ങളും വന്നിട്ടുള്ളതാണ്. പുതിയ ഒരാശയം തുടങ്ങുമ്പോൾ കേവലം രാഷ്ട്രീയമായി നമുക്കുള്ള സ്വാധീനത്തേക്കാളും അടുപ്പത്തേക്കാളും ഈ വിഷയത്തെക്കുറിച്ച് അറിയാവുന്ന, സാധാരണ വിദ്യാഭ്യാസത്തെക്കാൾ വ്യത്യസ്തമായി നിൽക്കുന്ന ഈ ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ കാര്യങ്ങളെക്കുറിച്ച് അറിയാവുന്ന, പുതിയ കാലത്ത് ഓപ്പൺ യൂണിവേഴ്സിറ്റികളെ സാക്ഷാത്കരിക്കാൻ കഴിയുന്ന ആളുകൾ അതിന്റെ ഭരണ തലപ്പത്തുണ്ടാകണം. ഇന്നത്തെ കാലം പഴയതുപോലെയല്ല, കോവിഡ് വന്നതിനെത്തുടർന്ന് എൽ.കെ.ജി. കുട്ടികൾവരെ ഫോൺ നോക്കി പഠിക്കുന്ന കാലഘട്ടമാണ്. അപ്പോൾ പുതിയ കാലത്തിന്റെ ഇത്തരം ആശയങ്ങളും ഏറ്റവും കൂടുതൽ മൊബൈലും ഡേറ്റാ പെനിട്രേഷനുമൊക്കെയുള്ള ഒരു സംസ്ഥാനത്തിന്റെ ഓപ്പൺ യൂണിവേഴ്സിറ്റി എന്ന നിലയിൽ പരമ്പരാഗതമായ ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാഭ്യാസ സങ്കൽപ്പങ്ങളോടൊപ്പം പുതിയ ആശയങ്ങൾകൂടി കൊണ്ടുവരാൻ കഴിയുന്ന വളരെയധികം പ്രഗത്ഭരായ നേതൃത്വം ഓപ്പൺ യൂണിവേഴ്സിറ്റിക്കുണ്ടാകണം. അത്തരത്തിലുള്ള പ്രവർത്തനം നടത്തി മുന്നോട്ടുപോകണം. യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷൻ അടക്കമുള്ള വിവിധ രാഷ്ട്രീയ നിറമുള്ള സംഘടനകളും വിവിധ താൽപ്പര്യങ്ങളുള്ള സംഘടനകളുമൊക്കെ പല

ആവശ്യങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. അവരെല്ലാം നൽകിയിട്ടുള്ള പ്രമേയങ്ങളിൽ വളരെ കൃത്യമായ ചില നിരീക്ഷണങ്ങളുണ്ട്. അതിനെക്കുറിച്ച് ക്ഷമയോടുകൂടിയ ഹിയറിംഗും അത് മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമാക്കെയായി മുന്നോട്ടുപോകണം. നമുക്ക് ശക്തമായിട്ടുള്ള നാല് യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ നടക്കുന്ന വിദൂര വിദ്യാഭ്യാസത്തിനെ ശാക്തീകരിച്ചുകൊണ്ട് ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് വിദ്യാഭ്യാസം എത്തിക്കാനുള്ള രീതിയിൽ ഓപ്പൺ യൂണിവേഴ്സിറ്റി മുന്നോട്ടുപോകണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയാണ് 'ഇഗ്നോ' ആയി മാറിയത്. മഹാത്മാഗാന്ധി സർവ്വകലാശാല 'എം.ജി. സർവ്വകലാശാല' എന്നാണ് അറിയപ്പെടുന്നത്. അതുപോലെ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എസ്. എൻ. ഓപ്പൺ സർവ്വകലാശാലയായി എഴുതപ്പെടാതിരിക്കാൻ, അങ്ങനെ ചുരുക്കപ്പെടാതിരിക്കാൻ പ്രത്യേകമായ വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> പ്രധാനപ്പെട്ട പോയിന്റാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കുമെന്നുള്ളതാണ് വിശ്വാസം. ശ്രീനാരായണ ഗുരുദേവന്റെ പേരിലൊരു സ്ഥാപനം തുടങ്ങുമ്പോൾ അദ്ദേഹത്തിന്റെ പേരിന് കളങ്കമില്ലാത്ത രീതിയിൽ മുന്നോട്ടുകൊണ്ടുപോകണം. കാരണം അത് വലിയൊരു ആവശ്യമാണ്. അത് അങ്ങനെയാകുമോ എന്നുള്ള ഭയം നമുക്ക് ഓരോരുത്തർക്കുമുണ്ട്. വളരെ പ്രൊഫഷണലായി നടക്കുന്ന ഇന്നത്തെ ഓപ്പൺ യൂണിവേഴ്സിറ്റിയെയും ഭാവിയിലെ വിദ്യാഭ്യാസ സങ്കൽപ്പങ്ങളെയുമൊക്കെ മനസ്സിലാക്കി മുന്നോട്ടുപോകുന്ന ഒരു ടീമിന് ഈ യൂണിവേഴ്സിറ്റിയെ നയിക്കാനും അത്തരത്തിൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കും നമുക്കെല്ലാവർക്കും അഭിപ്രായം പറയാൻ കഴിയുന്ന ഒരു സംവിധാനവുമുണ്ടാകണം. ഞാൻ ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായതു കൊണ്ട് പറയുകയാണ്. കഴിഞ്ഞ അഞ്ച് വർഷമായി കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ പുതിയ സിൻഡിക്കേറ്റ്/സെനറ്റ് സംവിധാനം വരുമെന്ന് പറഞ്ഞിരിക്കുകയാണ്. പക്ഷേ ഈ സർക്കാർ വന്ന് അഞ്ചുവർഷമായി, കെ.ടി.യു.വിന്റെ നിയമം പാസ്സാക്കി പ്രാബല്യത്തിൽ വന്നിട്ട് ആറ് വർഷമായി. പക്ഷേ ഈ നിയമസഭയിലെ ഒരംഗംപോലും ഡോ. എ. പി. ജെ അബ്ദുൽകലാമിന്റെ പേരിലുള്ള കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ സെനറ്റിലോ സിൻഡിക്കേറ്റിലോ അംഗമല്ലെന്നത് തീർച്ചയായും ഈ നിയമസഭയോടുള്ള അവഹേളനം തന്നെയാണ്. അത്തരത്തിലുള്ള കാര്യങ്ങൾ ശ്രീനാരായണ

ഗുരുദേവന്റെ പേരിലുള്ള ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണസംവിധാനത്തിലും ഉണ്ടാകരുതെന്നുകൂടി അപേക്ഷിച്ചുകൊണ്ട് ഗുരുദേവന്റെ പ്രവൃത്തികളുടെയും അദ്ദേഹത്തിന്റെ നാമധേയത്തിന്റെയും യശസ്സ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. എൻ. ഷംസീർ: സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-1-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് വിശ്വവിഖ്യാതനായ അമേരിക്കൻ ഫിലോസഫറും എഡ്യൂക്കേഷൻ റിഫോർമറുമായ John Dewey പറഞ്ഞത്, "Education is not preparation for life. It is life itself" എന്നാണ്. വിദ്യാഭ്യാസം എന്നത് ജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പല്ല, മറിച്ച് ജീവിതം തന്നെയാണ്. അതുപോലെ ജനാധിപത്യ ഭരണകൂടങ്ങൾ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുമെന്നുകൂടി നമുക്ക് പറയാൻ സാധിക്കും. ഇടതുപക്ഷം ജനാധിപത്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഭരണകൂടമാണ്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ മേഖലയിൽനിന്നും തന്റേതല്ലാത്ത കുറ്റംകൊണ്ട് സൈഡ് ലൈൻ ചെയ്യപ്പെട്ടവരാണ് പലപ്പോഴും പാതിവഴിയിൽ പഠനം ഉപേക്ഷിക്കുന്നത്. അങ്ങനെ പാതിവഴിയിൽ പഠനം ഉപേക്ഷിച്ചുപോയവരെ വീണ്ടും പഠനത്തിലേയ്ക്ക് കൊണ്ടുവരാനാണ് ഇത്തരം ഓപ്പൺ യൂണിവേഴ്സിറ്റികൾകൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. ആ ഓപ്പൺ യൂണിവേഴ്സിറ്റിക്ക് അനുയോജ്യമായ പേരാണ് ഈ ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. നവോത്ഥാന പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ചിട്ട മണ്ണാണ് കേരളം. പരശുരാമൻ മഴു എറിഞ്ഞാണ് കേരളമുണ്ടായതെന്നാണ് ഐതിഹ്യമെങ്കിൽ ഞങ്ങൾ ഇടതുപക്ഷക്കാർ പറയുന്നത് ആധുനിക കേരളം രൂപപ്പെടുത്തിയത് നവോത്ഥാന നായകന്മാരും കമ്മ്യൂണിസ്റ്റുകാരുമാണ് എന്നാണ്. കമ്മ്യൂണിസ്റ്റുകാരും നവോത്ഥാന നായകന്മാരും ഉഴുതുമറിച്ചിട്ട മണ്ണിലാണ് ആധുനിക കേരളം സൃഷ്ടിക്കപ്പെട്ടത്. നവോത്ഥാന നായകന്മാർക്ക് ഏറ്റവും കൂടുതൽ പരിഗണന കൊടുത്ത സർക്കാരാണ് പിണറായി സർക്കാർ. അയ്യങ്കാളിക്ക് ഉചിതമായ സ്മാരകമായി വി.ജെ.ടി. ഹാളിന് അയ്യങ്കാളിയുടെ പേര് കൊടുക്കാൻ ഈ സർക്കാർ തയ്യാറായി. ലോകമറിയപ്പെടുന്ന വിശ്വവിഖ്യാതനായ പുരുഷനാണ് ശ്രീനാരായണ ഗുരു. ആ ഗുരുവിന് ഏറ്റവും ഉചിതമായ സ്മാരകം നിർമ്മിക്കാൻ ഇന്നുവരെ ഒരു സർക്കാരും തയ്യാറായിട്ടില്ല. എന്നാൽ ഇതിന് നേതൃത്വം

കൊടുക്കുന്നുവെന്നതാണ് ഈ സർക്കാരിന്റെ പ്രത്യേകത. "സംഘടിച്ച് ശക്തരാകുക, വിദ്യകൊണ്ട് പ്രബുദ്ധരാകുക" എന്നാണ് ഗുരു പറഞ്ഞത്. "വിദ്യാഭ്യാസം നിങ്ങളെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കും" എന്നുകൂടി ശ്രീനാരായണ ഗുരു പറഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഇന്ത്യൻ സിനാരിയോയിൽ ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾക്ക് ഏറ്റവും പ്രസക്തിയുള്ള കാലമാണിത്. എന്തുകൊണ്ടെന്നാൽ ഒരു ഭാഗത്ത് വർഗ്ഗീയശക്തികൾ ശക്തിപ്പെടാനും ജനാധിപത്യത്തെ ദുർബലപ്പെടുത്താനും സെക്കുലറിസം തകർക്കാനും ശ്രമിക്കുന്നു, സയൻസിനുപകരം ഡോഗ്‍മയെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നു. യുക്തിചിന്തയ്ക്കുപകരം അന്ധ വിശ്വാസങ്ങളെയും അനാചാരങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന ഗവൺമെന്റാണ് ഈ രാജ്യം ഭരിക്കുന്നത്. അവർ പറഞ്ഞ് പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാര്യം നിങ്ങൾക്കെല്ലാം പരിചയമുള്ളതാണ്. അവർ പറയുന്നതെന്താണ്? റൈറ്റ് ബ്രദേഴ്സാണ് വിമാനം കണ്ടുപിടിച്ചത് എന്നാണ് നമ്മൾ സ്കൂൾ പാഠപുസ്തകത്തിൽ പഠിച്ചത്. പക്ഷേ രാജ്യം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് പറയുന്നത് റൈറ്റ് ബ്രദേഴ്സല്ല, ഹിന്ദുത്വമാണ് വിമാനം കണ്ടുപിടിച്ചതെന്നാണ്. അതാണ് പുഷ്പകവിമാനം എന്ന് പഠിപ്പിക്കാൻ ശ്രമിക്കുന്നു. പ്ലാസ്റ്റിക് സർജറി മെഡിക്കൽ സയൻസിന്റെ പുരോഗതിയാണ്. പക്ഷേ അതും കണ്ടുപിടിച്ചത് ഹിന്ദുത്വമാണ്, ലോർഡ് ഗണേശ പ്ലാസ്റ്റിക് സർജറിയിലൂടെ രൂപപ്പെട്ട വ്യക്തിയാണ് എന്നാണ് പറയുന്നത്. കുട്ടികൾ ജനിക്കാത്ത ഘട്ടത്തിൽ പലരും ഇൻഫെർട്ടിലിറ്റി ട്രീറ്റ്മെന്റുകൾക്ക് പോകാറുണ്ട്. ആ ട്രീറ്റ്മെന്റ് കണ്ടുപിടിച്ചത് ഹിന്ദുത്വമാണ്, അതിലൂടെയാണ് കൗരവർ ജനിച്ചത് എന്നാണ് അവർ പറയുന്നത്. അതുപോലെ പശു രാഷ്ട്രീയത്തിനും പശുവിനും ഏറ്റവും കൂടുതൽ പ്രാമുഖ്യവും പരിഗണനയും കൊടുക്കുന്ന ഒരു വിദ്യാഭ്യാസ ക്രമത്തെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നു. കോവിഡ് വന്ന പശ്ചാത്തലത്തിൽ നിങ്ങൾ ചാണകം തേച്ചാൽ മതി എന്നുപോലും പറയാൻ ഈ രാജ്യം ഭരിക്കുന്ന ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്നവർക്ക് ഒരു മടിയുമുണ്ടായില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ ഒരു പശ്ചാത്തലത്തിൽ സയൻസിനെ പ്രോത്സാഹിപ്പിക്കുന്ന, പ്രോഗ്രസ്സീവ് കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന ഒരു വിദ്യാഭ്യാസക്രമം ഇവിടെ രൂപപ്പെടേണ്ടത് അനിവാര്യമാണെന്നാണ് സൂചിപ്പിക്കാനുള്ളത്. 1969-ലാണ് മനുഷ്യൻ ചന്ദ്രനിൽ കാൽകുത്തിയത്. അതേ 1969-ലാണ് ഇംഗ്ലണ്ടിൽ ഏറ്റവും ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചത്. 1969-ൽ ഇംഗ്ലണ്ടിൽ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചെങ്കിൽ 1985-ൽ ഇന്ത്യയിൽ ബഹുമാനപ്പെട്ട മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പേരിൽ IGNOU (Indira Gandhi National Open University) ആരംഭിച്ചു. രണ്ട് ഡിപ്ലോമ കോഴ്സുകളും നാലായിരം

വിദ്യാർത്ഥികളുമാണ് IGNOU-യിൽ അന്നുണ്ടായിരുന്നതെങ്കിൽ ഇന്ന് ഇരുനൂറ് കോഴ്സുകളും മുപ്പത് ലക്ഷം വിദ്യാർത്ഥികളും പഠിക്കുന്ന ഒരു മഹത്തായ സ്ഥാപനമായി IGNOU മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ IGNOU-യ്ക്ക് സമാനമായി ഒരു വിദ്യാഭ്യാസ സ്ഥാപനം ഇവിടെ വരണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. കേരളത്തിൽ 14 യൂണിവേഴ്സിറ്റികളാണുള്ളത്. ഇതിൽ ഒരു സെൻട്രൽ യൂണിവേഴ്സിറ്റിയുമുണ്ട്. നമുക്ക് എല്ലാത്തിനും സർവ്വകലാശാലകളുണ്ട്. ഞങ്ങളെല്ലാം അണ്ടർ ഗ്രാജുവേഷൻ ചെയ്യുന്ന ഘട്ടത്തിൽ ഒരു യൂണിവേഴ്സിറ്റിയിൽ തന്നെയായിരുന്നു മെഡിക്കൽ, ബിടെക്, ലോ എല്ലാം പഠിച്ചിരുന്നത്. പക്ഷേ ഇന്ന് അങ്ങനെയല്ല. ഇന്ന് മെഡിക്കൽ വിദ്യാഭ്യാസത്തിന് KUHS (Kerala University of Health Sciences) ഉണ്ട്. നേരത്തെ ഇവിടെ പരാമർശിച്ചതുപോലെ ഡോ. എ. പി. ജെ. അബ്ദുൾകലാമിന്റെ പേരിൽ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുണ്ട്, കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുണ്ട്, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുണ്ട്, വളരെയധികം പൊട്ടൻഷ്യലുള്ള യൂണിവേഴ്സിറ്റിയാണ്. ഇങ്ങനെ വ്യത്യസ്ത തലങ്ങളിൽ ഏഴ് യൂണിവേഴ്സിറ്റികളുണ്ട്. അതോടൊപ്പംതന്നെ അഫിലിയേറ്റഡ് കോളേജുകൾ ഉൾപ്പെടുന്ന ആറ് യൂണിവേഴ്സിറ്റികളുമുണ്ട്. അതിൽ 2500 കോളേജുകളും 25 ലക്ഷം കുട്ടികളുമുൾപ്പെടുന്നു. 25 ലക്ഷം കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ നമുക്ക് സാധിക്കുന്നു. എന്നാലും ഒരുപാട് പേർക്ക് വിദ്യാഭ്യാസം ലഭിക്കാത്ത സാഹചര്യം ഇപ്പോഴുമുണ്ട് എന്നുള്ളതാണ് വസ്തുത. ഈ പശ്ചാത്തലത്തിൽ ഇത്തരം കുട്ടികൾ എവിടെപ്പോയി പഠിക്കുമെന്ന ചോദ്യം ഉയർന്നുവന്നേക്കാം. ഇത്തരം കുട്ടികൾക്ക് പഠിക്കാനാണ് ഓപ്പൺ യൂണിവേഴ്സിറ്റികൾ. ഓപ്പൺ യൂണിവേഴ്സിറ്റി വരണമെങ്കിൽ നിശ്ചിത സ്കോർ വേണമെന്നുണ്ട്. അക്രെഡിറ്റേഷൻ കൗൺസിൽ പറയുന്നത് 3.26 സ്കോർ ആവശ്യമാണെന്നാണ്. നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തെ പല യൂണിവേഴ്സിറ്റികൾക്കും ആ സ്കോർ ഇല്ല. ഈ സാഹചര്യത്തിലാണ് സർക്കാർ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന്റെ സാഹചര്യത്തെക്കുറിച്ച് പഠിക്കാൻ മുന്നോട്ടുവന്നത്. സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്ന് വ്യതിചലിച്ച്, ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുക എന്നതാണ് ഇതിന്റെ കൺസപ്റ്റ്. പുതുതായി ഇലക്ട് ചെയ്യപ്പെട്ട ജനപ്രതിനിധികൾക്കുകൂടി ഷോർട്ട് ടേം സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുമെന്നുള്ളത് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്റെ ആമുഖ ഭാഷണത്തിലൂടെ സൂചിപ്പിച്ചു. തീർച്ചയായും അത് മാതൃകാപരമായ പ്രവർത്തനം തന്നെയാണ്. 21 വയസ്സ് കഴിഞ്ഞാൽ സ്വാഭാവികമായും ജനാധിപത്യ

പ്രക്രിയയിൽ ലോക്കൽ ബോഡീസിലേയ്ക്ക് മത്സരിക്കാൻ ഒരു കുട്ടിക്ക് സാധിക്കുമെന്ന കാര്യം നിങ്ങൾക്കറിയാം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് വലിയ ഉത്തരവാദിത്വമാണ് നിറവേറ്റാനുള്ളത്. ഭാരിച്ച ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഒരു പക്ഷേ അവരുടെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടേയ്ക്കാം. അത്തരം ആളുകളെക്കൂടി അക്കോമഡേറ്റ് ചെയ്യാൻ ഇത്തരം വിദ്യാഭ്യാസക്രമംകൊണ്ട് സാധിക്കുമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കുറച്ച് ഫ്ലക്സിബിളാകണം എന്നുള്ളതാണ് ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. മറ്റ് യൂണിവേഴ്സിറ്റികൾപോലെ വളരെ കർക്കശമായ നിലപാടുകൾ സ്വീകരിക്കാൻ പാടില്ല. ഓപ്പൺ യൂണിവേഴ്സിറ്റി എന്ന സ്ക്കീമിലേയ്ക്ക് പഠിക്കാൻ വരുന്ന കുട്ടികൾ ഒരുപക്ഷേ മറ്റ് പ്രദേശങ്ങളിൽ ജോലി ചെയ്യുന്നവരോ പഠനം കഴിഞ്ഞ് ജോലി ലഭിച്ച് പിന്നീട് ഹയർ എഡ്യൂക്കേഷൻ ആഗ്രഹിക്കുന്നവരോ ആയിരിക്കാം. അങ്ങനെ ഹയർ എഡ്യൂക്കേഷൻ ആഗ്രഹിക്കുന്നവർക്ക് പഠിക്കാൻ സാധിക്കുന്ന രീതിയിൽ ഒരു ഫ്ലക്സിബിൾ അപ്രോച്ച് യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നുണ്ടാകണം. തുടർപഠനം അനിവാര്യമാണ്. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വസന്തകാലമെന്നത് വിദ്യാർത്ഥി കാലഘട്ടമാണെന്ന് നിങ്ങൾക്കറിയാം. അതുകൊണ്ട് ഏതൊരു വ്യക്തിക്കും പഠിക്കാൻ സാധിക്കുന്ന സാഹചര്യമൊരുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആ ഒരു ദൗത്യം നിർവ്വഹിക്കുമെന്ന അഭിപ്രായം എനിക്കുണ്ട്.

കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് പറയുമ്പോൾ ചില വിമർശനങ്ങൾ ഞങ്ങൾക്കെല്ലാമുണ്ട്. ഞാൻ ദീർഘകാലം യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരുന്നു. യൂണിവേഴ്സിറ്റി ജീവനക്കാരെക്കൂടി നമുക്ക് നിയന്ത്രിക്കാൻ കഴിയണമെന്നുള്ളതാണ് ഞങ്ങളുടെ ഒരു വിമർശനം. വിദ്യാർത്ഥികൾക്കായിരിക്കണം യൂണിവേഴ്സിറ്റി. അല്ലാതെ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കുമായി യൂണിവേഴ്സിറ്റി ചുരുങ്ങാൻ പാടില്ല. യൂണിവേഴ്സിറ്റിയിലെ പ്രഥമ പരിഗണന ആർക്കായിരിക്കണമെന്ന ചോദ്യത്തിന് പ്രഥമ പരിഗണന വിദ്യാർത്ഥിക്കായിരിക്കണമെന്നാണ് പറയുന്നത്. അതിനായിരിക്കണം ഈ ഗവൺമെന്റ് പ്രാമുഖ്യം നൽകേണ്ടതെന്ന അഭിപ്രായം എനിക്കുണ്ട്. യൂണിവേഴ്സിറ്റികളെക്കുറിച്ചുള്ള വിമർശനംകൂടി പറയാൻ ഞാൻ ഈ വേദി ഉപയോഗിക്കുകയാണ്. യൂണിവേഴ്സിറ്റികളെ കർക്കശമായി നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. അതോടൊപ്പംതന്നെ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ വിശാലമായ കാഴ്ചപ്പാട് എന്താണെന്ന് നമുക്ക് ഓരോരുത്തർക്കുമറിയാം. ആ രീതിയിൽത്തന്നെ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ വ്യത്യസ്തമായ കോഴ്സുകളുണ്ടാകണം. ഓപ്പൺ യൂണിവേഴ്സിറ്റിയാകുമ്പോൾ ഹ്യൂമാനിറ്റീസ് പോലുള്ള വിഷയങ്ങൾ, ലിംഗ്വിസ്റ്റിക്സ്

പോലുള്ള ഭാഷകൾ തുടങ്ങിയവ പഠിപ്പിക്കാനാണ് പ്രാമുഖ്യം കൊടുക്കാൻ സാധിക്കുക. കാരണം ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ലബോറട്ടറി സൗകര്യങ്ങളുടെ പരിമിതികളുണ്ടാകാം. ഈ പശ്ചാത്തലത്തിൽ ന്യൂ ജനറേഷൻ കോഴ്സുകൾകൂടി ലഭ്യമാക്കാൻ സാധിക്കത്തക്ക നിലയിൽ ജോബ് ഓറിയന്റഡായ രീതിയിലേയ്ക്ക് മാറാൻ നമുക്ക് സാധിക്കണം. അതിനുതകുന്ന രീതിയിൽ യൂണിവേഴ്സിറ്റി ഇപ്പോൾത്തന്നെ മോൾഡ് ചെയ്തെടുക്കാൻ സാധിക്കണം. ഇതൊരു പുതിയ യൂണിവേഴ്സിറ്റിയാണ്. നമ്മുടെ പഴയ യൂണിവേഴ്സിറ്റികളിൽനിന്ന് വ്യത്യസ്തമായി ഇതിനെ ഏതെങ്കിലും തരത്തിൽ മറ്റ് ചില കെട്ടുപാടുകളിൽപ്പെടുത്തി അദ്ധ്യാപക-അദ്ധ്യാപകേതര കേന്ദ്രീകൃതമാകാതെ വിദ്യാർത്ഥിക്ക് പ്രഥമ പ്രയോറിറ്റി കൊടുക്കുന്ന രീതിയിലേയ്ക്ക് മാറണമെന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഈ യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾക്കായിരിക്കണം പ്രഥമ പരിഗണന എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ആ നിലയിലേയ്ക്കുകൂടി യൂണിവേഴ്സിറ്റിയെ മാറ്റിത്തീർക്കാൻ സാധിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ഈ ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് പ്രഥമ പരിഗണന നൽകുന്നതിന്റെ സൂചനയാണ് കഴിഞ്ഞ ബഡ്ജറ്റ്. ഇവിടെ ബഡ്ജറ്റിൽ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഇപ്പോൾ യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യിൽനിന്നും മറ്റ് സംവിധാനങ്ങളിലൂടെയും ആവശ്യത്തിന് ഫണ്ട് ലഭിക്കുന്നുണ്ട്. NAAC (National Assessment and Accreditation Council)-ന്റെ അക്രഡിറ്റേഷനും യു.ജി.സി.യുടെ സ്റ്റാറ്റസും കിട്ടുമ്പോൾ സ്വാഭാവികമായും നോക്കുന്നത് അവിടെ എത്ര അദ്ധ്യാപകർ ഉണ്ടെന്നുള്ളതാണ്. പലയിടങ്ങളിലും ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത സാഹചര്യമുണ്ട്. പല അദ്ധ്യാപകരും കൂലിപ്പണിക്കാരായാണ് പ്രവർത്തിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ യൂണിവേഴ്സിറ്റികളിൽ അനിവാര്യമായി അദ്ധ്യാപക നിയമനം നടക്കണം. അദ്ധ്യാപക നിയമനത്തിന് ഡോ. ടി. എം. തോമസ് ഐസക് മുൻകയ്യെടുക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആയിരം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അത് തുല്യമായി വിഭജിച്ചുകൊണ്ട് സർവ്വകലാശാലകളിലെ സ്റ്റാഫ് ഷോർട്ടേജും ഫാക്കൽറ്റികളുടെ ഷോർട്ടേജും പരിഹരിക്കാൻ സാധിക്കണം. അതിന് പരിഗണന കൊടുക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. അതിനെ ഞങ്ങൾ ശക്തമായി പിന്തുണയ്ക്കുകയാണ്. പൊതുവിദ്യാഭ്യാസത്തെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്താൻ പിണറായി വിജയൻ സർക്കാരിന് കഴിഞ്ഞു. ഇനിയുള്ളത് ഉന്നത വിദ്യാഭ്യാസ മേഖലയാണ്. അതും ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. ഉന്നത

വിദ്യാഭ്യാസത്തിന് പ്രത്യേക വകുപ്പ് തന്നെയുണ്ട്. നേരത്തേ നമുക്ക് എഡ്യൂക്കേഷന് ഒരു മന്ത്രിയാണ് ഉണ്ടായിരുന്നതെങ്കിൽ ഇത്തവണ രണ്ട് മന്ത്രിമാരാണുള്ളത്. പൊതുവിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവുമായി വേർതിരിച്ചപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആ മേഖലയിൽ കൂടുതൽ ശ്രദ്ധിക്കാൻ സാധിക്കുന്നുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് നല്ല രീതിയിൽ ശ്രദ്ധ കൊടുത്ത് ഏറ്റവും മികച്ച നിലവാരത്തിലെത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്. നമ്മുടെ സർവ്വകലാശാലകളിൽ പലതും ലോക നിലവാരത്തിലേയ്ക്ക് എത്തുന്നില്ല എന്ന കാര്യം നേരത്തെ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സൂചിപ്പിച്ചിരുന്നു. ലോകത്തെ നമ്പർ റേറ്റിംഗ് എടുത്താൽ പല സർവ്വകലാശാലകളും റേറ്റിംഗിനകത്ത് വരുന്നില്ല എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ പശ്ചാത്തലത്തിൽ നമ്മുടെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്താൻ കഴിയണം. ശ്രീനാരായണ ഗുരുവിന് സ്മാരകമായി ഒരു ഓപ്പൺ യൂണിവേഴ്സിറ്റി രൂപപ്പെടുമ്പോൾ അത് ഫോറിൻ സർവ്വകലാശാലകളോട് കോംപീറ്റ് ചെയ്യാൻ കഴിയുന്ന രീതിയിലേയ്ക്ക് മോൾഡ് ചെയ്തെടുക്കാൻ നമുക്ക് സാധിക്കണം. അത്തരത്തിൽ ഫോർകാസ്റ്റ് ചെയ്തുകൊണ്ടായിരിക്കണം ഈ സംവിധാനം ചെയ്യാൻ സാധിക്കേണ്ടത് എന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. മറ്റ് കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരു ടൈം സ്ലോട്ടുണ്ടാക്കി കാര്യങ്ങൾ അവതരിപ്പിക്കാൻ തയ്യാറാകണമെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ അഭ്യർത്ഥിച്ചു. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഈ യൂണിവേഴ്സിറ്റിയുമായി നേരിട്ട് ബന്ധമുള്ളതല്ലെങ്കിലും നിലവിൽ നമ്മുടെ യൂണിവേഴ്സിറ്റികളിലും ഡിപ്പാർട്ടുമെന്റുകളിലുമുള്ള ഉദ്യോഗസ്ഥരും അദ്ധ്യാപകരും പലപ്പോഴും പുതിയ വികസന പദ്ധതികൾ വരുന്നതിന് എതിരായ മനോഭാവം സ്വീകരിക്കാറുണ്ട്. ഉദാഹരണം പറയുകയാണെങ്കിൽ, പട്ടാമ്പി കോളേജിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് ഫണ്ട് പാസ്സായി രണ്ടരവർഷം കഴിഞ്ഞിട്ടും MoU ഒപ്പിട്ടിട്ടില്ല. വളരെ നിഷേധാത്മകമായ മനോഭാവം ഇത്തരം പദ്ധതികളിലുണ്ട്. അത് മാറി ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി അനുകൂല മനോഭാവമുണ്ടാകണമെന്ന് അങ്ങേയ്ക്ക് തോന്നിയിട്ടുണ്ടോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ തുടക്കത്തിൽ തന്നെ അത് സൂചിപ്പിച്ചതാണ്. ഞങ്ങൾ ജനപ്രതിനിധികളാണ്. അഞ്ചുവർഷം കൂടുമ്പോൾ ഇലക്ഷൻ പ്രോസസ്സിനെ നേരിടുന്നുണ്ട്. അതുകൊണ്ട് ജനങ്ങളോട് ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. പക്ഷെ ഗവൺമെന്റ് കോളേജുകൾ മാത്രമല്ല, എയ്ഡഡ്

കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ പലപ്പോഴും ആദ്യത്തെ പോസ്റ്റിംഗ് കഴിഞ്ഞാൽ പിന്നെ യാതൊരു കമ്മിറ്റ്മെന്റുമില്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. യൂണിവേഴ്സിറ്റി ജീവനക്കാരുടെ കാര്യം അതിലും കഷ്ടമാണ്. പി.എച്ച്.ഡി. സ്കോളറെ കണ്ടാൽ അവർക്ക് പുച്ഛമാണ്. പി.എച്ച്.ഡി. സ്കോളർ എന്തെങ്കിലും ആവശ്യത്തിന് യൂണിവേഴ്സിറ്റിയിൽ പോയാൽ പരമാവധി എങ്ങനെ നടത്തിക്കാമെന്ന കാര്യത്തിൽ ഗവേഷണം നടത്തുന്ന അപ്രോച്ചാണ് കേരളത്തിലെ ചെറിയ ശതമാനം യൂണിവേഴ്സിറ്റി ജീവനക്കാർക്കുള്ളത്. ഇതെല്ലാം ഗൗരവമായി കാണണം. ഉന്നത വിദ്യാഭ്യാസ മേഖല ഉന്നത നിലവാരത്തിലേയ്ക്ക് പോകുമ്പോൾ ആ മേഖലയുടെ ഉയർച്ചയിൽ ഇത്തരത്തിലുള്ള ജീവനക്കാരെയും അദ്ധ്യാപകരെയുംകൂടി നേരെയാക്കാൻ സാധിക്കേണ്ടതുണ്ട്. യോജിച്ച പ്രവർത്തനമുണ്ടായാൽ മാത്രമേ വിദ്യാഭ്യാസ മേഖലയുടെ അഭിവൃദ്ധി സാധ്യമാകുകയുള്ളൂ. ഇടത്-വലത് വ്യത്യാസമില്ലാതെ അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും യോജിച്ചുപോയാൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. പൊതുവിദ്യാഭ്യാസ മേഖല ഒരുപാട് മുന്നോട്ടുപോയിട്ടുണ്ട്. അതുപോലെ ഉന്നത വിദ്യാഭ്യാസ മേഖലയേയും മുന്നോട്ടുകൊണ്ടുവരാൻ സാധിക്കണം. അതിന് സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങളെയും ശക്തമായി പിന്തുണയ്ക്കുകയാണ്. ഇവിടെ രൂപീകരിക്കപ്പെട്ട ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആശയം നേരത്തെ അവതരിപ്പിച്ചു. അതിന് പ്രാദേശിക കേന്ദ്രങ്ങളുണ്ടെന്ന് പറഞ്ഞു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിതമാകുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയടക്കമുള്ള ചില യൂണിവേഴ്സിറ്റികളിൽ ഇപ്രാവശ്യത്തെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ഓപ്പൺ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്യുന്നതിൽ ഏറ്റവും കൂടുതൽ കുട്ടികൾ മലബാർ മേഖലയിൽ നിന്നാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായതുകൊണ്ടാണ് സ്വാഭാവികമായും അങ്ങനെ സംഭവിക്കുന്നത്. കൊല്ലം ആസ്ഥാനമായ യൂണിവേഴ്സിറ്റിയിലേയ്ക്ക് ആ കുട്ടികൾ മാറണമെന്ന് പറയുന്നത് ബുദ്ധിമുട്ടുണ്ടാകും. അത്തരത്തിൽ കുട്ടികളെ ഉടനെതന്നെ പറിച്ചുനടാതെ കാലക്രമേണ മാറ്റിയാൽ മതിയെന്നുള്ള നിലപാട് സർക്കാരിന് സ്വീകരിച്ചുകൂടെ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, റീജിയണൽ സെന്ററുകളെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചും വളരെ വ്യക്തമായിത്തന്നെ ഈ നിയമത്തിൽ പറയുന്നുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി രൂപാന്തരപ്പെട്ടപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉത്തര മേഖലയായ മലബാറിലെ ഏറ്റവും അവസാന ബാച്ചായിരുന്നു ഞങ്ങളുടേത്. അപ്പോൾ സ്വാഭാവികമായും അത് എങ്ങനെയാണ് എന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവൺമെന്റാണ് വ്യക്തമാക്കേണ്ടത്.

പ്രൊഫ. കെ. യു. അരുണൻ: സർ, ശ്രീനാരായണഗുരു സ്വാമികളുടെ പേരിലുള്ള ഒരു സ്ഥാപനമാണല്ലോ ഇത്. ഗുരു നിത്യചൈതന്യയതി പ്രസിദ്ധീകരിച്ച ശ്രീനാരായണഗുരുവിന്റെ കത്താണിത് 'My dear Kuttichathan, the bearer of this letter is very poor. Please save him.' അദ്ദേഹത്തെ സമീപിച്ച ഒരു പാവപ്പെട്ട ആളിന് എഴുതിക്കൊടുത്തതാണിത്. 'My Dear Kuttichathan,' പിന്നീട് അത് സിനിമയായതാണ്. കുട്ടിച്ചാത്തന് എഴുത്ത് കൊടുക്കുന്ന രൂപത്തിൽ യുക്തിവാദത്തിന്റെ പതാക വഹിച്ചയാളാണ് ശ്രീനാരായണഗുരു സ്വാമികൾ. അപ്പോൾ യുക്തിവാദവുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട കോഴ്സുകൾ തുടങ്ങാനുള്ള ധൈര്യം സർക്കാരിനുണ്ടോ?

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രീനാരായണഗുരുവിന്റെ ദർശനത്തെക്കുറിച്ചുള്ള ഡിബേറ്റ് എല്ലാവർക്കുമുണ്ട്. ഞാൻ ഇപ്പോൾ അതിലേയ്ക്ക് കടക്കുന്നില്ല. എന്നിരുന്നാലും വളരെ പുരോഗമന കാഴ്ചപ്പാടുണ്ടായിരുന്ന, അതുകൊണ്ടുതന്നെ വളരെ ആക്ഷേപഹാസ്യ സമീപനം പലതിനോടും സ്വീകരിച്ച മഹാനായ വ്യക്തിയായിരുന്ന ശ്രീനാരായണഗുരു എന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. അദ്ദേഹത്തിന്റെ പാദസ്പർശമേറ്റ ക്ഷേത്രം ഞങ്ങളുടെ നാട്ടിലുണ്ട്. അപ്പോൾ ശ്രീനാരായണഗുരുവിന്റെ ദർശനത്തിന്റെ പ്രസക്തി വർദ്ധിക്കുകയാണ്. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ പിന്മുറക്കാർ എന്ന് അവകാശപ്പെടുന്നവർ അതിൽനിന്നും വ്യതിചലിച്ച് അദ്ദേഹം എന്തിനെതിരായിരുന്നോ അതിന്റെ പ്രചാരകന്മാരായി മാറുന്നുവെന്നതാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. അവരുടെ സ്ഥാപനങ്ങൾക്കകത്തുപോലും വിദ്യാഭ്യാസത്തിന്റെ പേരിൽ കച്ചവടം നടക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിന് പരിഹാരമുണ്ടാകണം. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നുപറഞ്ഞ വ്യക്തിയായിരുന്നു ശ്രീനാരായണഗുരു. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ അവകാശികളായി മാറിയവർ അവരുടെ കോളേജിൽ അദ്ധ്യാപകനായി പ്രവേശിക്കണമെങ്കിൽ അല്ലെങ്കിൽ കോളേജിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ പൈസ കൊടുക്കാതെ സീറ്റ് ലഭിക്കില്ലെന്നുള്ള നിലയിലേയ്ക്ക് കാര്യങ്ങൾ മാറി. അപ്പോൾ ഇത്തരം പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ പിന്മുറക്കാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഞാൻ ഒന്നുകൂടി അടിവരയിടുന്നു, ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ശ്രീനാരായണീയ ദർശനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നുവെന്നുമാത്രമല്ല അത് ഇന്ത്യാ രാജ്യത്തിനകത്ത് പൂർണ്ണമായും പ്രചരിപ്പിക്കാൻ സാധിച്ചാൽ രാജ്യത്ത്

ശക്തിപ്പെടുന്ന വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനുമെതിരെ ശക്തമായ നിലപാടെടുത്ത് മുന്നോട്ടുപോകാൻ സാധിക്കും. അതിന്റെ തുടക്കം കേരളത്തിൽ നിന്നാകണം. ഇതൊരു തുടക്കമാണ്. കേരളം പലതിനും മുന്നിൽ നടന്ന സംസ്ഥാനമാണ്. കേരളം ഇന്ന് ചിന്തിക്കുന്നത് നാളെ ഇന്ത്യ ചിന്തിക്കുമെന്നുള്ള രീതിയിലേയ്ക്ക് വേണമെങ്കിൽ വ്യാഖ്യാനിക്കാം. ഇവിടെ ഏറ്റവും മഹത്തായൊരു തുടക്കത്തിനാണ് ബഹുമാനപ്പെട്ട പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഡോ. കെ. ടി. ജലീൽ നേതൃത്വം കൊടുത്തിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ ചിലർ ഉന്നയിച്ച വിമർശനങ്ങളുണ്ട്. ആ വിമർശനങ്ങളുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് യൂണിവേഴ്സിറ്റി പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കണം, അത് പാർശ്വവത്കരിക്കപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള കേന്ദ്രമായി മാറണം; അവിടെ ഫീസ് ഉൾപ്പെടെയുള്ളവ നിശ്ചയിക്കുമ്പോൾ സാധാരണക്കാരന് താങ്ങാനാവുന്നതാകണം എന്നുള്ള രീതിയിലേയ്ക്ക് യൂണിവേഴ്സിറ്റി മാറ്റണം. യൂണിവേഴ്സിറ്റി രൂപീകൃതമാകാൻ പോകുകയാണ്. ആ രീതിയിൽ നമുക്ക് മാറ്റാൻ കഴിയണമെന്നുമാത്രം പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സാംസ്കാരിക നവോത്ഥാന നായകനായ ശ്രീനാരായണഗുരു ദേവന്റെ പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കപ്പെടുക എന്നുപറയുന്നത് അഭിമാനകരമാണ്. അത് കുറ്റമറ്റരീതിയിലാക്കണമെന്നും ഏറ്റവും നല്ല സർവ്വകലാശാലയായി മാറണമെന്നുള്ളതും നമ്മളെല്ലാവരും ആഗ്രഹിക്കുന്നതാണ്. ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം ചേർക്കാറുണ്ട്. എന്നാൽ അതിൽത്തന്നെ ചില പിശകുകളുണ്ട്. യു.ജി.സി. പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം NAAC Accreditation Score-ൽ 4-ൽ 3.26 നേടുന്ന യൂണിവേഴ്സിറ്റികൾക്ക് വിദൂര വിദ്യാഭ്യാസം നടത്താം. നിലവിൽ കേരള, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികൾക്ക് 3.26 സ്കോറുണ്ട്. പക്ഷെ വിദൂര വിദ്യാഭ്യാസ പഠനം നടത്താൻ ഈ സർവ്വകലാശാലകൾക്ക് സാധ്യമല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു ഓപ്പൺ യൂണിവേഴ്സിറ്റി നടത്താൻ ഉദ്ദേശിക്കുന്നതെന്നാണ് ഇതിന്റെ ഉദ്ദേശ്യകാരണങ്ങളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നത്. എന്നാൽ കണ്ണൂർ, കേരള, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് NAAC-ന്റെയും UGC-യുടെയും അക്രെഡിറ്റേഷന്റെ

അടിസ്ഥാനത്തിൽ വിദൂരവിദ്യാഭ്യാസം നടത്തുന്നതിന് ഇപ്പോൾ നിയമപരമായി യാതൊരു തടസ്സവുമില്ല. അത്തരത്തിൽ തടസ്സമുണ്ടായിരുന്ന ഘട്ടത്തിലെ കാഴ്ചപ്പാട് വച്ചുകൊണ്ട് നിർമ്മിച്ച ഉദ്ദേശ്യകാരണങ്ങൾ സത്യത്തിൽ ഇപ്പോൾ നിലനിൽക്കുന്നില്ല. മറ്റ് സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം നടത്തുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല എന്നുള്ളതുകൊണ്ടുതന്നെ ഉദ്ദേശ്യകാരണങ്ങളിൽ വലിയ അപാകതയുണ്ട്. അന്നുണ്ടായിരുന്ന സാഹചര്യമല്ല ഇപ്പോഴുള്ളതെന്നത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. എൻ. ജയരാജ്: സർ, ശ്രീ. എം. ഉമ്മർ പറഞ്ഞതിനോട് എനിക്ക് ചെറിയ വിയോജിപ്പുണ്ട്. വിദൂര വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള NAAC-ന്റെ സ്കോറിലേയ്ക്കെത്തണമെങ്കിൽ അതിന് ചില മാനദണ്ഡങ്ങളുണ്ട്. നമ്മുടെ സർവ്വകലാശാലകൾ, അത് എം.ജി. യൂണിവേഴ്സിറ്റിയാണെങ്കിലും കേരള യൂണിവേഴ്സിറ്റിയാണെങ്കിലുമൊക്കെ വിദൂര വിദ്യാഭ്യാസത്തിന്റെ സാധ്യതയുടെ ഏരിയ വളരെ കുറവാണ്. പക്ഷെ പുതിയ കാലഘട്ടത്തിൽ പ്രത്യേകിച്ച് അതിന്റെ knowledge quantum-ൽ എത്തണമെങ്കിൽ കുറേക്കൂടി വിശാലമായൊരു കാഴ്ചപ്പാടിലേയ്ക്ക് പോകേണ്ടിവരും. യഥാർത്ഥത്തിൽ അതിനൊരു അതിർത്തിയില്ല. ഓപ്പൺ യൂണിവേഴ്സിറ്റി സംവിധാനം വരുമ്പോഴുണ്ടാകുന്ന പ്രധാനപ്പെട്ട നേട്ടം വളരെ അനന്തമായ സാധ്യതകളിലേയ്ക്ക് പോകാൻ സാധിക്കുമെന്നതാണ്. പക്ഷെ നിലവിലുള്ള സർവ്വകലാശാലകൾക്ക് ആ പരിമിതിയുണ്ടെന്നുള്ളതാണ് ഈ ഓപ്പൺ യൂണിവേഴ്സിറ്റി സമ്പ്രദായത്തിന്റെ പ്രധാനപ്പെട്ട ഗുണപരമായ കാര്യമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളാണല്ലോ ഒരു ബില്ലിനെ സംബന്ധിച്ച് ആദ്യം വായിച്ചുനോക്കി മനസ്സിലാക്കുന്നത്. അതിൽ കാലിക്കറ്റ്, കണ്ണൂർ, കേരള സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ പഠനം നടത്താൻ കഴിയാത്തതുകൊണ്ട് ഒരു സംവിധാനമുണ്ടാക്കണമെന്ന് ഉദ്ദേശിച്ചാണ് ഓപ്പൺ യൂണിവേഴ്സിറ്റിക്ക് രൂപം കൊടുക്കുന്നതെന്നാണ് പറയുന്നത്. ഇപ്പോൾ ഈ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം നടത്തുന്നതിന് സാധ്യമാണ്. പര്യാപ്തമായ സ്കോർ ഉണ്ടെന്നിരിക്കെ ഉദ്ദേശ്യകാരണങ്ങളിൽ പറഞ്ഞിരിക്കുന്നത് തെറ്റാണ്. ഒരു ബില്ലിന്റെ പ്രധാനപ്പെട്ട ഘടകമെന്നത് ഉദ്ദേശ്യകാരണങ്ങളാണ്. അതിൽ തന്നെ തെറ്റുണ്ട്. തെറ്റുണ്ടെങ്കിൽ ഭേദഗതി വരുത്തുകയാണ് ചെയ്യേണ്ടത്. ഉദ്ദേശ്യകാരണങ്ങളിൽ തന്നെ തെറ്റുവന്നുവെന്നതാണ് എന്റെ പോയിന്റ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ,....

മി. സ്പീക്കർ: മഹാകവി കുമാരനാശാന്റെ പ്രജാസഭാ പ്രവേശത്തിന്റെ അഷ്ടോത്തര ശതാബ്ദിയാണ് ഇന്ന് സഭാ സമ്മേളനത്തിനുശേഷം നടക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി ഇടപെടലുകൾ ഒഴിവാക്കണം. വിശദമായ ചർച്ച ബിൽ പരിഗണനയ്ക്കെടുക്കുന്ന ദിവസം നടത്താം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഹൈക്കോടതി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നടത്താനുള്ള അനുവാദം കൊടുത്തിട്ടുണ്ട്. അത് തുടർന്നുകൊണ്ടുപോകാമെന്ന് പറഞ്ഞിട്ടുമുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റിയിലെ കോഴ്സുകൾ ജോബ് ഓറിയന്റഡ് ആകണമെന്നത് ശ്രീ. എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ സ്ട്രെസ് ചെയ്ത് പറഞ്ഞൊരു പോയിന്റാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന രണ്ട് ലക്ഷത്തിലധികം കുട്ടികളിൽ ഒന്നരലക്ഷം കുട്ടികളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലാണ് പഠിക്കുന്നതെന്നാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി നടത്തുന്ന പരീക്ഷ പാസ്സാകുന്ന കുട്ടികൾക്കും ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റഗുലറായി നടത്തുന്ന പരീക്ഷ പാസ്സാകുന്ന കുട്ടികൾക്കും കൊടുക്കുന്ന സർട്ടിഫിക്കറ്റ് യാതൊരു വ്യത്യാസവുമില്ലാത്തതാണ്. അതുകൊണ്ടുതന്നെ പുറത്ത് ഏത് രാജ്യങ്ങളിൽ പോയാലും അവർക്ക് ജോലി ലഭിക്കും. GCC (Gulf Co-operation Council) രാജ്യങ്ങളിലടക്കം ഓപ്പൺ യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് കൊടുത്താൽ അവിടെ ജോലിക്കെടുക്കില്ലെന്നാണ് പറയുന്നത്. അത് മാറ്റുന്നതിനുവേണ്ടിയുള്ള നിലപാട് എടുത്തില്ലെങ്കിൽ നമ്മൾ ഉദ്ദേശിച്ച job oriented ആകണമെന്ന് പറയുന്നത് പ്രാവർത്തികമാകാൻ പോകുന്നില്ല. അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

മി. സ്പീക്കർ: അദ്ദേഹം ഇടപെടുകയല്ല പ്രസംഗിക്കുകയാണ് ചെയ്തത്.

ശ്രീ. എം. ഉമ്മർ: സർ, വളരെ പ്രസക്തമായതും ഞാൻ പറയാൻ ഉദ്ദേശിച്ചതുമായ കാര്യമാണ് അദ്ദേഹം പറഞ്ഞത്. ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുമ്പോൾ അതൊരു തട്ടിക്കൂട്ട് ബില്ലാകരുത്. സമഗ്രമായ ചർച്ച നടത്തി ബിൽ കുറ്റമറ്റതാകണം. ഇത് അവതരിപ്പിച്ചിരിക്കുന്നത് തന്നെ ടൈറ്റ് ഷെഡ്യൂളിലാണ്. അതിനെ സംബന്ധിച്ച് പറഞ്ഞ് എന്റെ സമയം കളയുന്നില്ല. ഈ ബിൽ വായിച്ചുനോക്കിയപ്പോൾ നൂറ് മുതൽ ഇരുന്നൂറോളം ഭേദഗതികൾ വരുത്തണമെന്ന് എന്റെ മനസ്സിൽ തോന്നുകയുണ്ടായി. ഈ ഭേദഗതികളെല്ലാം വരുത്തുന്നതിനാവശ്യമായ സമയം ലഭിക്കണം. ഇതൊരു ചടങ്ങായി അവസാനിപ്പിക്കരുതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ടി. എ.

അഹമ്മദ് കബീർ നേരത്തെ സൂചിപ്പിച്ചതുപോലെ നാലഞ്ച് വർഷം ഭരണത്തിലിരുന്നിട്ടും ശ്രീനാരായണ ഗുരുദേവന്റെ പേരിൽ ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കണമെന്ന് ഗവൺമെന്റിന് ബോധോദയമുണ്ടായത് കുറച്ച് ദിവസങ്ങൾക്ക് മുമ്പാണ്. അത്രയും വൈകിയാണെങ്കിലും നടന്നല്ലോ. ഒരു ബിൽ കൊണ്ടുവന്നപ്പോൾ അതിൽ ചർച്ചയ്ക്ക് സമയമില്ല, സബ്ജക്ട് കമ്മിറ്റിയിൽ പോയാൽ ചർച്ചയ്ക്ക് സമയമില്ല, ഭേദഗതിക്ക് വരുമ്പോൾ ചർച്ചയ്ക്ക് സമയമില്ല ഇങ്ങനെയാണെങ്കിൽ നമുക്ക് ഇത് പാസ്സാക്കിയെന്ന് പറയാം. പക്ഷെ ഒരു ബിൽ പാസ്സാക്കിയെടുക്കുമ്പോൾ ചർച്ചകൾ നടത്തി അത് കുറ്റമറ്റതാക്കണം. ബില്ലിന്റെ പരിധിക്കപ്പുറം ഞാൻ ഒരു രാഷ്ട്രീയവും പറയുന്നില്ലല്ലോ. ..... (ബഹളം).... ഉദ്ദേശ്യകാരണങ്ങളെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യം പറയുമ്പോൾ നിങ്ങൾ അസ്വസ്ഥരാകുന്നത് എന്തിനാണ്; സമയമില്ലെങ്കിൽ ഞാൻ നിർത്താം. ഒരു പ്രശ്നവുമില്ല. അതല്ലാതെ ബില്ലിന്റെയോ മന്ത്രിയുടെയോ ഉദ്ദേശ്യശുദ്ധിക്ക് എതിരായിട്ടൊന്നുമല്ല ഞാൻ പറയുന്നത്. ഇവിടെ പറഞ്ഞ കാരണങ്ങൾ വർത്തമാനകാലത്ത് തെറ്റാണെന്നുള്ളത് ഉൾക്കൊള്ളണമെന്നാണ് ഞാൻ പറഞ്ഞത്. വിദൂര വിദ്യാഭ്യാസം ആളുകൾ ഓപ്റ്റ് ചെയ്യുന്നത് ഒന്നുകിൽ തൊഴിലിനോടൊപ്പം പഠനം, അതായത് തൊഴിൽ നടത്തിക്കൊണ്ടിരിക്കുന്ന ആളിന് പഠനം നടത്താൻവേണ്ടിയാണ് എന്നതാണ്. രണ്ടാമതായി റെഗുലർ പഠനത്തിന് താല്പര്യമില്ലാത്തവരുണ്ടാകും. കോളേജിൽ പോയി എന്തിനാണ് വെറുതെ സമയം കളയുന്നതെന്ന് വിചാരിച്ച് പഠനം നടത്തുന്നവർ ഉണ്ടാകാം. ചിലർക്ക് വിദ്യാഭ്യാസ യോഗ്യതയുണ്ടായിരിക്കും എന്നാലും അധിക യോഗ്യതയ്ക്കുവേണ്ടി പഠിക്കുന്നവരായിരിക്കും. ഓപ്പൺ യൂണിവേഴ്സിറ്റിയെ ഉപയോഗപ്പെടുത്തുന്നത് ഈ മൂന്ന് കാരണങ്ങൾ കൊണ്ടാണ്. മലബാർ മേഖലയിൽ രണ്ടേകാൽ ലക്ഷത്തോളം കുട്ടികളാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നത്. പ്ലസ്ടുവിന് മാർക്കുണ്ടായിട്ടും ഗവൺമെന്റ് കോളേജിലോ എയ്ഡഡ് കോളേജിലോ അൺ എയ്ഡഡ് കോളേജിലോ സീറ്റുണ്ടാകില്ല. അവരുടെ പഠനം റിക്കോർഡിൽ വിദൂര പഠനമെന്നാകുമെങ്കിലും അവർ സമാന്തരമായി കോളേജിൽ പോകുന്നു, ഫീസ് കൊടുക്കുന്നു, രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെയോ 5 മണി വരെയോ ക്ലാസ്സിലിരിക്കുന്നു. പക്ഷെ റിക്കോർഡിൽ വിദൂര പഠനമെന്ന് കാണാൻ കഴിയും. ഈ നാല് വർഷത്തിനിടയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ഈ ഇനത്തിൽ 42 കോടി രൂപ ഇതിനകം ലാഭമുണ്ടായിട്ടുണ്ട്. ഞാൻ ഒരു യൂണിവേഴ്സിറ്റിയുടെ കാര്യമാണ് പറയുന്നത്. മറ്റ് യൂണിവേഴ്സിറ്റികൾക്കും ഇതുണ്ടാകും. അപ്പോൾ 42 കോടി രൂപ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് ലാഭകരമാകുന്നത് രണ്ടേകാൽ ലക്ഷത്തോളം വരുന്ന കുട്ടികൾ അവിടെ വിദൂര

പഠനത്തിൽ ഏർപ്പെട്ടതുകൊണ്ടാണ്. നിയമപരമായി തടസ്സമില്ലെങ്കിൽ അങ്ങനെയുള്ള കുട്ടികൾക്ക് അതത് സർവ്വകലാശാലകളിൽ തന്നെ പഠിക്കാനുള്ള അവസരമുണ്ടാകണം. ഈ സർവ്വകലാശാല കൂടുതൽ ഔന്നത്യത്തിലേയ്ക്ക് പോകണം. പക്ഷെ കേരളത്തിലുള്ള എല്ലാ കുട്ടികളും മറ്റ് യൂണിവേഴ്സിറ്റികളിലൊന്നിലും രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് നിയമത്തിൽ നിഷ്കർഷിച്ചതുകൊണ്ട് കാര്യമില്ല. പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ നിയമപരമായി പറയാം. ബില്ലിൽ പറയുന്നത് 'Notwithstanding anything contained in any other Acts...' എന്നുപറഞ്ഞാൽ മറ്റ് ആക്ടുകളിലെന്തൊക്കെ അടങ്ങിയിരുന്നാലും ഇവിടെ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂവെന്നുള്ളതാണ്. അങ്ങനെ ചെയ്യണമെങ്കിൽ മറ്റ് യൂണിവേഴ്സിറ്റികളുടെ ആക്ടുകൂടി ഭേദഗതി ചെയ്യണ്ടേ? കണ്ണൂർ, കാലിക്കറ്റ്, കേരള എന്നീ യൂണിവേഴ്സിറ്റികളുടെ ആക്ടുകളുടെ ഭേദഗതികൾ ഇതുപോലെ ചർച്ച നടത്തി സമയമെടുത്ത് പാസ്സാക്കാവുന്നതാണ്. അല്ലെങ്കിൽ ശ്രീനാരായണ ഗുരുവിന്റെ പേരിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം വേണമെങ്കിൽ പറയാം എന്നല്ലാതെ ഉദ്ദേശിച്ച ഫലമുണ്ടാകുകയില്ല. യൂണിവേഴ്സിറ്റി പ്രായോഗികമായി നടപ്പിലാക്കി കുട്ടികളെ ചേർക്കാനും അവർക്ക് പഠിക്കാനും സർട്ടിഫിക്കറ്റ് നൽകാനുമല്ലേ ഉദ്ദേശിക്കുന്നത്? അതല്ലാതെ ഒരു യൂണിവേഴ്സിറ്റി തട്ടിക്കൂട്ടി തുടങ്ങിയെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ. ഇത്തരം പോരായ്മകൾ പരിഹരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. പക്ഷെ അതിനൊക്കെ ഇനി സമയമുണ്ടോ? പ്രത്യേകമായ സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിൽ വന്ന നാല് യൂണിവേഴ്സിറ്റി ആക്ടുകളുടെയും ഭേദഗതി നടപ്പിലാക്കാതെ ഈ യൂണിവേഴ്സിറ്റിയിലേയ്ക്ക് മറ്റ് സ്ഥലങ്ങളിലുള്ള കുട്ടികളെ ചേർക്കാൻ സാധ്യമല്ലെന്നുള്ള കാര്യം മനസ്സിലാക്കണം. അതുപോലെതന്നെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നില്ല. ബഡ്ജറ്റിൽ 'ആയിരം കോടി രൂപ കിഫ്ബിയിൽനിന്ന്' എന്ന് പറഞ്ഞതല്ലാതെ, മുൻഗവൺമെന്റിന്റെ കാലത്ത് ഓരോ യൂണിവേഴ്സിറ്റിക്കും ഇത്ര കോടി രൂപ അതായത്, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് 23.7 കോടി രൂപ എന്ന് ഓരോന്നിനും പ്രത്യേകമായി ബഡ്ജറ്റിൽ തുക പാസ്സാക്കിയിട്ടുണ്ട്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ മൊത്തത്തിൽ യൂണിവേഴ്സിറ്റികൾക്ക് കിഫ്ബിയിൽനിന്നും ഫണ്ട് കൊടുക്കുമെന്ന് പറഞ്ഞുവെന്നല്ലാതെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനത്തിന് പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ല. യു.ജി.സി.യിൽ നിന്ന് ഫണ്ടോ ഗവൺമെന്റിൽ നിന്ന് ഗ്രാന്റോ ലഭിക്കുന്നില്ല. വിദൂര വിദ്യാഭ്യാസ പഠനത്തിലേർപ്പെട്ടിരിക്കുന്ന കുട്ടികളിൽനിന്ന് ലഭിക്കുന്ന ഫീസാണ് ആകെ കിട്ടുന്ന വരുമാനമെന്ന് പറയുന്നത്. അതാണ് ഞാൻ നേരത്തെ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് 42 കോടി രൂപ

ലഭിച്ചുവെന്ന് പറഞ്ഞത്. അതുപോലെ ഓരോ യൂണിവേഴ്സിറ്റികൾക്കും വിദൂര വിദ്യാഭ്യാസ സംവിധാനത്തിലൂടെ ലഭിക്കുന്ന ഫണ്ട് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കുറയുന്ന സ്ഥിതിയുണ്ടാകും. ആ യൂണിവേഴ്സിറ്റികളുടെ നിലനിൽപ്പിനെ സംബന്ധിച്ച് ഗവൺമെന്റിന് എന്ത് കാഴ്ചപ്പാടാണുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ നേരത്തെ ശ്രീ. എ. എൻ. ഷംസീർ കുറെ പുതിയ കോഴ്സുകൾ ആരംഭിച്ച കാര്യം പറയുകയുണ്ടായി. NAAC അക്രെഡിറ്റേഷനുള്ള കോളേജുകൾക്ക് മാത്രം കോഴ്സുകൾ അനുവദിച്ചുകൊടുത്തു എന്നുപറഞ്ഞാൽ, പട്ടണങ്ങളിലെ ഏറ്റവും സമ്പന്നമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളിൽ പുതിയ പുതിയ കോഴ്സുകൾ കൊടുത്തുവെന്നതാണ്. ഗ്രാമീണ മേഖലയിൽ സ്വാഭാവികമായും അടിസ്ഥാന സൗകര്യങ്ങൾ കുറവായിരിക്കും. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കോളേജിനെ സംബന്ധിച്ച് ഞാൻ ഫോണിൽ വിളിച്ചുപറഞ്ഞു. ഇങ്ങനെ ഒരു കോളേജുണ്ട് ആ കോളേജിന് ഒരു കോഴ്സ് തരണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം തമാശയായി പറഞ്ഞത് ഇങ്ങനെയാണ്, ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല, 'പെട്ടിക്കൂടിലുള്ള കോളേജുകളാണോ' എന്നാണ് അദ്ദേഹം ചോദിച്ചത്. പെട്ടിക്കൂടിലുള്ള കോളേജുകളായി കാലാകാലങ്ങളിൽ നിലനിൽക്കാതെ അത് ഉയർന്നുവരണമെങ്കിൽ ഒരു കോഴ്സെങ്കിലും പുതിയതായി അനുവദിക്കണം. വളരെ സമ്പന്നമായി നിൽക്കുന്ന ഗവൺമെന്റ് കോളേജുകളായിരുന്നാലും എയ്ഡഡ് കോളേജുകളായിരുന്നാലും അവിടേയ്ക്കുമാത്രം കോഴ്സുകൾ കൊടുക്കുകയും സമ്പന്നരെ മാത്രം നോക്കിക്കാണുകയെന്ന് പറഞ്ഞതുപോലെ NAAC അക്രെഡിറ്റേഷനുള്ള കോളേജുകളെ മാത്രം താങ്ങുക, സാധാരണക്കാരൻ പഠിക്കുന്ന മറ്റ് കോളേജുകളെ പരിഗണിക്കാതിരിക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജുകൾ അനുവദിച്ചു. ഈ ഗവൺമെന്റ് നാല് കോളേജുകൾ അനുവദിച്ചപ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 22 കോളേജുകൾ അനുവദിക്കുകയുണ്ടായി. NAAC അക്രെഡിറ്റേഷനില്ലാത്തതുകൊണ്ട് ആ കോളേജുകൾക്കൊന്നും ഒരു കോഴ്സും കിട്ടിയിട്ടില്ല. NAAC അക്രെഡിറ്റേഷൻ ലഭിക്കണമെങ്കിൽ അടിസ്ഥാന സൗകര്യം വേണ്ടേ; എവിടെനിന്നാണ് അടിസ്ഥാന സൗകര്യം ലഭിക്കുന്നത്? അപ്പോൾ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ കൊടുക്കുകയെന്ന് പറഞ്ഞാൽ അത് തികച്ചും അനീതിയാണ്, അവഗണനയാണ് എന്നുകൂടി സാന്ദർഭികമായി ഇവിടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ മറ്റുള്ളിടത്തുനിന്നും വിദൂര വിദ്യാഭ്യാസത്തിന് കുട്ടികളെ ചേർക്കാം. സാങ്കേതികമായി ബില്ലിൽ ഇങ്ങനെയുണ്ടെന്ന് പറയും. പക്ഷെ ഫലത്തിൽ അത് നടപ്പിലാവുകയില്ല. അടുത്ത

അദ്ധ്യയന വർഷം ഈ യൂണിവേഴ്സിറ്റി വളർത്തിക്കൊണ്ടുവന്ന് പൂർണ്ണരൂപത്തിൽ അഡ്മിഷനുള്ള സൗകര്യങ്ങളുണ്ടാകുമ്പോൾ മാത്രം മറ്റു യൂണിവേഴ്സിറ്റികളിൽ നിന്നുള്ള പ്രവേശനം നിർത്തലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുവരെ മറ്റ് സർവ്വകലാശാലകളിൽനിന്നുള്ള പ്രവേശനം നിരോധിക്കരുത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രജിസ്ട്രേഷനും കാര്യങ്ങളും നടത്തിക്കൊണ്ട് പോകാൻ സംവിധാനമുണ്ടാക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് സമയം വൈകിയതുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ നമ്മെ ഉപദേശിച്ച മഹാനായ വ്യക്തിയാണ് ശ്രീനാരായണ ഗുരുദേവൻ. അദ്ദേഹത്തിന്റെ നാമധേയത്തിൽ പുതിയൊരു സർവ്വകലാശാല ആരംഭിക്കാൻ ഈ സർക്കാർ പെട്ടെന്ന് തീരുമാനിക്കുകയും ഓർഡിനൻസ് പുറത്തിറക്കുകയും ബിൽ കൊണ്ടുവരികയും ചെയ്തു. എല്ലാം വളരെ വേഗത്തിലാക്കി. റോക്കറ്റ് വേഗത്തിലാണ് എല്ലാ കാര്യങ്ങളും നീക്കിയത്. ഇവിടെ പല അംഗങ്ങളും ചോദിച്ചതുപോലെ അവസാന കാലത്തായാലും ബോധോദയമുണ്ടായതിന്റെ ഭാഗമായാണ് ഇങ്ങനെയൊരു നല്ല കാര്യം ചെയ്യാൻ തീരുമാനിച്ചതെന്നാണ് ഞാൻ കരുതിയത്. വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ ഓർഡിനൻസിനെയും ബില്ലിനെയും കണ്ടത്. പക്ഷെ ബില്ലിന്റെ പീഠികയിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ഒന്ന്, "സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും വ്യതിചലിച്ച്" നിലവിലുള്ള എഡ്യൂക്കേഷൻ സിസ്റ്റത്തിൽനിന്ന് പൂർണ്ണമായും മാറുമെന്നാണ് പറയുന്നത്. രണ്ട്, "ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി", മൂന്ന്, "എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനും", നാല്, "നൈപുണ്യ വികസനത്തിനും ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുകയാണ്" തുടങ്ങിയ നാല് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്ന് വ്യതിചലിച്ച് ആധുനിക ശാസ്ത്ര സംവിധാനം വൈജ്ഞാനിക മേഖലകളിലേയ്ക്ക് കയറുകയും നൈപുണ്യ വികസനം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ഓർഡിനൻസും ബില്ലും പരിശോധിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട ഒരു കാര്യവും എനിക്ക് കാണാൻ കഴിഞ്ഞില്ല. അതിനാൽ എനിക്ക് സംശയം തോന്നിയതുകൊണ്ട് ലൈബ്രറിയിൽനിന്ന് നിലവിലെ സർവ്വകലാശാല നിയമങ്ങളടങ്ങുന്ന പുസ്തകങ്ങൾ വരുത്തി വായിച്ചു. അപ്പോൾ എനിക്ക് മനസ്സിലായി ഈ ബില്ലിന് പേരിടേണ്ടത് copy paste ബില്ലെന്നാണ്. അതായത് നിലവിലുള്ള

സർവ്വകലാശാലകളുടെ നിയമങ്ങൾ മുഴുവൻ അതുപോലെ copy ചെയ്ത് paste ചെയ്തുവച്ചിരിക്കുകയാണ്. സൈബർ കൗൺസിൽ, സൈബർ കൺട്രോളർ എന്നീ രണ്ട് വാക്കുകളല്ലാതെ മറ്റൊന്നും നിലവിലുള്ള സർവ്വകലാശാല നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി അതിലില്ല. ബോർഡ് ഓഫ് സ്റ്റഡീസ് എന്നത് പഠന സ്കൂൾ ബോർഡാണെന്നും അത് മറ്റ് യൂണിവേഴ്സിറ്റികളിൽ ഉള്ളതാണെന്നുമാണ് ഞാൻ കരുതുന്നത്. അതുപോലെയുള്ള ഒന്നുരണ്ട് വാക്കുകളുണ്ട്. ഫിനാൻസ് കമ്മിറ്റിക്കുപകരം ഫൈനാൻസ് കൗൺസിൽ തുടങ്ങിയ മാറ്റങ്ങളാണ് നിലവിലുള്ള സർവ്വകലാശാല നിയമങ്ങളിൽനിന്നും വ്യത്യസ്തമായിട്ടുള്ളത്. ബാക്കിയുള്ള എല്ലാ കാര്യങ്ങളും ഈ നിയമത്തിലുണ്ട്. ചാൻസലർ, വൈസ്-ചാൻസലർ, പ്രോ-ചാൻസലർ, പ്രോ-വൈസ്-ചാൻസലർ, സിൻഡിക്കേറ്റ്, സെനറ്റ്, അക്കാദമിക് കൗൺസിൽ, ഫാക്കൽറ്റീസ്, ബോർഡ് ഓഫ് സ്റ്റഡീസ് തുടങ്ങിയ സംവിധാനങ്ങളെല്ലാമുണ്ട്. കുറെ ആളുകളെ കുത്തിനിറയ്ക്കാൻവേണ്ടിയുള്ള മറ്റൊരു വെള്ളാനയാക്കി യൂണിവേഴ്സിറ്റിയെ മാറ്റാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? ഈ പറയുന്ന പഠന കൗൺസിലിലാണെങ്കിലും അക്കാദമിക് കൗൺസിലിലാണെങ്കിലും സൈബർ കൗൺസിലിൽ ആണെങ്കിലും പറയുന്ന കാര്യങ്ങൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ; മറ്റൊരു യൂണിവേഴ്സിറ്റിയിൽനിന്നും വ്യത്യസ്തമായി, ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ, ഇതിന്റെ പർപ്പസ് എന്താണ്; intention of the legislation എന്താണ്; intention of the legislation എന്നുപറഞ്ഞാൽ വിദൂര വിദ്യാഭ്യാസത്തിന്, ഏറ്റവും നല്ല രീതിയിൽ ആധുനികമായും അന്തർദ്ദേശീയ നിലവാരമുള്ള തലത്തിൽ വിദൂര വിദ്യാഭ്യാസ സംവിധാനം ഉണ്ടാക്കണമെന്നാണ്. അതിന് ഉപയുക്തമായ എന്ത് നിർദ്ദേശമാണ് ഈ ബില്ലിലുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമാക്കണ മെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള സർവ്വകലാശാല നിയമങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു പുതിയ സർവ്വകലാശാല പ്രത്യേക ലക്ഷ്യത്തോടുകൂടി സ്ഥാപിക്കുമ്പോൾ നിലവിലുള്ള വിദ്യാഭ്യാസ രീതിയിൽനിന്ന് വ്യതിചലിക്കുന്നതായിട്ടോ വൈജ്ഞാനിക സമ്പ്രദായത്തെ പ്രയോജന പ്പെടുത്തുന്നതായിട്ടോ നൈപുണ്യ വികസനത്തിന് വളർച്ച നൽകുന്നതോ ആയ ഏതെങ്കിലുമൊരു കാര്യം ഈ ബില്ലിന്റെ ഏതെങ്കിലുമൊരു സ്ഥലത്ത് പരാമർശിക്കപ്പെട്ടിട്ടുണ്ടോ? പീഠികയിൽ എഴുതി വച്ചാൽ പോരല്ലോ. ഉദ്ദേശ്യകാരണങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസ സംവിധാനം നിലനിൽക്കുന്നതിന് നിയമപരമായ മറ്റ് തടസ്സങ്ങളൊന്നുമില്ല. എന്നാൽ ഇതിൽ പറഞ്ഞിരിക്കുന്നത്

എന്താണ്;? നിലവിൽ സംസ്ഥാനത്ത് മൂന്ന് സർവ്വകലാശാലകൾ അതായത് കേരള, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മാത്രമാണ് ഡിസ്റ്റൻസ് എഡ്യൂക്കേഷനുള്ളത് എന്നാണ്. 2015 മുതൽ എം.ജി. യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നിർത്തലാക്കി. യു.ജി.സി. പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനായി National Assessment and Accreditation Council (NAAC)-ന്റെ 4-ൽ 3.26 സ്കോർ ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ കേരള, കോഴിക്കോട്, കണ്ണൂർ എന്നീ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസം നടത്താൻ പര്യാപ്തമായ സ്കോറില്ലാത്തതുകൊണ്ട് പുതിയൊരു യൂണിവേഴ്സിറ്റി ആരംഭിക്കുന്നു എന്നാണ്. പുതിയൊരു സർവ്വകലാശാല ആരംഭിക്കാൻ അതൊരു കാരണമാണോ? ഈ സംസ്ഥാനത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുന്ന പ്രത്യേകമായ ലക്ഷ്യങ്ങളൊന്നും അഡ്രസ്സ് ചെയ്യാത്ത ഒരു സർവ്വകലാശാലയുണ്ടാക്കുകയെന്നത് ഒരു വെള്ളാനയെ സൃഷ്ടിക്കുകയല്ലേ ചെയ്യുന്നത്? നിലവിലുള്ള സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുകൾക്ക് NAAC-ന്റെ സ്കോർ ലഭിക്കുന്നില്ലെങ്കിൽ ആ സർവ്വകലാശാലകളെ ആ സ്കോർ ലഭിക്കുന്നതിനുവേണ്ടി പര്യാപ്തമാക്കുകയല്ലേ ചെയ്യേണ്ടത്? നിലവിലുള്ള സർവ്വകലാശാലകളുടെ നിലവാരം വർദ്ധിപ്പിക്കുകയാണ് വേണ്ടത്. നിലവിലുള്ള മൂന്ന് സർവ്വകലാശാലകളിലും ഡിസ്റ്റൻസ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് NAAC-ന്റെ സ്കോർ ലഭിക്കാൻ എന്താണോ കുറവുള്ളത് ആ കുറവ് പരിഹരിക്കാനുള്ള ശ്രമമല്ലേ നടത്തേണ്ടത്? അവിടെ ഫാക്കൽറ്റിയുടെയോ കോഴ്സിന്റെയോ വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ചോ അല്ലെങ്കിൽ മറ്റ് ഫെസിലിറ്റീസിന്റെ കാര്യത്തിലോ എന്തെങ്കിലും കുഴപ്പങ്ങളുണ്ടോ; NAAC-ന്റെ 3.26 സ്കോർ ലഭിക്കാൻ ഈ മൂന്ന് സർവ്വകലാശാലകളിലെയും ഡിസ്റ്റൻസ് എഡ്യൂക്കേഷൻ സംവിധാനത്തിന്റെ കുറവ് പരിഹരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അതിനാവശ്യമായ പണം കൊടുത്ത് അതിനെ ശക്തിപ്പെടുത്തുന്നതിനുപകരം ഒരു പുതിയ സർവ്വകലാശാലയ്ക്ക് തുടക്കമിട്ടിരിക്കുകയാണെന്ന് പറഞ്ഞാൽ ഇക്കാലത്ത് അതുൾക്കൊള്ളാൻ കഴിയില്ല. എത്രമാത്രം വലിയ ബാദ്ധ്യതയാണ് ഒരു യൂണിവേഴ്സിറ്റി വരുന്നതുമൂലമുണ്ടാകുന്നത്. നേരത്തെ പറഞ്ഞതുപോലെ പെട്ടിക്കടകൾ തുടങ്ങുന്നതുപോലെ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നു. ആരും അതിനെക്കുറിച്ച് ഒന്നും പറയാത്തത് ഗുരുദേവന്റെ പേര് അതിന് നൽകിയതുകൊണ്ടാണ്. ആ പേര് മാത്രമാണ് അതിനകത്ത് ഞാൻ കണ്ടിട്ടുള്ള ഒരേയൊരു കാര്യം. ഒരു മലയാളിക്കും അല്ലെങ്കിൽ ഒരു ഇന്ത്യാക്കാരനും ആ

പേരിനെ തള്ളിപ്പറയാൻ കഴിയില്ല. അതുകൊണ്ട് മാത്രമാണ്, എന്നാൽ ഒരു സർവ്വകലാശാല ആരംഭിക്കുന്നതിനാവശ്യമായ മതിയായ കാരണങ്ങളൊന്നുമില്ല. സർവ്വകലാശാലകളുടെ ഈ പറയുന്ന ബോഡികളില്ലെല്ലാം എന്താണിരിക്കുന്നത്; സർവ്വകലാശാലകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? എം.ജി. യൂണിവേഴ്സിറ്റിയിൽ ധാരാളം കോഴ്സുകൾ ആരംഭിച്ചു. പുതിയതായി ആരംഭിച്ച കോഴ്സുകളുടെ പഠനം പൂർത്തിയാക്കി വിദ്യാർത്ഥികൾ പഠിച്ചിറങ്ങിയപ്പോഴാണ് ആ കോഴ്സുകൾക്ക് അംഗീകാരമില്ലെന്ന് പറയുന്നത്. മെഡിസിൻ പഠനത്തിന്റെ സിലബസ് നിശ്ചയിക്കുന്നതും അപ്രൂവൽ നൽകുന്നതും അപ്പെക്സ് ബോഡിയായ മെഡിക്കൽ കൗൺസിലാണ്. എഞ്ചിനീയറിംഗിന്റേത് AICTE (All India Council for Technical Education) ആണ് കൊടുക്കുന്നത്. ഇങ്ങനെ ഓരോ കോഴ്സുകൾക്കും അതിന്റെ അപ്പെക്സ് ബോഡികളുണ്ട്. അവരുടെ അംഗീകാരമില്ലാത്ത കോഴ്സുകളാണ് ആരംഭിച്ചിരുന്നത്. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാതെ law-യുടെ പുതിയ കോഴ്സുകൾ ആരംഭിച്ചു. എന്നിട്ട് നാട്ടിൽ ഈ കോഴ്സിന് അംഗീകാരമില്ല, വിദ്യാർത്ഥികൾ മൂന്നും നാലും അഞ്ചും വർഷം പഠിച്ചിറങ്ങിയപ്പോൾ കോഴ്സിന് അംഗീകാരമില്ല. അപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ച് ആലോചിച്ച് നോക്കൂ. നിലവിലുള്ള സർവ്വകലാശാലകൾ കൈകാര്യം ചെയ്യുന്ന രീതിയാണിത്. ആരോട് ചോദിക്കും, ആരോട് ഉത്തരം പറയും? എങ്ങനെയാണ് ഇത് നടത്തിക്കൊണ്ടുപോകുന്നത്? വിദ്യാർത്ഥികൾക്ക് വേണ്ടിയല്ല ഒരു യൂണിവേഴ്സിറ്റിയും പ്രവർത്തിക്കുന്നത്. അതുസംബന്ധിച്ച് സിൻഡിക്കേറ്റിലെ മിനിട്ട്സ്/അജണ്ട പരിശോധിച്ചാൽ നമ്മൾ ഞെട്ടിപ്പോകും. കാരണം കുട്ടികളുടെ കാര്യമൊഴികെയുള്ള ബാക്കിയെല്ലാം അതിലുണ്ടാകും. നമ്മുടെ സർവ്വകലാശാലകളിലെ ഭരണസംവിധാനങ്ങൾ മുഴുവൻ അവിടത്തെ കുറെ ജീവനക്കാർക്കും മറ്റ് സംവിധാനങ്ങൾക്കുംവേണ്ടി മാറിക്കൊണ്ടിരിക്കുകയാണ്. വളരെ അപൂർവ്വം സ്ഥലങ്ങളിൽ ചില ആളുകൾ വരുമ്പോഴാണ് വ്യത്യാസമുണ്ടാകുന്നത്. അല്ലെങ്കിൽ ഒരു ടീമായി ചില ആളുകൾ വരുമ്പോഴുണ്ടാകുന്ന വ്യത്യാസം മാത്രമാണ്. ഇക്കാര്യത്തിൽ ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ വേണ്ടിയല്ല പറയുന്നത്. നമ്മുടെ ഗവൺമെന്റ് ഭരണത്തിലിരുന്നപ്പോഴത്തെ സ്ഥിതിയും ഇതൊക്കെ തന്നെയാണ്, വലിയ വ്യത്യാസങ്ങളില്ല. അതിൽ മാറ്റം വരണ്ടേ? ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ തലത്തിൽ റേറ്റിംഗുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനംപോലും നമ്മുടെ സംസ്ഥാനത്തില്ല. ഇപ്പോഴും പഴയ കേരള മോഡൽ തഴമ്പുണ്ടെന്ന് പറഞ്ഞ് ഇരിക്കുകയാണ്. പണ്ടുണ്ടാക്കിയ പ്രാഥമിക വിദ്യാഭ്യാസത്തിന്റെയും പ്രാഥമികാരോഗ്യത്തിന്റെയും കേരള മോഡൽ യൂറോപ്പിന് തുല്യമാണെന്നുപറഞ്ഞ് ഇപ്പോഴും പുരപ്പുറത്ത് കയറിയിരുന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്.

5.00 P.M.]

മുപ്പതു നാല്പത് വർഷങ്ങൾക്കുമുമ്പ് യൂറോപ്യൻ മോഡലാണ് ഉണ്ടായിരുന്നതെങ്കിൽ അതിനനുസരിച്ചുള്ള ആനുപാതികമായ നേട്ടം സ്കൂൾ വിദ്യാഭ്യാസരംഗത്തും സർവ്വകലാശാലാ വിദ്യാഭ്യാസരംഗത്തും എല്ലായിടത്തും വേണ്ടേ? അതുണ്ടാകുന്നില്ല. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും അവരുടെ ഇഷ്ടക്കാരെ/സ്വന്തക്കാരെ കുത്തിനിറയ്ക്കാൻവേണ്ടിയുള്ള വെറുമൊരു ഏർപ്പാടായി മാറി. വിദ്യാർത്ഥി വിരുദ്ധ സംവിധാനമാണ് യൂണിവേഴ്സിറ്റികളിൽ നടക്കുന്നത്. കുട്ടികൾക്ക് യോജിച്ച ഒരുകാര്യവും നടക്കുന്നില്ല. കുട്ടികളുടെ ഭാവി, അവരുടെ പ്രശ്നം, കോഴ്സുകൾ, പുതിയ പഠനരീതി, പരീക്ഷാ സംവിധാനം എന്നിവയെക്കുറിച്ചുള്ള യാതൊരു കാര്യവും നടക്കുന്നില്ല. കൃത്യമായൊരു പരീക്ഷാ കലണ്ടർ പോലുമില്ലാതെ റിസൾട്ട് വന്നു. പക്ഷെ പഴയൊരു സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് ഇപ്പോഴും വന്നിട്ടില്ല. ഒരു പി.ജി. കോഴ്സിനുപോലും പോകാൻ കഴിയാതെ കുട്ടികളെല്ലാം കാത്തിരിക്കുകയാണ്. കൃത്യമായി പരീക്ഷ നടത്തുന്നതിനോ അല്ലെങ്കിൽ കൃത്യമായ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനോ ഒന്നും കഴിയുന്നില്ല. ലോകത്തെല്ലായിടത്തും ഉന്നത വിദ്യാഭ്യാസരംഗത്തെക്കുറിച്ച് ഗൗരവതരമായ പഠനങ്ങളും ഗവേഷണങ്ങളും ചർച്ചകളും നടക്കുകയും പുതിയ വിദ്യാഭ്യാസ രീതികൾ അവലംബിക്കപ്പെടുകയും ചെയ്യുമ്പോൾ ഇവ അറിയാതെ പോകുന്നത് നമ്മുടെ യൂണിവേഴ്സിറ്റികളാണ്. നമ്മുടെ സർവ്വകലാശാലകൾ റിസർച്ച് ഓറിയന്റഡ് ആണോ; എന്തിനാണ് പ്രീ-ഡിഗ്രിയെ യൂണിവേഴ്സിറ്റിയിൽനിന്നും ഡീ-ലിങ്ക് ചെയ്തത്? ഉന്നത വിദ്യാഭ്യാസത്തെ കുറച്ചുകൂടി മികച്ചതാക്കാൻ വേണ്ടിയിട്ടാണ്. അതിനെക്കാൾ മോശമായ സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നത്. റിസർച്ച് ഓറിയന്റഡായി സർവ്വകലാശാലകൾ മാറണം. അത്രയും അക്കാഡമിക്കായിട്ടുള്ള കുട്ടികളെ ആ ഫീൽഡിലേയ്ക്ക് വിടണം. അതിനുവേണ്ടിയുള്ള സംവിധാനങ്ങൾ വേണം. രാജ്യത്തിന്റെയും ലോകത്തിന്റെയും പുരോഗതി സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പരീക്ഷണങ്ങളിലൂടെ പുറത്തുവരുന്ന അക്കാഡമിക്കായിട്ടുള്ള, ബ്രില്യന്റായിട്ടുള്ള ഒരു ജനറേഷനാണ് അതിന് നേതൃത്വം കൊടുക്കേണ്ടത്. പക്ഷേ ഒരു നിലവാരവുമില്ലാത്ത വ്യവസായശാലകളിലെ ഉൽപ്പന്നങ്ങളെ ഫാക്ടറികളിൽ വാർത്തെടുക്കുന്ന അതേ ലാഘവത്തോടുകൂടി വാർത്തെടുക്കേണ്ട ഉൽപ്പന്നങ്ങളാണോ വിദ്യാർത്ഥികളെന്ന് പറയുന്നത്? 2021 ജനുവരി 15-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കണ്ട സ്വപ്നം എന്താണ്; സ്വപ്നമാണെങ്കിൽപ്പോലും അതിനൊരു വിഷനുണ്ടല്ലോ; അതും ഇതുമൊക്കെയായി

എന്താണ് ബന്ധം? ബിൽ വായിച്ച് നോക്കിയാൽ സങ്കടം വരും. അതിൽ ഒരു സാധനവുമില്ല. ബിൽ ഉണ്ടാക്കുന്നത് ബഹുമാന്യനായ മന്ത്രിയൊന്നുമല്ല, മന്ത്രിയെ പരിഹസിക്കാൻവേണ്ടി പറഞ്ഞതല്ല, അങ്ങനെയൊന്നും തെറ്റിദ്ധരിക്കണ്ട, പക്ഷേ ഈ കാലഘട്ടത്തിൽ ഒരു പുതിയ സർവ്വകലാശാല ബിൽ കൊണ്ടുവരുമ്പോൾ അത് പെട്ടെന്നുണ്ടാക്കിയതാണെന്ന് എനിക്കറിയാം. ഞാൻ അതിന്റെ ഉദ്ദേശ്യകാരണങ്ങളൊന്നും പൊളിറ്റിക്കലൈസ് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഇതിന് വേറെ ഉദ്ദേശ്യകാരണങ്ങളാണുള്ളത്. സാധാരണ ബില്ലിന്റെ ചർച്ചയിൽ വേറൊരു കാര്യത്തിലേയ്ക്ക് ഞാൻ പോകാറില്ല. അതുകൊണ്ട് പറയുന്നില്ല.

ശ്രീമതി യു. പ്രതിഭ: സർ, 'അറിവാണ് ദൈവം' എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള ഒരു ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങാനായി കേരളത്തിലെ ഗവൺമെന്റ് എടുത്തിട്ടുള്ള നീക്കത്തെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായിട്ടുള്ള നിയമസഭാ സാമാജികനാണല്ലോ; ഞാൻ എപ്പോഴും അങ്ങയുടെ പ്രസംഗം ശ്രദ്ധിക്കും. എനിക്ക് ഒരു നിർദ്ദേശം പറയാനുള്ളത്, നമ്മൾ പഴയകാലത്തിൽ നിൽക്കുന്നു അല്ലെങ്കിൽ പഴയ ആശയങ്ങളുമായി നിൽക്കുന്നുവെന്ന് സദുദ്ദേശ്യത്തോടെയാണ് അങ്ങ് പറയുന്നതെങ്കിൽ അങ്ങേയ്ക്ക് ചില നിർദ്ദേശങ്ങൾ വച്ചുകൂടെ; എങ്ങനെ ആ പഴയകാലത്തെ നമുക്ക് മാറ്റാമെന്നുള്ള ഒരു നിർദ്ദേശംപോലും പലപ്പോഴും കേൾക്കാറില്ല. അത് കേൾക്കാനൊരു ആഗ്രഹമുണ്ട്. അത്തരം നിർദ്ദേശങ്ങൾ കൂടി മുന്നോട്ടുവയ്ക്കാൻ ബഹുമാനപ്പെട്ട അംഗം തയ്യാറാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ അഞ്ചുവർഷക്കാലം ഞാൻ ആകെ നടത്തിയ പ്രസംഗങ്ങളെക്കുറിച്ചൊരു വിവരണമാണ് പറഞ്ഞത്. ഞാൻ സംസാരിച്ച് തുടങ്ങിയിട്ടേയുള്ളൂ. ഇതിന്റെ പീഠികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കനുസരിച്ചുള്ള പ്രൊപ്പോസൽസ് വേണമെന്നാണ് ഞാൻ പറഞ്ഞത്. എന്റെ പ്രധാനപ്പെട്ട വാദം, ഇങ്ങനെയൊരു സർവ്വകലാശാലയ്ക്ക് ഒരു പുതിയ ബിൽ വേണ്ട; അത് അനാവശ്യമായൊരു ബാദ്ധ്യതയാണ് സർക്കാരിന്റെ തലയിൽ വയ്ക്കുന്നത്. ഒന്നാമത്, ഇപ്പോഴത്തെ ഭരണകാലത്ത് ധനകാര്യ വകുപ്പിന് സ്ക്രൂട്ടിണി എന്നൊരു സംവിധാനമില്ല. ധനകാര്യ വകുപ്പ് ഒന്ന് വെറ്റ് ചെയ്യേണ്ടതാണ്. അഞ്ച് നയാപൈസ കയ്യിലില്ലാത്ത ഈ സമയത്ത് ഇതുപോലൊരു സർവ്വകലാശാലയുണ്ടാക്കി അനാവശ്യമായിട്ടൊരു ഭാരമുണ്ടാക്കി വയ്ക്കേണ്ട യാതൊരു കാര്യവുമില്ല. അത് വായിച്ചുനോക്കിയാൽ നിങ്ങൾക്കെല്ലാവർക്കും മനസ്സിലാകും. എന്ത് പ്രത്യേകതയാണ് അതിനകത്തുള്ളതെന്ന് ബോദ്ധ്യമാകും.

ശ്രീ. കെ. സി. ജോസഫ്: സർ, സർവ്വകലാശാലയ്ക്ക് ശ്രീനാരായണ ഗുരുദേവന്റെ പേരിട്ട കാര്യം ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. ശ്രീനാരായണ ഗുരുദേവന്റെ പേരിട്ടത് വളരെ നല്ല കാര്യമാണ്. പക്ഷേ ടൈറ്റിലിലുള്ള ആ പേരല്ലാതെ ഗുരുദേവ പഠനത്തിനോ, ശ്രീനാരായണീയ ആശയ പ്രചാരണത്തിനോ യാതൊരു വ്യവസ്ഥയും ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിലില്ല എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അങ്ങ് പറയുന്നത് നൂറ് ശതമാനം ശരിയാണ്. ബഹുമാനപ്പെട്ട കായംകുളം അംഗത്തിനുള്ള ഒരു മറുപടി കൂടിയാണത്. യൂണിവേഴ്സിറ്റിയിൽ താഴെപ്പറയുന്ന പഠന സ്കൂളുകൾ അടങ്ങിയിരിക്കേണ്ടതാണ്. ഞാൻ വളരെ താൽപ്പര്യത്തോടുകൂടിയാണ് അത് വായിച്ചത്. എന്തൊക്കെയാണ് കോഴ്സുകൾ എന്നറിയാമോ;

(i) സ്കൂൾ ഓഫ് ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ്;

(ii) സ്കൂൾ ഓഫ് സയൻസ്;

(iii)സ്കൂൾ ഓഫ് ലാംഗ്വേജസ്;

(iv)സ്കൂൾ ഓഫ് ബിസിനസ്സ് സ്റ്റഡീസ് ആന്റ് പബ്ലിക് പോളിസി;

(v) സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻസ് ആന്റ് ഇൻഫർമേഷൻ സയൻസ്;

(vi)സ്കൂൾ ഓഫ് ഇന്റർഡിസിപ്ലിനറി ആന്റ് ട്രാൻസ്ഡിസിപ്ലിനറി സ്റ്റഡീസ്;

(vii)സ്കൂൾ ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്;

(viii)സ്കൂൾ ഓഫ് ലാ ആന്റ് ബിസിനസ് സ്റ്റഡീസ്;

(ix) സ്കൂൾ ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് പോളിസി സ്റ്റഡീസ്.

ഇതൊക്കെ എല്ലാ യൂണിവേഴ്സിറ്റികളിലും എല്ലാ സ്ഥലത്തുമുള്ള കോഴ്സുകളല്ലേ; ഇതിൽ എന്ത് പ്രത്യേകതയാണുള്ളത്? ഏത് പുതിയ വൈജ്ഞാനിക മേഖലയാണ് ഈ കോഴ്സുകളിലൂടെ കണ്ടെത്തിയിട്ടുള്ളത്? എന്ത് സംവിധാനമാണുള്ളത്? കോപ്പി പേസ്റ്റ് എന്ന് ഞാൻ പരിഹസിച്ചതല്ല; അക്ഷരാർത്ഥത്തിൽ ഈ സംവിധാനം കോപ്പി പേസ്റ്റാണ്. യൂണിവേഴ്സിറ്റികൾ രൂപീകരിക്കാൻ പോകുന്നതിനുമുമ്പ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉന്നതവിദ്യാഭ്യാസ വകുപ്പും ശ്രദ്ധിക്കേണ്ടതല്ലേ? നാഷണൽ എഡ്യൂക്കേഷൻ പോളിസി പുറത്ത

വന്നിരിക്കുകയാണ്. അതിൽ നമുക്ക് ധാരാളം വിമർശനങ്ങളും എതിർപ്പുകളുമുണ്ട്. പക്ഷേ നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗം എന്താണെന്ന് പരിശോധിക്കണ്ടേ? സർവ്വകലാശാലകൾതന്നെ വേറൊരു രീതിയിലേയ്ക്ക് മാറുകയാണ്. ഇതുപോലുള്ള യൂണിവേഴ്സിറ്റികൾക്കൊന്നും യാതൊരു പ്രസക്തിയുമില്ല. ഇവയ്ക്ക് യു.ജി.സി.യുടെയോ കേന്ദ്രഗവൺമെന്റിന്റെയോ സഹായം ഉണ്ടാകുകയില്ല; അപ്രൂവൽപോലും കിട്ടില്ല. യൂണിവേഴ്സിറ്റികൾതന്നെ ഇല്ലാതായിപ്പോകുന്ന ഒരു പുതിയ സംവിധാനത്തിലേയ്ക്കാണ് പോകുന്നത്. നമുക്ക് അതിന് എതിർപ്പുകളുണ്ട്. ഒന്നാമതായി റിസർച്ച് യൂണിവേഴ്സിറ്റികൾ, റിസർച്ച് മാത്രം നടക്കുന്ന യൂണിവേഴ്സിറ്റികൾ പുതുതായുണ്ടാകാൻ പോകുന്നു. രണ്ടാമതായി ടീച്ചിംഗ് യൂണിവേഴ്സിറ്റികൾ, അദ്ധ്യാപകരെ പഠിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള യൂണിവേഴ്സിറ്റികൾ. ഇപ്പോഴുള്ള ഒരു വർഷത്തെ ബി.എഡ്. കോഴ്സിനുപകരം എം.ബി.ബി.എസ്. അല്ലെങ്കിൽ എഞ്ചിനീയറിംഗ് പോലെയുള്ള പ്രൊഫഷണൽ കോഴ്സുകളാക്കി ഇപ്പോഴത്തെ ബി.എഡ്.-നെ മാറ്റുന്ന നാല് വർഷത്തെ കോഴ്സുള്ള ടീച്ചിംഗ് യൂണിവേഴ്സിറ്റികൾ. മൂന്നാമതായി, പുതിയ നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ അഫിലിയേറ്റഡ് കോളേജുകളുള്ള യൂണിവേഴ്സിറ്റികളില്ല. ഒരു യൂണിവേഴ്സിറ്റിയിലും അഫിലിയേറ്റഡ് കോളേജുകളുണ്ടാകില്ല. അത് മാറ്റി പുതിയ ഓട്ടോണമസ് കോളേജുകൾ വരികയാണ്. എല്ലാ കോളേജുകൾക്കും ഓട്ടോണമസ് പദവി നൽകുകയാണ്. അവരെ നിയന്ത്രിക്കാൻ വേറെ യൂണിവേഴ്സിറ്റികളില്ല. അങ്ങനെയുള്ള ഒരു പുതിയ സംവിധാനമാണ് നമ്മുടെ എതിർപ്പുകളും പ്രശ്നങ്ങളുമൊക്കെ നിലനിൽക്കുമ്പോൾത്തന്നെ ദേശീയതലത്തിൽ വരുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻപോലും ദുർബലമായി പോകുന്ന പുതിയ സംവിധാനമാണ് നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ വരുന്നത്. നമ്മുടെ നാട്ടിൽ ദേശീയതലത്തിൽ ഒരു ഉന്നതവിദ്യാഭ്യാസ നയം രൂപപ്പെടുമ്പോൾ അതിന് നേർവിപരീതമായ, വ്യത്യസ്തമായ ഒരു പ്രയോജനവുമില്ലാത്ത തരത്തിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ കുറച്ചുകൂടി ഇംപ്രൂവ് ചെയ്യണമെന്നാണ്. നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെയുള്ള ഒരു മികച്ച സർവ്വകലാശാലയാക്കി ഇത് മാറ്റണമെങ്കിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഡിസ്റ്റന്റ് എഡ്യൂക്കേഷനെ സംബന്ധിച്ച് അറിയണം. കുറെ ബിരുദ-ബിരുദാനന്തരധാരികളെ സൃഷ്ടിച്ചിട്ടെന്ത് കാര്യമാണ്? ആ കാലം പോയി, ആ കാലം മാറി; നമ്മൾ അത് തിരിച്ചറിയണം. കേരളത്തിൽ ലക്ഷക്കണക്കിന് ബിരുദ-ബിരുദാനന്തരധാരികളുണ്ടെന്ന് പറയുന്നതല്ലല്ലോ സ്ഥിതി? ഡിസ്റ്റന്റ്സ് എഡ്യൂക്കേഷൻ വഴി കുറെപ്പേർക്ക് ബിരുദം

കിട്ടിയിട്ടും അവരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടും എന്ത് നേട്ടമാണ് സംസ്ഥാനത്തിനുണ്ടാകേണ്ടത്; ഇഫക്ടീവായി നാളെ അവർക്കൊരു ജോലി ലഭിക്കാനുള്ള അവസരമാണ് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട അങ്ങേയ്ക്ക് അറിയാമല്ലോ; ഇനി വരാൻ പോകുന്ന കാലഘട്ടത്തിൽ ഏത് കോഴ്സ് പഠിച്ചു, എന്ത് പഠിച്ചു എന്നുള്ളതല്ല ഏത് സ്ഥാപനത്തിൽ പഠിച്ചുവെന്നുള്ളതാണ് പ്രധാനം. സ്ഥാപനത്തിന്റെ റേറ്റിംഗാണ് ഇന്ന് ലോകം മുഴുവൻ അംഗീകരിക്കുന്നത്. ഇപ്പോൾ എം.ബി.എ.ക്കാരെ മുട്ടിയിട്ട് നടക്കാൻ വയ്യാത്ത സ്ഥിതിയാണ്. ഏത് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് നിങ്ങൾ എം.ബി.എ. എടുത്തത്; ഏത് സ്ഥാപനത്തിൽനിന്നാണ് നിങ്ങൾ എഞ്ചിനീയറിംഗ് ബിരുദമെടുത്തത്; ഏത് മെഡിക്കൽ കോളേജിൽനിന്നാണ് നിങ്ങൾ Post Graduation എടുത്തത്; അതാണ് റേറ്റിംഗ്. ഇപ്പോഴത്തെ കാലത്ത് സ്ഥാപനത്തിനാണ് റേറ്റിംഗ്. സ്ഥാപനങ്ങളെ ആ നിലയിലേയ്ക്ക് കൊണ്ടുപോകണം. അതല്ലാതെ എനിക്കൊരു Post Graduation ഉണ്ടെന്ന് പറയുമ്പോൾ എവിടെയാണ് പഠിച്ചത് എന്ന ചോദ്യം വരും. അപ്പോൾ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിലാണ് പഠിച്ചതെന്ന് പറഞ്ഞാൽ കേൾക്കുന്നവർ അതിന് വില നൽകാത്ത രീതിയിൽ ഗുരുദേവനെ അപമാനിക്കരുത്. നമ്മുടെ മനസ്സിൽ ആദരിക്കുന്നതുപോലെ ഉയർന്ന നിലവാരത്തിലേയ്ക്ക് സർവ്വകലാശാലയെ കൊണ്ടുപോകണം. സൂര്യചന്ദ്രന്മാർ ഉള്ള കാലത്തോളം ഗുരുദേവ ദർശനം നിലനിൽക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറയുകയും ഗുരുവിനെ സ്മരിക്കുകയും ചെയ്യുന്നവരാണ് നമ്മളെല്ലാവരും. ഗുരുദേവന് അപമാനമുണ്ടാകാത്ത തരത്തിൽ ഈ യൂണിവേഴ്സിറ്റിയുടെ നിലവാരം ഉയർത്താൻ കൂട്ടായ ചർച്ചകൾ നടത്തി, പുതിയ സങ്കേതങ്ങൾ കണ്ടെത്തി, പുതിയ സംവിധാനങ്ങൾ കണ്ടെത്തി, ഈ സംസ്ഥാനത്തിന്റെ അഭിമാനകരമായ ഒരു സ്ഥാപനമാക്കി അതിനെ ഉയർത്തണമെന്നാണ് എന്റെ വിനീതമായ അപേക്ഷ. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കട്ടെയെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ ഒരു ചരിത്രപരമായ തീരുമാനമാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റെടുത്ത ഏറ്റവും ഉജ്ജ്വലമായ ഒരു തീരുമാനമായി ഞാൻ ഇതിനെ കാണുകയാണ്. ഇക്കാര്യത്തിൽ കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രിയെയും ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഈ സഭയ്ക്കുവേണ്ടി അഭിനന്ദിക്കുകയാണ്. ഏകകണ്ഠമായ അഭിപ്രായമല്ല മറിച്ച് സാധാരണ നിലയിലുണ്ടാകാറുള്ളതുപോലെ വ്യത്യസ്തമായ

ചില അഭിപ്രായങ്ങളാണ് പ്രതിപക്ഷാംഗങ്ങളിൽനിന്ന് ഉയർന്നുവന്നത്. പൊതുവിൽ ഈ യൂണിവേഴ്സിറ്റിയെ പിന്താങ്ങുന്നുവെങ്കിലും ചില വിമർശനങ്ങൾ പ്രതിപക്ഷത്തുനിന്നും ഉയർന്നുവരികയുണ്ടായി. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ഇങ്ങനെയൊന്നും ആലോചിക്കാനേ കഴിഞ്ഞിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീനാരായണ ഗുരുവിന്റെ പേരിലൊരു യൂണിവേഴ്സിറ്റി ആരംഭിക്കാൻ വൈകിയെന്നാണ് ഒരു വിമർശനം വന്നത്. ഒരിക്കലും നേരം വെളുക്കാതിരിക്കുന്നതിനേക്കാൾ നല്ലതാണല്ലോ വൈകിയാണെങ്കിലും നേരം വെളുക്കുന്നത്. ഒരിക്കലും വരാതിരിക്കുന്നതിനേക്കാൾ നല്ലതാണ് മഹാനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ഇത്തരമൊരു സർവ്വകലാശാല കേരളത്തിൽ വന്നുവെന്നുള്ളത്. ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. നമ്മുടെ കാലഘട്ടത്തിൽ അത്തരമൊരു സർവ്വകലാശാല സ്ഥാപിതമായി. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ നിയമസഭയിൽ അവതരിപ്പിക്കാനും അത്തരമൊരു സർവ്വകലാശാല സ്ഥാപിക്കാനും കഴിഞ്ഞുവെന്നുള്ളത് നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്നതാണ്. യൂണിവേഴ്സിറ്റിയെ വിൽപ്പന ചരക്കാക്കരുത് എന്നുള്ള വിമർശനങ്ങളൊക്കെയുണ്ടായി. അങ്ങനെയൊന്നും ഉണ്ടാകില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് ഇടതുപക്ഷം വാക്ക് തരുന്നത് ഈ സർവ്വകലാശാലയെ അത്തരമൊരു വിൽപ്പനച്ചരക്കാക്കില്ല എന്നാണ്. എന്തുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത് എന്നത് ഉദ്ദേശ്യകാരണങ്ങളുടെ വിവരണങ്ങളിൽ വിവരിക്കുന്നുണ്ട്. ആ ഉദ്ദേശ്യലക്ഷ്യങ്ങളെ വളച്ചൊടിച്ചുകൊണ്ടുപോകാൻ വേണ്ടിയുള്ള പരിശ്രമമാണ് പ്രതിപക്ഷം നടത്തിയത്. നമ്മുടെ സംസ്ഥാനത്തെ നാല് സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസം നൽകാൻ സാധിച്ചിരുന്നു. വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി കേരള, കണ്ണൂർ, കാലിക്കറ്റ്, എം.ജി. അടക്കമുള്ള നാല് സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ പഠിക്കാനുള്ള അവസരങ്ങളുണ്ടായിരുന്നു. 2015 മുതൽ എം.ജി. യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ സമ്പ്രദായം നിർത്തലാക്കി. പിന്നീട് കേരള, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ മാത്രമാണ് വിദൂര വിദ്യാഭ്യാസ സമ്പ്രദായമുണ്ടായിരുന്നത്. സർവ്വകലാശാലകളുടെ ഭാരിച്ച ഉത്തരവാദിത്വത്തെ സംബന്ധിച്ച് നമുക്കെല്ലാം അറിവുള്ളതാണ്. ഓരോ കോളേജിനും സർവ്വകലാശാലയുണ്ടാകണമെന്ന രീതിയിൽ വ്യത്യസ്തമായ അഭിപ്രായമാണ് ഇവിടെ ഉയർന്നുവന്നത്. ടീച്ചിംഗ് കോളേജിന് സർവ്വകലാശാലയുണ്ടാകണമെന്ന് പറയുകയുണ്ടായി. സർവ്വകലാശാലകളെന്ന് ഉദ്ദേശിക്കുന്നത് അങ്ങനെയാണോ? എല്ലാ സമതലങ്ങളിലും നിന്ന് വരുന്ന

ഫലഭൂയിഷ്ഠതകളെ ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നാണ് സർവ്വകലാശാലകൾ. സർവ്വകലാശാല ഏതെങ്കിലുമൊരു പ്രത്യേകത മാത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് നടത്തേണ്ടതല്ല. അത് സ്കൂളുകളാണ്. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് എന്ന് നമ്മൾ കേട്ടിട്ടുണ്ട്. മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സർവ്വകലാശാലകളെ സംബന്ധിച്ചുള്ള ഒരു പഴയ പ്രസംഗം ഞാൻ പരിശോധിച്ചപ്പോൾ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് എന്ന് അതിൽ ക്വാട്ട് ചെയ്തിരിക്കുന്നു. അത് സ്കൂളാണ്. സർവ്വകലാശാലയെന്ന് പറയുന്നത് എല്ലാത്തിനെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നാണ്. അവിടെ കല, സാഹിത്യം, സംസ്കാരം, മാനവികത, കൃഷി, അഡ്മിനിസ്ട്രേഷൻ കൂടാതെ മറ്റെന്തെല്ലാം കോഴ്സുകൾ പഠിപ്പിക്കാൻ സാധിക്കുമോ അവയെല്ലാം പഠിപ്പിക്കാനാകണം. നമ്മുടെ യൂണിവേഴ്സിറ്റികളിൽ ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം വന്നതോടുകൂടി കാര്യങ്ങൾ പഴയകാലത്തെപ്പോലെയല്ല. ഭാരിച്ച ഉത്തരവാദിത്വങ്ങളും അതിന്റെ ഭാഗമായ ഭരണപരമായ പ്രശ്നങ്ങളുമെല്ലാം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. അത് ഈ ഗവൺമെന്റ് ഭംഗിയായി തിരിച്ചറിഞ്ഞിട്ടുണ്ട്. പരീക്ഷ നടത്തിപ്പിന്റെ ഭാഗമായും പരീക്ഷ നടത്തിയാൽ അതിന്റെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ചും ചർച്ച ചെയ്യപ്പെടാറുണ്ട്. ഒരു കുട്ടി പരീക്ഷയെഴുതി പ്രസ്തുത പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ച് അയാൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റോ അല്ലെങ്കിൽ ബിരുദാനന്തര സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ എം.ഫില്ലോ, പി.എച്ച്.ഡി.യോ കൊടുക്കുന്നതടക്കമുള്ള സർട്ടിഫിക്കറ്റുകൾ നൽകാനുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് പലതവണ ചർച്ച ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന സർവ്വകലാശാലയിൽ വിദൂര കോഴ്സുകൾക്കു വേണ്ടി മാത്രമായി ഒരു സർവ്വകലാശാലയെന്ന കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് ഇത്തരമൊരു യൂണിവേഴ്സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കാൻ ശ്രമിക്കണം. അതിന്റെ ടെക്നിക്കലായ പ്രശ്നംകൂടി ഉദ്ദേശ്യ കാരണങ്ങളിൽ പറഞ്ഞിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനായി നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ 4-ൽ 3.26 സ്കോർ ആവശ്യമാണ്. ഒരു മികച്ച സർവ്വകലാശാലയെന്ന നിലയിലേയ്ക്ക് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയെ നമുക്ക് കൊണ്ടുപോകാൻ കഴിയണം. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം നിലനിർത്തേണ്ടതുണ്ട്. സിൻഡിക്കേറ്റിനെയും സെനറ്റിനെയും സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ വന്നുവെങ്കിലും സിൻഡിക്കേറ്റിലും സെനറ്റിലും ജനപ്രതിനിധികൾ ആരുമില്ല എന്ന വിഷയമുണ്ട്. ജനപ്രതിനിധികൾ

അത്തരത്തിൽ ഒഴിവാക്കപ്പെടേണ്ടവരാണോ? അക്കാര്യം ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണം. ഇത്തരമൊരു സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലും സെനറ്റിലുമെല്ലാം എം.എൽ.എ.മാർ വേണമെന്നല്ല ഞാൻ അവകാശപ്പെടുന്നത്. എന്നാൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സാന്നിദ്ധ്യം വേണമെന്നുള്ള കാര്യം എന്തുകൊണ്ടാണ് വിട്ടുപോയതെന്ന് പരിശോധിക്കേണ്ടതും തീർച്ചയായും ഉൾപ്പെടുത്തേണ്ടതുമാണ്. ഇതൊരു ചരിത്രപരമായ തീരുമാനം തന്നെയാണ്. മഹാനായ ശ്രീനാരായണഗുരു ദേവന്റെ നാമധേയം നൽകാൻ തീരുമാനിച്ചതിൽ ഈ ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സത്യസന്ധമല്ലാത്ത വിമർശനങ്ങളെയും ദുരാരോപണങ്ങളെയും നമുക്ക് നേരിടാനാവുക അറിവുകൊണ്ട് തന്നെയാണ്. അതുകൊണ്ടാണ് ഗുരു 'അറിവാകുന്ന പരംപൊരുൾ' എന്നുതന്നെ അറിവിനെ വിശേഷിപ്പിച്ചത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിളിച്ച കേരളത്തെ വിദ്യ എന്ന രണ്ടക്ഷരം കൊണ്ട് അറിവിന്റെയും വെളിച്ചത്തിന്റെയും വിജ്ഞാനത്തിന്റെയുമെല്ലാം ഒരു പുതിയ പ്രഭാതത്തിലേയ്ക്ക് കൊണ്ടുവന്ന മഹാനായ നവോത്ഥാന നായകനാണദ്ദേഹം. അദ്ദേഹം 1888-ൽ നടത്തിയ അരുവിപ്പുറത്തെ പ്രതിഷ്ഠയെക്കുറിച്ച് നാനാകോണുകളിൽനിന്നും ചോദ്യങ്ങളുണ്ടായി. ആദ്യം ഇവിടെ പ്രസംഗിച്ച ശ്രീ. ടി. എ. അഹമ്മദ് കബീർ ചൂണ്ടിക്കാണിച്ചു. അത് എന്തെങ്കിലും പ്രത്യേകമായ താന്ത്രിക വിദ്യയുടെ ഭാഗമായി നടത്തിയ പ്രതിഷ്ഠയായിരുന്നില്ല. 1888-ൽ നെയ്യാറിലെ ശങ്കരൻകുഴിയിലേക്ക് മുങ്ങി ഒരു ശിലയെടുത്ത് പ്രതിഷ്ഠിക്കുമ്പോൾ, അത് അന്നത്തെ പ്രതിഷ്ഠാരീതികൾക്കെല്ലാം എതിരായിരുന്നു. എന്ത് അവകാശമെന്ന് അന്ന് ചോദിച്ചവരുണ്ട്. 1888-ലെ മഹത്തരമായ ആ പ്രതിഷ്ഠയ്ക്കുശേഷം അവിടെ ഗുരു എഴുതിവച്ചു 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്'. ഇപ്പോൾ 2021-ൽ ഈ മഹത്തായ സർവ്വകലാശാല സ്ഥാപിച്ചുകൊണ്ട് കേരളത്തിൽ വിജ്ഞാനത്തിന്റെ ഒരു പുതിയ മേഖല തുറക്കുകയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ട വിമർശനങ്ങൾക്ക് അത്തരം അർത്ഥമുണ്ടെന്ന് കരുതുന്നില്ല. കാരണം എല്ലാം തികഞ്ഞുകൊണ്ട് നമുക്കൊരു സർവ്വകലാശാല ആരംഭിക്കാൻ സാധിക്കില്ല.

വിമർശനത്തിന്റെ ഭാഗമായി ക്വാട്ട് ചെയ്യപ്പെട്ട സർവ്വകലാശാല IGNOU (Indira Gandhi National Open University)ആണ്. വിമർശിക്കുന്നവർതന്നെ മനസ്സിലാക്കേണ്ട കാര്യം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ അവിടെ രണ്ട് ഡിപ്ലോമ കോഴ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ്. രണ്ട് ഡിപ്ലോമ കോഴ്സും നാലായിരം വിദ്യാർത്ഥികളെയുംകൊണ്ട്

ആരംഭിച്ച ഒരു സർവ്വകലാശാല ഇന്ന് രണ്ടായിരം കോഴ്സുകളും മുപ്പത് ലക്ഷം വിദ്യാർത്ഥികളും പഠിക്കുന്ന ഒരു സർവ്വകലാശാലയായി മാറി. ഇന്ത്യയുടെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി IGNOU അല്ല. ഇന്ത്യയുടെ ഭരണഘടന എഴുതിയ മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ നാമധേയത്തിൽ 1982-ൽ രൂപീകരിച്ച യൂണിവേഴ്സിറ്റിയാണ് ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റി. അതിനുശേഷം IGNOU വന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റിയായി IGNOU മാറി. ആ യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ രണ്ട് ഡിപ്ലോമ കോഴ്സുകളും കുറച്ച് കുട്ടികളും മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ ലക്ഷക്കണക്കിന് കുട്ടികളുണ്ട്. കേരളത്തിൽത്തന്നെ ഏതാണ്ട് വിദൂര വിദ്യാഭ്യാസം നടത്തുന്ന കുട്ടികളിൽ അമ്പത് ശതമാനത്തിലേറെ കുട്ടികൾ IGNOU-യുടെ ഭാഗമായി കോഴ്സിന് ചേരുകയും പഠിക്കുകയുമെല്ലാം ചെയ്യുന്നവരാണ്. പ്രാഥമിക ഘട്ടങ്ങളിൽ പ്രശ്നങ്ങളുണ്ടാകാം. നാം ആഗ്രഹിക്കുന്ന നിലയിൽ കോഴ്സുകൾ ഉണ്ടാകില്ല. പക്ഷേ അത്തരം കോഴ്സുകൾ കൂടി ഉൾപ്പെടുത്തണം. മാനവിക വിഷയങ്ങളെക്കുറിച്ച്, സയൻസിനെക്കുറിച്ച്, പരിസ്ഥിതിയെക്കുറിച്ച്, പ്രകൃതി ദുരന്തങ്ങളെക്കുറിച്ച്, – ഭരണഘടനയെക്കുറിച്ച്, മനുഷ്യ നന്മയെക്കുറിച്ച് എല്ലാം പഠിപ്പിക്കാൻ കഴിയുന്ന കോഴ്സുകളെല്ലാം ഇതിന്റെ ഭാഗമായി ആരംഭിക്കാനാകണം. ഈ ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് ഇത്തരം വിമർശനങ്ങൾകൊണ്ട് മറച്ചാൽ മറയുണ്ടാകുന്നതല്ല. ശ്രദ്ധേയമായ എഫർട്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. ഈ ഓപ്പൺ യൂണിവേഴ്സിറ്റി തീർച്ചയായും വലിയ ഗുണം ചെയ്യും. നമ്മുടെ നാട്ടിൽ ഇരുപത് വയസ്സ് കഴിഞ്ഞാൽ ഒരു ചെറുപ്പക്കാരനോ ചെറുപ്പക്കാരിക്കോ ഉണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നമാണ് തൊഴിലിനുപോകണോ, ജീവിതം മുന്നോട്ട് കൊണ്ടുപോകണോ, അതോ പഠിക്കണമോ എന്നുള്ളത്. അങ്ങനെ ഒരു സന്നിദ്ധമായ ഘട്ടമുണ്ട്. വ്യക്തിപരമായി ഞാനും ഡിഗ്രി ആദ്യവർഷത്തിൽ വച്ച് പഠനം അവസാനിപ്പിച്ച് പഠനത്തിൽനിന്നും പിൻതിരിഞ്ഞുപോയ ആളാണ്. പഠനത്തിൽനിന്നും ഞാൻ പിൻതിരിഞ്ഞത് എന്റെ വീട്ടിലുണ്ടായൊരു പ്രതിസന്ധിയുടെ ഭാഗമായിട്ടാണ്. അല്ലാതെ മറ്റൊരു കാരണം കൊണ്ടല്ല. എന്റെ അച്ഛന് പരാലിസിസ് വന്നപ്പോഴാണ് പഠനം അവസാനിപ്പിച്ചത്. പിന്നീട് നാലഞ്ച് വർഷക്കാലത്തിനു ശേഷം ഏതെങ്കിലും കോഴ്സിന് ചേർന്ന് പഠിക്കാൻ തീരുമാനിച്ചു. പിന്നീടാണ് പി.ജി. വരെ പഠിച്ചത്. അങ്ങനെയുള്ള ഒരുപാട് ആളുകൾ നമ്മുടെ നാട്ടിലുണ്ട്. ഒരു കോഴ്സിന് പഠിക്കണോ അല്ലെങ്കിൽ കുടുംബം മുന്നോട്ടുകൊണ്ടുപോകണോ എന്ന് ചിന്തിക്കുമ്പോൾ പ്രധാനപ്പെട്ടൊരു തീരുമാനം കുടുംബത്തോടൊപ്പം നിൽക്കുക എന്നുള്ളത് തന്നെയാകും. പഠനം തുടരാൻ സാധിക്കാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ പഠന സ്വപ്നങ്ങളെ

സാക്ഷാത്കരിക്കുകയും സാധ്യമാക്കിക്കൊടുക്കുകയും ചെയ്തൊരു ഗവൺമെന്റായും അതിന്റെ ചരിത്രപരമായ തീരുമാനമായും ഈ ഓപ്പൺ സർവ്വകലാശാല വിലയിരുത്തപ്പെടും. ഒരു ഡിഗ്രി വേണമെന്ന് ആഗ്രഹിക്കുന്ന ഏത് പ്രായത്തിൽപ്പെട്ട മനുഷ്യനും സാമ്പ്രദായികമായ വിദ്യാഭ്യാസ സർവ്വകലാശാലയിലേയ്ക്ക് പോയി പഠിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇഷ്ടപ്പെട്ട കോഴ്സ് തെരഞ്ഞെടുത്ത് പഠിക്കാനാവശ്യമായ സ്വാതന്ത്ര്യമാണ് ഓപ്പൺ യൂണിവേഴ്സിറ്റി നൽകുന്നത്. അത് തീർച്ചയായും വലിയ ഗുണം ചെയ്യും. നമ്മുടെ ഗവൺമെന്റ് ഓൺലൈൻ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുക്കുകയാണ്. കെ-ഫോൺ വരുന്നതോടുകൂടി സൗജന്യമായ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാകും. എല്ലാ വീടുകളിലും ഓൺലൈൻ സൗകര്യമെത്തുകയാണ്. ഈ ഗവൺമെന്റ് ഒരു ഭാഗത്ത് ഐ.റ്റി., കമ്മ്യൂണിക്കേഷൻ എന്നിവയെല്ലാം ശക്തിപ്പെടുത്താൻ ആവശ്യമായ ഭൗതികമായ ഇടപെടൽ നടത്തുന്നു. മറുഭാഗത്ത് അത്തരം സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് നാടിന്റെ അക്കാദമിക നിലവാരം ഉയർത്തി നിരവധി ആളുകൾക്ക് പഠിക്കാനാവശ്യമായ സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുന്ന നിലയിലേയ്ക്ക് ഈ യൂണിവേഴ്സിറ്റി തീർച്ചയായിട്ടും മാറും. ഈ ബില്ലിന്റെ പരിധിയിൽ കേരളം മാത്രമായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിശ്വഗുരുവായ ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള സർവ്വകലാശാലയുടെ നിയമപരിധി കേരളത്തിൽ മാത്രം ഒതുക്കി നിർത്തേണ്ടതല്ല. രാജ്യമാകെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുമോ എന്ന് പരിശോധിക്കണം. അക്കാര്യത്തിലാവശ്യമായ ഒരു തീരുമാനമെടുത്ത് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. കുട്ടികൾക്ക് പഠനം നടത്തുന്നതിനാവശ്യമായ കൂടുതൽ റീജിയണൽ സെന്ററുകൾ ജില്ലകളിലെല്ലാം സ്ഥാപിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് തീർച്ചയായും ഗവൺമെന്റ് ആലോചിക്കണം. സമയത്തിന്റെ പരിമിതിയുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. തീർച്ചയായും വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന മഹത് വചനം നമ്മുടെ സമൂഹത്തിന് നൽകിയ, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തിയ, കേരളത്തിന്റെ ഇരുൾ മാറ്റിയ മഹാനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ഇത്തരമൊരു മഹത്തായ സർവ്വകലാശാല കൊണ്ടുവരുന്നതിൽ വലിയ സന്തോഷവും അഭിമാനവും പിന്തുണയും അറിയിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മഹത്തായ ഒരു ലക്ഷ്യത്തോടുകൂടിയാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് ഈ

സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഓരോ സർവ്വകലാശാലകൾ വരുമ്പോഴും അതിനുമുമ്പ് ആ സർവ്വകലാശാലകളിൽ എന്തൊക്കെയാണോ പഠിപ്പിക്കപ്പെട്ടിരുന്നത് അവയൊക്കെത്തന്നെ മുമ്പുണ്ടായിരുന്ന സർവ്വകലാശാലകളിൽ നിലനിന്നിരുന്ന കോഴ്സുകളായിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു സർവ്വകലാശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതാണ് കേരള സർവ്വകലാശാല. അത് വിഭജിച്ചാണ് പിന്നീട് എല്ലാ സർവ്വകലാശാലകളും രൂപീകൃതമായത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി രണ്ടാമതായി കേരളത്തിൽ രൂപംകൊള്ളുമ്പോൾ ശ്രീ. എം. ഉമ്മർ പറഞ്ഞതു പോലെയും മറ്റ് ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെയുമുള്ള അഭിപ്രായങ്ങൾ ഉയർന്നുവന്നിരുന്നു. കേരള സർവ്വകലാശാലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപീകൃതമാകുമ്പോൾ നഷ്ടം വരില്ലേ എന്ന ചോദ്യം ഉയർന്നുവന്നിരുന്നു. കാരണം ആ കോളേജുകളും അവിടത്തെ വിദ്യാർത്ഥികളും അവരെല്ലാപേരും കേരള യൂണിവേഴ്സിറ്റിയുടെ ഭാഗമായിരുന്നു. എം.ജി. യൂണിവേഴ്സിറ്റിയും കണ്ണൂർ യൂണിവേഴ്സിറ്റിയും രൂപീകൃതമാകുമ്പോഴും എല്ലാം തന്നെ ഈ വിമർശനങ്ങൾ ഉയർന്നിട്ടുണ്ട്. ഏറ്റവും അവസാനമായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും ഹെൽത്ത് യൂണിവേഴ്സിറ്റിയും നിലവിലുള്ള സർവ്വകലാശാലകളിൽനിന്നും അവയെല്ലാം വേർപെടുത്തി സ്വന്തമായി രൂപീകരിക്കുമ്പോൾ ഇങ്ങനെയുള്ള വിമർശനങ്ങളുണ്ടായിട്ടുണ്ട്. അപ്പോൾ അത്തരം വിമർശനങ്ങൾക്ക് ചെവി കൊടുക്കാൻ നിന്നാൽ നാട്ടിൽ ഒരു യൂണിവേഴ്സിറ്റി മാത്രമേ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ഈ യാഥാർത്ഥ്യവും വസ്തുതയും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. NAAC-ന്റെ (National Assessment and Accreditation Council) ഗ്രേഡിംഗിൽ ഈ വർഷമാണ് നമ്മുടെ സർവ്വകലാശാലകൾക്ക് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഇളവുകൾ നൽകിയത്. അതുകൊണ്ടാണ് യഥാർത്ഥത്തിൽ ഈ വർഷവും കൂടി നിലവിലുള്ള സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ പഠനം നടത്താനുള്ള സാഹചര്യമുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ നമ്മുടെ യൂണിവേഴ്സിറ്റികളെ മികച്ച രീതിയിലേയ്ക്ക് കൊണ്ടുവരേണ്ടതല്ലേ എന്ന് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും കൊണ്ടുവരണം. അതിനുള്ള പരിശ്രമവും ഇതോടൊപ്പം നടക്കുന്നുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ഇത്രമേൽ പ്രാമുഖ്യം നൽകിയ ഒരു ബഡ്ജറ്റ് ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടാകില്ല. 3000 കോടി രൂപയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വകയിരുത്തുമെന്ന് പറഞ്ഞിരിക്കുന്നത്. അത് സർവ്വകലാശാലകളെ മികച്ച നിലയിലേയ്ക്ക്, ദേശീയ തലത്തിലേയ്ക്ക്, അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് കൊണ്ടുവരികയെന്നുള്ള ലക്ഷ്യത്തോടുകൂടി തന്നെയാണ്. ഇവിടെ ഉയർന്ന മറ്റൊരു

വിമർശനം ആദ്യം ഒരു ഓർഡിനൻസായി കൊണ്ടുവന്നു. ഇപ്പോൾ അത് നിയമമാക്കുന്നു എന്നതാണ്. കേരളത്തിലെ രണ്ടാമത്തെ സർവ്വകലാശാലയായ കാലിക്കറ്റ് യൂണിവേഴ്സിറ്റി എങ്ങനെയാണ് രൂപീകൃതമായത്; സഖാവ് ഇ.എം.എസ്.ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അംഗമായിരുന്ന അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സി.എച്ച്. മുഹമ്മദ് കോയ. അന്നത്തെ മന്ത്രിസഭയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്ഥാപിച്ചത്. ആ ബിൽ അവതരിപ്പിച്ചുകൊണ്ട് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞൊരു വാചകം ഞാൻ ഈ സന്ദർഭത്തിൽ ശ്രീ. എം. ഉമ്മറിന്റെ ഓർമ്മയ്ക്കായി വായിക്കുകയാണ്. 'സർ, കോഴിക്കോട് സർവ്വകലാശാല ബിൽ പാസ്സാക്കിത്തരണമെന്ന് ഈ സഭയോട് അപേക്ഷിക്കാൻ വേണ്ടിയാണ് ഞാൻ ഇപ്പോൾ ഇവിടെ നിൽക്കുന്നത്. 23-7-1968-ലെ 5-ാം ഓർഡിനൻസായി കോഴിക്കോട് സർവ്വകലാശാല ഓഡിനൻസ് പാസ്സാക്കുക യാണുണ്ടായത്. ഈ സർവ്വകലാശാല ഈ അക്കാദമിക വർഷത്തിൽത്തന്നെ ആരംഭിക്കേണ്ടതുണ്ടായിരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു ഓർഡിനൻസായി ഈ നിയമം പാസ്സാക്കേണ്ടി വന്നത് എന്നാണ്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ആയിക്കൂടെ ഈ സർവ്വകലാശാലയെന്ന് അന്ന് ആരും ചോദിച്ചിട്ടില്ല. എങ്കിൽ ധൃതിപിടിച്ചുകൊണ്ട് ഈ അദ്ധ്യയന വർഷം തുടങ്ങാൻ ഇങ്ങനെ സഭയിൽ ഒരു നിയമം കൊണ്ടുവരേണ്ടി വരുമായിരുന്നോ എന്നുള്ള ന്യായങ്ങളൊന്നും ആരും ചോദിച്ചിട്ടില്ല. ഏതൊരു കാര്യത്തിനും ഒരു കാരണമുണ്ടാകും. ഒരു സുപ്രഭാതത്തിൽ ഒരു സർവ്വകലാശാല വെറുതെ രൂപീകരിക്കാൻ സാധിക്കില്ല. സർവ്വകലാശാല കുറേ ആളുകളെ പ്ലെയിസ് ചെയ്യിക്കുവാൻ വേണ്ടിയുള്ളതാണെന്ന് അവിടെ നിന്നുതന്നെ വിമർശനങ്ങൾ ഉയർന്നു. ഒരിക്കലുമല്ല. ഇതൊക്കെ അനിവാര്യതയാണ്. ഈ ഓപ്പൺ സർവ്വകലാശാല രൂപീകൃതമാകുന്നതിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമെന്താണ്? കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും വിദൂര വിദ്യാഭ്യാസ പഠനം നടത്തുന്ന ആളുകൾക്ക് സ്വന്തമായിട്ടുള്ള എന്റിറ്റി വേണം. അവർ തങ്ങളുടെ സ്വന്തമായിട്ടുള്ള സർവ്വകലാശാലയിലാണ് പഠിക്കുന്നതെന്നുള്ളൊരു ബോധമുണ്ടാകണം. അതോടൊപ്പംതന്നെ നിലവിലുള്ള സർവ്വകലാശാലകൾക്ക് അത് നടത്താൻ കഴിയാത്ത സ്ഥിതിവന്നു. ആ ഒരു കാലഘട്ടത്തിന്റെ അനിവാര്യതയ്ക്കനുസരിച്ച് ഈ വിഷയങ്ങളെ യഥാർത്ഥത്തിൽ അഡ്രസ്സ് ചെയ്യുകയായിരുന്നു ഈ സർക്കാർ. അല്ലാതെ വെറുതെ ഒരു സുപ്രഭാതത്തിൽ ശ്രീനാരായണ ഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാല ഇരിക്കട്ടെയെന്ന് കരുതി കച്ചവട താൽപ്പര്യത്തോടുകൂടി സ്ഥാപിതമായിട്ടുള്ള സ്ഥാപനമല്ല ശ്രീനാരായണഗുരു സർവ്വകലാശാല. അതാണ് നമ്മൾ ആദ്യമായി മനസ്സിലാക്കേണ്ടത്. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു

സർവ്വകലാശാല വരുമ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ട പഠനങ്ങളുണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചു. അത് തീർച്ചയായുമുണ്ടാകുമെന്നുള്ളതിൽ എന്താണ് സംശയം? സ്കൂൾ ഓഫ് ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ് എന്നുപറയുന്നതിൽ ഈ പഠനശാഖകളെല്ലാം വരുന്നുണ്ട്. ശ്രീനാരായണഗുരുവിന്റെ ഫിലോസഫിയുമായി ബന്ധപ്പെട്ട് ഡിഗ്രിയും പോസ്റ്റ് ഗ്രാജ്യൂവേഷൻ പഠനവുമെല്ലാം ഈ സർവ്വകലാശാലയിലുണ്ടാകാം എന്നതിൽ ഒരു തർക്കവും വേണ്ടെന്ന് വ്യക്തമായി പറയുന്നു. ഇപ്പോൾ പ്രാഥമികമായിട്ടുള്ള പഠന ശാഖകളെക്കുറിച്ചാണ് പറയുന്നത്. ഇത് പ്രാരംഭ ഘട്ടത്തിൽ തുടങ്ങുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ 30 ലക്ഷം വിദ്യാർത്ഥികളുള്ള ഒരു മഹായൂണിവേഴ്സിറ്റിയായി ലോകത്തുതന്നെ വികസിച്ച സ്ഥാപനമാണ് IGNOU (Indira Gandhi National Open University). കേവലം വിരലിലെണ്ണാവുന്ന കുട്ടികളും രണ്ട് ഡിപ്ലോമ കോഴ്സും കൊണ്ടാണ് അത് തുടങ്ങുന്നത്. നമ്മൾ വിചാരിക്കുന്ന രൂപത്തിലേയ്ക്ക് ഇതിനെ ഉയർത്താൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട ബിൽ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. പലരും അതുസംബന്ധിച്ച് നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. എല്ലാ കാര്യങ്ങളെയും അതിന്റെ ഗുഡ് സ്പിരിറ്റിൽ എടുത്തുകൊണ്ട് സർവ്വകലാശാലയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞങ്ങൾ ഇവിടെ ഉന്നയിച്ച വിമർശനങ്ങളെ അങ്ങ് നല്ല ഉദ്ദേശ്യത്തോടുകൂടി കാണണം. യൂണിവേഴ്സിറ്റി ആദ്യം ഓർഡിനൻസായി കൊണ്ടുവന്നത് നല്ല കാര്യം. ഫലപ്രദമായ ചർച്ചയുള്ള അവസരമുണ്ടാക്കുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ ആക്ഷേപം. ഈ സഭ ചേരുമ്പോൾ ബില്ലിനെ സംബന്ധിച്ച കാര്യങ്ങൾ അങ്ങയുടെ മനസ്സിലുണ്ടായിരുന്നില്ല, ഷെഡ്യൂൾ ചെയ്തിരുന്നില്ല. ഉച്ചകഴിഞ്ഞ് ബിൽ അവതരിപ്പിക്കാൻ പോകുന്നു. നാളെ സബ്ജക്ട് കമ്മിറ്റികൂടി വെള്ളിയാഴ്ച ബിൽ പാസ്സാക്കുന്നു. അങ്ങനെ ചെയ്യേണ്ടതല്ല ഒരു പുതിയ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും. സമഗ്രമായ ചർച്ചയ്ക്കും വിശകലനത്തിനും അവസരമുണ്ടാക്കേണ്ടതായിരുന്നു. ഗവൺമെന്റിന് ഇക്കാര്യത്തിൽ വേണ്ടത്ര കാഴ്ചപ്പാടില്ലാതെ പോയെന്നുള്ളത് അങ്ങ് കാണാതെ പോകരുത്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, അങ്ങനെയല്ല. ഇത് ഓർഡിനൻസായി കൊണ്ടുവന്നു. ഓർഡിനൻസിന്റെ പിൻബലത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ അംഗീകാരത്തിനായി ഇത് സമർപ്പിക്കാൻ കഴിയുമെന്നാണ്

യഥാർത്ഥത്തിൽ വിചാരിച്ചത്. പക്ഷേ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇപ്പോൾ വളരെ കർക്കശമായി ചില നിലപാടുകൾ സ്വീകരിച്ചിരിക്കുന്നു. കേരളത്തോട് കേന്ദ്ര സർക്കാരും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവും യു.ജി.സി.യുമൊക്കെ സ്വീകരിക്കുന്ന പ്രത്യേക കർക്കശമുണ്ടല്ലോ; ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ആ ഒരു കർക്കശത ഇക്കാര്യത്തിലും അവർ പുലർത്തി. ഓപ്പൺ യൂണിവേഴ്സിറ്റി രൂപീകരിക്കുമ്പോൾ മുമ്പൊന്നും അംഗീകാരം കിട്ടുന്നതിനുവേണ്ടി കർക്കശമായ നിബന്ധന വച്ചിരുന്നില്ല. അവർ കർക്കശത വച്ചതുകൊണ്ടാണ് വളരെ പെട്ടെന്ന് നിയമനിർമ്മാണം നടത്തേണ്ട സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയത്. ഇങ്ങനെയുള്ള തടസ്സങ്ങൾ മറികടക്കാനുള്ള വഴികൾ തേടുമ്പോഴുണ്ടാകുന്ന വെല്ലുവിളികളാണ് നമുക്ക് ചിന്തിക്കാൻ അവസരം നൽകുക. അങ്ങനെയാണ് ഈ നിലയ്ക്ക് ബിൽ കൊണ്ടുവരേണ്ടി വന്നത്. ഇവിടെനിന്നും ഉണ്ടായിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഗുഡ് സ്പിരിറ്റിൽ തന്നെയാണ് ഞാൻ എടുക്കുന്നത്. ഞാൻ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് സി. എച്ച്. മുഹമ്മദ് കോയ 1968-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്നതിനെ സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു. 1967-ൽ വന്ന ഗവൺമെന്റ് 1968-ൽ യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവന്ന് അവതരിപ്പിച്ചു. ഇപ്പോൾ രണ്ടുമാസംകൂടി കഴിഞ്ഞാൽ ഇലക്ഷനിലേയ്ക്ക് പോകുകയാണ്. ആ സമയത്ത് ധൃതിപിടിച്ച് പാസ്സാക്കിയെന്നാണ് പറഞ്ഞത്.

Mr. Speaker: Late is better than never.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലാണ് ഈ ബിൽ അവതരിപ്പിച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപീകരിച്ച സമയത്ത് അന്നത്തെ മുഖ്യമന്ത്രിയുടെ പേരോ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പേരോ ഇന്ന് ക്വാട്ട് ചെയ്യാൻ പല രാഷ്ട്രീയകക്ഷികളും തയ്യാറാകുന്നില്ല. ഭാവിയിൽ ഡോ. കെ. ടി. ജലീലിന്റെ പേരിലാണോ സഖാവ് പിണറായി വിജയൻ നയിക്കുന്ന മന്ത്രിസഭയുടെ പേരിലായിരിക്കുമോ ഈ യൂണിവേഴ്സിറ്റി വന്നതെന്ന് പറയാൻ കഴിയുമോ?

ഡോ. കെ. ടി. ജലീൽ: സർ, അതിലെന്താണ് സംശയം? സ്വാഭാവികമായും മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ കൊണ്ടുവന്ന യൂണിവേഴ്സിറ്റി എന്നുതന്നെയായിരിക്കും ഈ യൂണിവേഴ്സിറ്റി അറിയപ്പെടുക. അതിൽ ഒരു സംശയവുമില്ല. അതൊക്കെ ചരിത്ര വസ്തുതകളും യാഥാർത്ഥ്യവുമുള്ളതാണ്. അത് ആരൊക്കെ മറച്ചുവയ്ക്കാൻ ശ്രമിച്ചാലും അതിന്

കഴിയില്ല. നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും വ്യതിചലിച്ച്, നമ്മുടെ സംസ്ഥാനത്ത് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ സയൻസ് വിഷയം ഒരു കുട്ടിക്ക് ഓപ്പൺ സ്കീമിൽ/ഡിസ്റ്റൻസ് സ്കീമിൽ ബി.എസ്.സി. ഫിസിക്സ്/കെമിസ്ട്രി പഠിക്കണമെന്ന് വന്നാൽ അതിനൊരു സാഹചര്യം ഇപ്പോഴില്ല. എല്ലാ ഡിസ്റ്റൻസ് സെന്ററുകളിലും എല്ലാവരും ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസാണ് പ്രധാനമായും പഠിക്കുന്നത്. എന്നാൽ ഓപ്പൺ യൂണിവേഴ്സിറ്റി വരുന്നതോടെ സ്കൂൾ ഓഫ് സയൻസ്, സയൻസ് സബ്ജക്ടിൽ ബിരുദവും ബിരുദാനന്തര ബിരുദവും എടുക്കാനുള്ള സാഹചര്യമുണ്ടാകുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സയൻസ് പഠിക്കുമ്പോൾ ലബോറട്ടറി സൗകര്യങ്ങൾ അനിവാര്യമാണ്. അത് ഒരുക്കുന്നതിനുള്ള സംവിധാനങ്ങൾ എങ്ങനെയാണ്?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ധാരാളം സ്റ്റഡി സെന്ററുകൾ ഈ ഓപ്പൺ യൂണിവേഴ്സിറ്റിക്കുണ്ടാകും. ഇപ്പോൾ റീജിയണൽ സെന്ററുകളെക്കുറിച്ചാണ് പറഞ്ഞത്. മലബാറിൽനിന്ന് കൂടുതൽ കുട്ടികളുള്ളതിനാൽ അവിടെ കൂടുതൽ സൗകര്യങ്ങൾ വേണമെന്ന് പറഞ്ഞു. നാല് റീജിയണൽ സെന്ററുകൾ ആരംഭിക്കുമ്പോൾ അതിൽ മൂന്നെണ്ണവും മലബാറിലാണ്. പാലക്കാട്- പട്ടാമ്പി, കോഴിക്കോട് - മീൻചന്ത, കണ്ണൂരിൽ ബ്രണ്ണൻ കോളേജ്. ഈ മൂന്ന് കോളേജുകളെ ഇതിന്റെ റീജിയണൽ സെന്ററുകൾ ആക്കിയിരിക്കുന്നു. ഇനി നല്ല കോളേജുകളെ ഇതിന്റെ സ്റ്റഡി സെന്ററുകളാക്കും. ആ കോളേജുകളുടെ ലബോറട്ടറി സൗകര്യങ്ങൾ സയൻസ് വിദ്യാർത്ഥികളുടെ പഠന കേന്ദ്രങ്ങളാക്കി മാറ്റും.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ലബോറട്ടറി ഉപയോഗിക്കുന്നതിന് ചില കുട്ടികൾക്ക് പരിമിതികളുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഒട്ടനവധി ആളുകൾ വരുന്നതിനാൽ ഒരു കോളേജിന്റെ ലബോറട്ടറി എങ്ങനെ ഉപയോഗിക്കാൻ കഴിയും?

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഒരു കോളേജിൽ എല്ലാവരും കൂടിയല്ല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക. സ്റ്റഡി സെന്ററുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യാനുസരണം സൗകര്യങ്ങൾ അനുവദിക്കും. അതിന് യാതൊരു റെസ്ട്രിക്ഷനും ഉണ്ടാകില്ല. അങ്ങനെയാണ് ഈ സർവ്വകലാശാല വിഭാവന ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യയിലെ ഏറ്റവും മികച്ച ഓപ്പൺ യൂണിവേഴ്സിറ്റികളിലൊന്നായും ഇഗ്നോയുടെ സ്റ്റാന്റേർഡിന് സമാനമായ രൂപത്തിലുള്ള സ്റ്റേറ്റ് ഓപ്പൺ യൂണിവേഴ്സിറ്റി എന്നുള്ള നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കാൻ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്ഥാപനംമൂലം കഴിയുമെന്നുള്ള ഉത്തമ വിശ്വാസത്തോടെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഒരിക്കൽക്കൂടി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല.)

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## XII അറിയിപ്പ്

### മഹാകവി കുമാരനാശാന്റെ സ്മരണാർത്ഥമുള്ള ചടങ്ങ്

മി. സ്പീക്കർ: നേരത്തെ അറിയിപ്പ് നടത്തിയ കാര്യമാണ് ചെയർ വീണ്ടും പറയുന്നത്. മഹാകവി കുമാരനാശാന്റെ പ്രജാസഭാ പ്രവേശനത്തിന്റെ അഷ്ടോത്തര ശതാബ്ദിയും ചരമവാർഷികവും ഒത്തുചേരുന്ന വേളയിൽ കേരള നിയമസഭയുടെ

സി.പി.എസ്.ടി.യുടെയും കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മഹാകവിയുടെ സ്മരണാർത്ഥമുള്ള ചടങ്ങ് ഇന്ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്നു. ആശാൻ സാഹിത്യത്തിൽ ആഴത്തിൽ പഠനം നടത്തിയിട്ടുള്ള പ്രൊഫ. എം. കെ. സാനുവിനെ ആദരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണവുമുണ്ട്. തുടർന്ന് നിയമസഭാ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രകാശനം നിർവ്വഹിക്കും. ഡോ. സുമിതാ നായരും സംഘവും തയ്യാറാക്കിയിട്ടുള്ള 'ചിന്താവിഷ്ടയായ സീത' എന്ന മോഹിനിയാട്ടം നൃത്താവിഷ്കാരമുണ്ട്. ആശാൻ കവിതകളുടെ സംഗീതാവിഷ്കാരം 'കാവ്യഗീതി' പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. മാധ്യമ അവാർഡ് വിതരണവും ഉണ്ടായിരിക്കുന്നതാണ്. മുഴുവൻ സാമാജികരെയും അതിൽ പങ്കെടുക്കാൻ ക്ഷണിക്കുകയാണ്. പരിപാടിയുടെ ഭാഗമായി അത്താഴവിരുന്നും ഒരുക്കിയിട്ടുണ്ട്.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജനുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.40-ന് പിരിഞ്ഞു.)

## അനുബന്ധം - I

18-01-2021-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 (*91) - റോഡുകളുടെ നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച ചോദ്യത്തിന്റെ (ബി) പിരിവിൽ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) അനുബന്ധമായി നൽകിയ മറുപടി.

കേരള പുനർനിർമ്മാണ പദ്ധതി പ്രകാരം കെ.എസ്.ടി.പി. മുഖാന്തരം നടപ്പാക്കുന്ന ജില്ല തിരിച്ചുള്ള പ്രവൃത്തികളുടെ ലിസ്റ്റ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

പാക്കേജ് - 1 (നോർത്ത്)

| ക്രമ നമ്പർ | ജില്ല | പദ്ധതി |
|---|---|---|
| 1 | കണ്ണൂർ | എട്ടൂർ-കമ്പനിനിരത്ത് -ആനപന്തി -അങ്ങാടികടവ്-വാണിയപ്പാറ-ചരൽ -വളവുപാറ-കച്ചേരികടവ്-പാലത്തുംകടവ് റോഡ് |
| 2 | കണ്ണൂർ | ഉരുവച്ചാൽ-മണക്കായി-വാളയാൽ (വാളയാൽ അക്വഡക്ട് -ന സമാന്തരമായുള്ള പാലം ഉൾപ്പെടെ - കീഴല്ലൂർ - തേര്രൂർ - പാലയോട് - വെള്ളപ്പറമ്പ് - കരിമ്പല കോളനി - മരുത്തായി റോഡ്) |
| 3 | കാസർഗോഡ് | കമ്പള - ബദിയടുക്ക - മുള്ളേരിയ റോഡ് |
| 4 | കോഴിക്കോട് | കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - ഇടവണ്ണ റോഡ് (കോഴിക്കോട് ജില്ല) |
| | | 1. 0.00 കി.മീ മുതൽ 25.00 വരെ - കൊയിലാണ്ടി - പൂന്നൂർ റോഡ് |
| | | 2. 25.00 കി.മീ മുതൽ 37.500 വരെ പൂന്നൂർ - ഓമശ്ശേരി റോഡ് |
| | | 3. 37.500 കി.മീ മുതൽ 51.200 വരെ ഓമശ്ശേരി - എരഞ്ഞിമാവ് |
| 5 | വയനാട് | വൈത്തിരി തരുവന റോഡ് |

പാക്കേജ് - 2 ( നോർത്ത്)

| ക്രമ നമ്പർ | ജില്ല | പദ്ധതി |
|---|---|---|
| 1 | മലപ്പുറം | പെരുമ്പിലാവ് - നിലമ്പൂർ റോഡ് |
| 2 | മലപ്പുറം | കൊയിലാണ്ടി - എടവണ്ണ റോഡ് |
| 3 | പാലക്കാട് | പാലക്കാട് - പെരിന്തൽമണ്ണ റോഡ് |
| 4 | പാലക്കാട് | താവളം മുള്ളി റോഡ് |
| 5 | വയനാട് | മാനന്തവാടി - വിമലനഗർ - കുളത്തട - വാലാട് എച്ച്.എസ് - പെരിയ റോഡ് |

പാക്കേജ് -3 (സെൻട്രൽ)

| ക്രമനമ്പർ | ജില്ല | പദ്ധതി |
|---|---|---|
| 1 | എറണാകുളം | മുകന്നൂർ - ഏഴാറ്റുംമുഖം റോഡ് - ബ്ലാച്ചിപ്പാറ - പാലിശ്ശേരി റോഡ് |
| 2 | എറണാകുളം | കക്കടാശ്ശേരി - കാളിയാർ റോഡ് |
| 3 | എറണാകുളം | മൂവാറ്റുപുഴ - തേനി എസ്.എച്ച്. റോഡ് |
| 4 | എറണാകുളം | കുമരകം - നെടുമ്പാശ്ശേരി റോഡ് (എസ്. എച്ച്.) |
| 5 | ഇടുക്കി | നെയ്യാശ്ശേരി - തോക്കുംപൻസാഡിൽ റോഡ് |
| 6 | പാലക്കാട് | നെന്മാറ – നെല്ലിയാമ്പതി റോഡ് |
| 7 | തൃശ്ശൂർ | കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്. എച്ച്. റോഡ് |
| 8 | തൃശ്ശൂർ | വാഴക്കോട് പ്ലാഴി റോഡ് |
| 9 | തൃശ്ശൂർ | തൃശ്ശൂർ - കുറ്റിപ്പുറം റോഡ് (എസ്.എച്ച് - 69) |
| 10 | എറണാകുളം | അരക്കുന്നം - ആമ്പല്ലൂർ - പൂത്തോട്ട - പിറവം റോഡ് |

പാക്കേജ് - 4 (സൗത്ത്)

| ക്രമ നമ്പർ | ജില്ല | പദ്ധതി |
|---|---|---|
| 1 | കോട്ടയം | ഗാന്ധിനഗർ - മെഡിക്കൽ കോളേജ് - ബാബു ചാഴിക്കാടൻ റോഡ് - കോട്ടയം - പരിപ്പ് റോഡ് - അതിരമ്പുഴ – ലേഷ്യോ - കൈപ്പുഴ - മാന്നാനം - പുലിക്കുട്ടിശ്ശേരി - പാറോലിക്കൽ - മുട്ടപ്പള്ളി റോഡ് |
| 2 | കോട്ടയം | വടയാർ - ചന്ദപ്പാലം - മുളക്കുളം റോഡ് - വടയാർ - കല്ലാട്ടിപ്പാലം - മുട്ടുച്ചിറ റോഡ് |
| 3 | പത്തനംതിട്ട | പത്തനംതിട്ട – അയിരൂർ - മുട്ടക്കുടുക്ക – ഇല്ലത്തുപടി - മുട്ടുക്കുടുക്ക – പ്രാക്കാണം - പ്രാക്കാണം ഇലവുംത്തിട്ട – കുളനട – രാമൻചിറ – താന്നിക്കുഴി - തോന്നിയമല റോഡ് |
| 4 | പത്തനംതിട്ട | മുല്ലപ്പള്ളി - കോമളം - പടുത്തോട് - കല്ലൂപ്പാറ – ചെങ്ങരൂർ - കോമളം - കവുങ്ങുംപ്രയാർ - പട്ടക്കാല - ടി.എം.വി.റോഡ് |
| 5 | പത്തനംതിട്ട | മലമേക്കര – കുന്നത്തുകാല -ചാല പുത്തൻചന്ത - ഫാക്ടറി ജംഗ്ഷൻ - ആസാദ് ജംഗ്ഷൻ റോഡ് |
| 6 | തിരുവനന്തപുരം | തിരുവനന്തപുരം- പൊൻമുടി റോഡ് (നെടുമങ്ങാട് മുതൽ പൊൻമുടി വരെ) |
| 7 | ആലപ്പുഴ | തട്ടാരമ്പലം - മൈക്കേൽ ജംഗ്ഷൻ - കൊച്ചാലുംമൂട് - മാങ്ങാങ്കുഴി - പന്തളം റോഡ് |
| 8 | ആലപ്പുഴ | വീയപുരം - എടത്വാ - പുതുക്കരി - മാമ്പുഴക്കരി - കിടങ്ങറ – കുന്നംഗരി - കുമാരൻഗരി - വാലാടി - മുളക്കംതുരുത്തി റോഡ് |
| 9 | പത്തനംതിട്ട | വയ്യാറ്റുപുഴ - പൊതീപ്പാട് റോഡ് |
| 10 | ആലപ്പുഴ /കോട്ടയം | ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് |

## അനുബന്ധം - II

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (*118) - പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ വർദ്ധന സംബന്ധിച്ച ചോദ്യത്തിന്റെ (എ) പിരിവിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.**

(എ) ഉണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി അംഗീകരിച്ചിട്ടില്ല. എന്നിരുന്നാലും 174871 കുട്ടികൾ ഈ അദ്ധ്യയനവർഷത്തിലും പുതുതായി ചേർന്നതായി നിലവിലെ സ്ഥിരീകരിക്കാത്ത കണക്കുകൾ വ്യക്തമാക്കുന്നു. ഈ കണക്കുകൾ കൂടി ചേർന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ 2 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 6.79 ലക്ഷം കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു. വിശദീകരണക്കുറിപ്പ് ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ 2 മുതൽ 10 വരെ ക്ലാസ്സുകളിലായി ആകെ 6.79 ലക്ഷം കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു. വിശദീകരണക്കുറിപ്പ് ചുവടെ ചേർക്കുന്നു.

വിശദീകരണക്കുറിപ്പ്

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2012-13 അദ്ധ്യയന വർഷം, മുൻ വർഷമുണ്ടായിരുന്ന കുട്ടികളിൽ 62155 കുട്ടികളുടെ കുറവ് രേഖപ്പെടുത്തിയപ്പോൾ, തുടർന്നുള്ള നാലുവർഷങ്ങളിലും നിലവിലുള്ള കുട്ടികൾക്കുപുറമേ, പുതുതായി കുട്ടികൾ ചേർന്നിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടക്കം മുതൽ തന്നെ, നിലവിലുള്ള കുട്ടികൾക്കു പുറമെ പുതുതായി ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. കഴിഞ്ഞ കാൽ നൂറ്റാണ്ടുകളായി ഓരോ അദ്ധ്യയന വർഷത്തേയും ആകെ കുട്ടികളുടെ എണ്ണം തൊട്ടുമുൻവർഷത്തെ ആകെ കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ, ക്രമമായി കുറഞ്ഞു വന്നിരുന്നുവെങ്കിൽ ഏറ്റവുമധികം കുട്ടികൾ പുതുതായി വന്നുചേർന്ന 2018-19 അദ്ധ്യയനവർഷം (1,84,728 കുട്ടികൾ), മുൻവർഷത്തെ അപേക്ഷിച്ച് ആകെ കുട്ടികളുടെ എണ്ണത്തിലും വർദ്ധന രേഖപ്പെടുത്തി. ഈ വർദ്ധനവ് കേരള വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു വഴിത്തിരിവാണ്.

COVID-19-ന്റെ പശ്ചാത്തലത്തിൽ, 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്നുപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി അംഗീകരിച്ചിട്ടില്ല. എന്നിരുന്നാലും ഏകദേശം 1,74,871 കുട്ടികൾ ഈ അദ്ധ്യയനവർഷത്തിലും പുതുതായി ചേർന്നിരുന്നതായി നിലവിലെ സ്ഥിരീകരിക്കാത്ത കണക്കുകൾ വ്യക്തമാക്കുന്നു. ഈ കണക്കുകൾ കൂടി ചേർന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 7,91,073 കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം 3,16,079 ആയിരുന്നു.

സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ വിവിധ ക്ലാസുകളിലായി 2016-2017 അദ്ധ്യയന വർഷം 1,11,351 കുട്ടികളും 2017-18 അദ്ധ്യയന വർഷം 1,56,565 കുട്ടികളും 2018-19 അദ്ധ്യയന വർഷം 1,84,728 കുട്ടികളും 2019-20 വർഷം 1,63,558 കുട്ടികളും പുതുതായി ചേർന്നു. കോവിഡ്-19-ന്റെ പ്രത്യേക സാഹചര്യത്തിൽ, 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച 2020-21 അദ്ധ്യയന വർഷത്തെ കണക്കുകൾക്ക് സ്ഥിരീകരണം ലഭിച്ചിട്ടില്ലെങ്കിലും ഏകദേശം 1,74,871 കുട്ടികളുടെ വർദ്ധന കണക്കാക്കിയിരിക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്കൂളുകളിൽ മാത്രം പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | സർക്കാർ വിദ്യാലയങ്ങളിൽ |
|---|---|
| 2011-12 | 12058 |
| 2012-13 | 379 |
| 2013-14 | 47932 |
| 2014-15 | 52842 |
| 2015-16 | 67472 |
| ആകെ | 180683 |

എന്നാൽ ഈ സർക്കാരിന്റെ കാലത്ത് 2017-18 അദ്ധ്യയന വർഷം മുതൽ സർക്കാർ സ്കൂളുകളിൽ മാത്രം പുതുതായി വന്നുചേർന്നവരുടെ എണ്ണം താഴെപ്പറയുന്നു.

| വർഷം | സർക്കാർ വിദ്യാലയങ്ങളിൽ നിലവിലുള്ളവർക്ക് പുറമേ പുതുതായി ചേർന്നവർ |
|---|---|
| 2016-17 | 28860 |
| 2017-18 | 59852 |
| 2018-19 | 71360 |
| 2019-20 | 62515 |
| 2020-21 | 68742 |
| ആകെ | 294029 |

- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ചുകൊണ്ടുള്ള വിനിമയ രീതിയാണ് നിലവിൽ അവലംബിക്കുന്നത്. ഓരോ കുട്ടിയുടേയും ശേഷിയും പരിമിതിയും തിരിച്ചറിഞ്ഞുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ഇതിലൂടെ കഴിയും. കൂടാതെ അറിവിന്റെ ദൃശ്യരൂപങ്ങൾ ലഭ്യമാകുന്നതിന് ഐ.സി.റ്റി. വിഭവങ്ങൾ തയ്യാറാക്കി സമഗ്ര പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. 8 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ.കോഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പഠനം ആസ്വാദ്യകരമാക്കുന്നതിനും സ്വയം പഠനത്തിനും ഇതിലൂടെ കുട്ടിക്ക് അവസരം ലഭിക്കുന്നു. 9, 10 ക്ലാസുകളിലെ പാഠഭാഗങ്ങൾ വിശകലനം നടത്തി പഠനപ്രയാസം ലഘൂകരിക്കുന്നതിനാവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. കുട്ടിക്ക് സ്വയം വിലയിരുത്തലിനുള്ള ചോദ്യജാലകം സമഗ്ര പോർട്ടലിൽ ലഭ്യമാണ്. ഓരോ കുട്ടിയെക്കുറിച്ചും കൂടുതൽ അറിയുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുന്നതിനും 'മെന്ററിംഗ്' സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പദ്ധതികൾ എസ്.സി.ഇ.ആർ.ടി. പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഹൈസ്കൂൾതലത്തിലെ കുട്ടികളുടെ മലയാള ഭാഷാശേഷി

വികസിപ്പിക്കുന്നതിനുള്ള 'എന്റെ മലയാളം' ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള 'റെലിഷ് ഇംഗ്ലീഷ്' എന്നീ ഗവേഷണ പദ്ധതികളും അപ്പർ പ്രൈമറി തലത്തിൽ യഥാക്രമം അറബിക്, സംസ്കൃതം, ഉറുദു കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള അഹ്‌ലൻ അറബിക്, സംസ്കൃത മാധുരി, പ്യാരി ഉറുദു എന്നീ പദ്ധതികളും എസ്.സി.ഇ.ആർ.ടി പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ മലയാളം ഇംഗ്ലീഷ് വിഷയങ്ങളിൽ അധിക വായനാ സാമഗ്രികളും തയ്യാറാക്കിയിട്ടുണ്ട്. സംസ്കൃതം ഉറുദു വിഷയങ്ങളിൽ വായനാസാമഗ്രികൾ തയ്യാറാക്കിവരുന്നു.

- മാതൃഭാഷാ പരിപോഷണത്തിനായി എന്റെ മലയാളം എന്ന പ്രത്യേക പരിപാടി എസ്.സി.ഇ.ആർ.ടി നടപ്പിലാക്കിവരുന്നു. മൂന്ന് ഡി.ഇ.ഒ-മാരുടെ കീഴിൽ ഇതിന്റെ ഫലപ്രാപ്തി പഠനം നടത്തിയിട്ടുണ്ട്. തമിഴ്, കന്നട മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ മലയാള ഭാഷാ പഠനത്തിനായി പ്രത്യേക പാഠപുസ്തകങ്ങളും എസ്.സി.ഇ.ആർ.ടി തയാറാക്കി നൽകുന്നുണ്ട്. 1, 2, 3 ക്ലാസുകളിലെ കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ ഇതിനോടകം അച്ചടിച്ചുവിതരണം ചെയ്തിട്ടുണ്ട്. മറ്റു ക്ലാസുകളിലേയ്ക്കായി ഘട്ടം ഘട്ടമായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതാണ്.
- ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച ഹലോ ഇംഗ്ലീഷ് എന്ന പ്രോഗ്രാമിന്റെ ഫലപ്രാപ്തി പഠനം എസ്.സി.ഇ.ആർ.ടി.- യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ സമഗ്ര ശിക്ഷാ കേരള ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

ഈ സർക്കാരിന്റെ കാലത്ത് അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബി മുഖേന 724 സ്കൂളുകൾക്കായി 1642.05 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനായി 515 സ്കൂളുകൾക്ക് 58314.38 ലക്ഷം രൂപ സ്കൂൾ കെട്ടിടനിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് സർക്കാർ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലത്ത് സർക്കാർ, സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിലായി ഓരോ അദ്ധ്യയനവർഷവും നിലവിൽ ഉണ്ടായിരുന്ന കുട്ടികൾക്കുപുറമേ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| മുൻ സർക്കാരിന്റെ കാലത്ത് പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| വർഷം | ഗവൺമെന്റ് | എയ്ഡഡ് | ആകെ |
| 2011-12 | 12058 | -5045 | 7013 |
| 2012-13 | 379 | -62534 | -62155 |
| 2013-14 | 47932 | 50199 | 98131 |
| 2014-15 | 52842 | 87768 | 140610 |
| 2015-16 | 67472 | 65008 | 132480 |
| ആകെ | 180683 | 135396 | 316079 |

| ഈ സർക്കാരിന്റെ കാലത്ത് പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം | | | |
|---|---|---|---|
| വർഷം | ഗവൺമെന്റ് | എയ്ഡഡ് | ആകെ |
| 2016-17 | 28860 | 82491 | 111351 |
| 2017-18 | 59852 | 96713 | 156565 |
| 2018-19 | 71360 | 113368 | 184728 |
| 2019-20 | 65215 | 98343 | 163558 |
| 2020-21 (Provisional) | 68742 | 106129 | 174871 |
| ആകെ | 294029 | 497044 | 791073 |

## അനുബന്ധം - III

## തിരുത്തിയ ഉത്തരം

14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിലെ 14-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4962-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി

### ഐ.എസ്.ആർ.ഒ.യ്ക്കായി വലിയമലയിലെ ഭൂമി ഏറ്റെടുക്കൽ

(4962) ശ്രീ. റോഷി അഗസ്റ്റിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയമലയിലെ ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി എന്നിവ വിപുലീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച 15-5-2019-ലെ പ്രാരംഭ വിജ്ഞാപനത്തിൽ എത്ര ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഭേദഗതികൾ ഓരോന്നും ഏത് ഗസറ്റിലാണെന്നും അതിന്റെ എസ്.ആർ.ഒ നമ്പർ ഏതൊക്കെയാണെന്നും ഭേദഗതികൾ എന്താവശ്യത്തിനാണെന്നും വിശദമാക്കാമോ;

(സി) ഈ നോട്ടിഫിക്കേഷനുകൾ മലയാളം ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) നോട്ടിഫിക്കേഷന്റെ മലയാളത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഐ.എസ്.ആർ.ഒ., എൽ.പി.എസ്.സി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 15-5-2019-ൽ പ്രാരംഭ വിജ്ഞാപനമുണ്ടായിട്ടുള്ളതും തുടർന്ന് രണ്ട് ഭേദഗതികൾ വരുത്തിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഭേദഗതികൾ 26-7-2019-ലെ 1700 നമ്പർ അസാധാരണ ഗസറ്റ് പ്രകാരവും (എസ്.ആർ.ഒ. നമ്പർ 496/2019), 2-8-2019-ലെ 1755 നമ്പർ അസാധാരണ ഗസറ്റ് പ്രകാരവും (എസ്.ആർ.ഒ. നമ്പർ 510/2019) പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

26-7-2019-ലെ ഗസറ്റ് വിജ്ഞാപനം വില്ലേജിന്റെ പേര് തിരുത്തുന്നതിനു വേണ്ടിയും 2-8-2019-ലെ വിജ്ഞാപനം വിസ്തീർണ്ണം സൂചിപ്പിക്കുന്ന ഏകകം തിരുത്തുന്നതിനും ഏറ്റെടുക്കുന്ന ഭൂമി അർബൻ ഏരിയയിൽ ഉൾപ്പെട്ടുവരുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുമാണ്.

(സി) നോട്ടിഫിക്കേഷനുകൾ മലയാളം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 30-6-2019, 31-8-2019 എന്നീ തീയതികളിൽ മാതൃഭൂമി പത്രത്തിലും 1-9-2019-ൽ മാധ്യമം ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ വിവരണത്തിന്റെ മലയാള വിവർത്തനം ബന്ധപ്പെട്ട പ്രദേശത്തും വില്ലേജ് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) നോട്ടിഫിക്കേഷന്റെ മലയാളത്തിലുള്ള പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.